# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 13, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 13, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II അടിയന്തരപ്രമേയം**

ഇരിട്ടിയിലെ ബോംബ് സ്ഫോടനം

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധക്ഷണിക്കൽ**

1. പൊതുമരാമത്ത് കരാറുമായി ബന്ധപ്പെട്ട അധികസാമ്പത്തിക ബാദ്ധ്യത

- ശ്രീ. ഇ. ചന്ദ്രശേഖരൻ

2. മെഡിസെപ് പദ്ധതി

- ശ്രീ. രമേശ് ചെന്നിത്തല

**IV സബ്മിഷൻ**

1. സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. വന്യമൃഗശല്യം

- ശ്രീ. റോജി എം. ജോൺ

3. ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

- ശ്രീ. ജി. സ്റ്റീഫൻ

4. ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ

- ശ്രീ. ഡി. കെ. മുരളി

5. ബ്രഹ്മപുരം പാലം നിർമ്മാണം

- ശ്രീമതി ഉമ തോമസ്

6. തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ്

- ശ്രീ. മുരളി പെരുനെല്ലി

7. നേരേകടവ് - മാക്കേകടവ് പാലം നിർമ്മാണം

- ശ്രീമതി സി. കെ. ആശ

8. പാലക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

- ശ്രീ. എ. പ്രഭാകരൻ

9. പുതുക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

- ശ്രീ. കെ. കെ. രാമചന്ദ്രൻ

10. താമരശ്ശേരി താലൂക്കാശുപത്രിയുടെ വികസനം

- ഡോ. എം. കെ. മുനീർ

## V റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി IX, XIII എന്നിവയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സബ്ജക്ട് കമ്മിറ്റി XI-ന്റെ 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

**VI ക്രമപ്രശ്നം**

പ്രതിപക്ഷനേതാവിന്റെ പരാമർശം

- ശ്രീ. എ. എൻ. ഷംസീർ

**VII ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI – ഗ്രാമവികസനം

**ക്രമപ്രശ്നം (തുടർച്ച)**

**റൂളിംഗ്**

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii)2022-ലെ കേരള ധനകാര്യ (2-ാം ) നമ്പർ ബിൽ

**IX അറിയിപ്പ്**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 13, ബുധൻ

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 9

നിയമസഭ 2022 ജൂലൈ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

## റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

1 (*241) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രഭാകരൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കുന്നുവെന്നുറപ്പാക്കാനും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനും നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും അറിയിക്കാമോ;

(ബി) പൊതുമരാമത്ത് റോഡുകളുടെ മുഴുവൻ വിവരവും ഡിജിറ്റൈസ് ചെയ്യുന്ന റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പായിട്ടുണ്ടോ; എങ്കിൽ ഇതുവഴി കേടുപാട് പരിഹരിക്കേണ്ടതായി പരാതി ലഭിക്കുന്ന സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് ഉടനടി നടപടിയെടുക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ;

(സി) മിഷൻ പി.ഡബ്ല്യു.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല

അവലോകനം നടത്തി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) സംസ്ഥാനത്ത് പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കുന്നുവെന്നുറപ്പാക്കാനും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനും നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിരീക്ഷണ സമിതി [CMT] (Constituency Monitoring Team) രൂപീകരിച്ചിട്ടുണ്ട്. അതിന് സംസ്ഥാന തലത്തിൽ ചീഫ് നോഡൽ ഓഫീസറും മേഖലാതലത്തിൽ രണ്ട് റീജിയണൽ ലെവൽ നോഡൽ ഓഫീസർമാരും ഓരോ നിയോജകമണ്ഡലത്തിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഒരു നോഡൽ ഓഫീസറും നിയമിക്കപ്പെട്ടിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും പൊതുമരാമത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലെയും നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പ്രസ്തുത സമിതിയിൽ അംഗങ്ങളാണ്. നിയോജകമണ്ഡലത്തിലെ എല്ലാ പൊതുമരാമത്ത് വകുപ്പ് പ്രവർത്തനങ്ങളും വിലയിരുത്തുന്നതും റിവ്യൂ മീറ്റിംഗ് കൂടുന്നതും സ്റ്റാറ്റസ്

റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ലെവൽ ഓഫീസർമാർക്ക് സമർപ്പിക്കുന്നതും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതും പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. 01.01.2022-ലെ ജി.ഒ(ആർ.റ്റി)നം.8/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം 140 നിയോജക മണ്ഡലങ്ങളിലും നോഡൽ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. നിയോജകമണ്ഡല മോണിറ്ററിംഗ് ടീമിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നു:

1. മണ്ഡലാടിസ്ഥാനത്തിലുള്ള പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ നിരീക്ഷണം.

2. മണ്ഡലാടിസ്ഥാനത്തിലുള്ള നിരീക്ഷണ സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കുക.

3. സംസ്ഥാനതല ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പരിഹാരമാർഗ്ഗങ്ങൾ മുന്നോട്ടുവെയ്ക്കുകയും ചെയ്യുക.

4. സംസ്ഥാനതല ഉദ്യോഗസ്ഥരുമായി സഹകരിക്കുകയും പ്രശ്ന പരിഹാര നടപടികൾ കൈക്കൊണ്ടുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

പ്രസ്തുത ടീമിലെ എഞ്ചിനീയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏഴ് ജില്ലകളുടെവീതം ചുമതലയിൽ, രണ്ട് ചീഫ്

എഞ്ചിനീയർമാരെ റീജിയണൽ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ വിശകലനം ചെയ്യാറുണ്ട്. കൂടാതെ രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന മിഷൻ ടീം മീറ്റിംഗിൽ CMT-യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും CMT നൽകിയിട്ടുള്ള പ്രധാനപ്പെട്ട റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുകയും ചെയ്യുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 7000 കി.മീ. റോഡുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. iROADS, HDM4 സോഫ്റ്റ്‌വെയറുകളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. പൊതുമരാമത്ത് റോഡുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ വകുപ്പിനെ അറിയിക്കുന്നതിനായി PWD4U എന്ന മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. പരാതിക്കാരന് മൊബൈലിൽ ഇൻസ്റ്റാൾ ചെയ്ത് ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് പരാതിക്ക് അടിസ്ഥാനമായ വസ്തുത ഫോട്ടോയെടുത്ത് അപ്‌ലോഡ് ചെയ്യുന്നതിനും ആയത് വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക്, iROADS

എന്ന സോഫ്റ്റ്‌വെയർ വഴി സ്ഥലം ഉൾപ്പെടെ കാണാനും സാധിക്കുന്നു. അപ്രകാരം വകുപ്പിന് ലഭിക്കുന്ന പരാതികൾ, ലഭിച്ച വിവരം പരാതിക്കാരനെ സോഫ്റ്റ്‌വെയർ മുഖാന്തരം അറിയിക്കുകയും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പരാതി പരിഹരിച്ചശേഷം വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു.

(സി) സാധിക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും Transformation Mission - PWD എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും ആയതിന്റെ ഭാഗമായി PWD Mission Team-ഉം District Infrastructure Co-Ordination Committee (DICC)-യും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജില്ലകളുടെ ചുമതലയുള്ള നോഡൽ ഓഫീസർമാരായ ഐ.എ.എസ്. ഉദ്യോഗസ്ഥർ, അഡീഷണൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരാണ് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള മിഷൻ ടീമിലെ അംഗങ്ങൾ. മിഷൻ പി.ഡബ്ല്യൂ.ഡി. മീറ്റിംഗുകളിൽ പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഭാവിയിൽ നടപ്പിലാക്കേണ്ടതുമായ പ്രവൃത്തികളും മറ്റ് ആശയങ്ങളും

ചർച്ചയ്ക്കെടുക്കുകയും അതനുസരിച്ച് തീരുമാനങ്ങളിലെത്തുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ പതിനൊന്ന് മാസം എല്ലാ രണ്ടാഴ്ചയിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. വകുപ്പിനെ ലക്ഷ്യബോധത്തോടെ മുന്നോട്ടുനയിക്കാൻ മിഷൻ മീറ്റിംഗുകൾ ഉതകുന്നുണ്ട്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ ആശയങ്ങൾ നടപ്പിലാക്കാൻ മിഷൻ മീറ്റിംഗുകൾ വേദിയാകുന്നുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, മികച്ച റോഡ് ശൃംഖലയിലൂടെ വികസന കുതിപ്പിന് വേഗം പകരാൻ ദേശീയപാതാ വികസനം, തീരദേശ ഹൈവേ, മലയോര ഹൈവേ, ബൈപ്പാസുകൾ എന്നിവയ്ക്ക് തുടക്കം കുറിക്കാനും ചിലത് യാഥാർത്ഥ്യമാക്കാനും കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന്റെ തുടർഭരണമായ ഇന്നത്തെ ഭരണത്തിനും അതിന് നേതൃത്വം നൽകുന്ന ഗവൺമെന്റിനും കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു. പ്രത്യേകിച്ച്, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ അഭിനന്ദനം അറിയിക്കുന്നു. നിലവിൽ ദേശീയപാതാ അതോറിറ്റിയുടെ ചുമതലയിലുള്ള റോഡുകളിൽ വലിയതോതിൽ രൂപംകൊണ്ടിട്ടുള്ള കുഴികൾ അടയ്ക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഏതെല്ലാംതരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. സംസ്ഥാനത്താകെ 11 ദേശീയ പാതകളിലായി 1781.5 കിലോമീറ്റർ ദേശീയ പാതയുണ്ട്. ഇതിൽ 1233.5 കിലോമീറ്റർ റോഡും പരിപാലിക്കുന്നത് ദേശീയപാതാ അതോറിറ്റിയാണ്. അതായത്, നാനൂറ് കിലോമീറ്റർ നാഷണൽ ഹൈവേകൾ മാത്രമാണ് പി.ഡബ്ല്യു.ഡി.-യുടെ അധീനതയിലുള്ളതെന്ന് പറയാൻ സാധിക്കും. ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളുടെ പരിപാലനച്ചുമതല അവർക്കുതന്നെയാണ്. ഈ വിഷയം നിരവധി തവണ സഭ ചർച്ചചെയ്ത് ദേശീയപാതാ അതോറിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവർ ഇടപെടുകയും ചെയ്യുന്നുണ്ട്. ഈ റോഡുകൾ കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ളവയാണ്, അതുകൊണ്ട് ഇതിൽ കുറച്ചുകൂടി ജാഗ്രത കേന്ദ്ര സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര മന്ത്രിമാരെ കണ്ടപ്പോഴും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകൾ പരിശോധിച്ചാൽ, പൊതുവെ ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളിൽ നിരവധി കുഴികൾ രൂപപ്പെട്ടിട്ടുള്ളതായി കാണാം. ഇവിടെ ജനിച്ചുവളർന്ന് മറ്റൊരു സംസ്ഥാനത്തുനിന്നും രാജ്യസഭാംഗമായി, ഇപ്പോൾ കേന്ദ്രമന്ത്രിയായ ഒരു വ്യക്തിയുണ്ട്, അതൊരു നല്ലകാര്യമാണ്. അദ്ദേഹം ഒട്ടുമിക്ക

ദിവസങ്ങളിലും പത്രസമ്മേളനങ്ങൾ നടത്താറുണ്ട്. പത്രസമ്മേളനം നടത്തുന്നതും നല്ലകാര്യം തന്നെയാണ്. എന്നാൽ അദ്ദേഹം നടത്തുന്ന പത്രസമ്മേളനങ്ങളേക്കാൾ കുഴികൾ കേരളത്തിലെ ദേശീയ പാതകളിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഈ വിഷയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇന്നുവരെ അത് പരിഹരിക്കുന്നതിനുവേണ്ടി ഇടപെട്ടിട്ടില്ല. ഇപ്പോൾ ഒരുപാട് കേന്ദ്രമന്ത്രിമാർ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നുണ്ട്, നല്ലകാര്യമാണ്. ഉദ്ഘാടനം ഉറപ്പായ പദ്ധതികൾക്കുമുന്നിൽവന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്ത് അവർ പോകുന്നുമുണ്ട്. അത്തരം കേന്ദ്രമന്ത്രിമാർക്കുകൂടി ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളിലെ കുഴിയെണ്ണുന്നതിനും കുഴിയടയ്ക്കുന്നതിനും പ്രത്യേക ശ്രദ്ധ ഉണ്ടായാൽ നന്നായിരിക്കുമെന്ന അഭിപ്രായവും ഞങ്ങൾക്കുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പൊതുമാരാമത്ത് പ്രവൃത്തികളിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്താൻ 'PWD4U' ആപ്പും മന്ത്രിയോട് പരാതികൾ നേരിട്ടറിയിക്കാൻ 'റിംഗ് റോഡ്' പരിപാടിയും സോഷ്യൽ മീഡിയ വഴിയുള്ള നിർദ്ദേശങ്ങളിൽ നടപടിയെടുക്കാൻ പ്രത്യേക സംവിധാനവും ഏർപ്പെടുത്തി പൊതുമരാമത്ത് വകുപ്പും ജനങ്ങൾക്കൊപ്പമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന ബഹുമാനപ്പെട്ട മന്ത്രിയെ

അഭിനന്ദിക്കുന്നു. ഡിഫക്ട് ലയബിലിറ്റി പിരീഡിൽ ഉൾപ്പെടാത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, പൊതുവെ ഡിഫക്ട് ലയബിലിറ്റി പീരീഡിനെപ്പറ്റി മുമ്പ് ചർച്ച ചെയ്തിട്ടുള്ളതാണ്. റോഡ്, കെട്ടിടം, പാലം എന്നിവയാണെങ്കിൽ അതിനൊരു ഡിഫക്ട് ലയബിലിറ്റി പീരീഡുണ്ട്. ബി.എം.&ബി.സി. റോഡിന്റെ പരിപാലന കാലാവധി (ഡിഫക്ട് ലയബിലിറ്റി പീരീഡ്) മൂന്ന് വർഷവും സാധാരണ റോഡുകളാണെങ്കിൽ രണ്ട് വർഷവുമാണ്. ഈ കാലാവധിക്കുള്ളിൽ റോഡുകൾക്കെന്തെങ്കിലും കുഴപ്പമുണ്ടായാൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട കരാറുകാർക്ക് ഉത്തരവാദിത്വമുണ്ടെന്നാണ് മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളത്. ഐ.ആർ.സി.-യിലും പറയുന്നത് അങ്ങനെയാണ്. ദൗർഭാഗ്യവശാൽ, പലപ്പോഴും അത് പാലിക്കപ്പെടുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ ഭാഗമായാണ് ഇപ്പോൾ ഡി.എൽ.പി. ബോർഡുകൾ റോഡുകളുടെ രണ്ടറ്റ<u>ത്തും</u> സ്ഥാപിച്ചിട്ടുള്ളത്. ഓരോ റോഡുകളുടെയും ഡി.എൽ.പി. ഏതുവരെയാണെന്ന് ജനങ്ങൾക്ക് പരസ്യമായി മനസ്സിലാക്കാൻ സഹായിക്കുന്ന സോഫ്റ്റ്‌വെയറുകളും ഇന്നുണ്ട്. എന്നാൽ ഡി.എൽ.പി.

കഴിഞ്ഞ റോഡുകൾ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. സാധാരണ റോഡിന്റെ നിർമ്മാണം പൂർത്തിയായി രണ്ട് വർഷത്തിനുശേഷം കുഴികൾ രൂപപ്പെടുമ്പോഴാണ് അതിനെപ്പറ്റി ചർച്ച ചെയ്യുന്നത്. ചർച്ചകളെല്ലാം കഴിഞ്ഞ്, അതിനെന്ത് പരിഹാരമെന്ന് പരിശോധിച്ചുവരുമ്പോഴേയ്ക്കും ആ കുഴി വലുതായി വലിയ പ്രയാസങ്ങളിലെത്തിച്ചേരും. ഇത് മനസ്സിലാക്കിക്കൊണ്ട് ഡി.എൽ.പി. കഴിഞ്ഞ റോഡുകളെ എങ്ങനെ പരിപാലിക്കാമെന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി, പുതിയതായി കൊണ്ടുവന്ന സംവിധാനമാണ് റണ്ണിംഗ് കോൺട്രാക്ട്. റണ്ണിംഗ് കോൺട്രാക്ട്-I-ഉം റണ്ണിംഗ് കോൺട്രാക്ട്-II-മായി അടിയന്തര ഇടപെടൽ നടത്തേണ്ടതും അല്ലാത്തതുമായ റോഡുകളെ രണ്ടായി തിരിച്ചിട്ടുമുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ഡി.എൽ.പി. കഴിഞ്ഞ റോഡുകളുടെ പരിപാലനം നേരത്തെതന്നെ ബന്ധപ്പെട്ട കരാറുകാർക്ക് നൽകുകയും അത് പരിശോധിക്കുകയും ചെയ്യുന്ന ഒരു സംവിധാനമായി ഇത് മാറുന്നു, ഈ സിസ്റ്റം ഇപ്പോഴാണ് ആരംഭിച്ചത്. ഇതിന്റെ ഫലം ഒന്നുരണ്ട് വർഷത്തിനുള്ളിൽ കേരളത്തിന് ഗുണകരമായി മാറും. വലിയ നിലയിൽ റോഡുകളുടെ പരിപാലനത്തിന് സൗകര്യമായി മാറാൻ കഴിയുന്ന സംവിധാനമാണ് റണ്ണിംഗ് കോൺട്രാക്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ദേശീയ പാതാവികസനത്തിന്റെ കാര്യത്തിൽ നിർണ്ണായകമായ ഇടപെടലുകളാണ് സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കിയിട്ടുള്ളത്. ഇപ്പോൾ നാഷണൽ ഹൈവേ-66-ന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിൽ സംസ്ഥാന ഗവണ്മെന്റ് വിഹിതമായി എത്രകോടി രൂപയാണ് നൽകിയിട്ടുള്ളതെന്നും ഈ മാതൃക എൻ.എച്ച്.എ.ഐ. മറ്റ് സംസ്ഥാനങ്ങളോട് കാണിച്ചിട്ടുണ്ടോയെന്നുമുള്ള കാര്യം വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുവെ നമ്മുടെ സംസ്ഥാനം കുറെക്കൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്. കേരളത്തിൽ 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട അവസ്ഥ എന്തായിരുന്നുവെന്ന് നമുക്കെല്ലാമറിയാം, വളരെ വ്യക്തമാണ്. ആ പദ്ധതിതന്നെ ഉപേക്ഷിച്ചുപോകാൻ ദേശീയപാതാ അതോറിറ്റി തയ്യാറായ ഘട്ടമായിരുന്നു. അന്നത്തെ ഭരണകക്ഷിക്ക് അതിനുവേണ്ടി ഒന്നുംചെയ്യാൻ നേരമില്ലായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെടുകയും പ്രധാനമന്ത്രിയുമായും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായും ഈ വിഷയം

ചർച്ചചെയ്യുകയും അതിന്റെ ഭാഗമായി ഇന്ത്യയിൽ ദേശീയപാതാ വികസനത്തിനായി ഒരു സംസ്ഥാനവും ചെയ്യാത്തത് ചെയ്യാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാവുകയും സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം തുക സംസ്ഥാന ഗവണ്മെന്റ് ചെലവാക്കാൻ തീരുമാനിക്കുകയും ചെയ്തു, അത് അനിവാര്യമാണ്. കേരളത്തിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ 860 ജനങ്ങളാണ് ജീവിക്കുന്നത്. ഇന്ത്യയിൽ ഇത്രയധികം ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനം മറ്റൊന്നില്ല. വാഹനപ്പെരുപ്പത്തിന്റെ കാര്യം പരിശോധിച്ചാൽ, ആയിരം പേരിൽ 445 പേർക്ക് കേരളത്തിൽ സ്വന്തമായി വാഹനമുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതുപോലെയില്ല. നിലവിൽ ഈ പരിമിതി മറികടക്കാൻ സാദ്ധ്യതയുള്ളത് ദേശീയപാതയുടെ വികസനത്തിലാണ്. അതിന് ഭൂമി ഏറ്റെടുക്കുന്നതിനായി 5,580 കോടി രൂപ അനുവദിക്കാൻ സംസ്ഥാന ഗവണ്മെന്റ് തീരുമാനിക്കുകയും അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കലിന്റെ 98 ശതമാനം പൂർത്തിയാക്കാനും കഴിഞ്ഞു. 2016-ലെ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച പദ്ധതി, 2021-ലെ എൽ.ഡി.എഫ്. സർക്കാർ തുടരുന്നു. ഈ സർക്കാരിന്റെ ഇച്ഛാശക്തിയാണ് ഇതിലൂടെ കാണാൻ സാധിക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, ദേശീയപാതാ വികസനം പിണറായി സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൊൻതൂവലാണ്. ഇതെന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച് ഓരോ സ്ട്രെച്ചിലെയും പ്രവർത്തനങ്ങൾ പരിശോധിച്ച് മുന്നോട്ടുപോകുകയാണ്. 2021-ൽ സർക്കാർ അധികാരത്തിൽവന്ന ഘട്ടത്തിൽ മുഖ്യമന്ത്രി പൊതുമരാമത്ത് വകുപ്പിനോട് പറഞ്ഞത് ഏറ്റവും ഫോക്കസ് ചെയ്യപ്പെടേണ്ട ഒരു പ്രധാനപ്പെട്ട പ്രവൃത്തിയാണ് ദേശീയപാതയുടെ വികസനമെന്നാണ്. ഇതിന്റെ ഭാഗമായി തുടർച്ചയായി റിവ്യൂ യോഗങ്ങൾ നടത്തുന്നു. എല്ലാ രണ്ടാഴ്ചയിലും മന്ത്രിയും ടീമും ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് ചേരുന്ന പി.ഡബ്ല്യൂ.ഡി. മിഷൻ മീറ്റിംഗ് ഇതിനെക്കുറിച്ച് പ്രത്യേകം ചർച്ച നടത്തുന്നു. ഇതിനുപുറമെ എല്ലായിടങ്ങളിലും പ്രത്യേക സ്ട്രെച്ചുകളുടെ പ്രശ്നം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ അതോറിറ്റിയുമായി ചേർന്ന് അവലോകന യോഗങ്ങളും നടക്കുന്നു. അങ്ങനെ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഇടപെടൽ നടക്കുമ്പോൾ മലയാളിയുടെ ചിരകാല സ്വപ്നമായ ദേശീയപാതയുടെ വികസനം കോവിഡ് എന്ന

മഹാമാരിയോ മറ്റ് തടസ്സങ്ങളോ ഒന്നുമില്ലെങ്കിൽ 2025-ഓടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നുള്ളത് ഇവിടെ അറിയിക്കുകയാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, പൊതുമരാമത്ത് രംഗത്ത് ബഹുമാനപ്പെട്ട മന്ത്രി പ്രകടിപ്പിക്കുന്ന കർമ്മകുശലതയെ ഞാൻ അഭിനന്ദിക്കുകയാണ്. ഒരു ചെറിയ വിഷയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽപ്പോലും ഉടൻതന്നെ ഇടപെട്ട് അതിന് പരിഹാരം കണ്ടെത്തുന്ന നടപടി പ്രശംസനീയമാണ്. എന്റെ ചോദ്യം ദേശീയപാത 66-നൊപ്പം മറ്റേതെല്ലാം ദേശീയപാതാ പദ്ധതികളിലാണ് സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാനം തുക ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദേശീയപാത 66-നൊപ്പം മറ്റ് ദേശീയപാതാ പദ്ധതികളിലും സംസ്ഥാനം പണം ചെലവഴിക്കുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരം റിംഗ് റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിൽ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചു. ഇത് തിരുവനന്തപുരം നഗരത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പദ്ധതിയാണ്. ബോർഡ് പലരും വച്ചോട്ടെ. ജനങ്ങൾക്ക് അത് വളരെ കൃത്യമായി അറിയാം. ബോർഡ് എത്രത്തോളം വയ്ക്കുന്നുവെന്നുള്ളതല്ല, ജനങ്ങളുടെ മനസ്സിൽ ആരുടെ ബോർഡാണ്, ആരുടെ ചിത്രമാണുള്ളത്

എന്നതാണ് പ്രശ്നം. പാലക്കാട്-കോഴിക്കോട്, തേനി-മൂന്നാർ-കൊച്ചി, തിരുവനന്തപുരം-കൊട്ടാരക്കര-അങ്കമാലി എന്നീ ദേശീയപാതകൾക്കുവേണ്ടി സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനം തുകകൂടി സംസ്ഥാന സർക്കാർ വഹിക്കുന്നുണ്ടെന്ന വിവരംകൂടി സഭയെ അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 1990-കളുടെ തുടക്കത്തിലാണ് ദേശീയപാതാ വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിൽ തുടങ്ങുന്നത്. മാറിമാറിവന്ന സർക്കാരുകൾക്ക് അത് ചെയ്യാൻ കഴിഞ്ഞില്ല, ഇപ്പോൾ അത് നടക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. മാറി മാറി വന്ന എല്ലാ ഗവണ്മെന്റുകൾക്കും ഇത് ചെയ്യാൻ സാധിക്കാതെ പോയതിന്റെ കാര്യം അന്ന് ഭൂമി ഏറ്റെടുക്കൽ വലിയ വെല്ലുവിളിയായിരുന്നു. 2006-ൽ എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത ഒരു സെന്റ് ഭൂമിക്ക് കിട്ടിയത് 23,000 രൂപയാണ്. പത്ത് സെന്റ് സ്ഥലം പോകുന്ന ഒരു വ്യക്തിക്ക് കിട്ടുന്നത് 2,30,000 രൂപയാണ്. അന്ന് ഈ തുകകൊണ്ട് ഒരു സെന്റ് ഭൂമിപോലും വാങ്ങാൻ കഴിയില്ല. 2013-ൽ യു.പി.എ. ഗവണ്മെന്റ് കൊണ്ടുവന്ന Right to Fair Compensation Act നിലവിൽ വന്നതിനെ തുടർന്നാണ് ഈ രാജ്യത്ത് ന്യായമായ നഷ്ടപരിഹാരം കൊടുക്കാനുള്ള സ്ഥിതിവന്നത്. 2015-ലാണ് അതിന്റെ റൂൾസ് നിലവിൽ വന്നത്. എന്റെ

നിയോജകമണ്ഡലത്തിൽ 2006-ൽ ഒരു സെന്റ് ഭൂമിക്ക് 23,000 രൂപ കിട്ടിയ സ്ഥാനത്ത് ഇപ്രാവശ്യം ലഭിച്ചത് എട്ട്-പത്ത് ലക്ഷം രൂപയ്ക്കിടയിലാണ്. സി.പി.ഐ (എം) പ്രവർത്തകരും നേതാക്കളും കോൺഗ്രസ് നേതാക്കളും ഹൈവേയ്ക്ക് എതിരായി ഒരുമിച്ചുനിന്ന് സമരം ചെയ്തിട്ടുണ്ട്. ഇതുമായി സഹകരിക്കുന്നതുകൊണ്ട് ഇപ്പോഴും പറവൂരിൽ പന്തലുകെട്ടി എനിക്കെതിരായി സമരം നടക്കുകയാണ്. ഞങ്ങളെല്ലാവരും പൂർണ്ണമായും സഹകരിക്കുന്നുണ്ട്. അങ്ങ് വെല്ലുവിളിക്കുന്ന രൂപത്തിൽ, പ്രകോപിപ്പിക്കുന്ന രൂപത്തിൽ പറഞ്ഞത് ശരിയായില്ല. പൂർണ്ണമായും ഞങ്ങൾ സഹകരിക്കും. എത്രയോ ജീവനുകളാണ് ഹൈവേയിൽ നഷ്ടമാകുന്നത്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഞാൻ ഒരു പ്രകോപനവും സൃഷ്ടിച്ചിട്ടില്ല. പ്രകോപനം ഉണ്ടാകേണ്ടിയിരുന്നത് യഥാർത്ഥത്തിൽ കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയിലെ പ്രതിനിധികൾ ഈ സഭയിൽ ഉണ്ടെങ്കിൽ അവർക്കായിരുന്നു. പക്ഷേ അവരിവിടെയില്ല. മറ്റുചിലർക്ക് എങ്ങനെ പ്രകോപനം വന്നുവെന്നുള്ളത് എനിക്കറിയില്ല. ഞാൻ ചൂണ്ടിക്കാട്ടിയത് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അപ്പോൾ കേന്ദ്രസർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിക്ക് എതിരെയെന്ന് തോന്നുന്ന രീതിയിലുള്ള

നിലപാട് സ്വീകരിക്കുമ്പോൾ മറ്റാർക്കെങ്കിലും പ്രകോപനം ഉണ്ടായാൽ അതിൽ എനിക്കൊന്നും പറയാനില്ല. രണ്ടാമത്തെ പ്രശ്നം, ഇവിടെ ഒരാളെയും ഒഴിവാക്കിക്കൊണ്ടല്ല ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എല്ലാവരും ടീമായി നിന്നുതന്നെ പോകണം. അതാണ് നിലപാട്. പക്ഷേ ഞാൻ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി രണ്ട് പ്രധാനപ്പെട്ട പത്രങ്ങളിലെ അന്നത്തെ വാർത്തയുടെ തലക്കെട്ട് മാത്രം ഞാൻ വായിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനെ കൗണ്ടർ ചെയ്തുകൊണ്ട് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിലൊന്ന് New Indian Express-ലെ പ്രധാനപ്പെട്ട ഒരു വാർത്തയാണ്. NHAI may 'Abandon Kerala', CM is cool എന്നാണ്. അന്നത്തെ NHAI ചെയർമാൻ R. P. Singh മാർച്ച് 20, 2013-ൽ ഒരു കത്തും അയച്ചിട്ടുണ്ട്. അതിൽ പറയുന്നത്, 'കേരളത്തിലെ ദേശീയപാതാ പ്രവർത്തനം ഇനി മുന്നോട്ടുകൊണ്ടുപോകാൻ പറ്റില്ല, കാരണം സംസ്ഥാന സർക്കാരിന് അതിലൊട്ടും താൽപര്യമില്ല'യെന്നുള്ളതാണ്. 2013-ൽ കേരളം ഭരിച്ചത് എൽ.ഡി.എഫ്. അല്ല, യു.ഡി.എഫ്. ആണെന്നുള്ളത് നമുക്കറിയാം. ഇനി മറ്റൊരു പത്രത്തിന്റെ തലക്കെട്ടുകൂടി ഞാൻ വായിക്കാം, അത് Business Standard ആണ്. 'Land acquisition delays force NHAI to scrap six

projects', അതിലും വളരെ വ്യക്തമാക്കിയിട്ടുണ്ട്. ഞാൻ ആരെയും പ്രകോപിപ്പിക്കാൻ പറഞ്ഞതല്ല. ഞാൻ പറഞ്ഞത് ഒരു വസ്തുതയാണ്. അത് പറയുമ്പോഴും വികസനക്കുതിപ്പിന്റെ ever rolling trophy-ക്ക് വേണ്ടിയല്ല സർക്കാർ മുന്നോട്ടുപോകുന്നത്. ഈ സഭയിലെ എല്ലാ എം.എൽ.എ.-മാരെയും കേരളത്തിലെ എല്ലാ എം.പി.-മാരെയും യോജിപ്പിച്ചുകൊണ്ട് ഒരു ടീമായി നിന്നുകൊണ്ട് മലയാളികളുടെ ചിരകാല സ്വപ്നമായ ദേശീയപാതാ വികസനത്തിനുവേണ്ടി നമുക്ക് കൈകോർക്കാം എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ആറ് വർഷമായി ലോകത്തിന് മാതൃകയാകുന്ന തരത്തിലാണ് റോഡുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ മഹത്വം ആര് എടുക്കുന്നു എന്നതിലല്ല, ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സംസ്ഥാന ഗവണ്മെന്റ് ഇരുപത്തിയഞ്ച് ശതമാനം തുക നൽകിക്കൊണ്ട് നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടാണ് ഈ പുരോഗതി ഉണ്ടായത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനമാണ് നടന്നുവരുന്നത്. ഇക്കാര്യത്തിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പല മണ്ഡലങ്ങളിലും പി.ഡബ്ല്യു.ഡി. റോഡുകളുടെ

എണ്ണത്തിൽ വലിയ അന്തരം വന്നിട്ടുണ്ട്. 800 കി.മീ. മുതൽ 100 കി. മീ. വരെ റോഡുകളുള്ള മണ്ഡലങ്ങളുണ്ട്. ഈ രണ്ട് മണ്ഡലങ്ങളിലെയും റോഡുകൾ നന്നാക്കുന്നതിന് വലിയ വ്യത്യാസത്തിലുള്ള തുകയാണ് ചെലവാക്കുന്നത്. റോഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കലിൽ വലിയ തടസ്സം നേരിടുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പും കൂടിച്ചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ വിഷയം റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഞങ്ങൾ വളരെ പോസിറ്റീവായ നിലപാട് സ്വീകരിച്ചുപോകാനാണ് ഉദ്ദേശിക്കുന്നത്. അത് നല്ല നിലയിൽ പോകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി നിർമ്മിക്കുന്ന ട്രഞ്ചുകൾ പലപ്പോഴും യഥാസമയം അടയ്ക്കാത്തതുകൊണ്ട് വാഹനാപകടങ്ങൾ സ്ഥിരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. റോഡിലൂടെ നടന്നുപോകുന്നവർവരെ ട്രഞ്ചിൽ വീണ് മരിച്ച അനുഭവമുണ്ടായി. എന്റെ മണ്ഡലത്തിലെ ചേളാരി-ചാപ്പനങ്ങാടി റോഡിൽ വലിയാട് എന്ന സ്ഥലത്ത് ഗെയിൽ പൈപ്പ്ലൈൻ

സ്ഥാപിക്കുന്നതിന് നിർമ്മിച്ച ട്രഞ്ചിൽ വീണ് ഒരാൾ ദാരുണമായി മരണപ്പെട്ടു. ഗെയിൽ പൈപ്പ്ലൈനുകളും വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകളും സ്ഥാപിക്കാനായി വെട്ടിമുറിക്കുന്ന റോഡുകൾ കൃത്യസമയത്ത് നികത്താൻ ഇതുവരെയും സാധിച്ചിട്ടില്ല. ഈ കുഴികളിൽ വീണ് പലരും മരണപ്പെടുന്നു. റോഡുകളിൽ സ്ഥിരമായി വാഹനാപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കുഴികൾ നികത്തുന്നതിനായി സ്ഥിരം സംവിധാനമുണ്ടാക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ പരിശോധിച്ചാൽ പല റോഡുകളും ഇന്ന് നല്ല നിലയിൽ പോകുന്നുണ്ട്. പക്ഷേ, ചില റോഡുകളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. കുടിവെള്ളമെന്ന വളരെ അടിസ്ഥാനപരമായ ആവശ്യത്തിനുവേണ്ടി ജനപ്രതിനിധികൾതന്നെ ഇടപെടുന്നതിന്റെകൂടി ഭാഗമായി വാട്ടർ അതോറിറ്റി സ്വാഭാവികമായും അവിടെ റോഡുകൾ കീറിമുറിക്കുന്നൊരു സ്ഥിതിയാണുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുമായി ചർച്ചചെയ്തിരുന്നു. അതിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട് ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്

സെക്രട്ടറി തലവനായുള്ള കമ്മിറ്റി ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇപ്പോൾ കുറേയേറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്നാലും ഇവിടെ പറഞ്ഞിട്ടുള്ള വിഷയം വളരെ ഗൗരവമുള്ളതും പരിഹരിക്കപ്പെടേണ്ടതുമാണ്. ഒരു റോഡ് നന്നായി ടാർ ചെയ്ത് അതിന്റെ വർക്കുകളെല്ലാം കഴിഞ്ഞതിനുശേഷം പിന്നീട് കീറിമുറിക്കുന്ന സ്ഥിതിയിലേയ്ക്ക് നാട് മാറാൻ പാടില്ലെന്ന കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ഒരു പോർട്ടൽ സംവിധാനം മുന്നോട്ട് വച്ചിട്ടുള്ളത്. എല്ലാ വകുപ്പുകളും അവരുടെ നിർമ്മാണങ്ങൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി, വനം തുടങ്ങി എല്ലാ വകുപ്പുകളും ഒരു പ്രത്യേക സ്ഥലത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തി സംബന്ധിച്ച് നേരത്തെതന്നെ പോർട്ടലിൽ രജിസ്റ്റർ ചെയ്താൽ അതിനെ ക്രമീകരിച്ചുകൊണ്ട് നമുക്ക് ഈ പ്രവർത്തനം നടത്താൻ സാധിക്കും. ഇത് ചില വിദേശ രാജ്യങ്ങളിലുള്ള രീതികളാണ്. ഇത് നടപ്പിലാക്കാനുള്ള ഇടപെടലുകൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. ജലസേചന വകുപ്പുമന്ത്രി വളരെ പോസിറ്റീവായി ഈ സമീപനത്തെ സ്വീകരിച്ചുവെന്നുള്ളത് പൊതുമരാമത്ത് വകുപ്പിനുവേണ്ടി പറയുകയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ലാറ്റക്സ് മിശ്രിതം ചേർത്ത് റോഡ് റബ്ബറൈസ് ചെയ്താൽ റോഡ് ടാറിംഗിന്റെ ഗുണമേന്മ

വർദ്ധിക്കുമെന്നുള്ളത് തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. റബ്ബർ കർഷകർക്കുകൂടി പ്രയോജനപ്പെടുന്ന ഈ രീതി കൂടുതൽ വ്യാപിപ്പിക്കാനും അതൊരു നയമായി സ്വീകരിച്ച് റോഡ് ടാറിംഗിന് റബ്ബറൈസേഷൻ വ്യാപകമാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഇത് സർക്കാർ പരിശോധിച്ച് ഇടപെടേണ്ട വിഷയമാണ് എന്നുതന്നെയാണ് കാണുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽപ്പെടുത്തി കേരളത്തിലെ നിരവധി റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ രണ്ട് വർഷമായി നമുക്ക് സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ആവശ്യമായ ഫണ്ട് അനുവദിച്ച് കാണുന്നില്ല. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഈ വിഷയം പരിശോധിച്ച് മുന്നോട്ടുപോയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി നേരിട്ട് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് പരിഹരിക്കേണ്ട വിഷയമാണെന്ന നിലയിലാണ് സർക്കാർ പോകുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വകുപ്പ് ഏറ്റെടുത്തതിനുശേഷം റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയുടെ

കാര്യത്തിൽ വലിയ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. റോഡിന്റെ വ്യാപ്തി, നീളം എന്നിവ പരിഗണിച്ച് മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്ന രീതി വന്നാൽമാത്രമേ പുതിയ റോഡുകൾ വരാനും മെയിന്റനൻസ് നടത്താനും കഴിയുകയുള്ളൂ. ഫണ്ട് അനുവദിക്കുന്നത് എം.എൽ.എ.-യ്ക്കല്ല, മണ്ഡലത്തിനാണ് എന്നുള്ള നിലയിൽ ഒരു പുനർചിന്തനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ സംസ്ഥാനത്ത് മൊത്തം മൂന്ന് ലക്ഷത്തോളം കിലോമീറ്റർ റോഡുണ്ട്. അതിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ പത്തിലൊന്ന് മാത്രമാണ്. മുപ്പതിനായിരത്തോളം കിലോമീറ്റർ പി.ഡബ്ള്യു.ഡി. റോഡുകളുള്ളതിൽ വിവിധ റോഡുകൾ ഉൾപ്പെടുന്നുണ്ട്. ദേശീയപാതകൾ, കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട KRFB റോഡുകൾ, KRFB-PMU റോഡുകൾ, KSTP-യുടെ റോഡുകൾ, പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായുള്ള റോഡുകളാണുള്ളത്. മണ്ഡലം തിരിച്ച് കണക്ക് പരിശോധിച്ചു. സി.എം.ടി. വന്നതിനുശേഷമുണ്ടായ പോസിറ്റീവായിട്ടുള്ളൊരു കാര്യം ഓരോ മണ്ഡലത്തിലെയും പി.ഡബ്ല്യു.ഡി.

റോഡുകൾ എത്ര കിലോമീറ്ററാണ് എന്നുള്ളത് പരിശോധന നടത്തിയെന്നതാണ്. അപ്പോൾ വലിയ വ്യത്യാസം കാണാൻ സാധിച്ചു. 18 കി.മീ. മുതൽ 700 കി.മീ. വരെ റോഡുകളുള്ള നിയമസഭാ മണ്ഡലങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മറ്റ് സാഹചര്യങ്ങൾ തുടങ്ങി പല കാരണങ്ങളാണ് അതിലുള്ളത്. പുതിയ റോഡുകൾ ഏറ്റെടുക്കുക എന്നുള്ളത് അത്ര എളുപ്പമല്ല. എന്നാൽ നിലവിലുള്ള റോഡുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നുള്ളതാണ് അതിൽ പ്രധാനം. അതിന് ബി.എം. & ബി.സി. നിലവാരമാണ് ഇന്ന് സാദ്ധ്യമാകുന്ന ഏറ്റവും നല്ല നിർമ്മാണരീതി. അത് പരമാവധി നടത്താനും ഓരോ മണ്ഡലത്തിന്റെയും സാദ്ധ്യത കണക്കിലാക്കി ഇടപെടാനുമാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വെട്ടം പഞ്ചായത്തിൽ റോഡുപണി പൂർത്തിയാക്കിയിട്ട് 5 വർഷം കഴിഞ്ഞു, ഗതാഗതയോഗ്യമാണ്, സഞ്ചാരം തുടങ്ങിയിട്ടുണ്ട്. കുഞ്ഞൂലിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി സ്ഥലം ഏറ്റെടുത്തതിന്റെ പണം പത്തിരുപതോളം കുടുംബങ്ങൾക്ക് ഇതുവരെ കിട്ടാത്തതുകൊണ്ട് അവർ വളരെ പ്രയാസത്തിലാണ്. പല ആളുകളും മരിച്ചുപോയി. അത് എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന്

അറിയിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പ്രത്യേകം പരിശോധിക്കാം. അടിയന്തരമായി ഇടപെട്ട് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, മുമ്പങ്ങുമില്ലാത്തവിധം മികവിലേയ്ക്കാണ് പൊതുമരാമത്ത് വകുപ്പ് സഞ്ചരിക്കുന്നതെന്നത് സംശയാതീതമാണ്. മലയോര മേഖലയായ റാന്നി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ തുടർച്ചയായ മഴയും മഴയുടെ അളവിലുള്ള വർദ്ധനവും കാരണം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ നിത്യ സംഭവമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആ മേഖലയിലെ റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഈ വിഷയം ഗൗരവത്തിലെടുക്കേണ്ടത് തന്നെയാണ്. ഇത് ഒരു പ്രത്യേക മണ്ഡലത്തിന്റെ മാത്രമല്ല, കേരളത്തിന്റെ പൊതുവിഷയമായിത്തന്നെ പരിശോധിച്ച് ഇടപെടേണ്ടതുണ്ട്.

**വിനോദസഞ്ചാര വികസനം**

**2** (*242) ശ്രീ. കെ. ആൻസലൻ:
ശ്രീമതി ദെലീമ:

ശ്രീ. എ. രാജ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ തോതിൽ തൊഴിൽ സാധ്യതയുള്ളതും അതേസമയം പരിസ്ഥിതി ആഘാതം വളരെ കുറഞ്ഞതും താരതമ്യേന ഹ്രസ്വമായ തോതിലുള്ള മുതൽമുടക്കും മാത്രം മതിയാകുന്നതിനാൽ ടൂറിസം സാദ്ധ്യത വൻതോതിൽ വിപുലപ്പെടുത്താൻ പരിപാടിയുണ്ടോ;

(ബി) ഗ്രാമക്കാഴ്ചകൾ വിനോദ സഞ്ചാരികളിലേയ്ക്ക് എത്തിക്കുന്നതിനും വിനോദസഞ്ചാരത്തിന്റെ നേട്ടം ഗ്രാമങ്ങളിലേയ്ക്കെത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി പ്രാദേശിക ടൂറിസം സർക്യൂട്ടുകൾ വികസിപ്പിച്ച് ആഭ്യന്തര, സംസ്ഥാനാന്തര, ദേശാന്തര വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഉണ്ട്. ടൂറിസം സാദ്ധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് " ഡെസ്റ്റിനേഷൻ ചലഞ്ച്" . തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാദ്ധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ തദ്ദേശീയമായ ടൂറിസത്തിന്റെ പ്രധാന്യം തിരിച്ചറിയാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെതന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പും വളരെ നല്ല നിലയിലുള്ള ഇടപെടലാണ് ഇതിൽ നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ഇതിനുപുറമെ, ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി സ്ട്രീറ്റ് പദ്ധതി, വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം,

എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്കുള്ള പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

ടൂറിസം വകുപ്പ് പുതുതായി പരിചയപ്പെടുത്തിയ കാരവൻ ടൂറിസവും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതാണ്. KTDC-യുടെ നേതൃത്വത്തിൽ KSRTC ബസുകളെ ഉപയോഗപ്പെടുത്തി ഫുഡി വീൽസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. KSRTC-യും ഗതാഗത വകുപ്പും അതിൽ വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. ഗ്രാമക്കാഴ്ചകൾ വിനോദ സഞ്ചാരികളിലേയ്ക്ക് എത്തിക്കുന്നതിനും വിനോദസഞ്ചാരത്തിന്റെ നേട്ടം ഗ്രാമങ്ങളിലേയ്ക്കെത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശ

സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08-06-2022-ന് നടന്നു. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യുകയും ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(സി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സ്വദേശ - വിദേശ സഞ്ചാരികളെ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതി നിലവിൽ പ്രാരംഭ ഘട്ടത്തിലാണുള്ളത്. ഇവയെ പ്രാദേശിക ടൂറിസം സർക്ക്യൂട്ടുകളാക്കി വികസിപ്പിക്കാനും ലക്ഷ്യമിടുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ടൂറിസം പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വലിയതോതിലുള്ള നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് പ്രളയങ്ങളും കോവിഡും സൃഷ്ടിച്ചിട്ടുള്ള പ്രയാസമേറിയ ഘട്ടത്തിൽ ടൂറിസം

കേന്ദ്രങ്ങൾ വലിയ തോതിലുള്ള പ്രതിസന്ധിയിലായിരുന്നു. ഇപ്പോൾ അതിന്റെ അവസ്ഥയെന്താണ്; ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 2021 മേയ് 20-ന് ടൂറിസം വകുപ്പിന്റെ ചുമതല ഏറ്റെടുത്ത ഘട്ടത്തിൽ ടൂറിസം മേഖല വലിയൊരു പ്രതിസന്ധി നേരിട്ടിരുന്ന സമയമായിരുന്നു. കേരളത്തിലും ഇന്ത്യയിലും മാത്രമല്ല, ലോകത്താകെ ടൂറിസം മേഖല ഏറ്റവും വലിയ പ്രതിസന്ധി നേരിട്ട കാലമാണത്. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി സഞ്ചാരം സാധ്യമല്ലാത്ത സ്ഥിതിയായിരുന്നു. സഞ്ചാരമില്ലാതെ ടൂറിസമില്ല. സഞ്ചാരികളില്ലാത്ത ടൂറിസം സ്വാഭാവികമായും കടലാസിൽ മാത്രമേ ഉണ്ടാകുകയുള്ളൂ. ആ സാഹചര്യത്തിൽ പ്രതിസന്ധി എന്നുപറഞ്ഞ് നിലവിളിച്ച് കരയാനല്ല, അതിന് പരിഹാരം കാണാനുള്ള ഇടപെടലുകളാണ് പൊതുവെ ടൂറിസം വകുപ്പ് നടത്തിയിട്ടുള്ളത്. ഇന്നലെയും ഇന്നുമായി പ്രധാനപ്പെട്ട മാധ്യമങ്ങളിൽ വന്നൊരു വാർത്തയുണ്ട്. ഞാനത് വയിക്കാം. അത് വായിച്ചാൽത്തന്നെ എങ്ങനെയാണ് കേരളത്തിലെ ടൂറിസം വകുപ്പ് ഈ പ്രതിസന്ധികളെ മറികടന്ന് മുന്നോട്ടുപോയിട്ടുള്ളതെന്ന് അറിയാം. ടൈം മാഗസിന്റെ മനോഹര ഇടങ്ങളുടെ പട്ടികയിൽ കേരളവും കടന്നുവന്ന

എന്നുള്ള വിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കണ്ടിരിക്കേണ്ട മനോഹര സ്ഥലങ്ങളുടെ ടൈം മാഗസിൻ പട്ടികയിൽ കേരളവും.., 2022-ൽ യാത്ര ചെയ്യാവുന്ന 50 മികച്ച സ്ഥലങ്ങളുടെ പട്ടികയിൽ വന്നു എന്നുള്ളത് ഞാനിവിടെ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. പുതുതായി ആരംഭിച്ച കാരവൻ ടൂറിസം, വാഗമണിലെ കാരവൻ പാർക്ക്, ഹൗസ് ബോട്ടുകൾ, കായലുകൾ, ക്ഷേത്രങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഈ കുറിപ്പിൽ പരാമർശമുണ്ട്. ഇത് നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്നൊരു കാര്യമാണ്. തീർച്ചയായും ആ നിലയിൽ കേരള ടൂറിസത്തെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. പ്രതിസന്ധി അനുഭവിക്കുന്ന വിഭാഗങ്ങളെ, ആ നിലയിൽത്തന്നെ സഹായിക്കാൻ, എല്ലാവർക്കും ഒരു കൈത്താങ്ങായി മാറാൻ ടൂറിസം വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, പ്രകൃതിരമണീയമായ കാലാവസ്ഥയും പ്രകൃതിയും കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള ഒട്ടനവധി ടൂറിസം ഡെസ്റ്റിനേഷനുകളുണ്ട്. എന്റെ മണ്ഡലത്തിലെ നെയ്യാറ്റിൻകരയിലെ ഈരാറ്റിൻപുറം - നെയ്യാർ രണ്ടായി പിരിഞ്ഞുപോകുന്ന, അവിടെ ഏറ്റവും പ്രധാനപ്പെട്ടൊരു ടൂറിസം പ്രോജക്ട് വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2021-ൽ അതിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തു. പക്ഷേ, ഇറിഗേഷൻ,

ടൂറിസം, എൽ.എസ്.ജി.ഡി. ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ വ്യത്യസ്തമായ നിലപാടുകൾ കാരണം ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നും ശക്തമായ നിലപാട് സ്വീകരിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബന്ധപ്പെട്ട മറ്റു രണ്ട് വകുപ്പുമന്ത്രിമാരുമായി യോഗം വിളിച്ചുചേർത്ത് ഈ വിഷയം പരിശോധിക്കാം.

ശ്രീമതി ദെലീമ: സർ, ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ട്രീറ്റ് പദ്ധതി എത്രത്തോളം വിജയകരമാണ്; പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും, എടുത്തുപറയേണ്ട പ്രധാനപ്പെട്ടൊരു പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. ടി പദ്ധതി സർക്കാർ ഉദ്ദേശിച്ച നിലയിൽത്തന്നെ മുന്നോട്ടുപോകുന്നുണ്ട്. ടൂറിസത്തിന്റെ വൈവിദ്ധ്യങ്ങൾ അനുഭവിച്ചറിയാൻ പറ്റുന്ന പദ്ധതിയെന്ന നിലയിൽ വലിയ സ്വീകാര്യതയാണ് സ്ട്രീറ്റ് പദ്ധതിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ

ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നീ പത്ത് സ്ഥലങ്ങളിൽ ആദ്യഘട്ടമായി ടി പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒരോ പ്രദേശത്തിന്റെയും സാദ്ധ്യതയ്ക്കനുസരിച്ച് പരമ്പരാഗത ജീവിത രീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്നതിനായി സ്ട്രീറ്റുകൾ ഉറപ്പാക്കാവുന്നതാണ്. നിയമസഭാ സാമാജികരുമായി ചർച്ച നടത്തി സ്ട്രീറ്റ് ടൂറിസത്തിന്റെ സാധ്യതകളെ തിരിച്ചറിഞ്ഞ് കേരളത്തിലെ പല മണ്ഡലങ്ങളിലും ടി പദ്ധതി വ്യാപിപ്പിക്കാനാകണം.

<u>ശ്രീ. എ. രാജ</u>: സർ, ടൂറിസം മേഖലയുടെ വികസനത്തിന് പുതിയ ആശയങ്ങൾ ലഭിക്കുന്നതിനാവിഷ്കരിച്ച കലാലയങ്ങളിലെ ടൂറിസം ക്ലബ്ബുകൾ പദ്ധതി ടൂറിസം മേഖലയിൽ യുവ ആശയങ്ങൾ ലഭിക്കുന്നതിന് സഹായകമായി. ടൂറിസം ക്ലബ്ബുകൾ സ്ഥാപിക്കാനുള്ള തീരുമാനം എവിടെയൊക്കെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ മുമ്പുതന്നെ ക്ലബ്ബ് ടൂറിസം എന്ന ആശയമുണ്ടായിരുന്നുവെങ്കിലും പല കാരണങ്ങളാൽ അതുമായി

മുന്നോട്ടുപോകാൻ സാധിച്ചില്ല. ഇപ്പോൾ പല വിദേശരാജ്യങ്ങളിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളും യുവജനങ്ങളുമാണ് ടൂറിസത്തിന്റെ പ്രചാരകരായി മാറുന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചു. പ്രത്യേകിച്ച് കലാലയങ്ങൾ; കലാലയങ്ങൾക്ക് ഒരു പ്രധാന ഡെസ്റ്റിനേഷൻ കേന്ദ്രത്തിന്റെ ചുമതല നൽകിക്കൊണ്ട് അതിന്റെ പരിപാലനം, മാർക്കറ്റിംഗ്, ആ ഡെസ്റ്റിനേഷൻ കേന്ദ്രവുമായി ബന്ധപ്പെട്ട ചരിത്രപരമായ പ്രത്യേകതകൾ ഇതൊക്കെ പ്രചരിപ്പിക്കുന്ന നിലയിലേയ്ക്ക് മാറ്റി കേരളത്തിലെ വിദ്യാർത്ഥികളെ ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർമാരാക്കി മാറ്റുന്ന വിശാലമായൊരു കാഴ്ചപ്പാടാണ് ടൂറിസം ക്ലബ്ബ് എന്നതുകൊണ്ടുദ്ദേശിക്കുന്നത്. തുടക്കത്തിൽ 25 കലാലയങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ 25 കലാലയങ്ങളോട് ചേർന്നുനിൽക്കുന്ന ഡെസ്റ്റിനേഷനുകളെ തെരഞ്ഞെടുത്ത് അവിടെ ഇത് നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച വിജയകരമായി; തുടർനടപടികളുമായി മുന്നോട്ടുപോകുന്നു. 2022-ൽ ടൂറിസം ക്ലബ്ബ് കേരളത്തിന്റെ കലാലയങ്ങളിലാരംഭിക്കാനാകുമെന്ന സന്തോഷവിവരംകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രമായ കോവളത്തെ ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കുന്നുണ്ടോ; ഇത്തവണത്തെ ഓണാഘോഷപരിപാടി സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് ചോദ്യമാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. ഒന്നാമതായി, കോവളം കേരളത്തിലും ഇന്ത്യയിലുമാകെ അറിയപ്പെടുന്നത് മാത്രമല്ല; ലോകത്താകെ അറിയപ്പെടുന്ന ഡെസ്റ്റിനേഷൻ കൂടിയാണ്. പല വിദേശ സഞ്ചാരികളും കോവളം ഏത് സംസ്ഥാനത്താണ്; കേരളത്തിലാണോ എന്നുപോലും അറിയാത്തവരുണ്ട്. അങ്ങനെയുള്ള കോവളത്തെ തീർച്ചയായും സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കോവളത്ത് ജനങ്ങൾ വരുമ്പോൾ അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്ന വിധത്തിൽ കോവളത്തെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സർക്കാർ അക്കാര്യങ്ങൾക്കായി നല്ല പരിശ്രമം നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് അവിടത്തെ എം.എൽ.എ.-യുമായി ചർച്ചചെയ്യുകയും ഒരു ടീമായി നിന്നുകൊണ്ട് ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കോവളത്തെ ഒരു ബൃഹത് പദ്ധതിയാക്കി

മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ച വിവരം അറിയിക്കുകയാണ്. കോവളത്തിന്റെ മുഖച്ഛായതന്നെ മാറ്റുന്ന നിലയിലുള്ളൊരു പദ്ധതിയാണത്. ആ തിരിച്ചറിവിന്റെ ഭാഗമായി ലോകത്താകെയുള്ള സഞ്ചാരികൾ കോവളത്തേയ്ക്ക് കടന്നുവരുന്നു; ഇതൊരു തുടക്കമാണ്. ഇതിനുശേഷം മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലേയ്ക്കുകൂടി ടി പദ്ധതി നടപ്പിലാക്കാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ലോകത്തെ പല വിനോദ സഞ്ചാരകേന്ദ്രങ്ങളിലും പോകുമ്പോൾ ഒരു കാര്യം മനസ്സിലാകുന്നത് 'Every inch of Kerala is a tourist spot', മറ്റ് രാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിന്റെ ഓരോ ഭാഗങ്ങളും ഏറ്റവും മനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കഴിയുന്നവയാണ്. അത് കണക്കിലെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം വികസിപ്പിക്കാനുള്ള നടപടികൾക്ക് ഒരു പ്ലാൻ ഗവണ്മെന്റ് തയ്യാറാക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് വലിയഴീക്കൽ പാലം ഉദ്ഘാടനം ചെയ്തത്. കേരളത്തിലെ ഏറ്റവും മനോഹരമായ ഒരു പാലമാണത്. ആ പാലം കടലിലൂടെയായതിനാൽ ആയിരക്കണക്കിനാളുകൾ കാണാൻ വരുന്നുണ്ട്.

കൊല്ലം-ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്നതാണ് ഈ പാലം. ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ.-യുടെയും എന്റെയും മണ്ഡലങ്ങൾ ഒരുമിക്കുന്നതായ അവിടെ ഒരു ടൂറിസ്റ്റ് പ്രോജക്ടിനെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു; അക്കാര്യം ഒന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രധാനപ്പെട്ടതും ടൂറിസം വകുപ്പ് ശ്രദ്ധിക്കേണ്ടതുമായ ഒരു വിഷയം തന്നെയാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. Kerala as a whole destination; ഇതുസംബന്ധിച്ച് നേരത്തെ ഉന്നയിച്ച ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി പറഞ്ഞതാണ്. കേരളത്തിന്റെ ഒരിഞ്ചുപോലും ഒഴിവാക്കാതെ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനുള്ള സാദ്ധ്യതകളുണ്ട്. 9 ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശത്തെ ഇതിനായി മാറ്റിമറിക്കാനാകും. തീരദേശത്തേയ്ക്ക് പുതിയ ആശയങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. മാലിദ്വീപിൽ ഉള്ളതുപോലെയുള്ള പദ്ധതികളും മറ്റും കേരളത്തിലെ തീരദേശങ്ങളിൽ ഭാവിയിൽ കൊണ്ടുവരണം. മലയോരമേഖല, ഇടനാട്, കേരളത്തിന്റെ നദികൾ തുടങ്ങിയ കേരളത്തിന്റെ പ്രത്യേകതകളെ ഉൾക്കൊണ്ട് കേരളത്തെ മുഴുവൻ ഒരു ഡെസ്റ്റിനേഷനാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. രണ്ടാമത്, അദ്ദേഹം ഇവിടെ പറഞ്ഞിട്ടുള്ള വലിയഴീക്കൽ

പാലം; അദ്ദേഹത്തിന്റെയും കരുനാഗപ്പള്ളിയിലെ ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.-യുടെയും മണ്ഡലങ്ങളിലൂടെ പോകുന്നതും ULCC (Uralungal Labour Contract Co-operative Society) നിർമ്മിച്ചതുമായ ഒരു പാലമാണത്. ആ നിലയിൽ രണ്ട് എം.എൽ.എ.-മാരും അതിന്റെ നിർമ്മാണത്തിന് മുൻകയ്യെടുക്കുകയും കോവിഡിന്റെ തീവ്രത കുറഞ്ഞഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുവന്ന് ഉദ്ഘാടനം നടത്തുകയും ചെയ്തു. ഇപ്പോൾ ധാരാളം സഞ്ചാരികൾ അവിടേയ്ക്ക് കടന്നുവരുന്നുണ്ട്. നിർമ്മിക്കപ്പെട്ട പാലങ്ങളിലേയ്ക്ക് വിനോദസഞ്ചാരികൾ എത്തുന്നുവെന്നതാണ് ലോകത്താകെ ഇപ്പോൾ കണ്ടുവരുന്ന ട്രെൻഡ്. അതിനാൽ പാലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറുകയാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് പാലങ്ങൾ വരുന്ന സ്ഥലങ്ങളെ എങ്ങനെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാക്കി വികസിപ്പിച്ചെടുക്കാമെന്ന കാര്യം തീർച്ചയായും ആലോചിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിൽ ഗ്രാമക്കാഴ്ചകൾ നാളുകൾ കഴിയുന്തോറും വർദ്ധിച്ചുവരികയാണ്. കൊല്ലത്തെ സാമ്പ്രാണിക്കോടി, മൺറോതുരുത്ത്, ശാസ്താംകോട്ട തടാകത്തിന്റെ വൃഷ്ടി പ്രദേശം (catchment area) എന്നീ മേഖലകളിൽ അനുദിനം വിദേശികളും സ്വദേശികളുമുൾപ്പെടെ

ധാരാളം ടൂറിസ്റ്റുകൾ വരികയാണ്. സാമ്പ്രാണിക്കോടിയിൽ ആളുകളുടെ തിരക്കിൽപ്പെട്ട് മൂന്നുദിവസം മുമ്പ് ഒരു അമ്മ മരിച്ചുപോയി. ദിനംപ്രതി ആളുകൾ വർദ്ധിച്ചുവരുന്ന സാമ്പ്രാണിക്കോടി, മൺറോതുരുത്ത്, ശാസ്താംകോട്ട എന്നീ മേഖലകളിൽ കണക്ടിവിറ്റിയായി ടൂറിസം പാക്കേജ് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അതൊരു പ്രധാനപ്പെട്ട ഡെസ്റ്റിനേഷൻ തന്നെയാണ്. ആ നിലയിൽ ഒരു സർക്യൂട്ട് അവിടെ സാദ്ധ്യമാക്കുന്നതുസംബന്ധിച്ച് നേരത്തെതന്നെ ആലോചിച്ച് ആവശ്യമായ ചർച്ചകൾ നടത്തിയതാണ്. അത് നടപ്പിലാക്കി മുന്നോട്ട് പോകാവുന്ന കാര്യം തന്നെയാണ്. ടൂറിസം വകുപ്പിനെ സംബന്ധിച്ചിടത്തോളം ഓരോ സാദ്ധ്യതകളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുകയെന്നുള്ള കാഴ്ചപ്പാടാണുള്ളത്. കോവിഡിന്റെ രൂക്ഷത കുറഞ്ഞതിന്റെ ഭാഗമായി കുറേ വർഷങ്ങളായി നാം നടപ്പിലാക്കാത്ത ഓണാഘോഷം വളരെ വിപുലമായി സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന വിവരം സഭയെ അറിയിക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, എന്റെ മണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റി 40-ാം വാർഡിൽ കടൽത്തീരത്തോടും പൊഴിയോടും ചേർന്ന്

അതിമനോഹരമായൊരു സ്ഥലമുണ്ട്; മിനിഗോവ എന്നറിയപ്പെടുന്ന പ്രദേശമാണ്. സഞ്ചാരികൾക്ക് സൗകര്യപ്രദവും സന്തോഷപ്രദവുമായ ഒരു സ്ഥലം കൂടിയാണത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മിനിഗോവ എന്നറിയപ്പെടുന്ന സ്ഥലം കണ്ടൽക്കാടുകളാൽ സമൃദ്ധവുമാണ്. അവിടത്തെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച്, സാന്റ് ബാങ്ക്സിൽനിന്നും ബോട്ട് സർവ്വീസുകൂടി ആരംഭിച്ചാൽ ഇവിടേയ്ക്ക് സഞ്ചാരികൾക്ക് സൗകര്യപ്രദമായി എത്താൻ കഴിയും. ധാരാളം ആളുകൾ ഇപ്പോൾത്തന്നെ അവിടേയ്ക്ക് വരുന്നുണ്ട്, സുരക്ഷിതത്വം കുറവായതുകൊണ്ട് അപകടങ്ങൾ ഇവിടെ പതിവാണ്. കഴിഞ്ഞ മാസം ഒരു കുട്ടി അവിടെ മരണപ്പെട്ടിരുന്നു. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മതിയായ സുരക്ഷ ഒരുക്കി പ്രധാനപ്പെട്ടൊരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, തീർച്ചയായിട്ടും. നേരത്തെ ചർച്ച ചെയ്യപ്പെട്ടൊരു വിഷയമാണിത്. ആ നിലയിൽത്തന്നെ ഇക്കാര്യം പരിശോധിച്ച് മുന്നോട്ടുപോകാവുന്നതും അവിടെയുണ്ടായിട്ടുള്ള അപകടവുമായി ബന്ധപ്പെട്ട കാര്യം പരിശോധിക്കാവുന്നതുമാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രഖ്യാപിച്ച രണ്ട് പ്രധാനപ്പെട്ട പദ്ധതികളാണ് ജൈവ വൈവിദ്ധ്യ/തീർത്ഥാടന

സർക്യൂട്ട്. ടൂറിസത്തിന് വളരെയധികം പ്രാധാന്യം നൽകുന്ന രണ്ട് പദ്ധതികളാണിവ. ഇവയുടെ പ്രവർത്തനം വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും, ഇത് ഒരു പ്രധാന വിഷയമാണ്. രാജ്യത്താദ്യമായിട്ടാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഒരു ലിറ്റററി സർക്യൂട്ടും ഒരു ബയോഡൈവേഴ്സിറ്റി സർക്യൂട്ടും പ്രഖ്യാപിക്കുന്നത്. ലിറ്റററി സർക്യൂട്ട് പൊതുവെ പരിശോധിച്ചാൽ ടൂറിസം സാദ്ധ്യതകളെ വിപുലീകരിക്കുന്നതിനായി രൂപം നൽകിയ പദ്ധതിയാണ്. അതിന്റെ കാര്യങ്ങളുമായി മുന്നോട്ടുപോവുകയാണ്. ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബയോഡൈവേഴ്സിറ്റി സർക്യൂട്ട് പൊതുവെ പരിശോധിച്ചാൽ ഇന്ത്യയിൽ ആദ്യമായിട്ടാണ്. അത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻവിരിപ്പാറ, മുട്ടറമരുതിമല, ജഡായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ബയോഡൈവേഴ്സിറ്റി സർക്യൂട്ട് ആരംഭിക്കുന്നത്. ഇത് വേഗത്തിലാക്കാനുള്ള എല്ലാ ശ്രമങ്ങളും ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിരപ്പിള്ളി, വാഴിച്ചാൽ, മലക്കപ്പാറ ഉൾപ്പെടുന്ന ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾ വരുന്ന മേഖലയിൽ

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവംമൂലം വലിയ ബുദ്ധിമുട്ടാണ് സഞ്ചാരികൾ അനുഭവിക്കുന്നത്. പലതവണ ഈ വിഷയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മറ്റൊരു വകുപ്പുകൂടി ബന്ധപ്പെട്ട് ആലോചിക്കേണ്ട ചില കാര്യങ്ങൾ അതിനകത്തുണ്ട്. എന്തായാലും ഇക്കാര്യം വളരെ പോസിറ്റീവായിത്തന്നെ എടുത്ത് സ്ഥലം നേരിട്ട് കണ്ട് കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. ജോയി : സർ, ലോക ടൂറിസ്റ്റ് മാപ്പിൽ വർക്കല പ്രധാനപ്പെട്ടൊരു ഡെസ്റ്റിനേഷനാണ്. അതിന്റെ വികസനത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾക്കായി അങ്ങ് സഹായിച്ചിട്ടുണ്ടെന്നത് ശരിയാണ്. പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂടുതൽ ആകർഷകമാക്കി മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച്, ഏറ്റവും പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകൾ എടുത്തുകൊണ്ട് അതിനുവേണ്ടിയൊരു രൂപരേഖ തയ്യാറാക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. അൺ-എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ എക്സ്പ്ലോർ ചെയ്യാനുള്ള ശ്രമമാണ് പൊതുവെ ടൂറിസം വകുപ്പ് തുടക്കത്തിൽ ശ്രമിച്ചിട്ടുള്ളത്. ധാരാളം അൺ-എക്സ്പ്ലോർഡ്

ഡെസ്റ്റിനേഷനുകളുണ്ട്, എന്നാൽ അപ്പോഴും എക്സ്പ്ലോർ ചെയ്യപ്പെട്ട ഡെസ്റ്റിനേഷനുകളുടെ പരിപാലനം, മെയിന്റനൻസ്, ഡെവലപ്മെന്റ് എന്നിവ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. എക്സ്പ്ലോർ ചെയ്യപ്പെട്ടൊരു ഡെസ്റ്റിനേഷന്റെ പരിപാലനവും വികാസവും എങ്ങനെ നടപ്പിലാക്കണമെന്നുള്ളത് വളരെ ശ്രദ്ധിച്ച് മുന്നോട്ടുപോകാൻ തന്നെയാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. കോവളം, വർക്കല, അങ്ങേയറ്റത്ത് ബേക്കൽ വരെ, അതായത് കേരളത്തിന്റെ തെക്കുനിന്ന് വടക്കുവരെയുള്ള സ്ഥലങ്ങൾ പരിശോധിച്ചാൽ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളെ, എക്സ്പ്ലോർ ചെയ്യപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യണമെന്നുള്ള കാഴ്ചപ്പാടോടുകൂടി ചില കാര്യങ്ങൾ ടൂറിസം വകുപ്പ് ആലോചിച്ചുവരുന്ന വിവരംകൂടി സഭയെ അറിയിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പാലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാകുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എളമരം കടവ് പാലം, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തതാണ്. ആയിരക്കണക്കിന് ആളുകളാണ് അവിടെ വരുന്നത്. അതിന്റെ തൊട്ടടുത്ത് കൂളിമാട് പാലത്തിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അതിന്റെ തൊട്ടപ്പുറത്ത് ഊർക്കടവ് പാലവുമുണ്ട്. ഈ മൂന്ന് പാലങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ഈ പറഞ്ഞ പാലങ്ങളൊക്കെ പ്രധാനമായും പോകുന്നത് ചാലിയാറിന്റെ മുകളിലൂടെയാണ്. ചാലിയാർ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും നാലാമത്തെ വലിയ നദിയുമാണ്. ദൗർഭാഗ്യവശാൽ ചാലിയാറിനെ അത്രത്തോളം ശ്രദ്ധിക്കാൻ ടൂറിസം വകുപ്പിന് സാധിച്ചിരുന്നില്ലെന്നുള്ളത് വസ്തുതയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ് സംസ്ഥാനത്ത് വീണ്ടും നടക്കാൻ പോവുകയാണ്; അത് പ്രഖ്യാപിച്ചു കഴിഞ്ഞു. ആ ചാമ്പ്യൻസ് ബോട്ട് ലീഗിൽ ചാലിയാർകൂടി ഉൾപ്പെടുത്തിയ വിവരം സഭയെ പ്രത്യേകം അറിയിക്കുന്നു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിലമ്പൂർ, വണ്ടൂർ, ഏറനാട്, കൊണ്ടോട്ടി, കുന്ദമംഗലം, ബേപ്പൂർ ഈ മണ്ഡലങ്ങളിലൂടെ ഒഴുകുന്ന ചാലിയാറിനെ കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച വിവരംകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, ലോക കേരളസഭ പ്രതിപക്ഷം ബഹിഷ്കരിച്ച നിർഭാഗ്യകരമായ സാഹചര്യമുണ്ടായി. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്രവാസി വ്യവസായികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഈ സഭയിലൂടെ എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്നും അവരുടെ മുതൽമുടക്ക് എത്രയുണ്ടാകുമെന്നതിനെ സംബന്ധിച്ച് ഒരു പൊതുധാരണ ഉണ്ടാക്കിയിട്ടുണ്ടോയെന്നും വിശദീകരിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, വളരെ പ്രധാനപ്പെട്ടൊരു

വിഷയമാണത്. ഈ ഗവണ്മെന്റ് അധികാരമേറ്റ ഉടൻ ഓണാഘോഷം വെർച്വലായി നടത്തുന്നതിന്റെ ഭാഗമായിഎല്ലാ പ്രവാസികളുമായും ഓൺലൈൻ യോഗം നടത്തിയിരുന്നു. 2021-ലെ ഓണാഘോഷ പരിപാടികൾ കോവിഡ് കാരണം നടത്താൻ സാധിച്ചില്ല. അന്നത്തെ ഓൺലൈൻ മീറ്റിംഗിൽ പറഞ്ഞ കാര്യം ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഓരോ രാജ്യത്തുമുള്ള മലയാളികളെ കേരളത്തിന്റെ ടൂറിസം ബ്രാന്റ് അംബാസിഡർമാരായി മാറ്റിത്തീർക്കുന്ന നിലയിലേയ്ക്കുള്ള ഇടപെടലാണ് ഇപ്പോൾ ആലോചിക്കുന്നത്. അതിന്റെ ഭാഗമായി ചില ചർച്ചകൾ മറ്റു വകുപ്പുകളുമായി ചേർന്ന് നടന്നുകൊണ്ടിരിക്കുകയാണ്. ഒരു പ്രവാസി അദ്ദേഹം ജനിച്ചു വളർന്ന നാട്ടിൽ, അദ്ദേഹത്തിനൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനെ വികസിപ്പിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ കേരള സർക്കാരിനോടൊപ്പം ആ പദ്ധതിയിൽ പങ്കാളിയാകുന്ന നിലയിലേയ്ക്കുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകാനാണ് തീർച്ചയായും ആലോചിക്കുന്നത്. അത് സംസ്ഥാനത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷന്റെ വികാസത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

## ഭിന്നശേഷിയുള്ള കുട്ടികൾക്കായി റിസോഴ്സ് സെന്ററുകൾ

3 (*243) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ള കുട്ടികൾക്കായി സ്കൂളുകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റിസോഴ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി, ശാരീരികവും മാനസികവുമായ ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിന് ഇതിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) ഉണ്ട്. അക്കാദമിക മോണിറ്ററിംഗിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിലയിരുത്തൽ പ്രക്രിയ റിസോഴ്സ് സെന്ററുകളിൽ നടക്കുന്നു. കൂടാതെ ബി.ആർ.സി.-കളുടെ നേതൃത്വത്തിൽ റിസോഴ്സ് സെന്ററുകൾക്ക്

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കുകയും നിരന്തരം വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു.

(ബി) ഉണ്ട്. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയാണ് റിസോഴ്സ് സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സമഗ്ര ശിക്ഷ കേരളയിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം റിസോഴ്സ് സെന്ററുകളിൽ നൽകിവരുന്നു. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനംവഴി ഭിന്നശേഷി കുട്ടികൾക്ക് അക്കാദമികവും മാനസികവുമായ പിന്തുണ ലഭിച്ചുവരുന്നു.

(സി) ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ആരോഗ്യപരവും സാമൂഹ്യപരവുമായുള്ള മികവിനായി തുടർച്ചയായ പിന്തുണാ സംവിധാനങ്ങൾ ഒരുക്കുകയാണ് റിസോഴ്സ് സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി സമഗ്ര ശിക്ഷ കേരളയിൽ നിയമിക്കപ്പെട്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം റിസോഴ്സ് സെന്ററുകളിൽ നൽകിവരുന്നു. കൂടാതെ രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികളും പഠനബോധന ഉപകരണങ്ങളുടെ സഹായത്തോടെ അക്കാദമിക പിന്തുണയും നൽകിവരുന്നു. അവശ്യം വേണ്ട സെന്ററുകളിൽ തെറാപ്പി സേവനം

ഉൾപ്പെടെ ഭിന്നശേഷിയുടെ സ്വഭാവം അനുസരിച്ച് വിവിധതരം സേവനങ്ങൾ ലഭ്യമാക്കിവരികയാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് 18 വയസ്സുകഴിഞ്ഞ ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക തൊഴിൽ പരിശീലന സംവിധാനങ്ങളൊന്നും  നിലവിലില്ലാത്ത സ്ഥിതിക്ക് ഇവർക്ക് മതിയായ തൊഴിൽ പരിശീലനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. 2016-ലെ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് (Rights of Persons with Disabilities Act) പ്രകാരം  പ്രത്യേക പരിഗണന അർഹിക്കുന്ന 21 വിഭാഗം ആളുകളുണ്ട്. നിലവിൽ 18 വയസ്സിനുമുകളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളിലൂടെ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നുണ്ട്. എന്നാൽ അതിനനുസൃതമായുള്ള പ്ലേസ്മെന്റ് സെല്ലുകൾ ഇത്തരം സ്ഥാപനങ്ങളിൽ പൂർണ്ണമായതോതിൽ പ്രവർത്തിക്കുന്നില്ല.  എയ്ഡഡ് മേഖലയിൽ വിവിധ കാറ്റഗറി തസ്തികയിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് 4 ശതമാനം സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ

കുട്ടികൾക്ക് നിലവിൽ കൊടുത്തുകൊണ്ടിരുന്ന, ഒരു കിലോയ്ക്ക് 5 രൂപ 65 പൈസ നിരക്കിൽ ലഭ്യമാകുന്ന 10 കിലോ റേഷൻ അരിയും 4 രൂപ 15 പൈസ നിരക്കിൽ ലഭ്യമാകുന്ന 5 കിലോ ഗോതമ്പും നിർത്തലാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പ്രസ്തുത വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്ന റേഷൻ വിഹിതത്തെ സംബന്ധിച്ച കാര്യം ഇന്നലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കിയിരുന്നു. കേന്ദ്ര സർക്കാരിന്റെ വെൽഫെയർ സ്കീംപ്രകാരം ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ അനുവദിക്കാത്തതുകാരണം സംസ്ഥാനത്തെ വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങി അംഗീകാരമുള്ള ക്ഷേമസ്ഥാപനങ്ങളിൽ വിതരണം ചെയ്തുകൊണ്ടിരുന്നതും ഇപ്പോൾ മുടങ്ങിപ്പോയതുമായ ഭക്ഷ്യധാന്യ വിതരണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സൂചിപ്പിച്ചിരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്ന പദ്ധതി നടത്തിപ്പിന് കേന്ദ്രഗവണ്മെന്റ് സഹായം നൽകിയില്ലെങ്കിലും സംസ്ഥാന ഗവണ്മെന്റിന്റെ

സഹായത്തോടെ ഭക്ഷ്യധാന്യ വിതരണം നടത്തുമെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ഭിന്നശേഷിക്കാരായ ഓരോ കുട്ടിക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. സ്കൂൾ കെട്ടിടം, ഗതാഗതസൗകര്യങ്ങൾ, കളിസ്ഥലങ്ങൾ, ടോയ്‌ലെറ്റുകൾ തുടങ്ങിയവയെല്ലാം ഭിന്നശേഷി സൗഹൃദമായിരിക്കണമെന്ന് 2016-ലെ ഭിന്നശേഷിക്കാർക്കുള്ള അവകാശ നിയമം (Rights of Person With Disabilities Act, 2016) അനുശാസിക്കുന്നുണ്ട്. അത്തരത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ ഭിന്നശേഷീ സൗഹൃദമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇതിനായി വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ഫണ്ട് വകയിരുത്താറുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 2016-ലെ ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് ((Rights of Person With Disabilities Act, 2016)) പ്രകാരം 21 വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ രണ്ട്

പഠനങ്ങൾ നടത്തിയിട്ടുണ്ട്, അതിൽ ഒന്ന്, " കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി കുട്ടികളുടെ ഉൾചേർച്ചാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള വഴികാണിക്കൽ പഠനം " എന്നതും മറ്റൊന്ന്, " കേരളത്തിലെ സവിശേഷ വിദ്യാലയങ്ങളിലെ ഡിജിറ്റൽ പഠന സാദ്ധ്യത" എന്നതുമാണ്. സംസ്ഥാനത്ത് നിലവിലുള്ള 15435 -ഓളം സ്കൂളുകളിലായി പഠിക്കുന്ന കുട്ടികളിൽ ഏകദേശം 127000-ഓളം കുട്ടികൾ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നുണ്ട്. ഇവരെ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർക്കുവേണ്ടി ഇപ്രാവശ്യം പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാൻ തയ്യാറായിട്ടുണ്ട്. 10 വർഷത്തിനുശേഷം ആദ്യമായാണ് ഇത്തരമൊരു ക്യാമ്പ് നടത്തുന്നത്. ഇവരുടെ ക്ഷേമത്തിനായി ഗവണ്മെന്റ് ധാരാളം ഇടപെടലുകൾ നടത്തുന്നുണ്ട്. പ്രസ്തുത വിഭാഗത്തിന് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 25 ശതമാനം ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷം മുതൽ ഈ വിഭാഗത്തിൽപ്പെട്ട ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുകൂടി 25 ശതമാനം ഗ്രേസ് മാർക്ക് നൽകുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബി.ആർ.സി.-കളുടെ നേതൃത്വത്തിലുള്ള റിസോഴ്സ് സെന്ററുകളിൽ ഭിന്നശേഷിക്കാർക്കായി വിവിധതരത്തിലുള്ള

തെറാപ്പികൾ നൽകുന്നതിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു, അങ്ങനെ നൽകുന്നതിൽ കൂടുതലും ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയാണ്. അതോടൊപ്പം ഇത്തരം സെന്ററുകളിലൂടെ ഒക്കുപ്പേഷൻ തെറാപ്പികൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? ഇത്തരം കുട്ടികൾ പഠനത്തിൽ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സഹായിക്കുക, സ്പോർട്സിൽ താത്പര്യമുള്ളവരെ അതിനോട് താദാത്മ്യപ്പെടുത്തുക എന്നിവയിലൂടെ അവരുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിന് ഒക്കുപേഷൻ തെറാപ്പി സഹായകമാകും. അതിനാൽ എല്ലാ സ്കൂളുകളിലും ഒക്കുപ്പേഷൻ തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, എല്ലാ വിദ്യാലയങ്ങളിലും ഇപ്പോൾത്തന്നെ ഒക്കുപ്പേഷൻ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്, പ്രസ്തുത കാര്യം കുറച്ചുകൂടി വിപുലമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരള) -യുടെ ആഭിമുഖ്യത്തിൽ വിപുലവും ആധുനികവുമായ രീതിയിലുള്ള റിസോഴ്സസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾത്തന്നെ ഇത്തരം കുട്ടികളുടെ വീടുകളിലെത്തി സഹായിക്കുന്ന സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. റിസോഴ്സ് സെന്ററുകളിൽ എത്തിച്ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ എത്തിച്ചുനൽകുകയും വീട്ടിൽത്തന്നെ ചികിത്സ ഉറപ്പുവരുത്തുകയും പഠനസഹായത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ നിലവിലുള്ള 168 ബി.ആർ.സി.-കൾ കേന്ദ്രീകരിച്ചുകൊണ്ട് നല്ലരീതിയിലുള്ള പ്രവർത്തനം നടത്തുന്നുണ്ട്. ശരാശരി 30-50 വിദ്യാർത്ഥികൾ ബി.ആർ.സി.-കളിൽ പഠിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ വർഷത്തെ ബഡ്ജറ്റിൽ മോഡൽ ഇൻക്ലൂസീവ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാങ്ങപ്പാറയിൽ സ്ഥിതിചെയ്യുന്ന സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ് എന്ന സ്ഥാപനത്തിൽ 70 സ്പെഷ്യൽ സ്കൂൾ കുട്ടികളും വൊക്കേഷണൽ ട്രെയിനിംഗിനായി 60 കുട്ടികളും പഠിക്കുന്നുണ്ട്. ഈ സ്കൂളിനായി 7.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ദേശീയ നിലവാരത്തിൽ അറിയപ്പെടുന്ന ഒരു കേന്ദ്രമാക്കി ഉയർത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. കെ.</u>

ബാബു, (തൃപ്പൂണിത്തുറ)): സർ, ഭിന്നശേഷിക്കാരായ കുട്ടികളെ സാധാരണ സ്കൂളുകളിലേയ്ക്ക് തന്ത്രപൂർവ്വം പിടിച്ചുകൊണ്ടുപോയി എണ്ണംതികയ്ക്കുന്ന സ്ഥിതിവിശേഷമുണ്ടെന്നതിനാൽ അങ്ങനെയുള്ള കുട്ടികൾക്ക് കൃത്യമായ പരിശീലനം ലഭിക്കുന്നില്ല. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ ശരിയായ രീതിയിലുള്ള പരിശീലനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഓരോ വിദ്യാർത്ഥിയുടെയും ഭിന്നശേഷിയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാര്യങ്ങൾ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഭിന്നശേഷിയുള്ള കുട്ടികളെ സാധാരണ സ്കൂളിൽച്ചേർത്ത് മറ്റ് കുട്ടികളോടൊപ്പം ഇരുത്തി പഠിപ്പിച്ച് അവരെ ഉയർത്തിക്കൊണ്ടുവരികയെന്നതാണ് ഗവൺമെന്റ് നിലപാട്. അതിനുകഴിയാത്ത കുട്ടികളെയാണ് പ്രത്യേക പരിഗണന കൊടുത്ത് പ്രത്യേക കേന്ദ്രങ്ങളിൽ പഠിപ്പിക്കുന്നത്. ബലംപ്രയോഗിച്ച് നിർബന്ധപൂർവ്വം കുട്ടികളെ സാധാരണ സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം. വിജിൻ: സർ, ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കും ശാരീരിക-മാനസിക ആരോഗ്യം ഉറപ്പുവരുത്തുന്നതിനും

മികവാർന്ന ഇടപെടലുകൾ നടത്തുന്ന സർക്കാരിനെ അഭിനന്ദിക്കുകയാണ്. റിസോഴ്സ് സെന്ററുകളെക്കുറിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു, ഇത്തരം സെന്ററുകളിൽനിന്ന് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന പ്രത്യേക സേവനങ്ങൾ എന്തൊക്കെയാണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ റിസോഴ്സ് സെന്ററുകളിൽ പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി അധിക പിന്തുണാ സംവിധാനം ഒരുക്കുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. സെന്ററുകളിലെത്തുന്ന ഓരോ കുട്ടിക്കും വ്യക്തിഗത പിന്തുണ നൽകിവരുന്നതിനോടൊപ്പം പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അനുയോജ്യമായ ടീച്ചിംഗ്/ലേണിംഗ് മാന്വൽ പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. അക്കാദമിക പിന്തുണയ്ക്കുപുറമേ ആവശ്യക്കാരായ കുട്ടികൾക്ക് തെറാപ്പി സേവനങ്ങൾ, കൗൺസിലിംഗ്, രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികൾ തുടങ്ങിയവ നടത്തിവരുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഇപ്പോൾ പ്ലസ് വൺ-ന് അഡ്മിഷൻ നടക്കുന്ന സമയമാണല്ലോ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇരുപത്തിയൊന്ന് വിഭാഗങ്ങളിലായി ധാരാളം

ഭിന്നശേഷി വിദ്യാർത്ഥികൾ സംസ്ഥാനത്തുണ്ട്. Type-I പ്രമേഹ ബാധിതരായ കുട്ടികൾ ഉൾപ്പെടെയുള്ള ഇത്തരം വിദ്യാർത്ഥികൾക്ക് അവരുടെ വീടിനുസമീപത്തുള്ള സ്കൂളുകളിൽതന്നെ പ്ലസ്‌വൺ അഡ്മിഷൻ ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധചെലുത്തുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പ്ലസ്‌വൺ അഡ്മിഷനുള്ള മാനദണ്ഡത്തിൽ മെറിറ്റ് ക്വാട്ടയും സ്പോർട്സ് ക്വാട്ടയുമാണ് നിലവിലുള്ളത്. മറ്റ് സംവരണത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഇപ്പോൾ ഗവണ്മെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ബി.ആർ.സി.-കളിലെത്തുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നൽകുന്നതിനായി ബി.ആർ.സി. തലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബി. ആർ. സി.-കളുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു, അവിടെ എല്ലാ സംവിധാനങ്ങളും ഉറപ്പാക്കിയിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് നൽകുന്ന

ഗ്രാന്റിനത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്ത് അൺ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതും എൻ.ജി.ഒ.-കൾ നടത്തുന്നതുമായ നാന്നൂറിൽപ്പരം സ്പെഷ്യൽ സ്കൂളുകളുണ്ട്. അവയ്ക്കായി കഴിഞ്ഞ പ്രാവശ്യം 15 കോടി രൂപ നൽകുകയും ഇപ്രാവശ്യം 40 കോടി രൂപയുടെ ഭരണാനുമതി ഈ പദ്ധതിക്ക് ലഭ്യമായിട്ടുമുണ്ട്. പണം നൽകുന്ന കാര്യത്തിൽ അല്പം കാലതാമസം സംഭവിച്ചിട്ടുണ്ട്. പ്രധാന ബി.ആർ.സി.-കൾക്ക് കീഴിൽവരുന്നതും എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിൽ വരുന്നതുമായ ഇത്തരം സ്ഥാപനങ്ങൾക്ക് എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും മറ്റ് ഫണ്ടുകളിൽനിന്നും തുക നൽകുന്നതിന് തയ്യാറാകണം. എം.എൽ.എ.-മാർക്ക് ലഭ്യമാകുന്ന പണം മുഴുവനും പാലത്തിനും റോഡിനും മാത്രമായി ഉപയോഗിക്കുന്ന രീതിമാറ്റി ഇത്തരം കാര്യങ്ങൾകൂടി പരിഗണിക്കുന്ന സമീപനം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിൽ ഗവണ്മെന്റ്

പ്രത്യേകമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഭിന്നശേഷി വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി സ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് പാഠഭാഗങ്ങൾ, ബോധനപ്രക്രിയ, പഠനോപകരണങ്ങൾ, മൂല്യനിർണ്ണയം എന്നീ കാര്യങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമാക്കുന്നതിനായി അദ്ധ്യാപകരെ സഹായിക്കുന്നു. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും വിവിധ കാറ്റഗറികൾക്ക് അനുയോജ്യമായ വിധത്തിൽ വീഡിയോ പാഠങ്ങളാക്കി വിനിമയം ചെയ്തുവരുന്നു. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്ത് വയ്ക്കുകയാണ്.+

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിനോദസഞ്ചാര കേന്ദ്രങ്ങൾ ആകർഷകമാക്കാൻ നടപടി

4(*244) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. എം. മണി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് -വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി.

\+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായിചേർത്തിരിക്കുന്നു.

എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരമാരെയും സ്ത്രീകളെയും വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിച്ച് വിനോദസഞ്ചാര വിപുലീകരണത്തോടൊപ്പം പുതിയ സംസ്കാരം കൂടി രൂപപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുതിർന്ന പൗരന്മാരെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി 06-06-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.180/2022/ടൂറിസം പ്രകാരം വകുപ്പിന്റെ കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഇനത്തിൽ മുതിർന്ന പൗരന്മാർക്ക് 50% ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സ്ത്രീകളെ കൂടുതലായി ടൂറിസം ഡെസ്റ്റിനേഷനുകളിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ എണ്ണം വീണ്ടും കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സാമ്പത്തിക വർഷം ഉത്തരവാദിത്ത ടൂറിസം മിഷന് അനുവദിച്ചിരിക്കുന്ന 660 ലക്ഷം രൂപയിൽ 50% സ്ത്രീകളുടെ നേതൃത്വത്തിലുള്ള പദ്ധതികൾക്കായാണ് വകയിരുത്തിയിരിക്കുന്നത്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിക്ക് മിഷൻ ഈ സാമ്പത്തിക വർഷം തുടക്കമിടുന്നു. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള ബ്രെയിൻസ്റ്റോമിംഗ് സെഷൻ ഉത്തരവാദിത്ത ടൂറിസം മിഷൻ 2022 ഒക്ടോബർ മാസം നടത്താൻ ഉദ്ദേശിക്കുന്നു.

പൊതുവേ സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതമായ ഒരു ലക്ഷ്യസ്ഥാനമാണ് കേരളം. പുതിയ പദ്ധതിയിലൂടെ വനിതാ യൂണിറ്റുകളുടെ ഒരു ശൃംഖല സൃഷ്ടിക്കാനും സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കാനും ആർ.ടി. മിഷൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതത്വവും ശുചിത്വവുമുള്ള സ്ഥലങ്ങൾ ആർ. ടി. മിഷൻ ഉറപ്പാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിലൂടെ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ സ്ത്രീ സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റാനാണ്

ലക്ഷ്യമിടുന്നത്.

സ്ത്രീ സൗഹൃദ ഉത്തരവാദിത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളും സ്ത്രീ ശാക്തീകരണവും - ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം എന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന കാര്യമാണ്. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (PATA) ഗോൾഡ് അവാർഡ് ഉൾപ്പെടെയുള്ള അംഗീകാരങ്ങളും ഈ രംഗത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട് .

സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേയ്ക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും തികച്ചും സ്ത്രീസൗഹൃദമായ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ കഴിഞ്ഞ കുറെനാളുകളായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇവയെല്ലാം ഏകോപിപ്പിച്ച്,

ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഉത്തരവാദിത്ത ടൂറിസം മിഷൻ ചെയ്തുവരുന്നു. ഇതിനായി ആലോചനാ യോഗങ്ങൾ/നെറ്റ്‌വർക്കിംഗ് വർക്ക്ഷോപ്പുകൾ എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷൻ ഉടനടി നടത്തുന്നതാണ്.

വിദ്യാർത്ഥികൾക്കിടയിൽ ടൂറിസം അവബോധം സൃഷ്ടിക്കാനും സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ വിദ്യാർഥികളെക്കൂടി ഭാഗഭാക്കാകാനും കേരളത്തിലെ പ്രധാനപ്പെട്ട കലാലയങ്ങളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. ആദ്യഘട്ടമായി സംസ്ഥാനത്തെ 25 കോളേജുകളിലാണ് ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പും ടൂറിസം വകുപ്പും സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ടൂറിസം രംഗത്ത് പ്രൊഫഷണൽസിനെ വാർത്തെടുക്കുക, വിദ്യാർത്ഥികൾക്കിടയിൽ സാർവ്വദേശീയ കാഴ്ചപ്പാടും യാത്രചെയ്യാനുള്ള താല്പര്യവും വളർത്തിയെടുക്കുക, പരിസ്ഥിതിയെയും പ്രകൃതിയെയും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യ വികസനത്തിൽ ശ്രദ്ധിക്കുക, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക,

ഇവയൊക്കെ ടൂറിസം ക്ലബ്ബുകളുടെ ചുമതലയിൽ വരുന്നതാണ്. ഇതോടൊപ്പം തന്നെ സഞ്ചാരികളുടെ മാറിവരുന്ന താല്പര്യങ്ങളും അറിവുകളും മനസ്സിലാക്കാനും ടൂറിസം ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലൂടെ കഴിയും എന്നാണ് കരുതുന്നത്.

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ ആകർഷകവും മാലിന്യരഹിതവുമാക്കുന്നതിനും സഞ്ചാര സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതിവഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇതിനുപുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material Collection Facility)-ൽ എത്തിച്ചുനൽകുന്ന ഒരു പദ്ധതിയും

വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനം M/s Exclean Pvt. Ltd. എന്ന സ്ഥാപനം വഴി ഇടുക്കി ഡി.ടി.പി.സി. നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രമായ കോവളത്തെ മാലിന്യ നിർമ്മാർജനം വിഴിഞ്ഞം ഗ്രാമപഞ്ചായത്തുമായി ചേർന്ന് ഇക്കോ പ്രിസർവ് എന്ന സ്ഥാപനം വഴി നടത്തിവരുന്നുണ്ട്.

ടൂറിസം മേഖല മാലിന്യവിമുക്തമാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫിക്കേഷനിലേയ്ക്ക് കൊണ്ടുവരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പടിപടിയായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അക്കോമഡേഷൻ യൂണിറ്റുകളിലെ 19 മുതൽ 21 വരെ ഇനം സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കിക്കൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ കാമ്പയിൻ നടത്തി പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചു. യു.എൻ.ഡി.പി., ഹരിത കേരള മിഷൻ എന്നിവരുമായി ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം

കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ തയ്യാറാക്കിയിട്ടുണ്ട്. ഉടൻതന്നെ അത് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഓരോതരം ടൂറിസം കേന്ദ്രങ്ങൾക്കുമായുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കുന്നുണ്ട്.

## റോഡ് അപകടങ്ങൾ കുറയ്ക്കാൻ നടപടി

**5(*245)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുനിർമ്മാണത്തിലെ അപാകതകൾ റോഡപകടങ്ങൾക്ക് പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അമിത വേഗതയും റോഡ് ഉപയോക്താക്കളുടെ അശ്രദ്ധയും ഗതാഗത നിയമലംഘനങ്ങളുമാണ് റോഡപകടങ്ങൾക്കുള്ള പ്രധാന കാരണമായി കണക്കാക്കപ്പെടുന്നത്.

(ബി) സ്ഥിരമായി അപകടമുണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥലങ്ങളിൽ അപകട

മുന്നറിയിപ്പുകൾ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റോഡുകളിലെ വലിയ വളവുകൾ നേരെയാക്കുന്നതിനും റോഡുകളുടെ വീതി കൂട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാക്കുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ "അപകട സാദ്ധ്യതാ മേഖല" സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗപരിധി, "No overtaking" സൈൻ ബോർഡുകൾ, ഷെവറോൺ എന്നീ സൈനുകൾ സ്ഥാപിക്കാറുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ റോഡിന് കുറുകെ സ്ഥാപിക്കാറുണ്ട്. അപകട സാധ്യതാ മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥലലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കാറുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ റോഡ് മാർക്കിംഗുകളും സ്റ്റഡ്ഡുകളും സ്ഥാപിക്കാറുണ്ട്. ഓവർടേക്കിംഗ് അനുവദനീയമല്ല എന്നറിയിക്കുന്ന

മുന്നറിയിപ്പ് സൈൻ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിംങ്കർ ലൈറ്റുകളും സ്ഥാപിക്കാറുണ്ട്. അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകളും സ്ഥാപിക്കാറുണ്ട്.

## പാഠ്യപദ്ധതി പരിഷ്കരണം

**6(*246)** ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം നടത്തി പതിനഞ്ച് വർഷം കഴിഞ്ഞ സാഹചര്യത്തിൽ പരിഷ്കരണം സത്വരമായി പൂർത്തിയാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത് 2007-ലാണ്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2007)-ന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത പരിഷ്കരണം നടത്തിയത്. 2013-ൽ രൂപീകരിച്ച നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തിയിരുന്നുവെങ്കിലും സമഗ്രമായ

പാഠ്യപദ്ധതി പരിഷ്കരണം നടന്നിട്ട് 15 വർഷം പിന്നിടുകയാണ്. ആയതിനാൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിക്കുകയും പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ സ്വീകരിച്ചുകൊണ്ട് ലോക വൈജ്ഞാനിക വികാസത്തിനൊപ്പം പൊതുവിദ്യാഭ്യാസ മേഖലയെ ഉയർത്തുന്നതരത്തിൽ പാഠ്യപദ്ധതി നവീകരണം സാധ്യമാക്കാൻ വേണ്ട ജാഗ്രത പുലർത്തുന്നുണ്ടോ?

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചിട്ട് 15 വർഷം പിന്നിടുകയാണ്. ഇക്കാലയളവിൽ ശാസ്ത്ര, സാങ്കേതിക, വൈജ്ഞാനിക രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി നവീകരിക്കുന്നത്.

(സി) പാഠ്യപദ്ധതി സംവേദന ശേഷി കൂടിയുള്ളതാക്കിത്തീർക്കുന്നതിന് വിദഗ്ധരോടൊപ്പം രക്ഷിതാക്കളുടെയും ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും പങ്കാളിത്തം വിഭാവനം ചെയ്തിട്ടുണ്ടോ?

പാഠ്യപദ്ധതി രൂപീകരണ പ്രക്രിയയിൽ അക്കാദമിക

വിദഗ്ധരോടൊപ്പം രക്ഷിതാക്കളുടെയും ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. ഇത് പാഠ്യപദ്ധതി കൂടുതൽ സംവേദനക്ഷമമാക്കുന്നതിന് സഹായകരമാകും.

## മരാമത്ത് പണികളുടെ ഗുണനിലവാരം

**7(*247)** ശ്രീ. നജീബ് കാന്തപുരം:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മരാമത്ത് പണികൾ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മരാമത്ത് പണികളുടെ ഗുണനിലവാര പരിശോധന കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി)സംസ്ഥാനത്ത് വിവിധ മരാമത്ത് പണികൾക്ക് നിശ്ചിത നിലവാരം പുലർത്തുന്നില്ലെന്ന പൊതുവായ പരാതികൾ ലഭിച്ചിട്ടില്ല. പ്രവൃത്തികളിലെ പരാതികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് ഗുണനിലവാര പരിശോധനാ വിഭാഗം മുഖേന വിവിധ

പരിശോധനകൾ നടത്താറുണ്ട്. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ്

സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലാബും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിശ്ചിത ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കാറുള്ളത്. PWD Manual, SBD എന്നിവ പ്രകാരം പ്രവൃത്തിയിൽനിന്നും ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കൽ, ലൈസൻസ് റദ്ദുചെയ്യൽ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിക്കാറുണ്ട്.

**ഐ.റ്റി.ഐ.-കളുടെ നവീകരണം**

**8(*248)** ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും വ്യവസായ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യശേഷി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ ഐ.റ്റി.ഐ.-കൾ നവീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ആഗോളതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും വ്യവസായ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യശേഷി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ നവീകരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) സംസ്ഥാനത്ത് ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ചും കിഫ്ബി ഫണ്ടുപയോഗിച്ചും ഐ.റ്റി.ഐ.-കൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗതി അറിയിക്കാമോ?

കിഫ്ബി ധനസഹായത്തോടെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുള്ളത് സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ ആണ്. പദ്ധതിയുടെ നിലവിലെ പുരോഗതി അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(സി) ഐ.റ്റി.ഐ.-കളിൽനിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കാൻ രൂപീകരിച്ച പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന ട്രെയിനികൾക്ക് പരിശീലനത്തിനുശേഷം അനുയോജ്യമായ തൊഴിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി ഡയറക്ടറേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റർനാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എല്ലാ ഐ.ടി.ഐ.-കളുടെയും വെബ്സൈറ്റിൽ അതാതുമാസം കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് അപ്ഡേറ്റ് ചെയ്യാനും സ്പെക്ട്രം പോർട്ടൽ വഴി തുടർന്നും പ്ലേസ്മെന്റ് നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ**

**9(*249)** ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന പദ്ധതിയിലൂടെ പട്ടയ വിതരണത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കഴിഞ്ഞിട്ടുണ്ട്. ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41021 പട്ടയങ്ങളും ഉൾപ്പെടെ ആകെ 54535 പട്ടയങ്ങൾ ഈ സർക്കാരിന്റെ ഒരു

വർഷക്കാലത്ത് നൽകിയിട്ടുള്ളതാണ്. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വിപുലമായ സംവിധാനങ്ങളാണ് വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ പ്രദേശത്തെയും ഭൂമിയുടെ ലഭ്യത പട്ടയ വിതരണത്തിനുള്ള തടസ്സം, ഭൂരഹിതരുടെ വിവരം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഒരു ഡാഷ് ബോർഡ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഈ റെക്കോർഡ് നേട്ടം കൈവരിക്കാനായത്.

(ബി) വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ താമസിക്കുന്ന ഭൂരഹിതരായവർക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് 1960-ലെ കേരള ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരമാണ് ഭൂമി പതിച്ചുനൽകുന്നത്. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈവശം ഇരിക്കുന്നവർക്ക് ആ വകുപ്പിന് ആക്ഷേപമില്ലാത്തപക്ഷം ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിയ ശേഷം പതിച്ച് നൽകിവരുന്നു. ഇതിനുവേണ്ടി മറ്റുവകുപ്പുകളുടെ കൈവശത്തിലുള്ളതും ഉപയോഗത്തിൽ ഇല്ലാത്തതുമായ ഭൂമികളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി

കൂടിയാലോചിച്ച് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ പദ്ധതികളിലൂടെ ഭൂരഹിതർക്ക് പട്ടയം ലഭിച്ചതിനുശേഷം ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂരഹിതർക്ക് 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ ചട്ടം 8 (1 A) പ്രകാരം പതിച്ചുനൽകിയ കൈവശത്തിലില്ലാത്ത ഭൂമി പരമ്പരാഗതമായി കൈമാറാവുന്നതും എന്നാൽ പതിച്ചുനൽകിയ തീയതി മുതൽ 12 വർഷക്കാലത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം പതിച്ചുനൽകുന്ന ഭൂമി 01-08-1971-നുമുമ്പുള്ള കൈവശമാണെങ്കിൽ (Occupied Land) കൈമാറ്റത്തിന് നിബന്ധനകളില്ലാത്തതുമാണ്. 1995-ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്ന ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം പതിച്ചുനൽകിയ ഭൂമി പരമ്പരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ)

പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുനൽകാവുന്നതാണെന്ന് ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഈ ചട്ടങ്ങൾക്ക് കീഴിൽ പതിച്ചുകിട്ടിയ ഭൂമി ചട്ടം 3-ൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ് ഏതൊരു ആവശ്യത്തിനും വിനിയോഗിക്കുകയില്ലെന്ന നിബന്ധനകൾക്ക് വിധേയമായി അത് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താവുന്നതുമാണെന്ന് ചട്ടം 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ഡി) സി.ആർ.ഇസഡ്. പരിധിയിൽ കൈവശരേഖയില്ലാത്ത ഭൂമിയിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് പ്രത്യേക പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രത്യേകം പദ്ധതിയൊന്നുമില്ല.

## പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം

10(***250**) ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിലവിൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ (വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് ഫാക്കൽറ്റികൾ, എസ്.എസ്.കെ. പ്രതിനിധികൾ) നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ അക്കാദമിക മോണിറ്ററിംഗും പിന്തുണയും നൽകിവരുന്നുണ്ട്. കൂടാതെ ഡയറ്റുകളുടെയും ബി.ആർ.സി.-കളുടെയും നേതൃത്വത്തിൽ അക്കാദമിക മോണിറ്ററിംഗ് ആവശ്യാനുസരണം നടന്നുവരുന്നുണ്ട്. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ RDD/AD എന്നിവരാണ് ഈ ചുമതല നിർവ്വഹിക്കുന്നത്.

(ബി) ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ: ഉണ്ടെങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം

നൽകുമോ?

(ബി&സി) നിലവിൽ വിദ്യാലയങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടില്ല.

**റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ഏകോപനം**

11(***251**) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകൾ ടാറിട്ടതിന് പിന്നാലെ മറ്റ് മരാമത്ത് പണികൾ നടത്തുന്നതിനായി വെട്ടിപ്പൊളിക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

റോഡുകൾ ടാറിട്ടതിന് പിന്നാലെ മറ്റ് മരാമത്ത് പണികൾക്കായി വെട്ടിപ്പൊളിക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കാനാണ് പൊതുമരാമത്ത് വകുപ്പിന്റെ ശ്രമം. ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി ജോലികളിൽ ഏകോപനം സാധ്യമാക്കാൻ മന്ത്രിതല യോഗം ചേർന്നു. ഈ

യോഗതീരുമാന പ്രകാരം ജലവിഭവ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനർ ആയും പൊതുമരാമത്ത് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് 24-02-2022-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി നിർമ്മിച്ച റോഡുകളിൽ ഒരു വർഷക്കാലാവധിക്കുള്ളിൽ അടിയന്തര ഘട്ടങ്ങളിലൊഴികെ റോഡ് കുഴിക്കുന്നതിന് അനുമതി നൽകാറില്ല. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി

നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ബന്ധപ്പെട്ട കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) റോഡുകൾ ടാറിംഗ് നടത്തുമ്പോൾ മറ്റ് വകുപ്പുകളുമായി കൂടിയാലോചന നടത്തുന്നതിനും ഏകോപനം നടത്തുന്നതിനുമുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിവിധ വകുപ്പുകളിലെ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി RoW Portal, PMG Portal, DICC, constituency Monitoring team എന്നിവയും നിലവിലുണ്ട്. റോഡ് കുഴിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷകൾ എല്ലാം RoW Portal മുഖേനയാണ് സ്വീകരിച്ചുവരുന്നത്. ഈ പോർട്ടലിൽ വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്ന അവസരങ്ങളിൽ സ്ഥല ലഭ്യത അനുസരിച്ച്

പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കേബിളുകളും പൈപ്പുകളും അതിലൂടെ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഡിഫക്ട് ലയബിലിറ്റി പിരീയഡിൽ അല്ലാത്ത റോഡുകളിൽ കേടുപാടുകൾ വന്നാൽ കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ നടത്താൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

DLP-ൽ അല്ലാത്ത റോഡുകളിൽ കേടുപാടുകൾ വന്നാൽ കാലതാമസം കൂടാതെ അറ്റകുറ്റപ്പണികൾ നടത്താൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടെയും രണ്ടാംഘട്ടമായി 184.986 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രണ്ടാംഘട്ട പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 12332 കീ.മി റോഡുകൾ പരിപാലിക്കാനാണ് ശ്രമം. ഇതുകൂടാതെ 9210 കി.മീ ദൈർഘ്യത്തിലുള്ള 216 പ്രവൃത്തികൾ Pre-

monsoon പ്രവൃത്തികളായി നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്ത് കുഴികളില്ലാത്ത റോഡുകൾ എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

സംസ്ഥാനത്ത് കുഴികളില്ലാത്ത റോഡുകൾ എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 12332 കി.മീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനം സംസ്ഥാനത്ത് കുഴികളില്ലാത്ത റോഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ റോഡുകളുടെ പരിപാലനം സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്. റോഡ് പരിപാലനത്തിനായി 7 വർഷ കാലാവധിയിൽ ഒ. പി. ബി. ആർ. സി. പദ്ധതിയും നടപ്പാക്കുന്നു. 2026-നുള്ളിൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രധാന പാതകളും ബി.എം.& ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്ത് വിഭാഗത്തിനുകീഴിൽ 1900 കി.മി. റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് പുനരുദ്ധരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ 29153 കിലോമീറ്റർ റോഡുകളുണ്ട് എന്നതാണ് കണക്ക്. അവയിൽ ഭൂരിഭാഗവും 2026-ഓടുകൂടി

ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾ എല്ലാം ബി.എം.&ബി.സി. നിലവാരത്തിൽ ഉള്ളവയാണ്. കാലവർഷം കണക്കിലെടുത്ത് റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level Task Force-ന്റെയും District level Task Force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ ആരംഭിച്ചു. ഇതിന്റെ ഏകോപനത്തിനായി KSTP PI Cell-ൽ പ്രത്യേക കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കും. ജില്ലാ ടാസ്ക് ഫോഴ്സിനും ഇതുസംബന്ധിച്ച വിവരം കൈമാറും. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി പരാതി പരിഹാരത്തിനുള്ള പ്രവർത്തനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. മഴ കുറഞ്ഞെങ്കിൽ പരമാവധി 48 മണിക്കൂറിനുള്ളിൽ താത്കാലിക പരിഹാരമെങ്കിലും സാദ്ധ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സ്വീകരിച്ച പരാതി പരിഹാര

നടപടി പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും ചെയ്യും. പ്രവൃത്തി സമയബന്ധിതമായി നടക്കുന്നുവെന്ന് ജില്ലാതല ടാസ്ക്ഫോഴ്സ് ഉറപ്പുവരുത്തും. ജില്ലകളിലെ പരാതിപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ State Task Force-ഉം വിലയിരുത്തും.

## പ്ലസ് വൺ പ്രവേശനം

12(***252**) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി നാഷണൽ ഇൻഫർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുള്ള മികച്ച ഇ-ഗവേണൻസ് സോഫ്റ്റ്വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ഈ വർഷവും

ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി പ്ലസ് വൺ പ്രവേശന പ്രക്രിയ പൂർത്തിയാക്കുന്നത്.

(ബി) കഴിഞ്ഞ വർഷം അർഹരായ നിരവധി കുട്ടികളുടെ തുടർപഠനം പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പര്യാപ്തമായ സീറ്റുകൾ അനുവദിച്ച് തുടർ പഠനത്തിന് സൗകര്യം ഒരുക്കിയിട്ടുള്ളതിനാൽ പ്രതിസന്ധികളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഇഷ്ട വിഷയം പഠിക്കാനും പഠിച്ച വിദ്യാലയത്തിൽ തുടർപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെ പ്രവേശനം ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇഷ്ട വിഷയം ലഭിക്കുന്നതിന് റാങ്ക് നിർണ്ണയത്തിൽ അവരുടെ ഓപ്ഷനുകൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. അവർ പഠിച്ച വിദ്യാലയത്തിൽ പ്രവേശനം ലഭിക്കുന്നതിന് സഹായകമാകുന്നതിനായി 2 ബോണസ് പോയിന്റ് നൽകിയിരുന്നു. പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം

ഈ വർഷം 2 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്.

## ലോക കേരള സഭയും ടൂറിസം വികസനവും

13(*253) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസന പദ്ധതികളിൽ പ്രവാസി വ്യവസായികളുടെ പങ്കാളിത്തവും മുതൽമുടക്കും ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ വിനോദ സഞ്ചാരസാദ്ധ്യത പരിഗണിച്ച് വലിയ തോതിലുള്ള നിക്ഷേപമാണ് ഈ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്നത്. പ്രധാനമായും റിസോർട്ടുകൾ, ഫാം ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നീ മേഖലകളിലാണ് കൂടുതൽ നിക്ഷേപവും വരുന്നത്. അതോടൊപ്പംതന്നെ ടൂറിസം വകുപ്പ് പുതുതായി അവതരിപ്പിച്ച കാരവൻ ടൂറിസം പദ്ധതിയിൽ മുതൽമുടക്കാൻ നിരവധി വ്യവസായികൾ

മുന്നോട്ടുവന്നിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷം പേരും പ്രവാസികളാണ്. ടൂറിസം വകുപ്പ് എല്ലാ വർഷവും അറേബ്യൻ ട്രാവൽ മാർട്ട് എന്ന ടൂറിസം ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞവർഷം ദുബായിൽ നടന്ന ദുബായ് എക്സ്പോയിലും ടൂറിസം വകുപ്പ് പങ്കെടുത്തു. ഈ വർഷം അബുദാബി, മനാമ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് ടൂറിസം മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം ഫെയറുകളിൽ ആ നാട്ടുകളിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് വിദഗ്ധരുമായും സാങ്കേതിക വിദഗ്ധരുമായും നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് ആശയ വിനിമയം നടത്തുകയും അവർക്ക് ഇവിടെ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്.

(ബി) അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസി വ്യവസായികളുമായി സംസ്ഥാനത്തെ ടൂറിസം സാദ്ധ്യതകൾ സംബന്ധിച്ച ആശയവിനിമയം നടത്തുന്നതിന് ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിച്ചുചേർത്ത് അവരുടെ വിവിധങ്ങളായ കഴിവുകൾ കേരളത്തിന്റെ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുക എന്നതാണ് ലോക കേരള സഭയുടെ ഉദ്ദേശ്യം.

മേഖലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നടക്കുന്ന ചർച്ചകളിൽ വിവിധങ്ങളായ ആശയങ്ങൾ ലോക കേരള സഭയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇത്തരത്തിൽ ചർച്ച ചെയ്യപ്പെട്ട് ക്രോഡീകരിച്ചുകിട്ടുന്ന റിപ്പോർട്ടുകളിന്മേൽ ടൂറിസവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഗൾഫ് മേഖലകളിലെ വിനോദസഞ്ചാര പദ്ധതികളിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുമായും മാനേജ്മെന്റ് വിദഗ്ദ്ധരുമായും ആശയ വിനിമയം നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിലെ വിനോദ സഞ്ചാരസാധ്യത പരിഗണിച്ച് വലിയ തോതിലുള്ള നിക്ഷേപമാണ് ഈ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്നത്. പ്രധാനമായും റിസോർട്ടുകൾ, ഫാം ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നീ മേഖലകളിലാണ് കൂടുതൽ നിക്ഷേപവും വരുന്നത്. അതോടൊപ്പംതന്നെ ടൂറിസം വകുപ്പ് പുതുതായി അവതരിപ്പിച്ച കാരവൻ ടൂറിസം പദ്ധതിയിൽ മുതൽമുടക്കാൻ നിരവധി വ്യവസായികൾ മുന്നോട്ടുവന്നിട്ടുണ്ട്. ഇതിൽ പ്രവാസികളുമുണ്ട്. ടൂറിസം വകുപ്പിൽ എല്ലാ വർഷവും അറേബ്യൻ ട്രാവൽ മാർട്ട് എന്ന ടൂറിസം ട്രേഡ് ഫെയറിൽ

പങ്കെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ദുബായിൽ നടന്ന ദുബായ് എക്സ്പോയിലും ടൂറിസം വകുപ്പ് പങ്കെടുത്തു. ഈ വർഷം അബുദാബി, മനാമ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് ടൂറിസം മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം ഫെയറുകളിൽ ആ നാടുകളിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് വിദഗ്ധരുമായും സാങ്കേതിക വിദഗ്ധരുമായും നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിലെ നിക്ഷേപ സാദ്ധ്യത സംബന്ധിച്ച് ആശയവിനിമയം നടത്തുകയും അവർക്ക് ഇവിടെ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന ടൂറിസം പ്രോജക്ടുകളുടെ മാതൃകകൾ ലോക കേരള സഭയോടനുബന്ധിച്ച് ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഒന്നാം ലോക കേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ NRI ഇൻവെസ്റ്റ്മെന്റ് കമ്പനിയായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) രൂപീകരിച്ചിട്ടുണ്ട്.

**അതിഥി തൊഴിലാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

**14(*254)** ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനും അവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി അതിഥി എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് ജോലിക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച വിവര ശേഖരണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ് കേരള അതിഥി പോർട്ടൽ. കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്ന അതിഥി തൊഴിലാളികൾക്ക് അവരുടെ യാത്ര സ്വന്തം സംസ്ഥാനത്തുനിന്ന് ആരംഭിക്കുന്നതിന് മുമ്പുതന്നെ ടി പോർട്ടലിൽ ഇവരുടെ വിവരം രജിസ്റ്റർ ചെയ്യുന്നതിനും കേരളത്തിൽ എത്തുന്ന മുറയ്ക്ക് അതിഥി തൊഴിലാളികൾക്കായി സജ്ജീകരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന ബയോമെട്രിക് വിവരങ്ങൾ നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും സർക്കാർ അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന

ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കഴിയുന്നു. കോവിഡ് പോലുള്ള പകർച്ചവ്യാധികളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടാകുന്ന ഘട്ടത്തിൽ തൊഴിലാളികൾക്ക് വിവരങ്ങളും നിർദ്ദേശങ്ങളും ലൈവായി നൽകിക്കൊണ്ട് അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. അതിഥി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും പോർട്ടലിലൂടെ തൊഴിലാളികളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനും അവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി രൂപകല്പന ചെയ്ത അതിഥി പോർട്ടൽ 02-07-2022-ൽ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു.

(ബി) അതിഥി തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന സൗജന്യ ചികിത്സ ഒരുക്കുന്നതിന്റെ ഭാഗമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി അതിഥി തൊഴിലാളികൾക്കുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച്

നടപ്പാക്കിവരുന്ന മറ്റ് ക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ആവാസ് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/-രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാകുന്നതാണ്. ചികിത്സാ പരിധിയിൽ പ്രസവസംബന്ധമായ ചികിത്സ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് കൂടി ഉറപ്പുവരുത്തുന്നുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/-രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും വൃത്തിയും സുരക്ഷിതത്വമുള്ളതുമായ താമസ സൗകര്യം

ഉറപ്പാക്കുന്നതിന് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (AALAY) എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ളതാണ് അതിഥി പോർട്ടൽ.

ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ കുടിയേറ്റ ക്ഷേമപദ്ധതിയിൽ അംഗമായിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് വിവിധ തരത്തിലുള്ള ധനസഹായം നൽകിവരുന്നു.

**തൊഴിൽ മേഖലയിൽ ആരോഗ്യ പരിരക്ഷ**

**15(*255)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വ്യവസായ മേഖലകളിൽ തൊഴിലെടുക്കുന്നവർക്കുണ്ടാകുന്ന തൊഴിൽജന്യരോഗങ്ങൾ സംബന്ധിച്ച് വിശദമായ പഠനവും വിശകലനവും നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തൊഴിൽജന്യരോഗങ്ങളിൽ പലതും സാധാരണയായി 5 മുതൽ 10 വർഷക്കാലങ്ങൾക്ക് ശേഷമാണ് രോഗലക്ഷണങ്ങൾ കാണിക്കുന്നതും കണ്ടുപിടിക്കപ്പെടുന്നതും. തൊഴിൽജന്യരോഗങ്ങൾ വന്നുകഴിഞ്ഞാൽ പലതും ചികിത്സിച്ച് ഭേദമാക്കുന്നത് പ്രയാസകരമാണ്. എന്നാൽ തൊഴിൽജന്യരോഗങ്ങൾ പലതും തടയാൻ കഴിയുന്നവയാണ്. ആയതിനാൽ തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേകൾ നടത്തി അത്തരം രോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകുന്നത് അവരുടെ ആരോഗ്യം സംരക്ഷിക്കാനും നിലനിർത്താനും സഹായകരമാകുന്നു.

(ബി) തൊഴിൽജന്യരോഗങ്ങളെ ആരംഭത്തിൽത്തന്നെ കണ്ടെത്തി ഫലപ്രദമായ ചികിത്സയിലൂടെ ആരോഗ്യപൂർണ്ണമായ തൊഴിലാളി സമൂഹം സൃഷ്ടിക്കുന്നതിനുവേണ്ടി വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ

വിശദാംശം ലഭ്യമാക്കുമോ?

2015 മുതൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ തൊഴിൽ ആരോഗ്യ ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യസംസ്കരണം, പായ്ക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽജന്യരോഗ നിർണ്ണയ സർവ്വേകളും സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകളും സൗജന്യമായി നടത്തിവരുന്നുണ്ട്. ക്രഷർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് സിലിക്കോസിസ് എന്ന തൊഴിൽജന്യരോഗ നിർണ്ണയം നടത്താനും കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പാപ്സ്മിയർ പരിശോധന നടത്തിയതുവഴി ഒരു സ്ത്രീക്ക് ക്യാൻസറിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ രോഗനിർണ്ണയം നടത്താനും ആർ.സി.സി. ഉൾപ്പെടെയുള്ള ആശുപത്രികൾ മുഖാന്തരം ചികിത്സ നൽകാൻ ഫാക്ടറി മാനേജ്മെന്റിനോട് നിർദ്ദേശിക്കാനും സാധിച്ചിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ കോവിഡ് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രതിവിധികളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്കായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 2021-22 സാമ്പത്തിക വർഷം 191 മെഡിക്കൽ

ക്യാമ്പുകൾ നടത്തുകയും ബോധവൽക്കരണ ക്ലാസ്സുകളും മലേറിയ രോഗ നിർണ്ണയ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പാക്കിംഗ്, തോട്ടം തുടങ്ങിയ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നിരന്തരമായ പരിശോധനകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കശുവണ്ടി, കയർ, മത്സ്യസംസ്കരണം, പാക്കിംഗ്, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ സ്ത്രീ തൊഴിലാളികൾക്ക് സ്പൈറോമെട്രി, ബ്ലഡ് ഷുഗർ, പാപ്സ്മിയർ എന്നീ പരിശോധനകളും ആവശ്യമായവർക്ക് മരുന്നും സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്കും മാനേജ്മെന്റിനും ആരോഗ്യ സംരക്ഷണത്തെപ്പറ്റിയും ഫസ്റ്റ് എയ്ഡിനെപ്പറ്റിയും മെഡിക്കൽ സർവ്വേ ക്യാമ്പുകളിലും സുരക്ഷാരഥം വഴിയും നിരന്തരമായി ക്ലാസ്സുകളും ശിൽപശാലകളും നടത്തിവരുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം തൊഴിലാളികളി നിന്നും പരാതി ലഭിക്കുന്ന മുറയ്ക്കും കൂടാതെ

സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റത്തിൽ ഷെഡ്യൂൾ ചെയ്യും സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താത്ത തൊഴിലുടമകൾക്ക് നിയമലംഘനം സംബന്ധിച്ച് നോട്ടീസ് നൽകി ആയത് പരിഹരിക്കാറുണ്ട്. തോട്ടം മേഖലയിൽ ആരോഗ്യകരമായ ചുറ്റുപാടുകളിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തുകയും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ശുചിത്വം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ഫോഗിംഗ്, ബ്ലീച്ചിംഗ്, ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ചെയ്യാറുണ്ട്.

(ഡി) രാസവസ്തു സംസ്കരണ ശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് മതിയായ സുരക്ഷിതത്വവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്വീകരിച്ചുവരുന്നുണ്ട്. രാസവസ്തു സംസ്കരണശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതത്വവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നതിനായി 1948-ലെ ഫാക്ടറി നിയമത്തിലെ ഹസാർഡസ്

ഫാക്ടറികൾക്ക് ബാധകമാകുന്ന നിയമങ്ങൾ പ്രകാരം മെക്കാനിക്കൽ, കെമിക്കൽ എഞ്ചിനീയർമാരും മെഡിക്കൽ ആഫീസറും ഉൾപ്പെടുന്ന ഒരു ടീം മേഖലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രയോരിറ്റി ഇൻസ്പെക്ഷൻ നടത്തുകയും കൊല്ലത്തെ ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ തൊഴിൽ സ്ഥലങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം ഉൾപ്പെടെയുള്ള എയർ മോണിറ്ററിംഗ് സ്റ്റഡി നടത്തുകയും ഫാക്ടറികളിൽ ആവശ്യമായ മുൻകരുതലുകളും സുരക്ഷാ സംവിധാനങ്ങളും സ്വീകരിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആയവ നടപ്പിലാക്കിയെന്നത് ഇൻസ്പെക്ഷനിലൂടെ ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

## പുതിയ പ്ലസ് വൺ ബാച്ചുകൾ

**16(*256)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. മാത്യു കുഴൽനാടൻ :
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ നാല് ലക്ഷത്തി ഇരുപത്തി ആറായിരത്തി നാനൂറ്റി അറുപത്തൊൻപത് വിദ്യാർത്ഥികളിൽ നാല് ലക്ഷത്തി ഇരുപത്തി മൂവായിരത്തി മുന്നൂറ്റി മൂന്ന്

പേർ ഉപരിപഠനത്തിന് അർഹത നേടിയ സാഹചര്യത്തിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷാഫലംകൂടി വരുമ്പോൾ പ്ലസ് വൺ പ്രവേശനത്തിന് കഴിഞ്ഞ വർഷത്തെ അപേക്ഷകരെക്കാൾ കൂടുതൽ അപേക്ഷകൾ ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തിൽനിന്നും വിഭിന്നമായി വിദ്യാഭ്യാസം പൂർണ്ണമായും ഓഫ്‌ലൈൻ മോഡിൽ ആയ സാഹചര്യത്തിൽ സീറ്റ് വർദ്ധനവ് കൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാമെന്ന് കരുതുന്നുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം ഈ വർഷം 2 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാകുന്നതാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തെയും മുൻകാലങ്ങളിലെയും പ്രവേശന വിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർസെക്കന്ററി മേഖലയിൽ നിലവിലുണ്ട്.

(സി) ഈ സാഹചര്യത്തിൽ പുതിയ പ്ലസ് വൺ ബാച്ചുകൾ

അനുവദിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**അക്കാദമിക മികവിനായി മാസ്റ്റർ പ്ലാൻ**

**17(*257)** ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിനുപുറമെ അക്കാദമിക മികവിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) തുല്യതയും ഗുണമേന്മയും ഉറപ്പാക്കി ഓരോ കുട്ടിയുടെയും കഴിവിനെ പരമാവധി പോഷിപ്പിക്കുകയെന്ന പൊതുലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണോ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്?

പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യത, ഗുണമേന്മ, അവസരസമത്വം, സാമൂഹികനീതി ഇവ ഉറപ്പാക്കികൊണ്ട്

അതത് തലങ്ങളിൽ പാഠ്യ പദ്ധതി വിഭാവനം ചെയ്ത് പഠന ലക്ഷ്യങ്ങൾ ആധുനിക സാങ്കേതികവിദ്യയടക്കം പ്രയോജനപ്പെടുത്തി ഓരോ കുട്ടിയുടെയും കഴിവിനെ പരമാവധി പോഷിപ്പിക്കുകയെന്ന പൊതുലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

(സി) ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അദ്ധ്യാപകശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ?

ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അദ്ധ്യാപകശേഷി വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## അറയ്ക്കൽ മ്യൂസിയം പരിപാലിക്കാൻ നടപടി

**18(*258)** ശ്രീ. എം. വിജിൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ്

ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളും പുരാവസ്തു, പുരാരേഖ ശേഖരങ്ങളും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കൂടുതൽ പ്രയോജനപ്പെടത്തക്കവിധം ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ പുരാവസ്തു മ്യൂസിയങ്ങൾ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. മ്യൂസിയങ്ങളിൽ എത്തുന്നവർക്ക് ശിലായുഗത്തിലേതുൾപ്പെടെയുള്ള പുരാവസ്തുക്കൾ നേരിൽ കാണുന്നതിനും അവയെപ്പറ്റിയുള്ള വിശദാംശങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകരുമായി കൂടുതൽ ഫലപ്രദമായി സംവദിക്കുന്നതിന് പുതുതായി സജ്ജീകരിക്കുന്ന മ്യൂസിയങ്ങളിൽ ആവശ്യമായ സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടിയുള്ള പുരാവസ്തു മ്യൂസിയങ്ങളുടെ പുനസജ്ജീകരണ പ്രവർത്തനങ്ങളിലും പുതിയതായി ആരംഭിക്കുന്ന ജില്ലാപൈതൃക മ്യൂസിയങ്ങളിലും ഈ രീതി പിന്തുടരുന്നുണ്ട്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പഠനത്തിനുതകുന്ന വിധത്തിലുള്ള വിവരങ്ങൾ വകുപ്പ്

ലഭ്യമാക്കുന്നുണ്ട്. മ്യൂസിയം വസ്തുക്കളുടെയും സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്ന പുരാവസ്തുക്കളുടെയും വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ അനുമതിയോടുകൂടി പഠിതാക്കൾക്ക് ലഭ്യമാക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മ്യൂസിയങ്ങളെ ജനകീയമാക്കുന്നതിനായി വിവിധ മ്യൂസിയങ്ങളുടെ നേതൃത്വത്തിൽ Outreach പ്രോഗ്രാമുകളും വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാന പുരാരേഖാ വകുപ്പിൽ പൊതുജനത്തിന് ആവശ്യമായ രേഖകളുടെ പകർപ്പ് നൽകുന്നുണ്ട്. കോളേജ് തലത്തിലും സ്കൂൾ തലത്തിലും സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ ചരിത്രബോധം വളർത്തുന്നതിനായി സ്കൂൾ തലത്തിൽ ഹെറിറ്റേജ് ക്ലബ്ബുകൾ നിലവിലുണ്ട്. വർഷംതോറും സ്കൂൾ തലത്തിൽ ചരിത്ര ക്വിസ് സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം നടത്തുന്നുണ്ട്. ഡൽഹി, കൽക്കട്ട, മുംബൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സെമിനാറുകളും എക്സിബിഷനുകളും വകുപ്പ് സംഘടിപ്പിക്കാറുണ്ട്. വകുപ്പിന് കീഴിൽ വരുന്ന മ്യൂസിയങ്ങളായ വൈക്കം സത്യാഗ്രഹ ഗാന്ധി സ്മാരക മ്യൂസിയവും ഉദ്ഘാടന സജ്ജമായിവരുന്ന താളിയോല മ്യൂസിയവും എല്ലാവർക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളും എല്ലാവർക്കും

പ്രയോജനപ്പെടുന്ന വിധം മാറ്റങ്ങൾവരുത്തി സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധാരണം നടത്തി ഇൻഡ്യയിലെ ഏറ്റവും മികച്ച നാച്ച്വറൽ ഹിസ്റ്ററി മ്യൂസിയമാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ രാജാ രവിവർമ്മ പെയിന്റിംഗുകൾ മികച്ച സംവിധാനങ്ങളോടെ പ്രദർശിപ്പിക്കുന്നതിന് വേണ്ടിയുള്ള പുതിയ രാജാ രവിവർമ്മ ആർട്ട് ഗ്യാലറി, ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപത്തായി പണി പൂർത്തിയായിവരുന്നു.

ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റ്, ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റ്, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിഘടകങ്ങളിൽ ചില പ്രധാനപ്പെട്ട മ്യൂസിയങ്ങൾ ഉൾപ്പെടുന്നു. ഇത് പൂർത്തീകരിച്ച് പ്രാവർത്തികമാക്കുന്നതോടെ മ്യൂസിയങ്ങൾ കൂടുതൽ ജനകീയമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കണ്ണൂരിലെ അറയ്ക്കൽ മ്യൂസിയം വേണ്ടവിധം സംരക്ഷിച്ച് പരിപാലിക്കാത്തതിനാൽ നാശോന്മുഖമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അറയ്ക്കൽ മ്യൂസിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും

നിലവിലെ സംരക്ഷണ, പരിപാലന ചുമതല ആർക്കാണെന്ന് വിശദമാക്കാമോ?

(ബി&സി) അറയ്ക്കൽ കൊട്ടാരത്തിലാണ് അറയ്ക്കൽ മ്യൂസിയം പ്രവർത്തിക്കുന്നത്. കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശവും മ്യൂസിയത്തിന്റെ നടത്തിപ്പും കുടുംബ ട്രസ്റ്റിനാണ്. എന്നാൽ ഇതിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന്റെ മേൽനോട്ടത്തിൽ ഉടമസ്ഥർക്കോ വകുപ്പിന് നേരിട്ടോ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ വകുപ്പിന്റെ അറിവോ അനുമതിയോ ഇല്ലാതെ നടത്തിയ അറ്റകുറ്റ പ്രവൃത്തികളും കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ വാടകയ്ക്ക് കൊടുത്തതും സ്മാരകത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ഡി) മ്യൂസിയത്തിന്റ മുൻഭാഗത്ത് ചുറ്റുമതിലോ മറ്റ് സംരക്ഷണ സംവിധാനമോ ഇല്ലാത്തതും റോഡ് വികസനം കൊട്ടാരത്തിന്റെ ഭിത്തിയോട് ചേർന്നുവരുന്നതും ഇതിന്റെ നിലനിൽപ്പിനെ സാരമായി ബാധിക്കാനിടയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കൊട്ടാരവും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധാരണം നടത്തി സംരക്ഷിക്കുന്നതിനും കൂടുതൽ ചരിത്ര വിദ്യാർത്ഥികളെയും ഗവേഷകരെയും

വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംരക്ഷിത സ്മാരകത്തിന്റെ അടിയന്തര സംരക്ഷണത്തിന് 2022-23 വർഷം 24.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. സംരക്ഷണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൊട്ടാരവും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധാരണം നടത്തി സംരക്ഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് കിഫ്ബി മുഖേനയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## തൊട്ടറിയാം പി.ഡബ്ല്യു.ഡി.

19(***259**) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. വി. സുമേഷ് :
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി ആരംഭിച്ച

തൊട്ടറിയാം പി.ഡബ്യ്യൂ.ഡി. എന്ന പേരിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

തൊട്ടറിയാം പി.ഡബ്ല്യൂ.ഡി. എന്ന ഓൺലൈൻ പ്രോജക്റ്റ് മോണിട്ടറിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ച് പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിവരുന്നു. ഇതിന്റെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ പൂർത്തീകരിച്ച ഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സോഫ്റ്റ്വെയറിന്റെ ഒന്നാമത്തെ വെർഷൻ പൊതുമരാമത്ത് വകുപ്പിന്റെ ഉപയോഗത്തിനായി www.thottariyaampwd.kerala.gov.in എന്ന വെബ് അഡ്രസ്സിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ സിസ്റ്റത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കരാറുകാർക്കും ജില്ലാ കലക്ടർമാർക്കും നിയമസഭാ സാമാജികർക്കും പദ്ധതി പുരോഗതി വിലയിരുത്താനും ഏകോപിപ്പിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും ലോഗിൻ ചെയ്ത് പദ്ധതി പുരോഗതി വിലയിരുത്താനും പദ്ധതി നിർവ്വഹണത്തിൽ തങ്ങളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്താനും സാധിക്കും.

(ബി) നിലവിലുള്ള ഓരോ പദ്ധതിയും ആരംഭിക്കുന്നതുമുതൽ

പൂർത്തിയാകുന്നതുവരെയുള്ള ഓരോഘട്ടവും ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിലുള്ള ഓരോ പദ്ധതിയും ആരംഭിക്കുന്നതുമുതൽ പൂർത്തിയാകുന്നതുവരെയുള്ള ഓരോഘട്ടവും ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധിക്കും. ഇതിനായി പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും അതിന്റെ ആനുകാലിക പുരോഗതിയുടെ സ്ഥിതിവിവരവും സമയാസമയം രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പ്രൈസ് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ പദ്ധതിയുടെ ഘട്ടങ്ങൾ മാറുന്നതനുസരിച്ച്, തൊട്ടറിയാം പി.ഡബ്ല്യു.ഡി.-യിലും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അപ്ഡേറ്റ് ആകുന്നതാണ്.

(സി) നിശ്ചയിച്ച സമയക്രമത്തിനുള്ളിൽ പദ്ധതികൾ പൂർത്തിയാകുന്നുണ്ടോ എന്നും പദ്ധതികൾ സംബന്ധിച്ച വിവിധ രേഖകളും നിർമ്മാണ പുരോഗതി സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും യഥാസമയം പൊതുജനങ്ങൾക്ക് കാണുന്നതിനും വിലയിരുത്തുന്നതിനും

കഴിയുന്നതിലൂടെ പൊതുമരാമത്ത് ജോലിയുടെ വിശ്വാസ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തൊട്ടറിയാം പി.ഡബ്ല്യൂ.ഡി. എന്ന ഓൺലൈൻ പ്രോജക്റ്റ് മോണിറ്ററിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ പദ്ധതിവിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിനായി എല്ലാ ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. ഇത് ഉപയോഗിച്ചുള്ള പദ്ധതി അവലോകനം ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിവിധ രേഖകളും നിർമ്മാണ പുരോഗതി സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും യഥാസമയം പൊതുജനങ്ങൾക്ക് കാണുന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നതിലൂടെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശ്വാസ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കാൻ കഴിയും.

(ഡി) പ്രസ്തുത പദ്ധതിയോട് ജനങ്ങളുടെ സഹകരണവും പ്രതികരണവും എങ്ങനെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയോട് ജനങ്ങളുടെ ഭാഗത്തുനിന്നും വളരെ നല്ല പ്രതികരണമാണ് കാണുന്നത്. പദ്ധതികളിൽ ജനങ്ങൾ അവരുടെ

പ്രതികരണം ഈ ഓൺലൈൻ സോഫ്റ്റ്‌വെയറിലൂടെ രേഖപ്പെടുത്തുന്നുണ്ട്.

## പ്ലസ് വൺ പ്രവേശനം

20(***260**) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ് :
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷാഫലം കൂടി പ്രസിദ്ധീകരിക്കാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്ലസ് വൺ പ്രവേശനം കുറ്റമറ്റതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുള്ള മികച്ച ഇ-ഗവേണൻസ് സോഫ്റ്റ്‌വെയറിനുള്ള 3 ദേശീയ അവാർഡുകളും ഒരു

സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ വർഷവും ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം വഴി പ്ലസ് വൺ പ്രവേശന പ്രക്രിയ നടപ്പിലാക്കുന്നത്.

(സി) പ്ലസ് വൺ പ്രവേശനം നടത്തുന്നതിനായി ബ്ലൂ പ്രിന്റ് തയ്യാറാക്കി സ്ക്രീനിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവേശനം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹികനീതി ഉറപ്പാക്കുന്നതിനുമായി കഴിഞ്ഞ പതിനാല് വർഷമായി ഏകജാലക പ്രവേശനമെന്ന കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനം മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം ആരംഭിച്ച വർഷംമുതൽ കാലാകാലങ്ങളായി സർക്കാർ ഉത്തരവിലൂടെ സർക്കാർ അംഗീകരിക്കുന്ന പ്രോസ്പെക്ടസ് അനുസരിച്ചാണ് അഡ്മിഷൻ നടപടികൾ നടക്കുന്നത്. പ്രവേശനം ലളിതവും സുതാര്യവുമായതിനാൽ മറ്റ് നടപടികൾ ആവശ്യമായി വരുന്നില്ല.

## റോഡുകളിലെ അറ്റകുറ്റപ്പണി

**21(*261)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിൽ ശരിയായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം അപകടങ്ങൾ കൂടിയ സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

(എ&ബി) സംസ്ഥാനത്ത് അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കൂടുതൽ പുതിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി റോഡുകളിലെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് "റണ്ണിംഗ് കോൺട്രാക്റ്റ്" മുഖേന രണ്ടുഘട്ടങ്ങളിലായി 302.286 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. റണ്ണിംഗ് കോൺട്രാക്റ്റ് ഭാവിയിലും ഏറെ ഗുണപ്രദമാകുന്നതാകും. അറ്റകുറ്റപ്പണി പൂർത്തിയാക്കാത്ത ചില റോഡുകളിലെ അറ്റകുറ്റപ്പണി

പൂർത്തിയാക്കണമെന്ന് ബഹു്മാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശിച്ച റോഡുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകൾ ഗതാഗതയോഗ്യമാക്കി പരിപാലിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) സുരക്ഷാ നടപടികൾ ഉറപ്പുവരുത്താൻ കരാറുകാർക്ക് ഉത്തരവാദിത്തമുണ്ടെങ്കിൽ എല്ലാ വർക്ക്സൈറ്റിലും അവ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എഞ്ചിനീയർമാർക്കും മറ്റ് സൂപ്പർവൈസിംഗ് അധികാരികൾക്കും ബാധ്യതയുണ്ടെന്ന കോടതിയുടെ നിരീക്ഷണം ഗൗരവമായി കാണുന്നുണ്ടോ?

എല്ലാ വർക്ക്സൈറ്റിലും സുരക്ഷാനടപടികൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ എഞ്ചിനീയർമാർക്കും മറ്റ് സൂപ്പർവൈസിംഗ് അധികാരികൾക്കും ഉത്തരവാദിത്വമുണ്ട്. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം നടക്കുന്ന മേഖലകളിൽ പാലിക്കേണ്ട സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച മാനദണ്ഡങ്ങൾ IRC SP55-2014-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെയും കാൽനടയാത്രക്കാരുടെയും വാഹന ഉപഭോക്താക്കളുടെയും

സുരക്ഷിതത്വത്തിന് സ്വീകരിക്കേണ്ട നടപടികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ മേഖലകളിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് കരാർ വ്യവസ്ഥയുടെ ഭാഗമായുള്ള Standard Bid Document-ൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും ആയവ പ്രസ്തുത നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നിർമ്മാണ മേഖലകളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ visibility ഉറപ്പുവരുത്തുന്നതിനായുള്ള വെളിച്ചത്തിനുള്ള ക്രമീകരണങ്ങളും കോൺട്രാക്ടർ ഉറപ്പുവരുത്തണം. നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 05-11-2019-ലെ കത്ത് നം. GL(Tech)/CE/R&B/RSW/2018-111 പ്രകാരം നിർമ്മാണ മേഖലകളിൽ പാലിക്കേണ്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിലെ നിർമ്മാണ മേഖലകളിൽ സുരക്ഷാ സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച് കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ 08-06-2022-ലെ സർക്കുലർ നം. CEPWD/12100/2020-Vig4.AD പ്രകാരം പൊതുമരാമത്ത് ഭരണ വിഭാഗം

ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാന്വലിൽ ക്ലോസ് 2107, 2407.23, അപ്പന്റിക്സ് 2100, സെക്ഷൻ 1000 എന്നിവയിൽ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് പറയുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മാന്വലിലും SBD-യിലും നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ 19-06-2022-ലെ CEPWD/6729/2022/AB3-BR സർക്കുലർ മുഖേന പാലങ്ങൾ വിഭാഗത്തിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത സർക്കുലറുകളിലെയും പൊതുമരാമത്ത് വകുപ്പ് മാന്വലിലെയും നിർദ്ദേശങ്ങൾ നിർമ്മാണ മേഖലകളിൽ പാലിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഓഫീസർ ഉറപ്പുവരുത്തേണ്ടതും ആയതിൽ വീഴ്ച വരുത്തിയാൽ ഡിപ്പാർട്ടുമെന്റ് തല നടപടിക്രമങ്ങൾക്ക് വിധേയരാകുന്നതുമാണ്.

സുരക്ഷാ മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥയ്ക്ക് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രവൃത്തി നിർത്തിവയ്ക്കുന്നതിനും എഗ്രിമെന്റ് റദ്ദാക്കി പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്നതിനും തുടങ്ങി കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് തുടർനടപടി സ്വീകരിക്കുന്നത്. സൈറ്റുകളിലെ മേൽനോട്ടവുമായി ബന്ധപ്പെട്ട് technology-യെ

ഫലപ്രദമായി ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ട്.

(ഡി) കുളിമാടിലും തൃപ്പൂണിത്തുറയിലും നടന്ന സംഭവങ്ങളിൽ ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച പറ്റിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുളിമാടിലും തൃപ്പൂണിത്തുറയിലും നടന്ന സംഭവങ്ങളിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് പ്രവൃത്തി കലണ്ടർ**

**22(*262)**ശ്രീ. ജി. സ്റ്റീഫൻ (തൃപ്പൂണിത്തുറ):
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എൻ. കെ. അക്ബർ :
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡ് ടാറിംഗ് പൂർത്തിയാക്കിയ ഉടൻ തന്നെ വിവിധ പബ്ലിക് യൂട്ടിലിറ്റികൾ റോഡ് പൊളിക്കുന്നതും ഏറെക്കാലത്തിനുശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പ്രശ്നം പരിഹരിക്കാൻ കേരള വാട്ടർ അതോറിറ്റി പൊതുമരാമത്ത് റോഡുകളിൽ പുതിയ പൈപ്പിടുന്നതിനോ പഴയ പൈപ്പ് മാറ്റിസ്ഥാപിക്കുന്നതിനോ കുഴിയെടുക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകാമോ?

റോഡ് ടാറിംഗ് പൂർത്തിയാക്കിയ ഉടൻതന്നെ വിവിധ പബ്ലിക് യൂട്ടിലിറ്റികൾക്കുവേണ്ടി റോഡ് പൊളിക്കുന്നതും ഏറെ കാലത്തിനുശേഷം പൂർവ്വസ്ഥിതിയിലാക്കുന്നതും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന പ്രശ്നം പരിഹരിക്കുന്നതിന് ശ്രമം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് - ജലവിഭവ മന്ത്രിമാർ പ്രത്യേകയോഗം ചേർന്ന് തീരുമാനങ്ങളെടുത്തു. ഇതേത്തുടർന്ന് പൊതുമരാമത്ത് റോഡിൽ, കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴി എടുക്കുന്നതും റെസ്റ്റോറേഷൻ ചെയ്യുന്നതും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 24-02-2022-ലെ ജി.ഒ(എം.എസ്) നം.08/2022/പി.ഡബ്ല്യു.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൽ പൊതുമരാമത്ത് റോഡുകളിൽ കേരള വാട്ടർ അതോറിറ്റി ക്രമീകരിക്കുന്ന പ്രവൃത്തികൾക്കായി RoW വെബ്പോർട്ടൽ വഴി അപേക്ഷിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ മുൻകൂട്ടി തന്നെ RoW പോർട്ടലിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. അടിയന്തര ലീക്ക്, അപാകതമാറ്റൽ, റിപ്പയർ വർക്കുകൾ എന്നിവയ്ക്കും പൊതുമരാമത്ത് വകുപ്പിന്റെ പെർമിഷൻ RoW പോർട്ടൽ വഴി

നേടേണ്ടതുണ്ട്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകളിൽ അടിയന്തര പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് തുക ഒടുക്കേണ്ട ആവശ്യമില്ല. അത്യന്തം അടിയന്തരമായ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിന് സൂചന നൽകിക്കൊണ്ട് റിപ്പയർ പ്രവൃത്തി നടത്താവുന്നതാണ്. പ്രവൃത്തികളിൽ പൈപ്പ് ഇടുന്നതിനുള്ള കുഴി എടുക്കൽ, പൈപ്പുകളുടെ സ്ഥാപിക്കൽ, റോഡ് ഗതാഗത യോഗ്യമാക്കൽ എന്നിവ വാട്ടർ അതോറിറ്റി നടപ്പിലാക്കേണ്ടതും റോഡ് കുഴിക്കുന്നതിനുമുമ്പ് ഉപരിതലം എങ്ങനെയാണോ അതേ നിലവാരത്തിൽത്തന്നെ പൂർത്തീകരിക്കേണ്ടതുമാണ്. പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് MoRTH മാനദണ്ഡങ്ങൾ പ്രകാരം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കേണ്ടതാണ്. പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനായി എടുത്ത കുഴി CTE-യുടെ നിർദ്ദേശപ്രകാരം 20 സെ.മീ കനത്തിൽ റോളർ/പ്ലേറ്റ് കോംപക്ടർ ഉപയോഗിച്ച് ലെയറുകളായി പുനഃസ്ഥാപിക്കേണ്ടതാണ്. പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തികളുടെ പുനരുദ്ധാരണത്തിന് 30 സെ.മീ. ആഴത്തിൽ മണ്ണ് കോംപാക്ട് ചെയ്യേണ്ടതും GSB, WMM എന്നിവ ഓരോന്നും 15 സെ.മീ ലെയറുകളായി MoRTH മാനദണ്ഡങ്ങൾ പ്രകാരം ചെയ്യേണ്ടതും മേൽ പ്രവൃത്തികൾ എല്ലാം പി.ഡബ്ല്യൂ.ഡി എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതുമാണ്. മാറ്റിസ്ഥാപിക്കുന്ന പൈപ്പുകൾക്ക് മുകളിൽ കുറഞ്ഞത്

1.20 മീറ്ററിൽ കുഷ്യൻ ഉണ്ടാവേണ്ടതും പൈപ്പ്‌ലൈൻ റോഡിന്റെ ഷോൾഡർ പോർഷനിലൂടെ ആയിരിക്കേണ്ടതും അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പിലെയും വാട്ടർ അതോറിറ്റിയിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ സംയുക്ത പരിശോധന നടത്തി നിശ്ചയിക്കേണ്ടതുമാണ്. പരിപാലന കാലാവധി പൂർത്തിയാകാത്ത റോഡുകളിൽ റെസ്റ്റോറേഷൻ തുകയുടെ 10% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി പൊതുമരാമത്ത് വകുപ്പിൽ ഒടുക്കേണ്ടതും പി.ഡബ്ല്യൂ.ഡി., കേരള വാട്ടർ അതോറിറ്റി, പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ എന്നിവർ ഓൺലൈൻ പോർട്ടലിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുമാണ്. പ്രവൃത്തിയുടെ നടത്തിപ്പിനാവശ്യമായ മുൻകൈ കേരള വാട്ടർ അതോറിറ്റി എടുക്കേണ്ടതും പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള നവീകരണ പ്രവൃത്തിക്കുമുമ്പായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. പ്രവൃത്തി പുരോഗമിക്കുന്ന വേളയിൽ പ്രവൃത്തി നടക്കുന്ന റീച്ചിൽ സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടെയുള്ള ഉത്തരവാദിത്തം കേരള വാട്ടർ അതോറിറ്റിക്ക് ആയിരിക്കും. പൊതുമരാമത്ത് വകുപ്പ് ക്രമീകരിക്കുന്ന പ്രവൃത്തികളിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും ആയതിൽ പൈപ്പ്‌ലൈൻ മാറ്റിസ്ഥാപിക്കൽ, ഉയർത്തൽ, മാൻഹോൾ മറ്റ് അനുബന്ധ

പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രവൃത്തി നടക്കുന്ന വേളയിൽ കേരള വാട്ടർ അതോറിറ്റി അധികൃതർ പരിശോധിക്കേണ്ടതും പ്രവൃത്തിയുടെയും സാധനസാമഗ്രികളുടെയും ഗുണനിലവാരം സൈറ്റിലോ, ലാബ് ടെസ്റ്റ് മുഖേനയോ ഉറപ്പുവരുത്തേണ്ടതുമാണ്. പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന സമയത്ത് പ്രവൃത്തിക്കായുള്ള തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് പി.ഡബ്ല്യൂ.ഡി. വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതും ആയത് പ്രവൃത്തിയുടെ DLP-ക്കുശേഷം റിലീസ് ചെയ്യാവുന്നതുമാണ്. പൈപ്പ് മാറ്റിസ്ഥാപിക്കൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അനുമതി പത്രത്തിൽ സൂചിപ്പിക്കേണ്ടതും പൂർത്തീകരണത്തിന് കാലതാമസം വരുത്തൽ, ഗുണനിലവാരമില്ലായ്മ എന്നിവയ്ക്ക് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കണ്ടുകെട്ടാവുന്നതുമാണ്. പ്രവൃത്തിസ്ഥലത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഉൾപ്പെടെയുള്ള വിവരങ്ങൾ സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്. പരിപാലന കാലാവധിക്കുള്ളിൽ പൈപ്പ്ലൈനിന് സംഭവിക്കുന്ന ലീക്ക്/മെയിന്റനൻസ് പ്രവൃത്തികൾ എന്നിവ കരാറുകാരൻ പരിഹരിക്കേണ്ടതാണ്.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ

റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് RW/NH-33044/2015/S&R(R) പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ, കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്ലെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് പ്രവൃത്തി കലണ്ടർ രൂപം കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പൊതുജനങ്ങൾക്കുകൂടി പ്രാപ്യമാകുന്ന രീതിയിൽ പ്രവൃത്തി കലണ്ടർ നൽകുമോ?

(സി) റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നത് വരെയുള്ള പുരോഗതി നിരീക്ഷിക്കാൻ പ്രത്യേകം പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാദ്ധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മറ്റികൾ (DICC), PMG പോർട്ടൽ, RoW പോർട്ടൽ എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ PMG പോർട്ടൽ മുഖേന നടപ്പിലാക്കി വരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW പോർട്ടൽ മുഖേനയാണ്. വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവൃത്തികൾ RoW പോർട്ടലിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള പുരോഗതി DICC മീറ്റിംഗുകളിൽ വിലയിരുത്തിവരുന്നു.

## കപ്പൽ സർവ്വീസ്

**23(*263)** <u>ശ്രീമതി കാനത്തിൽ ജമീല</u>:

ശ്രീ. പി. നന്ദകുമാർ :
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരക്കടൽ ചരക്ക് കപ്പൽ സർവ്വീസ് പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ?

ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ കപ്പലുകൾ അടുക്കുന്നതിനും ചരക്ക് നീക്കത്തിനും ആവശ്യമായ ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സർക്കാർ ആരംഭിച്ചു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കസ്റ്റംസ് ഇ.ഡി.ഐ. ഫെസിലിറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. കപ്പൽ കമ്പനികൾക്ക് പ്രത്യേക ഇൻസെന്റീവ് പാക്കേജ് പ്രഖ്യാപിച്ചു. ബേപ്പൂർ/അഴീക്കൽ തുറമുഖങ്ങളിലായി 2.5 കോടി രൂപ ഇൻസെന്റീവായി നൽകി. എന്നാൽ റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ

സർവ്വീസ് നടത്താൻ ഷിപ്പിംഗ് ലൈനേഴ്സ് വിമുഖത കാണിക്കുകയാണ്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് DPR തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് തടസ്സംകൂടാതെ കയറ്റിയിറക്ക് നടത്തുന്നതിന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കി. 4 കോടി രൂപ ചെലവിൽ ധ്വനി, മിത്ര എന്നീ രണ്ട് പുതിയ ടഗ്ഗുകൾ വാങ്ങി. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയാക്കി ഇമിഗ്രേഷൻ അധികൃതർ പരിശോധന നടത്തി, നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് സർവ്വീസ് ഭാവിയിൽ കൊല്ലത്തുനിന്നും തൂത്തുക്കുടി, മാലി തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ചരക്കുനീക്കം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചുവരികയാണ്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വൻകിടേതര തുറമുഖങ്ങളായ അഴീക്കോട്, ബേപ്പൂർ എന്നിവിടങ്ങളിൽനിന്ന് കപ്പൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ?

അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട്

കണ്ടെയ്നർ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചു. എന്നാൽ റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ സർവ്വീസ് നടത്താൻ ഷിപ്പിംഗ് ലൈനർ വിമുഖത കാണിക്കുകയാണ്.

(സി) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാസഞ്ചർ കപ്പൽ സർവ്വീസിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന യാത്രാ കപ്പലുകളുടെ ലഭ്യതക്കുറവ്, പ്രവർത്തനച്ചെലവ്, നിലവിൽ ലഭ്യമായ റോഡ്, റെയിൽ മാർഗ്ഗങ്ങളിലുള്ള ചെലവ് കുറവ് എന്നിവ പരിഗണിക്കുമ്പോൾ പാസഞ്ചർ സർവ്വീസ് ആദായകരമല്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറായ സംരംഭകരെ ലഭിച്ചിട്ടില്ല.

(ഡി) കൊല്ലം തുറമുഖം വഴി പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അവ പാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയാക്കി. ഇമിഗ്രേഷൻ അധികൃതർ പരിശോധന നടത്തി, നടപടിക്രമങ്ങൾ

അവസാനഘട്ടത്തിലാണ്. പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ തിരുവനന്തപുരം FRRO-യുടെ ഓഫീസിൽനിന്നുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള മാരിടൈം ബോർഡ് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## തൊട്ടറിയാം പി.ഡബ്ല്യൂ.ഡി.

**24(*264)** ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി യു. പ്രതിഭ :
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'തൊട്ടറിയാം പി.ഡബ്ല്യൂ.ഡി.' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള പദ്ധതി പുരോഗതി അവലോകനത്തിനും മാനേജ്മെന്റിനും പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സാങ്കേതികവിദ്യയുടെ സഹായത്തോടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും കൂടാതെ പദ്ധതി നടത്തിപ്പിൽ വിവിധ വിഭാഗങ്ങളുടെ

ഏകോപനവും സഹകരണവും ഉറപ്പാക്കി അതുവഴി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ കൂടുതൽ വേഗത്തിൽ പരിഹരിച്ച് കാലതാമസമില്ലാതെ പദ്ധതി പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു ഓൺലൈൻ പ്രോജക്റ്റ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടെ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ സിസ്റ്റത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ജില്ലാ കളക്ടർമാർക്കും നിയമസഭാ സാമാജികർക്കും പദ്ധതി പുരോഗതി വിലയിരുത്താനും ഏകോപിപ്പിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്ത് പദ്ധതി പുരോഗതി വിലയിരുത്താനും പദ്ധതി നിർവ്വഹണത്തിൽ തങ്ങളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്താനും സാധിക്കും. പദ്ധതികളുടെ നിജസ്ഥിതി വിവരങ്ങൾ ഓൺലൈനായി കിട്ടുന്നതിന് ഈ സോഫ്റ്റ്‌വെയറിനെ പ്രൈസ്-3 സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഈ ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20-04-2022-ന് നിർവ്വഹിക്കുകയുണ്ടായി. https://thottariyampwd.kerala.gov.in/ എന്ന വെബ് അഡ്രസ്സിൽ ഈ സോഫ്റ്റ്‌വെയറിന്റെ ആപ്ലിക്കേഷൻ ലഭ്യമാണ്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്നതിൽ പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ ?

പൊതുമരാമത്ത് പ്രവൃത്തികളിൽ സുതാര്യത, വേഗത, കാര്യക്ഷമത എന്നിവ ഉറപ്പ് വരുത്തുന്നതിൽ പ്രസ്തുത പദ്ധതി വളരെയധികം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ നിജസ്ഥിതി വിവരങ്ങൾ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട കരാറുകാർ, ജില്ലാ കളക്ടർ, ജനപ്രതിനിധികൾ എന്നിവർക്കും ഏതു സമയത്തും ഓൺലൈനായി കാണുന്നതിനും അതിന്മേൽ അഭിപ്രായങ്ങളും തീരുമാനങ്ങളും ഇടപെടലുകളും നടത്താവുന്നതുംകൊണ്ട് പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ വളരെവേഗം പരിഹരിച്ച് മുന്നോട്ടുപോകാനാകും.

(സി) പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രൈസ് സോഫ്റ്റ്‌വെയർ, ഇ-ഓഫീസ് എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി നിർവ്വഹണ സോഫ്റ്റ്‌വെയറായ പ്രൈസ് സോഫ്റ്റ്‌വെയർ ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച വെർഷനായ പ്രൈസ്-3 ആണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്നത്. ഈ സോഫ്റ്റ്‌വെയർ

തൊട്ടറിയാം പി.ഡബ്ല്യു.ഡി. എന്ന ഓൺലൈൻ പ്രോജക്ട് മോണിറ്ററിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും അതിന്റെ നടത്തിപ്പിലെ നിജസ്ഥിതി വിവരങ്ങളും തൊട്ടറിയാം പി.ഡബ്ല്യു.ഡി.-യിൽ അപ്ഡേറ്റ് ആകുന്നതാണ്. കൂടാതെ വകുപ്പിൽ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ഈ മൂന്ന് ഓൺലൈൻ സംവിധാനങ്ങളും പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താൻ സഹായിക്കും.

## റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

**25(*265)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡുകളുടെ ശാസ്ത്രീയ പരിപാലനം സാദ്ധ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ ദിനംപ്രതിയുള്ള വർദ്ധനവും തന്മൂലം ഉണ്ടാകുന്ന ഭാരവും കാരണം റോഡുകൾ വളരെ വേഗത്തിൽ നശിക്കാൻ ഇടവരുന്നു. അതിനാൽ ദീർഘകാലം ഈട് നിൽക്കുന്നതിനും കാര്യക്ഷമമായി റോഡുകളെ പരിപാലിക്കുന്നതിനുമാണ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) വിഭാവനം ചെയ്യുന്നത്. ഇതിൻപ്രകാരം സംസ്ഥാനത്തെ 7000 കി.മീ. വരുന്ന കോർ റോഡുകളുടെ ഉപരിതലത്തിലെ വിശദാംശങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ എടുക്കുകയും അവ ഹൈവേ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (HDM-4) എന്ന സോഫ്റ്റ്‌വെയർ വഴി വിശകലനം ചെയ്ത് ഏറ്റവും അനുയോജ്യമായ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇത് ബഡ്ജറ്റിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കാനുള്ള പദ്ധതികളാണ് നടന്നുവരുന്നത്. RMMS വഴി നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് പരിപാലനം ശിപാർശ ചെയ്യുന്നതിനുപകരം സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡുകളെ വിശകലനം ചെയ്യുകയും ഇതിൻപ്രകാരം റോഡ് പരിപാലനം തീരുമാനിക്കുകയും ചെയ്യുന്നു. RMMS വഴി എല്ലാ വർഷവും റോഡിന്റെ ട്രാഫിക് സംബന്ധമായ വിശദവിവരങ്ങൾ എടുക്കുന്നതിനാൽ ഒരു

ഡിജിറ്റലൈസ്ഡ് ഡാറ്റ ലഭ്യമാകുന്നു. കൂടാതെ റോഡിന്റെ ഘടന സംബന്ധിച്ചും RMMS വഴി പഠനം നടത്തുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തി കഴിഞ്ഞാൽ ഒരു നിശ്ചിതകാലത്തേയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ പരിപാലന ചുമതല കരാറുകാരനിൽത്തന്നെ നിക്ഷിപ്തമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

നിലവിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് നൽകുന്ന ഉപരിതലത്തിന്റെ അടിസ്ഥാനത്തിൽ ഡി.എൽ.പി. ഏർപ്പെടുത്തിയിട്ടുണ്ട്. നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്ക് മൂന്ന് വർഷം ഡി.എൽ.പി. കാലാവധിയും തുടർന്ന് നാല് വർഷ കാലാവധിയിൽ കരാറുകാരൻതന്നെ പ്രസ്തുത റോഡ് പരിപാലിക്കുന്നതിനുള്ള മെയിന്റനൻസ് തുകയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ബി.എം. & ബി.സി. ഉപരിതലമായുള്ള എല്ലാ ബഡ്ജറ്റ് പ്രവൃത്തികളിലും ഈ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ ഒരു വർഷം ഡിഫക്ട് ലയബിലിറ്റി കാലാവധിയും അതിനുശേഷം 5 വർഷം മെയിന്റനൻസ്

കാലാവധിയുമാണ്. ഡി.എൽ.പി. കാലയളവിൽ പ്രവൃത്തിയിലെ അപാകതകളുടെ പരിപാലന ചുമതല കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. ആയതുപ്രകാരം ആവശ്യമായ പ്രവൃത്തികൾ കരാറുകാർ സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. മെയിന്റനൻസ് കാലാവധിയിൽ കരാർ തുകയുടെ നാലര ശതമാനം വിവിധ ഘട്ടങ്ങളിലായി കരാറുകാരന് നൽകിക്കൊണ്ട് റോഡിന്റെ പരിപാലന ചുമതല കരാറുകാരൻ നിർവ്വഹിക്കേണ്ടതാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ 7 വർഷം ഗ്യാരണ്ടിയോടെ പരിപാലനം നിർവ്വഹിക്കുന്നതിന് Output and Performance Based Road Contract (OPBRC) സംവിധാനവും KSTP മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

**26(*266)** ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ഇൻവെസ്റ്റിഗേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ശാക്തീകരിച്ചിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും ഒന്നാംനിര ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്

കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഇടങ്ങളിൽ വച്ചുതന്നെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനാവശ്യമായ ആട്ടോമേറ്റഡ് ക്വാളിറ്റി ടെസ്റ്റിംഗ് മൊബൈൽ ലാബുകളും സജ്ജമാക്കുന്നുണ്ട്. 3 മൊബൈൽ ലാബുകളാണ് തയ്യാറാകുന്നത്. പ്രസ്തുത മൊബൈൽ ലാബുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ

പരിഹരിക്കുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഒന്നാം തല, രണ്ടാം തല ഗുണനിലവാര പരിശോധനകളിൽ തൃപ്തികരമല്ലാത്ത ഗുണനിലവാരം റിപ്പോർട്ട് ചെയ്താൽ പ്രസ്തുത നിർമ്മാണം കരാറുകാരന്റെ ചെലവിൽ പൊളിച്ച് പുനർനിർമ്മിക്കുകയോ, തേർഡ് പാർട്ടി ഗുണനിലവാര പരിശോധന നടത്തി തൃപ്തികരമായ ഫലം ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയോ ചെയ്യേണ്ടത് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഉത്തരവാദിത്തമാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ വ്യവസ്ഥ ചെയ്യുന്നു. ഗുണനിലവാരം തൃപ്തികരമല്ലാത്തപക്ഷം പ്രസ്തുത നിർമ്മാണം കരാറുകാരന്റെ ചെലവിൽ പൊളിച്ച് പുനർനിർമ്മിക്കേണ്ടതാണ്. വകുപ്പുതല നിർദ്ദേശങ്ങൾ പാലിക്കാത്ത കരാറുകാരുടെ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്യുന്നതിന് പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥയുണ്ട്. കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികളും പൊതുമരാമത്ത് മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

സാഹചര്യത്തിൽ ക്വാളിറ്റി കൺട്രോൾ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാളിറ്റി കൺട്രോൾ മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് തൃപ്തികരമായ റിസൽറ്റ് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെയും എക്സിക്യൂഷൻ വിഭാഗത്തെയും അറിയിക്കുന്നു. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്ന പക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗനിർദ്ദേശത്തിൽ മറ്റ് അംഗീകാരമുള്ള ലാബുകൾ വഴി ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

## കാലവർഷക്കെടുതിയിൽ തകരുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി

**27(*267)** ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകരുന്ന റോഡുകൾ എത്രയും വേഗം

ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാലവർഷക്കെടുതിയിൽ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനായി Special Task Force രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന യഥാക്രമം State Level Task Force-ന്റെയും District level Task Force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ KSTP PI Cell-ന്റെ നിയന്ത്രണത്തിൽ ആരംഭിച്ചു. മറ്റുപരാതികൾ വകുപ്പിനെ അറിയിക്കുന്നതിന് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കും. മഴ കുറഞ്ഞെങ്കിൽ 48 മണിക്കൂറിനകം താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണം. സ്വീകരിച്ച പരിഹാര നടപടികൾ പരാതിക്കാരനെ നേരിട്ട് അറിയിക്കും. കൂടാതെ മൂന്ന് ദിവസത്തിലൊരിക്കൽ

PI Cell-ൽനിന്നും പരാതി പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് State Task Force-ന് നൽകുകയും ചെയ്യുന്നു. ഇതോടൊപ്പം റോഡുകളുടെ പരിപാലനത്തിന് റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും ഒ. പി. ബി. ആർ. സി. പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ കേടുപാട് സംബന്ധിച്ച് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് ഉപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗത യോഗ്യമാക്കാറുണ്ട്. ഇതുകൂടാതെ, ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്.

## സ്കൂളുകൾക്ക് ഗ്രേഡിംഗ്

**28(*268)** ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ തുടർച്ച എന്ന നിലയിൽ ഭൗതിക സൗകര്യ വികസന രംഗത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിദ്യാകിരണത്തിന്റെ ഭാഗമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇനിയും ഭൗതിക സൗകര്യ വികസനം അനിവാര്യമായ വിദ്യാലയങ്ങളെ കണ്ടെത്തി ഘട്ടംഘട്ടമായി പ്രശ്നപരിഹരണത്തിനുള്ള നടപടികൾ തുടരുന്നതാണ്.

എല്ലാ വിദ്യാലയങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരുക്കിയ സാങ്കേതികവിദ്യാ ഉപകരണങ്ങളെ ഫലപ്രദമായി പഠന ബോധന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

അക്കാദമിക രംഗത്തും വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോവിഡ് കാലത്ത് കുട്ടികൾക്ക് ഉണ്ടായേക്കാവുന്ന മാനസിക- സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും

ഉണ്ടായേക്കാവുന്ന പഠനവിടവ് പരിഹരിക്കുന്നത് സംബന്ധിച്ചും അവ എങ്ങനെ അഭിമുഖീകരിക്കണം എന്ന കാര്യവും ഇതിനാവശ്യമായ രീതി ശാസ്ത്രവും അവധിക്കാല അധ്യാപക പരിശീലനത്തിന്റെ ഭാഗമായി അധ്യാപകരെ പരിചയപ്പെടുത്തിയിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അവർ ഓരോ വിഷയത്തിലും എവിടെ നിൽക്കുന്നു എന്ന് കണ്ടെത്തി ആവശ്യമായ പഠനപിന്തുണ നൽകാനുള്ള അക്കാദമിക പ്രവർത്തനം വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ നടപ്പാക്കുന്ന അക്കാദമിക പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട്. മികവ് കാട്ടുന്ന കുട്ടികൾക്ക് കൂടുതൽ ഉയരങ്ങളിലേയ്ക്ക് വളരാനാവശ്യമായ സാഹചര്യവും ഒരുക്കിവരുന്നു.

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ പൊതുവിദ്യാഭ്യാസ മേഖല അന്തർദേശീയ നിലവാരത്തിലേയ്ക്കുയരുന്ന നവീനമായ സമഗ്ര പാഠ്യ പദ്ധതിയാണ് ലക്ഷ്യംവയ്ക്കുന്നത്. അന്തർദേശീയ തലത്തിൽ മികച്ച വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന രാഷ്ട്രങ്ങളുടെ പാഠ്യപദ്ധതികളും പഠനബോധന രീതികളും ശാസ്ത്രീയമായി പഠിച്ച്

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് അനുയോജ്യമായവ കൂട്ടിച്ചേർത്ത് പാഠ്യപദ്ധതി നവീകരിക്കും.

(ബി) ദേശീയ ഗുണനിലവാര മാനദണ്ഡപ്രകാരം സ്കൂളുകൾക്ക് ഗ്രേഡിങ്ങ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ഉദ്ദേശിക്കുന്നില്ല.

(സി) ഉയർന്ന വിദ്യാഭ്യാസ നിലവാരം കൈവരിക്കുന്നതിനായി ബോധന സമ്പ്രദായത്തിലും മൂല്യനിർണ്ണയ സംവിധാനത്തിലും ഈ അദ്ധ്യയന വർഷം മുതൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ ആർജ്ജിതയറിവ് നിരന്തരം വിലയിരുത്തുന്നതിന് ആവശ്യമായ രീതിശാസ്ത്രം രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ അസസ്മെന്റ് സെല്ലിന് രൂപം നൽകും. സ്വയംഭരണ സ്വഭാവത്തോടെയാകുമിത്. സയൻസ്, സോഷ്യൽ സയൻസ്, ഭാഷകൾ, ഗണിത ശാസ്ത്രം തുടങ്ങിയവയിലെ വിഷയ വിദഗ്ദ്ധർ ഡേറ്റാ അനലിസ്റ്റുകൾ, സൈക്കോമെട്രിസ്റ്റുകൾ തുടങ്ങിയവർ ഉൾപ്പെടുന്നതായിരിക്കും അസസ്മെന്റ് സെൽ. പൊതു പരീക്ഷയുടെ ചോദ്യക്കടലാസ്സുകൾ വിലയിരുത്തും. ഇതിന്റെ അടിസ്ഥാനത്തിൽ വരും

വർഷങ്ങളിൽ പരീക്ഷാ ചോദ്യക്കടലാസുകൾ കൂടുതൽ മികച്ച രീതിയിൽ തയ്യാറാക്കും. കഴിഞ്ഞ അദ്ധ്യയന വർഷം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതി വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ വിപുലീകരിക്കും.

(ഡി) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വെവ്വേറെയായി പ്രത്യേകം തയ്യാറാക്കുന്ന ബോധന സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ പഠന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സഹിതം മെന്ററിംഗ് പോർട്ടൽ, സമഗ്ര റിസോഴ്സ് പോർട്ടൽ എന്നിവയിലൂടെ പഠന ബോധന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി**

**29(*269)** ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ

വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ ചെറിയ ഒരു വിഭാഗം ലഹരി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവമായി കാണുന്നു.

(ബി) എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും നിശ്ചിത ഇടവേളകളിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കുന്നതിനും അവർ ലഹരിക്ക് അടിമകളല്ലെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഹയർസെക്കന്ററി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ജീവിതശൈലീ രോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി ചേർന്ന് ഈ വർഷം ആദ്യഘട്ടമെന്ന നിലയിൽ മുഴുവൻ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവിതശൈലീ രോഗനിർണ്ണയ വേളയിൽ വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾകൊള്ളിച്ചിരുന്നു. ഇത്തരം

ആരോഗ്യപരമായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ തൊട്ടടുത്ത പി.എച്ച്.സി.-കളുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നടത്തിവരുന്നു. കുട്ടികളിലെ ലഹരി ഉപയോഗത്തിന്റെ ദോഷവശങ്ങൾ സംബന്ധിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിൽ ആരോഗ്യ, എക്സൈസ് വകുപ്പുകളുമായി ചേർന്ന് വിപുലമായ പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുന്നതാണ്. ഇതിനായി പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ രൂപീകരിച്ചിട്ടുള്ള

കരിക്കുലം കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

**30(*270)** ഡോ. എൻ. ജയരാജ്:
ശ്രീ പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി പുതുതലമുറയെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂട് നിർമ്മാണം, പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും തയ്യാറാക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണമാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഇപ്പോഴുള്ള പാഠ്യപദ്ധതി പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിച്ചത് 2007-ലാണ്. 2007-ൽ രൂപീകരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂടാണ് ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ 2013-ൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഒരു നയരേഖ വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരമുള്ള പാഠപുസ്തകങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള പാഠപുസ്തകങ്ങളുടെ കോട്ടങ്ങളും നേട്ടങ്ങളും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാനായി വിനിമയ പാഠം (Transactional Text) എന്ന പേരിൽ പഠന സാമഗ്രികൾ തയ്യാറാക്കുകയുണ്ടായി. കൂടാതെ നിലവിലെ പഠന സാമഗ്രികൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) പരിഷ്കരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ലിപി പരിഷ്കരണം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ താഴെപ്പറയുന്ന മാറ്റങ്ങളാണ് ലക്ഷ്യം വെക്കുന്നത്.

1. വൈജ്ഞാനിക സമൂഹമായിട്ടുള്ള കേരളത്തിന്റെ പരിവർത്തനം.
2. ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹ സൃഷ്ടി.
3. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അവസര സമത്വവും തുല്യനീതിയും ഉറപ്പാക്കൽ.
4. സാമൂഹിക പ്രശ്നങ്ങളെ വിമർശനപരമായി വിലയിരുത്താൻ ശേഷിയുള്ള സമൂഹത്തെ സൃഷ്ടിക്കുക.
5. പ്രകൃതിസ്നേഹം, സമൂഹശുചിത്വം, തൊഴിൽനൈപുണ്യം എന്നിവ പുതിയ കാഴ്ചപ്പാടിൽ മികവുറ്റതാക്കാനും സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള മനോഭാവം വളർത്താൻ സമൂഹത്തെ പ്രാപ്തമാക്കുക.

(ഡി) സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനും വിജ്ഞാന സമൂഹം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള പാഠ്യപദ്ധതിയുടെ അടിസ്ഥാന സവിശേഷതകൾ നിലനിർത്തിയാവും പുതിയ വൈജ്ഞാനിക സമൂഹത്തിന്

വേണ്ടിയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പിലാക്കുക.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## തിരൂർ പബ്ലിക് അമിനിറ്റി സെന്റർ കെട്ടിടം

1 **(2998)** ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് മുഖേന 2014-2015-ൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച തിരൂർ പബ്ലിക് അമിനിറ്റി സെന്റർ കെട്ടിടം 2019 ഫെബ്രുവരിയിൽ ഉദ്ഘാടനം നിർവ്വഹിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ നാളിതുവരെ പ്രസ്തുത അമിനിറ്റി സെന്റർ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് വളരെ പ്രയോജനകരമാകുന്ന പ്രസ്തുത അമിനിറ്റി സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശ്വാസ് പബ്ലിക് അമിനിറ്റീസ്

കേരള ലിമിറ്റഡ് ആണ് തിരൂർ പബ്ലിക് അമിനിറ്റി സെന്റർ നിർമ്മിച്ചത്. എന്നാൽ 11-07-2019-ലെ സ.ഉ(കൈ) നം. 35/2019-പൊമവ പ്രകാരം ടി കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് മുന്നോടിയായി ആസ്തി ബാദ്ധ്യതകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതാണ്. 17-03-2022-ൽ ഈ കെട്ടിടം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു. കെട്ടിട നമ്പർ അനുവദിച്ച് കിട്ടുന്നതിന് കാലതാമസം നേരിട്ടു. വാട്ടർ കണക്ഷൻ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ലഭ്യമാക്കി അമിനിറ്റി സെന്റർ തുറക്കാനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമിനിറ്റി സെന്റർ തുറന്ന് പ്രവർത്തിക്കുന്നതിലേയ്ക്കായുള്ള ലേലം 15-06-2022-ന് നടത്തിയിരുന്നെങ്കിലും ലേലത്തിൽ പങ്കെടുത്തവർ ആരും ലേല നിബന്ധനകൾ പാലിക്കാത്തതിനാൽ പുനർ ലേല പരസ്യം 20-06-2022-ന് പ്രസിദ്ധീകരിച്ചു. ലേലനടപടികൾ തുടരുകയാണ്. ലേലനടപടികൾ പൂർത്തീകരിച്ചശേഷം അമിനിറ്റി സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

### പേരാമ്പ്ര താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

2 **(2999)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണുള്ളതെന്നും വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ പേരാമ്പ്ര മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ അവയുടെ എസ്റ്റിമേറ്റ് തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പേരാമ്പ്ര താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

പേരാമ്പ്ര താലൂക്കാശുപത്രി കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല.

## പെരിങ്ങോം ഗവണ്മെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3 **(3000)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവണ്മെന്റ് ഐ.ടി. ഐ.-യുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവണ്മെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം Phase I 2018-ൽ പൂർത്തീകരിച്ച് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തിക്ക് 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 30-12-2021-ലെ CE/BL/PL3/96890/2021 നമ്പർ കത്ത് മുഖേന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

4 **(3001)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2022 മാർച്ച് മാസം വരെ ബിൽഡിംഗ് വിഭാഗത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2022 മാർച്ച് മാസം വരെ കെട്ടിട വിഭാഗത്തിന് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ പേരുവിവരവും വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയും പൂർത്തീകരിച്ചോ ഇല്ലയോ എന്ന് വിശദമാക്കാമോ?

(ബി&സി) പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

(ഡി) 2016 മുതൽ 2022 വരെ നെയ്യാറ്റിൻകര മണ്ഡലത്തിൽ ബിൽഡിംഗ് വിഭാഗത്തിൽ മെയിന്റനൻസ് പ്രവൃത്തികൾക്ക് അനുവദിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുകയും മെയിന്റനൻസ് നടത്തിയിട്ടുള്ള സർക്കാർ മന്ദിരങ്ങളുടെ പേരുവിവരവും വിശദമാക്കാമോ?

2016 മുതൽ 2022 വരെ കെട്ടിട വിഭാഗത്തിൽ മെയിന്റനൻസ് പ്രവൃത്തികൾക്ക് അനുവദിച്ച തുക, മെയിന്റനൻസ് നടത്തിയിട്ടുള്ള സർക്കാർ മന്ദിരങ്ങളുടെ പേരുവിവരങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.+

## പൊതുമരാമത്ത് പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണരീതികൾ

**5(3002)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനുസരിച്ചുള്ള നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും സംസ്ഥാനത്തെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ, വ്യതിയാനങ്ങൾ എന്നിവ കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ, കയർ ഭൂവസ്ത്രം, പെർഫോറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ഗാബിയോൺ വാൾ തുടങ്ങിയ നവീന രീതികൾ ഉപയോഗിച്ച് നിർമ്മിച്ചുവരുന്നു. കൂടാതെ 2026-നുള്ളിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന പാതകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിലുള്ള പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും IRC-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ് നടപ്പിലാക്കിവരുന്നത്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾ എല്ലാം ബി.എം. &ബി.സി. നിലവാരത്തിലുള്ളവയാണ്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മെക്കാഡം എന്നിവ ഉപയോഗിച്ച് ഉപരിതലം പുതുക്കാറുണ്ട്. ആധുനിക സാങ്കേതികവിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിലും ബലപ്പെടുത്തൽ പ്രവൃത്തികളിലും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. നൂതന യന്ത്രസാമഗ്രികൾ ഉപയോഗിക്കേണ്ടതെല്ലാംതന്നെ കരാറിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. റോഡുകളുടെ നിർമ്മാണത്തിൽ Natural Rubber Modified Bitumen, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് എന്നിവ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. കാലത്തിനനുസരിച്ചുള്ള നൂതന നിർമ്മാണ രീതിയായ ബോ സ്ട്രിംഗ് പാലങ്ങൾ നിർമ്മിക്കാറുണ്ട് (ഉദാ. വലിയഴീക്കൽ പാലം). കൂടാതെ പ്രീ സ്ട്രസ്ഡ് ബീമുകൾ, പ്രീ സ്ട്രസ്ഡ് ബോക്സ് ബീമുകൾ, എക്സ്ട്രാ ഡോസ് സാങ്കേതികവിദ്യ എന്നിവ പാലം നിർമ്മാണത്തിൽ ഉപയോഗിക്കുന്നുണ്ട്.

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഏറ്റെടുക്കുന്ന പ്രവൃത്തികളിലും കാലത്തിനനുസരിച്ചുള്ള നിർമ്മാണരീതികളും നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പരിസ്ഥിതിക്കനുയോജ്യമാകുന്നതും ഊർജ്ജ സംരക്ഷണത്തിന് ഉതകുന്നതുമായ ഗ്രീൻ ബിൽഡിംഗ് ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നുണ്ട്. നൂതന സാങ്കേതികവിദ്യകളായ സ്റ്റീൽ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ നിർമ്മാണം, AAC ബ്ലോക്ക് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ മുതലായവ പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രവൃത്തികൾ എല്ലാംതന്നെ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുമുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം

എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ വിഭാഗവും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഈ രംഗത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിനായി കെ.എച്ച്.ആർ.ഐ.-യുടെ കീഴിലുള്ള ലാബുകളെ എൻ.എ.ബി.എൽ. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി&സി) അന്താരാഷ്ട്ര കമ്മ്യൂണിറ്റികൾ അംഗീകരിച്ചിട്ടുള്ള ഐ.എസ്.ഒ. മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുന്ന എൻ.എ.ബി.എൽ.-ന്റെ അംഗീകാരം പൊതുമരാമത്ത് ഡിസൈൻ വിഭാഗം

ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഐ. 2021 മുതൽ നേടിയിട്ടുണ്ട്. കെ.എച്ച്.ആർ.ഐ.-ൽ കോൺക്രീറ്റ് & സ്ട്രക്ചറൽ, ഫ്ളെക്സിബിൾ പേവ്മെന്റ്, സോയിൽ മെക്കാനിക്സ് & ഫൗണ്ടേഷൻ എന്നീ വിഭാഗം ലാബുകളിലായി 64 ടെസ്റ്റുകൾക്ക് എൻ.എ.ബി.എൽ.-ന്റെ അംഗീകാരം 2020 ജനുവരി 6 മുതൽ ലഭിച്ചിട്ടുള്ളതാണ്. ഇത് കെ.എച്ച്.ആർ.ഐ. പിന്തുടരുന്ന ടെസ്റ്റിംഗ് ഗുണനിലവാരവും അനുസരണവും സാക്ഷ്യപ്പെടുത്തുന്നു. ലൈറ്റ്ഗേജ് സ്റ്റീൽ ഉപയോഗിച്ചുള്ള പ്രീ-ഫാബ്രിക്കേറ്റഡ് നിർമ്മാണവുമായി ബന്ധപ്പെട്ടും ജിയോ ടെക്സ്റ്റയിൽസ്, ജിയോസിന്തറ്റിക്സ് എന്നിവയുടെ ഉപയോഗം സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പിന് കെ.എച്ച്.ആർ.ഐ. സാങ്കേതിക പിന്തുണ നൽകുന്നുണ്ട്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന 3 റീജിയണൽ ക്വാളിറ്റി കൺട്രോൾ & ഇൻവെസ്റ്റിഗേഷൻ ലാബുകളെയും 11 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളെയും എൻ.എ.ബി.എൽ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ

ആരംഭിച്ചിട്ടുണ്ട്.

## പാതയോരങ്ങളിൽ വിശ്രമകേന്ദ്രങ്ങളും ടോയ്‌ലെറ്റ് സൗകര്യവും

**6(3003)** ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന പാതയോരങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമാവുന്ന തരത്തിൽ വിശ്രമ കേന്ദ്രങ്ങളും ടോയ്‌ലെറ്റ് സൗകര്യവും ഏർപ്പെടുത്താൻ സമഗ്രപദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

20-02-2020-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 39/2020/ത.സ്വ.ഭ.വ പ്രകാരം ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ പൊതു ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 'ടേക്ക് എ ബ്രേക്ക്' പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിന് തുടർച്ചയായി പൊതുമരാമത്ത് വകുപ്പിന് കീഴിലെ പാതയോരങ്ങളിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി മുഖേന

ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പെർമിസീവ് അനുമതി റോഡ് വിപുലീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ചെലവിലും ഉത്തരവാദിത്വത്തിലും ഇവ നീക്കംചെയ്യുമെന്ന വ്യവസ്ഥയോടെ നൽകാൻ 10-02-2021-ലെ സ.ഉ(കൈ) നം. 10/2021/പൊ.മ.വ പ്രകാരം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചാവക്കാട് താലൂക്കാശുപത്രി നിർമ്മാണം

7(**3004**) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കാശുപത്രി കെട്ടിട നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാവക്കാട് താലൂക്കാശുപത്രിക്കുവേണ്ടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചർ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടത്തിന്റെ ആദ്യഘട്ട ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി ഹോസ്പിറ്റൽ സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകരിച്ച് ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയതിനുശേഷമേ സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(സി) പുതിയ ആശുപത്രി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റ് നടപടികളിലേയ്ക്ക് കടക്കാനാകും.

**പരിസ്ഥിതി സൗഹൃദ കെട്ടിടനിർമ്മാണത്തിന് നടപടി**

**8(3005)** ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ

കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് പ്രീ ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ, ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കലാപരമായും സാങ്കേതികപരമായുമുള്ള മാറ്റങ്ങൾ പരമാവധി ഉൾക്കൊള്ളിച്ചുകൊണ്ടാണ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പ്രവർത്തിച്ചുവരുന്നത്. സമീപകാലങ്ങളിലായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ ഈ മാറ്റം പ്രതിഫലിച്ചുകാണാം. ഈടുള്ള പുതിയ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുക, കെട്ടിടത്തിന്റെ ഭാരം കുറയ്ക്കാനുതകുന്ന AAC(എയറേറ്റഡ് ആട്ടോക്ലേവ്ഡ് സിമന്റ്) ബ്ലോക്കുകൾ, വിവിധ തരം പാർട്ടീഷ്യൻ ഭിത്തികൾ, മഴയെ ഫലപ്രദമായി ചെറുക്കാനുതകുന്ന മേൽക്കൂരകൾ തുടങ്ങിയവയെല്ലാം നിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഭൂകമ്പത്തെ ചെറുക്കാൻ പ്രാപ്തിയുള്ള കെട്ടിടങ്ങളാണ് വകുപ്പ് രൂപകല്പന ചെയ്ത് നിർമ്മിക്കുന്നത്. സാദ്ധ്യമായ ഹരിത നിർമ്മാണ സാങ്കേതികവിദ്യകൾ രൂപകല്പനാ വേളയിൽ ഉൾപ്പെടുത്തുക വഴി മെച്ചപ്പെട്ട വായുസഞ്ചാരവും വെളിച്ചവും ഉറപ്പാക്കാൻ സാധിക്കുന്നു. കൂടാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഭിന്നശേഷി

സൗഹൃദമായുമാണ് രൂപകല്പന ചെയ്യുന്നത്.

(ബി) കേരളത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കണക്കിലെടുത്ത് ആർക്കിടെക്ചറൽ രീതികൾ മെച്ചപ്പെടുത്തുന്നതിന് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

കേരളത്തിന്റെ പ്രത്യേകമായ കാലാവസ്ഥ കണക്കിലെടുത്ത് അനുയോജ്യമായ രീതിയിലാണ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മിതികൾ രൂപകല്പന ചെയ്യുന്നത്. കാലത്തിനനുസരിച്ച് ഹൈറൈസ് കെട്ടിടങ്ങൾ അനിവാര്യമായ സാഹചര്യത്തിൽ പരമ്പരാഗത നിർമ്മാണ സങ്കേതങ്ങൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അവ പരിഹരിക്കാനും അതിനായി ഉപയോഗിക്കാനുതകുന്ന പുതിയ സാങ്കേതിക വിദ്യകളെപ്പറ്റിയും നിർമ്മാണ സാമഗ്രികളെപ്പറ്റിയുമുള്ള അവബോധ ക്ലാസുകൾ വകുപ്പിൽ സംഘടിപ്പിക്കുന്നുണ്ട്. ക്രോഡീകരിക്കപ്പെട്ട ഹരിത നിർമ്മാണ ചട്ടങ്ങളിൽ കെട്ടിട വിഭാഗത്തിലെ ബന്ധപ്പെട്ട എല്ലാ എഞ്ചിനീയർമാർക്കും വാസ്തുശില്പ വിഭാഗത്തിലെ എല്ലാ ആർക്കിടെക്ടുമാർക്കും പല തട്ടുകളിലായി പരിശീലനം നൽകിയിട്ടുണ്ട്.

(സി) എല്ലാ കെട്ടിടങ്ങളിലും ഭൂഗർഭ മഴവെള്ള സംഭരണി, വാഹന പാർക്കിംഗ് സൗകര്യം, ഇലക്ട്രിക് വാഹന ചാർജിംഗ്, സോളാർ പ്ലാന്റുകൾ

എന്നിവകൂടി ഉൾപ്പെടുത്തി പരിസ്ഥിതി സൗഹൃദമായ നിർമ്മിതികൾ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഭൂർഗഭ മഴവെള്ള സംഭരണി, വാഹന പാർക്കിംഗ് സൗകര്യം, സോളാർ പ്ലാന്റുകൾ എന്നിവ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമുള്ള കെട്ടിടങ്ങളിൽ നിർമ്മിക്കാനുള്ള നിർദ്ദേശം നൽകുന്നുണ്ട്. ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥല ലഭ്യതയനുസരിച്ച് നൽകാവുന്നതാണ്.

(ഡി) ഓരോ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ പരിസ്ഥിതി സൗഹൃദ കെട്ടിടം സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

മാതൃകാ പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾ ഓരോ നിയമസഭാ മണ്ഡലങ്ങളിലും നടപ്പാക്കാവുന്നതാണ്.

## നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ വിവരം

9(3006) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളോട് ചേർന്നോ

അല്ലാതെയോ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയുടെ വിവരങ്ങൾ, അവയുൾപ്പെടുന്ന പ്രദേശങ്ങളും വിസ്തീർണ്ണവും അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

നിരത്ത് വിഭാഗത്തിന് കീഴിൽ നിലമ്പൂർ താലൂക്ക്, ചുങ്കത്തറ വില്ലേജിന് കീഴിൽ ചുങ്കത്തറ കൈപ്പിനി റോഡിൽനിന്നും ഏകദേശം 250 മീറ്റർ മാറി ബ്ലോക്ക് നമ്പർ 95, റീസർവ്വേ നമ്പർ 177/4-ൽപ്പെട്ട 81 ആർ 60 ച.മീ. ഭൂമി ഉണ്ട്. നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിൽ 121 സബ്ഡിവിഷനിൽപ്പെട്ട 145/5, 190/7 എന്നീ സർവ്വേ നമ്പറിൽ ഉൾപ്പെട്ട പഴയ റോഡ് (ഏകദേശം 20 ആർ) നിലനിന്നിരുന്ന സ്ഥലം നിലവിൽ സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലമ്പൂർ നഗരസഭയിലെ താഴെ ചന്തക്കുന്ന് സ്വകാര്യ പെട്രോൾ പമ്പിനോട് ചേർന്ന് കെ.എൻ.ജി. റോഡിന് സമീപത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുണ്ടോയെന്നും ഉണ്ടെങ്കിൽ വിസ്തീർണ്ണമെത്രയെന്നും അറിയിക്കാമോ; ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിലമ്പൂർ നഗരസഭയിൽ താഴെ ചന്തക്കുന്ന് പെട്രോൾ പമ്പിനുസമീപം

പൊതുമരാമത്ത് വകുപ്പ് ഭൂമിയുടെ അതിർത്തി കൃത്യമായി രേഖപ്പെടുത്തിയ സ്കെച്ച് നിലവിലെ ഓഫീസ് രേഖകൾ പരിശോധിച്ചതിൽ ലഭിച്ചിട്ടില്ല. താലൂക്ക് സർവ്വേ ഓഫീസുമായി ബന്ധപ്പെട്ട് ഈ ഭാഗത്ത് സർവ്വേ ചെയ്ത് പൊതുമരാമത്ത് വകുപ്പ് വക ഭൂമി അളന്ന് തിട്ടപ്പെടുത്താനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പഴയ പാലങ്ങൾ കാലപ്പഴക്കംകൊണ്ട് ഉപയോഗയോഗ്യമല്ലാതായതിനെത്തുടർന്ന് പുതിയ പാലങ്ങൾ നിർമ്മിച്ചപ്പോൾ പഴയ പാലങ്ങളോടനുബന്ധിച്ച ഭൂമി എവിടെയെല്ലാമാണെന്നും വിസ്തീർണ്ണമെത്രയെന്നും അറിയിക്കാമോ;

(ഡി) മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി വിവിധ ടൂറിസം പദ്ധതികൾക്കായി പ്രയോജനപ്പെടുത്താൻ സാധിക്കുമോയെന്ന് അറിയിക്കാമോ?

(സി&ഡി) പാലം വിഭാഗത്തിനുകീഴിൽ നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴ പാലം, വടപുറം പാലം എന്നിവിടങ്ങളിൽ പഴയ പാലങ്ങളോട് ചേർന്നുവരുന്ന സമീപ റോഡും മറ്റും ഉൾപ്പെടുന്ന ഭൂമി നിലവിലുണ്ട്. ആയതിന്റെ കൃത്യമായ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ

ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. വടപുറം പാലത്തിന്റെ പഴയ പാലത്തിനോട് ചേർന്നനിൽക്കുന്ന ഭാഗങ്ങൾ ടൂറിസം പദ്ധതികൾക്ക് പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതാണെന്ന് കരുതുന്നു.

(ഇ) നിലമ്പൂർ പട്ടണത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളും റസ്റ്റ് ഹൗസും സ്ഥിതിചെയ്യുന്ന ഭൂമി എത്രയെന്നും ആയതിൽ കെട്ടിടങ്ങളില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് എത്ര ഭൂമിയെന്നും അറിയിക്കാമോ?

കെട്ടിട വിഭാഗത്തിനുകീഴിൽ ബ്ലോക്ക്-92, 243/11 സർവ്വേ നമ്പർ പ്രകാരം 0.7310 ഹെക്ടർ ഭൂമിയാണുള്ളത്. ഇതിൽ പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷൻ നിലമ്പൂർ, പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസ്, നിലമ്പൂർ AE ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ റസ്റ്റ്ഹൗസിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ച സ്ഥലവും ഉൾപ്പെടുന്നു.

**പാലക്കാട് ജില്ലയിൽ നബാർഡ് ധനസഹായത്തിനായുള്ള പ്രവൃത്തികൾ**

10 **(3007)** <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി

പുതുതായി സമർപ്പിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിൽ പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായുള്ള പ്രവൃത്തികളൊന്നും നിലവിൽ പരിഗണനയിലില്ല. നിരത്ത് വിഭാഗത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തി നബാർഡ് ധനസഹായത്തിന് സമർപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

NABARD XXVIII 2022-23 - Widening works to Karukaputhur Akkikkavu road km 0/000 - 8/100 in Thrithala LAC - Total Amount - 13.50 Crores.

**കൊടുവള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

11 **(3008)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ പേരുവിവരം, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

കൊടുവള്ളി മണ്ഡലത്തിൽ നിരത്ത്, കെട്ടിടം, ദേശീയപാതാ വിഭാഗങ്ങൾക്കുകീഴിൽ നിലവിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പാലം വിഭാഗത്തിനുകീഴിൽ നിലവിൽ കരിക്കുറ്റിക്കടവ് പാലത്തിന്റെ പ്രവൃത്തി (അനുവദിച്ച തുക 3 കോടി 50 ലക്ഷം രൂപ) നടന്നുവരുന്നു. ആകെയുള്ള രണ്ട് പിയറിൽ ഒന്നിന്റെ പ്രവൃത്തി പൂർത്തിയായി. മറ്റു പിയറിന്റെയും അബട്ട്മെന്റിന്റെയും ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

കിഫ്ബി പദ്ധതിവഴി കൊടുവള്ളി മണ്ഡലത്തിൽ ഭാഗികമായി ഉൾപ്പെട്ട പ്രവൃത്തികൾ:

1. താമരശ്ശേരി-വരിട്ടിയാക്കൽ റോഡ് പ്രവൃത്തിക്ക് 36.77 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 82% പ്രവൃത്തി പൂർത്തിയായി. ടെർമിനേറ്റ് ചെയ്ത ടി പ്രവൃത്തി പുന:ക്രമീകരിക്കാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

2. പരപ്പൻപൊയിൽ-കാരക്കുന്നത്ത് റോഡ് പ്രവൃത്തിക്ക് 45.27 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഈ റോഡ് FDR പദ്ധതിയിൽ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. REC-കുടത്തായി റോഡ് പ്രവൃത്തിക്ക് 45.22 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ 85% സ്ഥലം ലഭ്യമായിട്ടുണ്ട്. FDR പദ്ധതിയിൽ ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

4. മാവൂർ-NIT-കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 52.2 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. LA നടപടികൾ സ്വീകരിച്ചുവരുന്നു.

5. മലയോര ഹൈവേ തലയാട്-മലപുറം-കോടഞ്ചേരി റോഡ് പ്രവൃത്തിക്ക് 48.07 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകി. ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ടി.പി വിഭാഗത്തിന് കീഴിൽ കൊടുവള്ളി മണ്ഡലം ഉൾപ്പെടെ 3 മണ്ഡലങ്ങളിലൂടെ (ബാലുശ്ശേരി, കൊടുവള്ളി, തിരുവമ്പാടി) കടന്നുപോകുന്ന കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - എടവണ്ണ റോഡിന്റെ കണയങ്കോട് പാലം മുതൽ എരഞ്ഞിമാവ് വരെയുള്ള 45.485 കി.മീ റോഡ് പ്രവൃത്തി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. പ്രവൃത്തിയുടെ കരാർ തുക - 221.065 കോടി രൂപയാണ്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**അമ്പലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ**

12 **(3009)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നുവരുന്ന പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ, അവയ്ക്ക് അനുവദിച്ച തുക, നിർമ്മാണ പുരോഗതി എന്നിവ വിശദമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നുവരുന്ന പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും നിർമ്മാണ പുരോഗതിയും അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയുടെ നിർമ്മാണം താമസിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും കാലതാമസത്തിന്റെ കാരണങ്ങളും അനുബന്ധം II ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

13 **(3010)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നീളം, നിലവിലെ അവസ്ഥ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

നിരത്തു വിഭാഗത്തിനുകീഴിലുള്ള റോഡുകൾ:

| സെക്ഷൻ | റോഡിന്റെ നീളം (കി.മീ) | നിലവിലെ അവസ്ഥ |
|---|---|---|
| പാറശ്ശാല | 37.203 | ഗതാഗതയോഗ്യമാണ്. |
| നെയ്യാറ്റിൻകര | 14.2 | ഗതാഗതയോഗ്യമാണ്. |
| കുന്നത്തുകാൽ | 182 | 16.95 കി.മീ റോഡിൽ കുഴികൾ രൂപപ്പെട്ട് തുടങ്ങിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി പ്രവൃത്തികൾ അറേഞ്ച് ചെയ്തുവരുന്നു. |
| ആര്യനാട് | 3.5 | ഗതാഗതയോഗ്യമാണ്. |

ദേശീയപാത വിഭാഗത്തിനുകീഴിൽ BM&BC നിലവാരത്തിൽ നവീകരിച്ച 8 കി.മീ റോഡാണ് പാറശ്ശാല മണ്ഡലത്തിൽ വരുന്നത്.

PMU, KRFB-യ്ക്ക് കീഴിൽവരുന്ന പ്രവൃത്തികളുടെ വിശദാംശം

അനുബന്ധം-I ആയി ചേർക്കുന്നു.+

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പാറശ്ശാല വിശ്രമകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ ഫർണിച്ചറുകളും മാട്രസ്സുകളും സജ്ജീകരിക്കുന്നതിലേക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ, ടോപ്പോഗ്രാഫിക്കൽ സർവ്വേ എന്നിവ പൂർത്തീകരിക്കുകയും ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കുന്നതിലേയ്ക്കായി ആർക്കിടെക്ചറൽ വിംഗിന് കത്ത് നൽകിയിട്ടുണ്ട്.

(സി) പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.+

## വട്ടിയൂർക്കാവ് - പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ വരുന്ന കെട്ടിടങ്ങൾ

14 **(3011)** <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളില്ല.

(ബി) പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(സി) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

## കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ പൊതുമരാമത്ത് പ്രവൃത്തികൾ

15 **(3012)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

2021-22 വർഷം ഭരണാനുമതി ലഭിച്ച കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ മെഡിക്കൽ കോളേജിൽ 2021-22 വർഷം പൊതുമരാമത്ത് മുഖേന നടപ്പിലാക്കുന്ന ഭരണാനുമതി ലഭിച്ച പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

## മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസുകൾ

16 **(3013)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികരുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പുതിയ പൊതുമരാമത്ത് ഓഫീസുകൾ പല വിഭാഗങ്ങളിലായി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പുതിയ കാര്യാലയങ്ങളും അധിക തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച ആവശ്യകത പരിശോധിച്ച് ശാസ്ത്രീയമായി പഠനം നടത്തി വ്യക്തമായി അപഗ്രഥിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ ഒരു "work study" നടത്താൻ IMG-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളും തസ്തികകളും ഏതെല്ലാമാണെന്ന് അറിയിക്കുമോ; പ്രൊപ്പോസലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രൊപ്പോസലിൽ ഉൾപ്പെട്ട ഓഫീസുകളുടെയും തസ്തികകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി അടിയന്തരമായി പുതിയ ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കും IMG യുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റസ്റ്റ് ഹൗസ് പരിഷ്കരണവും കൊടുവള്ളി റസ്റ്റ് ഹൗസ് നിർമ്മാണവും**

17 **(3014)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് പ്രാഥമികഘട്ടത്തിൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രാഥമികഘട്ടത്തിൽ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) 2006-11 കാലഘട്ടത്തിൽ ഇരുപത്തഞ്ച് സെന്റ് സ്ഥലം ലഭ്യമാക്കി ഭരണാനുമതി ലഭിച്ച കൊടുവള്ളി റസ്റ്റ് ഹൗസ് ഇതുവരെ നിർമ്മിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

04-05-2009-ലെ സ.ഉ(സാധാ) നം.580/2009/ പൊ.മ.വ. പ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

73 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിക്ക് 30-11-2009-ന് 78 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരൻ 32% അധിക നിരക്കിലാണ് ക്വാട്ട് ചെയ്തത്. 24 ശതമാനം അധിക നിരക്കിലാണ് പ്രസ്തുത ടെണ്ടറിന് അംഗീകാരം ലഭിച്ചത്. ഇതുകാരണം കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 92 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് SOR 2010 പ്രകാരം പുതുക്കി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല. 24-09-2020-ലെ സ.ഉ.(സാധാ) നം.772/2020/പൊ.മ.വ. പ്രകാരം 256 ലക്ഷം രൂപയ്ക്ക് വീണ്ടും ഭരണാനുമതി നൽകി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03-05-2011-ലെ സ.ഉ. (സാധാ)നം.1132/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ സർവ്വേ നമ്പർ 55/2, 55/1-ൽപ്പെട്ട 25 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ അനുവദിക്കുന്നതിന് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 19-06-2020-ലെ ഭരണസമിതിയുടെ 17.3/2020-21 നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 66 സെന്റ് സ്ഥലം 2006-ൽ

മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനും 25 സെന്റ് സ്ഥലം 2006-ൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും വിട്ടുകൊടുത്തതിനാൽ ബ്ലോക്ക് ഓഫീസ് പരിസരത്ത് വാഹന പാർക്കിംഗ് പ്രശ്നം നിലനിൽക്കുന്നുവെന്നും ആയത് പരിഹരിക്കുന്നതിന് ഫണ്ട് അനുവദിച്ചതുകൊണ്ടും ബി.ഡി.ഒ. ക്വാർട്ടേഴ്സ് പൊളിക്കേണ്ടതിനാലും മുമ്പ് സ്ഥലം കൈമാറുന്നതിന് കൈക്കൊണ്ട തീരുമാനം റദ്ദ് ചെയ്യുകയും സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തതായി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ 10-06-2021-ന് രേഖാമൂലം അറിയിച്ചു.

(സി) പ്രസ്തുത നിർമ്മാണത്തിന് ആദ്യം ഭരണാനുമതി ലഭിച്ച തുകയിൽ നിന്ന് എത്ര രൂപയുടെ വർദ്ധനവാണ് നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

73 ലക്ഷം രൂപയിൽനിന്ന് 256 ലക്ഷം രൂപയ്ക്കാണ് പുതുതായി ഭരണാനുമതി ലഭിച്ചത്. 183 ലക്ഷം രൂപയുടെ വർദ്ധനവാണ് നിലവിൽ വന്നിട്ടുള്ളത്.

## കുറ്റ്യാടി, കക്കട്ടിൽ ടൗൺ നവീകരണം

18 **(3015)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കട്ടിൽ ടൗൺ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ കരാർ തീയതി, പൂർത്തീകരണ സമയം, ക്വാട്ടഡ് റേറ്റ് എന്നിവ അറിയിക്കാമോ?

കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തിയുടെ ഡ്രെയിനേജും കവറിംഗ് സ്ലാബും ഉൾപ്പെടെ കുറ്റ്യാടി നാദാപുരം റോഡിൽ 350 മീറ്റർ, കുറ്റ്യാടി പേരാമ്പ്ര റോഡിൽ 40 മീറ്റർ, കുറ്റ്യാടി - തൊട്ടിൽപാലം റോഡിൽ 150 മീറ്റർ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെ ഹാന്റ് റെയിൽ, ഇന്റർലോക്ക്, കെർബ്, റോഡ് മാർക്കിംഗ്, ദിശാഫലകങ്ങൾ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ കരാർ തീയതി 21-11-2018 ആണ്. 20-03-2019 വരെ 4 മാസത്തെ പൂർത്തീകരണ കാലാവധിയാണ് നൽകിയിരുന്നത്. ആയത് 30-09-2022 വരെ നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എഗ്രീഡ് പി.എ.സി. 1,32,20,088/-രൂപയാണ്. കക്കട്ടിൽ ടൗൺ നവീകരണ പ്രവൃത്തിയുടെ ഡ്രെയിനേജ്, കവറിംഗ് സ്ലാബ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 737 മീറ്റർ ഹാന്റ് റെയിൽ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിലെ ഹാന്റ് റെയിൽ,

ഇന്റർലോക്ക്, കെർബ്, റോഡ് മാർക്കിംഗ്, ദിശാഫലകങ്ങൾ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ കരാർ തീയതി 29-11-2019 ആകുന്നു. 28-05-2020 വരെ 6 മാസത്തെ പൂർത്തീകരണ കാലാവധിയാണ് നൽകിയിരുന്നത്. ആയത് 30-09-2022 വരെ നീട്ടിനൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ എഗ്രീഡ് പി.എ.സി. 1,61,14,510.30/-രൂപ ആകുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ?

<u>കുറ്റ്യാടി ടൗൺ</u>

കൈവരി നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, കവറിംഗ് സ്ലാബ്, സൈൻ ബോർഡ് റോഡ് സ്റ്റഡ്, റോഡ് മാർക്കിംഗ് കർബ് പെയിന്റിംഗ്, ഇന്റർലോക്കിംഗ്.

<u>കക്കട്ടിൽ ടൗൺ</u>

കൈവരി നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, സൈൻ ബോർഡ് റോഡ് സ്റ്റഡ്, റോഡ് മാർക്കിംഗ്, കവറിംഗ് സ്ലാബ്, WMM ഇന്റർലോക്കിംഗ്.

(സി) പ്രസ്തുത പ്രവൃത്തികൾ വൈകിയ സാഹചര്യത്തിൽ

വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നതിനാൽ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ ശിപാർശ ചെയ്തിരുന്നെങ്കിലും പ്രവൃത്തി തീർക്കാമെന്ന് കരാറുകാരൻ ഉറപ്പുനൽകിയ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് പ്രവൃത്തി ചെയ്തുതീർക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ ഘടകങ്ങളുടെ സമയക്രമം**

19 **(3016)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ വിവിധ ഘടകങ്ങൾ പൂർത്തിയാക്കാൻ ഓരോ ഘടകത്തിനും നിശ്ചിത സമയക്രമം ഉൾക്കൊള്ളിച്ച് കൊണ്ട് കരാർ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിലെ വിവിധ ഘടകങ്ങൾ പൂർത്തിയാക്കാനുള്ള സമയക്രമം ഉൾക്കൊള്ളിച്ച് കരാർ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരവും

സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഒരു പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യമായ ആകെ കാലാവധി മാത്രം കരാറിൽ രേഖപ്പെടുത്തുന്ന പക്ഷം കരാർ കാലാവധിയുടെ അവസാന സമയങ്ങളിൽ മാത്രം പ്രവൃത്തി ആരംഭിക്കുന്ന പ്രവണത ഇതുവഴി ഇല്ലാതാകാൻ സാധിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് മാന്വൽ ക്ലോസ് 2112 പ്രകാരം "Time shall be considered as the essence of the contract except in case of piece work contract" എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത ക്ലോസ് പ്രകാരം കരാർ ഉടമ്പടി ചെയ്യുന്നതിന് മുൻപായി കരാറുകാരൻ പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും നിർവ്വഹിക്കുന്നതിനുള്ള കാലക്രമം അനുസരിച്ചുള്ള പദ്ധതി സമർപ്പിക്കേണ്ടതാണ്. ടി നടപടിക്രമം എഗ്രിമെന്റ് അതോറിറ്റി പരിശോധിക്കുകയും അംഗീകരിക്കുന്ന പക്ഷം കരാറിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത നടപടിക്രമം പിന്തുടരാതെയിരിക്കുന്നതായി ബോധ്യപ്പെട്ടാൽ കരാറുകാരന്റെ പേരിൽ പിഴ ചുമത്തുകയും കരാറിന്റെ ടെർമിനേഷൻ നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ക്ലോസ് 2116.1 വ്യവസ്ഥ പ്രകാരം കോൺട്രാക്ട് നിബന്ധനകളിൽ പറഞ്ഞ പ്രകാരമുള്ളതോ പുനഃക്രമീകരിക്കപ്പെട്ടതോ ആയിട്ടുള്ള നിശ്ചിതമായ ഒരു നാഴികക്കല്ല്

(milestone) പ്രാപ്തമാക്കാൻ സാധിക്കാത്ത പക്ഷം, പ്രസ്തുത മൈൽസ്റ്റോണിനെതിരെ സൂചിപ്പിച്ചിട്ടുള്ള തുക തടഞ്ഞുവയ്ക്കുകയും ഒടുവിൽ അനുവദിക്കപ്പെടുന്ന എക്സ്റ്റൻഷൻ ഓഫ് ടൈം (Extension of time) -ന്റെ നഷ്ടപരിഹാര തുകയിൽ ക്രമീകരിക്കുകയും ചെയ്യുന്നു.

കൂടാതെ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിന്റെ (SBD) ക്ലോസ് 43.1 പ്രകാരം നിശ്ചയിക്കപ്പെട്ട മൈൽസ്റ്റോൺ അഥവാ പ്രോഗ്രാം ചാർട്ട് കോൺട്രാക്ടർ പാലിക്കാതെയിരിക്കുന്നപക്ഷം പ്രസ്തുത കോൺട്രാക്ടർ, എംപ്ലോയർക്ക് ജനറൽ കണ്ടിഷൻസ് ഓഫ് കോൺട്രാക്ട് (GCC) ക്ലോസ് 15 പ്രകാരമുള്ള Liquidated damages അടയ്ക്കേണ്ടതാണ്.

**പന്ന്യന്നൂർ ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിട നിർമ്മാണം**

20 **(3017)** <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. മുഖാന്തരം നടപ്പിലാക്കുന്ന പന്ന്യന്നൂർ ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ ഡിസൈനിന് അംഗീകാരമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന്

വ്യക്തമാക്കാമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചശേഷം സ്ഥലം സന്ദർശിച്ച് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാൻ ഐ.ടി.ഐ. വകുപ്പിന്റെ അംഗീകാരത്തോടെ ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഡിസൈൻ വിഭാഗത്തിൽ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കുമോ?

സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയായതിനുശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**ആഭ്യന്തര വകുപ്പിന് സ്ഥലം കൈമാറുന്നതിനുള്ള നടപടി**

21 **(3018)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കൊപ്പം വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം. 25-ൽ റീസർവ്വേ 150/3 ഉൾപ്പെടുന്ന 0.2300 ആർ സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം കൈമാറുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) കൊപ്പം വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം. 25-ൽ റീസർവ്വേ 150/3 ഉൾപ്പെടുന്ന 0.2300 ആർ സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച അപേക്ഷ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ലഭിച്ചിട്ടുണ്ട്. അപേക്ഷ പ്രകാരം പ്രസ്തുത സ്ഥലം 22-06-2022-ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പെരിന്തൽമണ്ണയിൽ പൊതുമരാമത്ത് വിശ്രമ കേന്ദ്രം**

22 **(3019)** <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണയിൽ പൊതുമരാമത്ത് വിശ്രമ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ?

പരിഗണനയിലുണ്ട്.

(ബി) ഇത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയമസഭാമണ്ഡലം മോണിറ്ററിംഗ് കമ്മിറ്റി നോഡൽ ഓഫീസർ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വിളിച്ച യോഗത്തിൽ ബഹു. എം.എൽ.എ. പെരിന്തൽമണ്ണയിൽ റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കുന്നതിന് ആരാഞ്ഞിരുന്നു. എന്നാൽ കെട്ടിട വിഭാഗത്തിന് കീഴിൽ സ്ഥലം ലഭ്യമല്ലെന്നും ആയതുകൊണ്ട് മറ്റ് വിംഗുകളുടെ കീഴിൽ സ്ഥലം ലഭ്യമാണോ എന്നറിയുവാൻ യോഗം തീരുമാനമെടുത്തിരുന്നു.

**ചാവക്കാട് താലൂക്ക് ഓഫീസ് കെട്ടിട നിർമ്മാണം**

23 **(3020)** <u>ശ്രീ. എൻ. കെ. അക്ബർ:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സൈറ്റ്പ്ലാൻ, കെട്ടിടത്തിന് ആവശ്യമായ requirements, പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആർക്കിടെക്റ്റിന്റെ കാര്യാലയത്തിൽനിന്നും ചാവക്കാട് താലൂക്ക് ഓഫീസ് സ്ഥലം സന്ദർശിച്ചു.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 01-07-2022-ന് നടന്ന അവലോകനയോഗത്തിൽ, ചാവക്കാട് താലൂക്ക് കോമ്പൗണ്ടിലെ നിലവിലെ പഴക്കമുള്ള കെട്ടിടംകൂടി പൊളിച്ചുമാറ്റി വലിയ കെട്ടിട സമുച്ചയമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ ചെയ്തെങ്കിലും റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) ചാവക്കാട് റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്

നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ചാവക്കാട് റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിന് പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ പ്ലാൻ തയ്യാറാക്കുന്നതിനായി ആർക്കിടെക്റ്റിന് സമർപ്പിക്കുന്നതാണ്.

**ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിന്റെ നവീകരണം**

24 **(3021)** ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പരിഷ്ക്കരണ പുരോഗതി വിശദമാക്കുമോ?

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പരിഷ്ക്കരണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 41.24 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പരിഷ്ക്കരണം പുരോഗമിക്കുന്ന സാഹചര്യത്തിൽ എം.സി. റോഡിന്റെ പാരലൽ റോഡുകൾ നവീകരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

SH 01/NH 183 എന്നിവയ്ക്ക് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലിവരെ ഒരു ഗ്രീൻഫീൽഡ് ഇടനാഴിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ദേശീയപാതാ അതോറിറ്റി M/s Highway Engineering Consultant-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 25% സംസ്ഥാനം വഹിക്കുന്നതിനും ഈ വിഷയത്തിൽ ദേശീയപാതാ അതോറിറ്റി, കിഫ്ബി, പൊതുമരാമത്ത് വകുപ്പ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പിടുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

പദ്ധതി ' Grand Challenge mechanism' -ൽ ഭാരത്മാല പരിയോജനയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്.

**കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് റീടാറിംഗ്**

25 **(3022)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറെടുത്തതിനുശേഷം കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് ഉപരിതലം പൊളിച്ചതിനാൽ പൊതുജനം ഗതാഗതത്തിനായി

പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊളിച്ച പ്രതലത്തിൽ ജി.എസ്.ബി. ഉപയോഗിച്ച് നിരത്തി റോൾ ചെയ്തിട്ടുണ്ട്. മഴമൂലം എം.എസ്.എസ്. (ബിറ്റുമിനസ്) പ്രവൃത്തി ചെയ്യുന്നത് തടസ്സപ്പെട്ടിട്ടുണ്ട്. മഴ മാറുന്ന മുറയ്ക്ക് എം.എസ്.എസ്. പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കും.

(ബി) കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് റീടാറിംഗ് പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

02-04-2022-ൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. 6 മാസത്തെ പൂർത്തീകരണ കാലാവധിക്കുള്ളിൽ (01-10-2022-നകം) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

**കോട്ടൂർ ഇന്ത്യനൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

26 **(3023)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടൂർ ഇന്ത്യനൂർ ബൈപ്പാസ് റോഡ്

പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടൂർ ഇന്ത്യനൂർ ബൈപ്പാസ് റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട കോട്ടക്കൽ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം ഉത്തരമേഖലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയ സാങ്കേതിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2020-21 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2020-21 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ ഉൾപ്പെടുത്തിയ പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച

നടപടികൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി

27 **(3024)** <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പൊട്ടൻകാവ് - നെല്ലിക്കാട് - തുങ്ങാംപാറ - തെരളിക്കുഴി റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായുള്ള അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി വഴി നടപ്പിലാക്കുന്ന പൊട്ടൻകാവ്-നെല്ലിക്കാട്-തുങ്ങാംപാറ-തെരളിക്കുഴി റോഡിന് 15 കോടി രൂപയുടെ ഭരണാനുമതിയും സ്ഥലമേറ്റെടുക്കലിനുൾപ്പെടെ 18.748 കോടി രൂപയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തി കിഫ്ബിയുടെ എഫ്.ഡി.ആർ. പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്ത് ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന ചൊവ്വല്ലൂർ - മൈലാടി - നെടുങ്കുഴി- പരുത്തുംപാറ - മൈലാടി സി.എ.റ്റി. (കോളേജ് ഓഫ് ആർക്കിടെക്ചർ) റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി വിശദമാക്കാമോ; ഇതിനായുള്ള അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചൊവ്വല്ലൂർ- മൈലാടി-നെടുങ്കുഴി പരുത്തുംപാറ-മൈലാടി സി.എ.റ്റി. റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 11-08-2020-ൽ കിഫ്ബിയിൽ നിന്നും 7.40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി 22-09-2021-ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. SIA പഠനത്തിനായി Centre for land and Social Studies എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 6(1)

നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കി കല്ലിടുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. അലൈൻമെൻറ് പ്ലാൻ റവന്യൂ വകുപ്പിന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരണത്തിനായി കൈമാറിയിട്ടുണ്ട്.

**തിരുവള്ളൂർ ആയഞ്ചേരി റോഡ്**

28 **(3025)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവള്ളൂർ ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നാമകരണ മാറ്റം സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; എസ്റ്റിമേറ്റിലെ എന്തൊക്കെ മാറ്റം കാരണമാണ് പുതുക്കിയ അനുമതിക്കായി സമർപ്പിച്ചത് എന്നറിയിക്കാമോ?

തിരുവള്ളൂർ ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നാമകരണം മാറ്റം സംബന്ധിച്ച നടപടികൾ PWD-PS2/373/2021-PWD നം. ഫയലിൽ പരിശോധിച്ചുവരുന്നു. DSR 2018 നിലവിൽ വന്നപ്പോൾ ഉണ്ടായ എസ്റ്റിമേറ്റ് നിരക്കിലെ വ്യതിയാനവും അനുവദിച്ച തുകയ്ക്കുള്ളിൽ തന്നെ എസ്റ്റിമേറ്റ് ഉൾക്കൊള്ളിക്കേണ്ടതിനാലുമാണ് പ്രസ്തുത പ്രവൃത്തി നീളംകുറച്ച് നാമകരണ

മാറ്റത്തിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ?

02-08-2019-ലെ സ.ഉ.(സാധാ) നം. 966/2019/പൊ.മ.വ. പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

നാമകരണ മാറ്റത്തിന് അംഗീകാരം നൽകുന്ന നടപടികൾ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു. അംഗീകാരം നൽകിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡ് പണി മുടങ്ങിക്കിടക്കുന്നത് സംബന്ധിച്ച്

29 **(3026)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര ഉണ്ണ്യാൽ റോഡിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റാത്തത് കാരണം റോഡ് പണി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയത് മുറിച്ച് മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന 125 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിൽനിന്നും 12,60,427/-രൂപയ്ക്ക് വാല്യൂവേഷൻ ലഭിക്കുകയും 12,60,427/-രൂപയുടെ സർവ്വേ റിപ്പോർട്ട് 22-08-2019-ൽ അംഗീകരിക്കുകയും ചെയ്തു. മലപ്പുറം, എൻ.എച്ച്. വിഭാഗം മുഖാന്തരം മൂന്ന് തവണ ലേലം നടത്തിയെങ്കിലും ആരുംതന്നെ ടി ലേലത്തിൽ പങ്കെടുത്തില്ല. തുടർന്ന് കെ.ആർ.എഫ്.ബി. - പി.എം.യു. 24-08-2021-ന് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുകയും രണ്ടുതവണ ലേലം നടത്തുകയും ചെയ്തു. അതിലും ആരും പങ്കെടുത്തില്ല. തുടർന്ന് ലഭിച്ച രണ്ട് ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിൽ ലഭിച്ചിരുന്നു. എന്നാൽ ഏറ്റവും കൂടുതൽ ക്വാട്ട് ചെയ്ത തുകയായ 5,000/-രൂപ അംഗീകരിച്ച സർവ്വേ റിപ്പോർട്ട് തുകയെക്കാൾ വളരെ കുറവായതിനാൽ പ്രസ്തുത ക്വട്ടേഷൻ അംഗീകരിക്കാതെ ഇ-ഓക്ഷൻ നടത്തി സുതാര്യത ഉറപ്പാക്കുന്നതിന് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 21-05-2022-ൽ നിർദ്ദേശം നൽകി.

നേരത്തെ അംഗീകരിച്ച 125 മരങ്ങൾ കൂടാതെ 8 മരങ്ങൾക്കുള്ള 74,932/- രൂപയുടെ സർവ്വേ റിപ്പോർട്ട് 18-02-2022-ന് കെ.ആർ.എഫ്.ബി. അംഗീകരിച്ചിട്ടുണ്ട്. ആകെ 13,35,359/-രൂപയുടെ 133 മരങ്ങൾ 08-07-2022-ൽ ഇ-ലേലം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) എന്നത്തേയ്ക്ക് അവ മുറിച്ചുമാറ്റി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇ-ലേലം മുഖാന്തരം ലേലംകൊള്ളുന്ന വ്യക്തിയെക്കൊണ്ട് മരങ്ങൾ പൂർണ്ണമായും മുറിച്ചുമാറ്റിയശേഷം റോഡിന്റെ പ്രതല നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയും.

**കുറ്റ്യാടി – പെരിങ്ങത്തൂർ - കൂത്തുപറമ്പ് – മട്ടന്നൂർ നിർദ്ദിഷ്ട എയർപോർട്ട് റോഡ്**

30 **(3027)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കുറ്റ്യാടി – പെരിങ്ങത്തൂർ - കൂത്തുപറമ്പ് – മട്ടന്നൂർ നിർദ്ദിഷ്ട എയർപോർട്ട് റോഡിന്റെ നിലവിലെ സ്ഥിതിയും വികസന പുരോഗതിയും വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള 29.80

കി.മീ. റോഡിന്റെ അന്തിമ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ ഡി.പി.ആർ. കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി 24-05-2022-ന് കിഫ്ബിയിൽ സമർപ്പിച്ചു. കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന 22.50 കി.മീ റോഡിന്റെ അന്തിമ അലൈൻമെന്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, സർവ്വേ തുടങ്ങിയ ജോലികൾ ആരംഭിച്ച വർഷവും പൂർത്തിയായ വർഷവും വ്യക്തമാക്കുമോ?

പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, സർവ്വേ നടപടികൾക്ക് 02-03-2019-ൽ എഗ്രിമെന്റ് വച്ച് സർവ്വേ നടപടികൾ ആരംഭിച്ചു. കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി അംഗീകാരത്തിനായി 24-05-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വരുന്ന റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് തയ്യാറാക്കിയ ഡ്രാഫ്റ്റ് അലൈൻമെന്റ് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത റോഡിന്റെ ആദ്യത്തെ അലൈൻമെന്റിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ; നിലവിലുള്ള അലൈൻമെന്റിൽ മാറ്റംവരുത്താൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കിഫ്ബിയുടെ നിർദ്ദേശാനുസരണം പ്രസ്തുത റോഡിന്റെ കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്തിന്റെ കിഫ്ബിയുടെ നിർദ്ദേശാനുസരണം പുതുക്കിയ ഡി.പി.ആർ.-ലെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം അംഗീകരിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടില്ല. കോഴിക്കോട് ജില്ലയിൽ വരുന്ന റോഡിന്റെ ഡ്രാഫ്റ്റ് അലൈൻമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത റോഡിന്റെ വീതിയും വരിയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; റോഡ് കടന്നുപോകുന്ന പ്രധാനപ്പെട്ട ടൗണുകളിലോ കവലകളിലോ മറ്റ് സ്ഥലങ്ങളിലോ അനുബന്ധ റോഡുകൾ വികസിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

24 മീറ്റർ വീതിയിൽ നാലുവരിപ്പാതയായാണ് നിർദ്ദിഷ്ട റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. ടി റോഡ് കടന്നുപോകുന്ന പ്രധാന പട്ടണപ്രദേശങ്ങൾ, കവലകൾ തുടങ്ങിയവ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥയും ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) റോഡിന്റെ അക്വിസിഷൻ നടപടികളുടെ പുരോഗതിയും നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നും വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെയുള്ള പുതുക്കിയ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

(എഫ്) പ്രസ്തുത റോഡ് വികസനത്തിന്റെ ഭാഗമായി സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

എൽ.എ. ആക്റ്റ് അനുസരിച്ചുള്ള നഷ്ടപരിഹാരമായിരിക്കും നൽകുക.

(ജി) പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ? റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

അലൈൻമെന്റ് മാറ്റം ആവശ്യപ്പെട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിലും അംഗീകരിച്ച അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ നിർവ്വാഹമില്ല എന്ന് പരാതിക്കാരെ അറിയിച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ നവീകരിക്കുന്നതിന് നടപടി

31 **(3028)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ റോഡുകളുടെ പേരും നീളവും അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ വരുന്ന വാമനപുരം മണ്ഡലത്തിലെ റോഡുകളുടെ ദൈർഘ്യം ചുവടെ ചേർക്കുന്നു.

പാലോട് - ബ്രൈമൂർ - 14.72 കി.മീ

വാമനപുരം-ചിറ്റാർ റോഡ് - 15.5 കി.മീ

വെഞ്ഞാറമൂട് റിംഗ് റോഡ് - 10.12 കി.മീ

മുതുവിള-ചെല്ലഞ്ചി-പേരയം-കുടവനാട് - നന്നിയോട് റോഡ് -13.64

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കി.മീ

മലയോര ഹൈവേ - പെരിങ്ങമ്മല മുതൽ നരിക്കൽ വരെ-7.5 കി.മീ

മലയോര ഹൈവേ-ചല്ലിമുക്ക് മുതൽ പാലോട് വരെ- 8.7 കി.മീ

(ബി) പ്രസ്തുത റോഡുകളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യവും അറിയിക്കാമോ;

(സി) ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ അടിയന്തരമായി നവീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ പൂർണ്ണമായും ഗതാഗതയോഗ്യമല്ലാത്ത റോഡുകളില്ല. അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമുള്ള റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കുടവനാട് - പാലുവള്ളി-ചെല്ലഞ്ചി റോഡ് -2.6 കി.മീ.

2. കല്ലറ – തൊളിക്കുഴി റോഡ് - 5.3 കി.മീ.

3. താന്നിമൂട് - സിൽക്ക്ഫാം - തേമ്പാംമൂട്റോഡ് - 1 കി. മീ.

4. മുതുവിള – പരപ്പിൽ റോഡ് -2.2 കി.മീ

ഗതാഗതം സുഗമമല്ലാത്ത റോഡുകളിൽ അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികളും ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ മുതുവിള - ചെല്ലഞ്ചി - പേരയം - കുടവനാട് - നന്നിയോട് റോഡ് അടിയന്തര അറ്റകുറ്റപ്പണികൾക്കായി 18-02-2022-ൽ 28.69 ലക്ഷം രൂപയുടെയും 11-05-2022-ൽ 35 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു.

**കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണം**

32 **(3029)** ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഐ.സി.കെ. വഴി നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണത്തിനുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ധനവകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടിയും വിശദമാക്കാമോ?

കരമന-വെള്ളറട റോഡിന്റെ (35.5 Km) പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. 15-02-2016-ലെ സ.ഉ.(സാധാ) നം.355/2016/ പൊ.മ.വ. പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 21.44 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചുകൊണ്ട്

സർക്കാർ ഉത്തരവായിട്ടുള്ളതാണ്. കരമന-വെള്ളറട റോഡ് 3 റീച്ച് ആയാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നത്. ആദ്യ റീച്ചായ (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ 0/000 to 5/500 Km) 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ വകുപ്പിൽനിന്നും 19(1) പ്രസിദ്ധീകരിക്കേണ്ടതുണ്ട്. രണ്ടാമത്തെ റീച്ചായ കുണ്ടമൺകടവ് മുതൽ ഞാറവിള 5/500 to 20/000 വരെയും മൂന്നാമത്തെ റീച്ചായ ഞാറവിള മുതൽ വെള്ളറട 20/000 മുതൽ 35/500 Km വരെയും 11(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽ നിന്നും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ കരമന-വെള്ളറട റോഡിന്റെ 225.3 കോടി രൂപ ചെലവ് വരുന്ന ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി പ്രസ്തുത റോഡ് പ്രവൃത്തി കെ.ആർ.എഫ്.ബി.-ക്ക് കൈമാറുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മഞ്ചേരി മണ്ഡലത്തിലെ റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് നടപടി

33 **(3030)** <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി മഞ്ചേരി മണ്ഡലത്തിലെ കാരക്കുന്ന്-ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെ ഗതാഗതം ദുഃസ്സഹമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഭാഗങ്ങളിൽ അടിയന്തരമായി റോഡ് വീതി കൂട്ടി ബി.എം. ആന്റ് ബി.സി. ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നാട്ടുകാണി - പരപ്പനങ്ങാടി റോഡിൽ ഡി.എഫ്.ഐ.പി. പദ്ധതിയിൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധിക്കാത്ത ഭാഗങ്ങൾ നവീകരിക്കുന്നതിന് വേണ്ടി ബാലൻസ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ജസീല ജംഗ്ഷൻ മുതൽ മഞ്ചേരി കച്ചേരിപ്പടി വരെ റോഡ് വീതി കൂട്ടി ബി.എം. ആന്റ് ബി.സി. ചെയ്ത് മഞ്ചേരി സെൻട്രൽ ജംഗ്ഷൻ വീതികൂട്ടി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവറിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ നെല്ലിപ്പറമ്പ് മുതൽ കച്ചേരിപ്പടി വരെ ഭൂമി ഏറ്റെടുത്ത് വീതികൂട്ടുന്നത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ

തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഏറനാട് താലൂക്ക് മഞ്ചേരി ജസീല ജംഗ്ഷനിലെ മേൽപ്പാലം നിർമ്മിക്കുന്നതിന് 1,650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 2.51 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുകയും ഫ്ളൈഓവർ പ്രവൃത്തിക്കാനാവശ്യമായ അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. ഡിസൈൻ ലഭ്യമാക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നൽകുകയും ഡിസൈൻ വിംഗ് കുറച്ചുകൂടി വിശദവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നതുമാണ്. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുകയാണ്.

(സി) പാണ്ടിക്കാട് വണ്ടൂർ വടപുറം റോഡിൽ പാണ്ടിക്കാട് ഒരവമ്പുറം മുതൽ കോടശ്ശേരി പാലം വരെയുള്ള ഭാഗം ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) മുള്ളിയാകുറിശ്ശി-പാണ്ടിക്കാട് റോഡിൽ ആക്കപ്പറമ്പ് മുതൽ പട്ടിക്കാട് വരെയുള്ള റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) മാലാംകുളം-ചെറാങ്കുത്ത്-ചെറുകുളം റോഡ്, ചെരണി-പന്നിപ്പാറ റോഡ് എന്നിവ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ?

**(സി-ഇ)** ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല.

(എഫ്) ചെരണി-മംഗലശ്ശേരി- ക്ലമങ്കളം റോഡ്, ചോലക്കൽ-തോട്ടുപോയിൽ-മീമ്പാറക്കൽ റോഡ് എന്നിവ ബി.എം. ആന്റ് ബി.സി. ചെയ്ത് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ചെരണി-മംഗലശ്ശേരി-ക്ലമങ്കളം റോഡ് നിലവിൽ ബി.എം. ചെയ്തിട്ടുള്ളതാണ്. പൈപ്പ് ലൈനിനുവേണ്ടി ട്രഞ്ച് എടുത്ത ഭാഗങ്ങളിൽ ബി.എം. ലെയർ പൂർത്തീകരിച്ചിട്ടുണ്ട്. മഴമാറുന്ന മുറയ്ക്ക് ബി.സി. ലെയർ പ്രവൃത്തി ആരംഭിക്കാൻ കഴിയും. ചോലക്കൽ-തോട്ടുപോയിൽ-മീമ്പാറക്കൽ റോഡ് ബി.എം. ആന്റ് ബി.സി. ചെയ്യുന്ന പ്രവൃത്തിക്ക് നിലവിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അറ്റകുറ്റപ്പണികൾക്കായി ആർ.സി.-1 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മാനന്തവാടി റീബിൽഡ് കേരള പദ്ധതി**

34 **(3031)** <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന മാനന്തവാടി - വിമലനഗർ - കുളത്താട - വാളാട് എച്ച്.എസ്.-പെരിയ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മാനന്തവാടി-പെരിയ റോഡിന്റെ 16.02 കി.മീ. ബിറ്റുമിനസ് കോൺക്രീറ്റ് പൂർത്തിയായി. 49 കലുങ്കുകളും 3.2 കി.മീ. ഓടയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ 52 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡിൽ പല സ്ഥലത്തും സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ അപകടാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് പ്രവർത്തികൾ പി.എ.പി. വർക്കിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡുകളുടെ കാലവർഷ തകർച്ച നേരിടുന്നതിന് നടപടി**

35 **(3032)** ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സവിശേഷമായ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ച് റോഡുകളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പൊതുമരാമത്ത് റോഡുകളിൽ Traffic Volume Study-യും Detailed Investigation-ഉം നടത്തി റോഡിന്റെ അടിസ്ഥാനം ബലപ്പെടുത്തിയും മഴവെള്ളവും ഉറവകളും റോഡിൽ കെട്ടിനിൽക്കാതെ ആവശ്യമായ കാനകൾ നിർമ്മിച്ചും റോഡിനെ പുനർനിർമ്മിച്ചും റോഡിന്റെ സംരക്ഷണം ഉറപ്പാക്കിവരുന്നു. നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ "റണ്ണിംഗ് കോൺട്രാക്ട്" എന്ന പേരിൽ കരാറുകാരനെ വർഷം മുഴുവൻ റോഡ് പരിപാലിക്കേണ്ട ചുമതല ഏൽപ്പിക്കുകയും റോഡിന്റെ മോശം അവസ്ഥകൊണ്ടുണ്ടാകുന്ന അപകടം ഇല്ലാതാക്കാൻ സാധിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ 7000 കി.മീ. വരുന്ന കോർ റോഡ് നെറ്റ്‌വർക്കിൽ ഉൾപ്പെട്ട

റോഡുകളിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടെ റോഡിന്റെ നിർമ്മാണഘട്ടത്തിൽത്തന്നെ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതികവിദ്യയും (Climatic Resilient Road) നടപ്പിലാക്കുന്നതാണ്.

(ബി) കാലവർഷക്കെടുതിയിൽനിന്ന് റോഡുകളും മരാമത്ത് ആസ്തികളും സംരക്ഷിക്കുന്നതിന് പ്രത്യേക ടാസ്ക് ഫോഴ്സും കൺട്രോൾ റൂം അടക്കമുള്ള സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) റോഡിന്റെ തകർച്ച അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പർ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നമ്പർ മുഖേന അറിയിക്കുന്ന പരാതികൾക്ക് ഉടൻ പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**(ബി&സി)** ഉണ്ട്. 25-05-2022-ലെ പൊതുമരാമത്ത് വകുപ്പ് മിഷൻ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും ആസ്തികളും സംരക്ഷിക്കുന്നതിന് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ലെവൽ ടീം, ഡിസ്ട്രിക്റ്റ് ലെവൽ ടീം എന്നിവ ഉൾപ്പെടുന്നു.

ഇതനുസരിച്ച് “ 1800-425-7771” എന്ന ടോൾ ഫ്രീ നമ്പരിൽ പൊതുജനങ്ങൾക്ക് പരാതി അറിയിക്കാൻ പബ്ലിക് ഇൻഫർമേഷൻ സെൽ (PI) Cell KSTP യിൽ കൺട്രോൾ റൂം ആയി പ്രവർത്തിക്കുന്നു. മേൽ ടോൾ ഫ്രീ നമ്പരിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ രാത്രി 7.30 വരെ പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്. ഒരു പരാതി ലഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ആയത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് PI സെൽ ഫോൺ മുഖാന്തരം കൈമാറുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ പരാതി സ്ഥലം പരിശോധിച്ച് സ്ഥിരമായോ താൽക്കാലികമായോ പരാതി പരിഹരിക്കുന്നു. മഴ ഇല്ലെങ്കിൽ 48 മണിക്കൂറിനുള്ളിൽ താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കണമെന്നാണ് നിർദ്ദേശം. പരാതി പരിഹരിച്ച വിവരം പരാതിക്കാരനെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയും PI സെല്ലുമായി ബന്ധപ്പെട്ടുള്ള വാട്ട്സാപ്പ് ഗ്രൂപ്പിൽ അറിയിക്കുകയും ചെയ്യുന്നു. കൂടാതെ പരാതി പരിഹരിക്കുന്നതിന് മുൻപും ശേഷവുമുള്ള ഫോട്ടോകൾ പ്രസ്തുത വാട്ട്സാപ്പ് ഗ്രൂപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉടൻതന്നെ അയയ്ക്കുകയും ചെയ്യുന്നു.

(ഡി) പ്രതികൂല കാലാവസ്ഥയിൽ റോഡുകൾക്ക് ഉണ്ടാകുന്ന തകർച്ച

പെട്ടെന്ന് കണ്ടെത്തി പരിഹരിക്കുന്നതിലൂടെ ഗതാഗത ക്ഷമത നിലനിർത്തുന്നതിനും അമിത ചെലവുകൾ ഒഴിവാക്കുന്നതിനും കഴിയുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. പൊതുമരാമത്ത് വകുപ്പ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ "റണ്ണിംഗ് കോൺട്രാക്ട്" എന്ന പദ്ധതിമൂലം കരാറുകാരന് വർഷം മുഴുവൻ റോഡ് പരിപാലിക്കേണ്ട ചുമതല നൽകുകയും റോഡ് തകർച്ച ഉണ്ടാകുന്ന സമയത്ത് ഉടൻതന്നെ പരിഹരിക്കുകയും ഗതാഗതക്ഷമത നിലനിർത്തുകയും അതുവഴി അമിത ചെലവുകൾ ഒഴിവാക്കുന്നതിന് സാധിക്കുകയും ചെയ്യുന്നു. കൂടാതെ ഔട്ട്പുട്ട് ആന്റ് പെർഫോർമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് (OPBRC) പ്രകാരം കരാറുകാരന് ഏഴ് വർഷം തെരഞ്ഞെടുക്കപ്പെട്ട റോഡ് പരിപാലിക്കേണ്ട ചുമതല നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ റോഡുകൾ

36 **(3033)** <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത്

വിഭാഗത്തിന് കീഴിൽ എത്ര കിലോമീറ്റർ റോഡ് ഉണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ 93.15 കി.മീ. റോഡുണ്ട്.

(ബി) ഇതിൽ എത്ര കിലോമീറ്റർ ബി.എം. & ബി. സി. ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ബി.എം & ബി.സി. നിലവാരത്തിൽ 58.15 കി.മീ. റോഡുണ്ട്.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വട്ടിയൂർക്കാവ് മണ്ഡലത്തിൽ നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ഡി) പൊതുമരാമത്ത് റോഡുകളുടെ സമീപം എത്ര ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുണ്ട്; അവ ഏതൊക്കെയെന്നും അവയുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്തിനുസമീപം 17 ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള പുതിയ പദ്ധതി പരിഗണിക്കാമോ?

ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ സാധിക്കൂ.

(എഫ്) വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.+

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് നിർമ്മാണ പദ്ധതി

37 **(3034)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡ് നിർമ്മാണ പദ്ധതിയുടെ പേര്, തുക, നിലവിലെ നിർമ്മാണ പുരോഗതി എന്നിവ വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദ വിവരങ്ങൾ അനുബന്ധം-I ആയും+ കെ.ആർ.എഫ്.ബി., പി.എം.യു.-ന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയും+ ചേർത്തിരിക്കുന്നു. കെ.എസ്.ടി.പി.-യുടെ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി 649 കോടി രൂപയ്ക്ക് നവീകരിക്കുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 2.654 കി.മീ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തി, തുക, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വിവരങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+ പ്രോജക്ട് ഡയറക്ടർ, പി.എം.യു., കെ.ആർ.എഫ്.ബി., കെ.എസ്.റ്റി.പി. എന്നിവയ്ക്ക് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാലതാമസമില്ലാതെ റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എം.എൽ.എ.–എ.ഡി.എസ്. പ്രവൃത്തികൾക്കുവേണ്ടി കളക്ടറുടെ ഭരണാനുമതി ലഭിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പ്രസ്തുത തുക പി.ഡബ്ല്യു.ഡി. ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഡെപ്പോസിറ്റ് ചെയ്തശേഷം മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. കൂടാതെ റോഡ് പ്രവൃത്തിക്കായി വിട്ടുനൽകുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ റെസലൃൂഷൻ കിട്ടാനുള്ള താമസവും ഭരണാനുമതി നൽകിയ പ്രവൃത്തി തുടങ്ങാനുള്ള കാലതാമസത്തിന് കാരണമാകുന്നു. ആയത് ഒഴികെയുള്ള പ്രവൃത്തികൾക്കൊന്നുംതന്നെ കാലതാമസം നേരിട്ടിട്ടില്ല.

**പുതിയ കാലം പുതിയ നിർമ്മാണം എന്ന നയം സ്വീകരിച്ചത് വഴി വന്നിട്ടുള്ള മാറ്റങ്ങൾ**

38(**3035**) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന നയം സ്വീകരിച്ചത് വഴി സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ വിശദമാക്കുമോ?

പുതിയ കാലം പുതിയ നിർമ്മാണം നയം സ്വീകരിച്ചതുവഴി ഗുണകരമായ ഒരുപാട് മാറ്റങ്ങൾ റോഡ് നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഈ നയം ഉൾക്കൊണ്ടുകൊണ്ട് പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ബി.എം. &ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആയതിനാൽത്തന്നെ ഈ റോഡുകൾ 10 മുതൽ 15 വർഷങ്ങൾ വരെ ദീർഘകാലം ഈടുനിൽക്കുന്നവയാണ്. റോഡ് നിർമ്മാണ വേളയിൽത്തന്നെ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.എൽ., ടെലികമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവയ്ക്കായി റോഡുകൾക്ക് കുറുകെയായി ഡക്റ്റുകൾ, ഡ്രെയിനേജ് ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനാൽ റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നു. കൂടാതെ ഭൂമിയുടെ ചരിവനനുസരിച്ചുള്ള ഓടകൾ, കാൽനട

യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ഫുട്ട്പാത്തുകൾ, മറ്റ് സുരക്ഷാ മുൻകരുതലുകൾ എന്നിവയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്നുണ്ട്.

വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി നടപ്പിലാക്കിവരുന്നു. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസറും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾഡെപ്ത്ത് റിക്ലമേഷൻ ടെക്നോളജി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു.

(ബി) റോഡ് നിർമ്മാണത്തിൽ കാലാവസ്ഥാ പ്രതിരോധത്തിനടക്കം നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും ഓരോ മഴക്കാലം കഴിയുമ്പോഴും സംസ്ഥാനത്തെ റോഡുകൾ തകർന്ന് ഉപയോഗശൂന്യമാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ മിക്കവയും ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം ചെയ്തിട്ടുള്ളവയായതിനാൽ ഭൂരിഭാഗം റോഡുകൾക്കും കാലവർഷത്തിൽ സാരമായ തകരാറുകളൊന്നുംതന്നെ സംഭവിച്ചിട്ടില്ല. എന്നാൽ അതിതീവ്ര ന്യൂനമർദ്ദം, മേഘ വിസ്ഫോടനം എന്നിവ മൂലമുണ്ടായ അതിശക്തമായ മഴമൂലമുണ്ടാകുന്ന മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവമൂലം ചില റോഡുകളുടെ ഉപരിതലത്തിന് തകർച്ച സംഭവിച്ചത് കൂടാതെ ഓടകൾക്കും സംരക്ഷണ ഭിത്തികൾക്കും കേടുപാടുകൾ സംഭവിച്ചിരുന്നു. കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തി ഇടിഞ്ഞ് ചില റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. അതിവർഷംമൂലമുണ്ടാകുന്ന കനത്ത വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വെള്ളം ഒഴുക്കി വിടേണ്ട പാതകൾ ലഭ്യമല്ലാത്ത അവസ്ഥയും റോഡ് തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്.

(സി) വൈറ്റ് ടോപ്പിംഗ് ഓഫ് കോൺക്രീറ്റ് സാങ്കേതികവിദ്യ സംസ്ഥാനത്തെ റോഡുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈറ്റ് ടോപ്പിംഗ് നടപ്പിലാക്കിവരുന്നു. മറ്റ് റോഡുകളിലുംകൂടി വിവിധ ഘടകങ്ങൾ പരിശോധിച്ച് വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ

നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

39 **(3036)** ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുകയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവൃത്തി പുരോഗതിയും നടപടികളുടെ പുരോഗതിയും വിശദമാക്കാമോ?

(എ&ബി) വർക്കല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

അവ കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-ക്ക് കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. വർക്കല - നടയറ - പാരിപ്പള്ളി റോഡ് നവീകരിക്കുന്നതിന് 47.54 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത റോഡ് നവീകരിക്കുന്നതിന്റെ ഭാഗമായി കലുങ്ക്, യൂട്ടിലിറ്റി ഡക്ട്, ഓട എന്നിവയുടെ നിർമ്മാണത്തോടൊപ്പം വീതികൂട്ടുന്ന പ്രവൃത്തിയും നടന്നുവരുന്നു. നിർമ്മാണ പ്രവൃത്തികൾ ഏകദേശം 15.5% പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പുരോഗമിച്ചുവരുന്നു.

2. ശിവഗിരി തൊട്ടുവേ പാലം - ശിവഗിരിപാലം അപ്രോച്ച് നിർമ്മാണം എന്ന പ്രവൃത്തിക്കായി 10.48 കോടി രൂപയുടെ സാമ്പത്തികാനുമതി 20-03-2022-ൽ ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 24-05-2022-ലെ 103-ാമത്തെ ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുകയും കമ്മിറ്റി നിർദ്ദേശങ്ങളനുസരിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

## മലമ്പുഴ ഉദ്യാനത്തിന്റെ മുൻവശത്തുള്ള പൊതുമരാമത്ത് റോഡിന്റെ തകർച്ച

**40 (3037)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മലമ്പുഴ ഉദ്യാനത്തിന്റെ മുൻവശത്തുള്ള പൊതുമരാമത്ത് റോഡ് കഴിഞ്ഞ മൂന്ന് വർഷമായി തകർന്നുകിടക്കുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

മലമ്പുഴ ഡാം മുതൽ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിലേയ്ക്കുള്ള കുടിവെള്ള ആവശ്യത്തിലേയ്ക്കായി റോഡ് പൊളിച്ച് KWA-യുടെ പ്രവൃത്തി നടന്നുവരുന്നു. കഞ്ചിക്കോട്-മലമ്പുഴ റോഡിന് 415 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതിക്കായുള്ള പരിശോധനയിൽ ചെയിനേജിന്റെ അപാകത ശ്രദ്ധയിൽപ്പെടുകയും തുടർന്ന് നോമൺക്ലേച്ചർ മാറ്റത്തിനായി DSoR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സി.എം.ടി. മീറ്റിംഗിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം കിൻഫ്ര അടച്ച റെസ്റ്റൊറേഷൻ തുക മുഴുവനായി കഞ്ചിക്കോട്-മലമ്പുഴ റോഡിൽ റെസ്റ്റൊറേഷൻ ആയി ഉപയോഗിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ എസ്റ്റിമേറ്റ് സർക്കാർതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത റോഡ് വാഹനഗതാഗതംപോലും ദുഷ്കരമാവുന്ന തരത്തിൽ

തുടർന്നുവരുന്നതിന്റെ കാരണം വിശദമാക്കാമോ?

കിൻഫ്രയിലേയ്ക്കുള്ള പൈപ്പ്ലൈൻ ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചതായി KWA അറിയിച്ചിട്ടില്ല. മലമ്പുഴ സ്നേക്ക് പാർക്കിന് മുൻവശം ഈ പ്രവൃത്തിക്കായി 15 കി.മീ. കുഴിച്ചതിൽ 140 മീറ്റർ റോഡിന് കുറുകെ കീറിമുറിച്ചതുകൊണ്ടാണ് യാത്ര ദുഷ്കരമാകുന്നത്. KWA താൽക്കാലികമായി റെസ്റ്റോറേഷൻ ജി.എസ്.ബി. ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

**റോഡുകൾക്ക് ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടി**

41**(3038)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ കിൻഫ്ര പാർക്കിലേയ്ക്ക് കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുമ്പോൾ റോഡുകൾക്ക് ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിന് തുക അടയ്ക്കാൻ നിർദ്ദേശിച്ച് പൊതുമരാമത്ത് വകുപ്പ് കിൻഫ്രയ്ക്ക് നൽകിയിട്ടുള്ള എല്ലാ ഡിമാന്റ് നോട്ടീസുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.+

(ബി) മേൽപ്പറഞ്ഞ പൈപ്പ്ലൈൻ സ്ഥാപിക്കൽമൂലം ഏതെല്ലാം റോഡുകൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതെന്നും ഓരോ റോഡിനും എത്ര രൂപയുടെ നാശമാണ് കണക്കാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ?

1. മേനോൻപാറ ചൂളിമട റോഡ് കി.മീ 3/950-4/100 Rs. 55,440/- രൂപ.

2. Kanjikode - Malampuzha road km 1/000- 7/655 - Rs. 2,54,36,400/-രൂപ.

3. Menonpara - Kanjikode road km 4/500 - 5/080 - Rs. 1,01,35,699/-രൂപ.

4. Kanjikode Bazar road km 195/300 - 198/300 - Rs.10,64,700/-രൂപ.

(സി) പൈപ്പ്ലൈൻ സ്ഥാപിക്കുമ്പോൾ അലൈൻമെന്റിൽ വന്ന വ്യതിയാനം കാരണം രണ്ടുകോടി നാല്പത്തിയാറ് ലക്ഷത്തി തൊണ്ണൂറായിരത്തി മുപ്പത്തിനാല് രൂപ അടയ്ക്കാൻ കിൻഫ്രയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ തുക കണക്കാക്കിയ രീതിയും ഏതെല്ലാം റോഡുകൾക്കാണ് ഈ തുക ആവശ്യപ്പെട്ടതെന്നും വിശദമാക്കാമോ; ഓരോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡിനും കണക്കാക്കിയ തുകയുടെ വിവരം പ്രത്യേകം അറിയിക്കാമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.+

(ഡി) കിൻഫ്ര എത്ര തുകയാണ് അടച്ചതെന്നും ഇതിൽ എത്ര തുക റോഡുകൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കാൻ വിനിയോഗിച്ചുവെന്നും അറിയിക്കാമോ?

3,66,92,239/-രൂപ കിൻഫ്ര അടച്ചതിൽ 54,39,449/-രൂപയ്ക്ക് 'Menonpara - Kanjikode road km 4/500 - 5/080 വരെ' റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അതിനോട് ബന്ധപ്പെട്ട മറ്റ് പ്രവൃത്തികൾ നടന്നുവരികയാണ്.

(ഇ) കിൻഫ്ര 12-08-2020-ന് അടച്ച രണ്ടുകോടി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി ഒൻപത് രൂപ ഇതുവരെയും റോഡുകളുടെ കേടുപാടുകൾ പരിഹരിക്കാൻ വിനിയോഗിക്കാതിരിക്കാനുള്ള കാരണം അറിയിക്കാമോ?

പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയോ ആയവയുടെ completion certificate ഇതുവരെ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കിൻഫ്രയ്ക്ക് അനുവദിച്ച 4 റോഡുകളിൽ മേനോൻപാറ ചൂളിമട റോഡിലും കഞ്ചിക്കോട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബസാർ റോഡിലും നവീകരണത്തിനായി ഭരണാനുമതി നൽകുകയും ആയതിന്റെ പ്രവൃത്തികൾ തീരുകയും ചെയ്തു. 'Menonpara - Kanjikode road km 0/000 - 4/500 വരെ' എന്ന പ്രവൃത്തി കിഫ്ബി പ്രവൃത്തിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി.-ക്ക് കൈമാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 14-02-2020-ന് നടന്ന CMT മീറ്റിംഗിൽ റെസ്റ്റൊറേഷൻ തുക മുഴുവനും Menonpara - Kanjikode road-ന്റെ റെസ്റ്റൊറേഷൻ പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതിൻപ്രകാരം തയ്യാറാക്കിയ 3,17,60,000/-രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

## തിരൂരിൽ റെയിൽവേ ഓവർബ്രിഡ്ജ് അപ്രോച്ച് റോഡിന് ഭരണാനുമതി

42(**3039**) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി തിരൂർ-പൊന്മുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തി 2014-ൽ പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി

നൽകാത്തതുമൂലം പ്രസ്തുത പാലം ഗതാഗതയോഗ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന് ഇതുവരെ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകി പ്രസ്തുത റെയിൽവേ ഓവർബ്രിഡ്ജ് ഗതാഗതയോഗ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(എ-സി) മംഗലാപുരം-ഷൊർണ്ണൂർ റെയിൽവേ ലൈനിന് കുറുകെ തിരൂർ മുനിസിപ്പാലിറ്റിയിലെ തിരൂർ - ചമ്രവട്ടം റോഡിലെ പോലീസ് ലൈനുമായി പൊൻമുണ്ടം ബൈപാസിനെ ഈ പാലം ബന്ധിപ്പിക്കുന്നു. പോലീസ് ലൈൻ-പൊന്മുണ്ടം ബൈപ്പാസ് നിർമ്മാണം നാല് റീച്ചുകളിലാണ്. ഈ പാലം പൊന്മുണ്ടം ബൈപ്പാസിന്റെ ആദ്യ റീച്ചിൽ വരുന്നു. റെയിൽവേ ക്രോസിംഗ് ഭാഗത്തിന്റെ നിർമ്മാണം ഇതിനകംതന്നെ സതേൺ റെയിൽവേ പൂർത്തീകരിച്ചിട്ടുണ്ട്. 7.5 മീറ്റർ ക്യാരേജ് വേയും ഇരുവശങ്ങളിലുമായി 1.55 മീറ്റർ വീതിയുമുള്ള ഫുട്പാത്തും ഉൾപ്പെടെ പാലത്തിന്റെ മൊത്തത്തിലുള്ള വീതി 12 മീറ്ററാണ്. തിരൂർ നഗരത്തിലെ കടുത്ത ഗതാഗതക്കുരുക്കിന് പരിഹാരമായി നിർദ്ദിഷ്ട പാലം വളരെയധികം

പ്രയോജനകരമാകും. തിരൂർ പൊന്മുണ്ടം ആർ.ഒ.ബി. സമീപന റോഡ് നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 27.40 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം**

43 **(3040)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലാബും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും Ist tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. രണ്ടുകോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിക്കായുള്ള മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും

ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽവരുന്ന പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പ്രവൃത്തികൾ എല്ലാം തന്നെ അംഗീകൃത ഷെഡ്യൂൾ, MoRTH സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നു.

(ബി) മിക്കറോഡുകളും നിർമ്മാണം കഴിഞ്ഞ് ചുരുങ്ങിയ കാലയളവിൽ തന്നെ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താറുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകൾ പ്രളയവും മറ്റ് പ്രകൃതി ക്ഷോഭങ്ങളുംമൂലമല്ലാതെ അറ്റകുറ്റപ്പണി നടത്തി ചുരുങ്ങിയ കാലയളവിനുള്ളിൽ തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായും വിവിധ കേബിളുകൾ സ്ഥാപിക്കുന്നതിനായും പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലവും നിശ്ചിത കാലാവധിക്കുശേഷം

പുന:സ്ഥാപിക്കാത്തതുമൂലവും റോഡുകൾ മോശമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികളുടെ ബാദ്ധ്യതാകാലയളവിൽ ഉണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽ പരിഹരിച്ചുവരുന്നു. പ്രവൃത്തികൾ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇത്തരം കേസുകളിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നടപടികൾ വിശദമാക്കാമോ?

ഇത്തരം കേസുകളിൽ കുറ്റക്കാരായ കരാറുകാർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരവും ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് വ്യവസ്ഥകൾ പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ

വ്യവസ്ഥയുണ്ട്.

കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് 60 റോഡ് പ്രവൃത്തികളിൽ ഗുണനിലവാരവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തുകയും ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ 139 ഉദ്യോഗസ്ഥരിൽ 24 പേരെ സസ്പെന്റ് ചെയ്യുകയും അതിൽ 23 പേർക്കെതിരെ സസ്പെൻഷനെത്തുടർന്ന് അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 115 പേർക്കെതിരെ കുറ്റപത്രം/കുറ്റാരോപണ പത്രിക, കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുമുണ്ട്.

കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകൾ**

44**(3041)** <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിലുള്ള റോഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

ദേശീയപാതാ വിഭാഗത്തിന് കീഴിൽ നിലവിൽ ദേശീയപാതാ അതോറിറ്റിക്ക് കൈമാറിയ ദേശീയപാത 966-ൽ കി.മീ. 17/500 മുതൽ 34/900 വരെ ഭാഗം കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു. ഇവ കൂടാതെ കൊണ്ടോട്ടി മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. - പി.എം.യു. പ്രവൃത്തിയിലുള്ളത് 3 റോഡുകളാണ്.

1) കടങ്ങല്ലൂർ വിളയിൽ റോഡിന്റെ നവീകരണം (ബി.എം. & ബി.സി.)

2) കൊണ്ടോട്ടി എടവണ്ണ പാറ അരീക്കോട് റോഡിന്റെ നവീകരണം (ബി.എം. & ബി.സി.)

3) മുണ്ടുമുഴി - വെട്ടുകാട് - പുളിക്കൽ റോഡിന്റെ 0/000 മുതൽ 18/010 വരെ നവീകരണം (ബി.എം. & ബി.സി.)

(ബി) 2021-22 മുതൽ പ്രസ്തുത റോഡുകളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു.+

കെ.ആർ.എഫ്.ബി. -പി.എം.യു.-വിന് കീഴിൽ നടന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1) കടങ്ങല്ലൂർ -വിളയിൽ റോഡിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

2) കൊണ്ടോട്ടി -എടവണ്ണ പാറ -അരീക്കോട് റോഡിന്റെ നവീകരണ പ്രവൃത്തികൾ പുരോഗതിയിലാണ്. കലുങ്കുകൾ, കാനകൾ, പാർശ്വഭിത്തികൾ എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. 7% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3) മുണ്ടുമുഴി - വെട്ടുകാട് - പുളിക്കൽ റോഡിന്റെ ഉപരിതല റെക്റ്റിഫിക്കേഷൻ പ്രവൃത്തി 2022 ജൂൺ മാസം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകളിൽ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ പുതുതായി അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ടെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

പുതുതായി അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുള്ള പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലെയും ദേശീയപാതാ വിഭാഗത്തിന് കീഴിലെയും പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-3 ആയി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു.+

കൊണ്ടോട്ടി മണ്ഡലത്തിന് കീഴിൽ കെ.ആർ.എഫ്.ബി.-പി.എം.യു. അധീനതയിലുള്ള മുണ്ടുമുഴി -വെട്ടുകാട് പുളിക്കൽ റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. 07-02-2020-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 30-09-2020-ൽ കിഫ്ബിയിൽനിന്നും ലഭിച്ചു. നിലവിൽ 8 മീറ്റർ വീതിയിലുള്ള റോഡ് കിഫ്ബി മാനദണ്ഡപ്രകാരം മിനിമം 10 മീറ്റർ Row യിൽ നിർമ്മിക്കാൻ പരമാവധി ഇടങ്ങളിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് വേണ്ടി കിഫ്ബിയുടെ മെയിന്റനൻസ് ഫണ്ടിൽനിന്നും തുക അനുവദിക്കാവുന്നതാണെന്ന് 24-05-2022-ലെ കത്ത് പ്രകാരം കിഫ്ബി അറിയിച്ചിട്ടുണ്ട്. 18.010 കി.മീ. നീളം വരുന്ന പ്രസ്തുത പ്രവൃത്തിയുടെ 0/000 മുതൽ 8/070 വരെ വരുന്ന 8.070 കി.മി. റോഡ് പ്രവൃത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടത്തുന്നതിനാൽ ബാക്കിവരുന്ന 9.940 കി.മി (8/070 മുതൽ 18/010) ഭാഗം സഞ്ചാരയോഗ്യമാക്കുന്നതിന് വേണ്ട വിശദമായ എസ്റ്റിമേറ്റും മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിന് നിർദേശം നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത റോഡുകളിൽ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ടിന് അനുമതി നൽകിയിട്ടുണ്ടോയെന്നും ഇത് ഏത് സമയംവരെ ആണെന്നും വിശദമാക്കുമോ?

ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിൽനിന്ന് നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 4 ആയി ചേർത്തിരിക്കുന്നു.+

## പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന റോഡുകൾ

45 **(3042)** <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുന്നതിനായി വിവിധ തലങ്ങളിൽനിന്ന് പൊതുമരാമത്ത് വകുപ്പിന് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് അവസാനമായി റോഡുകൾ ഏറ്റെടുത്തത് എന്നാണെന്നും പുതുതായി ഇനി എന്നാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ പ്രധാന ഗ്രാമീണ റോഡുകളായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരാട്-മൂളപ്പുറം-ചണ്ണയിൽ പള്ളിയാളി റോഡ്, തുറക്കൽ-ചമ്മല പറമ്പ് റോഡ്, വാവൂർ-ചെറിയാപറമ്പ്-മുണ്ടക്കൽ റോഡ്, പൂങ്കുടി-കുന്നിത്തകടവ് കോട്ടമ്മൽ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 07-01-2012-ലെ ജി.ഒ.(എം.എസ്) നം.05/2012/ പി.ഡബ്ല്യു.ഡി., 15-01-2013-ലെ ജി.ഒ(എം.എസ്)നം.6/2013/ പി.ഡബ്ല്യു.ഡി. ഭേദഗതി ഉത്തരവ് എന്നിവ പ്രകാരമാണ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ അവസാനമായി ഏറ്റെടുത്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## നിലമ്പൂർ-പെരുമ്പിലാവ് സംസ്ഥാനപാത

46 (3043) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-പെരുമ്പിലാവ് സംസ്ഥാനപാതയിലെ പുലാമന്തോൾ

മുതൽ മേലാറ്റൂർ വരെയുള്ള ഭാഗത്തെ പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ - പെരുമ്പിലാവ് സംസ്ഥാന പാതയുടെ കരാർ കാലാവധി 14-10-2022-ന് അവസാനിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി

1. കലുങ്ക് നിർമ്മാണം 58 കലുങ്കുകളിൽ 22 എണ്ണം പൂർത്തിയാക്കി.

2. ചെറുപാലങ്ങൾ -6 എണ്ണത്തിൽ ഒരെണ്ണം പൂർത്തിയായി.

3. ഡ്രെയിനേജ്- ആകെയുള്ള 52.60 കി.മീറ്ററിൽ (ഇരുവശവും ചേർത്ത്) 34 കി.മീ. പൂർത്തിയായി.

4. റോഡ് നിർമ്മാണം - Base (GSB, WMM) എന്നിവ ആകെയുള്ള 30.88 കി.മീ. നീളത്തിന്റെ 27.37 കി.മീ. നീളം പൂർത്തിയാക്കി.

5. പ്രതലം - ആകെയുള്ള 30.88 കി.മീ. നീളം DBM നിർമ്മാണത്തിൽ 10.00 കി.മീ. നീളം പൂർത്തിയാക്കി.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

2022 ഒക്ടോബർ മാസം വരെയാണ് പ്രവൃത്തിയുടെ കാലാവധി. ഇതിനുള്ളിൽ പണി പൂർത്തീകരിക്കാൻ കരാറുകാരന് കർശന നിർദ്ദേശം

നൽകിയിട്ടുണ്ട്.

**ആലപ്പുഴ - ചങ്ങനാശ്ശേരി - കൊടൈക്കനാൽ പാത**

47 **(3044)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ-ചങ്ങനാശ്ശേരി-കൊടൈക്കനാൽ പാത നാലുവരിപ്പാതയായി പുനരുദ്ധാരണം നടത്തി സംസ്ഥാന പാതയാക്കുന്നതിന് പദ്ധതി ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത പാത ഭാരത്മാല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ചങ്ങനാശ്ശേരി പെരുന്ന മുതൽ ആലപ്പുഴ കളർകോട് വരെയുള്ള രണ്ടുവരി പാത കെ.എസ്.റ്റി.പി. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു. ഭാരത്മാല പദ്ധതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ കീഴിൽ നടപ്പാക്കുന്നതാണ്. നിലവിൽ ഈ റോഡ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

## കുന്നത്തുനാട് മണ്ഡലത്തിലെ എസ്.എൽ.റ്റി.എഫ്. പ്രവൃത്തികൾ

48 **(3045)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.റ്റി.എഫ്.) പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (നോൺ പ്ലാൻ) പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

(സി) കുന്നത്തുനാട് മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച എസ്.എൽ.റ്റി.എഫ്. പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതിയും പണി പൂർത്തിയാകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച SLTF പ്രവൃത്തികളെല്ലാം (നോൺ പ്ലാൻ) പൂർത്തീകരിച്ചിട്ടുണ്ട്.

**മഴയിൽ റോഡുകൾക്ക് വന്ന കേട്ടുപാട്ടുകൾക്ക് പരിഹാരം**

**49 (3046)** ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയിൽ റോഡുകൾക്ക് കേട്ടുപാട്ടുപറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ ഇടപെടൽ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കാലവർഷക്കാലത്ത് റോഡ് പരിപാലനം ഉറപ്പുവരുത്താൻ പ്രത്യേക task force രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level task force-ന്റെയും District level task force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ KSTP PI Cell-ന്റെ നിയന്ത്രണത്തിൽ

ആരംഭിച്ചു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പറായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കുകയും ചെയ്യും. മഴ ഇല്ലെങ്കിൽ പരമാവധി 48 മണിക്കൂറിനകം താൽക്കാലിക പരിഹാരമെങ്കിലും ഉണ്ടാക്കാനാണ് നിർദ്ദേശം. സ്വീകരിച്ച പരിഹാര നടപടികൾ പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും Task Force ന്റെ -വാട്സ് ആപ്പ് ഗ്രൂപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ മൂന്ന് ദിവസത്തിലൊരിക്കൽ Pl Cell-ൽനിന്നും പരാതി പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് State Task Force-ന് നൽകുകയും ചെയ്യുന്നു. സംസ്ഥാനത്തെ റോഡുകളെല്ലാംതന്നെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ലഭിക്കുകയും അതനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും ഗതാഗതയോഗ്യമാക്കുകയും ചെയ്യുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി എല്ലാ റോഡുകളും കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതിന് "Running Contract" മുഖേന

രണ്ട് ഘട്ടങ്ങളിലായി 302.286 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്. റോഡുകളുടെ കേടുപാടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം ഗൗരവത്തോടെ കാണുകയും ഇത് സംബന്ധിച്ച അടിയന്തര തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ ആയ PWD4U, ടോൾഫ്രീ നമ്പർ സംവിധാനം (18004257771) തുടങ്ങിയവ നിലവിലുണ്ട്. ഇത് മുഖേന ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ടി.പി. വിഭാഗത്തിന് കീഴിൽ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെൽ രൂപീകരിക്കുകയും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും പരാതിയിന്മേൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് പരാതിക്കാരന്

നൽകുകയും ചെയ്തുവരുന്നു.

(സി) റോഡുകളുടെ അറ്റകുറ്റപ്പണിക്കായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

റോഡുകളുടെ അറ്റകുറ്റപണിക്കായി 29/06/2017-ലെ ജി.ഒ. (എം.എസ്.)39/2017/പൊ.മ.വ. പ്രകാരം നിരത്ത് പരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ "Constituency Monitoring Team (CMT)" രൂപീകരിക്കുകയും 140 നിയോജകമണ്ഡലത്തിലെയും പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഓരോ നിയോജകമണ്ഡലത്തിലും ഓരോ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാലവർഷത്തിൽ തകരുന്ന റോഡുകൾക്ക് 48 മണിക്കൂറിനുള്ളിൽ പരിഹാരം കാണുന്നതിനായി പ്രത്യേക ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഓടകളുടെ അഭാവവും അവയുടെ അശാസ്ത്രീയ നിർമ്മാണവും കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ വകുപ്പുകളുടെ ആസൂത്രണവും എകോപനവുമില്ലാത്ത പ്രവൃത്തികളും

റോഡുകളെ തകരാറിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന റോഡുകളെല്ലാംതന്നെ കാലാവസ്ഥാ വ്യതിയാനം, മണ്ണിന്റെ ഘടന എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് സ്ഥലത്തിന്റെ ചരിവിനനുസരിച്ചുള്ള ഓടകൾ, മറ്റു സുരക്ഷാ മുൻകരുതലുകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.

പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ, PWD Portal, ROW Portal എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ PMG Portal മുഖേന ത്വരിതപ്പെടുത്തിവരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും

ROW Portal മുഖേനയാണ്. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ഉത്തരവാദിത്വം കേരളാ വാട്ടർ അതോറിറ്റിക്ക് തന്നെ നിക്ഷിപ്തമാക്കിക്കൊണ്ട് 24-02-2022-ലെ ജി.ഒ. (എം.എസ്.) നം.8/2022/പി.ഡബ്ല്യു.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പദ്ധതി നിരീക്ഷണത്തിനായി പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്.

**പോട്ട് ഹോൾ ഫ്രീ പദ്ധതി**

50 **(3047)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോട്ട് ഹോൾ ഫ്രീ കേരള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പോട്ട്ഹോൾ ഫ്രീ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30

കോടി രൂപയുടെയും രണ്ടാംഘട്ടമായി 184.986 കോടി രൂപയുടെയും പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രണ്ടാംഘട്ട പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽ അനുവദിച്ച തുക പ്രകാരം 12332 കി.മീ. റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലവർഷം കണക്കിലെടുത്ത് റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level Task Force-ന്റെയും District level Task Force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ ആരംഭിച്ചു. ഇതിന്റെ ഏകോപനത്തിനായി KSTP PI Cell-ൽ പ്രത്യേക കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കും. ജില്ലാ ടാസ്ക് ഫോഴ്സിനും ഇതുസംബന്ധിച്ച വിവരം കൈമാറും. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി പരാതി പരിഹാരത്തിനുള്ള പ്രവർത്തനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. കാലാവസ്ഥ അനുകൂലമെങ്കിൽ

പരമാവധി 48 മണിക്കൂറിനുള്ളിൽ താത്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുകയാണ് ചുമതല. സ്വീകരിച്ച പരാതി പരിഹാര നടപടി പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും ചെയ്യും. പ്രവൃത്തി സമയബന്ധിതമായി നടക്കുന്നുവെന്ന് ജില്ലാതല ടാസ്ക്ഫോഴ്സ് ഉറപ്പുവരുത്തും. ജില്ലകളിലെ പരാതിപരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ State Task Force ഉം വിലയിരുത്തും.

**നെക്രംപാറ-അർളട്ടുക്ക- കൊടിമൂല-പുണ്ടൂർ-നാരമ്പാടി- ഏത്തെടുക്ക റോഡ്**

51 **(3048)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ നെക്രംപാറ-അർളട്ടുക്ക-കൊടിമൂല-പുണ്ടൂർ-നാരമ്പാടി-ഏത്തെടുക്ക റോഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെക്രംപാറ-അർളട്ടുക്ക– കൊടിമൂല– പുണ്ടൂർ- നാരമ്പാടി - ഏത്തെടുക്ക റോഡ് 2017-18 കിഫ്ബി പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(സി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളും മറ്റ് നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ട്രാഫിക് സർവ്വേയും ജിയോളജിക്കൽ ഇൻവെസ്റ്റിഗേഷനും നടത്തിയിട്ടുണ്ട്. ആയത് പ്രകാരം തയ്യാറാക്കിയ ഡി.പി.ആർ. 06-07-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡ് എത്ര കിലോമീറ്റർ ദൈർഘ്യമുള്ളതാണെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) പ്രസ്തുത റോഡ് 11.6 കി.മീ ദൈർഘ്യമുള്ളതാണ്. 29.53 കോടി രൂപയുടെ ഡി.പി.ആർ. ആണ് പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയിൽ സമർപ്പിച്ച പ്രസ്തുത ഡി.പി.ആർ.-ന് സാങ്കേതിക അവലോകന റിപ്പോർട്ട് 20-08-2019-ൽ കിഫ്ബി

നൽകിയിരുന്നു. നിലവിൽ പ്രസ്തുത റോഡ് ഗതാഗതം കുറഞ്ഞ റോഡുകളുടെ ഗണത്തിലാണ് കിഫ്ബി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത റോഡുകളിൽ തുടർന്ന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കിഫ്ബിയിൽനിന്നും തുടർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അതനുസരിച്ചുള്ള പുതുക്കിയ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ബി.എം.&ബി.സി. നിലവാരത്തിലെ റോഡുകൾ

52 **(3049)** <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ ആധുനികീകരിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര കിലോമീറ്റർ റോഡുകൾ ഇപ്രകാരം നവീകരിക്കേണ്ടതുണ്ടെന്നും വിശദമാക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നിരത്ത് വിഭാഗത്തിന്റെ കീഴിൽ ബി.എം. & ബി.സി. നിലവാരത്തിൽ പൂർത്തിയായ റോഡുകളുടെ

ദൂരം 44.437 കി.മീ ഉം നിലവിൽ ബി.എം.&ബി.സി പ്രവൃത്തി നടക്കുന്ന റോഡുകളുടെ ദൂരം - 20.386 കി.മീ ഉം ഇനി നവീകരിക്കേണ്ട ദൂരം - 78.632 കി.മീ ഉം ആണ്.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയായ റോഡുകളില്ല. രണ്ട് റോഡുകളാണ് നവീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1) ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്ന 5.1 കി.മീ. ദൂരമുള്ള വടക്കാഞ്ചേരി ബൈപ്പാസ് എന്ന പ്രവൃത്തി.

2) പീച്ചി വാഴാനി ടൂറിസം കോറിഡോർ പദ്ധതിയിൽ കി.മീ. 0/000 (മുടിക്കോട്) മുതൽ 18/650 (കരുമാത്ര) വരെ 05-08-2019-ൽ എഗ്രിമെന്റ് വച്ചെങ്കിലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയുടെ കരാർ, 17-02-2020-ന് ഫോർ ക്ലോസ്സ് ചെയ്യുകയുണ്ടായി. പ്രവൃത്തി രണ്ട് ഘട്ടങ്ങളായി ചെയ്യുന്നതിനും തീരുമാനമായി. 0/000 മുതൽ 7/000 വരെ രണ്ടാം ഘട്ടം, 7/000 മുതൽ 18/650 ഒന്നാം ഘട്ടം. ഇതിൽ കി.മീ. 11/650 (കുണ്ടുകാട്) മുതൽ കി.മീ 18/650 (കരുമാത്ര) വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. വീതി ലഭ്യമായ കി.മീ. 7/000 (പൊങ്ങണംകാട്) മുതൽ 18/650 (കരുമാത്ര)

വരെ ഒന്നാം ഘട്ടമായി നടപ്പിലാക്കുന്നതിന് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്ന നടപടികൾ പുരോഗമിക്കുന്നു.

കെ.എസ്.ടിപി. പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന 7 കി.മീ. നീളം ഈ പദ്ധതിയിലുൾപ്പെടുത്തി ബി.എം.&ബി.സി. ചെയ്യാൻ പദ്ധതിയുണ്ട്.

## മലമ്പുഴ മണ്ഡലത്തിലെ എൽ.ബി. കനാൽ അക്വാഡക്റ്റ് പുഴപ്പാലം റോഡ്

53 **(3050)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ എൽ.ബി. കനാൽ അക്വാഡക്റ്റ് പുഴപ്പാലം റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിലെ എൽ.ബി. കനാൽ അക്വാഡക്റ്റ് - പുഴപ്പാലം അപ്രോച്ച് റോഡ് എന്ന പ്രവൃത്തി കിഫ്ബി

ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പൊതുമരാമത്ത് പാലക്കാട് ബ്രിഡ്ജസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരം പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും ഡിസൈൻ ഡ്രോയിംഗ് ലഭ്യമാക്കുകയും ചെയ്തു. പാലക്കാട് ബ്രിഡ്ജസ് വിഭാഗത്തിൽനിന്നും പ്രസ്തുത പ്രവൃത്തി കെ.ആർ.എഫ്.ബി. പി.എം.യു. പാലക്കാട്/മലപ്പുറം വിഭാഗം ഏറ്റെടുക്കുകയും പ്രസ്തുത റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കാൻ കഴിയുന്നതാണ്.

**വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡിന്റെ നിർമ്മാണം**

54 **(3051)** <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 10-07-2017-ലെ 942/2017 നമ്പർ

ഉത്തരവ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരുപത് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ജലവിഭവ വകുപ്പ് നിർവ്വഹണ ഏജൻസിയായിട്ടുള്ളതും തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നല്കിയിട്ടുള്ളതും ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി (ജി.ഐ.ഡി.എ.) 17.14 കോടി രൂപ വകയിരുത്തിയിട്ടുള്ളതുമായ ഭാഗം കഴിച്ചുള്ള പ്രസ്തുത റോഡിന്റെ മൂന്ന് കിലോമീറ്റർ ഭാഗം ഇരുപത് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(എ&ബി) ജലവിഭവ വകുപ്പ് നിർവ്വഹിക്കുന്ന ഭാഗം കഴിച്ചുള്ള വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണം നടപ്പിലാക്കുന്നതിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 21-06-2022-ൽ കെ.ആർ.എഫ്.ബി. - പി.എം.യു. പ്രോജക്ട് ഡയറക്ടർ നടത്തിയ

യോഗത്തിൽ ഒരു സംയുക്ത സ്ഥലപരിശോധന നടത്താനായി നിർദ്ദേശിക്കുകയുണ്ടായി. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാത

**55 (3052)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 ജനുവരി 15-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ 250 നമ്പറായി പുതുതായി ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട റോഡ്/പാലം പദ്ധതികളിൽ പ്രഖ്യാപിച്ചിരുന്ന തേവര പണ്ഡിറ്റ് കറുപ്പൻ റോഡ് എലിവേറ്റഡ് സമാന്തര പാതയുടെ നിർമ്മാണം ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കാമോ?

തേവര പണ്ഡിറ്റ് കറുപ്പൻ റോഡിന് സമാന്തരമായി വരുന്ന എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണം സംബന്ധിച്ച് 2021-22 ജനുവരി 15-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ 250 നമ്പറായി പുതുതായി ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട റോഡ്/പാലം പദ്ധതികളിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

56 (3053) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന്

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ എത്ര റോഡുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകിയെന്നും ആയതിനായി എത്ര തുക അനുവദിച്ചെന്നും ആയതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

2021 മേയ് മാസത്തിനുശേഷം റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ ഉൾപ്പെടുന്ന 4 പ്രവൃത്തികൾക്കായി 439.97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലത്തിലെ 16 റോഡ് സ്ട്രെച്ചുകൾ ഈ 4 പ്രവൃത്തികളിലായി ഉൾപ്പെടുന്നു. ടി പ്രവൃത്തികളിൽ മറ്റ് മണ്ഡലങ്ങളിലെ റോഡുകളും ഉൾപ്പെടുന്നുണ്ട്. ഇവയിൽ പ്രവൃത്തികളൊന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല.

## ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേ വികസനം

**57 (3054)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചേവാർ-എടപ്പറമ്പ ഹിൽ ഹൈവേ റീച്ചിൽ ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേയിലെ എത്ര കിലോമീറ്റർ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ചേവാർ മുതൽ എടപ്പറമ്പ വരെയുള്ള മലയോര ഹൈവേ റീച്ചിൽ ചെർക്കള മുതൽ ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേയിലെ മുള്ളേരിയ മുതൽ പടിത്തടക്ക വരെയുള്ള 6 കിലോമീറ്റർ ദൂരം ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേറ്റ് ഹൈവേയിലെ എത്ര കിലോമീറ്റർ ഭാഗം അഭിവൃദ്ധിപ്പെടുത്താനുണ്ടാകുമെന്ന് അറിയിക്കുമോ?

പ്രസ്തുത സ്റ്റേറ്റ് ഹൈവേയിലെ 6 കി.മീ.ഭാഗം അഭിവൃദ്ധിപ്പെടുത്താനുണ്ട്.

(സി) ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിലെ ബാക്കിവരുന്ന ഭാഗം കൂടി ഹിൽഹൈവേ സ്റ്റാൻഡേർഡിൽ അഭിവൃദ്ധിപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; ആയതിലേയ്ക്ക് എത്ര തുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(ഡി) തീരദേശ ഹൈവേയിലേയ്ക്കുള്ള ഇന്റർസ്റ്റേറ്റ് കണക്ഷൻ റോഡ് എന്ന നിലയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് സാമ്പത്തികാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

(സി&ഡി) ചെർക്കള മുതൽ ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേയിലെ ബാക്കിയുള്ള ഭാഗങ്ങൾ ഹിൽ ഹൈവേ അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

**കാസർഗോഡ് മണ്ഡലത്തിലെ മുള്ളേരിയ-നാട്ടക്കല്ല്-അർളപദവ് റോഡ്**

58 **(3055)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ മുള്ളേരിയ-നാട്ടക്കല്ല്-അർളപദവ് റോഡ് എത്ര കിലോമീറ്റർ ദൈർഘ്യം ഉള്ളതാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മണ്ഡലത്തിൽ ഉൾപ്പെടുന്ന മുള്ളേരിയ-നാട്ടക്കൽ-അർളപ്പദവ് റോഡിന്റെ ആകെ നീളം 11 കി.മീ. ആണ്.

(ബി) പ്രസ്തുത റോഡ് അടുത്ത കാലത്ത് ബി.എം.&ബി.സി. ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ നീളത്തിലാണ് അഭിവൃദ്ധിപ്പെടുത്തിയതെന്നും മുഴുവൻ ഭാഗവും ബി.എം.& ബി.സി. ചെയ്തിട്ടില്ലെങ്കിൽ ബാക്കി ഭാഗം എപ്പോൾ ചെയ്യുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത റോഡ് കി.മീ. 4/100 മുതൽ 8/000 വരെയുള്ള 3.900 കി.മീ. ഭാഗം 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബി.എം.&ബി.സി. പ്രവൃത്തികൾ

ചെയ്ത് നവീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന ഭാഗങ്ങൾകൂടി ഫണ്ട് ലഭ്യതയ്ക്കാനുപാതികമായി ബി.എം.&ബി.സി. പ്രവൃത്തികൾ ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത റോഡ് ബി.എം. & ബി.സി. ചെയ്തതെന്നും എസ്റ്റിമേറ്റിൽ ഏതെല്ലാം പ്രവൃത്തികൾ ഉണ്ടായിരുന്നെന്നും നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങളിൽ ലൈനും റിഫ്ലക്ടറും ഏർപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ബഡ്ജറ്റ് 2017-18-ൽ ഉൾപ്പെടുത്തി 400 ലക്ഷം രൂപ ചെലവഴിച്ചാണ് പ്രസ്തുത റോഡ് കി.മീ. 4/100 മുതൽ 8/000 വരെയുള്ള ഭാഗം നവീകരിച്ചിട്ടുള്ളത്. GSB, WMM, BM & BC ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ, കോൺക്രീറ്റ് ഓടകളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം തുടങ്ങിയവയാണ് പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങളിൽ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള ലൈനും റിഫ്ളക്ടറും അടക്കമുള്ള ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ പ്രവൃത്തിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. മെറ്റൽ ബീം, ക്രാഷ് ബാരിയർ അടക്കമുള്ള കൂടുതൽ ട്രാഫിക് സുരക്ഷാക്രമീകരണങ്ങൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച്

ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കരാറുകാരന് പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചതിന് പണം നൽകിക്കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ?

കരാറുകാരന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒന്നാമത്തെയും രണ്ടാമത്തെയും പാർട്ട് ബില്ലുകളിലായി 2,54,55,108/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**ചന്ദ്രനഗർ കോളനിയിലെ റോഡുകളുടെ നവീകരണം**

59 (3056) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ചിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2020 മാർച്ചിൽ ഭരണാനുമതി നൽകിയ മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തിയുടെ 600 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ഉത്തരമേഖലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ചെയ്ത തീയതിയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ച തീയതിയും അറിയിക്കാമോ?

11-08-2020-ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യുകയും 23-09-2021-ൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാവുകയും ചെയ്തു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണവും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-05-2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഉത്തരമേഖലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ പൂർത്തീകരിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആലുവ - മൂന്നാർ റോഡ് പുനർനിർമ്മാണം**

60 **(3057)** ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ-മൂന്നാർ (രാജപാത) റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ (പഴയ ആലുവ-മൂന്നാർ രാജപാത) കോതമംഗലം മുതൽ കുട്ടമ്പുഴവരെയുള്ള 20 കി.മീറ്റർ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉണ്ടായിരുന്നത്. ഈ ഭാഗത്ത് ആധുനിക രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 14-08-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കുട്ടമ്പുഴ മുതൽ പെരുമ്പൻകുത്ത് വരെയുള്ള 20 കി.മീറ്റർ കൂടി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കോതമംഗലം മുതൽ പെരുമ്പൻകുത്ത് വരെ ആകെയുള്ള 40 കി.മീറ്റർ റോഡും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും 29.5 കി.മീറ്റർ മുതൽ 40 കി.മീറ്റർ (പൂയംകുട്ടി മുതലുള്ള ജനവാസമില്ലാത്ത മേഖല)

വരെയുള്ള ഭാഗം വനം വകുപ്പ് അടച്ചിട്ടിരിക്കുകയാണ്. പ്രസ്തുത ഭാഗം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകിയിട്ടില്ലാത്തതിനാൽ ആ ഭാഗത്തേയ്ക്ക് പ്രവേശിക്കാനും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാനും സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനം വകുപ്പിൽനിന്നും NOC ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം, കോതമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് വനം വകുപ്പിന് കത്ത് നൽകിയെങ്കിലും അനുമതി ലഭ്യമായില്ല. ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ, മൂന്നാർ, മാങ്കുളം എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലേയ്ക്കും 20-06-2022-ൽ മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കത്ത് നൽകിയിട്ടുള്ളതാണ്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂ.

**റോഡുകളിലെ കുഴിയടയ്ക്കുന്നതിന് പ്രത്യേക പദ്ധതി**

61 **(3058)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

കുഴിയില്ലാത്ത റോഡുകൾ എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനായി പൊതുമരാമത്ത് റോഡുകളിൽ മഴക്കാലത്ത് പ്രത്യക്ഷപ്പെടുന്ന കുഴികൾ അടയ്ക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ പൊതുമരാമത്ത് വകുപ്പ് റോഡുകളും പോട്ട്ഹോൾ ഫ്രീ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിപാലന കാലാവധി കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ആദ്യഘട്ടമായി 117.30 കോടി രൂപയുടേയും രണ്ടാംഘട്ടമായി 184.986 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. രണ്ടാംഘട്ട പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റേയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽ അനുവദിച്ച തുക പ്രകാരം 12332 കി.മീ. റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 9210 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളിൽ പ്രീമൺസൂൺ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

കാലവർഷം കണക്കിലെടുത്ത് റോഡുകളുടെ പരിപാലനം ഉറപ്പാക്കാൻ പ്രത്യേക ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന State level Task Force-ന്റെയും District level Task Force-ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ ആരംഭിച്ചു. ഇതിന്റെ ഏകോപനത്തിനായി KSTP PI Cell-ൽ പ്രത്യേക കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ ഉടൻതന്നെ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻതന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കും. ജില്ലാ ടാസ്ക് ഫോഴ്സിനും ഇതുസംബന്ധിച്ച വിവരം കൈമാറും. അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലസന്ദർശനം നടത്തി പരാതി പരിഹാരത്തിനുള്ള പ്രവർത്തനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. മഴ കുറഞ്ഞെങ്കിൽ പരമാവധി 48 മണിക്കൂറിനുള്ളിൽ താത്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുകയാണ് ചുമതല. സ്വീകരിച്ച പരാതി പരിഹാര നടപടി പരാതിക്കാരനെ നേരിട്ട് അറിയിക്കുകയും ചെയ്യും. പ്രവൃത്തി സമയബന്ധിതമായി നടക്കുന്നുവെന്ന് ജില്ലാതല ടാസ്ക്ഫോഴ്സ് ഉറപ്പുവരുത്തും. ജില്ലകളിലെ പരാതിപരിഹാര

നടപടികൾ സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ഇടവേളകളിൽ State Task Force ഉം വിലയിരുത്തും.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

62 **(3059)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണിക്കാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സിൽ(എസ്.എൽ.ടി.എഫ്.) ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മലയോര ഹൈവേ**

63 **(3060)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കാഞ്ഞിരംപാറ- ആലുങ്കൽ- പാലക്കുഴി- അലനല്ലൂർ- കൊട്ടോപാടം-മണ്ണാർക്കാട് - തച്ചൻപാറ – കരിമ്പ – കല്ലടിക്കോട് - മുണ്ടൂർ മുട്ടികുളങ്ങര- കൂട്ടുപാത ജംഗ്ഷൻ - കൊഴിഞ്ഞാംപാറ – ഗോപാലപുരം - മൂലത്തറ – കൈകാട്ടി - മൂലക്കട – കന്നിമാരിമേട് - മുതലമട – മീങ്കര ഡാം - കൊല്ലങ്കോട് - നെന്മാറ – വടക്കഞ്ചേരി എന്നീ പ്രദേശങ്ങളിലൂടെയാണ് പാലക്കാട് ജില്ലയിലെ മലയോര ഹൈവേയുടെ അലൈൻമെന്റ് കടന്നുപോകുന്നത്. അലൈൻമെന്റിന്റെ ആകെ നീളം 140.00 കിലോമീറ്റർ ആണ്. പ്രസ്തുത അലൈൻമെന്റിൽ കൊട്ടോപാടം കഴിഞ്ഞു വരുന്ന കുമരംപുത്തൂർ മുതൽ കൂട്ടുപാത ജംഗ്ഷൻ വരെ (45 കി.മീ) ദേശീയപാതയിൽ ഉൾപ്പെടുന്ന റോഡാണ്. കൂടാതെ കൂട്ടുപാത ജംഗ്ഷൻ മുതൽ ഗോപാലപുരം വരെ (25 കി.മീ) കിഫ്ബി പദ്ധതിയായ പാറ - പൊള്ളാച്ചി റോഡിൽ ഉൾപ്പെട്ടതുമാണ്. KRFB-യുടെ കീഴിൽ വരുന്ന ബാക്കിയുള്ള (70 കി.മീ) പാതയുടെ ഡി.പി.ആർ.

സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

**പൊതുമരാമത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതി**

64 **(3061)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് റോഡുകൾ റിപ്പയർ ചെയ്യുന്നതിന് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അറ്റകുറ്റപ്പണികൾക്കായി റണ്ണിംഗ് കോൺട്രാക്ട് എന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ 1-ൽ ഉൾപ്പെടുത്തി 06-06-2022-ലെ ജി.ഒ(ആർ.റ്റി)നം.617/2022/ പി.ഡബ്ല്യൂ.ഡി പ്രകാരം 117.30 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതിയും 13-05-2022-ലെ ജി.ഒ.(ആർ.റ്റി.)നം.530/2022/പി.ഡബ്ല്യൂ.ഡി. പ്രകാരം 184.986 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ട് വഴി ഒരു വർഷത്തേയ്ക്ക് കരാറുകാർക്ക് പരിപാലനത്തിനായി നൽകുന്നു. ഇതുകൂടാതെ ഔട്ട്പുട്ട് ആന്റ്

പെർഫോർമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന നൂതന കരാർ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന റോഡുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏഴ് വർഷ കാലാവധിയിൽ നിരത്ത് പരിപാലനവും നടത്തിവരുന്നു. ഈ പദ്ധതി പ്രകാരം 2 പാക്കേജുകളിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു റോഡ് റിപ്പയർ ചെയ്ത് സംരക്ഷിക്കാൻ എത്ര വർഷത്തേയ്ക്കാണ് നൽകുന്നത്?

റണ്ണിംഗ് കോൺട്രാക്ട് പദ്ധതി പ്രകാരം ഒരു വർഷവും OPBRC പദ്ധതി പ്രകാരം ഏഴ് വർഷവുമാണ് പരിപാലന കാലാവധി.

(സി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ - I-ൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിവരുന്ന റോഡുകളുടെ ലിസ്റ്റ് അനുബന്ധം I -ആയും+ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ II-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ റോഡുകളുടെ ലിസ്റ്റ് അനുബന്ധം II-ആയും+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ ചേർക്കല - ജെൽസൂർ (Ch 10/000 മുതൽ 39/138 വരെ), കാസർഗോഡ്- കാഞ്ഞങ്ങാട്(Ch 0/000 മുതൽ 27/780 വരെ) റോഡുകളാണ് OPBRC പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) കെ.എസ്.ടി.പി.-യിൽ ഉൾപ്പെട്ടിരുന്നതും ഡി.എൽ.പി. പൂർത്തിയാക്കിയതുമായ കാസർഗോഡ്-കാഞ്ഞങ്ങാട് എസ്.എച്ച്. റോഡ് പൂർണ്ണമായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉൾപ്പെട്ടിട്ടുണ്ട്. കാസർഗോഡ് - കാഞ്ഞങ്ങാട് റോഡിന്റെ Ch 0/000 മുതൽ 27/780 വരെയുള്ള 27.78 കി.മീ. റോഡ് OPBRC പാക്കേജ് 5-ൽ ഉൾപ്പെട്ടിട്ടുണ്ട്.

**ഭാരത്മാല പദ്ധതി**

65 **(3062)** <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ റോഡുകളാണ് നിർമ്മിക്കപ്പെടുന്നത്; വിശദമാക്കാമോ?

ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ

നിർമ്മിക്കപ്പെടുന്ന റോഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+

(ബി) അനിവാര്യമായും പുനർനിർമ്മിക്കേണ്ട ഗ്രാമീണ റോഡുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ നവീകരണം**

66 **(3063)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ ഇടപെടൽ നടത്താമോ; വ്യക്തമാക്കാമോ?

(എ&ബി) Approach Road to Payyannur Railway Station Road km 1/000 to 3/100' എന്ന പ്രവൃത്തിക്ക് 05-01-2021-ലെ ഉത്തരവ് പ്രകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് പ്രവൃത്തിയുടെ പേര് 'BC Overlay and Additional amenities to Approach Road to Payyannur Railway Station ch. 1/000 to 4/000' എന്ന് ഭേദഗതി വരുത്താനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിലെ സൗരോർജ്ജവിളക്കുകൾ**

67 **(3064)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ സ്ഥാപിച്ച സൗരോർജ്ജ വിളക്കുകൾ ഭൂരിഭാഗവും പ്രകാശിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇവ നന്നാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അപാകതകൾ പരിഹരിക്കുന്നതിനായി ഒരു വിശദ പഠനം നടത്താൻ M/s.ANERT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

M/s.ANERT-ന്റെ റിപ്പോർട്ടിന് കെ.എസ്.ടി.പി. സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കച്ചേരിക്കടവ് പാലം അനുബന്ധ റോഡിന്റെ നിർമ്മാണം**

**68 (3065)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കച്ചേരിക്കടവ് പാലം അനുബന്ധ റോഡിന്റെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്തതിനാൽ പാലം വഴിയുള്ള ഗതാഗതം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണം സ്ഥലമേറ്റെടുക്കൽ നടത്താത്തതുമൂലം പൂർത്തീകരിച്ചിരുന്നില്ല. ആയതുകൊണ്ട് ഗതാഗതം പൂർണ്ണതോതിൽ നടക്കുന്നില്ല.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് മാറ്റിവച്ച തുക സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) തൃശ്ശൂരിന് കൈമാറുന്നതിനും ഭൂമി ഏറ്റെടുത്ത് റോഡ് നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയ്ക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു കച്ചായി പ്രവൃത്തി**

**69 (3066)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ച പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു കച്ചായി എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ മോശം അവസ്ഥ പരിഗണിച്ച് ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

(എ-സി)പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു കച്ചായി എന്ന പ്രവൃത്തിയുടെ 30-04-2022-ൽ ലഭിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ്

**70 (3067)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ബന്ധപ്പെട്ട ശീർഷകത്തിൽ മുൻ വർഷം തുക വകയിരുത്താത്തത് മൂലമുണ്ടായ പ്രശ്നം പരിഹരിക്കുന്നതിന് ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; മുൻ വർഷം ഇ.എം.എൽ.ഐ. സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട ശീർഷകം ഉൾപ്പെടുത്താത്തത് മൂലമുണ്ടായ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ഈ വർഷം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധപുലർത്താത്തത് ഏത് തലത്തിലുള്ള വീഴ്ചയാണെന്ന് അറിയിക്കുമോ?

(എ&ബി) നടപ്പ് സാമ്പത്തിക വർഷം 5054-04-101-86 PV എന്ന ശീർഷകം എമിലി സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത നഷ്ടപരിഹാരം എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

നഷ്ടപരിഹാരം നൽകുന്നതിനായി പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**പടിഞ്ഞാറെക്കര-ഉണ്ണ്യാൽ റോഡിന്റെ സ്ഥലമേറ്റെടുപ്പ്**

**71 (3068)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലൂടെ പോകുന്ന പടിഞ്ഞാറെക്കര-ഉണ്ണ്യാൽ റോഡിൽ സ്ഥലമേറ്റെടുക്കാത്തതിനാൽ പ്രവൃത്തി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കിഫ്ബിയുടെ 16-08-2021-ലെ കത്ത് പ്രകാരം തീരദേശ ഹൈവേയ്ക്ക് ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമല്ലാത്ത 4.13 കി.മീ. ദൂരം പ്രസ്തുത റോഡ് പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ബാക്കി ഭാഗങ്ങളിൽ പ്രവൃത്തി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം നിർദ്ദിഷ്ട വീതി ലഭിക്കാത്ത ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ചെയിനേജ് 0/000 മുതൽ 1/620 വരെയും 5/900 മുതൽ 7/110 വരെയും 13/700 മുതൽ 15/000

വരെയുമുള്ള ഭാഗങ്ങളിൽ പ്രവൃത്തി താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) എങ്കിൽ എവിടെ മുതൽ എവിടെ വരെയാണ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ വരെ വരുന്ന റോഡിൽ താഴെപ്പറയുന്ന മൂന്നിടങ്ങളിലായാണ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്:

1) പുത്തൂർ വില്ലേജിലെ പടിഞ്ഞാറേക്കര (ചെയിനേജ് 0/000 മുതൽ 1/620 വരെ)
2) കൂട്ടായി ടൗൺ ഏരിയ, (ചെയിനേജ് 5/900 മുതൽ 7/110 വരെ)
3) നിറമരുതൂർ വില്ലേജിലെ ഉണ്ണ്യാൽ (ചെയിനേജ് 13/700 മുതൽ 15/000)

(സി) പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉണ്ട്. പടിഞ്ഞാറേക്കര മുതൽ ഉണ്ണ്യാൽ വരെയുള്ള ഭാഗത്ത് മേൽ സൂചിപ്പിച്ച മൂന്ന് സ്ഥലങ്ങളിലായി 4.13 കി.മീ. നീളത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ 31-01-2022-ലെ ഓർഡർ നമ്പർ PWD014-01/APR-5/2022/KIIFB പ്രകാരം 4.30 കോടി രൂപയുടെ

സാമ്പത്തികാനുമതിയും 18-04-2022-ലെ G.O.(Rt) No.1688/2022/RD ഉത്തരവ് പ്രകാരം 332.075 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതിയും ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി റിക്വസിഷൻ ഫോം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകുകയും തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ ലഭ്യമായിട്ടുമുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

## പാടത്തേയ്ക്ക് ഇറങ്ങാൻ കഴിയുന്ന തരത്തിൽ റാമ്പുകളും പടവുകളും നിർമ്മിക്കുന്നത് സംബന്ധിച്ച്

**72 (3069)** <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ തടികാട്ടിൽനിന്നും വെഞ്ചേമ്പ് വരെയുള്ള മൂന്ന് കിലോമീറ്റർ പൊതുമരാമത്ത് റോഡ് നിലംനികത്തി രണ്ട് മീറ്റർ ഉയരത്തിലാണ് നിർമ്മിച്ചിട്ടുള്ളത് എന്നതിനാൽ പാടങ്ങളിലേയ്ക്ക് കർഷകർക്ക് ഇറങ്ങാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്ത് പടവുകളും റാമ്പും നിർമ്മിച്ച് നൽകുമെന്ന്

പൊതുമരാമത്ത് വകുപ്പ് അധികൃതരും കരാറുകാരും നൽകിയിരുന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്തെ കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി പാടത്തേക്ക് ഇറങ്ങാൻ കഴിയുന്ന തരത്തിൽ റാമ്പുകളും പടവുകളും നിർമ്മിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) "വാളകം-തടിക്കാട്-അഞ്ചൽ മാർക്കറ്റ്-മാത്ര-അടുക്കളമൂല റോഡിന്റെ വികസനം" എന്ന പ്രവൃത്തിയുടെ ഭാഗമായ തടിക്കാട്-വെഞ്ചേമ്പ് റോഡ് 10-02-2021-ന് പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രവൃത്തി നടപ്പിലാക്കിയ സമയത്ത് പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ താഴ്ചയുള്ള സ്ഥലങ്ങളിലേക്ക് വഴി സൗകര്യത്തിനായി മണ്ണിട്ട് റാമ്പ് നിർമ്മിച്ചിട്ടുള്ളതാണ്. തടിക്കാട്ടിൽനിന്നും വെഞ്ചേമ്പ് വരെയുള്ള പ്രദേശത്തെ കർഷകരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാരിൽ പിന്നീട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറി നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം ടി വിഷയം പരിശോധിക്കുന്നതാണ്.

**മലയോര ഹൈവേ**

**73 (3070)** <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ മലയോര ഹൈവേയുടെ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ മണ്ഡലത്തിലൂടെ എത്ര കിലോമീറ്റർ ദൂരമാണ് മലയോര ഹൈവേ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിലെ മലയോര ഹൈവേയിലെ കൊല്ലങ്കോട്- വടക്കഞ്ചേരി പാതയിൽ, പനങ്ങാട്ടിരി മുതൽ വിതനാശ്ശേരി വരെ (Ch.103/280 to Ch.110/350) 7.057 കി.മീ. പാതയാണ് നെന്മാറ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ടി അലൈൻമെന്റിന്റെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

## തിരുവല്ല ബൈപ്പാസിലെ അപകട സാദ്ധ്യതകളെക്കുറിച്ചുള്ള പഠന റിപ്പോർട്ട്

**74 (3071)** <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസിലെ അപകട സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി കെ.എസ്.റ്റി.പി.-യുടെ റോഡ് സുരക്ഷാവിഭാഗം നടത്തിയ പഠനത്തിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തിരുവല്ല ബൈപ്പാസിൽ അപകടസാധ്യതയുള്ള ചില ലൊക്കേഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റ്, റോഡ് മാർക്കിംഗ്, സ്പീഡ് ഹംപ്, റോഡ് സൈൻ ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കണം എന്നതാണ് പ്രസ്തുത പഠനത്തിലെ ശിപാർശകൾ.

(ബി) പ്രസ്തുത ശിപാർശകൾ പ്രകാരം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിന്റെ ഡി.എൽ.പി. അവസാനിച്ച ഘട്ടത്തിലാണ് ഈ ശിപാർശകൾ ലഭ്യമായത്. ആയതിനാൽ ശിപാർശകൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. റോഡ് കെ.എസ്.റ്റി.പി.-യിൽനിന്ന് ഏറ്റെടുക്കാനായി പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗം റോഡ് ഏറ്റെടുക്കുന്ന മുറയ്ക്ക് ശിപാർശകൾ നടപ്പിലാക്കാനായി സുരക്ഷാ വിഭാഗത്തിന്റെ റിപ്പോർട്ട് കൈമാറി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

**75 (3072)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇതുവരെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുക എത്രയാണെന്നും ഇത് കുടിശ്ശികയായത് എന്ന് മുതലാണെന്നും വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ വിവിധ വിഭാഗങ്ങളിൽ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശിക തുക ചുവടെ ചേർക്കുന്നു:

| വിഭാഗം | തുക (കോടി രൂപയിൽ) |
|---|---|
| നിരത്തുകൾ, നിരത്തുപരിപാലനം & പാലങ്ങൾ (01-11-2021 മുതൽ 30-04-2022 വരെ) | 1270.14 |
| കെട്ടിടങ്ങൾ (01-01-2021 മുതൽ 30-04-2022 വരെ) | 383.46 |

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ടെണ്ടർ നടപടികളില്ലാതെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (യു.എൽ.സി.സി.എസ്.) ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ടെണ്ടർ നടപടികളില്ലാതെ യു.എൽ.സി.സി.എസ്.-ന് നൽകുന്നതിന് പ്രത്യേകമായ ഉത്തരവുകൾ ഒന്നുംതന്നെയില്ല. എന്നാൽ ധനകാര്യ വകുപ്പിന്റെ 17-01-2022-ലെ ജി.ഒ.(പി)നം.7/2022/ഫിൻ പ്രകാരം ഒരു കോടി രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഭരണവകുപ്പിന് ടെണ്ടർ നടപടികൾ കൂടാതെ നോൺ-പി.എം.സി. വിഭാഗത്തിലുള്ള അക്രെഡിറ്റഡ് ഏജൻസികൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ നൽകുന്നതിന് വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. യു.എൽ.സി.സി.എസ്., നോൺ-പി.എം.സി. വിഭാഗത്തിൽപ്പെടുന്ന ഏജൻസിയാണ്.

## മൂവാറ്റുപുഴ കടാതി-കാരക്കുന്നം ബൈപ്പാസ് നിർമ്മാണം

**76 (3073)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ മൂവാറ്റുപുഴ കടാതി-കാരക്കുന്നം ബൈപ്പാസ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് സംയുക്ത സംരംഭമായി നിർമ്മിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച് എന്തെങ്കിലും പ്രാഥമിക

ചർച്ചകളോ കൂടിയാലോചനകളോ എൻ.എച്ച്.എ.ഐ.-യുമായി നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി മുന്നോട്ട് പോവുകയാണെങ്കിൽ സർക്കാരിന്റെയും എൻ.എച്ച്.എ.ഐ.-യുടെയും ചെലവ് അനുപാതം എത്രയാണെന്ന് അറിയിക്കാമോ?

(എ-സി) മൂവാറ്റുപുഴ ബൈപ്പാസ് ഉൾപ്പെടുത്തി ദേശീയപാത 85 പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം കൺസൾട്ടന്റ്സ് മുഖാന്തിരം പുരോഗമിക്കവെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പഠനം നിർത്തിവയ്ക്കുകയും ആയതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും റീജിയണൽ ഓഫീസർ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം മുഖാന്തരം എൻ.എച്ച്.എ.ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതുമാണ്.

മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകൾ സ്റ്റാന്റ് എലോൺ പ്രോജക്ടായി നടപ്പാക്കുന്നതിന് ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണം, യൂസർ ഫീ കളക്ഷൻ സംസ്ഥാന സർക്കാർ അനുവദിക്കണം എന്നീ വ്യവസ്ഥകൾ പാലിക്കണമെന്ന് ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ ദേശീയപാതാ

അതോറിറ്റിയുടെ ജനറൽ മാനേജർ (ടെക്)ന് എഴുതിയ കത്തിൽ ശിപാർശ ചെയ്തിരുന്നു. ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുക സംബന്ധിച്ച് ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡ് നിർമ്മാണം**

**77 (3074)** <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡ് എത്ര കിലോമീറ്റർ നീളത്തിൽ നിർമ്മാണം പൂർത്തീകരിച്ചെന്നും ഇനി എത്ര കിലോമീറ്റർ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്ന ഭാഗത്തെ പൈപ്പിടൽ ഉൾപ്പെടെയുള്ള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) കരുവന്തല-ചക്കംകണ്ടം റോഡിൽ 5.9 കി.മീ. ഭാഗത്തെ ബി.എം.&ബി.സി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2.75 കി.മീ. ഭാഗത്ത് കെ.ഡബ്ല്യൂ.എ.-യുടെ പൈപ്പിടലുണ്ടായിരുന്നതിനാൽ പ്രസ്തുത ഭാഗത്തെ ബി.എം.&ബി.സി. പൂർത്തീകരിച്ചിട്ടില്ല.

നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പിടലുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രസ്തുത ബി.എം.&ബി.സി. പ്രവൃത്തി ചെയ്യുന്ന അതേ കരാറുകാരൻ തന്നെ പൈപ്പിട്ടതിന്റെ റെസ്റ്റൊറേഷൻ പ്രവൃത്തി ചെയ്യാൻ തയ്യാറായി കരാർ ഉടമ്പടി വച്ച് പ്രവൃത്തി ചെയ്യുന്നുണ്ട്. ഏപ്രിൽ മാസത്തോടെയാണ് പ്രസ്തുത ഭാഗത്തെ പൈപ്പിടൽ കഴിഞ്ഞ് കെ.ഡബ്ല്യൂ.എ. റോഡ് തിരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളത്. തുടർന്ന് റെസ്റ്റൊറേഷൻ പ്രവൃത്തികൾക്കായുള്ള കരാർ ഉടമ്പടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി പ്രവൃത്തികൾ ആരംഭിച്ചിരുന്നു. ഇടയ്ക്ക് ശക്തമായ മഴയുണ്ടായിരുന്ന അവസരങ്ങളിൽ പൊതുവെ ഉയർന്ന വാട്ടർ ലെവലുള്ള പ്രസ്തുത സ്ഥലങ്ങളിലെ ജി.എസ്.ബി. (GSB), ഡബ്ല്യൂ.എം.എം. (WMM) ഇട്ടുള്ള റെസ്റ്റോറേഷൻ ത്വരിതഗതിയിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നിരുന്നു. ഇപ്പോൾ കേരള വാട്ടർ അതോറിറ്റി പൈപ്പിട്ട 2.75 കി.മീ. ദൂരം ജി.എസ്.ബി. (GSB),

ഡബ്ല്യൂ.എ.എം (WMM) റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മഴക്കാലം കഴിയുമ്പോൾ പ്രസ്തുത ഭാഗത്തെ ബി.എം.&ബി.സി പ്രവൃത്തിയും കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ പരിശ്രമിക്കുന്നു.

**ചങ്കുവെട്ടി ജംഗ്ഷൻ നവീകരണം**

**78 (3075)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്ക് കാരണം യാത്രക്കാർ ഏറെ ബുദ്ധിമുട്ടുന്ന കോട്ടയ്ക്കൽ മണ്ഡലത്തിലെ ചങ്കുവെട്ടി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് നിരത്ത്, ഡിസൈൻ വിഭാഗങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ചങ്കുവെട്ടി ജംഗ്ഷൻ ദേശീയപാത 66-ലാണ് സ്ഥിതിചെയ്യുന്നത്. ദേശീയപാത 66 വികസനത്തിനായി ടി റോഡ് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി നിർമ്മാണ പ്രവർത്തനം നടത്തുന്ന പുതിയ 4/6 വരിപ്പാതയിൽ ചങ്കുവെട്ടി ജംഗ്ഷൻ ഉൾപ്പെടുന്നില്ല. ചങ്കുവെട്ടി ജംഗ്ഷനിൽ നിലവിലുള്ള ഹൈവേയുടെ

അതിർത്തിയും കയ്യേറ്റങ്ങളും കണ്ടെത്തുന്നതിന് സർവ്വേ നടത്തുവാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയത്തിനുശേഷം ദേശീയപാത അതോറിറ്റിക്ക് പ്രസ്തുത ജംഗ്ഷനിൽ നവീകരണ പ്രവൃത്തികൾ ഇല്ലെങ്കിൽ അതോറിറ്റിയുടെ അനുമതിയോടെ മാത്രമേ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ജംഗ്ഷൻ നവീകരിക്കാനാകൂ.

**വല്ലംകടവ്-പാറപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

**79 (3076)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ-ആലുവ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വല്ലംകടവ്-പാറപ്പുറം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുടെ ഭൂമി ഇടിഞ്ഞ് ഭവനങ്ങൾ സുരക്ഷിതമല്ലാതായി അവരെ മാറ്റിപ്പാർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് നഷ്ടപരിഹാരം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പെരുമ്പാവൂർ-ആലുവ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാറപ്പുറം വല്ലംകടവ് പാലത്തിന്റെ കൾവർട്ട്

നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണിടിച്ചിൽ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് നിലവിൽ സൈറ്റിൽ മണ്ണിടിച്ചിൽ തടയാനാവശ്യമായ shoring നടത്തി സുരക്ഷിതമാക്കിയിട്ടുണ്ട്. അതിശക്തമായ മഴയുണ്ടായ സാഹചര്യത്തിൽ പ്രദേശത്തെ ഒരു കുടുംബം സ്വമേധയാ ദുരന്ത നിവാരണ അതോറിറ്റിയെ വിവരമറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താമസം മാറുകയുമാണുണ്ടായത്. നിലവിൽ സൈറ്റിൽ മണ്ണിടിച്ചിൽ ഭീഷണികളില്ല.

## ലെവൽ ക്രോസ് ഇല്ലാത്ത കേരളം

**80(3077)** ശ്രീ. എം. മുകേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായുള്ള പ്രധാന പാതകളിലെ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിരിക്കുന്ന

72 ആർ.ഒ.ബി.-കളിൽ അഞ്ചെണ്ണം ബഡ്ജറ്റ് മുഖേനയും ബാക്കി 67 എണ്ണം കിഫ്ബി ഫണ്ട് മുഖേനയും നടപ്പാക്കുന്നു. ഇവയിൽ ഒരു ആർ.ഒ.ബി. പൂർത്തിയാക്കി (കാഞ്ഞങ്ങാട്) മാർച്ചിൽ ഗതാഗതത്തിന് തുറന്നുകൊടുത്തു. പതിനൊന്ന് ആർ.ഒ.ബി.-കളുടെ നിർമ്മാണം നടന്നുവരുന്നു. രണ്ട് ആർ.ഒ.ബി.-കളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. പന്ത്രണ്ട് ആർ.ഒ.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പതിനാറ് ആർ.ഒ.ബി.-കൾ സിൽവർലൈനുമായി ബന്ധപ്പെട്ട് കെ.ആർ.ഡി.സി.എൽ.-ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇരുപത്തിരണ്ട് ആർ.ഒ.ബി.-കളുടെ ജി.എ.ഡി. റെയിൽവേ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഒരു ആർ.ഒ.ബി. കിഫ്ബിയുടെ പരിഗണനയിലാണ്. ഏഴ് ആർ.ഒ.ബി.-കളുടെ അലൈൻമെന്റ് തീരുമാനമായിട്ടില്ല.

ലെവൽ ക്രോസിംഗ് ഇല്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്കെത്താൻ 27 മേൽപ്പാലങ്ങൾ/അടിപ്പാതകൾ നിർമാണം കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം റെയിൽവേ മേൽപ്പാലങ്ങളാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ള പാലങ്ങളിൽ ആദ്യ ഘട്ടത്തിൽ പത്ത് മേൽപ്പാലങ്ങളാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റെയിൽവേ ഭാഗംകൂടി ആർ.ബി.ഡി.സി.കെ. മുഖേന നിർമ്മിക്കുന്നതിന് റെയിൽവേയുമായി വിവിധ തലങ്ങളിൽ ചർച്ച നടത്തിയെങ്കിലും റെയിൽവേ അനുമതി നൽകിയില്ല. ഒൻപത് ആർ.ഒ.ബി.-കളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇവ 30-12-2022-ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. സിൽവർലൈനുമായി ബന്ധപ്പെട്ട് ഒരു ആർ.ഒ.ബി.-യുടെ റിവൈസ്ഡ് അലൈൻമെന്റ് റെയിൽവേയുടെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തിയ മേൽപ്പാലങ്ങളുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേയിൽനിന്ന് അംഗീകാരം ലഭിച്ച തൃശ്ശൂർ ജില്ലയിലെ LC No.36-ലും മലപ്പുറം ജില്ലയിലെ No.12-ലും ടെണ്ടർ

നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ള മേൽപ്പാലങ്ങളിൽ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ബഡ്ജറ്റ് ഫണ്ട് മുഖേനയുള്ള രണ്ട് ആർ.ഒ.ബി.-കളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബി ഫണ്ട് മുഖേനയുള്ള പന്ത്രണ്ട് ആർ.ഒ.ബി.-കളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുള്ള 21 മേൽപ്പാലങ്ങൾ/ അടിപ്പാതകളുടെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള നാല് പാലങ്ങളുടെ രൂപരേഖയുടെ അംഗീകാരത്തിനായി റെയിൽവേയുമായി ചർച്ചകൾ പുരോഗമിക്കുന്നു. രണ്ട് ആർ.ഒ.ബി.-കൾ കേരള റോഡ് ഫണ്ട് ബോർഡിന് റീ-അലോട്ട് ചെയ്തുകൊണ്ട് ഭരണാനുമതി കൊടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായി വരുന്ന തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ആർ.ബി.ഡി.സി.കെ., കെ.ആർ.ഡി.സി.എൽ. എന്നിവരെ ചുമതലപ്പെടുത്തിയിരിക്കുന്ന മേൽപ്പാലങ്ങളുടെ എസ്റ്റിമേറ്റ് അനുബന്ധം (2) ആയി ചേർക്കുന്നു.+ പാലങ്ങൾ വിഭാഗത്തിന്റെ ചുമതലയിലുള്ള കടലുണ്ടി മേൽപ്പാലത്തിന് 6,183 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

**പഴയങ്ങാടി പാലം**

**81 (3078)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ധനകാര്യ അനുമതി നൽകിയതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതുമായ പഴയങ്ങാടി പാലം നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

10-07-2017-ലെ G.O(Rt)No. 942/2017/PWD പ്രകാരം പദ്ധതിക്ക് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 15.48 കോടി രൂപയുടെ സാമ്പത്തികാനുമതി 24-02-2021-ന് ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതിയോടൊപ്പമുള്ള ഡീറ്റെയിൽഡ് അപ്രൈസൽ റിപ്പോർട്ടിൽ പറഞ്ഞ മാറ്റങ്ങൾ വരുത്തിയിട്ടുള്ള 18.51 കോടി രൂപയുടെ എസ്റ്റിമേറ്റിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13-05-2022-ന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതിയിൽ കവിഞ്ഞതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും തുടർന്ന് 29-06-2022-ന് 1.40 കോടി രൂപയുടെ ചമയങ്ങളുടെ വിലനിർണ്ണയം ഉൾപ്പടെ 19.91 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായിട്ടുമുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആനങ്ങാടി റെയിൽവേ മേൽപ്പാലം**

**82 (3079)** ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് ഉടമസ്ഥതയിലുള്ള കടലുണ്ടി-ചെട്ടിയാർമാട് റോഡിലെ ആനങ്ങാടി റെയിൽവേ ഗേറ്റ് പലപ്പോഴും അടഞ്ഞുകിടക്കുന്ന കാരണവും തകരാർ സംഭവിക്കുന്നതിനാലും തീരദേശത്തുനിന്നും ദേശീയപാതയിലേയ്ക്ക് എത്താനുള്ള പ്രധാന ഗതാഗത മാർഗ്ഗം തടസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മംഗലാപുരം -ഷൊർണ്ണൂർ ലൈനിൽ ആനങ്ങാടി റെയിൽവേ ഗേറ്റ് (LC No. 174-C @ RY KM647) ഡെപ്പോസിറ്റ്

വ്യവസ്ഥയിൽ സ്ഥാപിച്ചിട്ടുള്ളതിനാൽ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും. സ്ഥലമേറ്റെടുക്കുന്നതിന് ഏകദേശം അഞ്ച് കോടി രൂപയും നിർമ്മാണത്തിന് ഏകദേശം 25 കോടി രൂപയും ഉൾപ്പെടെ 30 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.എസ്.സി.എൽ.) മുഖേന ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ആനങ്ങാടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) മുഖേന ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് ബഹു. വള്ളിക്കുന്ന് എം.എൽ.എ. 2018-ൽ നൽകിയ കത്തിന്മേൽ 2018-19

വർക്ക്സ് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയ പ്രവൃത്തികൾ ഒരുമിച്ച് പരിഗണിക്കാമെന്ന് ബഹു. ധനമന്ത്രി ഉത്തരവായിട്ടുണ്ടെന്നുള്ള വിവരം ബഹു. എം.എൽ.എ.-യെ അറിയിക്കുകയുണ്ടായിട്ടുണ്ട്.

2022-ൽ ബഹു. വള്ളിക്കുന്ന് എം.എൽ.എ. സമർപ്പിച്ച നിവേദനം പരിശോധിച്ചുവരുന്നു.

**കടുത്തുരുത്തി മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന പാലങ്ങളുടെ പുനർനിർമ്മാണം**

**83 (3080)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലുണ്ടായ പ്രളയത്തിൽ തകർന്നുപോയ വെമ്പള്ളി-കല്ലോലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇ-ഫയൽ നമ്പർ ഇ-6024107 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം ചീഫ് എഞ്ചിനീയർ

പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ആയത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്നും അടിയന്തിരമായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ-സി) ഇ-ഫയൽ നമ്പർ ഇ-6024107 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ പരാമർശിച്ചിരുന്ന വെമ്പള്ളി-കല്ലോലി പാലം, വയലാ കോടികുളം പാലം എന്നിവ പുനർനിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി മുമ്പാകെ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 20% വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ മാത്രമാണ് 05-05-2022-ന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിഗണിച്ചത്. നിവേദനത്തിൽ പറയുന്ന മാറൊഴിക പാലത്തിന്റെ റ്റി.ജി.ഡി.ഡി. ലഭ്യമായതിനെ തുടർന്ന് ഡി.പി.ആർ. തയ്യാറാക്കിവരുന്നു. മാറൊഴിക പാലത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണം**

**84 (3081)** ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായുള്ള വകുപ്പുതല ശിപാർശകൾ ലഭിച്ചിട്ടും നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാത്തത് പുനഃപരിശോധിക്കുമോ എന്നറിയിക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പാലത്തിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തി അനുമതി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണത്തിന് 2021-22 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടില്ല. ആവശ്യകത വ്യക്തമാക്കി പുതുക്കിയ ശിപാർശ ലഭ്യമായാൽ തുടർ നടപടി സീകരിക്കുന്നതാണ്.

## മുനമ്പത്തുകടവ് പാലം നിർമ്മാണം

**85 (3082)** ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുല്ലിപുഴയ്ക്ക് കുറുകെയുള്ള മുനമ്പത്തുകടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള ഭാവി പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

(എ&ബി) ബഡ്ജറ്റ് 2021-22-ലും 2022-23-ലും ഇരുമ്പോത്തിങ്ങൾ പാലം, മുദിയം കടവ്, മുനമ്പത്തുകടവ്, ആനങ്ങാടി ആർ.ഒ.ബി. എന്നീ പാലങ്ങൾക്കെല്ലാംകൂടി നൂറ് രൂപ ടോക്കൺ പ്രൊവിഷനായി പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. രണ്ട് ഭാഗത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തിക്കാവശ്യമായ മണ്ണ് പര്യവേഷണ എസ്റ്റിമേറ്റിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായാൽ, പ്രവൃത്തിയുടെ മുൻഗണനാക്രമത്തിൽ

ഡിസൈൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ കഴിയും.

(സി) ബഡ്ജറ്റിൽ പ്രൊവിഷനുള്ള പ്രവൃത്തി എന്ന നിലയിൽ മുനമ്പത്തുകടവ് പാലത്തിന്റെ ഭരണാനുമതി നൽകുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

മുനമ്പത്തുകടവ് പാലത്തിനും മറ്റ് പാലങ്ങൾക്കുമായി 2022-23 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാൻ കഴിയും.

## പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ബ്രിഡ്ജസ് വിഭാഗത്തിലെ പ്രവൃത്തികൾ

**86 (3083)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2016-2021 വർഷത്തിൽ ബ്രിഡ്ജസ് വിഭാഗത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളതെന്നും

അവശേഷിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗത്തിന് കീഴിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ 2016-2021 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2021-നുശേഷം ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കാമോ; അവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തിമിരിപ്പുഴ പാലം നിർമ്മാണത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ സ.ഉ.(സാധാ)1070/2021/പൊ.മ.വ. പ്രകാരം 844 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. പ്രസ്തുത പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാല നിർമ്മാണം

**87 (3084)** ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് 10-01-2017-ലെ സ.ഉ.(സാധാ) നം.942/2017/പൊ.മ.വ. ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളതുമാണ്. 09-11-2018-ലെ PWD016-12-PA-01 കിഫ്ബി ഉത്തരവുപ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതും റവന്യൂ വകുപ്പിന്റെ 13-05-2019-ലെ സ.ഉ.(സാധാ) 1112/2019/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. 24-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നതും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസീൽദാരുടെ ഓഫീസിൽനിന്ന് പൊന്നുംവില നടപടികൾ തുടർന്നു വരുന്നതുമാണ്. 4(1) നോട്ടിഫിക്കേഷൻ 27-12-2019-ൽ

പുറപ്പെടുവിച്ചിരുന്നതും സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച് എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും 23-01-2021-ൽ (11) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുതുമാണ്. നിലവിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും സബ്ഡിവിഷൻ റിക്കാർഡ് ലഭ്യമായിട്ടുള്ളതും സ്ഥലവില ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ചമയങ്ങളുടെയും കെട്ടിടങ്ങളുടെയും വില നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ. കോസ്റ്റ് ഇനത്തിൽ 10,83,06,905/- രൂപ സ്പെഷ്യൽ തഹസീൽദാർക്ക് 22-03-2022-ൽ നൽകിയിട്ടുള്ളതുമാണ്. പുനരധിവാസ പാക്കേജുകൾ ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് 07-06-2022-ൽ ഉത്തരവായിട്ടുള്ളതും 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ എൽ.എ.ഒ. ഓഫീസിൽ സ്വീകരിച്ചുവരുന്നതുമാണ്. ഫൈനൽ ജി.എ.ഡി. 22-10-2021-ന് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുകയും റെയിൽവേയിൽ നിന്ന് ഫൈനൽ ജി.എ.ഡി.-യ്ക്ക് അംഗീകാരവും ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

## ചെറുവട്ടൂർ അടിവാട്ട് പാലം പുതുക്കിപ്പണിയുന്നതിന് നടപടി

**88 (3085)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂർ അടിവാട്ട് പാലം പുതുക്കിപ്പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനായി പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനായി 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ;

(ഡി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) വളരെ വീതി കുറഞ്ഞതും അപകടാവസ്ഥയിലുള്ളതുമായ അടിവാട്ട് പാലം അടിയന്തരമായി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-ഇ) പാലം പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിൽനിന്നും ടെൻഡേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ**

**89 (3086)** ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കായംകുളം നിയോജക മണ്ഡലത്തിൽ അനുവദിച്ച പാലങ്ങളും അവയുടെ നിർമ്മാണ പുരോഗതിയും ചുവടെ ചേർക്കുന്നു.

1) <u>കന്നിശക്കടവ് പാലം</u>: ഭരണാനുമതി നൽകിയിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽനിന്നും പ്രസിദ്ധീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

2) <u>കൂട്ടുംവാതുക്കൽ പാലം</u>: പാലം പണി പൂർത്തീകരിച്ചു. ലൈറ്റിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

3) <u>പാർക്ക് ജംഗ്ഷൻ</u>: പ്രവൃത്തി പൂർത്തീകരിച്ചു.

4) <u>മാർക്കറ്റ് പാലം</u>: പുതുക്കിയ ഡ്രോയിംഗ് പ്രകാരം പുതുക്കിയ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

5) <u>കോയിക്കൽപടി പാലം</u>: ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6) <u>മുനമേൽ കടവ് സൊസൈറ്റി കടവ് പാലം</u>: കായംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കാൻ അനുവദിച്ച പാലം പ്രവൃത്തിയാണ് മുനമേൽ കടവ് സൊസൈറ്റി കടവ് പാലം. പ്രസ്തുത പ്രവൃത്തിക്കായി 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി

നൽകിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. 10-03-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി പദ്ധതിയുടെ സാധ്യത പരിശോധിക്കുന്നതിനായി കിഫ്ബി പ്രോജക്ട് അപ്രൈസൽ ഡിവിഷനിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ആയതിന്റെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) 09-05-2022-ന് ലഭിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പ്രകാരം കായംകുളം കായലിന് കുറുകെ ഏകദേശം ഒരു കി.മീ. ചുറ്റളവിൽത്തന്നെ കുട്ടുംവാതുക്കൽ പാലം, 13-04-2022-ന് പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം മുഖേന ഗതാഗതത്തിനായി തുറന്ന് നൽകിയിട്ടുള്ളതിനാലും കായംകുളം മാർക്കറ്റിനെയും ടൗണിനേയും ബന്ധിപ്പിക്കുന്ന പാർക്ക് ജംഗ്ഷൻ പാലവും ഗതാഗതത്തിനായി തുറന്നതിനാലും പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ആവശ്യകത നിലവിലില്ലെന്ന് അറിയിച്ചിട്ടുണ്ട്.

7) <u>കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം</u>: കായംകുളം മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ ഒരു പദ്ധതിയാണ് നിലവിലുള്ളത്. കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി.

ആയി നിയമിച്ചിട്ടുള്ളതുമാണ്. 09-11-2018-ലെ PWD016-12-PA-01 കിഫ്ബി ഉത്തരവുപ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ 13-05-2019-ലെ G.O.(Rt)No.1112/2019/RD നമ്പർ ഉത്തരവ് പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. 24-12-2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നതും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽനിന്ന് പൊന്നുംവില നടപടികൾ തുടർന്ന് വരുന്നതുമാണ്. 4(1) നോട്ടിഫിക്കേഷൻ 27-12-2019-ൽ പുറപ്പെടുവിച്ചിരുന്നതും സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും 23-01-2021-ൽ (11) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും സബ്ഡിവിഷൻ റിക്കാർഡ് ലഭ്യമായിട്ടുള്ളതും സ്ഥലവില ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ചമയങ്ങളുടെയും കെട്ടിടങ്ങളുടെയും വിലനിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ. കോസ്റ്റ് ഇനത്തിൽ 10,83,06,905/- രൂപ ആവശ്യപ്പെട്ട് സ്പെഷ്യൽ തഹസീൽദാരുടെ

ഓഫീസിൽനിന്നും ഫണ്ട് റിക്വസ്റ്റ് ലഭിക്കുകയും ഈ തുക 22-03-2022-ൽ നൽകിയിട്ടുള്ളതുമാണ്. പുനരധിവാസ പാക്കേജുകൾ ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് 07-06-2022-ൽ ഉത്തരവായിട്ടുള്ളതാണ്. 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ എൽ.എ.ഒ. ഓഫീസിൽ സ്വീകരിച്ചുവരുന്നു. ഫൈനൽ ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി 22-10-2021-ന് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കുകയും റെയിൽവേയിൽനിന്നും ഫൈനൽ ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടിപാലം നിർമ്മാണം

**90 (3087)** <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ-കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണുപരിശോധന പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

5.9 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു.

(സി) പ്രസ്തുത ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

പ്രസ്തുത ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ഡി) 2020-21 ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പാലം നിർമ്മാണത്തിന് അടിയന്തര അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് (ഡിസൈൻ) വിഭാഗം ഡ്രോയിംഗ് തയ്യാറാക്കുകയും അതിനനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി തേടുകയാണ് ചെയ്യുക.

**മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലം നിർമ്മാണം**

**91 (3088)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ&ബി) കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 19-04-2018-ലെ സ.ഉ. (സാധാ)നം.718/2018/PWD പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്ക് ശേഷം തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയിൽ അപ്‌ലോഡ് ചെയ്യുകയും 38.22 കോടി രൂപയ്ക്ക് ക്ഫ്ബിയുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തു.

റെയിൽവേയുടെ നിർദ്ദേശങ്ങളനുസരിച്ച് അന്തിമ ജി.എ.ഡി. 22-03-2022-ൽ റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. ജി.എ.ഡി. അംഗീകരിച്ച്

ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

## ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണം

**92 (3089)** ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പഞ്ചായത്തിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലം പ്രവൃത്തിക്കായി 04-05-2017-ലെ G.O.(Rt).No.942/2017/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ ഡി.പി.ആർ. 03-07-2019-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ. പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ

റിപ്പോർട്ട് കിഫ്ബി നല്കിയിട്ടുള്ളതുമാണ്. കിഫ്ബിയുടെ നിർദേശപ്രകാരം ആവശ്യമായ അധിക മണ്ണുപരിശോധന നടത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 31-05-2022-ൽ ചീഫ് എഞ്ചിനീയർ (ഡിസൈൻ) വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് അപ്രോച്ച് റോഡ് നിർമ്മാണം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 04-07-2022-ൽ ഡിസൈൻ വിഭാഗത്തിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് കെ.ആർ.എഫ്.ബി. അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാലതാമസം വരാനിടയായ സാഹചര്യവും കാരണങ്ങളും പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പുതുക്കിയ ഡി.പി.ആർ. ലഭ്യമാക്കി, സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ

**93 (3090)** ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം മേൽപ്പാലം നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് പൂർത്തീകരിക്കുന്നതിനാവശ്യമായ കാലാവധി അറിയിക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ ഏജൻസി ആർക്കായിരിക്കുമെന്ന് അറിയിക്കാമോ?

ശ്രീകാര്യം മേൽപ്പാല നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് 80% പൂർത്തിയായിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്തുനിന്നും കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഏകദേശം 18 മാസങ്ങൾകൊണ്ട് മേൽപ്പാലം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണ ഏജൻസിയെ തീരുമാനിച്ചിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയായശേഷം ടെൻഡർ നടപടികളിലൂടെ നിർമ്മാണ ഏജൻസിയെ തീരുമാനിക്കുന്നതാണ്.

(ബി) പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് വികസന നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് നഷ്ടപരിഹാരത്തുക നൽകിവരുന്നു. ആയത് പൂർത്തിയാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാനാകും. 18 മാസ നിർമ്മാണ കാലാവധി നൽകി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(സി) മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം റോഡ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

മണ്ണന്തല-പൗഡിക്കോണം-ശ്രീകാര്യം റോഡിന്റെ റീച്ച് 1 ആയ മണ്ണന്തല മുതൽ പൗഡിക്കോണം വരെയുള്ള റോഡിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട സ്ട്രക്ചറൽ വാല്യുവേഷൻ പുരോഗമിക്കുന്നു. റീച്ച് 2 ആയ സൊസൈറ്റി ജംഗ്ഷൻ മുതൽ ശ്രീകാര്യം വരെയുള്ള

റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ഡി) ആറ്റിപ്ര പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ആറ്റിപ്ര പാലം പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയാണ്. പാലം നിർമ്മാണത്തിന് എട്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനാവുന്നതാണ്.

(ഇ) കഴക്കൂട്ടം മേൽപ്പാലം നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കഴക്കൂട്ടം മേൽപ്പാലം നിർമ്മാണം ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ടാണ് നടത്തുന്നത്. ഈ പ്രവൃത്തി 2022 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(എഫ്) കഴക്കൂട്ടം മേൽപ്പാലം രണ്ടാം ഘട്ടമായി നിർമ്മിക്കുന്ന മൂന്ന് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസ്സുകളുടെ (എൽ.വി.യു.പി.) നിർമ്മാണം

സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയും കരാറുകാരനും ആരാണെന്ന് അറിയിക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രൊപ്പോസൽ പ്രകാരം ടെക്നോപാർക്ക് ഫേസ് 3 കാമ്പസിന് മുമ്പിൽ രണ്ട് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസുകൾ (LVUPs) കി.മീ. 1.800 കി.മീ. 2.047 ലൊക്കേഷനുകളിൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്നതിന് 26.88 കോടി രൂപയുടെ ഭരണാനുമതി 20-07-2021-ലെ സ.ഉ.(സാധാ)നം.655/2021/പൊ.മ.വ. പ്രകാരം സംസ്ഥാന സർക്കാർ നൽകിയിരുന്നു. 10-02-2022-ൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ പ്രസ്തുത പ്രൊപ്പോസൽ പുതുക്കി മൂന്ന് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസുകൾ (LVUPs) കി.മീ. 549+860 (ആറ്റിൻകുഴി ജംഗ്ഷൻ), കി.മീ. 550+111 (ടെക്നോപാർക്ക് ഫേസ് III), കി.മീ. 550+330 (മുക്കോലയ്ക്കൽ ജംഗ്ഷൻ) നിർമ്മിക്കുന്നതിനുള്ള 35,68,04,538/- രൂപയുടെ പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രൊപ്പോസൽ PRICE സോഫ്റ്റ്‌വെയർ പ്രകാരം സമർപ്പിച്ചപ്പോഴുള്ള തുകയായ 31.93 കോടി

രൂപയുടെ ഭരണാനുമതിയാണ് ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാർ നൽകിയത്. ഈ തുകയ്ക്ക് നിലവിലെ കരാർ കമ്പനി M/s RDS-CVCC(JV) പ്രവൃത്തി ചെയ്യാൻ തയ്യാറാകാത്തതിനാൽ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ ഓപ്പൺ ടെണ്ടർ നടത്തി പ്രവൃത്തി അവാർഡ് ചെയ്യാനുദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഓപ്പൺ ടെണ്ടറിലുണ്ടാകുന്ന തുകയും ഭരണാനുമതിയിലെ തുകയും തമ്മിലുള്ള വ്യത്യാസം 31.93 കോടിയിൽ അധികമായി വന്നാൽ സംസ്ഥാന സർക്കാർ നൽകേണ്ടതാണെന്ന് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ അനുവദിച്ച നബാർഡ് പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് മാതൃകാ റോഡുകളാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ഈ സർക്കാരിന്റെ ആലോചനയിലുണ്ടോയെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ അനുവദിച്ച നബാർഡ് പ്രോജക്ടുകൾ ഒന്നുംതന്നെയില്ല.

**അമ്പലശ്ശേരിക്കടവ്, ഇടത്തുരുത്ത് ഇക്കുപാലങ്ങളുടെ പുനരുദ്ധാരണം**

**94 (3091)** ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ അമ്പലശ്ശേരിക്കടവ്, ഇടത്തുരുത്ത് എന്നീ ഇക്കുപാലങ്ങൾ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഇക്കുപാലങ്ങൾ അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിൽ പാലം നിർമ്മാണ പ്രവർത്തനങ്ങൾ**

**95 (3092)** ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുള്ള നാല് പ്രവൃത്തികളാണുള്ളത്.

1) Construction of Cheriya Kadamakkudy bridge in Vypin constituency.
2) GIDA construction of Chennoor Pizhala Bridge in Vypin constituency.
3) GIDA construction of Chariyamthuruthu - Chennoor Bridge in Vypin constituency.
4) GIDA Fund construction of bridge across Periyar Tributary connecting Kothad with Chennoor Island in Vypin constituency.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും അനുമതി ലഭ്യമായത് എന്നാണെന്നും പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

1) <u>Cheriya Kadamakkudy bridge in Vypin constituency</u>:

പ്രവൃത്തിയുടെ ഭരണാനുമതി 13/08/2021-ൽ നൽകി. തുക 1050 ലക്ഷം രൂപ. റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കളക്ടേറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

2) <u>GIDA construction of Chennoor Pizhala Bridge in Vypin constituency</u>:

പ്രവൃത്തിയുടെ ഭരണാനുമതി 17-02-2021-ൽ നൽകി. തുക 1950 ലക്ഷം രൂപ. നിലവിൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച റിപ്പോർട്ട് പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിന്റെ പരിഗണനയിലാണ്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

3) <u>GIDA construction of Chariyamthuruthu Chennoor Bridge in Vypin constituency</u>:

പ്രവൃത്തിയുടെ ഭരണാനുമതി 20-02-2021-ൽ നൽകി. തുക 2,050 ലക്ഷം രൂപ. പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിൽനിന്നുള്ള നിർദ്ദേശ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. നിലവിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടന്നുവരുന്നു.

4) <u>GIDA Fund construction of bridge across Periyar Tributary connecting Kothad with Chennoor Island in Vypin constituency</u>:

പ്രവൃത്തിയുടെ ഭരണാനുമതി 06-11-2021-ൽ നൽകി. തുക 3,750 ലക്ഷം രൂപ. ഈ പാലം നാഷണൽ വാട്ടർവേയുടെ കീഴിലാണ് വരുന്നത്. IWAI നിർദ്ദേശ പ്രകാരം വെർട്ടിക്കൽ ക്ലിയറൻസ് HFL-ൽനിന്നും മാറ്റി

MFL-ൽ നിന്നും കൊടുക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം ഡ്രോയിംഗ് റീ-ഡിസൈൻ ചെയ്യാൻ സമർപ്പിക്കേണ്ടി വന്നു. നിലവിൽ പുതിയ ഡ്രോയിംഗ് ലഭിച്ചു. പുതിയ ഡിസൈൻ പ്രകാരം ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## ഐരാപുരം-മണ്ണൂർ റോഡിലെ തട്ടുപാലം നിർമ്മാണം

**96 (3093)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 05-02-2022-ലെ സ.ഉ.(സാധാ.) നം.126/2022/പി.ഡബ്ല്യു.ഡി. പ്രകാരം 1.73 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുന്നത്തുനാട് മണ്ഡലത്തിലെ ഐരാപുരം-മണ്ണൂർ റോഡിലെ തട്ടുപാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

1.73 കോടിയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി പൈപ്പ് ഷിഫ്റ്റിംഗിന് വേണ്ടിയുള്ള ഫണ്ട് പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി പൈപ്പ് ഷിഫ്റ്റിംഗിനുവേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## പുതുക്കാട് മണ്ഡലത്തിലെ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിന്റെ നിർമ്മാണം

**97 (3094)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലി പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി ദേശീയപാത അതോറിറ്റിയുടെ എൻ.ഒ.സി. ലഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ദേശീയപാത അതോറിറ്റിയുടെ നിരാക്ഷേപ പത്രത്തിന് അപേക്ഷിച്ചപ്പോൾ, ദേശീയപാത അതോറിറ്റിയുടെ മാനദണ്ഡ പ്രകാരം സ്കെച്ച് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിരാക്ഷേപ പത്രം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

## വണ്ണാത്തിക്കടവ് പാലത്തിന്റെ നിർമ്മാണം

**98 (3095)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വണ്ണാത്തിക്കടവ് പാലത്തിന്റെ സ്ട്രക്ചർ പ്രവൃത്തി പൂർത്തിയായി. കൈവരി, നടപ്പാത എന്നിവ പൂർത്തീകരിച്ചുവരുന്നു. അപ്രോച്ച് റോഡിന്റെ പ്രവൃത്തി നടന്നുവരുന്നു. കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യു.എ. തുടങ്ങിയ യൂട്ടിലിറ്റി പുനഃസ്ഥാപിക്കുന്നത് വൈകിയതിനാൽ അപ്രോച്ച് റോഡ് പ്രവൃത്തിക്ക് കാലതാമസം വന്നു. തടസ്സങ്ങളില്ലെങ്കിൽ ഈ വർഷം ഡിസംബറോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## പുതുക്കാട് റെയിൽവേ മേൽപ്പാലം

**99 (3096)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതുക്കാട്, നെല്ലായി, നന്തിക്കര, ആലത്തൂർ എന്നിവിടങ്ങളിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (ആർ.ബി.ഡി.സി.കെ.) റെയിൽവേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ ഇനിയും അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുക്കാട് മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നാല് പദ്ധതികളാണ് നിലവിലുള്ളത്.

<u>പുതുക്കാട് ആർ.ഒ.ബി. (No.LC 28&29)</u>

പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.-യ്ക്ക് റെയിൽവേയിൽനിന്ന് ഡ്രോയിംഗ് നം.CBE/GV1/196/2003 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പ്ലാറ്റ്ഫോം വിപുലീകരണവും അധികമായി 3rd line ഇടുന്നതും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. വീണ്ടും ജി.എ.ഡി. റെയിൽവേയ്ക്ക് സമർപ്പിച്ചു. പിന്നീട് ആർ.ഡി.എസ്.ഒ. സ്പെസിഫിക്കേഷൻ അനുസരിച്ച് 30 മീറ്റർ നീളമുള്ള രണ്ട് സ്പാനുകൾ നൽകണമെന്ന് സതേൺ റെയിൽവേ ചീഫ് എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് വീണ്ടും ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് ജി.എ.ഡി. സമർപ്പിച്ചു. എന്നാൽ പിന്നീടും നിരവധി തവണ തിരുത്തലുകൾ ആവശ്യപ്പെട്ട് റെയിൽവേ മടക്കി നൽകുകയും ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം അന്തിമ ജി.എ.ഡി. 22-02-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>ആലത്തൂർ ആർ.ഒ.ബി. (LC No.33)</u>

റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 17-02-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

<u>നെല്ലായി ആർ.ഒ.ബി. (LC No.32)</u>

റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 17-02-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

<u>നന്ദിക്കര (LC No.31)</u>

റെയിൽവേ ആവശ്യപ്പെട്ട തിരുത്തലുകൾ വരുത്തിയ പുതുക്കിയ ജി.എ.ഡി. 13-06-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുമതി ലഭ്യമാക്കുന്നതിനും മേൽപ്പാല നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

റെയിൽവേയിൽനിന്ന് ജി.എ.ഡി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി 20-05-2022-ലും 30-06-2022-ലും റെയിൽവേയിൽ നിന്ന് ജി.എ.ഡി.-യുടെ അംഗീകാരം വേഗത്തിലാക്കുന്നത് സംബന്ധിച്ച് നിരവധി ചർച്ചകളും നടത്തിയിട്ടുള്ളതാണ്. ടി വിഷയം ചർച്ച

ചെയ്യുന്നതിനായി ഈ മാസം 12-ാം തീയതി റെയിൽവേ ചീഫ് അഡ്മിനിസ്ട്രേഷൻ ഓഫീസർ ഒരു യോഗം വിളിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ മീത്തുള്ളി പാലം**

**100 (3097)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ മീത്തുള്ളി പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ തേജസ്വിനി പുഴയിൽ കോഴിച്ചാൽ മീത്തുളി പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

## പുതുക്കാട് മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച്

**101 (3098)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കുറുമാലി പുഴയ്ക്ക് കുറുകെ വരന്തരപ്പിള്ളി-മറ്റത്തൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ചക്കാലക്കടവ് പാലം, കുറുമാലി പുഴയ്ക്ക് കുറുകെ കേളിത്തോട് പാലം, മണലിപ്പുഴയ്ക്ക് കുറുകെ പുതുക്കാട്-ഊരകം റോഡിൽ പാലക്കടവ് പാലം എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഭരണാനുമതി നൽകിയ പുതുക്കാട് മണ്ഡലത്തിലെ ചക്കാലക്കടവ് പാലം, കേളിത്തോട് പാലം, പാലക്കടവ് പാലം എന്നിവയ്ക്ക്

DSoR 2018 നിലവിൽ വന്ന സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

**102 (3099)** ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിച്ചിട്ടില്ല.

(ബി) പ്രസ്തുത നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടില്ല.

## ഗുരുവായൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ

**103 (3100)** <u>ശ്രീ. എൻ. കെ. അക്ബർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് പ്രവൃത്തികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തിന് കീഴിൽ ചാവക്കാട് താലൂക്കാശുപത്രിക്കുവേണ്ടി പുതിയ കെട്ടിട നിർമ്മാണം നബാർഡ് ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയുള്ള A.R. Drawing തയ്യാറാക്കിവരുന്നു.

**പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ സാധ്യതാ പഠന റിപ്പോർട്ടുകൾ**

**104 (3101)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ സാധ്യതാ പഠന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കെട്ടിട വിഭാഗത്തിന് കീഴിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 36 പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 18 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൊല്ലം

ഡിവിഷന് കീഴിലെ പുനലൂർ താലൂക്കാശുപത്രി മൾട്ടിലെവൽ കാർ പാർക്കിംഗ്, കണ്ണൂർ ഡിവിഷന് കീഴിലെ മൊകേരി കൺവെൻഷൻ സെന്റർ, പഴയങ്ങാടി ഫയർസ്റ്റേഷൻ എന്നീ പ്രവൃത്തികൾക്ക് സ്ഥലം ലഭ്യമായിട്ടില്ല.

നിരത്ത് വിഭാഗത്തിന് കീഴിൽ 2021-22 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 13 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആറ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഒരു പ്രവൃത്തി ടെണ്ടർ നടപടിയിലും ആറ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചില സന്ദർഭത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും റോഡ് കൈമാറി ലഭിക്കുന്നതിനുള്ള കാലതാമസംമൂലമാണ് ഭരണാനുമതി കിട്ടിയതിനുശേഷവും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നത്.

പാലം വിഭാഗത്തിൽ, പാലം നിർമ്മിക്കുന്നതിനായി സാധ്യതാ പഠനത്തിൽ അലൈൻമെന്റ് നിശ്ചയിച്ച് അംഗീകരിച്ച്, മണ്ണ് പരിശോധന

നടത്തി, താൽക്കാലിക ഡിസൈൻ തയ്യാറാക്കി വിലയിരുത്തിയ ശേഷമാണ് എസ്റ്റിമേറ്റ് ഉൾപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നത്. 20% പ്രൊവിഷനോടുകൂടി ബഡ്ജറ്റിൽ ഉൾപെട്ട 25 പ്രവൃത്തികളിൽ എട്ട് പ്രവൃത്തികൾക്ക് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ മണ്ണ് പരിശോധന കഴിഞ്ഞ് ഡിസൈൻ വിഭാഗത്തിന് കീഴിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. അഞ്ച് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. അംഗീകൃത ഡിസൈൻ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ. സർക്കാർതല ഭരണാനുമതി കമ്മിറ്റി പരിശോധിച്ച് ഭരണാനുമതി നൽകുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ**

**105 (3102)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയതും നിലവിൽ നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

(എ&ബി) പൊതുമരാമത്ത് (കെട്ടിടം) വിഭാഗത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിലവിൽ നടന്നുവരുന്ന പ്രവൃത്തിയായ കാഞ്ഞങ്ങാട് കാഞ്ഞിരപ്പൊയിൽ ഗവ. എച്ച്.എസ്.-നുവേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിന് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. അസംബ്ലി ഹാളിനുള്ള കോൺക്രീറ്റ് സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

**ജോസഫ് കനകമൊട്ടയുടെ പ്രതിമ സ്ഥാപിക്കൽ**

**106 (3103)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്ക് ആദരവായി ഹോസ്ദുർഗ് പാണത്തൂർ റോഡിൽ പതിനെട്ടാം മൈലിൽ പൊതുമരാമത്ത് പുറമ്പോക്ക് ഭൂമിയിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

(എ&ബി) മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്ക് ആദരസൂചകമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഹോസ്ദുർഗ്-പാണത്തൂർ സംസ്ഥാന പാതയിൽ മലയോര ഹൈവേയും സംസ്ഥാന പാതയും ചേരുന്ന പതിനെട്ടാം മൈൽ എന്ന സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമിയിൽ ശ്രീ. ജോസഫ് കനകമൊട്ടയുടെ ഒരു പ്രതിമ സ്ഥാപിക്കുന്നതിന് വിവിധ രാഷ്ട്രീയ സാമൂഹിക സംഘടനകളിൽനിന്നും ജനപ്രതിനിധികളിൽനിന്നുമുള്ള അപേക്ഷ പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം

**107 (3104)** ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിശദമാക്കുമോ; നിർമ്മാണത്തിലുള്ള ക്രമക്കേട് പുറത്തുകൊണ്ടുവരുന്നതിന് പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം പര്യാപ്തമാണോ?

പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതികളും ക്രമക്കേടുകളും തടയുന്നതിലേയ്ക്കായി ശക്തമായ ഒരു ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല ഓഫീസും 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ വിജിലൻസ് ഓഫീസും നിലവിലുണ്ട്. ജില്ലാതല ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. വകുപ്പിൽ ലഭിക്കുന്ന പരാതികളും സർക്കാരിൽനിന്നും ലഭ്യമാക്കുന്ന പരാതികളുമെല്ലാംതന്നെ സമയബന്ധിതമായി അന്വേഷിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നുണ്ട്. കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ വഴി ലഭിക്കുന്ന

റിപ്പോർട്ടുകളിന്മേലും അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളിന്മേലും ആഭ്യന്തര വിജിലൻസ് സംവിധാനം അന്വേഷണം നടത്തി നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ക്രമക്കേട് നടക്കുന്നതായി വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ചില പ്രവൃത്തികളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിജിലൻസ് വിഭാഗം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഗുരുതരമായ വീഴ്ച വരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾ, ധനകാര്യ പരിശോധനാ വിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ മുഖേന ലഭ്യമാകുന്ന പരാതികളിന്മേൽ സമഗ്രമായ അന്വേഷണം നടത്തി വിജിലൻസ് വിഭാഗം

ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഗുരുതര വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകാറുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽത്തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നു.

## റോഡുനവീകരണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

**108 (3105)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയുടേതുൾപ്പെടെയുള്ള സഹായത്തോടെ റോഡുനവീകരണം ദ്രുതഗതിയിൽ പുരോഗമിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കിഫ്ബിയുടെ സഹായത്തോടെ റോഡ് നവീകരണം നടത്തുന്ന എല്ലാ

പ്രവൃത്തികളിലും ഗുണനിലവാര പരിശോധന നടത്തുന്നത് പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ, MoRTH സ്പെസിഫിക്കേഷനിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്നിവ പ്രകാരമാണ്. ഇതുകൂടാതെ കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം പ്രവൃത്തികളിൽ ഗുണനിലാവര പരിശോധനകൾ നടത്താറുണ്ട്.

പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ

സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

(ബി) അഞ്ചോ പത്തോ വർഷം ഗ്യാരന്റിയോടെ റോഡുനവീകരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് നൽകുന്ന ഉപരിതലത്തിന്റെ അടിസ്ഥാനത്തിൽ 25-11-2019-ലെ ജി.ഒ.(പി)നം.161/2019/ഫിൻ പ്രകാരമുള്ള ഡി.എൽ.പി. ഏർപ്പെടുത്തിയിട്ടുണ്ട്. നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്ക് മൂന്നുവർഷം ഡി.എൽ.പി. കാലാവധിയും തുടർന്ന് നാലുവർഷ കാലാവധിയിൽ കരാറുകാരൻതന്നെ പ്രസ്തുത റോഡ് പരിപാലിക്കുന്നതിനുള്ള മെയിന്റനൻസ്

തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. ബി.എം.&ബി.സി. ഉപരിതലമായുള്ള എല്ലാ ബഡ്ജറ്റ് പ്രവൃത്തികളിലും ഈ വ്യവസ്ഥ ഉൾപ്പടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ കെ.ആർ.എഫ്.ബി.-യുടെ കീഴിൽ വരുന്ന എല്ലാ റോഡ് പ്രവൃത്തികൾക്കും മൂന്ന് വർഷവും പാലം പ്രവൃത്തികൾക്ക് അഞ്ച് വർഷവുമാണ് ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് (DLP) നിശ്ചയിച്ചിട്ടുള്ളത്.

കെ.എസ്.റ്റി.പി. റോഡുകൾക്ക് ഒരു വർഷത്തെ ഡി.എൽ.പി.-യ്ക്കുശേഷം അഞ്ച് വർഷത്തെ മെയിന്റനൻസ് കാലാവധിയിൽ കോൺട്രാക്ട് തുകയുടെ നാലര ശതമാനം കരാറുകാരന് നൽകി ചെയ്യുന്ന രീതിയിലാണ് കരാറുകൾ തയ്യാറാക്കുന്നത്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന് കീഴിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ ചെയ്യുന്ന EPC mode പ്രവൃത്തികൾക്ക് നിലവിൽ അഞ്ച് വർഷമാണ് ഡിഫക്ട് ലയബിലിറ്റി പിരീഡ് നിഷ്കർഷിച്ചിട്ടുള്ളത്.

## പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം

**109 (3106)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>

<u>ഡോ. കെ. ടി. ജലീൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർമ്മാണത്തിലിരിക്കുന്ന 2,400-ൽപരം കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി നിർദ്ദിഷ്ട നിലവാരത്തിൽ പൂർത്തിയാകുന്നുവെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന മിഷൻ ടീം മീറ്റിംഗും ജില്ലാതലങ്ങളിൽ DICC യോഗങ്ങളും പ്രവൃത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിലെ കോൺസ്റ്റിറ്റുവൻസി മോണിറ്ററിംഗ് ടീമും പ്രവൃത്തി വിലയിരുത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളെല്ലാംതന്നെ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മാ പരിശോധനകൾ

കർശനമാക്കിയിട്ടുണ്ട്. 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ബിൽ നൽകുകയും ചെയ്യുന്നു. രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയ്ക്കായി ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സൈറ്റിൽ ആവശ്യമായ പരിശോധന നടത്തുകയും മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അതനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

അഞ്ച് കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ആധുനിക മെഷീനറികളും ദീർഘകാല മുൻപരിചയവുമുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽനിന്നും പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറുകൾ ക്ഷണിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ

പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിലൂടെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് സാധിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ജനകീയ നിരീക്ഷണം യാഥാർത്ഥ്യമാക്കുന്നതിനായി 'തൊട്ടറിയാം പി.ഡബ്ല്യു.ഡി.' എന്ന പേരിലുള്ള പ്രോജക്ട് മാനേജ്മെന്റ് സമ്പ്രദായത്തിന്റെ പ്രയോജനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് 'തൊട്ടറിയാം പി.ഡബ്ല്യു.ഡി.' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ തലത്തിലുള്ള പദ്ധതി പുരോഗതി അവലോകനത്തിനും മാനേജ്മെന്റിനും പൊതുജനങ്ങൾക്ക് പദ്ധതി പുരോഗതി സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും കൂടാതെ പദ്ധതി നടത്തിപ്പിൽ വിവിധ സർക്കാർ വകുപ്പുകളുടെയും വിംഗുകളുടെയും ഏകോപനവും സഹകരണവും ഉറപ്പാക്കി അതുവഴി പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ കൂടുതൽ വേഗത്തിൽ പരിഹരിച്ച് കാലതാമസമില്ലാതെ പദ്ധതി പൂർത്തീകരിക്കുന്നതിനും വേണ്ടിയുള്ള ഒരു ഓൺലൈൻ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയറാണ് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം. ഇത് വികസിപ്പിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക്സ്

സെന്ററാണ്. ഈ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ്‌വെയറിന്റെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

1) ഓരോ പദ്ധതികളുടെയും നാഴികക്കല്ലുകൾ, പദ്ധതി പൂർത്തികരണ സമയം എന്നിവ അധിഷ്ഠിതമായ പുരോഗതി അവലോകനവും പ്രോജക്ട് മാനേജ്മെന്റും.
2) വളരെ എളുപ്പം മനസ്സിലാകുന്നതും ഉപയോഗിക്കാവുന്നതുമായ രീതിയിലുള്ള രൂപകൽപ്പന.
3) പദ്ധതികളുടെ ഭൗതികമായ പൂർത്തീകരണ വിവരങ്ങളും ധനവിനിയോഗ വിവരങ്ങളും ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും അപ്പപ്പോഴുള്ള നിജസ്ഥിതി വിവരങ്ങളും പ്രൈസ്-3 സോഫ്റ്റ്‌വെയറിൽനിന്നും ഓൺലൈനായി കിട്ടുന്നു.
4) പദ്ധതി നടത്തിപ്പിലെ വിവിധ പങ്കാളികൾക്ക് (Stakeholders) പദ്ധതികളുടെ നിജസ്ഥിതി വിവരങ്ങൾ അറിയുന്നതിനും ഇടപെടുന്നതിനുമുള്ള സൗകര്യം.
5) ഉദ്യോഗസ്ഥ തലത്തിലുള്ള അവലോകനങ്ങളും നിർദ്ദേശങ്ങൾക്കുമുള്ള സൗകര്യം.
6) പൊതുജനങ്ങൾക്ക് പദ്ധതി വിവരങ്ങൾ അറിയുന്നതിനുള്ള സൗകര്യം.
7) കരാറുകാർക്ക് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നതിനും പരിഹാര നിർദ്ദേശങ്ങൾ അറിയുന്നതിനുമുള്ള സൗകര്യം.
8) പദ്ധതികളുടെ വിവിധ രേഖകളും പുരോഗതി ചിത്രങ്ങളും വീഡിയോകളും അപ്‌ലോഡ് ചെയ്യുന്നതിനും അവ കാണുന്നതിനുമുള്ള

സൗകര്യം.

9) മീറ്റിംഗുകൾ നടത്താനും മീറ്റിംഗുകളുടെ നടപടിക്കുറിപ്പ് തയ്യാറാക്കാനും പ്രസ്തുത സോഫ്റ്റ്‌വെയറിൽ 'Meeting Management Solution' ഉണ്ട്.

(സി) ഉദ്യോഗസ്ഥരുടെ അലംഭാവംകൊണ്ട് മേൽനോട്ടത്തിൽ വീഴ്ചയുണ്ടാകുന്നുവെന്നും ആയത് പ്രവൃത്തികളിലെ ഗുണനിലവാരത്തെയും സുരക്ഷയെയും ബാധിക്കുന്നുവെന്നുമുള്ള ആരോപണം പരിശോധനാവിധേയമാക്കുമോയെന്ന് വെളിപ്പെടുത്താമോ?

പൊതുമരാമത്ത് പ്രവൃത്തികളെല്ലാംതന്നെ ഉദ്യോഗസ്ഥരുടെ കർശനമായ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. എന്നാൽ ആവശ്യമായ സുരക്ഷാനടപടികൾ സ്വീകരിച്ചുമാത്രം പ്രവൃത്തികൾ നടപ്പിലാക്കുന്നത് കർശനമായി പാലിക്കപ്പെടുന്നുണ്ടെന്നത് ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്ന വേളയിൽ PWD Manual, MoRTH, IRC, SBD എന്നിവ പ്രകാരമുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്നതിനും വീഴ്ചവരുത്തുന്ന കരാറുകാർക്കും ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടികൾ എടുക്കുന്നതിനുമായി ഭരണവിഭാഗം ചീഫ് എഞ്ചിനീയർ 08-06-2022-ലെ

CEPWD/12100/2020-Vig-4-AD നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മേൽ മാർഗ്ഗനിർദ്ദേശങ്ങളും റോഡ് നിർമ്മാണ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച പ്രോട്ടോകോളും കർശനമായി നടപ്പിലാക്കുന്നതിനും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം സൈറ്റിൽ ഉറപ്പാക്കുന്നതിനും എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ പ്രവൃത്തികളെല്ലാംതന്നെ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് നടപ്പിലാക്കുന്നത്. വീഴ്ചകൾ സംഭവിച്ചാൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് കരാറുകാർക്ക് ബിൽ നൽകുന്നത്. ഇത്തരം ഉദ്യോഗസ്ഥതല വീഴ്ചകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മരാമത്ത് പണികളിലെ അപാകതകൾ

**110 (3107)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ നിർമ്മാണത്തിലെ അപാകതകൾമൂലം തകരാറിലായത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് തകരാറിലായതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ക്വാളിറ്റി കൺട്രോൾ മാന്വൽ, MoRTH എന്നിവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് നടത്തുന്നത്. ഇതിനുപുറമെ കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ് കൃത്യമായ ഇടവേളകളിൽ സൈറ്റ് സന്ദർശിച്ച് പ്രവൃത്തിയുടെ പുരോഗതിയും ഗുണനിലവാരവും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ട്. നിർമ്മാണ ഘട്ടത്തിലുള്ള കോഴിക്കോട് ജില്ലയിലെ കുളിമാട് പാലത്തിന്റെ മലപ്പുറം ഭാഗത്തുള്ള P1, P2 തൂണുകൾക്കിടയിലുള്ള സ്പാനിലെ ഗിർഡർ ഹൈഡ്രോളിക് ജാക്കി സംവിധാനത്തിന്റെ പിഴവുമൂലം തകരാറിലായിരുന്നു.

(സി) ഇതിൽ ആർക്കെതിരെയെല്ലാം വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

കുളിമാട് പാലം പ്രവൃത്തിയുടെ ചുമതല വഹിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരോട് വിശദീകരണം തേടിയിട്ടുണ്ട്.

**ദേശീയ പാത വികസനം**

**111 (3108)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പാടി മുതൽ നിർമ്മിക്കുന്ന ദേശീയ പാതയുടെ ഡി.പി.ആർ. തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും ഏത് വർഷമാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡി.പി.ആർ. സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ദേശീയപാത 66-ന്റെ തലപ്പാടി മുതൽ നിർമ്മാണം പുരോഗമിക്കുന്ന സ്ട്രെച്ചുകളിൽ തലപ്പാടി മുതൽ വെങ്ങളം വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016-2021

കാലയളവിൽ M/s. AECOM Asia Co. Ltd എന്ന ഏജൻസിയാണ്. രാമനാട്ടുകര മുതൽ ഇടപ്പള്ളി വരെയുള്ള സ്ട്രെച്ചുകളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016-2020 കാലയളവിൽ M/s. Feedback Infra Pvt. Ltd. എന്ന ഏജൻസിയാണ്. തുറവൂർ മുതൽ കഴക്കൂട്ടം വരെയുള്ള സ്ട്രെച്ചുകളിൽ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിയത് 2016-2021 കാലയളവിൽ M/s. SMEC India Pvt. Ltd. എന്ന ഏജൻസിയാണ്. അരൂർ തുറവൂർ സ്ട്രെച്ചിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കിവരുന്നത് M/s. Highway Engineering Consultant എന്ന ഏജൻസിയാണ്. DPR തയ്യാറാക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തയ്യാറാക്കിയ ഡി.പി.ആർ. സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുമായി നിരവധി യോഗങ്ങൾ നടത്തിയിട്ടുണ്ട്. മാത്രമല്ല അലൈൻമെന്റ് പ്ലാൻ, ഡ്രെയിനേജ് പ്ലാൻ എന്നിവയുടെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

(സി) ദേശീയപാത വികസനത്തിന്റെ ഭാഗമായി മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നതിലൂടെയും പാടങ്ങൾ നികത്തപ്പെടുന്നതിലൂടെയും നഷ്ടപ്പെടുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകൃതി സമ്പത്ത് വീണ്ടെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ദേശീയപാത വികസനത്തിന്റെ ഭാഗമായി മുറിച്ച് മാറ്റപ്പെടുന്ന മരങ്ങളുടെ എണ്ണത്തിന്റെ പത്തിരട്ടി മരങ്ങൾ 'Compensatory Afforestation' പദ്ധതിയിലൂടെ വച്ചുപിടിപ്പിക്കുന്നു. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് വനം വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. വികസനത്തിനായി മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നതുമൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതത്തിന് ഇതിലൂടെ പരിഹാരം കാണാനാകും.

(ഡി) ദേശീയ പാത വികസനത്തിന്റെ ഭാഗമായി ഹൈവേ ഉയർത്തപ്പെടുമ്പോഴും ഇരുഭാഗത്തും കോൺക്രീറ്റ് മതിലുകൾ കെട്ടിപ്പൊക്കുമ്പോഴും നാട് വെട്ടിമുറിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ?

ഭാരതമാല പരിയോജന ഫേസ്-1 (Economic Corridor) പദ്ധതിയിൽ നിർമ്മിക്കപ്പെടുന്ന ദേശീയപാത 66-ന്റെ പ്രധാന പാതയിലേയ്ക്കുള്ള പ്രവേശനവും ബഹിർഗമനവും പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രധാന പാതയുടെ ഇരുവശങ്ങളിലും 6.5-7.0 മീറ്റർ വീതിയുള്ള സർവ്വീസ് റോഡുകൾ

നൽകുന്നതിനൊപ്പം പ്രധാന സ്ഥലങ്ങളിൽ അണ്ടർപാസ്/ഫ്ലൈ ഓവർ എന്നിവയും നിർമ്മിക്കാറുണ്ട്. സർവ്വീസ് റോഡുകളും അണ്ടർപാസുകളും യഥോചിതം ഉപയോഗപ്പെടുത്തി വാഹനങ്ങൾക്ക് റോഡ് മുറിച്ചുകടക്കാവുന്നതാണ്. കൂടാതെ പൊതുജനങ്ങളുടെ ആവശ്യപ്രകാരം അധികമായി അണ്ടർപാസുകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ എന്നിവ നിർമ്മിക്കുന്നതും ദേശീയപാത അതോറിറ്റി പരിഗണിക്കാറുണ്ട്.

## കുറ്റ്യാടി റസ്റ്റ് ഹൗസ് നിർമ്മാണം

**112 (3109)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടിയിലെ പഴക്കമുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് പുതുക്കി പണിയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കുറ്റ്യാടിയിലെ പഴക്കമുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസ് പുതുക്കിപ്പണിയുന്നതിന്, ടൂറിസം പൊട്ടൻഷ്യൽ ഏര്യയിലുള്ള റെസ്റ്റ്ഹൗസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പുതിയ റെസ്റ്റ്ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട്

4.89 സെന്റ് റവന്യൂ ഭൂമി ഏറ്റെടുത്ത് ലഭ്യമാക്കുന്നതിനായി കോഴിക്കോട് ജില്ലാകളക്ടർക്ക് 07-04-2022-ന് അപേക്ഷ നൽകിയിട്ടുണ്ട്.

**പൊതുമരാമത്തിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ**

**113 (3110)** ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന റസ്റ്റ്ഹൗസുകളുടെ വിവരം ജില്ല തിരിച്ച് പട്ടികയാക്കി നിരക്ക് ഉൾപ്പെടെ രേഖപ്പെടുത്തി നൽകാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന റസ്റ്റ്ഹൗസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ക്ലാസ് I റസ്റ്റ്ഹൗസുകളിലെ എ.സി. റൂമുകൾക്ക് 1,000 രൂപ, നോൺ-എ.സി. റൂമുകൾക്ക് 600 രൂപ എന്നതാണ് വാടക നിരക്ക്. ക്ലാസ് II റസ്റ്റ് ഹൗസുകളിലെ എ.സി. റൂമുകൾക്ക് 750 രൂപ, നോൺ എ.സി. റൂമുകൾക്ക് 400 രൂപ എന്നതാണ് വാടക നിരക്ക്.

**കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നീ റസ്റ്റ്ഹൗസുകളുടെ നവീകരണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**114 (3111)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരത്ത് സ്ഥിതിചെയ്യുന്ന കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ റസ്റ്റ്ഹൗസ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടയ്ക്കൽ റസ്റ്റ്ഹൗസ് പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തിയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിൽ തയ്യാറാക്കിവരികയാണ്.

(ബി) കുറ്റിപ്പുറം റസ്റ്റ്ഹൗസിന്റെ പുനരുദ്ധാരണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടില്ല.

(സി) കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നീ റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

**തിരൂരങ്ങാടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ്**

**115 (3112)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നവീകരണത്തിന് അനുമതി നൽകുമോ; വ്യക്തമാക്കുമോ?

പി.ഡബ്ല്യൂ.ഡി. തിരൂരങ്ങാടി റസ്റ്റ്ഹൗസ് നവീകരണവുമായി ബന്ധപ്പെട്ട് 'providing and laying interlock in Rest House, Thirurangadi' എന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രൊപ്പോസലിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പി.എ.സി. 12,38,530/- (പന്ത്രണ്ടുലക്ഷത്തി മുപ്പത്തിയെട്ടായിരത്തി അഞ്ഞൂറ്റിമുപ്പത് രൂപ മാത്രം). എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

1) Providing interlocks for the yard area of the Rest House and its curbs.

2) Providing new gate for the Rest House.

3) Providing new name board for the Rest House.

**കുട്ടനാട്ടിലെ കായൽ ടൂറിസം മെച്ചപ്പെടുത്താൻ നടപടി**

**116 (3113)** ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം ഹൗസ് ബോട്ടുടമകളും തൊഴിലാളികളും അനുഭവിക്കുന്ന വിഷമതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ് 19 മഹാമാരിമൂലം ഹൗസ് ബോട്ട് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണിക്കായി പ്രത്യേക ധനസഹായ പദ്ധതി നടപ്പാക്കിയിരുന്നു. വിവിധതരം ഹൗസ് ബോട്ടുകൾക്ക് 80,000 രൂപ മുതൽ 1.20 ലക്ഷം രൂപ വരെയാണ് ഈ പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമെ ഹൗസ് ബോട്ട് മേഖലയിലടക്കം പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി രണ്ട് പ്രത്യേക വായ്പാ പദ്ധതികളും നടപ്പാക്കി - കേരള ബാങ്ക് മുഖേനയുള്ള എംപ്ലോയീസ് ലോൺ അസിസ്റ്റൻസ്, റിവോൾവിംഗ് ഫണ്ട് വായ്പാ പദ്ധതി. കൂടാതെ തൊളിലാളികൾക്ക് 30,000 രൂപ വരെ വായ്പയായും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഹൗസ് ബോട്ട് വ്യവസായം വിപുലീകരിക്കാൻ എന്തെല്ലാം പുതിയ സഹായങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

ഹൗസ് ബോട്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള ക്ലാസിഫിക്കേഷൻ പദ്ധതി പുനരാരംഭിച്ചിട്ടുണ്ട്. ഒപ്പം സഞ്ചാരികൾക്കിടയിൽ ഹൗസ് ബോട്ട് യാത്ര പ്രചരിപ്പിക്കാനുള്ള മാർക്കറ്റിങ് കാമ്പെയിനും നടപ്പാക്കുന്നുണ്ട്. ഈ മേഖലയിൽ ശക്തമായ വിപണന പ്രവർത്തനങ്ങളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനും ശ്രമങ്ങൾ നടത്തുന്നുണ്ട്.

## ടൂറിസം മേഖലയിലെ പ്രതിസന്ധി

**117 (3114)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമൂലം ടൂറിസം മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും ടൂറിസം വിപുലീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കോവിഡ് കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. കോവിഡ് കാരണം ഉണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കാൻ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ബിസിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്കും ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതികളനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി രൂപംനൽകിയ റിവോൾവിംഗ് ഫണ്ട് അനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപ വരെ പലിശരഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി

ഇപ്പോഴും നടന്നുവരുന്നു. അതോടൊപ്പംതന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയ്ക്ക് ആത്മവിശ്വാസം നൽകി അതിജീവനം സാധ്യമാക്കുകയാണ് സർക്കാർ ചെയ്തത്. സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം എന്ന കാമ്പെയിൻ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. 100% വാക്സിനേറ്റഡ് ഡെസ്റ്റിനേഷനുകൾ എന്ന പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെല്ലാംതന്നെ ബയോബബിൾ സുരക്ഷാ വലയത്തിലാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആത്മവിശ്വാസം പകരാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.

ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാംതന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്:

- സോഷ്യൽ മീഡിയ റീ-അഷ്വറൻസ് ക്യാംപെയിൻ
- കേരള ഡ്രൈവ് ഹോളിഡെയ്സ്
- ലോംഗ് സ്റ്റെയ്സ് ഇൻ കേരള

- ഹോം സ്റ്റേ പ്രമോഷൻ
- ഹണിമൂൺ ഹോളിഡെയ്സ്
- കാരവൻ ടൂറിസം പ്രമോഷൻ
- ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ
- ഫാം ട്രിപ്പുകൾ
- വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ കുറഞ്ഞത് ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കാനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായുള്ള സ്ട്രീറ്റ്, അഗ്രി ടൂറിസം നെറ്റ്‌വർക്ക് തുടങ്ങിയ പദ്ധതികൾ ടൂറിസം മേഖലയെ സജീവമാക്കി. പൈതൃക ടൂറിസം പദ്ധതികൾ, ഡെസ്റ്റിനേഷൻ വികസന പദ്ധതികൾ, ജല ടൂറിസം പദ്ധതികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കുന്നതും ഈ മേഖലയ്ക്ക് ഗുണകരമായി മാറി. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതം ഏറ്റുവാങ്ങിയ കേരളത്തിലെ ടൂറിസം മേഖല ഈ

വർഷം ആദ്യപാദത്തിൽ 38 ലക്ഷം ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 72.48% വളർച്ചയാണ് ഈ കാലയളവിൽ നേടാൻ കഴിഞ്ഞത്. ഈ വർഷത്തെ ആദ്യ മൂന്ന് മാസം 16 ലക്ഷം സഞ്ചാരികളുടെ വർദ്ധനവ് നേടാനായി. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും സംസ്ഥാന ടൂറിസം അതിജീവിച്ച് കുതിക്കുന്നുവെന്നാണ് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്.

## കൊച്ചിയുടെ ടൂറിസം വികസനം

**118 (3115)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൊച്ചിയിൽ വിനോദസഞ്ചാര മേഖലയുടെ പരമാവധി വികസനം ലക്ഷ്യമിട്ടുകൊണ്ട് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനനുസൃതമായി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ വെണ്ടുരുത്തി പാലത്തെ വിനോദ സഞ്ചാര ഹബ്ബായി

മാറ്റുകയെന്ന ആശയത്തിന് 10-06-2022-ൽ ബഹു. പൊതുമരാമത്ത്-വിനോദ സഞ്ചാര വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിന്റെ തുടർനടപടികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 'ഡെസ്റ്റിനേഷൻ ചലഞ്ചി'ന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്ത പദ്ധതി നിർദേശങ്ങളും പരിശോധനയിലാണ്.

(ബി) മെഡിക്കൽ ടൂറിസം വികസനത്തിനായി കൊച്ചിയിൽ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(സി) കൊച്ചിയിലും പരിസരമേഖലയിലും മുടങ്ങിക്കിടക്കുന്ന ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പൂർത്തീകരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

കൊച്ചി വിനോദ സഞ്ചാര മേഖലയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികളും അവയിൽ സ്വീകരിച്ച തുടർനടപടികളും ഇപ്രകാരമാണ്:

1) <u>ഫോർട്ട് കൊച്ചിയിലെ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമാണം</u>:

21-08-2019-ലെ സ.ഉ.(സാധാ)നം.263/2019/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ല. നിലവിൽ ടി പദ്ധതിക്കായി കണ്ടെത്തിയ കൊച്ചി കോർപ്പറേഷന്റെ പക്കലുള്ളതും ഫോക്ക്‌ലോർ തീയേറ്റർ സ്ഥിതിചെയ്യുന്നതുമായ സ്ഥലത്തിന്റെ ഉപയോഗാനുമതിക്കായി കോർപ്പറേഷനെ സമീപിച്ചെങ്കിലും ഇതുവരെ അനുകൂല മറുപടി ലഭിച്ചിട്ടില്ല.

2) <u>ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണം</u>:

03-06-2014-ലെ സ.ഉ.(സാധാ)നം.4345/2014/ടൂറിസം പ്രകാരം 1.50 കോടി രൂപയും 12-06-2019-ലെ സ.ഉ.(സാധാ.) നം.198/2019/ടൂറിസം പ്രകാരം 94 ലക്ഷം രൂപയുംകൂടി ഉൾപ്പെടുത്തി 2.44 കോടി രൂപയുടെ പരിഷ്കരിച്ച ഭരണാനുമതിയാണ് പദ്ധതിക്ക് നൽകിയിട്ടുള്ളത്. എന്നാൽ ചീനവല നവീകരണത്തിനായി തേക്ക് മരങ്ങൾ മുറിക്കാൻ കഴിയാത്തതിനാൽ ഇതുവരെ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല. 28-06-2022-ൽ എറണാകുളം ജില്ലാ കളക്ടർ വിളിച്ച അവലോകന യോഗത്തെ തുടർന്ന് വനം വകുപ്പിൽ നിന്ന് തേക്ക് മരങ്ങൾ മുറിക്കാനുള്ള അനുമതി ഉടൻ

ലഭിക്കുമെന്നും 2022 ഡിസംബറിനകം പദ്ധതി പൂർത്തിയാക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു.

3) <u>മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി</u>:

05-08-2013-ലെ സ.ഉ.(സാധാ) നം.6556/2013/ടൂറിസം പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതിയുടെ 60 ശതമാനത്തോളം ജോലികൾ പൂർത്തിയായിരുന്നു. പദ്ധതിക്കുള്ള പരിഷ്കരിച്ച ഭരണാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു.

4) <u>ക്രൂസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെയും പെർഫോമിംഗ് ആർട്സ് തീയറ്ററി(കൂത്തമ്പലം)ന്റെ നിർമാണം</u>:

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനും മുഖേന നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിക്ക് 16-09-2019-ലെ സ.ഉ.(സാധാ) നം.315/2019/ടൂറിസം പ്രകാരം 4,84,78,735/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. നിർവഹണ ഏജൻസിയിൽനിന്ന് ഫീസിബിലിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ മിശ്രഭോജന സ്മാരകം**

**119 (3116)** ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം വില്ലേജിലെ തുണ്ടിപ്പറമ്പിൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ മിശ്രഭോജനത്തിന്റെ സ്മാരക നിർമ്മാണത്തിനായി ടൂറിസം വകുപ്പ് ഏറ്റെടുത്ത ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഡയറക്ടർ 21-04-2022-ന് അയച്ച എ 2/6961/21/സാം.വ. നമ്പർ കത്തിൽ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) 2022-23 ബഡ്ജറ്റിൽ സാംസ്കാരിക വകുപ്പിന് കീഴിൽ മിശ്രഭോജന സ്മാരകത്തിനായി തുക വകയിരുത്തിയിട്ടുള്ളതിനാൽ

മിശ്രഭോജന സ്മാരകത്തിനായി ടൂറിസം വകുപ്പ് ഏറ്റെടുത്ത ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം വില്ലേജിലെ തുണ്ടിപ്പറമ്പിൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ മിശ്രഭോജനത്തിന്റെ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി കൈമാറുന്ന വിഷയത്തിന്മേൽ മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് എം.ഡി.-യിൽനിന്നും ലഭിച്ച വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് നടപ്പിലാക്കുന്നതിന്മേലുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.

## തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം

**120 (3117)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന വിവരം അറിയിക്കാമോ?

ഉണ്ട്. 01-05-2022 മുതൽ തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ

കൗൺസിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദീകരിക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(സി) തൃശ്ശൂർ ജില്ലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന് എത്ര ബോട്ടുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ ഒരു ഹൗസ് ബോട്ടും രണ്ട് സഫാരി ബോട്ടുകളുമുണ്ട്. അതിൽ ഒരു സഫാരി ബോട്ട് പീച്ചിയിലും ഹൗസ് ബോട്ടും മറ്റൊരു സഫാരി ബോട്ടും തൃപ്രയാറിലുമാണ്.

(ഡി) തൃശ്ശൂർ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ടോ; എങ്കിൽ അംഗങ്ങൾ ആരൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്നും അറിയിക്കുമോ?

21-05-2020-ലെ സ.ഉ.(സാധാ.) നം.169/2020/ടൂറിസം പ്രകാരം പുനഃസംഘടിപ്പിച്ച ഭരണ സമിതിയും നിർവാഹക സമിതിയുമാണ് തൃശ്ശൂർ ഡി.റ്റി.പി.സി.-യിൽ നിലവിലുള്ളത്. നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങളെ പങ്കെടുപ്പിച്ച് ഈ കമ്മിറ്റി ഒരു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ഇ) തൃശ്ശൂർ ജില്ലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിൽ നിലവിലുള്ള വിനോദ സഞ്ചാര പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മലക്കപ്പാറ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, കിളിപ്പാടം, കാക്കത്തുരുത്ത് ഇക്കോ ടൂറിസം പദ്ധതി, വാട്ടർ ഫ്രണ്ട് ഡെവലപ്മെന്റ് ഓഫ് തൃപ്രയാർ ഹെർബർട്ട് കനാൽ, സ്നേഹതീരം പാർക്ക് അറ്റകുറ്റപ്പണി (ഇലക്ട്രിക്കൽ & സിവിൽ പ്രവൃത്തികൾ) എന്നീ പദ്ധതികളാണ് തൃശ്ശൂർ ഡി.റ്റി.പി.സി.-ക്ക് കീഴിലുള്ളത്.

## മഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

**121 (3118)** <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

മഞ്ചേരി ചെരണി ടൂറിസം ഉദ്യാൻ എന്ന പദ്ധതിക്ക് 26-01-2013-ലെ സ.ഉ.(സാധാ)നം.8661/13/TSM പ്രകാരം 2,48,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ഒന്നാംഘട്ടം പുരോഗമിച്ചുവരികയും ചെയ്യുന്നു. ടി പദ്ധതിയുടെ രണ്ടാംഘട്ടത്തനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

21-12-2021-ലെ ടൂറിസം ഡയറക്ടറുടെ പി2-429/2016 ഉത്തരവ് പ്രകാരം ഡെവലപ്മെന്റ് ഓഫ് പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് ഇൻ പുന്നപ്പാല ടെമ്പിൾ പദ്ധതിക്ക് ടൂറിസം ഡയറക്ടർ 6,70,000/- രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതിയുടെ പി.എം.സി.-യെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മഞ്ചേരി-നിലമ്പൂർ റോഡിൽ ചെരണിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്ഥലം ടൂറിസം വകുപ്പ് ഏറ്റെടുത്ത് പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള പൂന്താനം സ്മാരക കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പൂന്താനം സ്മാരക കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണം പൂർത്തീകരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ തീർത്ഥാടക ടൂറിസം പദ്ധതി**

**122 (3119)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിർമ്മാണ ച്ചുമതല ഏത് ഏജൻസിക്കാണെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

## സാഹസിക വിനോദ സഞ്ചാരം

**123 (3120)** ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദ സഞ്ചാരത്തിന് അനുയോജ്യമാണെന്ന് കരുതുന്നുണ്ടോ?

സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. കേരളത്തിലും സാഹസിക ടൂറിസം മേഖല വളർച്ചയുടെ പാതയിലാണ്. ജൈവ വൈവിദ്ധ്യംകൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനം സാഹസിക ടൂറിസം മേഖലയ്ക്ക് ഏറെ അനുയോജ്യമാണ്. പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളുംകൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. ഈ സാധ്യതകളെ മനസ്സിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 2017-ലെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. സാഹസിക ടൂറിസം

മേഖലയിൽ വിനോദസഞ്ചാര വകുപ്പിന്റെ ഇടപെടലുകളും സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും സാഹസിക ടൂറിസം മേഖലയെ പുതിയ മാനങ്ങളിലേക്ക് എത്തിക്കുന്നു. പുതിയ സംരംഭകർ ഈ മേഖലയിലേയ്ക്ക് ആകൃഷ്ടരായിക്കൊണ്ടിരിക്കുന്നു. വരുംവർഷങ്ങളിൽ ഇന്ത്യയുടെ സാഹസിക ടൂറിസം ഭൂപടത്തിൽ കേരളത്തിന് ഗണ്യമായ സ്ഥാനം വഹിക്കാൻ കഴിയും.

കേരളത്തിലെ ബീച്ചുകൾ, കായലുകൾ, പുഴകൾ എന്നിവിടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ബോട്ട്സ് ആന്റ് വാട്ടർ സ്പോർട്സ് റൈഡ്സ്, പാരാസെയിലിംഗ്, വാട്ടർ സ്കീയിംഗ് ആന്റ് പവർ ബോട്ട് ഫൺ റൈഡ്സ്, ജെറ്റ് സ്കീ/പേഴ്സണൽ വാട്ടർ ക്രാഫ്റ്റ്, വിൻഡ് സർഫിംഗ്, ഡിൻഗി സെയിലിംഗ്, കയാക്കിംഗ് ആന്റ് കനോയിംഗ്, സ്കൂബാ ഡൈവിംഗ്, വൈറ്റ് വാട്ടർ റാഫ്റ്റിംഗ് ആന്റ് കയാക്കിംഗ്, ബാംബൂ റാഫ്റ്റിംഗ് തുടങ്ങി അഡ്വഞ്ചർ ആക്റ്റിവിറ്റികൾ നിലവിലുണ്ട്.

കേരളത്തിലെ മലനിരകൾ, കുന്നുകൾ, പാറക്കെട്ടുകൾ, നിത്യഹരിത വനങ്ങൾ എന്നിവിടങ്ങളിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി ട്രക്കിംഗ്, ഹൈക്കിംഗ്, നേച്ചർ വാക്ക്, ബേർഡ് വാച്ചിംഗ്, ജീപ്പ് സഫാരി, റോക്ക് ക്ലൈംബിംഗ് തുടങ്ങി അഡ്വഞ്ചർ

ആക്റ്റിവിറ്റികൾ നടത്തിവരുന്നു. കൂടാതെ സൈക്ലിംഗ് ടൂർസ്, സിപ് വൈർസ് ആന്റ് ഹൈ റോപ്പ് കോഴ്സസ്, ആർട്ടിഫിഷ്യൽ വാൾ ക്ലൈംബിംഗ്, അബ്സീലിംഗ്, ആൾ ടെറൈൻ വെഹിക്കിൾ (എ.റ്റി.വി.) ടൂർസ് ജീപ്പ് സഫാരി, 4x4 ഡ്രൈവിംഗ് സഫാരി തുടങ്ങിയ സാഹസിക വിനോദങ്ങളും വിവിധ അഡ്വഞ്ചർ പാർക്കുകളിൽ സാഹസിക വിനോദ സഞ്ചാരികൾക്കായി പ്രവർത്തിക്കുന്നു.

(ബി) പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ടോ?

പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം ആലോചനയിലുണ്ട്. പാരാഗ്ലൈഡിംഗ് നിലവിൽ കേരളത്തിൽ ഇടുക്കി ജില്ലയിലെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വർക്കല ക്ലിഫിലും പാരാഗ്ലൈഡിംഗ് നടത്തിവരുന്നു.

വർദ്ധിച്ചുവരുന്ന സാഹസിക ടൂറിസം സാധ്യത പ്രയോജനപ്പെടുത്താൻ മൂന്നാറിൽ ഒരു പാരാഗ്ലൈഡിംഗ് സെന്റർ തുടങ്ങുന്നതിന് കെ.എ.റ്റി.പി.എസ്. (Kerala Adventure Tourism Promotion Society) പരിശോധന

നടത്തുകയും മൂന്നാർ ഗ്യാപ്പ്റോഡിനോട് ചേർന്ന് പാരാഗ്ലൈഡിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ചെയ്തു. പാരാഗ്ലൈഡിംഗിൽ അനുഭവസമ്പത്തുള്ള ഏജൻസികൾ നടത്തിയ സാധ്യതാ പഠനമനുസരിച്ച് മൂന്നാറിലെ നിർദ്ദിഷ്ട സ്ഥലം ഗ്ലൈഡിംഗിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. മറ്റ് തടസ്സങ്ങളില്ലെങ്കിൽ ഇവിടെ പാരാഗ്ലൈഡിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതാണ്.

കേരളത്തിലെ 44 നദികളിലും ബീച്ചുകളിലും കയാക്കിംഗ് & കനോയിംഗ് നടത്തിവരുന്നു. സാഹസിക സഞ്ചാരികൾക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വിനോദമാണ് കയാക്കിംഗ് & കനോയിംഗ്. കേരളത്തിൽ 200-ൽപ്പരം യൂണിറ്റുകൾ കയാക്കിംഗ് & കനോയിംഗ് ആക്റ്റിവിറ്റി നടത്തിവരുന്നു.

(സി) മലബാർ മേഖലയിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ എല്ലാ വർഷവും കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും നടത്തിവരുന്നു. മൂന്ന് ദിവസം

നീണ്ടുനിൽക്കുന്ന ഈ മത്സരം വീക്ഷിക്കാൻ വിദേശത്തുനിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുമുള്ള കായിക പ്രേമികൾ എത്തും. ഇക്കൊല്ലം 2022 ആഗസ്റ്റ് മാസം സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS)ഉം കോഴിക്കോട് ഡി.റ്റി.പി.സി.-യും ചേർന്ന് ഇന്ത്യൻ കയാക്കിംഗ് കനോയിംഗ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെ കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും മലബാർ റിവർ ഫെസ്റ്റിവൽ 2022 മുന്നൊരുക്കങ്ങൾ നടത്തിവരുന്നു.

മലബാർ മേഖലയിലെ ബീച്ചുകളിൽ പാരാസെയിലിംഗ്, സർഫിംഗ്, സ്കൂബാ ഡൈവിംഗ് തുടങ്ങിയ ആക്ടിവിറ്റികൾ നടത്താവുന്നതാണ്. വിവിധ ഡി.റ്റി.പി.സി.-കൾ അത്തരം സാധ്യതകൾ പരിശോധിച്ചുവരുന്നു.

കേരള വിനോദ സഞ്ചാര വകുപ്പിനുവേണ്ടി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കോഴിക്കോട് ജെല്ലി ഫിഷ് വാട്ടർ സ്പോർട്സ്സുമായി ചേർന്ന് സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ കയാക്കിംഗ് ഫെസ്റ്റിവലാണ് ചാലിയാർ റിവർ ചലഞ്ച്. ചാലിയാർ പുഴയിൽ കോഴിക്കോട് മുതൽ നിലമ്പൂർ വരെയുള്ള 68 കി.മീ. ദൂരം മൂന്ന്

ദിവസംകൊണ്ട് തുഴഞ്ഞ് എത്തുന്നതിനോടൊപ്പം പ്ലാസ്റ്റിക് ക്ലീൻ ക്യാംപെയിനായി ഇത് വളർത്തിയെടുക്കുന്നു. കയാക്കിംഗിനൊപ്പം വൈകുന്നേരങ്ങളിൽ ചാലിയാറിന്റെ തീരങ്ങളിൽ മത്സരാർത്ഥികൾ ടെന്റ് ക്യാമ്പിംഗ് നടത്തിവരുന്നു. വിദേശീയരും സ്വദേശീയരുമായി നൂറിൽപ്പരം കയാക്കർമാർ ഈ റിവർ ചലഞ്ചിൽ പങ്കെടുക്കുന്നു. എല്ലാ വർഷവും നവംബർ മാസത്തിലാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നത്.

## ഡി.ടി.പി.സി.-യുടെ സ്ഥലവും കെട്ടിടവും വിട്ടുനൽകൽ

**124 (3121)** ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭാ പരിധിയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ടേക്ക് എ ബ്രേക്ക് പ്രോജക്ടിന്റെ സ്ഥലവും കെട്ടിടവും ജനകീയ ഹോട്ടൽ നടത്തുന്നതിനായി ഹരിപ്പാട് നഗരസഭയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഹരിപ്പാട് നഗരസഭ ചെയർമാൻ നൽകിയിട്ടുള്ള കത്തിന്മേൽ സ്വീകരിച്ച തുടർനടപടി അറിയിക്കാമോ?

(എ&ബി) ആലപ്പുഴ ഡി.റ്റി.പി.സി.-യുടെ ടേക്ക് എ ബ്രേക്ക് യൂണിറ്റ് ഹരിപ്പാട് നഗരസഭയ്ക്ക് കൈമാറുന്ന കാര്യം പരിഗണനയിലില്ല. ഈ

യൂണിറ്റ് ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽത്തന്നെ എത്രയുംപെട്ടെന്ന് തുറന്ന് പ്രവർത്തനക്ഷമമാക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർത്ഥാടക ടൂറിസം പദ്ധതി**

**125 (3122)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ ശിവക്ഷേത്രം, വ്ലാത്താങ്കര പള്ളി എന്നീ സ്ഥലങ്ങളിൽ തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ചെങ്കൽ ശിവക്ഷേത്രം, വ്ലാത്താങ്കര പള്ളി എന്നിവിടങ്ങളിൽ തീർത്ഥാടക ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട ടൂറിസം പദ്ധതികൾ M/s Habitat Technology Group മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കഴിഞ്ഞ കുറച്ച് മാസങ്ങളായി മന്ദഗതിയിലായിരുന്ന രണ്ട് പദ്ധതികളും എത്രയുംവേഗം പുനരാരംഭിക്കാൻ

നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി രണ്ട് പദ്ധതി പ്രവൃത്തികളും പുനരാരംഭിച്ചിട്ടുണ്ട്. ചെങ്കൽ ശിവക്ഷേത്രത്തിൽ താഴത്തെ നിലയുടെ റൂഫ് സ്ലാബിന്റെ പ്രവൃത്തികളും വ്ലാത്താങ്കര പള്ളിയിൽ പ്ലിന്ത് ബീമിന്റെ പ്രവൃത്തികളും നടന്നുവരുന്നു.

**വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് ഫീസിളവ്**

**126 (3123)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനവും അനുബന്ധ സുരക്ഷയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തലം വികസിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കുന്നതിനായി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി വകുപ്പ്

ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർ വിഭാവനം ചെയ്യുന്ന ടൂറിസം പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടൽ വഴി ടൂറിസം വകുപ്പിൽ സമർപ്പിച്ചുവരികയാണ്.

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദേശം നല്കിയിട്ടുണ്ട്. അതോടൊപ്പം ഡെസ്റ്റിനേഷനുകളുടെ പരിപാലനം, സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്ന പദ്ധതി ആലോചിക്കുന്നുണ്ട്. ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ച് ഡെസ്റ്റിനേഷനുകളുടെ പരിപാലനത്തിനുള്ള പദ്ധതിയും തയ്യാറായിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി പ്രത്യേക പരിശീലനം ലഭിച്ച 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ എണ്ണം

കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീസൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പ് 2022 ഓക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്ത് നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഫീസിളവ് നൽകണമെന്ന് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമസഭാ സമിതിയും ഇത്തരത്തിലുള്ള ആവശ്യം ഉന്നയിച്ചിരുന്നോ; ആയത് സംബന്ധിച്ച് വിനോദ സഞ്ചാരവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് എന്തെല്ലാം സൗകര്യങ്ങളും ഇളവുകളും നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) കേരള നിയമസഭയുടെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23) മുമ്പാകെ കോഴിക്കോട് ഹ്യൂമൻ റൈറ്റ്സ്

ഫോറം പ്രസിഡന്റ് സമർപ്പിച്ച ഹർജിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർക്ക് ഫീസിളവ് നൽകണമെന്ന ആവശ്യത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മുതിർന്നവർക്ക് പ്രവേശന ഫീസിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവിറക്കി നിയമസഭാ സമിതിയെ അറിയിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 06-06-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.180/2022/ടൂറിസം പ്രകാരം വകുപ്പിന്റെ കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശന ഫീസിനത്തിൽ മുതിർന്ന പൗരന്മാർക്ക് 50% ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## സമഗ്ര വിനോദ സഞ്ചാര നയം

**127 (3124)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ നല്ലൊരു ശതമാനവും ഇപ്പോഴും ഉപയോഗപ്പെടുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിനോദ സഞ്ചാര മേഖലകൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലുള്ള പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം അഞ്ച് കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 84 കേന്ദ്രങ്ങളിൽ അംഗപരിമിതരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകുംവിധമുള്ള 'ബാരിയർ ഫ്രീ ടൂറിസം പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' എന്ന പദ്ധതി വഴി കുടുംബശ്രീ മുഖാന്തിരം മാലിന്യനിർമാർജ്ജന പദ്ധതി നടപ്പിലാക്കിവരുന്നു. ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി,

ട്രാവൻകൂർ പൈതൃക പദ്ധതി, എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു. മലബാർ ലിറ്ററി സർക്യൂട്ട്, കൊല്ലം ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് എന്നീ രണ്ട് സർക്യൂട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവും പുതിയ ഗസ്റ്റ് ഹൗസ് ബ്ലോക്കുകളുടെ നിർമ്മാണവും നടപ്പിലാക്കിവരുന്നു. അതിൽ ഇടുക്കി, അതിരപ്പിള്ളി, കന്യാകുമാരി എന്നിവിടങ്ങളിൽ യാത്രി നിവാസും സുൽത്താൻബത്തേരി, കോഴിക്കോട് (അഡിഷണൽ ബ്ലോക്ക്), ഗുരുവായൂർ എന്നിവിടങ്ങളിൽ അതിഥി മന്ദിരങ്ങളും നിർമ്മിച്ചുവരുന്നു. കൂടാതെ കെ.റ്റി.ഡി.സി. മുഴപ്പിലങ്ങാട് മൂന്ന് സ്റ്റാർ ബീച്ച് ഹോട്ടലും കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ ശാക്തീകരണം, പ്രാദേശിക

കലാകാരന്മാർക്കും വിവിധ രംഗകലകൾ, ആയോധനകലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വിവിധങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

KTIL-ന്റെ നേതൃത്വത്തിൽ ഉത്തരമലബാറിലെ വിവിധ ടൂറിസം മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് പൂർത്തിയായിട്ടുണ്ട്. കേരള സർക്കാർ സംഘടിപ്പിച്ച 'അസെന്റ് 2020' പോലുള്ള നിക്ഷേപ സംഗമങ്ങളിൽ ഇവ അവതരിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കൊല്ലം ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന്റെ ആസൂത്രണം KTIL വഴിയാണ് ഏകോപിപ്പിക്കുന്നത്. മലബാർ ടൂറിസത്തിന്റെ കവാടമായി ബേപ്പൂരിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി, കൊല്ലം

കേന്ദ്രീകരിച്ചുകൊണ്ടുള്ള ട്രാവൻകൂർ ലിഷർ കോറിഡോർ, ചങ്ങനാശ്ശേരി, കോട്ടയം, കുട്ടനാട്, വേണാട് മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ടൂറിസം പദ്ധതികൾ മുതലായവ സംബന്ധിച്ച പ്രാഥമിക പഠനങ്ങളും നടന്നുവരികയാണ്. ഇക്കോ ടൂറിസം സാധ്യതകളുള്ള മേഖലകളിൽ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പുമായി ചേർന്നുള്ള നടപടികളും പുരോഗമിച്ചുവരികയാണ്.

ഇതിനുപുറമെ 2017-ലെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന്റെ കീഴിൽ സ്വദേശി ദർശൻ സ്കീമിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വാഗമണിൽ ഇക്കോ അഡ്വഞ്ചർ ടൂറിസം പാർക്ക് സ്ഥാപിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വളരെ നല്ലരീതിയിൽ നടന്നുവരികയുമാണ്. ഭാവിയിൽ കൂടുതൽ അഡ്വഞ്ചർ ആക്റ്റിവിറ്റികൾ ഉൾപ്പെടുത്തി വാഗമണിനെ ഒരു സാഹസിക ടൂറിസം ഹബ്ബാക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

കര, ജല, വ്യോമ മേഖലയിൽ സാഹസിക ടൂറിസത്തിന് വേണ്ടിയുള്ള ഒരു ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ

സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ അക്കാഡമി നിലവിൽ വരുന്നതോടെ പ്രസ്തുത മേഖലകളിൽ സാഹസിക ടൂറിസം ആക്റ്റിവിറ്റികൾക്ക് ട്രെയിനിംഗ് നൽകുന്ന ഇന്ത്യയിലെ തന്നെ ചുരുക്കം ചില അക്കാദമികളിൽ ഒന്നായി ഇതുമാറും. ദേശീയ നിലവാരത്തിലുള്ള ഒരു അഡ്വഞ്ചർ അക്കാദമിയാണ് ശാസ്താംപാറയിൽ ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ മികച്ച രീതിയിൽ നടക്കുന്ന അഡ്വഞ്ചർ അക്കാദമിയുടെ മാതൃക സ്വീകരിച്ച് കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിലാകും അക്കാദമിയിലെ കോഴ്സ് ചിട്ടപ്പെടുത്തൽ. ഇന്ത്യൻ മൗണ്ടനീയറിംഗ് ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അക്കാദമിക്കുപുറമേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്, ഗോവ തുടങ്ങി പ്രമുഖമായ അഡ്വഞ്ചർ അക്കാഡമികളുടെ സഹകരണത്തോടെ മികച്ച രീതിയിലുള്ള ട്രെയിനിംഗാണ് ശാസ്താംപാറയിലെ അക്കാഡമിയിൽ ലക്ഷ്യമിടുന്നത്.

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ചുരുങ്ങിയത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും സ്ഥാപിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് പുതിയ വിനോദസഞ്ചാര മേഖലകൾ കണ്ടെത്തുന്നതിലേയ്ക്കായി കാസർഗോഡ് ജില്ലയിലെ അഞ്ച് നിയോജകമണ്ഡലങ്ങളിലെ സ്വയംഭരണ

സ്ഥാപനങ്ങൾക്കായി ടൂറിസം സഭകൾ സംഘടിപ്പിക്കുകയുണ്ടായി. ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് ടൂറിസ്റ്റുകൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രദേശത്ത് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി നോർത്തേൺ ലൈറ്റ് ബേക്കൽ ടൂറിസം മിഷൻ 2022 സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂർ ഓപ്പറേറ്റർമാർക്കായി ഫാം ടൂർ സംഘടിപ്പിക്കുകയും തദ്ദേശീയമായി കൂടുതൽ ടൂർ ഓപ്പറേറ്റർമാരെ സംഘടിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ 41 തദ്ദേശ സ്ഥാപനങ്ങളിൽനിന്നും രണ്ടുപേരെ വീതം തെരഞ്ഞെടുത്ത് അവർക്ക് ടൂർ ഓപ്പറേഷനിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ വടക്കേ മലബാറിൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ബേക്കലിൽ റിസോർട്ട് പുതുക്കിപ്പണിയാനും പുതിയവ നിർമ്മിക്കാനും നടപടി കൈകൊണ്ടുവരുന്നു. തെക്കേ ഇന്ത്യയിലെ പ്രമുഖ വിനോദ സഞ്ചാര മേഖലയായ കന്യാകുമാരിയിലും റിസോർട്ടിന്റെ പണി നടന്നുവരുന്നു. പഴയ ഇക്കോണമി ഹോട്ടലുകളായ ടാമറിന്റ് ഈസി ഹോട്ടലുകൾ പുനരുദ്ധരിച്ച് കണ്ണൂരിൽ ലൂംലാന്റ്, പറശ്ശിനിക്കടവിൽ ഫോക്ക് ലാന്റ്, ആലപ്പുഴയിൽ റിപ്പിൾ ലാന്റ് എന്നിവ തുറക്കുകയും കൊല്ലത്ത് അക്വാലാന്റ് എന്ന നാമത്തിലും പീരുമേട്ടിൽ

മിസ്റ്റി ലാന്റ് എന്ന പേരിലും പുനരുദ്ധാരണ ജോലികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാന പാതകളിലെയും വഴിയോര വിശ്രമകേന്ദ്രങ്ങൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സഞ്ചാരികളെ ആകർഷിക്കും വിധത്തിൽ 'ആഹാർ' എന്ന നാമത്തിൽ പുനഃക്രമീകരിക്കുകയും ആയതിന്റെ ഭാഗമായി പാറശ്ശാല, കായംകുളം, വടകര, ഗുരുവായൂർ, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ അവ തുടങ്ങുകയും കൊട്ടാരക്കര, കുറ്റിപ്പുറം, എരിമയൂർ എന്നിവിടങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ ആലപ്പുഴ, ചെറുപ്പളശ്ശേരി, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിലും ആഹാറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു. പുതിയതായി കൺസ്ട്രക്ഷൻ നടത്തുന്നതിന് അപര്യാപ്തതയുള്ള സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് പഴയ ബസ് ബോഡി ഉപയോഗിച്ച് 'ഫുഡീ വീൽസ്' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യത്തെ സംരംഭമായി വൈക്കത്ത് ഒരു 'ഫുഡീ വീൽസ്' ആരംഭിച്ചിട്ടുണ്ട്.

മുസിരിസ് പൈതൃക പദ്ധതിയിൽ 29 മ്യൂസിയങ്ങളും (വിസിറ്റേഴ്സ് സെന്റർ ഇന്റർപ്രട്ടേഷൻ സെന്റർ, ആക്ടിവിറ്റി സെന്റർ, റിസർച്ച് ഡിപ്പാർട്ട്മെന്റ്, ലൈബ്രറി) എട്ട് പൊതുറോഡുകൾ, പന്ത്രണ്ട് ബോട്ട്

ജെട്ടികൾ, നടപ്പാതകൾ, മാർക്കറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ, ബീച്ച്സൈഡ് ഡെവലപ്മെന്റ്, രണ്ട് പുഴയോര സംരക്ഷണ പ്രവർത്തനങ്ങൾ, പൊതുശൗചാലയങ്ങൾ എന്നിവയും ആലപ്പുഴയിൽ 21 മ്യൂസിയങ്ങൾ, 11 ചരിത്ര സ്മാരകങ്ങൾ, അഞ്ച് അടിസ്ഥാന വികസന പ്രവർത്തനങ്ങൾ എന്നിവയുമാണ് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി മുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് നടപ്പിലാക്കിയിട്ടുള്ളത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇക്കോ-ടൂറിസം പരിപാടികൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഇക്കോ-ടൂറിസം പരിപാടികൾ നടപ്പിലാക്കാനുള്ള രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനപ്പെട്ട വിനോദ സഞ്ചാര മേഖലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം സർക്യൂട്ട് പാക്കേജുകൾ കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.റ്റി.ഡി.സി.-ക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളായ കൊച്ചി, മൂന്നാർ, തേക്കടി, കുമരകം, പൊന്മുടി, മലമ്പുഴ എന്നിവ ബന്ധിപ്പിച്ച് പ്രത്യേകം പാക്കേജുകൾ നിലവിലുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ്

കോർപ്പറേഷൻ പ്രധാനപ്പെട്ട വിനോദ സഞ്ചാര മേഖലകളെ ബേക്കലുമായി ബന്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി മുസിരിസ് പൈതൃക പ്രദേശത്തെ സ്മാരകങ്ങളും ചരിത്ര പ്രാധാന്യമുള്ള ആരാധാനനാലയങ്ങളും സന്ദർശിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് ടൂറിസം സർക്യൂട്ട് പാക്കേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ കെ.എസ്.ആർ.ടി.സി.-യുമായി ചർച്ച നടത്തി പദ്ധതി വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് ടൂറിസം പദ്ധതികളുടെ സമഗ്ര വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം കൊണ്ടുവരുന്നതിനും അതനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെയും ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമായ പ്രകൃതിസൗന്ദര്യത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാരമേഖലയെ

ശക്തിപ്പെടുത്താനുതകുന്ന ടൂറിസം നയം 2017-ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

**അതിരപ്പിള്ളി-വാഴച്ചാൽ-മലക്കപ്പാറ ടൂറിസം പാക്കേജ്**

**128 (3125)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ പ്രദേശങ്ങളിലെ വിനോദ സഞ്ചാര സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഒരു ടൂറിസം പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) ഉണ്ട്. തുമ്പൂർമൂഴി, അതിരപ്പിള്ളി, വാഴച്ചാൽ, ചാർപ്പ, പെരിങ്ങൽകുത്ത് ഡാം, ഷോളയാർ ഡാം, മലക്കപ്പാറ ടീ എസ്റ്റേറ്റ് എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തി, 'ജംഗിൾ സഫാരി' എന്ന പേരിൽ തുമ്പൂർമൂഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ (ഡി.എം.സി.) ടൂർ പാക്കേജ് നടത്തുന്നുണ്ട്.

**കാപ്പാട് കടൽത്തീര സംരക്ഷണം**

**129 (3126)** ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് കടൽത്തീരം ശക്തമായ കടലാക്രമണ ഭീഷണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നേരിടുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്നും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാപ്പാട് കടൽത്തീരത്ത് 235 മീറ്ററോളം നീളത്തിൽ കഴിഞ്ഞ വർഷം ജലസേചന വകുപ്പ് കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഇതിനുപുറമെ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രം മുതൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ വരെ ചെറുപുലിമുട്ടുകളുടെ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള പഠനം CWPRS, Pune-യുമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഠനം നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിനുപുറമേ ഡി.റ്റി.പി.സി. പരിപാലനം ചെയ്തുവരുന്ന ബ്ലൂ ഫ്ലാഗ് ബീച്ചിലെ കടൽഭിത്തിക്ക് ഡി.റ്റി.പി.സി. തന്നെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുമുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

**130 (3127)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതിയുടെയും ചക്കംകണ്ടം ടൂറിസം പദ്ധതിയുടെയും വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ചക്കംകണ്ടം പ്രദേശത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലലഭ്യത സംബന്ധിച്ച് സർവ്വേ നടത്തി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം സർവ്വേ നടത്തി സ്കെച്ച് ലഭ്യമാക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പഴയ അതിഥി മന്ദിരം പൊളിച്ചുനീക്കി ഗുരുവായൂരിൽ 22.45 കോടി രൂപ ചെലവിൽ എട്ട് നിലകളിലായി 55 മുറികളോടുകൂടി അത്യാധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയ പുതിയ അതിഥി മന്ദിര നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്.

**ആംഫിബിയൻ വാഹനസൗകര്യം**

**131 (3128)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന ജലാശയങ്ങളിലും കരയിലും സഞ്ചരിക്കുന്ന ആംഫിബിയൻ വാഹന സൗകര്യം ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പാക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വാഹനം ലഭ്യമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഇതുസംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് വിശദാംശങ്ങൾ നൽകുമോ?

(എ-സി) 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന

ബഡ്ജറ്റിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന ജലാശയങ്ങളിലും കരയിലും സഞ്ചരിക്കുന്ന ആംഫിബിയൻ വാഹന സൗകര്യം ലഭ്യമാക്കുന്ന പദ്ധതി സംബന്ധിച്ച് KSINC സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ ഫീസിബിലിറ്റി പരിശോധിച്ചുവരുന്നു.

**ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി**

**132 (3129)** ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ പേര്, പ്രവൃത്തിയുടെ കരാർ തുക, പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് അംഗീകരിച്ച പ്രവൃത്തികൾ എന്നിവ അറിയിക്കാമോ; ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരിക്കുന്ന കാലാവധി എത്രയാണെന്നുമുള്ള വിവരം നൽകാമോ?

ആക്കുളം കായലിന്റെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ "Rejuvenation of Akkulam Lake & its Watershed- Rebuilding Kerala- Sustainable way” ആക്കുളം എന്ന പദ്ധതിക്ക് 13-12-2018-ൽ 128.68 കോടി രൂപയ്ക്ക് തത്വത്തിലുള്ള അംഗീകാരം നൽകുകയും തുടർന്ന് 19-10-2019-ൽ പദ്ധതിയുടെ 185.23 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. കേന്ദ്ര സർക്കാർ സ്ഥാപനമായ വാപ്കോസ്-നെയാണ് ഈ പദ്ധതി നടത്തിപ്പിനായുള്ള എസ്.പി.വി.-യായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിൻപ്രകാരം ടി പദ്ധതിയുടെ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിക്കുകയും ഒന്നാംഘട്ടമായി 64.13 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു. DBOT (Design Build Operate and Transfer) മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 21-12-2020-ൽ എസ്.പി.വി. ആയ വാപ്കോസ് ടെണ്ടർ ക്ഷണിക്കുകയും ഇതിൽ മൂന്ന് ഏജൻസികൾ പങ്കെടുക്കുകയുമുണ്ടായി. അതിൽനിന്ന് ശ്രീ അവന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ്, ഹൈദരാബാദ് എന്ന ഏജൻസിയെ ഈ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തു. ഈ സ്ഥാപനം ക്വാട്ട് ചെയ്ത തുക

136.77 കോടി രൂപയായിരുന്നു. ഈ തുക കിഫ്ബി അംഗീകരിച്ച തുകയായ 64.13 കോടി രൂപയേക്കാൾ 113.25% അധികമായിരുന്നു. തുടർന്ന് നെഗോസിയേഷൻ മീറ്റിംഗിൽ 96.13 കോടി രൂപയ്ക്ക് പദ്ധതി ഏറ്റെടുത്ത് നടത്താൻ സമ്മതിച്ചതായി ടി ഏജൻസി അറിയിക്കുകയുണ്ടായി. തുടർന്ന് എസ്.പി.വി. ആയ വാപ്കോസ് 28-02-2022-ൽ സ്ഥലം സന്ദർശിക്കുകയും പ്രസ്തുത ഏജൻസിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 96 കോടി രൂപയ്ക്ക് പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് ടി ഏജൻസി അറിയിക്കുകയും അതുപ്രകാരം 08-07-2022-ലെ സ.ഉ.(കൈ) നം.6/2022 പ്രകാരം പ്രസ്തുത ഏജൻസി ക്വാട്ട് ചെയ്ത 96 കോടി രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനപ്പേര്, ഔദ്യോഗിക മേൽവിലാസം, നിയമിച്ച ഉത്തരവിന്റെ വിശദവിവരം, അദ്ദേഹം നിർവ്വഹിച്ച പ്രവൃത്തികൾ, നിയമന കാലാവധി എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

01-07-2020-ലെ സ.ഉ.(സാധാ)നം.213/2020/ടൂറിസം പ്രകാരം ഈ പദ്ധതിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എ. ആർ. സന്തോഷ് ലാൽ (ഡെപ്യൂട്ടി ഡയറക്ടർ, പ്ലാനിംഗ്)-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ 31-05-2022-ൽ അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചു. ആയതിനുശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പുതിയ ആൾക്ക് ചുമതല നൽകിയിട്ടില്ല.

(സി) മടവൂർപാറ ടൂറിസം പ്രോജക്ടിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മടവൂർപാറയിലെ കൂടുതൽ ടൂറിസം സാധ്യതകൾ പരിഗണിച്ച് ടൂറിസം വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയുടെ പൂർത്തീകരണത്തിന് മടവൂർപാറയുടെ സമീപത്തുള്ള സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള 474.002 സെന്റ് ഭൂമി ഏറ്റെടുക്കാൻ സർക്കാർ 16-10-2020-ലെ (സ.ഉ.സാധാ) നം.334/2020/ടൂറിസം പ്രകാരം 3.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക സ്പെഷ്യൽ തഹസീൽദാർ (LA)ക്ക് വകുപ്പിൽനിന്നും അനുവദിച്ച് നൽകുകയും ചെയ്തു. തുടർ നടപടികളുടെ ഭാഗമായി പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് പരിശോധിക്കുകയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ പൊന്നുംവില അടിസ്ഥാനമാക്കിയുള്ള നടപടിക്രമ പ്രകാരം അടിസ്ഥാനവില

9,14,19,920/- രൂപയായി നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തു. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി അധികമായി വേണ്ടിവരുന്ന 5.39 കോടി രൂപ കൂടി അനുവദിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ (LA) അറിയിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി പ്രദേശത്തെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ പൊന്നുംവില അടിസ്ഥാനമാക്കി നിർണ്ണയിക്കപ്പെട്ട തുക താരതമ്യേന ഉയർന്ന് നിൽക്കുന്നതായി പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.ടി.ഐ.എൽ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ പൊന്നുംവില അടിസ്ഥാനമാക്കിയുള്ള നടപടിക്രമം നിർത്തിവച്ച് കുറഞ്ഞ തുകയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള നടപടി പരിശോധിച്ചുവരുന്നു. ഈ വിഷയുവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബഹു. എം.എൽ.എ., ടൂറിസം ഡയറക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ കൂടിയ മീറ്റിംഗിൽ ചർച്ച ചെയ്തതനുസരിച്ച് ഫണ്ടിന്റെ അപര്യാപ്തത കണക്കിലെടുത്ത് മടവൂർപാറ ആർക്കിയോളജി സൈറ്റിന്റെ പ്രവേശന റോഡിന്റെ ഇരുവശത്തുമുള്ള 1.28421 ഏക്കർ സ്ഥലം ഏറ്റെടുക്കുവാനുള്ള നിർദ്ദേശം KTIL സമർപ്പിച്ചിട്ടുണ്ട്. ഇതിന് 3.125 കോടി രൂപ വിലവരും. ആയത് വകുപ്പ് പരിശോധിച്ചുവരികയാണ്.

(ഡി) ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിലെ തെരെഞ്ഞെടുക്കപ്പെട്ട പൈതൃക കെട്ടിടങ്ങൾ വൈദ്യുതാലങ്കാരമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ട്രിഡ ബിൽഡിംഗ്, സുന്ദരവിലാസം പാലസ്, കേരള മ്യൂസിയം, പാളയം ശ്രീ ശക്തിവിനായക ക്ഷേത്രം എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉദ്ഘാടനത്തിന് സജ്ജമാണ്. നിലവിൽ പോലീസ് ആസ്ഥാന ഓഫീസ്, ബാങ്ക് ഹൗസ് എന്നിവിടങ്ങളിലെ പ്രവൃത്തികൾ നടന്നുവരുന്നു.

പദ്ധതിയിൽ ഉൾപ്പെട്ട ചില കെട്ടിടങ്ങളുടെ ഉടമസ്ഥ വകുപ്പുകളിൽനിന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭിക്കാനുണ്ട്. ആയതിനാൽ അവയുടെ പൂർത്തീകരണ തീയതി കൃത്യമായി അറിയിക്കാൻ സാധിക്കുകയില്ലെന്ന് നിർവഹണ ഏജൻസിയായ M/s SILK Ltd. അറിയിച്ചിട്ടുണ്ട്.

(ഇ) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം മുതൽ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കുന്ന/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

- ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളുടെ എണ്ണം 50000 ആയി വർദ്ധിപ്പിക്കുക. അതുവഴി കുറഞ്ഞത് 2.5 ലക്ഷം ഉത്തരവാദിത്ത ടൂറിസം ഗുണഭോക്താക്കൾക്ക് തൊഴിലും വരുമാനവും (പ്രത്യക്ഷ/പരോക്ഷ) ഉറപ്പാക്കുക
- കേരള സുവനീർ നെറ്റ്‌വർക്ക് രൂപീകരണം.
- സ്ത്രീകൾക്കായി സ്ത്രീകൾ നയിക്കുന്ന വിവിധ ടൂറിസം പ്രവർത്തനങ്ങൾ (WOMEN ORIENTED TOUR PROGRAMS, TOURISM ENTREPRISES ETC.)
- ഗ്രാമീണ മേഖലകളിൽ ആക്സസിബിൾ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വോളന്ററി/വോളന്റ് ടൂറിസം പ്രൊമോഷൻ.
- സ്റ്റോറി ടെല്ലിംഗ് ട്രെയിൽസ്
- ഫുഡ്/ക്യുസീൻ ട്രെയിൽസ്
- എത്‌നിക് ടൂർ സർക്യൂട്ട്
- എത്‌നിക് വില്ലേജസ്

- കേരള ആർട്ടിസ്റ്റ് നെറ്റ്‌വർക്ക് വിപുലപ്പെടുത്തുക
- 1000 മാതൃകാ ഉത്തരവാദിത്ത ടൂറിസം അക്കൊമഡേഷൻ യൂണിറ്റുകൾ (MODEL RT ACCOMMODATION UNITS) രൂപീകരിക്കുക.
- 50000 പേർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- എല്ലാ ടൂറിസം സേവന ദാതാക്കൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ നടപ്പാക്കുക.
- വേസ്റ്റ് ഫ്രീ ആൻഡ് ഗ്രീൻ സർട്ടിഫൈഡ് ടൂറിസം കേന്ദ്രങ്ങൾ ഉണ്ടാക്കിയെടുക്കുക.
- ഡെസ്റ്റിനേഷൻ സ്പെസിഫിക് ഉത്തരവാദിത്ത ടൂറിസം പെരുമാറ്റച്ചട്ടം (പ്രോട്ടോകോൾ) രൂപീകരിക്കുക.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 10 ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ വീതം രൂപീകരിക്കുക

(എഫ്) പാർവ്വതി പുത്തനാർ നവീകരണത്തെ തുടർന്ന് ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി വിശദമാക്കാമോ?

ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി പാർവ്വതി പുത്തനാർ കോവളം-ആക്കുളം കായൽ ഭാഗത്ത് ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിന് സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കി ലഭ്യമാക്കുന്നതിന് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനും തിരുവനന്തപുരം ഡി.ടി.പി.സി.-ക്കും വകുപ്പിൽനിന്നും കത്ത് നൽകിയിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ്

നാവിഗേഷൻ സെക്രട്ടറി 01-10-2018-ൽ നടത്തിയ മീറ്റിംഗിലെ തീരുമാനപ്രകാരം കോവളം-ആക്കുളം ജലപാതയിലെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി HITES എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ടി ഏജൻസി ഒരു കോൺസെപ്റ്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിന്റെ യോഗം ചേരുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

## വല്ലച്ചിറ പഞ്ചായത്ത് ഗ്രാമോത്സവത്തിന് ധനസഹായം

**133 (3130)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

19-06-2022 മുതൽ 11-09-2022 വരെ നടക്കുന്ന വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ ഓണാഘോഷ-ഗ്രാമോത്സവം പരിപാടിക്ക് ടൂറിസം വകുപ്പിൽനിന്നും ധനസഹായത്തിനായി ജില്ലാ ടൂറിസം കൗൺസിൽ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനും 2017-ൽ ടൂറിസം വകുപ്പിൽനിന്നും

ധനസഹായം അനുവദിച്ചതുപോലെ ധനസഹായം അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തിരൂരങ്ങാടി കീരനല്ലൂർ ന്യൂകട്ട് ടൂറിസം പദ്ധതി

**134 (3131)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ന്യൂകട്ട് ടൂറിസം പദ്ധതിക്ക് വിവിധ വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകകൾക്ക് ഏതെല്ലാം വർഷങ്ങളിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും ഭരണാനുമതി ലഭ്യമാക്കാത്തതുണ്ടോ; എങ്കിൽ ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടൂറിസം വകുപ്പുമന്ത്രി, ടൂറിസം

വകുപ്പ് സെക്രട്ടറി, ഡയറക്ടർ എന്നിവർക്ക് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ബഡ്ജറ്റിൽ പണം അനുവദിക്കുകയും അതുപ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് മണ്ഡലം എം.എൽ.എ. രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ബി.ആർ.ഡി.സി. പ്രോജക്ട്

**135 (3132)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ടൂറിസം പ്ലാൻ ഫണ്ടിൽനിന്ന് തുക ലഭിക്കുന്നതിനായി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിരുന്നത്;

(ബി) പ്രസ്തുത പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2021-2022) പ്ലാൻ ഫണ്ടിനായി 250 ലക്ഷം രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയും ഭരണാനുമതി നൽകിയ 152 ലക്ഷത്തിൽ 100 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അനുമതി ലഭിച്ച പ്രോജക്ട് നടപ്പിലാക്കുന്നതിന് ബി.ആർ.ഡി.സി. എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ കോട്ടപ്പുറം ഹൗസ് ബോട്ട് സെന്ററിന്റെ സ്ഥലമെടുപ്പ്, ആയിറ്റി അമിനിറ്റി സെന്ററിന്റെ അറ്റകുറ്റപ്പണികൾ, ഇടയിലക്കാട് അമിനിറ്റി സെന്ററിന്റെ നവീകരണം എന്നിവയുടെ പ്രവൃത്തികൾ ആരംഭിക്കുകയും ബേക്കൽ ഡെസ്റ്റിനേഷൻ പ്രൊമോഷന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം തീർത്ഥാടന ടൂറിസം പദ്ധതി**

**136 (3133)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

(എ&ബി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. Ajith Associates, Ernakulam എന്ന ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിരുന്നു. ആർക്കിടെക്ട് സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരൂർ ചരിത്ര സ്മാരക ടൂറിസം പദ്ധതി**

**137 (3134)** ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട് നിരവധി ചരിത്ര സ്മാരകങ്ങളും രക്തസാക്ഷികളായ സ്വാതന്ത്ര്യ സമര പോരാളികളുടെയും ചരിത്രം നിലനിൽക്കുന്ന തിരൂരിൽ ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ തിരൂരിൽ ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് തിരൂർ മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായാൽ തിരൂരിൽ ചരിത്ര സാംസ്കാരിക കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാമെന്ന വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, ലോകനിലവാരത്തിലുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങൾ നിർമ്മിക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുക, സുരക്ഷ ഉറപ്പാക്കുക, പൈതൃക കെട്ടിടങ്ങൾ

സംരക്ഷിക്കുക, പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള സർക്യൂട്ട് പദ്ധതികൾ, പുതിയ ടൂറിസം ഡെസ്റ്റിനേഷൻ കണ്ടെത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങി നിരവധി പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ഇതോടൊപ്പം വിദ്യാർത്ഥികളെ ടൂറിസം പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനായി ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം, പ്രാദേശികാടിസ്ഥാനത്തിൽ പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനുള്ള പദ്ധതികൾ, സ്ത്രീകൾക്കായുള്ള സുരക്ഷിത വിനോദസഞ്ചാര പദ്ധതികൾ, പ്രാദേശിക തലത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## ഇരിക്കൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതി

**138 (3135)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം പദ്ധതിക്കായി ഇരിക്കൂർ മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും കണ്ടെത്തിയ പ്രദേശങ്ങളുടെ പട്ടിക ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. നിലവിൽ ഇരിക്കൂർ മണ്ഡലത്തിൽനിന്നും പദ്ധതികൾ ഒന്നുംതന്നെ പോർട്ടൽ വഴി ലഭിച്ചിട്ടില്ല.

**കായംകുളം കായലോര ടൂറിസം പദ്ധതി**

**139 (3136)** ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതി പൂർത്തീകരിച്ചിട്ടും സംരക്ഷിക്കപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഈ ഭാഗത്ത് മണ്ണിന് ഉറപ്പ് കുറവായതിന്റെ ഫലമായി പദ്ധതി ഘടകങ്ങളായ വോക്ക് വേ, ലോൺ എന്നിവ ഇരുന്നുപോകുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ചുറ്റുമതിലോ വേലിയോ

ഇല്ലാത്തതിനാൽ സാമൂഹികവിരുദ്ധ ശല്യംമൂലം ടോയ്‌ലെറ്റ് വാതിലുകൾ, ഫിറ്റിംഗുകൾ എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സി.ആർ.ഇസഡ്. അനുമതി ലഭിക്കാത്തതിനാൽ നഗരസഭ കെട്ടിട നമ്പറും നൽകിയിട്ടില്ല. കെട്ടിടം അറ്റകുറ്റപ്പണി നടത്താനും സംരക്ഷണ ഭിത്തി/വേലി നിർമ്മിക്കാനുമായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് കോർപറേഷൻ (KIIDC) വിനോദ സഞ്ചാര വകുപ്പിന് 77 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാരവൻ ടൂറിസം പദ്ധതി

**140 (3137)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും കോവിഡും ടൂറിസം മേഖലയെ ഗുരുതരമായാണ് ബാധിച്ചത്. എന്നാൽ സർക്കാർ നടപ്പാക്കിയ ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമായി

പ്രയാസങ്ങളെ അതിജീവിച്ച് കേരള ടൂറിസത്തെ വളർച്ചയുടെ പാതയിലേയ്ക്ക് തിരികെയെത്തിക്കാൻ കഴിഞ്ഞു. 2021 കലണ്ടർ വർഷത്തിൽ 2020-നെ അപേക്ഷിച്ച് 2,548,645 ആഭ്യന്തര വിനോദസഞ്ചാരികൾ അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്. 2022 മാർച്ച് വരെയുള്ള ആദ്യപാദത്തെ സ്ഥിതിവിവര കണക്കുകൾ പ്രകാരം, 2021 മാർച്ച് വരെയുള്ളതിനെക്കാൾ 1,594,624 ആഭ്യന്തര വിനോദസഞ്ചാരികൾ അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്. ഈ കാലയളവിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 72.48% വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷത്തെ ആദ്യ മൂന്ന് മാസത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം 72.48% വളർച്ചയാണ് ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിലുണ്ടായത്. 38 ലക്ഷം ആഭ്യന്തര സഞ്ചാരികളെ ഈ കാലയളവിൽ ആകർഷിക്കാൻ കഴിഞ്ഞു. എറണാകുളം ജില്ലയാണ് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഒന്നാമത്. മുൻവർഷത്തെ അപേക്ഷിച്ച് 16 ലക്ഷം സഞ്ചാരികളാണ് ഈ വർഷത്തെ ആദ്യപാദത്തിൽ വർദ്ധിച്ചത്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ ആദ്യ പാദത്തെ അപേക്ഷിച്ച് 200.55% വർദ്ധനയാണുള്ളത്. 43547 വിദേശ വിനോദസഞ്ചാരികളാണ് ഈ കാലയളവിൽ സംസ്ഥാനത്ത് എത്തിയത്. കഴിഞ്ഞ കാലങ്ങളിൽ

അനുഭവപ്പെട്ട പ്രയാസങ്ങളെ മറികടന്ന്, നേട്ടങ്ങളുടേതാകും ഈ വർഷം എന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളായി നടത്തിവരുന്ന 360 ഡിഗ്രി പ്രചാരണത്തിന്റെ പ്രതിഫലനമാണ് വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നാണ് കരുതുന്നത്. 2022 ആദ്യപാദത്തിൽ പത്തനംതിട്ട, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള സംസ്ഥാനം രൂപീകൃതമായതിന് ശേഷമുള്ള ഏറ്റവും ഉയർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) കാരവൻ ടൂറിസം പദ്ധതിയിൽ സ്വകാര്യ മേഖലയിൽനിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകരിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കോവിഡാനന്തരം കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവൻ ടൂറിസം. കാരവനുകളിൽ സഞ്ചരിച്ച് വിനോദ സഞ്ചാരികൾക്ക്, തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനും കേരളത്തിന്റെ മനോഹരമായ പ്രകൃതി ഭംഗി ആസ്വദിക്കാനും യാത്രാനുഭവം നുകരാനും ഈ

പദ്ധതി മുഖേന സാധിക്കും. പകൽ സമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനുംവേണ്ട എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടെയുമാണ് കാരവനുകൾ സജ്ജീകരിച്ചിരിക്കുന്നത്.

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവൻ പാർക്കുകളിലൂടെ സാധ്യമാകും. ഇതിനകംതന്നെ പത്ത് കാരവനുകൾ വിനോദസഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങുകയും വാഗമണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്യുകയും അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുകയും ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ പ്രത്യേക സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്.

കാരവൻ ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി 150 കാരവൻ പാർക്കുകൾ ആരംഭിക്കാൻവേണ്ടി സ്വകാര്യമേഖലയിലെ സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ട്.

കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.

1) ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.

2) കേരളത്തിലെ അൺഎക്സ്പ്ലോയിറ്റഡ് ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.

3) നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.

4) വിവിധ ജനസമൂഹങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക.

5) തദ്ദേശവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6) തദ്ദേശീയമായ കലാ-സാംസ്കാരിക പൈതൃകം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.

7) ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.

8) ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

കൂടാതെ അഞ്ഞൂറിലധികം കാരവനുകൾ വാങ്ങാനുള്ള താൽപ്പര്യം കേരളത്തിലെ സ്വകാര്യമേഖല പ്രകടിപ്പിച്ചിട്ടുണ്ട്.

## അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ടൂറിസം പ്രോജക്ട്

**141 (3138)** <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ അരൂക്കുറ്റി പഞ്ചായത്തിൽ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിന് കീഴിലുള്ള സ്ഥലം

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ അരൂക്കുറ്റി ബോട്ട് ടെർമിനൽ പദ്ധതിയുടെ മുൻഭാഗത്ത് എക്സൈസ് വകുപ്പിന്റെ പക്കലുള്ള സ്ഥലം, ടെർമിനലിന്റെ പാർക്കിംഗ് ഏരിയയ്ക്കായി വിട്ടുനൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 07-12-2015-ൽ ജലവിഭവ വകുപ്പിന്റെ ചേർത്തലയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതുസംബന്ധിച്ച് ആലപ്പുഴ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് അപേക്ഷ നൽകിയെങ്കിലും സ്ഥലം അനുവദിക്കാൻ കഴിയില്ലെന്ന് അറിയിച്ചു. ജലവിഭവ വകുപ്പിന് ചേർത്തല, കുത്തിയതോട്, നൂറനാട്, മാവേലിക്കര, കാർത്തികപ്പള്ളി എന്നിവിടങ്ങളിലുള്ള സ്ഥലങ്ങളിൽ എക്സൈസ് വകുപ്പിന് പകരം കെട്ടിടം നിർമ്മിക്കാൻ സ്ഥലം അനുവദിക്കുന്നപക്ഷം വിനോദ സഞ്ചാര വകുപ്പിന്റെ പാർക്കിംഗ് യാർഡിനായി ഉപാധികളോടെ സ്ഥലം നൽകാമെന്നും എക്സൈസ് കമ്മിഷണർ നിർദേശം നൽകിയിരുന്നു. 09-03-2017-ൽ ബഹു. എക്സൈസ്, വിനോദ സഞ്ചാര വകുപ്പുമന്ത്രിമാരുടെയും ആലപ്പുഴ എം.പി.-യുടെയും അരൂർ എം.എൽ.എ.-യുടെയും സാന്നിധ്യത്തിൽ ചേർന്ന

യോഗത്തിലും സ്ഥലം വിട്ടുനൽകാൻ തീരുമാനമായെങ്കിലും നാളിതുവരെ എക്സൈസ് വകുപ്പ് സ്ഥലം കൈമാറിയിട്ടില്ല. എന്നിരുന്നാലും കോവിഡ് സാഹചര്യത്തിൽ വൻപ്രതിസന്ധി നേരിട്ട ടൂറിസം മേഖലയ്ക്ക് പുത്തനുണർവ് പകരുന്നതിനും ടി പദ്ധതി ഏറ്റവും അടുത്ത അനുകൂല അവസരത്തിൽ നടപ്പിലാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ആദ്യ പടിയായി 09-02-2022-ൽ ബഹു. മുഖ്യമന്ത്രി അരുകുറ്റി ബോട്ട് ടെർമിനലിന്റെ ഉദ്ഘാടനം നടത്തി. നിർവ്വഹണ ഏജൻസിയായ KIIDC-യിൽ നിന്നും 29-06-2022-ൽ വിനോദ സഞ്ചാര വകുപ്പ് അരുക്കുറ്റി ബോട്ട് ടെർമിനലിന്റെ തുടർനടത്തിപ്പ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**വർക്കലയിലെ ടൂറിസം പദ്ധതികൾ**

**142 (3139)** ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഭരണാനുമതി തുക എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) വർക്കല നിയോജക മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:

1) <u>വർക്കല ഗസ്റ്റ്ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ പുനരുദ്ധാരണവും</u>

ഭരണാനുമതി തുക : ₹ 9,96,50,000/-

നിർവ്വഹണ ഏജൻസി : M/s HITES

പുരോഗതി : 40%

2) <u>വർക്കല ബീച്ചിൽ ലോകോത്തര ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം</u>

ഭരണാനുമതി തുക : ₹ 1,48,53,901/-

നിർവ്വഹണ ഏജൻസി : M/s KITCO

പുരോഗതി : 40%

3) <u>സി.സി.ടി.വി.-യും മറ്റ് സാമഗ്രികളും സ്ഥാപിക്കൽ</u>

ഭരണാനുമതി തുക : ₹ 65,91,979/-

നിർവ്വഹണ ഏജൻസി : M/s KEL

പുരോഗതി : 100%

4) <u>വർക്കല ബീച്ചിന്റെ വികസന പ്രവർത്തികൾ</u>

ടി പ്രവൃത്തിക്ക് 8,99,32,191/- രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും

പദ്ധതിയുടെ നിർവ്വഹണ സമയത്ത് പരിസ്ഥിതി പ്രവർത്തകർ ഉയർത്തിയ തടസ്സങ്ങൾമൂലവും പദ്ധതിയുടെ ചില ഘടകങ്ങൾ പ്രായോഗികമല്ലാത്തതിനാലും ടി പ്രവൃത്തി റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

5) തീർത്ഥകുളത്തിന്റെയും മറ്റ് അനുബന്ധ ഘടകങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തികൾ

| | | |
|---|---|---|
| ഭരണാനുമതി തുക | : | ₹ 43,10,000/- |
| നിർവ്വഹണ ഏജൻസി | : | M/s Hindusthan Prefab Ltd |
| പുരോഗതി | : | ആരംഭിച്ചിട്ടില്ല |

ചില സാങ്കേതിക കാരണങ്ങളാൽ നിലവിൽ പദ്ധതിയുടെ നിർമ്മാണ ചുമതല ഏറ്റെടുക്കാൻ സാധിക്കുകയില്ലെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പുതിയ ഏജൻസിയെ തെരെഞ്ഞെടുക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

6) വർക്കല ഗസ്റ്റ് ഹൗസിലെ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ പ്രവൃത്തികൾ

| | | |
|---|---|---|
| ഭരണാനുമതി തുക | : | 2,01,000/- |
| നിർവഹണ ഏജൻസി | : | പൊതുമരാമത്ത് വകുപ്പ് |

പുരോഗതി : 80%

## മണലൂർ മണ്ഡലത്തിലെ ഏനാമാവ് നെഹ്റു പാർക്ക്

**143 (3140)** ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഡി.റ്റി.പി.സി. കരാർ ഒപ്പുവച്ചത് എന്നാണെന്നും കരാർ പ്രകാരം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നാണെന്നും അറിയിക്കാമോ;

(ഡി) ആയതിൽ അവശേഷിക്കുന്ന പ്രവൃത്തികളുണ്ടെങ്കിൽ അവ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-ഡി) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്ക് നിർമ്മിക്കുന്നതിനായി നിർമ്മാണ

ഏജൻസിയായ ജില്ലാ നിർമിതി കേന്ദ്രവും ഡി.റ്റി.പി.സി.-യും 24-01-2020-ൽ കരാർ ഒപ്പിട്ടു. 23-11-2020-ന് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. നിലവിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പേവർ ബ്ലോക്ക് വിരിക്കൽ, അഡീഷണൽ ലൈറ്റുകളും കളിയുപകരണങ്ങളും സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നാളിതുവരെ ടി പദ്ധതിയുടെ 90% പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

**144 (3141)** ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമായിട്ടും ഇനിയും പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും അവ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ലഭ്യമായിട്ടുള്ള തുകയടക്കം വിശദമാക്കാമോ?

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിൽ വരുത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) തലശ്ശേരി ഇല്ലിക്കുന്ന് സി.എസ്.ഐ. ചർച്ച്

ടി പദ്ധതിക്ക് 09-08-2020-ന് 2,47,12,467/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC 21-10-2021-ന് ചർച്ച് അധികൃതരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2) A) ജഗന്നാഥ ക്ഷേത്രം

ടി പദ്ധതിക്ക് 09-08-2020-ന് 3,79,99,804.09/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC 16-02-2021-ന് ക്ഷേത്ര അധികൃതരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

B) 'ജഗന്നാഥ ടെമ്പിൾ മ്യൂസിയം ഓഫ് ആർട്ട്, റിനൈസ്സൻസ് ആന്റ് സോഷ്യൽ റിഫോംസ്' എന്ന പദ്ധതി

ടി പദ്ധതിക്ക് 17-12-2019-ലെ സ.ഉ.(സാധാ) നം. 463/2019 പ്രകാരം 4,98,45,267/- രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പദ്ധതിയുടെ

പ്രാഥമിക രൂപരേഖ തയ്യാറാക്കിയ സ്പേസ് ആർട്ട് കൺസൾട്ടൻസി, കോഴിക്കോട് എന്ന ഏജൻസി പ്രാഥമിക രൂപരേഖയിൽ പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിലേയ്ക്ക് എത്തിച്ചേരുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി എസ്റ്റിമേറ്റ് ഭരണാനുമതി തുകയെക്കാൾ കൂടുതലായതിനാൽ നിലവിൽ അംഗീകാരം ലഭിച്ച തുകയ്ക്കുള്ളിൽനിന്ന് ഡി.പി.ആർ. തയ്യാറാക്കാൻ വകുപ്പ് നിർദ്ദേശിച്ചെങ്കിലും ഏജൻസി തയ്യാറായില്ല. മേൽ സാഹചര്യത്തിൽ ടി പ്രവൃത്തി നിർവ്വഹിക്കാൻ 'സിൽക്കി'നെ നേരിട്ട് ഏൽപ്പിക്കുകയും സിൽക്ക് മറ്റൊരു എംപാനൽ ആർക്കിടെക്റ്റായ യു. മുഹമ്മദ് അസോസിയേറ്റ്സിനെ വച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരികയുമാണ്.

3) തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രത്തിലുള്ള വിവിധ ഘടകങ്ങൾ

ടി പദ്ധതിക്ക് 09-08-2020-ന് 2,43,86,244.53/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC 15-12-2021-ന് ക്ഷേത്ര അധികൃതരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

4) തലശ്ശേരി ഓടത്തിൽ പള്ളി-പാരീസ് ഹോട്ടൽ തെരുവ്

ടി പദ്ധതിക്ക് 09-08-2020-ന് 92,10,856.33/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC ടി ആരാധനാലയവും അനുബന്ധ സ്വത്തുവകകളും പരിപാലിച്ചുവരുന്ന സ്വകാര്യ ട്രസ്റ്റുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനായുള്ള പ്രായോഗികതാ ചർച്ചകൾ നടത്തിവരികയാണ്.

5) <u>തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയവും - പൈതൃക ടൂറിസം ഓഫീസും</u>

ടി പദ്ധതിക്ക് 09-08-2020-ന് 1,01,72,845.07/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ KIIDC ധാരണാപത്രം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6) <u>കതിരൂർ സൂര്യ നാരായണ ക്ഷേത്രം -തലശ്ശേരി പൈതൃക ടൂറിസം ഘട്ടം-2</u>

ടി പദ്ധതിക്ക് 01-12-2020-ന് 2,95,48,944/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC ക്ഷേത്ര അധികൃതരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡ്രോയിംഗിൽ ക്ഷേത്രം അധികൃതർ മാറ്റം നിർദ്ദേശിച്ചതനുസരിച്ച് നിർവ്വഹണ ഏജൻസിയായ KIIDC നടപടി സ്വീകരിച്ചുവരുന്നു.

7) <u>തലശ്ശേരി ചിറക്കക്കാവ് ക്ഷേത്രം</u>

ടി പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 01-12-2020-ന് 1,68,13,060/- രൂപയ്ക്ക് കിഫ്ബി ഭരണാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ KIIDC ക്ഷേത്ര അധികൃതരുമായി 23-11-2021-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ തലശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുകയോ സമർപ്പിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആയതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലില്ല.

## കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ പ്രവൃത്തി

**145 (3142)** <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള കായംകുളം കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിലെ ചുറ്റുമതിൽ, കവാടം, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണത്തിലെ പുരോഗതി വിശദമാക്കാമോ?

മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള കായംകുളം കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ ചുറ്റുമതിൽ, കവാടം, ഡ്രെയിനേജ് എന്നീ പ്രവൃത്തികളുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**തവനൂർ മണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിടം**

**146 (3143)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും അനുവദിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസി മുഖേനയാണ് നടത്താൻ സർക്കാർ ഉത്തരവായിട്ടുള്ളതെന്നും പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ മണ്ഡലത്തിൽ ഭൗതിക സൗകര്യവികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

<u>5 കോടി കിഫ്ബി പദ്ധതി</u>

അഞ്ച് കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്., പുറത്തൂർ സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>3 കോടി കിഫ്ബി പദ്ധതി</u>

മൂന്ന് കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട എസ്.പി.വി.-യായി 'കില'യെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്., കാടഞ്ചേരി, കെ.എം. ജി.വി.എച്ച്.എസ്.എസ്., തവനൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാക്കി. പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി അംഗീകരിച്ച് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ

സ്വീകരിക്കുന്നതാണ്. ജി.യുപി.എസ്. പുറത്തൂർ സ്കൂളിന്റെ ഡി.പി.ആർ. തയ്യാറായി. ഫീസിബിലിറ്റി നടത്തിവരുന്നു.

എടപ്പാൾ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി 'കൈറ്റി'നെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ഒരു കോടി കിഫ്ബി പദ്ധതി

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട എസ്.പി.വി.-യായി 'കില'യെ ചുമതലപ്പെടുത്തിയ ജി.യു.പി.എസ്., ചമ്രവട്ടം, കെ.എം.ജി. യു.പി.എസ്., തവനൂർ എന്നീ സ്കൂളുകളിൽ ചമ്രവട്ടം ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ തുടർ നടപടികൾക്ക് കാലതാമസം വന്നതിനാൽ ടെണ്ടർ റദ്ദാക്കുന്ന സാഹചര്യമുണ്ടായി. റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എത്രയുംവേഗം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തവനൂർ കെ.എം.ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ KMBR/KPBR ചട്ടങ്ങളിൽ ഇളവുകൾ ലഭിക്കേണ്ടതുണ്ട്. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തവനൂർ കേളപ്പജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം**

**147 (3144)** ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ കേളപ്പജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം പണിയുന്നതിനായി തുക അനുവദിച്ചിരുന്നോ?

അനുവദിച്ചിരുന്നു.

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ കേളപ്പജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന് മൂന്ന് കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നു.

(സി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത്?

പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി 'കില'യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായെന്നും നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

തവന്നൂർ കേളപ്പജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി നടത്തി പുതുക്കിയ DSR/GST നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**148 (3145)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതുവഴി പൊതുമേഖലയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതുവഴി സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ട് എന്നാണ് സ്ഥിതിവിവര കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. 2016-17 കാലത്ത്

17,982 കുട്ടികളാണ് കൊഴിഞ്ഞുപോയതെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. 2019-20-ൽ ഇത് 4,546 ആയി കുറഞ്ഞിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വൊക്കേഷണൽ വിഭാഗത്തിൽ നിശ്ചിത എണ്ണം സീറ്റുകളിലേയ്ക്കാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് എന്നതിനാൽ കൊഴിഞ്ഞുപോക്ക് ഉണ്ടായിരുന്നില്ല.

(ബി) ഇതുമൂലം സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയതുവഴി സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം രണ്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിലായി സർക്കാർ മേഖലയിൽ 44,915-ഉം സർക്കാർ എയ്ഡഡ് മേഖലയിൽ 75,055-ഉം ഉൾപ്പെടെ ആകെ 1,19,970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ളത്. വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള നിശ്ചിത എണ്ണം സീറ്റുകളിലാണ് പ്രവേശനം നടക്കുന്നത്.

എല്ലാ സ്കൂളുകളിലും ഒരു കോഴ്സിന് പരമാവധി 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്.

(സി) കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടും പല സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ട് അദ്ധ്യാപക നിയമനങ്ങൾ നടക്കുന്നുണ്ട്. അദ്ധ്യാപകർ ഇല്ലാതെ വരികയാണെങ്കിൽ ദിവസ വേതനത്തിൽ നിയമിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ കോഴ്സ് അടിസ്ഥാനത്തിൽ സ്ഥിര അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ സമയബന്ധിതമായി ഗസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച

**149 (3146)** ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെത്തുടർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് പ്രതിസന്ധി കുട്ടികളെ അക്കാദമികവും മനോ-സാമൂഹികവുമായി എങ്ങനെയെല്ലാം ബാധിച്ചു എന്നതിനെപ്പറ്റി എസ്.സി.ഇ.ആർ.ടി. വിശദമായ ഗവേഷണ പഠനം സംഘടിപ്പിച്ചിരുന്നു. ഈ പഠനത്തിൽ ആദിവാസി ഗോത്ര മേഖലയെ കോവിഡ് പ്രതിസന്ധി എങ്ങനെ ബാധിക്കുന്നു എന്നതും പഠന വിധേയമാക്കി. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ആദിവാസി ഗോത്ര മേഖലകളിൽ സാമൂഹ്യ പഠനമുറികൾ സജ്ജമാക്കുന്നതിലും മെന്റർ ടീച്ചർമാരുടെ സേവനം ഉറപ്പാക്കുന്നതിനും വിപുലമായ ഇടപെടലുകളാണ് പൊതുജന പിന്തുണയോടെ സർക്കാർ നടത്തിയത്. ആധുനിക സാങ്കേതിക വിദ്യയെ വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തുമ്പോൾ ആദിവാസി വിദ്യാർത്ഥികളും പിന്നാക്കം പോകരുത് എന്ന കാഴ്ചപ്പാടോടെ ആദിവാസി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് ലഭ്യമാക്കുന്ന "വിദ്യാകിരണം" പദ്ധതി നടപ്പാക്കി. പാഠപുസ്തകം, യൂണിഫോം എന്നിവ

സമയബന്ധിതമായി വിതരണം ചെയ്തു. അദ്ധ്യാപക പരിശീലനത്തിൽ "കുട്ടിയെ അറിയുക" എന്ന ആശയത്തിന് പ്രാധാന്യം നൽകി സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പിന്തുണ നൽകുന്നതിന് പ്രാധാന്യം നൽകാൻ അദ്ധ്യാപകരെ പ്രാപ്തരാക്കി.

(ബി) പട്ടികവർഗ്ഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

കോവിഡ് കാലത്ത് ലോകത്തിനുതന്നെ മാതൃകയാവുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്ന സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ, ആദിവാസി ഗോത്ര വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ ആഗ്രഹിച്ചപോലെ അക്കാദമിക മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് എസ്.സി.ഇ.ആർ.ടി. നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ പഠന വിടവ് കുട്ടികളിൽ ഉണ്ടെന്ന ധരണയിൽ സ്കൂൾ തുറന്ന് ആദ്യത്തെ രണ്ടാഴ്ചക്കാലം നേരിട്ട് പാഠഭാഗങ്ങളിലേയ്ക്ക് കടക്കാതെ കുട്ടികൾക്ക് മനോ-സാമൂഹിക പിന്തുണ നൽകുന്ന പ്രവർത്തനങ്ങളാണ് അധ്യാപകർ ഏറ്റെടുക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി ഗോത്ര മേഖലകളിൽ പഠനത്തുടർച്ച

ഉറപ്പാക്കുന്നതിനായി സ്കൂളിൽ വരാത്ത കുട്ടികളുടെ വീടുകൾ സന്ദർശിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ആദിവാസി മേഖലകളിൽ പ്രത്യേകിച്ചും അദ്ധ്യാപകർ ഗൃഹസന്ദർശനം നടത്തി കുട്ടികളെ സ്കൂളിൽ എത്തിക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്.

(സി) കോവിഡിന് ശേഷമുള്ള അക്കാദമിക വർഷങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് സംബന്ധിച്ചും പഠനത്തുടർച്ച സംബന്ധിച്ചും വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022-23 അക്കാദമിക വർഷം ആരംഭിച്ചിട്ട് ഒരു മാസം പിന്നിടുന്നതേയുള്ളൂ. പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികളുടെയും പഠനത്തുടർച്ച സംബന്ധിച്ച വിലയിരുത്തലുകൾ നടന്നുവരുന്നു. 2022-23 അദ്ധ്യയന വർഷത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഹയർ സെക്കന്ററി വിഭാഗത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ ഉറപ്പാക്കാൻ കഴിഞ്ഞ അദ്ധ്യയന വർഷം കഴിഞ്ഞിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കാദമിക തുടർച്ച ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസ വകുപ്പ് അടിയന്തരമായി കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള വിവിധ തലത്തിലുള്ള ഇടപെടലുകൾ കാലങ്ങളായി നമ്മൾ നടത്തിവരുന്നതാണ്. കോവിഡ് പ്രതിസന്ധി മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ഫലമായി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് എത്രമാത്രം ഉണ്ടായി എന്നത് പഠനം നടത്തേണ്ടതാണ്. നിലവിലുള്ള പ്രശ്നങ്ങളെ വിശകലനം ചെയ്തുകൊണ്ട് മാത്രമേ പരിഹാര പദ്ധതി തയ്യാറാക്കാൻ സാധിക്കൂ. അത്തരത്തിൽ ഒരു പ്രശ്നം നിലനിൽക്കുന്നതായി പഠനത്തിലൂടെ കണ്ടെത്തിയാൽ നിശ്ചയമായും പരിഹാര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

## വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ നടപടി

**150 (3147)** ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഉമ തോമസ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സമഗ്രശിക്ഷാ കേരളം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1) ക്വാളിറ്റി - എൽ.ഇ.പി. (പഠനപോഷണ പരിപാടികൾ)

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്, സുരിലീ ഹിന്ദി, സംസ്കൃത മാധുരി, അഹ് ലൻ അറബിക്, പ്യാരി ഉറുദു, ഗണിത വിജയം, വായനാക്കാർഡുകൾ, ഭൂമിശാസ്ത്ര ലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്ര പാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുകം

2) ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ

ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്

3) ക്വാളിറ്റി - ഇന്നൊവേഷൻ

വർക്ക് എഡ്യുക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാമുകൾ, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ, ഊരുവിദ്യാ കേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ.

4) ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന

5) സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

6) പ്രീ സ്കൂൾ പ്രവർത്തനങ്ങൾ

7) മെച്ചപ്പെട്ട രീതിയിലുള്ള അദ്ധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം

8) വൊക്കേഷണലൈസേഷൻ ഓഫ് എഡ്യുക്കേഷൻ

9) ഇൻക്ലൂസീവ് എഡ്യുക്കേഷൻ

10) അക്കാദമിക ഇടപെടലുകൾ

എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

ഓരോ സ്കൂളിനും അക്കാദമിക് മാസ്റ്റർ പ്ലാൻ, സ്കൂൾതല-ക്ലാസുതല ആസൂത്രണം, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, ദിനാചരണങ്ങൾ, ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പാഠ്യപദ്ധതി, വിവിധ പഠന പോഷണ പരിപാടികൾ, വിവരണാത്മകമായ വിലയിരുത്തലുകൾ ഫലപ്രദമായ അദ്ധ്യാപക ശാക്തീകരണം.

ഹയർ സെക്കന്ററി വകുപ്പുതലത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ നടത്തിവരുന്നു.

അദ്ധ്യാപക ശാക്തീകരണ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി ടീച്ചേഴ്സ് ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നു. വിദ്യാർത്ഥികളുടെ നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുന്നതിനായി ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ക്ലസ്റ്റർതല പരിശീലനം നൽകുന്നുണ്ട്. കൂടാതെ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക്

SIEMAT-ന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് പരിശീലനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി പാഠ്യപദ്ധതി പരിഷ്കരണം അത്യന്താപേക്ഷിതമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പാഠ്യപദ്ധതി പരിഷ്ക്കരണം അനിവാര്യമാണ്. 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടാണ് ഇപ്പോൾ പിന്തുടരുന്നത്. ആയതിനാൽ നൂതനമായ സാഹചര്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) <u>കരിക്കുലം കമ്മിറ്റി രൂപീകരണം</u>:- പാഠ്യപദ്ധതി പരിഷ്കരണത്തിന് നേതൃത്വം നൽകാനായി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

2) <u>കരിക്കുലം കോർ കമ്മിറ്റി രൂപീകരണം</u>:- പാഠ്യപദ്ധതി പരിഷ്കരണത്തിനുവേണ്ടി കരിക്കുലം കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

3) <u>സംസ്ഥാനതല ശിൽപ്പശാല</u>:- പാഠ്യപദ്ധതി പരിഷ്കരണം ചർച്ച

ചെയ്യുന്നതിനായി ആദ്യഘട്ടത്തിൽ സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു.

4) ഫോക്കസ് ഗ്രൂപ്പുകളുടെ രൂപീകരണം:- പാഠ്യപദ്ധതികളുടെ ചട്ടക്കൂട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഫോക്കസ് ഗ്രൂപ്പുകളുടെ രൂപീകരണം പൂർത്തിയായി വരുന്നു.

(സി) പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ വിശദമാക്കുമോ?

പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാനായി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു:

1) മലയാളത്തിളക്കം - മാതൃഭാഷാ പഠനത്തിൽ കുട്ടികളുടെ അടിസ്ഥാനശേഷികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടി.

2) ഹലോ ഇംഗ്ലീഷ് - ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാനപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിപാടി.

3) ഉല്ലാസ ഗണിതം - ഗണിത പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടി.

4) <u>സുരീലി ഹിന്ദി</u> - ഹിന്ദി ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടി.

(ഡി) വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി അതിലൂടെ വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിദ്യാലയ പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്:

1) ബഹുജന പങ്കാളിത്തത്തോടെയുള്ള സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പദ്ധതി.
2) ബഹുജന പങ്കാളിത്തത്തോടെയുള്ള അക്കാദമിക് നിലവാരം മെച്ചപ്പെടുത്തൽ പരിപാടി
3) ജനകീയ പങ്കാളിത്തത്തോടെയുള്ള സ്കൂൾ മോണിറ്ററിംഗ്
4) ജനകീയ പങ്കാളിത്തത്തോടെയുള്ള ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ പദ്ധതി.
5) ജനകീയ പങ്കാളിത്തത്തോടെയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

കൂടാതെ, രക്ഷകർതൃ പരിശീലനം, കോർണർ പി.റ്റി.എ., സ്കൂൾ പ്രവേശനോത്സവം, പഠനോത്സവം, ടാലന്റ് ലാബ്, ഗണിതോത്സവം, രചനോത്സവങ്ങൾ, ചങ്ങാതിക്കൂട്ടം, വർക്ക് എജ്യൂക്കേഷൻ, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാമുകൾ, നാട്ടരങ്ങ് തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

## സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

**151 (3148)** ശ്രീമതി ഉമ തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ എം വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ബുദ്ധിപരമായ

വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവിടങ്ങളിൽ 2021-22 വർഷം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ അപേക്ഷകൾ പ്രകാരം 314 സ്പെഷ്യൽ സ്കൂളുകളിലായി 25,605 കുട്ടികൾ പഠിക്കുന്നു.

സംസ്ഥാനത്ത് അന്ധ/ബധിര/മൂക വിദ്യാലയങ്ങൾ സർക്കാർ മേഖലയിൽ ഏഴും എയ്ഡഡ് മേഖലയിൽ 36-ഉം, അൺഎയ്ഡഡ് മേഖലയിൽ രണ്ടും എന്ന ക്രമത്തിൽ ആകെ 45 വിദ്യാലയങ്ങളിലായി 2020-21 വർഷത്തിലെ കണക്കുകൾ പ്രകാരം 3046 കുട്ടികൾ പഠിക്കുന്നു.

(ബി) വിവിധ എൻ.ജി.ഒ.-കളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഗ്രാന്റ് അനുവദിച്ച് നൽകാറുണ്ടോ; വിശദാംശം നൽകുമോ?

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് 2019-20 വർഷം, 38,46,54,612 (മുപ്പത്തിയെട്ട് കോടി നാൽപ്പത്തിയാറ് ലക്ഷത്തി അമ്പത്തിനാലായിരത്തി അറുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപയും 2020-21 വർഷം 37,69,85,750/- (മുപ്പത്തിയേഴുകോടി അറുപത്തിയൊൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി

അമ്പത് രൂപ മാത്രം) രൂപയും 2021-22 വർഷം 21,93,69,050/ (ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി അമ്പത് രൂപ മാത്രം) രൂപയും സ്പെഷ്യൽ പാക്കേജ് മുഖേന അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 വർഷത്തേയ്ക്ക് 45 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(സി) കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും വിവിധ എൻ.ജി.ഒ.-കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നതും സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമായ സ്പെഷ്യൽ സ്കൂളുകളെ സർക്കാർ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സർക്കാരിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.റ്റി. മുഖേന പാഠപുസ്തകവും വിതരണം ചെയ്തുവരുന്നു.

## ഹയർസെക്കന്ററിക്ക് അധിക ബാച്ചുകൾ

**152 (3149)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കന്ററി അഡ്മിഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) മലബാർ മേഖലയിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് പുതിയ ബാച്ചുകളും കോഴ്സുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വികരിക്കുമോ?

(എ&ബി) 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത നാല് ബാച്ചുകളും തുടരുന്നതിനോടൊപ്പം ഈ വർഷം രണ്ട് അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ അധിക സീറ്റുകളും അനുവദിച്ചതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാദ്ധ്യമാകുന്നതാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തെയും മുൻകാലങ്ങളിലെയും പ്രവേശന വിവരങ്ങൾ പ്രകാരം പര്യാപ്തമായ സീറ്റുകൾ ഹയർസെക്കന്ററി മേഖലയിൽ നിലവിലുണ്ട്.

അതിനാൽ പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപക നിയമനം**

**153 (3150)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയനവർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നതുവരെ പ്രസ്തുത തസ്തികകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2022-23 അധ്യയനവർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നത് വരെ പ്രസ്തുത തസ്തികകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ എത്ര അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എത്ര വീതം അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം കാസർഗോഡ്, കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലകളിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇത്തരത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിലെ വിദ്യാലയങ്ങളിൽ ഒന്നിലധികം ഡിവിഷനുകൾ ആവശ്യമുള്ള ക്ലാസ്സുകളിൽ നിലവിൽ ഒറ്റ ഡിവിഷനായി ക്ലാസ്സുകൾ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിദ്യാലയങ്ങളുടെ പേരും ക്ലാസ്സുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മങ്കട മണ്ഡലത്തിലെ സ്കൂൾകെട്ടിട നിർമ്മാണ പ്രവൃത്തികൾ**

**154 (3151)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏറ്റെടുത്തിട്ടുള്ള നിർവ്വഹണ ഏജൻസി, ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തീകരിച്ചു, എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മങ്കട നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവൃത്തികൾ നടക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതും എന്നാൽ അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുള്ളതുമായ മങ്കട മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1) ജി.എൽ.പി. സ്കൂൾ, പടിഞ്ഞാറ്റുമുറി

2) ജി.എൽ.പി. സ്കൂൾ, പനങ്ങാങ്ങര

3) ജി.എൽപി. സ്കൂൾ, കർക്കിടകം

4) എം.ജി.യു.പി. സ്കൂൾ, വടക്കാങ്ങര

5) ഗവ. യു.പി. സ്കൂൾ, പാങ്ങ്

6) ഗവ. യു.പി. സ്കൂൾ, പള്ളിപ്പുറം

**പൂഞ്ഞാർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

**155 (3152)** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും ഓരോന്നിനും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ ഭൗതിക സൗകര്യ വികസനത്തിനായി അനുവദിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>അഞ്ച് കോടി കിഫ്ബി പദ്ധതി</u>

അഞ്ച് കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മുണ്ടക്കയം മുരുക്കുംവയൽ GHSS-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

<u>ഒരു കോടി കിഫ്ബി പദ്ധതി</u>

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS ഈരാറ്റുപേട്ട സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(സി) മണ്ഡലത്തിലെ കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി ഉപജില്ലയുടെ പരിധിയിൽ വരുന്ന മുട്ടപ്പള്ളി ഗവണ്മെന്റ് ഡബ്ല്യു.എൽ.പി. സ്കൂളിന്റെ ഒരു

കെട്ടിടത്തിൽനിന്നും തുമരംപാറ ഗവണ്മെന്റ് ട്രൈബൽ എൽ.പി. സ്കൂളിന്റെ ഒരു കെട്ടിടത്തിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. നിലവിൽ ഫിറ്റ്നസ് ലഭിച്ചിട്ടുള്ള മറ്റൊരു കെട്ടിടത്തിലേയ്ക്ക് കുട്ടികളെ മാറ്റിയാണ് പഠനം തുടരുന്നത്.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

**156 (3153)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അദ്ധ്യയനവർഷം മുതൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

സാമൂഹിക, വൈജ്ഞാനിക, സാങ്കേതിക മേഖലകളിലുണ്ടായ വികാസം പരിഗണിച്ച് നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ക്ലാസിലെ പാഠ്യപദ്ധതികളാണ് പരിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്?

പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇതിനായി വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനമെന്ന നിലയ്ക്ക് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, കോർ കമ്മിറ്റി അംഗങ്ങൾ, അക്കാദമിക വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല നടത്തി. ഇരുപത്തിയഞ്ച് ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കി ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഓരോ ഫോക്കസ് മേഖലയെയും അടിസ്ഥാനമാക്കി പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുകയും അവ വിശാലമായ ജനകീയ ചർച്ചകളിലൂടെ ആശയങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കരട്) രൂപീകരിക്കുകയും ചെയ്യും. കരട് ചട്ടക്കൂട് വീണ്ടും വിശദമായ ജനകീയ ചർച്ചകളിലൂടെ മെച്ചപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്

അന്തിമരൂപം നൽകും. ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളും പഠന ബോധന സാമഗ്രികളും തയ്യാറാക്കും.

(ഡി) എപ്പോഴാണ് അവസാനമായി പാഠ്യപദ്ധതി പരിഷ്കരിച്ചത്; വ്യക്തമാക്കുമോ?

സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്ക്കരിച്ചത് 2007-ലാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005)-നെ തുടർന്ന് വികസിപ്പിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) അടിസ്ഥാനത്തിലാണ് പ്രസ്തുത പരിഷ്കരണം നടപ്പിലാക്കിയത്. കൂടാതെ 2013-ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തിയെങ്കിലും സമഗ്രമായ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ചിരുന്നില്ല.

**സ്കൂൾ സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾക്കുള്ള നടപടി**

**157 (3154)** <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ സിലബസിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സ്കൂൾ സിലബസിൽ കാലാനുസൃത മാറ്റംവരുത്തുന്നതിനുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള പാഠ്യപദ്ധതി കോർ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള സൃഷ്ടിക്കുതകുന്ന വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റുന്നതിനാണ് പാഠ്യപദ്ധതി പരിഷ്കരണം ലക്ഷ്യംവയ്ക്കുന്നത്. കൂടാതെ കാലികപ്രസക്തമായ ലിംഗനീതി, സ്ത്രീ സുരക്ഷ, നിയമവിദ്യാഭ്യാസം, കുട്ടികളുടെ അവകാശങ്ങൾ, റോഡ് സുരക്ഷ, പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാവ്യതിയാനം, ഊർജ്ജ സംരക്ഷണം തുടങ്ങി ഒട്ടേറെ മേഖലകൾ പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക.

(ബി) പഠനത്തോടൊപ്പം പ്രായോഗിക പരിശീലനംകൂടി സ്കൂൾ സിലബസിൽ ഉൾപ്പെടുത്തുമോ എന്ന് വിശദമാക്കാമോ?

ആർജ്ജിക്കുന്ന അറിവും അതിന്റെ ഫലപ്രദമായ പ്രയോഗവും ഒരേ പോലെ പ്രധാനമാണ്. അറിവും നൈപുണ്യവും സ്വായത്തമാക്കുന്നതിനുള്ള പാഠ്യപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഓരോ വിഷയ മേഖലയെയും അടിസ്ഥാനപ്പെടുത്തിയുള്ള പ്രായോഗിക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. കൂടാതെ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസംകൂടി ഉൾച്ചേർത്തുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണമാണ് ലക്ഷ്യംവയ്ക്കുന്നത്.

(സി) ഈ വർഷം പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ?

2022-23 അധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ രണ്ട് മുതൽ പത്ത് വരെ ക്ലാസുകളിലായി സർക്കാർ മേഖലയിൽ 44,915-ഉം, സർക്കാർ എയ്ഡഡ് മേഖലയിൽ 75,055 ഉൾപ്പെടെ ആകെ 1,19,970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(ഡി) സ്കൂൾ വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സ്കൂൾ കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമുതകുന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ആരോഗ്യ-കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി നിലവിലുണ്ട്. ഇതുകൂടാതെ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര ആരോഗ്യ-കായിക പരിപോഷണത്തിനായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച 'ഹെൽത്തി കിഡ്സ്' എന്ന പദ്ധതി കായിക യുവജന കാര്യലയത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ കായിക വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട് അടിസ്ഥാന ധാരണകൾ ലഭിക്കുന്നതിനുവേണ്ടി പ്രത്യേക പ്രതിഭാപരിപോഷണ പരിപാടികളും നടന്നുവരുന്നുണ്ട്.

(ഇ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ വർദ്ധനവിനെ തുടർന്നുണ്ടായ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

തസ്തിക നിർണ്ണയ പ്രകാരം അനുവദിക്കപ്പെടുന്ന അധിക തസ്തികകളിൽ ചട്ടപ്രകാരം നിയമനം നടത്താവുന്നതാണ്. അധിക തസ്തിക അനുവദിച്ച് ഉത്തരവാകുന്നതുവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനും ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) സ്കൂൾ അക്കാദമിക് വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ അദ്ധ്യാപകരുടെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ നടത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റവും പ്രൈമറിതലം മുതൽ ഹൈസ്കൂൾതലം വരെയുള്ള അദ്ധ്യാപകരുടെയും പ്രൈമറി അദ്ധ്യാപകരുടെയും ജില്ലാതല സ്ഥലമാറ്റങ്ങളും ഇതിനോടകം

നടത്തിയിട്ടുണ്ട്. ഹൈസ്കൂൾ പ്രഥമാദ്ധ്യാപകരുടെ ലഭ്യമായ ഒഴിവുകളിലെല്ലാം നിയമനവും നടത്തിയിട്ടുണ്ട്.

(ജി) ഈ വർഷം ഏറ്റവുമധികം വിദ്യാർത്ഥികൾ പുതിയതായി എത്തിയ സർക്കാർ വിദ്യാലയം ഏതെന്ന് വിശദമാക്കാമോ?

ഈ അദ്ധ്യയന വർഷം സർക്കാർ വിദ്യാലയങ്ങളിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുന്നതിന്, ഇത്തരത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്കൂൾ തലത്തിൽ വിടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ പരിശോധിച്ച് മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഇത്തരത്തിൽ സ്കൂൾ തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

**ഹരിപ്പാട് എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം**

**158 (3155)** <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പ്രവർത്തിക്കുന്ന എൻ.ടി.പി.സി. കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഹരിപ്പാട് എൻ.ടി.പി.സി. ക്യാമ്പസിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2021 ഡിസംബർ 28-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി കേന്ദ്രീയ വിദ്യാലയം പ്രോജക്ട് സെക്ടറിൽനിന്നും സിവിൽ സെക്ടറിലേക്ക് മാറ്റി എൻ.ടി.പി.സി. ക്യാമ്പസിൽത്തന്നെ നിലനിർത്തണമെന്നും സ്കൂൾ നടത്തിപ്പിനായി വർഷം മൂന്ന് കോടി രൂപ അനുവദിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്ക് കത്തയച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം അഡ്മിഷൻ നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രീയ വിദ്യാലയ സംഗതനും വിദ്യാഭ്യാസ വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. ഇതേത്തുടർന്ന് 08-04-2022-ൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീയ വിദ്യാലയം പ്രോജക്ട് സെക്ടറിൽനിന്നും സിവിൽ സെക്ടറിലേയ്ക്ക് മാറ്റുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്നും അന്തിമ തീരുമാനം ആകുന്നതുവരെ വിദ്യാലയത്തിന്റെ പ്രവർത്തനം തുടരണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ, മുഖ്യമന്ത്രി തലങ്ങളിൽ കേന്ദ്രസർക്കാരുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട കത്തുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സർക്കാർ സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഷയം നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ അന്തിമവിധി അനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവൂ.

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം

**159 (3156)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുള്ള എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക കൃത്യമായി ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തീർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2019-20 മുതൽ നാളിതുവരെ കുട്ടികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് നൽകിയതിന്റെ കണക്ക്, കുട്ടികളുടെ എണ്ണവും തുകയും ഉൾപ്പടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ; നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) 2019-20 വരെ കുട്ടികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണം ചെയ്തത് എപ്രകാരമാണെന്ന് വിശദമാക്കുമോ; പ്രസ്തുത വിതരണത്തിൽ ന്യൂനതകളോ, പരാതികളോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന റിക്വയർമെന്റ് വാങ്ങിയതിനുശേഷം എല്ലാ ജില്ലാ വിദ്യാഭ്യാസ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കും തുക അനുവദിക്കുകയും തുടർന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും സ്കൂൾ പ്രഥമാധ്യാപകർക്കും നൽകിവരുന്നു.

(ഡി) ബാങ്ക് അക്കൗണ്ട് വഴിയുള്ള വിതരണത്തിൽ സാങ്കേതിക തകരാറോ മറ്റെന്തെങ്കിലും കാരണങ്ങൾകൊണ്ടോ അക്കൗണ്ടുകളിൽ എത്താത്ത തുക കൃത്യമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇത്തരം പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ പരാതികളുടെ നിജസ്ഥിതി പരിശോധിച്ച് ഉചിതമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ) എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിക്ക് ഏഴാം ക്ലാസ് വരെയും യു.എസ്.എസ്. സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിക്ക് പത്താം ക്ലാസ് വരെയും തുക ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കാനും സമയബന്ധിതമായി തുക വിതരണം ചെയ്യാനും സംവിധാനമൊരുക്കുമോ;

(എഫ്) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് കൃത്യമായും കുറ്റമറ്റ രീതിയിലും വിതരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

എൽ.എസ്.എസ്/യു.എസ്.എസ്. സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിൽ നിലവിൽ വ്യവസ്ഥാപിതമായ സംവിധാനമുണ്ട്. ഓരോ സാമ്പത്തിക വർഷാവസാനത്തിലും സ്കോളർഷിപ്പ് ഇനത്തിൽ അനുവദിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സ്കൂൾ തലത്തിൽനിന്നും വിവിധ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിൽ ലഭ്യമാക്കുകയും ടി ഓഫീസുകളിൽ നിന്ന് അവ ക്രോഡീകരിച്ച് ഡയറക്ടറേറ്റ് തലത്തിലും ലഭ്യമാക്കാറുണ്ട്.

## 2022-23 അദ്ധ്യയന വർഷം വർദ്ധിച്ച കുട്ടികൾ

**160 (3157)** ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 അദ്ധ്യയന വർഷം സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്ന് മുതൽ 10 വരെ ക്ലാസുകളിൽ എത്ര കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

2022-23 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 37,522 കുട്ടികളുടെ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2022-23 അദ്ധ്യയന വർഷം രണ്ട് മുതൽ 10 വരെ ക്ലാസുകളിലായി സർക്കാർ മേഖലയിൽ 44915-ഉം, എയ്ഡഡ് മേഖലയിൽ 75,055-ഉം ഉൾപ്പെടെ ആകെ 1,19,970 വിദ്യാർത്ഥികളാണ് മുൻ വർഷത്തെ അപേക്ഷിച്ച് പുതുതായി പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയത്. ക്ലാസ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്ലാസ്സ് | സർക്കാർ | എയ്ഡഡ് | ആകെ |
|---|---|---|---|
| 1 | -15380 | -22142 | -37522 |
| 2 | 2936 | 3934 | 6870 |
| 3 | 4087 | 4919 | 9006 |
| 4 | 5053 | 5192 | 10245 |
| 5 | -7134 | 39679 | 32545 |
| 6 | 4380 | 9043 | 13423 |
| 7 | 4311 | 5879 | 10190 |
| 8 | 26992 | 1799 | 28791 |
| 9 | 2730 | 5279 | 8009 |
| 10 | 1560 | -669 | 891 |

**സർക്കാർ സ്കൂളുകളിൽ തുടർ പഠനം**

**161 (3158)** ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പ്രവേശനം നേടിയവർക്ക് തുടർ പഠനം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

09-06-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.3513/2022/പൊ.വി.വ. പ്രകാരം, അംഗീകാരമില്ലാത്ത സ്കൂളുകളിൽ ഒന്ന് മുതൽ ഒമ്പത് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർപഠനം സാദ്ധ്യമാക്കുന്നതിനായി അംഗീകാരമുള്ള സ്കൂളുകളിൽ രണ്ട് മുതൽ എട്ട് വരെ ക്ലാസുകളിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വയസ് അടിസ്ഥാനത്തിലും 9, 10 ക്ലാസുകളിൽ വയസിന്റെയും ഒരു പ്രവേശന പരീക്ഷയുടെയും അടിസ്ഥാനത്തിലും 2022-23 അധ്യയന വർഷം പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ്

**162 (3159)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന പട്ടികജാതി കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ (എം.ആർ.എസ്.) പ്ലസ്ടു കോഴ്സ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) കിഫ്ബി വഴി ഇതിനാവശ്യമായ കെട്ടിടം ഒരുങ്ങിയിട്ടും ഈ കേന്ദ്രത്തിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

(എ&ബി) കിഫ്ബി മുഖാന്തിരം നിർമ്മാണത്തിലിരിക്കുന്ന സ്കൂളിന്റെ കെട്ടിടം പണി പൂർത്തിയാവുന്ന മുറയ്ക്ക് പ്ലസ്ടു കോഴ്സ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് നടപടി

**163 (3160)** ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വിദ്യാർത്ഥിയേയും ആഴത്തിൽ മനസ്സിലാക്കി അവരവരുടെ ശേഷിയും സാമൂഹ്യബന്ധം പുലർത്തുന്നതിനുള്ള കഴിവും വർദ്ധിപ്പിക്കുന്നതിന് മെന്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സഹായകരമാകുംവിധം പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പോർട്ടലിന്റെ സാധ്യതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

(എ&ബി) കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയാണ് മെന്ററിംഗ്. രക്ഷിതാവിനെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസ്സിലാക്കുകയും സർവോതന്മുഖമായ വളർച്ചയ്ക്കാവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ കടമ. ഇതുസംബന്ധിച്ച പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

**<u>സഹിതം പോർട്ടലിന്റെ സാദ്ധ്യതകൾ</u>**

i) വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യം, ഹൈടെക് ക്ലാസ് മുറികൾ, ഡിജിറ്റൽ ഉൾപ്പെടെയുള്ള പഠന വിഭവങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃതമായ ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെ നീതിയിലും തുല്യതിയിലും ഗുണതയിലും ഊന്നിയ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.

ii) കുട്ടികളുടെ പരിപൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും കുട്ടികളുടെ വളർച്ച നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

iii) കേൾക്കലും ഓർമ്മിക്കലും ആവർത്തിക്കലും എന്നതിൽനിന്ന് അന്വേഷിക്കലും അപഗ്രഥിക്കലും പ്രയോഗിക്കലും അവതരിപ്പിക്കലും എന്നതിലേയ്ക്ക് പഠനരീതിയെ മാറ്റിയെടുക്കുക.

iv) കുട്ടികളെ അറിയുക വഴി അവരുടെ ആത്മവിശ്വാസം വളർത്തി സമഗ്രവികാസം ഉറപ്പാക്കുന്നതിന് ആസൂത്രണത്തോടെ അവരെ പിന്തുണയ്ക്കുക.

v) കുട്ടികളിൽ അടിസ്ഥാന ഭാഷാശേഷിയും ഗണിതശേഷിയും നിശ്ചിത വിഷയ സംബന്ധശേഷികളും ആർജ്ജിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

vi) ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹത്തിന് തടസ്സമാകുന്ന ലഹരി ഉപയോഗം പോലെയുള്ള പെരുമാറ്റ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് കൈത്താങ്ങിലൂടെ ആത്മവിശ്വാസമുള്ള പഠിതാക്കളായി മാറാൻ കുട്ടികളെ സഹായിക്കുക.

vii) കുട്ടിയുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി ആസൂത്രണത്തിലൂടെയുള്ള കൈത്താങ്ങിലൂടെ സർവ്വതോന്മുഖമായ വികാസത്തിലേയ്ക്ക് നയിക്കാൻ കഴിയുക.

viii) വിദ്യാർത്ഥി പ്രൊഫൈലിംഗിലൂടെ കുട്ടിയുടെ സാമൂഹിക ഗുണങ്ങളുടെ വിഷയബന്ധിതമായ അറിവുകളും അഭിരുചികളും നൈപുണികളും കണ്ടെത്തി പഠന വഴികളും തൊഴിൽ നിരീക്ഷണങ്ങളിലൂടെയും സ്നേഹോഷ്മളമായ മെന്ററിംഗിലൂടെയും ആസൂത്രിതമായ അക്കാദമിക പിന്തുണാ പ്രവർത്തനങ്ങളിലൂടെയും കുട്ടികളുടെ പഠനനിലവാരം ഉയർത്തുക.

(സി) വിദ്യാർത്ഥികൾക്ക് അറിവും കഴിവും നൈപുണ്യവും നേടുന്നതിനോടൊപ്പം തുല്യ പ്രാധാന്യത്തോടെ ആത്മവിശ്വാസവും വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പഠന ബോധന പ്രവർത്തനങ്ങളിൽ മികവ് വരുത്താനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ അഭൂതപൂർവ്വമായ മാറ്റം ദൃശ്യമാണ്. പൊതുവിദ്യാലയങ്ങൾ എല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുതകുന്ന സുശക്തവും ആസൂത്രിതവുമായ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. ജ്ഞാനനിർമ്മിത വാദത്തിലൂന്നിയ നിലവിലെ പാഠ്യപദ്ധതിയിലൂടെ ഓരോ പഠിതാവും അറിവിന്റെ നിർമ്മിതിയിൽ പങ്കാളികളാകുകയും സൃഷ്ടികൾ അവതരിപ്പിക്കുകയും മെച്ചപ്പെടുത്തുകയും സ്വയം നവീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. സംഘപ്രവർത്തനത്തിലൂടെയുള്ള പഠനാനുഭവങ്ങൾ പഠിതാവിന്റെ ആത്മവിശ്വാസത്തെ വളർത്തുന്നുണ്ട്. വിദ്യാലയങ്ങളിൽ നടക്കുന്ന ദിനാചരണങ്ങളിലെ അവതരണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ പഠിതാവിന് പുതിയ ഉൾക്കാഴ്ച നൽകുകയും ആത്മവിശ്വാസമുള്ള

മതേതര ബോധമുള്ള പൗരനായി വളരാനുമുള്ള അവസരങ്ങൾ നൽകുന്നുണ്ട്. വിവധങ്ങളായ ക്ലബ്ബ് പ്രവർത്തനങ്ങൾ, ലിറ്റിൽ കൈറ്റ്സ്/എസ്.പി.സി./ ജെ.ആർ.സി. എന്നിവയിലൂടെ കൂടുതൽ മികവും ആത്മവിശ്വാസവുമുള്ള വിദ്യാർത്ഥി സമൂഹം സൃഷ്ടിക്കാൻ കഴിയും.

## സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന മാറ്റം

**164 (3161)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശനത്തിന്റെ കണക്കുകൾ ലഭ്യമാണോ; സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻ വർഷത്തെ കണക്കുകളിൽനിന്നും വന്ന മാറ്റം അറിയിക്കാമോ?

ലഭ്യമാണ്. ക്ലാസ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ലാസ്സ് | സർക്കാർ | എയ്ഡഡ് | ആകെ |
|---|---|---|---|
| 1 | -15380 | -22142 | -37522 |
| 2 | 2936 | 3934 | 6870 |
| 3 | 4087 | 4919 | 9006 |

| | | | |
|---|---|---|---|
| 4 | 5053 | 5192 | 10245 |
| 5 | -7134 | 39679 | 32545 |
| 6 | 4380 | 9043 | 13423 |
| 7 | 4311 | 5879 | 10190 |
| 8 | 26992 | 1799 | 28791 |
| 9 | 2730 | 5279 | 8009 |
| 10 | 1560 | -669 | 891 |

2022-23 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 37,522 കുട്ടികളുടെ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2022-23 അദ്ധ്യയന വർഷം രണ്ട് മുതൽ 10 വരെ ക്ലാസുകളിലായി സർക്കാർ മേഖലയിൽ 44,915-ഉം സർക്കാർ എയ്ഡഡ് മേഖലയിൽ 75,055-ഉം ഉൾപ്പെടെ ആകെ 1,19,970 വിദ്യാർത്ഥികളുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തി സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2016 മുതൽ നടപ്പാക്കിയ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. കുട്ടികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി പഠനരീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്നതാണ് നിലപാട്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി (45,000 ക്ലാസ് മുറികൾ) ഹൈടെക് ഭൗതികസൗകര്യങ്ങൾ സംസ്ഥാനത്തുടനീളം ഇതിനകം സജ്ജമായിട്ടുണ്ട്. ഇതുവഴി പൊതുയിടമായ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും കഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായയാകെ മാറി.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും വിറങ്ങലിച്ച് നിന്നപ്പോഴും കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി

ഡിജിറ്റൽ പഠനത്തിലൂടെ കുട്ടികളുടെ അദ്ധ്യയനം തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. സവിശേഷ ശ്രദ്ധയർഹിക്കുന്ന കുട്ടികൾക്കും റിസോഴ്സ് അദ്ധ്യാപകരെ ഉപയോഗിച്ച് White Board എന്ന യൂട്യൂബ് ചാനൽ വഴി അനുരൂപീകരണ ക്ലാസുകൾ നൽകി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണ പരിപാടി ആസൂത്രണം ചെയ്ത് ഓൺലൈനായും ഓഫ്‌ലൈനായും യഥാസമയം നടപ്പിലാക്കി. ഓരോ സ്കൂളിനെയും മികവിന്റെ കേന്ദ്രമാക്കുകയെന്ന ഉദ്ദേശത്തോടെ സ്കൂളുകളിൽ അക്കാദമിക മുന്നേറ്റത്തിന് സ്കൂൾതല മാസ്റ്റർ പ്ലാനുകൾക്ക് രൂപംനൽകി. ഓരോ സ്കൂളിന്റെയും പ്രദേശത്തിന്റെയും സവിശേഷതകൾ ഉൾക്കൊണ്ട് ദീർഘവീക്ഷണത്തോടെയാണ് ഇത് തയ്യാറാക്കുന്നത്.

തൊഴിൽ നൈപുണി, ദുരന്തനിവാരണം തുടങ്ങിയ മേഖലകൾ 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയും ക്യൂ.ആർ.കോഡ് പതിപ്പിക്കുകയും ചെയ്തു. ഡിജിറ്റൽ വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര പോർട്ടൽ ഒരുക്കി. 'സഹിതം' മെന്ററിംഗ് പോർട്ടൽ വഴി കുട്ടിയെ അറിയുകയും ആസൂത്രണത്തോടെ കുട്ടിയെ പിന്തുണയ്ക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങൾ

നടന്നുവരുന്നു. സമഗ്ര പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(സി) സ്കൂളുകൾക്ക് നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന മാനദണ്ഡം അറിയിക്കാമോ?

സ്കൂളുകളുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുവിദ്യാലയങ്ങളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ

**165 (3162)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പഠനനിലവാരം ഉയർത്തുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

നവകേരള മിഷന്റെ ഭാഗമായി ആരംഭിച്ച പൊതുവിദ്യാഭ്യാസ

സംരക്ഷണയജ്ഞം പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ സമഗ്രമായ ഉന്നമനമാണ് ലക്ഷ്യംവയ്ക്കുന്നത്. പൊതുസമൂഹത്തിന്റെ വർദ്ധിച്ച പിന്തുണയിലൂടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും ലഭ്യമായ വൈദഗ്ദ്ധ്യത്തെ, കുട്ടിയുടെ ഗുണമേന്മയ്ക്കുപയുക്തമാക്കുന്നതിനും വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം പകർന്നുനൽകി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ബഹുജന പങ്കാളിത്തത്തോടെ പ്രവർത്തിക്കുക എന്ന പ്രധാന ലക്ഷ്യം പൂർത്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് നമ്മുടെ വിദ്യാലയങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ മികവാർന്ന പ്രവർത്തനങ്ങളുടെ ഫലമായി പത്ത് ലക്ഷത്തിലധികം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ പുതിയതായി എത്തിച്ചേർന്നത്. ഓരോ കുട്ടിയുടെയും ശേഷിയും പരിമിതിയും പരിഗണിച്ച് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള വ്യക്തിഗത മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള ആശയങ്ങൾ നടപ്പിലാക്കി. ടാലന്റ് ലാബ്, ജൈവ വൈവിധ്യ ഉദ്യാനം പോലുള്ള പഠന സൗകര്യങ്ങളും ഒരുക്കി.

വി.എച്ച്.എസ്.ഇ. വിഭാഗം സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1) On-the-Job Training (OJT) Programme to students.

2) Field visits to students.

3) Experts Interactions of students with industrialists.

4) Up-Skilling of Trainers.

5) Training of Trainers (TOT) Programme.

6) Panel Discussion Industralists - Exploring the latest trends.

7) Entrepreneurship Development.

8) ACCESS - (A Comprehensive Community Evolved Social Service)

കൂടാതെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ (CGCC) ആഭിമുഖ്യത്തിൽ She Camp, Happy Learning, Cyber Awareness Programme, How are you, Career State തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) മാറുന്ന കാലത്തിനനുസരിച്ച് അനുയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പുതുതലമുറയെ പ്രാപ്തരാക്കാൻ അദ്ധ്യാപകർക്കായി നടത്തുന്ന പരിശീലന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ മറികടക്കുന്നതിന് പുതിയ തലമുറയെ പ്രാപ്തമാക്കുന്നതിനായി വിവിധ തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ അദ്ധ്യാപകർക്കായി നടത്തുന്നുണ്ട്.

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി പത്ത് ദിവസം നീളുന്ന പരിശീലനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2022 മേയ് മാസത്തിൽ മൂന്നുദിന അധ്യാപക സംഗമങ്ങൾ റെസിഡൻഷ്യലായി നടത്തി. ബാക്കിയുള്ള ഏഴുദിന പരിശീലന പരിപാടിയുടെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. അത് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കും. ഇതിനുപുറമെ 2019 മുതൽ സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്കായി പ്രത്യേക ഇൻഡക്ഷൻ പരിശീലനം 2022 ആഗസ്റ്റ് മാസം മുതൽ നൽകുന്നതാണ്. ഇതിനായുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായിവരുന്നു. നവാദ്ധ്യാപക സംഗമങ്ങളെന്ന പേരിൽ അദ്ധ്യയന വർഷത്തിൽ പത്ത് ദിവസങ്ങളെടുത്താണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. അടുത്ത ഒരു വർഷത്തെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഈ അദ്ധ്യാപക പരിവർത്തന പരിപാടികൾ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്നതും അവരുടെ അറിവും കഴിവും നൈപുണിയും വികസിപ്പിക്കുന്നതുമായ തരത്തിൽ ശാക്തീകരിക്കുന്ന തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നടത്തുന്ന തൊഴിൽ പഠനം പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമാക്കുകയുണ്ടായി. കൂടാതെ പുതിയ തലമുറയെ തൊഴിൽ

പ്രാപ്തരാക്കാൻ അദ്ധ്യാപകർക്കായി വർത്തമാനകാല പരിവർത്തനങ്ങളെപ്പറ്റിയുള്ള അവലോകനം നൽകിക്കൊണ്ട് അവ കുട്ടികളിലേയ്ക്ക് പകർന്നുനൽകുന്നതിനുള്ള പലവിധ പരിശീലനങ്ങളും വകുപ്പ് നൽകിവരുന്നു. അവ ചുവടെ ചേർക്കുന്നു:

1) Training of Trainers (TOT) Programme.

2) Various Job Role based Training for Teachers.

കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ ചുവടെ പറയുന്ന പരിശീലന പരിപാടികൾ നൽകിവരുന്നു:

1) Workshop for facilitating transformation (Teachers).

2) Workshop for capacity enhancement of Principals.

3) Women Empowerment training programme for Principals.

(സി) ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം എന്ന സങ്കൽപ്പത്തിലൂന്നി നയം രൂപീകരിക്കുമ്പോഴും പ്രൈമറി ക്ലാസുകളിലെ ചില അദ്ധ്യാപകരിലെങ്കിലും കാലാനുസൃതമായ നയമാറ്റം ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശിശുകേന്ദ്രീകൃതമായി അദ്ധ്യയനം നടത്തുക എന്ന നയം അനുവർത്തിക്കുമ്പോഴും ചിലരെങ്കിലും ഈ നയത്തിനനുസൃതമായിട്ടല്ല ക്ലാസ്

മുറികളിൽ വിനിമയം നടത്തുന്നത് എന്നത് വസ്തുതയാണ്. അദ്ധ്യാപക പരിശീലനങ്ങളിലൂടെ സ്വയം നവീകരിക്കുന്നതിനും മാറുന്ന കാലത്തിനനുസരിച്ച് അദ്ധ്യാപന തന്ത്രങ്ങളിലും രീതികളിലും പുതിയ സമീപനങ്ങൾ സ്വീകരിക്കുന്നതിനും എല്ലാ അദ്ധ്യാപകരും തയ്യാറാകേണ്ടതുണ്ട്. അറിവിന്റെ നിർമ്മാതാക്കളായി കുട്ടികളെ കാണുന്നതിനും അവർക്ക് കൈത്താങ്ങാവാൻ സ്വയം സന്നദ്ധനാകാനും കഴിയുന്ന തരത്തിൽ അദ്ധ്യാപകർ നിരന്തരം നവീകരിക്കപ്പെടണം. അതിനാവശ്യമായ പരിശീലന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

## മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ്

**166 (3163)** ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ രംഗത്ത് ഡി.പി.ഇ.പി. പരിഷ്കാരങ്ങൾക്കുശേഷം മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കുട്ടികളിൽ കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

പൊതുവിദ്യാഭ്യാസ രംഗത്ത് ഡി.പി.ഇ.പി. പരിഷ്കാരങ്ങൾക്കുശേഷം മലയാള ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കുട്ടികളിൽ കുറഞ്ഞുവരുന്നുണ്ടോ എന്ന വിഷയത്തിൽ പ്രത്യേക പഠനം നടത്തുകയോ അങ്ങനെയൊരു നിഗമനത്തിൽ എത്തിച്ചേരുകയോ ചെയ്തിട്ടില്ല.

(ബി) ഇക്കാര്യത്തിൽ സാംസ്കാരിക നായകന്മാരുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ഇക്കാര്യത്തിൽ സാംസ്കാരിക നായകന്മാരുടെ നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) സ്കൂൾ പാഠപുസ്തകത്തിൽ അക്ഷരമാല പുന:സ്ഥാപിക്കുന്നതിനും അക്ഷരബോധനം പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഈ അദ്ധ്യയന വർഷം മുതൽ മലയാളം പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഒന്നാം സ്റ്റാൻഡേർഡിലെ മലയാളം പാഠപുസ്തകത്തിന്റെ 3-ാം ഭാഗത്തിലെ (3/3) അവസാന പേജിലും രണ്ടാം സ്റ്റാൻഡേർഡിലെ 2-ാം ഭാഗത്തിലെ (2/2) അവസാനപേജിലും അക്ഷരമാല നൽകുന്നതാണ്. ഭാഷാവിദഗ്ധ സമിതി സർക്കാരിന് സമർപ്പിച്ച നിർദ്ദേശത്തിലുള്ള പുതിയ അക്ഷരമാലയാണ് നൽകുന്നത്.

## പ്ളസ് വൺ സീറ്റ് ലഭ്യത

167 **(3164)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര കുട്ടികൾ വിജയിച്ചു എന്നുള്ള കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.+

(ബി) സംസ്ഥാനത്ത് ഈ വർഷം സി.ബി.എസ്.ഇ. സിലബസിൽ പഠിച്ച് പത്താം ക്ലാസ്സ് പാസ്സായ കുട്ടികളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ വർഷത്തെ സി.ബി.എസ്.ഇ. പത്താം ക്ലാസിന്റെ ഫലം വന്നിട്ടില്ല.

(സി) ഉപരിപഠനാർഹർ എത്രയാണെന്നും പ്ലസ് വൺ-ന് എത്ര സീറ്റുകൾ സംസ്ഥാനത്തുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2 -ആയി ചേർത്തിരിക്കുന്നു+.

(ഡി) ഉപരിപഠനത്തിന് അർഹരായ എല്ലാവർക്കും പ്ലസ് വൺ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം കഴിഞ്ഞ വർഷം സ്വീകരിച്ച നടപടികൾ തുടർന്നാൽത്തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാദ്ധ്യമാകുന്നതാണ്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(ഇ) സംസ്ഥാനതലത്തിലെ കണക്കുകൾക്കപ്പുറം, ജില്ലാതലത്തിലെയും താലൂക്ക് തലത്തിലെയും കണക്കാണ് സീറ്റ് ലഭ്യതയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതെന്ന അഭിപ്രായത്തോട് യോജിപ്പുണ്ടോ; വ്യക്തമാക്കാമോ?

താലൂക്കടിസ്ഥാനത്തിലുള്ള സീറ്റുകളുടെ ആവശ്യകത അനുസരിച്ചാണ് പ്രവേശന നടപടികളുമായി മുന്നോട്ട് പോകുന്നത്.

(എഫ്) ശരിയായ പഠനം നടത്തി കൂടുതൽ അപേക്ഷകരുള്ള ജില്ലകളിൽ കൂടുതൽ കോഴ്സും കൂടുതൽ ബാച്ചും അനുവദിക്കാൻ തയ്യാറാകുമോ;

വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നില നിൽക്കുന്നില്ല. പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം കഴിഞ്ഞ വർഷം സ്വീകരിച്ച നടപടികൾ തുടർന്നാൽ തന്നെ ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികളുടെയും പ്രവേശനം സാദ്ധ്യമാകുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽ കുളം പദ്ധതി**

168 **(3165)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്കൂളിൽ ഒരു നീന്തൽ കുളം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇരിക്കൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു സ്കൂളിൽ ഒരു നീന്തൽ കുളം നിർമ്മിക്കുന്നതിനുള്ള

പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

**തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം ജി.യു.പി.സ്കൂൾ കെട്ടിട നിർമ്മാണം**

169 **(3166)** ഡോ. കെ. ടി. ജലീൽ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ നിയോജക മണ്ഡലത്തിലെ ചമ്രവട്ടം ജി.യു.പി. സ്കൂളിന് കെട്ടിടം പണിയുന്നതിനായി തുക അനുവദിച്ചിരുന്നോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

(എ – സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തവനൂർ നിയോജകമണ്ഡലത്തിൽ 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് SPV യായി കിലയെ ചുമതലപ്പെടുത്തിയ ജി.യു.പി.എസ്. ചമ്രവട്ടം സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ തുടർ നടപടികൾക്ക് കാലതാമസം വന്നതിനാൽ ടെണ്ടർ റദ്ദാക്കുന്ന സാഹചര്യമുണ്ടായി. റീടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എത്രയും വേഗം

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം

170 **(3167)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര സ്കൂളുകളുടെ എസ്റ്റിമേറ്റ് അടക്കമുള്ള പ്രൊപ്പോസലുകളാണ് ഇരിക്കൂർ നിയോജകമണ്ഡലത്തിൽനിന്നും വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ആവശ്യപ്പെട്ടിരിക്കുന്ന തുക അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; എസ്റ്റിമേറ്റ് സമർപ്പിച്ച വർഷവും അറിയിക്കുമോ?

(എ & ബി) 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ഇരിക്കൂർ

മണ്ഡലത്തിലെ സ്കൂളുകളിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ | അനുവദിച്ച തുക | വർഷം |
|---|---|---|---|
| 1. | ജി.യു.പി.എസ്., വയക്കര | 1 കോടി | 2021 |
| 2. | ജി.യു.പി.എസ്., അരീക്കമല | 89 ലക്ഷം | 2021 |
| 3. | ജി.യു.പി.എസ്., തിമിരി | 1 കോടി 48 ലക്ഷം | 2021 |

മൂന്ന് സ്കൂളുകളുടെ പ്രൊപ്പോസലുകളും പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയാണ് നൽകിയിട്ടുള്ളത്.

(സി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വയക്കര ഗവൺമെന്റ് യു.പി.സ്കൂളിന് കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന സ്കൂളുകളുടെ പ്രൊപ്പോസലുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത സ്കൂളുകൾക്കുകൂടി കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ കില, ഇൻകെൽ എന്നീ സ്ഥാപനങ്ങൾ എസ്.പി.വി.-യായുള്ള പ്രവൃത്തികൾ

171 **(3168)** ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ കില, ഇൻകെൽ എന്നീ സ്ഥാപനങ്ങളെ എസ്.പി.വി.-യാക്കി അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; അത് സംബന്ധിച്ച ഉത്തരവുകളുടെ

പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ?

(എ & ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി മണ്ഡലത്തിലെ GHSS കുറിച്ചി സ്കൂളിന് 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. എസ്.പി.വി. യായി 'കില'യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ആരും കരാർ ഏറ്റെടുക്കാത്ത സാഹചര്യം വന്നതിനാൽ റീടെണ്ടർ നടപടികൾ കില സ്വീകരിച്ചുവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുള്ള സ്കൂളുകൾ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടില്ല.

## ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

172 **(3169)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാലയങ്ങളുടെ പേരും ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ പ്രവൃത്തികൾ പൂർത്തീകരിച്ച വിദ്യാലയങ്ങൾ ഏതെല്ലാമാണെന്നും ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ച വിദ്യാലയങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ & ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പദ്ധതികൾ അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ പേരും ഓരോ വിദ്യാലയത്തിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി ഫണ്ട്**

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

**3 കോടി കിഫ്ബി ഫണ്ട്**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർനടപടികൾ എസ്.പി.വി. ആയ കില സ്വീകരിച്ചു വരുന്നു.

എരുമയൂർ ജി.എച്ച്.എസ്.എസ്.-ന്റെ feasibility study നടത്തി ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു.

**1 കോടി കിഫ്ബി ഫണ്ട്**

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. മുടപ്പല്ലൂർ, ജി.എച്ച്.എസ്. കുനിശ്ശേരി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. റീടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ജി.എച്ച്.എസ്.എസ്.ബെമന്നൂർ**

സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. 80% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**ജി.യു.പി.എസ്.പുതിയങ്കം**

കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു. 45% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**ജി.എച്ച്.എസ്.എസ്.തേൻകുറിശ്ശി**

കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു. 85% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

173 **(3170)** <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ വീതം അനുവദിച്ച് കില എസ്.പി.വി.-യായി നടപ്പിലാക്കുന്ന വിളവൂർക്കൽ, വിളപ്പിൽ, കുരുതംകോട് സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കാട്ടാക്കട നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ഒരു കോടി രൂപ വീതം അനുവദിച്ച് കില എസ്.പി.വി.-യായി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

G.U.P.S. വിളപ്പിൽശാല, G.H.S.S. വിളവൂർക്കൽ എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ കോൺട്രാക്ടർ

നിർമ്മാണത്തിൽനിന്ന് പിന്മാറുന്നതായി കിലയ്ക്ക് കത്ത് നൽകുകയുണ്ടായി. പുതുക്കിയ ടെണ്ടർ വിളിക്കുന്നതിന് കില നടപടികൾ സ്വീകരിച്ചുവരുന്നു.

G.L.P.S. കുരുതംകോട് സ്കൂളിനെ നേരത്തെ അനുവദിച്ചിരുന്ന G.H.S.S. കുളത്തുമ്മൽ സ്കൂളിന് പകരമായി തെരഞ്ഞെടുത്തു കൊണ്ട് 16-06-2022 - ന് ഭരണാനുമതി നൽകിയിട്ടുണ്ട്. D.P.R. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചമ്പക്കര ഗവ.എൽ.പി.സ്കൂളിനായി പുതിയ കെട്ടിടം**

174 **(3171)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കറുകച്ചാൽ ചമ്പക്കര ഗവ.എൽ.പി.സ്കൂൾ കെട്ടിടം കാലപ്പഴക്കത്താലുള്ള ചോർച്ചയും വിള്ളലും മൂലം അപകടാവസ്ഥയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബലക്ഷയംമൂലം സുരക്ഷാ ഭീഷണിയുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത സ്കൂളിനായി പുതിയ കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടിയന്തരമായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ - സി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കറുകച്ചാൽ ചമ്പക്കര ഗവ.എൽ.പി.സ്കൂൾ കെട്ടിടത്തിന് നടപ്പ് അദ്ധ്യയന വർഷവും പ്രവർത്തിക്കുന്നതിനാവശ്യമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടില്ല.

## ഹൈടെക് സ്കൂൾ പദ്ധതി

**175 (3172)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ ഇതിനകം എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയായത്; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക്

സ്കൂൾ പദ്ധതിയിൽ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയനുസരിച്ച് ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലേയ്ക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തു. 4752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും 11257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തെ 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ 4609 മൾട്ടിഫംഗ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തു. സംസ്ഥാനത്തെ 1 മുതൽ 12 വരെ ക്ലാസ്സുകളുള്ള സർക്കാർ, എയിഡഡ് സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി.

(ബി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിലൂടെ കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്.

(സി) നിരവധി വർഷങ്ങളായി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കേരളത്തിൽ ഇതിനുമുൻപ് അവസാനമായി സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചതിന്റെ തുടർച്ചയായാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ തുടർച്ചയായാണ് സംസ്ഥാന സവിശേഷതകൾകൂടി ഉൾച്ചേർത്ത് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കണം എന്ന ദേശീയ നിർദ്ദേശം പരിഗണിച്ചാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 വികസിപ്പിച്ചത്. എന്നാൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ലോ കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007-ലോ ഭേദഗതികൾ വരുത്താതെ 2013-ൽ കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നടന്നിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും പാഠ്യപദ്ധതി സമൂഹത്തിന് അനുഭവവേദ്യമാകുന്ന തരത്തിൽ പാഠപുസ്തകങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ഡി) പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ദേശീയാടിസ്ഥാനത്തിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട്ടുകൾ

വികസിപ്പിക്കാനാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങൾ പാഠ്യ പദ്ധതിയിൽ പ്രതിഫലിക്കേണ്ടതുണ്ട്. കേരളത്തിലെ സ്കൂളുകളിലെ ക്ലാസ്സ് മുറികൾ സാങ്കേതിക വിദ്യാസൗഹൃദമായിട്ടുണ്ട്. അറിവിന്റെ മേഖലയിൽ അതിവേഗം പുത്തനറിവുകൾ സൃഷ്ടിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. അവയും പാഠ്യപദ്ധതിയിൽ ഉൾച്ചേരേണ്ടതുണ്ട്. പ്രകൃതി പ്രതിഭാസങ്ങൾ മുൻപൊന്നുമില്ലാത്തവിധം കേരളത്തിൽ പ്രകടമാണ്. അതിന്റെ ഭാഗമായി ദുരന്തങ്ങൾ ഉണ്ടാകുന്നു. ഇവയെ അഭിമുഖീകരിക്കുന്ന കാര്യങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമായി മാറണം. സാമൂഹികമായി ഒരു പരിഷ്കൃത സമൂഹം പാലിക്കേണ്ട പല കാര്യങ്ങളും പാലിക്കാനാവശ്യമായ മനോഭാവം സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽത്തന്നെ വളർത്തിയെടുക്കേണ്ടതുണ്ട്. ഉദാ: മാലിന്യ നിർമ്മാർജ്ജനം, ലഹരിക്കെതിരായ മനോഭാവം തുടങ്ങിയവ. കൂടാതെ ലിംഗനീതി, ലിംഗാവബോധം തുടങ്ങിയവയും സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉളവാകേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമായി മാറണം. ഇതുപോലുള്ള കാര്യങ്ങളെല്ലാം ഉൾച്ചേർത്ത് പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കാരം

176 **(3173)** ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിച്ച് വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധമുണ്ടാക്കാൻ തരത്തിലുള്ള സിലബസ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിസ്ഥിതി ബോധം വളർത്തൽ നിർബന്ധമായും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ്. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ ഉയർത്തുന്ന ഭീഷണി ഇവയ്ക്കെല്ലാം കാലാവസ്ഥാവ്യതിയാനവുമായി ബന്ധമുണ്ട്. മാലിന്യ സംസ്കരണം പോലുള്ള വെല്ലുവിളികളും മുന്നിലുണ്ട്. ഈ പ്രതിസന്ധികളെയെല്ലാം അതിജീവിക്കണമെങ്കിൽ ശരിയായ പാരിസ്ഥിതികാവബോധമുള്ള തലമുറ വളർന്നുവരേണ്ടത് ആവശ്യമാണ്. അതുകൊണ്ടുതന്നെ, പുതിയ പാഠ്യപദ്ധതിയിലും സിലബസിലും പാരിസ്ഥിതികാവബോധം വളർത്തുന്നതിന് ആവശ്യമായ ഉള്ളടക്കം നിശ്ചയമായും ഉൾപ്പെടുത്തുന്നതാണ്.

(ബി) മഹാമാരികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ കാരണങ്ങളും ഫലങ്ങളും യുക്തിസഹമായി വിലയിരുത്താൻ കുട്ടികളെ സഹായിക്കുന്ന ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മഹാമാരികളുടെ കാരണങ്ങൾ, ഫലങ്ങൾ, നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ യുക്തിസഹമായി മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുന്ന ഉള്ളടക്കം ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

177 **(3174)** ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റം അനിവാര്യമായതിനാൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) അടുത്ത അദ്ധ്യയന വർഷം പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അടുത്ത അദ്ധ്യയന വർഷം (2023-24) പുതിയ പാഠ്യപദ്ധതി നടപ്പിലാക്കാൻ കഴിയില്ല. 2024-25 അദ്ധ്യയന വർഷം ഒന്നാം ഘട്ടം പാഠപുസ്തകങ്ങൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുകയും കരിക്കുലം കോർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനതല ആശയ രൂപീകരണ ശിൽപ്പശാലയും സംഘടിപ്പിച്ചു. 25 ഫോക്കസ് മേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം തയ്യാറാക്കുന്ന പാഠ്യപദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയം 2020-ന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിലേയ്ക്ക് കടക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്ന പ്രതിലോമകരമായ ആശയങ്ങളെ ഒഴിവാക്കിയും ഗുണകരമായ ആശയങ്ങളെ സ്വീകരിച്ചും കേരളം നാളിതുവരെ പൊതു വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾക്ക്

കൂടുതൽ കരുത്ത് പകരുന്നതിനുള്ള ആശയങ്ങൾ കൂട്ടിച്ചേർത്തും കേരളത്തിന്റെ തനത് പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വരുന്ന രണ്ട് വർഷംകൊണ്ട് പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാക്കുന്ന തരത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്.

## മരുതയൂർ എ.എം.എൽ.പി. സ്കൂളിലെ പ്രധാനാദ്ധ്യാപികയുടെ നിയമനാംഗീകാരം

178 **(3175)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലുള്ള മുല്ലശ്ശേരി സബ് ജില്ലയിലെ മരുതയൂർ എ.എം.എൽ.പി. സ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി ഷൈനി പോൾ എം. 01-06-2020 മുതലുള്ള നിയമനാംഗീകാരത്തിന് വേണ്ടി സമർപ്പിച്ച മാപ്പപേക്ഷയിൽ ഇതുവരെയും തീരുമാനമെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലുള്ള മുല്ലശ്ശേരി സബ് ജില്ലയിലെ മരുതയൂർ എ.എം.എൽ.പി.സ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി ഷൈനി പോൾ എം.-ന്റെ 01-06-2020 മുതലുള്ള പ്രധാനാദ്ധ്യാപിക തസ്തികയിലെ നിയമനാംഗീകാര അപേക്ഷയിലുള്ള അപാകതകൾ

പരിഹരിക്കാത്തതിനാലാണ് ടി വിഷയത്തിൽ തീരുമാനമുണ്ടാകാതിരുന്നത്. നിലവിൽ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ തീർപ്പാക്കുന്നതിനായി ഇ 3/234380/2021 നമ്പർ ഫയലിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഡി.പി.ഐ.-യിലെ ഇ 3/234380/2021 നമ്പർ ഫയലിലെ റിവിഷൻ അപ്പീലിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിലുള്ള മുല്ലശ്ശേരി സബ് ജില്ലയിലെ മരുതയൂർ എ.എം.എൽ.പി.സ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി ഷൈനി പോൾ എം.-ന്റെ 01-06-2020 മുതലുള്ള പ്രധാനാദ്ധ്യാപിക തസ്തികയിലെ നിയമനാംഗീകാര അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കാത്തതിനാലാണ് ടി വിഷയത്തിൽ തീരുമാനമുണ്ടാകാതിരുന്നത്. നിലവിൽ അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ തീർപ്പാക്കുന്നതിനായി ഇ 3/234380/2021 നമ്പർ ഫയലിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അടിയന്തര നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**നേര്യമംഗലം ജി.വി.എച്ച്.എസ്.എസ് -ൽ പശ്ചാത്തല വികസനം**

179 **(3176)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജി.വി.എച്ച്.എസ്.എസ്.-ന്റെ പശ്ചാത്തല വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നിർമ്മാണത്തിന് സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ 'feasible' അല്ല എന്നാണ് കണ്ടെത്തിയിരുന്നത്. എന്നാൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നിർമ്മാണം പൂർത്തിയായിവരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ

നിർമ്മാണം നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കിലയാണ് നിർവ്വഹണ ഏജൻസി.

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തി നോൺ ഫീസിബിളാണ് എന്നുള്ളത് ഒഴിവാക്കി ഫീസിബിൾ എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(ഇ & എഫ്) നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നിർമ്മാണം പൂർത്തിയായിവരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്തുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന സ്വീകരിച്ചുവരുന്നു.

(ജി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് വേഗത്തിൽ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നിർമ്മാണം പൂർത്തിയായിവരുന്ന പുതിയ കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതനുസരിച്ച് കില തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹയർസെക്കന്ററി കെമിസ്ട്രി പരീക്ഷ**

180 **(3177)** ശ്രീമതി ഉമ തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി കെമിസ്ട്രി പരീക്ഷയുടെ ഉത്തരസൂചിക തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉണ്ടായത് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ ആർക്കെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വീഴ്ച വരുത്തിയ വ്യക്തികളെ പ്ലസ് വൺ പരീക്ഷയുടെ ഉത്തരസൂചിക തയ്യാറാക്കുന്നതിനായി നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിച്ചിട്ടുണ്ട്.

2022 മാർച്ചിൽ നടന്ന രണ്ടാം വർഷ ഹയർ സെക്കന്ററി കെമിസ്ട്രി പരീക്ഷയുടെ ഉത്തര സൂചിക തയാറാക്കിയതുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചതായി കണ്ടെത്തുകയും വീഴ്ച വരുത്തിയ 12 അദ്ധ്യാപകരെ

ഒഴിവാക്കി പുതിയ ടീമിനെ ഒന്നാം വർഷ ഹയർ സെക്കന്ററി ഉത്തര സൂചിക തയാറാക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉത്തര സൂചികയിൽ ഉണ്ടായ അപാകതകൾ കെമിസ്ട്രി പരീക്ഷയിൽ കുട്ടികൾക്ക് മാർക്ക് കുറയുന്നതിന് കാരണമായതായി പറയപ്പെടുന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി തയാറാക്കിയ പുതിയ ഉത്തര സൂചികപ്രകാരമാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(സി) പരീക്ഷാ നടപടിക്രമങ്ങളിൽ തുടർച്ചയായി വീഴ്ചയുണ്ടാകുന്നത് ഒഴിവാക്കുന്നതിനും കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാക്കുന്ന ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരീക്ഷാ നടപടിക്രമങ്ങളിൽ തുടർച്ചയായി വീഴ്ചയുണ്ടായിട്ടില്ല. 2022 മാർച്ചിൽ നടന്ന രണ്ടാം വർഷ ഹയർ സെക്കന്ററി കെമിസ്ട്രി പരീക്ഷയുടെ ഉത്തര സൂചിക തയാറാക്കിയതുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചതായി കണ്ടെത്തുകയും വീഴ്ച വരുത്തിയ അദ്ധ്യാപകരെ ഒഴിവാക്കി പുതിയ ടീമിനെ

ഒന്നാം വർഷ ഹയർ സെക്കന്ററി ഉത്തര സൂചിക തയാറാക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെ കർശന നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഈടാക്കിയ സ്പെഷ്യൽ ഫീസ്

181 **(3178)** ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാരണം സ്കൂൾ തുറക്കാത്തതിനാൽ 2020-21 അധ്യയന വർഷത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഹയർ സെക്കന്ററി വിദ്യാർത്ഥികളിൽനിന്നും ഈടാക്കിയ സ്പെഷ്യൽ ഫീസ് തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പുതന്നെ സ്കൂളുകൾ ഫീസ് ഇനത്തിൽ പിരിച്ചെടുത്ത് ട്രഷറിയിൽ അടച്ച തുകയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് തിരികെ നൽകണമെന്ന്

വകുപ്പിന്റെ നിർദ്ദേശമുണ്ടായിട്ടും നാളിതുവരെ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്പെഷ്യൽ ഫീസ് തിരിച്ചുനൽകാൻ നടപടികൾ സ്വീകരിക്കുമോ?

(ബി - ഡി) സർക്കാരിന്റെ ഭാഗത്തുനിന്നും നിർദ്ദേശങ്ങൾ വരുന്നതിനുമുമ്പ് ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പൽമാരാണ് വിദ്യാർത്ഥികളിൽനിന്നും സ്പെഷ്യൽ ഫീസ് ഈടാക്കി ട്രഷറിയിൽ അടച്ചത്. കഴിഞ്ഞ അദ്ധ്യയന വർഷം (2020-2021) സ.ഉ. (സാധാ)നം.3861/2021/പൊ.വി.വ. തീയതി 01.09.2021 പ്രകാരം രണ്ടാം വർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീസ് ഈടാക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് വരുന്നതിനുമുൻപാണ് കുട്ടികളിൽനിന്ന് ഫീസ് വാങ്ങി ട്രഷറികളിൽ അടച്ച സ്കൂളുകളിലെ പി.ഡി. ആക്കൗണ്ടിൽ നിലനിൽക്കുന്ന ബാലൻസ് തുകയിൽ നിന്നും റവന്യൂ അക്കൗണ്ടിൽ അടച്ച തുകയുൾപ്പെടെ തിരികെ നൽകാൻ പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 06/07/2022-ലെ സ.ഉ. (സാധാ) നം. 3946/2022/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്ലസ് വൺ സീറ്റ് ലഭ്യമാക്കാൻ നടപടി

182 **(3179)** ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ഫലത്തിന് ആനുപാതികമായി പ്ലസ് വൺ അഡ്മിഷന് സീറ്റ് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഈ അദ്ധ്യയന വർഷം സംസ്ഥാനത്തിനകത്തുനിന്നും എസ്.എസ്.എൽ.സി. പാസ്സായ 421957 (നാല് ലക്ഷത്തി ഇരുപത്തൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി ഏഴ്) വിദ്യാർത്ഥികളാണ് ഉപരിപഠനത്തിന് കാത്തിരിക്കുന്നത്. മുൻ വർഷം അനുവദിച്ച താൽക്കാലിക ബാച്ചുകൾ ഉൾപ്പെടെ സർക്കാർ എയ്ഡഡ് മേഖലയിൽ 375715 (മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി എഴുനൂറ്റി പതിനഞ്ച്) സീറ്റുകളുണ്ട്. ഇതിന് പുറമേ അൺ-എയ്ഡഡ് മേഖലയിൽ 56366 (അൻപത്താറായിരത്തി മുന്നൂറ്റി അറുപത്താറ്) സീറ്റുകളും കൂടി ആകെ 4,32,081 (നാല് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എൺപത്തൊന്ന്) സീറ്റുകൾ ലഭ്യമാണ്. ആയതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ

വിദ്യാർത്ഥികളുടെ പ്രവേശനം സാദ്ധ്യമാകുന്നതാണ്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ പ്ലസ് വൺ അഡ്മിഷന് ചില ജില്ലകളിലെ ചില മേഖലകളിൽ രൂക്ഷമായ സീറ്റ് ക്ഷാമവും ചില ജില്ലകളിൽ ഒട്ടേറെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാ തലത്തിലെയും താലൂക്ക് തലത്തിലെയും കണക്കെടുത്ത് ഈ വർഷം കുട്ടികൾക്ക് പ്ലസ് വൺ സീറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ വർഷങ്ങളിൽ പ്ലസ് വൺ പ്രവേശനത്തിലെ സീറ്റുകളുടെ ആവശ്യകത പരിഹരിച്ചിട്ടുണ്ട്. പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനോടൊപ്പം 2022-23-ൽ താത്ക്കാലികമായി അനുവദിച്ച രണ്ട് ബാച്ചുകളും അധിക സീറ്റുകളും അനുവദിച്ചിട്ടുള്ളതിനാൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാദ്ധ്യമാകുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഹയർ സെക്കന്ററി സീറ്റുകൾ**

183 **(3180)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തൊൻപത് വിദ്യാർത്ഥികൾക്കായി പന്ത്രണ്ടായിരത്തി ഇരുന്നൂറ് പ്ലസ്ടു സീറ്റുകൾ മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച 19,658 (പത്തൊൻപതിനായിരത്തി അറുന്നൂറ്റി അൻപത്തിയെട്ട്) വിദ്യാർത്ഥികൾക്കായി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിലായി ആകെ 17,795 (പതിനേഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) സീറ്റുകൾ ഹയർ സെക്കന്ററിയിൽ മാത്രം ലഭ്യമാണ്. മുൻ വർഷങ്ങളിലെ കണക്കുകൾ പ്രകാരം വിജയിച്ച എല്ലാവരും ഹയർ സെക്കന്ററിയിൽ മാത്രം പ്രവേശനം നേടാറില്ല. കഴിഞ്ഞ അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിൽനിന്ന് എസ്.എസ്.എൽ.സി. വിജയിച്ച 19,287 (പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ്) വിദ്യാർത്ഥികളിൽ നിന്ന് 15,818 (പതിനയ്യായിരത്തി എണ്ണൂറ്റി പതിനെട്ട്) വിദ്യാർത്ഥികൾ മാത്രമാണ് ഹയർ സെക്കന്ററിയിൽ പ്രവേശനം നേടിയിട്ടുള്ളത്.

ആയതിനാൽ ജില്ലയിൽ ഹയർ സെക്കന്ററി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(ബി) പ്രസ്തുത ജില്ലയിലെ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്കും സി.ബി.എസ്.ഇ. പരീക്ഷ എഴുതി ഫലം കാത്തുനിൽക്കുന്ന വിദ്യാർത്ഥികൾക്കും അതേ ജില്ലയിൽത്തന്നെ ഹയർ സെക്കന്ററി പ്രവേശനം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

പ്രവേശന നടപടികൾ അവസാനിച്ചുകഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും തുടരുന്നതിനാലും അധിക സീറ്റുകൾ അനുവദിച്ചിട്ടുള്ളതിനാലും 2022-23-ൽ രണ്ട് ബാച്ചുകൾകൂടി താത്കാലികമായി അനുവദിച്ചതിനാലും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം സാദ്ധ്യമാകുന്നതാണ്.

(സി) പ്രസ്തുത ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ ഒരു ക്ലാസ്സിൽ 50 വിദ്യാർത്ഥികൾ എന്ന് നിജപ്പെടുത്തി ആവശ്യമായ സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് പ്രവേശനം

184 **(3181)** ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്നും 2011-16 കാലഘട്ടത്തെ പ്രവേശനം താരതമ്യം ചെയ്യുമ്പോൾ വ്യത്യാസം എത്രയാണെന്നും അറിയിക്കുമോ?

2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

2016 മുതൽ 2021 വരെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം 13,28,893 ആണ്. 2011-16 കാലഘട്ടത്തെ പ്രവേശനം താരതമ്യം ചെയ്യുമ്പോൾ 36,330 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അഡ്മിഷൻ നേടുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതുതായി 2011-16 കാലഘട്ടത്തിൽ 316079 കുട്ടികളും 2016-21 കാലഘട്ടത്തിൽ 791073 കുട്ടികളും പൊതുവിദ്യാഭ്യാസത്തിൽ വന്നുചേർന്നിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചതിനുശേഷം പുതിയതായി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് കുറവുണ്ടായിട്ടില്ല.

## സ്കൂൾ പ്രവേശനത്തിനായി സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ

185 **(3182)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

സർക്കാർ ഓഫീസുകളിൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകിയാൽ മതിയെന്ന സർക്കാർ ഉത്തരവ് സ്കൂളുകളിൽ പാലിക്കുന്നുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പാക്കുന്നുണ്ട്.

(ബി) സ്കൂൾ പ്രവേശനത്തിനായി സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്, ആധാർ, റ്റി.സി. എന്നിവയുടെ ഒറിജിനൽ രേഖ ഹാജരാക്കുന്നതിനോടൊപ്പം ഒരു പകർപ്പുകൂടി നൽകിയാൽ പ്രധാനാദ്ധ്യാപകൻ തന്നെ അത് പരിശോധിക്കുന്നതാണ്. സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതില്ല.

ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

പ്രവേശനത്തിന്റെ ഘട്ടത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളാണ് സമർപ്പിക്കേണ്ടത്. സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ട ഘട്ടങ്ങളിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ മതിയാകുന്നതാണ്.

(സി) അഡ്മിഷനായി എത്തുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പകർപ്പുകളുടെ അഭാവത്തിൽ അഡ്മിഷൻ നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

അഡ്മിഷനായി എത്തുന്ന കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പകർപ്പുകളുടെ അഭാവത്തിൽ അഡ്മിഷൻ തടസ്സപ്പെടുന്ന സാഹചര്യം നിലവിലില്ല.

(ഡി) ഭൂരിഭാഗം വിദ്യാർത്ഥികളും ഒരുമിച്ച് അപേക്ഷിക്കുമ്പോൾ ഓഫീസുകളിൽ സംജാതമാകുന്ന തിരക്ക് കണക്കിലെടുത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അനുമതി നൽകിക്കൊണ്ട് കുട്ടികൾക്ക് താൽക്കാലിക അഡ്മിഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാമോ എന്നറിയിക്കാമോ?

പ്രൈമറി, സെക്കന്ററി സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്, ആധാർ, റ്റി.സി. എന്നിവയുടെ ഒറിജിനൽ രേഖ ഹാജരാക്കുന്നതിനോടൊപ്പം ഒരു പകർപ്പുകൂടി നൽകിയാൽ

പ്രധാനാദ്ധ്യാപകൻ തന്നെ അത് പരിശോധിക്കുന്നതാണ്. സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതില്ല.

ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഏകജാലക സംവിധാനത്തിലൂടെയാണ് അഡ്മിഷൻ എന്നതിനാൽ നിശ്ചിത തീയതിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നേടിയില്ലെങ്കിൽ അടുത്തഘട്ട അലോട്ട്മെന്റുകളെ അത് ബാധിക്കുന്നതായിരിക്കും. താൽക്കാലിക അഡ്മിഷൻ നൽകപ്പെടുന്ന വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യം വന്നാൽ പ്രവേശനം റദ്ദുചെയ്യപ്പെടുന്ന സാഹചര്യം പരിഗണിച്ച് പ്രവേശനത്തിന്റെ അന്തിമ ഘട്ടത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ അനിവാര്യമാണ്.

## സ്കൂൾ തലത്തിൽ കായിക പരിശീലനം

186 **(3183)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയുടെ കലാകായിക കഴിവുകളെ പരിപോഷിപ്പിക്കാൻ സ്കൂൾ തലത്തിൽ കായിക പരിശീലനത്തിന് പ്രത്യേക സൗകര്യങ്ങൾ

നൽകാൻ നടപടി സ്വീകരിക്കുമോ?

കായിക വിദ്യാഭ്യാസവും കായിക പരിശീലനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പാഠ്യപദ്ധതിക്ക് അനുസൃതമായ എല്ലാ സൗകര്യങ്ങളും പൊതുവിദ്യാലയങ്ങളിൽ ലഭ്യമാണ്. തുടർന്നുവരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിലും ആയത് നിലനിർത്തി പോരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. സ്കൂൾ തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമായി ഗ്രാസ് റൂട്ട് പരിശീലന പദ്ധതികളായ ഗോൾ, ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക്, പഞ്ച് എന്നിവയും ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുന്നതിനായി സ്പോർട്സ് കേരള എലൈറ്റ് റെസിഡൻഷ്യൽ ഫുട്ബോൾ അക്കാദമിക് പദ്ധതിയും കായിക യുവജനകാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കലാകായിക പരിശീലനങ്ങളും വിവിധതരം വിദ്യാർത്ഥി ക്ലബ്ബുകളും എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുകയും അതിന്റെ മികവിന് ഓരോ ക്ലാസ്സിലും ഗ്രേസ് മാർക്ക് നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) പ്രൈമറി,അപ്പർ പ്രൈമറി തലങ്ങളിൽ തന്നെ പ്രതിഭകളെ

കണ്ടെത്തുന്ന പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

187 **(3184)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തിലെ ബഡ്ജറ്റ് പ്രകാരം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് കെ.എസ്.എഫ്.ഇ. മുഖാന്തരം എത്ര ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പിലാക്കിയിട്ടില്ല. എന്നാൽ "കെ.എസ്.എഫ്.ഇ. വിദ്യാശ്രീ" എന്ന പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിന് ലാപ്ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇന്നേവരെ 50 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

## കടുത്തുരുത്തി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ

188 **(3185)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന് അപകടാവസ്ഥയിലായ പെരുവ വി.എച്ച്.എസ്.എസ്, മുളക്കുളം ഗവ. യു.പി. സ്കൂൾ എന്നിവയ്ക്ക് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണം എന്നാവശ്യപ്പെട്ട് ഫയൽ നമ്പർ ഇ.5695211 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പ്രസ്തുത നിവേദനത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാനും സ്കൂളുകൾക്ക് പുതിയ കെട്ടിടം ആവശ്യമാണെങ്കിൽ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നിവേദനത്തിലെ വിഷയം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ കെട്ടിട നിർമാണം

189 **(3186)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി മൂന്ന് കോടി രൂപ ഭരണാനുമതി ലഭിച്ച ജി.എച്ച്.എസ്.എസ്. പരപ്പ, ഡോ. അംബേദ്കർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, കോടോത്ത് എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

കിഫ്ബി വഴി മൂന്ന് കോടി രൂപ ഭരണാനുമതി ലഭിച്ച ജി.എച്ച്.എസ്.എസ്.പരപ്പ, ഡോ. അംബേദ്കർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, കോടോത്ത് എന്നീ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) അംഗീകരിച്ചു. 'Feasibility study' നടത്തി. എന്നാൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016-ലെ Delhi Schedule Rate (DSR) ഉം ജി.എസ്.റ്റി. (GST) യും ആയിരുന്നു ബാധകമായിരുന്നത്. പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018-ലെ DSR നിരക്കുകളും 18% GST-യും അനുസരിച്ച് ഭരണാനുമതി പുതുക്കി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതിയോടുകൂടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് 'കില' നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

190 **(3187)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിർമ്മാണപ്രവൃത്തികൾക്ക് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസലുകൾ സമർപ്പിച്ച കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളുടെ എസ്റ്റിമേറ്റ് തുകയടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

കെട്ടിട നിർമ്മാണത്തിനായി പ്രൊപ്പോസൽ നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവൺമെന്റ് എൽ.പി. സ്കൂൾ സൗത്ത് വാഴക്കുളം- 1 കോടി (ഒരു കോടി) (പി.ഡബ്ല്യു.ഡി.)

2. ഗവൺമെന്റ് ജെ.ബി.എസ്., കുറ്റ, കാണിനാട്- 1.27 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എൽ.എസ്.ജി.ഡി.)

**ചേളാരി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

191 **(3188)** ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളാരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ ചുമതലപ്പെടുത്തിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുകയുടെയും കിഫ്ബി മുഖേന അനുവദിച്ച തുകയുടെയും ഭരണാനുമതി കാലാവധി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ഉത്തരവ് പുതുക്കി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) സ്കൂൾ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ഉചിതമായ തീരുമാനം കൈകൊള്ളാൻ തയ്യാറാകുമോ; വിശദമാക്കുമോ?

(എ - ഡി) ചേളാരി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 01-11-2017-ലെ സ.ഉ.

(സാധാ)നം.4101/2017/പൊ.വി.വ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 285.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ടി സ്കൂളിന്റെ ഗ്രൗണ്ട് നഷ്ടപ്പെടുമെന്നും ആയതിനാൽ സ്കൂൾ ഗ്രൗണ്ട് നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണം നടത്തണമെന്നും ആവശ്യപ്പെട്ട്, ഗ്രൗണ്ട് സംരക്ഷണ സമിതി, പി.റ്റി.എ. ഭാരവാഹികൾ എന്നിവർ തർക്കം ഉന്നയിച്ചതിനാൽ ഇക്കാര്യത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 24-02-2022-ൽ G.O.(Rt)1079/22/GEDN പ്രകാരം രൂപീകരിച്ച ഹൈലെവൽ ടെക്നിക്കൽ കമ്മിറ്റി 05-02-2022-ന് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് (ഹയർ സെക്കന്ററി വിഭാഗത്തിന്) 18-05-2022-ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഇതേ സ്കൂളിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 4,26,71,212.37 രൂപയുടെ ഭരണാനുമതി 29-12-17-ലെ സ.ഉ(സാ.ധാ)5050/17/ പൊ.വി.വ പ്രകാരം നൽകുകയും ആയത് പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിനോടനുബന്ധിച്ചായതിനാൽ നിർമ്മാണം സാദ്ധ്യമാകാതെ വന്ന

സാഹചര്യത്തിൽ KITE Board-ന്റെ 10/06/21-ലെ BM18/106 നമ്പർ Resolution പ്രകാരം നിർത്തിവച്ചിരിക്കുന്നതായി SPV-യായ KITE അറിയിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്ന് ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ഈ പ്രവൃത്തി, പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിന് പുതുക്കിയ ഭരണാനുമതി ആവശ്യമാണെങ്കിൽ ആയത് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മുഴുവൻ പ്രവൃത്തികളും പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ KIIFB ഫണ്ട് ലഭ്യമാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

**ബളാംതോട് ഗവ:ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക തസ്തികകൾ**

192 **(3189)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബളാംതോട് ഗവ:ഹയർ സെക്കന്ററി സ്കൂളിലെ ബോട്ടണി, സുവോളജി അദ്ധ്യാപക തസ്തികകൾ ഇപ്പോഴും ജൂനിയർ തസ്തികകളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സീനിയർ തസ്തികകൾ

ആക്കാൻ കണ്ണൂർ റീജിയണൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ടോ?

ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ മേൽ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ചത്തിയറ ഗവ: എൽ.പി.എസ്.- ന്റെ നിർമ്മാണം**

193 **(3190)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ഗവ: എൽ.പി.എസ്. ചത്തിയറയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചത്തിയറ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ കഴിയും.

**പാലാ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ ഭരണാനുമതി**

194 **(3191)** <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ അനുമതി നൽകി 20 ശതമാനം ഫണ്ട് അനുവദിച്ച പാലാ മണ്ഡലത്തിലെ ഗവ. എൽ.പി. സ്കൂൾ ഐക്കൊമ്പ്-ബഡ്ജറ്റ് ക്രമ നമ്പർ 234, ഗവ. യു.പി. സ്കൂൾ അന്തിനാട്-ബ്ജറ്റ് ക്രമനമ്പർ 2753, ഗവ. എൽ.പി. സ്കൂൾ കുടപ്പലം-ബഡ്ജറ്റ് ക്രമനമ്പർ 400, ഗവ. എൽ.പി. സ്കൂൾ കൊഴുവംകുളം-ബഡ്ജറ്റ് ക്രമനമ്പർ 1310, ഗവ. എൽ.പി. സ്കൂൾ പൂവരണി-ബഡ്ജറ്റ് ക്രമനമ്പർ 470, ഗവ. എൽ.പി.സ്കൂൾ ചക്കാമ്പുഴ-ബഡ്ജറ്റ് ക്രമനമ്പർ 2180, എന്നിവയുടെ ഭരണാനുമതി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) 100 വർഷം പൂർത്തിയാക്കി തകർന്ന നിലയിൽ തുടരുന്ന പ്രസ്തുത സ്കൂളുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) പാലാ മണ്ഡലത്തിലെ ഗവണ്മെന്റ് എൽ.പി. സ്കൂൾ കൊഴുവംകുളം (119 ലക്ഷം) ഗവണ്മെന്റ് എൽ.പി. സ്കൂൾ, ചക്കാമ്പുഴ (179 ലക്ഷം) എന്നീ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള

പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഐക്കൊമ്പ് ഗവണ്മെന്റ് യു.പി.സ്കൂളിൽ കെട്ടിടനിർമ്മാണത്തിനായി അപൂർണ്ണമായ പ്രൊപ്പോസലാണ് ലഭ്യമായിട്ടുള്ളത്. ഗവണ്മെന്റ് യു.പി.സ്കൂൾ അന്തിനാട്, ഗവണ്മെന്റ് യു.പി.സ്കൂൾ കൂടപ്പലം, ഗവണ്മെന്റ് എൽ.പി. സ്കൂൾ പൂവരണി എന്നീ സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

**നെടുമ്പാറ റ്റി.സി.എൻ.എം. എച്ച്.എസ്.എസ്.-ന് ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ**

195 **(3192)** ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി, തോട്ടം മേഖലകളിലെ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന നെടുമ്പാറ റ്റി.സി.എൻ.എം.ഗവ.എച്ച്.എസ്.എസ്.-ൽ അനുവദിക്കപ്പെട്ട പ്ലസ് ടു സയൻസ്, കൊമേഴ്സ് ബാച്ചുകളിൽ സയൻസ് ബാച്ചിൽ ഒരുവർഷവും മതിയായ കുട്ടികളുടെ എണ്ണം ഉണ്ടാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കാരണത്താൽ സ്കൂളിലെ പ്ലസ് ടു ബാച്ചിന് അംഗീകാരം ലഭിക്കാതെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ പ്ലസ് ടു പഠനം സാദ്ധ്യമാക്കുന്നതിനായി, നിലവിലുള്ള സയൻസ് ബാച്ചിന് പകരം ഹ്യുമാനിറ്റിസ് ബാച്ച് അനുവദിച്ച് കുട്ടികളുടെ എണ്ണം ഉറപ്പാക്കി കോഴ്സിന് അംഗീകാരം നൽകുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് അദ്ധ്യാപക നിയമനം**

196 **(3193)** <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം

നൽകുമോ?

ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ ഹൈസ്കൂൾ അദ്ധ്യാപക (എച്ച്.എസ്.ടി.) റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമാണ് നടത്തിവരുന്നത്. അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകിയും നിയമിച്ചുവരുന്നു.

പുതുക്കിയ സ്പെഷ്യൽ റൂൾ പ്രകാരം ഡയറ്റിലെ ലക്ചറർ തസ്തികയിലെ 50% ഒഴിവുകൾ യോഗ്യതയുള്ള സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് തസ്തികമാറ്റംവഴി നിയമനം നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മുതലായ സർക്കാർ സ്കൂളുകളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി ഡയറ്റിലെ ലക്ചറർ തസ്തികയിലേയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

(ബി) ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗങ്ങളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് പോലെ പ്രൈമറി അദ്ധ്യാപകരെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ഡയറ്റിലും നിയമിക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കുമോ?

ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയിലെ ആകെ ഒഴിവുകളുടെ 15% ഒഴിവുകളിൽ അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. ഇപ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഡയറ്റിലെ ലക്ചറർ തസ്തികയിലെ തസ്തികമാറ്റം വഴിയുള്ള ഒഴിവുകളിലേയ്ക്ക് പ്രൈമറി അദ്ധ്യാപകർക്ക് 2 ഉം ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ടീച്ചർ എഡ്യൂക്കേറ്റർ അദ്ധ്യാപകർക്ക് 1 ഉം (2:1) എന്ന അനുപാതത്തിലാണ് നിയമനം നൽകുന്നത്. എന്നാൽ പ്രൈമറി അദ്ധ്യാപകർക്ക് പ്രൊമോഷൻ വഴി ഡയറ്റിലേയ്ക്ക് നിയമനം നൽകുന്നില്ല.

**പാലക്കാട് ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ ഒഴിവ്**

197 **(3194)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-09-2021 മുതൽ 01-03-2022 വരെ പാലക്കാട് ജില്ലയിൽ

എൽ.പി.സ്കൂൾ ടീച്ചർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

25-09-2021 മുതൽ 01-03-2022 വരെ പാലക്കാട് ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ 47 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ആയതിൽ 45 ഒഴിവുകൾ പി.എസ്.സി.-ക്ക് നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 2 ഒഴിവുകൾ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കാമോ?

18.01.2022.

(സി) 2022 മാർച്ച് 1 മുതൽ 2022 ജൂൺ 23 വരെ പാലക്കാട് ജില്ലയിൽ എത്ര എൽ.പി. സ്കൂൾ ടീച്ചർ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ടി ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് ഓരോ ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി സഹിതം വിശദമാക്കാമോ;

റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അതിന്റെ എണ്ണം സഹിതം കാരണം വിശദമാക്കാമോ?

2022 മാർച്ച് 1 മുതൽ 2022 ജൂൺ 23 വരെ പാലക്കാട് ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ വിരമിക്കൽ ഒഴിവ് 22 എണ്ണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിൽ 19 എണ്ണം നേരിട്ടുള്ള നിയമനത്തിനും 1 എണ്ണം ബൈട്രാൻസ്ഫർ നിയമനത്തിനും ബാക്കിയുള്ള ഒഴിവുകൾ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുമായി മാറ്റിവച്ചിട്ടുള്ളതുമാണ്. ആയത് 30-03-2022-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 01-04-2022 മുതൽ 30-05-2022 വരെ ഹെഡ്മാസ്റ്റർ പ്രൊമോഷൻ വഴി ഉണ്ടായ ഒഴിവുകൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) പാലക്കാട് ജില്ലയിലെ എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലുള്ള ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ മറ്റാവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകളുടെ എണ്ണം, മാറ്റിവച്ചിരിക്കുന്നതിന്റെ കാരണസഹിതം അറിയിക്കാമോ?

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട നിശ്ചിത ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട നിശ്ചിത ശതമാനം

ഒഴിവുകൾ മാറ്റിവച്ചിട്ടുമുണ്ട്.

**എയ്ഡഡ് സ്കൂളുകളിൽ സർവ്വീസിൽ പ്രവേശിച്ചവരുടെ നിയമന അംഗീകാരം**

198 **(3195)** <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2016 ജൂൺ മാസത്തിനുശേഷം സർവ്വീസിൽ പ്രവേശിച്ചവരുടെ നിയമനാംഗീകാരം നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2016 ജൂൺ മാസത്തിനുശേഷം എയ്ഡഡ് സ്കൂളുകളിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് നിയമനാംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ച 29-01-2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ.-യിലെ ചില വ്യവസ്ഥകൾ നിയമനാധികാരിയായ മാനേജർമാരിൽ ചിലർ പാലിച്ചിരുന്നില്ല. അത്തരത്തിൽ, വ്യവസ്ഥകൾ പാലിക്കാതെ നിയമനം നടത്തിയ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനായി 06-02-2021-ൽ സ.ഉ(പി)നം.4/2021/പൊ.വി.വ. പുറപ്പെടുവിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, നിബന്ധനകൾക്ക് വിധേയമായി, 2016-17 മുതൽ 2019-20 വരെ നിയമിതരായവർക്ക് അംഗീകാരം നൽകാനും ആയതിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉത്തരവ് തീയതിയായ

06-02-2021 മുതൽ മാത്രമായി പരിമിതപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ഭിന്നശേഷി സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അംഗീകരിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, നിലവിൽ നിയമനം അംഗീകരിക്കാൻ തടസ്സം നേരിടുന്നുണ്ട്. ബഹു.കോടതിയിൽ നിന്നുള്ള അന്തിമ വിധി ലഭ്യമായശേഷം അതിനനുസരിച്ച് നിയമനാംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) 2016 മുതൽ സേവനമനുഷ്ഠിച്ച് നോഷണലായി അംഗീകാരം ലഭിച്ച എല്ലാ ജീവനക്കാർക്കും ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2016-17 മുതൽ 2019-20 വരെ നിയമിതരായവരിൽ നോഷണൽ ആയി അംഗീകാരം കിട്ടിയ ജീവനക്കാർക്ക് നിയമനത്തീയതി മുതൽ ശമ്പളം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) ഹയർ സെക്കന്ററി ഇന്റർവ്യൂ ബോർഡിൽ ഗവണ്മെന്റ് നോമിനിമാരുടെ ലിസ്റ്റിൽ കൂടുതൽ അദ്ധ്യാപകരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഹയർ സെക്കന്ററി ഇന്റർവ്യൂ ബോർഡിൽ ഗവണ്മെന്റ് നോമിനിമാരുടെ

ലിസ്റ്റിൽ നിലവിൽ അദ്ധ്യാപകരെ ഉൾപ്പെടുത്തുന്നില്ല.

## എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം

**199 (3196)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ?

18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ., ഖണ്ഡിക 6(i),(ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07-02-1996 മുതൽ 18-04-2017 വരെ 3%, 19-04-2017 മുതൽ 4 ശതമാനം എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08-11-2021-ൽ സ.ഉ.(പി) നം.19/2021/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07-02-1996 മുതൽ 18-04-2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19-04-2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി,

ആയതിന്റെ അടിസ്ഥാനത്തിൽ 07-02-1996 മുതൽ 18-04-2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും 19-04-2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക്‌ലോഗ് കണക്കാക്കി നിയമനം നടത്താൻ 25-06-2022-ലെ സ.ഉ.(കൈ) നം.111/2022/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷന്റെ അന്തിമ വിധിന്യായം അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക്‌ലോഗ് ഒഴിവുകൾ കണക്കാക്കണം എന്ന നിർദ്ദേശം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് പാലിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

1996 മുതലുള്ള നിയമനം പരിശോധിച്ച് ബാക്ക്‌ലോഗ് തയ്യാറാക്കുന്നത് സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. മാനേജ്മെന്റുകൾക്ക് ബാക്ക്‌ലോഗ് തയ്യാറാക്കാൻ കൂടുതൽ സമയം അനുവദിക്കേണ്ടതായി കാണുന്നു. മാത്രമല്ല, പ്രസ്തുത വിഷയത്തിന്മേൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 19808/2021

പ്രകാരം റിട്ട് പെറ്റീഷൻ നിലനിൽക്കുന്നു. ആയതിന്റെ അന്തിമ വിധിന്യായം അനുസരിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് 1996 മുതൽ 2021 വരെയുള്ള കാലയളവിലെ ബാക്ക്‌ലോഗ് ഒഴിവുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിയിട്ടുണ്ടോ; ഈ സ്കൂളുകളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ലാത്ത അവസ്ഥ**

200 **(3197)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കാർ, എയ്ഡഡ് തലങ്ങളിൽ പ്രവർത്തിക്കുന്ന എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും അവ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

| സർക്കാർ തലം | |
|---|---|
| എൽ. പി.സ്കൂൾ | 316 |
| യു. പി. സ്കൂൾ | 250 |
| ഹൈസ്കൂൾ | 236 |
| ഹയർ സെക്കണ്ടറി | 174 |
| എയ്ഡഡ് തലം | |
| എൽ. പി. സ്കൂൾ | 20 |
| യു.പി. സ്കൂൾ | 34 |
| ഹൈസ്കൂൾ | 5 |
| ഹയർ സെക്കണ്ടറി | 19 |

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നിയമനാധികാരിയായ മാനേജർമാർ നിയമനം നടത്തുന്ന മുറയ്ക്കാണ് നികത്തപ്പെടുന്നത്.

(സി) പ്രൊട്ടക്ടഡ് അദ്ധ്യാപർക്കായി മാറ്റിവെച്ച പോസ്റ്റുകളിൽ ദിവസവേതന അദ്ധ്യാപകരെ നിയമിക്കാനുള്ള അധികാരം മാനേജർമാർക്ക് നൽകാത്തതുമൂലം അദ്ധ്യാപകരുടെ ക്ഷാമം അനുഭവപ്പെടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം

201 **(3198)** <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആകെ എത്ര കുട്ടികളാണ് ഉപരിപഠനത്തിന് അർഹത നേടിയതെന്ന് വിശദമാക്കാമോ?

3318.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

4401.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ്

സ്കൂളുകളിൽ ഈ വർഷം പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ച് ആരംഭിക്കുന്നതിനും കൂടുതൽ സീറ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

കഴിഞ്ഞ വർഷത്തേതുമായി തുലനം ചെയ്താൽ നിലവിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഹയർസെക്കന്ററി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

**നീന്തൽക്കുളം നിർമ്മാണം**

202 **(3199)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഒരു നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്കൂളുകളിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ?

ഒരു നിയമസഭാ മണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

**എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാരെ നിയമിക്കാനുള്ള നടപടി**

203 **(3200)** <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ കോടതി ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരെ നിയമിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

18-11-2018-ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ., ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് നിയമനങ്ങളിൽ 07-02-1996 മുതൽ 18-04-2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08-11-2021-ൽ സ.ഉ.(പി) നം.19/2021/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07-02-1996 മുതൽ 18-04-2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19-04-2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി, ആയതിന്റെ

അടിസ്ഥാനത്തിൽ 07-02-1996 മുതൽ 18-04-2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും 19-04-2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക്‌ലോഗ് കണക്കാക്കി നിയമനം നടത്താൻ 25-06-2022-ലെ സ.ഉ. (കൈ) നം.111/2022/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന 19808/21 നമ്പർ റിട്ട് പെറ്റീഷന്റെ അന്തിമ വിധിന്യായം അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരും ജീവനക്കാരും സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം ലഭിക്കുന്നതുപോലെ എയ്ഡഡ് സ്കൂളുകളിലും ആശ്രിത നിയമനം നടപ്പിൽവരുത്താൻ നടപടികൾ ഉണ്ടാകുമോ; അറിയിക്കാമോ?

കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV A ചട്ടം 51 ബി, XXIV A ചട്ടം 9A എന്നിവ പ്രകാരം പ്രസ്തുത വ്യവസ്ഥ നിലവിലുണ്ട്. സേവനത്തിലിരിക്കെ മരണപ്പെടുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ആശ്രിതർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രസ്തുത മാനേജ്മെന്റിന് കീഴിൽ ഒഴിവുവരുന്ന തസ്തികയിൽ നിയമനം നൽകുന്നുണ്ട്.

## കിച്ചൺ-കം-സ്റ്റോർ നിർമ്മാണം

204 **(3201)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിന് വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വാമനപുരം നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 19 സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റും നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

വാമനപുരം നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 19 സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റും നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ ഇനിയും ഏതെല്ലാം സ്കൂളുകൾക്കാണ് പുതിയതായി കിച്ചൺ-കം-സ്റ്റോർ ആവശ്യമുള്ളതെന്ന് അറിയിക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദവിവരങ്ങൾ നൽകാമോ?

പ്രസ്തുത മണ്ഡലത്തിൽ 14 സ്കൂളുകൾക്കുകൂടി കിച്ചൺ-കം-സ്റ്റോർ ആവശ്യമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു+.

## പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ

205 **(3202)** ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കോവിഡ് പ്രതിസന്ധികളെത്തുടർന്ന് സ്കൂൾ കുട്ടികൾക്ക് ഡിജിറ്റൽ, ഓൺലൈൻ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഏതെല്ലാം പഠനോപകരണങ്ങളാണ് കുട്ടികൾക്ക് ലഭ്യമാവുക; വിശദമാക്കാമോ?

ലാപ്ടോപ്പ് നൽകുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുവരെ 45789 ലാപ്ടോപ്പ് ലഭ്യമാക്കിട്ടുണ്ട്.

**മഞ്ചേരി യത്തീംഖാന സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടി**

206 **(3203)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി എച്ച് എം യത്തീം ഖാന ഹയർ സെക്കൻഡറി സ്കൂളിൽ, ജി.ഒ.(ആർ.ടി.)4005/2019, 4110/2019 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുവദിച്ച തസ്തികകളിൽ നിയമിതരായ ജീവനക്കാർക്ക് കഴിഞ്ഞ 4 വർഷമായി ശമ്പളം ലഭ്യമാക്കാത്തത് സംബന്ധിച്ച് അന്വേഷിക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഏഴ് പേരിൽ രണ്ട് പേർക്ക് നിയമനാംഗീകാരം നൽകുകയും അഞ്ച് പേർക്ക് നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; രണ്ട് പേർക്ക് ജോലി നൽകുകയും മറ്റ് അഞ്ച് അദ്ധ്യാപകർക്ക് ജോലി നൽകാതെ വൈകിപ്പിക്കുന്നതും നീതി നിഷേധത്തിനുതുല്യമാണെന്ന കാര്യം

സർക്കാർ പരിശോധിക്കുമോ?

(എ & ബി) മഞ്ചേരി എച്ച്.എം.വൈ.എച്ച്.എസ്.എസ്.-ൽ 04/10/2019-ലെ സ.ഉ.(സാധാ)നം.4005/2019/പൊ.വി.വ. ഉത്തരവ് പ്രകാരം നിയമിച്ച സർക്കാർ നോമിനിയുടെ ശിപാർശ പ്രകാരം നിയമിതരായ 7 അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ മാനേജർ അംഗീകാരത്തിനായി മലപ്പുറം മേഖലാ ഉപമേധാവിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ നിയമനം സംബന്ധിച്ച് ഹൈസ്കൂൾ അദ്ധ്യാപകനായ ശ്രീ. ജുബൈർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ടി സ്കൂളിലെ മുൻകാല അധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും ടി സ്കൂളിലെ 19-06-2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.ടി. (ജൂനിയർ) നിയമനങ്ങളും ഹയർ സെക്കന്ററി ഡയറക്ടർ പുന:പരിശോധിക്കണമെന്ന് 11-11-2015-ലെ G.O. (Rt)No.5286/2015/Gedn. പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ എല്ലാ അദ്ധ്യാപക നിയമനങ്ങൾക്കും ഹയർ സെക്കന്ററി ഡയറക്ടറുടെ മുൻകൂർ അനുമതി തേടണമെന്ന് സ്കൂൾ മാനേജർക്കും ടി ഉത്തരവിനുശേഷമുള്ള മേൽ സ്കൂളിലെ

അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകൽ നിർത്തിവെയ്ക്കുന്നതിന് മലപ്പുറം മേഖലാ ഉപമേധാവിക്കും നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ മേൽ പ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകരിൽ 2 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)മാർക്ക് നിയമനാംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷമാണ് ടി സ്കൂളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് നിർത്തിവെയ്ക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടതെന്ന് മലപ്പുറം മേഖലാ ഉപമേധാവി അറിയിച്ചിരുന്നു. തുടർന്ന് മേഖലാ ഉപമേധാവി ഇതിനോടകം രണ്ടുപേർക്ക് നിയമനാംഗീകാരം നൽകിയത് സാധൂകരിക്കുന്നതിനും ബാക്കി 5 നിയമനങ്ങൾ പരിഗണിക്കുന്നതിനും 08-07-2021-ൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ടി വിഷയം തീർപ്പാക്കുന്നതിന്റെ ഭാഗമായി 11-03-2022-ന് ജോയിന്റ് ഡയറക്ടർ (അക്കാഡമിക്ക്) ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ പരാമർശ സ്കൂളിൽ മുൻകാലങ്ങളിൽ നടത്തിയ അദ്ധ്യാപക നിയമനങ്ങളിൽ നിരവധി സങ്കീർണ്ണ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി വിവരങ്ങൾ ലഭ്യമായതിനാലും 11-11-2015-ലെ മുൻ പരാമർശിച്ച സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടതിനാലും ടി സ്കൂളിൽ സന്ദർശനം നടത്തി നിയമനങ്ങൾ

സംബന്ധിച്ച് ഡയറക്ടർ തലത്തിൽ വിശദമായ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിച്ചുവരുന്നു. ഇതുമൂലമാണ് ടി സ്കൂളിൽ മാനേജർ നിയമിച്ച ഏഴ് അദ്ധ്യാപകരിൽ രണ്ട് പേർക്ക് നിയമനാംഗീകാരം ലഭിക്കുകയും 5 പേരുടെ നിയമനാംഗീകാര നടപടികൾ തുടർന്നുവരുന്നതുമായ സാഹചര്യമുണ്ടായത്.

(സി) ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നിയോഗിക്കുന്ന സർക്കാർ നോമിനി ശിപാർശ ചെയ്ത നിയമനാംഗീകാരം സംബന്ധിച്ച ഫയൽ തീർപ്പാക്കാൻ കാലതാമസം വരുത്തുന്നത് ആരാണെന്നും എന്തുകൊണ്ടാണെന്നും പരിശോധിക്കുമോ;

(ഡി) രേഖകളിൽ ഒപ്പുവയ്ക്കുന്ന സർക്കാർ നോമിനിയെ വിശ്വാസത്തിലെടുക്കാതെ ഫയൽ തീർപ്പാക്കാൻ കാലതാമസം വരുത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(സി & ഡി) അദ്ധ്യയന വർഷം അടിസ്ഥാനമാക്കി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമാണ് സർക്കാർ നോമിനികളെ അനുവദിക്കുന്നത്. അതുപ്രകാരം മാനേജർ സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകേണ്ടത്

ബന്ധപ്പെട്ട മേഖലാ ഉപമേധാവിയാണ്. സർക്കാർ നോമിനിയുടെ ശിപാർശയോടെ മാനേജർ നിയമനാംഗീകാര പ്രൊപ്പോസൽ മേഖലാ ഉപമേധാവിയുടെ മുമ്പാകെ സമർപ്പിക്കുന്നപക്ഷം തസ്തിക നിർണ്ണയ ഉത്തരവ്, ബൈട്രാൻസ്ഫർ ക്വാട്ടാ തുടങ്ങിയവയും നിയമാനാംഗീകാരം നൽകുന്നതിന് വേണ്ട മറ്റെല്ലാ രേഖകളും പരിശോധിച്ചുമാണ് നിയമനാംഗീകാരം നൽകുന്നത്. ആയതിൽ ഭരണപരമായ കാലതാമസം മാത്രമാണ് ഉണ്ടാവുന്നത്. ടി കാര്യത്തിൽ മേഖലാ ഉപമേധാവിമാരുടെ കാര്യാലയങ്ങളിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്.

(ഇ) ചട്ടപ്രകാരം നിയമിക്കപ്പെട്ട് കഴിഞ്ഞ 4 വർഷമായി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള ഫയൽ തീർപ്പാക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത അദ്ധ്യാപകർക്ക് ഉടൻ ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

(ഇ & എഫ്) മഞ്ചേരി എച്ച്.എം.വൈ.എച്ച്.എസ്.എസ്.-ൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നത്

സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടി സ്കൂളിലെ മുൻകാല അദ്ധ്യാപക നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും 11-11-2015-ലെ G.O.(Rt) No.5286/2015/G.Edn പ്രകാരം ടി സ്കൂളിലെ 19/06/2003 മുതലുള്ള മുഴുവൻ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) നിയമനങ്ങളും പുനഃപരിശോധിക്കേണ്ടതിനാൽ ടി സ്കൂളിൽ ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തി നിയമനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി ടി നിയമനങ്ങൾ അംഗീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

## വിദ്യാകിരണം പദ്ധതി

207 **(3204)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ട്?

വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ട് 14 ബാങ്കുകളിലായുള്ള അക്കൗണ്ടുകളിൽ 06-07-2022 വരെ ആകെ 3,01,93,153/-രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഈ വർഷം എത്ര പേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതാണ്. എണ്ണം ഇപ്പോൾ കണക്കാക്കാൻ കഴിയില്ല.

## ഖാദർ കമ്മറ്റി റിപ്പോർട്ട്

208 **(3205)** <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ മേഖലയിൽ തുടർഘടനാമാറ്റം ഉടൻ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മികവിനായുള്ള വിദ്യാഭ്യാസം എന്ന പ്രൊഫസർ എം. എ. ഖാദർ അധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവ

ഏകോപിപ്പിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ പരിധിയിൽ കൊണ്ടുവന്നിരുന്നു. 12-ാം ക്ലാസുവരെയുള്ള സെക്കന്ററി വിദ്യാലയങ്ങളുടെ സ്ഥാപനമേധാവിയായി പ്രിൻസിപ്പാളിനെയും വൈസ് പ്രിൻസിപ്പാളായി ഹൈസ്കൂൾ ഹെഡ്മാസ്റ്ററേയും ചുമതലപ്പെടുത്തി. വിദ്യാഭ്യാസ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഏകീകരണം പൂർണ്ണതോതിൽ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാഭ്യാസ ജില്ല, ഉപജില്ല ഓഫീസുകൾ സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങളിൽ എന്ത് മാറ്റങ്ങളാണ് വരികയെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യൽ റൂളടക്കം വികസിപ്പിക്കാൻ രൂപീകൃതമായ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്.

(സി) ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകൾ ഇല്ലാതെയാകുമെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ തസ്തികകളിൽ എങ്ങനെയായിരിക്കും നിയമനമെന്ന് വെളിപ്പെടുത്താമോ?

ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തടസ്സപ്പെടുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ വിദഗ്ധസമിതി റിപ്പോർട്ടിലില്ല.

(ഡി) മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ എന്തൊക്കെ അക്കാദമിക പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയെന്ന നിലയിൽ അക്കാദമിക പ്രവർത്തനങ്ങൾ വിദ്യാകിരണം മിഷന്റെ ഭാഗമായി നടപ്പാക്കുന്നതാണ്. പഠന പിന്തുണ വേണ്ട കുട്ടികൾക്ക് ആവശ്യമുള്ള വിഷയങ്ങളിൽ പഠന പിന്തുണ നൽകൽ, പഠനത്തിൽ മികവ് കാട്ടുന്നവർക്ക് കൂടുതൽ മുന്നേറാൻ ആവശ്യമായ അനുഭവങ്ങൾ ഒരുക്കൽ എന്നിവയെല്ലാം ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ ഈ ദിശയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യയെ പഠനബോധന പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കാനും ഉദ്ദേശിക്കുന്നു. ഇതിനെല്ലാം കഴിയുംവിധം അദ്ധ്യാപകരെ സജ്ജമാക്കാൻ അവധിക്കാല പരിശീലനവും നൽകുന്നുണ്ട്.

## ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾ

209 **(3206)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാത്ത സ്കൂളുകളുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടങ്ങളിൽ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത്തരം കെട്ടിടങ്ങളിൽ സ്കൂൾ ക്ലാസ്സുകൾ നടത്താൻ പാടില്ലെന്നും പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി പകരം സംവിധാനം ഏർപ്പെടുത്തണമെന്നുമുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ അറ്റകുറ്റപ്പണികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി അറ്റകുറ്റപ്പണികൾ

നടത്തുന്നതിനായുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു.

## വയനാട് ജില്ലയിൽ ഉന്നത പഠനത്തിന് അർഹത നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ

210 **(3207)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികളാണ് പരീക്ഷ എഴുതിയത്?

2793.

(ബി) ഇതിൽ എത്ര കുട്ടികൾ ഉന്നത പഠനത്തിന് അർഹത നേടിയെന്നും എത്ര കുട്ടികൾ അർഹത നേടിയില്ല എന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

ഉന്നത പഠനത്തിന് അർഹത നേടിയവർ- 2604.

ഉന്നത പഠനത്തിന് അർഹത നേടാത്തവർ-189.

(സി) വയനാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂൾ ഏതാണ്?

ഗവൺമെന്റ് എച്ച്.എസ്.പനമരം.

(ഡി) പ്രസ്തുത ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആകെ എണ്ണവും അതിൽ ഉപരിപഠനത്തിന് അർഹത നേടിയവരുടെ ആകെ എണ്ണവും സംബന്ധിച്ച വിവരം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന പുരോഗതി**

211 **(3208)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കൂളുകളിൽ പഠനം നടത്തുന്നുണ്ടെന്ന വിവരം സ്കൂൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ 2021-22 അദ്ധ്യയന വർഷം 4432 കുട്ടികൾ പഠനം നടത്തുന്നുണ്ട്. സ്കൂൾ തിരിച്ചുള്ള കണക്ക് അനുബന്ധം- 1 ആയി ചേർക്കുന്നു.+

ഹയർ സെക്കന്ററി വിഭാഗത്തിൽ 104 കുട്ടികൾ പഠനം നടത്തുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂൾ തിരിച്ചുള്ള കണക്ക് അനുബന്ധം- 2 ആയി ചേർക്കുന്നു.+

(ബി) ഇവരുടെ പഠന പുരോഗതിക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

മധ്യവേനലവധിക്കുശേഷം സ്കൂൾ തുറന്ന് ആദ്യ ആഴ്ചകളിലായി അംഗീകൃത പ്രീ- പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽ പ്രീ-പ്രൈമറി, 1, 5, 8, 11 ക്ലാസുകളിലെ കുട്ടികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് മുഴുവൻ പഠിതാക്കളിൽനിന്നും ഭിന്നശേഷിയുള്ള കുട്ടികളെ (CWSN) സർവ്വേ നടത്തി കണ്ടെത്തുന്നു. ഇവരുടെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തി അവർക്കാവശ്യമായ പഠനപിന്തുണ സഹായികൾ ഏതെന്ന് കണ്ടെത്തുന്നു. ഓർത്തോട്ടിക് ഉപകരണങ്ങൾ, ശ്രവണ സഹായികൾ, കണ്ണടകൾ, ബ്രെയ്ലി ഉപകരണങ്ങൾ തുടങ്ങിയ ഗുണനിലവാരമുള്ള ഉപകരണങ്ങൾ ടെണ്ടർ, ക്വട്ടേഷൻ, സ്പോൺസർഷിപ്പ് എന്നീ രീതികളിൽ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുകയും അവയുടെ ഉപയോഗം പരിചയപ്പെടുത്തുകയും പിന്തുണ നൽകുകയും ചെയ്യുന്നു. ഈ കാര്യങ്ങൾക്കെല്ലാം എസ്.എസ്.കെ.-യുടെ കീഴിൽ സ്കൂളുകളിൽ നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് സഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നു.

തിങ്കൾ - ചൊവ്വ, വ്യാഴം - വെള്ളി ദിവസങ്ങളിൽ സെക്കന്ററി, പ്രൈമറി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ അവർക്ക് നിശ്ചയിച്ചിട്ടുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പഠന പിന്തുണ നൽകുന്നു.

പാഠഭാഗങ്ങൾ ഭിന്നശേഷി കുട്ടികൾക്ക് പിന്തുടരാൻ സാധിക്കുന്ന രീതിയിൽ അനുരൂപീകരണം നടത്തി, ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇവർക്ക് പൊതുവായ ക്ലാസുകളിൽ തന്നെ പഠനപിന്തുണ നൽകുന്നു. അദ്ധ്യാപക പരിശീലനത്തിൽ അനുരൂപീകരണം ഉൾച്ചേർക്കുന്നു. ഓട്ടിസം ഡേ, വൈറ്റ് കെയ്ൻ ഡേ, ബ്രെയ്ലി ഡേ തുടങ്ങിയ ദിനാചരണങ്ങൾ സമുചിതമായി ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി ആഘോഷിക്കുന്നു.

ഭിന്നശേഷി കുട്ടികൾക്ക് യാത്രാ അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ് എന്നിവ നൽകി പിന്തുണയ്ക്കുന്നു. 2021-22 അധ്യയന വർഷത്തിൽ സ്കൂളുകൾ നവംബർ മാസത്തിലാണ് തുറന്നത് എന്നതിനാൽ 3,000/- രൂപ (യാത്ര), 2,000/- രൂപ (എസ്കോർട്ട്), 1,500/- രൂപ (റീഡർ അലവൻസ്), 2,000/- രൂപ (ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്) എന്നീ വിധത്തിലാണ് നൽകിയത്.

എസ്.എസ്.എൽ.സി, ഹയർസെക്കന്ററി പരീക്ഷകൾക്ക് മുന്നോടിയായി ഈ വിഭാഗം കുട്ടികളുടെ പഠനവൈകല്യങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തി വേണ്ട പരിഗണനകൾ നൽകാനുള്ള കാര്യങ്ങൾ ചെയ്യുന്നു.

(സി) പൂർണ്ണമായും വീടുകളിൽ കഴിയുന്ന/കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ വയനാട് ജില്ലയിൽ ഉണ്ടെന്ന കണക്ക് പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

പൂർണ്ണമായും വീടുകളിൽ കഴിയുന്ന/കിടപ്പിലായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 293 വിദ്യാർത്ഥികൾ വയനാട് ജില്ലയിലുണ്ട്. പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് അനുബന്ധം-3 ആയി ചേർക്കുന്നു.+

(ഡി) ഇത്തരം വിദ്യാർത്ഥികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കിടപ്പിലായ കുട്ടികളുടെ വീടുകൾ ബുധനാഴ്ചകളിൽ സന്ദർശിച്ച് സ്പെഷ്യൽ എഡ്യുക്കേറ്റർമാർ ഹോം ബേസ്ഡ് എഡ്യുക്കേഷൻ നൽകുന്നു. ഇത്തരം കുട്ടികൾക്ക് അനുദിനം ആവശ്യമുള്ള ഡയപ്പറുകൾ, ബെഡ് വിത്ത് കമ്മോഡ്, വാട്ടർ ബെഡ് മുതലായവയും ആവശ്യാനുസരണം നൽകുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട്ടിലെ വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി ബി.ആർ.സി. പരിധികളിലുള്ള 7 ഓട്ടിസം സെന്റർ തെറാപ്പി കേന്ദ്രങ്ങളിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ആയമാർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ എന്നിവരുടെ ഉത്തരവാദിത്വത്തിൽ തെറാപ്പികളും റെമഡിയൽ ടീച്ചിംഗും നൽകുന്നു.

അവധിക്കാലത്ത് ഭിന്നശേഷി കുട്ടികൾക്കായി ജീവിത നൈപുണി യാത്ര, സഹവാസ ക്യാമ്പുകൾ എന്നിവ ബി.ആർ.സി.-കളുടെ മേൽനോട്ടത്തിൽ വിദഗ്ധരുടെ സഹായത്താൽ നടത്തുന്നു.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കരകൗശല നിർമ്മാണ പരിശീലനം (CRAFT) നൽകുന്നു.

മേൽവിവരിച്ച പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിന് ജില്ലാ തലത്തിൽ ചാർജ്ജുള്ള ഒരു പ്രോഗ്രാം ഓഫീസർ, ബി.ആർ.സി.-കളിൽ ഓരോ ട്രെയിനർമാർ എന്നിവർക്കൊപ്പം ജില്ലയിൽ 67 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും പ്രവർത്തിക്കുന്നു.

വയനാട് ജില്ലയിൽ പ്രവർത്തിക്കുന്ന 112 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സഹായവും ഭിന്നശേഷിക്കാർക്കായുള്ള ക്യാമ്പുകളിലും പഠനപുരോഗതി പ്രവർത്തനങ്ങളിലും ഉപയുക്തമാക്കുന്നു.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ തീർപ്പാക്കുന്നതിനുള്ള നടപടി**

212 **(3209)** <u>ശ്രീ. കെ. പി. എ. മജീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തലത്തിലുള്ള ഒരു അദ്ധ്യാപകൻ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം അപേക്ഷയിൽ തീർപ്പ് കൽപ്പിക്കേണ്ടതുണ്ട്; അറിയിക്കാമോ; മലപ്പുറം ആർ.ഡി.ഡി. ഓഫീസിൽ ഇത്തരം അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വരുന്ന അകാരണമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒരു മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ അപേക്ഷാതുകയുടെ പരിധി അനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ/ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകി അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമാകുന്ന മുറയ്ക്ക് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ തലങ്ങളിൽ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചാണ് തീർപ്പാക്കേണ്ടത്. ആയതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അപേക്ഷ തീർപ്പാക്കുന്നതിന്

ഒരു നിശ്ചിത സമയപരിധി നിർണ്ണയിക്കാൻ സാധിക്കുകയില്ല. ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഭരണപരമായ കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ.

(ബി) പ്രസ്തുത ഓഫീസിൽ 15-06-2020-നശേഷം വന്ന അപേക്ഷകളിൽ ഏതിനെങ്കിലും ഇനിയും ഉത്തരവിറക്കാനോ ഉത്തരവായതിനുമേൽ ബിൽ പാസ്സാക്കാനോ ഉണ്ടെങ്കിൽ ആയതിനുള്ള കാരണം ഉൾപ്പെടെ വിശദവിവരം നൽകാമോ?

15-06-2020 മുതൽ 15-06-2022 വരെ പ്രസ്തുത ഓഫീസിൽ 352 അപേക്ഷകൾ ലഭ്യമായതിൽ 25 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിലെ പി.പി.എം.എച്ച്.എസ്.എസ്. കൊട്ടുക്കരയിലെ ഹയർ സെക്കണ്ടറി അദ്ധ്യാപകൻ ശ്രീ. സമീർ പി. സി -യുടെ മാതാവിന്റെ ചികിത്സാർത്ഥം നൽകിയ അപേക്ഷയിന്മേൽ, അപേക്ഷാ തീയതി മുതൽ ഇതുവരെ സ്വീകരിച്ച നടപടികൾ, തീയതി സഹിതം വിശദമാക്കാമോ?

ശ്രീ. സമീർ പി. സി.-യുടെ ഒന്നിലധികം അപേക്ഷകൾ മലപ്പുറം

മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നു. അതിൽ 11-08-2020-ൽ ലഭിച്ച അപേക്ഷ 08-09-2020 - ൽ മലപ്പുറം മെഡിക്കൽ ഓഫീസർക്ക് പരിശോധനയ്ക്ക് നൽകുകയും ആയത് അനുവദനീയ തുക രേഖപ്പെടുത്തി ലഭ്യമായതിനുശേഷം 03-01-2022-ൽ അപേക്ഷകന് 19,291/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

ശ്രീ. സമീർ പി. സി. -യുടെ 11-08-2020 - ന് ലഭിച്ച മറ്റൊരു അപേക്ഷ ന്യൂനതകൾ പരിഹരിച്ച് 02-06-2021 - ൽ പുനർസമർപ്പിച്ചതിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് നൽകി 05-10-2021 - ൽ തിരികെ ലഭിക്കുകയുണ്ടായി. പ്രത്യേകാനുമതിക്കായി 23-10-2021 - ൽ ലഭ്യമായ അപേക്ഷയിന്മേൽ 23-12-2021 - ലെ ഉത്തരവ് പ്രകാരം 1,75,865/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഫയലിൽ പണം അനുവദിച്ച് ഉത്തരവായെങ്കിലും ഇതുവരെയും ട്രഷറിയിൽ ബിൽ പാസ്സാകാതിരുന്നത് എന്ത് കാരണത്താലാണെന്ന് വിശദമാക്കാമോ; ഇതിൽ മലപ്പുറം ആർ.ഡി.ഡി. ഓഫീസിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം അവസാനമാണ് ടി ബില്ലുകൾ മലപ്പുറം

മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിൽ ലഭ്യമായത്. സാമ്പത്തിക വർഷം കഴിഞ്ഞുപോയതിനാലും ബില്ലുകൾ മാറാൻ സാധിക്കാത്തതിനാലും ഉത്തരവ് പുതുക്കിനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ടി വിഷയത്തിൽ ഭരണപരമായ കാലതാമസം മാത്രമേ സംഭവിച്ചിട്ടുള്ളൂ.

(ഇ) ഫയലുകൾ അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യാറുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ ഫയൽ വൈകിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫയലുകൾ അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യാറുണ്ട്. ഈ വിഷയത്തിൽ അകാരണമായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

213 **(3210)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാമിഷന്റെ തുല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ വിവരം സൂക്ഷിക്കാത്തതും വ്യാജ

സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതുമായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അന്വേഷണം നടത്തിയിരുന്നു. സാക്ഷരതാ മിഷൻ തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് നടത്തുന്ന പദ്ധതിയായ അക്ഷരശ്രീ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തിയ തുല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ വിവരം സൂക്ഷിക്കാത്തതും വ്യാജ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായും പറയപ്പെടുന്ന സംഭവം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ സംസ്ഥാന സാക്ഷരതാ മിഷനിൽനിന്നും വ്യാജ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടില്ലെന്നും ടി സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സംസ്ഥാന സാക്ഷരതാ മിഷനിൽ സൂക്ഷിച്ചിട്ടുള്ളതാകുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്ന ഘട്ടത്തിൽ പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്തതുകാരണം തിരുവനന്തപുരം നഗരസഭയിലെ സാക്ഷരതാ മിഷന്റെ അക്ഷരശ്രീ ഓഫീസിൽ മാറ്റിസൂക്ഷിച്ചിരുന്ന സർട്ടിഫിക്കറ്റുകളാണ് വ്യാജ സർട്ടിഫിക്കറ്റെന്ന രീതിയിൽ പ്രചരിപ്പിക്കപ്പെട്ടത്. അക്ഷരശ്രീ ഓഫീസിൽ തന്നെ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ തന്നെ

ടി സർട്ടിഫിക്കറ്റുകൾ കൈക്കലാക്കി സംസ്ഥാന സാക്ഷരതാ മിഷനെയും സർക്കാരിനെയും അപകീർത്തിപ്പെടുത്തുന്നതിനുവേണ്ടി വ്യാജ സർട്ടിഫിക്കറ്റ് വിതരണം ചെയ്തെന്ന് ദൃശ്യമാധ്യമത്തിലൂടെയും മറ്റും വ്യാജ പ്രചരണം നടത്തുകയുമാണുണ്ടായതെന്നും അന്വേഷണത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ടി സംഭവത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ അന്വേഷണം നടത്തി കുറ്റക്കാരനെന്ന് കണ്ടെത്തിയ ജീവനക്കാരനെ സംസ്ഥാന സാക്ഷരതാ മിഷനിൽനിന്നും മാനദണ്ഡങ്ങൾ പാലിച്ച് പുറത്താക്കിയിട്ടുള്ളതാണ്.

(സി) സാക്ഷരതാ മിഷന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിലും കാര്യക്ഷമമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കാൻ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ജനകീയ കാമ്പെയിനിലൂടെ പഠിതാക്കളെ കണ്ടെത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നഗരസഭാതലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സംഘാടക സമിതികൾ രൂപീകരിച്ചും അവരുടെ മേൽനോട്ടത്തിലും

നിയന്ത്രണത്തിലും കൂടുതൽ ജനകീയമാക്കിയുമാണ് സാക്ഷരതാ മിഷന്റെ വിവിധങ്ങളായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നത്.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

214 **(3211)** ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) ഫയലുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) സമയബന്ധിതമായി ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(ബി & സി) ഉണ്ട്. വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ജൂൺ 15 മുതൽ ഫയൽ തീർപ്പാക്കൽ യജ്ഞം ആരംഭിച്ചിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ ആക്ഷൻ പ്ലാൻ പ്രകാരം അദാലത്തുകൾ നടത്തി സെപ്റ്റംബർ 30 നകം കെട്ടിക്കിടക്കുന്ന ഫയലുകൾ

തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിൽ സ്കൂൾ ബസ്സുകളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

215 **(3212)** <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കൂൾ ബസ്സുകൾ ഉള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഓരോ സ്ഥാപനത്തിലും എത്ര ബസ്സുകൾ വീതമുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകൾ വാങ്ങി നൽകിയ ഏജൻസികൾ ഏതെല്ലാമാണെന്നും സ്വന്തമായി ബസ്സുകൾ വാങ്ങിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും ഇത്തരത്തിലുള്ള ബസ്സുകളിൽ നിലവിൽ പ്രവർത്തനക്ഷമമായ ബസ്സുകൾ എത്രയാണെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

(എ & ബി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കൂൾ ബസ്സുകളുള്ള സ്ഥാപനങ്ങൾ, ബസ്സുകളുടെ എണ്ണം, ബസ്സുകൾ വാങ്ങി നൽകിയ ഏജൻസികൾ, നിലവിൽ പ്രവർത്തനക്ഷമമായ ബസ്സുകൾ എന്നിവ സംബന്ധിച്ചുള്ള വിശദ വിവരം

അനുബന്ധം 1+, അനുബന്ധം 2+ എന്നിവയായി ചേർത്തിരിക്കുന്നു.

(സി) നിലവിൽ സ്കൂൾ ബസ്സുകൾ ഇല്ലാത്ത സ്കൂളുകൾ ഏതെല്ലാമാണെന്ന വിവരം ലഭ്യമാക്കുമോ?

നിലവിൽ ബസ്സുകൾ ഇല്ലാത്ത സ്കൂളുകളുടെ വിശദാംശം അനുബന്ധം - 3+, അനുബന്ധം - 4+ എന്നിവയായി ചേർത്തിരിക്കുന്നു.

**എ.ഐ.പി. സ്കൂളുകളിലെ അധ്യാപകരുടെ നിയമനാംഗീകാരം**

216 **(3213)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.പി. സ്കൂളുകളിലെ നിയമനാംഗീകാരം ലഭിക്കാത്ത അർഹതയുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച ജി.ഇ.ഡി.എൻ.-ഡി1/47/2019 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിൻപ്രകാരം എത്ര അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; പ്രസ്തുത അദ്ധ്യാപകരുടെയും സ്കൂളുകളുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കണമെങ്കിൽ ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എപ്പോൾ നിയമനാംഗീകാരം നല്കുമെന്ന് വിശദമാക്കുമോ?

(എ - സി)വിഷയം പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാവൂ.

**ഓപ്പൺ സ്കൂൾ സംരംഭം നടത്തിവരുന്ന പദ്ധതികൾ**

217 **(3214)** <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.-യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ സംരംഭം നിലവിൽ നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ എസ്.സി.ഇ.ആർ.ടി.-യിൽനിന്നും വേർപെടുത്തി, പുന:സംഘടിപ്പിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യൂക്കേഷൻ കേരള (സ്കോൾ-കേരള) എന്ന പേരിൽ നിലവിൽ പ്രവർത്തിച്ചുവരുന്നു. വിവിധ കാരണങ്ങളാൽ റെഗുലർ പഠനത്തിന് സാധിക്കാത്ത വിദ്യാർത്ഥികൾക്ക് തുടർപഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ

കോഴ്സുകൾ നടത്തുന്നു. നിലവിൽ സ്കോൾ-കേരള മുഖേന നടത്തിവരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു.

I) ഹയർ സെക്കന്ററി-ഓപ്പൺ റെഗുലർ കോഴ്സ്-സയൻസ് ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിലെ തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ തുടർപഠനത്തിന് അവസരം.

II) ഹയർ സെക്കന്ററി-പ്രൈവറ്റ് രജിസ്ട്രേഷൻ ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ പ്രാകടിക്കൽ ഇല്ലാത്ത തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ തുടർ പഠനത്തിന് അവസരം;

III) ഹയർ സെക്കന്ററി- സ്പെഷ്യൽ കാറ്റഗറി (പാർട്ട് III) ഒരു സബ്ജക്ട് കോമ്പിനേഷനിൽ ഹയർ സെക്കന്ററി കോഴ്സ് വിജയിച്ചവർക്ക് പഠിച്ച കോഴ്സ് റദ്ദ് ചെയ്യാതെ നിബന്ധനകൾക്ക് വിധേയമായി പാർട്ട് III-ൽ മറ്റൊരു സബ്ജക്ട് കോമ്പിനേഷനിലെ വിഷയങ്ങൾ പഠിക്കാനുള്ള അവസരം.

IV) ഹയർ സെക്കന്ററി രണ്ടാം വർഷ പ്രവേശനം/പുന:പ്രവേശനം ഹയർസെക്കന്ററി ഒന്നാം വർഷം പഠനം പൂർത്തിയാക്കി രണ്ടാം വർഷ പഠനം മുടങ്ങിയവർക്ക് നിബന്ധനകൾക്ക് വിധേയമായി രണ്ടാംവർഷ പ്രവേശനം.

V)വൊക്കേഷണൽ ഹയർസെക്കന്ററി റെഗുലർ കോഴ്സിന് (ബി) ഗ്രൂപ്പ്

തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കാനുള്ള അവസരം.

VI)ഹയർസെക്കന്ററി റെഗുലർ പഠനത്തോടൊപ്പം സമാന്തരമായും അല്ലാതെയും തൊഴിലധിഷ്ഠിത കോഴ്സായ ഡി.സി.എ.(ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ) പഠിക്കുന്നതിനുള്ള അവസരം.

VII) ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ എന്ന കോഴ്സ് ആരംഭിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമേ ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ, ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഓപ്പൺ സ്കൂൾ സംരംഭം കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ-കേരളയുടെ നേട്ടങ്ങൾ (ഉദ്ദേശ്യലക്ഷ്യങ്ങൾ) അനുബന്ധമായി ചേർക്കുന്നു+.

(സി) ഓപ്പൺ സ്കൂൾ മേഖലയിൽ നിലവിൽ തുടർന്നുവരുന്ന പ്രവർത്തനങ്ങളിലൂടെ പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്ന തരത്തിൽ ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം പുനഃക്രമീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

218 **(3215)** ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സർക്കാർ സ്കൂളുകൾക്കും സുരക്ഷിതമായ കെട്ടിടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ചെമ്പൂച്ചിറയിൽ ഉൾപ്പെടെ നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ അപാകതയും ക്രമക്കേടുകളും കണ്ടെത്തിയ

സാഹചര്യത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾക്ക് അവ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട എഞ്ചിനീയർമാരിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടേണ്ടതുണ്ട്. ടി എഞ്ചിനീയർമാരുടെ പരിശോധനയ്ക്കുശേഷം പ്രസ്തുത സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങളിൽ മാത്രമേ സ്കൂൾ ക്ലാസ്സുകൾ പ്രവർത്തിക്കാവൂ എന്നും സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകൾ പ്രവർത്തിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ അതത് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്കൂളുകൾ സന്ദർശിച്ച് പരിശോധനകളും ആവശ്യമായ നിർദ്ദേശങ്ങളും നൽകി വരുന്നു. കൂടാതെ കിഫ്ബി മുഖേന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടക്കുമ്പോൾ അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പതിവ് പരിശോധനകളും തിരുത്തൽ നടപടിക്രമങ്ങളും ‘ Auto Lab/Quality Audit’ എന്നിവയും നടത്തി

വരുന്നു. ചെമ്പൂച്ചിറ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടവും ഗുണനിലവാരവും ഉറപ്പാക്കുന്നതിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ M/s WAPCOS Ltd എന്ന കേന്ദ്രസർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ സർക്കാർ സ്കൂളുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,ഇടുക്കി എന്നീ ജില്ലകളിൽ സർക്കാർ സ്കൂളുകൾ വാടക്കെകെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. സംസ്ഥാനത്ത് പൂർണ്ണമായോ, ഒരു ക്ലാസ് മുറിയെങ്കിലുമോ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മറ്റു ജില്ലകളിലെ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

എറണാകുളം - 1

പാലക്കാട് - 12

കോഴിക്കോട് - 12

കണ്ണൂർ - 23

തൃശ്ശൂർ - 11

മലപ്പുറം - 14

വയനാട് - 2

കാസർഗോഡ് - 3

സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം ആവശ്യമുള്ള സ്കൂളുകൾക്ക് ആയത് നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചുവരുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചില സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലപരിമിതി, സ്വന്തമായി സ്ഥലമില്ല എന്നീ കാര്യങ്ങൾ തടസ്സമായി കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി 2019-2020-ലെ സംസ്ഥാന ബഡ്ജറ്റ് ഖണ്ഡിക 104 പ്രകാരം സ്ഥലമില്ലാത്ത/സ്ഥല പരിമിതിയുള്ള സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യു.എസ്. സംവരണം

219 **(3216)** <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷ ഏർപ്പെടുത്തിയതിന് പിന്നിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ.ആക്ട്)

അദ്ധ്യാപകരുടെ നിയമനകാര്യത്തിൽ നിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ധ്യാപകരായി നിയമിക്കപ്പെടുന്ന വ്യക്തികൾക്ക് അദ്ധ്യയനത്തിന്റെ എല്ലാ നിലയിലുമുള്ള വെല്ലുവിളികളെ സമർത്ഥമായി നേരിടാനുള്ള അത്യാവശ്യ അഭിരുചിയും കഴിവും ഉണ്ടാകേണ്ടതുണ്ട്. കേരളത്തിൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാനുള്ള നിലവാരം നിർണ്ണയിക്കുന്നതിനായി നടത്തപ്പെടുന്ന യോഗ്യതാ പരീക്ഷയാണ് കെ-ടെറ്റ്. അദ്ധ്യാപക യോഗ്യതാനിർണ്ണയ പരീക്ഷയെ അദ്ധ്യാപകരാകാനുള്ള അടിസ്ഥാന യോഗ്യതയായി ഉൾപ്പെടുത്തിയതിലെ ഔചിത്യം ചുവടെ ചേർക്കുന്നു.

1. അദ്ധ്യാപക നിയമനത്തിൽ ദേശീയ നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്താൻ സാധിക്കും.
2. അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയിലെ വിദ്യാർത്ഥികളും അവരുടെ പ്രവർത്തന നിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കും.
3. അദ്ധ്യാപക നിലവാരം ഉറപ്പ് വരുത്തുന്നതിൽ സർക്കാർ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നുണ്ടെന്ന സന്ദേശം എല്ലാവരിലും എത്തിക്കാൻ കഴിയും. അദ്ധ്യാപനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വെല്ലുവിളികളെ

നേരിടുന്നതിനുള്ള കഴിവും അഭിരുചിയും ഉള്ളവരാണ് അദ്ധ്യാപകർ എന്ന് ഉറപ്പുവരുത്തുന്നതിന് ഈ പരീക്ഷ സഹായകമാകും.

(ബി) കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടുന്നതിനായി ഏതെല്ലാം വിഭാഗങ്ങൾക്കാണ് മാർക്കിൽ ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കെ-ടെറ്റ് പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള പാസ്സ് മാർക്ക് എത്ര ശതമാനം വീതം ആണെന്ന് അറിയിക്കുമോ;

(ബി & സി) 15-03-2017-ലെ സ.ഉ.(കൈ)നം.18/2017/പൊ.വി.വ. പ്രകാരം ജനറൽ വിഭാഗക്കാർക്ക് 60 ശതമാനം (90 മാർക്ക്), എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗക്കാർക്ക് 55 ശതമാനം (82 മാർക്ക്) പി.എച്ച്. വിഭാഗക്കാർക്ക് 50 ശതമാനം (75 മാർക്ക്) ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിൽ ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് യോഗ്യതാ മാർക്കിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് കെ-ടെറ്റ് യോഗ്യതാ മാർക്കിൽ ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) മറ്റെല്ലാ മേഖലകളിലും ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് സംവരണവും മറ്റാനുകൂല്യങ്ങളും നൽകുമ്പോൾ കെ-ടെറ്റിന്റെ യോഗ്യതാ മാർക്കിൽ മാത്രം ഇളവ് അനുവദിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എൻ.സി.റ്റി.ഇ. മാനദണ്ഡപ്രകാരമാണ് ഓരോ വിഭാഗത്തിനും കെ-ടെറ്റ് പാസ് മാർക്കിളവ് അനുവദിച്ചിട്ടുള്ളത്. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് സി-ടെറ്റ് പരീക്ഷയ്ക്കും മാർക്കിളവ് നൽകിയിട്ടില്ല. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് മാർക്കിളവ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ സീനിയോരിറ്റി അവഗണിക്കുന്നതായ പരാതി

220 **(3217)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ/ട്രാൻസ്ഫർ നൽകുമ്പോൾ വകുപ്പിലെ സീനിയറായ ജീവനക്കാരെ അവരുടെ അപേക്ഷപ്രകാരം പരിഗണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (മുൻ

ഡി.പി.ഐ.) നിയന്ത്രണത്തിൽ സീനിയർ/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നടത്തുന്നത് 25-02-2017-ലെ ജി.ഒ.(പി)നം. 3/2017/ഉ.ഭ.പ.വ.-ലെ വ്യവസ്ഥകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സ്പാർക്ക് മുഖാന്തരം ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ഇപ്രകാരം സ്ഥലംമാറ്റം നടത്തിക്കഴിയുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ സീനിയോറിറ്റി ക്രമപ്രകാരം പ്രൊമോഷൻ നടത്തിയാണ് നികത്തുന്നത്. പ്രൊമോഷന് അർഹതയുള്ള ജീവനക്കാരുടെ ഭരണപരമായ കാര്യനിർവ്വഹണശേഷിയും ഫീഡർ കാറ്റഗറിയിലെ മുൻകാല സേവന പരിചയവും കാര്യപ്രാപ്തിയും വിലയിരുത്തിയാണ് സ്ഥാനക്കയറ്റ നിയമനം നൽകിവരുന്നത്. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഇത്തരം പരാതികൾ ലഭ്യമായതായി കാണുന്നില്ല.

(ബി) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

പരാതികൾ ലഭിച്ചിട്ടുണ്ട്. പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന കാലഘട്ടങ്ങളിൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും അതത് കാലഘട്ടങ്ങളിൽ പരിശോധിച്ച് നിലവിലുള്ള സർക്കാർ നിബന്ധനകൾക്കും

മാനദണ്ഡങ്ങൾക്കും അനുസൃതമായി പരിഹരിച്ചുവരുന്നു.

(സി) പ്രസ്തുത പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന കാലഘട്ടങ്ങളിൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും വ്യവസ്ഥാപിതമായി പരിശോധിച്ച് നിലവിലുള്ള സർക്കാർ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പരിഹരിച്ചുവരുന്നു.

## സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത

221 **(3218)** ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ കാഴ്ച പരിമിതി, ശ്രവണ പരിമിതി വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ 22-11-1979-ലെ ജി.ഒ.(എം.എസ്)നം.198/79/പൊ.വി.വ., 03/11/1969 -ലെ ജി.ഒ.(പി)നം.412/1969/പൊ.വി.വ., 15-05-2015-ലെ സ.ഉ.(കൈ)നം.

115/2015/പൊ.വി.വ, ഭേദഗതി ഉത്തരവുകളായ 25-08-2015-ലെ സ.ഉ.(കൈ)നം. 229/2015/പൊ.വി.വ, 11-02-2022-ലെ സ.ഉ.(കൈ)നം. 22/2022/പൊ.വി.വ എന്നിവ പ്രകാരമാണ്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-I ആയി വയ്ക്കുന്നു+.

(ബി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കാഴ്ച പരിമിതി, ശ്രവണ പരിമിതി വിദ്യാലയങ്ങൾ സർക്കാർ തലത്തിൽ 7-ഉം, എയ്ഡഡ് തലത്തിൽ 36-ഉം ആണ് ഉള്ളത്. ആയത് അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു+.

(സി) ബഡ്സ് സ്കൂളുകളിലെ അദ്ധ്യാപക നിയമന യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ബഡ്സ് സ്കൂളുകളിലെ അദ്ധ്യാപകരെ നിയമിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അദ്ധ്യാപക നിയമന യോഗ്യതകൾ ചുവടെ ചേർക്കുന്നു.

1) B.Ed Special Education (MR, CP Autism)

2) D.Ed Special Education (MR, CP Autism, HI, VI)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) Diploma in Early Childhood Special Education- MR(DECSE-MR)

4) Diploma in Community Based Rehabilitation

5) Diploma in Vocational Rehabilitation

6) Diploma in Special Education (DSE)

7) Assistant Teacher (without Special Training)-Plus Two

(ഡി) പൊതു വിദ്യാലയങ്ങളിലെ സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമന യോഗ്യതകൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

പൊതു വിദ്യായലയങ്ങളിലെ റിസോഴ്സ് അദ്ധ്യാപകരുടെ യോഗ്യതകൾ

1. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.

2. പ്രൊഫിഷ്യൻസി ഇൻ ദി കൺസേൺഡ് ക്രാഫ്റ്റ്/ട്രെയിഡ് തുടങ്ങിയവ.

1) റിസോഴ്സ് ടീച്ചർ

എ) ബി.എ., ബി.എസ്.സി അല്ലെങ്കിൽ ബി.കോം.

ബി) എൽ.റ്റി., ബി.റ്റി. അല്ലെങ്കിൽ ബി.എഡ്.

സി) ലോവർ സർട്ടിഫിക്കറ്റ്/ജൂനിയർ ഡിപ്ലോമ ഇൻ ടീച്ചിംഗ് ദി ബ്ലൈൻഡ്

ഡി) അന്ധ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിൽ 5 വർഷത്തെ പരിചയം.

**ബദൽ സ്കൂളുകൾ**

222 **(3219)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ പ്രവർത്തിച്ചുവന്നിരുന്ന ബദൽ സ്കൂളുകൾ നിർത്തലാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങൾ (എം.ജി.എൽ.സി.) നിർത്തലാക്കുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത എം.ജി.എൽ.സി.-കൾ അടച്ചുപൂട്ടി അവയിലെ വിദ്യാർത്ഥികളെ തൊട്ടടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ എത്തിച്ച് കുട്ടികൾക്ക് പ്രഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യംവെയ്ക്കുന്നത്.

(ബി) യാതൊരു മുന്നൊരുക്കങ്ങളും കൂടാതെ ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിനുള്ള ഉത്തരവ് ഇറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് എം.ജി.എൽ.സി.-കളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ, ഉപജില്ലാ

വിദ്യാഭ്യാസ ആഫീസർ, ബി.പി.സി. എന്നിവരുടെ നേതൃത്വത്തിൽ എം.ജി.എൽ.സി.-കൾ സന്ദർശിച്ചതിന്റെയും വിശദമായ ചർച്ചകൾ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും വിശദമായി പഠിക്കുകയും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തതിനുശേഷമാണ് ബദൽ സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുത്തത്. ക്ലാസ്സ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്ക് ആയി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സി.-കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്. എം.ജി.എൽ.സി.-യിലെ വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കുന്ന എം.ജി.എൽ.സി.-കളിലെ വിദ്യാർത്ഥികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.കെ. എന്നീ സംവിധാനങ്ങളിലൂടെ സ്കൂളുകളിൽ എത്തിക്കേണ്ടത് അനിവാര്യമായി വന്നുചേർന്നത്.

(സി) ഏറനാട് മണ്ഡലത്തിൽ ബദൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നത്

എവിടെയെല്ലാമാണെന്നും അവയിൽ ഏതെല്ലാം സ്കൂളുകൾ നിർത്തലാക്കുന്നതിനാണ് ഉത്തരവ് ഇറക്കിയതെന്നും വെളിപ്പെടുത്തുമോ?

ഏറനാട് മണ്ഡലത്തിൽ അരിമംഗലം, മേൽമുറി എന്നീ രണ്ട് എം.ജി.എൽ.സി.-കളാണ് ഉണ്ടായിരുന്നത്. പ്രസ്തുത എം.ജി.എൽ.സി.-കൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 03.06.2022-ലെ ഉത്തരവ് പ്രകാരം പ്രസ്തുത എം.ജി.എൽ.സി.-കൾ താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്.

(ഡി) ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിന് ആരാണ് ശിപാർശ നല്കിയതെന്നും നിർത്തലാക്കിയ സ്കൂളുകളിലെ കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളെ (ബദൽ സ്കൂളുകൾ) സംബന്ധിച്ച് വിശദമായ വിവരശേഖരണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെയും ശിപാർശയുടെയും വിശദമായ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് ടി സ്കൂളുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചത്. അടച്ചുപൂട്ടുന്ന എം.ജി.എൽ.സി.-കളിലെ വിദ്യാർത്ഥികളെ തൊട്ടടുത്ത പൊതുവിദ്യാലയങ്ങളിൽ

എത്തിക്കുന്നതിന് പ്രാദേശിക ഭരണകൂടത്തിന്റെയും സമഗ്രശിക്ഷ കേരളയുടെയും സഹായത്താൽ യാത്രാസൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് അദ്ധ്യാപക തസ്തികയിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

നിർത്തലാക്കുന്ന എം.ജി.എൽ.സി.-കളിലെ വിദ്യാവോളന്റിയർമാർക്ക് അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള പി.റ്റി.സി.എം./എഫ്.റ്റി.എം. തസ്തികയിലാണ് നിയമനം നൽകിയിട്ടുള്ളത്. അദ്ധ്യാപക തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

## വിദ്യാകിരണം ലാപ്ടോപ്പ് പദ്ധതി

223 **(3220)** <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാകിരണം ലാപ്ടോപ്പ് പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ?

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമായ കുട്ടികളുടെ വിശദാംശങ്ങൾ 2021 ജൂലൈയിലാണ് ശേഖരിച്ചത്. പ്രസ്തുത വിവരശേഖരണം അനുസരിച്ച് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത 4.7 ലക്ഷം കുട്ടികളാണ് ഉണ്ടായിരുന്നത്. എന്നാൽ സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ഇടപെടൽമൂലം സെപ്റ്റംബർ 15-ഓടെ ഇത് 3.7 ലക്ഷമായും ഒക്ടോബർ ആദ്യം 3.63 ലക്ഷമായും കുറയുകയുണ്ടായി. സാമൂഹ്യ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി 45789 കുട്ടികൾക്ക് ലാപ്ടോപ്പ് ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി എത്ര തുക പിരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; നിലവിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലൂടെ എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ട് 14 ബാങ്കുകളിലായുള്ള അക്കൗണ്ടുകളിൽ 06-07-2022 വരെ ആകെ 3,01,93,153/-രൂപ

ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ നാളിതുവരെ എത്ര ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണ വിജയമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ആദ്യഘട്ടമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന 35569 പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ പഠിക്കുന്ന 9744 പട്ടികജാതി വിഭാഗം കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമല്ലാത്ത മറ്റ് വിഭാഗം കുട്ടികൾക്കും ഉൾപ്പെടെ ഇതുവരെ 45789 കുട്ടികൾക്ക് ലാപ്ടോപ്പ്, വിദ്യാകിരണം പദ്ധതയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോൾ നടന്നു വരികയാണ്. വിലയിരുത്തലിന് സമയമായിട്ടില്ല.

## ആശ്രിതനിയമനം

224 **(3221)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ആശാദേവി എം. എസ്.-ന്റെ അവകാശിയായ

ശ്രീ. അനീഷ് കുമാർ എം. എസ്., ആശ്രിത നിയമനത്തിനായി ഫയൽ നമ്പർ 228565/2021 പ്രകാരം നൽകിയിരുന്ന അപേക്ഷയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റ് നടപടി സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ-ഹിന്ദി) അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ആശാദേവി എം. എസ്.-ന്റെ അവകാശിയായ സഹോദരൻ ശ്രീ. അനീഷ് കുമാർ എം. എസ്., ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. അനീഷ് കുമാർ എം. എസ്.-ന് ഉയർന്ന പ്രായപരിധിയായ 36 വയസ്സ് അധികരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിരസിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ആശ്രിത നിയമനത്തിന് മരണപ്പെട്ട ജീവനക്കാരന്റെ സഹോദരന് അപേക്ഷിക്കുന്നതിന് പ്രായപരിധി ബാധകമാണ്. എന്നാൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികകൾക്ക് പ്രായപരിധി ബാധകമല്ല.

(ബി) പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഫയൽ നമ്പർ നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അപേക്ഷ നിരസിച്ചതിനാൽ സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടില്ല.

(സി) ശ്രീ. അനീഷ് കുമാറിന് എത്രയും വേഗം ആശ്രിത നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രീ. അനീഷ് കുമാർ എം. എസ്., പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലേയ്ക്ക് പുനർ സമർപ്പിച്ചിരിക്കുന്ന അപേക്ഷ ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ 09-06-2022-ലെ കത്തിനൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പ്രൈമറി അധ്യാപകരുടെ പ്രൊമോഷൻ**

225 **(3222)** ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ-ഹയർസെക്കണ്ടറി വിഭാഗത്തിലേയ്ക്ക് അധിക യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരുടെ പ്രൊമോഷൻ എത്ര ശതമാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള നിയമനങ്ങൾ സമയബന്ധിതമായി

നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

(എ & ബി) പ്രൈമറി അദ്ധ്യാപക തസ്തികയിൽനിന്ന് ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് 15% ബൈട്രാൻസ്ഫർ പ്രൊമോഷന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽനിന്നും ബൈട്രാൻസ്ഫർ പ്രൊമോഷന് 20% ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് യോഗ്യരായ പ്രൈമറി അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി പ്രൊമോഷൻ നടത്തിവരുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ HSA, UPSA/LPSA, Ministerial Staff (HSE Wing), Lab Assistant വിഭാഗങ്ങളിൽനിന്നും ഓൺലൈനായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 04-07-2022-ൽ പൂർണ്ണമായി പൂർത്തിയാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരായവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ

സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

226 **(3224)** ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് പത്ത് ശതമാനമായി ഉയർന്നുവെന്നും ആയത് അഖിലേന്ത്യാ തൊഴിലില്ലായ്മ നിരക്കായ 4.8 ശതമാനത്തേക്കാൾ വളരെ കൂടുതലാണെന്നും സാമ്പത്തിക സർവ്വേ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിനുകാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ

ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.

തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചതുവഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യ മേഖലകളിലേയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കിവരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേനെ 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും 9585 പേർക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുകയും ഉണ്ടായി. 2021-2022

സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംസ്ഥാന തലത്തിൽ 5725 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന ലോൺ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൈപുണ്യവികസനം വളരെ പ്രധാനപ്പെട്ട കാര്യമായതിനാൽ കൂടുതൽ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിയർ പോളിസി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കുവേണ്ടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി).

വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവ വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ കൗൺസലർ നൽകുന്നതായിരിക്കും.

കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽനിന്ന് നൽകുന്നതായിരിക്കും. റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സരപ്പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രീ ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററിൽനിന്ന് ലഭിക്കും. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറി ഒരുക്കിയിട്ടുണ്ട്. മത്സരപ്പരീക്ഷകൾക്ക് പരിശീലനം നടത്തുന്ന ഉദ്യോഗാർത്ഥികൾക്ക് കരിയർ ലൈബ്രറി പ്രയോജനപ്പെടുത്താവുന്നതാണ്. സെൽഫ് ഹെൽപ്പ് വിഭാഗത്തിൽപ്പെട്ട മികച്ച ഗ്രന്ഥങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്.

ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയായ ധനുസ്സ് പ്രോഗ്രാം കരിയർ ഡവലപ്മെന്റ് സെന്റർ മുഖേന നടത്തിവരുന്നു. ദേശീയതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ-ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ

മൂന്നുവർഷം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**ക്ഷേമനിധി പെൻഷൻ**

227 **(3225)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി പെൻഷൻ അപേക്ഷകർക്ക് അവർ പെൻഷന് അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പെൻഷൻ അപേക്ഷയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുന്ന മാസം മുതൽക്കേ ക്ഷേമനിധി പെൻഷന് അർഹതയുള്ളൂ എന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് പെൻഷൻ ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം വരുത്തുമോ; ഇക്കാര്യം പരിശോധിച്ചിരുന്നോ;

(സി) പെൻഷൻ അപേക്ഷ നൽകിയശേഷം അതിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ്

രേഖപ്പെടുത്തുന്നതുവരെയുള്ള കാലയളവിലെ പെൻഷൻ നഷ്ടപ്പെടാതിരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി & സി) പെൻഷൻ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച് യഥാസമയം പെൻഷൻ അനുവദിക്കേണ്ടത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ഉത്തരവാദിത്തമാണ്. യഥാസമയം പെൻഷൻ അനുവദിച്ചാൽ ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകില്ല.

(ഡി) ഇതിനായി ക്ഷേമനിധി ബോർഡുകളിലെ നിയമാവലിയിൽ/ ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകൾ തങ്ങളുടെ നിയമാവലിയിൽ/ ബൈലോയിൽ ഇതിലേയ്ക്കാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

228 **(3226)** ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്.

സർക്കാർ തലത്തിൽ ക്ഷേമനിധി ബോർഡുകളുടെ യോഗം വിളിച്ചുചേർത്ത് പ്രവർത്തനം വിലയിരുത്താറുണ്ട്. കൂടാതെ ലേബർ കമ്മീഷണറും എല്ലാ ക്ഷേമനിധി ബോർഡിൽനിന്നും അതത് മാസത്തെ ആനുകൂല്യ വിതരണ റിപ്പോർട്ട് ലഭ്യമാക്കുകയും യോഗങ്ങൾ വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ബി) ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവുകൾ ആകെ ചെലവിന്റെ നിശ്ചിത ശതമാനത്തിലധികരിക്കരുതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബോർഡുകളുടെ ഭരണച്ചെലവുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ആക്ടിൽ/ പദ്ധതിയിൽ നിഷ്കർഷിക്കുകയോ സർക്കാർ നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഭരണച്ചെലവുകൾ ഉയർന്നുനിൽക്കുന്നതുമൂലം തൊഴിലാളി ക്ഷേമനിധികളിൽ അംശദായം ഉയർത്തുന്നതിന് സർക്കാർ നിർബന്ധിതമായി തീർന്നിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി ബോർഡുകളിലെ അംശദായം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ അംശദായം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുകയിൽ വലിയൊരു അംശം ഭരണപരമായ ചെലവുകൾക്ക് മാറ്റിവയ്ക്കേണ്ടി വരുന്നത് ക്ഷേമനിധികളുടെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തുന്നു എന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബോർഡുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ ബാധിച്ചിരിക്കുന്ന തരത്തിൽ ഭരണചെലവ് അധികരിച്ചിട്ടില്ല. കമ്പ്യൂട്ടർവത്ക്കരണം, Direct Benefit Transfer (DBT) ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തി ഭരണച്ചെലവ് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവുമൂലവും വർദ്ധിച്ചുവരുന്ന ഭരണച്ചെലവ്

കാരണവും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ബോർഡുകളെ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## എടരിക്കോട് ഇ.എസ്.ഐ. ആശുപത്രി

229 **(3227)** <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് കേന്ദ്രീകരിച്ച് ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ച് സ്ഥലം എം.എൽ.എ. നൽകിയ പ്രൊപ്പോസലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പ്രൊപ്പോസൽ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എടരിക്കോട് പ്രദേശത്ത് എത്ര തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എടരിക്കോട് പഞ്ചായത്തിൽ 181 സ്ഥാപനങ്ങളിലായി 1207 തൊഴിലാളികൾ ഉണ്ട്.

### അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം

230 **(3228)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽത്തന്നെ ജോലി എടുക്കാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥി തൊഴിലാളികൾക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ആവാസ് പോർട്ടൽ മുഖേന നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള അതിഥി തൊഴിലാളികളുടെ എണ്ണം 516319 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി പത്തൊൻപത്) ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇവരുടെ രജിസ്ട്രേഷൻ നടപടികൾ യഥാസമയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനും അനധികൃതമായി ഇവിടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിയുന്നവരെ തിരിച്ചറിയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തൊഴിൽ സ്ഥാപന ഉടമകൾക്കും മറ്റും നൽകിയിട്ടുള്ള നിർദ്ദേശപ്രകാരം തൊഴിലുടമകൾ, അവരുടെ കീഴിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ (തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും ഇതര സംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും ഫോട്ടോ, ഒപ്പ് എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങൾ) അതത് പോലീസ് സ്റ്റേഷനുകളിൽ നൽകിവരുന്നതും ടി വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ടി ഇതര സംസ്ഥാന തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് പരിശോധന നടത്തിവരികയും ചെയ്തുവരുന്നു. വിവരങ്ങൾ ഗസ്റ്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തേയ്ക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ ഫെസിലിറ്റേഷൻ സെന്റർ മുഖേന രജിസ്റ്റർ ചെയ്യിക്കുന്നതിന് കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-ൽ അധികം തൊഴിലാളികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്ന എല്ലാ കോൺട്രാക്ടർമാരും തൊഴിലുടമകളും ഇതരസംസ്ഥാന തൊഴിലാളികളെ

നിയമപ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് എടുക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്ന ആവാസ് രജിസ്ട്രേഷൻ, മെഡിക്കൽ ക്യാമ്പ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ " Guest App" , അതിഥി പോർട്ടൽ എന്നീ പദ്ധതികൾ പ്രകാരവും പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അതിഥി തൊഴിലാളികളുടെ വിവരശേഖരണം

231 **(3229)** <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും അവർ ഏതെല്ലാം സംസ്ഥാനത്തുനിന്നാണ് എത്തിയിട്ടുള്ളതെന്നും സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽത്തന്നെ ജോലി എടുക്കാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥി തൊഴിലാളികൾക്കായി ആവിഷ്കരിച്ച്

നടപ്പിലാക്കിവരുന്ന ആവാസ് പോർട്ടലിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള അതിഥി തൊഴിലാളികളുടെ എണ്ണം 516319 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി പത്തൊൻപത്) ആണ്. സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാനത്തേയ്ക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തേയ്ക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ ഫെസിലിറ്റേഷൻ സെന്റർ മുഖേന രജിസ്റ്റർ ചെയ്യിക്കുന്നതിന് കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-ൽ അധികം തൊഴിലാളികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്ന എല്ലാ കോൺട്രാക്ടർമാരും, തൊഴിലുടമകളും ഇതരസംസ്ഥാന തൊഴിലാളികളെ നിയമപ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് എടുക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്ന ആവാസ് രജിസ്ട്രേഷൻ, മെഡിക്കൽ ക്യാമ്പ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ " Guest App" , അതിഥി പോർട്ടൽ എന്നീ പദ്ധതികൾ പ്രകാരവും പുതുതായി എത്തിച്ചേരുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിഥി തൊഴിലാളികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

232 **(3230)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഒരു ഒഴിവിലേയ്ക്ക് എത്ര പേരെയാണ് പരിഗണിക്കപ്പെടുന്നത്; വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്ക്കാലിക നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഓരോ താത്ക്കാലിക ഒഴിവിലേയ്ക്കും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും അനുവദിച്ചിട്ടുള്ള സബ്മിഷൻ അനുപാതത്തിന്റെ പരിധിയിൽനിന്നുകൊണ്ട് മൊത്തം ഒൻപത് (9) ഉദ്യോഗാർത്ഥികളെ പരിഗണിക്കാവുന്നതാണ്. കൂടാതെ ഭിന്നശേഷി വിഭാഗക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി ഓരോ താത്ക്കാലിക ഒഴിവിനും ഓരോ എക്സ്ചേഞ്ചിൽനിന്നും ഒരു ഭിന്നശേഷി ഉദ്യോഗാർത്ഥിയെക്കൂടി അധികമായി ഉൾപ്പെടുത്തി നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്ക് നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള

സ്ഥിരനിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഒന്ന് മുതൽ അഞ്ച് വരെയുള്ള ഓരോ ഒഴിവിനും ഒരാളെ വീതവും ആറുമുതൽ പത്തു വരെയുള്ള ഒഴിവുകൾക്ക് മൊത്തം 5 പേരെയും തുടർന്നുവരുന്ന ഓരോ 10 ഒഴിവുകൾക്കും ഒരാളെ വീതം അധികമായും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നാമനിർദ്ദേശം ചെയ്ത് നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്ക് നൽകുന്നു.

(ബി) ഒരു ഒഴിവിലേയ്ക്ക് വളരെ കൂടുതൽപേരെ പരിഗണിക്കുന്നതുമൂലം കൂടുതൽ ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നതായും അവരെ നിരാശരാക്കുന്നതായുമായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കയ്യൂർ ഗവ: ഐ.ടി.ഐ. നവീകരണം**

233 **(3231)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽപ്പെട്ട

കയ്യൂർ ഗവ:ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനായി കിഫ്ബി വഴി അനുവദിച്ച തുകകൊണ്ട് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും ടെൻഡർ പൂർത്തീകരിക്കുകയും ചെയ്തുവെങ്കിലും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കയ്യൂർ സർക്കാർ ഐ.ടി.ഐ.-യെ കിഫ്ബിയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2016-ലെ ഡീറ്റെയിൽഡ് ഷെഡ്യൂൾ ഓഫ് റേറ്റ് (DSoR 2016) പ്രകാരം ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെങ്കിലും പ്രവർത്തനം ഏറ്റെടുത്ത് നടത്താൻ സാധിച്ചിട്ടില്ല. 2018-ലെ പുതുക്കിയ ഡീറ്റെയിൽഡ് ഷെഡ്യൂൾ ഓഫ് റേറ്റ് (DSoR) പ്രകാരം റീ-ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കയ്യൂർ സർക്കാർ ഐ.ടി.ഐ.-യിലെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനകം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സർവ്വോദയപുരം ഐ.ടി.ഐ.**

234 **(3232)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ആലപ്പുഴ നിയോജകമണ്ഡലത്തിലെ സർവ്വോദയപുരം ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയത്തിൽ ട്രെയിനിംഗ് ഡയറക്ടർ സാദ്ധ്യതാപഠനം നടത്തിയശേഷം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

235 **(3233)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

09-12-2020-ലെ സ.ഉ.(സാധാ)നം.1314/2020/തൊഴിൽ പ്രകാരം പടിയൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിനായി 4,97,50,000/- രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ?

കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈനിംഗ് ചെയ്യുന്നതിനുവേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോഴിക്കോടിന് നല്കിയിരുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന ജീവനക്കാർ സ്ഥലം മാറിപ്പോയതിനാൽ ഡിസൈനിംഗ് വർക്ക് പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫയൽ ചീഫ് എഞ്ചിനീയർ, തിരുവനന്തപുരത്തിന്റെ അനുമതിയോടെ എറണാകുളം ഡിവിഷനിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

**ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ.**

236 **(3234)** ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണം എന്ന

കിഫ്ബി പ്രോജക്ടിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

ധനുവച്ചപുരം ഇന്റർനാഷണൽ ഐ.ടി.ഐ. നിർമ്മാണം എന്ന കിഫ്ബി പ്രോജക്ടിന്റെ 80% വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ?

ആഗസ്റ്റ് 1-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ധനുവച്ചപുരം ഐ.ടി.ഐ.-യിൽ അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാതെതന്നെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിൽ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പ്രസ്തുത ഐ.ടി.ഐ.-യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡ് ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ധനുവച്ചപുരം ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

**പുഴക്കാട്ടിരി ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

237 **(3235)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻപ് വിട്ടുനൽകിയതും എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതുമായ സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മൂർക്കനാട് പഞ്ചായത്തിൽനിന്നും ഒന്നര ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിന് മൂർക്കനാട് പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി എത്ര തുക ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ടെന്നും പ്രവൃത്തി

അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമാകാതിരുന്നതിനാൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനങ്ങൾ**

238 **(3236)** ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ 2018 മുതൽ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ലോക്ഡൗൺ ഏർപ്പെടുത്തിയിരുന്ന കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം കുറവായിരുന്നു. എന്നാൽ നിലവിൽ, മുൻവർഷത്തെ (2020) അപേക്ഷിച്ച് സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

2020 ജനുവരി മുതൽ ഡിസംബർ വരെ 9134 (സ്ഥിരം-1885,

താൽക്കാലികം-7249) പേർക്കും, 2021 ജനവരി മുതൽ ഡിസംബർ വരെ 10705 (സ്ഥിരം-2159, താൽക്കാലികം-8040) പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം ലഭിച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടത്തുന്നതിന് പകരം മറ്റ് തരത്തിലുള്ള കരാർ, കൺസൾട്ടൻസി നിയമനങ്ങളിലേയ്ക്ക് വിവിധ സർക്കാർ വകുപ്പുകൾ നീങ്ങുന്നത് തൊഴിൽ വകുപ്പ് ഗൗരവത്തോടെ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) സർക്കാർ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്തുന്നതിന് നിർദ്ദേശം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) 1959-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ Compulsory Notification of Vacancies Act (CNV) പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു

സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്കുപുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR Rule 9(a)(i) പ്രകാരം നടത്തേണ്ടതാണ്. ഇതുസംബന്ധിച്ച് വകുപ്പ് മേധാവികൾക്ക് കാലാകാലങ്ങളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ സ്ഥാപന പരിശോധനകൾ നടത്തി താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## നൈപുണി പോഷണം പദ്ധതി

239(**3237**) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നൈപുണി പോഷണം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലുള്ള 104 ഐ.ടി.ഐ.-കളിൽ 77 ഓളം ട്രേഡുകളിലായി പരിശീലനാർത്ഥികൾക്ക് വ്യാവസായിക പരിശീലനം നൽകിവരുന്നു. കൂടാതെ കൂടുതൽ ഇൻഡസ്ട്രിയൽ എക്സ്പീരിയൻസ് ലഭിക്കുന്നതിനായി ഓൺ ദി ജോബ് ട്രെയിനിംഗും നടത്തുന്നുണ്ട്. ഇത് കുട്ടികളിലെ നൈപുണ്യ ശേഷി മെച്ചപ്പെട്ട രീതിയിൽ കൊണ്ടുവരുന്നതിന് ഉതകുന്നുണ്ട്. ഐ.ടി.ഐ.-കളിലെ നിലവിലുള്ള പ്രൊഡക്ഷൻ സെന്റർ വഴിയും പരിശീലനാർത്ഥികൾക്ക് നൈപുണ്യ വികസനം ലഭിക്കുന്നതിന് അവസരമുണ്ട്. റെഗുലർ പഠനത്തിനുപുറമെ അഡ്വാൻസ്ഡ് ട്രെയിനിംഗ് ലഭിക്കുന്നതിനുവേണ്ടി ഷോർട്ട് ടേം കോഴ്സുകളും നടത്തുന്നുണ്ട്. പരിശീലനാർത്ഥികളുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ ഐ.ടി.ഐ.-കളിലും പ്ലേസ്മെന്റ് സെൽ പ്രവർത്തിച്ചുവരുന്നു. മുഴുവൻ സമയവും പ്ലേസ്മെന്റ് സെൽ വഴി റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള കമ്പനികൾ പ്ലേസ്മെന്റ് സെല്ലുമായി

ബന്ധപ്പെടുകയും കാമ്പസ് റിക്രൂട്ട്മെന്റ് വഴി കുട്ടികളെ സെലക്ട് ചെയ്തും വരുന്നു.

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിലായി സംസ്ഥാനത്ത് നിലവിൽ 7 കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാവസായിക പരിശീലന വകുപ്പിൽ 2022 മാർച്ച് 8 മുതൽ 11 വരെയുള്ള തീയതികളിൽ 14 ജില്ലകളിലേയും നോഡൽ ഐ.ടി.ഐ.-കളിൽ (ആറ്റിങ്ങൽ, ചന്ദനത്തോപ്പ്, ഏറ്റുമാനൂർ, ചെന്നീർക്കര, ചെങ്ങന്നൂർ, കട്ടപ്പന, കളമശ്ശേരി, ചാലക്കുടി, അരീക്കോട്, കോഴിക്കോട്, മലമ്പുഴ, കൽപ്പറ്റ, കണ്ണൂർ, കാസർഗോഡ്) വച്ച് ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന നൈപുണ്യ

വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE)ന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ഇതുവരെ 14 ജില്ലകളിലും ജില്ലാഭരണകൂടത്തിന്റെയും ജില്ലാ സ്കിൽ കമ്മിറ്റിയുടെയും സഹായത്തോടെ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതുവഴി 3,133 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി നിയുക്തി 2021 എന്ന പേരിൽ നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 14 ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ ജോബ് ഫെയർ, പ്ലേയ്സ്മെന്റ് ഡ്രൈവ് എന്നിവ കൂടുതലായി സംഘടിപ്പിച്ച് തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുമോ; വിശദമാക്കുമോ?

മലയോര പ്രദേശങ്ങൾ ഉൾപ്പെടുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ ഉൾപ്പെടുന്ന ജില്ലകളിൽ എല്ലാവർഷവും ജോബ് ഫെയർ സംഘടിപ്പിക്കുകയും കമ്പനികൾ പ്ലേസ്മെന്റ് നടത്തുകയും ചെയ്യുന്നുണ്ട്. ഈ

മേഖലയിലുള്ള എല്ലാ ഐ.ടി.ഐ.-കളിലും പ്ലേസ്മെന്റ് സെൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കമ്പനികൾ ക്യാമ്പസ്സിൽ വന്ന് റിക്രൂട്ട്മെന്റ് നടത്തുകയും പരിശീലനാർത്ഥികളെ സെലക്ട് ചെയ്യാറുമുണ്ട്. മലയോരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കേരളത്തിന്റെ കിഴക്കൻ മേഖലകളിൽ, ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്ററിന്റെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. അത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഉദ്യോഗാർഥികൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകാവുന്നതും, ഇപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററുകൾ വഴി അവസരം ലഭിക്കുകയും ചെയ്യും. കൂടാതെ ഗ്രാമീണ മേഖലയിൽ ഇത്തരം സേവനങ്ങൾ നൽകുന്നതിന് കൊട്ടാരക്കര കേന്ദ്രമായി പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്ററിന്റെ സേവനം പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. ഭാവിയിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുമ്പോൾ മലയോരപ്രദേശങ്ങളിലുള്ളവർക്ക് പ്രത്യേക പരിഗണന നല്കാൻ ശ്രമിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ

240 **(3238)** ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലന്വേഷകർക്ക് അനുയോജ്യമായ തൊഴിലുകൾ കണ്ടെത്തുന്നതിനും നേടിയെടുക്കുന്നതിനും പര്യാപ്തമായ രീതിയിൽ കേരള സ്റ്റേറ്റ് ജോബ് പോർട്ടലിന്റെ സേവനങ്ങൾ പരിഷ്കരിക്കണമെന്ന ആവശ്യം ഗൗരവമായി കാണുന്നുണ്ടോ;വിശദാംശം നൽകുമോ?

ഉണ്ട്. തൊഴിൽ അന്വേഷകരെയും തൊഴിൽ ഉടമകളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലകസംവിധാനമായാണ് സ്റ്റേറ്റ് ജോബ് പോർട്ടൽ പ്രവർത്തിക്കുന്നത്. അനുയോജ്യമായ തൊഴിൽ വിജ്ഞാപനങ്ങൾ പോർട്ടലിൽ വരുന്ന മുറയ്ക്ക്, വ്യക്തിഗത ഇ-മെയിൽ സന്ദേശം ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നു. ഇതിന് പുറമെ ഉദ്യോഗാർഥികളുടെ പ്രൊഫൈലുകളിൽ മേൽപ്പറഞ്ഞ തൊഴിൽ വിജ്ഞാപനങ്ങൾ കാണുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് ജോബ് പോർട്ടലിൽ തൊഴിൽ അന്വേഷകർക്ക് തങ്ങളുടെ യോഗ്യതയ്ക്ക്

അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താനും തൊഴിൽ ദാതാക്കൾക്ക് അനുയോജ്യമായ ഉദ്യോഗാർത്ഥികളെ കണ്ടെത്താനുമുള്ള സംവിധാനം ലഭ്യമാണ്. കൂടാതെ തൊഴിലുടമകൾക്ക് ഓൺലൈൻ മുഖാന്തരം ഇന്റർവ്യൂ സംഘടിപ്പിക്കുന്നതിനുള്ള ഓപ്ഷൻ സ്റ്റേറ്റ് ജോബ്പോർട്ടലിൽ നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. ഇതിനുപുറമെ തൊഴിലുടമകളുടെയും ഉദ്യോഗാർത്ഥികളുടെയും പരാതികളും സംശയങ്ങളും പരിഹരിക്കുന്നതിന് ഒരു ടെലി-കോളറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ജോബ് പോർട്ടലിന്റെ സേവനത്തിലേയ്ക്ക് കൂടുതൽ തൊഴലുടമകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ജോബ്പോർട്ടലിലേയ്ക്ക് കൂടുതൽ തൊഴിലുടമകളെ ആകർഷിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനുമായി 14 ജില്ലകളിലും ജില്ലാഭരണകൂടത്തിന്റെയും ജില്ലാ സ്കിൽ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിച്ചു. തൊഴിലുടമകൾക്ക് അവർ നൽകിയിട്ടുള്ള തൊഴിൽ അവസരങ്ങൾക്ക് അപേക്ഷിച്ച ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ

കാണുന്നതിനും അതിനനുസരിച്ച് ഈ ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനുമുള്ള ഓപ്ഷൻ ജോബ്പോർട്ടലിൽ ലഭ്യമാക്കി. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ തീരുമാനിക്കുന്നതിനനുസരിച്ച് ഇ-മെയിലും SMS-ഉം മുഖേന അവരെ അറിയിക്കുന്നതിനുള്ള സംവിധാനവും സ്റ്റേറ്റ്ജോബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. ജോബ്പോർട്ടലിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ രജിസ്റ്റർ ചെയ്യിക്കുന്നതിന് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സ്റ്റേറ്റ് ജോബ് പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ജോബ്പോർട്ടലിനെ കൂടുതൽ ഉപയുക്ത സൗഹൃദം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംസ്ഥാന ജോബ് പോർട്ടലുമായി സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്രമായ ഡാറ്റാബാങ്ക് തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സ്റ്റേറ്റ് ജോബ്പോർട്ടലുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ യൂണിവേഴ്സിറ്റികളിലും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്

നിലവിൽ 2,45,506 ഉദ്യോഗാർഥികളുടെ അടിസ്ഥാന വിവരങ്ങൾ പോർട്ടലിൽ സംയോജിപ്പിച്ചുകഴിഞ്ഞു. എല്ലാ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിലും യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സംയോജന പ്രക്രിയ നടത്തിവരുന്നു.

## കോങ്ങാട് മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി

241 **(3239)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിൽ എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്ന് സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെ വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ പാലക്കാട്, മണ്ണാർക്കാട് താലൂക്കുകളിൽ ഉൾപ്പെട്ട വില്ലേജുകളിലെ പുറമ്പോക്ക് ഭൂമികളുടെ വിസ്തീർണ്ണം അനുബന്ധം 1 ആയും+ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയും+ ചേർത്തിട്ടുണ്ട്.

## പട്ടുവം കുത്താട്ട് കുന്നിടിയലിന് പരിഹാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

242 **(3240)** <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കുത്താട്ട് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നത് തടയുന്നതിനും താഴ്വരയിൽ താമസിക്കുന്നവർക്ക് ആവശ്യമായ താമസസൗകര്യം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കുത്താട്ട് പ്രദേശത്ത് മണ്ണിടിച്ചലിനെ തുടർന്ന് അപകട ഭീഷണിയുണ്ടായ പ്രദേശത്ത് N.I.T. കോഴിക്കോടിന്റെയും കണ്ണൂർ ജിയോളജിസ്റ്റിന്റെയും നേതൃത്വത്തിൽ പഠനം നടത്തുകയും ആയത് പ്രകാരം പുനരധിവാസത്തിനായി ഏറ്റവും കൂടുതലായി ബാധിക്കപ്പെട്ട 4 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതോടൊപ്പം പ്രശ്നബാധിതമെന്ന് തളിപ്പറമ്പ് തഹസിൽദാർ റിപ്പോർട്ട് ചെയ്ത മറ്റു രണ്ട് കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്തതിൽ ധനസഹായം അനുവദിക്കുന്നതിന് സ്ഥലപരിശോധന നടത്തി വ്യക്തമായ ശിപാർശ

സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ ഉപദേശക സമിതി (Advisory Committee for Landslide Risk Reduction) ടി സ്ഥലം പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സമിതിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസായി അനുവദിക്കുന്നത്**

243 **(3241)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിനായി വാടകയിനത്തിൽ അനുവദിക്കുന്നത് സംബന്ധിച്ച് R1003667 പ്രകാരം 07.06.2021-ൽ നൽകിയ കത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട്

സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഇത് സംബന്ധിച്ച ഫയലിൽ ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത സ്ഥലം വാടകയുടെ അടിസ്ഥാനത്തിൽ നൽകുന്നതിന് റവന്യൂ വകുപ്പ് അടിയന്തര അനുവാദം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**താലൂക്കുകളും സബ് താലൂക്കുകളും**

244 **(3242)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന രൂപീകരണ സമയത്ത് എത്ര താലൂക്കുകളും സബ് താലൂക്കുകളും ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

1961-ലെ സെൻസസ് രേഖകളുടെ അടിസ്ഥാനത്തിൽ 55 താലൂക്കുകൾ ഉണ്ടായിരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്പോൾ അവയുടെ എണ്ണം എത്രയാണ്?

ഇപ്പോൾ 78 താലൂക്കുകൾ നിലവിലുണ്ട്.

(സി) എല്ലാ സബ് താലൂക്കുകളും താലൂക്കുകളായി ഉയർത്തിയിട്ടും കുന്ദമംഗലം മാത്രം താലൂക്കായി ഉയർത്തിയിട്ടില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) പ്രസ്തുത ഓഫീസ് യാതൊരു അധികാരവും സേവനവുമില്ലാതെ തുടരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേരളത്തിലെ മുഴുവൻ സബ് താലൂക്കുകളും താലൂക്കായി ഉയർത്താൻ സർക്കാർ തയ്യാറാവുമോ?

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശിപാർശകൾ പരിഗണിക്കാനാവില്ലെന്നതിനാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ പട്ടയ വിതരണം**

245 **(3243)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടയം ലഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

56,483 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇവയിൽ നടപടികൾ പൂർത്തീകരിച്ച് എത്രപേർക്ക് പട്ടയം നൽകിയെന്ന് വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വിവിധയിനങ്ങളിലായി 20,278 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(സി) നടപടികൾ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിന് എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ട് ?

36205 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്.

(ഡി) ആലത്തൂർ മണ്ഡലത്തിൽ മാത്രം ഇത്തരത്തിൽ എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് പട്ടയം നൽകി; എത്രപേർക്ക് പട്ടയം നൽകാനുണ്ട്; വിശദമാക്കുമോ?

6134 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 2740 പട്ടയം നല്കിയിട്ടുണ്ട്. 3394 അപേക്ഷകൾ

നിലവിലുണ്ട്.

**വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം**

246 **(3244)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കുറ്റിക്കാട്ടൂർ, പെരുവയൽ എന്നീ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) കുറ്റിക്കാട്ടൂർ, പെരുവയൽ എന്നീ സ്ഥലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്ഥലം ലഭ്യമായിട്ടും വില്ലേജ് ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലങ്ങളിലെ സർക്കാരിന്റെ സ്ഥലം സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി & സി) പെരുവയൽ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന്

പെരുവയൽ പഞ്ചായത്തിന്റെ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. രണ്ട് സേവന വകുപ്പുകൾ തമ്മിൽ മാത്രമെ ഭൂമി കൈമാറ്റം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂമി വിട്ടൊഴിഞ്ഞ് റവന്യൂ വകുപ്പിൽ പുനർനിഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ വെള്ളിപറമ്പ് ദേശത്ത് 26/1 പ്പെട്ട 56 സെന്റ് ഭൂമിയിലാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും NOC ലഭ്യമായിട്ടുണ്ടെങ്കിലും ടി ഭൂമിയിൽ മുൻഭാഗത്ത് കുറെകാലമായി 8 കുടുംബങ്ങൾ കയ്യേറി താമസിക്കുന്നതിനാൽ ടി കുടുംബങ്ങളെ ഒഴിപ്പിക്കുകയോ അല്ലെങ്കിൽ പുനരധിവസിപ്പിക്കുകയോ ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വില്ലേജിന് കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

**ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

247 **(3245)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിലെ ഏതെങ്കിലും വില്ലേജുകളിൽ ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിൽ ഉൾപ്പെടുന്ന വട്ടക്കോട്ട് മലദേശത്ത് ഭൂഉടമകൾക്ക് പോക്കുവരവിനായുള്ള ആർ.ഒ.ആർ. സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ അവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പോക്കുവരവ് നടത്തിക്കിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിൽ വട്ടക്കോട്ട് മലപ്രദേശങ്ങളിൽ റബ്ബർ കൃഷിക്കായി ഭൂമി പതിവ് ചട്ടം - Special Rules for Govt Lands for Rubber Cultivation പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. "The Assignee shall not use the land or suffer it to be used except for the purpose for which is assigned" എന്ന വ്യവസ്ഥയോടുകൂടിയാണ് മേൽ പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്. Special Rule for Rubber cultivation, 1960 പ്രകാരം പതിച്ചുനൽകിയ ഭൂമി പ്രസ്തുത ചട്ടം സബ് റൂൾ 17 പ്രകാരമുള്ള ലൈസൻസ് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താൻ

പാടില്ലാത്തതുമാണ്. ഉപനിയമം 20 (1) പ്രകാരം ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയോ ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്. ആയതിനാലാണ് ആർ.ഒ.ആർ. അനുവദിക്കാത്തത്.

## തോട്ട ഭൂമി - തരംമാറ്റം

248 **(3246)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രമാണത്തിൽ തോട്ടഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കൈവശക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രമാണത്തിൽ തോട്ടഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കൈവശക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റവന്യൂ രേഖകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂവുടമയ്ക്ക് ഭവന നിർമ്മാണ അനുമതി ലഭ്യമാകാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ചില വില്ലേജുകളിൽ റീസർവ്വേയ്ക്കുശേഷം ഇനം പുരയിടം എന്നത് തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പുരയിടം

എന്നാക്കി മാറ്റിനൽകുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ റവന്യൂ രേഖകൾ പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമം, സെക്ഷൻ 81(1)(ഇ) പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമിയല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളിൽ ആയത് പുരയിടം ആക്കി മാറ്റിനൽകിവരുന്നുണ്ട്. അപ്രകാരം ടി പ്രശ്നം ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കാത്ത രീതിയിൽ പരിഹരിച്ചുവരുന്നു. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തോട്ടം, ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 (1) (e) പ്രകാരം ഇളവ് അനുവദിച്ച തോട്ടം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തി ലാൻഡ് ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

## ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം

249 **(3247)** <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ സാധിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 140753 ഓഫ്

ലൈൻ അപേക്ഷകളും 1767 ഓൺലൈൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. 64487 ഓഫ്‌ലൈൻ അപേക്ഷകളും 98041 ഓൺലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നു. സംസ്ഥാനത്ത് 27 ആർ.ഡി.ഓഫീസുകളിൽ, തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർ.ഡി. ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ്‌ലൈൻ അപേക്ഷകൾ ആഗസ്റ്റ് മാസത്തിനകവും ബാക്കിവരുന്ന ആർ.ഡി. ഓഫീസുകളിൽ ലഭിച്ചിട്ടുള്ള ഓഫ് ലൈൻ അപേക്ഷകൾ നവംബർ മാസത്തിനകവും തീർപ്പാക്കുന്നതാണ്.

## പതിച്ചുനൽകിയ ഭൂമിയിൽ ഉൽപ്പാദനമേഖലയുമായി ബന്ധപ്പെട്ട ഉപയോഗം

250 **(3248)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കുമുൻപ് പതിച്ചുനൽകിയ ഭൂമി ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധന നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ചുനൽകിയത് പ്രസ്തുത

ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന നിബന്ധന നിലവിലുണ്ട്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടത്തിലെ ചട്ടം 4 പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം, സമീപസ്ഥലങ്ങളായ ഭൂമികളിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായി ഗവൺമെന്റ് ഭൂമിപതിവ് മുഖേന പതിച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതും 1995-ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്ന ചട്ടത്തിലെ ചട്ടം 3 പ്രകാരം താമസസ്ഥലം, കച്ചവടസ്ഥലം, അല്ലെങ്കിൽ മറ്റു വാണിജ്യപരമോ, ധർമ്മപരമോ ആയ കാര്യങ്ങൾക്കും സമീപസ്ഥലങ്ങളായ പതിവ് ഭൂമികൾക്കായുള്ള പ്രയോജനപ്രദമായ അനുഭവാവകാശത്തിനും ഗവൺമെന്റ് ഭൂമി പതിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതും 1993-ലെ ഭൂമി പതിച്ചു നൽകൽ (1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം-3 ൽ വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ, ഭവന നിർമ്മാണത്തിനോ, ചെറിയ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവുമുഖേന ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതുമാണ്. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 8(2) പ്രകാരം പതിച്ചുകിട്ടിയ വ്യക്തിയോ

അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിൻതുടർച്ചാവകാശിയോ പതിച്ചുകിട്ടിയ ഭൂമി കെട്ടിട നിർമ്മാണത്തിനായി നൽകിയതാണെങ്കിൽ അവിടെ താമസിക്കേണ്ടതും കൃഷിക്കായി നൽകിയിട്ടുള്ളതാണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതത് സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ടയം ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ താൽക്കാലിക പട്ടയം ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടത്തിലെ ചട്ടം 8(3) പ്രകാരം 8 ഉപചട്ടം (1) ലെയോ (2) ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ബി) പതിച്ചുനൽകുമ്പോൾ റസിഡൻസ്/കൾട്ടിവേഷൻ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധനമൂലം ക്ഷീരോൽപാദക സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻപോലും സാധിക്കാത്ത ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് ജില്ലയിൽ ഒഴികെ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. വീട് നിർമ്മിക്കുന്നതിനോ കൃഷിക്കോ

ആണ് പട്ടയം നൽകിയതെങ്കിൽ പ്രസ്തുത ആവശ്യത്തിനായി മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ.

(സി) വർഷങ്ങൾക്കുമുൻപ് ഇത്തരത്തിൽ പതിച്ചുനൽകിയ സ്ഥലം പരിശോധനയ്ക്ക് വിധേയമാക്കി പൊതു ആവശ്യങ്ങൾക്കാണെങ്കിൽ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ?

ഇക്കാര്യത്തിൽ വ്യക്തമായ പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ഭൂമി പതിവ് ചട്ടങ്ങളിലെ നിയമവശങ്ങൾ അടിസ്ഥാനപ്പെടുത്തി വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ദേവികുളം മണ്ഡലത്തിലെ 12 പഞ്ചായത്തുകളിലെ തരിശുഭൂമിയുടെ വിവരങ്ങൾ**

251 **(3249)** <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം മണ്ഡലത്തിലെ 12 പഞ്ചായത്തുകളിൽ (മൂന്നാർ, ദേവികുളം, അടിമാലി, വെള്ളത്തൂവൽ, മാങ്കുളം, മറയൂർ, ബൈസൺവാലി, പള്ളിവാസൽ, ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, ഇടമലക്കുടി) വിവിധ വകുപ്പുകളുടെ കീഴിൽ തരിശായി കിടക്കുന്ന ഭൂമിയുടെ വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ ദേവികുളം, ഉടുമ്പഞ്ചോല താലൂക്കുകളിൽ

വിവിധ വകുപ്പുകളുടെ കീഴിൽ തരിശായി കിടക്കുന്ന ഭൂമിയുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

**കുമാരനെല്ലൂർ വില്ലേജിലെ മിച്ച ഭൂമി**

252 **(3250)** ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുമാരനെല്ലൂർ വില്ലേജ് പരിധിയിൽ ഏതൊക്കെ സ്ഥലങ്ങൾ മിച്ചഭൂമിയായി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനായി അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം വ്യക്തമാക്കുമോ?

(എ&ബി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 85 പ്രകാരം 17-02-2022-ൽ ശ്രീ. വിഷ്ണു നമ്പൂതിരിയിൽനിന്നും ഏറ്റെടുത്ത 2.56 ഏക്കർ ഭൂമിയാണ് കുമാരനെല്ലൂർ വില്ലേജ് പരിധിയിൽ വിതരണം ചെയ്യാനായി അവശേഷിക്കുന്നത്. ഈ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഏറ്റെടുത്ത ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

ഏറ്റെടുത്ത ഭൂമിയിൽ നിലവിൽ കയ്യേറ്റമില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ കോഴിക്കോട് സ്വീകരിച്ചുവരുന്നു.

**പെരിന്തൽമണ്ണ താലൂക്കിലെ ഭൂമി തരംമാറ്റൽ നടപടികൾ**

253 **(3251)** ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ തരംമാറ്റം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; നിരസിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്ര; തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവ എത്ര; വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ഓരോ ജില്ലയുടെയും വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ളതാണ്+.

(ബി) പെരിന്തൽമണ്ണ താലൂക്കിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ തരംമാറ്റം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; നിരസിച്ചവ എത്ര; ഇനി തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവയുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

തരംമാറ്റലുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ - 1512

തരംമാറ്റി ഉത്തരവ് നൽകിയത് - 548

നിരസിച്ച അപേക്ഷകൾ - 155

തീരുമാനം എടുക്കാൻ ശേഷിക്കുന്നത് - 809

(സി) പ്രസ്തുത താലൂക്കിലെ അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവയിൽ ഏത് തീയതി മുതലുള്ള അപേക്ഷകളാണ് പെൻഡിംഗിലുള്ളതെന്ന് വ്യക്തമാക്കാമോ; തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

12-08-2021 മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനായി ശേഷിക്കുന്നത്. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരിൽനിന്നും ന്യൂനത പരിഹരിച്ച റിപ്പോർട്ട്, ലഭ്യമാകുന്ന മുറയ്ക്കാണ് അപേക്ഷളിൽ തീർപ്പുകൽപ്പിക്കുന്നത്. അപ്രകാരം റിപ്പോർട്ട് ലഭ്യമാക്കി, ശേഷിക്കുന്ന അപേക്ഷകളും നിശ്ചിത സമയപരിധിക്കകം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ എത്ര

സമയത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 27 ആർ.ഡി. ഓഫീസുകളിൽ തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർ.ഡി. ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ് ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിനകവും ബാക്കി വരുന്ന ആർ.ഡി. ഓഫീസുകളിൽ ലഭിച്ചിട്ടുള്ള ഓഫ്‌ലൈൻ അപേക്ഷകൾ നവംബർ മാസത്തിനകവും തീർപ്പാക്കുന്നതാണ്.

## മാനന്തവാടി താലൂക്കിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളും പുതിയ റവന്യൂ ഓഫീസുകളും

254 **(3252)** <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റിയത്; ഈ പദ്ധതിക്കായി ആകെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) 2016-ൽ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന് കീഴിലുള്ള മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളാണ് നവീകരിച്ചത്, ഏതെല്ലാം കെട്ടിടങ്ങളാണ് നിർമ്മിച്ചത്;

ഇതിനായി ആകെ എത്ര തുക ചെലവാക്കി എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 2016 ജൂൺ മുതൽ മാനന്തവാടി മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കി മാറ്റിയ വില്ലേജുകളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങളും 2016-ൽ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിലെ റവന്യൂ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ നവീകരിച്ചത്/നിർമ്മിച്ചത് സംബന്ധിച്ചും ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധം ആയി ചേർക്കുന്നു.+

**സ്മാർട്ട് വില്ലേജുകളാക്കുന്നതിനും കെട്ടിട നിർമ്മാണത്തിനും ഫണ്ട്**

255 **(3253)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി, നെല്ലിപ്പൊയിൽ, തിരുവമ്പാടി, കൊടിയത്തൂർ, നീലേശ്വരം എന്നീ വില്ലേജ് ഓഫീസുകൾ ശോച്യാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുപ്പാടി ഒഴികെയുള്ള വില്ലേജ് ഓഫീസുകൾ ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി കൊടിയത്തൂർ, നീലേശ്വരം വില്ലേജുകൾക്ക് യഥാക്രമം 2018-19, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അഡീഷണൽ റൂം നിർമ്മാണം നടന്നുവരുന്നുണ്ട്.

അഞ്ചുവർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

## തോട്ടുകൾ നികത്തുന്നവർക്കെതിരെയുള്ള നടപടി

256 **(3254)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ തോടുകളും ജല ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്നവർക്കെതിരെ നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ചെറിയ തോടുകളും ജല ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്ന, ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരസമിതി കൃഷിചെയ്യുന്ന 40 ഏക്കറോളം വരുന്ന നെൽവയലിലേയ്ക്ക് വെള്ളം എത്തിച്ചേരുന്ന തോട് സ്വകാര്യ വ്യക്തി കയ്യേറി കൈവശസ്ഥലത്തോട് ചേർത്ത് മതിലുകെട്ടിയതിനാൽ കർഷകർക്ക് ഈ വർഷം കൃഷിചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പാടശേഖര സമിതി സെക്രട്ടറി രേഖാമൂലം നൽകിയ പരാതിയിൽ 3 മാസം കഴിഞ്ഞിട്ടും നടപടികൾ വൈകുന്നതിന്റെ കാരണം

വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

(ബി-ഡി) പെരുവയൽ പാടശേഖര സമിതി സെക്രട്ടറിയുടെ പരാതിയിന്മേൽ ജില്ലാ കളക്ടർ തലശ്ശേരി സബ് കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും തൃപ്പങ്ങോട്ടൂർ അംശം പൊയിലൂർ ദേശം റീ.സ. 210/2-ൽ, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ, ശ്രീ. പാലത്തൊടി വിനോദൻ എന്നയാൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അനധികൃതമായി തോട്ടിൽ കല്ല് വെച്ച് മതിൽകെട്ടി നെൽവയലിലേയ്ക്കുള്ള ഒഴുക്കിനെ തടസ്സപ്പെടുത്തിയതിനെതിരെ, നെൽവയൽ നിയമത്തിലെ വകുപ്പ് 13 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട്, തലശ്ശേരി സബ് കലക്ടർ, കണ്ണൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ് .

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമാനുസൃത നടപടികൾ തുടർന്നുവരികയാണ്.

**മാലിപ്പുറം മറൈൻ വാക് ഓപ്പൺ ജിം പദ്ധതിക്കായി ഭൂമി**

257 **(3255)** <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാലിപ്പുറം മറൈൻ വാക് ഓപ്പൺ ജിം പദ്ധതിക്ക് റവന്യൂ ഭൂമി അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച റവന്യൂ വകുപ്പിലെ 74/എ 3/2022 നമ്പർ ഫയലിൽ എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാലിപ്പുറം മറൈൻ വാക് ഓപ്പൺ ജിം പദ്ധതിക്ക് റവന്യൂ ഭൂമി അനുവദിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ ഭൂമി അനുവദിക്കുന്നതിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## യുണീക് തണ്ടർപ്പേർ സംവിധാനം

258 **(3256)** ശ്രീ. എം. എം. മണി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എല്ലാവർക്കും പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച പ്രവർത്തന പുരോഗതി അറിയിക്കുമോ?

ഉണ്ട്. സർക്കാരിന്റെ രണ്ടാം നൂറ് ദിനകർമ്മ പരിപാടിയുടെ ഭാഗമായി എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന റവന്യൂ വകുപ്പിന്റെ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഒരു മിഷൻ രീതിയിൽ പ്രത്യേക ദൗത്യമായി പട്ടയ വിതരണം ഏറ്റെടുക്കുകയും 33,839 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും 7182 ലാൻഡ് അസൈൻമെന്റ് പട്ടയങ്ങളും ഉൾപ്പെടെ ആകെ 41,021 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ ഒന്നാം നൂറ് ദിനകർമ്മ പരിപാടിയുടെ ഭാഗമായി 13,514 (ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും ലാൻഡ് അസൈൻമെന്റ് പട്ടയങ്ങളും ഉൾപ്പെടെ) പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ ഒരു

വർഷത്തെ പ്രവർത്തനഫലമായി സംസ്ഥാനത്താകെ 54,535 കുടുംബങ്ങൾക്കാണ് പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്. പട്ടയ വിതരണവുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിവിധ ഭൂമി പതിവ് അപേക്ഷകൾ പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പരിശോധന നടത്തി ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രിബ്യൂണൽ പട്ടയവുമായി ബന്ധപ്പെട്ട്, പരമാവധി ദിവസങ്ങളിൽ ഹിയറിംഗ് നടത്തി ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലാൻഡ് ട്രിബ്യൂണൽ പട്ടയവുമായി ബന്ധപ്പെട്ട്, പരമാവധി ദിവസങ്ങളിൽ ഹിയറിംഗ് നടത്തി പട്ടയ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി പട്ടയമേളകൾ നടത്തി പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നു. ഭൂരഹിതരെ കണ്ടെത്താനുള്ള നിയോജകമണ്ഡലം തലയോഗങ്ങൾ ചേരുകയും വിഷയങ്ങൾ ഉൾപ്പെടുത്തി പട്ടയഡാഷ് ബോർഡ് തയ്യാറാക്കി.

(ബി) സംസ്ഥാനത്ത് പേപ്പറിൽ അച്ചടിച്ച പട്ടയങ്ങൾക്ക് പകരം ഇ-

പട്ടയങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ തീരുമാനം പൂർണ്ണമായി നടപ്പിലാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ലാൻഡ് ട്രിബ്യൂണലുകളിൽനിന്നും അനുവദിക്കുന്ന ക്രയ സർട്ടിഫിക്കറ്റുകൾ ഇപ്പോൾ സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഇത്തരം പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് ഇപ്പോൾ സംസ്ഥാനത്ത് നൽകിവരുന്നത്. ഭൂമി പതിവ് നിയമ പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾകൂടി ഓൺലൈനായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ അതിന്റെ വികസനം പൂർത്തികരിക്കാനാണ് ലക്ഷ്യംവച്ചിരിക്കുന്നത്.

(സി) സംസ്ഥാനത്ത് ഭൂമി സംബന്ധമായ രേഖകൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള യുണീക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ സംവിധാനത്തെ ഉടനെ ആധാറുമായി ലിങ്ക് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എപ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂവുടമയുടെ സമ്മതത്തോടെതന്നെ

ആധാർ നമ്പരുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവും വിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. റെലീസിലെ സിറ്റിസൺ ലോഗിനിലൂടെ ഭൂവുടമസ്ക്ക് ആപ്ലിക്കേഷനിൽ പ്രവേശിച്ചുകൊണ്ട് ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന ഒ.ടി.പി. ഉപയോഗിച്ച് ഓൺലൈനായി തണ്ടപ്പേരുകളെ ആധാറുമായി ബന്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകികൊണ്ട് 16-06-2022-ലെ ജി.ഒ (എം.എസ്) നമ്പർ 2626/2022/ആർ.ഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനായി എല്ലാ വില്ലേജ് ഓഫീസുകളിലും ബയോമെട്രിക് സംഗിധാനം നടപ്പിലാക്കി അതിലൂടെ ജനങ്ങൾക്ക് പരമാവധി ലളിതമായ രീതിയിൽ ലിങ്കിംഗ് പൂർത്തിയാക്കുന്ന രീതിയാണ് വിഭാവനം ചെയ്യുന്നത്. ബയോമെട്രിക് ഡിവൈസുകൾ ഈ സാമ്പത്തിക വർഷം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് ആനുകാലികമായ അവലോകനം നടത്താൻ ഉദ്ദേശിക്കുന്നു.

## അനധികൃത തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

259 **(3257)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹാരിസൺ മലയാളം പ്ലാൻറ്റേഷൻ ഉൾപ്പെടെയുള്ള വിദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും ഗ്രാന്റായും നൽകിയ ഭൂമിയിലും സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984 -ൽ നിലവിൽ

വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതാധികാര സമതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. ഉന്നതാധികാര സമിതിയുടെ ശിപാർശകൾ പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകുകയുണ്ടായി. ഹാരിസൺസ് കമ്പനിയും അവരിൽനിന്ന് ഭൂമി നേടിയ മറ്റുള്ളവരും കൈവശംവയ്ക്കുന്ന രേഖകളും റവന്യൂ രേഖകളും പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തിയ സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ രേഖകളിൽ വൻതോതിൽ കൃത്രിമം നടത്തിയിട്ടുള്ളതായും കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി അനധികൃതമായി ടി കമ്പനിയും മറ്റുള്ളവരും കൈവശംവയ്ക്കുന്നതായും മറ്റ് ഇംഗ്ലീഷ് കമ്പനികളുടെയും പൗരന്മാരുടെയും പേരുകളിൽ തണ്ടപ്പേർ പിടിച്ച് നിലവിലെ കമ്പനികൾ ഭൂനികുതി ഒടുക്ക്

വരുത്തുന്നതായും കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും അനധികൃതമായി ഭൂമി നേടിയവരായ റിയാ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് (തെന്മല), ബോയിസ് എസ്റ്റേറ്റ് (പാരിസൺ കമ്പനി), ചെറുവള്ളി എസ്റ്റേറ്റ് (ഗോസ്പൽ ഫോർ ഏഷ്യ), അമ്പനാട് എസ്റ്റേറ്റ് (ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി), മറ്റ് കയ്യേറ്റക്കാർ എന്നിവരിൽനിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയിൽ WP(C) 14251/2012, WP(C) 213/2013 എന്നീ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജികൾ തീർപ്പാക്കിക്കൊണ്ട് 28.02.2013-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൈവശ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കലല്ലെന്ന് നിരീക്ഷിക്കുകയും ഹാരിസൺസ് കമ്പനിയും മറ്റുള്ളവരും കൈവശം വയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നുള്ള വാദത്തിൽ സർക്കാർ ഉറച്ചുനിൽക്കുകയും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥനെ

ചുമതലപ്പെടുത്തുകയും നിയമാനുസരണം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കപെൻ നിശ്ചയിക്കുകയും ചെയ്താൽ അപ്രകാരമുള്ള നിയമാനുസൃതമായ നടപടിയുമായി മുൻപോട്ട് പോകാവുന്നതാണെന്ന് നിർദ്ദേശിക്കയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശംവയ്ക്കുന്ന സർക്കാർ ഭൂമി 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്പെഷ്യൽ ഓഫീസറെ 25-04-2013-ലെ ജി.ഒ.(എം.എസ്.) 161/2013/ആർ.ഡി. പ്രകാരം നിയമിക്കുകയുണ്ടായി. കമ്പനികൾ ഹാജരാക്കിയ രേഖകൾ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ പര്യാപ്തമല്ലാതിരുന്നതിനാലും രേഖകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാലും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈമാറുകയും വിൽക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി

ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ബഹു. ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ, 11-04-2018-ലെ WP(C)33122/2014 മുതലായ അഞ്ച് റിട്ട് പെറ്റീഷനുകളിൽ, ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിച്ച് ഏറ്റെടുക്കുന്നതിന് 'ജ്യൂറിസ്ഡിക്ഷൻ' ഇല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. തർക്കഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും 17-09-2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന്, ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു

വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽവരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06-06-2019-ൽ സ.ഉ (കൈ)172/2019/റവ. പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്ന് ഭൂമിനേടിയവരും സമാനമായ മറ്റുകമ്പനികളും കൈവശം വച്ചിരിക്കുന്ന 31,334.62 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ 8 ടൈറ്റിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റുജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(സി) തോട്ടം ഭൂമിയുടെ ഉടമസ്ഥത തിരികെ പിടിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കുന്ന കാര്യത്തിൽ നിയമോപദേശം

തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമോപദേശം എന്താണെന്ന് വ്യക്തമാക്കാമോ;

ഉണ്ട്. WP(c)33122/2014 & Ors കേസുകളിലെ 11-04-2018-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ തർക്കഭൂമിയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. പ്രസ്തുത നിയമോപദേശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി തിരികെ പിടിച്ച് അർഹതപ്പെട്ട ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സർക്കാർ ഫയൽ ചെയ്തുവരുന്ന സിവിൽ കേസുകളിലെ അന്തിമ വിധിക്കുവിധേയമായി മാത്രമെ തർക്കഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കാനാകൂ എന്നതിനാൽ സിവിൽ കേസുകളിലെ വിധിക്ക് വിധേയമായി മാത്രമെ അത്തരം ഭൂമിയുടെ പുനരുപയോഗവും വിതരണവും സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി തിരിച്ചുപിടിക്കൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

260 **(3258)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പാട്ടാക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി പാട്ട കക്ഷിക്ക് നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് പാട്ടം റദ്ദ് ചെയ്ത് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരും ഈ സർക്കാരും എത്ര ഹെക്ടർ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച ഭൂമിയും ഇത്തരത്തിൽ തിരികെ പിടിച്ചുവെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരും ഈ സർക്കാരും പാട്ടക്കാലാവധി കഴിഞ്ഞതും

പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതുമായിട്ടുള്ള 20.8410 ഹെക്ടർ ഭൂമി തിരികെ പിടിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി പുഴയുടെ തീരത്തെ കയ്യേറ്റങ്ങൾ**

261 **(3259)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി പുഴയുടെ തീരത്തെ എല്ലാ ആധുനിക കയ്യേറ്റങ്ങളും സർവ്വേ ചെയ്ത് കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സർവ്വേ നാലുവർഷത്തിനുള്ളിൽ പൂർത്തിയാകുന്നതിനുവേണ്ടിയുള്ള നടപടി ദ്രുതഗതിയിൽ നടന്നുവരികയാണ്. ഡിജിറ്റൽ സർവ്വേ നടപ്പിലാകുന്നതോടെ പുഴയുടെ തീരമടക്കം എല്ലാ ആധുനിക കയ്യേറ്റങ്ങളും കണ്ടെത്തുന്നതും ആയതിലുള്ള കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കാൻ സാധിക്കുന്നതുമാണ്.

**അന്യാധീനപ്പെട്ട റവന്യൂ ഭൂമി സർക്കാരിന് മുതൽക്കൂട്ടാക്കൽ**

262 **(3260)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട റവന്യൂ ഭൂമി എത്ര എന്നും അവ സർക്കാർ അധീനതയിൽ എത്തിച്ച് മുതൽക്കൂട്ടാൻ എന്ത് നടപടികളാണ് കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ച് വരുന്നത് എന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/2018/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി

കയ്യേറ്റം തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നത് ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 08-11-2008-നുശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ

കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു.

| ജില്ല | അന്യാധീനപ്പെട്ട റവന്യൂ ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 122.99.15 |
| കൊല്ലം | 32.9749 |
| പത്തനംതിട്ട | 05.7625 |
| ആലപ്പുഴ | 4.25.31 |
| കോട്ടയം | 9.3711 |
| ഇടുക്കി | 64.56.96 |
| എറണാകുളം | 21.4688 |
| തൃശ്ശൂർ | 10.4388 |
| പാലക്കാട് | 2.3978 |
| മലപ്പുറം | 11.8996 |
| കോഴിക്കോട് | 14.17378 |
| വയനാട് | 48.4477 |
| കണ്ണൂർ | 1.2532 |
| കാസർഗോഡ് | 8.4385 |
| ആകെ | 358.44088 |

(ബി) ഇത്തരത്തിൽ അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി കഴിഞ്ഞ സർക്കാർ തിരിച്ചെടുത്ത് മുതൽക്കൂട്ടാക്കിയെന്നും ഈ സർക്കാർ നാളിതുവരെ എത്ര ഏക്കർ ഭൂമി തിരിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ?

ജില്ലാ കളക്ടർമാരിൽനിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർക്കാർ തിരിച്ചെടുത്ത അന്യാധീനപ്പെട്ട ഭൂമിയെ സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | കഴിഞ്ഞ സർക്കാർ ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) | ഈ സർക്കാർ ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | 14.88.50 | 0.20.35 |
| കൊല്ലം | 2.84.04 | 65.33 |
| പത്തനംതിട്ട | 01.9777 | 00.7472 |
| ആലപ്പുഴ | 00.71.43 | 00.01.62 |
| കോട്ടയം | 00.11.03 | 00.00.08 |
| ഇടുക്കി | 50.35.65 | 32.51.08 |
| എറണാകുളം | 1.0658 | 0.9044 |
| തൃശ്ശൂർ | 0.9932 | 0.7952 |
| പാലക്കാട് | 0.8061 | Nil |
| മലപ്പുറം | 4.0611 | Nil |
| കോഴിക്കോട് | 4.17378 | 0.1505 |
| വയനാട് | 32.6347 | 0.1130 |
| കണ്ണൂർ | 0.1207 | Nil |
| കാസർഗോഡ് | 2.527 | 0.1942 |

| | | |
|---|---|---|
| ആകെ | 117.26658 | 36.2891 |

## തോട്ടഭൂമി കയ്യേറ്റം തിരിച്ചുപിടിക്കൽ

**263 (3261)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെപിടിക്കുന്നതിനും കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരും ഈ സർക്കാരും നാളിതുവരെ എത്ര തോട്ടഭൂമി തിരികെ പിടിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) സ്വാതന്ത്ര്യത്തിനുമുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരന്മാർക്കും തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും ഗ്രാന്റായും നൽകിയ ഭൂമിയിലും സ്വകാര്യ പാട്ട ഭൂമിയിലും യാതൊരുവിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984-ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ

വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഉന്നതാധികാര സമിതി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനി 76769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. ഉന്നതാധികാര സമിതിയുടെ ശിപാർശകൾ പരിശോധിച്ച് സർക്കാരിന് നിയമോപദേശം നൽകുന്നതിനായി ചുമതലപ്പെടുത്തിയ കമ്മീഷൻ ഭൂപരിഷ്കരണ നിയമം, സർക്കാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ ലംഘിച്ച് അനധികൃതമായി ഹാരിസൺസ് കമ്പനിയും മറ്റുള്ളവരും യാതൊരുവിധ ഉടമസ്ഥതയും കൂടാതെ സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാമെന്ന് സർക്കാരിന് നിയമോപദേശം നൽകുകയുണ്ടായി. ഹാരിസൺസ് കമ്പനിയും അവരിൽനിന്ന് ഭൂമി നേടിയ മറ്റുള്ളവരും കൈവശം വയ്ക്കുന്ന രേഖകളും റവന്യൂ രേഖകളും പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് ചുമതലപ്പെടുത്തിയ സ്പെഷ്യൽ ടീം സമർപ്പിച്ച റിപ്പോർട്ടിൽ റവന്യൂ രേഖകളിൽ വൻതോതിൽ കൃത്രിമം നടത്തിയിട്ടുള്ളതായും കേരള

ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി അനധികൃതമായി ടി കമ്പനിയും മറ്റുള്ളവരും കൈവശം വയ്ക്കുന്നതായും മറ്റ് ഇംഗ്ലീഷ് കമ്പനികളുടെയും പൗരന്മാരുടെയും പേരുകളിൽ തണ്ടപ്പേർ പിടിച്ച് നിലവിലെ കമ്പനികൾ ഭൂനികുതി ഒടുക്ക് വരുത്തുന്നതായും കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും അനധികൃതമായി ഭൂമി നേടിയവരായ റിയാ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് (തെന്മല), ബോയിസ് എസ്റ്റേറ്റ് (പാരിസൺ കമ്പനി), ചെറുവള്ളി എസ്റ്റേറ്റ് (ഗോസ്പൽ ഫോർ ഏഷ്യ), അമ്പനാട് എസ്റ്റേറ്റ് (ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി), മറ്റ് കയ്യേറ്റക്കാർ എന്നിവരിൽനിന്നും സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ WP(C) 14251/2012, WP(C) 213/2013 എന്നീ റിട്ട് ഹർജികൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജികൾ തീർപ്പാക്കിക്കൊണ്ട് 28.02.2013-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം താലൂക്ക് ലാൻഡ് ബോർഡുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൈവശ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കലല്ലെന്ന്

നിരീക്ഷിക്കുകയും ഹാരിസൺസ് കമ്പനിയും മറ്റുള്ളവരും കൈവശംവയ്ക്കുന്ന ഭൂമി സർക്കാർ ഭൂമിയാണെന്നുള്ള വാദത്തിൽ സർക്കാർ ഉറച്ചുനിൽക്കുകയും ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനായി അധികാരപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും നിയമാനുസരണം നോട്ടീസ് നൽകി ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കാൻ നിശ്ചയിക്കുകയും ചെയ്താൽ അപ്രകാരമുള്ള നിയമാനുസൃതമായ നടപടിയുമായി മുൻപോട്ട് പോകാവുന്നതാണെന്ന് നിർദ്ദേശിക്കയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി സ്പെഷ്യൽ ഓഫീസറെ 25.4.2013-ലെ ജി.ഒ(എം.എസ്സ്) 161/2013/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. കമ്പനികൾ ഹാജരാക്കിയ രേഖകൾ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ പര്യാപ്തമല്ലാതിരുന്നതിനാലും രേഖകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാലും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈമാറുകയും വിൽക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ

ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസുകളിൽ 11.04.2018-ലെ WP(C)33122/2014 മുതലായ അഞ്ച് റിട്ട് പെറ്റീഷനുകളിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിച്ച് ഏറ്റെടുക്കുന്നതിന് 'ജ്യൂറിസ്ഡിക്ഷൻ' ഇല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. തർക്കഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിന് സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു. സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും 17.09.2018-ൽ വിശദമായ വാദം കേൾക്കാതെതന്നെ

അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന് ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റു വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാരപരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിനുവേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06-06-2019-ൽ സ.ഉ. (കൈ)172/2019/റവ. പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്ന് ഭൂമി നേടിയവരും സമാനമായ മറ്റുകമ്പനികളും കൈവശം വച്ചിരിക്കുന്ന 31334.62 ഏക്കർ തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കോടതികളിൽ 8 ടൈറ്റിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും സമാനമായ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ

264 (3262) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലെയും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലെയും കോളനികളിൽ പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നഗരസഭയിലെയും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലെയും കോളനികളിൽ 133 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. ഇതിൽ 33 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ നഗരസഭ-പഞ്ചായത്ത് പ്രദേശങ്ങളിലായി പട്ടയം നൽകേണ്ട കോളനികളുടെ പേര് വിവരം വ്യക്തമാക്കാമോ?

പട്ടയം അനുവദിക്കേണ്ട കോളനികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

നെയ്യാറ്റിൻകര നഗരസഭ: (100 എണ്ണം)

1. പവിത്രാനന്ദപുരം കോളനി : 35

2. കടവംകോട് കോളനി : 41

3. ചെമ്പകപ്പാറ കോളനി : 12

4. അയണിയറത്തല കോളനി : 10

5. മുട്ടയ്ക്കാട് കോളനി : 2

അതിയന്നൂർ പഞ്ചായത്ത് - (5 എണ്ണം)

1. ഭാസ്കർ നഗർ കോളനി : 1

2. പള്ളിത്തോട്ടം കോളനി : 1

3. പാറക്കുഴി സെറ്റിൽമെന്റ് കോളനി : 1

4. ഇടത്തുമൂല കോളനി : 1

5. ചുണ്ടവിളാകം കോളനി : 1

കുളത്തൂർ പഞ്ചായത്ത് - (13 എണ്ണം)

1. തൈവിളാകം ലക്ഷം വീട് കോളനി :1

2. തത്തപ്പിള്ളത്തോപ്പ് : 1

3. ഇ.എം.എസ്. കോളനി : 4

4. പ്ലാന്തോട്ടം കോളനി : 4

5. നെല്ലിക്കാക്കുഴി വാറനട്ടു പുത്തൻ വീട് :1

6. ഇഴത്തംവിള കോളനി : 1

7. പേചന്ത കോളനി : 1

<u>തിരുപുറം പഞ്ചായത്ത് - (7 എണ്ണം)</u>

1. അരുമാനൂർക്കട ലക്ഷം വീട് : 6

2. അരുമാനൂർ DHDP കോളനി : 1

<u>ചെങ്കൽ പഞ്ചായത്ത് - (1 എണ്ണം)</u>

ചെമ്മംവിള കോളനി : 1

<u>കാരോട് പഞ്ചായത്ത് - (7 എണ്ണം)</u>

1. പുല്ലുവിള ലക്ഷം വീട് കോളനി : 3

2. കാക്കവിള കൽപൊറ്റ ഞാറമൂഴി വീട് : 1

3. രാജീവ് ഗാന്ധി ലക്ഷംവീട് കോളനി : 1

4. ചെറുകഴിക്കര കോളനി :2

## 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി

**265 (3263)** <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുമതി നൽകാൻ കഴിയുന്നത്; വിശദമാക്കുമോ?

ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ചുനൽകിയത് അതിനുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന നിബന്ധന നിലവിലുണ്ട്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടത്തിലെ ചട്ടം 4 പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം, സമീപസ്ഥങ്ങളായ ഭൂമികളിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായി ഗവണ്മെന്റ് ഭൂമി പതിവുമുഖേന പതിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും 1995-ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്ന ചട്ടത്തിലെ ചട്ടം 3 പ്രകാരം താമസസ്ഥലം, കച്ചവടസ്ഥലം അല്ലെങ്കിൽ മറ്റ് വാണിജ്യപരമോ ധർമ്മപരമോ ആയ കാര്യങ്ങൾക്കും സമീപസ്ഥങ്ങളായ പതിവ് ഭൂമികൾക്കായുള്ള പ്രയോജനപ്രദമായ അനുഭവാവകാശത്തിനും ഗവൺമെന്റ് ഭൂമി പതിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും 1993-ലെ ഭൂമി പതിച്ചുനൽകൽ (1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 3-ൽ വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ ഭവന നിർമ്മാണത്തിനോ കടമുറികൾ

വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾപ്രകാരം പതിവുമുഖേന ഭൂമി പതിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 8 (2) പ്രകാരം പതിച്ചുകിട്ടിയ വ്യക്തിയോ അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിൻതുടർച്ചാവകാശിയോ പതിച്ചുകിട്ടിയ ഭൂമി കെട്ടിട നിർമ്മാണത്തിനായി നൽകിയതാണെങ്കിൽ അവിടെ താമസിക്കേണ്ടതും കൃഷിക്കായി നൽകിയിട്ടുള്ളതാണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതത് സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ടയം ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ താൽക്കാലിക പട്ടയം ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടത്തിലെ ചട്ടം 8 (3) പ്രകാരം 8 ഉപചട്ടം (1)ലെയോ (2)ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

(ബി) 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്.

**റാന്നി മണ്ഡലത്തിലെ പട്ടയ വിതരണം**

266 **(3264)** ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ റാന്നി മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നുമുള്ള വിവരം ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിൽ പട്ടിക തിരിച്ച് നൽകാമോ;

ഗ്രാമപഞ്ചായത്തടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ശേഷിക്കുന്ന അപേക്ഷകൾ പരിശോധിച്ച് എന്നത്തേയ്ക്ക് പട്ടയം നൽകാനാകുമെന്നും അതിനായി എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

ശേഷിക്കുന്ന അപേക്ഷകളിൽ താലൂക്ക് സർവ്വേയർ മുഖേന പരിശോധന നടത്തേണ്ടതും പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും പതിവ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റി കൂടേണ്ടതും നേരിട്ട് സ്ഥലപരിശോധന നടത്തേണ്ടതുമായ കേസുകളുണ്ട്. ഏറ്റവും വേഗതയിൽ സമയബന്ധിതമായിത്തന്നെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലുവ താലൂക്കിലെ പട്ടയ വിതരണം**

267 **(3265)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിലെ സി2 -644/2022 നമ്പർ ഫയൽ പ്രകാരവും ഈ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജ് ഓഫീസിലെ 62/2022, തീയതി 19/02/2022 നമ്പർ ഫയൽ പ്രകാരവും പട്ടയം ലഭിക്കുന്നതിനായി ആരുടെയെല്ലാം അപേക്ഷകളാണ് പരിഗണിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

ആലുവ താലൂക്കിലെ സി 2 - 644/2022 നമ്പർ ഫയൽ പ്രകാരവും കിഴക്കുംഭാഗം വില്ലേജ് ഓഫീസിലെ 62/2022, തീയതി 19/02/2022-ാം നമ്പർ റിപ്പോർട്ട് പ്രകാരവും പട്ടയം ലഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന വ്യക്തികളുടെ അപേക്ഷകളാണ് പരിഗണിച്ചുവരുന്നത്.

1) ബേബി. 65/11, ഐ.ആർ., പാറപ്പുറം.പി.ഒ

2) ശശി കെ.കെ., 65/11കാഞ്ഞൂർ പറമ്പിൽ ഹൗസ്, പാറപ്പുറം പി.ഒ.

3) സുകുമാരൻ, 63/11, ഏത്താപ്പിള്ളി ഹൗസ്, ടി.എൻ.പുരം, പാറപ്പുറം പി.ഒ.

4) ഷൺമുഖൻ.സി.വി., 62/11, ചേലാട്ട് വീട്, ടി.എൻ. പുരം, പാറപ്പുറം പി.ഒ.

5) സുബ്രൻ ഇ.എ. 67/11, ഇടമറ്റം വീട്, ടി.എൻ. പുരം, പാറപ്പുറം പി.ഒ.

6) സാബു പി.എ., 66/11, പരിയരത്ത് വീട്, ടി.എൻ.പുരം, പാറപ്പുറം പി.ഒ.

7) ചാത്തൻ,92/11, പെരുംബോണത്തറ വീട്, ടി.എൻ.പുരം, പാറപ്പുറം പി.ഒ.

8) സരോജിനി അയ്യപ്പൻകുട്ടി, 112/11, കുഴിപ്പറമ്പിൽ വീട്, ടി.എൻ. പുരം, പാറപ്പുറം പി.ഒ.

9) കുട്ടി കാവലൻ, 459/11, പെരുംബോണത്തറ വീട്, ടി.എൻ. പുരം, തിരുനാരായണപുരം

(ബി) പട്ടയത്തിനായുള്ള പ്രസ്തുത അപേക്ഷകളുടെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കോളനിയിൽ മേൽ അപേക്ഷകരുടെ കുടുംബങ്ങൾ വർഷങ്ങളായി താമസിച്ചുവരുന്നതും റീസർവ്വേ

പ്രകാരം ടി ഭൂമി ബ്ലോക്ക് 29 സർവ്വേ 10/14ൽ ഉൾപ്പെട്ട് വരുന്നതും TP.1658 പ്രകാരം പാലാട്ടിൽ മാത്തു മക്കൾ കുഞ്ഞേലിക്കുട്ടി, മറിയംകുട്ടി എന്നിവർ പേരിലുമാണ്. ടി ഭൂമി വർഷങ്ങൾക്കുമുൻപ് ഭൂരഹിതർക്ക് അനുവദിക്കുന്നതിന് ടി കക്ഷികളിൽനിന്നും പഞ്ചായത്ത് വാങ്ങിയിരുന്നുവെങ്കിലും റീസർവ്വേയിൽ പുറമ്പോക്കായി രേഖപ്പെടുത്താതെ തെറ്റായി ടി കക്ഷികളുടെ പേരിൽ വന്നിട്ടുള്ളതാണ്. ആയതിനാൽ റീസർവ്വേ അപാകത പരിഹരിച്ച് ഭൂമി പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്തുശേഷം പഞ്ചായത്തിന്റെ അനുമതിയോടെ ഭൂമി സർക്കാർ പുറമ്പോക്കായി മാറ്റിക്കൊണ്ട് എത്രയും വേഗത്തിൽ അപേക്ഷാ കക്ഷികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എടത്തിക്കാട് കോളനി നിവാസികൾക്ക് പട്ടയം

268 **(3266)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം പഞ്ചായത്തിലെ അമ്പുനാട് വാർഡിലെ എടത്തിക്കാട് കോളനിയിൽനിന്ന് പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം പഞ്ചായത്ത് അമ്പുനാട് വാർഡിലെ എടത്തിക്കാട് കോളനിയിൽനിന്ന് ലാന്റ് ട്രിബ്യൂണൽ പട്ടയത്തിനുവേണ്ടി കിഴക്കമ്പലം വില്ലേജിൽ 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആയതിൽ എത്ര അപേക്ഷകളിന്മേൽ പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തീർപ്പ് കൽപിക്കാത്ത അപേക്ഷകളിന്മേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ; പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) അഞ്ച് അപേക്ഷകളിൽ ലാന്റ് ട്രിബ്യൂണൽ ആഫീസിലേയ്ക്ക് റിപ്പോർട്ട് നല്കിയിട്ടുള്ളതും ടി അപേക്ഷകൾ പതിവ് നടപടിയിലിരിക്കുന്നതുമാണ്. അപേക്ഷകളിൽ റിപ്പോർട്ട് നല്കാൻ ശേഷിച്ചിട്ടുള്ള വസ്തു തർക്കരഹിത കൈവശത്തിലല്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ തെലുങ്കർ കോളനിയിലെ പട്ടയ വിതരണം

269 **(3267)** <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ കുമരനെല്ലൂർ വില്ലേജിലെ തെലുങ്കർ കോളനിയിലെ 41 താമസക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കുമരനെല്ലൂർ വില്ലേജ് തെലുങ്കർ കോളനിയിൽ വീട് വച്ച് താമസിച്ചുവരുന്ന 41 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന 41 പ്രൊപ്പോസലുകളിലെയും പഴയ സർവ്വേ നമ്പരുകൾ പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം നേരിൽ പരിശോധിച്ചതിലും അപേക്ഷകർ പട്ടയം ലഭിക്കുന്നതിന് അർഹതയുള്ളവരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത കുടുംബങ്ങൾ ഒന്നുംതന്നെ 01-08-1971-നുമുൻപ് അപേക്ഷാഭൂമി കൈവശം വച്ചുവരുന്നില്ല. 41 പ്രൊപ്പോസലുകളിൽ 16 പ്രൊപ്പോസലുകളിലെ അപേക്ഷാ ഭൂമി റീസർവ്വേ ബി.ടി.ആർ. പ്രകാരം "സർക്കാർപാറ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഖനന സാദ്ധ്യത സീനിയർ ജിയോളജിസ്റ്റ് മുഖേന പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തലപ്പിള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാറ പുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമിയിൽ നിലവിലും പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണോയെന്ന വിഷയത്തിൽ എ.ജി.-യുടെ

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ (എ) വകുപ്പിലെ A5/108/2020/RD നമ്പർ ഫയലിൽ പരിശോധനയിലാണ്. ആയതിൽ തീരുമാനമാകുന്ന മുറയ്ക്കും 01-08-1971-നുശേഷം ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്കും പട്ടയം നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം

270 **(3268)** ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന വില്ലേജുകളിൽനിന്നും പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്നും വില്ലേജ് തിരിച്ച് കണക്കുകൾ അറിയിക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന വില്ലേജുകളിൽനിന്നും പട്ടയത്തിനുവേണ്ടി ലഭിച്ച അപേക്ഷകളുടേയും അനുവദിച്ച പട്ടയങ്ങളുടേയും എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്തെന്നും വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന വില്ലേജുകളിൽനിന്നും ലഭിച്ച അപേക്ഷകളിൽ നിരസിച്ച അപേക്ഷകളുടേയും ബാക്കിയുള്ള അപേക്ഷകളുടേയും എണ്ണം അനുബന്ധം II ആയി ചേർക്കുന്നു.*

ആകെ ലഭിച്ച 7466 അപേക്ഷകളിൽ 142 അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. ഇതിൽ 21 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 206 എണ്ണത്തിൽ നടപടി സ്വീകരിച്ചുവരുന്നു. അവശേഷിക്കുന്ന 7097 അപേക്ഷകൾ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ടതാണ്. ടി കൈവശഭൂമികൾ പട്ടികവർഗ്ഗ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന വനഭൂമി ആണെന്ന് കാണിച്ച് പതിച്ച് നൽകുന്നതിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ വിവരം കോട്ടയം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) നിലവിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ എത്ര പട്ടയങ്ങൾ ഉണ്ടെന്നും പ്രസ്തുത പട്ടയങ്ങൾ എന്നേയ്ക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കുമോ?

നിലവിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങളില്ല.

(ഡി) മണ്ഡലത്തിലെ വനമേഖലകളിലുൾപ്പെടുന്ന പ്രദേശങ്ങളിലെ അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ട കൈവശഭൂമികൾ പട്ടികവർഗ്ഗ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന വനഭൂമി ആണെന്ന് കാണിച്ച് പതിച്ച് നൽകുന്നതിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഈ വിവരം കോട്ടയം ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) മണ്ഡലത്തിലെ കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അധിക ജീവനക്കാരെ നിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ പട്ടയം അനുവദിക്കുന്നതിന് വനം വകുപ്പ് തടസ്സവാദം ഉന്നയിച്ച സാഹചര്യത്തിൽ ഈ വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അധിക ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**പട്ടയ വിതരണം**

271 **(3269)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41021 പട്ടയങ്ങളും ഉൾപ്പെടെ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) പട്ടയം ലഭ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം നടത്തിയിട്ടുള്ള പട്ടയങ്ങളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 992 |
| 2 | കൊല്ലം | 1169 |
| 3 | പത്തനംതിട്ട | 373 |
| 4 | ആലപ്പുഴ | 635 |
| 5 | കോട്ടയം | 382 |
| 6 | ഇടുക്കി | 3671 |
| 7 | എറണാകുളം | 2977 |
| 8 | തൃശ്ശൂർ | 11356 |
| 9 | പാലക്കാട് | 7606 |
| 10 | മലപ്പുറം | 10736 |
| 11 | വയനാട് | 1733 |
| 12 | കോഴിക്കോട് | 6738 |
| 13 | കണ്ണൂർ | 4221 |
| 14 | കാസർഗോഡ് | 1946 |
| | **ആകെ** | **54, 535** |

**പുതിയതായി പട്ടയം അനുവദിച്ചിട്ടുള്ളവരുടെ എണ്ണം**

272 **(3270)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്കാണ് പുതിയതായി പട്ടയം അനുവദിച്ചിട്ടുള്ളതെന്ന് താലൂക്കടിസ്ഥാനത്തിൽ വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41021 പട്ടയങ്ങളുമുൾപ്പെടെ ആകെ 54535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധം -1 ആയി ചേർക്കുന്നു*

(ബി) ഇനി എത്ര അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; പുരോഗതി അറിയിക്കാമോ?

അനുബന്ധം-2 ആയി ചേർക്കുന്നു.* ലാൻഡ് ട്രൈബ്യൂണലിലെ അപേക്ഷകളിൽ കക്ഷികളെ വിചാരണകൾ നടത്തിയും വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകൾ ആയതിന്റെ നടപടിക്രമങ്ങൾ പാലിച്ചും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഭൂമികളിൽ താമസിക്കുന്നവരുടെ അപേക്ഷകൾ ടി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്ന മുറയ്ക്കും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദുരന്ത നിവാരണ സാക്ഷരതാ പ്രവർത്തനങ്ങൾ

273 **(3271)** ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. എച്ച്. സലാം:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കാരണം വിവിധ തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്തങ്ങൾമൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന നഷ്ടങ്ങൾ കുറയ്ക്കുന്നതിനും നടത്തുന്ന ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ദുരന്തനിവാരണം തദ്ദേശ തലത്തിൽ എത്തിക്കുന്നതിന് ആരംഭിച്ച 'നമ്മൾ നമുക്കായി' എന്ന പ്രവർത്തനം കൂടുതൽ സാങ്കേതിക മികവോടുകൂടി കിലയും ദുരന്തനിവാരണ അതോറിറ്റിയും ചേർന്ന് മുന്നോട്ടുകൊണ്ടുപോകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് വികസിപ്പിക്കുന്ന ദുരന്ത-കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തന നിരീക്ഷണ സോഫ്റ്റ്‌വെയറിൽ (DCAT Tool - Disaster & Climate Action Tracking Tool) ആവശ്യമായ തദ്ദേശ സ്ഥാപനങ്ങളുടെ ദുരന്തസാദ്ധ്യതാ റാങ്കിംഗ്,

തദ്ദേശതല കാലാവസ്ഥാ വ്യതിയാന വിവരം എന്നിവ തയ്യാറാക്കി നല്കാൻ ദുരന്തനിവാരണ അതോറിറ്റിക്ക് ഈ കാലയളവിൽ സാധിച്ചു. രാജ്യത്തുതന്നെ ഇത്തരത്തിലുള്ള ആദ്യ പ്രവർത്തനമാണിത്.

യു.എൻ.ഇ.പി., യു.എൻ. ഗ്രിഡ്, CIMA Research Foundation, Italy എന്നിവരുടെ സഹായത്തോടെ 10 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 25 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 50 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 100 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 200 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 500 വർഷ പ്രളയ ആവർത്തന സാദ്ധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രളയ സാദ്ധ്യതാ പ്രദേശം, അതത് പ്രളയ സാദ്ധ്യതാ പ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീവ്ര അളവിലുള്ള ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമന സാദ്ധ്യതകൾക്കനുസൃതമായ കാലാവസ്ഥാ വ്യതിയാന സാഹചര്യംമൂലം മഴയിൽ ഉണ്ടാകാവുന്ന വ്യതിയാനം പരിഗണിച്ചുകൊണ്ടും ഇതേ ആവർത്തന സാദ്ധ്യതകൾക്ക് അനുസരിച്ചുള്ള പ്രളയ ഭൂപടങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'മോർ റൂം ഫോർ റിവർ' എന്ന പദ്ധതി നടപ്പാക്കാൻ 10 വർഷ പ്രളയ ആവർത്തന സാദ്ധ്യതാ

പ്രദേശങ്ങളിലാണ് കേരളം കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഇതിനായി ഈ മേഖലകളിലുള്ള സ്കൂൾ, ആശുപത്രികൾ എന്നിവയുടെ കണക്കും തയ്യാറാക്കി.

ദുരന്തനിവാരണ പ്രവർത്തനമെന്നത് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളാണ്. ഇതിനായി സംസ്ഥാന സർക്കാരിന്റെ മുഴുവൻ വകുപ്പുകളുടെയും കേന്ദ്ര സർക്കാർ വകുപ്പുകളുടെയും രക്ഷാസേനകളുടെയും ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. മൺസൂൺ മുന്നൊരുക്ക യോഗങ്ങളിലും വേനൽക്കാല മുന്നൊരുക്ക യോഗങ്ങളിലും ഇതുമായി ബന്ധപ്പെടുന്ന മുഴുവൻ സർക്കാർ വകുപ്പുകളും പങ്കെടുത്തിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റി 2019-ൽ ആദ്യമായി പുറത്തിറക്കുകയും തുടർന്ന് എല്ലാവർഷവും പുതുക്കുകയും ചെയ്യുന്ന ഓറഞ്ച് ബുക്ക് (കാലവർഷ-തുലാവർഷ ദുരന്ത പ്രതിരോധ-മുന്നൊരുക്ക മാർഗ്ഗരേഖ)-ൽ ഓരോ വകുപ്പിന്റെയും ചുമതലകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം കാലാവസ്ഥാ മുന്നറിയിപ്പ് ലഭിക്കുന്ന സാഹചര്യങ്ങളിൽ അതാത് വകുപ്പുകൾക്ക് നൽകപ്പെട്ട നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം ഉറപ്പുവരുത്താറുണ്ട്.

ഡച്ച് സർക്കാരുമായി ചേർന്ന് നവംബർ-ഡിസംബർ മാസത്തിൽ മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സമഗ്ര ജലവിഭവ പരിപാലനം എന്ന

വിഷയത്തിൽ അന്താരാഷ്ട്ര ശിൽപ്പശാല നടത്തി ജലവിഭവ വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും തുടർന്ന് ഡച്ച് സർക്കാരുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ആലോചിച്ച് ഉറപ്പിച്ചു.

ജലവിഭവ വകുപ്പ് നേതൃത്വം നല്കുന്ന പമ്പ, പെരിയാർ നദികളുടെ പ്രളയ മുന്നറിയിപ്പ് സാങ്കേതികവിദ്യാ വികസന പ്രവർത്തനത്തിൽ ദുരന്ത നിവാരണ അതോറിറ്റി ഗണ്യമായ സാങ്കേതിക സംഭാവന നല്കി. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കേരള സർവ്വകലാശാല എന്നിവരുമായി സഹകരിച്ച് ഉരുൾപൊട്ടൽ മുന്നറിയിപ്പ് സാങ്കേതികവിദ്യ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചു.

സംസ്ഥാന സവിശേഷ ദുരന്തമായ ഇടിമിന്നൽ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഉൾപ്പെടുത്തി ഇടിമിന്നൽ ആക്ഷൻ പ്ലാൻ പ്രസിദ്ധീകരിച്ചു. Earth Networks എന്ന സ്വകാര്യ ഇടിമിന്നൽ നിരീക്ഷണ, പ്രവചന കമ്പനിയിൽനിന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കിയ സേവനത്തിലൂടെ കേരളത്തിൽ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും മേഘത്തിൽനിന്നും ഭൂമിയിലേയ്ക്കുള്ള എത്ര ഇടിമിന്നൽ ഓരോ മാസവും ഉണ്ടാകുന്നു എന്ന വിവരങ്ങൾകൂടി പരിശോധിച്ചാണ് ഈ ആക്ഷൻ പ്ലാൻ തയ്യാറാക്കിയത്.

2020-21 കാലഘട്ടത്തിൽ 3 സ്വകാര്യ സ്ഥാപനങ്ങളുടെ വിവിധ ദിനാവസ്ഥാ നിരീക്ഷണം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശേഖരിച്ചിരുന്നു. Skymet എന്ന സ്ഥാപനത്തിൽനിന്നും 100 ഓട്ടോമാറ്റിക് ദിനാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നുള്ള വിവരങ്ങളും Earth Networks-ൽനിന്നും ഇടിമിന്നൽ നിരീക്ഷണ, പ്രവചനവും IBM-ൽനിന്നും സൂക്ഷ്മ ദിനാവസ്ഥാ പ്രവചനവുമാണ് ലഭ്യമാക്കിയത്. ഇവ പരിശോധിച്ചതിൽ നിന്നും Skymet, Earth Networks എന്നിവരുടെ സേവനം തുടരാനും ലഭ്യമാകുന്ന വിവരങ്ങൾ പൊതുസമൂഹത്തിൽ നൽകാനും വിദഗ്ദ്ധ സമിതിയുടെകൂടി അഭിപ്രായം പരിഗണിച്ച് തീരുമാനിച്ചിട്ടുണ്ട്.

കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് 256 ഓട്ടോമാറ്റിക് ദിനാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിക്കണമെന്ന് 2018-ൽ നിർദേശിച്ചിരുന്നു. നിലവിൽ ഇവയിൽ 72 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ 13 താല്ക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും താഴെത്തട്ടിൽ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യ സയറൺ, സ്ട്രോബ്ബ് ലൈറ്റ് എന്നിവ ആലപ്പുഴ, മാരാരിക്കുളം താല്ക്കാലിക പുനരധിവാസ കേന്ദ്രത്തിൽ

സ്ഥാപിക്കുകയും ചെയ്തു. 125 സ്ഥലത്തുകൂടി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസ്സം നേരിടാതിരിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി. പ്രധാന ഡാമുകളുടെ ചുമതലയുള്ള എഞ്ചിനീയർമാർക്കും ജലവിഭവ വകുപ്പും KSEBL-ഉം ഉപഗ്രഹ ഫോൺ നല്കിയിട്ടുണ്ട്.

കേരളത്തിലെ സാമൂഹിക റേഡിയോകൾക്ക് (community radios) ദുരന്ത അതിജീവന ശേഷി വർദ്ധിപ്പിക്കുക, ദുരന്തസമയത്തെ പ്രക്ഷേപണ മാനദണ്ഡങ്ങൾ തയ്യാറാക്കുക, ദുരന്തസമയത്തെ പ്രക്ഷേപണത്തിനായി വിവിധ ശബ്ദ വിവരണങ്ങൾ മുൻകൂട്ടി തയ്യാറാക്കുക എന്നിവയിൽ UNESCO, Ideosync എന്നിവരുമായി ചേർന്ന് ഒരു വർഷം നീണ്ടുനിന്ന പരിശീലന പരിപാടി നടത്തി.

കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചു. പ്രാദേശികമായി ദുരന്ത സാദ്ധ്യതയുടെ പ്രവചനം കേന്ദ്ര

ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിൽ അടിയന്തര കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022 മുതൽ പഞ്ചായത്ത് തലത്തിലും വ്യാപിപ്പിക്കാൻ ഓറഞ്ച് ബുക്ക് 2022-ൽ നിർദേശം നൽകിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ ഏജൻസികൾ നൽകുന്ന എല്ലാ മുന്നറിയിപ്പുകളും അനുബന്ധമായി വിവിധ വിഭാഗങ്ങൾ സ്വീകരിക്കേണ്ട നടപടികളും മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തി പൊതുജനങ്ങൾക്കായി അതോറിറ്റിയുടെ സാമൂഹിക മാധ്യമങ്ങളിലൂടെയും ശ്രവ്യ, ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നു. മുന്നറിയിപ്പുകൾ വരുന്ന അവസരങ്ങളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാദ്ധ്യതാ പ്രദേശങ്ങളിൽനിന്നും വെള്ളപ്പൊക്ക സാദ്ധ്യതാ പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മുൻകൂട്ടി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നല്കിവരുന്നുണ്ട്. മുന്നറിയിപ്പ് സംവിധാനങ്ങൾ വിപുലപ്പെടുത്താൻ എൻ.സി.ആർ.എം.പി.

പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന Early Warning Dissemination System (EWDS) നടപ്പിലാക്കിവരുന്നു.

(ബി) അത്യാവശ്യ ഘട്ടത്തിൽ ദുരന്തങ്ങളെ നേരിടുന്നതിന് യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സിവിൽ ഡിഫൻസ്, സന്നദ്ധ സേന, ആപ്ത മിത്ര, തദ്ദേശതല ദ്രുതകർമ്മ സംഘങ്ങൾ എന്നീ തരത്തിൽ രൂപീകരിച്ചിട്ടുണ്ട്, പരിശീലനവും നല്കിയിട്ടുണ്ട്.

(സി) ദുരന്ത സാഹചര്യത്തിൽ രക്ഷ നേടുന്നതിനും ആഘാതങ്ങൾ കുറയ്ക്കുന്നതിനും ദുരന്ത നിവാരണ സാക്ഷരതാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നുണ്ടോ; വിശദമാക്കാമോ?

2022-23-ൽ 70 പൊതു പരിശീലന, അവബോധ പരിപാടികൾ നടത്തി. 9929 ആളുകൾ ഈ പരിപാടികളിൽ പങ്കെടുത്തു. 2021-22-ൽ 41 പൊതു പരിശീലന, അവബോധ പരിപാടികൾ നടത്തി. 15000 ആളുകൾ ഈ പരിപാടികളിൽ പങ്കെടുത്തു. നിരന്തരമായ പരിശീലനങ്ങളും അവബോധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

**പ്രളയത്തിലും ഉരുൾപൊട്ടലിലും വീട് നഷ്ടപെട്ടവർക്ക് നഷ്ടപരിഹാരം**

274 **(3272)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വീട് നഷ്ടപെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; എത്ര കുടുംബങ്ങൾക്കാണ് നഷ്ടപരിഹാരം നൽകാനുള്ളത്; വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും നാശനഷ്ടം സംഭവിച്ച പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ 1493 വീടുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും പുറമ്പോക്കിൽ താമസിച്ചുവരുന്നവർക്കും അവർ സ്ഥലം കണ്ടെത്തി നൽകുന്ന മുറയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്. സ്ഥലം കണ്ടെത്തിയ കുടുംബങ്ങൾക്ക് രജിസ്ട്രേഷൻ തുക അഡ്വാൻസായി അൻപതിനായിരം രൂപ വീതം അനുവദിച്ച് നൽകികൊണ്ട് ഭൂമി

രജിസ്ട്രേഷൻ കഴിയുമ്പോൾ ബാക്കി സംഖ്യ ഭൂമി നൽകുന്നയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയച്ചുനൽകും. ശേഷിക്കുന്ന കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി അറിയിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) വസ്തുവകകൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും കെട്ടിടങ്ങൾക്കും ജീവനോപാധികൾക്കും ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി എസ്.ഡി.ആർ.എഫ്. വിഹിതം അനുവദിച്ചു. സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിന് അഡ്വാൻസ് തുക അനുവദിച്ചു. 14 പേർ രജിസ്ട്രേഷൻ നടത്തി. വ്യാപാര മേഖലയ്ക്കുണ്ടായ നഷ്ടത്തിന് ധനസഹായം അനുവദിക്കുന്നതിന് ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം വ്യവസ്ഥയില്ല. എന്നിരുന്നാലും വ്യാപാര സ്ഥാപനങ്ങൾക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിന് വകുപ്പിൽ ലഭിച്ച അപേക്ഷകൾ ആസൂത്രണവും സാമ്പത്തിക കാര്യവും വ്യവസായം എന്നീ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്.

## മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ സംബന്ധിച്ച്

275 **(3273)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ അതോറിറ്റി മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2011 ജൂലൈ മാസം മുതലുള്ള ഒട്ടനവധി ഭൂചലനങ്ങളുടെ വെളിച്ചത്തിൽ 6 അംഗ വിദഗ്ധ സംഘം മുല്ലപ്പെരിയാർ അണക്കെട്ട് പരിശോധിക്കുകയും ദുരന്തസാദ്ധ്യതയുടെ വെളിച്ചത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശിപാർശ സമർപ്പിക്കുകയും ചെയ്തു. ഡിസംബർ 2011-ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ (Mullaperiyar Crisis Management Plan) എന്ന ഒരു ദുരന്ത മുന്നൊരുക്ക പദ്ധതി മുല്ലപ്പെരിയാർ അണക്കെട്ടിനും ഇടുക്കി ജലാശയത്തിനും ഇടയിലുള്ള പ്രദേശത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. 3 ഘട്ടങ്ങളുള്ള ഈ പദ്ധതിക്ക് 16.12.2012-നുള്ള GO(Rt)No.780/2012/ഡി.എം.ഡി

ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ മൂന്ന് ഘടകങ്ങൾ ഇവയാണ്.

(1) സാങ്കേതികപ്രവർത്തനങ്ങൾ

(2) അടിയന്തരഘട്ട പ്രതികരണ സംവിധാനം

(3) സാമൂഹിക സുരക്ഷാ പദ്ധതി.

2011 മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി മുല്ലപ്പെരിയാർ ഡാം ഷട്ടറുകൾ തുറന്നു. അമിതമായ ജലം പുറത്തേയ്ക്ക് വിടുന്നത് ഉൾപ്പടെയുള്ള ദുരന്തസാദ്ധ്യതകളെ മുന്നിൽ കണ്ടുകൊണ്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ മുല്ലപ്പെരിയാർ ഡാം മുതൽ ഇടുക്കി റിസർവോയർ വരെയുള്ള സ്ഥലങ്ങളിൽ മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുല്ലപ്പെരിയാർ ഡാമിൽ നാൽപത് മീറ്റർ ജലനിരപ്പുള്ളപ്പോൾ ഡാം പൊട്ടിയാൽ ഇടുക്കി ജലാശയംവരെ മുങ്ങപ്പെടാവുന്ന പരമാവധി പ്രദേശത്തിന്റെ ചുറ്റളവ് ഭൂമിയിൽ അടയാളപ്പെടുത്തി. ഇത്തരത്തിൽ 250 -ഓളം അടയാളങ്ങൾ ഈ പ്രദേശത്ത് മാർക്ക് ചെയ്യുകയും ആയത്

പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച പ്രദേശത്തെ മുഴുവൻ സ്ഥാവര ജംഗമ വസ്തുക്കളും പ്രദേശവാസികളുടെ വിശദമായ വിവരങ്ങളും ഉൾക്കൊള്ളിച്ച് വിവരസാങ്കേതികവിദ്യ (GIS & RS) ഉപയോഗിച്ച് വിശദമായ ഭൂപടങ്ങൾ തയ്യാറാക്കുകയും ഇവ ജില്ലാകളക്ടർ, പോലീസ്, ഫയർഫോഴ്സ്, നേവി എന്നീ വകുപ്പുകൾക്ക് ലഭ്യമാക്കുകയും ചെയ്തു. ഒരു ദുരന്ത സാഹചര്യം ഉണ്ടായാൽ കൃത്യമായി സഹായം എത്തിക്കാൻ ഈ ഭൂപടങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രസ്തുത ഭൂപടങ്ങൾ ജില്ലാ കളക്ടർമാർക്കും പോലീസിനും ഫയർ & റസ്ക്യൂ സർവീസസിനും നൽകിയിട്ടുണ്ട്. അതിസൂക്ഷ്മ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടുകൂടി ഈ പ്രദേശത്തിന്റെ സ്ഥിതി സമഗ്രമായി വിശകലനം നടത്തിയിട്ടുണ്ട്. അടിയന്തര പ്രതികരണ സംവിധാനത്തിന്റെ ഭാഗമായി ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ ആവശ്യമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തുന്നതിന് സജ്ജമാക്കുകയും 2014 വോളന്റിയർമാരെ വാണിംഗ്, കോ-ഓർഡിനേഷൻ, റിസർച്ച് ആൻഡ് റെസ്ക്യൂ, ഫസ്റ്റ് എയ്ഡ് എന്നിങ്ങനെ 4 സംഘങ്ങളായി 6 ഗ്രാമപഞ്ചായത്തുകളിൽ 50 വാർഡുകളിൽ സജ്ജരാക്കുകയുമുണ്ടായി. 2018, 2019, 2021-കളിലും ഇത്തരത്തിലുള്ള ഡാറ്റ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു.

2018, 2019-കളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ വിവിധങ്ങളായ കേന്ദ്ര-സംസ്ഥാന സേനകൾക്കൊപ്പം മുല്ലപ്പെരിയാറിന്റെ നദീതീരത്ത് പ്രവർത്തിക്കാൻ ഇത്തരത്തിൽ പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകർക്ക് കഴിഞ്ഞു. പ്രസ്തുത മേഖലയിൽ കുട്ടികളിൽ നിലനിന്നിരുന്ന ആശങ്ക കുറയ്ക്കുന്നതിനും കുട്ടികളുടെ മനോബലം വളർത്തുന്നതിനും ഈ പ്രദേശത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ഒരു കൗൺസിലിംഗ് പ്രോഗ്രാം നടത്തി. 50 വാർഡുകളിൽ കുടുംബശ്രീ, ജനശ്രീ, യൂത്ത് ക്ലബ്ബുകൾ, അങ്കണവാടി, അദ്ധ്യാപകർ, ആശാ വർക്കേഴ്സ് എന്നിവരെ ഉൾപ്പെടുത്തി സാമൂഹിക അവബോധം വളർത്തുന്നതിനുള്ള 38 യോഗങ്ങൾ വിളിച്ചുചേർത്തു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും വില്ലേജ് ഓഫീസർമാർ കൺവീനറും ആയിട്ടുള്ള ഗ്രാമപഞ്ചായത്തുതല ദുരന്ത നിവാരണ കമ്മിറ്റി രൂപീകരിച്ചു. ആറ് പഞ്ചായത്തുകളിലുള്ള ഈ കമ്മിറ്റികളിലെ 145 അംഗങ്ങൾക്ക് എൻ.സി.ആർ.എഫ്.-ന്റെ ഉൾപ്പെടെയുള്ള പരിശീലനങ്ങൾ നൽകി. മുല്ലപ്പെരിയാർ അണക്കെട്ടിലൂടെ ദുരിതം സംഭവിക്കാൻ ഇടയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ താൽക്കാലിക പുനരധിവാസത്തിനായി ആനവിലാസം, അച്ചൻകോവിൽ, ഏലപ്പാറ, ഇടുക്കി, കുമളി, മഞ്ഞുമല, പെരിയാർ, ഉപ്പുതറ, വാഗമൺ തുടങ്ങിയ

വില്ലേജുകളിൽ ഉൾപ്പെടുന്ന 72 കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 50-ഓളം ആൾക്കാരെ താൽക്കാലികമായി പാർപ്പിക്കാൻ കഴിയുന്നവയാണ് ഇവയെല്ലാംതന്നെ. മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട് 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി 5 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം "ഫ്ലഡ് ഫീൽഡ് മാപ്പിംഗ്" നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മുല്ലപ്പെരിയാർ ഡാമിൽ നാൽപ്പത് മീറ്റർ ജലനിരപ്പുള്ളപ്പോൾ ഡാം പൊട്ടിയാൽ ഇടുക്കി ജലാശയംവരെ മുങ്ങപ്പെടാവുന്ന പരമാവധി പ്രദേശത്തിന്റെ ചുറ്റളവ് ഭൂമിയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൂമിശാസ്ത്രത്തിന്റെ നൂതന സാങ്കേതിക വിദ്യയുടെയും (GIS & RS) സാമൂഹിക അടിസ്ഥാനത്തിൽ ഊന്നിയുള്ള ദുരന്ത ലഘൂകരണ പദ്ധതിയിലൂടെയും ജലനിരപ്പ് ഉയരാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലെ പ്രദേശവാസികളുടെ വിശദവിവരങ്ങൾ, റെസ്ക്യൂ ഷെൽട്ടറുകൾ, റോഡുകൾ മുതലായവ ജിയോ ടാഗ് ചെയ്യുകയും ഒരു ഡാറ്റാ ബെയ്സ് രൂപീകരിക്കുകയും ഭൂപടങ്ങൾ തയ്യാറാക്കുകയും ചെയ്തു. 2018, 2019-കളിലുണ്ടായ

വെള്ളപ്പൊക്കത്തിൽ വിവിധങ്ങളായ കേന്ദ്ര-സംസ്ഥാന സേനകൾ ഇത്തരം ഭൂപടങ്ങൾ ഉപയോഗിക്കുകയുണ്ടായി.

(സി) ഏതെല്ലാം സേവനദാതാക്കളുടെ സഹകരണമാണ് ഈ പദ്ധതിക്കായി വിനിയോഗിച്ചത്; വിശദമാക്കാമോ?

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും സംയുക്തമായാണ് മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിയത്. ഇതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ഭൂമിശാസ്ത്ര വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കിയിരുന്നു.

(ഡി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇതുവരെ ₹ 87,05,891/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

**പ്രളയ നഷ്ടപരിഹാരത്തുക അക്കൗണ്ട് മാറി ക്രെഡിറ്റായത്**

276 **(3274)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയപ്പോൾ അർഹരായ ഗുണഭോക്താക്കൾക്ക്

ലഭിക്കേണ്ട തുക ചില സാങ്കേതിക കാരണങ്ങളാൽ അക്കൗണ്ട് മാറി ക്രെഡിറ്റായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലമ്പൂർ താലൂക്കിലെ പോത്തുകല്ല് വില്ലേജിലെ കുനിപ്പാലയിൽ താമസിക്കുന്ന കുഞ്ഞുമുഹമ്മദ് എന്ന വയോധികന് അനുവദിച്ച 2,50,000/- (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ) നഷ്ടപരിഹാരത്തുക അക്കൗണ്ട് മാറി ക്രെഡിറ്റ് ആയതിനെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. കുഞ്ഞുമുഹമ്മദ് എന്നവർ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ റീബിൽഡ് യൂണീക്ക് ഐ.ഡി. 510 190 9030 2070 നമ്പർ പ്രകാരം റീബിൽഡ് ആപ്പിൽ 60-74% നാശനഷ്ടം രേഖപ്പെടുത്തിയതിന് DBT ആയി സർക്കാർ അനുവദിച്ച ധനസഹായമായ 2,50,000/- രൂപ കേരള ഗ്രാമീൺ ബാങ്ക് നെട്ടിക്കുളം ശാഖയിൽ ടിയാളുടെ 40158100100565 എന്ന അക്കൗണ്ട് നമ്പരിനുപകരം ശ്രീ. ബീരാൻകുട്ടി എന്നയാളുടെ 40158100100585 എന്ന അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായതായും ശ്രീ. ബീരാൻകുട്ടി എന്നയാൾ മരണപ്പെട്ടതിനാൽ ടി തുക പരേതന്റെ അവകാശികൾക്ക് വീതിച്ച് നൽകിയതായും ബാങ്ക് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടക്കാത്തപക്ഷം

ജപ്തി നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് ശ്രീ. ബീരാൻകുട്ടി എന്നവരുടെ അവകാശികൾക്ക് പോത്തുകല്ല് വില്ലേജ് ഓഫീസർ മുഖാന്തരം കത്ത് നൽകിയിട്ടുണ്ട്. ശ്രീ. കുഞ്ഞുമുഹമ്മദ് എന്നവരെ പോർട്ടലിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ലാത്തതിനാൽ ടിയാന് അർഹമായ ധനസഹായം DBT യായി ലഭ്യമാക്കുന്നതിനായി ടിയാന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി 19.04.2022-ലെ DCMPM/4745/2022-DM1 നമ്പരായി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഡിഎംഎ4/121/2022/ഡിഎംഡി ഫയലിൽ പരിശോധിച്ചുവരുന്നു.

(സി) മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനായി സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്ക് വിവിധ സമയങ്ങളിലായി നൽകിയ കത്തുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും ഫയൽ നമ്പരുകളടക്കമുള്ള വിവരങ്ങളും അറിയിക്കാമോ; വിഷയം പരിഹരിച്ച് തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ബഹു.നിലമ്പൂർ എം.എൽ.എ. 15.03.2022-ന് 06/REV/2022/TVM നമ്പരായി നൽകിയ പരാതി ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.04.2022-ലെ LR/4251/2022-LR(H2) നമ്പർ കത്തിനോടൊപ്പം തുടർ

നടപടികൾക്കായി മലപ്പുറം ജില്ലാകളക്ടർക്ക് നൽകുകയും ആയത് പ്രകാരം അക്കൗണ്ട് മാറി ക്രെഡിറ്റായ 2,50,000/- രൂപ തിരികെ പിടിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടറുടെ 19.04.2022-ലെ DCMPM/4745/2022-DM1 നമ്പർ കത്ത് പ്രകാരം നിലമ്പൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ റീ-ബിൽഡ് ആപ്പ് മുഖേന പുതുതായി ശ്രീ. കുഞ്ഞുമുഹമ്മദ് എന്നവരെ പോർട്ടലിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ലാത്തതിനാൽ ടിയാന് അർഹമായ ധനസഹായം DBT-യായി ലഭ്യമാക്കുന്നതിനായി ടിയാന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി 19.04.2022-ലെ DCMPM/4745/2022-DM1 നമ്പരായി ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഡിഎംഎ4/121/2022/ഡിഎംഡി ഫയലിൽ പരിശോധിച്ചുവരുന്നു.

## പാറശ്ശാല മണ്ഡലത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ

277 **(3275)** <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ പാറശ്ശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2020 മുതൽ 2022

വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിന്റെ വിശദവിവരങ്ങൾ, ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കാമോ?

അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾക്ക് കളക്ടറേറ്റിൽനിന്നും ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾക്ക് കളക്ടറേറ്റിൽനിന്നും ഭരണാനുമതി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന് പുറമേ തഹസിൽദാർമാരുടെ റിപ്പോർട്ടിന്റെ ആവശ്യകതയുണ്ടോ; വിവരം അറിയിക്കാമോ; ഇങ്ങനെ റിപ്പോർട്ട് അയയ്ക്കുന്നതിലൂടെ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിൽ SDRF മാനദണ്ഡം കർശനമായി പാലിക്കുന്നുണ്ടെന്ന് സ്ഥലപരിശോധന നടത്തി ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി പരാമർശിച്ചിട്ടുണ്ട്. നിർവ്വഹണാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ഈ പരിശോധന നടത്താൻ ജില്ലാ കളക്ടർക്ക് ഉത്തരവാദിത്വമുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതിനാലാണ് തഹസിൽദാർ മുഖാന്തരം പരിശോധന നടത്തുന്നത്. ഇപ്രകാരം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ BDO-ക്ക് സർക്കാർ ഉത്തരവ് അയച്ചുകൊടുക്കുന്ന മുറയ്ക്കുതന്നെ സമാന്തരമായി SDRF മാനദണ്ഡ പ്രകരമാണോ പ്രവൃത്തി എന്ന് പരിശോധിക്കുന്നതിന് തഹസിൽദാർക്ക് അയച്ചുകൊടുക്കുന്നതാണ്.

(സി) തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പാറശ്ശാല നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുണ്ടെന്നുള്ള വിശദാംശങ്ങൾ പാറശ്ശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും കളക്ടറേറ്റിൽ ലഭിച്ച തീയതി, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക ഉൾപ്പെടെ ലഭ്യമാക്കി നൽകാമോ?

അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

## പെട്ടിമുടി ഉരുൾപൊട്ടലിൽ കാണാതായവർ

278 **(3276)** ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മൂന്നാർ പെട്ടിമുടി ഉരുൾപൊട്ടലിൽ കാണാതായ മുഴുവൻ ആളുകളേയും മരണപ്പെട്ടതായി കണക്കാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ കാണാതായവരിൽ ഇനി എത്ര ആളുകളെ മരണപ്പെട്ടവരായി കണക്കാക്കി പ്രഖ്യാപിക്കാനുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ പ്രഖ്യാപനം നടത്തുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ?

(എ-സി) മൂന്നാർ പെട്ടിമുടി ഉരുൾപൊട്ടലിൽ നാല് പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്. കാണാതായ കേസുകളിൽ 7 വർഷത്തിനുശേഷമാണ് സിവിൽ ഡെത്ത് ഡിക്ലയർ ചെയ്യാൻ സാധിക്കുന്നത്. എന്നാൽ 2017-ലുണ്ടായ ഓഖി ദുരന്തത്തിൽ കാണാതായവരുടെ കേസിൽ സിവിൽ ഡെത്ത് ഡിക്ലയർ ചെയ്യാതെതന്നെ കാണാതായവരുടെ ആശ്രിതർക്ക് മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ചതിന് തുല്യമായ ധനസഹായം അനുവദിച്ചിരുന്നു. പെട്ടിമുടി ദുരന്തത്തിൽ കാണാതായവരുടെ കേസിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിച്ച അതേ മാനദണ്ഡപ്രകാരം അനുവദിക്കുന്നതിനായി മൂന്നാർ വില്ലേജ് ഓഫീസർ, മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മൂന്നാർ

പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, മൂന്നാർ അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരടങ്ങുന്ന പ്രാദേശികതല കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 18.05.2022-ൽ ചേർന്ന യോഗം പരിഗണിക്കുകയും ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം മുഴുവൻ കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടോ; അറിയിക്കാമോ?

മൂന്നാർ പെട്ടിമുടി ഉരുൾപൊട്ടലിൽ മരണപ്പെട്ട മുഴുവൻ ആളുകളുടെ കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

**വർക്കല നിയോജകമണ്ഡലത്തിലെ ഫ്ലഡ് പ്രവൃത്തികൾ**

279 **(3277)** <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തിയാകാനുണ്ടെങ്കിൽ എന്ത്

കാരണത്താലാണ് അത് പൂർത്തിയാകാത്തതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. 2020 ആദ്യപാദം മുതൽ കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങളും വിദഗ്ധ തൊഴിലാളികളുടെയും നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം എന്നിവ കാരണം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പറ്റാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 02-02-2022, 20-04-2022 എന്നീ തീയതികളിലെ ഡി.എം.എ3/259/20 21/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം കരാർ വയ്ക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**ദുരന്ത നിവാരണ സാക്ഷരതാ യജ്ഞം നടപ്പിലാക്കുന്നതിന് നടപടി**

280 **(3278)** ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. മുരളി പെരുനെല്ലി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിന് പ്രാപ്തരാക്കുന്ന തരത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ദുരന്ത നിവാരണ സാക്ഷരതാ യജ്ഞം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ദുരന്ത സാക്ഷരതാ യജ്ഞത്തിന്റെ ഭാഗമായി, ദേശീയ ദുരന്ത നിവാരണ പരിശീലന കേന്ദ്രത്തിന്റെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഒരു ഡെപ്യൂട്ടി തഹസിൽദാറിനെ വീതം വിദഗ്ധ പരിശീലകരാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവബോധം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ ഇവർ മുഖാന്തരം നടപ്പിലാക്കുന്നതാണ്. അന്യസംസ്ഥാന അതിഥി തൊഴിലാളികളെ പരിഗണിച്ചുകൊണ്ട് തമിഴ്, ഹിന്ദി, ആസാമി, ബംഗ്ലാ (ബംഗാളി), മൈഥിലി (ബീഹാർ) എന്നിങ്ങനെ അഞ്ച് ഭാഷകളിലായി കേരളത്തിലെ 16 വ്യത്യസ്ത ദുരന്ത സാദ്ധ്യതകളെ പ്രതിപാദിക്കുന്ന വീഡിയോ ഡോക്യുമെന്ററിയും ബ്രോഷറുകളും തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ പരിശീലന കേന്ദ്രം ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനലുകൾ, മറ്റ് സോഷ്യൽ മീഡിയ അക്കൗണ്ടുകൾ മുഖാന്തരം ഇവ ജനങ്ങളിലേയ്ക്ക് എത്തിച്ചുനൽകുന്നു. കൗമാരക്കാരായ യുവത്വത്തിന്റെ

കഴിവുകൾ ദുരന്തനിവാരണ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലേയും ലൈബ്രറികളിലേയ്ക്ക് കാലാവസ്ഥാ വ്യതിയാനം, ദുരന്താനന്തര മാനസിക സാമൂഹിക പരിചരണം, കേരളത്തിലെ നദീ സംരക്ഷണം എന്നീ വിഷയങ്ങളിൽ കൈപുസ്തക മാർഗ്ഗരേഖകൾ തയ്യാറാക്കിനൽകുന്നുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി കർമ്മപരിപാടി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ജില്ലകൾതോറും വികേന്ദ്രീകൃത പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി “ ഭൂമിക” എന്ന പേരിൽ ഒരു മാസികയും നവ സാമൂഹിക മാധ്യമ സേവനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് 'നിങ്ങൾക്കറിയാമോ' എന്ന പേരിൽ പ്രതിദിന വാർത്താശകലങ്ങളും പുറത്തിറക്കുന്നു. ലാൻഡ് ഗവേണൻസ്, ഡിസാസ്റ്റർ മാനേജ്മെന്റ്, റിവർ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ MBA കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

അന്തിമഘട്ടത്തിലാണ്. നദികളിൽനിന്നും മണൽ ഖനനം നടത്തുന്നതിന് ആവശ്യമായ പാരിസ്ഥിതിക അനുമതി നേടുന്നതിനുള്ള ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (ഡി.എസ്.ആർ.) തയ്യാറാക്കുന്ന പ്രവർത്തനം നടപ്പിലാക്കിവരുന്നു. ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം, ഡിജിറ്റൽ ക്ലാസ് മുറി, ദുരന്ത സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ഉരുൾപൊട്ടൽ സംബന്ധിച്ച് ഒരു അന്താരാഷ്ട്ര ശില്പശാല എന്നിവ വിഭാവനം ചെയ്യുന്നു. റവന്യൂ - ദുരന്ത നിവാരണ-നദീ സംരക്ഷണ വിഷയങ്ങളിൽ ആവശ്യമായ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നു. ഐ.എൽ.ഡി.എം.-നെ മികവിന്റെ കേന്ദ്രമാകുന്നതിന്റെ ഭാഗമായി ലാൻഡ് ഗവേണൻസ് സെന്റർ, ലൈറ്റ്നിങ് റിസർച്ച് സെന്റർ, ക്രൗഡ് റിസ്ക് റിസർച്ച് സെന്റർ, IGNOU സ്റ്റഡി സെന്റർ, ഡിസാസ്റ്റർ ട്രോമ കൗൺസിലിംഗ് സെന്റർ എന്നീ ഉപകേന്ദ്രങ്ങൾ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.എൽ.ഡി.എം. - ലെ ഗവേഷണ കേന്ദ്രമായ റിവർ മാനേജ്മെന്റ് സെന്ററിൽ (RMC) സംസ്ഥാനത്തെ നദികളുടെ തീരം സംരക്ഷിക്കുന്നതിനും മണൽവാരൽ നിയന്ത്രണം നടപ്പിലാക്കുന്നതിനും സാൻഡ് ഓഡിറ്റിംഗും റിവർ ബാങ്ക് മാപ്പിംഗും പ്രളയ നിരപ്പ് സൂചകങ്ങൾ സ്ഥാപിക്കലും നിർവ്വഹിക്കുന്നു. ഓൺലൈൻ ലിറ്ററേച്ചർ ഉൾപ്പെടെ ലഭ്യമാകുന്ന ഡിജിറ്റൽ

ലൈബ്രറി സംവിധാനങ്ങളും മികച്ച പഠന സൗകര്യം ഒരുക്കാൻ പര്യാപ്തമായ ഹോസ്റ്റൽ സംവിധാനങ്ങളും ഹരിതാഭയാർന്ന ഉദ്യാനങ്ങളും ക്യാന്റീൻ- മിനി കഫെറ്റീരിയ സംവിധാനങ്ങളും സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. ഇവ നടപ്പ് സാമ്പത്തിക വർഷംതന്നെ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) റവന്യൂ ഇൻഫർമേഷൻ ബ്യൂറോ തുടങ്ങാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ; വിശദമാക്കുമോ?

ഉണ്ട്. റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ഐ.എൽ.ഡി.എം.-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ലൈവ് സ്റ്റുഡിയോ, മീഡിയ സെന്റർ പ്രവർത്തനങ്ങൾ, യു-ട്യൂബ് ചാനൽ പബ്ലിക്കേഷനുകൾ തുടങ്ങിയവ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം നിർവഹിക്കപ്പെടുന്നതാണ്. പൊതുജനങ്ങളെയും ജീവനക്കാരെയും വിവിധ റവന്യൂ വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുന്നതിനായി ചെറിയ വീഡിയോകൾ നിർമ്മിച്ച് പ്രചരിപ്പിക്കുക, ചെറിയ കൈപുസ്തകങ്ങൾ നിർമ്മിച്ച് പ്രചരിപ്പിക്കുക എന്നിവയും റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളാണ്.

## റെലീസ് പോർട്ടൽ വഴി സേവനങ്ങൾ

281 **(3279)** <u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>

ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തട്ടിപ്പുകളും വിവരങ്ങൾ മറച്ചുകൊണ്ടുള്ള തിരിമറികളും തടയുന്നതിനായി പ്രത്യേകമായി തണ്ടപ്പേർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഭൂമി സംബന്ധമായ ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകും; വിശദമാക്കാമോ?

സംസ്ഥാനത്തെ ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് യുണീക്ക് തണ്ടപ്പേർ. റവന്യൂ വകുപ്പിന്റെ ReLIS സോഫ്റ്റ്‌വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തരമോ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനത്തിന് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യൂണീക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ

ബന്ധിപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ തണ്ടപ്പേർ ആധാറുമായി ബന്ധിപ്പിക്കുകവഴി ഭൂമിയുമായി ബന്ധപ്പെട്ട് നടക്കുന്ന തിരിമറികളും തട്ടിപ്പുകളും ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. തണ്ടപ്പേർ ആധാറുമായി ബന്ധിപ്പിക്കുന്നതിലൂടെ ഒരു വ്യക്തിക്ക് സംസ്ഥാനത്ത് എവിടെയും തന്റെ പേരിലുള്ള ഭൂമി ഒരുമിച്ച് ലിസ്റ്റ് ചെയ്ത് കാണാവുന്നതുമാണ്. 01-06-2022-ലെ സ.ഉ (സാധാ)നം.2626/2022/റവ. നമ്പർ പ്രകാരം യുണീക്ക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) വസ്തു ഉടമകൾക്ക് റവന്യൂ വകുപ്പിന്റെ റെലിസ് പോർട്ടലുമായി വസ്തു വിവരങ്ങളും മറ്റ് വിവരങ്ങളും ലിങ്ക് ചെയ്യുന്നതുവഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

യൂണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ ചുവടെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നതാണ്.

1. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒരു നമ്പറിൽ രേഖപ്പെടുത്തുന്നു.

2. ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള ഭൂമിയുടെ വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പരിൽ ലഭ്യമാകും.

3. മിച്ചഭൂമി കണ്ടെത്തുന്നതിന് സഹായകമാകും.

4. ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിനും സുരക്ഷിതമാക്കുന്നതിനും സാധിക്കും.

5. ഭൂസംബന്ധമായ ഇടപാടുകൾ സുഗമമാക്കുന്നതിനും ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും.

6. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കും.

7. വസ്തു വിവരം മറച്ചുവച്ച് ആനുകൂല്യങ്ങൾ നേടുന്നത് തടയാൻ കഴിയും.

8. വിള ഇൻഷ്വറൻസിനും മറ്റ് കാർഷിക സബ്സിഡികൾക്കും പ്രയോജനം ചെയ്യും.

9. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കാൻ സാധിക്കും.

10. ബന്ധപ്പെട്ട വിവിധ സേവനങ്ങൾ വേഗത്തിലാക്കാൻ സാധിക്കും.

11. ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജിലോക്കറിൽ സൂക്ഷിക്കാൻ സാധിക്കും.

**ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയത് തിരുത്തുന്നതിന് നടപടി**

282 **(3280)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കരഭൂമിയായി മാറ്റപ്പെട്ടതും 50 വർഷത്തിലേറെയായി കൃഷി ഇല്ലാതെ നികന്നതോ നികത്തപ്പെട്ടതോ ആയതും ജനവാസ മേഖലയുമായ ഭൂമി ഇപ്പോഴും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതും തന്മൂലം ഭൂവുടമകൾക്ക് പ്രയാസം അനുഭവപ്പെടുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഭൂമി തെറ്റായി ഉൾപ്പെട്ടതിനാൽ ഭൂവുടമകൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട അത്തരം ഭൂമികൾ ആർ.ഡി.ഒ./തഹസിൽദാർ/വില്ലേജ് ഓഫീസർ നേരിട്ട് പരിശോധിച്ച് ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി, ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കി നൽകുന്നതിന് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർക്കും പ്രാദേശികതല നിരീക്ഷണ സമിതിക്കുമാണ് അധികാരമുള്ളത്.

ഇതിനായി ചട്ടം 4(ഡി) പ്രകാരം, ഫോറം 5 ൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കും ചട്ടം 4(vi) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതിക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ടി അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് ലഭ്യമാക്കിയുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

മേൽ പ്രകാരം, നിയമപ്രകാരമുള്ള നടപടികളിൽ പൂർത്തിയാക്കിയാണ് തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നത്. എന്നാൽ തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക് ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി ഒഴിവാക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതല്ല.

(സി) ഇത്തരത്തിൽ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കി നൽകുന്നതിന് ഫോറം-5 ൽ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസർമാർ മുമ്പാകെ അപേക്ഷകൾ ലഭിച്ചിട്ടുള്ളതാണ്. അപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ളതാണ്.*

(ഡി) സംസ്ഥാനത്ത് സെറ്റിൽമെന്റ് രജിസ്റ്റർ എന്നുമുതൽ നിലവിലുണ്ട്; പ്രസ്തുത രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ട ഭൂമി പിന്നീട് കരഭൂമിയായി മാറ്റപ്പെട്ടതിന് ശേഷവും പ്രസ്തുത രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തപ്പെട്ടതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്: അറിയിക്കുമോ?

1712-ൽ സെറ്റിൽമെന്റ് രജിസ്റ്റർ (കേട്ടെഴുത്ത്) തയ്യാറാക്കിയതായും തുടർന്ന് 1738-1748, 1775, 1801, 1817, 1836 വർഷങ്ങളിലും സെറ്റിൽമെന്റ് രജിസ്റ്റർ നിലവിലുണ്ടായിരുന്നതായും 1882-1909 കാലഘട്ടങ്ങളിൽ പുതിയ സെറ്റിൽമെന്റ് രജിസ്റ്റർ നിലവിൽ വന്നതായും മനസ്സിലാകുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അക്കാലത്തെ ഭൂസ്ഥിതി സംബന്ധിച്ചുള്ള ആധികാരിക രേഖയാണ് സെറ്റിൽമെന്റ് രജിസ്റ്റർ. പ്രസ്തുത സെറ്റിൽമെന്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പിന്നീട് തയ്യാറാക്കിയ അടിസ്ഥാന നികുതി രജിസ്റ്ററും (ബി.റ്റി.ആർ.) തുടർന്ന് കാലികമായ മാറ്റങ്ങൾ വരുത്തി റീസർവ്വേയ്ക്കുശേഷം തയ്യാറാക്കിയ അടിസ്ഥാന നികുതി രജിസ്റ്ററും നിലവിലുള്ളതാണ്.

മേൽപ്രകാരമുള്ള ബി.ടി.ആർ.-ൽ നിലം ആയി തുടരുന്നതും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം സംബന്ധിച്ചും നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാക്കിയുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ സപ്ലിമെന്ററി ബി.റ്റി.ആർ.-ൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നത് സംബന്ധിച്ചും ടി നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ളതാണ്.

എന്നാൽ സെറ്റിൽമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് യാതൊരു നിയമത്തിലും വ്യവസ്ഥയുള്ളതല്ല. ആയത് പ്രയോഗികമല്ലാത്തതുമാണ്.

**ഒറ്റ തണ്ടപ്പേർ സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ**

283 **(3281)** ശ്രീ. വി. ജോയി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യാധിഷ്ഠിതമായി റവന്യൂ സേവനങ്ങൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി ഒറ്റ തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഈ പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്?

ReLIS സോഫ്റ്റ്‌വെയറിൽ യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ ഏതൊരു വ്യക്തിയുടെയും ഭൂമി സംബന്ധിച്ച വിവരങ്ങൾ ആധാർ അധിഷ്ഠിതമായി ഒറ്റ നമ്പറിനാൽ രേഖപ്പെടുത്താൻ കഴിയുന്നതാണ്.

2. ഒരു ഭൂവുടമയ്ക്ക് സംസ്ഥാനത്തെ ഏത് വില്ലേജിലുമുള്ള ഭൂമിയുടെ വിവരങ്ങൾ ഒറ്റ തണ്ടപ്പേർ നമ്പരിൽ ലഭ്യമാകും.

3. മിച്ചഭൂമി കണ്ടെത്താൻ സഹായകമാകും.

4. ഭൂരേഖകളിൽ കൃത്യത കൈവരിക്കുന്നതിന് സാധിക്കും.

5. ഭൂസംബന്ധമായ ഇടപാടുകൾ സുഗമമാക്കുന്നതിനും ക്രയവിക്രയങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും സാധിക്കും.

6. ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, ബിനാമി ഇടപാടുകൾ എന്നിവ നിയന്ത്രിക്കുന്നതിന് സാധിക്കും.

7. വസ്തു വിവരം മറച്ചുവച്ച് ആനുകൂല്യങ്ങൾ നേടുന്നത് തടയാൻ സാധിക്കും.

8. വിള ഇൻഷ്വറൻസിനും മറ്റ് കാർഷിക സബ്സിഡികൾക്കും ഭൂവിവരങ്ങൾ ഉപയോഗിക്കാൻ സാധിക്കും.

9. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കാൻ സാധിക്കും.

10. ഉപഭോക്താക്കൾക്ക് മികച്ച ഓൺലൈൻ സേവനം പ്രദാനം ചെയ്യാൻ സാധിക്കും.

11. ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങളും നികുതി രസീതും ഡിജിലോക്കറിൽ സൂക്ഷിക്കാൻ സാധിക്കും.

(ബി) നിലവിലുള്ള വസ്തു ഉടമകൾ ഒറ്റ തണ്ടപ്പേർ സമ്പ്രദായത്തിലേയ്ക്ക് മാറ്റേണ്ടതുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

സ്വമേധയായുള്ള എൻറോൾമെന്റ് ആണ് ഉദ്ദേശിക്കുന്നത്. റവന്യൂ വകുപ്പിന്റെ ReLIS എന്ന സോഫ്റ്റ്‌വെയറിൽ യുണീക്ക് തണ്ടപ്പേർ

സംവിധാനം നടപ്പിലാക്കുന്നതിനുള്ള Module വികസിപ്പിച്ചിട്ടുള്ളതും എല്ലാ വില്ലേജാഫീസുകളിലും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ബയോമെട്രിക് ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതുമാണ്. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തിരമോ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനങ്ങൾക്ക് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്ന രീതിയിലാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട വില്ലേജാഫീസർ ആയത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യുണീക്ക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കുന്നതുമാണ്.

(സി) ഭൂമി കൈമാറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഇതിനായി വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; രജിസ്ട്രേഷൻ വകുപ്പിലെ സോഫ്റ്റ്‌വെയറുമായി റെലിസ് ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഭൂമി കൈമാറ്റത്തിന് ഏർപ്പെടുത്തിയിട്ടുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ ഇതിനായി വേണ്ട ക്രമീകരണങ്ങൾ

നടത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലെ സോഫ്റ്റ്‌വെയറുമായി റെലിസ് ബന്ധിപ്പിച്ച് ഓൺലൈൻ പോക്കുവരവ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

## മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത്

284 **(3282)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽ ഉൾപ്പെട്ട 116.19 സെന്റ് ഭൂമി മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 08-01-2021 -ലെ സ.ഉ.(ആർ.റ്റി) നമ്പർ 85/2021/റവ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 25-11-2021-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 3488-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും

അന്തിമ റിപ്പോർട്ട് 10-01-2022-ന് സമർപ്പിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുകയും വിദഗ്ദ്ധ സമിതി പഠനം നടത്തിവരികയും ചെയ്യുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്താണെന്നും സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

2013-ലെ RFCT LARR Act അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ നടത്തേണ്ടതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ**

285 **(3283)** <u>ശ്രീ മാത്യു. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച തിരുവല്ല -മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് വികസനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കുറ്റപ്പുഴ, കുന്നന്താനം, കല്ലൂപ്പാറ, മല്ലപ്പള്ളി, ആനിക്കാട് എന്നീ വില്ലേജുകളിലെ 2.0305 ഹെക്ടർ സ്ഥലവും കോട്ടയം ജില്ലയിലെ പായിപ്പാട്, നെടുങ്കുന്നം എന്നീ വില്ലേജുകളിലെ 0.3530 ഹെക്ടർ സ്ഥലവും ഉൾപ്പടെ ആകെ 2.3835 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 17-03-2022-ലെ സ.ഉ.(കൈ) നം.72/2022/റവ. പ്രകാരം എൽ.എ.ആർ.ആർ.ആക്ട്, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ നടത്തേണ്ടതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് ചേർത്തല, കായംകുളം എന്നീ സ്ഥലങ്ങളിലായി 2 എൽ.എ. കിഫ്ബി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ എൽ.എ. കിഫ്ബി കായംകുളം യൂണിറ്റ് വഴിയാണ് നടത്തിവരുന്നത്. പത്തനംതിട്ട ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമെങ്കിൽ എൽ.എ. കിഫ്ബി കായംകുളം (ആലപ്പുഴ) യൂണിറ്റിനെ ജില്ലാ കളക്ടർ/കിഫ്ബി ആവശ്യപ്പെടുന്ന പക്ഷം പത്തനംതിട്ട ജില്ലയിലെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കുവേണ്ടി മാത്രമായി ചുമതലപ്പെടുത്തുന്നതാണ്.

**കരമന - വെള്ളറട റോഡിനുള്ള ഭൂമി ഏറ്റെടുക്കൽ**

286 **(3284)** <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന - വെള്ളറട റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ അന്തിമ വിജ്ഞാപനം ആയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നാകുമെന്ന് വ്യക്തമാക്കുമോ?

കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലും അന്തിമ വിജ്ഞാപനം (19(1) പ്രഖ്യാപനം) ആയിട്ടില്ല.

<u>റീച്ച് 1 - കരമന മുതൽ കുണ്ടമൺകടവ് പാലം വരെ</u>

തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ സ്ഥലം കരമന - വെള്ളറട റീച്ച് 1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലെന്ന് ജില്ലാ കളക്ടർ

അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 04-01-2022-ലെ സ.ഉ.(അച്ചടി) 8/2022/റവ., 13-06-2022-ലെ സ.ഉ. (അച്ചടി) 176/2022/റവ, എന്നീ ഉത്തരവുകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പുനരധിവാസ പുനഃസ്ഥാപന പാക്കേജ് പ്രസിദ്ധീകരിച്ച് 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

റീച്ച് 2 - കുണ്ടമൺകടവ് പാലം മുതൽ ഞാറവിള വരെ

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25-01-2022-ലെ സ.ഉ.(കൈ). നം.23/2022/റവ, 05-04-2022-ലെ സ.ഉ.(കൈ) നം. 97/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം എൽ.എ.ആർ.ആർ. ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ

സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ

തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി രൂപീകരിച്ച് 25-01-2022-ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ. പ്രകാരം എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിലവിൽ സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടില്ല.

## നെഗോഷ്യേറ്റഡ് പർച്ചേസ് രീതി

287 **(3285)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ഹെക്ടർ വരെയുള്ള ഭൂമി വാങ്ങലുകൾക്ക് നെഗോഷ്യേറ്റഡ് പർച്ചേസ് രീതി അവലംബിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് അനുവാദം നൽകുന്നതിനുള്ള നടപടിക്രമങ്ങൾക്ക് രൂപം നൽകുന്നതിന് റവന്യൂ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ റവന്യൂ (ബി) വകുപ്പ് നൽകിയ നിർദ്ദേശത്തിൽ ലാന്റ് റവന്യൂ

വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാനത്ത് പൊതു ആവശ്യത്തിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ ഭൂവുടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നപക്ഷം പ്രസ്തുത നിയമത്തിലെ സെക്ഷൻ 108 പ്രകാരം ഭൂവുടമകളുമായി ചർച്ചചെയ്ത് (നെഗോഷ്യേറ്റഡ് പർച്ചേസ്) സ്ഥലവില നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കാൻ നിയമം അനുശാസിക്കുന്നു. അപ്രകാരം negotiation ചെയ്യുന്ന അവസരങ്ങളിൽ 4(1) വിജ്ഞാപനം, സമുചിത സർക്കാർ തീരുമാനം, 11(1) വിജ്ഞാപനം (പ്രാഥമിക വിജ്ഞാപനം), ആർ.ആർ. പാക്കേജ്, 19(1) പ്രഖ്യാപനം എന്നിവ പുറപ്പെടുവിച്ചതിന് ശേഷംമാത്രമേ ഭൂവുടമകളുമായി negotiation ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് ആക്ട് പ്രകാരം മാത്രമേ negotiated purchase നടത്താൻ സാധിക്കുകയുള്ളൂ.

എന്നാൽ കെ.എൽ.ആർ. നിയമത്തിലെ സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ച ഭൂമി, unsurveyed land, കോടതി വ്യവഹാരത്തിൽ ഉൾപ്പെടാത്ത ഭൂമി, escheat land എന്നിവയിൽ ഉൾപ്പെടാത്ത അഞ്ച് ഹെക്ടർ

വരെയുള്ള ഭൂമി കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ വകുപ്പുകൾക്ക് നേരിട്ട് വിൽക്കാൻ (Direct Purchase) ഭൂവുടമകൾ സമ്മതം അറിയിക്കുന്ന അവസരങ്ങളിൽ ആയത് അവലംബിക്കുന്നതിന് പൊതുവായ മാനദണ്ഡം നിശ്ചയിച്ച് കരട് സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിട്ടുള്ളതും മറുപടി ലഭ്യമല്ലാത്തതുമാണ്.

**മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വികസനം**

288 **(3286)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 38 ആർസ് സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 മുഖേന ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുള്ളതും ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി

വിലയിരുത്തി ശിപാർശ സമർപ്പിച്ചിട്ടുള്ളതും സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സമുചിത സർക്കാർ (ജില്ലാ കളക്ടർ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിലവിൽ എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 11(1) പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ വികസനത്തിനാവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രാരംഭ വിജ്ഞാപനം (11(1) വിജ്ഞാപനം) പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ DVS, BVR തയ്യാറാക്കി 19(1) പ്രഖ്യാപനവും അവാർഡും പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജി.ടി.എച്ച്.എസ്. കുറിച്ചിക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി

289 **(3287)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഗവ. ടെക്നിക്കൽ എച്ച്.എസ്. കുറിച്ചിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കാലതാമസം ഒഴിവാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടയം ജില്ലയിലെ കുറിച്ചി വില്ലേജിൽ കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനുവേണ്ടി 3.43 ഏക്കർ ഭൂമി എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 07-04-2022-ലെ സ.ഉ.(സാ.ധാ) നമ്പർ 1616/2022/റവ. ഉത്തരവ് പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധനയിൽ ഏറ്റെടുക്കേണ്ട ഭൂമിയിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 2-ൽ റീസർവ്വേ നമ്പർ 46/1-ൽ ഉൾപ്പെട്ട 66.40 ആർ ഭൂമി ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടുവരുന്ന നിലമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് Kerala Conversion of Paddy Land and Wet Land Act പ്രകാരം പ്രസ്തുത ഭൂമി പൊതു ആവശ്യത്തിന് അതായത് കുറിച്ചി ടെക്നിക്കൽ ഹൈസ്കൂളിനുവേണ്ടി പരിവർത്തനപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഉത്തരവ് ലഭ്യമാക്കാൻ ജില്ലാ കളക്ടർ അർത്ഥനാധികാരിയോട്

ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിരുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ വിജ്ഞാപനം, പ്രഖ്യാപനം, അവാർഡ് എന്നിവ പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**ഭൂമി കയ്യേറ്റം**

290 **(3288)**ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ വെള്ളത്തുവൽ വില്ലേജിൽ പ്രവർത്തിക്കുന്ന ആനവിരട്ടി ഗവ. എൽ.പി. സ്കൂളിന്റെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറുന്നതിനാൽ സ്കൂളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. ആനവിരട്ടി ഗവ. എൽ.പി. സ്കൂളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി സ്കൂൾ ഹെഡ്മിസ്ട്രസ്സ് 23-02-2021-ൽ അപേക്ഷ നൽകിയിരുന്നു.

(ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തി വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദേവികുളം താലൂക്ക് സർവ്വേയർ 10-09-2021-ൽ സ്ഥല പരിശോധന നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിൽ സ്കൂൾവക സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥലം സ്കൂളിന് കൈമാറിയതായുള്ള രേഖകൾ പരിശോധിക്കേണ്ടതുള്ളതിനാൽ ആയത് ഹാജരാക്കുന്നതിന് 10-09-2021, 14-01-2022 തീയതികളിൽ സ്കൂൾ ഹെഡ്മിസ്ട്രസ്സിനും പി.ടി.എ. പ്രസിഡന്റിനും ദേവികുളം തഹസീൽദാർ കത്ത് നൽകിയിരുന്നു. രേഖകൾ ഹാജരാക്കാത്തതിനാൽ സ്കൂൾ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്

291 **(3289)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കുറുപ്പന്തറ മേൽപ്പാല നിർമ്മാണത്തിന് വേണ്ടിയുള്ള 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുറുപ്പന്തറ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് പദ്ധതിയുടെ 19(1) പ്രഖ്യാപനത്തിന്റെ കരട് 24.06.2022-ൽ ലാന്റ് അക്വിസിഷൻ ഓഫീസർ ജില്ലാ കളക്ടർക്ക് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 711/7, 711/9, 201/11 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ ഇനം 11(1) വിജ്ഞാപനത്തിൽ 'നിലം' (ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല)' എന്നും കരട് പ്രഖ്യാപനത്തിൽ പ്രസ്തുത വസ്തു 'പുരയിടം' എന്നും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച് റിപ്പോർട്ട് ഹാജരാക്കുന്നതിന് പൊന്നുംവില ഓഫീസർക്ക് 30.06.2022-ൽ നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് 04-02-2022-ൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പുമൂലം എത്ര നിർമ്മിതികളാണ് നഷ്ടപ്പെടുന്നത് എന്നറിയിക്കാമോ; എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 54 നിർമ്മിതികളാണ് നഷ്ടപ്പെടുന്നത്. പ്രസ്തുത പദ്ധതിക്കായി 25.09 ആർ വസ്തുവാണ് ഏറ്റെടുക്കേണ്ടിവരുന്നത്.

(ഡി) കുറുപ്പന്തറ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പുനരധിവാസ, പുനസ്ഥാപന പാക്കേജ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കുമോ?

ഉണ്ട്. കുറുപ്പന്തറ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പുനരധിവാസ പുന:സ്ഥാപന പാക്കേജ് 28-05-2022-ലെ LR/7512/2021-LR(C3) നടപടിക്രമപ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) കടുത്തുരുത്തി മേൽപ്പാലത്തിന്റെ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; ആയത് എത്രയും വേഗം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് പദ്ധതിയുടെ റെയിൽവേയിൽനിന്നുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്ത് ലഭിച്ചിട്ടില്ലാത്തതുകൊണ്ടാണ് അർത്ഥനാധികാരിയായ RBDCK-യ്ക്ക് കല്ലുകൾ സ്ഥാപിക്കാൻ കഴിയാത്തത്.

(എഫ്) കടുത്തുരുത്തി മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുള്ളതെന്ന് വിശദമാക്കാമോ?

അർത്ഥനാധികാരിയും പൊന്നുംവില ഓഫീസറും ചേർന്ന് സംയുക്ത പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് ഹാജരാക്കുകയും അർത്ഥനാധികാരിയിൽനിന്നും കണ്ടിജൻസി ചാർജ് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**ഒള്ളൂർക്കടവ് പാലം നിർമ്മാണം**

292 **(3290)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി- കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരമായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ബാലുശ്ശേരി - കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഉള്ളിയേരി, ചെങ്ങോട്ടുകാവ് വില്ലേജുകളിൽ ഉൾപ്പെട്ട 0.7389 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 23.11.2021-ലെ DCKKD/6055/2018-B2 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരമായി തുക അനുവദിച്ചിട്ടില്ലാത്തതാണ്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയ എത്ര പേർക്കാണ് നഷ്ടപരിഹാരത്തുക നൽകാനുള്ളത്; ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

35 പേർക്കാണ് നഷ്ടപരിഹാരത്തുക നൽകാനുള്ളത്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒള്ളൂർക്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച ഫയലിന്മേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ അനുമതിക്കായി ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം സമർപ്പിച്ച പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ PWD-D1/22/2020-PWD ഫയലിൽ കൈകാര്യം ചെയ്യുന്നതും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

**ഭൂരഹിതർക്കായുള്ള ഭൂമി ഏറ്റെടുക്കലും വിതരണവും**

293 **(3291)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ഭൂരഹിതർക്ക് നൽകുന്നതിനായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ഭൂരഹിതർക്ക് നൽകുന്നതിനായി 285.5076 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത ഭൂമിയിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ?

| **ജില്ല** | **വിതരണം ചെയ്ത ഭൂമിയുടെ വിവരം** |
|---|---|
| തിരുവനന്തപുരം | 03.5303 ഹെക്ടർ |
| കൊല്ലം | 48.9645 ഹെക്ടർ |
| പത്തനംതിട്ട | 0.0242 ഹെക്ടർ |
| ആലപ്പുഴ | ഇല്ല |
| കോട്ടയം | ഇല്ല |
| ഇടുക്കി | ഇല്ല |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | 05.2275 ഹെക്ടർ |
| മലപ്പുറം | 22.3368 ഹെക്ടർ |
| കോഴിക്കോട് | 01.7652 ഹെക്ടർ |
| കണ്ണൂർ | 30.1264 ഹെക്ടർ |
| വയനാട് | 68.5667 ഹെക്ടർ |
| കാസർഗോഡ് | 03.9474 ഹെക്ടർ |

(സി) ഏറ്റെടുത്ത ഭൂമി വിതരണം ചെയ്യുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; അവ വേഗത്തിലാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഏറ്റെടുത്ത ഭൂമി 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ, 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (01-01-1977-നുമുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവും 1970-ലെ കെ.എൽ.ആർ. (സീലിംഗ്) റൂൾസ് പ്രകാരവും നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരവുമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യുന്നു. പട്ടയ മേളകൾ നടത്തി പട്ടയവിതരണം ത്വരിതഗതിയിലാക്കുന്നു.

(ഡി) ഇനി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിന് 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| **ജില്ല** | **ഏറ്റെടുക്കാനുള്ള ഭൂമിയുടെ വിവരം** |
|---|---|
| തിരുവനന്തപുരം | 0 |
| കൊല്ലം | 0 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 0 |
| കോട്ടയം | 01.3306 ഹെക്ടർ |

| | |
|---|---|
| ഇടുക്കി | 130.571 ഹെക്ടർ |
| എറണാകുളം | 0 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 11.4845 ഹെക്ടർ |
| മലപ്പുറം | 114.7534 ഹെക്ടർ |
| കോഴിക്കോട് | 0 |
| കണ്ണൂർ | 562.8519 ഹെക്ടർ |
| വയനാട് | 136.9027 ഹെക്ടർ |
| കാസർഗോഡ് | 0 |

**ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി**

294 **(3292)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മൊകേരി പഞ്ചായത്തിൽ ടാങ്ക് സ്ഥാപിക്കുന്നതിന് 15 സെന്റ് സ്ഥലം അക്വയർ ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടും റവന്യൂ വകുപ്പിൽനിന്നും അനന്തര നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

(എ&ബി) മൊകേരി ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ

പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനായി മൊകേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അർത്ഥന സമർപ്പിച്ചിരുന്നു. എന്നാൽ അർത്ഥനയോടൊപ്പം ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തികൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതിക്കുള്ള അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിയൊഴിപ്പിക്കപെട്ടവരുടെ പുനരധിവാസം**

295 **(3293)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ റോഡ് റെയിൽ പദ്ധതിക്കുവേണ്ടി 2008-ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വേണ്ടി 2008 മാർച്ച് 19-ന് ഇറക്കിയ പുനരധിവാസ ഉത്തരവിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഭാഗമായി നാലുവരിപ്പാതയ്ക്കും റെയിൽപ്പാതയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പുമൂലം കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് 19-03-2008-ലെ സ.ഉ.(കൈ) നമ്പർ 62/2008/റവ. പുനരധിവാസ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ICTT വല്ലാർപാടം പദ്ധതിക്ക് കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങളിൽ 1 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും അതിന് മുകളിലുള്ളവർക്ക് 6 സെന്റ് സ്ഥലവും നൽകിയിട്ടുണ്ട്. ഭൂമിയുടെ ലഭ്യത കുറവായതിനാൽ സ്പെഷ്യൽ പുനരധിവാസ അലവൻസായി DLPC നിശ്ചയിച്ച സ്ഥലവില കണക്കാക്കി കൂടുതലായിവരുന്ന സ്ഥലത്തിന്റെ തുക നൽകുകയുണ്ടായി.

(2) കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്കും മൂലമ്പിള്ളി, കോതാട്, കോരമ്പാടം, വടുതല, തൈക്കാവ്കുളം, തുതിയൂർ (കാക്കനാട്), തുതിയൂർ (വാഴക്കാല), മുളവുകാട് എന്നീ സ്ഥലങ്ങളിലായി പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതും പ്രസ്തുത ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയിട്ടുള്ളതുമാണ്.

(3) മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല, എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം 31-07-2012-ലും തുതിയൂർ (വാഴക്കാല) സ്ഥലത്തെ അടിസ്ഥാന സൗകര്യം 31-07-2013-ലും പൂർത്തിയാക്കിയിട്ടുള്ളതാണ്. പ്രസ്തുത തീയതി മുതൽ ആറ് മാസം കൂടി ചേർത്തുള്ള വാടക പ്രതിമാസം 5,000/- രൂപ വീതം നൽകിയിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യം പൂർത്തിയാക്കിയ തീയതി മൂലമ്പള്ളി മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

(4) ഷിഫ്റ്റിംഗ് ചാർജ്ജ് 10,000/- രൂപ എല്ലാ കുടുംബങ്ങൾക്കും നൽകിയിട്ടുള്ളതാണ്.

(5) പുനരധിവാസ സ്ഥലത്ത് വീട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം, വൈദ്യുതി കണക്ഷനുകൾ മുൻഗണന നൽകി അനുവദിച്ചുവരുന്നു.

(ബി) പുനരധിവാസ ഭൂമികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രെയിനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി, എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ബഹു. ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്; ഈ തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല, എന്നീ സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യം 31-07-2012-ൽ പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31-01-2013 വരെ പ്രതിമാസം 5,000/- രൂപ വാടക നൽകിയിട്ടുമുണ്ട്. തുതിയൂർ (വാഴക്കാല) പുനരധിവാസ സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യം 31-07-2013-ൽ പൂർത്തിയാക്കിയിട്ടുള്ളതും പ്രസ്തുത പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31-01-2014 വരെ പ്രതിമാസം 5,000/- രൂപ നൽകിയിട്ടുമുണ്ട്.

(സി) കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ജോലി നൽകും എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട്; ആർക്കൊക്കെ; പേരുവിവരം വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാദ്ധ്യമല്ലെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്.

(ഡി) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്നത്തേയ്ക്ക് തുടങ്ങി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

വടുതല പുനരധിവാസ പ്ലോട്ടിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി GCDA പ്രൊപ്പോസൽ ലഭ്യമാക്കിയാൽ തുടർനടപടി സ്വീകരിക്കാമെന്ന് മൂലമ്പള്ളി മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ 07-02-2019-ന് കൂടിയ യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ GCDA ഇതുവരെയും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

## യൂണിവേഴ്സിറ്റിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ

296 **(3294)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഫിഷറീസ് കോളേജ് തുടങ്ങുന്നതിനായി പയ്യന്നൂർ താലൂക്കിലെ കോറോം വില്ലേജിൽ കണ്ടെത്തിയ റവന്യൂ ഭൂമി യൂണിവേഴ്സിറ്റിക്ക് കൈമാറുന്നതിന് എന്തൊക്കെ നടപടികൾ

സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പയ്യന്നൂർ താലൂക്ക് കോറോം വില്ലേജിൽ പയ്യന്നൂർ ഫിഷറീസ് കോളേജ് സ്ഥാപിക്കുന്നതിന് ഭൂമി നൽകുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്ഥാപനം ഗവൺമെന്റ് സ്ഥാപനം അല്ലാത്തതിനാൽ ഭൂമി കൈമാറ്റം അനുവദിക്കാൻ സാധിക്കാത്തതിനാൽ പാട്ടത്തിന് അനുവദിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ 04-05-2022-ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തുക കണക്കാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ പയ്യന്നൂർ തഹസിൽദാർ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

## സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾ സംബന്ധിച്ച്

297 **(3295)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 01.08.1971-ന് ശേഷമുള്ള സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾക്ക് പതിവിന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 01.08.1971-ന് ശേഷമുള്ള സർക്കാർ ഭൂമിയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റങ്ങൾക്ക് പതിവിന് അർഹതയുണ്ട്. എന്നാൽ കൈവശഭൂമിയെന്ന നിലയിൽ പതിവിന് അർഹത 01.08.1971-നുമുമ്പ് കൈവശം ഉള്ളവർക്ക് മാത്രമാണ്.

(ബി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ മുരിങ്ങൂർ തെക്കുമുറി വില്ലേജിലെ ഓലിയാപ്പുറം വീട്ടിൽ ശ്രീ. ഒ. എൽ. ജോസിന്റെ കൈവശമുള്ള ഭൂമി ഗാർഹികാവശ്യത്തിന് പതിച്ചുനൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടികൾ വിശദീകരിക്കുമോ?

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ മുരിങ്ങൂർ തെക്കുമുറി വില്ലേജിൽ ഒലിയാപ്പുറം വീട്ടിൽ ശ്രീ. ഒ. എൽ. ജോസിന്റെ കൈവശമുള്ള ഭൂമി വില്ലേജ് രേഖകൾ പ്രകാരം ഇടവഴി പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതും 1994 മുതൽ പ്രസ്തുത വ്യക്തിയുടെ കൈവശമുള്ളതുമാണ്. 01.08.1971 മുതൽ

കൈവശം ഇല്ലാത്ത ഭൂമി പതിവിനായി പരിഗണിക്കാൻ നിലവിലെ നിയമങ്ങൾ പ്രകാരം സാധ്യമല്ല.

(സി) വില്ലേജ് രേഖകൾ പ്രകാരം ഇടവഴി പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതും തദ്ദേശ സ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിയിട്ടുള്ളതും 1994 മുതൽ പ്രസ്തുത വ്യക്തിയുടെ കൈവശമുള്ളതുമായ ഭൂമി പതിച്ചുകൊടുക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ?

01-08-1971 മുതൽ കൈവശം ഇല്ലാത്ത ഭൂമി പതിവിനായി പരിഗണിക്കാൻ നിലവിലെ നിയമങ്ങൾ പ്രകാരം സാധ്യമല്ല.

## മടിക്കൈ വില്ലേജിലെ മോഡേൺ ഹാച്ചറിക്ക് ഭൂമി

298 **(3296)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മടിക്കൈ വില്ലേജിൽ പോൾട്രി വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മോഡേൺ ഹാച്ചറി ആരംഭിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മടിക്കൈ വില്ലേജിൽ പോൾട്രി വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മോഡേൺ ഹാച്ചറി ആരംഭിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശ സഹിതം തയ്യാറായിട്ടുള്ളതും ആയതിന്റെ അസ്സൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ചട്ട പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്.

## നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം

299 **(3297)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കരുവണ്ണൂരിലെ നി.കെ. ഭൂമി അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

ഗ്രാമപഞ്ചായത്ത് സർക്കാർ വകുപ്പിൽ ഉൾപ്പെടാത്തതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി കൈമാറാൻ സാദ്ധ്യമല്ല എന്നും

പ്രസ്തുത ഭൂമി ലീസ് അല്ലെങ്കിൽ ഭൂമി പതിവ് ചട്ടപ്രകാരം കൈമാറുന്നതിനുള്ള അപേക്ഷ കൊയിലാണ്ടി തഹസിൽദാർ മുമ്പാകെ സമർപ്പിക്കണം എന്ന നിർദ്ദേശം നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നി.കെ. ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

പ്രസ്തുത ഭൂമി ലീസ് അല്ലെങ്കിൽ ഭൂമി പതിവ് ചട്ടപ്രകാരം കൈമാറുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പാട്ടക്കുടിശ്ശിക**

**300 (3298)** ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ അഞ്ഞൂറോളം സ്ഥാപനങ്ങളിൽ നിന്നായി പിരിഞ്ഞുകിട്ടാനുള്ള 1,500 കോടിയോളം രൂപ ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽനിന്ന് സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി, 15-02-2020-ലെ ജി.ഒ. (പി) 16/2020/ആർ.ഡി., ജി.ഒ. (പി) 17/2020/ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1957-ലെ കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽനിന്ന് ഭൂമി തിരിച്ചുപിടിക്കുന്നതിന് പാട്ട വ്യവസ്ഥ ലംഘിച്ച കേസ്സുകളിൽ നിയമാനുസൃത നോട്ടീസ് നൽകി കക്ഷികളെ നേരിൽ കേട്ടശേഷം ആവശ്യമെങ്കിൽ പാട്ടം റദ്ദ് ചെയ്ത് തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതുമാണ്. കൂടാതെ 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ പാട്ടക്കാർക്കും അടിയന്തരമായി ഡിമാന്റ് നോട്ടീസ് നൽകാൻ നിർദ്ദേശിച്ചുകൊണ്ട് 09-06-2022-ൽ യു1/105/2020-റവ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിൽ ദുരിതം അനുഭവിച്ചവർക്കുള്ള പുനരധിവാസം**

301 **(3299)** ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബറിലെ പ്രകൃതി ദുരന്തത്തിൽ കൊക്കയാർ, പെരുവന്താനം, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിൽ ദുരിതം അനുഭവിച്ചവർക്കുവേണ്ടി സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ദുരിതത്തിൽ പൂർണമായും വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ?

(എ&ബി) 2021-ലെ പ്രകൃതി ദുരന്തത്തെ തുടർന്ന് 09-11-2021-ലെ GO(Ms).No 6/2021/DMD പ്രകാരം സംസ്ഥാനത്തെ 305 വില്ലേജുകളെ പ്രളയ ബാധിത വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ കൊക്കയാർ,

പെരുവന്താനം, കൂട്ടിക്കൽ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ ഈ ഉത്തരവിലൂടെ സാധിച്ചിട്ടുണ്ട്. 29-10-2021 ലെ GO(Ms).No 5/2021/DMD പ്രകാരം 2021 ഒക്ടോബർ മാസം സംസ്ഥാനത്തുടനീളം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും വീടിന് കേടുപാട് സംഭവിച്ചവർക്കും ദുരന്ത പ്രതികരണ നിധിയിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 75-100 ശതമാനത്തിനുമിടയിൽ തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നൽകാനാവുന്നത് 1,01,900 രൂപ മാത്രമാണെന്നിരിക്കെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള 2,98,100 രൂപയും ചേർത്ത് നാല് ലക്ഷം രൂപയും 60-74 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള 76,500 രൂപ കൂടാതെ സി.എം.ഡി.ആർ.എഫ്.-ൽ നിന്നുള്ള 1,73,500 രൂപയും ചേർത്ത് 2,25,000 രൂപയും 30-59 ശതമാനം വരെയുള്ള നാശനഷ്ടത്തിന് എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള 51,000 രൂപ കൂടാതെ സി.എം.ഡി.ആർ.എഫ്.-ൽ നിന്നുള്ള 74,000 രൂപയും ചേർത്ത് 1,25,000

രൂപയും 16-29 വരെയുള്ള നാശനഷ്ടത്തിന് എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള 30,500 രൂപ കൂടാതെ CMDRF ൽ നിന്നുള്ള 29,500 രൂപയും ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപ വീതവും വീടും വസ്തുവും പൂർണമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 10 ലക്ഷം രൂപ വരെ ലഭിക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ആനുകൂല്യം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കും ബാധകമാക്കിയിട്ടുണ്ട്. പരിക്കേറ്റവർക്കും വീടിന് കേടുപാട് സംഭവിച്ചവർക്കുമുള്ള ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണ ജോലികൾ നടന്നുവരുന്നു.

(ഡി) പുല്ലകയാറിനെ പൂർവസ്ഥിതിയിലാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

നദികളിലേയും കൈവഴികളിലേയും പ്രളയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു. ആയതിന്റെ ഭാഗമായുള്ള പ്രവർത്തികൾ പുല്ലകയാറിലും ധ്രുതഗതിയിൽ നടന്നുവരുന്നു.

## ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി

302 **(3300)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ ആധാർ അധിഷ്ഠിത യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണം കഴിഞ്ഞാൽ കേരള ചരിത്രത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ പദ്ധതിയാണിത്. റവന്യൂ വകുപ്പിന്റെ ReLIS എന്ന സോഫ്റ്റ്‌വെയറിൽ യൂണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള Module വികസിപ്പിച്ചിട്ടുള്ളതും എല്ലാ വില്ലേജാഫീസുകളിലും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ബയോമെട്രിക് ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ

കൈക്കൊണ്ടിട്ടുള്ളതുമാണ്. ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈലിലൂടെ ലഭ്യമാകുന്ന OTP ഉപയോഗിച്ച് ഓൺലൈനായോ വില്ലേജ് ഓഫീസിൽ നേരിട്ട് എത്തി OTP മുഖാന്തരമോ ബയോമെട്രിക് സംവിധാനത്തിൽ വിരലടയാളം പതിപ്പിച്ചോ പൊതുജനത്തിന് തണ്ടപ്പേരിനെ ആധാറുമായി ബന്ധിപ്പിക്കാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ആയത് പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് യുണീക് തണ്ടപ്പേർ നമ്പർ ലഭിക്കുന്നതും ഭൂമിയുടെ വിവരങ്ങൾ ഈ നമ്പരിൽ ബന്ധിപ്പിക്കാവുന്നതുമാണ്. 01-06-2022-ലെ സ.ഉ (സാധാ) 2626/2022/റവ. നമ്പർ പ്രകാരം യൂണീക് തണ്ടപ്പേർ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ ബാധകമാകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് വില്ലേജ് ഓഫീസർമാർക്കും ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും ഓൺലൈൻ പരിശീലന പരിപാടികൾ നടത്തിയിരുന്നു. പദ്ധതിയുടെ ഔദ്യോഗിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്ഘാടനത്തിനുശേഷം പരമാവധി എൻറോൾമെന്റ് ഉറപ്പുവരുത്തുന്നതിനായി ശ്രമങ്ങൾ നടത്താൻ വില്ലേജ് ഓഫീസർമാർക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വില്ലേജുകളിൽ ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്ന മുറയ്ക്ക് ക്യാമ്പുകൾ സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു.

**വർക്കല മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

303 **(3301)** ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് എത്ര വില്ലേജ് ഓഫീസുകളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ നാവായിക്കുളം, കുടവൂർ, മടവൂർ, പള്ളിക്കൽ, വർക്കല, വെട്ടൂർ, ചെമ്മരുതി, അയിരൂർ എന്നീ 8 വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഇവയിൽ എത്ര വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

നാവായിക്കുളം, കുടവൂർ, മടവൂർ, പള്ളിക്കൽ എന്നീ 4 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുള്ളതും ആയത് നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരികയുമാണ്.

(സി) എത്ര വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പൂർത്തിയാക്കാനുണ്ട്; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

വർക്കല, വെട്ടൂർ, ചെമ്മരുതി, അയിരൂർ എന്നീ 4 വില്ലേജ് ഓഫീസുകളുടെ നിർമ്മാണങ്ങൾ പൂർത്തിയാക്കാനുണ്ട്. ചെമ്മരുതി വില്ലേജ് ഓഫീസിന്റെ ഒന്നാം നിലയുടെയും വർക്കല വില്ലേജ് ഓഫീസിന്റെയും റൂഫ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. വെട്ടൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികളും അയിരൂർ വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ലാൻഡ് സെറ്റ് ഔട്ട് ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിലെ വിഷൻ ആന്റ് മിഷൻ പദ്ധതിയും സ്മാർട്ട് വില്ലേജ് ഓഫീസുകളും

304 **(3302)** <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പെരുവള്ളൂർ വില്ലേജ് ഓഫീസ് നിലവിൽ ഉറപ്പുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിനായി മുൻഗണനാക്രമത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെടുന്ന തേഞ്ഞിപ്പാലം, പള്ളിക്കൽ, ചേലേമ്പ്ര എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

തേഞ്ഞിപ്പാലം, പള്ളിക്കൽ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടില്ല. ചേലേമ്പ്ര വില്ലേജിനെ പ്ലാൻ സ്കീം 2019-2020-ൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണി നടത്തി സ്മാർട്ട് വില്ലേജ് തലത്തിലേയ്ക്ക് ഉയർത്തുന്നതിനായി പ്രവൃത്തി നിർവ്വഹണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

(സി) റവന്യൂ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിഷൻ ആന്റ് മിഷൻ 2021-26 പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വിഷൻ ആന്റ് മിഷൻ 2021-26 എന്നത് റവന്യൂ ഭവനനിർമ്മാണ ദുരന്ത നിവാരണ വകുപ്പുകൾ 2021 മുതൽ 2026 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പരിപാടികളുടെ ലക്ഷ്യ സാക്ഷാത്ക്കാരമാണ്. ഇതിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾക്ക് സമൂർത്തരൂപം നൽകുന്നതിനായി ജില്ലാ റവന്യൂ അസംബ്ലി എന്ന പേരിൽ ഓരോ ജില്ലയിലേയും നിയമസഭാ സാമാജികരെ

ഉൾക്കൊള്ളിച്ച് തിരുവനന്തപുരം ILDM കേന്ദ്രത്തിൽ വച്ച് 14 ജില്ലകളിലേയും യോഗം ചേരുന്നു. ഈ യോഗത്തിൽ ഓരോ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് നിയമസഭാ സാമാജികർ അവതരിപ്പിക്കുന്ന വിഷയങ്ങൾ എം.എൽ.എ. ഡാഷ്ബോർഡ് എന്ന പ്രത്യേക ഡാഷ്ബോർഡിൽ രേഖപ്പെടുത്തി അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തി മേൽനടപടികൾ കൈക്കൊള്ളുന്നു. ഓരോ എം.എൽ.എ.-യ്ക്കും അവർക്ക് നൽകിയിട്ടുള്ള യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ മണ്ഡലത്തിലെ വിഷയങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്താനാകും.

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കങ്ങഴ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

305 **(3303)** ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കങ്ങഴ വില്ലേജ് ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ ബലക്ഷയമായിട്ടുള്ള കാര്യം പരിശോധിക്കുമോ;

(ബി) ചോർച്ചയും വിള്ളലുംമൂലം അപകടാവസ്ഥയിലായ കെട്ടിടം സുരക്ഷാഭീഷണിയുണ്ടാക്കുന്ന സാഹചര്യം കണക്കിലെടുത്ത് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിന് അടിയന്തര അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട കങ്ങഴ വില്ലേജ് ഓഫീസ് കെട്ടിടം കാലപ്പഴക്കമുള്ളതും മേൽക്കൂരയ്ക്ക് ചോർച്ചയുള്ളതും ഭിത്തിക്ക് വിള്ളൽ ഉള്ളതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

306 **(3304)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം, കൂവപ്പള്ളി, കൂട്ടിക്കൽ, എരുമേലി തെക്ക്, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നത്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**അരുക്കുറ്റി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

307 **(3305)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരുക്കുറ്റി വില്ലേജ് ഓഫീസ് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ആയത് പൂർത്തിയായിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി വില്ലേജ് ഓഫീസ് പുതുക്കി പണിയുന്നതിന് 2018-19 പ്ലാൻ സ്കീം പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയതിന്റെ അടിസ്ഥാനത്തിൽ അരൂക്കുറ്റി വില്ലേജ് ഓഫീസിന്റെ നിർമ്മാണം ആരംഭിച്ചുവെങ്കിലും നിർമ്മാണ സ്ഥലം CRZ-ന്റെ പരിധിയിൽ NDZ മേഖലയിൽ വന്നതായുള്ള ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവച്ചിരുന്നതും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കി നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

## കോടഞ്ചേരി സ്മാർട്ട് വില്ലേജ് കെട്ടിടം

308 **(3306)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി വില്ലേജ് ഓഫീസിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കുമോ?

കോടഞ്ചേരി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ സ്ഥലത്ത് നിലവിലുണ്ടായിരുന്ന മരങ്ങളും പഴയ കെട്ടിടവും നടപടിക്രമങ്ങൾ പാലിച്ച് നീക്കം ചെയ്യേണ്ടി വന്നതിനാലാണ് നിർമ്മാണം ആരംഭിക്കാൻ കാലതാമസം നേരിട്ടത്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോടഞ്ചേരി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം 2022 ഒക്ടോബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിലെ സബ് രജിസ്ട്രാർ ഓഫീസ്**

309 **(3307)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ സബ് രജിസ്ട്രാർ ഓഫീസ് മൂന്നാം നിലയിൽ പ്രവർത്തിക്കുന്നതുമൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിവിൽ സ്റ്റേഷൻ നിർമ്മാണ പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസും ട്രഷറിയും താഴത്തെ നിലയിലാണ് വിഭാവനം ചെയ്തിരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്നിട്ടുള്ള എസ്റ്റേറ്റ് കമ്മിറ്റി യോഗത്തിൽ സബ് രജിസ്ട്രാർ ഓഫീസ് ഒന്നാം നിലയിൽ പ്രവർത്തിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ സിവിൽ സ്റ്റേഷൻ നിർമ്മാണ പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസ് രണ്ടാം നിലയിൽ വിഭാവനം ചെയ്തിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ്, ജില്ലാ കളക്ടറെ അറിയിക്കുകയുണ്ടായി.

(സി) നിർമ്മാണ സമയത്ത് അംഗീകരിച്ച പ്ലാനിന് വിരുദ്ധമായി നടത്തിയ ക്രമീകരണങ്ങൾ റദ്ദാക്കി സബ് രജിസ്ട്രാർ ഓഫീസ് താഴത്തെ നിലയിലേയ്ക്ക് കൊണ്ടുവരാൻ നിർദ്ദേശം നൽകാമോ?

കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ സബ് രജിസ്ട്രാർ ഓഫീസ് മൂന്നാം നിലയിൽ പ്രവർത്തിക്കുന്നതുമൂലം ജനങ്ങൾ പ്രയാസപ്പെടുന്നുണ്ടെന്നത് കണക്കിലെടുത്ത് ടി ഓഫീസ് ഒന്നാം നിലയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ കൊടുവള്ളി ജനകീയ സമിതി നിവേദനം നല്കിയതിൻ പ്രകാരം ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ കോഴിക്കോട് ജില്ലാ കളക്ടർ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**വില്ലേജ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

310 **(3308)** ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗസ്ഥരുടെയും ആവശ്യമായ സൗകര്യങ്ങളുടെയും കുറവ് പല വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിൽ ഉദ്യോഗക്കയറ്റം നടത്തുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ ചില കോടതി വ്യവഹാരങ്ങളെത്തുടർന്ന് നിലവിലുണ്ടായിരുന്ന

ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. നിയമ തടസ്സം നീങ്ങിയതിനെത്തുടർന്ന് എല്ലാ ഒഴിവുകളിലേയ്ക്കും സ്ഥാനക്കയറ്റം നൽകി ജീവനക്കാരെ നിയമിച്ചുകൊണ്ട് ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അടുത്ത നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നതിനോടൊപ്പം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകികൊണ്ട് 04-06-2022-ൽ സ.ഉ(കൈ) 62/2022/ധന എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിലെ ഒഴിവുകൾ**

311 **(3309)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും ഏതെല്ലാം ഒഴിവുകളാണെന്നും താലൂക്ക് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിൽ കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളിലായി 4 ഒഴിവുകളും വി.ഒ./എച്ച്.സി./ആർ.ഐ. തസ്തികയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ 1 ഒഴിവും സീനിയർ ക്ലാർക്ക് തസ്തികയിൽ കാസർഗോഡ്, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിലായി 11 ഒഴിവുകളും നിലവിലുണ്ടായിരുന്നു. പ്രസ്തുത ഒഴിവുകൾ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും വഴി നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവേശന തസ്തികയായ ക്ലാർക്ക് തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകൾ

312 **(3310)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ നിലവിൽ എത്ര തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിവുണ്ട്?

സംസ്ഥാനത്ത് റവന്യൂ വകുപ്പിൽ നിലവിൽ തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുകളില്ല.

(ബി) ആയതിൽ കഴിഞ്ഞ രണ്ട് മാസമായി ഒഴിഞ്ഞുകിടക്കുന്ന എത്ര തസ്തികകളുണ്ട്; സർക്കാരിന്റെ നയപരിപാടികൾ താഴെത്തട്ടിൽ നടപ്പിലാക്കുന്ന പ്രധാന ഉദ്യോഗസ്ഥരായ തഹസീൽദാർമാരുടെ തസ്തികകൾ ഒഴിച്ചിടാൻ കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ നികത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിൽ കഴിഞ്ഞ 2 മാസമായി 54 ഒഴിവുകൾ നിലവിൽവന്നിരുന്നു. എന്നാൽ ചില കോടതി വ്യവഹാരങ്ങളെ തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കഴിഞ്ഞിരുന്നില്ല. നിയമ തടസ്സം നീങ്ങിയതിനെത്തുടർന്ന് പ്രസ്തുത ഒഴിവുകളിലേയ്ക്ക് 28-06-2022-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമപ്രകാരം സ്ഥാനക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുകയും

അപ്രകാരം ടി ഒഴിവുകൾ നികത്തിയിട്ടുമുണ്ട്. പ്രസ്തുത തസ്തികയിലെ എല്ലാ ഒഴിവുകളും നിലവിൽ നികത്തിയിട്ടുണ്ട്.

## ആലുവ മണ്ഡലത്തിലെ വലിയ തമ്പുരാൻ കോവിലകത്തിന്റെ ഉടമസ്ഥാവകാശം

313 **(3311)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ സർവ്വേ നമ്പർ 59 ബ്ലോക്ക് 29-ലെ 2.234 ഹെക്ടർ ഭൂമിയുടെയും ഭൂമിയിൽ ഉൾപ്പെട്ട വലിയ തമ്പുരാൻ കോവിലകത്തിന്റെയും റവന്യൂ രേഖകൾ പ്രകാരമുള്ള ഉടമകൾ നിലവിൽ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കിഴക്കുംഭാഗം വില്ലേജ് ബ്ലോക്ക് 29 റീസർവ്വേ 59-ൽപ്പെട്ട 2.234 ഹെക്ടർ ഭൂമി വലിയ തമ്പുരാൻ കോവിലകം പേരിൽ 2434 നം. തണ്ടപ്പേർ പിടിച്ചിട്ടുള്ളതും ആയതിൽനിന്നും 40.50 ആർ ഭൂമി എടത്താടൻ രാഘവൻ മകൻ മോഹനൻ പേരിൽ 1995-ൽ പോക്കുവരവ് ചെയ്തിട്ടുള്ളതും 34.10 ആർ ഭൂമി എടത്താടൻ രാഘവൻ മകൻ അശോകൻ പേരിൽ 1995-ൽ പോക്കുവരവ് ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി വസ്തുക്കൾ മുഴുവനായും ഇപ്പോൾ കിഴക്കുംഭാഗം വില്ലേജിൽ പുതിയേടം കരയിൽ സൗത്ത് പാലസിൽ

കെ. രാമൻകുട്ടി മകൻ ഡോ. രാഘവൻ പേരിൽ കൈവശത്തിലുള്ളതുമാണ്. ടി വസ്തു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതും കൂടാതെ 19-02-2018-ലെ D5/5791/2006 നം. ഉത്തരവ് പ്രകാരം ടി വസ്തുവിന്റെ കരം തീർക്കുകയോ റവന്യു റെക്കോർഡുകൾ നൽകുകയോ പോക്കുവരവ് നടപടികൾ ചെയ്യുകയോ പാടില്ലാത്തതാണെന്ന് ആലുവ എൽ.ആർ.തഹസിൽദാരുടെ ഉത്തരവ് നിലനിൽക്കുന്നതുമാണ്. 19-07-2006-nz A2-4257/06 ഉത്തരവ് പ്രകാരം പുരാവസ്തു ഏറ്റെടുക്കുന്നുവെന്ന് തീരുമാനിക്കുകയും എന്നാൽ ഇതിനെതിരെ രാഘവൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഭൂമിയുടെ നിലവിലെ ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന സ്കെച്ച് അനുബന്ധമായി ലഭ്യമാക്കാമോ?

പ്രസ്തുത ഭൂമിയുടെ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു.*

## പുറമ്പോക്ക് ഭൂമിയിൽനിന്നും മെറ്റലുകൾ നീക്കംചെയ്യുന്നതിനുള്ള നടപടികൾ

314 **(3312)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ കൂട്ടിയിട്ട പൊതുമരാമത്ത് വകുപ്പിന്റെ മെറ്റലുകൾ നീക്കം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷയെത്തുടർന്ന് പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിൽ കൂട്ടിയിട്ട പൊതുമരാമത്ത് വകുപ്പിന്റെ മെറ്റലുകൾ നീക്കംചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും കത്ത് നല്കിയെങ്കിലും ആയത് ഇനിയും നീക്കംചെയ്തിട്ടില്ല.

(ബി) പുറമ്പോക്ക് ഭൂമിയിൽനിന്നും മെറ്റൽ നീക്കംചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാലുശ്ശേരി, കുറുമ്പൊയിൽ റോഡിന്റെ പരിഷ്കരണ പ്രവൃത്തിയുടെ ഭാഗമായി റോഡരികിലും പനങ്ങാട് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തും ദീർഘനാളായി കൂട്ടിയിട്ടിരുന്ന കരിങ്കൽ ചീളുകൾ ഒന്നിലധികം തീയതികളിൽ ലേലം നടത്തിയിരുന്നെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. 12-04-2019-ന് ക്ഷണിച്ച മുദ്രവച്ച ക്വട്ടേഷനിൽ ലഭ്യമായ അപേക്ഷയിൽ കൂടുതൽ തുക രേഖപ്പെടുത്തിയ M/s Anjana Constructions എന്ന

കരാറുകാർക്ക് ലേലം അനുവദിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ മേലാഫീസിൽനിന്നും അംഗീകരിച്ച് കിട്ടുകയുണ്ടായില്ല. തുടർന്ന് കരിങ്കൽ ചീളുകൾ കഴുകി ഡിപ്പാർട്ട്മെന്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരിങ്കൽ ചീളുകളുടെ സാമ്പിൾ ശേഖരിച്ച് Impact Value Test നടത്തുകയുണ്ടായി. എന്നാൽ കേരള പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത കരിങ്കൽ ചീളുകൾ ഡിപ്പാർട്ട്മെന്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അനധികൃതമായി മണൽ എടുക്കുന്നവർക്കെതിരെ നടപടി**

315 **(3313)** ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ ഏതെങ്കിലും കടവിൽനിന്നും നിർമ്മാണ പ്രവർത്തികൾക്ക് മണൽ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭാരതപ്പുഴയിലെ കടവുകളിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണലെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. ഭാരതപ്പുഴയിൽനിന്നും നിയമാനുസൃത മണൽഖനനം നടത്തുന്നതിന് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ MOEF & CC യുടെ Sustainable sand mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽനിന്നും ആവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തിവരികയുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി മണൽ എടുത്തവർക്കെതിരെ എത്ര കേസുകൾ നിലവിലുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി മണൽ എടുത്തവർക്കെതിരെ ആകെ 780 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏറ്റുമാനൂർ എറണാകുളം റോഡിലെ സ്ഥലമെടുപ്പ് നടപടികൾ

316 **(3314)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 16-12-2021-ലെ സ.ഉ.(സാ.ധാ) നമ്പർ 4531/2021/റവ., 03-07-2022-ലെ സ.ഉ.(സാ.ധാ) നമ്പർ 2928/2022/റവ. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 03-06-2022-ലെ 1825-ാം

നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടന്നുവരുന്നതുമാണ്.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

ഉണ്ട്. 16-12-2021-ലെ സ.ഉ.(സാ.ധാ) നമ്പർ 4531/2021/റവ., 03-07-2022-ലെ സ.ഉ.(സാ.ധാ) നമ്പർ 2928/2022/റവ. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ എന്ന് പൂർത്തിയാകും; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തി ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം

സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. തുടർന്ന് ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 11(1) വിജ്ഞാപനം, ആർ.ആർ. പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസ്സാക്കി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്ഥല കൈമാറ്റം

317 **(3315)** <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനായി റവന്യൂ വകുപ്പ് (റവ. എം.2/6/2021) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത സ്ഥലം കൈമാറ്റം അടിയന്തരമായി നടപ്പിലാക്കുമോ; വിശദമാക്കുമോ?

മാവേലിക്കര രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

മാവേലിക്കര വില്ലേജ് ബ്ലോക്ക് 83 റീസർവ്വേ 8/2-ൽപ്പെടുന്ന 26.71 ആർ വസ്തു കമ്പോളവിലയുടെ 2% നിരക്കായ 182503/- രൂപ വാർഷിക പാട്ട നിരക്കിൽ പാട്ടം അനുവദിക്കുന്നതിനാണ് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തത്. പമ്പാ ജലസേചന പദ്ധതി വകയായ 66 സെന്റ് ഭൂമി ഈ ആവശ്യത്തിനായി കൈമാറി ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് കെട്ടിട നിർമ്മാണത്തിനായി കമ്പോളവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ 15 വർഷത്തേയ്ക്ക് വ്യവസ്ഥകളോടെ പ്രസ്തുത ഭൂമി പാട്ടത്തിന് അനുവദിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ദൃശ്യകലാ വിദ്യാഭ്യാസത്തിന്റെ ഉത്തമ താല്പര്യം മുൻനിർത്തി രാജാ രവിവർമ്മ സെന്റർ ഫോർ എക്സലൻസിന് പാട്ടത്തുക സൗജന്യമാക്കി പാട്ടം അനുവദിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. ഈ സാഹചര്യത്തിൽ പാട്ടത്തുക സൗജന്യമാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## മൂവാറ്റുപുഴ മാറാടി പഞ്ചായത്തിലെ അനധികൃത മണ്ണെടുപ്പ്

318 **(3316)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മാറാടി പഞ്ചായത്തിൽ മണ്ണ് മാഫിയയുടെ അനധികൃത പ്രവർത്തനങ്ങളെ ചോദ്യം ചെയ്ത ആദിവാസി വിദ്യാർത്ഥിനിയെ പ്രസ്തുത സംഘം മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിലെ കുറ്റക്കാരെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 1632/22 നമ്പറായി അൻസാർ s/o അസീസ്, മുളംകുഴി വീട്, പള്ളിക്കവല, മാറാടി എന്നയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും 03-07-2022-ൽ ടിയാളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. ജില്ലാ സെഷൻസ് കോടതിയുടെ ഉത്തരവ് പ്രകാരം മൂവാറ്റുപുഴ ജയിലിൽ റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത മണ്ണെടുപ്പിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പ്രസ്തുത മണ്ണെടുപ്പ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മാറാടി വില്ലേജ് ഓഫീസർ ടി പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് 15-06-2022-ൽ നിരോധന ഉത്തരവ് നൽകുകയും 16-06-2022-ൽ ജിയോളജിസ്റ്റിനും തുടർന്ന് മൂവാറ്റുപുഴ ഭൂരേഖ തഹസിൽദാർക്കും 17-06-2022 തീയതി മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്കും എറണാകുളം ജില്ലാ കലക്ടർക്കും വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(സി) ഇത്രയും വ്യാപകമായ രീതിയിൽ അനധികൃത മണ്ണെടുപ്പ് നടത്തിയതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ടെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുമോ?

ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം**

319 (3317) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്ക് ആലത്തൂർ മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബത്തിന് എക്സ് ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതിക്ക് ആലത്തൂർ മണ്ഡലത്തിൽനിന്ന് 468 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച 5,000 രൂപയുടെ പ്രതിമാസ പെൻഷൻ പദ്ധതിക്ക് 155 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) റിലീഫ് പോർട്ടൽ വഴി പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

റിലീഫ് പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകളിൽ ധനസഹായം നൽകിവരുന്നുണ്ട്.

(സി) ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്കാണ് മേൽപ്പറഞ്ഞ ധനസഹായം ലഭിച്ചതെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 453 അപേക്ഷകർക്ക് കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ബി.പി.എൽ.

വിഭാഗത്തിൽപ്പെട്ടവരുടെ അംഗീകരിച്ച 73 അപേക്ഷകളിൽ 21 പേർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

## പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം

320 **(3318)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സ്ഥാപിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിൽ റവന്യൂ വകുപ്പ് (റവന്യൂ എം2/30/2021) സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത അനുമതി അടിയന്തരമായി ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ടതും ആരോഗ്യ വകുപ്പിന്റെ കൈവശമുള്ളതുമായ 5 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽത്തന്നെ

നിലനിർത്തി ആയതിന്റെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് വിട്ടുനൽകുന്നതിന് ആരോഗ്യ വകുപ്പിന് സമ്മതമാണെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏത് വകുപ്പിന്റെ കൈവശമുള്ളതാണെങ്കിലും അതിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആയതിനാൽ ആരോഗ്യ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തിയതിനുശേഷം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുക മാത്രമേ സാധ്യമാകുകയുള്ളൂ. ആയതിനാൽ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നുള്ള എൻ.ഒ.സി. ലഭ്യമായിക്കഴിഞ്ഞാൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ആർ.ഡി.ഒ. കോടതികളിൽ തൊണ്ടിമുതലുകൾ സൂക്ഷിക്കുന്നതിന്റെ നടപടിക്രമം

321 **(3319)** ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.ഒ. കോടതികളിൽ തൊണ്ടിമുതലുകൾ സൂക്ഷിക്കുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

ആർ.ഡി.ഒ. കോടതികളിൽ കെ.പി.എഫ്. സഹിതം പോലീസ് സ്റ്റേഷനിൽനിന്നും ഹാജരാക്കപ്പെടുന്ന തൊണ്ടിമുതലുകൾ സാധാരണ തൊണ്ടി നമ്പർ ഇട്ട് അതാത് സ്റ്റേഷനുകളിൽത്തന്നെ സൂക്ഷിക്കുന്നതിന് ഉത്തരവാകുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഗോൾഡ്, ക്യാഷ് തുടങ്ങിയ വിലപ്പിടിപ്പുള്ള വസ്തുക്കൾ തൊണ്ടിമുതലായി ലഭിച്ചാൽ അത് സൂക്ഷിക്കുന്നതിന് സീനിയർ സൂപ്രണ്ടാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ. ആർ.ഡി.ഒ. മാനുവലിൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള വസ്തുക്കൾ വാല്യൂബിൾ രജിസ്റ്ററിൽ ചേർത്ത് ആർ.ഡി.ഒ. കോടതിയിലെ ചെസ്റ്റിൽ സൂക്ഷിച്ചുവരുന്നു. ഇവ പിന്നീട് ട്രഷറിയിലെ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നതിന് ട്രഷറി ഓഫീസറെ ഏൽപ്പിക്കുന്നു.

(ബി) തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ സൂക്ഷിച്ചിരുന്ന എത്ര പവൻ സ്വർണ്ണമാണ് കവർച്ച ചെയ്തതെന്ന് വ്യക്തമാക്കുമോ; എത്ര കേസുകളുമായി ബന്ധപ്പെട്ട സ്വർണ്ണമാണ് മോഷ്ടിക്കപ്പെട്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

29 കേസുകളുമായി ബന്ധപ്പെട്ട 104.47 പവൻ സ്വർണ്ണം നഷ്ടപ്പെട്ടിട്ടുണ്ട്. പേരൂർക്കട പോലീസ് ക്രൈം നമ്പർ 600/22 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റാരോപിതനെ പോലീസ് അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) സ്വർണ്ണം മോഷണം നടത്തിയശേഷം മുക്കുപണ്ടം തിരികെ ലോക്കറിൽ സൂക്ഷിച്ചത് സംഘടിത കുറ്റകൃത്യം നടന്നുവെന്നതിന്റെ തെളിവായതിനാൽ ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി 28-05-2022-ന് എ.ഡി.എം., സബ് കളക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എന്നിവരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചിരുന്നു. ടി സംഘം 10-06-2022-ന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നതും ആയത് തുടർനടപടികൾക്കായി പോലീസിന് കൈമാറിയിരുന്നതുമാണ്.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിരീക്ഷണ ക്യാമറകൾ ലോക്കർ റൂമിൽ സ്ഥാപിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ ടി തൊണ്ടിമുതലുകളുടെ ആഭ്യന്തര ഓഡിറ്റിന് വിധേയമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

**കോവിഡ് ബാധിച്ച് വിദേശത്തുവച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ**

322 **(3320)** ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് സംസ്ഥാനത്തിന് പുറത്തോ വിദേശത്തോ വച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ ലഭിക്കാൻ അർഹതയുണ്ടോ?

കോവിഡ് ബാധിച്ച് അന്യസംസ്ഥാനത്തുവച്ച് മരണപ്പെട്ടവർക്ക് ആ സംസ്ഥാനത്തുനിന്ന് ധനസഹായം ലഭ്യമാകുന്നില്ലെങ്കിൽ 13-01-2022-ലെ സ.ഉ.(സാധാ)നം.34/2022-ഡി.എം.ഡി. പ്രകാരം കേരളത്തിൽനിന്നും ധനസഹായത്തിന് അപേക്ഷിക്കാം. കോവിഡ് ബാധിച്ച് വിദേശത്തുവച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായം ലഭിക്കാൻ നിലവിൽ അർഹതയില്ല.

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കോവിഡ് മരണംമൂലമുള്ള ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ്, എന്നിവ കൂടാതെ ആശ്രിതനാണെന്ന് തെളിയിക്കുന്ന രേഖ, അപേക്ഷകന്റെ ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പ് എന്നിവ സമർപ്പിക്കുകയാണെങ്കിൽ ഇവ പരിശോധിച്ച് Covid Ex gratia തുകയായ 50,000/- രൂപ അനുവദിക്കാൻ അതത് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

**കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

323 **(3321)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള അമ്പതിനായിരം രൂപയുടെ ധനസഹായത്തിന് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള അമ്പതിനായിരം രൂപയുടെ ധനസഹായത്തിന് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത ധനസഹായത്തിന് അപേക്ഷിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് സഹായം നൽകി; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ 04-07-2022 വരെ ആകെ 6400 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 5819 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 31-03-2022-ലെ സ.ഉ.(സാധാ)നം. 311/2022/ഡി.എം.ഡി. ഉത്തരവ് പ്രകാരം 20-03-2022-ന് മുമ്പ് സംഭവിച്ച കോവിഡ് മരണങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള സമയപരിധി 24-03-2022 മുതൽ 60 ദിവസവും 20-03-2022-നുശേഷം സംഭവിച്ച കോവിഡ് മരണങ്ങൾക്ക് അപേക്ഷിക്കാനുള്ള സമയപരിധി മരണ തീയതി മുതൽ 90 ദിവസവും ആയി നിജപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ കാലയളവിനുശേഷം അപേക്ഷ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അവർക്ക് 'ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി'-യെ സമീപിക്കാമെന്നും ടി കമ്മിറ്റി അപേക്ഷ പരിശോധിച്ച് തുക അനുവദിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം തീരുമാനമെടുക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. ആകെ ലഭിച്ച 6400 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടില്ലാത്ത 581 അപേക്ഷകളിൽ 253 എണ്ണം ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി മുമ്പാകെ പരിഗണനയിലുള്ളതും ശേഷിക്കുന്ന അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചവയുമാണ്. കമ്മിറ്റിയുടെ പരിഗണനയിലുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആകെ 5819 അപേക്ഷകൾക്കായി 29,09,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച് മരണപ്പെട്ട മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബനാഥന്മാരുടെ ആശ്രിതർക്ക് മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബനാഥന്മാരുടെ ആശ്രിതർക്ക് മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസം

അയ്യായിരം രൂപ ധനസഹായം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിവരുന്നു.

(ഡി) പ്രസ്തുത പദ്ധതിക്ക് അപേക്ഷിച്ച ആർക്കും ധനസഹായം നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ബി.പി.എൽ. കുടുംബത്തിലുൾപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 2,30,70,000/-(രണ്ട് കോടി മുപ്പതുലക്ഷത്തി എഴുപതിനായിരം രൂപ) അനുവദിച്ചുനൽകിയിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം വിതരണം ചെയ്തുവരുന്നു.

## ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി

324 **(3322)** <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമിയുടെ കണക്ക് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ 308.77 ഹെക്ടർ (762.98ഏക്കർ) മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മിച്ചഭൂമി ഈ നിയമത്തിന്റെ 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകളും പ്രകാരം ഭൂരഹിതരായ വിവിധ ജനവിഭാഗങ്ങൾക്ക് പതിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഇതിനായുള്ള നിലവിലെ നിയമാനുസരണമുള്ള/ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.

(I) ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ ടി ഭൂമികൾ അപ്രകാരമുള്ള കുടികിടപ്പുകാർക്ക് പതിച്ചുകൊടുക്കേണ്ടതാണ്.

(II) ബാക്കിയുള്ള ഭൂമി;

(എ)ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും;

(ബി) ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്തവരായ മറ്റ് ജന്മിമാർക്കും പതിച്ചുകൊടുക്കേണ്ടതാകുന്നു.

എന്നാൽ ഒരു താലൂക്കിൽ പതിച്ചുകൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള (II)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിൽ എൺപത്തിയേഴര ശതമാനം ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക്

പതിച്ചുകൊടുക്കേണ്ടതും അതിൽ ഒന്നുപകുതി പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും ഗസറ്റിൽ പരസ്യംമൂലം ഗവണ്മെന്റ് ഈ ആവശ്യത്തിലേയ്ക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലുംപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കേണ്ടതാണ്.

ഇത് പ്രകാരം കഴിഞ്ഞ 5 വർഷക്കാലയളവിൽ 74.82 ഹെക്ടർ (184.88 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഭൂമിയുടെ 50 ശതമാനം പട്ടിക വിഭാഗങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടിക വിഭാഗങ്ങൾക്ക് വിതരണം ചെയ്ത ഭൂമിയുടെ കണക്ക് വിശദമാക്കാമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മിച്ചഭൂമി ഈ നിയമത്തിന്റെ 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ഭൂരഹിതരായ വിവിധ ജനവിഭാഗങ്ങൾക്ക് പതിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഇതിനായുള്ള നിലവിലെ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.

(I) ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ ടി ഭൂമികൾ അപ്രകാരമുള്ള കുടികിടപ്പുകാർക്ക് പതിച്ചുകൊടുക്കേണ്ടതാണ്.

(II) ബാക്കിയുള്ള ഭൂമി;

(എ) ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും;

(ബി) ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്തവരായ മറ്റ് ജന്മിമാർക്കും പതിച്ച് കൊടുക്കേണ്ടതാകുന്നു. എന്നാൽ ഒരു താലൂക്കിൽ പതിച്ച് കൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള (II)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിൽ എൺപത്തിയേഴര ശതമാനം ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ച് കൊടുക്കേണ്ടതും അതിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികളായ ഒന്നുപകുതി പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് ഈ ആവശ്യത്തിലേയ്ക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലുംപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കേണ്ടതാണ്.

ഇത്തരത്തിൽ പട്ടിക വിഭാഗങ്ങൾക്കായി കഴിഞ്ഞ 5 വർഷക്കാലയളവിൽ 30.31 ഹെക്ടർ (74.896ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

## വൈകി രജിസ്റ്റർ ചെയ്യുന്ന ജനന-മരണ അപേക്ഷകൾ തീർപ്പാക്കാൻ നടപടി

325 **(3323)** <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റവന്യൂ ഡിവിഷൻ ഓഫീസുകളിൽ വൈകി രജിസ്റ്റർ ചെയ്യുന്ന ജനന-മരണ അപേക്ഷകൾ സമയബന്ധിതമായി ഹിയറിംഗ് നടത്തി അനുമതി നൽകാത്തതുമൂലം കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിലെ പെരിന്തൽമണ്ണ, തിരൂർ ആർ.ഡി. ഓഫീസുകളിൽ എന്നുവരെ കിട്ടിയ അപേക്ഷകളാണ് തീർപ്പുകല്പിച്ചിട്ടുള്ളത്; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വില്ലേജുതല കണക്കുകൾ നൽകുമോ?

(എ&ബി) തിരൂർ ആർ.ഡി.ഒ.-യിൽ 28-06-2022 വരെയുള്ള പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുള്ളതും പെരിന്തൽമണ്ണ ആർ.ഡി.ഒ.-യിൽ 2021 നവംബർ വരെയുള്ള അപേക്ഷകൾ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഓഫീസുകളിൽ വിവരം അന്വേഷിച്ച് എത്തുന്നവർക്ക് ജീവനക്കാരിൽനിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തുമോ?

വൈകി രജിസ്റ്റർ ചെയ്യുന്ന ജനന-മരണ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത ഓഫീസുകളിൽ വിവരം അന്വേഷിച്ച് എത്തുന്നവർക്ക് ജീവനക്കാരിൽനിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തീർപ്പുകല്പിക്കാനുള്ള അപേക്ഷകൾ എന്നത്തേയ്ക്ക് ഹിയറിംഗ് നടത്തി തീർപ്പാക്കാൻ സാധിക്കും; ഇതിനായി പ്രത്യേക അദാലത്ത് സംഘടിപ്പിക്കുമോ?

പൂർണ്ണമായ റിപ്പോർട്ടുകൾ ലഭിക്കുന്ന അപേക്ഷകൾ ഉടൻതന്നെ ഹിയറിംഗ് നടത്തി തീർപ്പാക്കിവരുന്നു. ഇതിനായി പ്രത്യേകം അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പെരിന്തൽമണ്ണ താലൂക്ക് പരിധിയിലെ ഭൂമി തരംമാറ്റൽ**

326 **(3324)** <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ 2022 മേയ്, ജൂൺ മാസക്കാലംകൊണ്ട് എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചുവെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ താലൂക്കിൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ 2022 മേയ്, ജൂൺ മാസക്കാലം കൊണ്ട് 93 ഫയലുകൾ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്.

## ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ

327 **(3325)** ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടുപോയ ഭൂമി ഉൾപ്പെടെയുള്ള തരംമാറ്റലിന് ഏറെ കാലതാമസം നേരിടുന്നതുകൊണ്ട് ലൈഫ് പദ്ധതിയിൽപ്പെട്ടവർക്ക് ഉൾപ്പെടെ വീട് നിർമ്മാണത്തിന് തടസ്സം നേരിടുന്നത് ഒഴിവാക്കാൻ പ്രത്യേകം നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പൊതു നടപടിക്രമം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(എ&ബി) നടപടികൾ എടുത്തിട്ടുണ്ട്. നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം ഭൂമി തരംമാറ്റ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിലവിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെൽ കൂടാതെ 22-02-2022-ലെ സ.ഉ. (കൈ) 56/2022/റവ. പ്രകാരം രണ്ടായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെ ജീവനക്കാർ അടങ്ങുന്ന യൂണിറ്റും 5000-ത്തിൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷനുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും 1000-2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ആർ.ഡി.ഒ. ഓഫീസുകളിൽ 2 ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനേയും അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്ക് തസ്തികയും 51 താലൂക്കോഫീസുകളിൽ 1ക്ലാർക്ക്, 3 സർവ്വേയർ എന്നിങ്ങനെയും ആകെ 990 തസ്തികകൾ

താത്കാലികമായി സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള 680 വില്ലേജുകളിൽ രണ്ട് വില്ലേജുകൾക്ക് ഒരു വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഐ.ടി. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 5,99,93,000/- രൂപയും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ, കേരള നെൽവയൽ തണ്ണീർത്തട നിയമ പ്രകാരം ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനുവേണ്ടി ഊർജ്ജിത തീവ്രയത്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് എല്ലാ ആഫീസുകളിലും അപേക്ഷകളിൽ ഏകീകൃതമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതുമാണ്. തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തര സാഹചര്യമുള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും മുൻഗണന നൽകിക്കൊണ്ട് അത്തരത്തിലുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുകയും ഈ സമിതി പ്രത്യേക മുൻഗണന ആവശ്യമുള്ള കേസ്സുകൾ

പരിശോധിക്കുകയും മുൻഗണന സംബന്ധിച്ച അർഹത പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ മുഖേന നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

മേൽ പ്രകാരമുള്ള, പ്രത്യേക പരിഗണനാർഹ വിഭാഗം/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ ഭവനപദ്ധതിയിലുൾപ്പെട്ടവർ വീട് നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വറിൽ നിർദ്ദേശമുള്ളതാണ്.

(സി) ഈ ആവശ്യത്തിനായി പുതിയ താല്ക്കാലിക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ വഴിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ ആവശ്യത്തിനായി 22-02-2022-ലെ സ.ഉ.(കൈ) നം.56/2022/RD പ്രകാരം ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, സർവ്വേയർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചുകൊണ്ടും 990 താൽക്കാലിക തസ്തികകൾ 6 മാസത്തേയ്ക്ക് സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

10-01-2022 മുതൽ തരംമാറ്റ അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുള്ളതാണ്. എന്നാൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകാത്ത വില്ലേജ് ആഫീസുകളിൽ സാങ്കേതിക പ്രശ്നങ്ങൾമൂലം ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ഓഫ്‌ലൈനായും അപേക്ഷകൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്താകെ 204409 ഓഫ്‌ലൈൻ അപേക്ഷകളും 30-06-2022 വരെ 95771 ഓൺലൈൻ അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ആയതിൽ 139922 ഓഫ്‌ലൈൻ അപേക്ഷകളും 1690 ഓൺലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കിയിട്ടുണ്ട്. 64487 ഓഫ്‌ലൈൻ അപേക്ഷകളും 94081 ഓൺലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്നു. ഓഫ്‌ലൈൻ അപേക്ഷകൾ 2022 നവംബർ 1-നകം നടപടികൾ പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ 27 ആർ.ഡി.ഒ.-കളിൽ തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർ.ഡി.ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ്‌ലൈൻ അപേക്ഷകൾ ആഗസ്റ്റ് മാസത്തിനകവും ബാക്കി സ്ഥലങ്ങളിൽ നവംബർ മാസത്തിനകവും തീർപ്പാക്കും.

## ഭൂമി തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

328 **(3326)** ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ തെറ്റുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരം മാറ്റിയെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ തെറ്റുകൾ സംഭവിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട ഭൂമി ഒഴിവാക്കുന്നതിന് ആർ.ഡി.ഒ./പ്രാദേശികതല നിരീക്ഷണ സമിതിക്ക് ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഉത്തരവ് നൽകുന്ന കേസുകളിൽ തുടർന്ന് തരം

മാറ്റത്തിനായി ചട്ടപ്രകാരമുള്ള ഫാറം 6/7 എന്നിവയിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ഭൂമി തരംമാറ്റം സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ബി) ഭൂമി തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്ന് നിർണ്ണയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2008-ന് മുമ്പുതന്നെ ഭൂമി പരിവർത്തനപ്പെട്ടിരുന്നുവെന്ന് തെളിയിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള രേഖകളുടെ ആധികാരികത പരിശോധിച്ചും അപേക്ഷകൾ നെൽവയലുകൾ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുടെയും തണ്ണീർത്തടങ്ങൾ സംബന്ധിച്ചാണെങ്കിൽ വില്ലേജ് ഓഫീസറുടെയും റിപ്പോർട്ട് ലഭ്യമാക്കിയും ഭൂമിയുടെ നിലവിലെ സ്ഥിതി നേരിൽ പരിശോധിച്ചും കേന്ദ്ര-സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടുകൂടിയും ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുന്നതാണ്.

(സി) ഇപ്രകാരം തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി വേഗത്തിൽ തരംമാറ്റി കിട്ടുന്നതിന് ഭൂമി തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം നൽകുമോ?

തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 ഡി പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ ഫോറം-5 ലും ചട്ടം 4(vi) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് സംബന്ധിച്ചും അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ തയ്യാറാക്കി നല്കിയിട്ടുള്ളതാണ്.

നികുതി രസീതിന്റെ പകർപ്പ്, ആധാരത്തിന്റെ പകർപ്പ്, അപേക്ഷ ഭൂമി ഡാറ്റാ ബാങ്കിൽ ഏത് വിഭാഗത്തിൽ (Paddy/Wet/Converted etc) ഉൾപ്പെടുന്നുവെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, എന്നീ രേഖകൾ സഹിതമാണ് ഫാറം 5-ലുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. മേൽ പ്രകാരമുള്ള

ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനുള്ള ഫാറം 5-ലുള്ള അപേക്ഷ നിലവിൽ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

ഇപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസിൽ ലഭിക്കുന്ന അപേക്ഷ, ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം ചട്ടം 4 (ഇ)-യിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം അപേക്ഷ ഭൂമി ഡാറ്റാ ബാങ്കിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയിരുന്നാൽ കൃഷി ഓഫീസിലേയ്ക്കും wet എന്ന് രേഖപ്പെടുത്തിയിരുന്നാൽ വില്ലേജിലേയ്ക്കും റിപ്പോർട്ടിനായി അയക്കുന്നു. വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ, സ്ഥല പരിശോധന, രേഖകളുടെ പരിശോധന എന്നിവ പൂർത്തിയാക്കി, ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കിക്കഴിഞ്ഞാൽ തരം മാറ്റത്തിനായി ചട്ടപ്രകാരമുള്ള ഫാറം 6/7 എന്നിവയിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത അപേക്ഷകളിന്മേൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ഭൂമി തരംമാറ്റം സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**തോട്ടങ്ങളിലെ നിശ്ചിത ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി**

**329 (3327)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തോട്ടങ്ങളിലെ നിശ്ചിത ഭൂമി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാര്യങ്ങളിൽ സംരംഭകർക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേരള ഭൂപരിഷ്കരണ നിയമത്തിൽ തോട്ടം (Plantation) എന്ന നിലയിൽ ഇളവ് അനുവദിക്കപ്പെടാത്ത ഭൂമിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യാതൊരു തടസ്സവുമില്ല. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(1)(e) പ്രകാരം ഇളവനുവദിക്കപ്പെട്ട തോട്ടഭൂമിയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിലക്കുള്ളൂ. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 83 പ്രകാരം 01-01-1970-നുശേഷം കേരളത്തിലാരും പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വയ്ക്കാൻ പാടില്ല. എന്നിരുന്നാലും പൊതുതാല്പര്യം പരിഗണിച്ച് വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ കാര്യങ്ങൾക്കായി

ഉപയോഗിക്കുന്ന ഭൂമിയെ വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഭൂപരിധിയിൽനിന്ന് ഒഴിവാക്കാൻ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(3)(b)പ്രകാരം സർക്കാരിന് അധികാരമുണ്ട്. കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(4)പ്രകാരം തോട്ടഭൂമിയുടെ (Plantation) അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത വിസ്തീർണ്ണം പുഷ്പകൃഷി, വാനില, മെഡിസിനൽ പ്ലാന്റ്സ്, മറ്റ് കാർഷിക വിളകൾ, ഡെയറി ഫാമുകൾ, റിസോർട്ട്, ഹോട്ടൽ, മറ്റ് വിനോദ സഞ്ചാര പദ്ധതികൾ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

## പ്രളയ ഫണ്ട് തട്ടിപ്പ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി

330 **(3328)** <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കളക്ടറേറ്റിലെ ജീവനക്കാരനും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരും സഹകരണ ബാങ്ക് ഡയറക്ടറും അടങ്ങുന്ന സംഘം പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്നും ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണ റിപ്പോർട്ട്

സമർപ്പിക്കാത്തതുമൂലം പ്രതികൾക്കെതിരെ നടപടി എടുക്കാനാകാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് കളക്ടറേറ്റിലെ സെക്ഷൻ ക്ലാർക്ക് ശ്രീ. വിഷ്ണുപ്രസാദിനെതിരെ കേസ് എടുത്ത് അന്വേഷണം നടത്താൻ പോലീസിന് നിർദ്ദേശം നൽകുകയും ടിയാനെതിരെ ക്രൈം ബ്രാഞ്ച് ക്രൈം നമ്പർ 83/20, ക്രൈം നമ്പർ 382/20 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റ് മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടിയാനെതിരെ എറണാകുളം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ VE-01/2021/SCE നമ്പർ ആയി വിജിലൻസ് അന്വേഷണം നടന്നുവരുന്നു. ശ്രീ. വിഷ്ണുപ്രസാദിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ഇയാളെ സേവനത്തിൽ പുന:പ്രവേശിപ്പിക്കാൻ 22-12-2021-ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്തെങ്കിലും കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് സേവനത്തിൽ പുന:പ്രവേശിപ്പിക്കാനുള്ള നിർദ്ദേശം

നടപ്പിലാക്കേണ്ടതില്ലെന്ന് ലാൻഡ് റവന്യൂ കമ്മിഷണർക്ക് നിദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രണ്ട് വർഷങ്ങൾക്ക് മുൻപ് ലാൻഡ് റവന്യൂ കമ്മീഷണർ ആയിരുന്ന കൗശികൻ ഐ.എ.എസ്. നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ്; റിപ്പോർട്ടിൽ ആരെയൊക്കെയാണ് കുറ്റവാളികളായി കണ്ടെത്തിയിരുന്നത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ ആയിരുന്ന ശ്രീ. കൗശികൻ, ഐ.എ.എസ്. 17-02-2022-ലാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ എറണാകുളം ജില്ലാ കളക്ടറേറ്റിലെ പ്രളയദുരിതാശ്വാസ ധനസഹായ വിതരണത്തിന്റെ ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്കായ ശ്രീ. വിഷ്ണുപ്രസാദിനെയാണ് കുറ്റവാളിയായി കണ്ടെത്തിയിരുന്നത്. അന്വേഷണ റിപ്പോർട്ടിന്റെ ശിപാർശകൾ അടങ്ങിയ വാല്യം-1ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർ കളക്ടറേറ്റിലേയ്ക്കും ജില്ലാ ഭരണകൂടം സർക്കാരിലേയ്ക്കും കത്തുകൾ അയയ്ക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിൽനിന്നും നേരിട്ട് ലഭ്യമാക്കി നടപടി സ്വീകരിക്കാൻ 26-05-2022-ലെ LR 4129/2021-LR(D5) കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ടുള്ള എറണാകുളം ജില്ലാ കളക്ടറുടെ 04-07-2022-ലെ കത്ത് ലഭിച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസംമൂലം കേസിനാസ്പദമായ പല തെളിവുകളും രേഖകളും നഷ്ടമാകുന്ന സാഹചര്യം നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഇ) എങ്കിൽ കൂടുതൽ തെളിവുകളും രേഖകളും നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ബാധകമല്ല.

**കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിനായുള്ള സർവ്വേ**

331 **(3329)** <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണത്തിന്റെ ഭാഗമായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള സർവ്വേ നടപടികൾക്കായി 04-06-2019-ൽ 6,70,000/- രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയെങ്കിലും പ്രസ്തുത സർവ്വേ ജോലികൾ പൂർത്തീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ സർവ്വേ നടപടികൾക്കായി തൃശ്ശൂർ ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്നും 3 സർവ്വേയർമാരെ നിയോഗിച്ചിട്ടുള്ളതും ചാവക്കാട് താലൂക്കിൽപ്പെടുന്ന എളവള്ളി, ബ്രഹ്മകുളം, കണ്ടാണശ്ശേരി എന്നീ വില്ലേജുകളിലൂടെയുള്ള പ്രസ്തുത തോടിന്റെ 8കി.മീ ദൂരം സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത തോടിന്റെ എത്ര കിലോമീറ്റർ ദൂരം സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പ്രസ്തുത തോടിന്റെ 8 കി.മീ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(സി) ഇനിയെത്ര കിലോമീറ്റർ സർവ്വേ പൂർത്തീകരിക്കാനുണ്ട്; പ്രസ്തുത ജോലികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത തോടിന്റെ ഇരുകരകളിലുമായി 22 (11 X 2)കി.മീ. സർവ്വേ ചെയ്യേണ്ടതിൽ 8 കി.മീ. സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി 14 കി.മീ. സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതുമാണ്.

**ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം**

332 **(3330)** <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ബാലാതിരുത്തിക്ക് ചുറ്റുമുള്ള കമ്മ്യൂണിറ്റി റിസർവ് പ്രദേശം അളന്ന് തിട്ടപ്പെടുത്താത്തത് കാരണം പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മ്യൂണിറ്റി റിസർവായി പ്രദേശത്തെ പ്രഖ്യാപിക്കുന്ന സമയത്ത് ജോലിയിൽ ഉദ്യോഗസ്ഥർ കാണിച്ച അലംഭാവമാണോ പട്ടയം ലഭിക്കാത്തതിന് കാരണമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇല്ല. കമ്മ്യൂണിറ്റി റിസർവ് പ്രദേശം അളന്ന് തിട്ടപ്പെടുത്താത്തതിനാലല്ല പട്ടയം അനുവദിക്കാത്തത്. 1992-നുശേഷം പുഴപുറമ്പോക്കിലെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നിയമ തടസ്സം ഉള്ളതാണ്.

(സി) ബാലാതിരുത്തിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി റിസർവായി മാറ്റുന്നതിന് ജനങ്ങൾ താമസിക്കുന്നതും കൃഷി ചെയ്യുന്നതും പാരമ്പര്യമായി അനുഭവിച്ചുവരുന്നതുമായ ഭൂമി ഒഴിവാക്കി അളന്ന് തിട്ടപ്പെടുത്തുകയും ഒഴിവാക്കിയവരുടെ ഭൂമിക്ക് പട്ടയം ലഭിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സർക്കാർ വനം വകുപ്പിന്റെ നേതൃത്വത്തിൽ വള്ളിക്കുന്ന് വില്ലേജിലെ ബ്ലോക്ക് 5 റീ. സ. 15/1, 15/2, 15/3, 15/4 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട 150 ഹെക്ടർ ഭൂമി വന്യജീവി സംരക്ഷണ നിയമം 1972 സെക്ഷൻ 36(സി) പ്രകാരം കടലുണ്ടി കമ്മ്യൂണിറ്റി റിസർവ് ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നിലവിൽ നിയമ തടസ്സങ്ങളില്ല. പ്രസ്തുത മേഖലയിലെ സ്ഥലത്തിന് പട്ടയം നൽകുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി പട്ടയം നല്കുന്നതാണ്. എന്നാൽ ഇതേ മേഖലയിൽ

ഉൾപ്പെട്ട 29.28 ഹെക്ടർ കണ്ടൽക്കാട് ഉൾപ്പെടുന്ന പ്രദേശം 2003 മുതൽ റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിന് നിയമതടസ്സമുണ്ട്.

**വാമനപുരം വില്ലേജിലെ റീസർവ്വേ**

333 **(3331)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം വില്ലേജിൽ വർഷങ്ങൾക്ക് മുമ്പ് റീസർവ്വേ കഴിഞ്ഞെങ്കിലും ആയതിന്മേൽ ഇതുവരെയും തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

വാമനപുരം വില്ലേജിന്റെ റീസർവ്വേ ജോലികൾ കൺവെൻഷണൽ രീതിയിൽ പൂർത്തിയാക്കി 29-08-2017-ന് സെക്ഷൻ 13 പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വില്ലേജിന്റെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിന് തയ്യാറായിട്ടുള്ളതും കൈമാറുന്നതിനുള്ള അനുമതിക്കായി നെയ്യാറ്റിൻകര റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടർ 10-06-2022-ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതും

ആയതിൽ ഉടൻതന്നെ ഉത്തരവ് പുറപ്പെടുവിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്.

(ബി) പ്രസ്തുത വില്ലേജിൽ ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സർവ്വേ നടത്താൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ കുറച്ച് ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയുള്ള വില്ലേജുകളിലാണ് നിലവിൽ ഡ്രോൺ സർവ്വേ നിർവഹിച്ചുവരുന്നത്. ഡിജിറ്റൽ സർവ്വേയുടെ അടുത്ത ഘട്ടങ്ങളിൽ വാമനപുരം വില്ലേജിനെ ഉൾപ്പെടുത്തി ഡ്രോൺ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള റീസർവ്വേ നടത്താൻ കഴിയുന്നതാണ്.

(സി) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാമാണ് ഇതിന്റെ നേട്ടങ്ങളെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ കുറച്ച് ശേഷിക്കുന്ന 1550 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവ്വേ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവ്വേ പദ്ധതി പൂർത്തിയാകുന്നതോടെ മാപ്പ് അധിഷ്ഠിത പോക്ക് വരവ് സംവിധാനം നടപ്പിലാക്കുകയും എല്ലാ ഭൂമിക്കും രേഖയുണ്ടാവുകയും ഭൂസംബന്ധമായ സേവനങ്ങൾ വിവിധ വകുപ്പുകൾ സന്ദർശിക്കാതെ ഭൂവുടമകൾക്ക് ഒരു പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനും ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്കാർഡ് ഓഫ് റൈറ്റ് ലഭ്യമാകുന്നതിനും സാധിക്കുന്നതാണ്.

സംസ്ഥാനത്ത് ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ദുരന്ത നിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന രേഖയായി ലഭ്യമാക്കുക, സർവ്വേ സ്കെച്ച് ഉൾപ്പെടെ പോക്കുവരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വേയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വേയിലൂടെ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Land Use

Board, സംസ്ഥാന ദുരന്ത നിവാരണ വകുപ്പ്, കൃഷി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കും ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മറ്റു വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

**സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ**

334 **(3332)** ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായി നടത്തുമെന്ന് പ്രഖ്യാപിക്കപ്പെട്ട സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ

4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021-ലെ സ.ഉ(കൈ) 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021-ലെ സ.ഉ.(സാധാ) 364/2021/പി&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022 ലെ സ.ഉ. (കൈ) നം 15/2022/പി &ഇ.എ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവ്വേ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വേ

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഇത് കൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു.

* 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ചുവരുന്നു.

* ഭൂസംബന്ധമായി വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ റവന്യൂ വകുപ്പുമായി സഹകരിച്ച് ആവിഷ്കരിച്ചുവരുന്നു.

* ആദ്യഘട്ട ഡിജിറ്റൽ സർവ്വേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികളും ലഭ്യമായ മുൻ റിക്കാർഡുകളുടെ സ്കാനിംഗ് ജോലികളും പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

* പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിനായി സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം

തയ്യാറാക്കുന്നതിനുള്ള നടപടികൾ NIC-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

* സർവ്വേക്കല്ലുകൾ വാങ്ങുന്നതിനും ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിക്കാവശ്യമായ സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവ്വെ ജോലികൾ ആരംഭിക്കുന്നതാണ്.

## പാവറട്ടി സെന്ററിന്റെ നവീകരണത്തിന് ഭൂമി

335 **(3333)** ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള

നവീകരണത്തിനുമായി 2019-ൽ ഭരണാനുമതി ലഭ്യമാക്കിയെങ്കിലും പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകാത്തതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മണലൂർ നിയോജക മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണത്തിന്റെ ഭാഗമായി പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ സർവ്വേ പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വളരെയേറെ ഗതാഗതക്കുരുക്കനുഭവപ്പെടുന്ന പാവറട്ടി സെന്ററിന്റെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി-ഡി) പ്രസ്തുത സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പോക്കുവരവ് സംബന്ധിച്ച അപേക്ഷകൾ

336 **(3334)** <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി പോക്കുവരവ് സംബന്ധമായി വിവിധ കാരണങ്ങളാൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ?

06-07-2022-ൽ കേരള സംസ്ഥാനത്താകെ 197997 അപേക്ഷകൾ പോക്കുവരവ് ചെയ്യുന്നതിനായി ബാക്കി നിൽക്കുന്നു.

(ബി) പോക്കുവരവിനായി ലഭിക്കുന്ന അപേക്ഷകൾ ഏതെല്ലാം വകുപ്പുകൾ കാണണമെന്നും ഇവ എത്ര ദിവസം കൊണ്ടാണ് തീർപ്പാക്കേണ്ടത് എന്നും വ്യക്തമാക്കുമോ?

പോക്കുവരവിനുള്ള അപേക്ഷകൾ റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. സബ് ഡിവിഷൻ ഇല്ലാത്ത കേസുകൾ വില്ലേജ് ഓഫീസറും സബ് ഡിവിഷൻ ഉള്ള കേസുകൾ ഭൂരേഖ തഹസിൽദാരും പോക്കുവരവ് അനുവദിക്കുന്നു. നിയമ തടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത സബ്ഡിവിഷൻ ഉള്ള കേസുകൾ 40 ദിവസത്തിനകം പോക്കുവരവ്

ചെയ്യണമെന്ന് സേവനാവകാശ നിയമത്തിൽ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. മറ്റു കേസുകളിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.

(സി) മാറനല്ലൂർ വില്ലേജ് ഓഫീസിലെ റീസർവ്വേ 35/03-ൽപ്പെട്ട ഭൂമിയുടെ പോക്കുവരവിനായി കാട്ടാക്കട താലൂക്ക് ഓഫീസിലെ കെ1/18802/18 നമ്പർ ഫയലിൽ അപേക്ഷ എന്നാണ് ലഭിച്ചതെന്നും പോക്കുവരവിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ശ്രീ. ദേവദാനം 24-10-2018-ൽ പോക്കുവരവിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വേയർ മുഖാന്തരം സ്ഥലവും റിക്കാർഡും പരിശോധിച്ചതിൽ ഊരൂട്ടമ്പലം സബ് രജിസ്ട്രാർ ഓഫീസിലെ 1524/06 നമ്പർ വിലയാധാര പ്രകാരം മാറനല്ലൂർ വില്ലേജിലെ ബ്ലോക്ക് 12-ൽ റീസർവ്വേ 35/3-ൽപ്പെട്ട 05.20 ആർ സ്ഥലം അപേക്ഷകനായ ശ്രീ. ദേവദാനത്തിന് സിദ്ധിച്ചിട്ടുള്ളതായും സ്ഥല പരിശോധനയിൽ ആയത് മാറനല്ലൂർ വില്ലേജിൽ ബ്ലോക്ക് 12-ൽ റീസർവ്വേ 35/3-ൽ ഭാഗികമായും റീസർവ്വേ 35/50-ൽ പൂർണ്ണമായും ഉൾപ്പെട്ടുവരുന്നതായും കാണുന്നു. അളവിൻപ്രകാരം റീസർവ്വേ 35/3-ൽ 01.58 ആറും റീസർവ്വേ 35/50-ൽ 02.50 ആറും ആണ്. എന്നാൽ അപേക്ഷകൻ ഹാജരാക്കിയ ആധാരത്തിലും കോടതി ഉത്തരവിലും റീസർവ്വേ 35/3 മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ആയതിനാൽ റീസർവ്വേ 35/50 ഉം

കൂടി ഉൾപ്പെടുത്തി പിഴതിരുത്താധാരം ഹാജരാക്കുന്നതിനും കോടതി ഉത്തരവിൽ റീസർവ്വേ 35/50 ഉൾപ്പെടുത്തുന്നതിനും അപേക്ഷകന് പല പ്രാവശ്യം കത്ത് നൽകിയെങ്കിലും അപേക്ഷകൻ ആയതിന് തയ്യാറാകാതെയാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. മാറനല്ലൂർ വില്ലേജിൽ 1990 കാലഘട്ടത്തിൽ റീസർവ്വേ നിലവിൽ വന്നപ്പോൾത്തന്നെ റീസർവ്വേ 35/50 എന്ന സബ് ഡിവിഷൻ നിലവിൽവന്നിട്ടുണ്ട്. റീസർവ്വേ പ്രകാരം നിലവിൽവന്ന ഒരു സബ് ഡിവിഷൻ നമ്പർ ഒഴിവാക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷകന്റെ പ്രശ്നം പരിഹരിക്കാൻ ടിയാൻ പിഴതിരുത്താധാരം ഹാജരാക്കേണ്ടതും കോടതി ഉത്തരവിൽ ടി സർവ്വേ നമ്പർകൂടി ഉൾപ്പെടുത്തി ഉത്തരവ് ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം തിരുത്തിയ രേഖകൾ അപേക്ഷകൻ ഹാജരാക്കിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ.

## വസ്തു തരംമാറ്റുന്നതിനുള്ള കാലതാമസം

337 **(3335)** ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വസ്തുവിന്റെ തരംമാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇപ്രകാരമുള്ള അപേക്ഷകളിൽ എത്ര കാലയളവിനുള്ളിൽ നടപടി സ്വീകരിക്കണമെന്നാണ് നിഷ്കർഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 30-06-2022 വരെ 662 ഓഫ്ലൈൻ അപേക്ഷകൾ മാത്രമാണ് ഇടുക്കി ജില്ലയിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്നത്. തീർപ്പാക്കാൻ ശേഷിക്കുന്ന ഓൺലൈൻ അപേക്ഷകൾ 3567 എണ്ണവുമാണ്.

ഇടുക്കി ജില്ലയിലെ ഇടുക്കി, ദേവികുളം ആർ.ഡി.ഒ.-കളിൽ ഓഫ്ലൈനായി ലഭിച്ച എല്ലാ അപേക്ഷകളും ഓഗസ്റ്റ് മാസത്തിനുള്ളിൽ തന്നെ തീർപ്പാക്കുന്നതാണ്.

## ഡിജിറ്റൽ റീ-സർവ്വേ

338 **(3336)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീ-സർവ്വേ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021-ലെ സ.ഉ.(കൈ)24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021-ലെ സ.ഉ.(സാധാ)364/2021/പി&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022-ലെ സ.ഉ(കൈ) നം 15/2022/പി&ഇ.എ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഭാഗമായി Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robotic Electronic Total Station (R-ETS) തുടങ്ങിയ നൂതന സർവ്വേ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഇതുകൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു.

- 1500 കോൺട്രാക്ട് സർവ്വേയർമാരെയും 3200 കോൺട്രാക്ട് ഹെൽപ്പർമാരെയും എംപ്ലോയ്മെന്റിൽനിന്നും നിയോഗിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.
- പൊതുജന സഹകരണം ഉറപ്പാക്കുന്നതിന് വിവിധ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ചുവരുന്നു.
- ഭൂസംബന്ധമായ വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള പ്രാരംഭ പ്രവർത്തികൾ റവന്യൂ വകുപ്പുമായി സഹകരിച്ച് ആവിഷ്ക്കരിച്ചുവരുന്നു.

- ആദ്യഘട്ട സർവ്വേയ്ക്കായി 200 വില്ലേജുകൾ തെരഞ്ഞെടുത്തിട്ടുള്ളതും ടി വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികളും ലഭ്യമായ മുൻ റിക്കാർഡുകളുടെ സ്കാനിംഗ് ജോലികളും പൂർത്തിയാക്കി.
- പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്. ഇതിലേയ്ക്കായി സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കുന്നതിനുള്ള നടപടികൾ NIC-യുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.
- ക്യാമ്പ് ഓഫീസുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വേ നൂതന സർവ്വേ സങ്കേതങ്ങൾ ഉപയോഗിച്ച് നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഭൂവുടമകൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

ഡിജിറ്റൽ സർവ്വേ പദ്ധതി പൂർത്തിയാകുന്നതോടെ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഒറ്റ പോർട്ടൽ മുഖേന ഭൂസംബന്ധമായ നടപടികൾ സുതാര്യമാകും. കൂടാതെ ഡിജിറ്റൽ സർവ്വേ പദ്ധതി പൂർത്തിയാകുന്നതോടെ മാപ്പ് അധിഷ്ഠിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിന് സാധിക്കുന്നതും എല്ലാ ഭൂമിക്കും രേഖയുണ്ടാവുകയും ഭൂമിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള റിക്കാർഡ് ഓഫ് റൈറ്റ് ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വേ

339 **(3337)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിലെ എത്ര വില്ലേജുകളിൽ നിലവിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വില്ലേജുകളിൽ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആകെയുള്ള 14 വില്ലേജുകളിൽ തളിപ്പറമ്പ താലൂക്കിൽ ഉൾപ്പെട്ടുവരുന്ന ശ്രീകണ്ഠപുരം, ഇരിക്കൂർ എന്നീ 2 വില്ലേജുകൾ പൂർണ്ണമായും ചുഴലി വില്ലേജിലെ 138, 139, 140 എന്നീ

ബ്ലോക്കുകളുടെയും റീസർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. തളിപ്പറമ്പ താലൂക്കിൽ വെള്ളാട് (pt), തിമിരി (pt), ആലക്കോട്, ഉദയഗിരി, നടുവിൽ, ചെങ്ങളായി, നിടിയങ്ങ, എരുവശ്ശി, പയ്യാവൂർ എന്നീ വില്ലേജുകൾ പൂർണമായും ചുഴലി ബ്ലോക്ക് 137-ലും ഇരിട്ടി താലൂക്കിൽ നുച്ചിയാട്, വയത്തൂർ എന്നീ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാക്കാനുണ്ട്.

## റീസർവ്വേ പ്രകാരമുള്ള വിസ്തീർണ്ണം അനുസരിച്ച് ഭൂനികുതി സ്വീകരിക്കാൻ നടപടി

340 **(3338)** ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ റീസർവ്വേ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണ പ്രകാരം ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കുന്നതിന് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിന് എന്തെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ പൂർത്തീകരിച്ച സ്ഥലങ്ങളിൽ റീസർവ്വേ പ്രകാരമുള്ള വിസ്തീർണ്ണം അനുസരിച്ച് അടിസ്ഥാന രേഖകൾ തയ്യാറാക്കി ഭൂനികുതി സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) റീസർവ്വേ റിക്കാർഡുകൾ പ്രകാരം വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പിശകുകൾ തിരുത്തുന്നതിലും പ്രസ്തുത റിക്കാർഡുകളെ തുടർന്ന് പോക്കുവരവ് അനുവദിക്കുന്നതിലും 1964-ലെ കേരള സർവ്വേ അതിരടയാള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള 15-09-2020-ലെ സ.ഉ.(കൈ) നം.214/2020/റവന്യൂ നമ്പർ ഉത്തരവിൽ അവ്യക്തതയുള്ളത് കാരണം ജനങ്ങൾക്ക് ഭൂമിയുടെ കരം ഒടുക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് റീസർവ്വേയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീസർവ്വേയ്ക്ക് മുൻപ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വന്നതിന്റെ

അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസ്സുകളിൽ കൈവശത്തിലുള്ള ഭൂമിക്കും കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21-04-2022 ലെ സ.ഉ.(കൈ) നം 110/2022/റവ. ഉത്തരവ് പ്രകാരം അനുമതി നൽകിയും 15-09-2020-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും ഉത്തരവായിട്ടുണ്ട്. കൂടാതെ റീസർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണം കൈവശ രേഖകളിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## അൺ സർവ്വേ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

341 **(3339)** <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ അൺസർവ്വേ ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിലെ അൺസർവ്വേ ഭൂമി തിട്ടപ്പെടുത്തുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഭാഗമായി അൺസർവ്വേ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഭൂമികളും സർവ്വേ ചെയ്ത് ഡിജിറ്റൽ റിക്കാർഡ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇത്തരത്തിലുള്ള അൺ സർവ്വേ ഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമിയും പൊതു ആവശ്യത്തിന് നൽകണമെന്നാവശ്യപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ പുറമ്പോക്ക് ഭൂമിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏങ്ങണ്ടിയൂർ വില്ലേജ് സർവ്വേ 22/1-ൽപ്പെട്ട 20 സെന്റ് ഭൂമി ഏങ്ങണ്ടിയൂർ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.

**ഡിജിറ്റൽ റീ സർവ്വേ നടപടികൾ**

342 **(3340)** <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021-ലെ സ.ഉ.(കൈ)24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021-ലെ സ.ഉ.(സാധാ)364/2021/പി.&ഇ.എ. പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022-ലെ സ.ഉ.(കൈ) നം.15/2022/പി.&ഇ.എ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.

സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. COR സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലികൾ

പുരോഗതിയിലാണ്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഇതുകൂടാതെ 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റിൽനിന്നും കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ സർവ്വേ പദ്ധതിക്കാവശ്യമായ സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവ്വേ താമസംകൂടാതെ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) എത്ര വർഷം കൊണ്ട് റീസർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

നിലവിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നൂതന സർവ്വേ സങ്കേതങ്ങൾ

ഉപയോഗിച്ച് നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഭാഗമായി Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവ്വേ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) കൊടുങ്ങല്ലൂർ, ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിൽ ഡിജിറ്റൽ റീസർവ്വേ ആരംഭിക്കുന്നത് ഏതൊക്കെ വില്ലേജുകളിലാണെന്നും എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ 31 വില്ലേജുകളും മുകുന്ദപുരം താലൂക്കിൽ 29 വില്ലേജുകളും കൊടുങ്ങല്ലൂർ താലൂക്കിൽ 18 വില്ലേജുകളും ഉൾപ്പെട്ടുവരുന്നു. പ്രസ്തുത വില്ലേജുകളിൽ നാളിതുവരെ റീസർവ്വേ ജോലികൾ ആരംഭിച്ചിട്ടില്ല.

എന്നാൽ ജില്ലയിൽ അൺസർവ്വേയ്ഡ് വില്ലേജുകൾക്ക് പ്രാമുഖ്യം നൽകിയും NH റോഡുകളുടെ സർവ്വേയ്ക്ക് പ്രഥമ സ്ഥാനം നൽകിയും ഫോറസ്റ്റ് ബൗണ്ടറികൾ കണക്കിലെടുത്തും ആദ്യഘട്ട സർവ്വേയ്ക്കായി തെരഞ്ഞെടുത്ത

200 വില്ലേജുകളിൽ കൊടുങ്ങല്ലൂർ, ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. അടുത്ത ഘട്ടങ്ങളുടെ സർവ്വേയ്ക്കായി തെരഞ്ഞെടുക്കുന്ന വില്ലേജുകളിൽ ടി താലൂക്കുകളിലെ വില്ലേജുകൾ കൂടി ഉൾപ്പെടുത്തി റീസർവ്വേ ജോലികൾ പൂർത്തിയാക്കാവുന്നതാണ്.

**പട്ടയം നൽകുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ**

343 **(3341)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനായി ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച എത്ര അപേക്ഷകളുണ്ട്?

മണ്ണാർക്കാട് താലൂക്കിൽ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനായി വനം -റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധനകൾ നടത്തി 01-01-1977-ന് മുമ്പുള്ള വനം കുടിയേറ്റ കൈവശമായി കണ്ടെത്തിയ 465 അപേക്ഷകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(ബി) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ?

ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച മേൽപ്പറഞ്ഞ അപേക്ഷകളിലൊന്നും പട്ടയം അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത താലൂക്കിൽ കൈവശഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുക്കുന്നതിന് തടസ്സമുണ്ടോ എന്ന് വിശദമാക്കാമോ; പട്ടയ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച അപേക്ഷകൾ ഫോറസ്റ്റ് പരിവേശ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് ഓരോ അപേക്ഷകരുടേയും വ്യക്തിഗത സ്കെച്ച് ലഭ്യമല്ലാത്തതിനാലും നിലവിലെ ഫോറസ്റ്റ് അതിർത്തി നിർണ്ണയത്തിന് അപേക്ഷകർ സംഘടിതമായി തടസ്സം നിൽക്കുന്നതിനാലും സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ടി കാരണത്താലും മറ്റ് സാങ്കേതിക പ്രശ്നങ്ങളാലും ഫോറസ്റ്റ് പരിവേശ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. തർക്കങ്ങളും സാങ്കേതിക പ്രശ്നങ്ങളും പരിഹരിച്ച് എത്രയും പെട്ടന്ന് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് തുടർ

നടപടികൾ സ്വീകരിക്കുന്നതാണ്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാലുടൻതന്നെ പട്ടയ വിതരണം ആരംഭിക്കുന്നതാണ്.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

344 **(3342)** ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ തസ്തിക തിരിച്ചുള്ള നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടവയും സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ടവയും ഏതൊക്കെ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) സ്ഥാനക്കയറ്റം വഴി നിയമനം നടത്തേണ്ട തസ്തികകളും ഒഴിവുകളും ചുവടെ ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ) - 1

ജോയിന്റ് ഡയറക്ടർ - 2

ഡെപ്യൂട്ടി ഡയറക്ടർ(ഫീൽഡ്) - 1

അസിസ്റ്റന്റ് ഡയറക്ടർ(ഫീൽഡ്)- 1

ടെക്നിക്കൽ അസിസ്റ്റന്റ് - 7

ഹെഡ് ഡ്രാഫ്റ്റ്സ്മാൻ - 1

സ്ഥാനക്കയറ്റം വഴി നിയമനം നൽകുന്ന തസ്തികകൾ ഒഴികെ ബാക്കി എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ (ടെക്നിക്കൽ), ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലെ ഫീഡർ കാറ്റഗറികളിൽ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കാത്തതിനാൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് വിഭാഗം)2022-ലെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. 2022-ലെ സെലക്ട് ലിസ്റ്റ് ബഹു. കോടതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ അസിസ്റ്റന്റ് ഡയറക്ടർ (ഫീൽഡ് വിഭാഗം) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നടത്താൻ കഴിഞ്ഞിട്ടില്ല. കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഡി.പി.സി. കൂടുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു. ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ കവിഞ്ഞ് ആർജ്ജിച്ച ഭൂമി ഏറ്റെടുക്കൽ

**345 (3343)** ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിലെ 83-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പരിധിയിൽ കവിഞ്ഞ് ആർജ്ജിച്ച ഭൂമിയുടെ വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ അറിയിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ കഴിഞ്ഞ 5 വർഷം ഇതുസംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം 01-01-1970-ന് ശേഷം കേരളത്തിൽ ആരുംതന്നെ പരിധിയിലധികം ഭൂമി കൈവശം വയ്ക്കാൻ പാടില്ലെന്ന് 83-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പരിധിയിലധികം ഭൂമി ആർജ്ജിച്ചാൽ പരിധിയിലധികമുള്ള ഭൂമി സ്വമേധയാ സറണ്ടർ ചെയ്യണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം കക്ഷി സ്വമേധയാ സറണ്ടർ ചെയ്തില്ല എങ്കിൽ അത്തരക്കാർക്കെതിരെ താലൂക്ക് ലാൻഡ് ബോർഡുകൾക്ക് സ്വമേധയാ കേസെടുക്കാമെന്നും നിയമം വ്യവസ്ഥ

ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷം കക്ഷികളാരുംതന്നെ സ്വമേധയാ ഭൂമി സറണ്ടർ ചെയ്യുകയോ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല.

(ബി) ഇപ്രകാരം എത്ര ഏക്കർ ഭൂമി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ?

1970 മുതൽ ആരംഭിച്ച കേസുകളാണ് താലൂക്ക് ലാൻഡ് ബോർഡുകളിൽ ശേഷിക്കുന്നത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തീർപ്പാക്കിയ കേസുകളിൽ മിച്ചഭൂമി ഉണ്ടെന്ന് കണ്ടെത്തി ഏറ്റെടുക്കാൻ ഉത്തരവായ കേസുകളിൽ 762.97 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്.

(സി) സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിന് വീഴ്ച വരുത്തിയത് കാരണം സ്വമേധയായി കേസെടുത്ത് ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമി കണ്ടെത്തിയ എത്ര കേസുകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഉണ്ടായിയെന്നും അതനുസരിച്ച് എത്ര ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷം മൊത്തം 138 കേസുകൾ താലൂക്ക് ലാന്റ് ബോർഡുകൾ സ്വമേധയാ ആരംഭിച്ചിട്ടുണ്ട്. ഈ കേസുകളിൽ ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല.

## ഗൃഹശ്രീ ഭവന പദ്ധതി

346 **(3344)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി തുടരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2013-ൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിലും 500 ഗുണഭോക്താക്കൾക്ക് 10 കോടി രൂപ ഗൃഹശ്രീ പദ്ധതി ആനുകൂല്യത്തിനായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് 10-06-2022-ലെ സ.ഉ.(സാധാ)നം.58/2022/ഭവനം പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) ഏത് വിഭാഗം ജനങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാനം (LIG) വിഭാഗത്തിൽപ്പെട്ടവർക്കാണ് ഗൃഹശ്രീ ഭവന പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

## ഹൗസിംഗ് ബോർഡിൽനിന്നും പ്രമാണം നഷ്ടപ്പെട്ടതായ പരാതി

347 **(3345)** <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം ഹൗസിംഗ് ബോർഡിൽനിന്നും NTA/60/95 പ്രകാരം ലോൺ എടുത്ത വ്യക്തിയുടെ പ്രമാണം ബോർഡ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബാലരാമപുരം ഹൗസിംഗ് ബോർഡിൽനിന്നും NTA/60/95 പ്രകാരം ലോൺ എടുത്ത വ്യക്തിയുടെ പ്രമാണം ബോർഡ് ഓഫീസിൽനിന്നും നഷ്ടപ്പെട്ട വിഷയത്തിൽ റിലീസ് ഡീഡ് നൽകി ബാദ്ധ്യത തീർത്ത് പരാതി പരിഹരിക്കുകയും കൂടാതെ സബ് രജിസ്ട്രാർ ഓഫീസിൽനിന്നും പ്രമാണത്തിന്റെ പകർപ്പ് എടുത്ത് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലും പരിഹരിച്ചിട്ടുണ്ട്.

(ബി) ഭവന വായ്പ അടച്ച് പൂർത്തീകരിച്ച എത്ര പേർക്കാണ് പ്രമാണം തിരികെ നൽകാൻ ഉള്ളത്; വിശദമാക്കാമോ?

ഭവന വായ്പ അടച്ചുതീർത്ത് റിലീസ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതനുസരിച്ചാണ് എല്ലാപേർക്കും പ്രമാണം തിരികെ നൽകിവരുന്നത്.

വായ്പാക്കാരൻ മരണപ്പെട്ട കേസുകളിൽ നിയമാനുസൃത അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത കേസുകളിൽ പ്രമാണം തിരികെ നൽകാൻ സാധിക്കാത്തതായിട്ടുണ്ട്. പ്രമാണം തിരികെ നൽകാനുള്ളവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) ഹൗസിംഗ് ബോർഡ് ഓഫീസിൽനിന്നും പ്രമാണം നഷ്ടപ്പെട്ടവർക്ക് പ്രമാണം തിരികെ നൽകാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഹൗസിംഗ് ബോർഡ് ഓഫീസിൽനിന്നും പ്രമാണം നഷ്ടപ്പെട്ടവർക്ക് പ്രമാണം തിരികെ നൽകാൻ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽനിന്നും നഷ്ടപ്പെട്ട പ്രമാണത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുത്ത് നൽകാറുണ്ട്.

(ഡി) പ്രമാണം നഷ്ടപ്പെടുത്തിയതിന് ആരുടെ പേരിലാണ് നടപടി സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

പ്രമാണം നഷ്ടപ്പെടുത്തിയതിന് ആയത് നഷ്ടപ്പെട്ട് പോകാനുള്ള സാഹചര്യം പരിശോധിച്ചശേഷം മാത്രമേ നടപടി സ്വീകരിക്കാനാവുകയുള്ളൂ.

## ഗൃഹശ്രീ പദ്ധതി

348 **(3346)** <u>ശ്രീ. പി. ടി. എ. റഹീം:</u> താഴെ കാണുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ പദ്ധതി കെയർ ഹോം പദ്ധതിയുമായി സമന്വയിപ്പിച്ചാൽ കൂടുതൽ വീടുകൾ നിർമ്മിക്കുന്നതിന് സഹായകമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

2018-ലെ പ്രളയപുനരധിവാസ പദ്ധതികളുടെ ഭാഗമായി സർക്കാർ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കെയർ ഹോം പദ്ധതി.

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 2000 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ലക്ഷ്യമിട്ടാണ് കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടം ആവിഷ്കരിച്ച് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത്

ലക്ഷ്യം വച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

കെയർ ഹോം പദ്ധതി നടപ്പിലാക്കുന്നത് മേൽ പരാമർശിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ കെയർ ഹോം പദ്ധതി ഗൃഹശ്രീ പദ്ധതിയുമായി സമന്വയിപ്പിക്കുന്നതിന് നിലവിൽ ആലോചനകളൊന്നും നടന്നിട്ടില്ല.

(ബി) ഗൃഹശ്രീ പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ പദ്ധതിയിൽ വീടിന് അപേക്ഷിക്കുന്നതിന്റെ നടപടിക്രമം എന്താണ്?

സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ./ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്ന ഗുണഭോക്താവിനുവേണ്ടി ഒരു ലക്ഷം രൂപയും ഗുണഭോക്താവ് ഒരു ലക്ഷം രൂപയും നിക്ഷേപിച്ച് സർക്കാർ സബ്സിഡിയായ 2 ലക്ഷം രൂപയും ചേർത്ത് 4 ലക്ഷം രൂപ നിർമ്മാണ ചെലവിൽ തറവിസ്തീർണ്ണം 83 ച. മീറ്ററിൽ നിജപ്പെടുത്തി 4 ഗഡുക്കളായി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ

പദ്ധതി. ഗൃഹശ്രീ പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് ആകെ 4,00,000/-രൂപ(നാല് ലക്ഷം രൂപ)-യാണ് നിർമ്മാണ പുരോഗതിയനുസരിച്ച് വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യുന്നത്. ഗൃഹശ്രീ പദ്ധതി പ്രകാരം വീട് അനുവദിക്കുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് നമ്പർ/ആധാർ നമ്പർ എന്നിവ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് ഇരട്ടിപ്പ്/ആവർത്തനം (duplication) ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ഗൃഹശ്രീ പദ്ധതിയുടെ വ്യവസ്ഥകൾ, ഗൃഹശ്രീ പദ്ധതിയിൽ വീടിന് അപേക്ഷിക്കുന്നതിന്റെ നടപടിക്രമം എന്നിവ അറ്റാച്ച്മെന്റ് ആയി ചേർത്തിരിക്കുന്നു*.

(സി) ഗൃഹശ്രീ പദ്ധതിയിൽ വീടുകൾ തെരഞ്ഞെടുക്കുന്നതിൽ ഗ്രാമസഭകൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ പങ്കില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗൃഹശ്രീ ഭവന പദ്ധതി ആനുകൂല്യത്തിനായി എൻ.ജി.ഒ./സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ സമർപ്പിക്കുന്ന പട്ടികയിൽനിന്നും ഗൃഹശ്രീ നിബന്ധനകൾ അനുസരിച്ചാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. അതിൽ സ്പോൺസർമാരായി പഞ്ചായത്തുകളിൽനിന്നും പദ്ധതി ആനുകൂല്യത്തിന് അപേക്ഷകൾ ലഭിക്കാറുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ വീട് നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇത് പ്രകാരം എത്ര വീടുകൾക്കാണ് ധനസഹായം ലഭ്യമാക്കിയത്; വിശദാംശം നൽകാമോ?

ഈ സാമ്പത്തിക വർഷം ഗൃഹശ്രീ വീട് നിർമ്മാണത്തിന് 10 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭവന നയം**

349 **(3347)**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട പ്രളയദുരന്തങ്ങളുടെയും മറ്റ് പ്രകൃതിക്ഷോഭങ്ങളുടെയും പശ്ചാത്തലത്തിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതിയിലുള്ള ഭവനനയം ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനം നേരിട്ട പ്രളയ ദുരന്തങ്ങളുടേയും മറ്റ് പ്രകൃതിക്ഷോഭങ്ങളുടേയും പശ്ചാത്തലത്തിൽ കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതിയിലുള്ള ഭവന നയം ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ഗൗവരവത്തോടെ കാണുകയും ആയത് പ്രതിരോധിക്കാൻ ശേഷിയുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയും രീതിയും പരിഷ്ക്കരിച്ച കരട് ഭവന നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിനായി ഇന്ത്യൻ സ്റ്റാന്റേർഡ് ഇൻസ്റ്റിറ്റ്യൂട്ട് കോഡുകൾ അനുശാസിക്കുന്ന earthquake wind analysis-ന് വിധേയമായിട്ടുള്ള കെട്ടിടങ്ങളാണ് രൂപകൽപ്പന ചെയ്യുന്നത്.

(സി) പ്രകൃതിവിഭവങ്ങളുടെ ദുരുപയോഗം തടയുന്നതിനായി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയെ ഫലപ്രദമായി നിയന്ത്രിക്കുന്ന രീതിയിൽ നയപരിപാടി ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കുമോ?

പ്രകൃതി വിഭവങ്ങളുടെ ചൂഷണം കുറയ്ക്കുന്നതിനും സുസ്ഥിര വാസസ്ഥലം നിർമ്മിക്കുന്നതിനുമുള്ള ആവശ്യകതയും ആയതിലേയ്ക്കുള്ള നയ പരിപാടിയും ഉൾപ്പെടുത്തിയാണ് കരട് ഭവന നയം തയ്യാറാക്കിയിരിക്കുന്നത്.

**പാർപ്പിട നയം**

350 **(3348)** ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ സാഹചര്യത്തിനനുസരിച്ച് പാർപ്പിട നയം പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിനനുസരിച്ച് 2011-ലെ പാർപ്പിട നയം പരിഷ്കരിച്ച് കരട് തയ്യാറാക്കിയത് പരിശോധനയിലാണ്.

(ബി) തോട്ടം മേഖലയിലും മറ്റ് ശോചനീയ സാഹചര്യങ്ങളിലും ജീവിക്കുന്നവർക്ക് സ്വന്തം വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിലുടനീളം ജോലിചെയ്യുന്ന തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും തോട്ടം മേഖലയിലോ അതിന് സമീപത്തോ ശുചിത്വവും സുരക്ഷിതവുമായ പാർപ്പിട സൗകര്യവും നൽകുന്നതിന് തൊഴിൽ വകുപ്പ് 'ഭവനം' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്ക് സഹായകരമാകുന്ന തരത്തിൽ രാജ്യത്തെ ആദ്യ സംരംഭമെന്ന നിലയിൽ ദേശീയ ഭവന പാർക്ക് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദേശീയ ഭവന പാർക്ക് നിർമ്മാണത്തിനായി 2022-2023 സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി തിരുവല്ലം വില്ലേജിൽ 6.90 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## ഭവനനിർമ്മാണ ബോർഡിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സ്ഥിരപ്പെടുത്തൽ

351 **(3349)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിൽ കരാർ വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ വിവരം ഓഫീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ഡിവിഷനിൽ 2 പേരും എറണാകുളം ഡിവിഷനിൽ ഒരാളും ലിഫ്റ്റ് ഓപ്പറേറ്റർമാരായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവർ എത്രവർഷമായി ജോലിയിൽ തുടരുന്നു എന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ഡിവിഷനിൽ ഒരാൾ 13 വർഷമായും മറ്റൊരാൾ 7 വർഷമായും എറണാകുളം ഡിവിഷനിൽ ഒരാൾ 15 വർഷമായും ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ നിയമാനുസൃത ഇടവേളകളോടെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ട്.

(സി) ഇവർക്ക് ലഭിക്കുന്ന വേതനം തുച്ഛമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 31-10-2019-ലെ ഡയറക്ടർ

ബോർഡ് യോഗ തീരുമാന പ്രകാരം ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ പ്രതിഫലം 13,125/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ബോർഡിന് കീഴിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ക്വട്ടേഷൻ സ്വീകരിച്ച് മിനിമം തുക ക്വാട്ട് ചെയ്യുന്നവരെയാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചുവരുന്നത്. പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്ന 3 പേരും ഏറ്റവും കുറഞ്ഞ തുകയായ 13,125/- രൂപ ക്വാട്ട് ചെയ്തവരാണ്.

(ഡി) മറ്റ് ജോലിക്ക് അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ജോലിയിൽ പത്ത് വർഷം തികയുകയും നാൽപത് വയസ് പൂർത്തിയായവരെയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി&ഇ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പ്രായപരിധി കഴിഞ്ഞ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ലാത്തതാണ്. കൂടാതെ, ഉമാദേവി Vs സ്റ്റേറ്റ് ഓഫ്

കർണ്ണാടക എന്ന കേസിൽ ബഹു: സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കരാർ - താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനും നിർവ്വാഹമില്ല.

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

352 **(3350)** ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ഇലക്ട്രിക് സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; പുലിമുട്ട് നിർമ്മാണം, റെയിൽവേ-ഹൈവേ സംബന്ധമായ വിഷയങ്ങൾ, നിർമ്മാണ സാമഗ്രികളുടെ ലഭ്യത എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം നൽകാമോ?

**ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ**

വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള 220 KV ജി.ഐ.എസ്. സബ്സ്റ്റേഷന്റേയും പോർട്ട്

സബ്സ്റ്റേഷന്റേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജി.ഐ.എസ്. സബ്സ്റ്റേഷന്റെ ഉദ്ഘാടനം 2022 ജൂൺ 30-ന് നടത്തുകയുണ്ടായി. തുറമുഖത്തിലേയ്ക്കാവശ്യമായ വൈദ്യുതി വിതരണത്തിനാവശ്യമായ ഘടകങ്ങളുടെ പ്രവർത്തികളും പൂർണ്ണമായിട്ടുണ്ട്.

**ഗേറ്റ് കോംപ്ലക്സ്**

പോർട്ടിലേയ്ക്കുള്ള പ്രധാന കവാടം/ഗേറ്റ് കോപ്ലംക്സിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

**പുലിമുട്ട് നിർമ്മാണവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും**

തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട് കരാർ കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സാദ്ധ്യമായ ക്വാറികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള പ്രവർത്തനാനുമതികൾ നൽകിവരുന്നു. കൂടാതെ പദ്ധതിക്കായി തമിഴ്നാട്ടിന്റെ ക്വാറികളിൽനിന്നും പാറ ലഭ്യമാക്കുന്നതിനും അത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണവും തേടിയിട്ടുണ്ട്.

**റോഡ് ഹൈവേ കണക്ടിവിറ്റി**

തുറമുഖത്തെ NH 66-മായി ബന്ധിപ്പിക്കുന്ന 2 കി.മി നീളമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ ഉൾപ്പെടുന്ന രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. NH 66 മായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷൻ സ്കീമിന് നാഷണൽ ഹൈവേ അതോറിറ്റി (NHAI)യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഇന്റർസെക്ഷൻ സ്ഥാപിക്കുന്നതിനായി 42 സെന്റ് സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

<u>**റെയിൽ കണക്ടിവിറ്റി**</u>

വിഴിഞ്ഞം തുറമുഖത്തെ തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ മുഖേന തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR)-ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി ഏറ്റെടുക്കാനുള്ള 6.431 ഹെക്ടർ ഭൂമിയുടെ സ്ഥലമേറ്റെടുപ്പ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി കമ്മീഷൻ ചെയ്യുന്നതിലൂടെ കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം നൽകാമോ?

നിലവിൽ ശ്രീലങ്ക, ദുബായ്, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങളിലെ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖങ്ങളെ ആശ്രയിച്ചാണ് ഇന്ത്യയുടെ കണ്ടെയിനർ ചരക്ക് ഗതാഗതം നടക്കുന്നത്. എന്നാൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ ബെർത്ത് ചെയ്യുന്നതിനും ട്രാൻസ്ഷിപ്പ്മെന്റ് നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ വിഴിഞ്ഞത്ത് ലഭ്യമാകുന്നതാണ്. ഇപ്രകാരം രാജ്യത്തിന്റെതന്നെ ട്രാൻസ്ഷിപ്പ്മെന്റ് കേന്ദ്രമായി വിഴിഞ്ഞം മാറുന്നതായിരിക്കും. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road, Outer Area Growth Corridor തുടങ്ങിയ ബൃഹദ് പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു. Outer Area Growth Corridor ന്റെ ഭാഗമായി വിവിധ നിക്ഷേപ മേഖലകൾ (Commercial Zone, Logistics hub മുതലായവ) വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഭാഗത്ത് നിന്ന് തുറമുഖത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങളും നടപ്പിലാക്കിവരുന്നുണ്ട്. വിഴിഞ്ഞം രാജ്യാന്തര തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ മേൽ വിവരിച്ച പ്രകാരം സംസ്ഥാനത്തിന്റെ

വിവിധ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വികസനം സാധ്യമാവുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള കരിങ്കല്ല്

353 **(3351)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം വേഗത്തിലാക്കുന്നതിനായി തമിഴ്നാട്ടിൽനിന്ന് കരിങ്കല്ല് എത്തിക്കുന്നത് സംബന്ധിച്ച് തമിഴ്നാടുമായി മന്ത്രിതല ചർച്ച നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ?

ചർച്ച നടത്തിയിട്ടുണ്ട്.

(ബി) തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഇനി എത്ര ടൺ കരിങ്കല്ല് ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്?

തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കാനായി ഏകദേശം 87 ലക്ഷം ടൺ കരിങ്കല്ലാണ് ആവശ്യമായിട്ടുള്ളത്. ഇതിൽ 40.23 ലക്ഷം ടൺ (46%) കരിങ്കല്ല് ഇതിനോടകം സംഭരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഇനി 46.77 ലക്ഷം ടൺ (54%) കരിങ്കല്ലാണ് ആവശ്യമായിട്ടുള്ളത്.

(സി) കരിങ്കല്ല് ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ക്വാറികൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ക്വാറികൾക്കാണ് പുതുതായി അനുമതി നൽകുന്നത്; ഇതിലൂടെ എത്ര ടൺ കരിങ്കല്ല് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്?

ഉണ്ട്. നാളിതുവരെ അഞ്ച് ക്വാറികൾ എല്ലാവിധ അനുമതികളും നൽകി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം അദാനി കമ്പനിക്ക് നേരിട്ട് അനുവദിച്ചിട്ടുള്ളതും മൂന്നെണ്ണം 50% കരിങ്കല്ല് വിഴിഞ്ഞം പദ്ധതിക്ക് നൽകുമെന്ന വ്യവസ്ഥയിൽ സ്വകാര്യ പങ്കാളികൾക്കുമാണ് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ 5 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. 3 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 2 ക്വാറികൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ കേരളത്തിൽനിന്നുമാത്രം എത്ര ടൺ കരിങ്കല്ലാണ് തുറമുഖ നിർമ്മാണത്തിനായി എടുത്തിട്ടുള്ളത്; ഏതൊക്കെ ജില്ലകളിൽ നിന്നാണ് ഇത് ലഭ്യമാക്കിയത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽനിന്ന് 18.66 ലക്ഷം ടണ്ണും കൊല്ലം ജില്ലയിൽ നിന്ന് 7.76 ലക്ഷം ടൺ കരിങ്കല്ലും ലഭ്യമായിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ 18 ക്വാറികൾ അദാനി ഗ്രൂപ്പിന് നൽകുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സർക്കാർ പുറമ്പോക്ക് ഭൂമികളിലായി 8 ക്വാറികൾ സ്ഥാപിക്കുന്നതിനായുള്ള NOC അദാനി കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്. ഖനനത്തിന് ആവശ്യമായുള്ള വിവിധ അനുമതികൾക്കായി വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. NOC ലഭ്യമാക്കിയ 8 ക്വാറികളിൽ 2 ക്വാറികൾ എല്ലാ അനുമതികളും നേടിയെടുത്ത് നിലവിൽ പ്രവർത്തനക്ഷമമാണ്. മറ്റുള്ള ക്വാറികൾ ഖനനാനുമതികൾ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനു പുറമേ അദാനി കമ്പനി വിവിധ സ്വകാര്യ പങ്കാളികളുമായി ചേർന്നും പുതിയ ക്വാറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽനിന്നും ഖനനം ചെയ്യുന്ന അളവിന്റെ 50% കരിങ്കല്ല് വിഴിഞ്ഞം പദ്ധതിക്കായി ലഭിക്കും. ഇത്തരത്തിൽ 8 ക്വാറികൾ കൂടി സ്ഥാപിക്കുന്നതിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 3 ക്വാറികൾ എല്ലാ അനുമതികളും നേടിയെടുത്ത്

നിലവിൽ പ്രവർത്തനക്ഷമമാണ്. മറ്റുള്ള 5 ക്വാറികൾ ഖനനാനുമതികൾ നേടുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(എഫ്) തമിഴ്നാട്ടിൽനിന്നും കല്ല് എത്തിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പുലിമുട്ട് നിർമ്മാണത്തിന് വലിപ്പം കൂടിയതും പ്രത്യേകം തരംതിരിച്ചിട്ടുള്ളതുമായ കരിങ്കല്ലുകളാണ് ആവശ്യമായിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം, കടൽ ഭിത്തി നിർമ്മാണം തുടങ്ങിയവയ്ക്ക് മാത്രമാണ് ഇത്തരത്തിലുള്ള കരിങ്കല്ലുകൾ ആവശ്യമായിട്ടുള്ളത്. ആയതിനാൽ സാധാരണ ക്വാറികളിൽനിന്നും ടി കരിങ്കല്ലുകൾ ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖം പോലൊരു ബൃഹത്തായ പദ്ധതിക്കാവശ്യമായ ഭീമമായ അളവിലുള്ള കരിങ്കലിന്റെ ആവശ്യകതയും കണക്കിലെടുത്ത് തമിഴ്നാട്ടിൽനിന്നും കല്ല് എത്തിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ജി) എത്ര ടൺ കരിങ്കല്ലാണ് തമിഴ്നാട്ടിൽനിന്നും തുറമുഖ നിർമ്മാണ ആവശ്യത്തിലേയ്ക്കായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിനോടകം എത്ര കൊണ്ടുവന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

നാളിതുവരെ പദ്ധതിക്കായി 13.36 ലക്ഷം ടൺ കരിങ്കല്ലാണ് തമിഴ്നാട്ടിൽനിന്നും കൊണ്ടുവന്നിട്ടുള്ളത്. തുടർന്നും കല്ല് ലഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**തുറമുഖ വികസന പ്രവർത്തനങ്ങൾ**

354 **(3352)** ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാര വികസനത്തിലും ചരക്ക് നീക്കത്തിലും നിർണായക പങ്കുവഹിക്കാൻ കഴിയുന്ന വിധം സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ കപ്പലുകൾ അടുക്കുന്നതിനും ചരക്ക് നീക്കത്തിനും ആവശ്യമായ ക്രെയിനുകൾ, ടഗ്ഗുകൾ, ബർത്ത് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്.

ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കസ്റ്റംസ് ഇ.ഡി.ഐ. ഫെസിലിറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് DPR തയ്യാറാക്കിയിട്ടുണ്ട്. നാല് കോടി രൂപ ചെലവിൽ ധ്വനി, മിത്ര എന്നീ രണ്ട് പുതിയ ടഗ്ഗുകൾ വാങ്ങി. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കോസ്റ്റൽ ഷിപ്പിംഗ് സർവീസ് ഭാവിയിൽ കൊല്ലത്തുനിന്നും തൂത്തുക്കുടി, മാലി തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ചരക്കുനീക്കം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആലോചിച്ചുവരികയാണ്. ബേപ്പൂർ-പൊന്നാനി, കൊല്ലം-കന്യാകുമാരി എന്നിവിടങ്ങളിലേയ്ക്ക് പാസഞ്ചർ കപ്പൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചെറുകിട, ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവ്വീസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി സർക്കാർ

ആരംഭിച്ചു. കപ്പൽ കമ്പനികൾക്ക് പ്രത്യേക ഇൻസെന്റീവ് പാക്കേജ് പ്രഖ്യാപിച്ചു. റിട്ടേൺ കാർഗോയുടെ അഭാവത്തിൽ കേരളത്തിൽ കോസ്റ്റൽ സർവ്വീസ് നടത്തുന്നത് ലാഭകരമല്ല എന്ന നിലപാടിലാണ് കപ്പൽ കമ്പനികൾ.

(ഡി) ഭാരത് മാല പരിയോജന പദ്ധതിയിലൂടെ റോഡ് മാർഗ്ഗം വിവിധ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്ന സാഹചര്യത്തിൽ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭാരത് മാലാ പരിയോജന പദ്ധതിയിലുൾപ്പെടുത്തി അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിലേയ്ക്കുള്ള കണക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇവിടങ്ങളിൽ കണ്ടെയ്നർ ഓപ്പറേഷൻ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിവരികയാണ്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ചെറുകിട തുറമുഖങ്ങളിൽ കൂടുതൽ വികസന സാദ്ധ്യത തെളിഞ്ഞിട്ടുണ്ട്.

## ചെറുവത്തൂരിൽ വിവിധോദ്ദേശ തുറമുഖം

355 **(3353)** <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ തുറമുഖം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കർണ്ണാടക അതിർത്തി പങ്കിടുന്ന ജില്ല എന്ന നിലയിൽ മംഗലാപുരം തുറമുഖത്തുനിന്ന് കേരളത്തിലേയ്ക്ക് അനായാസം ചരക്കുകൾ കയറ്റി അയക്കാൻ പ്രയോജനകരമാകുന്ന തരത്തിൽ തുറമുഖ നിർമ്മാണം ആരംഭിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം അടങ്ങുന്ന പ്രദേശം നിലവിൽ നീലേശ്വരം/ചെറുവത്തൂർ തുറമുഖമായി ഡിക്ലയർ ചെയ്തിട്ടുണ്ട്. എന്നാൽ തുറമുഖത്തിന് 50 കി.മീറ്റർ അടുത്തായി അഴീക്കൽ തുറമുഖവും 80 കി.മീറ്റർ മാറി മംഗലാപുരം തുറമുഖവും നിലവിലുള്ള സ്ഥിതിക്ക് ഈ തുറമുഖത്തിന്റെ സാമ്പത്തിക ക്ഷമത പരിശോധിക്കേണ്ടതുണ്ട്.

## മ്യൂറൽ പെയിന്റിംഗുകളും കൊത്തുപണികളും സംരക്ഷിക്കാൻ നടപടി

356 **(3354)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുരാരേഖകളും പുരാലിഖിതങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളിലെ മ്യൂറൽ പെയിന്റിംഗുകൾ, കൊത്തുപണികൾ എന്നിവ സംരക്ഷിക്കാൻ മ്യൂസിയം വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനന്തപുരം ക്ഷേത്രത്തിലെ ചുവർചിത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്ര കൊട്ടാരത്തിലെ കൊത്തുപണികൾ എന്നിവ വകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. ഇതുകൂടാതെ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിലുള്ള മടിയൻ കൂലോം ക്ഷേത്രപാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഇവിടുത്തെ ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

## ജില്ലകൾ തോറും പൈതൃക മ്യൂസിയം

357 **(3355)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ പൈതൃക മ്യൂസിയം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതിയ മ്യൂസിയങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

തൃശ്ശൂർ, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട്, മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട എന്നിങ്ങനെ എട്ട് ജില്ലകളിൽ ജില്ലാപൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ സന്ദർഭങ്ങളിലായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## പട്ടാമ്പിയിലെ സംരക്ഷിത പൈതൃക സ്മാരകങ്ങൾ

358 **(3356)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത പൈതൃക സ്മാരകങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും ഇത്തരത്തിൽ ഉൾപ്പെടുത്താവുന്ന ചരിത്രപരവും പൈതൃക പ്രധാന്യമുള്ളതുമായ സ്മാരകങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇവ സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ-സി) കേരള പുരാവസ്തു വകുപ്പിന് പട്ടാമ്പി നിയോജക മണ്ഡലത്തിൽ നിലവിൽ സംരക്ഷിത സ്മാരകങ്ങളില്ല. പട്ടാമ്പി നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന രാമഗിരി കോട്ട സംരക്ഷിക്കണമെന്ന് കാണിച്ച് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തിയെങ്കിലും പ്രഥമദൃഷ്ട്യാ സംരക്ഷണത്തിന് ഉതകുന്ന തരത്തിലുള്ള കോട്ടയുടെ ഭാഗങ്ങളൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല.

**ആലപ്പുഴ ജില്ലയിലെ പുരാവസ്തു വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

359 **(3357)** <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഏതെങ്കിലും സ്ഥാപനങ്ങളോ വസ്തുക്കളോ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ കേരള പുരാവസ്തു വകുപ്പിന് താഴെപ്പറയുന്ന പതിമൂന്ന് സംരക്ഷിത സ്മാരകങ്ങളാണ് നിലവിലുള്ളത്.

1) ശ്രീ കുമാരമംഗലം സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, മുതവഴി, ആലപ്പുഴ

2) ശ്രീ നരസിംഹമൂർത്തി ക്ഷേത്രം ചാത്തൻകുളങ്ങര

3) കൃഷ്ണപുരം പാലസ്, കൃഷ്ണപുരം, ആലപ്പുഴ

4) ശ്രി കാർത്യായനി ക്ഷേത്രം, കുട്ടംപേരൂർ, ആലപ്പുഴ

5) വാരനാട് നടുവിലെ കോവിലകം, ചേർത്തല, ആലപ്പുഴ

6) സെന്റ് റാഫേൽ പള്ളി, എഴുപുന്ന, ആലപ്പുഴ

7) തൃക്കുരട്ടി ശ്രീ മഹാദേവ ക്ഷേത്രം, മാന്നാർ, ആലപ്പുഴ

8) ബുദ്ധ പ്രതിമ, കരുമാടി, ആലപ്പുഴ

9) ബുദ്ധ പ്രതിമ, മാവേലിക്കര

10) ബുദ്ധ പ്രതിമ, ഭരണിക്കാവ്

11) ബുദ്ധ പ്രതിമ, കൃഷ്ണപുരം, കായംകുളം

12) ഇട്ടി അച്ചുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും, കടക്കരപ്പള്ളി

13) കടക്കരപ്പള്ളി പായ്ക്കപ്പൽ, കടക്കരപ്പള്ളി

മേൽപ്പറഞ്ഞവ കൂടാതെ തകഴി ശിവശങ്കരപ്പിള്ളയുടെ ഭവനവും പുരാവസ്തു വകുപ്പിന്റെ കൈവശമാണ്.

(ബി) ഇവയുടെ പരിപാലനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

സംരക്ഷിത സ്മാരകങ്ങളായ സ്ഥാപനങ്ങളുടെയും വസ്തുക്കളുടെയും പരിശോധന വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ നിർവ്വഹിക്കുകയും പരിശോധനയിലും അല്ലാതെയും ശ്രദ്ധയിൽപ്പെടുന്ന ജീർണ്ണതകൾ പരിഹരിക്കുന്നതിന് ആവശ്യമാകുന്നപക്ഷം ഘടനാസംരക്ഷണ, രാസസംരക്ഷണ ജോലികൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

**കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

360 **(3358)** <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(ആർ.റ്റി.)നം.101/2020/സി.എ.ഡി. പ്രകാരം ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 02-02-2021-ലെ അഞ്ചാം നമ്പറായുള്ള സർക്കാർ ഗസ്റ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം അന്തിമ വിജ്ഞാപനത്തിനുള്ള എന്തെല്ലാം നടപടികളാണ് പുരാവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും ടി വിഷയത്തിൽ ബഹു.കേരള ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന കേസിലെ ഇടക്കാല വിധി അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് അറിയിക്കാമോ?

ഡോ. രാഘവൻ എന്ന വ്യക്തി ബഹു.കേരള ഹൈക്കോടതി മുമ്പാകെ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചതിനെതിരെ ഫയൽ ചെയ്ത WP(C) No. 19497/2021-ൽ ബഹു. കോടതി 20-09-2021-ൽ ഒരു ഇടക്കാല

ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം മേൽ കേസിന്റെ അന്തിമ വിധി വരെ ടി വിഷയത്തിൽ തൽസ്ഥിതി തുടരുന്നതിന് കോടതി ഉത്തരവായിട്ടുണ്ട്. ഈ കേസിൽ പുരാവസ്തു വകുപ്പ് ബഹു. കോടതി മുമ്പാകെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോഴും ബഹു. കോടതിയുടെ പരിഗണനയിലായതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 3233-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ അവസാനിച്ചു)

**10.00AM]**

## II. അടിയന്തരപ്രമേയം

ഇരിട്ടിയിലെ ബോംബ് സ്ഫോടനം

മി. സ്പീക്കർ: ഇരിട്ടി മുനിസിപ്പാലിറ്റിയിലെ ചാവശ്ശേരിയിൽ ആക്രി പെറുക്കുന്നതിനിടെ ലഭിച്ച സ്റ്റീൽ പാത്രത്തിൽനിന്നുണ്ടായ ഉഗ്രസ്ഫോടനത്തിൽ രണ്ടുപേർ മരണപ്പെട്ട സംഭവത്തിൽ ബോംബ് നിർമ്മിച്ചവരേയും അത് സൂക്ഷിച്ചവരേയും നിയമത്തിനുമുന്നിൽ കൊണ്ടുവരാത്തതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 06-07-2022-ൽ ചാവശ്ശേരി കാശിമുക്കിന് സമീപമുള്ള ഒരു വീട്ടിൽ സ്ഫോടനം നടന്നതായി വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തി വീടിന്റെ വരാന്തയിൽ പരിക്കേറ്റ നിലയിൽ കണ്ടയാളെ പരിസരവാസികളുടെയും മറ്റുള്ളവരുടെയും സഹായത്തോടെ ആശുപത്രിയിലെത്തിച്ചു. മുകളിലത്തെ

നിലയിൽ ഒരാൾ മരണപ്പെട്ടുകിടക്കുന്നതായും കണ്ടെത്തി. നിർഭാഗ്യകരമായ സംഭവമാണുണ്ടായത്. പോലീസ് അന്വേഷണത്തിൽ ഇവർ പാഴ്വസ്തുക്കൾ ശേഖരിച്ച് വില്പന നടത്തുന്ന ആസ്സാം സ്വദേശികളാണെന്ന് വ്യക്തമായി. പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനിടെ ലഭിച്ച സ്റ്റീൽപാത്രം തുറക്കാൻ ശ്രമിക്കുന്നതിനിടെയാണ് അപകടമുണ്ടായതെന്ന് പോലീസിന് മനസ്സിലായി. ഇക്കാര്യത്തിൽ ക്രൈം നമ്പർ 526/22 ആയി മട്ടന്നൂർ പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു. ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്നയാൾ അന്നുതന്നെ മരണപ്പെട്ടു. സംഭവസ്ഥലത്ത് ഫോറൻസിക് വിദഗ്ദ്ധർ, ബോംബ് സ്ക്വാഡ് തുടങ്ങിയവർ പരിശോധന നടത്തുകയും ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ട്. ഇവർ പല സ്ഥലങ്ങളിൽനിന്നും പാഴ്വസ്തുക്കൾ ശേഖരിച്ചിരുന്നതിനാൽ സ്ഫോടകവസ്തു എവിടെനിന്നാണ് ലഭിച്ചതെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽനിന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനായി ആ ദിവസങ്ങളിൽ പാഴ്വസ്തുക്കൾ ശേഖരിച്ച സ്ഥലത്തെപ്പറ്റിയും അന്വേഷിച്ചുവരുന്നുണ്ട്. ഇവിടെ പ്രമേയാവതാരകന്റെ നോട്ടീസിൽ 2021-ൽ നടന്നതുൾപ്പെടെയുള്ള ചില സംഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2022 മാർച്ച്

മാസം ദേശീയ പണിമുക്ക് ദിവസം മൊകേരി നടമ്മൽ എന്ന സ്ഥലത്ത് സ്ലാബിനടിയിൽ ബോംബുകൾ ഒളിപ്പിച്ചുവച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ക്രൈംനമ്പർ 209/22 ആയി പാനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കതിരൂരിൽ 14-04-2021-ൽ ബോംബ് നിർമ്മിക്കുന്നതിനിടെ സ്ഫോടനം നടന്ന കാര്യത്തിൽ കതിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 151/21 ആയി കേസ് രജിസ്റ്റർ ചെയ്ത് ഏഴ് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസും അന്വേഷണാവസ്ഥയിലാണ്. 11-04-2022-ൽ കോഴിക്കോട് പെരിങ്ങത്തൂരിൽ കളിച്ചുകൊണ്ടിരുന്ന കുട്ടിക്ക് സ്ഫോടകവസ്തു പൊട്ടി പരിക്ക് പറ്റിയിരുന്നു, ഇതിലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 22-11-2021-ന് കണ്ണൂർ നരിവേൽ എന്നസ്ഥലത്ത് കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നതിനിടെ സ്ഫോടകവസ്തു പൊട്ടിത്തെറിച്ച് പരിക്കേറ്റ സംഭവത്തിൽ ക്രൈം നമ്പർ 799/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇരിട്ടി ചാവശ്ശേരി മേഖല എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. തുടങ്ങിയ വർഗ്ഗീയ സംഘടനകൾക്ക് ചില പോക്കറ്റുള്ള പ്രദേശങ്ങളാണ്. അവർ പരസ്പരം കൊലപാതകങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ആയുധ ശേഖരണം നടത്തുകയും

ചെയ്യാറുണ്ടെന്ന് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർശന നടപടികളിലൂടെ അത്തരം വസ്തുക്കൾ കണ്ടെത്തി നിർവീര്യമാക്കാനും സമാധാനം സ്ഥാപിക്കാനും തുടർച്ചയായ ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്, അതിന് കഴിഞ്ഞിട്ടുമുണ്ട്. ഇവിടെ പരാമർശിക്കപ്പെട്ട ആക്രി സാധനങ്ങൾ ശേഖരിക്കുന്നവർ കണ്ടെത്തിയ ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾ ശേഖരിച്ച് സൂക്ഷിച്ചപ്പോൾ സ്ഫോടനമുണ്ടാവുകയും രണ്ടുപേർ മരണമടയുകയും ചെയ്തത് തികച്ചും ദൗർഭാഗ്യകരമായ സംഭവമാണ്. ഇത്തരം ശക്തികൾ പരസ്പരം പകപോക്കലിനായി സംഭരിച്ചതും ഉപേക്ഷിച്ചതുമായ ആയുധങ്ങളും മറ്റും എവിടെനിന്നാണ് ലഭ്യമായതെന്നും എന്താണതിന്റെ ഉറവിടമെന്നുമുള്ള വിശദാംശങ്ങൾ കണ്ടെത്താൻ ജാഗ്രതയോടെയുള്ള അന്വേഷണം പോലീസ് നടത്തുകയും കുറ്റക്കാരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. സണ്ണി ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ കണ്ണൂർ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ ഇരിട്ടി മുനിസിപ്പാലിറ്റിയിലെ ചാവശ്ശേരിയിൽ വാടകക്കെട്ടിടത്തിൽ താമസിച്ച് ആക്രിസാധനങ്ങൾ ശേഖരിച്ച് വില്പന നടത്തുന്ന ആസ്സാം സ്വദേശികളായ ഫസൽ ഹഖ് (45 വയസ്സ്),

അദ്ദേഹത്തിന്റെ മകൻ ഷഹീദുൾ (22 വയസ്സ്) എന്നിവരാണ് ബോംബ് സ്ഫോടനത്തിൽ മരണപ്പെട്ടത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇവർ പഴയസാധനങ്ങൾ ശേഖരിക്കുന്നവരാണ്. പ്ലാസ്റ്റിക് കുപ്പികളുൾപ്പെടെ ഒരുപാട് സാധനങ്ങൾ അവർ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അതിന്റെ കൂട്ടത്തിലായിരിക്കും ഈ സ്റ്റീൽപാത്രം കിട്ടിയത്; ഇത് കൈകാര്യം ചെയ്യുമ്പോഴാണ് പൊട്ടിത്തെറിച്ചത്. മട്ടന്നൂർ പോലീസും ഫോറൻസിക് സയൻസ് വിഭാഗവും ബോംബ് സ്ക്വാഡും അവിടെ വന്നിരുന്നു. നാടിനെ നടുക്കിയ സംഭവമാണ് ഇക്കാര്യത്തിലുണ്ടായത്. അവർക്ക് കിട്ടിയത് സ്റ്റീൽ ബോംബാണെന്നാണ് മനസ്സിലാക്കുന്നത്. ദാരുണമായ സംഭവമാണിത്, വളരെ ദയനീയവും ഭീകരവും ഭയാനകവുമാണ്. ജോലി ചെയ്ത് ജീവിക്കുന്നതിനാണ് ആസ്സാമിൽനിന്നും ഇവർ കുടുംബസമേതം ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽവന്നത്. അവർക്ക് ഇത്തരത്തിലൊരു ദുരനുഭവം ഉണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല, കണക്കുകൂട്ടിയിരുന്നുമില്ല. അവരുടെ രക്തത്തിന്റെ കറ നമ്മുടെ കരങ്ങളിൽനിന്ന് കഴുകിക്കളയാൻ സാധിക്കുമോ; അവരുടെ ബലി പെരുന്നാൾ കണ്ണീരിൽ കുതിർന്നതായി മാറി. പിതാവിന്റെയും ജ്യേഷ്ഠന്റെയും ചേതനയറ്റ ശരീരവുമായി ഇളയസഹോദരൻ ആസ്സാമിലേയ്ക്ക്

വണ്ടികയറിയത് നമ്മളെ കണ്ണീരിലാഴ്ത്തുന്ന കാഴ്ചയാണ്. ആ കണ്ണീരൊപ്പാൻ സർക്കാരിന് കനിവുണ്ടാകണം. അവർക്കാവശ്യമായ ജീവിതസാഹചര്യങ്ങൾ ഒരുക്കാനും നിരാലംബരും നിരാശ്രയരുമായ ആ കുടുംബത്തെ സഹായിക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. ഇത് കേവലമൊരു അസ്വാഭാവിക മരണമായിട്ടോ ബോംബ് എക്സ്പ്ലോസീവ് കേസായോ മാത്രമല്ല കാണേണ്ടത്. This is a culpable homicide amounting to murder. ഇത് കൊലപാതകത്തിന് തുല്യമായ നരഹത്യയാണ്. അതനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും അത്തരം വകുപ്പുകൾ ഈ കേസ്സിലുൾപ്പെടുത്തി അന്വേഷിച്ച്, ഇതിന്റെ ഉത്തരവാദികളാരാണെന്ന് വെളിച്ചത്തിൽ കൊണ്ടുവരികയും വേണം. മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് ഈ വാർത്ത ജനങ്ങളെ അറിയിച്ചത്. ആ പ്രദേശത്തെ ജനങ്ങൾ വളരെ ഉത്കണ്ഠയിലാണ്. ഏഷ്യാനെറ്റ് പോലുള്ള ചാനലുകൾ 'സൂക്ഷിക്കണം, ബോംബുണ്ട്' എന്ന പരമ്പരതന്നെ നമ്മുടെ മുന്നിൽ കാണിച്ചുതരികയുണ്ടായി. ഇത് വളരെ ഗൗരവമായ കാര്യമാണ്; ഇത് ഒറ്റപ്പെട്ട സംഭവമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കണ്ണൂർ ജില്ലയിലെ പല വിഷയങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രസ്തുത കേസ്സുകളെല്ലാം അന്വേഷിക്കുന്നു എന്നല്ലാതെ ആരാണ് ഇതിലെ പ്രതികൾ; സ്ഫോടകവസ്തു

എവിടെ, ആര് എന്തിന് നിർമ്മിച്ചു, എവിടെ സൂക്ഷിച്ചു; മരണപ്പെട്ടവർക്ക് എവിടെനിന്നാണ് മാരകമായ ബോംബുകൾ കിട്ടിയത്; ആർക്കെതിരെ പ്രയോഗിക്കാനാണ് മാരകവസ്തുക്കൾ നിർമ്മിച്ചത്; ഇക്കാര്യങ്ങളാണ് പരിശോധിക്കേണ്ടത്. ഈ സ്ഫോടകവസ്തു ആസ്സാമിൽനിന്നുവന്ന മരണപ്പെട്ടവരല്ല നിർമ്മിച്ചതെന്ന് വ്യക്തമാണ്. ഇത് വിഷുപ്പടക്കമല്ല, ഓലപ്പടക്കവുമല്ല. മാരകശക്തിയുള്ള, മനുഷ്യജീവൻ ഇല്ലാതാക്കാൻ സാധിക്കുന്ന എതിരാളികൾക്കെതിരെ പ്രയോഗിക്കണമെന്ന ഉദ്ദേശ്യത്തോടെ നിർമ്മിച്ചതാണ്. ഇവ നിർമ്മിക്കുന്നതിന് പരിശീലനം ലഭിച്ചവരുണ്ട്. ഇതിന്റെ പിന്നിൽ അതിശക്തമായ ഗൂഢാലോചനയുണ്ട്. ഇതിൽ സംഘടനകളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും പിൻബലമുണ്ട്. അവരുടെ ഒത്താശയിൽ അവർ പണവും ആയുധങ്ങളും നല്കി സഹായിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമീപപ്രദേശത്തെ നടുവനാട് എന്ന സി.പി.ഐ(എം) കേന്ദ്രത്തിലാണ് ബോംബ് സ്ഫോടനം ഉണ്ടായതെന്ന് പറഞ്ഞു. പെട്ടെന്നുതന്നെ തെളിവുകൾ നശിപ്പിക്കാൻ ആളുകൾ അവിടെയെത്തി. അവിടത്തെ ഡി.സി.സി. പ്രസിഡണ്ടായിരുന്ന ശ്രീ. സതീശൻ പാച്ചേനി സ്ഥലം സന്ദർശിക്കാൻ പോയപ്പോൾ അദ്ദേഹത്തെ

അങ്ങോട്ട് കടത്തിവിട്ടില്ല. അദ്ദേഹത്തെ സി.പി.ഐ(എം) പ്രവർത്തകർ തടയുകയാണ് ചെയ്തത്. എന്തിനാണ് ഒരു പൊതുപ്രവർത്തകൻ, ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അവിടെ പോകുന്നതിനെ ഭയപ്പെടുന്നത്? മട്ടന്നൂർ മരുതായിലുണ്ടായ സംഭവം-കളിച്ചുകൊണ്ടിരുന്ന സ്കൂൾ വിദ്യാർത്ഥിക്ക് പന്തുപോലുള്ള സാധനം കിട്ടുന്നു, അവൻ അത് തട്ടുന്നു, ഉടനെ പൊട്ടിത്തെറിച്ച് കുട്ടിക്ക് പരിക്ക് പറ്റുന്നു. ചാവശ്ശേരിയിലും അതുപോലൊരു സംഭവമുണ്ടായിട്ടുണ്ട്. തില്ലങ്കേരിയിൽ ഓമന എന്ന വീട്ടമ്മ, തൊഴിലുറപ്പ് ജോലിക്ക് പോകുന്ന അവർ ഡ്രെയിനേജ് നന്നാക്കുന്നതിനിടയിൽ തുമ്പയെടുത്ത് കിളയ്ക്കുമ്പോൾ ഒരു ചാക്കുകെട്ടിൽ തുമ്പ കൊള്ളുകയും പൊട്ടിത്തെറിയുണ്ടാകുകയും ചെയ്തു. അവരുടെ ചിത്രം ഏഷ്യാനെറ്റിൽ കാണിച്ചിരുന്നു. ആ സ്ത്രീ ഇപ്പോഴും പരിക്കുപറ്റി കിടക്കുകയാണ്. അങ്ങനെ നിരവധിപേരുണ്ട്. പാനൂരിൽ സി.പി.ഐ(എം) നേതാവായ ഒരു അദ്ധ്യാപകൻ സ്കൂളിലെ സ്റ്റാഫ് റൂമിൽ വച്ചിരുന്ന ബാഗിനെ ഒരു ടീച്ചർ അറിയാതെ തട്ടിയപ്പോൾ ബാഗ് താഴെ വീണ് ബോംബ് പൊട്ടി. (...ബഹളം...) പാനൂരിൽ അമാവാസിയെന്ന തമിഴ് ബാലന് ഒരു പാത്രം കിട്ടി. ആ പാത്രം തുറക്കാൻ കഴിഞ്ഞില്ല. പാത്രം തുറന്നുതരാനായി ആ കുട്ടി അമ്മ കാളിയെ സമീപിച്ചു. അമ്മയ്ക്കും തുറക്കാൻ സാധിക്കാത്തതിനാൽ

തമിഴ് ബാലൻ അവസാനം ആ പാത്രം തുറക്കുന്നതിനായി ഒരു കല്ലെടുത്ത് പാത്രം കുത്തിപ്പൊട്ടിച്ചു. ആ സമയം ബോംബ് പൊട്ടുകയും ആ ബാലന്റെ കയ്യും കണ്ണും നഷ്ടപ്പെടുകയുമുണ്ടായി. നാട്ടുകാർ പിരിവെടുത്താണ് ആ കുട്ടിയെ ചികിത്സിച്ചത്. സുഗതകുമാരി ടീച്ചർ അമാവാസിയെന്ന കുട്ടിയെ പൂർണ്ണചന്ദ്രനെന്ന് പേര് വിളിച്ചു. ആ കുട്ടിയുടെ കഥ കണ്ണൂരിന്റെ വേദനിക്കുന്ന കഥയായി നമുക്കെല്ലാം അറിയുന്നതാണ്. ഇത് നിരന്തരം കണ്ണൂരിൽ നടക്കുകയാണ്. സി.പി.ഐ(എം)-ന്റെ പ്രവർത്തകർ എത്രപേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്? മട്ടന്നൂർ സി.പി.ഐ(എം) ഓഫീസിന്റെ സമീപപ്രദേശത്ത് ബോംബ് നിർമ്മിക്കുമ്പോൾ ബോംബ് പൊട്ടി ഒരു സി.പി.ഐ(എം) പ്രവർത്തകൻ മരിച്ചു. ബി.ജെ.പി.-ക്കാർ ബോംബ് നിർമ്മിക്കുമ്പോൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്. ചെറുവാഞ്ചേരിയിൽ രണ്ട് ബി.ജെ.പി. പ്രവർത്തകർ ബോംബ് നിർമ്മിക്കുന്നവേളയിൽ ബോംബ് പൊട്ടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. എ. എൻ. ഷംസീറിനും അറിയാവുന്ന പൊയിലൂരിൽ, ബോംബ് നിർമ്മിക്കുമ്പോൾ രണ്ട് ബി.ജെ.പി. പ്രവർത്തകർ ബോംബ് പൊട്ടി മരണപ്പെട്ടു. ഇരിട്ടിയിൽ ഒരു ബി.ജെ.പി. പ്രവർത്തകന് പട്ടാളത്തിൽ ജോലി കിട്ടി; വീടിന്റെ സമീപത്ത് കുഴിച്ചിട്ടിരുന്ന ബോംബ് നിർവ്വീര്യമാക്കാൻ കിളച്ചപ്പോൾ ബോംബ് പൊട്ടി അദ്ദേഹത്തിന്റെ

കയ്യും കാലും നഷ്ടപ്പെടുകയും പട്ടാളത്തിൽ ചേരാൻ കഴിയാത്ത സാഹചര്യവുമുണ്ടായി. പാനൂരിലെ ചെറ്റക്കണ്ടിയിൽ രണ്ട് സി.പി.ഐ(എം) പ്രവർത്തകർ ബോംബ് നിർമ്മിക്കുമ്പോൾ ബോംബ് പൊട്ടി മരിച്ച സംഭവം ഞാൻ നിയമസഭയിൽ സബ്മിഷനായി ഉന്നയിച്ചതാണ്. കതിരൂർ പുലിയോടിൽ ബോംബ് നിർമ്മിക്കുമ്പോൾ രണ്ട് സി.പി.ഐ(എം) പ്രവർത്തകർ ബോംബ് പൊട്ടി മരിച്ചു. (...ബഹളം...)കോഴി കട്ടവന്റെ തലയിൽ തപ്പണോ? കുടിയാന്മലയിൽ രണ്ട് സി.പി.ഐ(എം) പ്രവർത്തകർ ബോംബ് നിർമ്മിക്കുമ്പോഴും സി.പി.ഐ(എം) ജില്ലാ സെക്രട്ടേറിയറ്റിന്റെ മെമ്പറുടെ വീട്ടിൽ ബോംബ് നിർമ്മിക്കുമ്പോഴും ബോംബ് പൊട്ടി മരിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് പാർട്ടി സെക്രട്ടറിയായിരുന്നു. അദ്ദേഹം പിന്നീട് ശ്രീകണ്ഠാപുരത്തെ ചടങ്ങിൽവച്ച് മരണപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് കുടുംബ സഹായ ഫണ്ട് നൽകിയെന്ന പത്രവാർത്ത വായിച്ചത് ഞാൻ ഓർക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ച ഒരു കാര്യമുണ്ട്; കതിരൂരിൽ കഴിഞ്ഞവർഷം വീണ്ടും ബോംബ് നിർമ്മിക്കുമ്പോൾ സി.പി.ഐ(എം) പ്രവർത്തകർക്ക് ഗുരുതരമായി പരിക്കേറ്റു. മാഹിയിലുള്ള ഒരാളാണ് കതിരൂരിൽ വന്ന് ബോംബ് നിർമ്മിക്കുന്നത്. അത് നേതൃത്വം അറിഞ്ഞുകൊണ്ടാണ്. ഇക്കാര്യം അന്വേഷിക്കണം. കഴിഞ്ഞ

പത്തുവർഷത്തിനിടയിൽ പോലീസ് ബോംബുകൾ പിടികൂടിയ നൂറിലേറെ കേസ്സുകളുണ്ട്. ആ കേസുകളിലൊന്നിൽപ്പോലും ആര് നിർമ്മിച്ചു, എവിടെ നിർമ്മിച്ചു, ആരെ ഉദ്ദേശിച്ച് നിർമ്മിച്ചുവെന്ന് പോലീസിന് അന്വേഷിച്ച് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഭാഗികമായി ശരിയാണ്. വർഗ്ഗീയശക്തികൾ ആർ.എസ്.എസ്.-ഉം എസ്.ഡി.പി.ഐ.-യും ഉൾപ്പെടെ ആ പ്രദേശങ്ങളിൽ ആയുധം നിർമ്മിച്ച് ഉപയോഗിക്കുന്നുണ്ട്. പക്ഷേ അതിൽ സി.പി.ഐ(എം)-ന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്ന് വസ്തുനിഷ്ഠമായ സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസാരിക്കാൻ സാധിക്കും. (...ബഹളം...) ശ്രീ. പി. ജയരാജൻ ബോംബ് നിർമ്മിക്കുമ്പോൾ മകന്റെ കയ്യിൽ വച്ചാണ് ബോംബ് പൊട്ടിയത്. ഇക്കാര്യം ആദ്യം നിഷേധിച്ചു. അന്ന് നിങ്ങളുടെ ഗവൺമെന്റായിരുന്നു. പിന്നീട് ജയരാജന്റെ മകനെതിരെ കേസ് ചാർജ്ജ് ചെയ്യേണ്ടി വന്നു. വാർത്താമാധ്യമങ്ങൾ ശക്തമായി ആ വിഷയം റിപ്പോർട്ട് ചെയ്തു. ആദ്യം പറഞ്ഞത് വിഷുവിന് പടക്കം പൊട്ടിച്ചതാണെന്നായിരുന്നു. പിന്നീട് വസ്തുത അംഗീകരിക്കേണ്ടി വന്നു. അതുപോലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പങ്കെടുത്ത പരിപാടിയുടെ വേദിക്ക് സമീപം നങ്ങാറത്തുപീടികയിൽ ബോംബ് പൊട്ടി. അതന്വേഷിക്കാനും കണ്ടെത്താനും സാധിച്ചിട്ടില്ല. ഇത്

തിരുവനന്തപുരത്ത് പൊട്ടിയതുപോലെ ചീറ്റിപ്പോയ കേവലം ഓലപ്പടക്കമല്ല; മനുഷ്യജീവൻ അപകടത്തിലാക്കുന്ന മാരകമായ ബോംബ് നിർമ്മിക്കുന്നതാരാണെന്ന് കണ്ടെത്തണം. കണ്ണൂരിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ശക്തികൾക്കെതിരെ നിയമനടപടി വേണം, കുറ്റവാളികളെ കണ്ടെത്തണം, കൊല ചെയ്യപ്പെട്ട കുടുംബത്തിന്റെ ആശ്രിതർക്ക് സഹായം നൽകണം, കേസ് നിഷ്പക്ഷമായി, സത്യസന്ധമായി അന്വേഷിക്കണം, ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് തടയണം. ഇത് അതീവ ഗൗരവമേറിയ വിഷയമായതിനാൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, വിഷയദാരിദ്ര്യം എത്രത്തോളം വരുന്നുവെന്നതിന്റെ ഉത്തമമായ ദൃഷ്ടാന്തമാണ് ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ചതിലൂടെ വ്യക്തമാകുന്നത്. ഒരു ദൗർഭാഗ്യകരമായ സംഭവമുണ്ടായി എന്നത് വസ്തുതയാണ്. പക്ഷേ ആ സംഭവത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റേതായ രാഷ്ട്രീയ നിലപാട് വ്യക്തമാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇന്ന് കേരളത്തിന്റെ സമാധാനപരമായ അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നത് വർഗ്ഗീയശക്തികളാണെന്ന് എല്ലാവർക്കുമറിയാം. പക്ഷേ ബോധപൂർവ്വം ആ ഭാഗം ഒഴിവാക്കുകയാണ്.

എന്താണ് ആ നില സ്വീകരിക്കുന്നതിനിടയാകുന്നതെന്ന് നമുക്കെല്ലാവർക്കും മനസ്സിലാകും. അത്യാവശ്യം കൂടെകൂട്ടാൻ പറ്റുന്ന ആളുകളാണ് ഈ ശക്തികളെന്ന് മനസ്സിലാക്കിക്കൊണ്ടുള്ള നിലപാടാണ് കേരളത്തിൽ കോൺഗ്രസ് സ്വീകരിച്ചുപോകുന്നത്. അതിന്റെ ഭാഗമായാണ് ഈ രീതിയിലൊരു അവതരണം വന്നത്. ഇവിടെ അദ്ദേഹം അവതരിപ്പിക്കാൻ ശ്രമിച്ചത് കേരളത്തിൽ സി.പി.ഐ(എം) എന്തോ വ്യാപകമായ ആക്രമണം നടത്തുന്നു, അതിനുവേണ്ടി ബോംബുകൾ നിർമ്മിക്കുന്നു, അതിൽ ചിലത് ഇത്തരത്തിൽ പൊട്ടിത്തെറിക്കുന്നുവെന്നാണ്. സംസ്ഥാനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുന്നതിന് കൃത്യമായ ആസൂത്രണത്തോടെ നീങ്ങുന്ന വർഗ്ഗീയ ശക്തികളെക്കുറിച്ച് ഒരു സംശയവും അദ്ദേഹത്തിന് പരാമർശിക്കാനില്ല. അതൊരു പ്രത്യേക നിലയാണെന്ന് നാം കണ്ടുപോകേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിന് സാക്ഷ്യമായി അവതരിപ്പിക്കാനുള്ളത് ഏഷ്യാനെറ്റിനെയാണ്. അതും നല്ല സാക്ഷിയാണ്. കാരണം ബി.ജെ.പി.-യുടെ പ്രമുഖൻ നേതൃത്വം കൊടുക്കുന്ന ആ ചാനലൊക്കെ കേരളത്തിന് സംഭാവന ചെയ്യുന്നത് എന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ ചുവടുപിടിച്ച് പോകാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. സ്വാഭാവികമായും അത്തരം ആളുകളെക്കുറിച്ച്

പറയുമ്പോൾ ചില വിഷമങ്ങൾ അപ്പുറത്ത് പ്രകടമാകുന്നുണ്ട് എന്നത് ഇതിന്റെ ഭാഗമാണെന്ന് കണ്ടാൽ മതി. എന്നാൽ ഈ ശക്തികൾക്കൊന്നും തകർക്കാൻ കഴിയുന്നതല്ല കേരളത്തിന്റെ ക്രമസമാധാന നില. അതിന് നേതൃത്വം കൊടുക്കുന്ന വർഗ്ഗീയ ശക്തികളായ ആർ.എസ്.എസ്. ആയാലും എസ്.ഡി.പി.ഐ. ആയാലും രണ്ട് കൂട്ടരും നമ്മുടെ നാടിന്റെ പൊതുവായ സമാധാനം തകർക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ആ രണ്ടിനെയും ഒന്നിച്ചുകൂട്ടാൻ കഴിയുന്ന ചില ഘട്ടങ്ങളുണ്ടായിട്ടുണ്ട് എന്നത് ഞാൻ മറക്കുന്നില്ല. അത് നിങ്ങൾക്കുതന്നെ ഗുണകരമായിട്ടാണോ വരികയെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഒരു വർഗ്ഗീയ ശക്തിയെയും പ്രോത്സാഹിപ്പിക്കുന്നത് നമ്മുടെ നാടിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് ഗുണകരമല്ല. ഇവിടെ മറ്റ് സംസ്ഥാനങ്ങളിൽ സംഭവിക്കുന്ന കാര്യം നിങ്ങൾ തിരിച്ചറിയണം. എൽ.ഡി.എഫ്. സർക്കാർ നിലനിൽക്കുന്നതും ഈ സർക്കാരിന് വലിയ തോതിലുള്ള ജനപിന്തുണ ലഭ്യമാകുന്നതും ഇല്ലാതാക്കാൻ അന്ധമായ സി.പി.ഐ(എം) വിരോധം വച്ചുകൊണ്ട് നിങ്ങൾ വഴിവിട്ട ശ്രമങ്ങൾ നടത്തുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിങ്ങൾക്ക് സംഭവിക്കുന്ന കാര്യം നല്ലതുപോലെ മനസ്സിലാക്കണം. നിങ്ങൾക്ക് ഇന്നത്തെ നിലയിൽ ഇങ്ങനെ നിൽക്കാൻ കഴിയുന്നത് എൽ.ഡി.എഫ്.-ന്റെ

കേരളത്തിലെ കരുത്തുകൊണ്ടാണെന്ന് മറക്കരുത്...(ബഹളം)... എന്തിനാണ് അവിടെ പൊള്ളുന്നത്?

മി. സ്പീക്കർ: നിങ്ങളും ഇതേ സമീപനമാണ് സ്വീകരിക്കുന്നത്. ചില സമയങ്ങളിൽ മാത്രം പരാതിപ്പെടരുത്.

ശ്രീ. പിണറായി വിജയൻ: സർ, രാജ്യത്തെ ഇടതുപക്ഷ മുഖങ്ങളായി കണ്ടിരുന്ന സംസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്ന ത്രിപുര. അവിടെ ബി.ജെ.പി.-ക്ക് വലിയ തോതിലുള്ള സ്വാധീനമുണ്ടായിരുന്നില്ല. പക്ഷെ, അവിടത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാനുപയോഗിച്ചത് കോൺഗ്രസ്സിനെയായിരുന്നു. കോൺഗ്രസ്സിനെ ഒന്നിച്ച് വാരി എൽ.ഡി.എഫ്. സർക്കാരിനെ താഴെയിറക്കാൻ നോക്കി. 'ഉള്ളത് പറയുമ്പോൾ കള്ളിക്ക് തുള്ളൽ' എന്ന് പറയില്ലേ, അതാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. ത്രിപുരയിൽ ഇടതുപക്ഷ ഭരണം ഇല്ലാതായി. ഇവരുടെ സ്ഥിതിയോ? നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം, ഏത് നിമിഷത്തിലും എവിടെയും ബി.ജെ.പി.-ക്ക് വരാനാകും എന്ന ഉത്തമബോദ്ധ്യം അവർക്കുണ്ട്. പക്ഷെ നിങ്ങളെ കൂട്ടത്തോടെ വാരിയാലും ഈ കേരളത്തിൽ എൽ.ഡി.എഫ്.-നെ തകർക്കാനാകില്ല എന്നതാണ് നിങ്ങൾ ഇപ്പോൾ ഇങ്ങനെ നിലനിൽക്കുന്നതിന് കാരണം എന്ന്

മനസ്സിലാക്കണം. ഇതിനെപ്പറ്റി നേരിയ ചിന്തയെങ്കിലും കോൺഗ്രസ്സിന്റെ ഇവിടത്തെ നേതൃത്വത്തിനുണ്ടോ എന്നതാണ് കാണേണ്ടത്. ബി.ജെ.പി.-യെക്കൂടി ചേർത്തുകൊണ്ട് എൽ.ഡി.എഫ്.-നെ തകർക്കാനാണ് ഇവർ ശ്രമിക്കുന്നത്. എന്താണ് അതിന്റെ പൊരുൾ? ബി.ജെ.പി.-ക്ക് അതിൽ സന്തോഷമാണ്. കാരണം കേരളത്തിന്റെ ഇന്നത്തെ അവസ്ഥയിൽ അവർക്ക് കരുത്താർജ്ജിക്കാൻ കഴിയാത്തത് എൽ.ഡി.എഫ്.-ന്റെ കരുത്ത് കൊണ്ടാണെന്ന് ബി.ജെ.പി.-ക്ക് തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോൾ ആദ്യം എൽ.ഡി.എഫ്.-നെ ദുർബലപ്പെടുത്തണം. അതാണ് ബി.ജെ.പി.-യുടെ മനസ്സിലുള്ളത്. അതിന് കോൺഗ്രസ്സിനൊപ്പംനിന്ന് അവരെ സഹായിച്ചുകൊടുക്കുക എന്നനിലയിൽ അവർ കാര്യങ്ങൾ തയ്യാറാക്കുകയാണ്. ഈ വിഭാഗം പ്രതിനിധാനം ചെയ്യുന്ന വർഗ്ഗീയതയോട് സമരസപ്പെട്ടുപോകുന്നതാണ് കോൺഗ്രസ്സിന്റെ മാനസ്സികാവസ്ഥയെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ അവരുമായി സമരസപ്പെടാനും അവരുടേതായ ഏതെങ്കിലും പ്രത്യേക പരിപാടികൾ വരുമ്പോൾ അതിനോട് പൊരുത്തപ്പെടാനുമൊന്നും യാതൊരു പ്രയാസവും കോൺഗ്രസ്സിനില്ല. എനിക്ക് തോന്നിയാൽ ഞാൻ ഈ പറയുന്ന വിഭാഗത്തിലേയ്ക്ക് പോകും എന്ന് പരസ്യമായി പ്രഖ്യാപിച്ച വലിയൊരു നേതാവിനെയും മുന്നിൽ

നിർത്തിയാണ് ഇപ്പോൾ ഇവർ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. അതിന്റെയൊക്കെ ഭാഗമായി സി.പി.ഐ(എം)-നെ പ്രത്യേക ലക്ഷ്യമിട്ട്, പൊതുലക്ഷ്യം എൽ.ഡി.എഫ്. തന്നെയാണെങ്കിലും സി.പി.ഐ(എം) വിരുദ്ധത നല്ല രീതിയിൽ പ്രചരിപ്പിച്ച് അതിന്റെകൂടെ ആളെ കിട്ടുമോയെന്നാണ് നോക്കുന്നത്. കാലം മാറിപ്പോയി, ആളുകൾക്ക് എല്ലാ കാര്യങ്ങളും കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്, ഇന്ന് ആ രീതിയിൽ തെറ്റിദ്ധരിപ്പിക്കാനാവില്ല. നിങ്ങൾ എല്ലാ വലതുപക്ഷ വാർത്താ മാധ്യമങ്ങളും കൂടി എൽ.ഡി.എഫ്.-നെ വല്ലാതെ കരിവാരിത്തേയ്ക്കാമെന്ന് ഉദ്ദേശിച്ചുകൊണ്ട് പുറപ്പെട്ടാൽ അത് ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയും. 'എന്തിനാണ് ഇത്' എന്ന് ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. ആ തിരിച്ചറിവ് കൂടുതൽ അപഹാസ്യമായ നിലയിലേയ്ക്കാണ് നിങ്ങളെ തള്ളിവിടുന്നതെന്നത് മനസ്സിലാക്കണം. ഇവിടെ ഈ നോട്ടീസിൽ 'സി.പി.ഐ(എം) കേന്ദ്രത്തിൽനിന്ന്' എന്ന് ഒരിടത്ത് പറയുന്നുണ്ട്. ഈ നോട്ടീസിൽ വേറെ ഒരു രാഷ്ട്രീയ പാർട്ടിയെയും അദ്ദേഹം പരാമർശിക്കുന്നില്ല. അദ്ദേഹത്തിന്റെ സംസാരത്തിൽ ഒന്നുരണ്ട് വാക്കുകൾ ചിലയിടങ്ങളിൽ പറഞ്ഞത് നമ്മൾ കേട്ടതാണ്. എന്തേ അവിടെയൊരു അരാഷ്ട്രീയ ബോംബായിരുന്നോ?

അവിടെയാണ് ഞാൻ നേരത്തെ പറഞ്ഞ കോൺഗ്രസ്സിന്റെ ആർ.എസ്.എസ്. ബന്ധവും വർഗ്ഗീയ ശക്തികളോടുള്ള അമിതമായ താൽപര്യവും തെളിഞ്ഞുവരുന്നത്. കണ്ണൂർ ജില്ലയിൽ സമാധാനത്തിന് ഭംഗമുണ്ടാകുന്നുവെന്ന് സ്ഥാപിക്കാനാണ് ബഹുമാനപ്പെട്ട സണ്ണി ജോസഫ് ശ്രമിച്ചത്. അവിടെ സമാധാനഭംഗമുണ്ടാക്കാൻ ശ്രമിക്കുന്നത് സി.പി.ഐ(എം) അല്ല. ഏറ്റവും കൂടുതൽ ആക്രമണങ്ങൾ നടത്തുന്നത് ആർ.എസ്.എസ്., എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട് എന്നിവരാണ്. എന്തേ അവരെക്കുറിച്ച് ഈ നോട്ടീസിൽ ഒരു വാക്കുപോലും പരാമർശിക്കാൻ അദ്ദേഹം തയ്യാറാകാതിരുന്നത്? കേരളത്തിന്റെ ക്രമസമാധാനനിലയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നത് നല്ലതുതന്നെയാണ്. ഇവിടെ ഇടതുപക്ഷത്തിന്റെ എത്രയോ പ്രവർത്തകർ കേരളത്തിൽ കൊല ചെയ്യപ്പെട്ടു. എത്ര ഓഫീസുകളാണ് ഇവിടെ ആക്രമിക്കപ്പെട്ടത്. പ്രതിഷേധ പരിപാടികൾ എന്നുപറഞ്ഞ് സി.പി.ഐ(എം)-ന്റെ കൊടി പൊതുജനമദ്ധ്യത്തിൽ വച്ച് കത്തിക്കുന്ന കാഴ്ച കണ്ടില്ലേ, സാമൂഹ്യ മാദ്ധ്യമങ്ങളിൽ അത് പ്രചരിപ്പിക്കാൻ തയ്യാറായില്ലേ? ഒരിക്കലെങ്കിലും അത്തരത്തിലുള്ള കാര്യങ്ങളെ അപലപിക്കാൻ നിങ്ങളിലാരെങ്കിലും തയ്യാറായോ? ഏതെങ്കിലും ഘട്ടത്തിൽ അത്തരം കാര്യങ്ങൾ

ആവർത്തിക്കാൻ പാടില്ല, അത് തെറ്റാണെന്ന് പറയാൻ തയ്യാറായോ? 2020 മുതൽ ഇന്നുവരെ 9 സി.പി.ഐ(എം) പ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും ഒരു കൊലപാതകത്തെ അപലപിക്കാൻ നിങ്ങൾക്ക് സാധിച്ചോ? ഇതിലെ അഞ്ച് കൊലപാതകങ്ങൾ യു.ഡി.എഫ്. തന്നെയാണ് ചെയ്തത്. എന്താണ് സമീപനം? കൊലപാതകികളെ സംരക്ഷിക്കുന്ന സമീപനം. കൊലപാതകികളെ സംരക്ഷിക്കാനല്ലേ ഇവർ തയ്യാറായത്. കോളേജ് വിദ്യാർത്ഥിയായ ധീരജിനെ കൊലപ്പെടുത്തിയപ്പോൾ 'ഇരന്നുവാങ്ങിയ രക്തസാക്ഷിത്വം' എന്നാണ് അന്ന് ആക്ഷേപിച്ചത്. എന്നാൽ ധീരജിന്റെ അനുഭവമുണ്ടാകുമെന്ന് ഇപ്പോൾ നിങ്ങളുടെ നേതാക്കൾ പരസ്യമായി പ്രഖ്യാപിക്കുന്നു. നേരത്തെ 'ഇരന്നുവാങ്ങിയ രക്തസാക്ഷിത്വം' എന്നുപറഞ്ഞയാൾ ഇത്തരം കാര്യങ്ങൾ പറയാൻ എനിക്ക് ഒരു ശങ്കയും മടിയുമില്ലെന്ന് വ്യക്തമാക്കുന്ന രീതിയിൽ വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ നേതാക്കൾ തന്നെയാണ് നിങ്ങളെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ആർ.എസ്.എസ്. നാല് കൊലപാതകങ്ങൾ നടത്തി. ആ ഘട്ടത്തിൽ ചെറിയൊരു മിണ്ടാട്ടമെങ്കിലും നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായോ; നാടിന്റെ ഓർമ്മകൾ പെട്ടെന്ന് നശിച്ചുപോകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഈ നാട്

ഭരിക്കുന്നകാലത്ത് ഉണ്ടായിരുന്ന അവസ്ഥ എന്തായിരുന്നുവെന്ന് ഓർക്കുന്നത് നല്ലതാണ്. 1760 കൊലക്കേസുകളാണ് 2011-16 യു.ഡി.എഫ്. ഭരണകാലത്തുണ്ടായത്. അതിൽ 35 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിരുന്നു. ഗ്രൂപ്പ് പോരിന്റെ ഭാഗമായി കോൺഗ്രസ്സുതന്നെ കോൺഗ്രസ്സുകാരെ വകവരുത്തിയ കേസ്സുകൾ എത്രയായിരുന്നുവെന്ന് നിങ്ങൾ ഓർത്തുനോക്കിയാൽ മതി. തൃശ്ശൂർ ജില്ലയിൽ കൊല്ലപ്പെട്ട മധു ഈച്ചരത്ത്, ലാൽജി കൊള്ളന്നൂര്, ഹനീഫ എന്നിവരുടെയെല്ലാം മുഖങ്ങൾ കോൺഗ്രസ്സ് മറന്നോ; അവർ കോൺഗ്രസ്സുകാരല്ലെന്ന് പറയുമോ; കൊലപാതകികളുടെ കയ്യിൽ ഇപ്പോഴും നിങ്ങളേന്തുന്ന അതേ കൊടിയല്ലേയുള്ളത്? 2013 ജൂൺ 13-ാം തീയതിയാണ് ഗ്രൂപ്പ് മാറിയെന്നതിന്റെ പേരിൽ കോൺഗ്രസ് പ്രവർത്തകനായ മധു ഈച്ചരത്തിനെ കൊലപ്പെടുത്തിയത്. തൊട്ടുപിന്നാലെ പ്രതികാരമെന്നോണം മറ്റൊരു കോൺഗ്രസ് പ്രവർത്തകനായ ലാൽജി കൊല്ലപ്പെട്ടു. അധികം താമസിയാതെ ചാവക്കാട് കോൺഗ്രസ് ഗ്രൂപ്പ് വഴക്കിന്റെ ഭാഗമായി ഹനീഫ കൊല്ലപ്പെട്ടു. ഈ കൊലപാതകങ്ങൾക്ക് പിന്നിൽ തൃശ്ശൂർ ജില്ലയിലെ സമുന്നതരായ കോൺഗ്രസ് നേതാക്കൾ തന്നെയാണെന്ന് കൊല്ലപ്പെട്ടവരുടെ ബന്ധുക്കളും നിങ്ങളുടെ പാർട്ടി

പ്രവർത്തകരും പറഞ്ഞപ്പോൾ അക്രമികളെന്ന് ചിത്രീകരിക്കപ്പെട്ടവരെ സംരക്ഷിക്കുകയല്ലേ നിങ്ങൾ ചെയ്തത്? 2014-ൽ നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ് ഓഫീസ് ജീവനക്കാരിയായിരുന്ന രാധ കോൺഗ്രസ്സ് ഓഫീസിൽവച്ചല്ലേ കൊലചെയ്യപ്പെട്ടത്. കൊന്ന് ചാക്കിലാക്കി ചപ്പുചവറുകളുടെകൂടെ അവരുടെ ശരീരം കുളത്തിൽ ഉപേക്ഷിക്കുകയായിരുന്നില്ലേ? അന്ന് നിങ്ങൾ സ്വീകരിച്ച സമീപനവും എൽ.ഡി.എഫ്. സ്വീകരിച്ചുവരുന്ന സമീപനവും താരതമ്യം ചെയ്യാൻ തയ്യാറാകണം. 2016-21-ലെ സർക്കാരിന്റെ കാലത്ത് 1616 കൊലപാതകങ്ങളാണ് റിപ്പോർട്ട് ചെയ്തത്. അതിൽ 26 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിരുന്നു. അതിൽ എല്ലാ പ്രതികൾക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചു. ഒരു കേസിലും അന്വേഷണം അട്ടിമറിക്കപ്പെട്ടില്ല. പോലീസ് കുറ്റവാളികളുടെ മുഖവും രാഷ്ട്രീയവും നോക്കാതെ നിയമം നോക്കിയാണ് ഇടപെട്ടത്. ഇപ്പോൾ തുടരുന്നതും അതുതന്നെയാണ്. ഇത്തരത്തിൽ ഉത്തരവാദപ്പെട്ട ഒരു ഭരണ സംവിധാനവും അത് ഉറപ്പുനൽകുന്ന സമാധാന അന്തരീക്ഷവും അനുഭവിച്ചറിഞ്ഞതുകൊണ്ടാണ് കേരള ജനത കൂടുതൽ സീറ്റോടെ ഞങ്ങൾക്ക് തുടർഭരണം നൽകിയത്. ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം ഇതുവരെ എട്ട് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. അതിൽ നാലെണ്ണം ആർ.എസ്.എസ്.-കാരും മൂന്നെണ്ണം എസ്.ഡി.പി.ഐ.-ക്കാരും ഒരെണ്ണം പ്രമേയാവതാരകന്റെ പാർട്ടിക്കാരുമാണ് ചെയ്തത്. കൊല്ലപ്പെട്ടതിൽ നാലുപേർ സി.പി.ഐ.(എം) പ്രവർത്തകരാണ്. ഈ നാടിന്റെ പുരോഗമന മതനിരപേക്ഷ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ രാത്രിയെന്നോ പകലെന്നോയില്ലാതെ അദ്ധ്വാനിച്ചവരാണവർ. സി.പി.ഐ(എം)-ന്റെ പ്രവർത്തകരോ അവരുടെ ബന്ധുക്കളോ, എന്തിന് പിഞ്ചുകുഞ്ഞുങ്ങളോ ആക്രമിക്കപ്പെട്ടപ്പോൾ ഒരക്ഷരം അതിനെതിരെ ഉരിയാടാത്തവരാണ് ഇവരെന്ന് നാം ഓർക്കണം. ഇവിടെ പ്രമേയാവതാരകൻ സി.പി.ഐ(എം)-നെ വലിച്ചിഴച്ചത് തികഞ്ഞ രാഷ്ട്രീയ ദുഷ്ടലക്ഷ്യത്തോടെയാണ്. യു.ഡി.എഫ്., എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. പോലുള്ള സംഘടനകൾ തമ്മിലുള്ള വോട്ട് കൈമാറ്റത്തെക്കുറിച്ചും രാഷ്ട്രീയ ധാരണകളെക്കുറിച്ചും ഒട്ടേറെ വെളിപ്പെടുത്തലുകൾ വന്ന ഘട്ടമാണിത്. അത് മറച്ചുവച്ച് തങ്ങൾക്ക് കഴിഞ്ഞ കാലത്ത് വോട്ട് ചെയ്ത ഇത്തരക്കാരെ സംരക്ഷിക്കുന്നതിനുള്ള വ്യഗ്രതയാണ് ഇവിടെ പ്രമേയാവതാരകനിൽ കണ്ടത്. സി.പി.ഐ(എം)-നെ പരാമർശിച്ച് പ്രമേയാവതാരകൻ ഇപ്പോൾ വിശദമായി സംസാരിച്ചു. കണ്ണൂർ ജില്ലയിലെ

ബോംബ് രാഷ്ട്രീയത്തിന്റെ കഥ ശ്രീ. സണ്ണി ജോസഫിന് അറിയാത്തതാണോ? പന്തക്കപ്പാറയിലെ ബീഡി കമ്പനിയിലാണ് ആദ്യത്തെ ബോംബാക്രമണം നടന്നതെന്ന് അദ്ദേഹത്തിന് അറിയാത്ത സംഭവമൊന്നുമല്ല. ആരായിരുന്നു അന്ന് ആക്രമണം നടത്തിയത്? കൊളങ്ങരേത്ത് രാഘവന്റെ ശരീരമാണ് ബോംബ് പൊട്ടിത്തെറിച്ച് ഛിന്നഭിന്നമായത്. അന്ന് എന്തിനുവേണ്ടിയാണ് ബോംബ് രാഷ്ട്രീയത്തിന് നിങ്ങൾ അവിടെ തുടക്കമിട്ടത്? കണ്ണൂരിൽ മാത്രമല്ല, കേരളത്തിലെ ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടി, ആ രാഷ്ട്രീയപാർട്ടിയുടെ ഓഫീസിൽവച്ച് ബോംബ് നിർമ്മിച്ച് അക്കാര്യം പത്രക്കാരെ വിളിച്ചറിയിച്ച് അതിന്റെ ഇനം വേർതിരിച്ച് വിശദീകരിച്ചുകൊടുത്തത് ആരായിരുന്നുവെന്ന് പ്രമേയാവതാരകന് ഓർമ്മയില്ലേ; ഡി.സി.സി. ആഫീസിൽ മൂന്ന് തരം ബോംബ് പ്രദർശിപ്പിച്ചവരല്ലേ നിങ്ങൾ; അതിന്റെ ശക്തി എത്രത്തോളമാണെന്ന് പരസ്യമായി പറയുന്ന ആളെ അതിലൂടെ കാണാൻ നമുക്ക് കഴിഞ്ഞില്ലേ; കണ്ണൂർ ഡി.സി.സി. ഓഫീസിൽ അക്കാലത്ത് അത് പ്രദർശിപ്പിച്ചത് ആരായിരുന്നുവെന്ന് ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫിന് ഞാൻ പറഞ്ഞുകൊടുക്കേണ്ട കാര്യമില്ലല്ലോ? ബോംബിന്റെ പൈതൃകം നിങ്ങളുടെ തലയിൽത്തന്നെയാണ്. മറ്റാരിലും അത് കെട്ടിവയ്ക്കാൻ

ശ്രമിക്കേണ്ട. കോൺഗ്രസ് ഇന്ന് ഒട്ടേറെ അവിശുദ്ധ കൂട്ടുകെട്ടുകളിൽ ഏർപ്പെട്ടിരിക്കുന്നു. അതിൽനിന്നും രക്ഷപ്പെടാൻ അടിസ്ഥാനരഹിതമായ കഥകൾ ചമയ്ക്കുകയാണ്. ഇത് അങ്ങേയറ്റം അപഹാസ്യമായ ഒരു കാര്യമാണ്. കേരളത്തിലെ ക്രമസമാധാനനില ഭദ്രമായി പരിപാലിക്കപ്പെടുന്നുവെന്നതിന്റെ ദൃഷ്ടാന്തംകൂടിയാണ് നിങ്ങൾ അനുഭവിക്കുന്ന വിഷയദാരിദ്ര്യം. ഇന്നത്തെ ദേശീയ രാഷ്ട്രീയത്തെ കണ്ടുകൊണ്ടുള്ള നിലപാടുകളല്ല നിങ്ങൾ സ്വീകരിക്കുന്നത്. സംഘപരിവാർ ഉൾപ്പെടെയുള്ള വർഗ്ഗീയ-തീവ്രവാദ ശക്തികളുമായുള്ള ആപത്കരമായ ബന്ധം തിരിച്ചറിയാനാകണം. ഈ വിപത്ത് തിരിച്ചറിഞ്ഞ് ഇത്തരം ശക്തികൾക്കെതിരെ നാടാകെ ഒരുമിച്ച് നിൽക്കാനും സമൂഹത്തിനുനേരെ ഉയരുന്ന വെല്ലുവിളികളെ ഒത്തൊരുമിച്ച് നേരിടാനുമുള്ള ഐക്യമാണ് വളർന്നുവരേണ്ടത്. മതനിരപേക്ഷതയെ, സമാധാനത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളും അതിനാണ് തയ്യാറാകേണ്ടത്. ഇവിടെ കേവല സങ്കുചിത രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ട് ഉന്നയിച്ച തെറ്റായ കാര്യങ്ങളിൽനിന്ന് യു.ഡി.എഫ്. പിന്മാറുകയാണ് വേണ്ടത്. കേരളത്തിന്റെ ക്രമസമാധാനനില ഭദ്രമാണ്. ക്രമസമാധാനനില തകർക്കാൻ ആര് ശ്രമിച്ചാലും അതിനെതിരെ കടുത്ത, ശക്തമായ നിയമത്തിന്റെ കരങ്ങൾ നീങ്ങുമെന്നത് ഉറപ്പാണ്. ഈ

വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സങ്കടകരമായ ഒരു ദുരന്തമാണ് ശ്രീ. സണ്ണി ജോസഫ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. ജീവിക്കാൻ നിവൃത്തിയില്ലാതെ ആസ്സാമിൽനിന്നും കുടുംബവുമായി വണ്ടികയറി ഇവിടെവന്ന് ആക്രിസാധനങ്ങൾ പെറുക്കിക്കൂട്ടി അതിൽനിന്ന് കിട്ടിയ ഒരു സ്റ്റീൽ പാത്രത്തിൽ എന്തെങ്കിലുമുണ്ടാകുമെന്ന് കരുതി തുറന്നസമയത്താണ് ഒരു പിതാവും 22 വയസ്സുകാരനായ മകനും ക്രൂരമായി ചിതറിത്തെറിച്ചുപോയത്. അവരുടെ കൂടെവന്ന 19 വയസ്സുകാരൻ ഈ പിതാവിന്റെയും ജ്യേഷ്ഠന്റെയും മൃതശരീരവുമായാണ് തിരിച്ച് വണ്ടികയറിയത്. കേരളത്തിലെ മുഖ്യമന്ത്രിക്ക് അതൊരു വിഷയമേയല്ല. അതുകൊണ്ടാണ് ഞങ്ങൾക്ക് വിഷയ ദാരിദ്ര്യമാണെന്ന് അദ്ദേഹം പറഞ്ഞത്. നിയമസഭയിൽ ചോദിച്ചുകിട്ടിയ കണക്കുകളുടെ അടിസ്ഥാനത്തിലാണ് ശ്രീ. സണ്ണി ജോസഫ് സംസാരിച്ചത്. അദ്ദേഹം

പറഞ്ഞതുമുഴുവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടില്ലെന്ന് തോന്നുന്നു. എസ്.ഡി.പി.ഐ.-യെക്കുറിച്ചും ആർ.എസ്.എസ്.-നെക്കുറിച്ചും തീവ്രവാദ സംഘടനകളെക്കുറിച്ചും മരിച്ച ബി.ജെ.പി.-ക്കാരുടെ എണ്ണത്തെക്കുറിച്ചുമൊക്കെ അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ട്. അദ്ദേഹം ആവശ്യമുള്ളതുമാത്രം കേൾക്കുകയും വേണ്ടാത്തത് കേൾക്കാതിരിക്കുകയും ചെയ്താൽ എന്ത് ചെയ്യാൻ കഴിയും? ശ്രീ. സണ്ണി ജോസഫ് പ്രസംഗിച്ചത് എന്താണെന്ന് നിയമസഭയുടെ റിക്കോർഡിലുണ്ട്. പ്രതിപക്ഷത്തിനാണ് വിഷയദാരിദ്ര്യമെന്ന് പറഞ്ഞ മുഖ്യമന്ത്രി, ഈ വിഷയത്തിൽ രണ്ട് വാചകത്തിൽ മറുപടി പറഞ്ഞ്, കൊൽക്കത്ത വഴി അഗർത്തലയിൽപ്പോയി ത്രിപുരയിലൂടെ ഒന്ന് കറങ്ങിവന്നു. രാജ്യത്തെ വർഗ്ഗീയതയ്ക്കെതിരായ പോരാട്ടം എങ്ങനെ നയിക്കണമെന്ന അദ്ദേഹത്തിന്റെ സ്റ്റഡി ക്ലാസ്സാണ് പിന്നീടുണ്ടായത്. ഞങ്ങൾ പാവങ്ങൾ നിൽക്കുന്നത് കേരളത്തിൽ എൽ.ഡി.എഫ്. ഉള്ളതുകൊണ്ടാണെന്നുള്ള മഹത്തായ കണ്ടുപിടിത്തം നടത്തിയതുകൊണ്ട് എനിക്ക് അദ്ദേഹത്തോട് വലിയൊരു നന്ദി പറയാനുണ്ട്. എൽ.ഡി.എഫ്. ഇല്ലായിരുന്നെങ്കിൽ ഞങ്ങളാരും ഇവിടെയുണ്ടാകുമായിരുന്നില്ല. സി.പി.ഐ(എം) ബോംബാക്രമണം നടത്തിയാലും അവരുടെ വീട്ടിൽ ബോംബ് പൊട്ടിത്തെറിച്ചാലും

ആർ.എസ്.എസ്.-കാരന്റെ വീട്ടിൽ ബോംബ് പൊത്തിത്തെറിച്ചാലും ആര് ബോംബുണ്ടാക്കിയാലും ബോംബ് പൊത്തിത്തെറിച്ച് സ്ഫോടനമുണ്ടാകുമ്പോൾ അതുണ്ടാക്കിയത് ആരാണ്; ആരാണ് പ്രതികൾ എന്നുള്ളത് കണ്ടെത്തി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണ്ടേ? എത്ര കേസ്സുകളാണ്? ഒരു കേസുണ്ടാകുമ്പോൾ പോലീസ് നായയേയും കൊണ്ട് തെക്കുവടക്ക് നടക്കും. അതല്ലാതെ കേസിലെ പ്രതികളെ പിടിക്കുകയില്ല. എത്രയോ കേസ്സുകൾ സംബന്ധിച്ച് നിയമസഭയിൽ കിട്ടിയ ഉത്തരങ്ങൾ ഞാൻ സമയപരിമിതികൊണ്ട് വായിക്കുന്നില്ല. എത്രയോ കേസ്സുകളിൽ പ്രതികളെ പിടിച്ചിട്ടില്ല. അതിനാൽ ഇത് ആവർത്തിക്കപ്പെടുകയാണ്. അടുത്ത വീട്ടിൽ ബോംബാക്രമണം നടന്നതുകണ്ട് ഓടിയെത്തിയ അയൽക്കാരന്റെ കാൽ പോകുന്നു, ഗ്രൗണ്ടിൽ ബോംബിട്ടിരുന്നത് കാരണം കളിക്കാൻ പോയ കുട്ടിയുടെ കാൽ പോകുന്നു, തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കാൻ പോയ പാവപ്പെട്ട സ്ത്രീയുടെ കാൽ പോകുന്നു. നിരപരാധികളായ എത്ര മനുഷ്യരാണ് ബോംബ് സ്ഫോടനത്തിൽ കൊലചെയ്യപ്പെടുന്നത്; പാർട്ടിക്കാർ മാത്രമാണോ? ഇരിക്കൂറിലെ മലയോര പ്രദേശമായ കുടിയാന്മലയിൽ ഒരു വീട്ടിലുണ്ടായ ബോംബ് സ്ഫോടനത്തിൽ രണ്ട് പേർ മരിച്ചുവെന്നും നിരവധി പേർക്ക് പരിക്കേറ്റുവെന്നും ഇവിടെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞു. അന്ന്

പാർട്ടിക്ക് ഇതിൽ ബന്ധമില്ലെന്നുള്ള സ്ഥിരം വാദം സി.പി.ഐ(എം) പുറത്തിറക്കി. എന്നാൽ പിന്നീട് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന ശ്രീ. പിണറായി വിജയൻ ശ്രീകണ്ഠാപുരത്തെത്തി മരണപ്പെട്ടവർക്ക് കുടുംബ സഹായ ഫണ്ടും പരിക്കേറ്റവർക്ക് ചികിത്സാസഹായ ഫണ്ടും നൽകിയപ്പോൾ അദ്ദേഹം പറഞ്ഞത് ഇവർ പാർട്ടിക്കുവേണ്ടിയാണ് രക്തസാക്ഷികളായതെന്നാണ്. ബോംബുണ്ടാക്കുന്നതിന്റെ ഇടയിൽ കൊലചെയ്യപ്പെട്ട ആളുകൾ പാർട്ടിക്കുവേണ്ടി രക്തസാക്ഷികളായെന്ന് പറഞ്ഞ അന്നത്തെ പാർട്ടി സെക്രട്ടറിയാണ് മുഖ്യമന്ത്രിയുടെ റോളിൽ ഇവിടെ വന്നിരുന്ന് ഞങ്ങൾക്ക് സ്റ്റഡി ക്ലാസ് തന്നത്. കൊലചെയ്യപ്പെട്ട സി.പി.ഐ(എം)-കാരുടെ കഥകൾ മുഴുവൻ ഇവിടെ പറഞ്ഞു. കണ്ണൂരിൽ എത്ര കോൺഗ്രസ്സുകാരാണ് കൊലചെയ്യപ്പെട്ടത്; കൃപേഷ്, ശരത് ലാൽ എന്നീ പത്തൊൻപതും ഇരുപത്തിരണ്ടും വയസ്സുകാരെ ശിരസ്സിൽ മഴുകൊണ്ട് വെട്ടിക്കൊന്നത് അങ്ങ് മുഖ്യമന്ത്രിയായതിനുശേഷമുള്ള സംഭവമല്ലേ; ഷുഹൈബിനെയും ഷുക്കൂറിനെയും കൊന്നത് എങ്ങനെയാണ്? മക്കളെക്കുറിച്ച് പറഞ്ഞാൽ എല്ലാവർക്കും വേദനയാണ്. പതിനേഴും പതിനെട്ടും പത്തൊൻപതും വയസ്സുള്ള അവരും മക്കളല്ലേ; എത്ര ക്രൂരമായാണ് അവരെ കൊന്നത്.

കൈയും കാലും ഛേദിച്ചല്ലേ? ടി. പി. ചന്ദ്രശേഖരനെ കൊന്നത് എങ്ങനെയാണ്? അദ്ദേഹത്തിന്റെ വിധവയല്ലേ ഇവിടെയിരിക്കുന്നത്; അവരെ ഇപ്പോഴും നിങ്ങളുടെ നേതാക്കന്മാർ അപമാനിക്കുകയല്ലേ; നിങ്ങളുടെ പാർട്ടിയുടെ കൊടിയും പിടിച്ച് കുറച്ചുനാൾ നടന്ന ഒരാളല്ലേ അദ്ദേഹം; എങ്ങനെ കൊല്ലാൻ സാധിക്കുന്നു; അൻപത്തിരണ്ട് വെട്ടുവെട്ടി, മരിച്ചിട്ടും മുഖം വികൃതമാക്കി, ഇവർ ഇരിക്കുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. അതൊന്നും ഒരു മലയാളിയുടെയും മനസ്സിൽനിന്നും മാഞ്ഞുപോകില്ല. ആ കൊലപാതകങ്ങൾക്കെല്ലാം നേതൃത്വം കൊടുത്ത ഒരു പാർട്ടിയുടെ മുഖ്യമന്ത്രിയായി വന്നിരുന്ന് കൊലപാതക രാഷ്ട്രീയത്തിനെതിരായി ഇവിടെ സംസാരിക്കുന്നു. അതിനുശേഷം ത്രിപുരയിലേയ്ക്ക് ഒറ്റ പോക്കാണ്. അവിടെ കഴിഞ്ഞ മാസം ഇലക്ഷൻ നടന്നു. ഞങ്ങൾ ബി.ജെ.പി.-യുടെ കൈയിൽനിന്നും ഒരു സീറ്റ് തിരിച്ചുപിടിച്ചു, ജയിച്ചു. ത്രിപുരയിൽ നിങ്ങൾ മൂന്നാം സ്ഥാനത്താണ്. ഞങ്ങൾ അവിടെ ബി.ജെ.പി.-യുടെ പുറകിലൊന്നും പോയിട്ടില്ല. നിങ്ങൾ കൊൽക്കത്തയിൽ പോയി അന്വേഷിക്കണം. നിങ്ങളുടെ പാർട്ടി ഓഫീസും ഏരിയാ കമ്മിറ്റി ഓഫീസും ലോക്കൽ കമ്മിറ്റി ഓഫീസുമെല്ലാം ബി.ജെ.പി. പിടിച്ചെടുത്തിരിക്കുകയാണ്. ബി.ജെ.പി. നിങ്ങളുടെ എത്ര ജില്ലാ കമ്മിറ്റി ഓഫീസ് പിടിച്ചെടുത്തുവെന്ന്

അന്വേഷിക്കണം. അവിടെയുള്ള പല പാർട്ടി നേതാക്കളും കേരളത്തിൽ റോഡ് പണിക്ക് വരുന്നുണ്ട്. അവർക്ക് അവിടെ നിൽക്കാൻ കഴിയുന്നില്ല. ബംഗാളും ത്രിപുരയും നിങ്ങൾക്കുണ്ടായിരുന്ന സ്ഥലങ്ങളല്ലേ; അവിടെ നിങ്ങൾ രണ്ടാം സ്ഥാനത്തോ മൂന്നാം സ്ഥാനത്തോ ഉണ്ടോ? നിങ്ങൾ ഇങ്ങനെ തുടർച്ചയായി കൊലപാതകത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്.-മായി കൂട്ടുചേർന്നാണ് ഞങ്ങൾ ഇവിടെ പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ പറയുന്നു. ഏത് ചെകുത്താനുമായും കൂട്ടുകൂടി കോൺഗ്രസ്സിനെ തോൽപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരുമിച്ച് വേദി പങ്കിട്ട് ആർ.എസ്.എസ്. നേതാക്കന്മാർകൂടിവന്ന് ശ്രീ. പിണറായി വിജയനെ ജയിപ്പിക്കണമെന്നുപറഞ്ഞ് 1977-ൽ ആർ.എസ്.എസ്.-ന്റെ പിൻതുണയോടുകൂടി ജയിച്ച് എം.എൽ.എ. ആയി വന്നതല്ലേ നിങ്ങൾ? ഒരു യു.ഡി.എഫ്.-കാരനും/കോൺഗ്രസ്സുകാരനും ഒരു ആർ.എസ്.എസ്.-കാരന്റെയും വോട്ട് കിട്ടി ഇവിടെ ജയിച്ചുവന്നിട്ടില്ല. ഞങ്ങൾ നിങ്ങളെ ബോദ്ധ്യപ്പെടുത്തുകയാണ്. നിങ്ങൾ പറയുമ്പോൾ ഇതെല്ലാം ഓർക്കണം. (....ബഹളം....) എൺപത് ശതമാനം സ്ഫോടന കേസ്സുകളും ഒരു തുമ്പുമില്ലാതെ അവസാനിക്കുന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാണ് പ്രസ്തുത വിഷയം സഭയുടെ മുന്നിൽ കൊണ്ടുവന്നത്. നിരപരാധികൾ കൊല്ലപ്പെടുകയാണ്. ബോംബുണ്ടാക്കുന്നവർ മരിക്കാൻ പാടില്ല. ബോംബുണ്ടാക്കാൻ പാടില്ലല്ലോ; എന്തിനാണ് ബോംബുണ്ടാക്കാൻ അവരെ വിടുന്നത്? ഏത് പാർട്ടിക്കാരാണെങ്കിലും ഏത് സംഘടനകളാണെങ്കിലും അവരുടെ പ്രവർത്തകരെക്കൊണ്ട് ബോംബ് നിർമ്മിച്ച് അവർതന്നെ മരിക്കുക, കുടുംബാംഗങ്ങൾക്ക് പരിക്കേൽക്കുക, നിരപരാധികളായ മനുഷ്യർ അതിൽ രക്തസാക്ഷികളാകുക തുടങ്ങിയ സംഭവങ്ങൾ സംസ്ഥാനത്തുണ്ടാകാൻ പാടില്ല. സഭയിൽ ചോദിച്ചപ്പോൾ ഇതിലെ പല കേസ്സുകളെ സംബന്ധിച്ചും ഒരു തുമ്പുമില്ല. അന്വേഷണംപോലും മുന്നോട്ടുനീങ്ങിയിട്ടില്ല. പോലീസിന്റെ കൈകൾ കെട്ടിയിരിക്കുകയാണ്. കാരണം, നിങ്ങളുടെ ആളുകളെ അറസ്റ്റ് ചെയ്യാൻ നിങ്ങൾ സമ്മതിക്കില്ല. സി.പി.ഐ(എം)-കാർ പ്രതികളായിട്ടുള്ള കേസ്സുകൾക്ക് തുമ്പുണ്ടാകില്ല. എന്നാൽ ആർ.എസ്.എസ്.-കാരെയോ എസ്.ഡി.പി.ഐ.-ക്കാരെയോ അറസ്റ്റ് ചെയ്യേണ്ടതല്ലേ; നിങ്ങൾ അത് ചെയ്യാത്തത് എന്താണ്? ആർ.എസ്.എസ്.-കാർ ബോംബ് പൊട്ടിച്ച കേസിൽ അവരെ പ്രതികളാക്കിയിട്ടില്ലല്ലോ? പാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ച വേദിയുടെ സമീപത്ത് ബോംബ്

പൊട്ടിയ സംഭവവുമായി ബന്ധപ്പെട്ട് കേസ്സെടുത്തുവെന്ന് ഇവിടെ കഴിഞ്ഞ ദിവസം മറുപടി പറഞ്ഞല്ലോ. ആരെയെങ്കിലും അറസ്റ്റ് ചെയ്തോ; അങ്ങനെ ചെയ്യാത്തതിന് കാരണം, അന്ന് ആർ.എസ്.എസ്. നിങ്ങളെ ഭീഷണിപ്പെടുത്തി, ചെയ്യാത്ത കേസിൽ അവരുടെ ആളുകളെ പ്രതികളാക്കിയാൽ അവർ കാണിച്ചുതരാമെന്ന് പറഞ്ഞു. ഒരു വ്യക്തിയെപ്പോലും അറസ്റ്റ് ചെയ്തില്ല. അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ, അങ്ങയുടെ പാർട്ടി സെക്രട്ടറി സംസാരിച്ച വേദിക്കരികിൽ ബോംബെറിഞ്ഞ ആളെ അറസ്റ്റ് ചെയ്യാതെയിരിക്കുകയാണ്. ആർ.എസ്.എസ്.-കാരാണ് ബോംബെറിഞ്ഞതെങ്കിൽ അവരെ അറസ്റ്റ് ചെയ്യേണ്ടതല്ലേ; അറസ്റ്റ് ചെയ്യാത്തത് എന്താണ്; ചാവക്കാട് ഞങ്ങളുടെ പുന്ന നൗഷാദിനെ കൊലപ്പെടുത്തിയ എസ്.ഡി.പി.ഐ.-ക്കാരായ എല്ലാ പ്രതികളെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ആറ് പ്രാവശ്യം ഞങ്ങൾ എസ്.പി. ഓഫീസ് മാർച്ച് നടത്തി. കാണാത്തതുകൊണ്ടാണോ പ്രതികളെ അറസ്റ്റ് ചെയ്യാത്തത്? അഭിമന്യുവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിലെ ഒന്നാം പ്രതി എപ്പോഴാണ് വന്നത്? കോവിഡ് സാഹചര്യത്തിലാണ് ഒളിവിൽനിന്ന് പുറത്തിറങ്ങേണ്ടി വന്നത്. അപ്പോഴാണ് അറസ്റ്റ് ചെയ്തത്. നിങ്ങൾ ഇക്കാര്യങ്ങളെല്ലാം

സൗകര്യംപോലെ ഉപയോഗിക്കുകയാണെന്ന് ഞാൻ പറയുന്നു. ഇന്നലെ ശ്രീകണ്ഠാപുരം നഗരസഭാ കൗൺസിലിലേയ്ക്ക് നഗരസഭയ്ക്കെതിരായി മാർച്ച് നടത്തിയെന്ന് നിങ്ങൾ ഇപ്പോൾ പറഞ്ഞല്ലോ. ആ മാർച്ചിലെ മുദ്രാവാക്യം എന്താണ്; 'കൈയും വെട്ടും കാലും വെട്ടും തലയും വെട്ടി കൊടിയും താഴ്ത്തും വെള്ളപുതപ്പിച്ച് കിടത്തും'. ഇങ്ങനെ കേരളത്തിൽ മുദ്രാവാക്യം വിളിക്കുന്നത് ആരാണ്? അങ്ങ് കൊടി കത്തിച്ചതിനെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ ശക്തമായി അപലപിക്കുകയാണ്. ഒരു പാർട്ടിയുടെയും കൊടി കത്തിക്കാൻ പാടില്ല. എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിന്റെ മുമ്പിൽ എറണാകുളം സി.ഐ.-യുടെ നേതൃത്വത്തിലുള്ള 20 പോലീസുകാരുടെ അകമ്പടിയോടുകൂടിയാണ് പോലീസുകാരെക്കാൾ കുറവായിട്ടുള്ള ഡി.വൈ.എഫ്.ഐ.-ക്കാർ വന്ന് കൊടിമരത്തിൽനിന്ന് കൊടി താഴെയിറക്കി കത്തിച്ചത്. അങ്ങ് അതറിഞ്ഞില്ലേ? ഇതുസംബന്ധിച്ച് പറഞ്ഞുതുടങ്ങിയാൽ നിരവധി കാര്യങ്ങൾ പറയാനുണ്ടാകും. കിട്ടിയ അവസരത്തിൽ അതിനെ രാഷ്ട്രീയമാക്കി മാറ്റിയതിനുശേഷം ഞങ്ങൾക്ക് വിഷയദാരിദ്ര്യമാണെന്ന് പറയുന്നതിൽ കാര്യമില്ല. ലഭിച്ച മറുപടി പ്രകാരം ഇതുപോലെയുള്ള നൂറിലധികം സ്ഫോടനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ബോംബ് ഉണ്ടാക്കുന്നതിനിടയിൽ കൊലചെയ്യപ്പെട്ട ഏഴുപേർ നിങ്ങളുടെ

പാർട്ടിക്കാരാണ്. അവരോടും അവരുടെ കുടുംബത്തോടും അനുകമ്പ നിങ്ങൾക്കുണ്ടാകണ്ടേ; നിങ്ങളുടെ പാർട്ടിക്കുവേണ്ടിയാണ് അവർ വീട്ടിൽ ബോംബുണ്ടാക്കിയത്. കൊലചെയ്യപ്പെട്ടവരിൽ ബി.ജെ.പി.-ക്കാരുമുണ്ട്. അവരും ബോംബുണ്ടാക്കുന്നതിനിടയിൽ കൊലചെയ്യപ്പെട്ടു. ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നതാണ്. ഇതുസംബന്ധിച്ച് ഏഷ്യാനെറ്റിൽ ഒരു പരമ്പര വന്നപ്പോൾ ഏഷ്യാനെറ്റിനെതിരെയായി. എല്ലാ ചാനലുകളും അധികാരത്തിലിരിക്കുന്ന ആളുകൾക്കെതിരായി വിമർശനം നടത്തും. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് എത്രമാത്രം വിമർശനങ്ങളാണ് അദ്ദേഹത്തിനെതിരായി ഏഷ്യാനെറ്റ് നടത്തിയത്. ഒരടിസ്ഥാനവുമില്ലാത്ത എത്രയോ കാര്യങ്ങൾ ചാനലുകളിലൂടെയും മാധ്യമങ്ങളിലൂടെയും വന്നു. അന്നും ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നു. അദ്ദേഹം അതെല്ലാം കേട്ടു. അദ്ദേഹം എന്താണ് പറഞ്ഞത്; മാധ്യമങ്ങൾക്ക് നമ്മുടെ കാര്യങ്ങൾ പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. കേരളത്തിലെ ബോംബ് സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു ചാനൽ പരമ്പരയായി പുറത്തുവിടുന്നതുപോലും ഉൾക്കൊള്ളാൻ കഴിയാത്ത അസഹിഷ്ണുത എന്തിനാണ് മുഖ്യമന്ത്രിക്ക്? എന്തർത്ഥത്തിലാണ് നമ്മളെ ആരും വിമർശിക്കാൻ പാടില്ലെന്ന് പറയുന്നത്? എല്ലാവരും വിമർശിക്കപ്പെടും,

ദൈവത്തിനെപോലും വിമർശിക്കുന്ന കാലമാണിത്. അങ്ങ് ദൈവത്തെപോലെയാണെന്ന് ഇവരൊക്കെ ഇടയ്ക്കിടയ്ക്ക് അങ്ങയെ സന്തോഷിപ്പിക്കാൻവേണ്ടി പറയുന്ന കാര്യങ്ങൾ കേട്ട് അതിലൊന്നും വീഴരുത്. അങ്ങ് കാരണഭൂതനാണ്, ലോകത്തിന്റെ ആളാണ് എന്നെല്ലാം ഇവർ പറയും. അതെല്ലാം കാര്യസാദ്ധ്യത്തിനും സുഖിപ്പിക്കാൻവേണ്ടിയും പറയുന്നതാണ്. അങ്ങ് അതിലൊന്നും വീഴരുതെന്നാണ് എന്റെ അഭിപ്രായം. അതിൽ വീണ് അങ്ങ് വിമർശനത്തിനതീതനായ വലിയൊരാളാണെന്ന് അങ്ങേയ്ക്ക് തോന്നരുത്. അങ്ങ് പരിണതപ്രജ്ഞനായ രാഷ്ട്രീയ നേതാവാണ്. ഒരു ചാനലും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിമർശിക്കാൻ പാടില്ലെന്ന് പറയുന്നു. ഗവൺമെന്റിനെ മാത്രമല്ലല്ലോ വിമർശിക്കുന്നത്? ശ്രീ. സണ്ണി ജോസഫ് ആദ്യം ഉപയോഗിച്ച വാചകമുണ്ട് - 'ഗോഡ്സ് ഓൺ കൺട്രി'. കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന് പറയുന്ന സ്ഥലത്ത് ബോംബ് നിർമ്മാണവും സ്ഫോടനങ്ങളും നടക്കുന്നുവെന്നത് അപമാനകരമായ കാര്യമാണ്. അത് ഒരു ചാനൽ സീരിയലൈസ് ചെയ്തത് എന്തിനാണ്; അവർക്ക് ഇത് അവസാനിപ്പിക്കണമെന്ന സോഷ്യൽ പർപ്പസുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള പല കാര്യങ്ങളും ചാനലുകൾ കൊണ്ടുവരും. ഭരണത്തിലിരിക്കുന്ന ആളുകളും രാഷ്ട്രീയ നേതാക്കളും വിമർശിക്കപ്പെടുന്നത്

സ്വാഭാവികമാണ്. അതിലൊന്നും യാതൊരു വിധത്തിലുള്ള അസ്വസ്ഥതയും ഉണ്ടാകേണ്ടതില്ല. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ഒരു കേസ് പറഞ്ഞു. പവിത്രൻ മാഷ് കയ്യിൽ ബാഗും വച്ച് സ്കൂളിൽ പോയതുസംബന്ധിച്ച് പറഞ്ഞതുകേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. എം. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ കുഞ്ഞനന്തൻ മാഷിനെപോലെയുള്ള വലിയ കഥാപാത്രങ്ങളുണ്ട്. ഓരോ ഗ്രാമത്തിലും സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്ത ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിനിന്ന അദ്ധ്യാപകരുണ്ട്. പ്രത്യേകിച്ച് മലബാറിലെ അദ്ധ്യാപകരെക്കുറിച്ചൊക്കെ നമ്മുടെ മനസ്സിൽ വലിയൊരു സങ്കൽപ്പമുണ്ട്. എന്നാൽ സി.പി.ഐ(എം)-ന്റെ പവിത്രൻ മാഷ് ബാഗും കക്ഷത്തുവച്ച് സ്കൂളിൽ പോയപ്പോൾ ബാഗിനകത്ത് ബോംബായിരുന്നു. അത് സ്റ്റാഫ് റൂമിൽ കൊണ്ടുവച്ചു. ഒരു ടീച്ചറുടെ കൈ തട്ടി ബാഗ് വീണ് അത് പൊട്ടിത്തെറിച്ചു. അതിനാൽ കാര്യങ്ങൾ എവിടെവരെ എത്തിനിൽക്കുന്നുവെന്ന് നമ്മൾ അറിയണം. അപകടകരമായ, നാടിന് അപമാനകരമായ, നിരപരാധികൾ കൊല്ലപ്പെടുന്ന ഈ സ്ഥിതിവിശേഷമൊന്നും വിഷയമല്ലെന്ന് പറഞ്ഞ്, വിഷയ ദാരിദ്ര്യം ആർക്കാണുള്ളതെന്ന് ഈ സമൂഹത്തിന് ബോദ്ധ്യപ്പെടുത്തിക്കൊടുത്തത്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെയാണ്. അതുകൊണ്ട് ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആക്രി പെറുക്കുമ്പോൾ ബോംബ് പൊട്ടി രണ്ട് അന്യസംസ്ഥാന തൊഴിലാളികൾ മരിച്ച സംഭവം എന്തായാലും നിസ്സാരമല്ല. നമ്മുടെ സംസ്ഥാനം ഗോഡ്സ് ഓൺ കൺട്രിയാണെന്ന് ഇന്ന് രാവിലെ ടൂറിസത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ഇവിടെ പറയുകയുണ്ടായി. രണ്ട് അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ആക്രി പെറുക്കിയസമയത്ത് ബോംബ് പൊട്ടി മരിച്ചത് സംസ്ഥാനത്തിന് അപമാനകരമായ ഒരു സംഭവമാണ്. അതുമായി ബന്ധപ്പെട്ടുവന്ന രാഷ്ട്രീയ ചർച്ചയിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കേരളത്തിൽ ഇങ്ങനെയുള്ള പ്രശ്നമുണ്ട്. നമ്മൾ കണ്ണടച്ച് ഇരുട്ടാക്കിയതുകൊണ്ട് കാര്യമൊന്നുമില്ല. എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും ഇതിന്റെ സ്വാദറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതിനെ നിസ്സാരവത്ക്കരിക്കുന്നതിൽ കാര്യമില്ല. ഇത് ചർച്ച ചെയ്യേണ്ട വിഷയമാണ്. കാരണം അവിചാരിതമായി പറമ്പിൽ ആക്രി പെറുക്കിനടന്ന

അന്യസംസ്ഥാന തൊഴിലാളികളായ രണ്ട് ആളുകൾ കേരളത്തിൽവച്ച് ബോംബുപൊട്ടി മരണപ്പെട്ടുവെന്ന് പറയുന്നത് വളരെ നിസ്സാരമായ കാര്യമല്ല. കേരളത്തിൽ പരക്കെ ബോംബുണ്ട്, അല്ലെങ്കിൽ ബോംബ് ഉപയോഗിച്ച് രാഷ്ട്രീയ എതിരാളികളെ വകവരുത്തുമെന്നൊക്കെ പറയുന്ന കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് കടന്നാൽ ആര് ആരെയെന്നുള്ളത് നിർത്താതെ പറയേണ്ടതായിവരും. എന്നാൽ ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച വിഷയം വളരെ ഗൗരവമേറിയതാണ്. ബോംബ് പൊട്ടി മരിച്ചതിനാൽ അന്യസംസ്ഥാനത്തുള്ള രണ്ട് ആളുകളുടെ ഡെഡ് ബോഡിയാണ് ഇവിടെനിന്നും കൊണ്ടുപോയത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അതുകൊണ്ട് ബോംബ് സംസ്കാരം ഇല്ലാതാക്കാൻവേണ്ടിയുള്ള ചർച്ചയാണ് നടത്തേണ്ടത്. ഇവിടെ പരസ്പരം കുറ്റാരോപണം നടത്തുന്ന ചർച്ചയായി ഇതുമാറി. അത് ബോംബ് സംസ്കാരത്തിന് പ്രോത്സാഹനമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം ഗൗരവമായി കാണാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട

അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇരിട്ടി മുനിസിപ്പാലിറ്റിയിലും കണ്ണൂർ ജില്ലയിലും സംസ്ഥാനത്തൊട്ടാകെയും ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമസമാധാന തകർച്ചയിലുള്ള ആശങ്കയാണ് ഇന്നിവിടെ പ്രകടിപ്പിച്ചത്. കണ്ണൂർ ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിലുണ്ടായ വിവിധ സ്ഫോടനങ്ങളാണ് ഇന്നിവിടെ സൂചിപ്പിച്ചത്. ഇത് ഗൗരവമേറിയ വിഷയമാണ്. അത് കേരളത്തിന്റെ ക്രമസമാധാനത്തെ സംബന്ധിച്ച വലിയ ആശങ്കകളും ചോദ്യങ്ങളുമാണ് ഉയർത്തുന്നത്. ഈ വിഷയം ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് അത് ചർച്ച ചെയ്ത് പരിഹരിക്കേണ്ടത്. ഇതിന് ആരോപണ-പ്രത്യാരോപണങ്ങളല്ല, ഫലപ്രദമായ നടപടിയാണ് ആവശ്യം. കൊല്ലപ്പെട്ടവരുടെ കണക്കുകൾ നിരത്തുമ്പോൾ അത് കേൾക്കുന്ന കുടുംബങ്ങളിലെ ആളുകളുടെയൊക്കെ വികാരങ്ങൾകൂടി മനസ്സിലാക്കാൻ കഴിയണം. രാഷ്ട്രീയ പാർട്ടികളുടെ ഇച്ഛാശക്തിയാണ് ഇവിടെ ആവശ്യം.

ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കില്ലെന്ന ഉറപ്പാണ് കേരളത്തിന് ആവശ്യം. ഇങ്ങനെയുള്ള വിഷയങ്ങളാണ് ഗൗരവമായി ചർച്ച ചെയ്യേണ്ടത്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി.)

**11.00 AM]**

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III. ശ്രദ്ധ ക്ഷണിക്കൽ

1. പൊതുമരാമത്ത് കരാറുമായി ബന്ധപ്പെട്ട അധിക സാമ്പത്തിക ബാദ്ധ്യത

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയും ഉൾപ്പെടും. നിർമ്മാണ പ്രക്രിയയിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒരു വിഭാഗമായ കരാറുകാരുടെ താൽപ്പര്യത്തിനനുസരിച്ചാണ് സമയബന്ധിതമായി പ്രവൃത്തികൾ

പൂർത്തീകരിക്കാൻ കഴിയുക. ഇവരിൽ ഒരു വിഭാഗം സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുകയും അതിന്റെ ഭാഗമായി സർക്കാർ അനുവദിക്കുന്ന ഇൻസെന്റീവ് ഉൾപ്പെടെ നേടുകയും ചെയ്യുന്നുണ്ട്. എന്നാൽ മറ്റൊരു വിഭാഗം എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചാൽ പലവിധ കാരണങ്ങൾ പറഞ്ഞും പറയാതെയും നിശ്ചിതസമയത്ത് പണി പൂർത്തീകരിക്കാതെ മാസങ്ങളും വർഷങ്ങളും നീട്ടിക്കൊണ്ടുപോകുന്നതും കാണാൻ കഴിയും. ഇത് സംസ്ഥാനത്ത് പൊതുവിൽ എല്ലാ ജില്ലകളിലുമുള്ളതാണ്. ഉദാഹരണമായി കാസർഗോഡ് ജില്ലയിലെ ഏതാനും വർക്കുകളുടെ കാര്യംമാത്രം ചൂണ്ടിക്കാണിക്കാം. 18 മാസം കാലാവധിയിൽ നീലേശ്വരം-ഇടത്തോട് റോഡ്, 30 കോടി രൂപയുടെ പ്രവൃത്തി 2019 മാർച്ച് മാസത്തിൽ ആരംഭിച്ച് 2020 സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കേണ്ടതായിരുന്നു. രണ്ടുവർഷം കഴിഞ്ഞിട്ടും ആ പണി പൂർത്തീകരിക്കാതെ കിടക്കുകയാണ്. കരിന്തളം, കിളിയളം-വരഞ്ഞൂർ റോഡ്, 25 കോടി രൂപയുടെ പ്രവൃത്തി 2019 ജനവരി മാസത്തിൽ ആരംഭിച്ചു, 12 മാസമാണ് കാലാവധി. 2020 ജനവരി മാസത്തിൽ

അവസാനിക്കേണ്ടതായിരുന്നു. ഇന്നും പണി പൂർത്തീകരിക്കാതെ, റോഡാകെ കിളച്ചുമറിച്ച് മാസങ്ങളോളമായി കാൽനട യാത്ര പോലും കഴിയാത്ത അവസ്ഥയിലാണ്. 46 കോടി രൂപയുടെ കല്ലട്ടുക്ക-ചെർക്കള റോഡ്, 12 മാസ കാലാവധിയിൽ 2018 ഒക്ടോബർ മാസത്തിൽ പ്രവൃത്തി ആരംഭിച്ച് 2019 ഒക്ടോബർ മാസത്തിൽ അവസാനിക്കേണ്ടതായിരുന്നു. 2022 ആയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. പാണത്തൂർ-കല്ലപ്പള്ളി റോഡ്, 4.6 കോടി രൂപയുടെ പ്രവൃത്തി 6 മാസം കാലാവധിയിൽ 2020 ഫെബ്രുവരി മാസത്തിൽ ആരംഭിച്ച് 2020 ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കേണ്ടത് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. 98 കോടി രൂപയുടെ ചെറുവത്തൂർ - ചീമേനി - ചിറ്റാരിക്കൽ - ഭീമനടി റോഡ്; 2019 ജൂലൈ മാസത്തിലാണ് പ്രവൃത്തി ആരംഭിച്ചത്. 24 മാസമാണ് അതിന്റെ കാലാവധി. 2021-ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിയായിരുന്നു. ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ഇത്തരത്തിൽ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്രയോ ഉദാഹരണങ്ങൾ സംസ്ഥാനത്തെ എല്ലാ

മേഖലകളിലും കാണാൻ കഴിയും. ചിലർ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചുപോവുകയും ചെയ്യു. ഉപേക്ഷിക്കപ്പെടുന്ന റോഡുകളുടെയോ പാലങ്ങളുടെയോ കാര്യത്തിൽ കരാറുകാരെ ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ സംസ്ഥാന ഖജനാവിന് കൂടുതൽ സാമ്പത്തികബാദ്ധ്യത ഉണ്ടാകുന്നു. ഇങ്ങനെ ദീർഘകാലം പണി പൂർത്തീകരിക്കാതെ പ്രവൃത്തി ഒഴിവാക്കിപ്പോകുന്ന കോൺട്രാക്ടർമാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും അങ്ങനെ ചെയ്യാതെ പലപ്പോഴും ഫൈൻ അടിക്കുകയോ അപൂർവ്വം ചില കേസുകൾ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയോ ചെയ്യും. ഏറ്റെടുത്ത പ്രവൃത്തികളുടെ റിസ്ക് ആന്റ് കോസ്റ്റ് ഇവരിൽനിന്ന് പിടിച്ചെടുക്കാൻ തീരുമാനിച്ച് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ളവ റെക്കമന്റ് ചെയ്യുമെങ്കിലും അത് സ്വീകരിച്ചതായി പലപ്പോഴും കാണാനില്ല. അല്ലെങ്കിൽ അവർ അതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി എല്ലാമാർഗ്ഗങ്ങളും സ്വീകരിക്കുന്നുവെന്നതാണ് ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കാണാൻ സാധിക്കുന്നത്. ഇത്തരക്കാരായ കരാറുകാർ ആരെയും ഭയപ്പെടേണ്ടതില്ലെന്ന മനോഭാവത്തോടുകൂടിയാണ് പ്രശ്നങ്ങൾ

കൈകാര്യം ചെയ്ത് മുന്നോട്ടുപോകുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ സമയബന്ധിതമായി പണി പൂർത്തീകരിക്കാതിരിക്കുകയോ, പാതിവഴിയിൽ ഉപേക്ഷിക്കുകയോ ചെയ്ത് റീ-ടെണ്ടർ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഖജനാവിന് വരുന്ന അധിക സാമ്പത്തികബാദ്ധ്യത കരാറുകാരുടെ മേൽ ചുമത്താനും അവരിൽനിന്ന് പിടിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് സംവിധാനം ഉണ്ടാക്കണമെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ ശ്രീ. ഇ. ചന്ദ്രശേഖരൻ, ഇവിടെ കൊണ്ടുവന്നിട്ടുള്ള വിഷയം വളരെ പ്രധാനപ്പെട്ടതാണ്. പൊതുമരാമത്ത് വകുപ്പ് നിരന്തരമായി പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന ഒരു വിഷയമാണിത്. ഈ ശ്രദ്ധക്ഷണിക്കലിൽ മറ്റുകാര്യങ്ങളും വന്നിട്ടുണ്ട്. മത്സരാധിഷ്ഠിത ഇ-ടെണ്ടറുകൾ ക്ഷണിച്ചാണ് പൊതുമരാമത്ത് പ്രവൃത്തിയുടെ കരാറുകാരെ നിശ്ചയിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ പ്രവൃത്തിക്ക് സമയപരിധി നിശ്ചയിക്കുകയും ടെണ്ടർ രേഖകളിൽ അത്

പരസ്യപ്പെടുത്തുകയും ചെയ്യും. കൂടാതെ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ standard bid document-ലും കരാറിലും ഉൾപ്പെടുത്തുകയും ചെയ്യും. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്നുള്ളത് പി.ഡബ്ല്യു.ഡി.-യുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഇതിനായി ഓരോ പ്രവൃത്തിയും കൃത്യമായി വിലയിരുത്തുന്ന സംവിധാനം വകുപ്പിൽ നിലവിലുണ്ട്. ജില്ലാ ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റിയും (ഡി.ഐ.സി.സി.), പി.ഡബ്ല്യു.ഡി. മിഷൻ ടീമും കൃത്യമായി പദ്ധതികൾ വിലയിരുത്തുന്നു. ആരംഭിക്കാതിരിക്കുകയോ, തടസ്സപ്പെട്ടുകിടക്കുകയോ ചെയ്യുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക വിലയിരുത്തലും തീരുമാനങ്ങളും ഇത്തരം യോഗങ്ങളിൽ ഉണ്ടാകുന്നുണ്ട്. ഭൂരിഭാഗം കരാറുകാരും നല്ലനിലയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നവരാണ്. കുറെക്കാലത്തെ ഇടവേളയ്ക്കുശേഷം നല്ലനിലയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന കരാറുകാർക്ക് ഗവണ്മെന്റ് ഇൻസെന്റീവ് നൽകാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ സൈറ്റ് കൈമാറിയിട്ടും പ്രവൃത്തി ആരംഭിക്കാത്ത സംഭവങ്ങൾ സംസ്ഥാനത്തുണ്ട്. കൃത്യമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിലും ചിലർ വീഴ്ച വരുത്തുന്നുണ്ട്. അത്തരം

സംഭവങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, standard bid document എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് പിഴ ചുമത്തൽ, കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കൽ, ലൈസൻസ് റദ്ദ് ചെയ്യൽ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ വിവിധ നടപടികളാണ് സ്വീകരിക്കുന്നത്. അകാരണമായി പ്രവൃത്തി പൂർത്തിയാക്കാതിരിക്കുകയോ, നിശ്ചിത സമയത്തിനകം ആരംഭിക്കാതിരിക്കുകയോ ചെയ്ത 49 പ്രവൃത്തികളിൽനിന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ ബന്ധപ്പെട്ട കരാറുകാരെ ഒഴിവാക്കിയിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാതെ തെറ്റായ പ്രവണതകളുടെ പിടിയിൽപ്പെട്ട് നിലകൊള്ളുന്ന കരാറുകാർ തീർച്ചയായും ഭയക്കേണ്ട ഒരു സർക്കാരാണ് ഇന്ന് കേരളത്തിൽ ഭരിക്കുന്നതെന്നുള്ളത് നിസ്സംശയം പറയാൻ സാധിക്കും. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തോടെയാണ് കരാർ ഒഴിവാക്കുന്നത്. അത്തരം സംഭവങ്ങളിൽ സർക്കാരിന് നഷ്ടം സംഭവിക്കാറില്ല. എന്നാൽ സമയനഷ്ടം

പലപ്പോഴും ജനങ്ങൾക്ക് ബുദ്ധിമുട്ടായി മാറുന്നുണ്ട്. ഒട്ടനവധി പ്രവൃത്തികളിൽ വീഴ്ചവരുത്തിയ കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. പലയിടങ്ങളിലും പ്രവൃത്തി റീഅറേഞ്ച് ചെയ്യുന്നതിലെ കാലതാമസം ചൂണ്ടിക്കാണിച്ച് പലരും ടെർമിനേഷനോട് വൈമനസ്യം കാണിക്കാറുണ്ട്. ടെർമിനേറ്റ് ചെയ്തുകഴിഞ്ഞാൽ അടുത്ത് റീടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാൻ സമയമെടുക്കുന്നത് എം.എൽ.എ.-മാർക്കും പ്രയാസങ്ങൾ ഉണ്ടാക്കുന്നു. അതിനാൽ ടെർമിനേറ്റ് ചെയ്യണോ വേണ്ടയോ എന്ന കാര്യത്തിൽ ചർച്ചചെയ്ത് സമയം നീണ്ടുപോകുന്ന ഒരു സ്ഥിതി സംസ്ഥാനത്തുണ്ട്. എന്നാൽ നിശ്ചിതകാലയളവിനകം പ്രവൃത്തി റീടെണ്ടർ ചെയ്യുക എന്നതാണ് വകുപ്പിന്റെ നിലപാട്. ബഹുമാനപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണന്റെ മണ്ഡലമായ പേരാമ്പ്രയിലെ താനിക്കണ്ടി - ചക്കിട്ടപ്പാറ റോഡ് ടെർമിനേഷൻ നടത്തി വേഗത്തിൽ റീടെണ്ടർ ചെയ്ത പ്രവൃത്തിയാണ്. 14-10-2021-ന് ടെർമിനേറ്റ് ചെയ്തു, 09-11-2021-ന് വർക്ക് റീ-അറേഞ്ച് ചെയ്ത് സംസ്ഥാന ചരിത്രത്തിൽ ഏറ്റവും വേഗത്തിൽ റീടെണ്ടർ ചെയ്യാൻ പേരാമ്പ്ര മണ്ഡലത്തിൽ സാധിച്ചിട്ടുണ്ട്. പേരാമ്പ്ര മോഡൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കാനാകണം. ഇതിനായി കൃത്യമായ മാനദണ്ഡം തയ്യാറാക്കാൻ പി.ഡബ്ല്യൂ.ഡി. മിഷൻ ടീം യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

അദ്ദേഹം അവസാനം പറഞ്ഞ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കെട്ടിടങ്ങൾ ഒരു പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. കേരളത്തിലെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ഒരു യോഗം വിളിച്ചുകൂട്ടി. ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി കിട്ടാൻ ഏഴും എട്ടും വർഷങ്ങളെടുത്ത പദ്ധതികളാണ്. അത് കേരളത്തിൽ സമീപകാലത്തില്ലാത്ത നിലയിൽ രണ്ട് മന്ത്രിമാർ പങ്കെടുത്ത് യോഗം നടത്തി ഭരണാനുമതി കിട്ടി, സാങ്കേതികാനുമതി കിട്ടാത്തവയ്ക്ക് അത് നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ടുതന്നെ സർക്കാർ മുന്നോട്ടുപോകും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ സമീപകാലത്ത് സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് പറഞ്ഞത് സ്വാഗതാർഹമാണ്. അടിയന്തരമായി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അത് പര്യാപ്തമാകുമെന്നാണ് തോന്നുന്നത്. പ്രധാനമായും ഇവിടെ ചൂണ്ടിക്കാണിച്ച കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ പേരാമ്പ്ര മോഡൽ എല്ലായിടത്തും നടപ്പാക്കണമെന്ന അർത്ഥത്തിലല്ലെങ്കിലും

ഇങ്ങനെ ഉപേക്ഷിച്ചുപോകുന്ന കോൺട്രാക്ടർമാർ ഒരു പാഠം പഠിക്കാനുള്ള നടപടി സ്വീകരിക്കത്തക്കവിധമുള്ള നടപടിയുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണ്. വളരെ ബുദ്ധിമുട്ടിയാണ് പേരാമ്പ്രയിൽ ഈ തീരുമാനം കൈക്കൊള്ളാൻ സാധിച്ചത്. ഞാൻ നേരത്തെ സൂചിപ്പിച്ചു, പൊതുമരാമത്ത് വകുപ്പിലെ ഭൂരിഭാഗം ഉദ്യോഗസ്ഥരും കരാറുകാരും നല്ലനിലയിൽ പ്രവർത്തിക്കുന്നവരാണ്. എന്നാൽ ഒരു ന്യൂനപക്ഷം പ്രത്യേക കോക്കസായി തെറ്റായ പ്രവണതയിലൂടെ കടന്നുപോകുന്ന രീതി സംസ്ഥാനത്തുണ്ട്. ആ മൈക്രോ മൈനോരിറ്റിതന്നെയാണ് ടെർമിനേറ്റ് ചെയ്യപ്പെടുന്ന പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിന് കാലതാമസം വരുത്തുന്ന നിലയിലേയ്ക്കുള്ള നിലപാടുകൾ സ്വീകരിക്കുന്നത്. ആ കോക്കസിനെതിരെ സന്ധിയില്ലാത്ത നിലപാടായിരിക്കും സർക്കാർ സ്വീകരിക്കുക എന്നുള്ളതും സഭയെ അറിയിക്കുകയാണ്.

## 2. മെഡിസെപ് പദ്ധതി

ശ്രീ. രമേശ് ചെന്നിത്തല: സർ, തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും പരിരക്ഷയും ഉറപ്പുവരുത്തുക എന്നുള്ളത് ഏത് തൊഴിൽ ദാതാവിന്റെയും ഉത്തരവാദിത്വമാണ്. Medical Attendance Rules, 1960

അനുസരിച്ച് സർക്കാർ ജീവനക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്നുള്ളത് സർക്കാരിന്റെ ചുമതലയാണ്. ഇവിടെ നേരത്തെയുണ്ടായിരുന്നത് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റാണ്. അതായത് ജീവനക്കാർ രോഗം വന്ന് ചികിത്സിച്ചാൽ അവർക്ക് പിന്നീട് റീ-ഇംബേഴ്സ്മെന്റിലൂടെ പണം നൽകും. ഇപ്പോൾ നടപ്പിലാക്കിയ മെഡിസെപ് പദ്ധതി ജീവനക്കാരുടെ താൽപ്പര്യങ്ങളെ പൂർണ്ണമായും വഞ്ചിക്കുന്നതാണെന്നാണ് അനുഭവത്തിലൂടെ കാണാൻ കഴിഞ്ഞിട്ടുള്ളത്. ആറ് വർഷമായി മെഡിസെപ്പിനെക്കുറിച്ച് പറയുന്നു. ഗൃഹപാഠം ചെയ്യാതെയും മുന്നൊരുക്കമില്ലാതെയും വളരെപ്പെട്ടെന്നാണ് ടി പദ്ധതി നടപ്പിലാക്കിയത്. 700 കോടി രൂപ ഇൻഷ്വറൻസ് കമ്പനികളുടെ കൈകളിലേയ്ക്ക് യാതൊരു പ്രയാസവുമില്ലാതെ എത്തിച്ചേരുന്നൊരു മാർക്കറ്റിംഗ് പ്രവർത്തനമെന്ന നിലയിലാണ് ഇതിനെ കാണേണ്ടത്. ജീവനക്കാരുടെ താൽപ്പര്യം ഇക്കാര്യത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല. ഇത്രയും തിടുക്കത്തിൽ നടപ്പിലാക്കിയ മെഡിസെപ്പിന്റെ യഥാർത്ഥ സ്ഥിതി പരിശോധിച്ചാൽ പ്രശസ്തമായ ഒരു ആശുപത്രിപോലും എംപാനൽ ലിസ്റ്റിൽ വന്നിട്ടില്ല. ആദ്യഘട്ടത്തിൽ പല ലിസ്റ്റുകളും സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. യഥാർത്ഥ ലിസ്റ്റ് വന്നപ്പോൾ 'മല എലിയെ പ്രസവിച്ചതുപോലെ'യാണ്. വിദഗ്ദ്ധചികിത്സാ

സൗകര്യം നൽകുന്ന പ്രശസ്തമായ ഒരു ആശുപത്രിപോലും ലിസ്റ്റിലില്ല. എല്ലാ ജില്ലകളിലെയും അവസ്ഥ ഇതുതന്നെയാണ്. തന്നെയുമല്ല, ലിസ്റ്റിലുള്ള ആശുപത്രികളിൽ കൂടുതലും കണ്ണാശുപത്രികളാണ്. കണ്ണാശുപത്രികളിലാണോ കാൻസറിനും ഹൃദയസംബന്ധമായ അസുഖങ്ങൾക്കും ചികിത്സിക്കേണ്ടത്? പല എംപാനൽ ആശുപത്രികളെയും ആദ്യമായിട്ടാണ് ജീവനക്കാർ കേൾക്കുന്നത്. ഈ ആശുപത്രികൾ എവിടെയാണെന്ന് തപ്പിനടക്കേണ്ട സ്ഥിതിയാണ്. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 2013-ൽ 84 സ്വകാര്യ ആശുപത്രികളെക്കൂടി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന്റെ പരിധിയിൽ കൊണ്ടുവന്നതാണ്. പ്രസ്തുത ആശുപത്രികളിൽ പലതും ഈ എംപാനൽ ലിസ്റ്റിലില്ല. എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുന്ന ആശുപത്രികളുടെ ലിസ്റ്റിൽ പല ബുദ്ധിമുട്ടുകളും വിവേചനങ്ങളും ജീവനക്കാർക്ക് നേരിടേണ്ടിവരുന്നുണ്ട്. മെഡിസെപ് ഏജൻസി ഉറപ്പ് നൽകുന്ന ചികിത്സപോലും പല എംപാനൽ ആശുപത്രികളിൽനിന്നും ലഭിക്കാത്ത സാഹചര്യമുണ്ട്. ഉദാഹരണം അങ്കമാലിയിലെ ഒരു സ്വകാര്യ ആശുപത്രിയുടെ നോട്ടീസാണ് എന്റെ കൈവശമുള്ളത്. ഇവിടെ കാർഡിയോളജി, ഓങ്കോളജി, നെഫ്രോളജി തുടങ്ങിയ വിഭാഗങ്ങളിലെ ട്രീറ്റ്മെന്റ് ലഭിക്കുമെന്നാണ് മെഡിസെപ് ലിസ്റ്റിൽ പറയുന്നത്. എന്നാൽ

ആശുപത്രിയുടെ നോട്ടീസിൽ പറയുന്നത് ഒഫ്ത്താൽമോളജി, പ്ലാസ്റ്റിക് സർജറി ഉൾപ്പെടെയുള്ള ചുരുക്കം വിഭാഗങ്ങളിൽ മാത്രമേ ട്രീറ്റ്മെന്റ് ഉള്ളൂവെന്നാണ്. ഇതൊരു ഉദാഹരണം മാത്രമാണ്. ഇതാണ് പല ആശുപത്രികളുടെയും സ്ഥിതി. എംപാനൽ ചെയ്തിട്ടുള്ള ഒട്ടുമിക്ക ആശുപത്രിയുടേയും സ്ഥിതി ഇതാണ്. എന്തെങ്കിലും അത്യാഹിതമുണ്ടായി ആശുപത്രിയിലേയ്ക്ക് പോകുന്നതിനുമുമ്പ് മെഡിസെപ്പിന്റെ ലിസ്റ്റ് പരതി ആശുപത്രിയിൽ എത്തേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ജീവനക്കാരുടെ ലീവ് സറണ്ടർ, ഡി.എ. കുടിശ്ശിക എന്നിവ അനുവദിക്കാത്ത സർക്കാർ ഇത്തരത്തിൽ ജീവനക്കാരെ വീണ്ടും ദ്രോഹിക്കുന്നത് ശരിയല്ല. പല രോഗങ്ങൾക്കും ദീർഘനാളത്തെ മരുന്നും ഫോളോ അപ്പും ആവശ്യമാണ്. എന്നാൽ ഔട്ട് പേഷ്യന്റ് ചികിത്സ മെഡിസെപ്പിന്റെ ഭാഗമാകാത്തത് ജീവനക്കാർക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. കൈനനയാതെ മീൻ പിടിക്കുന്ന തന്ത്രമാണ് സർക്കാർ മെഡിസെപ്പിലൂടെ സ്വീകരിക്കുന്നത്. സർക്കാരിന് നയാപൈസയുടെ മുടക്കില്ല. എന്നാൽ ജീവനക്കാരുടെ വിഹിതത്തിൽനിന്നൊരു പങ്ക് കവർന്നെടുക്കുന്നു. ജീവനക്കാരിൽനിന്നും പെൻഷൻകാരിൽനിന്നും പ്രതിമാസം 500/- രൂപവച്ച് ആകെ 6,000/- രൂപയാണ് വാർഷിക പ്രീമിയമായി സർക്കാർ നിർബന്ധിതമായി

ഈടാക്കുന്നത്. ഇതിൽനിന്ന് 5,664/- രൂപ മാത്രമാണ് ജീവനക്കാരുടെ വിഹിതമായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത്. ബാക്കി തുകയായ 336/- രൂപ സർക്കാർ അടിച്ചെടുക്കുകയാണ്. ഇപ്രകാരം 12 ലക്ഷം പേരിൽ നിന്ന് 336/- രൂപ വീതം ഏകദേശം 40 കോടി രൂപ ധനകാര്യ വകുപ്പിന് ജീവനക്കാരിൽനിന്ന് ലഭിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. വാർഷിക ബഡ്ജറ്റിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് മാറ്റിവച്ച 230 കോടി രൂപ കൂടി സർക്കാരിന് ലഭിക്കുകയാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ കാര്യത്തിലെ സ്ഥിതി ഇതിലും വിചിത്രമാണ്. അവർ ഈ പദ്ധതിയിൽ ചേരുന്നതിന് മൂന്ന് വർഷത്തെ പ്രീമിയം തുക, അതായത് 18,000 രൂപ ഒരുമിച്ചടയ്ക്കണമെന്നാണ് സർക്കാരിന്റെ കല്പന. ഡി.എ. കുടിശ്ശിക ലഭിക്കാതെയും ലീവ് സറണ്ടർ ആനുകൂല്യങ്ങൾ ലഭിക്കാതെയും നട്ടംതിരിയുന്ന ജീവനക്കാർ എങ്ങനെ ഇത് അടയ്ക്കും? ദമ്പതികളായ ജീവനക്കാരുടെയും പെൻഷൻകാരുടെയും കാര്യത്തിലും പ്രശ്നങ്ങളുണ്ട്. അവർ രണ്ട് പേരുടെയും ശമ്പളം, പെൻഷൻ എന്നിവയിൽനിന്ന് 500 രൂപ വീതം പ്രതിമാസം ഈടാക്കും. പ്രതിവർഷം 12,000 രൂപയാണെങ്കിലും നിലവിലുള്ള കവറേജ് മാത്രമേ ലഭിക്കുകയുള്ളൂ. സത്യത്തിൽ ഈ പദ്ധതിക്ക് മെഡിസെപ് എന്നല്ല മേടിക്കൽസെപ്

എന്നാണ് പേരിടേണ്ടത്. പാവപ്പെട്ട സർക്കാർ ജീവനക്കാരുടെ കയ്യിൽനിന്ന് നേരത്തെ ഒരു രൂപപോലും മുടക്കാതെ ലഭിച്ചിരുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇപ്പോൾ അവർ 500 രൂപ അടച്ച് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരേണ്ടിവരുന്നു. മാത്രവുമല്ല സർക്കാരിന്റെ ഒരാനുകൂല്യവും ഈ പദ്ധതിപ്രകാരം ഒരാശുപത്രിയിൽനിന്നും ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്ന പരാതി വളരെ വലുതാണ്. ജീവനക്കാർ നൽകുന്ന പ്രീമിയത്തിന് തുല്യമായ തുക സർക്കാർ നൽകണമെന്നാണ് എന്റെ സജഷൻ. അതിലൂടെ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ മെച്ചപ്പെടുത്തണം. ജില്ലകളിലുള്ള എല്ലാ പ്രശസ്ത വിദഗ്ദ്ധ ആശുപത്രികളെയും പദ്ധതിയുടെ ഭാഗമാക്കണം. എംപാനൽ ചെയ്ത എല്ലാ ആശുപത്രികളിലും ചികിത്സ ഉറപ്പാക്കണം. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, IFMA (Interest Free Medical Advance) സൗകര്യം ലഭ്യമാകുന്ന എല്ലാ സ്വകാര്യ ആശുപത്രികളെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളെയും എംപാനൽ ചെയ്യണം. ഒ.പി. ചികിത്സാ പദ്ധതിയുടെ ഭാഗമാക്കണം. ആൾ ഇന്ത്യ ജീവനക്കാർക്ക് സമാനമായി സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതി ഓപ്ഷണലാക്കണം. കുറ്റമറ്റ പരാതി പരിഹാര സംവിധാനവും ഹെൽപ്പ്

ഡെസ്കുകളും ഇക്കാര്യത്തിലൊരുക്കണം. ഇതൊക്കെ ചെയ്തിട്ടുവേണമായിരുന്നു ഈ പദ്ധതി ആരംഭിക്കേണ്ടിയിരുന്നത്. ജൂലൈ 1-ാം തീയതി തിടുക്കപ്പെട്ട് യാതൊരു ഹോംവർക്കും ചെയ്യാതെ ആരംഭിച്ച ഈ പദ്ധതിമൂലം സംസ്ഥാനത്തെ സർക്കാർ ജീവനക്കാർ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അവർക്ക് നേരത്തെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾപോലും ഇല്ലാതായിരിക്കുന്നു. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മെഡിസെപ് ഒരു പുതിയ പദ്ധതിയായി കേരളമാകെ അംഗീകരിച്ചിരിക്കുകയാണ്. ഏറ്റവും നല്ല പദ്ധതിയെന്നുള്ള ഒരു അംഗീകാരം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ലഭിക്കുകയാണ്. പദ്ധതിയെ സംബന്ധിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ച ചില ആശങ്കകൾക്ക് മറുപടി നൽകുന്നതോടൊപ്പം നേരത്തെ നൽകിയ ചോദ്യങ്ങൾക്കുള്ള മറുപടിയും പറയാം. ചില രാഷ്ട്രീയമായ കാര്യങ്ങൾ പറഞ്ഞെങ്കിലും അതിനുള്ള മറുപടി ഇതിന്റെ ഭാഗമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മെഡിസെപ് ഇന്ത്യയ്ക്കുതന്നെ മാതൃകയാകാൻ പോകുന്ന പദ്ധതിയാണെന്ന് ഞാൻ പറഞ്ഞു. ഇതൊരു സമ്പൂർണ്ണ ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതിയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആസൂത്രണംചെയ്ത നൂതനമായ ഈ പദ്ധതി രണ്ടാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് 2022 ജൂലൈ 1-ന് യാഥാർത്ഥ്യമാക്കുകയാണ്. ഈ പദ്ധതിയിൽ സർക്കാർ ജീവനക്കാർ മാത്രമല്ല, സർവ്വകലാശാലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പേഴ്സണൽ സ്റ്റാഫംഗങ്ങൾ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരുമുൾപ്പെടെ 35 ലക്ഷത്തിലധികം ആളുകൾക്ക് ഇതിന്റെ പരിരക്ഷ ലഭിക്കും. പതിനൊന്ന് ലക്ഷത്തി മുപ്പത്തിനാലായിരം പേരാണ് ഏകദേശ കണക്കനുസരിച്ച് ഇതിൽ വരുന്നത്. അത്രത്തോളം ബൃഹത്തായ ഒരു പദ്ധതിയാണ്. ഇന്നത്തെ ശ്രദ്ധക്ഷണിക്കലുമായി ബന്ധപ്പെട്ട് അദ്ദേഹം എഴുതി നൽകിയതിലെ ഒരു പ്രധാന ആക്ഷേപം മുമ്പ് ലഭിച്ചുകൊണ്ടിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ആനുകൂല്യം നിർത്തലാക്കിയെന്നതാണ്. ഇത് തികച്ചും വാസ്തവ വിരുദ്ധമാണ്. മെഡിസെപ് പദ്ധതി നടപ്പിലാക്കിയശേഷവും ഔട്ട് പേഷ്യന്റ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരുന്നുണ്ട്. പലിശരഹിത മെഡിക്കൽ അഡ്വാൻസും നിലനിർത്തിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് നിലവിൽ

നൽകിവരുന്ന മെഡിക്കൽ അഡ്വാൻസും അലവൻസും തുടർന്നും ലഭ്യമാകും. ഈ ഇൻഷ്വറൻസ് പദ്ധതിക്കായി പ്രതിമാസം 500 രൂപ ഈടാക്കുന്നുവെന്നും അതിൽനിന്നും 40 കോടിയോളം രൂപ സർക്കാരിന് ലഭിക്കുന്നുവെന്നുമാണ് മറ്റൊരു ആക്ഷേപം. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഇത്തരമൊരു കാര്യം അങ്ങയെപ്പോലെ പരിണതപ്രജ്ഞനായ ഒരാൾ അവതരിപ്പിക്കുമ്പോൾ കുറച്ചുകൂടി ഇക്കാര്യങ്ങൾ സംബന്ധിച്ച് ഹോംവർക്ക് നടത്തേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. മെഡിസെപ് സംബന്ധിച്ച് എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതിയുടെ വിശദാംശങ്ങളും സർക്കാർ ഓർഡറും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൈപുസ്തകവും സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതൊക്കെ അങ്ങ് നോക്കേണ്ടതായിരുന്നു. നിലവിലുള്ള മറ്റ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാൻ ഒരു കുടുംബത്തിന് ഏറ്റവും കുറഞ്ഞത് പ്രതിവർഷം 10,000 രൂപ മുതൽ 12,000 രൂപ വരെ വേണ്ടിവരും. 50 വയസ്സ് കഴിഞ്ഞാൽ, ഒരു ശരാശരി സർക്കാർ ഉദ്യോഗസ്ഥന് സാധാരണ മെഡിക്കൽ ഇൻഷ്വറൻസിൽ ചേരണമെങ്കിൽ 25,000 രൂപയ്ക്ക് മുകളിലാകുമെന്നുമറിയാം. അതുപോലെ ഏതെങ്കിലും രോഗങ്ങളുണ്ടെങ്കിൽ സാധാരണ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാനും കഴിയില്ല.

ആരോഗ്യരംഗത്തിന്റെയും ആയുർദൈർഘ്യത്തിന്റെയും പ്രത്യേകതകൊണ്ട് 90-95 വയസ്സുള്ള പെൻഷൻകാർക്കും ഈ പദ്ധതിയിൽ ചേരാൻ കഴിയും. അതേസമയം മറ്റുള്ള ഇൻഷ്വറൻസ് പദ്ധതിയിലോ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിലോ അറുപതോ എൺപതോ വയസ്സുള്ള ആളുകൾക്ക് ചേരാൻ കഴിയില്ല. അവിടെയാണ് ഒരു മാസത്തെ പ്രീമിയം 500 രൂപവച്ച് പ്രതിവർഷം 6,000 രൂപ പ്രീമിയം വരുന്നത്. പനിക്ക് ഡോക്ടറെ കാണാൻ പോയാൽ കൺസൾട്ടേഷൻ ഫീസും മരുന്നും വാങ്ങുന്ന ആ ചെലവിൽ മുഴുവൻ ചികിത്സയും സർക്കാർ സംവിധാനം ഉപയോഗിച്ച് നടക്കുന്നുവെന്നുള്ളത് ചെറിയൊരു കാര്യമായി കാണരുത്. സർക്കാരിന്റെ ഗ്യാരന്റിയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇത് നടപ്പിലാക്കി തുടങ്ങുന്നതിനുമുമ്പ് വലിയ തർക്കങ്ങളും തടസ്സങ്ങളും കേസുകളും നേരത്തെവന്നു. ആരെങ്കിലുമൊരാളെ ഇഷ്ടപ്പെട്ട് എടുത്തതല്ല, ടെണ്ടർ പ്രോസസ്സിലൂടെയാണ് എടുത്തത്. അതുസംബന്ധിച്ച് ഒരു ഇൻഷ്വറൻസ് കമ്പനിയുടെ കേസ് ഹൈക്കോടതിയിൽ വരികയും അവിടെനിന്ന് വിധിവരികയും തുടർന്നും കേസ് നടപടികൾ നടക്കുന്ന ഘട്ടം വരികയുമുണ്ടായി. ആ സാഹചര്യത്തിൽ നിയമപരമായി എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ട് ടെണ്ടർ പ്രോസസ്സിലൂടെയാണ് ഈ പദ്ധതി

നടപ്പിലാക്കിയത്. അതുകൊണ്ടാണ് ഈ പദ്ധതി തുടങ്ങുന്നതിൽ അല്പം താമസം വന്നത്. വാർഷിക പ്രീമിയം ഇനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ ഈടാക്കുന്ന 6,000 രൂപയിൽ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ ജി.എസ്.ടി. ഉൾപ്പെടെ കൊടുക്കുന്നത് 5,664 രൂപയാണ്. 35 കോടി രൂപയ്ക്ക് മുകളിൽ വരും ബാക്കിയുള്ള പണം. സംസ്ഥാന ഗവൺമെന്റ് പണമൊന്നുമെടുക്കില്ല, ഇത്തരം തെറ്റിദ്ധാരണാജനകമായ കാര്യങ്ങൾ പറയാൻ പാടില്ല. നമ്മളെല്ലാവരും ഇക്കാര്യങ്ങൾ തുടർന്നും പറയേണ്ടവരാണ്. ഈ പണം ഒരു പ്രത്യേക കോർപ്പസ് ഫണ്ടായി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. പന്ത്രണ്ടോളം മാരകരോഗങ്ങൾക്കും അവയവദാന ശസ്ത്രക്രിയയ്ക്കുംവേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് അതിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കും. ഇതിന്റെ ഭാഗമായി പ്രത്യേക സ്കീം കൂടിയുണ്ട്. മെഡിസെപ്പിന്റെ കൂടെയുള്ള ഒരു പ്രത്യേക ഫണ്ടാണ്. ഇതൊക്കെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാരിന് അധിക ചെലവും ഓപ്പറേറ്റിംഗ് എക്സ്പെൻസുമുണ്ട്. എന്നുമാത്രമല്ല, സർക്കാർ സംവിധാനമില്ലെങ്കിൽ ഇങ്ങനെയൊരു ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് വരാൻ കഴിയില്ല. സർക്കാർ ഗ്യാരന്റിയും ഉത്തരവാദിത്വവും മുഴുവൻ ആളുകൾക്കും പണം വാങ്ങിക്കൊടുക്കുന്ന നിലയിൽ, അതായത് സോഷ്യൽ

സെക്യൂരിറ്റി എന്ന നിലയിൽ വലിയൊരു സ്കീമാണ്. ഇക്കാര്യത്തിൽ വേണ്ടത്ര ചർച്ച നടത്തിയിട്ടില്ലെന്ന് ഇതുസബന്ധിച്ച് അങ്ങ് പറഞ്ഞു. ജീവനക്കാരുമായി പലതവണ ചർച്ച നടത്തിയിട്ടുണ്ട്. കുറച്ചുകാലമായി ഇതുസംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ചർച്ചയുടെ ഏറ്റവും ഒടുവിലും നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പും സർക്കാർ ജീവനക്കാരുടെ സംഘടനകളെ ചീഫ് സെക്രട്ടറി തലത്തിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. പൊതുവിൽ അവരെല്ലാം അംഗീകരിച്ചതാണ്. ചില കാര്യത്തിൽ ആശങ്കകൾ ഇല്ലെന്നല്ല. പക്ഷേ പൊതുവിൽ അംഗീകരിച്ചത് നടപ്പിലാക്കണമെന്നുള്ള നിരന്തരമായ ആവശ്യം വന്നപ്പോൾ വലിയൊരു സ്റ്റെയിൻ എടുത്തിട്ടാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയത്. പക്ഷേ ഒരു പ്രശ്നമുള്ളത്, ഇപ്പോഴും തുറന്നുപറഞ്ഞാൽ ചില ആശുപത്രികളും ആശുപത്രി ലോബിയും ഇത് നടപ്പിലാക്കാതിരിക്കാൻ ശ്രമം നടത്തുന്നുണ്ട്. അത് ഒരുമിച്ചുനിന്ന് നേരിടണം. ഇതിനകത്ത് ഭരണ-പ്രതിപക്ഷമെന്നുള്ളതില്ല. നമ്മുടെ നാട്ടിലെ ആളുകൾക്കുവേണ്ടി ഉള്ളതായതുകൊണ്ട് ഒരുമിച്ചുനിന്ന് നേരിടണം. കേരളത്തിലെ ഏറ്റവും പ്രമുഖമായ ധാരാളം ആശുപത്രികൾ ഈ പദ്ധതിയുടെ കീഴിൽ വന്നിട്ടുണ്ട്. എന്നാൽ ചില ആശുപത്രികൾ ഓർഗനൈസ്ഡായി വരാതിരിക്കാനുള്ള

ശ്രമം നടത്തുന്നുണ്ട്. നേരത്തെതന്നെ കരാറുണ്ടാക്കുകയും കോടതിയിൽനിന്നുള്ള അനുവാദമുൾപ്പെടെ വാങ്ങി മുന്നോട്ടുപോകാൻ ഇപ്പോഴെങ്കിലും തീരുമാനിച്ചില്ലെങ്കിൽ, അങ്ങ് പറഞ്ഞതുപോലെ വീണ്ടും സമയമെടുത്താൽ ഈ പദ്ധതിതന്നെ ഇല്ലാതാകുന്ന അവസ്ഥ വരും. അങ്ങനെ വന്നപ്പോഴാണ്, ആലോചിച്ച് ആവശ്യമായ തയ്യാറെടുപ്പുമായി വന്നത്. എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളിലാണ് സാധാരണ പരിരക്ഷ ലഭിക്കുന്നത്. അങ്ങ് ഇവിടെ ആശങ്ക ഉന്നയിച്ചല്ലോ; പെട്ടെന്നൊരു ആശുപത്രിയിൽ പോകണമെങ്കിൽ ഈ കാർഡ് എടുത്തുകൊണ്ട് പോകേണ്ട കാര്യമില്ല. അപകടം/ജീവനുഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രിയുടെ ചികിത്സയ്ക്കും ഈ പദ്ധതിയുടെ കീഴിൽ പരിരക്ഷ ലഭിക്കും. അതായത്, ഒരു ആക്സിഡന്റ് പറ്റുകയോ, അറ്റാക്ക് വരികയോ, ന്യൂറോ സംബന്ധമായ പ്രശ്നം കാരണം ബോധം പോകുകയോ ചെയ്യുന്ന ഒരു രോഗിയെ എടുത്തുകൊണ്ട് പോകുമ്പോൾ അവരുടെ കാർഡ് നോക്കിയല്ല ചികിത്സ ലഭിക്കുന്നത്. ഏത് ആശുപത്രിയിൽ രോഗിയെ കൊണ്ടുവന്നാലും പദ്ധതിയനുസരിച്ചുള്ള പരിരക്ഷ ലഭിക്കുന്ന പ്രത്യേക പ്രൊവിഷനുണ്ട്. കുറച്ചുകൂടി സ്വകാര്യ ആശുപത്രികൾ ഇതിൽ വരാനുണ്ടെന്ന കാര്യം ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അതുസംബന്ധിച്ച ചർച്ചകൾ

നടക്കുകയാണ്. പുതിയ സംവിധാനം നടപ്പിലാക്കുമ്പോഴുള്ള ചില പ്രശ്നങ്ങളും തടസ്സങ്ങളും ഇതിലുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള യോഗം ഇന്ന് വിളിച്ചിട്ടുണ്ട്. ഇതിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് ആശുപത്രികൾ. 1920 അടിസ്ഥാന ചികിത്സാ പ്രക്രിയകൾക്കും ഗുരുതരരോഗങ്ങൾക്കും അവയവമാറ്റ ശസ്ത്രക്രിയയ്ക്കുമുൾപ്പെടെ പ്രയോജനപ്പെടുന്ന പൊതുപദ്ധതിയാണിത്. 396 ആശുപത്രികളാണ് ഇപ്പോൾ ഇതിലുള്ളത്. 253 സ്വകാര്യ ആശുപത്രികളും 143 സർക്കാർ ആശുപത്രികളുമുണ്ട്. അതിനാൽ എപ്പോൾ വേണമെങ്കിലും ആശുപത്രികൾക്ക് എംപാനൽ ചെയ്യാം. അത്തരം ശ്രമങ്ങൾ നടക്കുകയാണ്. മെഡിസെപ് പദ്ധതിയിൽ ഒപ്പിട്ടിരിക്കുന്ന ആശുപത്രികൾക്ക് പദ്ധതി ആരംഭിക്കുന്നതിനുമുമ്പുതന്നെ മെഡിസെപ് സൗകര്യം 01-07-2022 മുതൽ നൽകുന്നതിനുള്ള വിദഗ്ദ്ധ പരിശീലനവും നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞതായി ഇൻഷ്വറൻസ് കമ്പനി അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ, പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ ജീവനക്കാർക്കോ പെൻഷൻകാർക്കോ ഉണ്ടായാൽ അത് പരിഹരിക്കുന്നതിനായി ത്രിതല പരാതി പരിഹാര സംവിധാനം

രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ പ്രയോഗത്തിൽ തുടങ്ങിക്കഴിഞ്ഞു. ആദ്യത്തെ പെൻഷണറിന്റെ പേര് ശ്രീ. ചന്ദ്രൻ എന്നാണ്. ഒരു ചരിത്ര സംഭവത്തിന്റെ ഭാഗമായതിനാലാണ് ഞാൻ ആ പേര് പറയുന്നത്. ശ്രീനാരായണ മെഡിക്കൽ കോളേജ്, എറണാകുളം. 1,02,800 രൂപ ക്ലെയിമിലൂടെ ലഭിച്ചു, ഇത് ക്യാഷ്‌ലെസ്സാണ്. അവിടെപോയി ചികിത്സിച്ചാൽ പെൻഷൻകാരുടെയോ ജീവനക്കാരുടെയോ ഡിജിറ്റൽ കാർഡിന്റെ നമ്പർ പറഞ്ഞാൽ അവർതന്നെ ആ കാർഡ് എടുത്തുകൊള്ളും. അങ്ങനെ ആദ്യ രോഗി എന്നനിലയിൽ 1,02,800 രൂപയുടെ ചികിത്സ ലഭിച്ചതാണ്. ഒരു റീ-ഇമ്പേഴ്സ്മെന്റ് പ്രക്രിയയും നടക്കാതെതന്നെ ലഭിക്കുന്നതാണ്. രണ്ടാമതായി, ആദ്യത്തെ ജീവനക്കാരി ഇടുക്കിയിലെ ശ്രീമതി നിസാമോളാണ്. ഇത് തുടങ്ങിയതുമുതൽ 902 പേർക്ക് ഇതിന്റെ ക്ലെയിം സെറ്റിൽ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള കാര്യങ്ങളിൽ റിക്വസ്റ്റുകളുണ്ട്. ഒരാഴ്ചയ്ക്കകം 1,89,56,000 രൂപയുടെ ക്ലെയിം സെറ്റിൽ ചെയ്തുകഴിഞ്ഞു. തുടക്കത്തിലുള്ള പ്രശ്നമാണ്. ഇതിനെക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ടുമെന്നതിൽ യാതൊരു സംശയവുമില്ല. നിലവിലുള്ള മെഡിസെപ് വരുന്നതിനുമുമ്പ് റീ-ഇംബേഴ്സ്മെന്റ് പദ്ധതിപ്രകാരം പണം ലഭിക്കണമെങ്കിൽ എന്തൊക്കെ കടമ്പകളുണ്ടായിരുന്നു എന്നകാര്യം മന്ത്രിയെന്ന നിലയിൽ

വളരെയേറെക്കാലം ഭരണരംഗത്ത് ചുമതലവഹിച്ചിട്ടുള്ള അങ്ങേയ്ക്കറിയാം. ചുവപ്പുനാട എന്നുപറയുന്നതുപോലെ, ഫയൽ നീക്കത്തിന് വളരെ താമസമുണ്ടാകും. അങ്ങനെ കിട്ടിയാലും മുഴുവൻ പണവും ലഭിക്കില്ല. ഇവിടെയാണെങ്കിൽ ചികിത്സ ആരംഭിക്കുന്ന ദിവസം മുതൽ നേരത്തെയുണ്ടായിരുന്ന അസുഖങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കൊന്നും ഇൻഷ്വറൻസ് കമ്പനികളെപ്പോലെ തടസ്സം പറയുന്നില്ല. പണരഹിതമായി ചികിത്സ നൽകാനുള്ള നൂതന പദ്ധതിയായി മെഡിസെപ് മാറിയിരിക്കുകയാണ്. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് മാത്രമുണ്ടായിരുന്ന സാഹചര്യത്തെ അപേക്ഷിച്ച് പതിന്മടങ്ങ് ആളുകൾക്ക് ടി പദ്ധതിവഴി പ്രയോജനം ലഭിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതൊരു പുതിയ പരീക്ഷണമാണ്. അതിൽ ബാലാരിഷ്ടതകളുണ്ട്. ഇൻഷ്വറൻസ് കമ്പനികൾക്ക് ഇതിൽ താല്പര്യമില്ലാത്ത പ്രശ്നം വരും. ആശുപത്രികൾക്ക് ചില പ്രശ്നങ്ങളുണ്ട്. എന്നാലും ഏകദേശം 35-40 ലക്ഷം ആളുകൾക്ക് ഈ ചികിത്സാ പദ്ധതിയിലൂടെ പരിരക്ഷ ലഭിക്കുന്നു. പ്രത്യേകം കോർപ്പസ് ഫണ്ടുണ്ട്. ഇതുമാത്രമല്ല സർക്കാർ ചെയ്തത്. 42 ലക്ഷം കുടുംബങ്ങൾക്ക് കൊടുക്കുന്ന സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി ഉൾപ്പെടെയുള്ള പരിപാടി നടക്കുകയാണ്. അതുകൊണ്ട് കേരളത്തിന് അഭിമാനകരമായ ഒരു നല്ല

പദ്ധതിയെന്ന നിലയിൽ പറയാൻ കഴിയുന്ന കാര്യമാണ്. പക്ഷേ പലപ്പോഴും വിമർശനം വരുന്നുണ്ട്. അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്, "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോരതന്നെ കൊതുകിന്നു കൗതുകം" എന്നാണ്. ഇത്തരം ഒരു സ്കീം വന്നാൽ അതിനെ സ്തംഭിപ്പിക്കുന്ന തരത്തിൽ ചില വിമർശനങ്ങൾ വരാറുണ്ട്. അതിലൊന്നും വീഴാതെ പ്രതിപക്ഷ/ഭരണപക്ഷ വ്യത്യാസമില്ലാതെ ഇത് വിജയകരമാക്കണം. ജീവനക്കാരുടെ ഭാഗത്തുനിന്നും പൊതുവിൽ കണ്ട വികാരം അതാണ്. അതിലെന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കാനും കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാനും മാറിനിൽക്കുന്ന ചിലരെ നിർബന്ധിച്ച് ഈ പദ്ധതിയിലേയ്ക്ക് കൊണ്ടുവരാനും പ്രതിപക്ഷത്തിന്റെയുൾപ്പെടെ സഹകരണം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞങ്ങൾ ഇത്തരം പദ്ധതികൾക്കെതിരാണെന്ന് അങ്ങ് ധരിക്കുന്നത് ശരിയല്ല. വ്യക്തിപരമായി പറഞ്ഞാൽ, മറ്റ് വികസിത രാജ്യങ്ങളിലുള്ളതുപോലെ കേരളത്തിലെ മുഴുവൻ ജനങ്ങളും ഇൻഷ്വർ ചെയ്യണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ആറുവർഷമായി നിങ്ങൾ മെഡിസെപ് എന്നുപറഞ്ഞ് നടക്കുകയാണ്. എന്നിട്ടും ഈ പദ്ധതി ആരംഭിച്ചപ്പോഴുണ്ടായിട്ടുള്ള പ്രതിസന്ധികളും

പ്രയാസങ്ങളുമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. സർക്കാർ ജീവനക്കാരായ ആളുകൾ ഞങ്ങളോട് വന്നുപറഞ്ഞിട്ടുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യം പരിശോധിക്കണം. എന്തുകൊണ്ട് കൂടുതൽ ആശുപത്രികൾ വരുന്നില്ല; പെൻഷൻകാരുടെ ആശ്രിതർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാത്തത് വലിയ പ്രശ്നമാണ്. സർക്കാരിന് പ്രീമിയം അടയ്ക്കാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കും. അത് ആലോചിക്കേണ്ട കാര്യമാണ്. അല്ലാതെ ഞങ്ങൾ ഈ പദ്ധതിക്കെതിരാണെന്ന രീതിയിൽ പറഞ്ഞത് ശരിയല്ല. പക്ഷേ ഇന്ന് പ്രായോഗികമായുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ശ്രമിച്ചത്. അതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തീർച്ചയായും അങ്ങ് ഇതിനെതിരാണെന്ന തരത്തിലല്ല ഞാൻ പറഞ്ഞത്. എന്നാൽ ഈ സ്കീം വരുമ്പോൾ ചില ആശുപത്രികൾ ചേരുന്നതിൽ തർക്കങ്ങൾ ഉയർത്തുന്നു. പൊതുവിൽ ജീവനക്കാർ ചില ആശങ്കകളുന്നയിച്ചതൊഴിച്ചാൽ അവർ വളരെ സന്തോഷത്തോടെയാണ് ഇത് ഏറ്റെടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പരിപാടി ലോഞ്ച് ചെയ്ത ദിവസം അവിടെവന്ന ജീവനക്കാരുടെയും

കേരളത്തിലാകെയുള്ളവരുടെയും സന്തോഷം കാണണം. രാഷ്ട്രീയമായി ചിലപ്പോൾ അഭിപ്രായങ്ങൾ പറയുമെങ്കിലും പൊതുവിൽ അത് നല്ലൊരു കാര്യമാണെന്നുള്ളതിൽ തർക്കമില്ല. ഇത് കൂടുതൽ മെച്ചപ്പെടുത്താനായി അങ്ങയുടെയും അങ്ങയുടെ പ്രസ്ഥാനത്തിന്റെയും പ്രതിപക്ഷത്തിന്റെയും ഉൾപ്പെടെ സഹായം വേണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കാരണം, ഇത് യുണീക്കായതും കേരളത്തിനാകെ അഭിമാനകരമായതുമാണ്. ഇന്ത്യയ്ക്കാകെ മാതൃകയാക്കാൻ കഴിയുന്ന ഒന്നാണ്. തുടക്കമായതിൽ പ്രായോഗികമായി ചില പോരായ്മകളുണ്ടാകും. ഹോസ്പിറ്റലുകളെയുംകൂടി എൻറോൾ ചെയ്ത് സോഷ്യൽ പ്രഷർ വരണമെന്നാണ് എന്റെ അഭിപ്രായം. ആശുപത്രികൾക്ക് എംപാനൽ ചെയ്യാനുള്ള ഉത്തരവാദിത്വമുണ്ട്. കുറച്ച് ആശുപത്രികൾ മാറിനിൽക്കുന്നുണ്ട്. അവരെക്കൂടി ഉൾപ്പെടുത്തണം. കുറച്ചുകഴിയുമ്പോൾ ഓപ്പണായി ചില ഹോസ്പിറ്റലുകളെ എക്സ്പോസ് ചെയ്ത് പറയേണ്ടിവരും. ഇതുവരെ ഞാൻ പറഞ്ഞിട്ടില്ല. വീണ്ടും യോഗം വിളിച്ചിട്ടുണ്ട്. എല്ലാവരെയും ചേർത്ത് ഏറ്റവും നന്നായി ഇത് നടത്താൻ എല്ലാ പിന്തുണയും സഹായവുമുണ്ടാകണം. അങ്ങുപറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തിൽത്തന്നെ പരിഗണിക്കുന്നുണ്ട്.

**11.30 A.M]**

## IV. സബ്മിഷൻ

### 1. സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആശുപത്രികളിലെ രൂക്ഷമായ മരുന്നുക്ഷാമമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം മാധ്യമപ്രവർത്തകരോട് മറുപടി പറഞ്ഞപ്പോൾ, മരുന്നുക്ഷാമമില്ലെന്ന് പറഞ്ഞു. ഞങ്ങൾ എല്ലാ സ്ഥലങ്ങളിലും അന്വേഷിച്ചപ്പോൾ, തിരുവനന്തപുരം മെഡിക്കൽ കോളേജിലുൾപ്പെടെ പല സ്ഥലത്തും രൂക്ഷമായ മരുന്നുക്ഷാമമാണ്. മെഡിക്കൽ കോളേജിൽ മരുന്നില്ലാത്തതുകൊണ്ട് മൂന്ന് വയസ്സുള്ള കുട്ടിക്ക് പുറത്തുനിന്ന് മരുന്ന് വാങ്ങുന്നതിനായി അവിടെനിന്നും കൊടുത്ത പ്രിസ്ക്രിപ്ഷൻ എന്റെ കയ്യിലുണ്ട്. പകർച്ചപ്പനിയും കോവിഡും വ്യാപകമായതോടെ ഡ്രിപ്പായി നൽകുന്ന ഐ.വി. പാരസെറ്റമോൾ മെഡിക്കൽ കോളേജിൽപ്പോലും കിട്ടാനില്ല. അത്യാഹിത വിഭാഗത്തിലും ഇതിന്റെ സ്റ്റോക്കില്ല. അടിയന്തരാവശ്യങ്ങൾക്കുള്ള Adrenaline, Noradrenaline, രക്തം കട്ട പിടിക്കാതിരിക്കാനുള്ള Aspirin-75mg, ഉയർന്ന

രക്തസമ്മർദ്ദത്തിന് നൽകുന്ന Ramipril, കൊളസ്ട്രോളിന് നൽകുന്ന Atorvastatin-20mg, Ceftriaxone തുടങ്ങിയവയൊന്നും സ്റ്റോക്കില്ല. ആന്റിബയോട്ടിക് ഇൻജക്ഷനുകളും ഗുളികകളും തീർന്നിട്ട് ധാരാളം ദിവസമായി. എന്താണിതിന് കാരണം? എല്ലാ വർഷവും ഡിസംബറിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മരുന്ന് വാങ്ങാനുള്ള ടെൻഡർ ക്ഷണിച്ചിരുന്നു. കഴിഞ്ഞ ഡിസംബറിൽ അത് നടന്നില്ല. ജൂൺ മാസത്തിലാണ് വിളിച്ചിരിക്കുന്നത്. ആറുമാസം കഴിഞ്ഞിട്ടാണ് ടെൻഡർ വിളിക്കുന്നത്. അതിന്റെ ഡിലേയാണ്. ശരിക്കുപറഞ്ഞാൽ ഫെബ്രുവരി മാസത്തോടുകൂടി അന്തിമ പട്ടിക രൂപീകരിച്ച് മാർച്ച് മാസത്തിൽ പർച്ചേസ് ഓർഡർ നൽകുമായിരുന്നു. ഇപ്പോൾ ജൂൺ മാസം പകുതിയോടുകൂടിയാണ് ടെൻഡർ നടപടികൾ ആരംഭിച്ചത്. അവിടെയൊക്കെ എന്താണ് നടക്കുന്നതെന്ന് നോക്കണ്ടേ; ഇത്രയും വലിയ വീഴ്ച എങ്ങനെയാണ് സംഭവിച്ചതെന്ന് അന്വേഷിക്കണ്ടേ? മാത്രമല്ല, മരുന്ന് നൽകിയ വകയിൽ കമ്പനികൾക്ക് 200 കോടി രൂപ ആരോഗ്യ വകുപ്പ് നൽകാനുണ്ട്. പണം കിട്ടാതായതോടെ മിക്ക കമ്പനികളും ടെൻഡറിൽത്തന്നെ പങ്കെടുക്കുന്നില്ല. ഇപ്പോൾ കിട്ടാക്കടം പെരുകിയതിനാൽ മിക്ക കമ്പനികളും സഹകരിക്കാതായതോടെ പല

മരുന്നുകൾക്കും സിംഗിൾ ബിഡ്ഡർ ആണ്. ഇത് മരുന്നുവില ഉയരാൻ കാരണമായിട്ടുണ്ട്. കഴിഞ്ഞ വർഷം 14 രൂപയ്ക്ക് വാങ്ങിയ ഐ.വി. ഫ്ലൂയിഡ് ഇത്തവണ വാങ്ങുന്നത് 24 രൂപയ്ക്കാണ്. കാരണം ഒരു കമ്പനി മാത്രമാണ് ടെൻഡർ ചെയ്തിരിക്കുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുമ്പിൽ വേറെ ഓപ്ഷനില്ല. 50 കോടി രൂപയുടെ വിറ്റുവരവുള്ള കമ്പനികൾക്ക് മാത്രമായി ടെൻഡറിൽ പങ്കെടുക്കാൻ അനുമതി വന്നപ്പോൾ റീ-ടെൻഡർ ആരംഭിച്ചെങ്കിലും കാര്യമായിട്ടുള്ള പുരോഗതിയില്ലായിരുന്നു. ധാരാളം മരുന്നുകൾ ആദ്യ ടെൻഡറിൽപ്പോലും കിട്ടാത്ത അവസ്ഥയാണ്. ഇത്തരം കാര്യങ്ങൾ വരുമ്പോൾ ന്യായീകരണം പറയുകയല്ല വേണ്ടത്. എവിടെയാണ് തെറ്റുപറ്റിയതെന്ന് പരിശോധിച്ച് അടിയന്തരമായി അത് പരിഹരിക്കണം. ഇതിലേയ്ക്കാവശ്യമായ പണമൊക്കെ നേരത്തെ കൊടുത്തിരുന്നു. മരുന്ന് ക്ഷാമമുണ്ടാകുമ്പോൾ ലോക്കൽ പർച്ചേസുവഴി കാരുണ്യയിൽനിന്നും മരുന്നെത്തിക്കാൻ ശ്രമിക്കാറുണ്ട്. ഇത്തവണ അതിനുള്ള ഫണ്ടും ആശുപത്രികൾക്ക് നൽകിയിട്ടില്ല. കാരുണ്യ ഫാർമസിവഴി എത്തിക്കാമെന്ന് കരുതിയാൽ അവിടെയും മരുന്നില്ലാത്ത സ്ഥിതിയാണ്. അപ്പോൾ വ്യാപകമായ മരുന്നുക്ഷാമം എല്ലായിടത്തുമുണ്ട്. ഗുരുതരമായ രോഗങ്ങൾക്കുള്ള മരുന്നുകളാണ് കിട്ടാതായിരിക്കുന്നതെന്നുള്ളത്

വളരെ പ്രധാനപ്പെട്ട വിഷയമാണ്. അടിയന്തരമായി സർക്കാർ ഈ തെറ്റ് ആവർത്തിക്കാതിരിക്കാൻ നോക്കണം. ഡിസംബറിൽ നടക്കുന്ന ടെൻഡർ എങ്ങനെയാണ് ജൂണിൽ നടത്തുന്നത്? ആറുമാസം വൈകിക്കഴിഞ്ഞാലുണ്ടാകുന്ന മരുന്നിന്റെ വിതരണ സംവിധാനംതന്നെ പാളിപ്പോകില്ലേ? മരുന്നില്ലാതെ വന്നാൽ സാധാരണക്കാർ എന്തുചെയ്യും? ധാരാളം വില കൊടുത്താണ് പൊതുസ്ഥലങ്ങളിൽനിന്നും മരുന്ന് വാങ്ങുന്നത്. ആ തെറ്റ് കൃത്യമായി പരിഹരിക്കണം. അതിനുത്തരവാദികളായ ആളുകൾക്കെതിരെ നടപടിയെടുക്കണം. അതോടൊപ്പം എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കി ഏറ്റവും അത്യാവശ്യമായ മരുന്നുകൾ എവിടെനിന്നെങ്കിലും വാങ്ങി മരുന്നുകളില്ലാത്ത സ്ഥലത്തെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്ത് സർക്കാർ മേഖലയിൽ മരുന്ന് പ്രതിസന്ധി എന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്ന് സംഭരിച്ച് നൽകുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ്. ഏകദേശം 741 ഇനം മരുന്നുകളാണ് കെ.എം.എസ്.സി.എൽ. വഴി സംഭരിക്കുന്നത്.

ഇതിനായി 356.40 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കോവിഡ് സാഹചര്യത്തിൽ 542.01 കോടി രൂപയുടെ മരുന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ചു. സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതും മെച്ചപ്പെടുത്തുന്നതുമായ നടപടികൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ സർക്കാർ ആശുപത്രികളിലേയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടാകുന്നത്. ആശുപത്രികൾ നൽകുന്ന ഇൻഡന്റ് അനുസരിച്ചാണ് ഒരു വർഷത്തേയ്ക്കാവശ്യമായ മരുന്ന് സംഭരിക്കാൻ കെ.എം.എസ്.സി.എൽ. നടപടി സ്വീകരിക്കുന്നത്. ഇ-ടെൻഡർ നടപടികളിലൂടെയാണ് ഈ മരുന്നുകൾ സംഭരിക്കുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ടുവർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ആ കാലഘട്ടത്തിൽ കുറവായിരുന്നു. എന്നാൽ പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യവുമുണ്ടായി. ഒരുദാഹരണം പറഞ്ഞാൽ,

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Cefotaxime Injection-ന്റെ കുറവുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾ അതെന്തുകൊണ്ടാണെന്ന് പരിശോധിച്ചു. ഇൻഡന്റനുസരിച്ചുള്ള നൂറ് ശതമാനം സപ്ലൈ അവിടെയുണ്ടായിട്ടുണ്ട്. എന്നിട്ടും കുറവുണ്ടായി. പരിശോധിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിലെ ഒരു Peripheral Institution-ൽ 14000 vial-ഉം തിരുവനന്തപുരം ജില്ലയിൽ മാത്രം 53000 vial-ഉം ഉള്ളതായി കണ്ടെത്തി. സംസ്ഥാനത്തെ മുഴുവൻ സ്റ്റോക്കെടുത്തപ്പോൾ അവസാന ഷെഡ്യൂളിൽ, അതായത് മൊത്തം ഇൻഡന്റിന്റെ 18 ശതമാനം സംസ്ഥാനത്തുള്ളതായി കണ്ടെത്തി. കോവിഡ് സാഹചര്യത്തിൽ ഉപഭോഗത്തിൽ ആശുപത്രികൾ കേന്ദ്രീകരിച്ചുതന്നെ വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. ഈ സാഹചര്യങ്ങൾ സമഗ്രമായി വിലയിരുത്തി മാസങ്ങൾക്കുമുമ്പുതന്നെ സർക്കാർ ഇടപെടലുകൾ നടത്തി മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് അതിന്റെ സദുദ്ദേശത്തോടെതന്നെ ഉൾക്കൊള്ളുന്നു. അത് പരിശോധിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തു. മരുന്ന് ലഭ്യത ഉറപ്പാക്കാനും വിതരണം സുഗമമാക്കാനും പ്രത്യേക ടീമിനെ നിയോഗിക്കാൻ

കെ.എം.എസ്.സി.എൽ.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലും ഏകോപനത്തിനും പരിശോധനയ്ക്കുമായി പ്രത്യേക നോഡൽ ഓഫീസർമാരെ നിയോഗിച്ചാണ് പ്രവർത്തനങ്ങൾ നടത്തിയത്. തുടർച്ചയായി ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ വകുപ്പ് തലവന്മാർ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ വിശദമായ അവലോകന യോഗങ്ങൾ നടത്തി. ജില്ലകളിൽ ഡെപ്യൂട്ടി ഡി.എം.ഒ.-മാർക്ക് പ്രത്യേക ചുമതലയും സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർമാർക്ക് ചുമതലയും മെഡിക്കൽ കോളേജുകളിൽ ആർ.എം.ഒ.-മാരെ ചുമതലപ്പെടുത്തുകയും ചെയ്തു. മരുന്നുകൾ ഉപയോഗിക്കാതിരിക്കുന്നിടത്തുനിന്ന് ആവശ്യമുള്ളിടത്തേയ്ക്ക് എത്തിക്കുന്നുവെന്നും വാർഷിക ഇൻഡന്റിനേക്കാൾ ആവശ്യമെങ്കിൽ അധികമായി ഉപഭോഗമുണ്ടായ ഇടങ്ങളിൽ മരുന്നുകൾ അഡീഷണൽ ഇൻഡന്റിലൂടെ ടെണ്ടർ വിലയ്ക്കുതന്നെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു. ഒരു സാമ്പത്തിക വർഷത്തേയ്ക്കുവേണ്ടിയുള്ള മരുന്നുകളാണ് ഇൻഡന്റ് പ്രകാരം കെ.എം.എസ്.സി.എൽ. ലഭ്യമാക്കുന്നത്. സാധാരണഗതിയിൽ ഓരോ വർഷത്തെയും ടെൻഡർ ക്വാണ്ടിറ്റിയുടെ അവസാനത്തെ ഷെഡ്യൂൾ ആ സാമ്പത്തികവർഷം കഴിഞ്ഞ് ഏകദേശം

ആഗസ്റ്റ് മാസം വരെയുള്ള ഉപയോഗത്തിനുള്ളതാണ്. ഈ സാമ്പത്തിക വർഷത്തെ മരുന്ന് സംഭരണ വിതരണ നടപടികൾ, അതായത് ഇൻഡന്റ് സ്വീകരിക്കുന്നതുൾപ്പെടെ ആരംഭിച്ചത് 2021 ഒക്ടോബർ മാസത്തിലാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ട് പ്രത്യേകമായി പറയാൻ ആഗ്രഹിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ മരുന്ന് പട്ടിക നിജപ്പെടുത്തി. അതത് ആശുപത്രികൾക്കുള്ള ഫിനാൻഷ്യൽ ഗ്യാപ് ഉൾപ്പെടെ Drug Distribution and Management System (ഡി.ഡി.എം.എസ്.) സോഫ്റ്റ്‍വെയർ മുഖാന്തരം അതത് ആശുപത്രികൾക്കുള്ള ഇൻഡന്റ് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് കെ.എം.എസ്.സി.എൽ.-ൽനിന്ന് കത്ത് പോയിരിക്കുന്നത് 25-10-2021-നാണ്. ഇൻഡന്റ് സമർപ്പിക്കേണ്ട അവസാന ദിവസം 23-11-2021 ആയിരുന്നു. ഇൻഡന്റ് കൺസോളിഡേറ്റ് ചെയ്ത് സമർപ്പിച്ച് ടെൻഡർ ക്ഷണിച്ചത് 04-12-2021-നാണ്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 2020-21-ലും 2021-22-ലും ഡിസംബർ മാസത്തിലാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്ന് സംഭരണ വിതരണ നടപടികളാണ് ഈ വർഷം നടക്കാൻ പോകുന്നത്. നടപ്പുവർഷത്തെ ടെൻഡറിന്റെ പർച്ചേസ് ഓർഡറുകൾ നൽകുകയും ആദ്യ

ഷെഡ്യൂൾ അനുസരിച്ചുള്ള മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈ തുടരുകയാണ്. വിവിധ ഷെഡ്യൂളുകളായിട്ടാണ് മരുന്നുകൾ ലഭ്യമാക്കുന്നത്. ഇതോടൊപ്പം മറ്റ് ചില സാഹചര്യങ്ങൾ കൂടിയുണ്ട്. നായ്ക്കളിൽനിന്നും പൂച്ചകളിൽനിന്നും കടിയേറ്റ് ആന്റി റാബീസ് വാക്സിൻ എടുക്കുന്നതിനായി ആശുപത്രികളിലെത്തുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇതിന്റെ ഫലമായി IDRV/ARS എന്നിവയുടെ ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ എല്ലാ ജില്ലകളിൽനിന്നും ഈ വാക്സിനുകളുടെ അധിക ഇൻഡന്റ് കൂടുതൽ ശേഖരിച്ച് വാക്സിൻ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ കണക്കുകൂടി പറയാം - 2019-20 വർഷത്തേക്കാൾ ഈ വർഷം 182405 പേർക്കും 2020-21 വർഷത്തേക്കാൾ 175233 പേർക്കും അധികമായി നായ്ക്കളുടെ കടിയേറ്റിട്ടുണ്ട്. ക്യാറ്റ് ബൈറ്റ്സും ഇതിലുൾപ്പെടും. ഇത് സർക്കാർ സമഗ്രമായി പരിശോധിക്കുകയാണ്. ആരോഗ്യം, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി ഈയൊരു സാഹചര്യത്തിൽ ഇടപെടുന്നതിനെക്കുറിച്ച് കൃത്യമായി ആലോചിച്ചിട്ടുണ്ട്. അതുപോലെ ERIG Vaccine, Rabies Vaccine എന്നിവ കാരുണ്യവഴി സംഭരണശാലകളിലെത്തിച്ചിട്ടുണ്ട്. പുതിയ പോളിസി പ്രകാരം ERIG കൂടുതൽ രോഗികൾക്ക് ഡോക്ടർമാർ

നിഷ്കർഷിക്കുന്നതിനാൽ കൂടുതൽ അളവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇൻഡന്റിനേക്കാൾ അധിക ഉപഭോഗമുണ്ടായ മരുന്നുകളായ Tab Paracetamol, Syrup Paracetamol, Inj. Paracetamol, Azithromycin Tab, Syrup Salbutamol, Normal Saline മുതലായവ മരുന്ന് സംഭരണശാലകളിൽനിന്ന് വിതരണം നടത്തിവരുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. Paracetamol Infusion-ന്റെ വിതരണം ജൂലൈ 15-നകം പൂർത്തിയാകും.

വരുംവർഷങ്ങളിൽ മരുന്ന് സംഭരണ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതുമുതൽ മരുന്നുകൾ വിതരണം ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സംഭരണ-വിതരണങ്ങളുടെ സമയം നിജപ്പെടുത്തി ഒരു കലണ്ടർ തയ്യാറാക്കുകയും അതിന്റെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്. കലണ്ടർ ഏകദേശം തയ്യാറായിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽത്തന്നെ അടുത്ത സാമ്പത്തിക വർഷത്തെ (2023-24) മരുന്ന് സംഭരണ നടപടികളാരംഭിക്കും. ആശുപത്രികളിൽനിന്ന് ലഭ്യമാക്കുന്ന ഇൻഡന്റ്, അധികമായി മരുന്നുകൾക്കുണ്ടായേക്കാവുന്ന ഉപഭോഗ വർദ്ധനവുകൂടി

ഉൾക്കൊള്ളുന്നതായിരിക്കണം. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലുമുള്ള ചുമതലപ്പെട്ടവർക്കായി ഇതിനായി പ്രത്യേക വർക്ക്ഷോപ്പുകൾ നടത്തും. മരുന്നുകൾ പൂർണ്ണമായി തീർന്നിട്ട് അടുത്ത ഷെഡ്യൂൾ ആവശ്യപ്പെടുന്നതൊഴിവാക്കി ലഭ്യമായ മരുന്നിന്റെ നിശ്ചിത ശതമാനം ഉപയോഗിച്ചുതീരുമ്പോൾത്തന്നെ കെ.എം.എസ്.സി.എൽ.-നെ ഇക്കാര്യം ആശുപത്രികൾ അറിയിക്കുന്ന രീതിയും സ്വീകരിക്കപ്പെടും. അതിന് സമഗ്രമായ ഇടപെടലുണ്ടാകും. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ രണ്ട് കാര്യങ്ങൾക്കുകൂടി മറുപടി പറയേണ്ടതുണ്ട്. കമ്പനികൾക്ക് 200 കോടി രൂപ നൽകാനുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ഏറ്റവുമധികം ആവശ്യമുള്ള മരുന്നുകൾ സപ്ലൈ ചെയ്യുന്ന കമ്പനികൾ ഇതിലുണ്ട്. കാരുണ്യ വഴിയുള്ള പർച്ചേസാണ് അദ്ദേഹം പറഞ്ഞത്. ആറുമാസത്തിനുള്ളിൽ 226 കോടി രൂപ ഈ കമ്പനികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതോടൊപ്പം മറ്റൊരു കാര്യം, മരുന്നിന്റെ കുറവുകളുണ്ടായേക്കാം. ഇൻഡന്റിനേക്കാൾ 125 ശതമാനമൊക്കെ അധികം കൊടുത്തിട്ടുണ്ട്. കാസ്പ് വഴി ലഭ്യമാക്കാനുള്ള തുകയിൽ 62 കോടി രൂപകൂടി ആശുപത്രികൾക്ക് ഈ ദിവസങ്ങളിൽ നൽകിയിട്ടുണ്ട്. അങ്ങനെ ഈ സാഹചര്യത്തെ നേരിടുന്നതിനുവേണ്ടിയുള്ള

കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

## 2. വന്യമൃഗശല്യം

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുള്ള അതിരൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചാണ് ഈ സബ്മിഷൻ. നിരവധി തവണ നിയമസഭയിലും മറ്റ് പല വേദികളിലും ഉന്നയിച്ചിട്ടുള്ള ഒരു വിഷയത്തിന് ഇതുവരെ യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെങ്കിലും പറയാൻ മറ്റ് വേദികൾ ഒന്നുമില്ലാത്തതുകൊണ്ടും നിവൃത്തിയില്ലാത്തതുകൊണ്ടും വീണ്ടുമിത് ഇവിടെത്തന്നെ പറയുകയാണ്. അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ പഞ്ചായത്തിലുൾപ്പെടുന്ന ഇല്ലിത്തോട്, മുളംകുഴി പ്രദേശങ്ങളും അയ്യമ്പുഴ പഞ്ചായത്തിലെ കണ്ണിമംഗലം, പാണ്ടുപാറ പ്രദേശങ്ങളും പ്ലാന്റേഷൻ കോർപ്പറേഷന്റെ വളരെ പ്രധാനപ്പെട്ട മേഖലകൾ, മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകളുടെ മലയോര മേഖലകളിലുമൊക്കെ അതിരൂക്ഷമായ വന്യമൃഗശല്യമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. കാട്ടാനകൾ കൂട്ടമായി ജനവാസ മേഖലകളിലേയ്ക്ക് കടന്നുവരികയും കൃഷി വ്യാപകമായി നശിപ്പിക്കുകയും ആളുകളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സാഹചര്യങ്ങൾ

നിലനിൽക്കുകയുമാണ്. പുലി ഉൾപ്പെടെയുള്ള മൃഗങ്ങളാണ് കടന്നുവരുന്നത്. പണ്ടൊക്കെ വനത്തോട് ചേർന്ന പ്രദേശങ്ങളിലാണ് കാട്ടുപോത്ത് വന്നിരുന്നതെങ്കിൽ ഇപ്പോൾ നാട്ടിലേയ്ക്കും മറ്റ് പഞ്ചായത്തുകളിലേയ്ക്കും നഗരപ്രദേശങ്ങളിലേയ്ക്കും കടന്നുവന്ന് വ്യാപകമായ കൃഷിനാശം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നിരവധി യോഗങ്ങൾ ചേർന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അതിരപ്പിള്ളിയിലും തിരുവനന്തപുരത്തും അങ്ങനെ പല സ്ഥലങ്ങളിലും വച്ച് പലതവണ യോഗങ്ങൾ ചേർന്ന് ഈ വിഷയം ചർച്ചചെയ്തിരുന്നു. യോഗത്തിലെടുക്കുന്ന തീരുമാനങ്ങളൊന്നും ആനയ്ക്കും പുലിക്കുമൊന്നും മനസ്സിലാകുകയില്ലല്ലോ; അവ ഇങ്ങോട്ട് വീണ്ടും വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇവിടെനിന്നും നിർദ്ദേശം കൊടുത്തതുകൊണ്ടൊന്നും ആനയും പുലിയുമൊന്നും കാട്ടിൽ നിൽക്കുകയില്ല. ആനകളേയും പുലികളേയും വനാതിർത്തിയിൽത്തന്നെ നിർത്താനും ജനവാസകേന്ദ്രങ്ങളിലേയ്ക്ക് കടന്നുവരുന്നത് തടയാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കണം. ട്രഞ്ചും സോളാർ ഫെൻസിംഗും വേണ്ട സ്ഥലങ്ങളിൽ അവ നിർമ്മിക്കണം. വന്യജീവികളെ വനമേഖലയിൽത്തന്നെ നിലനിർത്താനുള്ള സംവിധാനങ്ങൾ ചെയ്യാതെ ഇവിടെ പ്രസംഗങ്ങൾ നടത്തിയതുകൊണ്ടോ യോഗം കൂടിയതുകൊണ്ടോ ഒരു

പരിഹാരവും ഉണ്ടാകുകയില്ല. ആളുകൾ നിത്യേന വലിയ ദുരിതത്തിലാണ്. കൂട്ടമായി ആനകൾവന്ന് ഓരോ പ്രദേശങ്ങളിലും തമ്പടിക്കുകയാണ്. ചെണ്ടയും പാട്ടയും കൊട്ടിയതുകൊണ്ടോ തീകത്തിച്ചതുകൊണ്ടോ അവ പോകില്ല. ഇത് വെറും ശബ്ദംമാത്രമാണ്, ശബ്ദംകൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന് ആനയ്ക്കറിയാം. ഇത് തടയുന്നതിനാവശ്യമായ തുക അനുവദിച്ച് ട്രഞ്ചും ഫെൻസിംഗും നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അങ്കമാലി നിയോജകമണ്ഡലത്തിൽ ഉൾക്കൊള്ളുന്ന പ്രദേശങ്ങളായ മലയാറ്റൂർ, നീലിശ്വരം, അയ്യമ്പുഴ, തുറവൂർ, വാഴച്ചാൽ, മൂക്കന്നൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിൽ വന്യമൃഗശല്യം കൂടുതലുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോഴാണ് ആ മേഖലയിൽ കാട്ടുപോത്തിന്റെയും ശല്യമുണ്ടായതായി റിപ്പോർട്ട് ലഭിച്ചത്. ഇതുമൂലം സ്വാഭാവികമായും താങ്കൾ ഇവിടെ സൂചിപ്പിച്ചതുപോലെ മനുഷ്യനും വളർത്തുമൃഗങ്ങൾക്കുമെല്ലാം ജീവൻ നഷ്ടപ്പെടുന്ന ഭീഷണിയും നിലവിലുണ്ട്. അത്തരത്തിലുള്ള ചില സംഭവങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിന് ചെയ്യാനുള്ളത് ചർച്ചകൾ നടത്തുക മാത്രമല്ല എന്ന താങ്കളുടെ സൂചന ഞാൻ മുഖവിലയ്ക്കെടുക്കുന്നു. എന്നാൽ

ചർച്ചകൾ നടത്തുന്നത് മോശപ്പെട്ട ഏർപ്പാടാണെന്ന തോന്നലുണ്ടാകാൻ പാടില്ല. ആനകൾക്ക് ഇതൊന്നും മനസ്സിലാകില്ലെന്ന് പറഞ്ഞാൽ അവരെക്കൂടി ചർച്ചയ്ക്ക് വിളിക്കാൻ പറ്റില്ലല്ലോ? അതുകൊണ്ടാണ് ഞാൻ അത് സൂചിപ്പിക്കാൻ കാരണം. പക്ഷെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി രണ്ടുമൂന്ന് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഒന്ന്, ആ മേഖലകളിലെല്ലാം വന സംരക്ഷണ സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കൂടി മുൻകയ്യെടുക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോഴാണ് മുന്നറിയിപ്പുകൾ നൽകി വന്യമൃഗങ്ങൾ വരുന്നുണ്ടെന്ന അപകട ഭീഷണി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുക. അങ്ങനെ വരുമ്പോൾ മാറിപ്പോകാനും ജീവൻ രക്ഷിക്കാനും സാധിക്കും. അവരോട് ഏറ്റുമുട്ടിയിട്ട് കാര്യമില്ല. ഇതിനുപുറമെയാണ് ട്രഞ്ച്, സോളാർ ഫെൻസിംഗ്, ഹാങ്ങിംഗ് സോളാർ ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനെക്കുറിച്ച് താങ്കൾ സൂചിപ്പിച്ചത്. ഇതിൽ കൂടുതൽ ഫലപ്രദമായത് ഹാങ്ങിംഗ് സോളാർ ഫെൻസിംഗുകളാണെന്നാണ് ഇപ്പോൾ മനസ്സിലായിട്ടുള്ളത്. അത് സ്ഥാപിച്ച സ്ഥലങ്ങളിൽ അതിനെപ്പേടിച്ചിട്ടാണോ, മൃഗങ്ങൾക്ക് നമ്മളോട് ഇഷ്ടം തോന്നിയതുകൊണ്ടാണോ എന്നറിയില്ല എന്തായാലും അവിടേയ്ക്ക് മൃഗങ്ങൾ

വരുന്നില്ല. ഇവിടെ നമുക്ക് ഹാങിംഗ് സോളാർ ഫെൻസിംഗുകൾ സ്ഥാപിക്കാനുള്ള കാര്യങ്ങളാണ് ആവിഷ്കരിക്കേണ്ടത്. ആ നിലയിൽ ഇപ്പോൾ സ്ഥാപിച്ചവയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. വാഴച്ചാൽ ഡിവിഷന്റെ കീഴിലാണ് താങ്കളുടെ നിയോജകമണ്ഡലത്തിലെ ഏതാനും പഞ്ചായത്തുകൾ വരുന്നത്. ആ ഡിവിഷന്റെ കീഴിൽ 15.5 കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. ഫെൻസിംഗ് സ്ഥാപിച്ചാലും മറ്റ് വഴിയിലൂടെ അവ വരും. വന്യമൃഗങ്ങളുടെ സഞ്ചാരപഥങ്ങളെ തടസ്സപ്പെടുത്തുന്ന നിലപാടുകൾ ഉണ്ടായതുകൊണ്ടാണ് വന്യമൃഗങ്ങളിൽ ഇത്തരത്തിലുള്ള പ്രവണത ശക്തിപ്പെട്ടുവന്നിട്ടുള്ളതെന്നാണ് വിദഗ്ദ്ധർ പറയുന്നത്. വിദഗ്ദ്ധർ പറയുമ്പോൾ നമ്മളത് അംഗീകരിച്ചേപറ്റൂ. നമ്മളേക്കാൾ അറിവുള്ളവരാണല്ലോ അവർ. മലയാറ്റൂർ ഡിവിഷനിൽ 8.2 കിലോമീറ്റർ സോളാർ ഫെൻസിംഗ് പൂർത്തിയാക്കി. രണ്ട് ഡിവിഷനുകളിലുംകൂടി 23 കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. പക്ഷെ, ഫലമില്ല. നമ്മൾ ഇവിടെ വേലി കെട്ടിയാൽ അവ മറ്റ് സ്ഥലങ്ങളിലൂടെ വരും. അവയ്ക്ക് സഞ്ചരിച്ചേപറ്റൂ. അപ്പോൾ സഞ്ചാരപഥങ്ങളെ തടസ്സപ്പെടുത്തുന്ന നടപടികൾ അഭികാമ്യമാണോ അല്ലയോ എന്ന വിദഗ്ദ്ധരുടെ ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം നൽകാൻ സാധിക്കില്ല. ജനങ്ങളെ തൃപ്തിപ്പെടുത്തുകയും വേണം,

വന്യമൃഗങ്ങളുടെ സഞ്ചാരപഥങ്ങളിൽ അവയ്ക്ക് പോകാൻ സാധിക്കുന്ന സാഹചര്യം ഒരുക്കുകയും വേണം. അതിൽ ഒരു വൈരുദ്ധ്യമുണ്ട്. അത് എം.എൽ.എ.-മാർ മനസ്സിലാക്കണം. ഇനിയിപ്പോൾ പുതുതായി പത്ത് കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും 800 മീറ്റർ ദൂരത്തിൽ ഹാങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, ടെണ്ടർ നടപടികളിലാണ് ഇപ്പോഴുള്ളത്. കാത്തിരുന്നാൽ അത്രയും സ്ഥലത്ത് നമുക്ക് ഈ നടപടികളുമായി മുമ്പോട്ടുപോകാൻ സാധിക്കും. അതിരപ്പിള്ളി റെയ്ഞ്ചിന്റെ കീഴിൽ 60 കിലോമീറ്റർ ഹാങിംഗ് സോളാർ ഫെൻസിംഗ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാ എം.എൽ.എ.-മാർക്കും അറിയുന്നതുപോലെ ഒറ്റയടിക്ക് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ വനമേഖലയെ മതിൽ കെട്ടിത്തിരിച്ച് പ്രത്യേക ബൗണ്ടറിയിട്ട് ചെയ്യാൻ സാധിക്കുന്നതല്ല. റോഡുകളും നീർച്ചാലുകളുമെല്ലാം ധാരാളമുള്ള ഒരു പ്രദേശമാണ്. എന്നാലും ഈ പ്രവണത അവസാനിപ്പിച്ചേപറ്റൂ, ജനങ്ങളെ രക്ഷിച്ചേപറ്റൂ എന്ന അങ്ങയുടെ നല്ല ചിന്തയോട് ഞാനും യോജിക്കുന്നു. അക്കാര്യത്തിൽ എന്തെല്ലാമാണ് കാലതാമസമില്ലാതെ ചെയ്തുതീർക്കാൻ സാധിക്കുകയെന്നതിനെക്കുറിച്ച്

ഗവണ്മെന്റ് പരിശോധിക്കുന്നതാണ്.

3. ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെടുന്ന സബ്മിഷനാണിത്. തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിൽ 1346 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ബോണക്കാട് മഹാവീർ എസ്റ്റേറ്റ് 05-03-2015 മുതൽ പൂർണ്ണമായി അടഞ്ഞുകിടക്കുകയാണ്. 300-ഓളം കുടുംബങ്ങളിലായി 463 തൊഴിലാളികൾ 54 ലയങ്ങളിലായാണ് താമസിക്കുന്നത്. തൊഴിലും കൂലിയും നഷ്ടപ്പെട്ട ഇതിൽ ഒരു വിഭാഗം ആൾക്കാർ മറ്റ് സ്ഥലങ്ങളിലേയ്ക്ക് തൊഴിൽ തേടിപ്പോകുകയും 98 പേർ ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. കടുത്ത ദാരിദ്ര്യവും പട്ടിണിയും ദുരിതവുംപേറി ദൈനംദിന ജീവിതച്ചെലവിനുപോലും വകയില്ലാതെ 43 സ്ത്രീകളും കുട്ടികളുമുൾപ്പെടുന്ന 168 കുടുംബങ്ങളാണ് ഇപ്പോൾ അവിടെ കഴിഞ്ഞുകൂടുന്നത്. തൊഴിലാളികളിൽനിന്നും പിടിച്ച പി.എഫ്. തുക 1998 ഏപ്രിൽ മുതൽ 04-03-2015 വരെ അടച്ചിട്ടില്ല. ഗ്രാറ്റുവിറ്റി ഇനത്തിൽ 4,37,00,000 ലക്ഷം രൂപയും ഇതിന്റെ 10 ശതമാനം പലിശയും തൊഴിലാളികൾക്ക് ലഭിക്കാനുണ്ട്. ഇവിടെ താമസിക്കുന്ന

സ്ഥിരവരുമാനമില്ലാത്ത തൊഴിലാളികളുടെ ദുരവസ്ഥ മനസ്സിലാക്കി സർക്കാർ എക്സ്ഗ്രേഷ്യ, ഭക്ഷ്യ കിറ്റ് തുടങ്ങിയവ നൽകിവരുന്നു. കൂടാതെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ടുപയോഗിച്ച് 2015 മുതൽ വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകിവരുന്നു. കഴിഞ്ഞവർഷം 371 തൊഴിലാളികൾക്ക് കമ്പിളിപ്പുതപ്പ് വാങ്ങി നൽകുകയുണ്ടായി. ഇതൊക്കെ ഈ തൊഴിലാളികൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. ഇവർ താമസിക്കുന്ന ലയങ്ങളുടെ നില വളരെ ശോചനീയമാണ്. മേൽക്കൂര തകർന്നും ചുമരുകൾ ദ്രവിച്ചും ജനൽ-വാതിലുകൾ നശിച്ചും തറ പൊട്ടിപ്പൊളിഞ്ഞും ഒട്ടുമിക്ക ലയങ്ങളും വാസയോഗ്യമല്ലാതായിട്ടുണ്ട്. കെട്ടുറപ്പില്ലാത്തതുകാരണം ഇഴജന്തുക്കളുടെ ശല്യവും അതിരൂക്ഷമാണ്. ഇതിൽത്തന്നെ 19 ലയങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണ്. 2012 മുതൽ ഈ ലയങ്ങൾ പുനരുദ്ധരിക്കുന്നതിന് ശ്രമം നടത്തിയെങ്കിലും ഫലം കണ്ടെത്തിയിട്ടില്ല. ആദ്യം പൊതുമരാമത്ത് വകുപ്പിനെക്കൊണ്ടും പിന്നീട് അക്രെഡിറ്റഡ് ഏജൻസിയെക്കൊണ്ടും പണി ചെയ്യിപ്പിക്കാൻ നടപടി സ്വീകരിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പുനരുദ്ധാരണം മുടങ്ങിക്കിടക്കുകയാണ്. ചുരുക്കത്തിൽ കഴിഞ്ഞ 10 വർഷമായി നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് ഇവിടത്തെ ചെറിയ

കുട്ടികൾ ഉൾപ്പെടെയുള്ള തൊഴിലാളി കുടുംബങ്ങൾ പൊളിഞ്ഞുവീഴാറായ ലയത്തിനുള്ളിൽ ദുരിതജീവിതം നയിക്കുകയാണ്. ഈ സാഹചര്യത്തിൽ മാനുഷികപരിഗണന ഈ വിഷയത്തിൽ നൽകണം. മുമ്പും ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യരായ തൊഴിൽ-ധനകാര്യ വകുപ്പുമന്ത്രിമാർ ഈ സ്ഥലം സന്ദർശിച്ച് ലയങ്ങളുടെ ശോചനീയാവസ്ഥ നേരിൽ മനസ്സിലാക്കണമെന്നും നശിച്ചുപോയ ലയങ്ങൾ പുനരുദ്ധരിച്ച് ഇവിടെ താമസിക്കുന്ന പാവപ്പെട്ട തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വിതുര ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 1396 ഏക്കർ വിസ്തീർണ്ണമുള്ള തോട്ടമാണ് മഹാവീർ പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. പ്രസ്തുത എസ്റ്റേറ്റ് 2015 മാർച്ച് 5 മുതൽ പൂർണ്ണമായി അടഞ്ഞുകിടക്കുകയാണ്. ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളെ സംബന്ധിച്ചും പ്രസ്തുത എസ്റ്റേറ്റിലെ തൊഴിലാളി കുടുംബങ്ങളെ സംബന്ധിച്ചുമുള്ള കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം മൂന്ന് ഡിവിഷനുകളിലായി നിലവിൽ 171 കുടുംബങ്ങളാണ് താമസിക്കുന്നത്. പ്രസ്തുത കുടുംബങ്ങളിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത 71 കുടുംബങ്ങളിൽ 47 കുടുംബങ്ങളിലെ തൊഴിലാളികൾ വിരമിച്ചിട്ടുള്ളവരാണ്. ടി തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കാത്തതിനാൽ എസ്റ്റേറ്റ് വിട്ടുപോകാത്തവരാണ്. ഇപ്പോഴും വിരമിക്കൽ പ്രായമാകാത്ത 24 കുടുംബങ്ങളിലെ തൊഴിലാളികളുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടുപ്രകാരം ബോണക്കാട് എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും വിവിധ ഏജൻസികൾക്ക് നൽകാനുള്ള കുടിശ്ശികയെ തുടർന്ന് ജപ്തി ചെയ്തിട്ടുള്ളതായി അറിയുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെയും തിരുവനന്തപുരം ജില്ലാ റിലീഫ് ഫണ്ട് കമ്മിറ്റിയുടെയും അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 2,69,39,755/- രൂപയും ബോണക്കാട് എസ്റ്റേറ്റിലെ ലയങ്ങളുടെ പുനരുദ്ധാരണത്തിനായി പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ 2,17,00,000/- രൂപയുടെ പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് ഭരണാനുമതി നൽകിക്കഴിഞ്ഞിരിക്കുകയാണ്. എന്നാൽ നിലവിൽ റവന്യൂ വകുപ്പുൾപ്പെടെയുള്ള പല വകുപ്പുകളും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ സ്വകാര്യ വ്യക്തിയുടെ

ഉടമസ്ഥതയിലുള്ള സ്ഥലത്ത് സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ചിട്ടുള്ള ഏകാംഗ കമ്മീഷൻ റിട്ടയേർഡ് ജസ്റ്റിസ് അഭയ് മനോഹർ സപ്രെയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി മഹാവീർ പ്ലാന്റേഷൻ ലിമിറ്റഡിലെ തൊഴിലാളികളുടെ പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. ഗ്രാറ്റുവിറ്റി അതോറിറ്റിയായ തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി സംബന്ധിച്ച് 448 കേസുകളിൽ ഒരു കേസിൽ ഉത്തരവാകുകയും ബാക്കിയുള്ള 447 കേസുകളിൽ വിചാരണ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. പ്രസ്തുത കേസ്സുകളുടെ ഗ്രാറ്റുവിറ്റി തുക 3,44,47,039.50 (മൂന്നുകോടി നാൽപ്പത്തിനാല് ലക്ഷത്തി നാൽപ്പത്തേഴായിരത്തി മുപ്പത്തിയൊമ്പത് രൂപ അമ്പത് പൈസ) മാത്രം ക്ലെയിം ചെയ്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ ഗ്രാറ്റുവിറ്റി അതോറിറ്റിയായിരുന്ന കാലഘട്ടത്തിൽ 9 കേസ്സുകളിൽ ഉത്തരവാകുകയും തൊഴിലുടമ നിശ്ചിത സമയത്തിനകം തൊഴിലാളികൾക്ക്

തുക നൽകാത്തതിനാൽ ബന്ധപ്പെട്ട അതോറിറ്റി മുമ്പാകെ റവന്യൂ റിക്കവറി റിക്വിസിഷൻ നൽകിയിട്ടുമുണ്ട്. പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ കുടിശ്ശിക ആനുകൂല്യങ്ങൾ തിട്ടപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് അഭയ് മനോഹർ സപ്രെ കമ്മീഷൻ തെളിവെടുപ്പിൽ ബോണക്കാട് മഹാവീർ പ്ലാന്റേഷൻ ഒടുക്കേണ്ട പി.എഫ്. കുടിശ്ശിക പ്രോവിഡന്റ് ഫണ്ട് റീജിയണൽ കമ്മീഷണർ തിട്ടപ്പെടുത്തി കമ്മീഷനുമുമ്പാകെ തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ വേതന കുടിശ്ശികയുമായി ബന്ധപ്പെട്ട് 1,30,33,894/- രൂപയുടെ ക്ലെയിം തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ അനുവദിക്കാത്തതിനെത്തുടർന്ന് തിരുവനന്തപുരം സെഷൻസ് കോടതിയിൽ തൊഴിൽ വകുപ്പ് അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചശേഷം അവിടെ സന്ദർശിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

4. ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ

ശ്രീ. ഡി. കെ. മുരളി: സർ, ബഹുമാനപ്പെട്ട അരുവിക്കര അംഗം ശ്രീ. ജി. സ്റ്റീഫൻ ഉന്നയിച്ചതിന് സമാനമായ ഒരു വിഷയമാണ് എനിക്കും

ശ്രദ്ധയിൽപ്പെടുത്താനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികൾ മിനിമം കൂലിയും മറ്റാവശ്യങ്ങളും ഉന്നയിച്ച് കഴിഞ്ഞ ഏപ്രിൽ ഒന്നുമുതൽ സമരരംഗത്താണ്. ഇവിടെയുള്ള 20 സ്ഥിരം തൊഴിലാളികൾക്കും നൂറോളം കാഷ്വൽ ടാപ്പിംഗ് തൊഴിലാളികൾക്കും 250 മുതൽ 300 രൂപവരെയാണ് കൂലിയായി നിശ്ചയിച്ചിട്ടുള്ളതെങ്കിലും അത് ലഭിക്കുന്നില്ല. 7 വർഷംമുമ്പ് മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ 300 രൂപ കൊടുക്കാമെന്നുപറഞ്ഞിരുന്നതുപോലും കൊടുക്കാത്ത അവസ്ഥയാണ്. വർഷങ്ങളായി ജോലി ചെയ്തുവരുന്ന തൊഴിലാളികളും അവരുടെ കുടുംബവും ഇവിടത്തെ ജോലിയെ മാത്രം ആശ്രയിച്ച് ജീവിച്ച് പോകുകയാണ്. മുൻപ് തേയില ഉണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ റബ്ബറാണുള്ളത്. കുരുമുളക്, ഗ്രാമ്പൂ തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്ലാന്റേഷൻ തൊഴിൽ നിയമം അനുസരിച്ച് മിനിമം കൂലിയോ മറ്റ് ആനുകൂല്യങ്ങളോ യാതൊന്നും ലഭ്യമാകുന്നില്ല. ഇടിഞ്ഞുപൊളിഞ്ഞ ലയങ്ങളിൽ താമസിക്കുന്ന 25-ഓളം കുടുംബങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യംപോലുമില്ല. അടച്ചുറപ്പില്ലാത്ത ലയങ്ങളിൽ താമസിക്കുന്നവർക്ക് ശുദ്ധമായ കുടിവെള്ളംപോലും ലഭിക്കാത്ത അവസ്ഥയാണുള്ളത്. റിട്ടയർ

ചെയ്യുന്നവർക്ക് ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല; പകരം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നില്ല. കൂടാതെ ഇ.എസ്.ഐ., മെഡിക്കൽ ആനുകൂല്യങ്ങൾ എന്നിവയും ലഭിക്കുന്നില്ല. സ്ത്രീ തൊഴിലാളികളാണെങ്കിൽ മാനേജ്മെന്റിന്റെ സമ്മർദ്ദത്തിനുവഴങ്ങി വീട്ടുജോലിയുൾപ്പെടെയുള്ള ജോലികൾക്ക് പോകേണ്ട അവസ്ഥയാണുള്ളത്. വർഷങ്ങൾക്കുമുൻപ് നിക്ഷിപ്ത വനഭൂമി നിയമമനുസരിച്ച് പതിച്ചുനൽകിയ ആയിരം ഏക്കർ സ്ഥലത്താണ് ഈ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത്. സ്വകാര്യ റിസോർട്ടുകളും ടൂറിസ്റ്റ് സെന്ററുമാക്കി അതിനെ മാറ്റിയിരിക്കുകയാണ്. എസ്റ്റേറ്റിനുള്ളിൽ പ്രവർത്തിച്ചുവരുന്ന ഈ റിസോർട്ടുകളും സ്വകാര്യ ടൂറിസ്റ്റ് കേന്ദ്രവും പ്രവർത്തിക്കുന്നതിന് നിയമപരമായി അനുവാദം കിട്ടിയിട്ടുണ്ടോയെന്നതും പരിശോധിക്കേണ്ടതാണ്. മാനേജ്മെന്റാണെങ്കിൽ തൊഴിൽ മേഖലയിൽനിന്ന് ലേബർ ഓഫീസറോ മറ്റുദ്യോഗസ്ഥരോ ചർച്ചയ്ക്ക് വിളിച്ചാൽ നേരിട്ട് വരികയില്ല. ഏതെങ്കിലും ഉദ്യോഗസ്ഥനെ അയയ്ക്കും. അവരാണെങ്കിൽ ഉത്തരവാദിത്വത്തോടെ യാതൊരു കാര്യവും

ഏൽക്കുകയുമില്ല. അതാണ് അവിടത്തെ സ്ഥിതി. ബ്രൈമൂറിലെ തൊഴിൽ മേഖലയിൽ നടക്കുന്ന വൻചൂഷണത്തിൽ അടിയന്തരമായി ഇടപെട്ട് പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബോണക്കാട് എസ്റ്റേറ്റിന്റെകാര്യം പറഞ്ഞതുപോലെ വളരെ ഗൗരവമുള്ള വിഷയംതന്നെയാണ് ബഹുമാനപ്പെട്ട ഡി. കെ. മുരളി, എം.എൽ.എ. ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം പരിമിതികളുണ്ട്. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല വില്ലേജിൽ സ്ഥിതിചെയ്യുന്ന ബ്രൈമൂർ എസ്റ്റേറ്റ് 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം എൻ.ജി.ഡി. 42 നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഗ്രാമ്പൂ, ജാതിക്ക, കുരുമുളക്, റബ്ബർ എന്നിവയാണ് പ്രധാന കൃഷി. കൂടാതെ തേയിലയും കൃഷി ചെയ്യുന്നുണ്ട്. തേയിലയിൽനിന്നും ഇപ്പോൾ ആദായം എടുക്കുന്നില്ല. ബ്രൈമൂർ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ 21-04-2022-ന് എസ്റ്റേറ്റിൽ പരിശോധന നടത്തുകയും തൊഴിലാളികൾക്ക് 300 രൂപയാണ്

ദിവസവേതനമായി ലഭിക്കുന്നതെന്നും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കുടിവെള്ള സൗകര്യം ലഭ്യമാക്കാത്തതിനാൽ പരിശോധനാവേളയിൽ നിയമലംഘനത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. മെഡിക്കൽ ആനുകൂല്യങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ലെന്ന പരാതികൾ പ്ലാന്റേഷൻ ലേബർ ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തതുമാകുന്നു. കൂടാതെ വിരമിച്ച തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാകാത്തപക്ഷം ബന്ധപ്പെട്ട അതോറിറ്റി മുമ്പാകെ ക്ലെയിം ഫയൽ ചെയ്യാവുന്നതാണ്. 1948-ലെ മിനിമം വേതന നിയമവും 1951-ലെ പ്ലാന്റേഷൻ ലേബർ നിയമവും 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമവും 1961-ലെ പ്രസവാനുകൂല്യ നിയമവും 1989-ലെ കാഷ്വൽ വർക്കേഴ്സ് വേതന നിയമവുംപ്രകാരം തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകിയിട്ടുണ്ട്. പരിശോധനാ ഉത്തരവ് നൽകിയെങ്കിലും അതിൽപ്പറയുംപ്രകാരം പ്രവർത്തിക്കാൻ തൊഴിലുടമ തയ്യാറാകാത്തതിനാൽ 09-06-2021-ന് തൊഴിലുടമയ്ക്ക് നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

കൂടാതെ അടിസ്ഥാന വേതനമായ 308 രൂപയും ഡി.എ. ആയ 111.65 രൂപയുമുൾപ്പെടെ ആകെ 419.88 രൂപയാണ് തൊഴിലാളികൾക്ക് ലഭിക്കേണ്ടത്. എന്നാൽ ടി വേതനം തൊഴിലാളികൾക്ക് ലഭിക്കാത്തതിനാൽ മിനിമം വേതന നിയമത്തിലെ വകുപ്പ് 12 പ്രകാരം ക്ലെയിം ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റേറ്റിനെ സംബന്ധിച്ച നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് മൂന്നുമാസത്തെ സമയം തൊഴിലുടമ ആവശ്യപ്പെട്ടിട്ടുള്ളതും നിശ്ചിത സമയപരിധിക്കുള്ളിൽ നിയമലംഘനങ്ങൾ പരിഹരിക്കാത്തപക്ഷം തൊഴിലുടമയ്ക്കെതിരെ നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ മുഖേന നിയമപരമായ നടപടി സ്വീകരിക്കുന്നതുമാണ്. മുൻകാലങ്ങളിൽ പ്രസ്തുത സ്ഥാപനത്തിൽ നെടുമങ്ങാട് പ്ലാന്റേഷൻ ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 8 കേസ്സുകളിന്മേൽ വിചാരണ നടപടികൾ നടന്നുവരികയാണ്. ബ്രൈമൂർ എസ്റ്റേറ്റിന്റെ നിയന്ത്രണവും നടത്തിപ്പും സ്വകാര്യ മാനേജ്മെന്റിനായതിനാൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

ഫണ്ടുപയോഗിച്ച് പ്രസ്തുത എസ്റ്റേറ്റിനുള്ളിൽ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ലാത്തതാണ്. എസ്റ്റേറ്റിനുള്ളിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ ടൂറിസ്റ്റ് കേന്ദ്രം ഗ്രാമപഞ്ചായത്ത് അനുമതിയോടെയല്ല പ്രവർത്തിച്ചുവരുന്നത്. ബോണക്കാട്, ബ്രൈമൂർ എസ്റ്റേറ്റുകളിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് മന്ത്രിതലത്തിൽ ഒരു ഉന്നതതല യോഗം ചേരാമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഉമ തോമസ് സബ്മിഷനിലൂടെ ഉന്നയിക്കുന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പി. വി. ശ്രീനിജിനും നോട്ടീസ് നൽകിയിട്ടുണ്ട്. സഭയുടെ കീഴ്വഴക്കം അനുസരിച്ച് അനുവദിക്കാൻ കഴിയില്ലെന്ന വിവരം അങ്ങയെ അറിയിക്കുകയാണ്.

5. ബ്രഹ്മപുരം പാലം നിർമ്മാണം

ശ്രീമതി ഉമ തോമസ്: സർ, റീബിൽഡ് കേരളാ സ്കീമിൽ കടമ്പ്രയാർ വാട്ടർ മെട്രോയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്ത തൃക്കാക്കരയിലെ ഇടച്ചിറ ഇൻഫോപാർക്കിൽനിന്നും കുന്നത്തുനാട് മണ്ഡലത്തിലെ പുത്തൻകുരിശുമായി ബന്ധിപ്പിക്കുന്ന ബ്രഹ്മപുരം പാലം

പൊളിച്ച് ഉയർത്തിപ്പണിയുന്നത് സംബന്ധിച്ച ആശങ്കയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വാട്ടർ മെട്രോയുടെ വിപുലീകരണം സ്മാർട്ട്സിറ്റി ഇൻഫോപാർക്ക് ഫേസ്-2 വരെയുള്ള യാത്രക്കാർക്ക് പ്രയോജനപ്പെടണമെങ്കിൽ 2006-ൽ ഉദ്ഘാടനംചെയ്ത നിലവിൽ ഒരു കുഴപ്പവുമില്ലാത്ത ബ്രഹ്മപുരം പാലം ഉയർത്തിപ്പണിതാൽ മാത്രമേ സാധിക്കുകയുള്ളൂ എന്നതുകൊണ്ടുതന്നെ ഈ പദ്ധതിയെ എതിർക്കുന്നില്ല, സുസ്വാഗതം ചെയ്യുകയുമാണ്. പക്ഷേ തദ്ദേശവാസികളുടെയും യാത്രക്കാരുടെയും ആശങ്ക പരിഹരിച്ചും ബദൽ സംവിധാനം നിർദ്ദേശിച്ചുംമാത്രമേ ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പുതിയ പാലം നിർമ്മിതി പൂർത്തീകരിക്കാൻ ഏകദേശം ഒന്നരവർഷം വേണ്ടിവരുമെന്നാണ് പി.ഡബ്ല്യു.ഡി. പറയുന്നത്. എന്നാൽ അതുവരെ ഈ പാലത്തിലൂടെ ബസ് സർവ്വീസുൾപ്പെടെ ദിനംപ്രതി യാത്ര ചെയ്യുന്ന നാലായിരത്തോളം ആളുകൾക്ക് ഏറ്റവും അടുത്തുള്ള മാഞ്ചേരിക്കുഴി പാലം തെരഞ്ഞെടുത്താൽ ഏകദേശം 8 കിലോമീറ്റർ കൂടുതൽ സഞ്ചരിച്ചാൽ മാത്രമേ അപ്പുറത്തേയ്ക്കെത്താൻ സാധിക്കുകയുള്ളൂ. ഇതുകൂടാതെ നിലവിൽ കൊച്ചിൻ കോർപ്പറേഷനിലെയും അങ്കമാലി, ആലുവ, തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റികളിലെയും ചേരാനെല്ലൂർ പഞ്ചായത്തിലുമൊക്കെയുള്ള

മാലിന്യ വണ്ടികൾ ഈ പാലത്തിലൂടെ കടന്നാണ് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ മാലിന്യമെത്തിക്കുന്നത്. മാഞ്ചേരിക്കുഴി പാലംവഴി ഹെവി വെഹിക്കിൾസ് കടത്തിവിടാൻ സാധ്യമല്ല. പിന്നീടുള്ള മാർഗ്ഗം ഇടപ്പള്ളി-പാലാരിവട്ടം വഴി വൈറ്റില, പേട്ട, ഇരിമ്പനം, സീപോർട്ട്-എയർപോർട്ട് വഴികളാണ്. ഓരോ മാലിന്യവണ്ടിയും ഈ വഴിയിലൂടെ കടത്തിവിട്ടാൽ 18 കിലോമീറ്റർ ദൂരം അധികം യാത്രചെയ്യേണ്ടിവരും. ഇതുമൂലം തിരക്കേറിയ വീഥികളിൽ തിരക്ക് കൂടുമെന്നുമാത്രമല്ല വലിയ സാമ്പത്തിക നഷ്ടവുമുണ്ടാകും. എറണാകുളം നോർത്ത് ഓവർ ബ്രിഡ്ജ് പണി കഴിപ്പിച്ച മാതൃകയിൽ നിലവിലുള്ള പാലത്തിന്റെ തൊട്ടുചേർന്ന് വീതികൂട്ടി ഉയർത്തിപ്പണിയുകയും അത് പൂർത്തീകരിച്ചുകഴിയുമ്പോൾ അതിലൂടെ ട്രാഫിക് നിയന്ത്രിച്ച് നിലവിലുള്ള പാലം ഉയർത്തിപ്പണിയുകയും ചെയ്താൽ ഈ പ്രദേശത്തുള്ള വരുംകാല വികസനം മുന്നിൽക്കണ്ട് 4 വേ ട്രാഫിക് എന്ന രീതിയിലുള്ള സ്വപ്നം യാഥാർത്ഥ്യമാകും. കൊച്ചി മെട്രോ സെക്കൻഡ് ഫെയ്സും വാട്ടർ മെട്രോയും സംഗമിക്കുന്ന ഇൻഫോപാർക്കിന്റെ രണ്ടാം ഭാഗത്ത് ഒരു മൊബിലിറ്റി ഹബ്ബ് കൂടിയായാൽ തൃക്കാക്കരയുടെ വികസന സ്വപ്നങ്ങൾക്ക് മുതൽക്കൂട്ടാകും. ഒരു പാലം എന്നാൽ രണ്ട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതാണ്. എന്നാൽ ഈ പാലത്തിന്റെ രണ്ടുവശവും ഒരു ഭാഗത്ത്

തന്നെയാണെന്ന രീതിയിലാണ് ചിലരുടെ പ്രവർത്തനം. 11-07-2022-ൽ കളക്ടർ ഒരു മീറ്റിംഗ് നടത്തിയപ്പോൾ പാലത്തിന്റെ ഒരു വശത്തുള്ള പ്രതിനിധി മാത്രം പങ്കെടുത്തുവെന്നത് പത്രവാർത്തയിലൂടെയാണ് ഞാൻ അറിഞ്ഞത്. പുതിയ പ്രതിനിധിയായതുകൊണ്ടാണോ ഇത്തരം നടപടിയുണ്ടായതെന്ന് എനിക്കറിയില്ല. എന്റെ മണ്ഡലത്തിലെ ആവശ്യങ്ങൾ പറയുമ്പോൾ, ഭരണപക്ഷത്തുള്ള ഓരോരുത്തരും ഇലക്ഷൻ സമയത്ത് കണ്ടറിഞ്ഞ പ്രദേശമായതിനാൽ ഇതിനുള്ള തീരുമാനം ഫലപ്രദമായ രീതിയിൽ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എറണാകുളം ജില്ലയിലെ ബ്രഹ്മപുരം പാലം നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ശ്രീമതി ഉമ തോമസ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. തൃക്കാക്കര, കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണിത്. കുന്നത്തുനാട് എം.എൽ.എ. ശ്രീ. പി. വി. ശ്രീനിജിൻ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർക്കണമെന്ന് വളരെ നേരത്തേതന്നെ എന്നോട്

ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ വിഷയം പരിഹരിക്കണമെന്നതാണ് വകുപ്പിന്റെ മുന്നിലുള്ള പ്രശ്നം. ശ്രീമതി ഉമ തോമസ് സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ പോസിറ്റീവായി കണ്ട് മുന്നോട്ടുപോകുന്നതാണ്. അവിടെ ഒരു യോഗം വിളിച്ചുചേർത്തുവെന്ന് പറഞ്ഞു, അതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനറിയില്ല. ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് യോഗം ചേരുമ്പോൾ രണ്ട് എം.എൽ.എ.-മാരെയും വിളിക്കുമെന്ന വിവരം സഭയെ അറിയിക്കുകയാണ്. വാട്ടർ മെട്രോ കടന്നുപോകുന്ന അലൈൻമെന്റിന്റെ ഭാഗമാണ് ബ്രഹ്മപുരം പാലം സ്ഥിതിചെയ്യുന്ന മേഖല. നിലവിലുള്ള പാലത്തിന് 2 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസാണുള്ളത്. എന്നാൽ വാട്ടർ മെട്രോയ്ക്ക് 5.5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസാണ് ആവശ്യം. ആ സാഹചര്യത്തിലാണ് പാലം പുതുക്കിപ്പണിയാൻ തീരുമാനിച്ചത്. 23.20 കോടി രൂപയുടെ ഭരണാനുമതി ഈ പാലം നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായാൽ പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ ആലോചിക്കുന്നതാണ്. നിലവിലുള്ള പാലം പൊളിക്കുമ്പോൾ ഗതാഗതത്തിനുള്ള സംവിധാനം വേണമെന്നതാണ് അവിടെ ഉയർന്നുവരുന്ന മറ്റൊരാവശ്യം. പാലങ്ങളുമായി ബന്ധപ്പെട്ട ഈ

വിഷയങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നതുസംബന്ധിച്ച റിപ്പോർട്ട് പി.ഡബ്ല്യു.ഡി. പാലം വിഭാഗത്തോട് ആരാഞ്ഞിട്ടുണ്ട്. ചതുപ്പും വെള്ളക്കെട്ടുമായ മണ്ണും മറ്റുമുള്ളതിനാൽ വളരെ താഴ്ന്ന salt bearing capacity-യുള്ള മേഖലയാണിത്. ഡൈവെർഷൻ റോഡിന് ഏകദേശം 300 മീറ്റർ നീളമുണ്ടാകുമെന്നതിനാൽ കൃത്യമായ soil stabilization നടത്തിമാത്രമേ ഈ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളൂ. വെള്ളക്കെട്ടുണ്ടാകുന്ന പ്രദേശമായതിനാൽ ഈ ഡൈവെർഷൻ റോഡ് പിന്നീട് പൊളിച്ചുകളയേണ്ടിവരും. ഇതുണ്ടാക്കാനിടയുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് പുതിയൊരു ഡൈവെർഷൻ റോഡിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല, മറ്റ് റൂട്ടുകളിലൂടെ ഗതാഗതം തിരിച്ചുവിടാനാണ് ആലോചിച്ചത്. ഇത് വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായതിനാൽ ഏതെങ്കിലും തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

### 6. തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ്

ശ്രീ. മുരളി പെരുനെല്ലി: സർ, വളരെയേറെ വാഹനത്തിരക്കുള്ള റോഡാണ് മണലൂർ മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട്-ഗുരുവായൂർ റോഡ്. പ്രസ്തുത റോഡിലെ കാഞ്ഞാണി

മുതൽ പഞ്ചാരമുക്ക് വരെയുള്ള ഏകദേശം 17 കിലോമീറ്റർ നീളം മണലൂർ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ റോഡ് പൂർണ്ണമായി തകർന്ന് സഞ്ചാരയോഗ്യമല്ലാതെയായിട്ട് രണ്ട് വർഷത്തോളമായി. ഗുരുവായൂരിലേയ്ക്കുള്ള അമൃത് കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ നടക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി വലിയ പൈപ്പുകൾ സ്ഥാപിച്ചതിനാലാണ്ണ് ഈ അവസ്ഥയുണ്ടായത്. ഇതിൽ ആദ്യഭാഗം കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെയുള്ള റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് മൂന്നര കോടി രൂപ അനുവദിച്ച് കരാറുകാരൻ എഗ്രിമെന്റ് വച്ചതാണ്. പൈപ്പിടൽ തുടങ്ങിയതോടെ പണി നിർത്തിവയ്ക്കേണ്ടിവന്നതിനാൽ കരാറുകാരൻ പിൻവാങ്ങുകയായിരുന്നു. പണി നിർത്തിവയ്ക്കേണ്ടി വന്നത് കരാറുകാരന്റെ കുറ്റംകൊണ്ടല്ല. ഇപ്പോൾ മൂന്നര കോടി രൂപയുടെ വർക്ക് റീ-വാലിഡേഷൻ വന്നപ്പോൾ അത് നാലേമുക്കാൽ കോടി രൂപയായി, ടെണ്ടർ നടപടികളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. ആ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. മുല്ലശ്ശേരി മുതൽ പഞ്ചാരമുക്ക് വരെയുള്ള രണ്ടാം ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുടെ റെസ്റ്റോറേഷൻ വർക്കൊന്നും

നടത്തിയിട്ടില്ലെന്നുമാത്രമല്ല, ഏകദേശം രണ്ട് കിലോമീറ്ററിലേറെ ദൂരം പൈപ്പിടൽപോലും പൂർത്തീകരിച്ചിട്ടില്ല. രണ്ട് വകുപ്പുകളും സംയുക്തമായി യോഗം വിളിച്ചുചേർത്തെങ്കിലും കാര്യങ്ങൾ മുന്നോട്ടുനീങ്ങുന്നില്ലെന്നതാണ് അവസ്ഥ. ഈ വഴിയിലൂടെ സ്കൂൾ കുട്ടികൾക്കുപോലും നടക്കാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. അവരുടെമേൽ ചെളിതെറിക്കുന്നതിനാൽ അവരും ഇതിനെതിരെ സമരം നടത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി ട്രോളുകൾ വരുന്നുണ്ട്. ട്രോളർമാരെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല, അത്രമാത്രം മോശമാണ് നിലവിൽ ആ റോഡിന്റെ അവസ്ഥ. എം.എൽ.എ. ബോർഡുവച്ച ഒരു വണ്ടി അതുവഴി പോയപ്പോൾ അവിടെ തടഞ്ഞുനിർത്തിയെന്നാണ് കേട്ടത്. രണ്ടാം ഘട്ടത്തിനായി പണമൊന്നും അനുവദിക്കപ്പെട്ടിട്ടില്ല. അത് ആദ്യഘട്ടത്തിൽത്തന്നെ ബി.എം.& ബി.സി. ചെയ്തതാണ്. നിലവിൽ ആ റോഡിലും വാഹനം പോകുന്നില്ലെന്നുമാത്രമല്ല നടക്കാൻപോലും സാധിക്കാത്ത അവസ്ഥയിലാണ്. പലതവണ ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ചുചേർത്തതാണ്. ഇതിന്റെ ഭാഗമായി നിരവധി അപകടങ്ങളും സമരങ്ങളും നിത്യസംഭവമായിരിക്കുകയാണ്. രണ്ടാം ഘട്ടത്തിന്റെ റെസ്റ്റോറേഷൻ വർക്ക് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ടെണ്ടർ കഴിഞ്ഞ റെസ്റ്റൊറേഷൻ വർക്ക്

പൂർത്തീകരിച്ച ആദ്യഘട്ടത്തിന്റെ പ്രവൃത്തികൾ ആരംഭിക്കാനും വർഷകാലത്ത് മറ്റ് പ്രശ്നങ്ങളുണ്ടാകാതിരിക്കാനും അടിയന്തര നടപടി സ്വീകരിക്കണം. വാട്ടർ അതോറിറ്റിയിലെയും പൊതുമരാമത്ത് വകുപ്പിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്തയോഗം വിളിച്ചുചേർക്കുന്നതിനും ഇക്കാര്യങ്ങൾ ചർച്ചചെയ്ത് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി, ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. സഭയിൽ ഈ വിഷയം മുമ്പും സബ്മിഷനായി ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് പരിഹാരമായിട്ടില്ലെന്ന കാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. മുരളി പെരുനെല്ലി ഇവിടെ ഉന്നയിച്ചത് മണലൂർ മണ്ഡലത്തിലെ റോഡുകളുമായി ബന്ധപ്പെട്ട വിഷയമാണ്. ഈ വിഷയം ആദ്യമായല്ല അദ്ദേഹം സഭയിൽ ഉന്നയിക്കുന്നത്. നേരത്തേയും ഇതുമായി ബന്ധപ്പെട്ട് സബ്മിഷനും മറ്റും ഉന്നയിച്ചിട്ടുണ്ട്. അന്ന് പൊതുമരാമത്ത്-ജലസേചന വകുപ്പുകൾ ഇടപെട്ട് ചെറിയ പുരോഗതി ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുകയും ചെയ്തിരുന്നു. ശാശ്വത പരിഹാരമുണ്ടാക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. ഇത് ഒരു

മണ്ഡലത്തിന്റെ മാത്രം പ്രശ്നമല്ല, ഇതൊരു പൊതുവിഷയമാണ്. കുടിവെള്ള പദ്ധതികൾക്കുവേണ്ടി വിട്ടുകൊടുത്തതിനാൽ മണലൂർ മണ്ഡലത്തിലെ റോഡുകൾ പലതും ശോചനീയാവസ്ഥ നേരിടുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനകം ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി ശ്രമങ്ങൾ നടത്തിയതാണ്. മണലൂർ മണ്ഡലത്തിലെയും തൃശ്ശൂർ ജില്ലയിൽ പൊതുവെയും കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പിലെ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയ വിവരം സഭയെ അറിയിക്കുകയാണ്. അദ്ദേഹം അവിടെ സന്ദർശിച്ച് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നു. ആ വിവരങ്ങളെല്ലാം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൃത്യമായ വർക്ക് ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ബാക്കി പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. അവിടെ എന്തെങ്കിലും മുടക്കമുണ്ടായാൽ കർശന നടപടികളിലേയ്ക്ക് നീങ്ങാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അക്കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിയെയും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ സഹകരണം ഉണ്ടാകുമെന്ന് അദ്ദേഹത്തിനോട് സംസാരിച്ചപ്പോൾ ബോദ്ധ്യപ്പെട്ടതാണ്. തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട്

റോഡിൽ കാഞ്ഞാണി മുതൽ ചീരോത്തുപടിവരെയുള്ള പ്രവൃത്തിക്ക് 4.75 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്, ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലെത്തിക്കഴിഞ്ഞു. ചിറ്റാട്ടുകര-കുണ്ടുകടവ് റോഡിന്റെയും പ്രവൃത്തി ടെണ്ടർ അന്തിമഘട്ടത്തിലാണ്. മുല്ലശ്ശേരി മുതൽ പാങ്ങ്വരെയുള്ള റോഡ് പ്രവൃത്തിക്ക് ഒരു കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ അതിലേയ്ക്ക് കടക്കാനായിട്ടില്ല. വാട്ടർ അതോറിറ്റിയുടെ കയ്യിലുള്ള സ്ഥലങ്ങളിൽ അടിയന്തര അറ്റകുറ്റപ്പണിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്ത സ്ഥലങ്ങളിൽ മൺസൂൺ പ്രവൃത്തിയിലൂടെയും റണ്ണിംഗ് കോൺട്രാക്ടിലൂടെയും താൽക്കാലികമായെങ്കിലും പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. റെസ്റ്റോറേഷൻ വർക്ക് വാട്ടർ അതോറിറ്റി നടത്തണമെന്നതാണ് പൊതുവെയുള്ള സ്ഥിതി. ബി.എം. & ബി.സി. റോഡുകൾപോലും ജനങ്ങളുടെ ആവശ്യമെന്ന നിലയിൽ കുടിവെള്ളത്തിന് കണക്ഷൻ നൽകുന്നതിനുവേണ്ടി കുത്തിപ്പൊളിച്ചശേഷം റെസ്റ്റോറേഷൻ വർക്ക് ചെയ്യാത്ത സ്ഥിതിയാണുള്ളത്. ഇത് ഗൗരവമേറിയ പൊതുവിഷയമാണ്. രണ്ട് മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ രണ്ടുതവണ യോഗം ചേർന്നു.

ഇതിനായി ഒരു പ്രത്യേക സമിതിയെ നിശ്ചയിച്ച് ഒരുദ്യോഗസ്ഥനെ അതിന്റെ ചുമതല നൽകിയതിന്റെ അടിസ്ഥാനത്തിൽ എണ്ണം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ജൂലൈ 14-ാം തീയതി ജില്ലയിലെ മന്ത്രിമാരെയും എം.എൽ.എ.-മാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഈ മഴക്കാല സീസണിൽ കുടിവെള്ള കണക്ഷനുവേണ്ടി റോഡ് പൊളിക്കാനുള്ള അനുമതി നൽകില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നതെന്നതാണ് ഇതിൽ ചെയ്യാൻ സാധിക്കുന്നൊരു കാര്യം. ബഹുമാനപ്പെട്ട എം.എൽ.എ.-മാരും ആ നിലപാടിനോടൊപ്പം നിൽക്കാൻ ശ്രദ്ധിക്കേണ്ട വിഷയവുമുണ്ട്. ഒരു ഭാഗത്ത് ജനങ്ങളുടെ കുടിവെള്ള പ്രശ്നമാണ്. ഇത് ശാശ്വതമായി പരിഹരിക്കാൻ പോർട്ടൽ സംവിധാനമുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്.

## 7. നേരേകടവ്-മാക്കേകടവ് പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ തുടക്കത്തിൽ, 2016 ജൂൺ മാസത്തിൽ നിർമ്മാണം തുടങ്ങിയ നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിട്ട് ഏകദേശം രണ്ട് വർഷമാകുന്നു. തുടക്കത്തിൽ അതിവേഗം നീങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾ ഭൂമിയേറ്റെടുക്കൽ

സംബന്ധിച്ച പ്രശ്നങ്ങളും നീണ്ടുപോയ കോടതി വ്യവഹാരങ്ങളുംമൂലം തടസ്സപ്പെട്ടുകയായിരുന്നു. ഇപ്പോൾ കോടതി വ്യവഹാരങ്ങൾ അവസാനിക്കുകയും ഭൂമിയേറ്റെടുത്ത് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ പുനരാരംഭിച്ചിട്ടില്ല. വലിയ പ്രതീക്ഷയോടെ തുടങ്ങിയ നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ജനങ്ങൾ കടുത്ത നിരാശയിലും പ്രതിഷേധത്തിലുമാണ്. 2014-ൽ സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ റേറ്റ് റിവിഷൻ സംബന്ധിച്ച ഫയൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണെന്നറിയുന്നു. 2012-ലെ റേറ്റ് വച്ചാണ് 2015-ൽ ടെണ്ടറിട്ട് 2016-ൽ നിർമ്മാണം ആരംഭിച്ചത്. ഇപ്പോൾ റേറ്റ് 2018-ലേതാണ്. അതനുസരിച്ച് റേറ്റ് റിവിഷൻ ചെയ്യേണ്ടതുണ്ട്. ഈ ഫയൽ തീർപ്പാക്കിയാൽമാത്രമേ പാലംപണി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ നേരിട്ട് ഇടപെട്ട് നേരേകടവ് - മാക്കേകടവ് പാലത്തിന്റെ നിർമ്മാണത്തിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ എത്രയുംവേഗം പരിഹരിച്ച് ആയിരക്കണക്കിന് യാത്രക്കാരനുഭവിക്കുന്ന യാത്രാക്ലേശത്തിന്

പരിഹാരമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീമതി സി. കെ. ആശ ഇവിടെ ഉന്നയിച്ചത് നേരേകടവ്-മാക്കേകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ്. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിനെയും കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങളെത്തുടർന്ന് നിർമ്മാണം വൈകിയ ഒരു പാലം കൂടിയാണിത്. ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി വില്ലേജിലെ 21 ഭൂവുടമകളുടെയും കോട്ടയം ജില്ലയിലെ ഉദയനാപുരം പഞ്ചായത്തിലെ വടക്കേമുറി വില്ലേജിലെ 11 ഭൂവുടമകളുടെയും ഭൂമി കുറേ കാലത്തെ പ്രശ്നങ്ങൾക്കൊടുവിൽ പൊതുമരാമത്ത് വകുപ്പിന് 2022 ജൂൺ മാസം 10-ാം തീയതിയാണ് കൈമാറി കിട്ടിയത്. അധികം സമയമായിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2012 പ്രകാരമുള്ളതിനാൽ എസ്റ്റിമേറ്റ് തുക ഉയർത്തി നൽകണമെന്ന് കരാറുകാർ ആവശ്യപ്പെട്ടതനുസരിച്ച് വകുപ്പിന്റെ പരിഗണനയിലുള്ള പുതുക്കിയ

നിർദ്ദേശം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും. ദീർഘകാലമായുള്ള ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ ഭൂമി വകുപ്പിന് ലഭിച്ചത് 2022 ജൂൺ മാസത്തിലാണെന്ന വിവരം എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

8. പാലക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പ്രഭാകരൻ: സർ, വളരെ പരിതാപകരമായ അവസ്ഥയിൽ പ്രവർത്തിക്കുന്ന താലൂക്കാശുപത്രിയുടെ ദയനീയ സ്ഥിതിയാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വളരെയധികം സാധാരണക്കാർ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ് മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളിയിൽ പ്രവർത്തിക്കുന്ന പാലക്കാട് താലൂക്കാശുപത്രി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിരുന്ന ഈ ആശുപത്രി 2010-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. ജനറൽ മെഡിസിൻ, ശിശുരോഗ വിഭാഗം, ഗൈനക്കോളജി എന്നീ മൂന്ന് സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ഈ ആശുപത്രിയിലുള്ളത്. അതിനുപുറമേ ഒരു ഡെന്റൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ആകെ 8 ഡോക്ടർമാരുണ്ടെങ്കിലും 4 ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് പല ആശുപത്രികളിലും പ്രവർത്തിക്കുകയാണ്. പകുതി ഡോക്ടർമാരുടെ സേവനം മാത്രമേ ഇവിടെ

ലഭിക്കുന്നുള്ളൂവെന്നതാണ് അതിനർത്ഥം. 34 ഐ.പി. ബെഡ്ഡുകളാണ് സർക്കാർ ഇവിടേയ്ക്ക് അനുവദിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റേയും മറ്റ് അനുബന്ധ സൗകര്യങ്ങളുടേയും കുറവും ജീവനക്കാരുടെ കുറവുംകാരണം വർഷങ്ങളായി കിടത്തി ചികിത്സയില്ല. കാഷ്വാലിറ്റി സൗകര്യമോ എല്ലുരോഗ വിഭാഗമോ ഇല്ലെന്നതും വലിയ ന്യൂനതയാണ്. ഈ രണ്ട് ചികിത്സാ സൗകര്യങ്ങളും എക്സ്റേ, സ്കാനിംഗ് മുതലായ സൗകര്യങ്ങളും അടിയന്തരമായി ഇവിടെ ആരംഭിക്കണം. ദിവസവും 350-ലേറെ ഔട്ട് പേഷ്യന്റ്സാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം രോഗികൾക്ക് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. പൊളിഞ്ഞുവീഴാറായ കെട്ടിടത്തിലാണ് ഈ സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിലെ മറ്റെല്ലാ താലൂക്കാശുപത്രികൾക്കും കിഫ്ബി മുഖാന്തരം ഫണ്ട് ലഭിച്ചപ്പോൾ എലപ്പുള്ളിയിൽ പ്രവർത്തിക്കുന്ന താലൂക്കാശുപത്രിക്ക് പത്ത് പൈസപോലും കിട്ടിയില്ല, ആർദ്രം പദ്ധതി മുഖാന്തരമുള്ള ഫണ്ടും ലഭിച്ചില്ല. എം.എൽ.എ. ഫണ്ടിൽനിന്ന് നൽകിയ വളരെ ചെറിയ തുക മാത്രമാണുണ്ടായത്. ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ആ തുകയും ക്യാൻസൽ ചെയ്യേണ്ട സ്ഥിതിയാണുണ്ടായത്. നല്ല കെട്ടിടത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടേയും ഡോക്ടർമാരുടേയും

അഭാവം നാട്ടുകാർക്കും രോഗികൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുകയാണ്. കടുത്ത അവഗണനയാണ് ഈ സ്ഥാപനം അഭിമുഖീകരിക്കുന്നത്. അതിനാൽ ഇവിടെ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിനും ആശുപത്രിയുടെ നവീകരണത്തിനും ഫണ്ട് അനുവദിക്കണമെന്നും കൂടുതൽ ചികിത്സാ-പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സവിനയം ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിലെ പാലക്കാട്-പൊള്ളാച്ചി മെയിൻ റോഡിലെ പേട്ട എന്ന സ്ഥലത്താണ് എലപ്പുള്ളി താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. പാലക്കാട് താലൂക്കിൽ ചിറ്റൂർ ബ്ലോക്കിനുകീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ബഹുമാന്യനായ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, സാമൂഹികാരോഗ്യ കേന്ദ്രമായിരുന്ന ഈ ആശുപത്രി 2010-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. പാലക്കാട്-പൊള്ളാച്ചി മെയിൻ റോഡിൽ ജില്ലാ ആശുപത്രി പാലക്കാടിനും സി.എച്ച്.സി. കൊഴിഞ്ഞാമ്പാറയ്ക്കുമിടയിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയിൽനിന്നുള്ള സേവനം സമീപ പഞ്ചായത്തുകളായ പുതുശ്ശേരി, കൊടുമ്പ്, പൊൽപ്പുള്ളി

നിവാസികൾക്കും ലഭ്യമാണ്. 34 കിടക്കകൾ അനുവദിച്ച ഈ ആശുപത്രിയിലെ പ്രതിദിന ഒ.പി. 150 മുതൽ 200 വരെയാണ്. ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡെന്റൽ എന്നീ വിഭാഗങ്ങളിലുള്ള ഒ.പി.-യും 1 മണി മുതൽ 6 മണി വരെയുള്ള സായാഹ്ന ഒ.പി.-യും ഇവിടെ പ്രവർത്തിച്ചുവരുന്നു. ലാബ് സൗകര്യവും ലഭ്യമാണ്. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 2, അസിസ്റ്റന്റ് സർജൻ - 4, ഡെന്റൽ സർജൻ - 1 ഉൾപ്പടെ 9 ഡോക്ടർമാരുടേയും മറ്റ് വിഭാഗങ്ങളിലായി 38 ജീവനക്കാരുടേയും ഉൾപ്പെടെ ആകെ 47 സ്ഥിരം തസ്തികകളാണ് ഈ ആശുപത്രിയിലുള്ളത്. ഇതിനുപുറമേ എൻ.എച്ച്.എം., എച്ച്.എം.സി. എന്നിവ മുഖാന്തരം 3 താൽക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാണ്. ഈ സർക്കാർ ചുമതലയേറ്റശേഷം ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ക്ലാർക്ക് എന്നീ മൂന്ന് തസ്തികകൾകൂടി സൃഷ്ടിച്ചിട്ടുണ്ട്. 3 സ്റ്റാഫ് ക്വാർട്ടേഴ്സിനുപുറമേ ആശുപത്രിയിൽ നിലവിൽ നാല് കെട്ടിടങ്ങളാണുള്ളത്. നഴ്സിംഗ് റൂം, മെയിൽ - ഫീമെയിൽ വാർഡ് തുടങ്ങിയവ പ്രവർത്തിക്കുന്ന കെട്ടിടം ചോർച്ചയിലും ജീർണ്ണാവസ്ഥയിലുമായതിനാൽ ഉപയോഗശൂന്യമായ അവസ്ഥയിലാണ്.

ഈ കെട്ടിടം പൊളിക്കാനുള്ള ഭരണാനുമതി ലഭ്യമാക്കുകയും പൊളിച്ചുമാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. എലപ്പുള്ളി താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യംവച്ചുകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 10 കോടി രൂപ അടങ്കൽ കണക്കാക്കിയിട്ടുള്ള ഒരു പ്രൊപ്പോസൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ കൂടാതെ നാല് നിലകളോടുകൂടിയ കെട്ടിട സമുച്ചയം നിർമ്മിക്കാനാണ് പ്രൊപ്പോസലിൽ വിഭാവനം ചെയ്തിട്ടുള്ളത്. അത്യാഹിത വിഭാഗം, ലാബ്, ഇ.സി.ജി., എക്സ്റേ, മൈനർ ഒ.ടി., ഫാർമസി തുടങ്ങിയവ ഗ്രൗണ്ട് ഫ്ലോറിലും ഒന്നാം നിലയിൽ ഓപ്പറേഷൻ തിയേറ്റർ, ഒ.പി. മുറികൾ, രണ്ടാം നിലയിൽ ഒരു ഒ.ടി., ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, മൂന്നാം നിലയിൽ പീഡിയാട്രിക് ആന്റി നേറ്റൽ, മെയിൽ-ഫീമെയിൽ വാർഡുകൾ, നാലാം നിലയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിങ്ങനെയാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പ്രാഥമിക പരിശോധനയെത്തുടർന്ന് ഒറിജിനൽ പ്ലാൻ, കൺസപ്റ്റ് നോട്ട്, ചെക്ക്

ലിസ്റ്റ്, മറ്റ് അനുബന്ധങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ എത്രയും പെട്ടെന്ന് സമർപ്പിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നബാർഡ് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

### 9. പുതുക്കാട് താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, പുതുക്കാട് താലൂക്കാശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും സഭയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2011-ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട പുതുക്കാട് താലൂക്കാശുപത്രിയിൽ, അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഇനിയും ഏർപ്പെടുത്തിയിട്ടില്ല. കൂടുതൽ ഡോക്ടർമാരെയും വിവിധ മേഖലകളിലെ സ്റ്റാഫുകളേയും കൂടുതലായി നിയമിക്കുന്നതിനും മെച്ചപ്പെട്ട സേവന സൗകര്യങ്ങളൊരുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ദേശീയ പാതയോടടുത്തുകിടക്കുന്ന പുതുക്കാട് താലൂക്കാശുപത്രിയിൽ ട്രോമോ കെയർ സംവിധാനം ഏർപ്പെടുത്തേണ്ടത്

അത്യാവശ്യമാണ്. ഈ ആശുപത്രിയിൽ നിലവിൽ രണ്ട് ഗൈനക്കോളജി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഒരു അനസ്റ്റെറ്റിസ്റ്റുമുണ്ടായിട്ടും ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നില്ല. വർഷങ്ങൾക്കുമുമ്പ് ഗൈനക് വിഭാഗം ഇവിടെ പ്രവർത്തിക്കുകയും അനേകം അമ്മമാർ ഈ ആശുപത്രിയിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും ചെയ്തിരുന്നതാണ്. പുതുക്കാട് താലൂക്കാശുപത്രിയിൽ ഗൈനക് വിഭാഗം ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് ഡയറക്ടറും ഉറപ്പ് നൽകിയിട്ടും ആയത് ഇനിയും ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുകയും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നും പുതുക്കാട് താലൂക്കാശുപത്രിയിൽ ഗൈനക് വിഭാഗം ഉടൻ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകണമെന്നും നിലവിൽ ഒരു ഷിഫ്റ്റ് മാത്രം പ്രവർത്തിച്ചുവരുന്ന ഡയാലിസിസ് യൂണിറ്റ് 3 ഷിഫ്റ്റ് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ പുതുക്കാട് താലൂക്കാശുപത്രിയിൽ അനുവദിക്കണമെന്നും ആവശ്യപ്പെടുന്നതോടൊപ്പം മികച്ച നിലയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുന്ന ആരോഗ്യ വകുപ്പിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കൊടകര ബ്ലോക്ക് പഞ്ചായത്തിനുകീഴിലാണ് പുതുക്കാട് താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. ആശുപത്രിയുടെ പരിധിയിൽവരുന്ന ജനസംഖ്യ 2,40,000 ആണ്. ശരാശരി പ്രതിദിന ഒ.പി. 700 എണ്ണവും ശരാശരി പ്രതിദിന ഐ.പി. 25 എണ്ണവുമാണ്. നിലവിൽ പുതുക്കാട് താലൂക്കാശുപത്രിയിൽ സിവിൽ സർജൻ 1, അസിസ്റ്റന്റ് സർജന്മാർ 7, ജൂനിയർ കൺസൾട്ടന്റുമാർ 4, സ്റ്റാഫ് നഴ്സുമാർ 13, ഫാർമസിസ്റ്റ് 2, നഴ്സിംഗ് അസിസ്റ്റന്റ് 5, ഹോസ്പിറ്റൽ അറ്റൻഡന്റ് 7, ലാബ് ടെക്നീഷ്യൻ 3 തുടങ്ങി വിവിധ വിഭാഗങ്ങളിലായി 51 സ്ഥിരം ജീവനക്കാരുടെ തസ്തികകളുണ്ട്. എൻ.എച്ച്.എം., എൽ.എസ്.ജി.ഡി., എച്ച്.എം.സി. മുഖാന്തരം മൂന്ന് അസിസ്റ്റന്റ് സർജന്മാരുടേയും രണ്ടുവീതം സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് ഉൾപ്പെടെ 10 താല്ക്കാലിക ജീവനക്കാരുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഒരു ജൂനിയർ കൺസൾട്ടന്റ്, മറ്റ് വിഭാഗത്തിൽപ്പെട്ട 6 ജീവനക്കാർ ഉൾപ്പടെ 7 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 24 മണിക്കൂർ കാഷ്വാലിറ്റി സേവനം, ഒ.പി. സേവനം, 8 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ്, കിടത്തി ചികിത്സ, കുട്ടികളുടെ ഒ.പി.,

ഗൈനക്കോളജി ഒ.പി., മൈനർ ഗൈനക്കോളജി പ്രൊസീജ്യവേഴ്സ്, കോവിഡ് ടെസ്റ്റിംഗ്, ഡെന്റൽ ഒ.പി. തുടങ്ങിയ സേവനങ്ങൾ ഈ ആശുപത്രിയിൽ നൽകിവരുന്നു. കൂടാതെ ലാബ്, ഫാർമസി, പോസ്റ്റ്മോർട്ടം തുടങ്ങിയ സേവനങ്ങളും പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ ഭാഗമായ സേവനങ്ങളും നൽകിവരുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് വഴി ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റിലേയ്ക്ക് എൻ.എച്ച്.എം. വഴി ഡോക്ടറുടെ സേവനം ലഭ്യമാണ്. ഒരു വർഷത്തേയ്ക്ക് ഏകദേശം 15 ലക്ഷം രൂപയുടെ മരുന്നുകളും സാധനങ്ങളും ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് വഴി ലഭിക്കുന്നുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിൽ രണ്ടും മൂന്നും ഷിഫ്റ്റുകൾ നടത്തുന്നതിന് അധിക ജീവനക്കാരും അധിക മരുന്നും ആവശ്യമായിവരും. ഇക്കാര്യം പരിഗണിക്കുന്നതാണ്. പുതുക്കാട് താലൂക്കാശുപത്രിയിൽ നിലവിൽ പ്രസവം നടക്കുന്നില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രസവ മുറി, പ്രസവ വാർഡ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ നവീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ തിയേറ്റർ ഉൾപ്പെടെയുള്ള ലേബർ കോംപ്ലക്സ് നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ

നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഈ ആശുപത്രിയിൽ ആന്റിനേറ്റൽ, പോസ്റ്റ് നേറ്റൽ പരിചരണത്തിനുള്ള വാർഡ്, പ്രീ-ഓപ്പറേറ്റീവ്, പോസ്റ്റ്-ഓപ്പറേറ്റീവ് വാർഡുകൾ, കൂട്ടിരിപ്പുകാർക്കുള്ള സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസവ-പ്രസവാനന്തര സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ പൂർണ്ണതോതിൽ സജ്ജമാക്കുന്നതൊടൊപ്പം ബ്ലഡ് സ്റ്റോറേജ് സൗകര്യവും ഒരുക്കണം. എക്വിപ്മെന്റ്സും ബ്ലഡ് സ്റ്റോറേജ് സൗകര്യവുമുണ്ടെങ്കിൽ സിസേറിയൻ അല്ലാത്ത സാധാരണ പ്രസവങ്ങൾ അവിടെ നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. മേൽസൂചിപ്പിച്ച രണ്ട് കാര്യങ്ങളും നിലവിൽവരുന്നമുറയ്ക്ക് ഗൈനക്കോളജി വിഭാഗം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയും. ഇതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് പുതുക്കാട് ആശുപത്രിയിൽ പ്രസവ ചികിത്സ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. ഇക്കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. ആശുപത്രി സന്ദർശന വേളയിലും അദ്ദേഹം ഇക്കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ്.

## 10. താമരശ്ശേരി താലൂക്കാശുപത്രിയുടെ വികസനം

ഡോ. എം. കെ. മുനീർ: സർ, കോഴിക്കോട്-മൈസൂർ ദേശീയപാതയുടെ അരികിലാണ് താമരശ്ശേരി താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. കൊടുവള്ളി മുതൽ അടിവാരംവരെയുള്ള മലയോര മേഖലയിൽ താമസിക്കുന്ന സാധാരണജനങ്ങളുടെ ഏക ആശ്രയമാണ് ഈ ആശുപത്രി. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പദവി ഈ ആശുപത്രിക്ക് ലഭിച്ചിട്ടില്ല. അത് ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആ പദവി അനുവദിക്കുമ്പോൾ അതനുസരിച്ചുള്ള സ്റ്റാഫ് പാറ്റേണും ആവശ്യമാണ്. സാധാരണരീതിയിലുള്ള സ്റ്റാഫ് പോലും ഇപ്പോൾ അവിടെയില്ല. അവിടെയുണ്ടായിരുന്ന അനസ്തറ്റിസ്റ്റിനെ സ്ഥലം മാറ്റിയിരിക്കുകയാണ്. അതുപോലെ അവിടെയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇതൊരു ട്രോമാകെയർ ആശുപത്രികൂടിയാണ്. ദേശീയപാതയിൽ അപകടങ്ങളിൽ പെടുന്നവരെയെല്ലാം ഈ ആശുപത്രിയിലേയ്ക്കാണ് കൊണ്ടുവരുന്നത്. അതുകൊണ്ട് ഈ ആശുപത്രിയെ ട്രോമാകെയർ ആക്കുകമാത്രമല്ല, ഒരു ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള സൗകര്യംകൂടി ഏർപ്പെടുത്തണമെന്ന്

ഓർമ്മിപ്പിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കഴിഞ്ഞാൽ കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം പ്രസവങ്ങൾ നടക്കുന്ന ആശുപത്രികൂടിയാണിത്. മദർ ആന്റ് ചൈൽഡ് കെയറിനുവേണ്ടി ഒരു കെട്ടിടംകൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതുണ്ട്. അവിടെയുണ്ടായിരുന്ന ഏക ആംബുലൻസ് ഒൻപത് മാസത്തോളമായി കട്ടപ്പുറത്താണ്. അത് പ്രവർത്തനക്ഷമമാക്കുന്നതിന് ഡി.എച്ച്.എസ്.-ൽ കത്ത് വന്നിട്ട് ഒൻപത് മാസമായി. എത്രയും പെട്ടെന്ന് അതിനെ പ്രവർത്തനക്ഷമമാക്കുകയോ അല്ലെങ്കിൽ ഡിസ്പോസ് ചെയ്ത് പുതിയൊരു ആംബുലൻസ് അനുവദിക്കുന്നതിനോ നടപടിയുണ്ടാകണം. ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഞാൻ നേരിട്ടുവന്ന് അപേക്ഷ സമർപ്പിച്ചിരുന്നതുമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, താമരശ്ശേരി താലൂക്കാശുപത്രിയിലെ അംഗീകൃത ബെഡ് സ്ട്രെങ്ത് 67 ആണ്. നൂറോളം രോഗികളെ കിടത്തി ചികത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. പ്രതിദിന ശരാശരി ഒ.പി. ആയിരവും ഐ.പി. 53-മാണ്.

പ്രതിമാസം നൂറ്റിയമ്പതോളം പ്രസവങ്ങൾ ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും ലാബുമുണ്ട്. കൂടാതെ ഈ ആശുപത്രി നിരവധി പുരസ്കാരങ്ങൾക്ക് അർഹമായിട്ടുണ്ട്. 2015-ൽ KASH (Kerala Accreditation Standards for Hospitals) Certificate, 2017-18, 2019-2020 എന്നീ വർഷങ്ങളിൽ സംസ്ഥാനതല കായകല്പ അവാർഡ് എന്നിവ ലഭിക്കുകയുണ്ടായി. 2019-ൽ ദേശീയ ഗുണമേന്മാ അംഗീകാരമായ NQAS (National Quality Assurance Standards) അവാർഡും ലഭിച്ചു. ഈ ആശുപത്രിയിലെ അംഗീകൃത തസ്തികകൾ 69 ആണ്. അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 23-ഉം എച്ച്.എം.സി. മുഖാന്തരം 50-ഉം ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ച് 29-ഉം താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാണ്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 20 തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചിട്ടുള്ളത്. ജൂനിയർ കൺസൾട്ടന്റ് (സർജറി), (അനസ്തേഷ്യ), (ഗൈനക്കോളജി) ഓരോന്നുവീതം അങ്ങനെ മൂന്നും ഡയാലിസിസ് ടെക്നീഷ്യൻ-2, ഡെന്റൽ മെക്കാനിക്-1, ഫിസിയോതെറാപ്പിസ്റ്റ്-1, ഫാർമസി സ്റ്റോർ കീപ്പർ-1, ഫാർമസിസ്റ്റ്-1,

സ്റ്റാഫ് നഴ്സ്-5, ലാബ് ടെക്നീഷ്യൻ-3, ഒപ്റ്റോമെട്രിസ്റ്റ്-1 എന്നിവ കൂടാതെ രണ്ട് സ്റ്റാഫ് നഴ്സ് ഉൾപ്പെടെ 20 തസ്തികകളാണ് അവിടെയുള്ളത്. ആരോഗ്യ സ്ഥാപനങ്ങളെ 'ആർദ്രം' മാനദണ്ഡമനുസരിച്ച് വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയൊരു സ്റ്റാന്റേർഡൈസേഷൻ നടപ്പാക്കിവരികയാണ്. ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കുതല ആശുപത്രി എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. താമരശ്ശേരി താലൂക്കാശുപത്രിയെ 2017-ലെ സർക്കാർ ഉത്തരവുപ്രകാരം താലൂക്കുതല ആശുപത്രി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 17,70,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആശുപത്രിയിലെ അത്യാഹിതവിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ തുക വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിവരുന്നു. ബഹുമാന്യനായ എം.എൽ.എ. പറഞ്ഞതുപോലെ, ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് അവിടെയൊരു ട്രോമാകെയർ സംവിധാനം ആവശ്യമാണെന്നാണ് കരുതുന്നത്. അത് ഒരുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ഈ

ആശുപത്രിയിൽ ഒരു ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ബ്ലഡ് ബാങ്ക് നിർമ്മിക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യംവഴി 35,00,000/- രൂപ അനുവദിക്കുകയും അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ആംബുലൻസ് പ്രവർത്തനക്ഷമമാക്കുന്നത് സംബന്ധിച്ച് ഇപ്പോൾത്തന്നെ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

**12.36 PM]**

**V റിപ്പോർട്ടുകളുടെ സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ, 2022-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.38 PM]**

## VI ക്രമപ്രശ്നം

പ്രതിപക്ഷ നേതാവിന്റെ പരാമർശം

ശ്രീ. എ. എൻ. ഷംസീർ: സർ, ചട്ടം 303 അനുസരിച്ചുള്ള ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഇന്നലെ നിർഭാഗ്യകരമായൊരു സംഭവം സഭയിലുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതിനുശേഷം അതിനെതിരായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയ്ക്കകത്തും സഭയ്ക്കുപുറത്ത് മാധ്യമങ്ങൾക്കുമുന്നിലും സംസാരിച്ചു. അത് 284(xi), 303(3) എന്നീ ക്ലോസുകളനുസരിച്ച് സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നതാണ്. ഫ്ലോറിനകത്ത് ഓരോ അംഗത്തിനും ഇമ്മ്യൂണിറ്റിയുണ്ട്. പക്ഷെ, അത് ഫ്ലോറിന് പുറത്തുപോയി മാധ്യമങ്ങളോട് സംസാരിക്കുന്നത് സഭാചട്ടങ്ങളുടെ ലംഘനമാണ്. ഫ്ലോറിന്റെ ഡിഗ്നിറ്റിയെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കറെ ആരും അപമാനിക്കാറില്ല. ചെയറിനോട് എപ്പോഴും എല്ലാവർക്കും ബഹുമാനം മാത്രമേയുള്ളൂ. പക്ഷെ ചില കാര്യങ്ങളിൽ ചില ഒബ്സർവേഷൻ

നടത്തിയെന്നുവരും. It does not amount to a criticism on the chair. അത് ലോക്സഭയിലാണെങ്കിലും രാജ്യസഭയിലാണെങ്കിലും പുറത്തുവന്ന് ചില കാര്യങ്ങൾ പറയാറുണ്ട്, അത് ഒരിക്കലും ചെയറിന്റെ അന്തസ്സിനെയോ നിലവാരത്തിനെയോ ഇകഴ്ത്തിക്കാണിക്കുന്നതിനായി ആരും ചെയ്യുന്നതല്ല. പക്ഷെ ചില സംഭവങ്ങളുണ്ടാകുമ്പോൾ അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പുറത്തുപറയും. അത് ചെയറിനോടുള്ള അനാദരവായി കണക്കാക്കരുതെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചെയറിനോട് ഏറ്റവും കൂടുതൽ ബഹുമാനമുള്ളവരാണ് ഞങ്ങൾ. എല്ലാവരോടും നല്ല വ്യക്തിബന്ധം പുലർത്തുന്ന ആളാണ് ചെയർ. അങ്ങേയ്ക്ക് ലഭിച്ചിട്ടുള്ള പാർലമെന്ററി പ്രാക്ടീസിന്റെ ഏറ്റവും നല്ല രൂപം ഈ നിയമസഭയിൽ ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ട് താങ്കളുമായി തർക്കമോ വിഷമമോ ഉണ്ടാക്കുന്ന പ്രശ്നമേയില്ല, അങ്ങനെ ഒരു ഉദ്ദേശ്യവുമില്ല. സ്വാഭാവികമായും നിയമസഭയിൽ ചില സന്ദർഭങ്ങളിൽ ഞങ്ങൾ നടുത്തളത്തിൽ ഇറങ്ങിയിട്ടുണ്ട്. ഞങ്ങളെക്കാൾ കൂടുതൽ ഭരണകക്ഷിയിൽപ്പെട്ടവർ നടുത്തളത്തിൽ ഇറങ്ങിയിട്ടുണ്ട്. ഞാൻ ഇവിടെ ദീർഘകാലമായി അംഗമായിട്ടുള്ള ആളാണ്. ഏതെങ്കിലുമൊരു കാലത്ത് ഭരണകക്ഷി

അംഗങ്ങൾ നടുത്തളത്തിൽ വന്നത് എന്റെ ഓർമ്മയിലില്ല. എന്റെ പാർലമെന്ററി പ്രാക്ടീസ് അങ്ങയെപ്പോലുള്ള ആൾ ചോദിച്ചാൽ തർക്കിച്ചുനിൽക്കുന്നതല്ല. പക്ഷേ യാഥാർത്ഥ്യം സ്പീക്കറെ ബോദ്ധ്യപ്പെടുത്തുന്നതാണ്. അങ്ങനെ അസാധാരണമായ സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമസഭയ്ക്ക് പുറത്ത് സ്വാഭാവികമായും ഒരു criticism പോലെ പറയും. പക്ഷേ സ്പീക്കറെക്കുറിച്ച് ഒരിക്കലും ഞങ്ങൾ പറയാറില്ല, പറയേണ്ട ഒരു കാര്യവുമില്ല. സ്പീക്കർ ആ നിലയിൽ ഞങ്ങളോട് പെരുമാറിയിട്ടുമില്ല. സ്പീക്കർ എപ്പോഴും ഞങ്ങളോട് വളരെ sober ആയിരുന്നു. അതുകൊണ്ട് ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ രൂപത്തിൽ അതെടുക്കരുത്. അങ്ങ് ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കണം. റൂളിംഗ് നൽകുന്നതിനുമുമ്പ് ഞാൻ അങ്ങയെ ഇത് ബോദ്ധ്യപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ സീനിയർ പാർലമെന്റേറിയനും പരിണതപ്രജ്ഞനുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഴുവൻ കാര്യങ്ങളും മനസ്സിലാക്കിയിരുന്നെങ്കിൽ ഒരുപക്ഷേ ഇതുപോലെയുള്ള പ്രതികരണങ്ങൾ സഭയ്ക്കകത്ത് നടത്തുമായിരുന്നില്ല എന്നാണ് പ്രതീക്ഷിക്കുന്നത്. ചട്ടം വളരെ വ്യക്തമാണ്.

സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ചട്ടം 284 (xi)-ൽ പറയുന്നുണ്ട്. റൂളിംഗിൽ പ്രതിഷേധിച്ച് വേണമെങ്കിൽ ഇറങ്ങിപ്പോകാം. ഞങ്ങൾ ആ നിലപാടിനെ സ്വീകരിക്കാം. ഇത് സഭയ്ക്കകത്തുള്ള കാര്യമാണ്. ചട്ടം 303 (3)-ൽ കൃത്യമായി പറയുന്നത് സ്പീക്കറുടെ തീരുമാനം അന്തിമമാണ് എന്നാണ്. റൂളിംഗ് നൽകിയതിനുശേഷം നടത്തിയ പത്രസമ്മേളനത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉപയോഗിച്ച വാചകം 'മന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകൾ ക്രമപ്രശ്നം ഉന്നയിക്കുകയും സ്പീക്കർ അതിനോട് സഹായകരമായ സമീപനം സ്വീകരിക്കുകയും ചെയ്തു' എന്നുള്ളതാണ്. സ്പീക്കറുടെ നിഷ്പക്ഷതയെ പരോക്ഷമായി സഭയ്ക്കുപുറത്ത് പ്രതിപക്ഷനേതാവ് ചോദ്യം ചെയ്യുകയാണ് ചെയ്തത്. അങ്ങ് അത് കേൾക്കാത്തതുകൊണ്ടായിരിക്കും, ഒന്ന് കേട്ടുനോക്കു. അങ്ങ് ഒരുപക്ഷേ ഇങ്ങനെ ചെയ്യുമായിരുന്നില്ല, അങ്ങയെപ്പോലെ ഒരാളായിരുന്നെങ്കിൽ ഇങ്ങനെ പറയുമായിരുന്നില്ല. ഇതിന്റെ വീഡിയോ നമുക്ക് പബ്ലിക് ഡൊമൈനിൽ ലഭ്യമാണ്, മാധ്യമ വാർത്തകളുമുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയായ കാര്യമല്ലേ. ഈ arguments ഞങ്ങൾ സ്പീക്കറോട് പറയുന്നത്

സഹായകരമായ റൂളിംഗ് നൽകാൻ വേണ്ടിയാണ്. ഈ സഭയിൽ നമ്മൾ ഇത്തരം ക്രമപ്രശ്നങ്ങൾ ഉന്നയിക്കുന്നതും പോയിന്റുകൾ റെയ്സ് ചെയ്യുന്നതുമെല്ലാം സ്പീക്കറെ സഹായിക്കാൻ വേണ്ടിയാണ്. അങ്ങനെ സഹായിക്കാൻ വേണ്ടി ചെയ്യുവെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞാൽ, how can you say that it is a criticism on the chair?

<u>ശ്രീ. പി. രാജീവ്</u>: സർ, ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള ഉണ്ടായിരുന്നെങ്കിൽ മലയാളം വാക്കിന്റെ വ്യാഖ്യാനങ്ങൾക്കുവേണ്ടി അദ്ദേഹം അങ്ങയുടെ ശിഷ്യത്വം സ്വീകരിച്ചേനെ. വളരെ കൃത്യമായി പറഞ്ഞിരിക്കുന്നത് - ഇവിടെ മന്ത്രിമാരുൾപ്പെടെ ഉന്നയിച്ച പ്രശ്നത്തോട് സഹായകരമായ സമീപനമാണ് സ്വീകരിക്കുന്നതെന്നാണ്. ബഹുമാന്യനായ ചെയർ ചട്ടത്തെ ആധാരമാക്കിക്കൊണ്ട് ഒരു നിലപാട് സ്വീകരിക്കുമെന്നുള്ളതാണ് നമ്മുടെയെല്ലാം ധാരണ. അതിൽനിന്നും വ്യത്യസ്തമായി അങ്ങോട്ടോ ഇങ്ങോട്ടോ സഹായകരമാകുന്ന നിലപാട് എന്ന് പരാമർശിക്കുന്നതുവഴി നിഷ്പക്ഷമായ നിലപാടാണ് സ്പീക്കർ സ്വീകരിക്കുന്നതെന്ന പൊതുവായ ധാരണയ്ക്കും ഈ സഭയുടെ അന്തസ്സിനും ചേർന്ന സമീപനത്തിൽനിന്ന് വ്യത്യസ്തമാണ്. പരോക്ഷമായി അദ്ദേഹം സൂചിപ്പിച്ചത് സ്പീക്കർ ഒരു പക്ഷം പിടിച്ചുവെന്നുള്ളതാണ്. അത് വളരെ

തെറ്റായ രീതിയാണ്. പ്രതിപക്ഷനേതാവ് ഇവിടെയില്ല. അദ്ദേഹം പറഞ്ഞതിനുവേണ്ടി വ്യാഖ്യാനിച്ച് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള ആളുകൾ വെറുതെ അപകടത്തിലേയ്ക്ക് പോകരുത്. അദ്ദേഹം പറഞ്ഞ കാര്യം ചെയർ പരിശോധിക്കേണ്ടതാണ്. ഇവിടെ നമുക്ക് വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കാം. സഭയുടെ അന്തസ്സ് ഉയർത്തിപിടിക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ടതാണ്.

മി. സ്പീക്കർ: വേണ്ടത്ര ചർച്ച ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വേണ്ടത്ര ആകണമെങ്കിൽ ഞാൻ പറയുന്നതുകൂടി ഉൾപ്പെടുത്തണം. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ഞങ്ങൾ സ്പീക്കറെ മോശമായി ചിത്രീകരിച്ചിട്ടില്ല, ചിത്രീകരിക്കില്ല. ഇതിനെക്കാൾ ഞങ്ങളോട് മോശമായി പെരുമാറിയ മുൻ സ്പീക്കർമാരുണ്ട്. അവരോടുപോലും ഞങ്ങൾ ഇതുപോലെ ഒന്നും ചെയ്തിട്ടില്ല. എനിക്കത് ഓർമ്മ വരുന്നുണ്ട്. ശ്രീ. പി. രാജീവിന് പക്ഷേ ഓർമ്മ വരില്ല. പക്ഷേ ഞങ്ങൾ അവരോടുപോലും അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞങ്ങൾക്കൊരു പ്രതിപക്ഷ ധർമ്മമുണ്ട്. അത് നിറവേറ്റുന്നതല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇതിനെക്കാൾ ഞങ്ങളോട് മോശമായി പെരുമാറിയെന്ന് പറയുമ്പോൾ

ബഹുമാനപ്പെട്ട സ്പീക്കറും മോശമായി പെരുമാറിയെന്നല്ലേ മനസ്സിലാക്കേണ്ടത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. കെ. എൻ. ബാലഗോപാൽ നമ്മൾ തമ്മിൽ തർക്കം വേണോ? ഞാൻ അങ്ങയുമായി തർക്കിക്കുന്നില്ല. അതിന് പല കാരണങ്ങളുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആദ്യം പറഞ്ഞത് ചെയർ വളരെ ഉദാരമായിട്ടാണ് പെരുമാറിയിട്ടുള്ളതെന്നാണ്. പക്ഷേ അദ്ദേഹം ഇപ്പോൾ പറഞ്ഞപ്പോൾ വേറൊരു തെറ്റിദ്ധാരണയ്ക്ക് അത് ഇടയായി. അത് ബോധപൂർവ്വമായിരിക്കില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങളുടെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് സ്പീക്കറെ വിലയിരുത്തുന്നത്. അതിൽ സ്പീക്കർ ഞങ്ങളോട് നന്നായും ഡീസന്റായും വളരെ കാര്യമായും ജനാധിപത്യത്തിന്റെ കീഴ്വഴക്കം നോക്കിയുമെല്ലാം ചെയ്യുന്നുണ്ട്. അതുകൊണ്ട് ദയവായി കിട്ടിയ സന്ദർഭം പ്രതിപക്ഷ നേതാവിനെയൊന്ന് അടിച്ചുകളയാം എന്നുകരുതി ദുരുദ്ദേശത്തോടുകൂടിയുള്ള ഒരു നിലപാട് ശ്രീ. പി. രാജീവിനെപ്പോലുള്ള ഉന്നതനായ വ്യക്തിയുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയില്ല എന്നാണ് എന്റെ പ്രതീക്ഷ. ഞങ്ങളുടെ ഉദ്ദേശ്യം വേറെയാണ്. അത് ദയവായി അങ്ങേയ്ക്ക്

ബോദ്ധ്യപ്പെടണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇതുമായി ബന്ധപ്പെട്ട് റൂൾസ് ഓഫ് പ്രൊസീഡ്യുവർ പരിശോധിക്കുമ്പോൾ കോടതി ജഡ്ജ്മെന്റിനെ സംബന്ധിച്ചും ഇതേ പ്രിൻസിപ്പിളുണ്ട്. അതായത് ഒരു ജഡ്ജ്മെന്റിന്റെ പേരിൽ ജഡ്ജിനെ വിമർശിക്കരുത്. That doesn't mean that the judgement cannot be criticized.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ഭരണകക്ഷി അംഗങ്ങൾ വെല്ലിൽ ഇറങ്ങിയെന്നാണ്. ഈ സഭയുടെ കാലത്ത് ഒരിക്കൽപോലും ഭരണകക്ഷി അംഗങ്ങൾ വെല്ലിൽ ഇറങ്ങിയിട്ടില്ല. ബഹളം വച്ചിട്ടുണ്ടെന്നത് ശരിയാണ്. വെല്ലിൽ ഇറങ്ങിയെന്ന് അങ്ങ് പറഞ്ഞത് രേഖകളിൽ ഉണ്ടാകാൻ പാടില്ല, അത് തിരുത്തണം.

മി. സ്പീക്കർ: ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയ്ക്കകത്തും പുറത്തും സംസാരിച്ചത് സംബന്ധിച്ചാണ് ശ്രീ. എ. എൻ. ഷംസീർ ക്രമപ്രശ്നം ഉന്നയിച്ചത്. അതുസംബന്ധിച്ച് വേണ്ടത്ര വിശദമായ ചർച്ച നടന്നുവെന്നാണ് കരുതുന്നത്. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭാവത്തിൽ അതുസംബന്ധിച്ച് റൂളിംഗ് നൽകുന്നില്ല. അദ്ദേഹംകൂടി വന്ന്, അദ്ദേഹത്തിന്റെ

അഭിപ്രായം കൂടി കേട്ടതിനുശേഷം ബാക്കികാര്യങ്ങളാകാം.

## 12.47 PM ]

## VII ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ

കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| VIII | എക്സൈസ് | 125,05,07,000 | - | 250,10,13,000 | - | 250,10,13,000 |
| XXII | നഗരവികസനം | 568,92,50,000 | 66,00,00,000 | 1137,84,99,000 | 132,00,01,000 | 1269,85,00,000 |
| XXXV | പഞ്ചായത്ത് | 305,15,99,000 | 106,66,67,000 | 610,31,97,000 | 213,33,35,000 | 823,65,32,000 |
| XXXVI | ഗ്രാമവികസനം | 1442,00,45,000 | 480,80,00,000 | 2884,00,91,000 | 961,60,00,000 | 3845,60,91,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത്

വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സമീപപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മദ്യവിൽപ്പനശാലകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബിവറേജസ് ഔട്ട്ലെറ്റ് സ്ഥാപിക്കാനുള്ള തീരുമാനം

സമൂഹത്തിൽ ആശങ്ക ഉണ്ടാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തി കൂടുതൽ ജനപങ്കാളിത്തത്തോടെ ലഹരി വിരുദ്ധ ബോധവത്കരണം നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം

തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരിമാഫിയയുടെ ഭാഗമായി ഉണ്ടാകുന്ന അതിക്രമങ്ങളും ലഹരി കടത്തും തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എം.ഡി.എം.എ. പോലുള്ള മയക്കമരുന്നുകളുടെ വിപണനവും ഉപയോഗവും വർദ്ധിച്ചുവരുന്നത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ജയിലുകൾ കേന്ദ്രീകരിച്ച് കുറ്റവാളികൾ ലഹരികടത്തുന്നതിന് നേതൃത്വം നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തേയ്ക്ക് മയക്കുമരുന്ന് കടത്തിക്കൊണ്ടുവരുന്നത് വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ എക്സൈസ് വകുപ്പിന്റെ പരിശോധന കർശനമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കഞ്ചാവും മറ്റ് മയക്കുമരുന്നുകളും അന്യ സംസ്ഥാനങ്ങളിൽനിന്ന് കടത്തി കൊണ്ടുവരുന്നത് തടയാൻ ചെക്ക്

പോസ്റ്റുകളിൽ മതിയായ സംവിധാനം ഏർപ്പെടുത്താതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കർണ്ണാടകയിൽനിന്ന് കാസർഗോഡ് ജില്ലയിലേയ്ക്ക് മദ്യവും മയക്കുമരുന്നും കടത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിമുക്തി മിഷന്റെ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലഹരി വിരുദ്ധ പ്രചാരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും ഫലപ്രദമായി ഏകോപിപ്പിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് യുവാക്കളും കുട്ടികളും വലിയതോതിൽ ലഹരിക്ക് അടിമപ്പെട്ടതായും അക്രമവാസനയും ആത്മഹത്യാപ്രവണതയും വർദ്ധിക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടുവാൻ ലഹരി സഹായിക്കുമെന്ന പ്രചരണത്തിലൂടെ വിദ്യാർത്ഥികളെ ലഹരി മാഫിയ വലയിൽ വീഴ്ത്തുന്നതായി പറയപ്പെടുന്ന

സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യവില്പനയിൽ നിന്നുള്ള നികുതി വരുമാനം പൂർണ്ണമായും ഖജനാവിലെത്തുന്നു എന്ന് ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യവില്പനയിൽ നിന്നുള്ള നികുതി വരുമാനം സർക്കാരിലേയ്ക്ക് അടയ്ക്കുവാൻ ബിവറേജസ് കോർപ്പറേഷൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മദ്യത്തിന്റെ ഉല്പാദനം, വിതരണം,

വിൽപ്പന എന്നീ മേഖലകളിൽ ട്രാക്ക് ആന്റ് ട്രേഡ് സംവിധാനം നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 250,10,13,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സജീവ് ജോസഫ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനവാസകേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഏകപക്ഷീയമായ നടപടി സ്വീകരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിലെ മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് തള്ളുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിലെ മാലിന്യസംസ്കരണത്തിനായി ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ അവലംബിച്ച് ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരങ്ങളിൻ പ്രവർത്തിക്കുന്ന മാർക്കറ്റുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും മാലിന്യ

സംസ്കരണത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെട്ടിടനിർമ്മാണ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് പെർമിറ്റ് നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തിലുള്ളതായി പറയപ്പെടുന്ന അപാകതകൾ പരിഹരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരസഭകളിലെയും മുൻസിപ്പാലിറ്റികളിലെയും കെട്ടിടനിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്നതിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോഴിക്കോട് കോർപ്പറേഷനിൽ അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ നഗരസഭകളിൽ വ്യാജകെട്ടിട നമ്പർ അനുവദിച്ച് നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിടനിർമ്മാണ അനുമതി ലഭിക്കുന്നതിനും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിലും കാലതാമസം ഉണ്ടാകുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ നഗരസഭകളിൽ നികുതിവെട്ടിപ്പ് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരസഭകൾക്ക് ലഭിക്കേണ്ട വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് വീഴ്ച വരുത്തുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്മാർട്ട് സിറ്റി നിർമ്മാണം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ ഫണ്ട് തട്ടിയെടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരപ്രദേശങ്ങളിലെ അതിദരിദ്രരുടെ

ജീവിതനിലവാരം ഉയർത്തുന്നതിലും ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, നൈപുണ്യ വികസനം, സ്വയംതൊഴിൽ സംരംഭം എന്നീ മേഖലകളിൽ കാര്യക്ഷമമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവത്കരണവും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് പ്രതിരോധത്തിന് ഉൾപ്പെടെ ആവശ്യമായ ഫണ്ട് നൽകാതെ കൂടുതൽ സാമ്പത്തിക ഉത്തരവാദിത്തങ്ങൾ അടിച്ചേൽപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, നഗരവികസനം XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1269,85,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെട്ടിടനികുതി അഞ്ച് വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നതിനുപകരം വർഷത്തിലൊരിക്കൽ പരിഷ്കരിക്കാൻ തീരുമാനിച്ചതിലൂടെ ജനങ്ങൾക്കുണ്ടാകുന്നതായി

പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ സമർപ്പിക്കുന്ന കെട്ടിടനിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ വിഭാഗങ്ങളിലുള്ള അഴിമതി തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭാഷാന്യൂനപക്ഷ

പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ പ്രാദേശിക ഭാഷ അറിയുന്ന ഉദ്യോഗസ്ഥരെ നിയമിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഒ.ടി.ടി. പ്ലാറ്റ്ഫോമുകളിൽ സിനിമ റിലീസ് ചെയ്യുന്നതുമൂലം പഞ്ചായത്തുകളിൽ വിനോദനികുതി ഇനത്തിൽ ഉണ്ടായ വരുമാനനഷ്ടം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനായി എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തെരുവുനായ്ക്കളുടെ വന്ധ്യംകരണവും പുനരധിവാസവും സംബന്ധിച്ച് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തൊഴിലുറപ്പുപദ്ധതി പ്രകാരം ജോലി ചെയ്തവർക്ക് വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം

വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനത്തിലൂടെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ലൈഫ് മിഷൻ 2020-ന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ മുഖേന നടത്തിയിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭിക്കുന്ന വീടുകളുടെ എണ്ണത്തിൽ കുറവ്

സംഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി ഫണ്ട് സമാഹരണം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ ബോധപൂർവ്വം നീട്ടിക്കൊണ്ടുപോകുന്നതായും ആയതുമൂലം ഭവനരഹിതരായ സാധാരണ ജനങ്ങൾ പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പിന്നാക്കപ്രദേശത്തെ പഞ്ചായത്തുകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ജനറൽ പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയതിനാൽ വികസന പ്രവർത്തനങ്ങൾ നിശ്ചലമാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആവശ്യമായ ഫണ്ട് അനുവദിക്കാതെ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ച് നൽകിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനറൽ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിച്ചുരുക്കി പഞ്ചായത്തീരാജ്

സംവിധാനത്തെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 823,65,32,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് മിഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനങ്ങൾ ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലയിലെ അടിസ്ഥാനസൗകര്യവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാമുമായി ബന്ധപ്പെട്ട സോഷ്യൽ

ഓഡിറ്റ്സെൽ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്ത തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാക്കാത്തതിൽ പരിഹാര നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് അലോക്കേഷനിൽ വന്നിട്ടുള്ള മാറ്റം കാരണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് വേതനം കൃത്യസമയത്ത് ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നീർത്തട വികസന പദ്ധതി ഫലപ്രദമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാലിന്യസംസ്കരണ പദ്ധതികൾ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3845,60,91,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീമതി കെ. കെ. രമ

2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

3. ശ്രീ. സണ്ണി ജോസഫ്

4. ശ്രീ. പി. സി. വിഷ്ണുനാഥ്

5. ശ്രീ. സജീവ് ജോസഫ്

6. ശ്രീ. സി. ആർ. മഹേഷ്

7. ശ്രീ. സനീഷ്കുമാർ ജോസഫ്

8. ശ്രീ. എം. വിൻസെന്റ്

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. ടി. സിദ്ദിഖ്

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ഡോ. മാത്യു കുഴൽനാടൻ

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

15. ശ്രീ. അൻവർ സാദത്ത്

16. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ: ധനാഭ്യർത്ഥന ചർച്ചയ്ക്കുശേഷം ഇന്ന് രണ്ട് ബില്ലുകൾകൂടി സബ്ജക്ട് കമ്മിറ്റികൾക്ക് അയയ്ക്കേണ്ടതുണ്ട്. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സമയപരിധി കർശനമായി പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ഡി. പ്രസേനൻ)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, എക്സൈസ്, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ധനാഭ്യർത്ഥനകളെല്ലാം നാം ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്യുമ്പോൾ ദേശീയ തലത്തിലുള്ള രാഷ്ട്രീയത്തിന്റെ പ്രത്യേകത എല്ലാവരും പരിഗണിക്കേണ്ടതുണ്ട്. വളരെ ഗൗരവമായ സ്ഥിതിവിശേഷത്തിലേയ്ക്കാണ് രാജ്യം നീങ്ങുന്നത്. വർഗ്ഗീയ ധ്രുവീകരണം നടത്തുന്നതിന് നേതൃത്വം നൽകി പ്രവർത്തിച്ചുവരുന്നത് ഭരണത്തിന് നേതൃത്വം നൽകുന്ന ബി.ജെ.പി. ആണ്. സംഘ്പരിവാർ രാഷ്ട്രീയമാണ് അവർ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിന്റെ രൂക്ഷത കേരളത്തിൽ വർഗ്ഗീയതയ്ക്കെതിരായ നിലപാട് സ്വീകരിക്കുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഗൗരവമായി എടുക്കേണ്ടതാണ്. ഇങ്ങനെ ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നതിന് നിർബന്ധിക്കുന്നതാണ് ഇന്നത്തെ സാഹചര്യം. ഇക്കഴിഞ്ഞ ദിവസം

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റ് രാഷ്ട്രീയ സ്ഥിതിഗതികളിൽ എടുക്കേണ്ട സമീപനത്തെക്കുറിച്ചുള്ള ഒരു അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. അത് മാനിച്ചുകൊണ്ട്, ആ അഭിപ്രായത്തിൽ നിന്നുകൊണ്ട് ഈ സഭയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് വർഗ്ഗീയ പ്രശ്നങ്ങളിൽ നിലപാട് എടുക്കുമോ? കോൺഗ്രസ്സിനോട് ഇത് പറഞ്ഞാൽ ആ നിലയിൽ അവരത് പരിഗണിച്ചുകൊള്ളണമെന്നില്ല. കാരണം, അവരുടെ സംസ്ഥാന നേതൃത്വം അത്തരമൊരു തെറ്റായ സമീപനം തുടർന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ രാഷ്ട്രീയമായ ഏതെങ്കിലും തരത്തിലുള്ള വേറിട്ടൊരു നിലപാട് കോൺഗ്രസ്സിൽനിന്നും പ്രതീക്ഷിക്കാൻ കഴിയുന്നില്ല. എല്ലാവരുടെയും പരിഗണനയ്ക്ക് വരേണ്ട വിഷയമെന്നുള്ള നിലയിൽ ഇത്തരം പ്രശ്നങ്ങളെ കാണണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഈ ഡിമാന്റുകൾ ചർച്ച ചെയ്യുമ്പോൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന സന്ദർഭമാണെന്ന കാര്യം സൂചിപ്പിക്കുകയാണ്. പ്രാദേശിക സർക്കാരുകളിൽ അടിസ്ഥാനപരമായ പുനഃസംഘടന രൂപപ്പെട്ടൊരു ഘട്ടമാണ് നാം പിന്നിട്ടിരിക്കുന്നത്. സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇതെല്ലാം

നടപ്പിൽ വരുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിച്ചുകഴിഞ്ഞിട്ടുള്ള സന്ദർഭമാണിത്. പ്രളയവും കോവിഡും ഉൾപ്പെടെയുള്ള ദുരന്തമുഖങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചങ്കുറപ്പോടെ നിലയുറപ്പിച്ച് ജനങ്ങൾക്ക് സംരക്ഷണം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന ഗവണ്മെന്റിന്റെയും നടപടികൾക്ക് ജനങ്ങൾ വലിയ തോതിലുള്ള പിന്തുണയാണ് നൽകിയിട്ടുള്ളത്.

ഇവിടെയൊരു പ്രധാനപ്പെട്ട കാര്യം നാം പരിഗണിക്കേണ്ടതുണ്ട്. ഈ ബഡ്ജറ്റും അതുപോലുള്ള സംവിധാനങ്ങളെല്ലാം രൂപപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചുവരുന്നൊരു സംവിധാനമാണ് പ്ലാനിംഗ് ബോർഡ്. 14-ാം പഞ്ചവത്സര പദ്ധതിയിൽ സ്വീകരിക്കേണ്ട നിലപാടിനെക്കുറിച്ചുള്ള പൊതുസമീപനം പ്ലാനിംഗ് ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്. അത് ഗവണ്മെന്റിന്റെകൂടി സമീപനത്തിന്റെ ഭാഗമാണ്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തി തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിന് സഹായകരമായ നിലപാടുകളാണ് മുന്നോട്ടുവയ്ക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമായ ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി

ബന്ധപ്പെട്ട് ഇവിടെ രൂപപ്പെട്ട് വന്നിട്ടുള്ളത്. ആ നിലയിൽ ബഡ്ജറ്റ് നിർദ്ദേശങ്ങളെ, ഈ ധനകാര്യ നിലപാടുകളെ പൂർണ്ണമായും പിന്തുണയ്ക്കേണ്ടതുണ്ട്.

സംസ്ഥാന പദ്ധതികളുടെ അടങ്കൽ തുക പരിശോധിക്കുമ്പോൾ 25 ശതമാനത്തിലധികം വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്ന് കാണാൻ കഴിയും. സംസ്ഥാനം ഉപാധിരഹിത ഫണ്ട് നൽകുമ്പോൾ 15-ാം ധനകാര്യ കമ്മീഷൻ അടിച്ചേൽപ്പിക്കുന്ന നിബന്ധനകൾ വികേന്ദ്രീകൃതാസൂത്രണത്തിന് പ്രതികൂലമായ സ്ഥിതിവിശേഷമാണ് സൃഷ്ടിക്കുന്നത്. ഇത്തരം നിലപാടുകളുടെ ഗൗരവസ്ഥിതിയാണ് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നത്. ഇവിടെ തർക്കങ്ങളും ഏറ്റുമുട്ടലുകളുമല്ല പ്രധാനം. ഇത്തരം സാമ്പത്തിക സമീപനങ്ങളുടെ പ്രത്യേകതകൾ പരിഗണിച്ച് നമ്മുടെ സംസ്ഥാനത്തെ ഈ നിലപാടുകൾ എങ്ങനെ ബാധിക്കുന്നുവെന്ന് മനസ്സിലാക്കി അതിനനുസൃതമായ സമീപനമാണ് സ്വീകരിക്കേണ്ടത്. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കേരളത്തിന്റെ അന്തരീക്ഷവും പരിഗണിക്കുമ്പോൾ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ പുരോഗതി

കൈവരിച്ചിരിക്കുന്നതായി കാണാൻ കഴിയും. വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് പുതിയ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം നല്ലവശങ്ങൾ ഏറ്റെടുത്ത് പ്രാവർത്തികമാക്കുന്നതിന് എല്ലാവരും യോജിച്ച സമീപനം എടുക്കുക എന്നുള്ളത് തന്നെയാണ് പ്രധാനം. എങ്കിൽമാത്രമേ നാടിനെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. വ്യവസായം, സേവനം, തൊഴിലവസരം എന്നീ രംഗങ്ങളിലെല്ലാം വലിയ തോതിലുള്ള മുന്നേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ കുടുംബശ്രീ സംവിധാനം വ്യാപിക്കുകയും വിപുലപ്പെടുകയുമാണെങ്കിലും എല്ലാ സ്ത്രീകൾക്കും കുടുംബശ്രീയിൽ അംഗങ്ങളാകാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ മുഴുവൻ സ്ത്രീകളെയും ഇതിൽ അംഗങ്ങളാക്കുന്നതിനുള്ള ശ്രമം നടന്നിട്ടുണ്ട്. മുഴുവൻ സ്ത്രീകളെയും അംഗങ്ങളാക്കുന്നതിനുള്ള സമീപനവും നയപരമായ തീരുമാനവും ഗവണ്മെന്റ് എടുക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട ഗവണ്മെന്റിനോടും പ്രത്യേകിച്ച് വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത്.

കോവിഡ് 19 മഹാമാരിയുടെ വ്യാപനത്തോടെ പ്രവാസികളുടെ മടങ്ങിവരവ് വലിയതോതിൽ വർദ്ധിക്കുകയും തൊഴിൽ മേഖലയിൽ വലിയ തോതിലുള്ള പ്രതിസന്ധി സൃഷ്ടിച്ചിട്ടുമുണ്ട്. ഇതെല്ലാം അതിജീവിച്ചുകൊണ്ട്

മുന്നോട്ടുപോകുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലുറപ്പും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള സമീപനമാണ് ഈ ബഡ്ജറ്റിന്റെ ഭാഗമായി രൂപപ്പെട്ടിട്ടുള്ളത്. സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ എന്നിവർക്കെല്ലാം മതിയായ പരിരക്ഷ ഉറപ്പുവരുത്തുന്ന നിലപാട് സ്വീകരിക്കുന്നുണ്ട്. ആസൂത്രണബോർഡും ഇതുപോലുള്ള പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമായ സമീപനമാണ് എടുത്തിട്ടുള്ളത്.

കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള നാല് മിഷനുകൾ ചേർന്ന് നവകേരള കർമ്മപദ്ധതിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. വളരെ സമഗ്രമായ വിലയിരുത്തലിന്റെ ഭാഗമായി ഭാവികേരളത്തിന്റെ മുന്നേറ്റത്തിന് സഹായകരമായ നിലപാടാണ് ഇതിലൂടെ സ്വീകരിക്കുന്നത്. നവകേരള പദ്ധതി കേരളത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള ഉറപ്പാണ് ബഡ്ജറ്റിൽ നൽകുന്നത്. വിവിധ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിലപാടും സ്വീകരിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളും ജനക്ഷേമത്തെ മുൻനിർത്തി രൂപപ്പെടുത്തുന്ന ചില പദ്ധതികളും ഇവിടെ പ്രാവർത്തികമാക്കുന്നത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ വഴിയാണ്. ആ നിലയിൽ നമുക്കതിനെ കാണാൻ സാധിക്കും. ദൗർഭാഗ്യവശാൽ ഇത്തരം പ്രശ്നങ്ങളൊന്നും പരിഗണിക്കാതെ പ്രതിപക്ഷം നിരന്തരമായി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. നിയമസഭയെപ്പോലും അതിനുവേണ്ടി ഉപയോഗിക്കുന്ന ചില നീക്കങ്ങൾ നടന്നതായും കാണാൻ സാധിക്കും. എല്ലാ കുതന്ത്രങ്ങളെയും എൽ.ഡി.എഫ്. അതിജീവിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ജനങ്ങളെ വിശ്വാസത്തിലെടുത്താണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തെ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതി ഇന്ത്യയിലാദ്യമാണ്, അത്തരം പദ്ധതികൾ ഇവിടെ പ്രാവർത്തികമാക്കുന്നതിനുള്ള നിലപാടുകളും സ്വീകരിക്കുന്നുണ്ട്. കേരളത്തിൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. വാതിൽപ്പടി സേവനം എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകത്തക്ക നിലയിലുള്ള പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ജനകീയ ഹോട്ടലുകൾ ഇതിന്റെ ഭാഗമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ടുള്ള സമീപനം സ്വീകരിച്ച് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്.

കേരളത്തിന്റെ മദ്യനയം പല സന്ദർഭങ്ങളിലും ചർച്ച ചെയ്തിട്ടുള്ളതാണ്.

കേരളത്തിൽ എക്സൈസ് വകുപ്പ് മെച്ചപ്പെട്ട പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ജനങ്ങളോടുള്ള ഉത്തരവാദിത്വനിർവ്വഹണത്തിന്റെ ഭാഗമായി ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോഴും കേരളത്തിലെ പരമ്പരാഗത വ്യവസായമെന്ന നിലയിൽ പരിഗണിക്കപ്പെട്ടുവരുന്ന കള്ള് വ്യവസായത്തിന്റെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല; ആ മേഖലയിൽ പ്രയാസങ്ങൾ തുടരുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ഈ പ്രശ്നങ്ങളെയെല്ലാം വിശകലനം ചെയ്ത് സഭ ഒന്നാകെ പരിശോധിച്ച് Toddy Board രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുകയുണ്ടായി. Toddy Board രൂപപ്പെട്ടെങ്കിലും ബോർഡ് പ്രാവർത്തികമായിട്ടില്ല, ബോർഡ് ലക്ഷ്യംവയ്ക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് മുന്നോട്ടുപോകാനും കഴിഞ്ഞിട്ടില്ല. കള്ള് കേടുകൂടാതെ സൂക്ഷിക്കുക; അത്യുല്പാദനശേഷിയുള്ള തെങ്ങും പനയും വച്ചുപിടിപ്പിക്കുക; ഷാപ്പുകൾ നടത്തുന്നതിന് സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുക; ആവശ്യാനുസരണം ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക; വിനോദ സഞ്ചാര മേഖലയിൽ ആധുനിക ഷാപ്പുകൾ ആരംഭിക്കുക;

ഈ മേഖലയിൽ കടന്നുവരുന്ന പുതിയ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകുക; വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കുക ഇതെല്ലാം Toddy Board രൂപീകരണവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ചിട്ടുള്ള പ്രശ്നങ്ങളാണ്. ഇത് നടപ്പിൽ വരുത്തുന്നതിനുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. തീർച്ചയായും ഈ ഗവണ്മെന്റ് ഈ പ്രശ്നത്തെ ഗൗരവത്തിലെടുത്ത് ടോഡി ബോർഡ് പ്രാവർത്തികമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമെന്നാണ് കരുതുന്നത്.

എക്സൈസ് വകുപ്പിന്റെ പരിഷ്ക്കരണത്തിനും വകുപ്പ് ശക്തിപ്പെടുത്തുന്നതിനും മതിയായ ഫണ്ട് ബഡ്ജറ്റിന്റെ ഭാഗമായി അനുവദിച്ചുകാണുന്നില്ല. ഇപ്പോൾ ലഹരിവർജ്ജനത്തിനുവേണ്ടി വളരെ ഫലപ്രദമായി പ്രവർത്തിക്കുന്ന സംവിധാനമാണ് (ബോധവത്കരണത്തിനുവേണ്ടി നടത്തുന്ന സംവിധാനമാണ്) 'വിമുക്തി'. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് 8 കോടി രൂപയാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. ബോധവത്കരണം അതിന്റെ ലക്ഷ്യത്തിലെത്തുന്നതിന് സഹായിക്കണമെന്നുണ്ടെങ്കിൽ ഈ തുക വലിയ തോതിൽ വർദ്ധിപ്പിച്ചേ മതിയാകൂ. വിമുക്തി ആരോഗ്യ മേഖലയുടെ പരിരക്ഷയ്ക്കുകൂടി ആവശ്യമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ആവശ്യമായ

തുക അനുവദിക്കേണ്ടതുണ്ട്. എക്സൈസ് വകുപ്പിന്റെ ശാക്തീകരണത്തിനുവേണ്ടി കൂടുതൽ തുക ഉപയോഗിച്ചുകഴിഞ്ഞാൽ ഒരിക്കലും അത് നഷ്ടമാകില്ലെന്ന് മാത്രമല്ല, കൂടുതൽ വരുമാനം എക്സൈസ് വകുപ്പുവഴി സമാഹരിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുപോകാനും കഴിയും. ഇപ്പോൾ കേസുകളുടെ എണ്ണത്തിൽ വന്നിട്ടുള്ള വർദ്ധനവ് പരിശോധിച്ചാൽ എക്സൈസ് വകുപ്പിന് എത്രത്തോളം നീതിപൂർവ്വമായി പ്രവർത്തിക്കാൻ കഴിയുമെന്നുള്ളത് ചൂണ്ടിക്കാണിക്കുന്നതാണ്. ഔട്ട്ലെറ്റുകളിലും ബാറുകളിലും ആവശ്യമായ മദ്യം ലഭിക്കുന്നില്ലെന്നാണ് ഇന്ന് പത്രങ്ങളിലെല്ലാം വരുന്ന വാർത്ത. ഇവിടെ കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി ഒരു പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങളും പഴവർഗ്ഗങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് ലഹരികുറഞ്ഞ മദ്യം നിർമ്മിക്കാനാവശ്യമായ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കി മുന്നോട്ടുപോകാൻ സാധിക്കണം. ഇവിടെ ഗവണ്മെന്റ് മുമ്പോട്ടുവച്ചിട്ടുള്ള, കൃഷിക്കാർക്കുകൂടി സംരക്ഷണം നൽകുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം. ലഹരിവർജ്ജനം ലക്ഷ്യംവച്ചുകൊണ്ടുള്ള ബോധവത്കരണ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിനാവശ്യമായ നിലപാടുകൂടി ഇതിന്റെ ഭാഗമായി

സ്വീകരിക്കണം.

പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ കേന്ദ്രങ്ങളെ കൂടുതൽ വിപുലപ്പെടുത്തുകയെന്നുള്ളത് ഗവണ്മെന്റ് മുന്നോട്ടുവച്ചിട്ടുള്ള ആവശ്യമാണ്. പതിനാല് ജില്ലകളിലുംകൂടി 71250 പേരെ ചികിത്സിച്ചിട്ടുണ്ട്. ഈ സംവിധാനം വളരെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും ജനങ്ങളെ പൂർണ്ണമായി ലഹരിയുടെ ഉപയോഗത്തിൽനിന്നും മോചിപ്പിക്കുന്നതിനുമാവശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കണം. എക്സൈസിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടക്കുമ്പോൾ പട്ടികജാതി/ പട്ടികവർഗ്ഗം, സ്ത്രീകൾ എന്നീ വിഭാഗത്തിന് മുൻഗണന നൽകുന്ന നിലപാട് ഗവണ്മെന്റെടുക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ 100 പേരെ നിയമിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനം ഈ സഭയിൽത്തന്നെ നടത്തിയിട്ടുള്ളത് പ്രാവർത്തികമാക്കി മുന്നോട്ടുപോകുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. കള്ളിൽനിന്നും മൂല്യവർദ്ധിതഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് അതിന്റെ സാദ്ധ്യതകൾ ഉപയോഗിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ

എതിർക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച ബഹുമാന്യനായ മുതിർന്ന അംഗം ടി. പി. രാമകൃഷ്ണൻ നിർത്തിയിടത്തുനിന്നും ഞാൻ തുടങ്ങുകയാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം എല്ലാ നിലയ്ക്കും വളരെ പ്രധാനപ്പെട്ടതാണ് എക്സൈസ് ഡിപ്പാർട്ടുമെന്റ്. മറ്റൊന്നുംകൊണ്ടല്ല, ബഡ്ജറ്റ് പരിശോധിച്ചാൽ ഈ സംസ്ഥാനത്തിന്റെ ഓൺ ടാക്സ് റവന്യൂവിൽ മൂന്നാമത്തെ ഏറ്റവും വലിയ കോൺട്രിബ്യൂഷൻ നൽകുന്നത് എക്സൈസ് വകുപ്പാണെന്ന് കാണാം. മുൻ എക്സൈസ് വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. ടി. പി. രാമകൃഷ്ണൻ കേരളത്തിലെ ജനങ്ങളോട് ചില യാഥാർത്ഥ്യങ്ങൾ സത്യസന്ധമായി പറയാൻ തയ്യാറാകണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. കേട്ടുകേൾവിയില്ലാത്തതുപോലെ കേരളത്തിൽ അതിവ്യാപകമായി മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നതും ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്നതും നമ്മുടെ വിദ്യാർത്ഥികളിലാണെന്നതാണ് യാഥാർത്ഥ്യം. വിമുക്തിയെന്ന് പറയുന്ന ഒരു പ്രോജക്ട് എക്സൈസ് വകുപ്പ് റൺ ചെയ്യുന്നുണ്ടെന്നത് ശരിയാണ്. മയക്കുമരുന്ന് ഉപയോഗത്തിന്റെ ദോഷങ്ങളെക്കുറിച്ച് കൂടുതൽ വിശദീകരിക്കേണ്ടതില്ല. പുതിയ തലമുറയെ അമർച്ച ചെയ്തുകൊണ്ടുപോകുന്ന

കാഴ്ച നമ്മൾ നിസ്സഹായരായി നോക്കിനിൽക്കുകയാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ സൈനികരെ കോൺട്രിബ്യൂട്ട് ചെയ്തിരുന്ന സംസ്ഥാനമായ പഞ്ചാബ് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അവിടത്തെ ശരാശരി ചെറുപ്പക്കാർക്ക് ആരോഗ്യമില്ലെന്നതാണ്. അവർ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽ അമർന്നുപോയതുകൊണ്ടാണ്. ഇതുതന്നെയാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമുള്ളത്. ഞാൻ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുന്നു, ഒരുപക്ഷെ പഞ്ചാബ് കഴിഞ്ഞാൽ ഇന്ത്യാരാജ്യത്ത് ഏറ്റവും കൂടുതൽ മയക്കുമരുന്നിന്റെ വ്യാപനം നടത്തുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്നുവെന്നത് അങ്ങേയറ്റം ഗൗരവമുള്ള വിഷയമാണ്. ഇവിടെ മാതാപിതാക്കളും അദ്ധ്യാപകരുമുൾപ്പെടെ നിരവധി തവണ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും സർക്കാർ വേണ്ടത്ര ഗൗരവം ഇതിൽ കാണുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിനോട് ചേർത്ത് വായിക്കേണ്ട ഒന്നുരണ്ട് കാര്യങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തെ എങ്ങനെ രൂപപെടുത്താനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്നൊരു ചോദ്യം കൂടിയുണ്ട്. നമ്മൾ എല്ലായിടത്തും റെസ്ട്രിക്ഷൻ മാത്രം പറഞ്ഞുകൊണ്ട്, അല്ലെങ്കിൽ അവരെ അടക്കിയിരുത്താൻ നോക്കിക്കൊണ്ടുമാത്രം മുന്നോട്ടുപോകാൻ കഴിയില്ല. എനിക്ക് അനുഭവമുള്ള ഒരു കാര്യം വിദ്യാർത്ഥികളുമായി അടുത്ത്

പെരുമാറുമ്പോൾ അറിയാൻ കഴിയുന്നത്, അവരുടെ എനർജി വളരെ കൂടുതലാണെന്നതാണ്. അവരെ എൻഗേജ് ചെയ്യാൻ കഴിയുന്ന രീതിയിൽ നമ്മൾ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പഴയകാലത്ത് രാഷ്ട്രീയമുൾപ്പെടെയുള്ള വലിയൊരു മേഖല അവരുടെ എനർജി അനലൈസ് ചെയ്യാൻ ഉണ്ടായിരുന്നു. പണ്ട് അവരുടെ മേജർ ആക്ടിവിറ്റിയെന്ന് പറയുന്നത് രാഷ്ട്രീയമായിരുന്നെങ്കിൽ ഇന്ന് അങ്ങനെയല്ല. അവർ എവിടെയാണ് എൻഗേജ്ഡാകുന്നത്? അവർ എൻഗേജ്ഡാകണമെങ്കിൽ, ഒന്നുകിൽ സ്പോർട്സ് കൾച്ചർ വേണം, അല്ലെങ്കിൽ യുവാക്കൾക്കുവേണ്ടി കൾച്ചറൽ ആക്ടിവിറ്റിക്കുള്ള സ്കോപ്പ് വേണം. ഇപ്പോൾ നമ്മൾ കുട്ടികളിൽ കാണുന്നതെന്താണ്? ഒന്നുകിൽ അവർ വാഹനം മോഡിഫൈ ചെയ്തുകൊണ്ടുവരും, അപ്പോൾത്തന്നെ അവരുടെ വാഹനം പിടിച്ച് ഫൈൻ അടപ്പിച്ച് വിടും. അവരുടെ എനർജി അനലൈസ് ചെയ്യാൻ കഴിയുന്ന പുതിയ അവന്യൂസ് തുറന്നുകൊടുക്കാൻ പറ്റുന്നില്ല. അതുകൊണ്ടാണ് അവർ പലപ്പോഴും മറ്റ് മേഖലകളിലേയ്ക്ക് കടന്നുപോകുന്നത്. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതിന്റെ പിന്നാലെപോകുന്ന ചെറുപ്പക്കാരുടെ എനർജി കറക്ടായി അനലൈസ് ചെയ്യാൻ പറ്റുന്ന അന്തരീക്ഷം സംസ്ഥാനത്തുണ്ടാക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യമുണ്ട്. ഞാൻ ഈ

ധനാഭ്യർത്ഥനകളെക്കുറിച്ച് സംസാരിക്കുമ്പോൾ ചോദിക്കാൻ ആഗ്രഹിക്കുന്നൊരു കാര്യം, സംസ്ഥാന സർക്കാർ എന്ന നിലയിൽ നിങ്ങൾ ഏത് സമ്പദ്ഘടനയാണ് വിഭാവനം ചെയ്യുന്നതെന്നാണ്? നമ്മൾ അഗ്രേറിയൻ, ഇൻഡസ്ട്രിയൽ, സർവ്വീസ് ഇക്കോണമിയല്ല. ഇപ്പോൾ ആവർത്തിച്ച് പറഞ്ഞുകേൾക്കുന്നത്, നമ്മൾ നോളജ് ഇക്കോണമിയിലേയ്ക്ക് മൂവ് ചെയ്യുന്നുവെന്നാണ്. നോളജ് ഇക്കോണമിയിലേയ്ക്ക് മൂവ് ചെയ്യാനുള്ള എല്ലാ സാദ്ധ്യതകളും കേരളത്തിലുണ്ടായിരുന്നെങ്കിലും നാം ഉപയോഗപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നോളജ് ഇക്കോണമിയിലേയ്ക്ക് ട്രാവൽ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് അടിസ്ഥാനപരമായി വേണ്ട കാര്യങ്ങളുണ്ട്. ഇവിടെ മന്ത്രിമാർ ആരുമില്ല, ആകെയുള്ളത് ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയും മൃഗസംരക്ഷണ വകുപ്പുമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയുമാണ്. നോളജ് ഇക്കോണമിയിലേയ്ക്ക് ട്രാവൽ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം ഫോക്കസ് ചെയ്യേണ്ടത് ഉന്നത വിദ്യാഭ്യാസ മേഖലയെയാണ്. നമ്മുടെ ഹ്യൂമൻ റിസോഴ്സസിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കേണ്ടതാണ്. ഇന്ന് കുട്ടികൾ മുഴുവൻ വിദേശത്തേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പ്ലസ് ടു കഴിഞ്ഞാൽ എല്ലാ കുട്ടികളും ആദ്യം

നോക്കുന്നത് വിദേശത്ത് ഏത് കോഴ്സിന് ചേരാം എന്നതാണ്, എന്തുകൊണ്ടാണ്? ഇവിടത്തെ വിദ്യാഭ്യാസനിലവാരം തകർന്ന് തരിപ്പണമായി, ഇവിടെനിന്ന് പഠിച്ച് ഒരു സർട്ടിഫിക്കറ്റ് വാങ്ങിയാൽ ഒരു ജോലികിട്ടുമെന്ന വിശ്വാസം അവർക്കില്ല. അവർ മറ്റ് യൂണിവേഴ്സിറ്റികളിൽ പോകുന്നു, അതിന്റെയൊരു ഇക്കണോമിക് ഇംപ്ലിക്കേഷനുണ്ട്. ഒന്നും രണ്ടും രൂപയല്ല, ലക്ഷങ്ങളും ദശലക്ഷങ്ങളുമാണ് പോകുന്നത്. അതായത് 12 ലക്ഷം രൂപ, 18 ലക്ഷം രൂപ, 30 ലക്ഷം രൂപ എന്നിങ്ങനെ കേരളത്തിൽനിന്നും ഡോളറാക്കിമാറ്റി വിദേശത്തേയ്ക്ക് കൊണ്ടുപോയാണ് അവർ പഠനം നടത്തുന്നത്. നമ്മൾ നോളജ് ഇക്കോണമിയിലേയ്ക്ക് മൂവ് ചെയ്യാൻ ആഗ്രഹിക്കുന്നു. എത്രയോ സാദ്ധ്യതകൾ ഉണ്ടെങ്കിലും നമ്മുടെ യൂണിവേഴ്സിറ്റികൾ അടിക്കടി റാങ്കിംഗിൽ താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് കുത്തനെ ഇടിഞ്ഞു. അഗ്രേറിയൻ ഇക്കോണമി നമ്മൾ തള്ളിക്കളയേണ്ടതല്ല, അതിന് നമുക്ക് വിൽപവർ വേണം. ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗം ഞാൻ ഇന്നും ഓർമ്മിക്കുന്നു. Path Breaking Reforms അദ്ദേഹം കൊണ്ടുവരുമെന്നാണ് ഞാൻ കരുതിയത്. അഗ്രേറിയൻ റിഫോംസ് ഉണ്ടായിരുന്നുവെങ്കിൽ ഇവിടെ

അഗ്രിക്കൾച്ചർ ഇക്കോണമി മൂവ് ചെയ്യാൻ പറ്റുമായിരുന്നു. അതൊന്നും ഇതുവരെ കണ്ടില്ല. അതുമാത്രമല്ല മൃഗസംരക്ഷണം, മത്സ്യസമ്പത്ത് ഉൾപ്പെടെയുള്ള കാര്യങ്ങളാണെങ്കിൽപ്പോലും കേരളത്തിന് വലിയ സാദ്ധ്യതകൾ ഉണ്ടായിരുന്നു. ഈ ബഡ്ജറ്റിലോ, പ്ലാനിംഗിലോ നിങ്ങളുടെ ഫോക്കസ് എവിടെയാണ്? അദ്ദേഹം പറഞ്ഞ ഒരു പോയിന്റുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സമീപനം ഒരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. കാരണം അത് ഫെഡറൽ കൺസെപ്റ്റിനെ ദുർബലപ്പെടുത്തുന്ന രീതിയിൽ ഓരോ മേഖലയിലേയ്ക്കും കടന്നുകയറുന്നതാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ ഫെഡറൽ സംവിധാനം ഡിഫൈൻ ചെയ്യുമ്പോൾ പ്രതിരോധം, വ്യോമയാനം, ടെലികമ്മ്യൂണിക്കേഷൻ, ഷിപ്പിംഗ് ഇതുപോലുള്ള മർമ്മപ്രധാനമായ മേഖലകൾ കേന്ദ്രം കൈയിൽവയ്ക്കുകയും ബാക്കി മുഴുവൻ സ്റ്റേറ്റ്സിലേയ്ക്ക് ഡിവോൾവ് ചെയ്യുകയെന്നുള്ളതായിരുന്നു കൺസെപ്റ്റ്. പക്ഷെ അതിനുപകരം കൺകറന്റ് ലിസ്റ്റാണെങ്കിലും അല്ലാത്തതാണെങ്കിലും നിയമനിർമ്മാണങ്ങളിലൂടെ സംസ്ഥാനത്തുനിന്ന് കേന്ദ്രം പിടിച്ചെടുക്കുകയാണ്. സമാനമായൊരു അപ്രോച്ച്, സംസ്ഥാന സർക്കാർ പഞ്ചായത്തുകളോട് കാണിക്കുന്നില്ലേ? പഞ്ചായത്തുകളുടെ പ്ലാനിംഗ് സ്പേസ് നിങ്ങൾ എത്രയോ കുറച്ചു. പഞ്ചായത്തുകളുടെ മേൽ

സംസ്ഥാന സർക്കാർ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ നിബന്ധനകൾ അടിച്ചേൽപ്പിക്കുന്ന സമാനമായ നിലയിലല്ലേ ഈ സർക്കാർ പഞ്ചായത്തുകൾക്കുമേൽ അടിച്ചേൽപ്പിക്കുന്നത്. അക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസമില്ല. പറയുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങളുടെ നയങ്ങളിൽ അത് പ്രതിഫലിക്കണം. പ്രസംഗിക്കാൻ വേണ്ടി മാത്രമായി നമ്മൾ കാര്യങ്ങൾ പറയരുത്. മന്ത്രിമാർ മറുപടി പറയുമ്പോൾ ഈ സർക്കാരിന്റെ ഒരു സോളിഡ് പോളിസിയെങ്കിലും പറയണമെന്ന് പറഞ്ഞുകൊണ്ട്, അത് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ 35 ശതമാനം ജനകീയാസൂത്രണ പ്രക്രിയയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കാനുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായി ഘട്ടംഘട്ടമായി അധികാര കൈമാറ്റങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ ജനപക്ഷമാകാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ദുരന്തങ്ങൾ ഉണ്ടായ

സാഹചര്യങ്ങളിൽ പ്രത്യേകിച്ച്, പ്രളയം, കോവിഡ് മഹാമാരി എന്നിവ വന്നപ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഗവണ്മെന്റ് ഇടപെട്ടത്. കേരളത്തിന്റെ മുഖ്യമന്ത്രി പഞ്ചായത്ത് ഭരണസാരഥികളെ വിളിച്ചുചേർത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തി ഈ പ്രശ്നത്തെ അതിജീവിക്കാൻ കഴിയണമെന്ന് പറഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതിന്റെ ഭാഗമായാണ് അവയെ അതിജീവിക്കാൻ കഴിഞ്ഞത്. കേന്ദ്ര ഗവണ്മെന്റിന്റെ എതിർപ്പുകളെ അവഗണിച്ച്, സ്വയംപര്യാപ്തതയോടെ അത്തരം പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിഞ്ഞത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായാണ്. ജനകീയ പങ്കാളിത്തത്തോടെയാണ് ഈ സാഹചര്യങ്ങളെ നേരിട്ടത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് വകുപ്പുകളുടെ ഏകീകരണമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിൽ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ എൽ.ഡി.എഫ്. പ്രഖ്യാപിച്ച നയം നടപ്പിലാക്കിയതിലൂടെ വലിയ മുന്നേറ്റമാണ് ഇതിന്റെ ഭാഗമായി ലോക്കൽ ബോഡികൾക്കുണ്ടായിട്ടുള്ളത്. അതിൽ എടുത്ത് പറയാവുന്ന സാഹചര്യം പലപ്പോഴും എല്ലാവരും മറന്നുപോകുകയാണ്. ഇന്ത്യയിൽ ആളോഹരി വരുമാനമെന്ന് പറഞ്ഞ് കണക്കുപറയുമ്പോൾ അത് അദാനി മുതൽ ഇങ്ങോട്ട്

ഏറ്റവും താഴെത്തട്ടിലെ പാവപ്പെട്ട അതിദരിദ്രന്മാരെ കണക്കാക്കിയാണ് പറയുന്നത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അതിദരിദ്രരില്ലാത്ത കേരളത്തിനായി അവരുടെ കണക്കെടുത്ത് അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് നടത്തിയതെന്നത് എടുത്ത് പറയേണ്ടതാണ്. അതാണ് എൽ.ഡി.എഫ്. 64006 കുടുംബങ്ങൾ, അതിൽ 12763 പട്ടികവിഭാഗക്കാർ, 3221 പട്ടികവർഗ്ഗക്കാർ, മറ്റ് 48222 പേർ എന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു മൈക്രോ പ്ലാൻ തയ്യാറാക്കി ഈ ജനവിഭാഗത്തെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുന്നത് രാജ്യത്തിനുതന്നെ മാതൃകയാണ്. കോടാനുകോടി മനുഷ്യർ ഇന്ത്യയിൽ അതിദരിദ്രരായി ജീവിക്കുന്ന കാലയളവിലാണ് നമ്മുടെ കൊച്ചുസംസ്ഥാനം ഇങ്ങനെ ചെയ്യുന്നത്. കേരളത്തിലെ പാവപ്പെട്ട മനുഷ്യർ നമ്മുടെ സഹോദരങ്ങളാണെന്ന് കണ്ടുകൊണ്ടാണ് അവരെ കണ്ടെത്തി മുന്നോട്ടുകൊണ്ടുവരാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്നത് ഈ വർഷമാണ്, നമ്മളെല്ലാം ജനകീയാസൂത്രണ പ്രക്രിയയിൽ പങ്കാളികളായവരാണ്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എടുത്തുപറയേണ്ട മറ്റൊരുകാര്യം ലൈഫ്

പദ്ധതിയാണ്. കേരളത്തിന് മാതൃകയായിരുന്ന പ്രശസ്തനായ കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് എം.എൻ (എം.എൻ. ഗോവിന്ദൻ നായർ) ഭവനനിർമ്മാണ വകുപ്പ് കൈകാര്യം ചെയ്തപ്പോഴാണ് 'ലക്ഷംവീട്' പദ്ധതി ആസൂത്രണം ചെയ്തത്, അതൊരു ജനകീയ പദ്ധതിയായിരുന്നു. അതിനുശേഷം സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ് ലൈഫ് പദ്ധതിക്ക് തുടക്കംകുറിച്ചത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 279465 വീടുകൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിക്കുകയും ഇപ്പോൾ മൂന്നാംഘട്ടത്തിലേയ്ക്ക് കടക്കുകയുമാണ്. ഇതിലെ ഗുണഭോക്താക്കളുടെ അവസാന കരട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി അവ പരിശോധനാ വിധേയമാക്കി വീടുനിർമ്മാണത്തിനുള്ള പ്രവർത്തനത്തിലേയ്ക്ക് നീങ്ങുകയുമാണ്. 9,245.80 കോടി രൂപ ഇതിനകം വീടുനിർമ്മാണത്തിനായി ചെലവഴിച്ചുകഴിഞ്ഞു. നേരത്തെ നിർമ്മാണത്തിലിരുന്നതും പൂർത്തീകരിക്കാൻ കഴിയാത്തതുമായ വീടുകളാണ് ഒന്നാംഘട്ടത്തിൽ പൂർത്തികരിച്ചത്. രണ്ടാംഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ളവർക്ക് വീട് നിർമ്മിച്ചുനൽകുന്ന പ്രവർത്തനവും മൂന്നാംഘട്ടത്തിൽ വീടും സ്ഥലവും ഇല്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയുമാണ്

ആവിഷ്കരിച്ചിരിക്കുന്നത്. ഈ വകുപ്പ് കൈക്കൊള്ളുന്ന നിലപാടുകൾ ആർക്കുവേണ്ടിയാണെന്ന് നാം പരിശോധിക്കണം. വിശപ്പുരഹിത കേരളം, ടേക്ക്-എ-ബ്രേക്ക് വയോജന ക്ലബ്ബ്, ശുചിത്വ കേരളം, തോടുകളുടെ ശുചീകരണം, ഒരു കോടി ഫലവൃക്ഷത്തൈ നടൽ, ജൈവപച്ചക്കറി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി ജനകീയ സഹകരണം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. സാന്ത്വന ചികിത്സാ പരിപാലനത്തിന് പ്രത്യേക വിഭാഗങ്ങൾ (പ്രത്യേകിച്ച് പട്ടികജാതി - പട്ടികവർഗ്ഗം, വനിതകൾ, കുട്ടികൾ, വൃദ്ധർ തുടങ്ങിയവർക്ക്), ദുരന്തനിവാരണ പദ്ധതികൾ, സുഭിക്ഷകേരളം, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയ പദ്ധതികൾ കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ ഉയർന്നുവന്നതാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ ജനകീയമായി പുറത്തിറങ്ങിക്കഴിഞ്ഞു. അതോടൊപ്പം ഏറ്റവും പ്രാധാന്യം നൽകുന്നത് സ്ത്രീപക്ഷകേരളമെന്ന മുദ്രാവാക്യം ഏറ്റെടുത്ത് നടപ്പിലാക്കാനാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ, സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും സഹകരണത്തോടെയാണ് സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രമന്ത്രാലയം അംഗീകരിച്ച 'ഒരു കോടി തൊഴിൽ ദിനം' എന്നതിൽ കേരളം ഒരു കോടി അൻപത്തിയാറ് ലക്ഷത്തിൽപ്പരം തൊഴിൽ ദിനം ലഭ്യമാക്കുകയെന്ന ലക്ഷ്യം കൈവരിച്ചിരിക്കുകയാണ്. 'സേവനം വാതിൽപ്പടിയിൽ' എന്ന പദ്ധതി 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഇതെല്ലാം ആർക്കുവേണ്ടിയാണ്? സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായങ്ങൾ ലഭിക്കുന്നവർക്കും അടിയന്തരാവശ്യത്തിനുള്ള മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയവയാണ് ഇതിലുള്ളത്. മദ്യവർജ്ജനത്തിലൂന്നിക്കൊണ്ട് ജനങ്ങളെ മുമ്പോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനത്തിനാണ് എക്സൈസ് വകുപ്പ് ഊന്നൽ നൽകുന്നത്. ഇത് വലിയൊരു വിഷയമാണ്, ലഹരിമുക്ത കേരളമെന്ന മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന വകുപ്പിന് ഒട്ടേറെ പദ്ധതികളുണ്ട്. വിഷയങ്ങൾ അറിയിക്കാനും സൗജന്യ കൗൺസിലിംഗിനും ടോൾഫ്രീ നമ്പർ നിലവിലുണ്ട്. ഈ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വളരെയേറെ ശക്തിപ്പെടുത്തി മുന്നോട്ടുവരുന്നുണ്ട്. 'വിമുക്തി മിഷൻ' സംസ്ഥാനത്താകെ പ്രവർത്തനം വ്യാപിപ്പിച്ചുകഴിഞ്ഞു.

കൂടാതെ 'ഉണർവ് ' എന്ന പദ്ധതി വിദ്യാലയങ്ങളിൽ ആരംഭിക്കുകയാണ്. ലഹരി ഉപയോഗം വളരെയേറെ ഗൗരവമേറിയ പ്രശ്നമാണ്. ഇതിനെതിരായ പ്രവർത്തനം നമ്മുടെ വീടുകളിൽനിന്നും തുടങ്ങാതെ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകുമെന്ന് തോന്നുന്നില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഈ കാലയളവിൽ കുട്ടികൾ നന്നായി പഠിക്കണമെന്ന് തീരുമാനിച്ച് എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ/ലാപ്ടോപ്പ്/ ഐഫോൺ എന്നിവ ലഭ്യമാക്കിയതിലൂടെ എല്ലാ കുട്ടികൾക്കും ഇത്തരം ഡിജിറ്റൽ ഉപകരണങ്ങളുണ്ട്. അതുകൊണ്ടുതന്നെ വാതിലടച്ച് അവർ പഠിക്കുമ്പോൾ, പഠിക്കുന്ന രീതി എങ്ങനെയെന്ന് അന്വേഷിക്കാൻ അമ്മമാർക്ക് കഴിയുന്നില്ല. എപ്പോൾ നോക്കിയാലും കുട്ടികൾ ഇതിൽനോക്കി പഠിച്ചുകൊണ്ടിരിക്കുകയാണെന്ന ധാരണയാണുണ്ടാകുക. എന്നാൽ മയക്കുമരുന്നുപയോഗത്തിൽപ്പെട്ട മക്കൾ നമ്മുടെ മുമ്പിലുണ്ട്, ഇന്നലെയും ഇതുമായി ബന്ധപ്പെട്ട് ഒരു കൊലപാതകം നടന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. ലഹരി ഉപയോഗത്തിനിടെ വളരെ നല്ല സുഹൃത്തുക്കളായ രണ്ടുപേരിൽ ഒരാൾ മറ്റൊരാളെ കൊല്ലുകയും അതിന്റെ വേദനയിൽ മറ്റേയാൾ സ്വന്തം കഴുത്തറുത്ത് മരിക്കുകയും ചെയ്തിരിക്കുകയാണ്. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ! ലോകത്തിന്റെ പലഭാഗത്തുനിന്നും ഇന്ത്യയിലേയ്ക്ക്

മയക്കമരുന്നുകൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനെ ശക്തമായി നേരിടാനുള്ള ശ്രമം കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. പഴയകാലത്തെ കള്ളോ, പഴയകാലത്തെ മദ്യമോ അല്ല ഇന്നുള്ളത്. നമുക്കുപോലുമറിയാത്ത പുതിയ പുതിയ കാര്യങ്ങളാണെന്നത് കണക്കിലെടുത്തുകൊണ്ട് വളരെ ഗൗരവത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ ഒട്ടേറെ പുരസ്കാരങ്ങൾ ലഭ്യമാകുന്നതരത്തിൽ മികവ് പുലർത്തിയ കാലയളവാണെങ്കിലും അതേക്കുറിച്ച് വിശദീകരിക്കാൻ സമയക്കുറവുള്ളതിനാൽ ശ്രമിക്കുന്നില്ല. അത്തരത്തിൽ ഏറെ പുരസ്കാരങ്ങൾ ലഭിച്ച സാഹചര്യമായിരുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നലെ സഭയിൽ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിലെ വിഷയം ഇന്ന് നാം ഇവിടെ ചർച്ചചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയംതന്നെയായിരുന്നു. പ്രമേയം അവതരിപ്പിച്ചുകൊണ്ട് അവതാരകനായ ശ്രീ. നജീബ് കാന്തപുരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് വിഷയസംബന്ധിയായ കാര്യങ്ങൾ സ്പർശിക്കാതെയാണ്. തുടർന്ന് സംസാരിച്ച പ്രതിപക്ഷനേതാവ് കുറച്ചുകൂടി വിഷയത്തിലേയ്ക്കിറങ്ങി വളരെ വ്യക്തതയോടെയും സമഗ്രമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പഞ്ചായത്തുൾപ്പെടെ ഉദാഹരിച്ചുകൊണ്ടാണ് പ്രതിപക്ഷനേതാവ് ഇവിടെ സംസാരിച്ചത്. ഇന്ന് അതിനുള്ള മറുപടി മന്ത്രിയിൽനിന്നും പ്രതീക്ഷിക്കുകയാണ്. ജനങ്ങളെ അഭിമുഖികരിക്കാൻ കഴിയാത്ത അവസ്ഥയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്നുള്ളത്. ഫണ്ടുകൾ വെട്ടിക്കുറച്ചതുകാരണം വികസന സെമിനാറിൽ പ്രഖ്യാപിച്ച പദ്ധതികൾ നടത്താൻപറ്റാത്ത സ്ഥിതിവിശേഷമാണ് പുതിയ ഉത്തരവുപ്രകാരം ഉണ്ടായിരിക്കുന്നത്. ഗ്രാമസഭയിലും വർക്കിംഗ് ഗ്രൂപ്പിലുമൊക്കെ ചർച്ചചെയ്ത് അംഗീകരിച്ച് വികസന സെമിനാറിൽ പ്രഖ്യാപിച്ച പദ്ധതികൾ നടത്താൻ കഴിയാത്ത സാഹചര്യം വരുമ്പോൾ ജനങ്ങളുടെ മുമ്പിൽ ജനപ്രതിനിധികൾ പരിഹാസ്യരാകുകയാണ്. പുതുക്കിയ

നിബന്ധനമൂലം മലപ്പുറം ജില്ലാ പഞ്ചായത്തിൽ ഏകദേശം പത്ത് കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, പെരുവള്ളൂർ, പള്ളിക്കൽ, തേഞ്ഞിപ്പലം, ചേലേമ്പ്ര പഞ്ചായത്തുകളിലും സ്ഥിതി ഇതുതന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചുചേർക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറയാനുള്ളത്. അവരുടെ അസോസിയേഷൻ ഭാരവാഹികളുമായി സംസാരിക്കുകയും അവരെ കേൾക്കുകയും ചെയ്യേണ്ടതാണ്. വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട പ്രസിഡന്റുമാർ ഈ സഭയിൽ ഇന്നുനടക്കുന്ന ചർച്ചയിൽ പ്രസ്തുത വിഷയങ്ങളെല്ലാം ഉന്നയിക്കണമെന്ന് ഞങ്ങളോടൊക്കെ വിളിച്ചുപറഞ്ഞതിനാലാണ് ഇക്കാര്യങ്ങൾ ഇവിടെ പറയുന്നത്. ഇപ്പോഴത്തെ പ്രതിസന്ധി എങ്ങനെ മറികടക്കാൻ സാധിക്കുമെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. നാം പ്രസംഗിക്കാറുള്ളത് നവകേരള നിർമ്മിതിയെക്കുറിച്ചാണ്. നാം ആദ്യം ശാക്തീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. സാധാരണക്കാരായ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് അവർ സമീപിക്കുന്നത് പഞ്ചായത്തുകളെയാണ്. ഗ്രാമസഭകളിലൂടെ അവർ ഉയർത്തിക്കൊണ്ടുവരുന്ന

ചെറുതുംവലുതുമായ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും സർക്കാരിന് ബാദ്ധ്യതയുണ്ട്. ഫണ്ടും അധികാരവും നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുപകരം നിലവിലുള്ള അധികാരവും ഫണ്ടും കവർന്നെടുക്കുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്ത് വികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് ഏകദേശം കാൽനൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ മറ്റ് വകുപ്പുകളിലൂൾപ്പെടെ ഭാരിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും കൈമാറിയെങ്കിലും അതനുസരിച്ച് അവയുടെ ഭരണ സംവിധാനത്തിലെ മാറ്റം, ഉദ്യോഗസ്ഥരുടെ എണ്ണത്തിലെ വർദ്ധനവ്, തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഒരു പ്രാദേശിക സർക്കാരായി പ്രവർത്തിക്കാനുള്ള അധികാരം തുടങ്ങിയവ ഇപ്പോഴും നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന ഗ്രാന്റുകളും മറ്റ് സാമ്പത്തിക സഹായങ്ങളും അതേപടി നടപ്പിലാക്കുന്നതിനുപകരം ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അവ അട്ടിമറിക്കുന്ന സമീപനമാണ് ഇപ്പോൾ നടന്നുവരുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഒരു ഭാഗം പ്രാദേശിക സർക്കാരുകൾക്ക്

നൽകണമെന്ന് ധനകാര്യ കമ്മീഷന്റെ ശിപാർശ അട്ടിമറിക്കുക മാത്രമല്ല തനത് നികുതി, നികുതിയേതര വരുമാനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സുപ്രധാന നിർദ്ദേശങ്ങളും സർക്കാർ നടപ്പിലാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയതിനുശേഷം പഞ്ചായത്തുകളിലെ അനിവാര്യമായ 27 ചുമതലകൾക്കുപുറമെ നൂറുകണക്കിന് ഉത്തരവാദിത്വങ്ങളാണ് പഞ്ചായത്തുകൾ നിർവ്വഹിക്കുന്നത്. എന്നാൽ അതിനനുസൃതമായ സ്റ്റാഫ് പാറ്റേൺ പഞ്ചായത്തുകളിൽ നിലവിലില്ല. സെൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കണമെന്ന് ശിപാർശ ചെയ്തെങ്കിലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുമാത്രമാണ് തസ്തികകൾ പുതിയതായി അനുവദിച്ചത്. കഴിഞ്ഞ ആറ് വർഷമായി പുതിയതായി ഒരു തസ്തികപോലും പഞ്ചായത്ത് വകുപ്പിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, കഴിഞ്ഞ മാർച്ച് മാസം വകുപ്പിൽനിന്ന് വിരമിച്ചവർക്ക് പകരം പ്രൊമോഷൻ നടത്തി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്തെ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറി തസ്തിക ഉൾപ്പെടെയുള്ളവ

ഒഴിഞ്ഞുകിടക്കുന്നതിനാൽ ഭരണ നിർവ്വഹണം പ്രതിസന്ധിയിലാണ്. മാത്രമല്ല ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ 470-ഓളം ഒഴിവുകളുണ്ടെന്ന് നിയമസഭയിൽ മറുപടി നൽകുകയുണ്ടായി. സ്ഥിരം ഉദ്യോഗസ്ഥർക്ക് പകരം താല്ക്കാലിക നിയമനം നടത്തുന്നതിനാൽ അവരുടെ കാര്യക്ഷമതയും പരിചയക്കുറവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. പുതിയതായി രൂപീകരിച്ചിട്ടുള്ള പല മിഷനുകളുടെയും പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവും വിഭവവും കവർന്നെടുക്കുന്നതാണ്. ഉദാഹരണമായി ലൈഫ് മിഷന്റെ കാര്യംതന്നെ എടുക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന ഭവന നിർമ്മാണ പ്രക്രിയയാണ് ലൈഫ് മിഷന് കൈമാറിയത്. എന്നാൽ സർക്കാരിനും മിഷനും ഒരു രൂപയുടെ ബാദ്ധ്യതപോലുമില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള എല്ലാ ഉത്തരവാദിത്വങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതാണ്. എന്നാൽ പേരും പ്രശസ്തിയും ലഭിക്കുന്നത് സർക്കാരിനും മിഷനുമാണ്. ദേശീയപാത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള പഞ്ചായത്തിന്റെ അധീനതയിലുള്ള നിരവധി സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതായി വന്നിട്ടുണ്ട്. കോമ്പൻസേഷൻ സർക്കാരിന്റെ അക്കൗണ്ടിലേയ്ക്കാണ് പോയത്. പ്രസ്തുത സ്ഥാപനങ്ങൾക്കാവശ്യമായ കെട്ടിടങ്ങൾ വാടകയ്ക്കെടുത്താണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഭീമമായ സംഖ്യയാണ് ഓരോ മാസവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടപ്പെട്ട കെട്ടിടങ്ങൾക്ക് പകരം കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ഭൂമി വാങ്ങുന്നതിന് വാല്യുവേഷനുൾപ്പെടെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാതെ വരികയാണ്. ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന ഒട്ടനവധി പഞ്ചായത്തുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നുമൊക്കെയാണ് ചെലവഴിച്ചത്. ഇത്തരത്തിൽ ചെലവഴിച്ച തുക നാളിതുവരെ സർക്കാർ തിരികെ നൽകിയിട്ടില്ല. അതിന് ഒരു

തീരുമാനമുണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്.

വളരെ പ്രധാനപ്പെട്ടൊരുകാര്യം സൂചിപ്പിക്കാനുള്ളത്, രണ്ട് ദിവസമായി എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടികളുടെ ശല്യം രൂക്ഷമാകുകയാണ്. പട്ടിയുടെ കടിയേറ്റ് ഒരു കറവപ്പശു ചത്തു. പശുവിനെ പോസ്റ്റുമോർട്ടം നടത്തിയപ്പോഴാണ് മരണകാരണം പേവിഷബാധയാണെന്ന് മനസ്സിലായത്. അതിനുശേഷം പശുവിനെ കടിച്ച പട്ടിയും ചത്തു. ആ പശുവിന്റെ പാല് കുടിച്ച കുട്ടികളുൾപ്പെടെയുള്ളവർ വലിയ ആശങ്കയിലാണ്. പേവിഷബാധ തടയുന്നതിനുള്ള വാക്സിനുവേണ്ടി കൊണ്ടോട്ടി എഫ്.എച്ച്.സി.-യിലും തുടർന്ന് മഞ്ചേരി മെഡിക്കൽ കോളേജിലും പോയെങ്കിലും വാക്സിൻ ലഭിച്ചില്ല. സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ തെരുവുനായ്ക്കളുടെ ശല്യം വളരെ രൂക്ഷമാണ്. ഇതിന് പരിഹാരം കാണാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംവിധാനങ്ങളില്ല. തെരുവുനായ്ക്കളുടെ ആക്രമണം വ്യാപകമായതിനാൽ അവ നിയന്ത്രിക്കുന്നതിനും പേവിഷബാധയ്ക്കുള്ള വാക്സിൻ വ്യാപകമായി പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനും സംവിധാനമൊരുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അപേക്ഷിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി

എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി ഒ. എസ്. അംബിക:</u> സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ എക്സൈസ്, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ജനജീവിതവുമായി ഏറ്റവുമധികം ബന്ധപ്പെടുന്ന ജീവന തൊഴിലുപാധികൾ ലഭ്യമാക്കി നൽകുന്ന തരത്തിലേയ്ക്ക് മാറുന്ന കാഴ്ചയാണ് കാണുന്നത്. ജനവിധിതേടി അധികാരത്തിലെത്തിയ സർക്കാർ ജനങ്ങൾക്കായി നടപ്പിലാക്കുന്ന നിരവധി പദ്ധതികൾക്ക് ഏറെ ശ്രദ്ധേയമായ മുന്നേറ്റമാണുള്ളത്. ഉദാഹരണമായി, കുടുംബശ്രീ പ്രവർത്തനങ്ങൾ രജതജൂബിലിയിലേയ്ക്ക് എത്തിനിൽക്കുന്നു. കാൽ നൂറ്റാണ്ടായി കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന സ്ത്രീകളുടെ ജീവിത ചരിത്രം മാറ്റിമറിച്ച ഒന്നാണ് കുടുംബശ്രീ പ്രസ്ഥാനം. കേരളം ലോകത്തിന് സമ്മാനിച്ച സ്ത്രീ മുന്നേറ്റത്തിന് സമാനതകളില്ലാത്ത ചരിത്രം സൃഷ്ടിച്ച 25 ആണ്ടുകൾ. ഗൃഹനാഥന്റെ വരുമാനത്തെമാത്രം ആശ്രയിച്ചുകഴിഞ്ഞിരുന്ന സ്ത്രീകൾക്ക് മാന്യമായ തൊഴിലും വരുമാനവും നൽകി. സ്വന്തം കാലിൽ നിൽക്കാനും മക്കൾക്ക് മികച്ച ജീവിതവും വിദ്യാഭ്യാസവും നൽകാനുമുള്ള പ്രാപ്തിയും സാമൂഹ്യ പദ്ധതിയും പകർന്നുനൽകി കുടുംബശ്രീ കേവലമൊരു

കൂട്ടായ്മ മാത്രമല്ലെന്ന് സമൂഹം അംഗീകരിച്ച ഇരുപത്തിയഞ്ച് ആണ്ടുകൾ. കേരളത്തിലെ സ്ത്രീകൾക്ക് തന്റേടവും അഭിമാനവും ചങ്കുറ്റവും പകർന്ന് നൽകിയ കുടുംബശ്രീ പ്രസ്ഥാനം മാലിന്യ നിർമ്മാർജ്ജനം മുതൽ ഓഫീസ് നിർവ്വഹണ സംരംഭംവരെ മാതൃകാപരമായി നടത്തിവരുന്നു. കൊച്ചി മെട്രോയുടെ ഫെസിലിറ്റി മാനേജ്മെന്റ് സംവിധാനം, വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, മാട്രിമോണിയൽ സർവ്വീസ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണ യൂണിറ്റുകൾ, റെയിൽവേയുമായി ചേർന്ന് നടത്തുന്ന ജൻ ആഹാർ ടിക്കറ്റ് റിസർവേഷൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ ആയിരക്കണക്കിന് സംരംഭങ്ങളിലൂടെ പതിനായിരങ്ങൾ ജീവിതം കരുപ്പിടിപ്പിക്കുന്ന കുടുംബശ്രീക്ക് വലിയ പിന്തുണ നൽകാൻ കഴിയുന്ന ബഡ്ജറ്റിന് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. പ്രാദേശിക വികസനത്തിനും നവകേരള നിർമ്മാണത്തിനുംവേണ്ടി വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകളെ പ്രാദേശിക ഭരണ നേതൃത്വത്തിലേയ്ക്കും ത്രിതല പഞ്ചായത്തുകളിലേയ്ക്കും നഗരസഭകളിലേയ്ക്കും വലിയ ഭൂരിപക്ഷത്തോടെ വിജയിപ്പിച്ച് സ്ത്രീശാക്തീകരണമെന്ന ലക്ഷ്യം കൈവരിച്ചതിലുള്ള ജനകീയ അംഗീകാരമായി അതിനെ കാണണമെന്നാണ് എന്റെ അഭിപ്രായം. ഗുണമേന്മയുള്ള കോഴിയിറച്ചി ന്യായവിലയ്ക്ക്

ലഭ്യമാക്കുന്ന കേരള ചിക്കൻ എന്ന കുടുംബശ്രീ ഉല്പന്നം നൂറുകോടി വിറ്റുവരവുമായി അഭിമാനകരമായ നേട്ടത്തിലേയ്ക്ക് എത്തിയിരിക്കുന്നു. ഇതുവരെ എഴുപത്തി ഒൻപത് ലക്ഷം കിലോഗ്രാം ചിക്കനാണ് വിപണിയിലെത്തിക്കാൻ കഴിഞ്ഞത്. ഇതിലൂടെ കോഴിയിറച്ചി ക്ഷാമം സൃഷ്ടിക്കുന്ന സാഹചര്യത്തെ കേരളം മറികടന്നു. ഗുണമേന്മയില്ലാത്തും അമിതമായി ഹോർമോൺ കുത്തിവച്ചതുമായ ചിക്കൻ വിതരണം ചെയ്യുന്നതിൽ ആശങ്കപ്പെട്ടിരുന്നവർ നല്ല ചിക്കൻ വാങ്ങാനുള്ള വിശ്വസ്തതയുള്ള ബ്രാന്റായി കേരള ചിക്കനെ സ്വീകരിച്ചു. ബ്രോയിലർ ഫാം നടത്തുന്ന 270 വനിതാ സംരംഭകരും ഔട്ട്ലെറ്റുകൾ നടത്തുന്ന 98 വനിതാ സംരംഭകരും ഉൾപ്പെടെ 364 വനിതാ കുടുംബശ്രീ അംഗങ്ങളാണ് ജീവിത സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. പൊതു വിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് ചിക്കൻ ലഭ്യമാക്കുന്ന കേരളാ ചിക്കന്റെ ആവശ്യകതയെ പരിഗണിച്ച് പ്രതിവർഷം 1000 ബ്രോയിലർ ഫാമുകളും 500 ഔട്ട്ലെറ്റുകളും ആരംഭിക്കും. കോഴി കർഷകർക്ക് 4.34 കോടി രൂപയും ഔട്ട്ലെറ്റ് ഗുണഭോക്താക്കൾക്ക് നാലര കോടി രൂപയും നൽകാൻ കുടുംബശ്രീക്ക് സാധിച്ചു. 335 കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കിയ ഈ പദ്ധതി കുടുംബശ്രീയുടെ ചരിത്രത്തിലെ മറ്റൊരു രജതരേഖയായി എക്കാലവും

നിലനിൽക്കും.

രാജ്യത്ത് ആദ്യമായാണ് സംസ്ഥാന സർക്കാർ അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള പദ്ധതി പ്രഖ്യാപിക്കുന്നത്. ബന്ധുക്കളില്ലാത്ത ആലംബഹീനർ, കിടപ്പുരോഗികൾ, മാനസിക ദൗർബല്യമുള്ളവർ തുടങ്ങിയ 64302 കുടുംബങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കളായി. അടിസ്ഥാന വരുമാനവും ഭക്ഷണവും വസ്ത്രവും സുരക്ഷിതമായ താമസ സൗകര്യവും പദ്ധതിയുടെ ഭാഗമായൊരുക്കുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടി പ്രാദേശിക സർക്കാരിന്റെ വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭവിഹിതമായി നൂറുകോടി രൂപ അനുവദിക്കാനുള്ള ധനാഭ്യർത്ഥനയെ ഞാൻ ഹൃദയം തുറന്ന് അഭിനന്ദിക്കുന്നു. അശരണർക്കും ആലംബഹീനർക്കും കരുതലായി, നിങ്ങൾ ഒറ്റയ്ക്കല്ല എന്ന സന്ദേശം നൽകി സർക്കാർ ആരംഭിച്ച വാതിൽപ്പടി സേവനം പദ്ധതി സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നത് ഏറെ സ്വാഗതാർഹമാണ്. ഇവിടെ ജനകീയ സർക്കാർ എന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാകുകയാണ്. ആദ്യഘട്ടത്തിൽ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി ആരംഭിച്ചത്. 23000 ഗുണഭോക്താക്കൾക്ക്

സേവനം ലഭ്യമാക്കാൻ സാധിച്ചു. പന്ത്രണ്ടായിരത്തിലധികം പേർക്ക് ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നു. മസ്റ്ററിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ തയ്യാറാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ, അടിയന്തര ആവശ്യങ്ങൾക്കുള്ള മരുന്ന് എത്തിച്ചുനൽകൽ തുടങ്ങിയവയെല്ലാം ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെയും അന്നന്നത്തെ അന്നത്തിനുവേണ്ടി എല്ലുമുറിയെ പണിയെടുക്കുന്നവരുടെയും സമൂഹത്തിലെ നിർദ്ധനരും ദുർബലരുമായ ജനങ്ങളുടെയും പ്രതീക്ഷയും പ്രത്യാശയുമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ സമ്മർദ്ദത്തെത്തുടർന്ന് രാജ്യം നടപ്പിലാക്കിയ പദ്ധതിയാണിത്. ഒരു വർഷത്തിൽ നൂറ് ദിവസം കിട്ടുന്ന തൊഴിലും കൂലിയും പാവപ്പെട്ട തൊഴിലാളികൾക്ക് ഏറെ ആശ്വാസം നൽകുന്നു. രാജ്യത്തിനുതന്നെ മാതൃകയായാണ് കേരളം ഈ പദ്ധതിയിൽ മുന്നേറുന്നത്. കേന്ദ്രം ആയിരം തൊഴിൽദിനങ്ങൾ അംഗീകരിച്ചപ്പോൾ സംസ്ഥാനം 1056 തൊഴിൽദിനങ്ങൾ ലഭ്യമാക്കി. അതുപോലെ കേരളത്തിന്റെ കാർഷിക മേഖലയിൽ വിപ്ലവം സൃഷ്ടിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി

ഒരു പഞ്ചായത്തിൽ ഒരു ഉല്പന്നമെന്ന നിലയിൽ അത് ജനജീവിതത്തിൽ വിപ്ലവം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിലൂടെ ഒരിഞ്ച് സ്ഥലംപോലും തരിശിടില്ലെന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച ഈ പദ്ധതി അംഗീകരിക്കുന്നു. അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവനം നൽകുന്ന സ്ഥാപനമെന്ന നിലയിൽനിന്നും തൊഴിൽ നൽകുന്ന സ്ഥാപനമെന്ന നിലയിലേയ്ക്ക് മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ അഞ്ചുശതമാനം കടമുറികൾ സ്ത്രീകൾക്കായി മാറ്റിവയ്ക്കാൻ കൈക്കൊണ്ട തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. രാജ്യത്ത് ആദ്യമായി പ്രാദേശിക സർക്കാർ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ ഇത്തരത്തിൽ സംവരണം ഏർപ്പെടുത്തിയിരിക്കുന്നുവെന്നതും ഏറെ ശ്രദ്ധേയമാണ്. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും സ്വന്തം കാലിൽ നിൽക്കാനും മറ്റൊരാളെ ആശ്രയിക്കാതെ കുടുംബം പോറ്റാനും പ്രാപ്തരാക്കുന്ന ഈ പദ്ധതി സ്ത്രീകളുടെ പേരിൽ കട വാടകയ്ക്കെടുത്തശേഷം അതിൽ മറ്റുള്ളവർ കച്ചവടം നടത്തുന്നില്ലെന്നുള്ളത് ഉറപ്പാക്കണമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. കടലാസ്സിൽമാത്രം ഒതുങ്ങാതെ

പുരോഗതി നേരിട്ട് ലഭ്യമാകുമെന്ന കാര്യത്തിൽ ഇനിയും സംശയം വേണ്ട. സംസ്ഥാനത്ത് ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന നോളജ് ഇക്കോണമി മിഷന്റെ സർവ്വേ പൂർത്തിയായി. 18 വയസ്സുമുതൽ 59 വയസ്സുവരെയുള്ള അഭ്യസ്തവിദ്യരുടെ വിവരം ശേഖരിച്ച് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ ചേർത്ത് ഇതിലൂടെ തൊഴിൽദാതാക്കളെയും തൊഴിലന്വേഷകരെയും തമ്മിൽ ബന്ധപ്പെടുത്തുന്നു. പഞ്ചായത്തിലെ തൊഴിലന്വേഷകരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. തൊഴിൽ നൈപുണ്യ പരിശീലനവും സംരംഭക പദ്ധതികളും രൂപപ്പെടുത്തുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ കേവലം സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനമെന്നതിൽനിന്നും തൊഴിൽ ലഭ്യമാക്കുന്ന സ്ഥാപനമെന്ന നിലയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുകയാണ്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഈ സർക്കാർ മലയാളികളുടെ ജീവിതത്തെ മാറ്റിമറിക്കുകയാണ്. തെളിനീരൊഴുകും നവകേരളം എന്ന പദ്ധതിക്ക് തുടക്കമായിക്കഴിഞ്ഞു. വ്യക്തിശുചിത്വത്തിൽ ഏറെ മുന്നിലുള്ള മലയാളി പരിസര ശുചീകരണത്തിലും പൊതുശുചിത്വത്തിലും അത്ര മുന്നിലല്ലെന്നതാണ് യാഥാർത്ഥ്യം. പ്ലാസ്റ്റിക്

മാലിന്യങ്ങളുൾപ്പെടെ വലിച്ചെറിയുന്ന ശീലവും മാലിന്യ കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന ശീലവും നമുക്ക് മാറ്റാൻ കഴിഞ്ഞിട്ടില്ല. ഇവിടെയാണ് 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന മുദ്രാവാക്യമുയർത്തി ജലമാലിന്യസംസ്കരണത്തിന് പുതിയ മാതൃക സൃഷ്ടിച്ച് തെളിനീരൊഴുകും നവകേരളം പദ്ധതിക്ക് തുടക്കംകുറിക്കാനായത്. നീരൊഴുക്ക് മലിനമാകുന്ന മാലിന്യ സ്രോതസ്സുകൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പുഴ നടത്തം സംഘടിപ്പിച്ച് വാർഡടിസ്ഥാനത്തിൽ ജനകീയ സഭകൾ വിളിച്ചുചേർത്ത് പരിഹാരമാർഗ്ഗങ്ങളുണ്ടാക്കി, ഗുണനിലവാര പരിശോധന നടത്തി ജലം സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലാശയങ്ങളുടെ സമീപം മാലിന്യം പ്ലാസ്റ്റിക് ചാക്കുകളിൽകെട്ടി വലിച്ചെറിയുന്നതുവഴി അവിടെ വലിയ മാലിന്യക്കൂനകളാകുകയും ജലാശയത്തിലേയ്ക്ക് മാലിന്യം വീഴുകയും ചെയ്യും. ജലാശയങ്ങളിലേയ്ക്ക് മാലിന്യം ബോധപൂർവ്വം വലിച്ചെറിയുന്നവരുമുണ്ട്. ഇതിന് പരിഹാരമായി റീ-യൂസ്, റീ-സൈക്കിൾ എന്നീ തത്വങ്ങളിലൂന്നി ഒരു പുതിയ മാലിന്യസംസ്കരണ ശീലം വളർത്താനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. പ്രകൃതി സൗഹൃദ വസ്തുക്കളുടെയും വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന വസ്തുക്കളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അറിവില്ലായ്മയും അജ്ഞതയും

കാരണം വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾ ഒരിക്കൽ ഉപയോഗിച്ചശേഷം വീണ്ടും ഉപയോഗിക്കാതെ വലിച്ചെറിയുന്നതുവഴി പരിമിതമായ പ്രകൃതിവിഭവങ്ങളാണ് പാഴാകുന്നത്. അതിനാൽ അളവില്ലാത്ത മാലിന്യം സൃഷ്ടിച്ച് സംസ്കരണമാർഗ്ഗം തേടുന്നതിനെക്കാൾ മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്ന രീതിക്കാണ് സർക്കാർ പ്രാമുഖ്യം നൽകിയിരിക്കുന്നത്. വീടുകളിലെത്തി പാഴ്‌വസ്തുക്കൾ ശേഖരിക്കുന്ന ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഇലക്ട്രിക് സ്കൂട്ടറുകൾ നൽകാനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോഴി അറവുമാലിന്യത്തെ മൂല്യവർദ്ധിതോത്പ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. പതിനൊന്ന് ജില്ലകളിൽ റെൻഡറിംഗ് പ്ലാന്റുകൾ ആരംഭിച്ചു. എല്ലാ ജില്ലകളിലും പ്ലാന്റുകൾ സ്ഥാപിച്ച് അറവുമാലിന്യമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനം പുരോഗമിക്കുകയും ബയോമെഡിക്കൽ/സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വമാലിന്യ സംസ്കരണം വാർഡുതലം മുതൽ സംസ്ഥാനതലംവരെയുള്ള ദൈനംദിന പ്രവർത്തനങ്ങളിൽ 'സ്മാർട്ട് ഗാർബേജ് ആപ്പ്' എന്ന മൊബൈൽ

ആപ്ലിക്കേഷൻ സജ്ജമാക്കികഴിഞ്ഞു. ജനജീവിതവുമായി ഏറ്റവുമധികം ബന്ധപ്പെടുന്ന ജീവിത തൊഴിലുപാധികൾ ലഭ്യമാക്കുന്ന തരത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. ജനവിധി തേടി അധികാരത്തിലെത്തിയ സർക്കാർ ജനങ്ങൾക്കായി നടപ്പിലാക്കുന്ന ശ്രദ്ധേയമായ നിരവധി പദ്ധതികൾക്കാണ് ജനം സാക്ഷ്യം വഹിച്ചത്. ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും വീട് എന്ന ലക്ഷ്യം യാഥാർത്ഥ്യമാകുന്നു. നിരവധി വികസന മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ഏറെ മാതൃകാപരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. എക്സൈസ് വകുപ്പിന്റെ പ്രവർത്തനം മാതൃകാപരമാണ്. വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കാനും വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽനിന്നും പിന്തിരിപ്പിക്കാനും ഉണർവ് പദ്ധതി, പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ മേൽക്കൂട്ടം, ഹോസ്റ്റൽ കമ്മിറ്റികൾ, ശ്രദ്ധ, കൂട്ടായ്മ എന്നിവയും വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്യുന്നു. വാർഡ് തലത്തിൽ വിമുക്തി, ജാഗ്രതാ സമിതി എന്നിവയും രൂപീകരിക്കുന്നു. മാതൃകാപരമായ പ്രവർത്തനങ്ങൾ ആവർത്തിച്ച് നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണം, എക്സൈസ് എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി

പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട VII, XXII, XXXV, XXXVI എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇക്കാര്യത്തിൽ വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തിയാൽ പ്രതിപക്ഷമുൾപ്പെടെയുള്ളവർ ഈ ധനാഭ്യർത്ഥനകളെയും വകുപ്പുകളുടെ പ്രവർത്തനത്തെയും അനുകൂലിക്കുകയും ശ്ലാഘിക്കുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തിയാൽ ശരിയായ ദിശയിൽ ലക്ഷ്യം പ്രാപിക്കത്തക്ക നിലയിൽത്തന്നെയാണ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. അതിന്റെ ഏറ്റവും വലിയ ഉദാഹരണമെന്ന് ചൂണ്ടിക്കാണിക്കുന്നത് സംസ്ഥാനത്ത് ആറ് വർഷങ്ങൾക്കുമുമ്പ്, അതായത് 2015-16-ൽ ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം സംസ്ഥാനത്തെ സ്ത്രീകളും പുരുഷന്മാരുമുൾപ്പെടെ 37 ശതമാനം ആളുകൾ മദ്യപിക്കുന്നവരാണെന്നാണ് കണ്ടെത്തിയതെങ്കിൽ 2020-21 ആയപ്പോഴേയ്ക്കും അത് 26 ശതമാനമായി കുറഞ്ഞു. അതായത് സംസ്ഥാനത്ത് മദ്യപിക്കുന്നവരുടെ തോത് ഗണ്യമായി കുറയുന്ന സാഹചര്യം വന്നു. അതുപോലെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് കാര്യമായ

ആക്ഷേപങ്ങൾക്കോ കല്ലേറുകൾക്കോ പരാതികൾക്കോ ഇടയില്ലാതെ മുന്നോട്ടുപോകുന്നുണ്ട്. ഇത് ബാലൻസ്ഡായി പോകേണ്ട വകുപ്പാണെന്ന് എല്ലാവർക്കുമറിയാം. കാരണം ലഹരിവിമുക്ത കേരളമെന്ന് നമ്മളൊക്കെ ആഗ്രഹിക്കുന്നതരത്തിൽ മദ്യവിമുക്തമായൊരു നാടിനെ സൃഷ്ടിക്കാൻ നേതൃത്വം കൊടുക്കുമ്പോഴും ബിവറേജ് ഷോപ്പുകളും ബാറുകളുമുൾപ്പെടെയുള്ള മദ്യവിതരണ സംവിധാനങ്ങളുടെ പരിപാലനവും മേൽനോട്ടവും വഹിച്ച് ഒരേ സമയം രണ്ട് പ്രവർത്തനങ്ങളും നടത്തുമ്പോൾ അതിന്റെ ശരിയായ ലക്ഷ്യമെന്നുപറയുന്നത് ലഹരി വിമുക്ത/മദ്യവിമുക്ത നാടാണ്. ആ കാഴ്ചപ്പാട് മുൻനിർത്തി ശരിയായ ദിശയിലാണ് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ സാക്ഷ്യപത്രമാണ് ഈ കണക്ക് എന്നാണ് സൂചിപ്പിക്കാനുള്ളത്. അക്കാര്യത്തിൽ വിമുക്തിയും ഉണർവുമൊക്കെ വലിയ മികവ് കൈവരിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ട് നിർദ്ദേശങ്ങൾ മാത്രമാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഒന്ന്, വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള നയം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മരിച്ചീനിയിൽനിന്നുൾപ്പെടെ മദ്യം ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. കാർഷിക

ഉല്പന്നങ്ങളിൽനിന്ന് അതായത്, നാണ്യവിളകളല്ലാത്ത എല്ലാ കാർഷിക വിഭവങ്ങളിൽനിന്നും മദ്യം ഉല്പാദിപ്പിക്കുന്ന നയസമീപനം കൂടുതൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. വീര്യം കുറഞ്ഞ മദ്യം ലഭിക്കുന്നത് കർഷകർക്ക് ഗുണകരമാണ്. മറ്റൊരു നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്, ഏത് പ്രദേശത്തുകൂടി പോയാലും നമ്മൾ കാണുന്നൊരു കാഴ്ചയാണ് ബിവറേജ് ഷോപ്പുകളുടെ മുന്നിലുള്ള നീണ്ട നിര. നമ്മുടെ നാട്ടിലെല്ലാവരും മാവേലി നാടെന്നുപറയുന്നതുപോലെ, അച്ചടക്കത്തോടുകൂടി ഏവരും സമന്മാരായി അവിടെ നിൽക്കാറുണ്ട്. പക്ഷേ നാട്ടിലെല്ലായിടത്തും മദ്യം വാങ്ങാൻ നീണ്ട ക്യൂ നിൽക്കുന്ന കാഴ്ച സാംസ്കാരിക കേരളത്തിന് ഭൂഷണമാണോയെന്ന് ചിന്തിക്കണം. അക്കാര്യത്തിൽ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കണം. വരിവരിയായി ടൗണിൽ ക്യൂ നിൽക്കാതെ മദ്യം നൽകാൻ കഴിയുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ വളരെ ശ്രദ്ധേയമായ കാര്യങ്ങൾ സൂചിപ്പിച്ചു. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരവികേന്ദ്രീകരണത്തിന്റെയും അപ്പോസ്തലന്മാരാകാൻ ചിലർ ശ്രമം

നടത്തുന്നതുകണ്ടു. അവരെ ഓർമ്മപ്പെടുത്താൻ ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുകയാണ്. 1960-ൽ ത്രിതല പഞ്ചായത്ത് സംവിധാനം ഭരണഘടനാ ഭേദഗതിയിലൂടെ വരുന്നതിനുമുമ്പ് രൂപീകരിച്ച പഞ്ചായത്തുകളിൽ 16 വർഷം തെരഞ്ഞെടുപ്പ് നടത്താതെ നോക്കുകുത്തിയാക്കി നിർത്താൻ നേതൃത്വം കൊടുത്തത് കോൺഗ്രസ് സർക്കാരാണ്. 1991-ൽ നായനാർ സർക്കാർ രൂപീകരിച്ച ജില്ലാ കൗൺസിലിനെ 1994-ൽ 'ഇല്ലാ' കൗൺസിലാക്കി മാറ്റിയത് കരുണാകരൻ ഗവൺമെന്റാണ്. ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ വിസ്മരിച്ചുകൊണ്ട് ആരും അധികാര വികേന്ദ്രീകരണത്തിന്റെ അപ്പോസ്തലന്മാരാകാൻ പാടില്ല. അതുപോലെ ജനകീയാസൂത്രണം, കുടുംബശ്രീ, 50% സ്ത്രീ സംവരണം എന്നിവ കൊണ്ടുവന്നത് ആരാണ്? ഈ ചരിത്ര യാഥാർത്ഥ്യങ്ങളൊന്നും വിസ്മരിച്ചുകൊണ്ടുള്ള സമീപനം ആർക്കും ഭൂഷണമല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ചില ചെറിയ ആവശ്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ലെങ്കിലും ഉന്നയിക്കുകയാണ്. പ്രളയം തകർത്ത ഒരു നിയോജകമണ്ഡലത്തിൽ നിന്നുമാണ് ഞാൻ വരുന്നത്. അവിടെ ഒട്ടേറെ കാര്യങ്ങൾ ഗവൺമെന്റ് നല്ല നിലയിൽ പരിഹരിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും പ്രളയത്തിൽ തകർന്ന

പാലങ്ങളും റോഡുകളുമൊക്കെ ഇപ്പോഴും പുനർനിർമ്മിക്കണമെന്ന ആവശ്യം നിലനിൽക്കുകയാണ്. പഞ്ചായത്തുകൾക്ക് അതിന് ആവശ്യമായ വിഭവസ്രോതസ്സില്ല. അതിനാൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലോ മറ്റോ ഉൾപ്പെടുത്തി പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനുള്ള നടപടികളുണ്ടാകണമെന്നതാണ് അനുസംബന്ധിച്ച് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലൂടെയുള്ള സ്ത്രീശാക്തീകരണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എന്നീ ഗൗരവതരമായ വിഷയങ്ങൾ എനിക്കുമുൻപ് സംസാരിച്ച ശ്രീമതി ഒ. എസ്. അംബിക ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിച്ചതാണ്, അതിന്റെ നേട്ടത്തെക്കുറിച്ച് ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ശ്രീ. ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം' എന്നൊരു കവിതയുണ്ട്, അതിൽ പോയകാലത്തെ കേരളത്തിലെ സ്ത്രീകളെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു,

'മയങ്ങാറുണ്ടാവില്ലവളോളം വൈകിയൊരു നക്ഷത്രവും,

ഒരൊറ്റ സൂര്യനുമവളെക്കാൾ നേരത്തെ പിടഞ്ഞെണീറ്റീലാ

പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും;

കുനിഞ്ഞു വീഴുന്നുണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും;

ഉണർന്നിട്ടില്ലവളൊരായിരം നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും'

പക്ഷെ ഇന്ത്യൻ ഇൻഡക്സ് പ്രകാരം ഇന്ന് സ്ത്രീകൾ ഏറ്റവും കൂടുതൽ സന്തോഷത്തോടുകൂടിയിരിക്കുന്ന സംസ്ഥാനമായി കേരളം മാറിയെങ്കിൽ അതിന്റെ അടിസ്ഥാനം സ്ത്രീ ശാക്തീകരണവും ഏറ്റവും സന്തുഷ്ടരായ വനിതകൾ ഈ നാട്ടിലുണ്ട് എന്നുള്ളതുമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളായും സർക്കാരിന്റെ വിതരണ ഏജൻസികളായും മാറ്റുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ആശയത്തെ അസ്ഥിരപ്പെടുത്തുന്നതാണിത്. ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കി, ഗ്രാമസഭകൾ വിളിച്ചുചേർത്ത്, വികസന സെമിനാറൊക്കെ നടത്തി, വാർഡുകളിലേയ്ക്ക് പദ്ധതികളെപ്പറ്റി വിശദീകരണം കൊടുത്തതിനുശേഷമാണ് ഫണ്ട് വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച് പഞ്ചായത്തുകൾക്ക് അറിയിപ്പ് ലഭിക്കുന്നത്. ഇത് ആളുകളെയൊക്കെ

വിളിച്ചിരുത്തി ഇലയിട്ടിട്ട് ചോറില്ല എന്നുപറയുന്ന അവസ്ഥയായിപ്പോയി. പഞ്ചായത്തുകളിലൂടെയുള്ള അടിസ്ഥാന വികസനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണിത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പറ്റി സംസാരിച്ചെങ്കിലും മതിയായ വിശദീകരണം ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ അധികാരങ്ങൾ ഒന്നൊന്നായി ഓരോ സമയത്തും എടുത്തുകൊണ്ടിരിക്കുകയാണ്. ഗ്രാമസഭകളെ അസ്ഥിരപ്പെടുത്തുന്നതും ലൈഫ് മിഷൻ പദ്ധതി ഉൾപ്പെടെയുള്ള പല പദ്ധതികളുടെയും നടത്തിപ്പുകാർ ഉദ്യോഗസ്ഥരായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. നേരത്തെ ഗുണഭോക്തൃ ലിസ്റ്റ് തീരുമാനിക്കുന്നത് ഗ്രാമസഭകളായിരുന്നെങ്കിൽ ഇപ്പോഴത് ഉദ്യോഗസ്ഥരുടെ കൈകളിലേയ്ക്കെത്തിയിരിക്കുന്നു. തീർച്ചയായും അധികാര വികേന്ദ്രീകരണം എന്ന ലക്ഷ്യത്തിൽനിന്നും പിറകിലേയ്ക്ക് പോകുന്ന ഒരു സമീപനമായാണ് ഇതിനെ കാണാൻ സാധിക്കുന്നത്. അധികാരമൊന്നുമില്ലാത്ത, പലപ്പോഴും ഉദ്യോഗസ്ഥർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്ന കാഴ്ചയുണ്ട്. അതുപോലെ ബിൽഡിംഗ് പെർമിറ്റ് നൽകുന്ന കാര്യത്തിൽ വലിയ തോതിലുള്ള അഴിമതി നടക്കുന്നുണ്ട്, അതിൽ വലിയ

ബുദ്ധിമുട്ടുകൾ പഞ്ചായത്തുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. വളരെ കാലങ്ങൾക്കുമുൻപ് വീട് വച്ച്, നമ്പർ ലഭിച്ച്, കരമടച്ച് താമസിക്കുന്നവർ മുകളിലത്തെ നില വികസിപ്പിച്ചുകഴിഞ്ഞാൽ നിലം തരംമാറ്റം നടത്തിയാൽ മാത്രമേ പുതിയ കെട്ടിടത്തിന്റെ നികുതി അടയ്ക്കാൻ കഴിയുകയുള്ളൂ. ഇതിന്റെ നൂലാമാലകളിൽപെട്ട് ആളുകൾക്ക് പലപ്പോഴും നികുതി അടയ്ക്കാൻ കഴിയാത്തത് പഞ്ചായത്തുകൾക്ക് വലിയ തോതിലുള്ള റവന്യൂ നഷ്ടത്തിന് ഇടയാക്കുന്നുണ്ട്. ഇതിന്റെ ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. അതുപോലെ കുടുംബശ്രീ യൂണിറ്റുകൾ തികച്ചും രാഷ്ട്രീയവത്ക്കരിച്ചുകൊണ്ടിരിക്കുന്ന സമീപനമാണ് സംസ്ഥാനത്തുള്ളത്. നിയമനങ്ങൾ രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീകളെ ഏൽപ്പിക്കുന്ന സ്ഥിതിവിശേഷം കണ്ടുവരികയാണ്. അതുപോലെ ജനപ്രതിനിധികളടങ്ങുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നു മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നേരത്തെയുണ്ടായിരുന്ന ചുമതലക്കാരെങ്കിൽ ഇപ്പോഴത് രജിസ്റ്റേർഡ് സംഘങ്ങളായ കുടുംബശ്രീകളെ ഏൽപ്പിച്ചിരിക്കുകയാണ്. മേറ്റുമാരെ നിയമിക്കുന്നതിലൂൾപ്പെടെ വലിയ തോതിലുള്ള ബുദ്ധിമുട്ട് നിലവിലുണ്ട്. എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള കുടുംബശ്രീ അംഗങ്ങൾക്കുമാത്രമേ മേറ്റുമാർ ആകാൻ പാടുള്ളൂവെന്ന

വിചിത്രമായ നിയമം കൊണ്ടുവന്നിരിക്കുകയാണ്. സാധാരണക്കാരായ, അവിദഗ്ദ്ധരായ സ്ത്രീകൾ പണിയെടുക്കുന്ന ഒരു മേഖലയിൽ ഇത്തരത്തിലുള്ള നിയമങ്ങൾ ബാധകമാക്കിയത് എന്തിനാണെന്ന് അറിയില്ല. രാജ്യത്ത് ഒരിടത്തും ഇത്തരത്തിലുള്ള നിയമങ്ങൾ ഉള്ളതായി അറിയില്ല.

അതുപോലെ ബാറുകൾ, ബിയർ പാർലറുകൾ എന്നിവയുടെ നിരവധി ഔട്ട്ലെറ്റുകൾ തുറന്ന് മദ്യം ഒഴുക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ബിവറേജസ് ഔട്ട്ലെറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയെ അറിയിച്ചിട്ടുള്ളതാണ്. വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തുന്നതായാണ് മന്ത്രി പറഞ്ഞിട്ടുള്ളത്. പഠിച്ച് പരീക്ഷ എഴുതി ജോലി തേടി പി.എസ്.സി.-യുടെ വാതിലിൽ ക്യൂ നിൽക്കുന്ന ഉദ്യോഗാർത്ഥികളോട് 'ഗെറ്റ് ഔട്ട്' പറയുന്നതിനുപകരം അവർക്കാണ് വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തേണ്ടത്, അല്ലാതെ മദ്യശാലകൾക്കല്ല. പാവപ്പെട്ട കൂലിപ്പണിക്കാരന്റെ അടുപ്പ് പുകയാത്ത സാഹചര്യത്തിലും ബിവറേജിലും ബാറിലുമെല്ലാം തിരക്ക് വർദ്ധിപ്പിക്കുന്ന നയമാണോ ഈ തൊഴിലാളിവർഗ്ഗ സർക്കാർ സ്വീകരിക്കുന്നതെന്നറിയില്ല. നാട്ടിൻപുറങ്ങളിലും ബാറുകൾ തുറക്കുന്നതിന് വലിയ സൗകര്യങ്ങൾ

ഏർപ്പെടുത്തിക്കൊടുക്കുകയാണ്. അതുപോലെ മികവുറ്റ ചെറുപ്പക്കാർ ജോലി ചെയ്യുന്ന ലോകനിലവാരമുള്ള നമ്മുടെ ഐ.ടി. പാർക്കുകൾ ഉന്നതനിലവാരം പുലർത്തുന്നതുമൂലം ബി.പി.ഒ. ജോലി ഉൾപ്പെടെ യഥേഷ്ടം ഇവിടേയ്ക്ക് വരുന്നുണ്ട്. എന്നാൽ ഈ ഐ.ടി. പാർക്കുകൾക്ക് സമീപം ബാറുകൾ തുറക്കാനുള്ള പുതിയ തീരുമാനം എന്തിനാണെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഇവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഇതെന്നാണ് സർക്കാർ പറയുന്നത്. അങ്ങനെയാണെങ്കിൽ അതിന് മറ്റ് സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത്. മദ്യം നൽകി അവരുടെ വിഭവശേഷിയെയും കാര്യക്ഷമതയെയും കുറയ്ക്കുന്ന തീരുമാനത്തിലേയ്ക്ക് പോകുമ്പോൾ എന്താണ് സർക്കാർ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്? അതുപോലെ ടൂറിസ്റ്റുകളെ ആകർഷിക്കാനും സാമ്പത്തിക സമാഹരണത്തിനും മറ്റ് ബദൽ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതാണ്, അതിനുള്ള ഇച്ഛാശക്തിയാണ് സർക്കാരിനുണ്ടാകേണ്ടത്. ഇതുപോലെ മാനസികവും ശാരീരികവുമായി യുവതലമുറയെ അസ്ഥിരപ്പെടുത്തുന്ന രൂപത്തിലേയ്ക്കുള്ള സമീപനങ്ങൾ ഒരു തൊഴിലാളിവർഗ്ഗ, ഇടതുപക്ഷ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നതല്ല. ഓൺലൈൻ വഴി മദ്യം എത്തിക്കാനുള്ള സംവിധാനം ആലോചിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്.

അതുമാത്രമല്ല, സ്വന്തമായി മദ്യം നിർമ്മിക്കുന്നതിനുള്ള ശ്രമം സർക്കാർ നടത്തുകയാണ്. ബ്രൂവറികളും ഡിസ്റ്റിലറികളും തുടങ്ങാനുള്ള തീരുമാനത്തിന് കാത്തുകിടക്കുകയാണ്. പ്രായപൂർത്തിയാകാത്ത കുട്ടികൾ വലിയതോതിൽ മയക്കുമരുന്നിന് അടിമപ്പെടുന്ന ഗുരുതരമായ അവസ്ഥാവിശേഷത്തിലൂടെ സംസ്ഥാനം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. 2018 ജനുവരി 1 മുതൽ 31 വരെ മയക്കുമരുന്ന് കടത്തിന് അറസ്റ്റിലായത് 8483 പേരാണ്. ഇതിൽ 10.5% കുട്ടികളാണെന്നാണ് വകുപ്പിന്റെതന്നെ കണ്ടെത്തൽ. അതുപോലെ ഗുരുതരമായ വിഷയങ്ങൾ ഈ മേഖലയിലുണ്ട്. തീർച്ചയായും ഈ വിഷയത്തിൽ ഗൗരവപൂർണ്ണമായ പരിഗണന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ സർക്കാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വികേന്ദ്രീകൃതാസൂത്രണത്തിന് പുതിയ മാനങ്ങൾ സമ്മാനിച്ചത് യശഃശരീരനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള ജനകീയാസൂത്രണ പദ്ധതിയാണ്. അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് ലോകത്തിനുതന്നെ

മാതൃകയാകുന്ന വിധത്തിലാണ് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതിയുടെ അനുഭവം വലിയ രീതിയിൽത്തന്നെയാണുള്ളത്. ഇതിന്റെ ഗുണം അനുഭവിക്കാത്തവരായി ആരുംതന്നെ കേരളത്തിലുണ്ടാകില്ല എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. വിപുലമായ അധികാരങ്ങളാണ് പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുള്ളത്. അധികാര ഭാവത്തിന്റെ കരുണാർദ്രമായ ഒരു മുഖമാണ് കോവിഡ് സമയത്ത് നമുക്ക് കാണാൻ കഴിഞ്ഞത്. ലോകത്തിലെ മുതലാളിത്ത രാഷ്ട്രങ്ങളിലെ തലവന്മാർ കോവിഡ് മഹാമാരിക്ക് മുന്നിൽ വിറങ്ങലിച്ച് നിൽക്കുന്ന സമയം ഒരു പ്രയാസവുമില്ലാതെ പ്രാദേശിക സർക്കാരുകളെ സജീവമാക്കി വലിയ രീതിയിൽ പ്രവർത്തിച്ചുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രിയും ഈ സർക്കാരും മുന്നോട്ടുപോയത്. സമയബന്ധിതമായ ഇടപെടൽകൊണ്ടാണ് ഈ മഹാമാരിയെ ഫലപ്രദമായി നേരിടാൻ കഴിഞ്ഞത്. അതിന് പ്രാദേശിക സർക്കാരുകളാണ് നമ്മെ സഹായിച്ചത്. ആരും പട്ടിണി കിടക്കരുത് എന്നുള്ളതായിരുന്നു മുഖ്യമന്ത്രിയുടെ നിർദ്ദേശം. അത് നെഞ്ചിലേറ്റിക്കൊണ്ടാണ് പ്രാദേശിക സർക്കാരുകൾ മുന്നോട്ടുപോയത്. ഇവിടെ സ്വീകരിച്ച നടപടികൾ സമാനതകളില്ലാത്ത രീതിയിലേയ്ക്കാണ് മുന്നോട്ടുപോയത്. ഈ ഗവണ്മെന്റ്

മുന്നോട്ടുവച്ച ഒരു കാര്യം, മനുഷ്യർക്ക് മാത്രമല്ല, പട്ടിക്കും പൂച്ചയ്ക്കും കുരങ്ങന്മാർക്കുമുൾപ്പെടെ വിശക്കരുത് എന്നുള്ളതായിരുന്നു. കേരളത്തിലുള്ള ഇടതുപക്ഷ സർക്കാർ അന്ന് തുടങ്ങിയ 'വിശപ്പുരഹിത കേരളം' പദ്ധതി ഇന്നും നല്ല രീതിയിൽ ജനകീയ ഹോട്ടലുകളായി മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി 1184 ഹോട്ടലുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 20 രൂപ കൊടുത്ത് ഊണ് കഴിക്കാൻ എവിടെയാണ് സാധിക്കുന്നത്? ലോകത്തിന്റെ ഒരുഭാഗത്തും ഇതുപോലെ ഒരു സർക്കാർ ഉണ്ടാകില്ല. ഒരു പൈസയും കയ്യിലില്ലെങ്കിൽപ്പോലും ജനകീയ ഹോട്ടലിൽനിന്നും ഒരു പ്രയാസവുമില്ലാതെ ഭക്ഷണം കഴിക്കാൻ കഴിയുന്ന നാടായി നമ്മുടെ കേരളം മാറിയിട്ടുണ്ട് എന്നത് ഒരു പ്രത്യേകത തന്നെയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ഒരു സർക്കാരിന്റെ പ്രവർത്തനപഥത്തിലെ ഏറ്റവും അഭിമാനകരമായിട്ടുള്ള നേട്ടമെന്ന് പറയുന്നത് പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിച്ചുകൊണ്ട് അവരെയും സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരികയെന്നുള്ളതാണ്; അത് ഈ ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജോലിയും കൂലിയുമില്ലാതെ ജനജീവിതം വഴിമുട്ടിയ സമയത്ത് എല്ലാവർക്കും ഭക്ഷ്യ കിറ്റ് നൽകി

ആശ്വാസത്തിന്റെ നെടുവീർപ്പുമായാണ് ബഹുമാന്യനായ മുഖ്യമന്ത്രിയും ഈ സർക്കാരും മുന്നോട്ടുപോയിട്ടുള്ളത്. ഒരുകാര്യം കൂടി ഇവിടെ പറയുകയാണ്. അതിദാരിദ്ര്യം അനുഭവിക്കുന്ന ആളുകളെ കണ്ടെത്തുന്ന സർവ്വേ വലിയരീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ചാമ്പ്യന്മാരായി ജനപ്രതിനിധികൾ മാറുകയാണ്. ഇന്നോളം കേരളം കണ്ടിട്ടില്ലാത്ത മെത്തഡോളജി ഉപയോഗിച്ചുകൊണ്ടാണ് ഈ സർവ്വേ നടത്തുന്നത്. ഇപ്പോൾ കണ്ടെത്തിയ ദരിദ്രരുടെ പട്ടിക അന്തിമമാക്കും. ഗ്രാമസഭയിൽ വച്ചാണ് അന്തിമ പട്ടിക രൂപീകരിക്കുന്നത്. തുടർന്ന് അവർക്കാവശ്യമായ പിന്തുണ നൽകി ദാരിദ്ര്യത്തിന്റെ പടുകുഴിയിൽനിന്നും അവരെ ഉയർത്തിക്കൊണ്ടുവരികയെന്നതാണ് ഇതിന്റെ ലക്ഷ്യം. നിങ്ങൾക്ക് ഇത് നടത്താമെന്ന് ഉറപ്പുണ്ടോ; പടുദാരിദ്ര്യത്തിൽനിന്നും അവരെ കരകയറ്റാൻ കേരളത്തിന് സാധിക്കുമോയെന്നുള്ള ചോദ്യങ്ങൾ പലപ്പോഴും പലഭാഗങ്ങളിൽനിന്നും പ്രതിപക്ഷകക്ഷികൾ ചോദിച്ചിട്ടുണ്ട്. അതിന് കേരളത്തിലെ ജനങ്ങൾ ഉറപ്പുകൊടുക്കും. അതിനുകാരണം ഇത്രയുംകാലം പറഞ്ഞ ഓരോ കാര്യങ്ങളും അതുപോലെ പാലിച്ചുകൊണ്ടാണ് പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. അക്കാര്യത്തിൽ ഒരാൾക്കും

സംശയമുണ്ടാകില്ല. ആ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയെ ജനങ്ങൾക്ക് വിശ്വാസമാണ്. അതുപോലെ കയറിക്കിടക്കാൻ ഒരു ഇടമെന്നത് 1957-ൽ ആവിഷ്കരിച്ച പദ്ധതിയാണ്. 1957-ൽ ആദ്യമായി ഇടതുപക്ഷ ഗവണ്മെന്റ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ വന്നപ്പോഴാണ് സ്വന്തമായി ഒരിടത്ത്, അത് മൂന്ന് സെന്റായാലും പത്ത് സെന്റായാലും കയറിക്കിടക്കാൻ ഒരു വീടുവേണമെന്നുള്ള കാര്യത്തിന് പദ്ധതി ആവിഷ്കരിച്ചത്. 2006-ലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവണ്മെന്റായിരുന്നു ഇ.എം.എസ്. ഭവന പദ്ധതി മുന്നോട്ടുവച്ചിട്ടുള്ളത്. കേരളത്തിൽ എന്തുകാര്യം നടപ്പിലാക്കുമ്പോഴും കേരളത്തിലെ ജനങ്ങൾ ഇക്കാര്യങ്ങളൊന്നും അനുഭവിക്കരുതെന്ന ദുഷ്ടലാക്കോടെയാണ് യു.ഡി.എഫ്. എക്കാലവും മുന്നോട്ടുപോയിട്ടുള്ളത്. ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഒന്നും രണ്ടും മൂന്നും ഗഡു തുക വിതരണം ചെയ്തുകൊണ്ടിരുന്ന സമയത്താണ് 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. അന്ന് ആദ്യമായി അവർ പ്രഖ്യാപിച്ചത് 'ഇ.എം.എസ്. ഭവന പദ്ധതി ഇനിയുണ്ടാകില്ല' എന്നുള്ളതായിരുന്നു. ഞാനുൾപ്പെടെയുള്ളവർ അന്ന് ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികളായിരുന്നു. ഞങ്ങൾ അതിനെ നഖശിഖാന്തം എതിർത്തു.

ഏതെങ്കിലും ഒരു വീട് ഇവർക്ക് കൊടുക്കണ്ടേ? ഒന്നും രണ്ടും ഗഡു തുക ലഭിച്ചവർ അതുപയോഗിച്ച് തറയുടെയും ചുമരിന്റെയും പണികൾ ചെയ്തു. ബാക്കി പണി എങ്ങനെ പൂർത്തിയാക്കും എന്നൊരു ചോദ്യം ഞങ്ങളുടെ മുന്നിലുണ്ടായിരുന്നു. അതിനൊരു ഉത്തരവും ലഭിച്ചില്ല. അന്നത്തെ മന്ത്രിമാരുൾപ്പെടെയുള്ളവർ ഇന്ന് പ്രതിപക്ഷത്ത് ഇരിപ്പുണ്ട്. ആ പദ്ധതി ഉപേക്ഷിക്കപ്പെട്ടു. ഒരാൾപോലും കടത്തിണ്ണയിൽ കിടന്നുറങ്ങാൻ പാടില്ലെന്നും പാവപ്പെട്ടവന് ഒരിടമെന്ന രീതിയിലുമാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഈ പദ്ധതി നടപ്പിലാക്കിയത്. 2016-ൽ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തോടെ ലൈഫ് പദ്ധതി എന്ന ആശയം മുന്നോട്ടുവച്ചത്. ആദ്യം രണ്ട് ലക്ഷം രൂപയും ഇപ്പോൾ നാല് ലക്ഷം രൂപ വരെയുമാക്കി ഈ ഭവന പദ്ധതി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അന്ന് എന്തൊക്കെ കോലാഹലമായിരുന്നു കേരളത്തിലുണ്ടായിരുന്നത്; ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കൽ, ഒരു ഭാഗത്ത് വലിയ ചർച്ചകൾ, അന്തിചർച്ച വേറെ. എന്നാൽ അതൊന്നും വകവയ്ക്കാതെ നല്ല രീതിയിൽ ലൈഫ് പദ്ധതിയെ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. ഞങ്ങൾ

അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പിരിച്ചുവിടുമെന്നായിരുന്നു ഇവർ പറഞ്ഞത്. കേരളത്തിലെ ജനങ്ങൾ അത് ഒരിക്കലും മറന്നുപോകാത്തതുകൊണ്ടാണ് അതിന്റെ അടയാളമായി നിങ്ങൾക്കിന്ന് പ്രതിപക്ഷത്ത് ഇരിക്കേണ്ടിവന്നിട്ടുള്ളത്. ഞങ്ങൾ വന്നാൽ ഒരോ കാര്യവും ഇല്ലാതാക്കുമെന്നല്ലാതെ ഞങ്ങൾ വന്നാൽ ഇതെല്ലാം കൊണ്ടുവരുമെന്ന് കാണിച്ചുകൊടുക്കാൻ ഒരിക്കലും യു.ഡി.എഫ്. ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളതിന്റെ ഉദാഹരണമാണിത്. ഏറ്റവും നല്ല രീതിയിലാണ് ഇപ്പോൾ ലൈഫ് മിഷൻ പദ്ധതി മുന്നോട്ടുപോകുന്നത്. ഇതിലൂടെ 295006 വീടുകൾ വാസയോഗ്യമാക്കി തീർത്തു. 34,374 വീടുകൾ നിർമ്മാണ ഘട്ടത്തിലും 27 ഭവനസമുച്ചയങ്ങളുടെ പണി പൂർത്തികരിച്ചു-കൊണ്ടിരിക്കുകയുമാണ്. ഗവണ്മെന്റിന്റെ പ്രകടനപത്രികയിൽ അഞ്ചുവർഷം കൊണ്ട് അഞ്ചുലക്ഷം വീട് എന്ന ലക്ഷ്യം ജനങ്ങളുടെ മുന്നിൽ വച്ചിരുന്നു. തീർച്ചയായും അത് സാദ്ധ്യമാക്കുമെന്നാണ് പറയാനുള്ളത്. പ്രളയവും കോവിഡ് മഹാമാരിയും വന്നപ്പോൾ സാമ്പത്തികമായി വലിയരീതിയിൽ പ്രയാസം നേരിട്ടിട്ടുണ്ട്. ഗവണ്മെന്റും വകുപ്പുമന്ത്രിയും മുന്നോട്ടുവച്ച കാര്യമായിരുന്നു 'മനസ്സോടിത്തിരി മണ്ണ്' എന്ന ആശയം. ആ കാമ്പയിന്റെ ഭാഗമായി ഒരുപാട് ആളുകൾ സ്ഥലം സൗജന്യമായി നൽകി. കേരളത്തിന്റെ

ഒരു പ്രത്യേകതയായി ഇതിനെ കാണേണ്ടതാണ്. 35 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 1712.56 സെന്റ് സ്ഥലമാണ് ഇങ്ങനെ ലഭ്യമായത്. ഇത് കൊടുത്തിട്ടുള്ള സുമനസ്സുകളെ അഭിനന്ദിക്കാൻകൂടി ഈ സമയം ഞാൻ പ്രയോജനപ്പെടുത്തുകയാണ്.

വാതിൽപ്പടി സേവനത്തിൽ എന്തൊക്കെയാണ് ഉൾപ്പെടുന്നത്? അശരണർക്കും ആലംബരായിട്ടുള്ളവർക്കും കരുതൽ സ്പർശവുമായി പിണറായി സർക്കാർ നൽകിയ സമ്മാനമാണ് വാതിൽപ്പടി സേവനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായത്തിന് അപേക്ഷ തയ്യാറാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ, അടിയന്തരാവശ്യത്തിനുള്ള മരുന്നെത്തിച്ച് നൽകൽ, പാലിയേറ്റീവ് കെയർ, ലൈഫ് സർട്ടിഫിക്കറ്റ് അതുപോലുള്ള സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം ജനങ്ങൾക്ക് ആശ്വാസകരമായ കാര്യങ്ങളാണ്. ഇങ്ങനെയെല്ലാം അക്ഷരാർത്ഥത്തിൽ ജനകീയ സർക്കാർ എന്നുള്ള ഒരു പേര് ഈ ഗവണ്മെന്റിനുണ്ടായിട്ടുണ്ട്.

സ്ത്രീപക്ഷ കേരളമെന്ന് പറയുന്നത് വെറുതെയല്ല. രാജ്യത്തിനുതന്നെ മാതൃകയായിട്ടാണ് കുടുംബശ്രീ മുന്നോട്ട് പോകുന്നത്. കേരളത്തിലെ ജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾ നെഞ്ചിലേറ്റിയ പദ്ധതിയാണിത്. സ്ത്രീ

ശാക്തീകരണം മുന്നോട്ടുപോകുമ്പോൾ ഇവിടെ പറഞ്ഞതുപോലെ അത് രാഷ്ട്രീയവത്ക്കരിക്കുന്നുവെന്ന തോന്നൽ വർഷങ്ങൾക്കുമുമ്പ് അവർക്കുണ്ടായിരുന്നു. 2014-ൽ അധികാരത്തിൽ വന്നപ്പോൾ കുടുംബശ്രീയാണ് കേരളത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഏറ്റവും കൂടുതൽ വിജയം ഇടതുപക്ഷത്തിന് നേടിക്കൊടുത്തതെന്നുള്ള തോന്നൽ ഉണ്ടായപ്പോഴാണ് ആ കുടുംബശ്രീയെ ഇല്ലാതാക്കാൻ പല്ലും നഖവും ഉപയോഗിച്ച് 'ജനശ്രീ' എന്ന സാധനത്തെ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലുള്ള സഹോദരിമാർ അതിനെ എതിർത്ത് തോൽപ്പിച്ചുകൊണ്ടാണ് ഇന്ന് കുടുംബശ്രീ 25 വർഷം തികച്ചത്. സ്ത്രീ ശാക്തീകരണം മാത്രമല്ല, സ്ത്രീകൾക്ക് സാമ്പത്തിക ശാക്തീകരണം കൂടിനൽകുന്ന രീതിയിലാണ് കുടുംബശ്രീ അഭിമാനകരമായ നേട്ടത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിനെ ആരും രാഷ്ട്രീയവത്ക്കരിച്ചിട്ടില്ല. ഒരു കുടക്കീഴിലാണ് കുടുംബശ്രീ നിൽക്കുന്നത്. ഇതിന് ജാതിയില്ല, മതമില്ല, രാഷ്ട്രീയവുമില്ല. ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ സ്വീകരിച്ചുകൊണ്ടും എല്ലാവരും ഒരേ രീതിയിൽ ചർച്ച ചെയ്തുകൊണ്ടും മുന്നോട്ടുപോകുന്ന കുടുംബശ്രീയെ നശിപ്പിക്കരുതെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അത് മാത്രമല്ല, കേരളത്തെ സ്ത്രീപക്ഷ കേരളമെന്ന് പറയാൻ അഭിമാനമുണ്ട്. സ്ത്രീ

ശാക്തീകരണത്തിന് പുറമേ ഇപ്പോൾ സ്ത്രീധന നിരോധനത്തിനെതിരെ, സ്ത്രീപക്ഷ കേരളം യാഥാർത്ഥ്യമാക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒട്ടനവധി കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ശിഥിലമായിക്കിടന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരവികസനം, തദ്ദേശസ്വയംഭരണം, എഞ്ചിനീയറിംഗ് വിംഗ്, നഗര-ഗ്രാമാസൂത്രണം, എന്നീ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് ഏകീകൃത വകുപ്പാക്കിമാറ്റി. ഈ സർക്കാരിന്റെ തൊപ്പിയിലെ ഒരു പൊൻതൂവലായി ഇതെല്ലാം തിളങ്ങിനിൽക്കുകയാണ്. മുപ്പതിനായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം കണ്ടിൻജന്റ് ജീവനക്കാരും ചേരുന്ന പൊതുസർവ്വീസാണ് ഇപ്പോഴത്തെ ഏകീകൃത സംവിധാനമെന്നത് അഭിമാനാർഹമാണ്.

മറ്റൊന്ന്, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയാണ്. ഇന്ത്യയിലാദ്യമായി തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നത് 2010-ൽ എൽ.ഡി.എഫ്. ഗവണ്മെന്റാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് 2015-16-ൽ വെറും 3.45 ലക്ഷം തൊഴിൽ ദിനങ്ങൾക്കായി 12.7 കോടി രൂപയാണ് മാറ്റിവച്ചിരുന്നത്. എന്നാൽ 2021-22-ൽ എൽ.ഡി.എഫ്. ഗവണ്മെന്റ് 44.35 ലക്ഷം തൊഴിൽദിനങ്ങൾക്കായി 113.5 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. 44.35 ലക്ഷം തൊഴിൽദിനങ്ങൾ കൊടുക്കാൻ ഇതുവഴി സാധിച്ചു.

കേരളത്തിൽ ഒന്നാമതായി നഗരദാരിദ്ര്യ നിർമ്മാർജ്ജനം നടക്കുന്നു. ഇതൊന്നും ഒരു രാജ്യത്തുമില്ലാത്തതാണ്. ഒരു സംസ്ഥാനങ്ങളിലും ഈ രീതിയിൽ ഗവൺമെന്റ് സഹായിച്ച് മുന്നോട്ടുപോകുന്നില്ല. മദ്യവുമായി ബന്ധപ്പെട്ട കാര്യത്തിൽ നേരത്തെ പലരും പറഞ്ഞതുപോലെ മദ്യാസക്തി വർദ്ധിക്കുന്ന ആളുകൾക്ക് വിമുക്തിയെന്നുള്ള രീതിയിലും സ്കൂൾ കൗൺസിലിംഗും ചെയ്യുന്നത് അഭിമാനകരമായ കാര്യമാണ്. അതിന് ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. പക്ഷേ, ഇതെല്ലാം ഒന്നുകൂടി ഫലപ്രദമായി കൊണ്ടുപോകണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കൂടുതൽ ജോലിഭാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിച്ചേൽപ്പിക്കുകയാണ് സംസ്ഥാന സർക്കാരെന്ന് ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞു. എന്നാൽ ഇവിടെ ഒഴിച്ചുകൂടാനാവാത്ത പ്രോജക്ടുകളുണ്ട് - അങ്കണവാടികൾ വഴിയുള്ള പോഷകാഹാര പദ്ധതി, സർക്കാർ ആശുപത്രികളുടെ മരുന്നുവാങ്ങൽ, ഇതൊക്കെ നിർബന്ധിതമാണെന്നുള്ള കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് പറയുന്നത് എങ്ങനെ

അടിച്ചേൽപ്പിക്കലാകുമെന്ന് മനസ്സിലാകുന്നില്ല. തദ്ദേശസ്വയംഭരണ മേഖലയിൽ വളരെ ശ്രദ്ധേയമായ പരിപാടികൾ സർക്കാർ നടപ്പിലാക്കിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പലരും പറഞ്ഞിട്ടുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയത് കേരളത്തിൽനിന്നാണ്. അതിദരിദ്രരെ മുക്തമാക്കാൻവേണ്ടിയുള്ള നൂതനമായ പദ്ധതിയാണ് ഇവിടെ പലരും വിശദീകരിച്ചത്. അതിദരിദ്രരെ കൃത്യമായ സർവ്വേയിലൂടെ കണ്ടെത്തി ദാരിദ്ര്യമില്ലാതാക്കാനുള്ള പരിപാടി കഴിഞ്ഞ പ്രകടന പത്രികയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞതാണ്. അതിന്റെ ഭാഗമായി 64,006 പേരെയാണ് ഏറ്റവും ശ്രദ്ധേയവും ശാസ്ത്രീയവുമായ സർവ്വേയിലൂടെ ഗവൺമെന്റ് കണ്ടെത്തിയത്. അതിൽ 12763 പേർ പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ 3021 പേരും മറ്റ് വിഭാഗങ്ങളിലായി 48222 പേരുമാണുള്ളത്. ഇതിൽ മഹാഭൂരിഭാഗവും ഏകാംഗ കുടുംബങ്ങളാണ്. അവർക്ക് സ്വയം വരുമാനം കണ്ടെത്താനുള്ള പദ്ധതിയാണ് ഗവൺമെന്റ് ഇതിൽ അവലംബിച്ചിട്ടുള്ളത്. വാർഡ്തല വികസന കമ്മിറ്റിയിലെ അംഗങ്ങൾ അവരുമായി സംസാരിച്ചതിനുശേഷം പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. വഴി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. എങ്ങനെയാണ് പണം കണ്ടെത്തുന്നതെന്ന് ചോദിക്കുന്നുണ്ട്. അതിന്

Corporate Social Responsibility (CSR) ഫണ്ടുണ്ട്. ശ്രീ. അടൂർ ഗോപാലകൃഷ്ണനെപ്പോലെയുള്ള മഹാമനസ്കരായ ആളുകൾ ഭൂമി വിട്ടുതന്നതുപോലെ ഇത്തരം കാര്യങ്ങൾക്കുവേണ്ടി തുക നൽകിക്കൊണ്ടാണ് ദാരിദ്ര്യ നിർമ്മാർജന പദ്ധതി സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ പോകുന്നത്. നിരവധി മാതൃകകൾ ലോകത്തിന് സമ്മാനിച്ച കേരളത്തിൽനിന്നുള്ള മറ്റൊരു ശ്രദ്ധേയമായ കാൽവയ്പ്പാണ്, അതിദരിദ്രരെ കണ്ടെത്തി അത് നിർമ്മാർജനം ചെയ്യാനുള്ള പദ്ധതിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതോടുകൂടി ഈ പദ്ധതിയും പൂർത്തീകരിക്കാൻ കഴിയും. നമുക്കറിയാം, രണ്ടാം ലോക മഹായുദ്ധ കാലത്ത് മലമ്പനിയും പാമ്പുകളും ജീവികളുമെല്ലാമുള്ള ആസാമിലേയ്ക്ക് പോകുന്ന "ആസാം പണിക്കാർ" എന്ന വൈലോപ്പിള്ളി ശ്രീധരമേനോന്റെ ശ്രദ്ധേയമായ ഒരു കവിതയുണ്ട്. പട്ടിണി കാരണമാണ് അങ്ങോട്ട് പോകുന്നത്. അങ്ങോട്ടുപോയി ഇതെല്ലാം സഹിച്ച് അവർ ജീവിക്കുമ്പോഴും മനസ്സിൽ കേരളത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളാണ്. അതെല്ലാം ആ കവിതയിൽ പറയുന്നുണ്ട്. ലോകത്തിൽവച്ച് ഏറ്റവും കൂടുതൽ മനുഷ്യ വിഭവം കേരളത്തിലുണ്ട്. അതിനെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള

ആദ്യപടിയായി, ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനുള്ളിൽ ഇരുപത് ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രധാനപ്പെട്ട കാൽവയ്പ്പാണ് കേരള നോളജ് ഇക്കോണമി മിഷൻ നടപ്പിലാക്കാൻ പോകുന്ന "എന്റെ തൊഴിൽ എന്റെ അഭിമാനം" എന്ന പദ്ധതി. 18-നും 59 വയസ്സിനുമിടയിൽ പ്രായമുള്ള ആളുകളുടെ വിവരം അന്വേഷിച്ച് ഒരു ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുകയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇത്തരത്തിലുള്ള തൊഴിലാളികളെ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുകയാണ്. അവരുടെ സ്കിൽ ഡെവലപ് ചെയ്യാൻ Additional Skill Acquisition Programme (ASAP) ഉൾപ്പെടെയുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് വലിയ അളവിൽ കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്ന രീതിയിലേയ്ക്ക് ഈ സംവിധാനം വരികയാണ്. ഡിജിറ്റൽ വർക്ക് ഫോഴ്സ് സിസ്റ്റത്തിൽ തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു സിസ്റ്റം വിപുലപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുകയാണ്. പാഞ്ചാലിയുടെ ഭർത്താക്കന്മാരുടെ എണ്ണത്തിനനുസരിച്ച് എന്നതുപോലെ, യു.ഡി.എഫ്.-ന്റെ കാലത്ത് തദ്ദേശസ്വയംഭരണ മേഖലയിൽ

മന്ത്രിമാരുണ്ടായിരുന്നു. പഞ്ചായത്തിന് ഒരു മന്ത്രി, മുനിസിപ്പാലിറ്റിക്ക് മറ്റൊരു മന്ത്രി, ഗ്രാമവികസനത്തിന് വേറൊരു മന്ത്രി, ഇങ്ങനെ കുറേ മന്ത്രിമാരുണ്ടായിരുന്നു. എന്നാൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏകീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കി. ഏകീകൃത തദ്ദേശസ്വയംഭരണം യു.ഡി.എഫ്.-ന് ചിന്തിക്കാൻ കഴിയുമോ? തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് സ്വരാജ് ഭവനിൽ ആരംഭിച്ചു. അതിന്റെ കീഴിൽ റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാല് വകുപ്പുകളായി തിരിച്ചുകൊണ്ട് ഏറ്റവും കാര്യക്ഷമവും രാജ്യത്തിന് മാതൃകയുമാകുന്ന രീതിയിൽ പൊതുസർവ്വീസ് സംവിധാനം ഈ ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുകയാണ്. മുപ്പത്തിയൊന്നായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം കണ്ടിൻജന്റ് ജീവനക്കാരുമടങ്ങുന്നതാണ് ഈ പൊതുസർവ്വീസെന്നത് നാം പ്രത്യേകം കാണണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തിക ഞെരുക്കത്തിലാണ്. അവയെല്ലാം മെച്ചമാണെന്നുള്ള വിഡ്ഢിത്തമൊന്നും പറയേണ്ട കാര്യമില്ല. കാരണം, കോവിഡുണ്ടാക്കിയ ആഘാതത്തിൽ രാജ്യത്തെ കടകമ്പോളങ്ങളും കല്യാണമണ്ഡപങ്ങളും അടഞ്ഞുകിടന്നു. ഇവരുടെ കയ്യിൽനിന്നും ലൈസൻസ് ഫീസ് വാങ്ങാൻ പാടില്ലെന്ന് വന്നു.

വീട്ടുകരം പിരിക്കുന്നതിൽ മൊറട്ടോറിയം വന്നു. ഇതെല്ലാം കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ ഞെരുക്കത്തിലേയ്ക്കും തകർച്ചയിലേയ്ക്കും പോയി. ജി.എസ്.ടി.-യും സിനിമാ തിയേറ്ററിലെ വരുമാനവുമൊക്കെ മോദി വാങ്ങിയതോടുകൂടി ആ മേഖലയിൽനിന്നുള്ള വരുമാനവും നിലച്ചു. ഇത് സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വല്ലാത്തൊരു പ്രയാസത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ടെന്നുള്ള കാര്യം സത്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക്കൽ ഗവണ്മെന്റുകളാണ്. പ്രളയം, കോവിഡ് എന്നിവ വന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അത് കൈകാര്യം ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ പ്രാദേശിക സർക്കാരുകളുടെ ചുമതലയിലേയ്ക്ക് വളർന്നുവന്നിട്ടുണ്ട്. അതുകൊണ്ട് അവരുടെ തനത് വരുമാനത്തിൽ വലിയ രീതിയിലുള്ള കുറവ് വന്നിരിക്കുന്നു. എനിക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, അങ്ങ് നന്നായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നുണ്ട്; പക്ഷെ, ഇവരുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന രീതിയിൽ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ കാര്യങ്ങൾ നടപ്പാക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഇന്നലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ തകർക്കുന്നുവെന്നൊരു അടിയന്തരപ്രമേയം വന്നു. അതിന്റെ കാര്യങ്ങളെല്ലാം ഇവിടെ വിശദീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള ചില പ്രശ്നങ്ങളാണെന്നൊക്കെ പറഞ്ഞു. എന്നാൽ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വന്നപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കൊടുത്തത് സെപ്റ്റംബർ മാസത്തിലാണ്. നിങ്ങൾ ഇപ്പോൾ ജൂലൈ മാസത്തിൽ പ്രമേയം കൊണ്ടുവന്നല്ലോ, സെപ്റ്റംബറിൽ ഫണ്ട് കൊടുത്ത ആളുകളാണ് ജൂലൈ മാസത്തിൽ ഫണ്ട് കൊടുക്കുമ്പോൾ ഇവിടെ തകർക്കുന്നുവെന്ന് പറഞ്ഞ് പ്രമേയം കൊണ്ടുവന്നത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഉൾപ്പെടെയുള്ള ആൾക്കാരോട് പറയാനുള്ളത്, ഈ ഗവണ്മെന്റ് ഏപ്രിൽ മാസത്തിൽതന്നെ ആദ്യഗഡു കൊടുത്തിരുന്നുവെന്നുള്ള കാര്യം സത്യമാണ്. അത് ഒഴിച്ചുകൂടാനാവാത്ത പ്രോജക്ടുകൾക്കാണെന്ന് വേണമെങ്കിൽ നിങ്ങൾക്ക് വ്യാഖ്യാനിക്കാൻ കഴിയും. പഞ്ചായത്ത്, മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുകൾപോലും കാലാവധി കഴിഞ്ഞപ്പോൾ നടത്താത്തവരും ജില്ലാ കൗൺസിലുകൾ തകർത്തവരുമാണ് നിങ്ങൾ. ജനകീയാസൂത്രണം-എന്നുമുതലാണ് നിങ്ങൾ അങ്ങനെ പറഞ്ഞുതുടങ്ങിയത്? ഇല്ലാസൂത്രണമെന്ന്

പറയുകമാത്രമല്ല, ജനകീയാസൂത്രണത്തിന്റെ പേര് കളഞ്ഞ് കേരള വികസന പദ്ധതിയെന്ന് പേരിട്ട ആളുകളാണ് നിങ്ങൾ. ഈ കേരളത്തിലല്ലേ അൻപത് ശതമാനം സംവരണം സ്ത്രീകൾക്കുള്ളത്. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ താൽക്കാലിക പ്രസിഡന്റ് ഇപ്പോഴും ശ്രീമതി സോണിയാ ഗാന്ധിയല്ലേ? കോൺഗ്രസ് ഇന്ത്യ ഭരിച്ചിട്ട് പാർലമെന്റിലും മറ്റ് സ്ഥലങ്ങളിലും 33 ശതമാനം സംവരണം നിങ്ങൾ നടപ്പിലാക്കിയോ? അത് കേരളത്തിലാണ് നടപ്പിലാക്കിയതെന്ന് കാണണം. സ്ത്രീകൾക്ക് 33 ശതമാനം സംവരണം നടപ്പിലാക്കാനല്ല താല്പര്യം. നിങ്ങൾക്ക് ചില സ്ത്രീകളുണ്ട്. ശ്രീ. പി. സി. ജോർജ്ജിന്റെ ചക്കരപെണ്ണിന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു മാർഗ്ഗംകളി, കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഒരു തിരുവാതിരക്കളി, മുസ്ലീം ലീഗിന്റെ ഒപ്പന, ചില മാധ്യമങ്ങളുടെ കോമാളിക്കളി. അതൊക്കെയാണ് നിങ്ങൾക്ക് ഇതിൽ ബാധകമായിട്ടുള്ളത്. ഇപ്പോൾ സ്വപ്ന സുരേഷാണ് യു.ഡി.എഫ്.-ന്റെ മെന്റർ. അതോടുകൂടി കോൺഗ്രസ് ഇപ്പോൾ മെന്റലായ അവസ്ഥയിലാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിദേശകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകേട്ട് വളഞ്ഞ വഴിയിലൂടെ ഒരു സബ്മിഷൻ അവതരിപ്പിച്ചു. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയാനുള്ളത്, അങ്ങയുടെ നാക്ക്

ബി.ജെ.പി.-ക്ക് വാടകയ്ക്ക് കൊടുക്കുന്നത് ദയവുചെയ്ത് നിർത്തണം എന്നാണ്. ഇനിയെങ്കിലും നാക്ക് വാടകയ്ക്ക് കൊടുക്കുന്ന പരിപാടി അവസാനിപ്പിക്കണം. ഗോവയിലെ പ്രതിപക്ഷനേതാവ് ബി.ജെ.പി.-യിൽ ചേരാൻവേണ്ടി പോയില്ലേ; 'അയ്യോ അച്ഛാ പോകല്ലേ, അയ്യോ അച്ഛാ പോകല്ലേ' എന്നുപറഞ്ഞുകൊണ്ട് കോൺഗ്രസ്സിലെ കുറച്ച് നേതാക്കന്മാർ തിരിച്ചുപിടിക്കാൻ പോയിട്ടുണ്ട്. ഇന്ന് അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷനേതാവ് വളരെ ആവേശത്തോടെ പുന്ന നൗഷാദിന്റെ കാര്യം പറഞ്ഞു. എ. സി. ഹനീഫയെ വകവരുത്തിയെന്ന് അദ്ദേഹത്തിന്റെ മാതാവ് ആക്ഷേപം ഉന്നയിച്ച കോൺഗ്രസ്സിന്റെ ബ്ലോക്ക് പ്രസിഡന്റിനെതിരായി നടപടി സ്വീകരിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ; അദ്ദേഹത്തിന് പ്രൊമോഷൻ നൽകുന്നു. എ. സി. ഹനീഫയുടെ മാതാവ് പറഞ്ഞതുപോലും നിങ്ങൾ അംഗീകരിച്ചില്ല. പുന്ന നൗഷാദിനെ കൊലപ്പെടുത്തിയ എസ്.ഡി.പി.ഐ.-യുടെ ക്രിമിനൽ സംഘത്തിന്റെ പ്രസിദ്ധീകരണം പ്രകാശനം ചെയ്തത് ആരാണ്? ഞാൻ പേര് പറയുന്നില്ല. സഭാരേഖയിൽനിന്ന് പേര് നീക്കംചെയ്യണമെന്ന് നിങ്ങൾ പറയും. നിങ്ങൾ അന്വേഷിക്കൂ, നിങ്ങൾക്ക് ഉത്തരവാദിത്തപ്പെട്ട ആളല്ലേ; വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് ആക്രമിച്ചത് തെറ്റ്. അവിടെ സന്ദർശിക്കുന്നത്

പുന്ന നൗഷാദിന്റെ ഘാതക പ്രസ്ഥാനം. എന്നിട്ട് ഇവിടെ നൗഷാദിനുവേണ്ടിയുള്ള പ്രസംഗം നടത്തുകയാണ്. അതാണ് ഇവിടെ നടക്കുന്നത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിമാനത്തിൽ ആക്രമിക്കാൻ ശ്രമിച്ച ആളുകൾക്കൊക്കെ വലിയ രീതിയിലുള്ള പരിവേഷം കൊടുക്കുന്നുണ്ട്. മുമ്പ് ഇന്ദിരാഗാന്ധിക്കും ശ്രീ. രാഹുൽ ഗാന്ധിക്കുമൊക്കെവേണ്ടി രണ്ട് പാണ്ഡെമാർ പണ്ട് യു.പി.-യിൽനിന്ന് വിമാനം തട്ടിക്കൊണ്ടുപോയി. അവരെ പിന്നീട് എം.എൽ.എ.-യും എം.പി.-യുമൊക്കെ ആക്കിയ പാരമ്പര്യമുണ്ട്. അതിൽനിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ടായിരിക്കണം ഇങ്ങനെയൊരു നടപടിയെന്ന് തോന്നുന്നു. കൂടുതൽ കാര്യങ്ങൾ പറയുന്നില്ല, ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ ഗുരുവായൂർ അംഗം പ്രതിപക്ഷ നേതാവിനെക്കുറിച്ച് അദ്ദേഹത്തിന്റെ നാക്ക് ബി.ജെ.പി.-ക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ടോയെന്ന് ചോദിച്ചു. ഇന്ന് രാവിലെ നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു ചോദ്യം ചോദിച്ചു, 1977-ൽ

കൂത്തുപറമ്പിൽ അദ്ദേഹം മത്സരിച്ചപ്പോൾ ബി.ജെ.പി.-യുമായി കൈകോർത്ത് ആർ.എസ്.എസ്.-ന്റെ വോട്ട് വാങ്ങിയല്ലേ മത്സരിച്ചതെന്ന് ചോദിച്ചപ്പോൾ അതിന് മറുപടി പറയാൻ ഭരണകക്ഷിയിലെ അംഗങ്ങൾ ആരെങ്കിലും തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഒരാളുടെയും നാവ് പൊങ്ങിയില്ല. ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് മന്ത്രിയായപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സുവർണ്ണകാലം ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കാരണം അദ്ദേഹത്തിന്റെ അറിവും നിയമസഭയിലെ പ്രവർത്തനവും പാർട്ടിയിലുള്ള സ്വാധീനവുമെല്ലാം ഇന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ശോഭനമായ ഭാവി പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിച്ച ആ വിഭാഗത്തെ സംബന്ധിച്ചിടത്തോളം നിരാശജനകമാണെന്ന് പറയാതെ പോകുന്നത് ശരിയല്ല. പാവപ്പെട്ടവന്റെ പാർലമെന്റും സെക്രട്ടേറിയറ്റും മനുഷ്യന് ദൈനംദിന പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആശ്രയിക്കുന്ന കേന്ദ്രവും സാധാരണക്കാരൻ ആശ്രയിക്കുന്ന ദൈനംദിന ജീവിതത്തെ സ്വാധീനിക്കുന്ന ഒരു സർക്കാർ സ്ഥാപനവുമാണ് പഞ്ചായത്തുകൾ. പട്ടി കടിച്ചാൽ, പനി വന്നാൽ, മരം വീണാൽ, മഴ പെയ്താൽ, മതിൽ കെട്ടണമെങ്കിൽ, വീട് വയ്ക്കണമെങ്കിൽ എന്നിങ്ങനെ

മനുഷ്യജീവിതത്തെ ബാധിക്കുന്ന എന്ത് പ്രശ്നങ്ങളുണ്ടെങ്കിലും അവൻ ആശ്രയിക്കുന്നത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ്. ഇന്ന് പഞ്ചായത്തുകൾ ഗുരുതര അവസ്ഥയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. നമുക്കറിയാം, ഇവിടെ ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ആഘോഷിച്ച്, അതിൽ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ തൃപ്തരായി മതിമറന്നുനിൽക്കുന്ന ആളുകളായിട്ടാണ് നമ്മൾ വിശേഷിക്കപ്പെടുന്നത്. യഥാർത്ഥത്തിൽ പഞ്ചായത്തുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അവസ്ഥ പരിശോധിക്കേണ്ടതല്ലേ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ വരുമാനം കെട്ടിട/തൊഴിൽ നികുതിയിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. യഥാർത്ഥത്തിൽ ഈ നിയമം 1994-ൽ പാർലമെന്റിൽ പാസ്സാക്കുകയും ഭരണഘടനയുടെ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തത് രാജീവ് ഗാന്ധിയുടെയും തുടർന്നുവന്ന നരസിംഹറാവുവിന്റെയും കാലഘട്ടത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. 1994-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് ഈ നിയമം കേരളത്തിൽ നടപ്പിലാക്കിയത്. ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ

മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് അധികാരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയതെന്ന് നമുക്കറിയാം. ജനകീയാസൂത്രണമെന്ന പേരിട്ട് ജനകീയവത്ക്കരിച്ചത് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ്. ഈ നിയമം നടപ്പിലാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായി കെട്ടിടനികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ അവകാശങ്ങളും അവരിൽനിന്നും പിടിച്ചുവാങ്ങുന്ന സ്ഥിതിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നുവെന്ന ദയനീയാവസ്ഥയാണ് 25 വർഷം പൂർത്തീകരിക്കുമ്പോൾ കാണുന്നത്. തദ്ദേസ്വയംശഭരണ സ്ഥാപനങ്ങൾ പിരിച്ചുകൊണ്ടിരുന്ന പരസ്യനികുതിയും അതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും ജി.എസ്.ടി. വന്നതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇല്ലാതായി. നഗരസഭാ കൗൺസിലുകളുടെ അനുമതിയില്ലാതെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമം കഴിഞ്ഞ സഭയിൽ പാസ്സാക്കേണ്ടിവന്നു. 2011-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി

നാഷണലൈെസ്ഡ് ബാങ്കിലോ ട്രഷറിയിലോ പണം നിക്ഷേപിക്കാൻ അനുമതി നൽകി. എന്നാൽ 2022 ഏപ്രിൽ മാസം 30-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന് സർക്കുലർ വഴി സർക്കാർ ആവശ്യപ്പെടുന്ന സാഹചര്യമുണ്ടായി. നിയമാനുസൃതം D&O License (Dangerous and Offensive) നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരുന്നു. എന്നാൽ ഏകജാലക സംവിധാനം വന്നതുവഴി നഗരസഭയുടെ അംഗീകാരമില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറി. പെൻഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. പക്ഷേ ഗവണ്മെന്റ് പെൻഷൻ തുകയ്ക്ക് സമാനമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തയ്യാറാകുന്നില്ല. ആറ് വകുപ്പുകളെ സംയോജിപ്പിച്ച് ഏകീകൃത സർവ്വീസ് നടപ്പിലാക്കാൻ തീരുമാനിച്ചു. പല നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ശമ്പളം നൽകാൻപോലും കഴിയാത്ത സാഹചര്യത്തിൽ എത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് മാസമായി അവിടത്തെ പഞ്ചായത്ത്

ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ലെന്ന വിഷയം സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിക്കുകയുണ്ടായി. അവിടത്തെ ജീവനക്കാർ ഒഴിവ് ദിവസങ്ങളിൽ മറ്റുജോലികൾക്ക് പോകുന്ന സാഹചര്യമാണെന്ന് അദ്ദേഹം ഇന്നലെ ഇവിടെ പ്രതിപാദിച്ചു. പത്തനംതിട്ട ജില്ലയിൽ തുമ്പമൺ പഞ്ചായത്ത്, കാസർഗോഡ് ജില്ലയിൽ ബെള്ളൂർ, വലിയപറമ്പ്, കുംബഡജെ എന്നീ പഞ്ചായത്തുകളിലും വലിയ പ്രതിസന്ധിയാണ്. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി നഗരസഭയും പ്രതിസന്ധി നേരിടുന്നു. തലപ്പാട് പഞ്ചായത്തിൽ ആഗസ്റ്റ് മാസം മുതൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കാനുണ്ടെന്നാണ് പത്രവാർത്തയിൽനിന്നും മനസ്സിലാക്കുന്നത്. ഇതിന് കാരണമെന്താണെന്ന് ഈ 25 വർഷം പൂർത്തീകരിക്കുമ്പോൾ ആലോചിക്കേണ്ടതല്ലേ. ത്രിതലപഞ്ചായത്തുകളെ ശക്തിപ്പെടുത്തിയെന്ന് അഹങ്കരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മൾ ഗൗരവമായി ആലോചിക്കേണ്ട ഒരു വിഷയമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശമ്പളംപോലും നൽകാൻ കഴിയാത്ത രീതിയിൽ കാര്യങ്ങൾ പോകുന്നത്. ഇത്തരം സന്ദർഭത്തിലാണ് പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകപോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയാത്ത

വിഷയത്തെ സംബന്ധിച്ച് സഭ ചർച്ചചെയ്യേണ്ട ദയനീയാവസ്ഥ ഉണ്ടായത്. മുൻവർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിന്റെ അനുബന്ധം (4)-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഴുവൻ വിഹിതവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ആദ്യമായി 2022-23-ൽ മൂന്നിലൊന്ന് വിഹിതം മാത്രമാണ് അനുബന്ധം (4)-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021-22-ലെ പോലെ ബാക്കി തുക ജനുവരി മാസം നൽകും. കേവലം രണ്ടുമാസംകൊണ്ട് ഈ പദ്ധതി എങ്ങനെ പൂർത്തീകരിക്കാൻ കഴിയും; സ്പിൽഓവറായി പരിഗണിക്കാൻ ഗവണ്മെന്റ് അനുവദിക്കില്ലെന്നാണ് പറയുന്നത്. ഇങ്ങനെവരുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏതുരീതിയിൽ ബാധിക്കും? കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ട തുക carry over ആയി അനുവദിക്കില്ലെന്നാണ് ഗവണ്മെന്റ് പറയുന്നത്. അത് പരിഹാരത്തുകയായി തനതുവർഷത്തെ പ്ലാൻഫണ്ടിൽനിന്ന് കണ്ടെത്തണമെന്ന് പറയുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എല്ലാരീതിയിലും കടിഞ്ഞാണിടുന്ന രീതിയിലേയ്ക്കാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം കാര്യങ്ങൾ പോകുന്നതെന്നത് ഗൗരവമായി കാണണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായി

കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരം വിഷയങ്ങളിൽ അഡ്രസ്സ് ചെയ്യാൻ ഈ ഗവണ്മെന്റ് തയ്യാറാകാത്തതുമൂലം ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ജനക്ഷേമകരമായ പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളിൽ ഇടംനേടിയ സർക്കാരിന്റെ പ്രതിനിധിയായി ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഞാൻ അഭിമാനത്തോടുകൂടി എക്സൈസ്, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. നമ്മുടെ സംസ്ഥാനം ലോകത്തിന് മാതൃകയാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷവും 'ആസാദി കാ അമൃത് മഹോത്സവ്' നടക്കുന്ന വേളയിൽ ഉത്തരവാദിത്വപ്പെട്ട ഒരു സർക്കാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളാണ് രണ്ടാം പിണറായി സർക്കാർ നടപ്പിലാക്കി മുന്നോട്ടുപോകുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായിട്ടാണ് കേരളം അറിയപ്പെടുന്നത്. കോവിഡ്-19-ന്റെ കാലത്ത് ഭീതിജനകമായ അന്തരീക്ഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണർന്ന് പ്രവർത്തിച്ചു. ഗ്രാമവികസനം, എക്സൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ സമീപകാലത്ത്

നടപ്പിലാക്കിയ പ്രവർത്തനങ്ങൾ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞതുപോലെ, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള, സാധാരണക്കാരിൽ സാധാരണക്കാരായ ജനങ്ങളുടെ ക്ഷേമത്തിനും ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടിയുള്ളതാണ്. ഞാൻ ഈ സഭയിൽ മുൻപ് ഉന്നയിച്ചതുപോലെ വീണ്ടും ആവർത്തിക്കുകയാണ്. ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഉത്തരവുകൾ ലഭിച്ചാലും വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലാത്തതിനാൽ പല പദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് അടിയന്തരമായി പരിഹരിക്കണം. അതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിന്റേതായ അധികാരം നൽകിക്കൊണ്ട് ഒരു പ്രത്യേക മോണിറ്ററിംഗ് വിഭാഗം രൂപീകരിക്കണം. എന്റെ മണ്ഡലത്തിൽ നിരന്തരം ട്രാഫിക് പ്രശ്നം സൃഷ്ടിക്കുന്ന പാന്നൂർ ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് ലാമ്പ് സ്ഥാപിക്കുന്നതിന് 2021 ജൂൺ മാസത്തിൽ കളക്ടർക്ക് എം.എൽ.എ. ഫണ്ട് മുഖാന്തരം ശിപാർശ നൽകി ഭരണാനുമതി ലഭിച്ചെങ്കിലും തുടർന്നുള്ള നടപടികൾ മെല്ലെപ്പോക്ക് കാരണം ഒരു വർഷമായിട്ടും യാഥാർത്ഥ്യമായിട്ടില്ല. കളക്ടർ ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ടെക്നിക്കൽ വിഭാഗത്തിന്റെ അനുമതി ലഭിക്കാൻ

കാലതാമസം നേരിടുന്നത് പദ്ധതിയുടെ നടത്തിപ്പ് തടസ്സപ്പെടുത്തുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കാനാവശ്യമായ ഇടപെടലുകൾ ഉണ്ടാകണം. ജില്ലാ കളക്ടർക്ക് അയച്ചപ്പോഴും അവിടെ എഫ്.ഒ. ഇല്ലാത്തതുകാരണം ദിവസങ്ങളോളം നീണ്ടുപോയി. ഈ കാലതാമസം ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽത്തന്നെ ഇത് ഇംപ്ലിമെന്റ് ചെയ്യാനുള്ള അധികാരം നൽകാനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എക്സൈസ് വകുപ്പിൽ, വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. ദിവസേന മദ്യ-മയക്കുമരുന്ന് ലോബികൾ എക്സൈസ് വകുപ്പിന്റെ പിടിയിലാകുന്നത് വകുപ്പിന്റെ ജാഗ്രതയും ആത്മാർത്ഥതയും കൊണ്ടാണ്. സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വ്യാപനം അനുദിനം വർദ്ധിച്ചുവരുന്നുണ്ട്. എം.ഡി.എം.എ. പോലുള്ള പുതിയ നാമധേയങ്ങളിൽ അറിയപ്പെടുന്ന മയക്കുമരുന്നുകളാണ് ഇപ്പോൾ വിപണിയിലുള്ളത്. COTPA (Cigarettes and Other Tobacco Products Act) പരിധിയിലുള്ള പല നിയമങ്ങൾക്കും ഭേദഗതി അനിവാര്യമാണ്. ഒരു കിലോഗ്രാം കഞ്ചാവ് പിടിച്ചാൽപ്പോലും ജാമ്യംകിട്ടുന്ന വകുപ്പാണ് നിലവിലുള്ളത്. എന്നാൽ ഒരു കുപ്പി മാഹി, കർണ്ണാടക മദ്യം

പിടിച്ചാൽ ജാമ്യമില്ലാ കുറ്റമാണ്. ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 400 മീറ്റർ അകലെ മാത്രമേ കള്ളുഷാപ്പുകൾ അനുവദിക്കാവൂയെന്നാണ്. 200 മീറ്റർ പരിധിയിൽ വീര്യം കൂടിയ വിദേശമദ്യ വിൽപ്പനശാല അനുവദിക്കുന്ന നിയമം പരിശോധിക്കപ്പെടണം. എക്സൈസ് വകുപ്പിന് ആവശ്യമായ വാഹനസൗകര്യങ്ങളും മയക്കുമരുന്ന് പരിശോധിക്കുന്നതിനുള്ള ഡിറ്റക്ഷൻ കിറ്റും സുലഭമായ രീതിയിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റിൽ കുറവ് വന്നിട്ടും കോവിഡ് പ്രതിസന്ധിയുണ്ടായിട്ടും അവയെല്ലാം അതിജീവിച്ചുകൊണ്ട് ഒട്ടനവധി പദ്ധതികൾ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് നടപ്പിലാക്കാൻ സാധിക്കുന്നതിൽ ഞാൻ മറ്റാരെക്കാളും സന്തോഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധനാ ഉദ്യോഗസ്ഥർക്ക് അയയ്ക്കുന്ന പദ്ധതികളുടെ കാലതാമസം ഒഴിവാക്കാനുള്ള നടപടികളിൽ കൂടുതൽ ജാഗ്രത ഉണ്ടാകണം. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജനക്ഷേമ പ്രവർത്തനങ്ങളായ വാതിൽപ്പടി സേവനത്തെക്കുറിച്ച് ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചു. 'എന്റെ തൊഴിൽ

എന്റെ അഭിമാനം', 'അതിദരിദ്രരെ കണ്ടെത്തൽ', 'തെളിനീരൊഴുകും നവകേരളം' തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ചുമതല. എന്നാൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ആവശ്യമായ ജീവനക്കാരെ നൽകിയാൽ മാത്രമേ പ്രവൃത്തികൾ പൂർണ്ണതയിലെത്തിക്കാൻ സാധിക്കുകയുള്ളൂ. ജീവനക്കാരില്ലാത്ത, ഒഴിവുകളുള്ള ധാരാളം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പാനൂർ മുനിസിപ്പാലിയിൽ സെക്രട്ടറിയുടെ ഒഴിവ് വന്നിട്ട് കാലങ്ങൾ ഏറെയായി. കുടുംബശ്രീയുടെ കീഴിൽ സംസ്ഥാന വ്യാപകമായി ഓക്സിലറി ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. ഇവയുടെ രൂപീകരണത്തിനുശേഷം കാതലായ ഒരു പദ്ധതിയും ഇവർക്കുവേണ്ടി നടപ്പിലാക്കിയിട്ടില്ല. തൊഴിൽരഹിതരായ യുവതികൾക്ക് ഓക്സിലറി ഗ്രൂപ്പ് മുഖാന്തരം കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കുന്ന നൂതന പദ്ധതികൾ നടപ്പിലാക്കണം. കുടുംബശ്രീ ലിങ്കേജ് വായ്പ, പലിശ സബ്സിഡി തുടങ്ങിയവ നിലവിൽ ഐ.എഫ്.എസ്. കോഡുകളുള്ള ദേശസാൽകൃത ബാങ്കുകൾവഴി മാത്രമാണ് ലഭിക്കുന്നത്. മലബാർ മേഖലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അക്കൗണ്ടുകൾ കൂടുതലും സഹകരണ ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. നിലവിൽ പല

അയൽക്കൂട്ടങ്ങൾക്കും രണ്ടുംമൂന്നും വർഷത്തെ സബ്സിഡി ലഭിക്കാനുള്ളത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി - ബഹുമാനപ്പെട്ട മന്ത്രിതന്നെ കേരളത്തിലെ മുഴുവൻ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചുചേർത്ത് അതിന് നേതൃത്വം വഹിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇത് നടപ്പിലാക്കേണ്ടത്. തദ്ദേശ സ്വയംഭരണ വകുപ്പും കൃഷി വകുപ്പും ചേർന്ന് ഞങ്ങളും കൃഷിയിലേയ്ക്കെന്ന പദ്ധതിയിലൂടെ മുഴുവൻ തരിശുഭൂമിയും കൃഷിയോഗ്യമാക്കാനും കൃഷിമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കാനുള്ള നടപടികൾക്ക് ബഹുമാനപ്പെട്ട മന്ത്രി തുടക്കംകുറിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്. അത് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കണം.

മഴക്കാലമായതിനാൽ എവിടെയെങ്കിലും അത്യാഹിതങ്ങൾ സംഭവിക്കുന്നുണ്ടോയെന്നറിയാൻ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശ

സ്വയംഭരണ വകുപ്പുമന്ത്രി ഓൺലൈനായി യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽവച്ച് ധാരാളം കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. ആ ദിവസംതന്നെ മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുനിസിപ്പൽ ചെയർമാന്മാരുടെയും ഉത്തരവാദിത്വപ്പെട്ടവരുടെയും യോഗം വിളിച്ചുചേർത്തു. ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങളിൽ സജീവമായി ഇടപെടുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു.

ആധുനിക ശാസ്ത്രസാങ്കേതികലോകത്താണ് നമ്മൾ ജീവിക്കുന്നത്. എന്നിട്ടും പഴഞ്ചൻരീതി മാറുന്നില്ല. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മിച്ച സ്പോർട്സ് കോംപ്ലക്സ്, സ്റ്റേഡിയം തുടങ്ങിയ സ്ഥാപനങ്ങൾ സ്പോർട്സ് കൗൺസിലിന്റെ കൈവശമാണുള്ളത്, അധികാരം വിട്ടുനൽകുന്നില്ല, അവയുടെ കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല. അതുകൊണ്ട് വൃത്തിയാക്കാൻപോലും കഴിയാത്ത സ്ഥിതി വരികയാണ്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. എന്നാൽമാത്രമേ കൂടുതൽ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അത് വളരെ ഗൗരവത്തോടുകൂടി കണ്ടുകൊണ്ട്

മുന്നോട്ടുപോകണമെന്നതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുപോലെ ധാരാളം കാര്യങ്ങളുണ്ട്. സ്പോർട്സ് വകുപ്പിന്റെയും അതുപോലുള്ള മറ്റ് വകുപ്പുകളുടെയും കെട്ടിടങ്ങളൊക്കെ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും സ്പോർട്സ് വകുപ്പാണ് അതിന്റെ മെയിന്റനൻസും കാര്യങ്ങളുമായി മുന്നോട്ടുപോകുന്നത്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രതയോടുകൂടി നടപ്പാക്കിയാൽ മാത്രമേ എല്ലാ കാര്യങ്ങളും ജനകീയവൽക്കരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയാണ് അധികാരവികേന്ദ്രീകരണം ജനങ്ങളുടെ കൈവശം കൊടുത്തത്. നമുക്കറിയാമല്ലോ; മുമ്പ് അതായിരുന്നില്ല സ്ഥിതി, കേന്ദ്രീകരിച്ചുള്ള ഭരണമായിരുന്നു. അതിന് മാറ്റംവരുത്താൻ സാധിക്കണം. അതിനുള്ള നടപടികൾ ഉണ്ടാകണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. കേരളത്തിന്റെ ഇന്നത്തെ നിലയിലുള്ള വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ല. സർവ്വ മേഖലയിലും ഇത്രയധികം ഉയർച്ചയുണ്ടാക്കാൻ സാധിച്ചിട്ടുള്ളത് ഗവണ്മെന്റ് കൃത്യമായി അധികാരവും

ഫണ്ടും നൽകിയതിന്റെ ഭാഗമായാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ടി. ജെ. വിനോദ് കൊച്ചി കോർപ്പറേഷനിലെ ഡെപ്യൂട്ടി മേയറായിരുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതിയെക്കുറിച്ചെല്ലാം അദ്ദേഹം പറഞ്ഞു. കേരളത്തിൽ മാത്രമാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഈയൊരു സ്ഥിതിവിശേഷമില്ല. ആ കാലഘട്ടത്തിൽ കോൺഗ്രസ്സാണ് മുഴുവൻ നിയമസഭകളും ഭരിച്ചിരുന്നത്. ഇവിടെ അധികാരം മാത്രമല്ല നൽകിയത്. 1996-ൽ നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 35-40 ശതമാനം പദ്ധതി തുക വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിന്റെ ഭാഗമായിട്ടാണ് ഇത്രയും വലിയ വികസനം ഇവിടെ സാദ്ധ്യമായിട്ടുള്ളത്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ കാലഘട്ടത്തിൽ തിരുവനന്തപുരം മേയറായിരുന്നു. ആദ്യത്തെ പൂർണ്ണ അധികാരത്തോടുകൂടി ഇരുന്നിട്ടുള്ള വ്യക്തിയാണ് അദ്ദേഹം. അക്കാലങ്ങളിൽ നിരവധി പ്രവർത്തനങ്ങൾ നടത്താനായിട്ടുണ്ട്. അതെല്ലാം ഇതിന്റെ ഭാഗമായി ലഭിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങളുടെ എല്ലാവിധ പ്രശ്നങ്ങളിലും ഇടപെടുന്ന മികവുറ്റ ഭരണ കേന്ദ്രങ്ങളായി മാറിയതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ലോക മാതൃകയായ ജനകീയാസൂത്രണ

പ്രസ്ഥാനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിച്ചതിന്റെ അനുഭവവും കരുത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് കാരണമായ നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള കർമ്മ പദ്ധതികളും ആവിഷ്കരിച്ച് മുന്നോട്ട് പോകുന്ന ഈ കാലഘട്ടത്തിൽ മികച്ച ജനപങ്കാളിത്തം ഉറപ്പാക്കാൻ, ശക്തമായ ഇടപെടൽ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാത്രമേ കഴിയൂ.

പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. രാജ്യത്തെ പഞ്ചവത്സര പദ്ധതികളും ആസൂത്രണ പ്രക്രിയകളും ഇല്ലാതാക്കിയപ്പോഴും ക്ഷേമരാഷ്ട്രമെന്ന സങ്കൽപ്പം ഉയർത്തിപ്പിടിച്ച് പദ്ധതി പ്രവർത്തനവുമായി കേരളം മുന്നോട്ടുപോകുകയാണ്. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും എല്ലാ മേഖലകളിലും ഇടപെടുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഏകീകൃത തദ്ദേശ വകുപ്പ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എൻ. കെ. അക്ബർ ഉൾപ്പെടെയുള്ളവർ ഇക്കാര്യങ്ങൾ സൂചിപ്പിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. ഇതിന്റെ ഭാഗമായി ജില്ലാ ഓഫീസുകൾ വന്നു. സ്പെഷ്യൽ റൂൾസ് സർക്കാർ അംഗീകരിച്ചു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശ മന്ത്രിസഭ അംഗീകരിച്ചു. വലിയ ആശ്വാസമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായത്. നികുതി ഘടനയിൽ മാറ്റംവരുത്തിയതിന്റെ ഭാഗമായി ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി നികുതി പിരിക്കാനുള്ള എല്ലാ സംവിധാനവുമുണ്ട്. ശമ്പളം നൽകാൻ പറ്റുന്നില്ലെന്ന് എന്റെ സുഹൃത്ത് ശ്രീ. ടി. ജെ. വിനോദ് ഇവിടെ സൂചിപ്പിച്ചു. കൃത്യമായി നികുതി പിരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ശമ്പളം നൽകാൻ കഴിയാതിരുന്നത്. പദ്ധതി വിഹിതത്തിൽനിന്ന് ശമ്പളത്തിന് പണമെടുക്കാൻ പാടില്ലെന്ന പ്രത്യേക നിർദ്ദേശമുണ്ടെന്നുള്ളത് അതിൽ പ്രവർത്തിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കുമറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന വർദ്ധനവിന് കുറേക്കൂടി ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളെ ആ കാലയളവിൽ പൂർണ്ണമായി നികുതിയിൽനിന്ന് ഒഴിവാക്കുന്ന നടപടിയുണ്ട്. അത് മാറ്റി അമ്പത് ശതമാനം തുകയെങ്കിലും പിരിച്ചെടുക്കേണ്ടതാണ്. അല്ലെങ്കിൽ വലിയ തോതിലുള്ള ഭാരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ വരുന്നുണ്ട്. കെട്ടിടം ഒഴിഞ്ഞാൽ ഉടൻ റിവിഷൻ

പെറ്റീഷൻ നൽകുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ആ വരുമാനം തീർത്തും നിലച്ചുപോകുന്നൊരവസ്ഥയുണ്ട്. അതുപോലെ ജി.എസ്.ടി.-യുടെ ഭാഗമായി വിനോദനികുതി, പരസ്യനികുതി എന്നിവയുടെ കുറവ് പരിഹരിക്കണം. നികുതി പിരിവ് കർക്കശമാക്കാനും ചോർച്ച തടയാനും സാധിക്കണം. ഇപ്പോഴത്തെ പുതിയ നികുതി ഘടന വന്നതുകൊണ്ടുണ്ടായിട്ടുള്ള ഏറ്റവും വലിയ ഗുണം അഴിമതി ഒരു പരിധിവരെ അവസാനിപ്പിക്കാൻ സാധിച്ചുവെന്നതാണ്. സ്ക്വയർ മീറ്ററിനാണ് ഇപ്പോൾ നികുതിയുള്ളത്. അതുകൊണ്ട് കൃത്യമായി ഈടാക്കാനും മനസ്സിലാക്കാനും വളരെ എളുപ്പാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രാഥമികമായ ഉത്തരവാദിത്വം ശുചീകരണമാണ്. അതിൽ വലുത് സോളിഡ് വേസ്റ്റ് മാനേജ്മെന്റായിരുന്നു. കേരളത്തിനുതന്നെ മാതൃകയാകുന്ന രീതിയിൽ കോഴിക്കോട് 350 കോടി രൂപ ചെലവിൽ ഒരു സ്വകാര്യ കമ്പനി 500 ടൺ മാലിന്യം ഒരു ദിവസം സംസ്കരിക്കാവുന്ന ഏറ്റവും വലിയ പദ്ധതി ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അത് ഉദ്ഘാടനം ചെയ്തത്. കോർപ്പറേഷൻ 200 ടണ്ണും അതിന് സമീപത്തുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 100 ടൺ വീതവും ദിവസേന നൽകണമെന്നാണ് കരാർ. 500 ടൺ വരെ സംസ്കരിക്കാൻ ശേഷിയുള്ള പദ്ധതിയാണത്. സമീപപ്രദേശത്തുള്ള

പഞ്ചായത്തുകളെയെല്ലാം അതിൽ ഉൾപ്പെടുത്തി വലിയൊരു മാറ്റമുണ്ടാക്കാൻ കഴിയും. സോളിഡ് വേസ്റ്റെന്നുപറഞ്ഞാൽ നമുക്ക് കാണാൻ സാധിക്കും. ലിക്വിഡ് വേസ്റ്റ്- വളരെ ചർച്ചചെയ്യപ്പെട്ട വിഷയമാണ്. എന്റെ സുഹൃത്തും എന്റെ മണ്ഡലത്തിൽ താമസിക്കുന്ന മുൻ മന്ത്രിയുമായ ഡോ. എം. കെ. മുനീർ ആവിക്കൽ മലിനീകരണ പ്ലാന്റിനെക്കുറിച്ച് സൂചിപ്പിക്കുകയാണ്ടായി. എനിക്കതിൽ വലിയ സങ്കടം തോന്നി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എല്ലാകാര്യങ്ങളും അറിയുന്നയാളാണ്. എന്തുകൊണ്ടാണ് ഇവിടെ ഇങ്ങനെയൊക്കെ സംസാരിച്ചതെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കാരണം, ടാങ്കർ ലോറികളിൽ അവിടെയുള്ള മലിനജലം കൊണ്ടുപോകുകയാണെന്നുപറഞ്ഞു. ഞാനുള്ളപ്പോൾ നിർമ്മിച്ച പ്രോജക്ടാണത്. ആരാണ് ഇതൊക്കെ ഉപദേശിച്ച് കൊടുത്തിട്ടുള്ളതെന്ന് എനിക്ക് മനസ്സിലായില്ല, കാരണം അങ്ങനെ ചിന്തിക്കാൻപോലും കഴിയില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട വിഷയമാണ്. ഭൂമിക്കടിയിൽ ഇതുമുഴുവൻ നിക്ഷേപിക്കപ്പെട്ടിരിക്കുകയാണ്. നിരവധി വർഷങ്ങളായിട്ടുള്ള മലവും മൂത്രവും അഴുക്കുവെള്ളവുമെല്ലാം ഭൂമിക്കടിയിൽ ശേഖരിച്ചുവച്ചിരിക്കുകയാണ്. വലിയ തോതിൽ മാലിന്യ പ്രശ്നങ്ങളുണ്ടാക്കി തീർക്കുന്ന അവസ്ഥയാണ്. എല്ലാ സ്ഥലത്തെയും വെള്ളം പരിശോധിച്ചാൽ

കോളിഫോം ബാക്ടീരിയയുടെ റേറ്റ് അറിയാൻ സാധിക്കും. സാധാരണനിലയിൽ ആയിരത്തിന് മുകളിലാണ് ഇപ്പോഴുള്ളത്. ഇ-കോളി ബാക്ടീരിയ വലിയ തോതിൽ വന്നുകൊണ്ടിരിക്കുന്നു. ധാരാളം ആരോഗ്യ പ്രശ്നങ്ങൾ ഭാവിയിൽ സൃഷ്ടിക്കപ്പെടാവുന്നതാണ്. ശരിക്കും പറഞ്ഞാൽ 140 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അത് നടപ്പിലാക്കുന്നത്. സാധാരണക്കാരായ ആളുകളെ പറഞ്ഞുമനസ്സിലാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാര്യങ്ങൾ സാധാരണ ജനങ്ങളെ മനസ്സിലാക്കികൊടുക്കാൻ ശ്രമിക്കണം. അവർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നതാണ്. ഭാവിയിൽ അവർക്ക് വലിയ പ്രശ്നങ്ങൾ സൃഷിക്കാവുന്നൊരു സംഗതി പരിഹരിച്ചുകൊടുക്കുകയാണ്. പ്രതിപക്ഷനേതാവ് കാര്യങ്ങൾ കണ്ട് മനസ്സിലാക്കിയിട്ടുള്ള വ്യക്തിയെന്ന നിലയിൽ ഇന്നലെ ഇതൊക്കെ പറഞ്ഞപ്പോൾ എനിക്ക് വലിയ സങ്കടം തോന്നി. 50, 100 ടാങ്കർ ലോറികളിൽ വെള്ളം കൊണ്ടുപോകുന്നുവെന്നെല്ലാം പറഞ്ഞു, ആര് പറഞ്ഞുതന്നതാണിതെല്ലാം? അങ്ങനെയൊരു പദ്ധതിയും അതിലില്ല. ഞാൻ ചോദിക്കട്ടെ, എന്റെ മാലിന്യം, അത് ആരുടെ ഉത്തരവാദിത്വമാണ്; എന്റെ ഉത്തരവാദിത്വമാണ്. അതൊക്കെ മറന്നുകൊണ്ടാണ് നമ്മൾ പറയുന്നത്.

കോർപ്പറേഷന്റെ തന്നെ 74 സെന്റ് സ്ഥലമാണ് ഇത് നിർമ്മിക്കാനാവശ്യമായി വരുന്നത്. ചെറിയൊരു പ്ലാന്റാണ് 7 എം.എൽ.ഡി., എല്ലാം സ്വീവേജ് ലെയ്ൻ. 2015-ൽ എ.ഡി.ബി.-യുടെ ധനസഹായത്തോടെ ഫേസ്-1 ആയി ഒരു പ്രോജക്ട് കോർപ്പറേഷനിൽ കൊണ്ടുവന്നിരുന്നു. ഒരു വ്യക്തി ഗ്രീൻ ട്രൈബ്യൂണലിൽ കേസ് കൊടുത്തതിന്റെ ഭാഗമായി ആറ് കൊല്ലം സ്റ്റേ ചെയ്ത് പ്രവൃത്തി മുടങ്ങിക്കിടന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ സൂചിപ്പിക്കാനുദ്ദേശിച്ചത് തിരുവനന്തപുരത്ത് 140 എം.എൽ.ഡി. ശേഷിയുള്ള പ്ലാന്റ് ഇതിലും ജനനിബിഡമായ പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇത് കേവലം 40 എം.എൽ.ഡി. മാത്രമാണുള്ളതാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 27 എം.എൽ.ഡി.-യുള്ളൊരു പ്ലാന്റാണ് ഫേസ്-1. അത് 93 കോടി രൂപയിൽ എ.ഡി.ബി. ധനസഹായത്തോടുകൂടി അനുവദിച്ചതാണ്. അവിടെ ആ പദ്ധതി നടക്കില്ലെന്ന് മനസ്സിലായപ്പോൾ ഉപേക്ഷിച്ചു. ആ പദ്ധതിയിൽ പതിനാലരക്കോടി രൂപ ചെലവഴിച്ച് സ്വീവേജ് ലൈൻ 12 കിലോമീറ്റർ

ഇട്ടിട്ടുണ്ട്. 60 കിലോമീറ്ററോളം ഇനിയും ലൈൻ ഇടേണ്ടതായിട്ടുണ്ട്. യാതൊരു വഴിയുമില്ല. അന്ന് 93 കോടി രൂപയ്ക്ക് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചുവെങ്കിലും ഒരാളുടെ പ്രശ്നം കാരണം പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞതിനാൽ 160 കോടി രൂപ ചെലവഴിച്ച് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അത് നടപ്പാക്കാൻ പോകുന്നു. എത്രപേർക്കാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത്? നമുക്ക് സോക്ക് പിറ്റ്, ലീച്ച് പിറ്റ്, സെപ്റ്റിക് ടാങ്ക് എന്നിവയൊന്നും ആവശ്യമില്ല. ഡയറക്ടായി ഇതിൽ കണക്ട് ചെയ്യാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെല്ലാം അറിയുന്ന കാര്യമാണ്, ഇതൊന്നും പറഞ്ഞുതരേണ്ട കാര്യമില്ല. ഡോ. എം. കെ. മുനീർ ഈ വകുപ്പിന്റെ മന്ത്രി തന്നെ ആയിരുന്നയാളാണ്. ദയവുചെയ്ത് ജനങ്ങളോട് ഇതിന്റെ നല്ല അവസ്ഥ പറഞ്ഞുകൊടുക്കുക. എന്തിന് വെറുതെ വേണ്ടാത്തത് ചെയ്യുന്നു?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ആ വിഷയം അവതരിപ്പിച്ചു. ലത്തിച്ചാർജ്ജും ബഹളവും നടന്നപ്പോൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ നേരിട്ടുവിളിച്ച് പറഞ്ഞത് ഇത് തൽക്കാലം നിർത്തിവയ്ക്കണമെന്നും എത്രയുംവേഗം നമുക്ക് സംസാരിച്ച് അവരെ

ബോദ്ധ്യപ്പെടുത്തി ചെയ്യാവുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാമെന്നുമാണ്. അല്ലാതെ ഈ പദ്ധതി വേണ്ട എന്നൊന്നുമല്ല പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചുനോക്കൂ. ഞങ്ങളത് സംസാരിച്ചു. പക്ഷേ, നമ്മൾ ഒരു പ്രോജക്ട് കൊണ്ടുവരുമ്പോൾ ട്രാൻസ്പരന്റായി, ആളുകളെ ബോദ്ധ്യപ്പെടുത്തിയാകണം നടപ്പിലാക്കേണ്ടത്. അത്രമാത്രമേ പറഞ്ഞുള്ളൂ. ഞാൻ മന്ത്രിയോട് നേരിട്ട് പറഞ്ഞകാര്യമാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, സന്തോഷമായി. ഈ നിലപാട് മതി. നമുക്ക് സംസാരിക്കാം. കേരളത്തിൽ ആദ്യത്തെ എ.ബി.സി. സെന്റർ കോഴിക്കോടാണ് നിർമ്മിച്ചത്. തെരുവുനായ്ക്കളെക്കുറിച്ച് വലിയ ചർച്ച നടത്തുകയാണ്. എസ്.ഡി.പി.ഐ. പ്രവൃത്തിയെ തടസ്സപ്പെടുത്തി. കർക്കശമായ നിലപാടുകൊണ്ട് അവിടെ ആ പദ്ധതി വന്നു. ആ പദ്ധതി ഉദ്ഘാടനം ചെയ്തത് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരനാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു, അവസാനിപ്പിക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ആ പദ്ധതിയുടെ ഉദ്ഘാടനത്തിൽ അവരെല്ലാം സംവദിച്ചു. അവർ പറഞ്ഞത് ഏറ്റവും നന്നായിട്ടുണ്ടെന്നാണ്. എന്താണ് കാര്യമെന്നറിയാതെ ആളുകൾ തെറ്റിദ്ധരിച്ച് വലിയ തോതിലുള്ള

പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ദയവുചെയ്ത് നമ്മൾ ഇത്തരം കാര്യങ്ങൾ ചെയ്യരുത്. എനിക്ക് വേറെ ഒന്നും പറയാൻ കഴിഞ്ഞില്ല. ധാരാളം നിർദ്ദേശങ്ങൾ വയ്ക്കാനുണ്ടായിരുന്നു. മയക്കുമരുന്നുകളുടെ ഉപയോഗം വലിയ തോതിൽ നടക്കുന്നുണ്ട്. എക്സൈസ് വകുപ്പുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ചുമതലയിൽപ്പെട്ടതാണല്ലോ? എക്സൈസ് വകുപ്പിനെ കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. ജീവനക്കാരെ കൂടുതൽ അനുവദിച്ച് അവർക്ക് ആയുധങ്ങൾ നൽകേണ്ടതുമുണ്ട്. വലിയ തോതിൽ സ്വാധീനമുള്ള വ്യക്തികളായതിനാൽ ലഹരി മാഫിയയെ നേരിടണമെങ്കിൽ അതല്ലാതെ മറ്റ് പോംവഴികളില്ല. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ പറഞ്ഞത് വളരെ ശരിയാണ്. അധികാര വികേന്ദ്രീകരണം ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. 73, 74 എന്നീ ഭരണഘടനാ ഭേദഗതികളെത്തുടർന്ന് 1994-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായ യു.ഡി.എഫ്. ഗവൺമെന്റാണ് പഞ്ചായത്ത് രാജ് ബിൽ ഈ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയത്. പ്രിയപ്പെട്ട സി. ടി. അഹമ്മദ് അലിക്ക്

കഴിഞ്ഞദിവസം കാസർഗോഡ് പൗരസ്വീകരണമുണ്ടായിരുന്നത് ഉദ്ഘാടനം ചെയ്തത് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ്. എന്തിനാണ് അദ്ദേഹത്തിന് സ്വീകരണം നൽകിയതെന്ന് അറിയാമോ? ശ്രീ. സി. ടി. അഹമ്മദ് അലിയാണ് 1994-ൽ പഞ്ചായത്ത് രാജ് ബിൽ ഈ സഭയിൽ പൈലറ്റ് ചെയ്തത്. നിങ്ങൾ എന്നും അധികാര വികേന്ദ്രീകരണത്തിനെതിരായി നിന്നവരാണ്. ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന ആശയത്തെ അട്ടിമറിച്ച് സർക്കാരിന്റെ നിബന്ധനകളും നിയന്ത്രണങ്ങളും പൂർണ്ണമായും അംഗീകരിച്ച്, സർക്കാർ പദ്ധതികൾ നടപ്പാക്കുന്ന ഉപകരണം മാത്രമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ ഗവൺമെന്റ് മാറ്റിയിരിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനമുൾപ്പെടെയുള്ള സർക്കാരിന്റെ എല്ലാ പദ്ധതികളുമേറ്റെടുത്ത് നടപ്പിലാക്കിയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനൊരു ഫണ്ടും ഗവൺമെന്റ് കൊടുത്തിട്ടില്ല. ഗ്രാമസഭകളും വാർഡുസഭകളും ചേർന്ന് അതത് പ്രദേശങ്ങളിലെ വികസന നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് അത് ഭരണസമിതി അംഗീകരിച്ച് നടപ്പാക്കണമെന്നതാണ് പഞ്ചായത്ത് രാജ് നഗരപാലിക സംവിധാനത്തിൽ നിഷ്കർഷിക്കുന്നത്. എന്നാൽ, ഇവിടെ ഗ്രാമസഭയ്ക്കും വാർഡ് സഭയ്ക്കും എന്തെങ്കിലും വിലയുണ്ടോ? ഗവൺമെന്റ് അതത്

സമയത്തെടുക്കുന്ന തീരുമാനം പഞ്ചായത്തുകളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. യാതൊരു അധികാരവും പഞ്ചായത്തുകൾക്ക് നൽകുന്നില്ല. അതത് പ്രാദേശിക ഭരണകൂടങ്ങളുടെ പരിധിയിൽ വരുന്ന ഭവനരഹിതരായ പാവപ്പെട്ട ആളുകൾക്ക് ഭവനപദ്ധതി ഏർപ്പെടുത്തണമെന്ന് ഏതെങ്കിലും പഞ്ചായത്ത് ആഗ്രഹിച്ചാൽ സാധിക്കുമോ? കൊട്ടിഘോഷിച്ച് കൊണ്ടുവന്ന ലൈഫ് ഭവന പദ്ധതിയിലൂടെ എത്രപേർക്ക് വീട് കൊടുക്കാൻ കഴിഞ്ഞുവെന്ന് ഇതുവരെയും പറയാൻ കഴിയില്ല. സ്വന്തമായൊരു പദ്ധതി ആസൂത്രണം ചെയ്യാൻ പഞ്ചായത്തുകളെ വിടാതെ അവരുടെ സ്വാതന്ത്ര്യം പരിപൂർണ്ണമായും ഹനിച്ചവരാണ് എൽ.ഡി.എഫ്. വിചിത്രമായ മാനദണ്ഡങ്ങളാണ് ഇതിനുവേണ്ടി പറയുന്നത്. സ്ട്രീറ്റ് ലൈറ്റുകൾ സ്വതന്ത്രമായി സ്ഥാപിക്കാൻ പഞ്ചായത്തുകൾക്ക് അധികാരമില്ല. അതിനുവേണ്ടി 'നിലാവ്' എന്ന പേരിൽ ഒരു പദ്ധതി കൊണ്ടുവന്നു. അതിന്റെ പണമടയ്ക്കുന്നത് പഞ്ചായത്താണ്. പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റിനാവശ്യമായ പണമടച്ചാൽപോലും അതിന് അനുമതി നൽകാനോ നടപ്പാക്കാനോ കഴിയാത്ത സാഹചര്യമാണ്. 'ജൽ ജീവൻ മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റവും വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. ഈ പദ്ധതിയുടെ 15% തുക പദ്ധതി

ലഭിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നാണ് പറയുന്നത്. ഭൂമിയേറ്റെടുക്കലിനുമാത്രം വലിയ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. അത്രയും തുക പഞ്ചായത്തുകൾ കണ്ടെത്തുകയെന്നത് വളരെ പ്രയാസകരമാണ്. അതിനുപുറമെയാണ് വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കീറിമുറിച്ചിട്ടിരിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനരുദ്ധാരണത്തിന് മാത്രമാണ് ഫണ്ടനുവദിക്കുന്നത്. പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ റോഡുകളിൽ പൈപ്പിടാനായി ജൽ ജീവൻ മിഷന്റെ ഭാഗമായി കീറിമുറിച്ചാൽ പുനരുദ്ധാരണത്തിന് ഫണ്ട് നൽകുന്നില്ല. പഞ്ചായത്ത് റോഡ് പുനരുദ്ധരിക്കുന്നതിനുള്ള പണം അനുവദിക്കണം. ഏറ്റവും ഒടുവിൽ നിയമസഭയിൽ സമർപ്പിച്ച സി. & എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന ഗുരുതരമായ ഒരു കാര്യം, പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് നൽകിയ ഗ്രാന്റിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ ലഭിച്ച 7,012 കോടി രൂപയിൽ 2,207 കോടി രൂപയും ചെലവഴിക്കാതെ അസാധുവാക്കിയെന്നാണ്. അതിൽത്തന്നെ 66% തുകയും അതായത്, ഏകദേശം 1,465 കോടി രൂപയും 2019-20-ൽ

അസാധുവാക്കിയെന്നാണ് സി. & എ.ജി. കണ്ടെത്തിയിട്ടുള്ളത്. ഇത്രയും തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയെങ്കിലും യഥാർത്ഥത്തിൽ കൈമാറാതെ സർക്കാർ കൈവശം വച്ചുവെന്നതാണ് സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഏറ്റവും വലിയ തെളിവ്. സർക്കാരിന്റെ ഈ നടപടി തദ്ദേശ സ്വയംഭരണ ഗ്രാന്റിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തുന്ന ക്രമരഹിതമായ നടപടിയെന്നാണ് സി.&എ.ജി. പരാമർശിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ് ലഭിക്കാതെ വീർപ്പുമുട്ടുന്ന സാഹചര്യത്തിൽ ഇത്രയും തുക സർക്കാർ പാഴാക്കിയിരിക്കുകയാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 2015-16-ൽ കേന്ദ്ര സർക്കാരിന് ഗ്രാന്റ് ലഭിക്കുന്നതിനുമുമ്പ് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും അതുകാരണം അധിക ചെലവുണ്ടാക്കുകയും ചെയ്തിടത്താണ് ഈ ഗവണ്മെന്റ് പാഴാക്കൽ നടപടി സ്വീകരിച്ചിട്ടുള്ളത്. അഴിമതിയുടെയും വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും കേന്ദ്രമായി സംസ്ഥാനം മാറുകയാണ്. എൽ.ഡി.എഫ്. ഭരണത്തിൽ എന്തുമാകാമെന്ന സ്ഥിതിയാണ് സംസ്ഥാനത്ത് വന്നുപെട്ടിട്ടുള്ളത്. ജനങ്ങൾ വിശ്വാസമർപ്പിച്ചിരുന്ന സർക്കാർ ട്രഷറികളിൽ കോടികളുടെ വെട്ടിപ്പാണ് നടക്കുന്നത്. പിണറായിയുടെ ഭരണകാലത്തല്ലാതെ സർക്കാർ ട്രഷറികളിൽ കോടികളുടെ വെട്ടിപ്പ് നടന്നത്

ഇതുവരെ കേട്ടിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽ അടച്ച നികുതിപ്പണംപോലും ജീവനക്കാർ തട്ടിയെടുത്ത സംഭവം ഈ സഭ നേരത്തെ ചർച്ച ചെയ്തതാണ്. അതിനെക്കാൾ ഗൗരവമേറിയ തട്ടിപ്പിന്റെ വാർത്തകളാണ് ഇപ്പോൾ കോഴിക്കോട് കോർപ്പറേഷനിൽനിന്ന് വന്നുകൊണ്ടിരിക്കുന്നത്. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് അനധികൃതമായി നമ്പർ നൽകുന്നതിലൂടെ ലക്ഷങ്ങളാണ് ഉദ്യോഗസ്ഥരും ഇടനിലക്കാരും ചേർന്ന് തട്ടിയെടുത്തത്. അനധികൃത കെട്ടിട നമ്പർ നൽകിയതിന് ഏഴുപേരെ അറസ്റ്റ് ചെയ്തു. അറസ്റ്റിലായവരിൽ രണ്ട് ജീവനക്കാരും മൂന്ന് അസിസ്റ്റന്റ് എഞ്ചിനീയർമാരുമുണ്ടെന്നാണ് പത്രങ്ങളിൽ വന്ന വാർത്ത. പ്രാഥമിക അന്വേഷണത്തിൽ നൂറുകണക്കിന് അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകി പണം വാങ്ങിച്ചുവെന്നാണ് പുറത്തുവരുന്ന വിവരം. തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി ക്ഷേമഫണ്ടും അക്ഷരശ്രീ പദ്ധതിയിലുമൊക്കെ തിരിമറി നടത്തിയ കാര്യം നേരത്തെ തെളിയിക്കപ്പെട്ടതാണ്. ഇങ്ങനെ അഴിമതിയുടെയും തട്ടിപ്പിന്റെയും കേന്ദ്രമായി സംസ്ഥാനം മാറുകയാണ്. മുകളിലുള്ളവർതന്നെ അഴിമതിക്കാരാകുമ്പോൾ ഉദ്യോഗസ്ഥർക്ക് തട്ടിപ്പ് നടത്താൻ യാതൊരു പ്രയാസവുമില്ലല്ലോ; അതാണ് സംസ്ഥാനത്തിന്റെ അവസ്ഥ.

പ്രബുദ്ധ കേരളമെന്ന വിശേഷണത്തെ അപഹാസ്യമാക്കുന്ന മദ്യനയമാണ് പിണറായിയുടെ രണ്ടാം സർക്കാരും സ്വീകരിച്ചുവരുന്നത്. മദ്യത്തിന്റെ ഉത്പാദനം കൂട്ടാനും പരമാവധി ജനങ്ങളെ മദ്യം കുടിപ്പിക്കാനുമാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ടൂറിസ്റ്റുകളെ ആകർഷിക്കാനായി മദ്യം വിളമ്പണമെന്നാണ് പുതിയ കണ്ടെത്തൽ. പരമ്പരാഗത മദ്യഷാപ്പുകൾക്കും ബിവറേജ് ശാലകൾക്കും പുറമേ മദ്യവിൽപ്പനയ്ക്കായി പുതിയ ഇടങ്ങൾ തേടുകയാണ്. അതിന്റെ ഭാഗമായിട്ടാണ്, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽപ്പോലും ബിവറേജസ് ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നത്. അതിശക്തമായ പ്രതിഷേധത്തെത്തുടർന്നാണ് അവസാനം അതിൽനിന്നും പിന്മാറേണ്ടി വന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ആരാധനാലയങ്ങളിൽനിന്നും മദ്യശാലകളിലേയ്ക്കുണ്ടായിരുന്ന ദൂരപരിധി വെട്ടിക്കുറച്ചും മദ്യശാലകൾ തുടങ്ങുന്നതിനുവേണ്ട രജിസ്ട്രേഷൻ അനുവദിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന അധികാരം എടുത്തുകളഞ്ഞും മദ്യലോബിയെ സഹായിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കൺസ്യൂമർഫെഡ് പ്രസിഡന്റ് പറഞ്ഞത് ഓൺലൈനായും മദ്യം ലഭ്യമാക്കുമെന്നാണ്. ദിനംപ്രതി കോടികൾ വിറ്റുവരവുള്ള ഉല്പന്നങ്ങൾ

ഉൽപ്പാദിപ്പിക്കാൻ തയ്യാറാകാതെ, കേരളത്തിൽ സ്വന്തം ബ്രാൻഡിൽ മദ്യം നിർമ്മിച്ച് ജനങ്ങളെ മദ്യം കുടിപ്പിച്ച് മയക്കിക്കിടത്തി നാട്ടിൽ നടക്കുന്ന സംഭവങ്ങളൊന്നും അറിയാതിരിക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ഇവിടെ സി.പി.ഐ(എം) വർഗ്ഗീയതയ്ക്കെതിരായി വലിയ വർത്തമാനം പറയുന്നത് കേൾക്കുമ്പോൾ ഒരു മാസം മുമ്പുള്ള കാര്യം എനിക്ക് ഓർമ്മ വരികയാണ്. ഒരു മാസംമുമ്പാണ് തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് നടന്നത്. അവിടെ സ്ഥാനാർത്ഥി നിർണ്ണയം മുതൽ പ്രചരണം അവസാനിക്കുന്നതുവരെയും കടുത്ത വർഗ്ഗീയതയും സാമുദായിക ധ്രുവീകരണവുമല്ലേ സി.പി.ഐ(എം) നടത്തിയത്. പ്രാദേശികമായി ഒരു സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ച് ചുവരെഴുത്തുനടത്തി. അത് പിന്നീട് മാഞ്ഞുപോയി. പിന്നീട് സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത് തൊട്ടടുത്തുള്ള ലെനിൻ സെന്ററിൽ പോകാതെ പ്രൈവറ്റ് ആശുപത്രിയിൽ വച്ചാണ്. അവിടെനിന്നിങ്ങോട്ട് പ്രചരണം അവസാനിക്കുന്നതുവരെയും പച്ചയ്ക്ക് വർഗ്ഗീയത കളിക്കുന്ന സി.പി.ഐ(എം)-നെയാണ് തൃക്കാക്കരയിൽ കണ്ടത്. ആദ്യവസാനം പി.ടി.തോമസ് ഉയർത്തിപ്പിടിച്ച മതേതര മൂല്യങ്ങൾ കാത്തുസൂക്ഷിച്ചുകൊണ്ടാണ് യു.ഡി.എഫ്. തെരഞ്ഞെടുപ്പിനെ നേരിട്ടത്.

അതുകൊണ്ടാണ് പ്രിയപ്പെട്ട ഉമ തോമസ് കാൽലക്ഷത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിന് തൃക്കാക്കരയിൽ തെരഞ്ഞെടുക്കപ്പെട്ടത്. അത് യു.ഡി.എഫ്.-ന്റെ മതേതര നിലപാടുകൾക്ക് ലഭിച്ച അംഗീകാരമായിരുന്നുവെന്ന കാര്യം നാം തിരിച്ചറിയണം. ജനങ്ങൾ അത്ര പെട്ടെന്ന് കാര്യങ്ങൾ മറക്കുന്നവരല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ ഇവിടെ പറഞ്ഞു. അതുതന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. സഖാവ് ടി. പി. ചന്ദ്രശേഖരനെ നിഷ്ഠൂരമായി കൊലപ്പെടുത്താൻ പോയ വാഹനത്തിനുമുകളിൽ 'മാഷാ അള്ളാ' എന്ന സ്റ്റിക്കർ ഒട്ടിച്ചത് എന്തിനായിരുന്നുവെന്ന കാര്യം കേരളത്തിലെ ജനങ്ങൾ ഇപ്പോഴും ഓർക്കുന്നുണ്ട്. ഓരോ സമയത്തിനനുസരിച്ച് വർഗ്ഗീയതയും സാമുദായികതയും പ്രോത്സാഹിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്ത പാരമ്പര്യമാണ് സി.പി.ഐ(എം)-നുള്ളത്. ആ രാഷ്ട്രീയത്തെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നുവെന്നതാണ് തൃക്കാക്കര നൽകുന്ന പാഠം. ഇനിയെങ്കിലും വർഗ്ഗീയ രാഷ്ട്രീയം അവസാനിപ്പിക്കുന്നതാണ് സി.പി.ഐ(എം)-ന് നല്ലതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. സംസ്കൃതത്തിൽ ഒരു ചൊല്ലുണ്ട്.

"അമന്ത്രം അക്ഷരം നാസ്തി

നാസ്തിമൂലം അനൗഷധം

അയോഗ്യഃ പുരുഷോ നാസ്തി

യോജകഃ തത്ര ദുർലഭഃ"

മന്ത്രമല്ലാത്തതായി ഒരക്ഷരം പോലുമില്ല. ഒരു വേരുപോലും മരുന്നിന് ഉപയോഗിക്കാത്തതായുണ്ടാവില്ല. ഏതെങ്കിലും കഴിവോ യോഗ്യതയോ ഇല്ലാത്ത ഒരു മനുഷ്യരും ഈ ഭൂമിയിലില്ല. എന്നാലിത് ശരിയായിടത്ത് ശരിയായരീതിയിൽ ചേർത്ത് പ്രയോജനമാകുന്ന രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സമർത്ഥരായ ആളുകളില്ലെന്നാണ് ആ ചൊല്ലിലൂടെ പറയുന്നത്. എന്നാൽ, ഒന്നാം എൽ.ഡി.എഫ്. സർക്കാരിന്റെയും തുടർന്നുള്ള ഇടതുപക്ഷ മുന്നണി സർക്കാരിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അതിന് നേതൃത്വം നൽകുന്ന സഖാവ് പിണറായി വിജയനും അദ്ദേഹത്തിന്റെ ഇരുമന്ത്രിസഭകളിലെയും മന്ത്രിമാരും കേരളത്തിൽ ലഭ്യമായ വിഭവങ്ങളെല്ലാം സമാഹരിച്ചുകൊണ്ടും

അവയെ യോജിപ്പിച്ചുകൊണ്ടും നവകേരളം സൃഷ്ടിക്കുന്നതിൽ സമർത്ഥന്മാരാണെന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ് എന്നത് അഭിമാനപൂർവ്വം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒന്നാം എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഹൃദയംനിറഞ്ഞ പിന്തുണ നൽകി. അത് തുടർന്നുകൊണ്ടുപോകുന്നതിന് അംഗീകാരം നൽകിയ കേരളീയരെ അല്പംപോലും നിരാശരാക്കാതെ നാടിന്റെ പുരോഗതി ഉറപ്പാക്കി അനാവശ്യ വിവാദങ്ങളെയും വ്യാജ ആരോപണങ്ങളെയും തൃണവൽക്കരിച്ചുകൊണ്ട് രണ്ടാം പിണറായി സർക്കാരിന്റെ ജൈത്രയാത്ര ഒരുവർഷം പിന്നിട്ട് മുന്നേറുകയാണ്. കേന്ദ്രഗവണ്മെന്റും ഒരു വിഭാഗം മാധ്യമങ്ങളും പ്രതീക്ഷ നഷ്ടപ്പെട്ട പ്രതിപക്ഷവും നാലുഭാഗത്തുനിന്നും വ്യാജ ആരോപണങ്ങളുടെ പത്മവ്യൂഹം ചമച്ചിട്ടും ജനങ്ങളുടെ കരുത്തുറ്റ പിന്തുണയോടെ വികസന പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നവകേരളം സൃഷ്ടിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന് ജനപക്ഷത്തുനിന്നുകൊണ്ട് ഭരണമികവിന്റെ കേരള മാതൃകയ്ക്ക് ശക്തി പകരാൻ തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുകളിലൂടെ ഈ കാലയളവിൽ സാധിച്ചുവെന്നത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ കേരളം ലോകത്തിന് നൽകിയ മാതൃകയാണ് ജനകീയാസൂത്രണ പ്രസ്ഥാനങ്ങൾ. അതിന്റെ രജതജൂബിലി വർഷത്തിൽ വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ ഊർജ്ജസ്വലമാക്കാൻ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചത് അഭിനന്ദനാർഹമാണ്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പി. ഉബൈദുള്ള അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ എൽ.ഡി.എഫ്. ഗവൺമെന്റ് എടുത്തിട്ടുള്ള ആർജ്ജവത്തെ അഴിമതി നടത്താനുള്ള ഉപകരണം എന്ന തരത്തിൽ വളരെ മോശമായി പരാമർശിക്കുകയുണ്ടായി. അവരുടെ ഭരണകാലത്ത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന രാഷ്ട്രീയ പാർട്ടിയുടെ എം.എൽ.എ. കൂടിയാണ് അദ്ദേഹം. അദ്ദേഹം അക്കാലത്തെക്കുറിച്ച് ചിന്തിച്ചാൽ, ഈ അഴിമതി നടത്തുന്നതിന് മന്ത്രിമാർ തികയാഞ്ഞിട്ട് അഞ്ചാമതൊരു മന്ത്രിയെയുംകൂടി നിയമിച്ചുകൊണ്ടാണ് അതിനുള്ള കാര്യങ്ങൾ നടപ്പിലാക്കിയതെന്ന് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തിയെന്നുമാത്രം. അതുപോലെ ലൈഫ് ഭവന പദ്ധതിയിൽ എത്ര വീടുണ്ടെന്ന് അദ്ദേഹത്തിന് ഇപ്പോഴും സംശയമാണ്. ഒരു സംശയവും വേണ്ട. ഒന്നാം വാർഷികാഘോഷത്തിനോടനുബന്ധിച്ച് 20800 വീടുകളുടെ താക്കോൽ കൊടുത്തതുൾപ്പെടെ സംസ്ഥാനത്ത് ഇതുവരെ 295006 വീടുകൾ ലൈഫ്

പദ്ധതിയിലൂടെ പൂർത്തീകരിച്ചുവെന്നുള്ളത് അഭിമാനപൂർവ്വം യു.ഡി.എഫ്. അംഗങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ലോക വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 101 ആണെന്നുള്ളത് വളരെയേറെ ആശങ്കയുളവാക്കുന്ന കാര്യമാണ്. 101-ാം സ്ഥാനമെന്ന് പറയുന്നത് അതിദരിദ്ര രാജ്യമായ സൊമാലിയയുടെ നിലയിലേയ്ക്കാണ് ഇന്ത്യ കൂപ്പുകുത്തിയിട്ടുള്ളതെന്നാണ് സൂചിപ്പിക്കുന്നത്. ദരിദ്രരുടെ പട്ടികയിലും വിശപ്പിന്റെ കാര്യത്തിലും ഇന്ത്യ ഈ രീതിയിലേയ്ക്ക് പോകുന്നത് വളരെയേറെ ആശങ്കയോടെ നോക്കിക്കാണുമ്പോഴും അതിനൊരു പച്ചത്തുരുത്തായി കേരളം മാറുന്നുവെന്നുള്ളത് ഏറെ അഭിമാനമുളവാക്കുന്ന കാര്യമാണ്. നീതി ആയോഗിന്റെ സർവ്വേപ്രകാരം 99 ശതമാനം ജനങ്ങളും സാമാന്യം നന്നായി ഭക്ഷണം കഴിച്ച് പട്ടിണി കൂടാതെ ജീവിക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളം മാറിയെന്നുള്ളത് ഓരോ കേരളീയനും അഭിമാനം ഉളവാക്കുന്ന വസ്തുതയാണ്. അങ്ങനെയുള്ള കേരളത്തിൽ വളരെ കുറഞ്ഞ എണ്ണമെങ്കിലും അതിദരിദ്രരുണ്ടെന്ന് തിരിച്ചറിഞ്ഞ സർക്കാർ അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിൽനിന്നും അതിദാരിദ്ര്യം തുടച്ചുനീക്കണമെന്ന പ്രഖ്യാപിത ലക്ഷ്യവുമായാണ് മുന്നോട്ടുപോകുന്നത്. അതിന്റെ ആദ്യ ചുവടുവയ്പുകൾ വിജയകരമായി പിന്നിട്ടുകഴിഞ്ഞു.

സർക്കാരിന്റെ ഒന്നാം വാർഷികത്തിനുമുമ്പുതന്നെ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിയെന്നത് ഈ വിഷയത്തിൽ സർക്കാരിന്റെ ആത്മാർത്ഥത തെളിയിക്കുന്നു.

സ്ത്രീധനത്തിനെതിരെയും സ്ത്രീപീഡനത്തിനെതിരെയും സ്ത്രീപക്ഷ നവകേരളം യാഥാർത്ഥ്യമാക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾ മുന്നോട്ടുവന്നത് സ്വാഗതാർഹമാണ്. സമൂഹത്തിലുണ്ടാകുന്ന സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളെയും ചിന്തകളെയുംമറ്റും ഇല്ലാതാക്കാനുതകുന്ന സർവ്വതല സ്പർശിയായ ക്യാമ്പയിനാണ് സ്ത്രീപക്ഷ നവകേരളത്തിന്റെ ഭാഗമായി കുടുംബശ്രീ ഉയർത്തിക്കൊണ്ടുവരുന്നത്. കുടുംബശ്രീ പ്രസ്ഥാനം കേരളത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ ജീവിത-സാമൂഹ്യ നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു. അവർ സാമ്പത്തിക സ്വാശ്രയത്തിലേയ്ക്ക് കടന്നുവന്നപ്പോൾ ഒരു കുടുംബംതന്നെയാണ് അത്തരത്തിലുള്ള ഒരു ശാക്തീകരണത്തിലേയ്ക്ക് വന്നതെന്നുള്ളത് സ്ത്രീ എന്നനിലയിൽ വളരെ അഭിമാനപൂർവ്വം പറയാനാവുന്ന കാര്യമാണ്. ലോകത്തിനുതന്നെ മാതൃകയായാണ് ഇന്ന് കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നതെന്നുള്ളത് നാം നോക്കിക്കാണുമ്പോൾ അതിനെ

തകർക്കുന്നതിനുള്ള വലിയ ശ്രമങ്ങൾ യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്നു എന്നുള്ളതും വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ലെന്നുകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനെല്ലാം മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന ഗവണ്മെന്റിനെ അഭിനന്ദിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് 'വാതിൽപ്പടി സേവനം'. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ഏറെ സഹായകരമാകുന്ന വാതിൽപ്പടി സേവന പദ്ധതിയിലൂടെ സേവനങ്ങൾ ജനങ്ങൾക്ക് വീട്ടുപടിക്കൽ എത്തുകയാണ്. 23266 കുടുംബങ്ങൾക്ക് ഇതിനകം വാതിൽപ്പടി സേവനം ലഭ്യമാക്കിക്കഴിഞ്ഞു. ഒന്നാം വാർഷികവേളയിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും സേവനം വ്യാപിപ്പിക്കുമെന്ന സർക്കാർ തീരുമാനം വളരെയേറെ അഭിനന്ദനമർഹിക്കുന്ന കാര്യമാണ്.

കേരളത്തിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് സ്വന്തം വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന ലൈഫിന്റെ മൂന്നാംഘട്ടമായ 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിൽ നിരവധിപേർ മുന്നോട്ടുവരുന്നത് വളരെയധികം പ്രതീക്ഷാനിർഭരമായ കാര്യമാണ്. എന്റെ മണ്ഡലത്തിലുൾപ്പെടെ ഇതിനായി

ഒട്ടേറെപേർ ഭൂമി ദാനംചെയ്തത് വളരെ സന്തോഷപൂർവ്വം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കർമ്മ പദ്ധതിയായ ലൈഫ് ഭവന പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ വീടില്ലാത്തവർക്ക് വീട് നൽകുന്ന പദ്ധതിയായിരുന്നുവെങ്കിൽ ഇപ്പോൾ വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം കൊടുക്കുകയാണ്. പ്രസ്തുത പദ്ധതിയിലേയ്ക്ക് സ്ഥലം കൊടുക്കാൻ തയ്യാറായവരെയെല്ലാം ഞാൻ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുകയാണ്. ഇനിയും ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഒരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രികളിൽ വിപുലമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡയാലിസിസ്, മാമോഗ്രാം തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇത്തരം കേന്ദ്രങ്ങളിൽ ജീവനക്കാരെ നിയമിക്കുകയും ശമ്പളം നൽകുകയും ചെയ്തിരുന്നത് അതത് ആശുപത്രികൾ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. മരുന്ന് വാങ്ങുന്ന ചെലവുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്. അതിനുള്ള അനുവാദം ഗവണ്മെന്റ് കൊടുത്തിട്ടുമുണ്ട്. എന്നാൽ ഇത് പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക

ബാദ്ധ്യതയുണ്ടാക്കുന്നുണ്ട്. ഉദാഹരണമായി, വൈക്കം താലൂക്കാശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ഡയാലിസിസ് സെന്ററിലെ ജീവനക്കാർക്ക് തനത് ഫണ്ടിൽനിന്ന് ശമ്പളം നൽകാൻ വൈക്കം നഗരസഭയ്ക്ക് കഴിയാത്തതിനാൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം മുടങ്ങുന്ന അവസ്ഥയാണ്. കാര്യമായ ഫണ്ടില്ലാത്ത ഒരു എച്ച്.എം.സി. കൂടിയാണ് വൈക്കം താലൂക്കാശുപത്രിയിലുള്ളത് എന്നുള്ളതുകൊണ്ടുതന്നെ നഗരസഭയ്ക്ക് കനത്ത ബാദ്ധ്യതയാണ് ഇതുമൂലമുണ്ടാകുന്നത്. ഒരു താലൂക്കാശുപത്രിയിൽ ആ താലൂക്കിന്റെ എല്ലാ പഞ്ചായത്തിൽനിന്നുമുള്ള രോഗികൾ ചികിത്സയ്ക്കെത്താറുണ്ട്. ഇത്തരം സംവിധാനങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം മാത്രമായി വഹിക്കാതെ പ്രസ്തുത സ്ഥാപനത്തിന്റെ പരിധിയിലുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുല്യമായി വഹിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചാൽ വൈക്കം താലൂക്കാശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കുകയും ജനങ്ങൾക്കാവശ്യമായ ആരോഗ്യപരിരക്ഷ ലഭിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് മന്ത്രി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടുകയും ഡി.പി.സി. ഉൾപ്പെടെ കൂടുമ്പോൾ അതിനുള്ള അംഗീകാരം കിട്ടുന്നതിനുള്ള നിർദ്ദേശം

ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. കെ. പി. മോഹനൻ സംസാരിച്ചപ്പോൾ പറഞ്ഞ ഒരു വിഷയമാണ് - മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കാര്യത്തിൽ വലിയ ശ്രദ്ധ കൊടുക്കുന്നുണ്ടെങ്കിൽപ്പോലും കേന്ദ്രനിയമത്തിൽ ചെറിയൊരു ഭേദഗതിയുണ്ടെങ്കിൽ കഞ്ചാവ് സൂക്ഷിക്കുന്നവർക്കെതിരെ നടപടികൾ ശക്തമാക്കാൻ സാധിക്കും. അത്തരത്തിലുള്ള ഇടപെടലുകൾകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. കെ. ആൻസലൻ: സർ, എക്സൈസ്, നഗര വികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇവിടെ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ കുറെ ന്യായങ്ങൾ നിരത്തുകയാണ്. സഖാവ് എൻ. കെ. അക്ബർ സൂചിപ്പിച്ചതുപോലെ, അവർക്ക് അധികാരമുള്ള ഏതെങ്കിലും സംസ്ഥാനത്ത് കേരളത്തെപ്പോലെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നത് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? മധ്യപ്രദേശിലെ മുൻമുഖ്യമന്ത്രിയായിരുന്ന

കോൺഗ്രസ്സിലെ ശ്രീ. ദിഗ്‌വിജയ് സിംഗ് ഉൾപ്പെടെയുള്ള മന്ത്രിമാരും വകുപ്പുമേധാവികളും കേരളത്തിലെ ജനകീയാസൂത്രണവും കേരളത്തിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളും പഠിക്കാൻ എത്രയോ പ്രാവശ്യം ഇവിടെ വരികയും അവരുടെ അനുഭവമായി മാറുകയും ചെയ്തത് നിങ്ങൾക്ക് ഓർമ്മയില്ലേ? ഭരണഘടനാ ഭേദഗതി ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണെന്ന് നമുക്കറിയാം. അഹമ്മദലി സാഹിബിനുപകരം അന്ന് കെ. എം. മാണിസാറാണ് അത് അവതരിപ്പിച്ചതെന്നാണ് എന്റെ ഓർമ്മ. ആ ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചിട്ട് ഒന്നര വർഷവും കെ. കരുണാകരന്റെയും തുടർന്നുവന്ന ശ്രീ. എ. കെ. ആന്റണിയുടെയും ഗവൺമെന്റ് അത് അട്ടത്ത് വച്ചിരിക്കുകയായിരുന്നു. അതിന് ജീവൻ കൊടുത്തത് സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റായിരുന്നു. ജനകീയാസൂത്രണം പ്രഖ്യാപിച്ച് അത് ജനകീയ പരിപാടിയായി അവതരിപ്പിച്ച് നാട്ടിലെ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭിച്ച അധികാരം ഫലപ്രദമായി വിനിയോഗിച്ചു. ചെറിയ അധികാരമല്ല. ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളുടെ

നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് എത്തുക മാത്രമല്ല പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുകയും അവർക്ക് ലഭ്യമായിട്ടുണ്ട്. അതിന്റെ നടത്തിപ്പിനാവശ്യമായ വിവിധ അമെന്റ്മെന്റുകളിൽക്കൂടി പൂർണ്ണതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് പലപ്പോഴും പദ്ധതി വിഹിതം അൻപത്തിയഞ്ചോ അറുപതോ ശതമാനം മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. അത് രേഖകൾ സഹിതം ഇവിടെയുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആ പദ്ധതികൾ കൃത്യമായി നടപ്പാക്കുന്നതിനുവേണ്ടി സമയം നിശ്ചയിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ ഏപ്രിൽ മാസം മുതൽ പദ്ധതിയുടെ നിർവ്വഹണങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണത്തിന് വേഗതയുണ്ടായിട്ടുണ്ട്. ഒരുപാട് പ്രശ്നങ്ങൾ നമ്മൾ നേരിട്ടു. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങൾ, 2019-ന്റെ അവസാനം രൂപംകൊണ്ട് ഇപ്പോഴും അവസാനിക്കാത്ത കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ, മറ്റ് രാഷ്ട്രീയ പ്രശ്നങ്ങളെല്ലാം കേരളത്തിന്റെ സാമൂഹിക സ്ഥിതിയെ വലിയതോതിൽ ബാധിച്ചിട്ടുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ള

ഏജൻസികൾ കേരളത്തിൽ നടത്തിയ പഠനത്തിൽനിന്നും ഒന്നാം പ്രളയത്തിൽത്തന്നെ 33,000 കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് കേരളത്തിനുണ്ടായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആളുകളുടെ മരണം, മൃഗങ്ങളും വീടുകളും നഷ്ടപ്പെട്ടത്, കൃഷി നാശം സംഭവിച്ചത്, റോഡുകൾ തകർന്നത്, ട്രാൻസ്ഫോമർ തകർന്നതുൾപ്പെടെ കേരളത്തിലുണ്ടായിട്ടുള്ളത് 33,000 കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ്. കേന്ദ്ര ഗവണ്മെന്റ് നൽകിയ തുക എത്രയാണെന്ന് പ്രതിപക്ഷം ഓർക്കണം. മറ്റ് സംസ്ഥാനങ്ങൾക്ക് ആയിരക്കണക്കിന് കോടി രൂപ വാരിക്കോരി നൽകിയപ്പോൾ കേരളത്തിന് കേന്ദ്ര ഗവണ്മെന്റ് നൽകിയത് ആകെ 620 കോടി രൂപയാണ്. അതിൽത്തന്നെ ഇവിടെ രക്ഷാപ്രവർത്തനത്തിന് എത്തിയ നാവികരുടെയും മറ്റും പേരിൽ 111 കോടി രൂപ തിരിച്ചെടുത്തു. പഞ്ഞമാസത്തിൽ ലഭ്യമാക്കിയ റേഷൻ അരിയുടേയും ഗോതമ്പിന്റേയും മണ്ണെണ്ണയുടേയും പഞ്ചസാരയുടേയും വിലയായി 211 കോടി രൂപ തിരിച്ചെടുത്തു. ആകെ 33,000 കോടി രൂപ നമുക്ക് ലഭിക്കേണ്ടിടത്ത് ദുരിതം പേറിയ ഈ സംസ്ഥാനത്തോട് കേന്ദ്ര ഗവണ്മെന്റ് നടത്തിയത് പ്രതികാര നടപടിയായിരുന്നു. ആ ഘട്ടങ്ങളെയെല്ലാം ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടാണ് ഫലപ്രദമായി സംസ്ഥാനം

മുന്നോട്ടുപോയത്. കാർഷിക മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ലഭിച്ചു. മൃഗസംരക്ഷണ മേഖലയെ സജീവമാക്കി. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഫലപ്രദമായി ഇടപെടാൻ സാധിച്ചു. പദ്ധതി നിർവ്വഹണം 90-95 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നത് പച്ചയായ യാഥാർത്ഥ്യമാണ്. എത്രകണ്ട് നിങ്ങൾ നിഷേധിച്ചാലും ആ സത്യത്തെ മൂടിവയ്ക്കാൻ സാധിക്കില്ല. നമുക്കറിയാം കുടുംബശ്രീ പ്രസ്ഥാനം. ഇന്ത്യയിലാദ്യമായി കേരളത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തിന് ആവിഷ്കാരം നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. 1998-ൽ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് സ്ത്രീശാക്തീകരണ പ്രസ്ഥാനത്തിന് രൂപം നൽകിയത്. അന്നത് ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയെങ്കിൽ 2008-ൽ സഖാവ് വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് കുറച്ചുകൂടി വിപുലീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ആ സ്ത്രീശാക്തീകരണ പ്രസ്ഥാനത്തെ ഉപയോഗപ്പെടുത്തി ഇന്ന് നാടിന്റെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ട്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ

20 ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന പ്രത്യേക രൂപത്തിലേയ്ക്ക്, 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള തൊഴിലില്ലാത്തവരുടെ കണക്കുകൾ രജിസ്റ്റർ ചെയ്തുകൊണ്ട്, അവർക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ഇതിനകം കുടുംബശ്രീയിലുള്ള 10543 പേർക്ക് പുതുതായി തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്നത് മറക്കേണ്ടതില്ല. നിർമ്മാണ മേഖലയിൽ, പ്രളയം തകർത്തെറിഞ്ഞ 1200 ഗ്രാമീണ റോഡുകൾ ആയിരക്കണക്കിന് കോടിരൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വിനിയോഗിച്ചുകൊണ്ട് പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഞായറാഴ്ച, ഫയൽ തീർപ്പാക്കൽ പരിപാടിയുമായി ബന്ധപ്പെട്ട് 34995 ഫയലുകൾ ഒറ്റ ദിവസംകൊണ്ട് തീർപ്പാക്കി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഷോപ്പിംഗ് മാളുകളിലും കെട്ടിടങ്ങളിലും സ്ത്രീകൾക്ക് അഞ്ച് ശതമാനം സംവരണം ഏർപ്പെടുത്തുന്ന പുതിയ പ്രഖ്യാപനം നടത്തിയത് സ്ത്രീ സമൂഹം ഏറെ സ്വാഗതാർഹമായി കാണുകയാണ്. വീടിന് അപേക്ഷ കൊടുത്തെങ്കിലും കിട്ടാനില്ലെന്ന് ശ്രീ. പി. ഉബൈദുള്ള ഉൾപ്പെടെയുള്ളവർ പറഞ്ഞു. നിങ്ങൾ ഈ നാട്ടിലല്ലേ

ജീവിക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 295006 വീടുകൾ പൂർത്തീകരിച്ച് നൽകിയത് നിങ്ങൾ മറക്കേണ്ടതില്ല. നിങ്ങളെപ്പോലെ കബളിപ്പിച്ചതല്ല, ഇ.എം.എസ്. പദ്ധതിയെ പാതിവഴിയിൽ മുടക്കിയിട്ട് സാഫല്യം പദ്ധതി പ്രഖ്യാപിച്ച് ആളുകൾക്ക് വീട് കൊടുക്കാതെ കബളിപ്പിച്ച നാടല്ല. പറയുന്നത് ചെയ്യുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് നിങ്ങൾ നന്നായി ഓർക്കേണ്ടതുണ്ട്. സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി പ്രഖ്യാപിക്കുന്ന രൂപത്തിൽ പരിഷ്കാരം നടത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു കാർഷികോൽപ്പന്നത്തിന്റെ ഉൽപ്പാദനം കേന്ദ്രീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി കാർഷിക വകുപ്പുമായി ബന്ധപ്പെട്ട് മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചാണ്. ഗ്രാമ-നഗര വ്യത്യാസമില്ലാത്ത ജനജീവിതമുള്ള ഒരു സംസ്ഥാനമാണ് കേരളം. പഞ്ചായത്തും മുനിസിപ്പാലിറ്റിയുമെന്ന് വേർതിരിച്ചറിയാൻ കഴിയാത്ത രൂപത്തിൽ സമഗ്രമായി ജനജീവിതം ഒരുപോലെ കാണുന്നവരാണ് കേരളീയ സമൂഹം. ആ സമൂഹത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഗ്രാമങ്ങളിൽ മാത്രമായി

നിൽക്കുമ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ മുന്നിലേയ്ക്ക് ഉയർന്നുവന്ന അഭിപ്രായത്തെ മാനിച്ചുകൊണ്ട് ഇന്ത്യയിൽ ആദ്യമായി ഈ സംസ്ഥാനത്ത്, ഏകദേശം 28 ശതമാനത്തോളം വരുന്ന ജനങ്ങൾ താമസിക്കുന്ന നഗരപ്രദേശങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രഖ്യാപിച്ചത് 2010-ലെ വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റാണ്. പരിമിതികളുണ്ടെങ്കിലും ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ഗവണ്മെന്റും വകുപ്പും നന്നായി ശ്രമിക്കുന്നുണ്ട്.

മറ്റൊരു മേഖല മദ്യ നയവുമായി ബന്ധപ്പെട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട് ഇവിടെ ധാരാളം ആളുകൾ പല അഭിപ്രായങ്ങളും പറഞ്ഞു. മദ്യനിരോധനം എന്നുപറയുന്നത് പ്രായോഗികമല്ലെന്നത് നമുക്കറിയാം. ഗാന്ധി പിറന്ന ഗുജറാത്തിലുൾപ്പെടെ നടപ്പാക്കി പരാജയപ്പെട്ടത് നമ്മുടെ മുമ്പിലുണ്ട്. നമുക്കുതന്നെ ഏറ്റവും വലിയ അനുഭവമുണ്ടല്ലോ; നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ അനുഭവം. ഈ കോവിഡ് കാലത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചുകൊണ്ട് മദ്യശാലകളും ബെവ്കോയുടെ ഔട്ട്ലെറ്റുകളും പൂർണ്ണമായും അടച്ചുപൂട്ടിരുന്നു. ആ ഘട്ടത്തിൽ മദ്യപാനികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ചില നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജമദ്യ നിർമ്മാണം, വ്യാജച്ചാരായ നിർമ്മാണം എന്നിവ മാത്രമല്ല ദ്രാവക

രൂപത്തിലുള്ള ലഹരി പദാർത്ഥങ്ങൾക്കുമപ്പുറം മറ്റ് പദാർത്ഥങ്ങളിലേയ്ക്ക് ആളുകൾ എത്തിച്ചേർന്ന അപകടകരമായ രൂപത്തിലേയ്ക്ക് നാട് എത്തിയിരുന്നു. അതുകൊണ്ടുതന്നെ നല്ല മദ്യം ലഭ്യമാക്കുകയും കോടതി പരാമർശംപോലെ, മദ്യശാലകളുടെ/ബെവ്കോ സെന്ററുകളുടെ മുന്നിൽ ക്യൂ നിർത്തി മദ്യം കൊടുക്കുന്ന നടപടിക്ക് അവസാനമുണ്ടാക്കി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പറ്റുമെങ്കിൽ പഞ്ചായത്തിൽ ഓരോ സ്ഥലത്തെങ്കിലും ഈ ഔട്ട്ലെറ്റുകൾ സ്ഥാപിച്ച് അതിനൊരു കൃത്യതയുണ്ടാക്കുന്ന നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും. എം.ഡി.എം.എ. ഉൾപ്പടെയുള്ള ലഹരിപദാർത്ഥങ്ങളുടെ വ്യാപനം നാട്ടിൽ സുലഭമായിക്കൊണ്ടിരിക്കുകയാണ്. അതിനെതിരെ ശക്തമായ നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്; വലിയതോതിൽ കേസെടുക്കുന്നുമുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് സ്വീകരിച്ചതിനേക്കാൾ ഇരട്ടിയിലധികം കേസുകൾ ഫയൽചെയ്ത് ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. ആ കാര്യങ്ങൾ നിർവ്വഹിക്കാൻ പുതിയ തലമുറയെ മാറ്റിയെടുക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ സ്പോർട്സിനും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കും കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് വൻതോതിലുള്ള കേന്ദ്രീകരിച്ച മദ്യവർജ്ജന പ്രവർത്തനങ്ങളുമായി വകുപ്പ്

മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിനെ അപകീർത്തിപ്പെടുത്തുന്നതിനുള്ള ഗൂഢാലോചന രാജ്യാന്തരതലത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ ഇടതുപക്ഷ ഗവണ്മെന്റുകളെ തകർക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ പരിശ്രമം എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. ഏറ്റവും കൂടുതൽ ജനാധിപത്യം പുലമ്പുന്ന കോൺഗ്രസ് തന്നെയായിരുന്നു 1959-ലെ ജനാധിപത്യപരമായി രൂപീകരിക്കപ്പെട്ട ഇ.എം.എസ്. ഗവണ്മെന്റിനെ ഇന്ത്യൻ ഭരണഘടനയിലെ 356-ാം വകുപ്പ് ദുരുപയോഗം ചെയ്തുകൊണ്ട് പിരിച്ചുവിട്ടത്. ഇന്ന് ബി.ജെ.പി.-യോടൊപ്പം ചേരുന്നതിനുവേണ്ടി നിൽക്കുകയാണ് കോൺഗ്രസ്സിലെ പ്രധാനപ്പെട്ട നേതാക്കൾ. ഇവിടെ സവർക്കറുടെ ജന്മദിനം ആചരിക്കാൻപോയ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും യു.ഡി.എഫ്.-ന്റെ പല നേതാക്കളും രാത്രികാലങ്ങളിൽ ഒളിഞ്ഞുംതെളിഞ്ഞും ബി.ജെ.പി. ആയി മാറുന്നുണ്ട്. ഞാൻ പറഞ്ഞതല്ല, 7 വർഷംമുൻപ് നിങ്ങളുടെ പരമോന്നത നേതാവായിരുന്ന ഇന്ന് ജീവിച്ചിരിക്കുന്ന ശ്രീ. എ. കെ. ആന്റണി പറഞ്ഞതാണ്. രാത്രി ആർ.എസ്.എസ്.-ഉം പകൽ കോൺഗ്രസ്സുമായി നടക്കേണ്ടെന്ന് കോൺഗ്രസ്സിന്റെ വേദിയിൽ പറഞ്ഞത്

ഞാനല്ല. കോൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവ് തന്നെയാണ് പ്രഖ്യാപിച്ചത്. വിനാശകരമായ നയങ്ങൾ നടപ്പാക്കുന്ന ബി.ജെ.പി. ഗവണ്മെന്റിന്റെ നയത്തിനെതിരായി ഉജ്ജ്വല പോരാട്ടങ്ങൾ നടത്തുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ് വലതുപക്ഷ നയങ്ങൾക്കെതിരായിട്ടുള്ള ശക്തമായ ഇടപെടൽ നടത്തുന്നത്. മുൻ യു.പി.എ. ഗവണ്മെന്റിന്റെ കാലഘട്ടത്തിലും പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചത് ഇടതുപക്ഷ ഗവണ്മെന്റുകളാണ്. ഇടതുപക്ഷത്തെ, വിശിഷ്യാ കേരളത്തിലെ സി.പി.ഐ(എം)-നെയും മുഖ്യമന്ത്രിയെയും തകർക്കുന്നതിനുവേണ്ടി ഒരു സ്വർണ്ണക്കടത്തുകാരിയെ കൂട്ടുപിടിച്ചുകൊണ്ട് കേരളത്തിൽ നടത്തിയിട്ടുള്ള അപകടകരമായ നയം തിരുത്താൻ യു.ഡി.എഫ്. തയ്യാറുണ്ടോ? നാലഞ്ച് ആഴ്ചയ്ക്കുമുൻപ് നിങ്ങളൊരു സമരം നടത്തിയല്ലോ? സമരം നടത്തി മൂത്ത കോൺഗ്രസ്സുകാരനും യൂത്ത് കോൺഗ്രസ്സുകാരനും പോലീസുകാരന്റെ അടിവാങ്ങിക്കൂട്ടിയതിനപ്പുറത്തേയ്ക്ക് ആ സമരം അവസാനിച്ചത് എവിടെവച്ചെന്ന് നിങ്ങൾ പറയണം. ഏത് ഒത്തുതീർപ്പിന്റെ ഭാഗമായാണ് ആ സമരം നിങ്ങൾ അവസാനിപ്പിച്ചത്? കേരളത്തിലെ ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവണ്മെന്റിനെ തകർക്കുന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റുമായി കൂടിയാലോചിച്ചുകൊണ്ട്, ആർ.എസ്.എസ്.-ഉമായി സന്ധിചെയ്തുകൊണ്ട്; ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ആ സമരത്തിന്റെ ഭാഗമായി മാറിയില്ല. അവർക്കറിയാം അവർ പടുത്തുവിട്ട ഒരു ഗൂഢാലോചനയുടെ ഭാഗമായിട്ടുള്ള മുദ്രാവാക്യം ഏറ്റുപിടിച്ചുകൊണ്ട് കെ.എസ്.യു.-വിനെയും യൂത്ത് കോൺഗ്രസ്സിനെയും മൂത്ത കോൺഗ്രസ്സിനെയും തെരുവിലിറക്കി അക്രമസമരം നടത്താൻ. ആ സമരം ഒരു ചർച്ചയും നടത്താതെ അവസാനിപ്പിച്ച് പിന്തിരിഞ്ഞോടിയ ചരിത്രമാണ് നിങ്ങൾക്കുള്ളത്. ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ കലാപങ്ങൾ, രാജ്യദ്രോഹ-ജനദ്രോഹ നടപടികൾക്കെതിരെ ഇൻഡ്യയിലെ മതനിരപേക്ഷ പാർട്ടികൾ പ്രതീക്ഷയോടുകൂടി കാണുന്ന ഗവണ്മെന്റാണ് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റും അതിലെ നായകനായിട്ടുള്ള നെഞ്ചുറപ്പുള്ള കരുത്തനായ കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനും. അത് കേരളത്തിലെയും ഇന്ത്യയിലെയും സാധാരണക്കാരായിട്ടുള്ള മതനിരപേക്ഷവാദികൾ കാണുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവണ്മെന്റ് അതിശക്തമായി മുന്നോട്ടുപോകും. എല്ലാവിധ വിധ്വംസക പ്രവർത്തനങ്ങളെയും കീഴ്പ്പെടുത്തി ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി

ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ, അതിന്റെ ഏറ്റവും കരുത്തായിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് വളരെ കരുത്തോടുകൂടി, ജനങ്ങളുടെ അഭിലാഷങ്ങൾ പൂർത്തീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നതിനാവശ്യമായിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ചട്ടം 307. അദ്ദേഹം ഇപ്പോൾ സംസാരിച്ചപ്പോൾ 'പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്.-ഉം' എന്നുള്ള ഒരു പരാമർശം ശ്രീ. എ. കെ. ആന്റണി പറഞ്ഞുവെന്ന് അദ്ദേഹം പറയുകയുണ്ടായി. അങ്ങനെയൊരു പരാമർശം ശ്രീ. എ. കെ. ആന്റണി ഒരുസ്ഥലത്തും പറഞ്ഞിട്ടില്ല. ഇത് സഭാ രേഖകളിലുണ്ടാകാൻ പാടില്ല. ശ്രീ. എ. കെ. ആന്റണിയെ അപകീർത്തിപ്പെടുത്താനുള്ള ഒരു സ്റ്റേറ്റ്മെന്റായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. അത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ച് ചെയ്യാം.+

+ ബഹുമാനപ്പെട്ട സ്പീക്കറുടെ 20/07/2022 തീയതിയിലെ (ഫ.നം.12567/ഇ.ബി./2022/നി.സെ.) ഉത്തരവ് പ്രകാരം സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നുരാവിലെ പ്രതിപക്ഷനേതാവ് ഒരു ചോദ്യം ഉന്നയിച്ചിരുന്നു. 1977-ലെ തെരഞ്ഞെടുപ്പിൽ ഇപ്പോൾ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പിണറായി വിജയൻ ആർ.എസ്.എസ്.-ന്റെ വോട്ട് വാങ്ങിയല്ലേ വിജയിച്ചത്, എന്നതിന് അദ്ദേഹവും മറുപടി പറഞ്ഞില്ല. ഇന്ന് ഇവിടെ ചർച്ച നടത്തിയ ആരും പറഞ്ഞില്ല. കാവി ഇന്ന് കമ്മ്യൂണിസ്റ്റുകാരന്റെ ഉള്ളിലാണെന്ന് തെളിഞ്ഞിരിക്കുകയാണ്. ആർ.എസ്.എസ്.-ന്റെ കാവി ഇന്ന് കമ്മ്യൂണിസ്റ്റുകാരന്റെ മനസ്സിലാണ്.

പാതയോരങ്ങളിലെ പുല്ല് ചെത്തുക, പാതയോരങ്ങളിലെ മണ്ണ് വെട്ടി നിരപ്പാക്കുക തുടങ്ങിയവയായിരുന്നു കേരളത്തിലെ പഞ്ചായത്തുകൾ ഒരുകാലത്ത് ചെയ്തുകൊണ്ടിരുന്ന പ്രവൃത്തികൾ. 1984-ൽ മഹാനായ രാജീവ് ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ നടപ്പിലാക്കിയ ജവഹർ റോസ്ഗാർ യോജന പദ്ധതിപ്രകാരമാണ് ആയിരക്കണക്കിന് റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വന്നത്. ഓരോ പഞ്ചായത്തിലും പത്തും പന്ത്രണ്ടും ടാർ ചെയ്ത റോഡുകൾ വന്നു. അതിനുശേഷം ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകി ഗ്രാമസഭകളുണ്ടാക്കി. നിരവധി മാറ്റങ്ങളിലൂടെ പഞ്ചായത്ത്

ഭരണസമിതികളെ ശാക്തീകരിക്കാനുള്ള നടപടിയുമായാണ് അന്ന് മുന്നോട്ടുവന്നതെങ്കിൽ ഇന്ന് ഈ ഗവണ്മെന്റ് പഞ്ചായത്ത് ഭരണസമിതികളെ പഴയ പുല്ലുചെത്ത് സമിതികളിലേയ്ക്ക് തിരിച്ചുകൊണ്ടെത്തിച്ചിരിക്കുകയാണ്. പഞ്ചായത്ത് ഭരിക്കുന്ന മന്ത്രിയുടെ മണ്ഡലത്തിലെ പഞ്ചായത്തിൽപ്പോലും ശമ്പളം കൊടുക്കാൻ കഴിവില്ലാത്തതരത്തിലേയ്ക്ക് പഞ്ചായത്തുകൾ അധഃപതിച്ചുവെങ്കിൽ നിങ്ങൾ ഈ മേനി പറയുന്നതിൽ എന്തർത്ഥമാണുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. തെരുവുനായ്ക്കളെ പിടിക്കാൻപോലും പഞ്ചായത്തുകളിൽ പണമില്ല. എന്റെ നിയോജകമണ്ഡലത്തിൽ കരിങ്കുളം പഞ്ചായത്തിൽമാത്രം കഴിഞ്ഞ നാലുദിവസത്തിനുള്ളിൽ 10 പേരെ തെരുവുനായ കടിച്ചു. പൂവാർ പഞ്ചായത്തിൽ 20 പേരെ തെരുവുനായ കടിച്ചു. കഴിഞ്ഞ 60 ദിവസത്തിനുള്ളിൽ 60 പേരെ കടിച്ചു. ശിലുവമ്മ എന്ന വീട്ടമ്മയെ തെരുവുനായ കടിച്ചുകീറി കൊന്നു. അതിനുശേഷം ഒരു കൊല്ലം കഴിഞ്ഞപ്പോൾ മറ്റൊരാളെ കൊന്നു. എന്നിട്ടും തെരുവുനായ്ക്കളെ പിടിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ഭരണസമിതികൾക്ക് കഴിഞ്ഞില്ല. മന്ത്രിയുടെ മണ്ഡലത്തിൽ ശമ്പളം കിട്ടാത്തത് മാത്രമല്ല, ആശ്രയ പദ്ധതി മൂന്നുമാസമായി മുടങ്ങിക്കിടക്കുകയാണ്. ആരാണ് ആശ്രയ പദ്ധതിയുടെ

ഗുണഭോക്താക്കൾ? സ്വന്തമായി ഭക്ഷണം പാകംചെയ്ത് കഴിക്കാൻ കഴിയാത്തവർ, ആരും സഹായമില്ലാത്തവർ മുതലായവരാണ്. ഓരോ പഞ്ചായത്തിലും 150-ഉം 200-ഉം കുടുംബങ്ങളാണ് ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇവിടെ വെള്ള ഇന്നോവയിൽനിന്ന് കറുത്ത ഇന്നോവ ക്രിസ്റ്റയിലേയ്ക്കും കറുത്ത ക്രിസ്റ്റയിൽനിന്ന് കിയ കാർണിവലിലേയ്ക്കും മാറുന്ന തിരക്കിനിടയിൽ ഈ പട്ടിണിപ്പാവങ്ങളുടെ പട്ടിണിയകറ്റാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അധികാര വികേന്ദ്രീകരണമെന്നും ജനകീയാസൂത്രണമെന്നുമൊക്കെ പറയുന്നു. ലൈഫ് പദ്ധതി നടപ്പിലാക്കുന്നതോടെ ഓരോ വർഷവും പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും 20 ശതമാനം മാറ്റിവയ്ക്കേണ്ടിവരികയാണ്. ഇനി രണ്ടാംഘട്ടം കൊടുക്കുമ്പോൾ വീണ്ടും 20 ശതമാനമെന്നുള്ളത് എത്ര ശതമാനമാണെന്നറിയാൻ കഴിയില്ല. അത് കവർന്നെടുക്കുകയാണ്.

'നിലാവ്' പദ്ധതി; ഓരോ വർഷവും പഞ്ചായത്തുകൾ അവരുടെ സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് ചെയ്തിട്ടുമായിരുന്നു. ഇപ്പോൾ ബൾക്കായി പർച്ചേസ് ചെയ്ത് സപ്ലൈ ചെയ്യുന്നു. എന്നാൽ അതിന് ഗുണനിലവാരമില്ല. യഥാർത്ഥത്തിൽ കൊടുക്കേണ്ട ലൈറ്റുകൾ കൊടുത്തില്ല; അത് റിപ്പെയർ ചെയ്യാനാളില്ല. 'നിലാവ്' ഇപ്പോൾ പഞ്ചായത്തുകളിലാകെ ഇരുട്ടാണ്

പരത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ ജൽജീവൻ മിഷൻ, ഓരോ പഞ്ചായത്തിലും 25 ലക്ഷം രൂപ മുതൽ അൻപതും അറുപതും ലക്ഷം രൂപയുടെ ബാദ്ധ്യതയാണ് ജൽജീവൻ മിഷൻ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. 'സഖാവ് ഇ.എം.എസ്. മരിച്ചിട്ടില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' എന്ന് നിങ്ങളെല്ലാവരും എന്നും പറയും. അദ്ദേഹമാണല്ലോ ജനകീയാസൂത്രണത്തിന്റെ പ്രയോക്താവ്. അദ്ദേഹത്തിന്റെ ഓർമ്മകൾ ഇവരുടെ മനസ്സിലുണ്ടെങ്കിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ജനകീയാസൂത്രണത്തെ കയ്യും കാലും വെട്ടി ഈ പരുവത്തിലാക്കുമോ? അധികാര കേന്ദ്രീകരണത്തിലേയ്ക്കല്ലേ ഇവർ പോകുന്നത്. വികേന്ദ്രീകരണമെന്ന് പറഞ്ഞിട്ട് അധികാര കേന്ദ്രീകരണത്തിലേയ്ക്കല്ലേ പോകുന്നത്. കേന്ദ്രീകരിക്കുന്ന അധികാരങ്ങളെ ജനകീയാസൂത്രണത്തിന്റെ ലേബൽ ഒട്ടിച്ച് വിതരണം ചെയ്യുകയാണ്. അതായത്, പഴയ വീഞ്ഞും പുതിയ കുപ്പിയും എന്നുമാത്രമാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ലൈഫ് പദ്ധതിപ്രകാരം 293000 വീടുകൾ നിർമ്മിച്ച് നൽകിയെന്ന് പറയുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്ത് വിവിധ പദ്ധതികളിലായി അഞ്ച് വർഷംകൊണ്ട് 468000 വീടുകൾ നൽകിയിട്ടുണ്ട്. അതിന്റെ

രേഖകളുണ്ട്. എൽ.ഡി.എഫ്. 279131 വീടുകളാണ് നൽകിയത്. മുൻകാലങ്ങളിലാണെങ്കിൽ ഓരോ വർഷവും ഓരോ വാർഡിലും പത്തും പതിനഞ്ചും ഇരുപതും വീടുകൾ നൽകും. ആർക്കാണ് വീടിന് അർഹതയുള്ളതെന്ന് പഞ്ചായത്ത് മെമ്പർക്കറിയാം. അവരുടെ മുമ്പിൽ വരുന്നവരുടെ പ്രയോറിറ്റി നോക്കി വീട് നൽകും. ഇന്ന് അങ്ങനെയല്ല, പഞ്ചായത്ത് മെമ്പർമാരുടെ മുമ്പിൽ വന്നുനിന്ന് കരഞ്ഞാൽപ്പോലും അവർക്ക് വീട് നൽകാൻ കഴിയാത്ത നിസ്സഹായാവസ്ഥയാണുള്ളത്. രണ്ട് വർഷം മുമ്പ് നൽകിയ അപേക്ഷകളുടെ പരിശോധനപോലും ഇന്നും പൂർത്തീകരിച്ചിട്ടില്ല. ഇന്നും ചോർന്നൊലിക്കുന്ന വീടുകളിൽ രാത്രി മഴ പെയ്താൽ കുടയുംചൂടി ഇരിക്കേണ്ട അവസ്ഥയാണുള്ളത്. 49,00,000/- രൂപ മുടക്കി കന്നുകാലി ഷെഡ്ഡുണ്ടാക്കി കന്നുകാലി പരിപാലനം നടത്തുന്ന ഗോപാലകന്മാർ അധിവസിക്കുന്ന, ഭരണം നടത്തുന്ന, ഈ സംസ്ഥാനത്ത് കന്നുകാലികൾക്ക് കൊടുക്കുന്ന പ്രാധാന്യമെങ്കിലും പ്ലാസ്റ്റിക് പടുതകളിൽ ചോർന്നൊലിക്കുന്ന വീടുകളിൽ കഴിയുന്ന പാവപ്പെട്ടവന് നൽകണ്ടേ? ഈ നിലയിലേയ്ക്ക് പഞ്ചായത്തുകളുടെ വരുമാനമെല്ലാം നഷ്ടപ്പെടുത്തി

പഞ്ചായത്തുകളെയാകെ തകർത്തുകൊണ്ടിരിക്കുകയാണ്.

അബ്കാരി കുടിശ്ശിക തീർക്കാൻ ആംനെസ്റ്റി പ്രഖ്യാപിച്ചതിന്റെ ഉത്തരവ് ഇതുവരെയും ഇറങ്ങാത്തതുകൊണ്ട് ആർക്കും പണമടയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണ്. മദ്യവർജ്ജനമാണ് ഞങ്ങളുടെ നയമെന്ന് ഈ സർക്കാർ പറയുന്നു. ശരി, സമ്മതിക്കുന്നു. പക്ഷെ 29 ബാറുകൾ ഉണ്ടായിരുന്ന സ്ഥലത്ത് ഇന്ന് 698 ബാറുകളാണ് ഈ സർക്കാർ അനുവദിച്ചിരിക്കുന്നത്. ഇത്രയും ബാറുകൾ അനുവദിച്ചുകൊണ്ട് മദ്യവർജ്ജനമെന്ന് പറയുന്നത് കേട്ടാൽ xxx xxx+ വാദിക്കുന്നതുപോലെയാണ് ഇടതുസർക്കാർ മദ്യവർജ്ജനത്തിനുവേണ്ടി വാദിക്കുന്നതെന്ന് തോന്നും. എല്ലായിടത്തും വ്യാപകമായി മദ്യശാലകൾ അനുവദിച്ചിട്ട് മദ്യവർജ്ജനം എന്നുപറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ?

രണ്ട് യുവാക്കൾ വിമാനത്തിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധം പ്രതിഷേധമെന്ന് പറഞ്ഞ് മുദ്രാവാക്യം വിളിച്ചു. ഇടതുമുന്നണി കൺവീനറുടെ ഒറ്റത്തള്ളിന് രണ്ടുപേരും

+ ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

മലർന്നടിച്ചുവീണു. അത്രമാത്രം ആരോഗ്യമേ അവർക്കുള്ളൂ. ആ ചെറുപ്പക്കാർ പ്രതിഷേധം പ്രതിഷേധമെന്ന് പതിഞ്ഞ സ്വരത്തിൽ വിളിച്ചപ്പോൾ, 'കൊല്ലാൻ വരുന്നേ, കൊല്ലാൻ വരുന്നേ' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടത്. അദ്ദേഹം ഭയന്നുവിറച്ച് മൊഴികൊടുത്ത് വധശ്രമത്തിന് കേസ് എടുത്തിരിക്കുകയാണ്. എനിക്കിത് കേട്ടപ്പോൾ തമിഴ്നാട്ടിലെ ഒരു മുൻ മുഖ്യമന്ത്രിയെ അറസ്റ്റ് ചെയ്യാൻ പോലീസ് ചെന്നപ്പോൾ 'കൊല്ലെപ്പാക്ക്റാങ്കപ്പ്' എന്ന് അദ്ദേഹം നിലവിളിച്ചു. അതുപോലെയാണ് പ്രതിഷേധം, പ്രതിഷേധം എന്ന് വിളിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊല്ലാൻ വരുന്നേ, കൊല്ലാൻ വരുന്നേയെന്ന് തോന്നിയത്. പ്രതിഷേധം എന്ന് വിളിച്ചതിന്റെ പേരിൽ വധശ്രമത്തിന് കേസെടുക്കണമെങ്കിൽ അപ്പുറത്തിരിക്കുന്ന ആരെയെങ്കിലും ഒഴിവാക്കാൻ സാധിക്കുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. ജീവിതത്തിൽ ഒരിക്കലെങ്കിലും പ്രതിഷേധമെന്ന് വിളിക്കാത്ത ആരെങ്കിലും സഭയിലുണ്ടോ; ആ ചെറുപ്പക്കാരുടെ പേരിൽ കേസ്സെടുക്കുന്നു. വളരെ ഗൗരവമുള്ള ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എ.കെ.ജി. സെന്റർ ആക്രമണത്തെക്കുറിച്ച് ശ്രീമതി പി.

കെ. ശ്രീമതി ടീച്ചർ പറഞ്ഞത്, കെട്ടിടം തകർന്ന് വീഴുന്നതുപോലെയുള്ള ശബ്ദം, ഞാൻ ഇരുന്ന കസേരയിൽ നിന്നുതന്നെ വിറകൊണ്ട് എഴുന്നേൽക്കുന്നൊരു അവസ്ഥയുണ്ടായിയെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പടെയുള്ളവർ നിത്യേന സന്ദർശിക്കുന്ന ഒരു കെട്ടിടം ഇടിഞ്ഞ് തകരുന്നതുപോലെ കുലുങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ ബലം ചെന്നൈ ഐ.ഐ.ടി.-യിൽനിന്നുള്ള ഒരു സംഘത്തെ കൊണ്ടുവന്ന് പരിശോധിപ്പിക്കണം. എ.കെ.ജി. സെന്റർ ആക്രമണം നടന്നയുടനെ ഇവിടെ സ്റ്റീൽ ബോംബാണ് പൊട്ടിയതെന്ന് ബഹുമാന്യനായ ഇ. പി. ജയരാജൻ പറഞ്ഞു. സ്റ്റീൽ ബോംബ് പൊട്ടിയെന്ന് പറഞ്ഞത് ഇ.പി.-യുടെ നുണ ബോംബാണെന്ന് ഫോറൻസിക് പരിശോധനയിൽ തെളിഞ്ഞിരിക്കുകയാണ്. പ്രതികളെ കിട്ടിയോ കിട്ടിയോ എന്ന് ഇന്നും ആളുകൾ ചോദിക്കുകയാണ്. എന്നെങ്കിലും കിട്ടിയെന്ന് പറയാൻ ഒരു മറുപടിയെങ്കിലും പറയണ്ടേ. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയിൽ

നടത്തുന്ന പ്രസംഗത്തിൽ സ്ത്രീകളെ വച്ച് മാത്രമാണോ ഉപമ പറയാൻ സാധിക്കുന്നത്. XXXXX+ എന്ന രീതിയിൽ സ്ത്രീത്വത്തെ അപമാനിച്ചുകൊണ്ട് പ്രസംഗിച്ച ഭാഗം സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. സ്ത്രീവിരുദ്ധമായ ഉപമയാണ്, അത് പറഞ്ഞത് ശരിയല്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുകളുടെ ധനാഭ്യർത്ഥനകളിന്മേൽ 16 അംഗങ്ങൾ പങ്കെടുത്തുകൊണ്ടുള്ള ചർച്ചയാണ് സമാപിച്ചിരിക്കുന്നത്. ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽ സ്വീകാര്യമായവ സർക്കാർ മുഖവിലയ്ക്കെടുത്ത് അതുൾപ്പെടെ ചേർത്തുകൊണ്ട് മുന്നോട്ടുപോകും. ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗങ്ങളിൽ പല വിമർശനങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതിൽ തള്ളേണ്ടവയെ അവഗണിച്ചും ഉൾക്കൊള്ളേണ്ടവയെ പരിഗണിച്ചും തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുകളുടെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കും.

ഈ ഗവണ്മെന്റ് പിന്നിട്ട ഒരു വർഷം ഈ ദിശയിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് അഭിമാനപൂർവ്വം

\+ പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ചൂണ്ടിക്കാണിക്കുകയാണ്. കേവലം സേവനദാതാക്കൾ എന്ന നിലയിൽനിന്ന് തൊഴിൽ ദാതാക്കൾ വരെയാകുന്ന പ്രാദേശിക സർക്കാരുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരികയാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശ്യം. മദ്യവർജ്ജന നയത്തിലൂന്നിക്കൊണ്ട് എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ ജനപക്ഷത്തുനിന്നുകൊണ്ട് രണ്ടാം പിണറായി വിജയൻ സർക്കാർ കാഴ്ചവച്ച ഭരണ മികവിന്റെ കേരള മാതൃകയ്ക്ക് ശക്തി പകരാനാണ് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുകൾ ഇക്കാലയളവിൽ പ്രവർത്തിച്ചിട്ടുള്ളതെന്ന് അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്.

നവകേരള തദ്ദേശകം - നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിനാണ് രണ്ടാം പിണറായി സർക്കാർ തുടക്കമിട്ടിരിക്കുന്നത്. സാധാരണജനങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും പുതുതലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചും കേരളത്തെ ജ്ഞാന സമൂഹം/ജ്ഞാന സമ്പദ്ഘടനയായി മാറ്റുന്നതിനുള്ള വികസന മാതൃകയാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. സുസ്ഥിര

വികസനവും വളർച്ചയും സാമൂഹ്യനീതിയും തുല്യതയും കരുത്താക്കി മുന്നേറുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ വികസനശൈലികളുടെ തുടർച്ചയാണ് തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുകൾ പിന്നിട്ട ഒരു വർഷത്തെ പ്രവർത്തനങ്ങളിൽ കാണാനാകുന്ന വസ്തുത. നവകേരള സൃഷ്ടിയുടെ ഭാഗമായി 'നവകേരള തദ്ദേശകം' കാമ്പയിൻ വളരെ ശക്തിമത്തായ രീതിയിലാണ് കേരളത്തിലുടനീളം നടത്തിയിട്ടുള്ളത്. 14 ജില്ലകളിലും നേരിട്ടുപോയി ഇതിന് തുടക്കം കുറിക്കുകയുണ്ടായി.

ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് വിപുലവും നവീനവുമായ പരിപാടികളാണ് രണ്ടാം പിണറായി സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഗ്രാമ-നഗര ഭേദമെന്യേ കേരളത്തിൽ മൊത്തം കൊണ്ടുവന്നിട്ടുള്ള വികസനക്ഷേമ, ഭരണനിർവ്വഹണ സമീപനമാണ് സർക്കാർ ഉൾക്കൊണ്ടിട്ടുള്ളത്. പ്രളയത്തിന്റെയും ദുരന്തനിവാരണ പ്രവർത്തനങ്ങളുടെയും കോവിഡിന്റെയും പ്രതിസന്ധി നിറഞ്ഞ കാലത്തുനിന്നും ഉയിർത്തെഴുന്നേൽക്കുന്ന നവകേരളത്തെ രൂപപ്പെടുത്തുന്നതിൽ ചരിത്രപരമായ പങ്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. ഓരോന്നോരോന്നായി വിശദീകരിച്ചാൽ 22 കാര്യങ്ങളാണ് ഇതുമായി

ബന്ധപ്പെട്ടുള്ളത്. അവയിൽ ചിലത് ചൂണ്ടിക്കാണിക്കാം.

(1) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കാൻ സാധിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണപരമായ പിന്തുണ നൽകുന്നതിനുള്ള വലിയ സഹായമായിത്തീരും ഈ ഏകീകരണ പ്രക്രിയയെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല. മുപ്പത്തിയൊന്നായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം കണ്ടിൻജന്റ് ജീവനക്കാരും ചേർന്ന ഈ ഏകീകൃത വകുപ്പ് അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ കരുത്തായി മാറുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

(2) അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽനിന്നും അതിദാരിദ്ര്യം തുടച്ചുനീക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിന്റെ ആദ്യപടിയെന്ന നിലയിൽ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കി. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചപോലെ 64006 കുടുംബങ്ങളിൽ, ഓരോ കുടുംബത്തിനും അതിജീവനത്തിനായി വിവിധ വകുപ്പുകളുമായി ചേർന്നുകൊണ്ട് മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

(3) ലൈഫ് മിഷന്റെ ഭാഗമായി 3,00,000 വീടുകൾ എന്ന ലക്ഷ്യം

സർക്കാർ കൈവരിച്ചുകഴിഞ്ഞു. ഇത്രയും വീടുകൾ ലൈഫ് പദ്ധതിയിലൂടെ നൽകിയിട്ടുണ്ടോയെന്ന് സംശയിക്കുകയാണ് പ്രതിപക്ഷ എം.എൽ.എ.-മാർ. അതിൽ ഒരു സംശയവും ഉണ്ടാകേണ്ട കാര്യമില്ല. സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽത്തന്നെ 3,00,000 വീടുകൾ പൂർത്തിയാക്കുന്ന നിലയിലേയ്ക്ക് എത്തിയിരിക്കുന്നു. വിട്ടുപോയവരെ ഉൾപ്പെടുത്തി ലൈഫിന്റെ ഭാഗമാക്കുന്നതിനായി 2020-ൽ വീണ്ടും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ വിശദമായ പരിശോധനയ്ക്കും സൂപ്പർചെക്കിനുംശേഷം കരട് പട്ടിക പ്രസിദ്ധീകരിച്ചു. അതിന്മേൽ ഒന്നാംഘട്ട അപ്പീൽ പൂർത്തിയാക്കിയശേഷം രണ്ടാംഘട്ട അപ്പീൽ സ്വീകരിച്ച് നടപടികളെടുത്തുവരികയാണ്. 560758 പേരാണ് ഇപ്പോൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമിതികളും പരിശോധിച്ചശേഷം വരുന്ന ആഗസ്റ്റ് 16-ന് അന്തിമപട്ടിക പ്രസിദ്ധീകരിക്കും. ഇവിടെ ബഹുമാനപ്പെട്ട ചില എം.എൽ.എ.-മാർ കാര്യങ്ങൾ മനസ്സിലാക്കാതെ ഇതെല്ലാം ഉദ്യോഗസ്ഥരാണ് തയ്യാറാക്കുന്നതെന്ന രീതിയിൽ സംസാരിച്ചു. ഇത് തയ്യാറാക്കുന്നത് ഉദ്യോഗസ്ഥരല്ല. ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമിതികളും പരിശോധിച്ചശേഷമാണ് അന്തിമപട്ടിക പ്രസിദ്ധീകരിക്കുന്നത്.

നാല് ഫ്ലാറ്റുകളുടെ പണി പൂർത്തീകരിച്ചു. 26 ഫ്ലാറ്റുകളുടെ പ്രവർത്തന നടപടികൾ പുരോഗമിച്ചുവരുന്നു. 23148 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ലൈഫ് മിഷനിലെ 3 ലക്ഷം വീടുകളും നാല് ഫ്ലാറ്റുകളും കേരളത്തിന്റെ മണ്ണിൽത്തന്നെ ഉയർന്നുനിൽക്കുകയാണ്. ചില രാഷ്ട്രീയപ്പാർട്ടികൾ നടത്തിയതുപോലെ കേവലം പ്രഖ്യാപനങ്ങൾ മാത്രമല്ല, കടലാസ്സിൽ വരച്ചുകളിച്ച വീടുമല്ല, കേരളത്തിന്റെ ഭൂമിയിൽത്തന്നെ ഉയർന്നുനിൽക്കുന്നവയാണ് ഈ മൂന്ന് ലക്ഷം വീടുകളുമെന്ന് വ്യക്തതയോടെ ചൂണ്ടിക്കാണിക്കാൻ കഴിയും.

ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റോളില്ലെന്ന പ്രതിപക്ഷ ആരോപണം ശരിയല്ല. ഓൺലൈനായി ലഭിച്ച അപേക്ഷകളിന്മേൽ ആദ്യപരിശോധന നടത്തുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികളുടെ മേൽനോട്ടത്തിൽത്തന്നെയാണ്. പട്ടിക അന്തിമമായി അംഗീകരിക്കുന്നതും അതത് ഗ്രാമസഭകളും ഭരണസമിതികളുമാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ എഗ്രിമെന്റ് വയ്ക്കുന്നതും അവർക്ക് ഗഡുക്കളായി പണം അനുവദിക്കുന്നതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇത്രയും കൃത്യവും സജീവവുമായി ലൈഫ് ഭവന

നിർമ്മാണ പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അപമാനിക്കലാണ് അവർക്ക് ലൈഫ് പദ്ധതിയിൽ റോളില്ലെന്ന പ്രഖ്യാപനത്തിലൂടെ പ്രതിപക്ഷത്തെ ചില എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

ഭൂരഹിത ഗുണഭോക്താക്കളുടെ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി സുമനസ്സുകളിൽനിന്നും ഭൂമി കണ്ടെത്തുന്ന "മനസ്സോടിത്തിരി മണ്ണ്" എന്ന കാമ്പയിൻ നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ മണ്ഡലത്തിലെ ഭൂരഹിതരായ ആളുകൾക്ക് ഭൂമി കണ്ടെത്താനുള്ള സഹായമുണ്ടാകണമെന്നും ഇതിന് മുൻകയ്യെടുക്കുന്നതിന് എം.എൽ.എ.-മാരുൾപ്പെടെ എല്ലാ വിഭാഗക്കാരും മുന്നോട്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

(4) സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെ സ്ത്രീപക്ഷ നവകേരളം സാദ്ധ്യമാക്കുന്നതിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ സ്ത്രീകൾ നടത്തിയ ശ്രമകരമായ നിരവധി ഇടപെടലുകൾ ഈ കാലഘട്ടത്തിൽ ചൂണ്ടിക്കാണിക്കാൻ സാധിക്കുന്നതാണ്.

(5) രാജ്യത്തിന് മാതൃകയാകുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. 2021-22 സാമ്പത്തികവർഷം കേന്ദ്രം അംഗീകരിച്ചത് 1000 ലക്ഷം തൊഴിൽദിനങ്ങളാണെങ്കിൽ കേരളം 1056.13 ലക്ഷം തൊഴിൽദിനങ്ങൾ സാദ്ധ്യമാക്കി. 56.13 ലക്ഷം തൊഴിൽദിനങ്ങൾ കൂടുതൽ സൃഷ്ടിച്ചു. പട്ടികജാതി വിഭാഗങ്ങൾക്ക് 18.31 ലക്ഷം തൊഴിൽദിനങ്ങളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6.33 ലക്ഷം തൊഴിൽദിനങ്ങളും ലഭിച്ചു. സ്ത്രീകളുടെ പങ്കാളിത്തം 89.42 ശതമാനമാണ്.

(6) നഗരമേഖലയിൽ തൊഴിൽ നൽകുന്ന സംസ്ഥാന സർക്കാരിന്റെ സ്വന്തം പദ്ധതിയായ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയും ചരിത്രപരമായ കുതിപ്പ് സൃഷ്ടിക്കുകയാണ്. 46 ലക്ഷം തൊഴിൽദിനങ്ങളാണ് 2021-22 സാമ്പത്തികവർഷം സൃഷ്ടിച്ചത്. 2020-21 വർഷത്തെക്കാൾ 13.5 ലക്ഷം തൊഴിൽദിനങ്ങൾ കൂടുതൽ സൃഷ്ടിക്കാൻ സാധിച്ചു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപ പൂർണ്ണമായി ചെലവഴിച്ചുകഴിഞ്ഞുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്.

(7) അശരണർക്കും ആലംബഹീനർക്കും കൂടുതൽ കരുതൽ സ്പർശമായി സർക്കാർ പ്രഖ്യാപിച്ച പരിപാടിയാണ് വാതിൽപ്പടി സേവനം. 2021 സെപ്തംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പദ്ധതിയുടെ ആദ്യഘട്ടം

ഉദ്ഘാടനം ചെയ്തു. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ശയ്യാവലംബർക്കും മുതിർന്ന പൗരന്മാർക്കും ഏറെ സഹായകമാകുന്ന ഈ പദ്ധതിയിലൂടെ വോളന്റിയർമാരെ ഉപയോഗപ്പെടുത്തി സേവനങ്ങൾ വീട്ടുപടിക്കലെത്തിക്കുക എന്നത് ജനകീയ സർക്കാരെന്ന പ്രയോഗം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട ശ്രമത്തിന്റെ ഭാഗമായാണ്.

(8) റെസ്പോൺസിബിൾ ഗവേണൻസ് എന്നത് സത്ഭരണത്തിന്റെ സമീപനങ്ങളിൽ പ്രധാനമാണ്. അത് ഉറപ്പുവരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്ന Integrated Local Self-Governance Management System (ILGMS) പദ്ധതി ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ILGMS-ന്റെ സിറ്റിസൺ പോർട്ടൽ ഇന്ന് ജനം ഏറെ ഉപയോഗപ്പെടുത്തിയിരിക്കുകയാണ്. ഏപ്രിൽ 4 മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽവന്നു. 11-07-2022 വരെ 2980308 അപേക്ഷകൾ ILGMS-ന്റെ ഭാഗമായി തീർപ്പ് കൽപ്പിക്കുകയുണ്ടായി. അതിവേഗം തീർപ്പുകൽപ്പിക്കുന്ന നിലപാടിന്റെ ഭാഗമായാണ് അത് ചെയ്തത്. അതുൾപ്പെടെ 3504064

അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ കഴിഞ്ഞ മൂന്ന് മാസംകൊണ്ട് ലഭിച്ചത്. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഇതൊരു പ്രത്യേക ഉദ്യമമായി മറ്റ് സംസ്ഥാനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനായി ഏർപ്പെടുത്തിയ IBPMS, അജൈവ പാഴ്വസ്തു ശേഖരണ പ്രക്രിയ ഊർജ്ജിതമാക്കാൻ ഏർപ്പെടുത്തിയ Smart Garbage Mobile App, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഇ-ഫയൽ ഓഫീസ്, എഞ്ചിനീയർമാർക്ക് ഇ.എം. ബുക്ക് തുടങ്ങി ഇ-ഗവേണൻസ് രംഗത്ത് കഴിഞ്ഞ ഒരു വർഷംകൊണ്ട് നേട്ടമുണ്ടാക്കാനും വളരെ ഫലപ്രദമായി കൈകാര്യം ചെയ്യാനും സാധിച്ചു. എക്സൈസ് വകുപ്പിലും സേവനങ്ങൾ ഓൺലൈനാക്കാൻ കഴിഞ്ഞിരിക്കുകയാണ്.

(9) "പച്ചത്തുരുത്ത്", "തെളിനീരൊഴുകും നവകേരളം" എന്നിവ മലിനീകരണത്തിൽനിന്നും ജലാശയങ്ങളെ മുക്തമാക്കി, സ്വച്ഛന്ദമായ ഒഴുക്കിന് വഴിയൊരുക്കുന്ന പ്രവർത്തനങ്ങളും ഹരിത കേരള മിഷനുമായി ചേർന്ന് നടത്തുന്ന കാമ്പയിനുകളും സമാനതകളില്ലാത്ത രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ മാലിന്യമുക്തമാക്കി പൗരന്മാർക്ക്

വൃത്തിയും ശുചിത്വവും ആരോഗ്യകരമായ അന്തരീക്ഷവും സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്. വാതിൽപ്പടി ശേഖരണം മുതൽ സംസ്കരണ പ്ലാന്റുവരെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യത്യസ്തമായ നടപടികൾ ഈ മേഖലയിൽ സ്വീകരിച്ചുകൊണ്ട് മാലിന്യമുക്ത കേരളം ഈ ഗവണ്മെന്റ് യാഥാർത്ഥ്യമാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്.

(10) വൃത്തിയും <u>ശുചിത്വവുമുള്ള</u> പൊതുശുചിമുറികൾ യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി 542 ടേക്ക് എ ബ്രേക്ക് സമുച്ചയങ്ങൾ നാളിതുവരെ പൂർത്തിയായിട്ടുണ്ട്.

(11) നവോത്ഥാനമൂല്യങ്ങൾക്ക് കരുത്തേകി, മതാചാരപ്രകാരമാണ് വിവാഹം നടന്നതെന്ന രേഖ ആവശ്യപ്പെടുന്ന നില മാറ്റുകയാണ്. വിവാഹ രജിസ്ട്രേഷൻ ഏറെ സുഗമമാക്കുന്നതിനുവേണ്ടി അതിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിച്ചുകൊണ്ട്, വിവാഹത്തിൽ ഏർപ്പെടുന്ന സ്ത്രീയുടെയും പുരുഷന്റെയും അവർക്ക് ജനിക്കുന്ന കുട്ടികളുടെയും സുരക്ഷിതത്വത്തിനായി ആ സമീപനം സഹായകരമായിട്ടുണ്ടെന്നുതന്നെയാണ് എല്ലാവരും ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കോവിഡ് സാഹചര്യത്തിൽ, രജിസ്റ്റർ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരാൻ സാധിക്കാത്ത ദമ്പതികൾക്ക്

വീഡിയോ കോൺഫറൻസ് മുഖാന്തരം വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

(12) യുവതി ഓക്സിലറി ഗ്രൂപ്പുവഴി കേരളത്തിലെ ലക്ഷക്കണക്കിന് യുവതികളുടെ സാമൂഹിക-സാംസ്കാരിക-ഉപജീവന-ഉന്നമനത്തിനുള്ള പൊതുയിടമായി കുടുംബശ്രീയെ ഉപയോഗപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 18-നും 40-നും വയസ്സിനിടയിൽ പ്രായമുള്ളവരെ ഉൾപ്പെടുത്തി 19555 ഓക്സിലറി ഗ്രൂപ്പുകൾ നിലവിലുണ്ട്. നാടിന്റെ വികസനപ്രവർത്തനങ്ങളിലും പൊതുവിഷയങ്ങളിലും ഇടപെടാനും പ്രതികരിക്കാനുമുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ ഇതുവഴി സാധിക്കുന്നു. 298381 യുവതികൾ ഈ ഗ്രൂപ്പുകളുടെ ഭാഗമായി വന്നിട്ടുണ്ട്. എല്ലാ സ്ത്രീകൾക്കും ഇതിൽ അംഗത്വം നൽകണമെന്ന് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ അക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. 23 വർഷത്തിലേറെയായി സ്ത്രീകൾക്ക് പുതിയതായി അംഗത്വം കൊടുത്തിരുന്നില്ല. അപ്പോഴാണ് ഓക്സിലറി ഗ്രൂപ്പിന്റെ ഭാഗമായി 19555 യൂണിറ്റുകൾ രജിസ്റ്റർ ചെയ്യാനും അവർക്ക് അംഗത്വം നൽകാനും നടപടിയായത്. ഇതിനെ നിലനിർത്തിക്കൊണ്ട് എങ്ങനെ

മുന്നോട്ടുപോകാമെന്നുള്ളത് പരിശോധിച്ച് ആവശ്യമായ മെമ്പർഷിപ്പ് വർദ്ധനവ് നൽകാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

(13) പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആയിരംപേരിൽ അഞ്ചുപേർക്കുവീതം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമായിരിക്കുകയാണ്. വ്യവസായ വകുപ്പ്, Kerala Development and Innovation Strategy Council (K-DISC)-മായി സഹകരിച്ച് "എന്റെ തൊഴിൽ എന്റെ അഭിമാനം" , "എന്റെ സംരംഭം നാടിന്റെ അഭിമാനം" എന്നീ കാമ്പയിനുകളിലൂടെ തൊഴിൽ രംഗത്തും സംരംഭക രംഗത്തും കുതിച്ചുചാട്ടത്തിനുള്ള അടിത്തറ ഒരുക്കിയിരിക്കുകയാണ്.

(14) സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിലൂടെ 3320 റോഡിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ 139 പ്രവൃത്തികൾ പൂർത്തീകരിച്ചു, കിഫ്ബി പദ്ധതിയിലൂടെ 446 സ്കൂളുകളിൽ കെട്ടിട നിർമ്മാണപ്രവർത്തനം നടന്നുവരികയാണ്.

(15) 1184 ജനകീയ ഹോട്ടലുകളാണ് വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തുന്നത്. കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്ന ഈ

ജനകീയ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിനകം 6 കോടി രൂപയുടെ വിറ്റുവരവുമായി കേരള ചിക്കൻ പദ്ധതിയും കുടുംബശ്രീ മുഖേന വിപുലപ്പെടുത്തിവരികയാണ്.

(16) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ചിലത് ലഘൂകരിച്ചു. അതിന്റെ തുടർച്ചയായി വീട് നിർമ്മാണത്തിനും മറ്റും ലാൻഡ് ഡെവലപ്മെന്റ് നടത്തുന്നതിനും മണ്ണ് നീക്കം ചെയ്യുന്നതിനുമുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് കഴിഞ്ഞ ഒക്ടോബർ 31-ന് പുറപ്പെടുവിച്ച നിർദ്ദേശം വളരെ പ്രധാനപ്പെട്ട ഒന്നാണ്.

(17) അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയുമായി നഗര-ഭരണ പ്രദേശങ്ങളിൽ സമൂലമായ മാറ്റമുണ്ടാക്കി മുന്നോട്ടുപോകുകയാണ്.

(18) ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന് എക്സൈസ് വകുപ്പ് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. പുതിയ മദ്യനയം രൂപപ്പെടുത്തി.

(19) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്ന കിലയെ മികവിന്റെ കേന്ദ്രമായാണ് കാണുന്നത്. കിലയുടെ തളിപ്പറമ്പ് കാമ്പസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് ലീഡർഷിപ്പ് എന്ന അന്താരാഷ്ട്ര നേതൃപഠന കേന്ദ്രം ആരംഭിച്ചു. അവിടെ ഈ വർഷം മൂന്ന് പി.ജി. കോഴ്സുകൾ തുടങ്ങുകയാണ്.

തദ്ദേശസ്വയംഭരണ രംഗത്ത് കഴിഞ്ഞ വർഷം വിവിധ ദേശീയ പുരസ്കാരങ്ങൾ ലഭിക്കുകയുണ്ടായി. കണ്ണൂർ ജില്ലയിലെ കരിവള്ളൂർ-പെരളം, പാപ്പിനിശ്ശേരി, തൃശ്ശൂർ ജില്ലയിലെ അളഗപ്പ നഗർ, കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തുകൾ, കോട്ടയം ജില്ലയിലെ ളാലം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തുകൾ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് വിവിധ മേഖലയിലെ കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ അവാർഡുകൾ ഈ കാലഘട്ടത്തിൽ ലഭിച്ചുവെന്നത് ശ്രദ്ധേയമാണ്. ഭവന നിർമ്മാണ മേഖലയിലെ മികച്ച ധനവിനിയോഗത്തിന് കെ.യു.ആർ.ഡി.എഫ്.സി.-ക്കും മികച്ച പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് ലൈഫ് മിഷനും ഹഡ്കോയുടെ ദേശീയ അംഗീകാരം ലഭിച്ചു. കുട്ടികളുടെ പൂരക പോഷകാഹാര മേഖലയിൽ കുടുംബശ്രീക്ക്

Glenmark Nutrition Award ലഭിച്ചു. ഭവന നിർമ്മാണ രംഗത്ത് ഉണ്ടാക്കിയ മുന്നേറ്റത്തിന് കേന്ദ്രസർക്കാരിന്റെ അവാർഡ് ലഭിച്ചത് കുടുംബശ്രീക്കും ലൈഫ് മിഷനുമാണെന്ന് നമുക്കെല്ലാവർക്കുമറിയാം.

സഭയിൽ അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ ഓരോന്നും വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കുറച്ചുവെന്ന് ഇന്നലെ പറഞ്ഞ കാര്യം ഇന്നും ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 1996 ചിങ്ങം 1-ന്, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നേതൃത്വത്തിന്റെ പരിച്ഛേദമാകെ അണിനിരന്ന വേദിയിൽ കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. ആണ് ജനകീയാസൂത്രണത്തിന് തിരിതെളിയിച്ചത്. 9-ാം പദ്ധതി ജനകീയ പദ്ധതിയായി ആരംഭിച്ച് ഈ വർഷത്തോടെ പതിനാലാം പഞ്ചവത്സരപദ്ധതിയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. വികസന പ്രക്രിയയിൽ കാൽ നൂറ്റാണ്ട് തികച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങളെ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും അധികാര വികേന്ദ്രീകരണ പ്രക്രിയയും പ്രാദേശിക സർക്കാരുകളെയും ശക്തിപ്പെടുത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2022-23 വർഷം പദ്ധതി രൂപീകരണത്തിൽ

കാലതാമസം വന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമായ പ്രസ്താവനയാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായതിനാലുള്ള സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. 12-ാം പദ്ധതി യു.ഡി.എഫ്. ഭരണകാലത്തായിരുന്നല്ലോ; അന്ന് പഞ്ചവത്സരപദ്ധതിയുടെ ആദ്യ വർഷമായ 2012-13 വാർഷിക പദ്ധതി അംഗീകാര നടപടി സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചത് 2012 സെപ്റ്റംബർ 24-ന് ആയിരുന്നെന്ന കാര്യം യു.ഡി.എഫ്. നേതാക്കൾ മറന്നുപോകരുത്. യു.ഡി.എഫ്. ഭരണകാലത്ത്, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അന്തിമമാക്കിയത്. 13-ാം പദ്ധതി രൂപീകരണ പ്രക്രിയ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തായിരുന്നു. അതിന്റെ ആദ്യവർഷ പദ്ധതി 2017 ജൂലൈ മാസത്തോടെയാണ് പൂർത്തിയാക്കിയത്. ഇത്തവണയും പതിനാലാം പദ്ധതിയുടെ ആദ്യ പൂർണ്ണ വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ 2022 ഏപ്രിൽ മാസത്തിൽ പുറപ്പെടുവിച്ചു. അതിന്റെ ഭാഗമായി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടന, വികസന രേഖ പുതുക്കൽ തുടങ്ങി ഗ്രാമസഭകളും വികസന സെമിനാറുകളും വരെയുള്ള നടപടികളെല്ലാം പൂർത്തീകരിച്ചു. അവരവരുടെ

മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന സെമിനാറുകളിൽ കഴിഞ്ഞ ആഴ്ചകളിൽ ഉദ്ഘാടനച്ചടങ്ങുകൾ ഉൾപ്പെടെയുള്ള പരിപാടികളിൽ പങ്കെടുത്തവരാണ് ബഹുമാന്യരായ ഭൂരിഭാഗം എം.എൽ.എ.-മാരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നിട്ടും പദ്ധതി രൂപീകരണം നടന്നില്ലെന്ന് പറയുന്നതെന്തടിസ്ഥാനത്തിലാണ്; ഇപ്പോൾ പദ്ധതികൾ ഡി.പി.സി.-ക്ക് സമർപ്പിച്ച് അംഗീകാരം നേടുന്ന പ്രവർത്തനത്തിലേയ്ക്കാണ് നീങ്ങുന്നത്. ഈ മാസംതന്നെ പ്രസ്തുത പ്രക്രിയ പൂർത്തിയാകും.

ഇതേസമയം അനിവാര്യമായ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണം ഏപ്രിൽ മാസംതന്നെ ആരംഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഫണ്ടിനത്തിൽ പ്രോജക്ടുകൾ കഴിഞ്ഞ ജനുവരിയിൽ രൂപീകരിച്ച് ഏപ്രിൽ മുതൽ നിർവ്വഹണം തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് വാർഷിക പദ്ധതി രൂപീകരണത്തിൽ ഈ വർഷം വലിയ കാലതാമസം വരുത്തിയെന്ന പ്രചരണം ഒട്ടും വസ്തുതാപരമല്ല. പൂർണ്ണ വാർഷിക പദ്ധതി രൂപീകരണം 2012-ൽ യു.ഡി.എഫ്. ഭരണകാലത്ത് സാധിച്ചതിനേക്കാൾ മൂന്ന് മാസം മുമ്പുതന്നെ പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഫണ്ടനുവദിച്ചതുമായി ബന്ധപ്പെട്ട ഒരുപാട്

കാര്യങ്ങൾ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ടിനെ സംബന്ധിച്ച് പുകമറ സൃഷ്ടിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇന്നലെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. 2021-22-ൽ 7,180 കോടി രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധയിനങ്ങളിലായി അനുവദിച്ചിട്ടുള്ളത്. 185753 പ്രോജക്ടുകളിലായി, 5,835.93 കോടി രൂപ (88.12%) ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. ചില ഗ്രാമപഞ്ചായത്തുകൾക്ക് 92.9% പുരോഗതി നേടാനായി. 259 ഗ്രാമപഞ്ചായത്തുകൾ 100% പദ്ധതി പുരോഗതി നേട്ടം കൈവരിച്ചു. പട്ടികജാതി വിഭാഗത്തിലെ പ്രത്യേക ഘടകപദ്ധതിയിൽ 377 ഗ്രാമപഞ്ചായത്തുകളും ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ 171 ഗ്രാമപഞ്ചായത്തുകളും 100% നിർവ്വഹണ പുരോഗതി നേടി. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം 8,048 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 868 കോടി രൂപ അധികമാണിത്. ഇതിന്റെ ആദ്യ ഗഡു ഇതിനകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. ഇതൊക്കെയറിഞ്ഞിട്ടും ഇവിടെ യാതൊന്നും ചെയ്തിട്ടില്ലെന്നാണ് പറയുന്നത്. ഒന്നാം ഗഡു ഇപ്പോൾ

കൈമാറിക്കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒന്നാം ക്വാർട്ടറിലേയ്ക്കുള്ള ആദ്യ ഗഡു അനുവദിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പിനും ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദനമർപ്പിക്കുകയാണ്.

2011-16-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഓരോ വർഷത്തേയും സംസ്ഥാന പദ്ധതി അടങ്കലിന്റെ ശരാശരി 24% മാത്രമാണ് പ്രാദേശിക സർക്കാരുകൾക്ക് നല്കിയിരുന്നത്. എന്നാൽ 2016-21 കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അത് 25% ആയി വർദ്ധിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്ത് ആകെ 19,788 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിൽനിന്ന് നീക്കിവച്ചിരുന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് അത് 33,130 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നത് നാം ഓരോരുത്തരും മനസ്സിലാക്കേണ്ട കാര്യമാണ്. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യവർഷം സംസ്ഥാന പദ്ധതി അടങ്കൽ 26 ശതമാനവും ഈ വർഷം 26.5 ശതമാനവുമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ആ രീതിയിലാണ് നല്കിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിയുടെ

പേരിൽ ഒരു വെട്ടിക്കുറവും തദ്ദേശസ്വയംഭരണ വകുപ്പിനോടും സ്ഥാപനങ്ങളോടും ധനകാര്യ വകുപ്പ് കാണിച്ചിട്ടില്ല. വരുന്ന വർഷങ്ങളിലും ഓരോ വർഷവും ഈ രീതിയിൽ വർദ്ധനവുണ്ടായാൽ ഏതാണ്ട് 30% ആയി വർദ്ധനവ് ഉയർത്തിയെടുക്കാൻ കഴിയുമെന്നതന്നെയാണ് പ്രതീക്ഷിക്കുന്നത്. മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യവും ഇന്നലെ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. ഇന്ന് വീണ്ടും അക്കാര്യം ഉന്നയിച്ചിരിക്കുകയാണ്. ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് കർശനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ സ്ഥിതിവിവരക്കണക്കിനെ ആധാരമാക്കിയാണ് ഈ വർഷം മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാൻ തീരുമാനിച്ചത്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുകൾ ഉൾപ്പടെയുള്ള ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മൂന്ന് വർഷത്തേക്കാൾ വലിയ കുറവ് വരികയും കുറച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധനവുണ്ടാകുകയും ചെയ്തുവെന്നത് സത്യമാണ്. ഇന്നലെ സഭയിൽ സൂചിപ്പിച്ചതുപോലെ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന് 2021-22 വർഷം 29.42 കോടി രൂപയാണ് ലഭിച്ചിരുന്നത്. എന്നാൽ ഇത്തവണ 6.71 കോടി രൂപയായി കുറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്തിന് കഴിഞ്ഞ വർഷം 61.04 കോടി

രൂപ ലഭിച്ചിരുന്നു. എന്നാൽ ഇത്തവണ 10.57 കോടി രൂപയായി കുറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കഴിഞ്ഞ വർഷം 47.05 കോടി രൂപ ലഭിച്ച സ്ഥാനത്ത് 2.12 കോടി രൂപയായി കുറഞ്ഞു. ഇത്തരത്തിൽ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും റോഡ് മെയിന്റനൻസ് ഗ്രാന്റ് കുറഞ്ഞെന്ന വസ്തുത മനസ്സിലാക്കിയും ഈ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുമാണ് പുനഃപരിശോധന നടത്തി വ്യക്തതയോടുകൂടി മുൻവർഷം നല്കിയ അനുപാതത്തിൽത്തന്നെ ഈ വർഷവും മെയിന്റനൻസ് ഗ്രാന്റ് വിഭജിച്ച് നല്കാൻ ഉത്തരവിറക്കിയത്. എന്നാൽ ഇപ്രകാരം പുനഃക്രമീകരിക്കുമ്പോഴും ബഡ്ജറ്റിലെ മൊത്തം വിഹിതമായ 1,849.65 കോടി രൂപയിൽ യാതൊരു കുറവും വരാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമുണ്ടാകേണ്ടതില്ല. അതെല്ലാം അവർക്ക് ലഭിക്കുന്ന കാര്യം തന്നെയാണ്.

ബഹുമാനപ്പെട്ട അംഗങ്ങളിൽ കുറച്ചുപേർ മലപ്പട്ടം ഗ്രാമപഞ്ചായത്ത് വിഷയം പറഞ്ഞത് എന്റെ പഞ്ചായത്താണെന്നാണ്. എന്റെ പ്രദേശം വാസ്തവത്തിൽ പഞ്ചായത്തല്ല, മുനിസിപ്പിലിറ്റിയാണ്. വളപട്ടണം പഞ്ചായത്താണെന്ന് ചിലർ പറയുന്നതുകേട്ടു. അതൊക്കെ തെറ്റായാണ്

വിശദീകരിക്കുന്നത്. കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന പരാതിയാണിവിടെ ഉന്നയിക്കാൻ ശ്രമിച്ചത്. ചെറിയ രീതിയിൽ മാത്രം വസ്തു നികുതിയും തൊഴിൽ നികുതിയും ലഭിക്കുന്നൊരു പഞ്ചായത്താണ് മലപ്പട്ടം. പഞ്ചായത്തിന്റെ പ്രധാന വരവ് ഇവിടെ സൂചിപ്പിച്ചത് മാത്രമാണ്. തനത് ഫണ്ടിലുണ്ടായ കുറവ് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഒരു സ്ഥിതിയാണ് മലപ്പട്ടം പഞ്ചായത്തിനുള്ളത്. ഇതേ സാഹചര്യം തന്നെയാണ് മറ്റ് ചില പഞ്ചായത്തുകൾക്കുമുള്ളത്. 2021-22-ൽ പ്രതിസന്ധിയുണ്ടായപ്പോൾ മലപ്പട്ടം പഞ്ചായത്തിന് സർക്കാർ 20.74 ലക്ഷം രൂപ ഗ്യാപ്പ് ഫണ്ടനുവദിച്ചു. ഈ ഫണ്ടും ജനറൽ പർപ്പസ് ഗ്രാന്റും ഉപയോഗിച്ചാണ് കഴിഞ്ഞ ഡിസംബർ മുതൽ മാർച്ച് വരെ ശമ്പളവും ക്ഷാമബത്തയും നല്കിയിരുന്നത്. ജൽജീവൻ മിഷന് അടയ്ക്കേണ്ട ഫണ്ടിൽനിന്ന് അടിയന്തരമായി നല്കേണ്ടതില്ലാത്ത തുക ഉപയോഗിച്ച് ഏപ്രിൽ-മേയ് മാസത്തിലെ ശമ്പളവും നല്കിയിട്ടുണ്ട്. ജൂൺ മാസത്തെ ശമ്പളം മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. വസ്തുത ഇതായിരിക്കെ 3 മാസത്തെ ശമ്പളം നല്കിയിട്ടില്ലെന്ന് പൊലിപ്പിച്ച് പ്രചരിപ്പിക്കുന്നത് തെറ്റായ സമീപനമാണ്. ഇവിടത്തെ ഒരു ജീവനക്കാരനായ ശ്രീ. എം. വി. ബാബു ശമ്പളം കിട്ടാത്തതിനാൽ കൂലിപ്പണിക്കുപോകുന്നെന്നൊരു ഫോട്ടോ

ഉയർത്തിക്കാണിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് രംഗത്ത് വരികയുണ്ടായി. അദ്ദേഹത്തിന്റെ സഹോദരന്റെ വീടുപണിയിൽ സഹായിക്കുന്ന ഫോട്ടോയെടുത്താണ് ഈ പ്രചരണം നടത്തിയിട്ടുള്ളത്. അദ്ധ്വാനിച്ച് ജീവിക്കുന്ന ഏതൊരാളിന്റേയും ശമ്പളവും ആനുകൂല്യവും ഉറപ്പാക്കാൻ എൽ.ഡി.എഫ്. സർക്കാർ മറ്റാരെക്കാളും മുന്നിലുണ്ടാകും. അതുറപ്പാണ്. എന്നാൽ സ്വന്തം സഹോദരന്റെ വീടുപണിക്ക് സഹായിക്കാൻ പോയ പഞ്ചായത്ത് ജീവനക്കാരൻ കൂലിപ്പണിക്ക് പോകേണ്ടി വന്നെന്ന നിലയിലുള്ള വ്യാജ പ്രചരണങ്ങളെ തിരിച്ചറിയാനും തള്ളിക്കളയാനും സാധിക്കണമെന്നതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

എൽ.ഡി.എഫ്. സർക്കാരിന്റെ കീഴിൽ എക്സൈസ് വകുപ്പ് മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. സമൂഹത്തിലെ മയക്കുമരുന്ന് വ്യാപനത്തിനെതിരെയും വ്യാജമദ്യത്തിനെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എക്സൈസ് വകുപ്പ് കഴിഞ്ഞ കാലങ്ങളിൽ കണ്ടെടുത്ത കേസുകളുടെ എണ്ണം പരിശോധിച്ചാൽ ഇത് മനസ്സിലാക്കാൻ കഴിയും.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തെ എക്സൈസ് വകുപ്പ് 19221 അബ്കാരി കേസ്സുകളും 4147 എൻ.ഡി.പി.എസ്.

ആക്ട് (Narcotic Drugs and Psychotropic Substances Act) പ്രകാരമുള്ള കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസ്സുകളിൽ 14617 പേരേയും എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസ്സുകളിൽ 4094 പേരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽപ്പെട്ട 19826 ലിറ്റർ സ്പിരിറ്റും 9013 ലിറ്റർ ചാരായവും 519342 ലിറ്റർ വാഷും 26957 ലിറ്റർ അനധികൃത മദ്യവും 4965 കിലോഗ്രാം കഞ്ചാവും 9 കിലോഗ്രാം എം.ഡി.എം.എ.-യും 27.85 കിലോഗ്രാം ഹാഷിഷും പിടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാർതന്നെ വ്യക്തമായ മദ്യനയത്തെ അടിസ്ഥാനമാക്കിയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ആഭ്യന്തര കുഴപ്പങ്ങൾകാരണം അവരുടെ ഭരണത്തിൽ നിരന്തരമായ നയംമാറ്റം നടത്തിയപ്പോൾ അരാജകത്വവും അഴിമതിയും നടമാടിയിരുന്നുവെന്നുള്ളത് ശരിയാണ്. ഈ സർക്കാർ വ്യക്തമായ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ട്, മദ്യവർജ്ജനത്തിൽക്കൂടി മദ്യ ഉപഭോഗം കുറയ്ക്കുന്നതിനോടൊപ്പം മയക്കുമരുന്നിന്റെ ഉപയോഗം തടയാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണത്തിന് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. മദ്യ നിരോധനത്തിലൂടെ മദ്യ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാൻ

കഴിയില്ലെന്ന് എല്ലാവരുടേയും അനുഭവത്തിൽനിന്നും വ്യക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ മദ്യവർജ്ജനത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. മദ്യശാലകളുടെ എണ്ണത്തിന്റെമാത്രം അടിസ്ഥാനത്തിൽ മദ്യ ഉപഭോഗം കണക്കാക്കുന്നത് ശരിയാകില്ല. യു.ഡി.എഫ്. ഭരണകാലത്ത് മദ്യശാലകളുടെ എണ്ണം കുറവായിരുന്നെങ്കിൽ എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ മദ്യ ഉപഭോഗം കുറയുകയാണ് ചെയ്തത്. മദ്യശാലകളുടെ എണ്ണം കൂടിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. 2011-2016 കാലഘട്ടത്തിൽ ബെവ്കോ 1149.11 ലക്ഷം കെയ്സ് വിദേശമദ്യം വിൽപ്പന നടത്തിയപ്പോൾ, 2016-2021 കാലഘട്ടത്തിൽ 1036.6 ലക്ഷം കെയ്സ് മദ്യം മാത്രമാണ് വിൽപ്പന നടത്തിയത്. ഇത്തരം സ്ഥാപനങ്ങളിൽ അനിയന്ത്രിതമായ തിരക്കുണ്ടാകാതിരിക്കാൻവേണ്ടിയാണ് മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിച്ചത്. അവയുടെ എണ്ണം കൂട്ടുന്നതിലൂടെ ഷോപ്പുകളിലെ തിരക്ക് കുറയ്ക്കാൻ സാധിക്കും. നിലവിലുള്ള എല്ലാ ഷോപ്പുകളിലും ക്യൂ നിൽക്കുന്ന സമ്പ്രദായം ഒഴിവാക്കി വാക്ക്-ഇൻ സൗകര്യങ്ങളുള്ള പ്രീമിയം ഷോപ്പുകളാക്കി മാറ്റാനാണ് തീരുമാനിച്ചിട്ടുള്ളത്. അത് പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്യും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്

വില വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന അങ്ങയുടെ പ്രസ്താവന കഴിഞ്ഞ ദിവസത്തെ പത്രങ്ങളിൽ കാണുകയുണ്ടായി. അതുസംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളും വരികയുണ്ടായി. അത് വിദേശ മദ്യനിർമ്മാണ കമ്പനികളെ സഹായിക്കാൻവേണ്ടിയുള്ള നടപടിയെന്നായിരുന്നു ആക്ഷേപം. അങ്ങനെയൊരു നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മദ്യം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുവായ സ്പിരിറ്റിന് ഇപ്പോൾ വലിയ തോതിലുള്ള വില വർദ്ധനവുണ്ടായിട്ടുണ്ട്. ബെവ്കോ ഇറക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ബ്രാൻഡുകൾക്കുപോലും ഓരോ കുപ്പിക്കും മൂന്നും നാലും രൂപ നഷ്ടം വരുത്തിക്കൊണ്ടാണ് ഉല്പാദനം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടിവരുമെന്നുതന്നെയാണ് ഗവണ്മെന്റ് കാണുന്നത്. ലഹരിക്ക് അടിമപ്പെട്ടവരുടെ ചികിത്സയ്ക്കായി ഡീ-അഡിക്ഷൻ സെന്ററുകൾ പതിനാല് ജില്ലകളിലും ആരംഭിച്ചു. ഈ സെന്ററുകളിലൂടെ 71250 പേർക്ക് നാളിതുവരെ ചികിത്സ നൽകാൻ കഴിഞ്ഞു.

പരമ്പരാഗത മേഖലയിലെ കള്ളുചെത്ത് വ്യവസായം

സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ടോഡി ബോർഡ് അധികം വൈകാതെ നിലവിൽവരും. ബോർഡിന്റെ പ്രവർത്തനം കള്ളുചെത്ത് വ്യവസായ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കശുമാങ്ങ, കൈതച്ചക്ക തുടങ്ങിയ കാർഷിക വിഭവങ്ങൾ ഉപയോഗശൂന്യമായിപ്പോകുകയാണ്. ഇതുമൂലം കർഷകർക്കുണ്ടാകുന്ന വരുമാനനഷ്ടം ഒഴിവാക്കുന്നതിന് അത്തരം വിളകൾ സംഭരിക്കുന്നതിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമായിരിക്കും. ഇതിനെപ്പറ്റി പഠനം നടത്തിയ കേരള കാർഷിക സർവ്വകലാശാല ഇത്തരം കാർഷികോല്പന്നങ്ങളിൽനിന്നും വൈൻ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യങ്ങളുമായി ഗവണ്മെന്റ് മുന്നോട്ടുപോകും.

കേരളത്തെ സ്വിറ്റ്സർലാൻഡുമായി താരതമ്യം ചെയ്ത് ഇന്നലെ സഭയിൽ സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പേരിൽ അദ്ദേഹംതന്നെ തയ്യാറാക്കിയ ഒരു വീഡിയോ ഇന്നലെ പുറത്തിറക്കി. അതിൽ "സ്വിറ്റ്സർലാൻഡെന്ന് പറയാത്തത് മഹാഭാഗ്യം" എന്നാണ് അദ്ദേഹം എന്റെ വാക്കുകളെ കളിയാക്കി പറഞ്ഞത്. ശ്രീലങ്കയല്ല കേരളം, പത്തിരുപത് വർഷംകൊണ്ട് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ വളരെ

ഗൗരവപൂർണ്ണമായ തലത്തിലേയ്ക്ക് വളർത്തിയെടുക്കാൻതന്നെയാണ് ശ്രമിക്കുന്നതെന്നുള്ള കാര്യം ഞാൻ ഇന്നലെ പറഞ്ഞിരുന്നു. യു.എൻ.ഡി.പി.-യുടെ (യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം) 2020-ലെ മാനവ വികസന സൂചികയനുസരിച്ച് 0.646 പോയിന്റുമായി ഇന്ത്യ 131-ാം സ്ഥാനത്തും 0.957 പോയിന്റുമായി നോർവേ ഒന്നാം സ്ഥാനത്തും 0.955 പോയിന്റോടെ സ്വിറ്റ്സർലാൻഡും അയർലന്റും രണ്ടാം സ്ഥാനത്തുമാണുള്ളത്. കേരളത്തിന്റെ മാനവ ശേഷി വികസന സൂചിക പ്രകാരമുള്ള സ്കോർ 0.782 ആണ്. അതായത് മാനവ ശേഷി വികസന സൂചികയിൽ ഇന്ത്യയുടെ നിലവാരത്തേക്കാൾ എത്രയോ മുന്നിലാണ് കേരളമെന്ന് വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ സ്വിറ്റ്സർലാൻഡിന്റെ നിലവാരത്തിലേയ്ക്കുള്ള വഴിയിലാണ് കേരളം സഞ്ചരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനം ശ്രീലങ്കയുടെ പാതയിലല്ല, സ്വിറ്റ്സർലാൻഡിന്റെ നിലവാരത്തിന് തുല്യമായ റാങ്കിലേയ്ക്ക് കേരളത്തെ എത്തിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിയുമെന്ന ഉറച്ച വിശ്വാസമാണുള്ളത്. വികസന രാജ്യങ്ങൾക്കിടയിൽ ഒ.ഇ.സി.ഡി. (Organization for Economic Co-operation and Development) രാജ്യങ്ങൾ നടത്തിയ മറ്റൊരു പഠനത്തിൽ വ്യക്തമായ കണക്കുകൾ

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്വിറ്റ്സർലാൻഡിലെ ജനങ്ങൾക്ക് വീടുകളനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആ രാജ്യത്തിന്റെ സ്കോർ പത്തിൽ 6.9 ശതമാനമാണ്. അതായത് നൂറ് ശതമാനം പേർക്കും വീടെന്ന സ്വപ്നം ഇപ്പോഴും അവിടെ പൂർത്തിയായിട്ടില്ല എന്നർത്ഥം. ആ പഠനത്തിൽ പരിഗണിക്കപ്പെട്ട പത്ത് മാനദണ്ഡങ്ങളിൽ പലതിലും സ്വിറ്റ്സർലാൻഡിന് എട്ടും ഒൻപതും പോയിന്റുകളുണ്ട്. എന്നാൽ ജനാധിപത്യ ഇടപെടലുകളുടെ കാര്യത്തിൽ കേവലം 3.2 ശതമാനം മാത്രമാണുള്ളത്. അപ്പോൾ സ്വിറ്റ്സർലാൻഡുപോലും സമഗ്ര വികസനത്തിൽ സമ്പൂർണ്ണമല്ലെന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. നേരെമറിച്ച് ജനാധിപത്യ പ്രക്രിയയിൽ, അവിടെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 45 ശതമാനം ആളുകൾ മാത്രമെ വോട്ട് ചെയ്തിട്ടുള്ളൂ. എന്നാൽ കേരളത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ 80 മുതൽ 85 ശതമാനംവരെ ആളുകൾ വോട്ട് രേഖപ്പെടുത്തുന്നുണ്ടെന്നുള്ളത് സത്യമാണ്. അങ്ങനെ ഓരോന്നായി പരിശോധിക്കുമ്പോൾ, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മൾ ശ്രീലങ്കയിലേയ്ക്ക് പോകുകയല്ല സ്വിറ്റ്സർലാൻഡിന്റെ നിലവാരത്തിലേയ്ക്ക് നീങ്ങുന്നതിനുള്ള ശ്രമംതന്നെയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

തൊഴിൽ സഭകൾ എന്നുള്ളത് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട

കാര്യമായി മാറുകയാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിയാണ് കെ-ഡിസ്കിന്റെ ഭാഗമായി ഇപ്പോൾ നടക്കുന്നത്. ഇരുപതുലക്ഷം അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുകയാണ്. ഒരുലക്ഷം സംരംഭകരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം വ്യവസായ വകുപ്പും മറ്റ് വിവിധ വകുപ്പുകളുമായി ചേർന്ന് മുന്നോട്ടുപോകുകയാണ്. അക്കാര്യങ്ങളെല്ലാം ഇവിടെ നേരത്തെ വിശദീകരിച്ചിട്ടുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും ഇവിടെ ചൂണ്ടിക്കാണിച്ച നിരവധി പ്രശ്നങ്ങളിൽ ഓരോന്നോരോന്നായിട്ടല്ല ഞാൻ മറുപടി പറയാൻ ശ്രമിച്ചത്. കേരളം ഏത് സമ്പദ് വ്യവസ്ഥയിലേയ്ക്കാണ്, കാർഷിക-വ്യാവസായിക-സർവ്വീസ് മേഖലകളിലേയ്ക്കാണോ പോകുന്നതെന്ന് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ചോദിക്കുകയുണ്ടായി. വളരെ വ്യക്തമായി പറഞ്ഞാൽ അതാണ് കേരള മോഡൽ. കേരളത്തിൽ പിന്നാക്കം നിൽക്കുന്ന പാവപ്പെട്ട മനുഷ്യർക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഗുണമേന്മയുള്ള ജീവിതം നയിക്കാനുള്ള സംവിധാനമൊരുക്കിയെന്നുള്ളതാണ് കേരള മോഡലിന്റെ പ്രത്യേകത. ആ മോഡലാണ് ഇവിടെ കൈകാര്യം

ചെയ്തുകൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിൽ കേന്ദ്രീകരിക്കണ-മെന്നുതന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ ആറ് യൂണിവേഴ്സിറ്റികളിൽ ഒന്നായി കേരള യൂണിവേഴ്സിറ്റി മാറിയിരിക്കുന്നുവെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉറങ്ങുന്നവരെ മാത്രമെ ഉണർത്താൻ സാധിക്കുകയുള്ളൂ, ഉറക്കം നടിച്ച് കിടക്കുന്നവരെ എങ്ങനെ ഉണർത്താൻ കഴിയും? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം, ഫണ്ട്, തുടങ്ങിയ കാര്യങ്ങൾ വെട്ടിക്കുറച്ചിരിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. പല അംഗങ്ങളും ഒന്നും അന്വേഷിക്കാതെയും കാര്യങ്ങൾ മനസ്സിലാക്കാതെയുമാണ് അത്തരത്തിൽ പറയുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. ടി. ജെ. വിനോദിന്റെ പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതവും വെഹിക്കിൾ ടാക്സ് നഷ്ടപരിഹാരവുമുൾപ്പെടെയുള്ള ഫണ്ടുകൾ ഇപ്പോൾ നൽകുന്നില്ലെന്നാണ് പറയുന്നത്. 2004-2005-ൽ യു.ഡി.എഫ്.-ന്റെ ഭരണ കാലത്താണ് സ്റ്റാമ്പ് ഡ്യൂട്ടി വിഹിതവും വെഹിക്കിൾ ടാക്സ് നഷ്ടപരിഹാരവുമുൾപ്പെടെ ലയിപ്പിച്ച് ജനറൽ പർപ്പസ് ഗ്രാന്റായി കൊടുക്കാൻ തുടങ്ങിയതെന്ന് ശ്രീ. ടി. ജെ. വിനോദിന് നന്നായി അറിയാവുന്നതാണ്. യു.ഡി.എഫ്. ഭരണകാലത്താണ് അത്

നിർത്തലാക്കിയതെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഓർക്കണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. നിങ്ങളുടെ കാലത്ത് നാമമാത്രമായിരുന്ന മെയിന്റനൻസ് ഗ്രാന്റ്, സംസ്ഥാന തനതുനികുതി വരുമാനത്തിന്റെ 6.5 ശതമാനമായി വർദ്ധിപ്പിക്കുകയാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട മറ്റൊരുകാര്യം, കേരളത്തിൽ അങ്ങോളമിങ്ങോളം വിദ്യാഭ്യാസ നിലവാരമുൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലാതെ മേറ്റുമാരെ നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് ശ്രീമതി കെ. കെ. രമ പറഞ്ഞിരുന്നു. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റുമാരെ നിശ്ചയിക്കുന്നത് കുടുംബശ്രീയാണ്. കുടുംബശ്രീയുടെ ഭാഗമായുള്ള സ്ത്രീകൾ തീർച്ചയായും മറ്റു മേഖലയിൽനിന്നും വരണം. എസ്.എസ്.എൽ.സി.- ആണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എട്ടാം ക്ലാസ് മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ട് അതൊരു കുറ്റമായി കാണേണ്ട യാതൊരു കാര്യവുമില്ല. സ്ത്രീകൾക്കാവശ്യമായ രീതിയിലുള്ള സംരക്ഷണമാണ് നൽകിയിട്ടുള്ളത്. അടുത്തകാലത്ത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനമണ്ഡലം വ്യാപിപ്പിക്കുകയും വിപുലപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളതെന്നതും സത്യമാണ്. ദുരിതനിവാരണത്തിൽ കൃത്യമായ റോൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്കുണ്ടായി. കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനത്തിലും പങ്കുണ്ടായി. അതിന്റെ ഭാഗമായി വാതിൽപ്പടി സേവനം പദ്ധതി രൂപീകരിച്ചു. തൊഴിൽസംരംഭ മേഖലയിൽ പുതിയ സാദ്ധ്യതകൾ ഉപയോഗിച്ചുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇങ്ങനെ നിരവധി മേഖലകളിൽ വലിയ മാറ്റങ്ങൾക്ക് ശക്തിമത്തായ രീതിയിൽ അടിത്തറപാകിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. പി.എസ്.സി.-യിൽ ഈ വർഷം 1244 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി, കഴിഞ്ഞ സഭയിൽ ഞാനൊരു അടിയന്തപ്രമേയം അവതരിപ്പിച്ചപ്പോൾ ലൈഫ് മിഷന്റെ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് കഴിഞ്ഞ ഫെബ്രുവരി 28-ാം തീയതി പ്രസിദ്ധീകരിക്കുമെന്ന് പറഞ്ഞിരുന്നു. ലൈഫ് പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ട് ഒന്നേമുക്കാൽ കൊല്ലമായി. ഇന്നുവരെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. അതെന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കും?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഞാനിവിടെ ചൂണ്ടിക്കാണിച്ച എല്ലാ പ്രക്രിയയും കഴിഞ്ഞ്, അതായത് ആദ്യം മുനിസിപ്പൽതലത്തിലും പിന്നീട് ബ്ലോക്കടിസ്ഥാനത്തിലും

അതുകഴിഞ്ഞ് ജില്ലാടിസ്ഥാനത്തിലും കളക്ടറുടെ മുമ്പിൽ ആക്ഷേപങ്ങളും അപേക്ഷകളും കൊടുത്ത് അതിന്റെയെല്ലാം പരിശോധനകൾ കഴിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമസഭകളും പരിശോധിച്ചതിനുശേഷം ഏറ്റവും അവസാനം ആഗസ്റ്റ് 16-ാം തീയതി പൂർണ്ണമായ അർത്ഥത്തിലുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കും. ഇവിടെ ശ്രീ. പി. അബ്ദുൽ ഹമീദ് പറഞ്ഞത് പഞ്ചായത്ത് പ്രസിഡന്റുമാരെ നേരിട്ട് കണ്ടാൽ കാര്യങ്ങൾ മനസ്സിലാകുമെന്നാണ്. ഈ ഒരു കൊല്ലത്തിനിടയിൽ പഞ്ചായത്ത് പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും ആറുപ്രാവശ്യം നേരിട്ട് കണ്ടിട്ടുണ്ട്. അവരെയെല്ലാം നേരിട്ട് ജില്ലകളിൽപോയി കാണുകയും സംസ്ഥാനാടിസ്ഥാനത്തിൽ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ നിരവധി പ്രക്രിയയിൽക്കൂടി അവരുടെ അഭിപ്രായങ്ങൾ കൃത്യമായി കേട്ടിട്ടുമുണ്ട്. അവർക്കെല്ലാം നല്ല അഭിപ്രായമാണുള്ളത്. അഭിപ്രായമില്ലാതെയിരിക്കുന്നത് നിങ്ങൾക്കാണ്. അത് നിങ്ങളുടെ കുഴപ്പം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗമായ പ്രാദേശിക ഗവണ്മെന്റുകളുടെ പ്രവർത്തനമെന്ന രീതിയിൽ നല്ലനിലയിൽ,

യോജിച്ച് കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. അല്ലാതെ അതിൽനിന്നും വ്യത്യസ്തമായൊരു നിലപാടിലേയ്ക്കല്ല പോകുന്നത്. അതുപോലെ നിരവധി കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വേക്കൻസികൾ നികത്താനാവശ്യമായ നടപടിയുടെ ഭാഗമായി പി.എസ്.സി.-ക്ക് നിർദ്ദേശം കൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്യുകയാണ്. എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നതും ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട മന്ത്രി, ഇന്നലെ ഞാൻ വാക്കൗട്ട് പ്രസംഗത്തിൽ ഒരു പത്രറിപ്പോർട്ട് വായിക്കുകയുണ്ടായി. ഈ മാസം 13-ാം തീയതി മലയാള മനോരമയിൽ കണ്ണൂർ ജില്ലയിൽനിന്നും വന്ന റിപ്പോർട്ടാണ്. (പത്രകട്ടിംഗ് ഉയർത്തിക്കാട്ടി) അതിൽ പറയുന്നത്, 'മലപ്പട്ടം പഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാതായിട്ട് മൂന്നുമാസം' . അതിൽ ബാബു എന്ന ജീവനക്കാരൻ കോൺക്രീറ്റ് കട്ട് ചെയ്യുന്നൊരു പടംകൂടി കൊടുത്തുകൊണ്ടാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ മാസങ്ങളോളം ശമ്പളം കുടിശ്ശികയായപ്പോൾ കഴിഞ്ഞ മാർച്ചിൽ സർക്കാർ 20 ലക്ഷം രൂപ ഗ്യാപ്പ്

ഫണ്ട് അനുവദിച്ചു. അക്കാര്യം ഇതിൽ എഴുതിയിട്ടുണ്ട്. 'എന്നാൽ ഈ ഫണ്ടുകൊണ്ട് വേതനത്തിന്റെയും ഓണറേറിയത്തിന്റെയും കുടിശ്ശിക തീർക്കാൻ മാത്രമെ കഴിഞ്ഞുള്ളൂ. ജീവനക്കാരുടെ ഇൻഷ്വറൻസ്, ലോൺ അടവുകൾ എന്നിവ മുടങ്ങി. ജനപ്രതിനിധികൾക്ക് ഓണറേറിയവും ലഭിക്കുന്നില്ല. ശമ്പളം ലഭിക്കാത്തവരുടെ കൂടെ ഭിന്നശേഷിക്കാരനായ ജീവനക്കാരനുമുണ്ട്. കാഴ്ചപരിമിതിമൂലം മറ്റുജോലികൾക്ക് പോകാൻ ഇദ്ദേഹത്തിന് കഴിയുന്നില്ല. മറ്റെല്ലാ പഞ്ചായത്തിലെയും സർക്കാർ ജീവനക്കാർ....' തുടങ്ങി മുഴുവൻ കാര്യങ്ങളും ഇതിലുണ്ട്. ബാബു എന്ന ജീവനക്കാരൻ സഹോദരന്റെ വീട്ടിൽ പണിക്കുപോയിട്ട് ആ ചിത്രമെടുത്തിട്ട് ശമ്പളം കിട്ടാത്തതുകൊണ്ട് ജോലിക്കുപോയിയെന്ന് മലയാള മനോരമ പോലൊരു പത്രം പ്രസിദ്ധീകരിച്ചതാണെങ്കിൽ അത് ഗുരുതരമായൊരു തെറ്റാണ്. പക്ഷേ ഈ വാർത്ത ഇതുവരെ പഞ്ചായത്ത് പ്രസിഡന്റോ സെക്രട്ടറിയോ ഉൾപ്പെടെയുള്ള ഒരാളും നിഷേധിച്ചിട്ടില്ല. അപ്പോൾ അവർക്കും ശമ്പളം കിട്ടാതായിട്ടുണ്ട്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഒരു മാസത്തെ കുടിശ്ശിക വന്നിട്ടുണ്ടെന്ന് ഞാൻ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞതാണ്. നേരത്തെ വന്ന ആറുമാസത്തെ കുടിശ്ശിക ഗവൺമെന്റ് ഗ്യാപ് ഫണ്ട് കൊടുത്ത്

പരിഹരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഒരുമാസത്തെ കുടിശ്ശികയുൾപ്പെടെയുള്ള കാര്യം പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കും. മലയാള മനോരമ പത്രത്തെ വിശ്വാസത്തിലെടുക്കേണ്ട. മലയാള മനോരമയിൽ പറയുന്നത് നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ട രേഖയായിരിക്കും. മനോരമയും മാതൃഭൂമിയും ഉൾപ്പെടെയുള്ള മാധ്യമങ്ങളാണ് കേരളത്തിലെ പ്രതിപക്ഷം. (...ബഹളം...) ഞാൻ പറഞ്ഞുതീർക്കട്ടെ... (...ബഹളം...) ഒരു ഭാഗമേ ആയിട്ടുള്ളൂ. (...ബഹളം...) ബാക്കിയുള്ളത് പറഞ്ഞുതീർന്നാൽ ശരിയാകും. അതായത് മലയാള മനോരമയും മാതൃഭൂമിയുമൊക്കെയുള്ള മാധ്യമങ്ങളാണ് കേരളത്തിലെ യഥാർത്ഥ പ്രതിപക്ഷം. നിങ്ങൾ ഇന്നലെ മനോരമ പറയുന്നത് അല്ലെങ്കിൽ മിനിഞ്ഞാന്ന് മാതൃഭൂമി പറയുന്നത് അതിങ്ങനെ വായിച്ച് അതിന്റെ ഫോട്ടോയെടുത്ത് ഇവിടെ അവതരിപ്പിക്കുകയാണ്. അത്രമാത്രമെ നിങ്ങൾ ചെയ്യുന്നുള്ളൂ. യഥാർത്ഥത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായിട്ടുള്ള ഏറ്റവും ശക്തിമത്തായ കടന്നാക്രമണം നടത്തുന്നത് മനോരമയും മാതൃഭൂമിയും ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ ഒരു വിഭാഗം തന്നെയാണ്. അവരാണ് യഥാർത്ഥത്തിൽ ഈ ഗവണ്മെന്റിനെതിരായ അപവാദ പ്രചാരണങ്ങളും കള്ളപ്രചാരവേലയും കള്ളവാർത്തകളും പ്രസിദ്ധീകരിച്ചുകൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം

ഇത്തരം പ്രചരണത്തിനുവേണ്ടി മുൻകയ്യെടുത്തിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണകക്ഷിയിലെയും പ്രതിപക്ഷത്തെയും അംഗങ്ങൾ മലയാള മനോരമയും മാതൃഭൂമിയുമുൾപ്പെടെയുള്ള പത്രവാർത്തകൾ നിയമസഭയിൽ ക്വാട്ട് ചെയ്യുന്നത് ഈ നിയമസഭയുടെ ആരംഭം മുതലുള്ള കാര്യമാണ്. നിയമസഭയിൽ ഈ ഒരു വർഷത്തിനകം എത്രയോ ഭരണകക്ഷി അംഗങ്ങൾ എല്ലാ പത്രങ്ങളും ക്വാട്ട് ചെയ്തിരിക്കുന്നു. മന്ത്രിമാർ ഉൾപ്പെടെയുള്ള എല്ലാ നേതാക്കന്മാരും സംസാരിക്കുമ്പോൾ പത്രങ്ങൾ ക്വാട്ട് ചെയ്ത് സംസാരിച്ചിട്ടുണ്ട്. നമ്മൾ എത്രയോ ലേഖനങ്ങൾ ക്വാട്ട് ചെയ്ത് സംസാരിക്കുന്നു. അത് തെറ്റാണെങ്കിൽ തെറ്റാണെന്ന് പറയണം. തെറ്റാണെന്ന് പറഞ്ഞ് നടപടി സ്വീകരിക്കണം. അല്ലാതെ പ്രതിപക്ഷ നേതാവായാലും ഈ സഭയിലെ അംഗങ്ങളായാലും പത്രങ്ങൾ ക്വാട്ട് ചെയ്ത് സംസാരിക്കുന്നത് ഒരു ഗുരുതരമായ തെറ്റാണെന്ന രീതിയിൽ സംസാരിക്കുന്നത് ശരിയല്ല. നമ്മളേക്കാളെല്ലാം വലിയ ആളുകൾ ഈ സഭയിലിരുന്ന് പത്രങ്ങൾ ക്വാട്ട് ചെയ്ത് സംസാരിച്ചിട്ടുണ്ട്. ഇപ്പോഴും സംസാരിക്കുന്നുമുണ്ട്. അങ്ങ് പറയുന്നത് ശരിയല്ല, അത് പിൻവലിക്കണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറഞ്ഞ കാര്യത്തിൽ

നിന്നും ഒരിഞ്ചുപോലും പിന്നോട്ടേയ്ക്ക് പോകാൻ തയ്യാറല്ല. ക്വാട്ട് ചെയ്യുന്നതിനോടൊന്നും എനിക്ക് എതിർപ്പില്ല. നിങ്ങൾ മനോരമയ്ക്കുവേണ്ടിയും മാതൃഭൂമിക്കുവേണ്ടിയും ഈ പറയുന്ന തരത്തിലുള്ള മാധ്യമ വിഭാഗങ്ങൾക്കുവേണ്ടി ന്യായീകരണം നടത്തുന്നത് വളരെ ശരിയാണ്. കാരണം നിങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാണ് അവർ; വലതുപക്ഷ നിലപാടുകൾ സ്വീകരിക്കുന്നവരാണവർ. നിങ്ങളേക്കാളും ആത്മാർത്ഥതയോടെ അവരാണ് പ്രതിപക്ഷമായി പ്രവർത്തിക്കുന്നതെന്നാണ് ഞാൻ പറഞ്ഞത്. അവർ ആ രീതിയിലുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ പറയുന്ന ഒരു കാര്യം പിന്നീട് രണ്ടോ മൂന്നോ ദിവസം കഴിഞ്ഞതിനുശേഷമാണ് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ പറയുന്നത്. വരുന്ന വാർത്തകൾ മുഴുവൻ നിഷേധിക്കാൻ പുറപ്പെട്ടാൽ ആ പണി മാത്രമെ ഉണ്ടാകുകയുള്ളൂ. പിന്നെ പണ്ടത്തെപ്പോലെയുള്ള വിശ്വാസ്യത ഈ പത്രങ്ങൾക്കെല്ലാമുണ്ടെന്ന തെറ്റിദ്ധാരണയുള്ള ആളല്ല ഞാൻ. കാരണം നിങ്ങളുടെ ഒരു ഭാഗത്തുനിന്നുകൊണ്ട്, വലതുപക്ഷ ആശയങ്ങൾക്ക് രൂപം കൊടുക്കാൻ വേണ്ടിയും വലതുപക്ഷ ആശയങ്ങൾക്ക് ആവശ്യമായ രീതിയിലുള്ള അടിത്തറ ഒരുക്കുന്നതിനുവേണ്ടിയും പ്രവർത്തിക്കുന്ന ഈ മാധ്യമങ്ങളെ

സംരക്ഷിക്കേണ്ട ബാദ്ധ്യത നിങ്ങൾക്കുണ്ടെന്നുള്ളത് ശരിയാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. അൻവർ സാദത്ത്: സർ, മാലിന്യമുക്ത കേരളത്തെ സംബന്ധിച്ച് എല്ലാ സർക്കാരുകളും പറയാറുണ്ട്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കണ്ടിൻജന്റ് ജീവനക്കാരുണ്ട്. ഈ സർക്കാർതന്നെ താൽപര്യമെടുത്ത് കൊണ്ടുവന്നിട്ടുള്ള പൊതുസർവ്വീസിലേയ്ക്ക് കണ്ടിൻജൻസി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി അതുവഴി അവർക്ക് പ്രൊമോഷൻ ഉൾപ്പെടെ ലഭ്യമാക്കുമോ? ഇതൊരു ന്യായമായ കാര്യമാണ്. നമ്മുടെ നാടിനെ മാലിന്യമുക്തമാക്കാൻവേണ്ടി കഷ്ടപ്പെടുന്ന തൊഴിലാളികളാണ് ഈ ജീവനക്കാർ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, നമുക്ക് രണ്ട് ബില്ലുകൾകൂടി പരിഗണിക്കാനുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മാലിന്യമുക്ത കേരളം എന്നത് ഈ ഗവണ്മെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. അതുസംബന്ധിച്ച് നേരത്തെ ബഹുമാന്യരായ പ്രതിപക്ഷനേതാവിനോടും ഡോ. എം. കെ. മുനീറിനോടുമൊക്കെ ഭരണപക്ഷത്തുനിന്ന് കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ പറഞ്ഞിട്ടുള്ളതാണ്. അതൊക്കെ ശ്രദ്ധിച്ചുകൊണ്ട്

നമുക്ക് മാലിന്യവിമുക്ത കേരളത്തിനുവേണ്ടി കൂട്ടായി പ്രവർത്തിക്കാൻ സാധിക്കേണ്ടതുണ്ട്. ആ സന്ദർഭത്തിൽ മുൻപന്തിയിൽനിന്ന് നന്നായി പ്രവർത്തിക്കുന്ന കണ്ടിൻജൻസി ജീവനക്കാരുടെ പ്രശ്നവും നമുക്ക് ഗൗരവപൂർവ്വം കൈകാര്യം ചെയ്ത് ആവശ്യമായ രീതിയിൽ നിലപാട് സ്വീകരിക്കാമെന്നാണ് അതുസംബന്ധിച്ച് പറയുവാനുള്ളത്.

ബഹുമാനപ്പെട്ട അംഗം ടി. പി. രാമകൃഷ്ണൻ സംസാരിച്ച സന്ദർഭത്തിൽ ആദ്യംതന്നെ ഒരുകാര്യം ചൂണ്ടിക്കാണിച്ചിരുന്നു. മുസ്ലീംലീഗിന്റെ ബഹുമാനപ്പെട്ട സംസ്ഥാന അദ്ധ്യക്ഷൻ നടത്തിയ പ്രതികരണത്തോട് നിങ്ങളുടെ നിലപാടെന്താണ് എന്ന ചോദ്യമാണ് മുസ്ലീംലീഗുകാരോട് പ്രത്യേകമായി അദ്ദേഹം ചോദിച്ചത്. എന്നാൽ ആ ചോദ്യം കേട്ടില്ലെന്ന് നടിക്കുകയാണ് നിങ്ങൾ ചെയ്തത്. അത് കേട്ടില്ലെന്ന് നടിച്ചതുകൊണ്ട് കാര്യമില്ല, വർഗ്ഗീയശക്തികൾക്കെതിരായ ഉറച്ച നിലപാട് സ്വീകരിക്കുന്ന സി.പി.ഐ(എം.)-നെ ഒഴിവാക്കിക്കൊണ്ട് കേരളത്തിന് മുന്നോട്ടുപോകാനാകില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കുകയാണ് അദ്ദേഹം ചെയ്തത്. നിങ്ങൾക്ക് ഇന്നിവിടെ അതിനെതിരായി എന്തെങ്കിലും പറയാൻ സാധിക്കില്ലെന്നുള്ളതുകൊണ്ട് വർഗ്ഗീയ ശക്തികൾക്കൊപ്പം (ന്യൂനപക്ഷ-ഭൂരിപക്ഷ വർഗ്ഗീയതയായാലും) നിൽക്കുന്ന യു.ഡി.എഫ്.-ന്

അതിൽനിന്ന് വ്യത്യസ്തമായ, അല്ലെങ്കിൽ ഇപ്പോൾ പറഞ്ഞതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കാനാകുന്നില്ല. ആർ.എസ്.എസ്., എസ്.ഡി.പി.ഐ., പോപ്പുലർ ഫ്രണ്ട് ഉൾപ്പെടെയുള്ള സംവിധാനങ്ങളുമായി ചേർന്ന് മുന്നോട്ടുപോകുന്ന സമീപനമാണ് ഏറ്റവും അവസാനം തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് വരെയുള്ള ഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്നത് നമ്മളിവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്.

ഇന്ത്യ അതിഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. മതധ്രുവീകരണവുമായി വർഗ്ഗീയ വിഭാഗങ്ങൾ അതിശക്തിമത്തായി മുന്നോട്ടുവരികയാണ്. അവരെ പ്രതിരോധിക്കുന്നതിനുള്ള വളരെ ഫലപ്രദമായ, ആശയതലത്തിലുള്ള പ്രതിരോധം ചമയ്ക്കുന്നതിന് കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾക്ക് സാധിക്കേണ്ടതുണ്ട്. വർഗ്ഗീയ ശക്തികൾ ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമെന്ന പേര് പറഞ്ഞുകൊണ്ട് സവർണ്ണ ഹിന്ദുക്കളുടെയും കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും താൽപര്യം സംരക്ഷിക്കുന്നൊരു രാജ്യമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. അതിനെ പ്രതിരോധിച്ചുകൊണ്ട് കേരളത്തിലെ ജനവിഭാഗങ്ങളെ ഒത്തൊരുമിച്ച് അണിനിരത്തി വർഗ്ഗീയതയ്ക്കെതിരായ പോരാട്ടം നടത്താൻ, നമുക്ക്

തീർച്ചയായും അതിനാവശ്യമായൊരു മാനസികമായ പശ്ചാത്തലം രൂപപ്പെടുത്താൻ സാധിക്കേണ്ടതുണ്ട്.

ഒരു പുതിയ നാടായി കേരളത്തെ മാറ്റുക എന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യാനുദ്ദേശിക്കുന്നത്. അതിലൂടെ ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയും. 20 ലക്ഷം ആളുകൾക്ക് K-DISC (Kerala Development and Innovation Strategic Council)-ന്റെ ഭാഗമായി തൊഴിൽ നൽകും. ഒരു ലക്ഷം സംരംഭകരെ കണ്ടെത്തി അവർക്കും അവരുടെ ചുറ്റുവട്ടം നിൽക്കുന്ന ആളുകൾക്കും തൊഴിൽ നൽകുന്ന അവസ്ഥയുണ്ടാകും. 1000 ആളുകൾക്ക് 5 വീതം തൊഴിൽ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. അതിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിക്കാൻപോകുന്ന പുതിയൊരു സാഹചര്യം വരികയാണ്. തൊഴിൽ സഭകൾ അതിന്റെ ഭാഗമായിട്ടാണ് ശക്തിപ്രാപിക്കാൻ പോകുന്നത്. ഇങ്ങനെ എല്ലാ തരത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാ അർത്ഥത്തിലും ജനകീയ ശക്തികളെ കെട്ടഴിച്ചുവിടും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്ന പ്രാദേശിക ഗവണ്മെന്റുകൾ അതിൽ നിർണ്ണായക പങ്ക് വഹിക്കും. ഏത് പ്രതികൂല സാഹചര്യത്തെയും അഭിമുഖീകരിക്കാൻ ഗവണ്മെന്റ് ആശ്രയിക്കുന്ന, ഒത്തുചേർന്ന് മുന്നോട്ടുപോകുന്ന വിഭാഗമെന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നന്നായി പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും അവർക്ക് മുന്നോട്ടുപോകാൻ സാധിക്കും. അതിനുവേണ്ടിയുള്ള എല്ലാ അർത്ഥത്തിലുമുള്ള ഡിമാന്റാണ് മുന്നോട്ടുവച്ചിട്ടുള്ളത്. സർവ്വസമ്മതത്തോടുകൂടി അത് അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

## ധനാഭ്യർത്ഥന നമ്പർ VIII- എക്സൈസ്

മി. സ്പീക്കർ: സർവ്വശ്രീ. കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. അബ്ദുൽ ഹമീദ്, മഞ്ഞളാംകുഴി അലി, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, എ. കെ. എം. അഷ്റഫ്, കെ. ബാബു (തൃപ്പൂണിത്തുറ), സജീവ് ജോസഫ്, സി. ആർ. മഹേഷ്, സനീഷ്കുമാർ ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ്, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ

VIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII- നഗരവികസനം

മി. സ്പീക്കർ: സർവ്വശ്രീ. സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, പി. അബ്ദുൽ ഹമീദ്, കെ. ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽ കുമാർ, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV- പഞ്ചായത്ത്

മി. സ്പീക്കർ: സർവ്വശ്രീ സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ്, എ. കെ. എം. അഷ്റഫ്, സണ്ണി ജോസഫ്, പി. അബ്ദുൽ ഹമീദ്, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, കുറുക്കോളി മൊയ്തീൻ, കെ. ബാബു (തൃപ്പൂണിത്തുറ), ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, സജീവ് ജോസഫ്, എ. പി. അനിൽ കുമാർ, സി. ആർ. മഹേഷ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ്,

ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVI- ഗ്രാമവികസനം

മി. സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, സി. ആർ. മഹേഷ്, സനീഷ്കുമാർ ജോസഫ്, ശ്രീ. എം. വിൻസെന്റ്, എ. പി. അനിൽ കുമാർ, ടി. സിദ്ദിഖ്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. ബാബു (തൃപ്പൂണിത്തുറ), തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു.)

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ക്രമപ്രശ്നം (തുടർച്ച)**

നേരത്തെ ശ്രീ. എ. എൻ. ഷംസീർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ഇരുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ അക്കാര്യത്തിൽ അഭിപ്രായം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ

സമയത്ത് സഭയിൽ ഇല്ലാത്തതുകൊണ്ടാണ് അപ്പോൾ റൂളിംഗ് നൽകാതിരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെതിരായി ഞാൻ ഒന്നും പറഞ്ഞിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി എന്ന ഈ സംഭവം ഒരു നാടകമായിരുന്നു, ഇത് ഒഴിവാക്കിക്കിട്ടേണ്ടതായിരുന്നു, അതിൽ ബഹുമാനപ്പെട്ട സ്പീക്കർകൂടി പങ്കുചേർന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇതിനുമുമ്പ് ഈ സഭയിൽ ധാരാളം പ്രാവശ്യം ഇങ്ങനെയുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്, 2015-ലും. അതിനുമുമ്പ് ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായിരുന്നപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ബഹുമാനപ്പെട്ട സ്പീക്കറെ സംബന്ധിച്ച് ഇതിനേക്കാൾ കഠിനമായ ഭാഷയിൽ സംസാരിച്ചു. മന്ത്രിയാകാനാണ് സ്പീക്കർ വക്കം പുരുഷോത്തമന്റെ ശ്രമം, അങ്ങനെ തുട്ടടിക്കാമോ എന്നാണ് അദ്ദേഹം നോക്കുന്നത് എന്നൊരു പരാമർശമാണ് പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയത്. സ്പീക്കർ ജി. കാർത്തികേയൻ ഭരണപക്ഷത്തിന് കുടപിടിക്കുന്നു എന്നായിരുന്നു ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മറ്റൊരു പരാമർശം, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭീഷണിക്ക് സ്പീക്കർ വഴങ്ങുന്നുവെന്ന്

പ്രതിപക്ഷനേതാവ്. സഭയിൽ പ്രതിപക്ഷം നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്ന് പ്രതിപക്ഷം അന്ന് സ്പീക്കറുടെ ഓഫീസ് ഉപരോധിക്കുകയും ചെയ്തു. 2015 ജൂണിൽ നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി പ്രതിപക്ഷ ബഹളം. ബാർ കോഴക്കേസിൽ സ്പീക്കറുടെ മറുപടിക്കെതിരായിട്ടാണ് പ്രതിപക്ഷ ബഹളം. സ്പീക്കറുടെ നടപടിയെ പ്രതിപക്ഷം പലപ്രാവശ്യം വിമർശിച്ചിട്ടുണ്ട്. പക്ഷേ രൂക്ഷമായ ഭാഷയൊന്നും ഉപയോഗിക്കാതെ വളരെ സൗമ്യമായ ഭാഷയിലാണ് ഞാൻ അതിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തിയത്. പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ ഞങ്ങൾക്കൊരു നീതിപൂർവ്വമായ തീരുമാനം കിട്ടിയിട്ടില്ല എന്നുള്ള ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കാൻ വേണ്ടിയാണ് ആ വാക്കുകൾ ഉപയോഗിച്ചത്. എപ്പോഴും ഇത്തരം വാക്കുകൾ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ സൗമ്യവും സഭ്യവും മര്യാദ നിറഞ്ഞതുമായ ഭാഷയിലാണ് സംസാരിക്കാറുള്ളത്. 2015 മാർച്ച് 13-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ കസേരയുൾപ്പെടെ തള്ളിയിട്ടവരാണ് ഞാൻ സ്പീക്കറെക്കുറിച്ച് സൗമ്യമായി പറഞ്ഞൊരു പ്രതികരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞത് എന്നുകൂടി ഞാൻ വിനയപുരസ്സരം ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട്

ഇവിടെ അവതരിപ്പിച്ച ക്രമപ്രശ്നം ഡിസ്പോസ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ചട്ടം പ്രതിപാദിച്ചുകൊണ്ട് ഒരു ക്രമപ്രശ്നം ഉന്നയിച്ചാൽ ഏതെങ്കിലും കാലത്ത് ചട്ടത്തിന് വിരുദ്ധമായി നടന്ന കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് അതാണ് ചട്ടം എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് പാർലമെന്ററി രീതിയല്ല. ഇവിടെ 254 (11), ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയോ വിമർശനം ചെയ്യുകയോ പാടുള്ളതല്ല എന്നതാണ്. കോടതിയിൽ പറഞ്ഞ് വിമർശിക്കാം. ജഡ്ജ്മെന്റിനെ വിമർശിക്കാം എന്നുള്ളതാണ്. ഈ ചട്ടം സഭയ്ക്ക് വേണമെങ്കിൽ മാറ്റാം. പക്ഷേ ചട്ടം ഇങ്ങനെയാണ് നിൽക്കുന്നത്. ഏതെങ്കിലും കാലത്ത് ചട്ടലംഘനം നടന്നുവെന്നുള്ളത് ഇന്ന് ചട്ടം ലംഘിക്കുന്ന പ്രശ്നം ക്രമപ്രശ്നമായി ഉന്നയിക്കപ്പെടുമ്പോൾ അതിനെ ന്യായീകരിക്കാൻവേണ്ടി വാദിക്കുന്നത് ശരിയായ രീതിയല്ല. ഇവിടെ ചട്ടലംഘനം നടന്നിട്ടുണ്ട്. അത് ചിലപ്പോൾ സ്വാഭാവികമായും പറഞ്ഞുപോയപ്പോൾ വന്നതാണ്. ബോധപൂർവ്വമല്ല എന്നാണെങ്കിൽ ആ രീതിയിലാണ് നമ്മൾ അതിനെ കാണേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബോധത്തോടുകൂടിയാണ് പറഞ്ഞത്. സൗമ്യമായി ഞങ്ങളുടെ പ്രതികരണവും പ്രതിഷേധവും രജിസ്റ്റർ ചെയ്തതാണ്. അത് ചട്ടലംഘനമായി കണക്കാക്കിയാൽ ഒരു വിരോധവുമില്ല. ചട്ടലംഘനമായി കണക്കാക്കാം. പക്ഷേ അതിന്റെ പ്രിസീഡൻസ് ഇതാണ്. വളരെ മോശമായ ഭാഷയിൽ ബഹുമാനപ്പെട്ട സ്പീക്കറെ അധിക്ഷേപിച്ചിട്ടുള്ള പ്രിസീഡൻസാണുള്ളത്. പ്രമുഖരായ നേതാക്കൾ ഇരുന്ന കസേരയിൽ അവർ സംസാരിച്ച ഭാഷയാണിത്. അതിനെ ശരിവയ്ക്കുന്നുണ്ടെങ്കിൽ ആയിക്കോട്ടെ.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച എല്ലാ കാര്യങ്ങളും പറഞ്ഞിട്ടുള്ളത് സഭയ്ക്കകത്താണെന്നാണ് എന്റെ ധാരണ. ഇത് സഭയ്ക്ക് പുറത്ത് നടത്തിയ പ്രസ്താവനയാണ്. സഭയ്ക്കകത്താകുമ്പോൾ സ്വാഭാവികമായും അംഗത്തിന് പ്രിവിലേജുണ്ട്.

**04.29 PM]**

**റൂളിംഗ്**

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഇവിടെ വലിയ ചർച്ച നടന്നുകഴിഞ്ഞിട്ടുള്ളതിനാൽ വിശദമായ റൂളിംഗ് നൽകാൻ ഉദ്ദേശിക്കുന്നില്ല.

പ്രസക്തമെന്ന് തോന്നുന്ന ഒരു കാര്യം മാത്രം ഓർമ്മിപ്പിക്കുകയാണ്. നമ്മൾ ഇതിനെല്ലാം ആധികാരികമായെടുക്കുന്നത് കൗൾ ആൻഡ് ശക്ധർ ആണല്ലോ; M. N. Kaul & S. L. Shakdher- Practice and Procedure of Parliament, Edition-7, chapter-11, page 306-ൽ ഇത്തരം കാര്യങ്ങൾ വിശദമായി പറയുന്നുണ്ട്. അതിലെ ഒരു വാചകം മാത്രം സഭയിലെ എല്ലാ അംഗങ്ങളുടെയും ഓർമ്മയ്ക്കും അറിവിനുമായി ഇവിടെ ആവർത്തിക്കുന്നു.

" ...reflections on the character or impartiality of the Speaker in discharge of his duties as the Speaker of the House had been held to constitute a breach of privilege and contempt of the House." സഭയുടെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കേണ്ട ചുമതല എല്ലാവർക്കുമുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പെരുമാറുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ഒരു പ്രസംഗം ഇവിടെ നടത്തുകയുണ്ടായി. അതിൽ മദ്യശാലകൾ വ്യാപിപ്പിച്ചുകൊണ്ട് എങ്ങനെ മദ്യവർജ്ജനം നടപ്പിലാക്കാൻ കഴിയും എന്നതിന്റെ പോയിന്റ് സ്ഥാപിക്കാനായി ഞാൻ ഒരു ഉപമ പറയുകയുണ്ടായി. അതൊരു ഭരണകക്ഷി അംഗം ക്രമപ്രശ്നമായി

ഉന്നയിച്ചു. അതിലൊരു പൊളിറ്റിക്കൽ ഇൻകറക്ട്നെസ് ഉണ്ടെന്ന് എനിക്ക് ബോദ്ധ്യമായി. ഇന്നത്തെ പശ്ചാത്തലത്തിൽ അങ്ങനെയൊരു ഉപമ ഉപയോഗിക്കാൻ പാടില്ലായിരുന്നു. ഭാവിയിലും പ്രസംഗങ്ങളിൽ ഇത്തരത്തിലുള്ള ഉപമകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാനുള്ള അവസരമായാണ് ഞാൻ അതിനെ കാണുന്നത്. ആ പരാമർശം ഞാൻ പിൻവലിക്കുകയാണ്.

**04.31 PM]**

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

(i) 2022-ലെ കേരള ധനകാര്യ ബിൽ

(ii) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും സംയുക്തമായും 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായും പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്

അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതിൽ ഒറ്റക്കാര്യം മാത്രമേയുള്ളൂ. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും വേണ്ടിയുള്ള ബില്ലാണ്. ഇതുസംബന്ധിച്ച് ബഡ്ജറ്റ് ചർച്ചയിൽ വളരെ വിശദീകരിച്ചിരുന്നതാണ്. ഒന്ന്, ആംനെസ്റ്റിയെ സംബന്ധിച്ചാണ്; വ്യാപാരികൾക്ക് നികുതി സമയത്തിന് അടയ്ക്കുന്നതിനുവേണ്ടിയാണ്. ഓപ്ഷൻ കൊടുക്കാനുള്ള സമയം 31-08-2022 വരെയും ടാക്സ് അടയ്ക്കാനുള്ള സമയം 31.12.2022 വരെയുമാണ്. അതുപോലെ പൊതുവില്പന നികുതി സംബന്ധിച്ചും ആംനെസ്റ്റി നീട്ടിയിട്ടുണ്ട്. ബാർ ഹോട്ടലുകൾക്കും പെട്രോളിയം ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള വിതരണക്കാർക്കും അവസരം ലഭിക്കുന്നതിനുള്ള മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട കാലാവധി നീട്ടുന്നതിനുവേണ്ടി ആംനെസ്റ്റി കൊടുക്കുന്നതിനുള്ള തീയതികൾ അതിൽ പറഞ്ഞിരുന്നു. റിട്ടേൺ സമർപ്പിക്കാനുള്ള സമയം, ജി.എസ്.ടി. നിയമം അനുസരിച്ച് കേന്ദ്ര

ഗവണ്മെന്റ് നിശ്ചയിക്കുന്നതാണ്. എന്നാൽ അതും നിയമത്തിൽ ഉൾപ്പെടുത്തണം. ഇത്തരം കാര്യങ്ങളാണ് പൊതുവിൽ പറഞ്ഞിട്ടുള്ളത്.

രണ്ടാം നമ്പർ ബില്ലിൽ ഗ്യാരണ്ടി സ്പേസ് വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും നമ്മുടെ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നിയമമാക്കിയെടുക്കുന്നതിനും വേണ്ടിയുള്ളതാണ്. ആ ബിൽ സബ്ജക്ട് കമ്മിറ്റിക്കയച്ച് വിശദമായി ചർച്ചചെയ്ത് വീണ്ടും ഈ സഭയിലേയ്ക്കുവന്ന് അംഗീകരിക്കുകയെന്നുള്ളതാണ്. ആ ഉദ്ദേശ്യത്തോടെയാണ് ഈ രണ്ട് ബില്ലുകളും സഭയ്ക്ക് മുന്നിൽ വച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, 2022-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 17.07.2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 2022-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.10.2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലുകളെ ഞാൻ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതിയെയും മറ്റ് സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും അവസ്ഥയെ സംബന്ധിച്ചും ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു. പ്രതിപക്ഷത്തിന്റെ യാഥാർത്ഥ്യമല്ലാത്ത വാദങ്ങളെപ്പറ്റി കണക്കുസഹിതം ഈ സഭയിൽ വിശദമായി സംസാരിച്ചതിനാൽ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പൊട്ടക്കിണറ്റിലെ തവളയെപ്പോലെ ഇതാണ് ലോകമെന്ന് ചിന്തിക്കാൻ കഴിയില്ലല്ലോ; സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥ പരിശോധിക്കുമ്പോൾ ആഗോളവും ദേശീയവുമായ മാനത്തിൽക്കൂടി നോക്കിക്കാണണം. ആഗോള സമ്പദ്‌വ്യവസ്ഥ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയല്ലേ? പല രാജ്യങ്ങളും സ്റ്റാഗ്ഫ്ലേഷന്റെ പിടിയിലേയ്ക്ക് വരികയാണ്. മുതലാളിത്ത രാജ്യങ്ങളുടെ അപ്പോസ്തലനായ അമേരിക്ക വീണ്ടും വലിയ മാന്ദ്യത്തിലേയ്ക്ക് നീങ്ങുകയാണെന്ന വാർത്തകൾ നിത്യേന പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. സോവിയറ്റ് യൂണിയന്റെ

തകർച്ച ആഘോഷിച്ചവരാണ് പ്രതിപക്ഷം. അവരെ പിടികൂടിയിട്ടുള്ള പ്രേതം ഇപ്പോഴും വിട്ടുപോയിട്ടില്ല എന്നതിന് തെളിവാണ് ഇന്നത്തെ ചന്ദ്രിക പത്രത്തിൽവന്ന ലേഖനം. എന്റെ സുഹൃത്ത് ശ്രീ. പി. ഉബൈദുള്ളയോട് പറയാനുള്ളത് - എള്ളുണങ്ങുന്നത് എണ്ണയ്ക്കാണ്, കുറുഞ്ചാത്തൻ ഉണങ്ങുന്നത് എന്തിനാണെന്ന് മനസ്സിലാക്കണമെന്നാണ്. ലോക സംഭവവികാസങ്ങളെ മനസ്സിലാക്കി ഇടപെടാനും അക്കാര്യങ്ങൾക്ക് കൃത്യമായ രൂപത്തിൽ വിശകലനം നടത്താനും അതിന്റെയടിസ്ഥാനത്തിൽ രാഷ്ട്രീയ-സാമ്പത്തിക നയങ്ങൾക്ക് രൂപം നൽകാനും കഴിയുകയെന്നതാണ് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കടമ. ഇന്നത്തെ സംഭവവികാസങ്ങളെല്ലാം പരിശോധിക്കുമ്പോൾ, കോൺഗ്രസ്സുകാർക്ക് ഹോൾസെയിലായോ റീട്ടെയിലായോ ബി.ജെ.പി.-യിലേയ്ക്ക് പോകാം. പക്ഷേ മുസ്ലീംലീഗുകാർ ഇപ്പോൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ഗുണകരമാണോയെന്ന് പരിശോധന നടത്തേണ്ടതാണ്.

'മുതലാളിത്തമല്ലാതെ മറ്റൊന്നില്ല' [TINA (There Is No Alternative)] എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് ഈ ലോകത്തിൽ ഓടിനടന്നവരല്ലേ നിങ്ങൾ; മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ഡീ-ഗ്ലോബലൈസേഷന്റെ അവസ്ഥയെക്കുറിച്ചാണ് ഇപ്പോൾ പറയുന്നത്. 60

ശതമാനം പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളിലും കടബാദ്ധ്യതയാണെന്നാണ് IMF-ന്റെ റിപ്പോർട്ടിൽ പറയുന്നത്. കോവിഡ് മഹാമാരിക്കുശേഷം യുക്രൈൻ യുദ്ധം വന്നതോടെ ലോകം ഭക്ഷ്യക്കമ്മിയിലേയ്ക്ക് നീങ്ങുകയാണ്. ഇന്ത്യയിലാകെ രൂക്ഷമായ വിലക്കയറ്റം നേരിടുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്തിയത് പൊതുവിതരണ ശൃംഖലയും പൊതു ഉടമസ്ഥതയും ശക്തമായതുകൊണ്ടാണെന്ന് സാന്ദർഭികമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആന്ധ്രാ മാർക്കറ്റിനേക്കാളും അരിക്ക് വിലക്കുറവ് കേരളത്തിലെ മാർക്കറ്റിലാണ്.

വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞൻ ശ്രീ. ജോസഫ് സ്റ്റിഗ്ലിസ് " International trading system will be bent or broken" എന്നും " American political and social life have become deeply pathological" എന്നും പറഞ്ഞിട്ടുണ്ട്. അത്രയ്ക്കും ഗുരുതരമാണ് അമേരിക്കൻ സമ്പദ്ഘടന. ആഗോള വിതരണ ശൃംഖലയാകെ തകർന്നുകൊണ്ടിരിക്കുകയാണ്. വിശ്വവിഖ്യാതനായ സാമ്പത്തിക ശാസ്ത്രജ്ഞൻ ശ്രീ. ജോസഫ് സ്റ്റിഗ്ലിസിനെ ഞാൻ പരിചയപ്പെടുത്തേണ്ട കാര്യമില്ല; ഇന്ന് അമേരിക്കൻ സർവ്വകലാശാലകൾ പലതും പുതിയ കാലഘട്ടത്തെ എങ്ങനെ നേരിടാമെന്നതിനെ സംബന്ധിച്ച്

പഠിക്കുകയാണെന്ന് പലരും പറയുന്നുണ്ട്. എന്റെ സുഹൃത്തുക്കൾ മനസ്സിലാക്കണം; മാർക്സിസം രണ്ടാമതും വായിക്കാൻ അവർ തീരുമാനമെടുത്തിരിക്കുന്നു. പല സർവ്വകലാശാലകളും അവസ്ഥ മറികടക്കാൻ പോംവഴി കണ്ടെത്തുന്നത് മാർക്സിയൻ സാമ്പത്തികശാസ്ത്രത്തെയാണെന്ന കാര്യം നിങ്ങൾ ഓർക്കണം.

ഞാൻ ഇന്ത്യയുടെ അവസ്ഥയെപ്പറ്റി അധികം വിശദീകരിക്കുന്നില്ല. കടം, ധനക്കമ്മി, വ്യാപാരശിഷ്ടം എന്നിവ വർദ്ധിക്കുന്നു. രൂപയുടെ മൂല്യം കുത്തനെ ഇടിയുകയാണ്. രൂക്ഷമായ വിലക്കയറ്റം, ഷെയർ മാർക്കറ്റിന്റെ തകർച്ച, ദരിദ്രരുടെ എണ്ണപ്പെരുപ്പം, തൊഴിലില്ലായ്മ പൊട്ടിത്തെറിയുടെ വക്കിൽ എന്നിങ്ങനെ എത്തിയിരിക്കുന്നു. ഈ കണക്കുകളെല്ലാം ഉദ്ധരിച്ചുകൊണ്ട് വിശദീകരിക്കാൻ ഇവിടെ സമയമില്ല. പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും മുൻ ആർ.ബി.ഐ. ഗവർണ്ണറുമായ ശ്രീ. രഘുറാം രാജൻ ഈയിടെ ഇന്ത്യയുടെ അവസ്ഥയെ സംബന്ധിച്ച് വിലയിരുത്തിയത് "രാജ്യം മെല്ലെമെല്ലെ മാന്ദ്യത്തിലേയ്ക്ക് നീങ്ങുകയാണ്" എന്നാണ്. അതുകൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ കാഴ്ചപ്പാടിൽ മാറ്റംവരുത്തണമെന്നും ഇന്ത്യയുടെ സമ്പദ്ഘടനയും നിക്ഷേപവും വളരണമെങ്കിൽ, വ്യാവസായിക പുരോഗതിയുണ്ടാകണമെങ്കിൽ

majoritarian authoritarianism അവസാനിപ്പിക്കണമെന്നും ശ്രീ. രഘുറാം രാജൻ പറഞ്ഞു. ഇതൊന്നും ഇവിടത്തെ കോൺഗ്രസ്സുകാർ കാണുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല; ഇത് അവർക്ക് പ്രശ്നവുമല്ല. അവരെ സംബന്ധിച്ചിടത്തോളം ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയനും എൽ.ഡി.എഫ്. സർക്കാരും മാത്രമാണ് പ്രശ്നം. മകൻ മരിച്ചാലും മരുമകളുടെ കണ്ണീർ കണ്ടാൽ മതിയെന്നാണ് യു.ഡി.എഫ്.-കാർ ഇവിടെ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് പാർലമെന്റ് സമ്മേളനം ആരംഭിക്കുന്ന ദിവസമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ പത്രങ്ങൾ ക്വാട്ട് ചെയ്യുന്ന കാര്യം പറഞ്ഞു. ഞാൻ ഇന്നത്തെ മാതൃഭൂമി പത്രത്തിലെ ഒരു കാര്യം ക്വാട്ട് ചെയ്യാം. അതല്ലെങ്കിൽ നിഷേധിക്കണം. "പാർലമെന്റ് ആരംഭിക്കുകയാണ്; വളരെ ഗൗരവപ്പെട്ട രാഷ്ട്രീയ സാഹചര്യങ്ങളാണുള്ളത്, പ്രതിപക്ഷത്തിന്റെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ആരാകണമെന്ന് ചർച്ച നടക്കുന്നു. അതുപോലെ കേന്ദ്ര സർക്കാരിന്റെ വർഗ്ഗീയതയ്ക്കെതിരായ വലിയ ചർച്ച നടക്കുന്നു, ഇന്നാണെങ്കിൽ അശോകസ്തംഭത്തിന്റെ പ്രശ്നങ്ങളും വലിയ ചർച്ചയാകും" അപ്പോഴാണ് നമ്മുടെ ബഹുമാന്യനായ രാഹുൽ ഗാന്ധി മുങ്ങിയത്. ഇന്നത്തെ മാതൃഭൂമി ഓൺലൈനിനകത്തുണ്ട്. നിർണ്ണായക പാർട്ടി യോഗത്തിൽപോലും പങ്കെടുക്കാൻ കഴിയില്ലെന്നാണ് പത്രവാർത്ത.

ഈ രാഹുൽ ഗാന്ധിയാണ് ഇവരെ നയിക്കുന്നത്, ആ ഒരു ഗതികേട് ആലോചിച്ച് നോക്കുക. നിർണ്ണായകമായ ചർച്ച നടക്കുമ്പോഴെല്ലാം അദ്ദേഹം മുങ്ങും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 307. ശ്രീ. രാഹുൽ ഗാന്ധി കോൺഗ്രസ്സിന്റെ എല്ലാ പ്രധാനപ്പെട്ട യോഗങ്ങളിലും പങ്കെടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് അവാസ്തവമായ കാര്യങ്ങൾ പറയുകയാണ്. പിന്നെ ഇപ്പോൾ മാതൃഭൂമിയെയാണ് ക്വാട്ട് ചെയ്യുന്നത്, അല്പം മുൻപ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് മാതൃഭൂമി, മനോരമ പത്രങ്ങളെ വിശ്വസിക്കാൻ സാധിക്കുകയില്ലെന്നാണ്. അതുകൊണ്ട് അവാസ്തവമായ പരാമർശം രേഖയിൽനിന്നും നീക്കംചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിച്ച് വേണ്ടത് ചെയ്യാം+.

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാന്യനായ മെമ്പർ പറഞ്ഞകാര്യം ഞാൻ ആവർത്തിച്ച് പറയുകയാണ്, ഇത് മാതൃഭൂമി ഓൺലൈനിൽ വന്ന വാർത്തയാണ്. ഞാൻ പറയട്ടെ, ഇന്ന് പാർലമെന്റിൽ അദ്ദേഹം

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.12609/ഇ.ബി./2022/നി.സെ. തീയതി 14-07-2022)രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ഹാജരായിട്ടില്ല. ഇന്ന് പാർലമെന്റ് സമ്മേളനം ആരംഭിക്കുകയാണ്. നിർണ്ണായക ചർച്ചകൾ നടക്കുകയാണ്. അശോകസ്തംഭത്തിന്റെ കാര്യമുൾപ്പെടെ ചർച്ച ചെയ്യും. നിങ്ങളുടെ ജീവാത്മാവും പരമാത്മാവുമായ ശ്രീ. രാഹുൽ ഗാന്ധി സ്ഥലത്തില്ലെന്ന് പറഞ്ഞത് സത്യമല്ലെങ്കിൽ നിഷേധിക്കാം. അതേസമയം അത് ഉറപ്പായ കാര്യമായതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ പറയുന്നത് ഞാൻ വിശ്വസിക്കുന്നില്ല. കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്; രാജ്യത്താകെ പലരൂപത്തിലുള്ള പ്രശ്നങ്ങൾ ഉയരുമ്പോൾ അവരുടെ സമീപനമെന്താണ്; ശ്രീ. രാഹുൽ ഗാന്ധിയുടെ സമീപനമെന്താണ്? ഇതൊക്കെ സഭയ്ക്കകത്തും പുറത്തും നമ്മൾ ചർച്ച ചെയ്യുന്നതാണ്. വർഗ്ഗീയതയ്ക്കെതിരെ ശക്തമായ തീരുമാനമെടുക്കാനും അതിനെതിരായി പോരാടാനും കോൺഗ്രസ്സിന് ഇപ്പോൾ ശക്തിയില്ല, ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇന്നത്തെ കോൺഗ്രസ്സ് നാളത്തെ ബി.ജെ.പി., ആയി മാറിക്കൊണ്ടിരിക്കുകയാണ്. ഏതൊക്കെ സംസ്ഥാനം നാളെ വീഴുമെന്ന കാര്യമാണ് പത്രങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ഞങ്ങളാരും പറയുന്നതല്ല. നിങ്ങൾ നശിക്കുന്നത് ഞങ്ങൾക്ക് സന്തോഷമുള്ള കാര്യമല്ല. പക്ഷെ സ്വയം നശിക്കാൻ തീരുമാനിച്ചാൽ മറ്റാരും നിങ്ങളെ

രക്ഷപ്പെടുത്താൻ പോകുന്നില്ലെന്ന് മാത്രമാണ് ഞാൻ ഓർമ്മിപ്പിക്കുന്നത്. വളരെ ദീർഘമായി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പൊന്നാനിയിലെ തീരദേശമേഖലയുമായി ബന്ധപ്പെട്ട ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാലവർഷം വന്നാലും കടൽക്ഷോഭിച്ചാലും എല്ലാം നഷ്ടപ്പെടുന്നവരാണ് തീരദേശവാസികൾ. കാലവർഷം വന്നാൽ എപ്പോഴാണ് കടൽ കയറുകയെന്ന് ഭയപ്പെട്ടിരിക്കേണ്ട അവസ്ഥയാണ് അവർക്കുള്ളത്. കഴിഞ്ഞ ഏതാനും ദശകങ്ങൾക്കകം അര കിലോമീറ്റർ ദൂരമാണ് പൊന്നാനി കടലോരം കടലെടുത്തത്. വീട് പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടവർ, വലിയ വലിയ കെട്ടിടം തകർന്നവർ, ഇതൊക്കെ നിരവധിയാണ് പൊന്നാനി കടലോര മേഖലയിൽ. കാലവർഷം വന്നുകഴിഞ്ഞാൽ ഏറ്റവുമധികം കടലാക്രമണം ഉണ്ടാകുന്ന ഒരു പ്രധാനപ്പെട്ട മേഖലയായി പൊന്നാനി കടലോര മേഖല മാറിക്കഴിഞ്ഞിരിക്കുന്നു. പുനർഗേഹം പദ്ധതിപ്രകാരം ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകി. പലവിധ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. തീരത്തുനിന്നും 50 മീറ്റർ ദൂരപരിധിയിലുള്ളവർക്കാണ് വീടിന് അർഹതയുള്ളത്. 50 മീറ്ററിന്റെ പരിധി ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുകയാണ്. നിരവധി ആൾക്കാർക്ക് ഇപ്പോൾ വീടില്ലാത്ത അവസ്ഥ വന്നിരിക്കുന്നു. ഈ വർഷവും വലിയ

കടലാക്രമണമുണ്ടായി. കഴിഞ്ഞവർഷം കടലാക്രമണമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവരുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി സഹകരിച്ച് സർക്കാർ 10 കോടി രൂപ അനുവദിച്ചു. 25-01-2022-ൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചു. എന്നാൽ നാളിതുവരെ ടെണ്ടർ നടപടി പൂർത്തീകരിക്കാനും മറ്റൊന്നും ചെയ്യാനും സാധിച്ചില്ല. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യമാണ്. ഉദ്യോഗസ്ഥർ ഈ വിഷയം ഗൗരവമായി കാണുന്നില്ല. ഈ വർഷവും വലിയ നഷ്ടം വന്നു. അന്ന് ആ പ്രവൃത്തി ചെയ്തിരുന്നുവെങ്കിൽ ഇന്ന് പാവപ്പെട്ട കടലോരത്തെ ആൾക്കാർക്ക് കണ്ണീരിൽ കഴിയേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം എമർജൻസി വർക്കിനാണ് താൽപ്പര്യം. 2021 നവംബറിൽ പുതുക്കിയ ഡി.എസ്.ആർ. വന്നിട്ടും നടപടികൾ ആരംഭിച്ചത് ഏപ്രിൽ മാസത്തിലാണ്. കടലോരത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. അതിന് ശാശ്വതപരിഹാരമെന്ന നിലയിൽ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ടെട്രോപോഡ് പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം. കടലോരത്തെ പാവപ്പെട്ട ജനങ്ങളെ സംരക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽക്കൂടി

പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഭരണപക്ഷ അംഗങ്ങൾ പ്രസംഗിക്കുമ്പോൾ ഒരു സമയമെങ്കിലും ശ്രീ. രാഹുൽ ഗാന്ധിയുടെ പേര് പറയാതെ പോകാൻ കഴിയില്ല. ബിൽ ചർച്ച ആയതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ ഇന്ത്യയുടെ പ്രധാനമന്ത്രി ആവശ്യത്തിനും അനാവശ്യത്തിനും ലോകം മുഴുവൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഡൽഹി കത്തുമ്പോൾ, ഉത്തരേന്ത്യയിൽ കലാപങ്ങളുണ്ടാകുമ്പോൾ ശ്രീ. നരേന്ദ്ര മോദി വായ തുറക്കാത്തതിനെക്കുറിച്ച് ഒരക്ഷരം നിങ്ങളാരെങ്കിലും ഈ സഭയിൽ പറഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് രാഹുൽ ഗാന്ധിയാണ് പ്രശ്നം. നിങ്ങളും ബി.ജെ.പി.-യും തമ്മിലുള്ള ഒരു അന്തർധാര സജീവമാണെന്ന് ഞങ്ങൾ പറയാനുള്ള കാരണമതാണ്. അതുകൊണ്ട് അത് ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇന്ന് ശ്രീ. ഗോവിന്ദൻ മാസ്റ്റർ സംസാരിച്ചപ്പോൾ ഞങ്ങളുടെ യാത്ര ശ്രീലങ്കയിലേയ്ക്കല്ല, സ്വിറ്റ്സർലാൻഡിലേയ്ക്കാണെന്ന് പറഞ്ഞു. അദ്ദേഹം

ചൈനയിലേയ്ക്കാണെന്ന് പറയുമെന്നാണ് ഞാൻ ധരിച്ചത്. ഏതായാലും അത് പറയാത്തത് വലിയകാര്യം. പിന്നെ അദ്ദേഹം ചൈനയെക്കുറിച്ചും പറയും. പക്ഷെ ഞങ്ങൾ സ്വിറ്റ്സർലാൻഡിലേയ്ക്കാണെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവിടെയിരുന്ന് കയ്യടിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ഞങ്ങൾ ഇവിടെ സാമ്പത്തിക രംഗത്തെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ അതിലൂടെ ഞങ്ങൾ ചില സൂചനകളും അടയാളങ്ങളും നിങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. അത് പ്രതിപക്ഷത്തിന്റെ ഡ്യൂട്ടിയാണ്. അങ്ങ് ശ്വാസം പിടിച്ച്, ബലം പിടിച്ച്, സാമ്പത്തിക രംഗത്ത് ഞങ്ങൾ കരുത്തരാണെന്ന് പറഞ്ഞതുകൊണ്ടായോ? കേരളത്തിന്റെ സാമ്പത്തികാവസ്ഥയുടെ യഥാർത്ഥ ചിത്രം ഏറ്റവും കൂടുതൽ അറിയുന്ന ആൾ ആരാണ്? കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി. ആ ധനകാര്യ വകുപ്പുമന്ത്രിതന്നെ ഇവിടെ പ്രശ്നങ്ങളൊന്നുമില്ലെന്ന് പറഞ്ഞ് ഞങ്ങളെ സമാധാനപ്പെടുത്തിയതുകൊണ്ടുമാത്രം കാര്യമുണ്ടോ? കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം നാളെ ഒരു പ്രയാസത്തിലേയ്ക്ക് പോകുന്ന അവസ്ഥയുണ്ടാകരുത്. സാമ്പത്തികത്തകർച്ച ഏറ്റവും കൂടുതൽ ബാധിക്കുക സാധാരണ ജനങ്ങളെയാണ്. അത് ഉണ്ടാകരുതെന്നുള്ളതുകൊണ്ടാണ്

ഇവിടെ പ്രതിപക്ഷനേതാവും കഴിഞ്ഞ ദിവസം റൂൾ 50 പ്രകാരം അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങളുമൊക്കെ ചില കാര്യങ്ങൾ സൂചിപ്പിച്ചത്. ഞങ്ങൾ പറയുമ്പോൾ നിങ്ങൾ ധരിക്കുന്നത് നിങ്ങളെ കുറ്റപ്പെടുത്താനാണെന്നാണ്, അല്ല. ശരിയായ ദിശയിലുള്ള യാത്രയല്ല നിങ്ങളുടേതെന്ന് പറയാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, അങ്ങ് സ്വസ്ഥമായിരുന്ന് ആലോചിച്ചാൽ കേരളത്തിന്റെ ഒരു ചിത്രം ബോദ്ധ്യമാകും. 2016-ൽ ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ആദ്യത്തെ പ്രസംഗം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. ആവേശകരമായ പ്രസംഗത്തിലൂടെ മൂന്ന് കാര്യങ്ങളാണ് അദ്ദേഹം അന്ന് സൂചിപ്പിച്ചത്. ഒന്ന്, നികുതി പിരിക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം വലിയ പരാജയമാണ് സംഭവിച്ചതെന്നും അത് ഞങ്ങൾ മാറ്റുമെന്നും അദ്ദേഹം പറഞ്ഞു. അതിനുശേഷം റവന്യൂ ഡെഫിസിറ്റ് കുടിവരുന്നതിന്റെ കാര്യത്തിലും ഈ ഗവണ്മെന്റ് മാറ്റമുണ്ടാക്കുമെന്ന് പറഞ്ഞു. പിന്നീടുപറഞ്ഞത് അഞ്ച് വർഷംകൊണ്ട് ഫിസ്കൽ ഡെഫിസിറ്റ് 3 ശതമാനത്തിന് താഴെ കൊണ്ടുവരികയെന്നതാണ് ലക്ഷ്യമെന്നാണ്. നമ്മുടെ നികുതി പിരിവിന്റെ സ്ഥിതി എവിടെയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

പരിശോധിക്കണം. 2020-21-ലെ ചിത്രം പരിശോധിച്ചാൽ കേരളത്തിന്റെ ഒരു ദശാബ്ദക്കാലത്തിന്റെ ചരിത്രത്തിൽ ഇതുപോലെ നികുതി പിരിവ് കുത്തനെ താഴോട്ട് വന്ന ഒരു കാലഘട്ടം മുൻപുണ്ടായിട്ടുണ്ടോ? 2016-ൽ എൽ.ഡി.എഫ്. ഗവണ്മെന്റ് വന്ന കാലംമുതൽ നികുതി പിരിവ് പരിശോധിച്ചാൽ, റവന്യൂ ഡെഫിസിറ്റിന്റെ കാര്യത്തിൽ, നിങ്ങൾ എവിടെയാണ് എത്തിനിൽക്കുന്നത്? സമയപരിമിതികൊണ്ടാണ് ഞാൻ കണക്കുകൾ പറയാത്തത്. നിങ്ങൾ ലക്ഷ്യം വച്ച സ്ഥാനത്ത് റവന്യൂ ഡെഫിസിറ്റിനെ എത്തിക്കാൻ സാധിച്ചോ? ഫിസ്കൽ ഡെഫിസിറ്റ് 4.4 ആണ്. നമ്മുടെ കണക്കുകൂട്ടൽ എന്തായിരുന്നു? 2026-ൽ ധനക്കമ്മി (ഫിസ്കൽ ഡെഫിസിറ്റ്) 2.5-ലേയ്ക്ക് എത്തിക്കണമെന്നായിരുന്നു. ഇങ്ങനെയാണെങ്കിൽ 2025-26 സാമ്പത്തിക വർഷമാകുമ്പോഴേയ്ക്കും ധനക്കമ്മി എത്രയായിരിക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ! ഇത്തരത്തിലുള്ള ഒരു സാമ്പത്തികത്തകർച്ചയുടെ ചിത്രം മുമ്പിൽവച്ചുകൊണ്ട് ഞങ്ങൾ എല്ലാകാര്യത്തിലും വളരെ സൗകര്യത്തോടെ മുമ്പോട്ടുപോകുന്നുവെന്ന് നിങ്ങൾ പറയുന്നതുകൊണ്ടാണ് ഞങ്ങൾ നിങ്ങളെ എതിർക്കുന്നത്.

സി.പി.ഐ(എം.)-ഉം ബി.ജെ.പി.-യും തമ്മിലുള്ള

അന്തർധാരയെക്കുറിച്ച് ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചു, കേന്ദ്ര സഹായങ്ങളുടെ കാര്യത്തിലും അത്തരത്തിൽ ഒരു അന്തർധാര നിങ്ങൾ തമ്മിലുണ്ടെന്ന് എനിക്ക് തോന്നുന്നുണ്ട്. 2011 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ ഞങ്ങൾ സംസ്ഥാനം ഭരിച്ചപ്പോഴും കേന്ദ്രത്തിൽ യു.പി.എ.-യും ബി.ജെ.പി.-യും ഭരിച്ചപ്പോഴുമുള്ള സാഹചര്യം പരിശോധിച്ചാൽ ഇക്കാര്യം മനസിലാകും. ഞാൻ മനസ്സിലാക്കിയിടത്തോളം കേരളത്തിന്റെ അടുത്തകാലത്തെ ചരിത്രത്തിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ഏറ്റവുംകൂടുതൽ ലഭിച്ചത് 2021-22 കാലഘട്ടത്തിലാണ്. കേന്ദ്രസഹായമായി ഏതാണ്ട് 42,000 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. അത്രയും വലിയ സഹായം നിങ്ങൾ ഒരു ഭാഗത്ത് വാങ്ങിയെടുക്കുകയും മറുഭാഗത്ത് നിങ്ങൾ കേന്ദ്രഗവൺമെന്റിനെ കുറ്റംപറഞ്ഞുകൊണ്ടിരിക്കുകയുമാണ്. ഈ രീതിയിൽ നിങ്ങൾ മുന്നോട്ടുപോകുമ്പോൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ യഥാർത്ഥചിത്രം നിങ്ങൾ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ എപ്പോഴും പറയുന്നത് എല്ലാം ശരിയാക്കിയെന്നാണ്, എന്നാൽ ഞാൻ സൂചിപ്പിക്കട്ടെ എച്ച്.ഐ.വി. ബാധിതർക്ക് നൽകുന്ന പ്രതിമാസ പെൻഷനായ 1,000/- രൂപ കഴിഞ്ഞ 18 മാസമായി കൊടുക്കുന്നില്ല,

ഹീമോഫീലിയ രോഗികൾക്ക് സമാശ്വാസ പദ്ധതിപ്രകാരം ആയിരം രൂപ നൽകിയിരുന്നത് ആറ് മാസം മുതൽ രണ്ട് വർഷംവരെ കുടിശ്ശികയാണ്. പുനർവിവാഹം ചെയ്തിട്ടില്ലെന്ന ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ വിധവാ പെൻഷൻ ഒരു ഉത്തരവിലൂടെ സർക്കാർ പിൻവലിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷമായി ഇവർക്ക് പെൻഷൻ ലഭ്യമാകുന്നില്ല. പൂർണ്ണമായും കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിപ്രകാരം മാസം 725/- രൂപ നൽകിയിരുന്നു, ഒന്നരവർഷമായി ഇതും ലഭിക്കുന്നില്ല. മാത്രമല്ല, ഈയിനത്തിൽ 2018-നുശേഷമുള്ള എല്ലാ അപേക്ഷകളും പരിഗണിക്കാതെ കെട്ടിക്കിടക്കുകയാണ്. ഡയാലിസിസ് ചെയ്യേണ്ട രോഗികൾക്ക് സമാശ്വാസ പദ്ധതിപ്രകാരം ഓരോ മാസവും 1,200/- രൂപ നൽകിവന്നിരുന്നു. 2018-ന് ശേഷമുള്ള ഇത്തരം അപേക്ഷകളിൽ യാതൊരു തീരുമാനവും കൈക്കൊള്ളാതിരിക്കുകയാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ തുക നൽകിയിട്ട് മാസങ്ങളായി. നമ്മുടെ സാമ്പത്തികരംഗം സുഭദ്രവും സുഭിക്ഷവുമാണെങ്കിൽ, പാവപ്പെട്ടവർക്ക് പെൻഷൻ കൊടുക്കുന്നതിനായി എന്തുകൊണ്ടാണ് പണം കണ്ടെത്താൻ

കഴിയാത്തത്? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിവിധ സ്രോതസ്സുകളിൽനിന്നും പണം സ്വരൂപിച്ച് ചികിത്സാ സഹായങ്ങൾ നൽകുന്നതിനുമാത്രമായി കോർപ്പസ് ഫണ്ട് രൂപീകരിച്ചിരുന്നു, നൂറ്കണക്കിന് രോഗികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇത്തരം സഹായങ്ങൾ കൊടുക്കുന്നില്ല. അങ്ങനെ നോക്കുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷനും തൊഴിലാളി ക്ഷേമപെൻഷനുകളും യു.ഡി.എഫ്. സർക്കാർ ഫലപ്രദമായി നൽകിവന്നിരുന്നെങ്കിൽ 2018-നുശേഷം അവ നാമമാത്രമാണ്. സാമ്പത്തിക പ്രശ്നമില്ല, എല്ലാം ഭദ്രമാണെന്ന് നിങ്ങൾ പറയുമ്പോൾ പാവപ്പെട്ടവന് ലഭിക്കേണ്ട ഇത്തരം പെൻഷനുകൾപോലും കൊടുക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. ചർച്ച ചെയ്യേണ്ടത് ആംനെസ്റ്റി സ്കീമിനെക്കുറിച്ചാണല്ലോ, പ്രസ്തുത സ്കീം നിങ്ങൾ സമ്പൂർണ്ണ പരാജയമാക്കിയില്ലേ; എത്രതവണ നീട്ടിക്കൊടുത്തു? 6 വർഷമായി നീട്ടിക്കൊടുക്കുന്നു, നിങ്ങൾ ആംനെസ്റ്റി സ്കീമിൽ എത്ര നികുതി പിരിച്ചെടുത്തു; എന്താണ് കിട്ടാത്തത്? നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ദയനീയ പരാജയമാണ്. ഇപ്പോൾ നിങ്ങൾ ചെയ്യുന്നതെന്താണ്? കുടിശ്ശിക പിരിക്കുന്നതിനുപകരം കേരളത്തിലെ പാവപ്പെട്ട ആളുകളിൽനിന്നും എങ്ങനെ പണം കണ്ടെത്താമെന്നാണ്

നോക്കുന്നത്. അതിനുവേണ്ടിയാണ് നിങ്ങൾ പുതിയ നികുതികൾ കൊണ്ടുവരുന്നത്. ഈ ഗവണ്മെന്റ് വീട്ടുനികുതി, വസ്തുനികുതി, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ബസ്ചാർജ്ജ്, ടാക്സി-ഓട്ടോ ചാർജ്ജ് തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ചു. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയാക്കി, ജീവനക്കാരുടെ സറണ്ടർ എന്നത്തേയ്ക്കുമായി എടുത്തുകളഞ്ഞു. ഇത്തരത്തിൽ സർക്കാർ ജീവനക്കാരെയും പൊതുജനങ്ങളെയും പരമാവധി പിഴിഞ്ഞിട്ടും സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ സാധിക്കുന്നില്ല. സാമ്പത്തികരംഗം സുഭിക്ഷം, സുഭദ്രം എന്നൊക്കെ പറയുമ്പോൾ ഇത്തരം കാര്യങ്ങൾക്ക് മറുപടി പറയാൻ ഒരു ഗവണ്മെന്റിന് കഴിയാതെപോകുന്നത് എന്തുകൊണ്ടാണ്? അത് ഞാൻ ആമുഖമായി സൂചിപ്പിച്ചു, ഇത് ഒരു ഗവണ്മെന്റിന്റെ സാമ്പത്തികത്തകർച്ചയുടെ ലക്ഷണങ്ങളാണ്, അടയാളങ്ങളാണ്. ഇതെല്ലാം കണ്ടിട്ടും ഇവിടെ യാതൊരു പ്രശ്നവുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനായി അങ്ങ് ചെയ്യേണ്ട കാര്യങ്ങൾ വളരെ കൃത്യമായും സത്യസന്ധതയോടെയും ചെയ്താൽ, നാളെ അങ്ങേയ്ക്ക് ജനങ്ങളോട് ഉത്തരം പറയേണ്ട സാഹചര്യമുണ്ടാകില്ല. അല്ലെങ്കിൽ

ഇതിനെല്ലാം ജനങ്ങളുടെ മുമ്പിൽ ഉത്തരം പറയേണ്ട സാഹചര്യമുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലുകളെ ഞാൻ പിന്തുണയ്ക്കുന്നു. ക്രിയാത്മകമായി പ്രവർത്തിക്കുമെന്ന് പറയുന്ന പ്രതിപക്ഷം 2022-23-ലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച നടന്നപ്പോൾ പൂർണ്ണമായും എതിർക്കുകയാണ് ചെയ്തത്. ഇത് പാസ്സായാൽ മാത്രമേ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. എൽ.ഡി.എഫ്.-ന്റെ ചെലവിൽ ധനാഭ്യർത്ഥനയും ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന പ്രക്രിയയുമെല്ലാം നടപ്പിലാക്കിക്കഴിഞ്ഞാൽ, അവ ഉപയോഗപ്പെടുത്തി അതിന്റെ ഗുണഫലം ലഭിക്കാൻ കാത്തിരിക്കുക എന്നതുമാത്രമാണ് ക്രിയാത്മക പ്രതിപക്ഷം എന്ന് അവകാശപ്പെടുന്ന പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഇപ്പോൾ കാണുന്നത്. എന്തിനെയും എതിർക്കുകയെന്ന സമീപനമാണ് ഇവർക്കുള്ളത്, ഇതാണോ ക്രിയാത്മക പ്രതിപക്ഷമെന്ന് നിങ്ങൾ വ്യക്തമാക്കണം. 2015-ൽ യു.ഡി.എഫ്.-ന്റെ കാലത്തെ പദ്ധതിച്ചെലവ് 71 ശതമാനമായിരുന്നു. 2015

മേയ് മാസത്തിൽ, യു.ഡി.എഫ്. ഭരണകാലത്ത് നിത്യനിദാനച്ചെലവിനായി ഓവർഡ്രാഫ്റ്റ് എടുത്തിരുന്ന സംസ്ഥാനമായിരുന്നു കേരളം. 2016 ഫെബ്രുവരിയിൽ 1,771.71 കോടി രൂപയുടെ നികുതിനഷ്ടം വരുത്തിവച്ചവരാണ്. എറണാകുളത്തെ ഒരു ഹോട്ടലിൽനിന്നും വിൽപ്പന നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള 5 കോടി രൂപ വേണ്ടതില്ലെന്നുപറഞ്ഞ് തടഞ്ഞയാളാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി. സർക്കാർതന്നെ വണ്ടിച്ചെക്ക് നൽകിയ കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം, സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങിയ കാലംകൂടിയായിരുന്നു. 2015 മാർച്ച് 11-ന് മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് ചീഫ് വിപ്പിനും അറുന്നൂറിൽപ്പരംവരുന്ന പേഴ്സണൽ സ്റ്റാഫിനും ശമ്പളം നൽകാൻ പണമുണ്ട്, തുച്ഛമായ വാർദ്ധക്യകാല പെൻഷൻ കൊടുക്കാൻ പണമില്ലെന്ന സമീപനം മനുഷ്യത്വമില്ലായ്മയാണെന്നാണ്. ഇങ്ങനെ പറഞ്ഞത് സി.പി.ഐ(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയോ പോളിറ്റ്ബ്യൂറോ മെമ്പറോ അല്ല, മനുഷ്യാവകാശ കമ്മീഷന്റെ അന്നത്തെ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി ആയിരുന്നുവെന്ന് കാണണം. കേരളം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

നടത്തിപ്പിൽ ഇന്ന് ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. തടസ്സം കൂടാതെയും മുടങ്ങാതെയും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്ന നാടായി കേരളം അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കുന്നു. 56.1 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ ലഭ്യമാകുന്നുണ്ട്, ഇതിനായി ഏതാണ്ട് 900 കോടി രൂപ ഒരുമാസം നീക്കിവയ്ക്കുന്നു. കേരളത്തിൽ യു.ഡി.എഫ്. വരുത്തിവച്ച പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. ഇന്ത്യയിൽ നീതി ആയോഗിന്റെ കണക്കുപ്രകാരം ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. കടക്കെണി എന്ന പുകമറ സൃഷ്ടിക്കുകയും കേരളത്തെ ശ്രീലങ്കയോട് ഉപമിക്കുകയുംചെയ്യുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റേത്. ഇതെല്ലാം ശരിയാണോ, നമ്മുടെ നാടിന് ഗുണകരമാണോ എന്നെല്ലാം പ്രതിപക്ഷത്തുനിന്നും ചർച്ചയിൽ പങ്കെടുക്കുന്നവർ ആലോചിക്കേണ്ടതാണ്. കേരളത്തെ ശ്രീലങ്കയോട് ഉപമിക്കുന്നവർ ഒരുകാര്യം മനസ്സിലാക്കണം, കേരളം ഒരു സംസ്ഥാനവും ശ്രീലങ്ക ഒരു രാജ്യവുമാണ്. എങ്കിലും വേണമെങ്കിൽ നമുക്ക് ചർച്ച ചെയ്യാം. സംസ്ഥാന സർക്കാരിനോ പൊതുമേഖലാ സ്ഥാപനങ്ങൾക്കോ വായ്പയെടുക്കണമെങ്കിൽ കേന്ദ്രത്തിന്റെ അനുമതി വേണമെന്ന കാര്യം അറിയാത്തവരാണോ ഇവിടത്തെ പ്രതിപക്ഷം; കിഫ്ബി ആയാലും കെ-റെയിൽ ആയാലും റിസർവ്

ബാങ്കിന്റെയുൾപ്പെടെ അനുമതിയുണ്ടെങ്കിൽ മാത്രമേ പണം കടമെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് ഇവർക്കറിയില്ലേ? 6.30 ലക്ഷം കോടി രൂപ ഉത്തർപ്രദേശ് കടമെടുത്തു, കേരളത്തിന്റെ കടം 2.84 ലക്ഷം കോടി രൂപയാണ്. തമിഴ്നാടിനും മഹാരാഷ്ട്രയ്ക്കും പശ്ചിമബംഗാളിനും രാജസ്ഥാനും കർണ്ണാടകയ്ക്കും ഗുജറാത്തിനും ആന്ധ്രാപ്രദേശിനും താഴെയാണ് കടമെടുക്കുന്ന കാര്യത്തിൽ കേരളം എന്നറിയില്ലേ? കാശ്മീരിൽ മൊത്തം ഉത്പാദനത്തിന്റെ 57% കടമെടുക്കുമ്പോൾ കേരളം കേവലം 37.1% മാത്രമാണ് കടമെടുക്കുന്നതെന്ന് കാണാൻ സാധിക്കും. ആഭ്യന്തര ഉത്പാദനത്തിന്റെ 27% തുക കേരളം കടം വാങ്ങുമ്പോൾ കേന്ദ്രം 50% തുക കടം വാങ്ങുകയാണ്. മൊത്തം വാർഷികച്ചെലവിന്റെ നാൽപത് ശതമാനം കേന്ദ്രം കടം വാങ്ങുമ്പോൾ കേരളം കടം വാങ്ങുന്നത് ഇരുപത് ശതമാനത്തിൽ താഴെയാണ്. ധനക്കമ്മി എന്നുപറയുമ്പോൾ പെട്ടെന്ന് മനസ്സിലാകുന്നത് ഒരു വർഷത്തെ ആകെ ചെലവിനായി എടുക്കുന്ന കടമെന്നാണ്. ആ ഇനത്തിൽ കേരളമെടുക്കുന്നത് വെറും 3.4% മാത്രമാണ്. എന്നാൽ അതേ കാര്യത്തിന് കേന്ദ്രം 6.9% കടമെടുക്കുന്നു. 6.9% കടമെടുക്കുന്ന കേന്ദ്രം വെറും 3.4% മാത്രം കടമെടുക്കുന്ന കേരളത്തെ കടമെടുക്കാൻ അനുവദിക്കുന്നില്ല, കടമെടുക്കുന്നതിന്റെ പരിധി 3.4 ശതമാനത്തിൽ നിർത്താൻ പറയുകയാണ്.

ഈ കെടുകാര്യസ്ഥതയെ, ബി.ജെ.പി.-യുടെയും കേന്ദ്രസർക്കാരിന്റെയും നയത്തെ തുറന്നുകാണിക്കാനും ജനങ്ങൾക്കിടയിൽ വിശദീകരിക്കാനും കേരളത്തിലെ പ്രതിപക്ഷം ശ്രമിക്കുന്നുണ്ടോ?

ഇന്ത്യയിൽ പണപ്പെരുപ്പനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ഇതിന്റെ ദേശീയ ശരാശരി 7.04 ശതമാനമാണ്. 2022 മേയ് മാസത്തെ കണക്കനുസരിച്ച് കേരളത്തിലെ പണപ്പെരുപ്പ നിരക്ക് 4.82% മാത്രമായിരുന്നു. ഉപഭോക്തൃ സംസ്ഥാനമായിട്ടുപോലും വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞ ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ പണപ്പെരുപ്പ നിരക്കുള്ള സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ നമുക്ക് സാധിച്ചു. ധനസൂചികയിൽ കേരളത്തിന്റെ സ്ഥിതി അപകടകരമായി മാറിയെന്ന് യു.ഡി.എഫ്. എപ്പോഴും പറയാറുണ്ട്, അതും വേണമെങ്കിൽ പരിശോധിക്കാം. ജി.എസ്.ടി. നഷ്ടപരിഹാരം കേന്ദ്രം നിർത്തലാക്കിയല്ലോ, അതിന്റെ ഭാഗമായി വാർഷിക വരുമാനത്തിൽ കുറവുവന്നത് 1,200 കോടി രൂപയാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ വഴിയുള്ള നികുതി വിഹിതം 3.78 ശതമാനത്തിൽനിന്നും 1.92 ശതമാനമാക്കിമാറ്റി. ഇതിന്റെ ഭാഗമായിമാത്രം 6,500 കോടി രൂപയുടെ നഷ്ടമുണ്ടായി. സെസ്സ്, സർചാർജ്ജ് എന്നീ ഇനങ്ങളിൽ കേന്ദ്രം സംസ്ഥാനങ്ങളിൽനിന്നും പിരിക്കുന്ന തുക കഴിഞ്ഞ

പത്തുവർഷംകൊണ്ട് 10 ശതമാനത്തിൽനിന്നും 20 ശതമാനമായി ഉയർത്തിയെങ്കിലും ഇതിന്റെ യാതൊരു വിഹിതവും സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന സാഹചര്യം ഇന്നില്ല. ഇതൊക്കെയാണ് വസ്തുതയെന്ന് തിരിച്ചറിയാനും മനസിലാക്കാനും തയ്യാറാകണ്ടേ?

കേരളത്തിൽ ഒരുവർഷം സ്വർണ്ണ വ്യാപാരരംഗത്ത് ഒരു ലക്ഷംരൂപ മുതൽ ഒന്നേകാൽ ലക്ഷം കോടി രൂപവരെയുള്ള വ്യാപാരം നടക്കുന്നുണ്ട്. സമ്പന്ന രാജ്യമായ ഗൾഫിലെ ഒമാനേക്കാൾ ആഡംബര മേഴ്സിഡസ് ബെൻസ് കാർ വിറ്റഴിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറുന്നു. സഹകരണ മേഖലയിൽ സഹകരണ നിക്ഷേപ സമാഹരണം നടത്തിയല്ലോ; 6,000 കോടി രൂപ ലക്ഷ്യമിട്ടപ്പോൾ ഏഴായിരത്തി ഇരുന്നൂറിൽപ്പരം കോടി രൂപ സഹകരണ മേഖലയിൽ നിക്ഷേപം വന്നു. സാമ്പത്തികരംഗത്ത് നല്ല നിലയിൽ കെട്ടുറപ്പോടെ മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ട്. അതിനാവശ്യമായ നയപരിപാടികൾക്ക് എല്ലാ അർത്ഥത്തിലും നേതൃത്വം കൊടുക്കാൻ കഴിയുന്ന ഒരു ഗവണ്മെന്റാണിത്. ഗവണ്മെന്റും ധനകാര്യ വകുപ്പും കൃത്യമായും ശക്തമായും ഇടപെട്ടാൽ പല കാര്യങ്ങളെയും മറികടക്കാനും മുന്നോട്ടുപോകാനുമാകും എന്നകാര്യത്തിൽ തർക്കമില്ല.

ഞാൻ പ്രതിനിധീകരിക്കുന്ന ഒറ്റപ്പാലം മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ കടമ്പൂർ-വേട്ടേക്കര-കടമ്പഴിപ്പുറം റോഡിന് മൂന്ന് കോടിരൂപ, പൂക്കോട്ടുകാവ്-കാട്ടുകുളം-മംഗലാംകുന്ന് റോഡിന് 3 കോടി രൂപ, കോട്ടപ്പുറം -ആറ്റാശ്ശേരി റോഡിന് രണ്ട് കോടിരൂപ, തച്ചനാട്ടുകര-നാട്ടുകൽ-തള്ളച്ചിറ റോഡിന് രണ്ട് കോടിരൂപ, മണ്ണാർക്കാട് മണ്ഡലത്തിന്റെകൂടി ഭാഗമായുള്ള തച്ചനാട്ടുകര സമഗ്ര കുടിവെള്ള പദ്ധതിക്ക് 5 കോടി രൂപ, ചേലക്കര മണ്ഡലംകൂടി ഉൾപ്പെടുന്ന കുത്താമ്പുള്ളി-മീറ്റ്ന ഋക്കപാലത്തിന് 18 കോടി രൂപ - ഇങ്ങനെ 20 ശതമാനം ഫണ്ട് വകയിരുത്തിയ പ്രവൃത്തികളാണ്. ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന്റെ പണി യാഥാർത്ഥ്യത്തിലേയ്ക്ക് കടക്കുന്നു. ഒറ്റപ്പാലത്ത് ഗതാഗതാക്കുരുക്കിന് പരിഹാരമായിട്ടുള്ള ബൈപ്പാസ് യാഥാർത്ഥ്യമാകാൻ പോകുന്നു. ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം സാദ്ധ്യമാകാനുള്ള സ്ഥിതിയായിട്ടുണ്ട്. ഒറ്റപ്പാലത്ത് ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിലാണ്. ഒറ്റപ്പാലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ജിം ഉടനെ പണി ആരംഭിക്കും. സംസ്ഥാനത്ത് പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-യിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞു. ലക്കിടി, കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ഓഡിറ്റോറിയത്തിന്റെ പണി

പൂർത്തീകരിക്കുന്ന സാഹചര്യമായി. ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നാട്ടിൽ നടക്കുന്നുണ്ട്. അവ നടത്തുന്നതിന് എല്ലാ അർത്ഥത്തിലും നാടിന്റെ ശരിയുടെ പക്ഷത്ത് ചേർന്ന് നില്ക്കുന്നതിനുപകരം കേരളത്തിലെ പ്രതിപക്ഷം ചെയ്യുന്ന പണിയെന്താണെന്ന് നമ്മുടെ നാട് തിരിച്ചറിയണം. കേരളത്തിലെ പ്രതിപക്ഷം ഏതുനിലയിലും ഇടതുപക്ഷത്തെ എതിർക്കുകയെന്ന സമീപനമാണ് സ്വീകരിക്കുന്നത്. പ്രതിപക്ഷനേതാവ് ഇന്ന് രാവിലെ ആർ.എസ്.എസ്. ബന്ധം സംബന്ധിച്ച് വാതോരാതെ സംസാരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ സൂചിപ്പിക്കട്ടെ, 1977-ൽ ജനസംഘവുമായി ചേർന്നുനിന്ന് മത്സരിച്ച ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയെന്നല്ലേ പറഞ്ഞത്. 1977-ൽ ബി.ജെ.പി.-യും ജനസംഘവുമില്ലെന്ന് നമുക്ക് കാണാൻ സാധിക്കും. അന്ന് ജനതാ പാർട്ടിയാണുണ്ടായിരുന്നത്. വസ്തുതാവിരുദ്ധമായ ആക്ഷേപമുന്നയിച്ച് മുഖ്യമന്ത്രിയെ അപമാനിക്കാനുള്ള ശ്രമമല്ലേ നടത്തുന്നത്. സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള നിലമറന്ന സമീപനം കേരളത്തിന്റെ പ്രതിപക്ഷനേതാവ് സ്വീകരിക്കുന്നു. ബി.ജെ.പി.-യുടെ, ആർ.എസ്.എസ്.-ന്റെ തലതൊട്ടപ്പനായ ഗോൾവാൾക്കറെ പൂജിക്കാനും അദ്ദേഹത്തിന്റെ ഫോട്ടോയ്ക്ക് മുന്നിൽ തിരികൊളുത്താനും വിനീത വിധേയനായി

നിന്നുകൊടുക്കാനും മടിയില്ലാത്തയാളായി കേരളത്തിലെ പ്രതിപക്ഷനേതാവ് മാറുന്നു. എങ്ങനെ മാറാതിരിക്കും. കെ.പി.സി.സി. പ്രസിഡന്റ് പറയുന്നു, I will go with BJP എന്ന്. ഇങ്ങനെ പറയുന്ന ആളെ കെ.പി.സി.സി.-യുടെ പ്രസിഡന്റാക്കിയാൽ എന്താണ് ഉണ്ടാകുകയെന്ന് നമ്മുടെ നാട് തിരിച്ചറിയുകയാണ്. വടകര-ബേപ്പൂർ കോ.ലീ.ബി. സഖ്യം നിങ്ങൾ മറന്നെങ്കിലും നാട് മറന്നിട്ടില്ല. കാസർഗോഡ് പാർലമെന്റ് മണ്ഡലത്തിൽ രാമണ്ണ റേയ്ക്കെതിരായി ശ്രീ. ഒ. രാജഗോപാലിനെ നിങ്ങൾ പിന്തുണച്ചതും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവ് പഞ്ചായത്തിൽ കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ പരസ്യമായി ബി.ജെ.പി.-യുമായി മുന്നണിയുണ്ടാക്കിയതും നാട് മറന്നിട്ടില്ല. പക്ഷെ നിങ്ങൾ രക്ഷപ്പെട്ടില്ല. അവിടെ ഭരണസമിതി എൽ.ഡി.എഫ്.-ന്റേതാണ്. ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിൽ പരസ്യമായി ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുമിച്ച് മത്സരിച്ചുവെങ്കിലും നിങ്ങൾ പരാജയപ്പെട്ടു. എങ്കിലും നിങ്ങൾ സഖ്യമായിരുന്നു. ഏലംകുളം പഞ്ചായത്തിൽ ജമാഅത്തെ ഇസ്ലാമിയുമായി സഖ്യം ചേർന്നാണ് നേരിയ ഭൂരിപക്ഷത്തിന് ഇപ്പോൾ നിങ്ങളവിടെ ഭരിക്കുന്നത്. ഇതെല്ലാം നാട് കാണുന്നുണ്ട്. ഈ നാടിന്റെ മതനിരപേക്ഷത കാത്തുസംരക്ഷിക്കുന്നത് ഇടതുപക്ഷമാണെന്ന്

തിരിച്ചറിയാൻ ജനങ്ങൾ സജ്ജമായിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ആഭാസസമരങ്ങളുമായി ഈ സർക്കാരിനെയും സർക്കാരിന് നേതൃത്വം നൽകുന്ന പ്രസ്ഥാനത്തെയും അതിന്റെ നായകനായ മുഖ്യമന്ത്രിയേയും നിങ്ങൾ അവഹേളിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങളാണ് ഒറ്റപ്പെടുന്നതെന്ന് തിരിച്ചറിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുന്നു. 'കോരനിപ്പോഴും കഞ്ഞി കുമ്പിളിൽത്തന്നെ'. കഴിഞ്ഞ 5 വർഷവും ജനങ്ങളുടെമേൽ വിവിധ നികുതികൾക്കും സേവനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള വർദ്ധന ഇത്തവണയും തുടരുമെന്നാണ് ഈ ധനകാര്യ ബില്ലിലൂടെ സർക്കാർ വ്യക്തമാക്കുന്നത്. ഇത്തവണ സാധാരണക്കാരെ ഏറ്റവും കൂടുതൽ ബാധിക്കുന്ന തരത്തിൽ അടിസ്ഥാന ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിച്ചു. പുതിയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തി, രജിസ്ട്രേഷൻ ഫിറ്റ്നെസ് ടെസ്റ്റ് ചാർജ്ജ് വർദ്ധിപ്പിച്ചു, 2 ലക്ഷം രൂപവരെയുള്ള മോട്ടോർ വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി 1 ശതമാനം ഉയർത്തി. ഇത്തരം നികുതി നിർദ്ദേശങ്ങളെല്ലാം സാധാരണക്കാരായ ആൾക്കാരെ നേരിട്ട് ബാധിക്കുന്നവയാണ്. കേന്ദ്രസർക്കാരിന്റെ ഇന്ധന-

പാചകവാതക വിലവർദ്ധനയിൽ പൊറുതിമുട്ടുന്ന ജനത്തെ സംസ്ഥാന സർക്കാരിന്റെ വകയുള്ള കനത്ത നികുതിഭാരത്തിലേയ്ക്ക് നയിച്ചത് കഴിഞ്ഞ 5 കൊല്ലംകൊണ്ട് സർക്കാർ വരുത്തിവച്ച കടക്കെണിയല്ലാതെ മറ്റെന്താണ്? ഭാവിയെക്കുറിച്ച് വളരെ ശോഭനമായ പ്രതീക്ഷകളുണ്ടായിരുന്ന കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി കടമെടുത്ത് ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളുമെടുത്ത 31,800 കോടി രൂപ വേറെ. കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെയുള്ള കാലങ്ങളിൽ 120 കടപ്പത്രങ്ങൾവഴി ആകെ 1,33,000 കോടി രൂപയാണ് സർക്കാർ കടമെടുത്തത്. എൻ.എസ്.എസ്.എഫ്., നബാർഡ് എന്നിവ വഴി വേറെയും കടമെടുത്തിട്ടുണ്ട്. വളരെ ഉയർന്ന പലിശയ്ക്കാണ് കടമെടുപ്പ്. 10 മുതൽ 35 വർഷംവരെ തിരിച്ചടവ് കാലാവധിയുള്ള വായ്പകളാണ് എടുത്തിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ ഏകദേശം 19 ശതമാനം പലിശകൊടുക്കാൻ മാത്രംവേണം. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം പതിമൂന്നായിരം കോടിരൂപയിലധികം മുതലിനത്തിലും ആയിരത്തി എണ്ണൂറ് കോടി രൂപയോളം പലിശയിനത്തിലും ഒരു വർഷം തിരിച്ചടയ്ക്കണം. എവിടെനിന്ന് നമ്മൾ ഇതെടുത്തുകൊടുക്കും? പതിമൂന്നായിരം കോടിരൂപയും ആയിരത്തി

എണ്ണൂറ് കോടി രൂപയും എവിടെനിന്നാണ് നമ്മൾ മടക്കികൊടുക്കുക? ഈ കടമെല്ലാം വാങ്ങിയിട്ട് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് എന്തെങ്കിലുമുണ്ടോയെന്ന് നോക്കിയാൽ അതുമില്ല. എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 15 ശതമാനം കുറഞ്ഞു. കഴിഞ്ഞ 6 വർഷത്തിനിടയിൽ നിങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലുമൊരു വൻകിട പ്രോജക്റ്റിന്റെ പേര് പറയാൻ സാധിക്കുമോ? യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണെങ്കിൽ വിഴിഞ്ഞം പ്രോജക്റ്റ്, അന്താരാഷ്ട്ര വിമാനത്താവളം, മെട്രോ തുടങ്ങിയ പേരുകൾ കുറേയുണ്ട്. ഞാൻ മുഴുവനായും പറയുന്നില്ല. അങ്ങനെ കുറെയധികം വമ്പൻ പ്രോജക്റ്റുകളുണ്ടായിരുന്നു. കേന്ദ്ര സഹായംകൂടി ഇല്ലായിരുന്നെങ്കിൽ എന്തെങ്കിലും പുതിയൊരു പദ്ധതി കേരളത്തിലുണ്ടാകുമായിരുന്നോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകിയ 7,012 കോടി രൂപയുടെ ഗ്രാന്റ് മുഴുവൻ ഉപയോഗിക്കാതെ 2,200 കോടി രൂപയാണ് ലാപ്സാക്കിയത്. എം.എൽ.എ.-മാർ എന്തെങ്കിലും ഒരു പദ്ധതി ആവശ്യപ്പെട്ടാൽ അതിന് സ്പോൺസർഷിപ്പ് വേണമെന്നാണ് മന്ത്രിമാർ പറയുന്നത്. അതാണ് സർക്കാരിന്റെ ഇപ്പോഴത്തെ രീതി. നിസ്സാരമൊരു ബസ് റൂട്ട് ആവശ്യപ്പെട്ടപ്പോൾ അതിനുപോലും സ്പോൺസർ ചെയ്യണമെന്നാണ് പറഞ്ഞത്. ഓരോരോ

പഞ്ചായത്തിനുംവേണ്ടി സ്പോൺസറെ സംഘടിപ്പിക്കണം. പിന്നെ സർക്കാരിന് എന്തുപണിയാണുള്ളത്; എന്തിനാണ് ഇങ്ങനെയൊരു സർക്കാർ; എന്തിനാണ് ഇങ്ങനെയൊരു ഡിപ്പാർട്ട്മെന്റ്? നിങ്ങളുടെ അനാവശ്യ ചെലവുകളും ധൂർത്തും തന്നെയാണ് നാടിനെ ഈ സ്ഥിതിയിലാക്കിയത്. കഴിഞ്ഞ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങുമുതൽ തുടങ്ങിയ ധൂർത്ത് നൂറുദിവസം, ഒന്നാംവാർഷികം, ആയിരം ദിവസം ഇങ്ങനെ തുടർന്നുകൊണ്ടേയിരുന്നു. നിരവധിപേർക്ക് ക്യാബിനറ്റ് പദവികൾ, കാക്കത്തൊള്ളായിരം ഉപദേശകരെ നിയമിച്ചത്, കൊലക്കേസ് പ്രതികളെ സംരക്ഷിക്കാൻ സുപ്രീംകോടതി അഭിഭാഷകരെ കൊണ്ടുവന്നത്, ഇതുപോലെ ഖജനാവിൽനിന്ന് കോടിക്കണക്കിന് രൂപ പോകുകയാണ്. ഇപ്പോൾ ഐ.എ.എസ്., ഐ.പി.എസ്.-ഉദ്യോഗസ്ഥരെ വൻ ശമ്പളത്തിൽ വീണ്ടും എവിടെയെങ്കിലും കുത്തിത്തിരുകുകയാണ്. ചെറുപ്പക്കാരായ ധാരാളം ആളുകളുള്ള നമ്മുടെ നാട്ടിൽ എന്തിനാണ് റിട്ടയർ ചെയ്ത, പ്രായമായ ആൾക്കാരെ വീണ്ടും കുത്തിത്തിരുകുന്നത്? അന്നെല്ലാം ഞങ്ങൾ സഭയിൽ പറഞ്ഞതാണ്, നാളെ ഇതെല്ലാം ഭൂനികുതിയായും വെള്ളക്കരമായും മോട്ടോർവാഹന നികുതിയായും ജനങ്ങളുടെ തലയിൽത്തന്നെ വരുമെന്ന്. അതാണിപ്പോൾ സംഭവിച്ചിരിക്കുന്നത്. പോലീസ് വകുപ്പിൽ ഉൾപ്പെടെ

നിരവധി വാഹനങ്ങളാണ് വാങ്ങിക്കൂട്ടുന്നത്. മുമ്പൊക്കെയാണെങ്കിൽ റോഡിൽ വളരെ അപൂർവ്വമായാണ് ഒരു സർക്കാർ വാഹനം കാണുന്നത്. ഇപ്പോൾ മിനിറ്റുവച്ച് ചുവന്ന ബോർഡുവച്ച് അങ്ങോട്ടുമിങ്ങോട്ടും വാഹനങ്ങൾ ചീറിപ്പായുകയാണ്. ഇത്രയും സർക്കാർ വാഹനങ്ങൾ വർദ്ധിച്ചതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ? പോലീസ് ഓഫീസർമാരുടെ വീടുകളിൽ പോയിനോക്കണം, ബോർഡ് വച്ച നാലും അഞ്ചും വാഹനങ്ങളാണ് ഉപയോഗിക്കാതെ കിടക്കുന്നത്. അതുപോലെ കോടികൾ ചെലവിട്ട ഹെലികോപ്റ്റർ വെറുതെകിടക്കുന്നു. ഒരു ഹാർട്ട് ട്രാൻസ്പ്ലാന്റേഷന് ഉപകരിച്ചുവെന്നത് നല്ലകാര്യം, സമ്മതിക്കുന്നു. പക്ഷെ അത് പിന്നീട് എന്തിനെങ്കിലും ഉപയോഗിക്കുന്നുണ്ടോ; അത് കുറഞ്ഞപക്ഷം വാടകയ്ക്ക് കൊടുത്തുകൂടേ; പൊടിപിടിച്ച് വെറുതെ കിടക്കണ്ടല്ലോ; ആരെങ്കിലും വാടക നൽകിയാൽ അതെങ്കിലും കിട്ടില്ലേ?

സംസ്ഥാനത്തിന്റെ നികുതി പിരിവിലുള്ള അലംഭാവത്തിനുപുറമെ റവന്യൂ ചെലവ് കുറയ്ക്കുന്നതിനും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വരവ് ഒറിജിനൽ എസ്റ്റിമേറ്റിൽനിന്നും 9,947 കോടി രൂപ കുറവാണ്. തനത് നികുതി വരുമാനം ഒറിജിനൽ എസ്റ്റിമേറ്റിനേക്കാൾ 7,977 കോടി രൂപ, പുതിയ എസ്റ്റിമേറ്റിനേക്കാൾ 2,466 കോടി രൂപ കുറവ് രേഖപ്പെടുത്തി.

റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടു. യഥാർത്ഥ റവന്യൂ കമ്മി ഒറിജിനൽ എസ്റ്റിമേറ്റിനെക്കാൾ 4,602 കോടി രൂപയും പുതുക്കിയ എസ്റ്റിമേറ്റിനേക്കാൾ 4,434 കോടി രൂപയും കൂടുതലായിരുന്നു. എന്തിനാണ് ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കിയിരിക്കുന്നത്? എല്ലാപേരോടും സംസാരിച്ചിട്ടാണ് അത് പാസ്സാക്കിയത്. എന്തിനായിരുന്നു അത്? അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം ഇരുപതിനായിരം കോടി രൂപയിലധികം റവന്യൂ കുടിശ്ശികയാണ് പിരിച്ചെടുക്കാനുള്ളത്. ഈ കുടിശ്ശിക സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 22 ശതമാനം വരും. വരുമാനമാർജ്ജിക്കുന്ന പ്രധാന വകുപ്പുകളുടെ ഡാറ്റാ ബേസുകൾ മുഴുവൻ അപൂർണ്ണമാണ്. കൃത്യമായ വിവരങ്ങൾ എവിടെയും ലഭ്യമല്ല. വകുപ്പിൽ വിവരങ്ങൾ കൃത്യമായി സൂക്ഷിക്കാത്തതിനാലാണ് കുടിശ്ശിക പിരിക്കാനും റവന്യൂ റിക്കവറി നടപടികളെടുക്കാനും തടസ്സമാകുന്നത്. വകുപ്പിന്റെ ഇത്തരം വീഴ്ചകൾ കൂടിയാണ് യഥാർത്ഥ സാമ്പത്തിക സ്ഥിതിക്ക് കാരണമാകുന്നത്. പക്ഷേ ഏറ്റവും വലിയ വിരോധാഭാസം, നിത്യവൃത്തിക്കുപോലും വഴിയില്ലാത്ത പാവങ്ങൾ ഒരു രൂപയെങ്കിലും കുടിശ്ശിക വരുത്തിയാൽ അവരെ എങ്ങനെയെങ്കിലും പെരുവഴിയിലിറക്കി പിരിച്ചെടുക്കുമെന്ന സമീപനമാണ്

സ്വീകരിക്കുന്നത്. ഇതുതന്നെയാണ് കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെയും സമീപനം. അംബാനിക്കും അദാനിക്കും ഒരു നീതി, സാധാരണക്കാരന് വേറൊരു നീതി; അതേ രീതിയിൽ നമ്മളും പോകണോ? ജി.എസ്.ടി. വന്നപ്പോൾ, ചരിത്രത്തിൽ ഏറ്റവും കൂടുതൽ സർവ്വീസ് ടാക്സ് പിരിക്കാനുള്ള അവസരമായിരുന്നു. എന്നാൽ സർക്കാർ അത് കൈക്കൊണ്ടില്ല. കേരളത്തിലെ സർവ്വീസ് മേഖലകളിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്താനും നികുതി വെട്ടിപ്പ് തടയുന്നതിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടു. എൻഫോഴ്സ്മെന്റും ഇന്റലിജൻസും കാര്യക്ഷമമല്ല. റവന്യൂ മോണിറ്ററിംഗ് സെൽ ഇപ്പോഴുണ്ടോ? ചെക്ക് പോസ്റ്റുകളിലെ ക്യാമറകൾക്ക് എന്താണ് പറ്റിയത്? ക്യാമറകൾ എത്രയോ കോടി രൂപ ചെലവഴിച്ച് കൊണ്ടുവന്നതല്ലേ? കേന്ദ്രത്തിൽനിന്നും ജി.എസ്.ടി. നഷ്ടപരിഹാരം നിലയ്ക്കുകയും പെട്രോളിയം, മോട്ടോർ വാഹന സെസ്സ് എന്നിവയുടെ 50 ശതമാനം തുക കിഫ്ബിയിലേയ്ക്ക് മാറുകയും ചെയ്യുന്നതിലൂടെ പൊതുഖജനാവിന് 17,000 കോടി രൂപയുടെ നഷ്ടമാണ് ഒരു വർഷമുണ്ടാകാൻ പോകുന്നത്. കൂടാതെ 2021-26 കാലയളവിൽ നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതകളുടെ 63 ശതമാനവും കാലാവധി പൂർത്തീകരിക്കുകയാണ്. എന്താണ് ചെയ്യാൻ പോകുന്നത്? Our financial

position is in great danger. കുത്തുപാളയെടുക്കാൻ അധികസമയം വേണ്ടിവരില്ല. കേരള മോഡലെന്ന വികസന മാർഗ്ഗം ലോകത്തിന് കാണിച്ചുകൊടുത്ത സംസ്ഥാനത്തിന്റെ അവസ്ഥയാണിത്. 2001-ൽ നായനാർ സർക്കാരിന്റെ അവസാനകാലത്ത് ആയിരം രൂപയുടെ ചെക്കുപോലും ട്രഷറിയിൽനിന്നും മാറ്റാൻ കഴിഞ്ഞിരുന്നില്ല. മന്ത്രിമാർക്ക് എയർ ടിക്കറ്റ് കടം കിട്ടിയിരുന്നില്ല. എന്തിനേറെ മരിച്ച ജവാന്മാർക്ക് റീത്ത് വയ്ക്കാൻപോലും കഴിഞ്ഞിരുന്നില്ലെന്നുള്ളതാണ് സത്യം. അതേ രീതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനമെത്തുന്നതിനുമുമ്പ് ഇപ്പോഴത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചൊരു വൈറ്റ് പേപ്പർ പുറപ്പെടുവിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങ് ദയവുചെയ്ത് ഇതിൽ ചതിക്കപ്പെടരുതെന്ന് എനിക്ക് വളരെയധികം ആഗ്രഹമുണ്ട്. അതുകൊണ്ടാണ് വൈറ്റ് പേപ്പറുണ്ടാകണമെന്നുപറയുന്നത്. ഞാൻ ഈ ബില്ലുകളെ എതിർക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ധനകാര്യ ബില്ലുകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സാമ്പത്തികമായി നമ്മുടെ വരുമാനം ഗണ്യമായി കുറഞ്ഞപ്പോഴും ക്ഷേമപ്രവർത്തനങ്ങൾ നിർത്താതെയും വൻകിട വികസന പദ്ധതികളുപേക്ഷിക്കാതെയും കേരളം നടത്തുന്ന വികസന മാതൃക

ലോകത്തിനുതന്നെ മാതൃകയാണ്. വലിയ പ്രതിസന്ധികളും പ്രകൃതി ദുരന്തങ്ങളും കോവിഡുമെല്ലാമുണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് കേരളത്തിലെ ഒരു മനുഷ്യനെപ്പോലും പട്ടിണി കിടത്താതെ കേരളത്തിലെ വികസനം മുന്നോട്ടുകൊണ്ടുപോകുന്ന ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. സാമ്പത്തികമായി വരുമാനം കുറയുന്നതുമായി ബന്ധപ്പെട്ട് ഇവിടെ യു.ഡി.എഫ്.-ന്റെ ആളുകളുൾപ്പെടെയുള്ളവർ പല കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ചില പ്രശ്നങ്ങളിവിടെ പറയാതിരിക്കുകയും അവരുടെ രാഷ്ട്രീയമെന്താണെന്ന് വെളിവാക്കുകയും ചെയ്യുകയാണ്. കേന്ദ്രം സംസ്ഥാനങ്ങളെ ഞെരുക്കികൊല്ലുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും കേരളത്തിലെ ജനങ്ങൾ അതെങ്ങനെയാണ് അനുഭവിക്കുന്നതെന്നതും സംബന്ധിച്ച് യാതൊന്നും പ്രതിപക്ഷത്തുള്ളവരാരും പറയുന്നില്ല.

ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കി. കേരളത്തിൽനിന്നും നികുതി പിരിച്ചുകൊണ്ടുപോകുന്നതിന്റെ വിഹിതംപോലും കൃത്യമായി നൽകാതിരിക്കുകയാണ്. നഷ്ടപരിഹാരം നിർത്തലാക്കിയതുമൂലം കേരളത്തിന് ലഭിക്കേണ്ട പന്ത്രണ്ടായിരം കോടി രൂപയുടെ ഇടിവുണ്ടെന്നാണ് പറയപ്പെടുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ

കേരളത്തിന് ലഭിക്കേണ്ടതിന്റെ ഏഴായിരം കോടി രൂപയുടെയും ഇടിവും ചേർത്ത് ഏതാണ്ട് ഇരുപതിനായിരം കോടി രൂപയാണ് കേരളത്തിന് ലഭിക്കേണ്ടത്. സംസ്ഥാനത്തിന് നൽകേണ്ട നികുതി വരുമാനത്തിന്റെ വിഹിതം ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി ഏതാണ്ട് ഇരുപതിനായിരം കോടി രൂപയുടെ കുറവുണ്ട്. നമ്മുടെ നാടിന് അർഹതപ്പെട്ടത് കിട്ടേണ്ടത് കുറയുകയാണ്. 14-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് നമുക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം 2.5-ഉം അതിന് തൊട്ടുമുമ്പ് 3.8-ഉം ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് നമുക്ക് ലഭിക്കുന്ന കേന്ദ്രം വിഹിതം 1.92 ശതമാനമാണ്. സംസ്ഥാനത്ത് ഇന്ധനവില കൂട്ടുന്നതിനുപുറമെ തീരദേശങ്ങളിലെ ആളുകൾ പ്രധാനമായും ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലകൂട്ടുകയും അത് കിട്ടാതെയാക്കുകയും ചെയ്യുക, ഗോതമ്പിന്റെ വില കൂട്ടുക തുടങ്ങിയ സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് കേന്ദ്രവിഹിതം യാതൊന്നും നൽകാതെ ഈ സർക്കാരിനെ വരുമാനമില്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോഴും അതിനെതിരെ ഒരു വാക്കുപോലും കേരളത്തിനുവേണ്ടി പ്രതിപക്ഷം പറയുന്നില്ല എന്നതിൽ വളരെ വേദന തോന്നുകയാണ്. ഇവരുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായിരുന്ന ശ്രീ. രാഹുൽഗാന്ധി വയനാട്ടിൽനിന്നുള്ള എം.പി. ആണ്. ചില സമയത്ത് ഇവിടെ വന്ന് തൈര്,

വെങ്കായം എന്നുള്ള കാര്യങ്ങൾ പറയാൻ വായ തുറക്കാറുണ്ട്. എന്നാൽ കേരളത്തിന് നൽകാനുള്ള വിഹിതം നൽകാതിരിക്കുന്ന കേന്ദ്ര സർക്കാരിനോട് ഇന്ത്യൻ പാർലമെന്റിൽപോയി കേന്ദ്രം കേരളത്തോട് കാണിക്കുന്നത് അനീതിയാണെന്ന് പറയാനുള്ള നാവ് ശ്രീ. രാഹുൽ ഗാന്ധിക്കില്ലെന്നുള്ളത് ഖേദത്തോടുകൂടി പറയുകയാണ്.

തുടർഭരണം വന്നതിനുശേഷം കേരളത്തിൽ ഒന്നാം പിണറായി സർക്കാർ തുടക്കമിട്ട നിരവധി കാര്യങ്ങൾ വലിയ രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അത് ജനങ്ങളുടെ ശ്രദ്ധയിൽ വരാതിരിക്കാൻവേണ്ടി ചില മാധ്യമങ്ങളും പ്രതിപക്ഷവുംകൂടി വിവാദങ്ങളുണ്ടാക്കികൊണ്ടിരിക്കുകയാണ്. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടത്തുമ്പോഴും അതിനെക്കുറിച്ച് ഒരക്ഷരം പറയാതെ വിവാദങ്ങൾ മാത്രം ശ്രദ്ധിക്കപ്പെടണമെന്ന അജണ്ടയാണ് ഇവിടെ നടപ്പിലാക്കുന്നത്. രാജസ്ഥാൻ സർക്കാരിനെ തകർക്കാൻ സച്ചിൻ പൈലറ്റിനെ ഉപയോഗിച്ചവരാണ് ബി.ജെ.പി. അതുപോലെ ഇവിടെ പ്രതിപക്ഷത്തെയാണ് അവർ ഉപയോഗിക്കുന്നത്. എന്നാൽ അതിനെയെല്ലാം അതിജീവിച്ചാണ് നമ്മൾ മുന്നോട്ടുപോകുന്നത്. ബി.ജെ.പി. നേതാക്കൾ/പ്രസിഡന്റ് രാവിലെ പത്രക്കാരെ വിളിച്ചുപറയുന്ന

കാര്യം വൈകുന്നേരമാണ് പ്രതിപക്ഷനേതാവ് ആരോപണമായി ഉന്നയിച്ചിരുന്നത്. എന്നാൽ ഇപ്പോഴത് മാറി. അതിരാവിലെതന്നെ ബി.ജെ.പി.-യുടെ ആരോപണത്തോടൊപ്പമോ അതിനുമുമ്പോ അവരുടെ ആരോപണങ്ങൾ ഉന്നയിക്കുന്ന രീതിയിലേയ്ക്ക് ഇവിടത്തെ പ്രതിപക്ഷം തരംതാഴ്ന്നിരിക്കുകയാണ്. ഈ സർക്കാരിനെ കുഴയ്ക്കാൻവേണ്ടിയാണെന്ന് പറഞ്ഞുകൊണ്ട് പലതരത്തിലുള്ള ചോദ്യങ്ങൾ മാധ്യമങ്ങൾ മാസങ്ങളും വർഷങ്ങളുമായി ചോദിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട വിവാദത്തിൽ എവിടെനിന്നാണ് സ്വർണ്ണം കടത്തിയതെന്നോ എങ്ങോട്ടാണ് സ്വർണ്ണം കടത്തിയതെന്നോ ഇതുവരെ ആർക്കും അറിയില്ല. ഈ രാജ്യം ഭരിക്കുന്ന കേന്ദ്ര സർക്കാർ ഇതിന് മറുപടി പറയേണ്ടതല്ലേ? എന്നാൽ അതുപറയാതെ വിദേശകാര്യ മന്ത്രിയുൾപ്പെടെ ഇവിടെവന്ന് ഈ സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. പ്രതിപക്ഷം ബി.ജെ.പി.-യുമായി ഒന്നിച്ചുനിൽക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇരുപതിലധികം തവണ സ്വർണ്ണക്കടത്ത് നടത്തിയെന്നുപറയുമ്പോഴും അത് നടത്താൻ കൂട്ടുനിന്ന കസ്റ്റംസ് ഉദ്യോഗസ്ഥർക്കെതിരെയോ അതിന് കൂട്ടുനിന്ന മറ്റുള്ളവർക്കെതിരെയോ അന്വേഷണം വേണമെന്ന് പറയുന്നില്ല.

ഡിപ്ലോമാറ്റിക് ബാഗേജിലല്ല ഇത് കടത്തിയതെന്ന് നിരവധി തവണ പത്രസമ്മേളനം നടത്തി വിളിച്ചുപറഞ്ഞ ഒരു കേന്ദ്രമന്ത്രിയുണ്ട്. ഇവിടെ എപ്പോഴും സി.ബി.ഐ. അന്വേഷണം വേണമെന്ന് പ്രതിപക്ഷനേതാവ് പറയുകയാണ്. എന്നാൽ പ്രതികളെ സഹായിക്കുന്ന രീതിയിൽ കേന്ദ്രമന്ത്രി പറഞ്ഞിട്ടുപോലും അദ്ദേഹത്തിനെതിരെ ഒരു അന്വേഷണം, സി.ബി.ഐ. അന്വേഷണമല്ല, ഏതെങ്കിലുമൊരു അന്വേഷണം ആവശ്യമാണെന്ന് ഇവിടത്തെ പ്രതിപക്ഷം പറഞ്ഞില്ല. അതോടൊപ്പം ആർ.എസ്.എസ്. അനുകൂല സംഘടന ജോലി കൊടുത്തപ്പോൾ അതെങ്ങനെ കൊടുത്തു, അതെന്തിന് കൊടുത്തുവെന്ന ചോദ്യം പ്രതിപക്ഷം ഉന്നയിക്കുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സല്ലേ, നെഹ്റുവിന്റെ പാർട്ടിയല്ലേ? ഇവിടത്തെ ജനാധിപത്യത്തെ ഭരണകൂടങ്ങൾ അട്ടിമറിക്കാനുള്ള ശ്രമം കേന്ദ്ര സർക്കാർ നടത്തുമ്പോൾ എങ്ങനെയാണ് സ്വർണ്ണക്കടത്ത് പ്രതിക്ക് ആർ.എസ്.എസ്. അനുകൂല സംഘടന ജോലി കൊടുത്തതെന്ന് ചോദിക്കാൻ അവകാശമില്ലേ? എന്തുകൊണ്ടാണത് ചോദിക്കാത്തത്? പ്രതിപക്ഷനേതാവിന്റെ സുഹൃത്തായിട്ടുള്ള ഒരു വക്കീലാണ് പ്രതിക്കുവേണ്ടി പരസ്യമായി പുറത്തുവന്നത്. അദ്ദേഹത്തിന് ബന്ധമുള്ള ഒരു ജ്വല്ലറിക്ക് സ്വർണ്ണക്കടത്തിൽ പങ്കുണ്ടെന്ന കാര്യങ്ങൾ പുറത്ത് ആരോപണങ്ങളായി

വരുന്നുണ്ട്. അതിന്റെ സത്യാവസ്ഥയെന്താണെന്ന് അന്വേഷിക്കണമെന്ന് മാധ്യമങ്ങളും പ്രതിപക്ഷവും പറയുന്നില്ല. സർക്കാരിന്റെ വികസനകാര്യങ്ങൾ ചർച്ച ചെയ്യാതിരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഇത്തരത്തിലുള്ള വിവാദങ്ങൾ മാത്രം നിറഞ്ഞുനിൽക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം വെബ്സൈറ്റിൽ എന്തോ കണ്ടു എന്നുപറഞ്ഞ് കുടുംബാംഗങ്ങളെ വലിച്ചിഴയ്ക്കുന്നതുൾപ്പെടെ ഇവിടെ ഒരു വലിയ പ്രചരണം നടത്തി. പിന്നീട് രണ്ട് ദിവസം കഴിഞ്ഞ് അദ്ദേഹത്തിന്റെ വെബ്സൈറ്റിൽ ക്ലിക്ക് ചെയ്തുകഴിഞ്ഞാൽ ഏതോ അലുമിനിയം കമ്പനിയുടെ വെബ്സൈറ്റിലേയ്ക്കാണ് പോകുന്നത്. അത് എന്റെ വെബ്സൈറ്റല്ല, എന്തോ പിശക് വന്നതാണ് എന്നുള്ള രീതിയിലാണ് അദ്ദേഹത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ പറഞ്ഞത്. എന്തായിരുന്നാലും സ്വന്തം വെബ്സൈറ്റ് എങ്ങോട്ടാണ് പോകുന്നതെന്ന് അറിയാത്ത ആളുകളാണ് ഈ നിയമസഭയിൽവന്ന് വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് വിവാദങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നത്. സ്വന്തം വെബ്സൈറ്റെങ്കിലും ആ നേരത്ത് നോക്കിയിരുന്നെങ്കിൽ അത് തിരുത്താമായിരുന്നില്ലേ?

ഈ സർക്കാരിന്റെ കാലത്ത് ഏതൊക്കെ തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നത്. കേരളം ശ്രീലങ്കയാകുമോ എന്നാണ് ഇവർ

ചോദിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എന്തായാലും രാജസ്ഥാനും പഞ്ചാബും ഉത്തർപ്രദേശുമൊക്കെ ശ്രീലങ്ക ആയതിനുശേഷമേ കേരളം ആ അവസ്ഥയിലേയ്ക്ക് പോകുകയുള്ളൂ. കേരളം ശ്രീലങ്കയെപ്പോലെ ഒരു രാജ്യമല്ല. അക്കാര്യത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

വിഷയദാരിദ്ര്യത്തിന്റെ ഭാഗമായി ക്ഷേമ പെൻഷൻ നിർത്തലാക്കുന്നുവെന്ന് പറഞ്ഞ് ഇവിടെ അടിയന്തരപ്രമേയം ഉന്നയിക്കുകയാണ്. ആരാണ് ഉന്നയിക്കുന്നത്? 600 രൂപ പെൻഷൻ പതിനെട്ട് മാസം തടഞ്ഞ് വച്ചവരാണ് നമ്മൾ ക്ഷേമ പെൻഷൻ കൊടുക്കുന്നില്ല എന്നുപറഞ്ഞ് അടിയന്തരപ്രമേയം ഉന്നയിക്കുന്നത്. കോവിഡും മഹാമാരിയുമെല്ലാം വന്നിട്ടും ആളുകൾക്ക് ക്ഷേമ പെൻഷൻ 600 രൂപ എന്നത് 1,600 രൂപയാക്കി 60 ലക്ഷം ആളുകൾക്ക് കൃത്യമായി കൊടുക്കുകയും ചെയ്ത് മാതൃകയായ ഒരു ഗവണ്മെന്റിനെക്കുറിച്ചാണ് ആക്ഷേപങ്ങൾ പറയുന്നത്.

ഈ വർഷം നമ്മൾ സംരംഭക വർഷമായി ആഘോഷിക്കുകയാണ്. അതിന്റെ ഭാഗമായി ഒരു ലക്ഷം ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന്റെ പ്രവൃത്തിയാണ് ഇവിടെ നടക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്

റാങ്കിംഗിൽ കേരളം പതിനഞ്ചാം സ്ഥാനത്തേയ്ക്ക് എത്തിയിരിക്കുകയാണ്. അതോടൊപ്പം ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ ഏഷ്യയിൽ ഒന്നാമതായി കേരളത്തിലെ സ്റ്റാർട്ടപ്പ് സംവിധാനം മാറിയിരിക്കുകയാണ്. അതോടൊപ്പം സ്റ്റാർട്ടപ്പിന്റെ കാര്യത്തിൽ ഇന്ത്യയിലെ ടോപ്പ് പെർഫോമിംഗ് സ്റ്റേറ്റായി മൂന്നാമതും കേരളം വന്നിരിക്കുകയാണ്. ഇങ്ങനെ കേരളം സാമ്പത്തികമായി വലിയ മുന്നേറ്റത്തിലേയ്ക്ക് പോകുകയാണ്. മലർപൊടിക്കാരന്റെ സ്വപ്നം എന്നുപറഞ്ഞ് പ്രതിപക്ഷം കിഫ്ബിയെ ആക്ഷേപിക്കുകയാണ്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയടക്കം 72,000 കോടി രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുന്നത്. ദേശീയ പാത ഒരിക്കലും നടപ്പിലാവില്ല, അതിന് കഴിയില്ല എന്നുപറഞ്ഞവരുണ്ട്. ഇന്ന് ദേശീയ പാതയുടെ 90% സ്ഥലമേറ്റെടുത്ത്, 6,000 കോടി രൂപ ആളുകൾക്ക് നഷ്ടപരിഹാരമായി കൊടുത്ത് നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. വരുന്ന ഏതാനും വർഷങ്ങൾക്കകം വളരെ വേഗത്തിൽ അത് പൂർത്തീകരിക്കും. നടക്കില്ലെന്ന് പറഞ്ഞ കെ-ഫോൺ പദ്ധതിയും ആരംഭിച്ചു, അതിനും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയിട്ടുണ്ട്. ലോക കേരള സഭ ഉൾപ്പെടെയുള്ള കേരളത്തിലെ മികച്ച പ്രവർത്തനങ്ങളെ

മുഴുവൻ ഇല്ലാതാക്കാനുള്ള ശ്രമം പ്രതിപക്ഷം നടത്തുമ്പോൾ അത് ജനം തിരിച്ചറിയുമെന്ന് മാത്രമാണ് പറയാനുള്ളത്. ഞാൻ ഈ ബില്ലുകളെ പിന്താങ്ങുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ധനകാര്യ ബില്ലുകളെ പിന്താങ്ങുന്നു. നമുക്കറിയാം, സംസ്ഥാന ബഡ്ജറ്റിൽ അവതരിപ്പിക്കപ്പെട്ട വിവിധ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി എട്ടോളം ഭേദഗതികളും നിലവിൽ ഗവണ്മെന്റ് നൽകുന്ന ഗ്യാരണ്ടിയുടെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള രണ്ടാം ധനകാര്യ ബില്ലും ഉൾപ്പെടെയുള്ള ബില്ലുകളാണ് പരിഗണനയ്ക്ക് വന്നിട്ടുള്ളത്. ഇവിടെ ഗവണ്മെന്റിന്റെ കടത്തെക്കുറിച്ച് നേരത്തെ പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ വളരെ വിശദമായി സൂചിപ്പിച്ചു. ശ്രീ. മഞ്ഞളാംകുഴി അലി ഇപ്പോൾ ഇവിടെയില്ലെങ്കിലും ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കടമെടുക്കുന്നത് അത്രമാത്രം വലിയൊരു അപകടമാണെന്ന് എനിക്ക് തോന്നുന്നില്ല. കടമെടുക്കാതെ ലോകത്ത് ഒരു ജനാധിപത്യ ഗവണ്മെന്റിനും നിലനിൽക്കാൻ സാധിക്കില്ല. അത് സ്വാഭാവികമായ പ്രക്രിയയാണ്. പക്ഷെ തീർച്ചയായും കടമെടുക്കുന്നതിന് ചില നിബന്ധനകളുണ്ട്. കടമെടുക്കുന്നതിനെ സംബന്ധിച്ച് സാമ്പത്തിക

ശാസ്ത്രത്തിൽ ഏറ്റവും പ്രശസ്തമായ Harrod-Domar തിയറിതന്നെയുണ്ട്. കടമെടുക്കുന്നതിന്റെ പലിശയും ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള ബന്ധമാണ് ഒരു കടം അപകടകരമായ അവസ്ഥയിലേയ്ക്ക് മാറുന്നുണ്ടോയെന്ന് സൂചിപ്പിക്കുന്ന ഘടകം. കേരളത്തെ സംബന്ധിച്ചിടത്തോളം അത്തരമൊരു ഘട്ടത്തിലേയ്ക്ക് കടന്നിട്ടില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. മറ്റൊരു പ്രധാനപ്പെട്ട വിഷയം, കടത്തെക്കുറിച്ച് സംസാരിക്കുന്നവരാരുംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെക്കുറിച്ച് കാര്യമായി പറയുന്നില്ല. 2021 ഡിസംബറിൽ ശ്രീ. ജോൺ ബ്രിട്ടാസ് എം.പി. പാർലമെന്റിൽ ചോദിച്ച 'Whether the annuity based funding schemes are considered as public borrowing of the Union Government in the budget accounts' എന്നുള്ള ചോദ്യത്തിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി annuity scheme-കളെ സംബന്ധിച്ച് ഇല്ലെന്ന് പറയുന്നില്ല എന്നാണ്. Annuity scheme-കളായി വാങ്ങുന്നതെല്ലാം കേന്ദ്ര ഗവൺമെന്റിൽ ഓഫ്-ബഡ്ജറ്റായി നിൽക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് കിഫ്ബിയുമായി ബന്ധപ്പെട്ട് വാങ്ങുന്നതെല്ലാം ബഡ്ജറ്റിന്റെ ഭാഗമാണെന്ന് വരുത്തിത്തീർത്ത് സംസ്ഥാന ഗവൺമെന്റിന്റെ borrowing capacity-യെ നിയന്ത്രിക്കാൻ ബോധപൂർവ്വമായ ശ്രമം കേന്ദ്ര ഗവൺമെന്റ് നടത്തുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇതുമായി ബന്ധപ്പെട്ട ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കേരളത്തിലുണ്ടായത് കണ്ടില്ലെന്ന് പറയാൻ കഴിയില്ല. മഹാഭാരതത്തിൽ 'അശ്വത്ഥാമാ ഹതഃ കുഞ്ജര' എന്നുപറഞ്ഞതുപോലെ എല്ലാം പറഞ്ഞുകഴിഞ്ഞ് വികസനപ്രവർത്തനത്തെക്കുറിച്ച് സ്വന്തം നാട്ടിൽ പറയുമ്പോൾ 'കിഫ്ബി' എന്നുള്ള വാക്ക് വളരെ ശബ്ദം താഴ്ത്തിപ്പറയുന്ന സ്വഭാവമാണുള്ളത്. പക്ഷെ കിട്ടിയ ആനുകൂല്യങ്ങളും സൗകര്യങ്ങളും വികസനവുമെല്ലാം കിഫ്ബി മുഖേന വന്നതാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. കേന്ദ്ര ഗവണ്മെന്റിന് നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കടമെടുക്കുന്നതിന് കുഴപ്പമില്ല, അത് ഓഫ്-ബഡ്ജറ്റ് ബോറോയിംഗാണ്. സംസ്ഥാന ഗവണ്മെന്റ് വാങ്ങുമ്പോൾ അത് ബഡ്ജറ്റിന്റെ ഭാഗമാണ്, നമ്മുടെ ബാദ്ധ്യതയുടെ ഭാഗമാണ് എന്നുപറയുന്ന ഇരട്ടത്താപ്പാണ് യഥാർത്ഥത്തിൽ കേന്ദ്ര ഗവണ്മെന്റ് കൊണ്ടുവരുന്ന നയത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗം. ഇത് ഇന്നലെ തുടങ്ങിയതല്ല. ഇതിൽ ഏറ്റവും വലിയ അപകടം സംസ്ഥാനങ്ങളെ വല്ലാതെ സാമ്പത്തികമായി ഞെരുക്കുന്ന ഒരവസ്ഥയാണ്. ആറാം തമ്പുരാൻ സിനിമയിൽ നരേന്ദ്ര പ്രസാദ് പറയുന്നതുപോലെ 'വളരെ തീക്ഷ്ണമായ കണ്ണുകളിൽ അവന്റെ തീ കാണാൻ കഴിയുന്നുണ്ട് വളരെ ബോധപൂർവ്വമാണ്. ഒരു സംസ്ഥാനത്തെയോ

രാജ്യത്തെയോ നിയന്ത്രിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഘടകം അതിന്റെ സാമ്പത്തിക വശമാണ്. ഇപ്പോൾത്തന്നെ ഡിവിസിബിൾ പൂളിലുള്ള തുക കുറയ്ക്കുന്നു, സെസ്സ് വർദ്ധിപ്പിക്കുന്നു, സെസ്സ് സംസ്ഥാനങ്ങൾക്ക് കൈമാറേണ്ട എന്നുപറയുന്നു, അതോടൊപ്പം കടമെടുക്കാനുള്ള അധികാരത്തെ കുറച്ചുകാണിക്കുന്നു. അങ്ങനെ പല രീതിയിൽ കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങളെ കവർന്നെടുക്കുന്ന ഒരവസ്ഥയാണ് ഇപ്പോഴുള്ളത്. ഒരു കാര്യം മാത്രമാണ് എനിക്ക് പറയാനുള്ളത്. ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെട്ടതാണോയെന്ന് ചോദിച്ചാൽ, ഏതെങ്കിലും ബില്ലുകൾ പാസ്സാകാതെ കിടക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമല്ലാതെ വരുന്നില്ല. ഇന്നിവിടെ ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്റർ പഞ്ചായത്തുമായി ബന്ധപ്പെട്ട് പറഞ്ഞതുപോലെ, 2020-21 കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡുകളുടെ length കൊടുക്കാൻ ആവശ്യപ്പെട്ടെങ്കിലും പല ആളുകളും കൊടുത്തില്ല. സ്വാഭാവികമായും പഴയ length വച്ചുകൊണ്ട് ഡിവൈഡ് ചെയ്തപ്പോഴുണ്ടായ കുറവാണ് സംഭവിച്ചത്. ഞാനത് പറയാൻ കാരണം കാഞ്ഞിരപ്പള്ളിയിലെ റോഡിന്റെ ആകെ length കൊടുത്തിരിക്കുന്നത് 156 കിലോമീറ്റർ എന്നാണ്.

മി. ചെയർമാൻ: യെസ്. പ്ലീസ് കൺക്ലൂഡ്.

ഡോ. എൻ. ജയരാജ്: സർ, യഥാർത്ഥത്തിൽ കാഞ്ഞിരപ്പള്ളി വളരെ വലിപ്പമുള്ള ഒരു പഞ്ചായത്താണ്. അതിനടുത്തുള്ള വളരെ ചെറിയ പഞ്ചായത്തായ പാറത്തോടിന്റെ road length - 650 എന്നാണ് കൊടുത്തിരിക്കുന്നത്. കണക്കിലുള്ള അന്തരമാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. അല്ലാതെ ബഡ്ജറ്റ് പ്രൊവിഷൻ വച്ചിട്ടുള്ളതിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു രൂപപോലും വെട്ടിച്ചുരുക്കിയിട്ടില്ലെന്ന് എത്ര ആവർത്തിച്ചിട്ടും മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഉറക്കം നടിക്കുന്നവരെ ഒരു കാരണവശാലും ഉണർത്താൻ കഴിയില്ല എന്ന് പറഞ്ഞതുപോലെയാണത്. പക്ഷെ യാഥാർത്ഥ്യം അതാണ്. അതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളും മറ്റ് പ്രവർത്തനങ്ങളും ഒരു തടസ്സവുമില്ലാതെ മുന്നോട്ടുപോകുകയാണ്. ഈ വരുന്ന നിർദ്ദേശങ്ങളെല്ലാം യഥാർത്ഥത്തിൽ നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ കുറേക്കൂടി ശാക്തീകരിക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ്. ആ ഒരു അർത്ഥത്തിൽ ഞാനിതിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ധനകാര്യ ബില്ലുകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ

സംസ്ഥാനത്തിന്റെ പൊതുകടം 2,19,974.55 കോടി രൂപയായി പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ റവന്യൂ വരുമാനത്തിന്റെ 17 മുതൽ 19 ശതമാനം വരെ വിവിധ വായ്പകളുടെ പലിശയിനത്തിൽ ഇപ്പോൾത്തന്നെ വിനിയോഗിക്കുന്നുവെന്നുള്ളതാണ് മറ്റൊരു വിഷയം. ഇത് കാണിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി എത്രമാത്രം പ്രതിസന്ധിയിൽ നിലകൊള്ളുന്നുവെന്നതാണ്. വിദേശ ഏജൻസികൾ മുഖേന 630 കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ട് എന്നിവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം മൂന്ന് മുതൽ നാല് വർഷംവരെ തിരിച്ചടവിലേയ്ക്ക് നീങ്ങുന്നതാണ്. എവിടെ നിന്നൊക്കെ തുക എടുക്കാൻ കഴിയുമോ അവിടെനിന്നൊക്കെ തുക ഗവൺമെന്റ് കൈപ്പറ്റുന്നുണ്ട്. ഇപ്പോഴത്തെ പ്രതിസന്ധിയെ എങ്ങനെ അതിജീവിക്കാം എന്നത് മാത്രമാണ് ഗവൺമെന്റിന്റെ മുന്നിലുള്ളത്; നാളെയെക്കുറിച്ചുള്ള ചിന്ത ഈ സർക്കാരിനില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനകാര്യ ബിൽ, അതിന്റെ പേരന്റ് ബില്ലിന്റെ ഭേദഗതിയാണ്. ഈ ഭേദഗതി കൊണ്ടുവന്നുകഴിയുമ്പോൾ സംഭവിക്കാൻ പോകുന്നത് അത് സംസ്ഥാനത്തെ വലിയ ഒരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എടുത്തെറിയുന്ന എന്നുള്ളതാണ്. ഇതിന്റെ പേരന്റ് ആക്ടിനോടുപോലും നീതി പുലർത്താതെയാണ് രണ്ടാം നമ്പർ ബില്ലിലൂടെ

ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. The Kerala Ceiling on Government Guarantees Act, 2003-ൽ വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നത് 0.75 ശതമാനം ഗവൺമെന്റ് ഗ്യാരണ്ടികൾ കമ്മീഷനായി ലഭ്യമാക്കണമെന്നുള്ളതാണ്. ഇങ്ങനെ ലഭിക്കുന്ന കമ്മീഷനുകൾ ആ ആക്ടിലെ ആറാം വകുപ്പ് പ്രകാരം ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേയ്ക്ക് ഉൾക്കൊള്ളിക്കണം. ഇന്നേവരെ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തതുമൂലം 2003 മുതൽ ഇന്നേവരെ ലഭിച്ചിരിക്കുന്ന കമ്മീഷൻ തുകകൾ സർക്കാർ റവന്യൂ ചെലവിനായി ഉപയോഗിച്ചുവരികയാണ്. ഇത് വളരെ ഗുരുതരമായ ഒരു പ്രതിസന്ധിയിലേയ്ക്കാണ് നീങ്ങുന്നത്. 2021-ലെ സി.&എ.ജി.റിപ്പോർട്ടിൽ വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്ന വിഷയമാണിത്. അതോടൊപ്പം നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട പ്രശ്നം, ഈ നിയമസഭതന്നെ പാസ്സാക്കിയ നിയമത്തിലെ ഒരു വകുപ്പിനെ പൂർണ്ണമായും നിർജ്ജീവമാക്കിയെന്നതാണ്. അതുമാത്രമല്ല, അതിനുള്ളിൽനിന്നുകൊണ്ട് ആനുപാതികമായല്ലാതെ ഗ്യാരണ്ടി സ്പേസ് വർദ്ധിപ്പിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കഴിഞ്ഞ കാലങ്ങൾ പരിശോധിച്ചാൽ ക്രമാനുഗതമായി ഗ്യാരണ്ടി വർദ്ധിപ്പിച്ചിട്ടുള്ളത് കാണാൻ സാധിക്കും. 2013-14, 2016-18 കാലഘട്ടങ്ങൾ

പരിശോധിച്ചാൽ ക്രമാനുഗതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഗ്യാരണ്ടി ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇരട്ടിയായി വർദ്ധിപ്പിക്കുമ്പോൾ വലിയൊരു സാമ്പത്തിക ബാദ്ധ്യതയിലേയ്ക്കും പ്രതിസന്ധിയിലേയ്ക്കും എടുത്തെറിയപ്പെടുകയാണ്. 2003-ലെ ആക്ടിൽ പ്രതിപാദിച്ചിരിക്കുന്ന ഗ്യാരണ്ടി കമ്മീഷൻ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഇത്തവണത്തെ ബഡ്ജറ്റ് ഡോക്യുമെന്റ് പരിശോധിച്ചാൽ ഇനി പിരിച്ചെടുക്കാനുള്ളത് 447.53 കോടി രൂപയാണെന്ന് മനസ്സിലാകും. നികുതി പിരിവിന്റെ കാര്യത്തിൽ മാത്രമല്ല, നിയമം അനുശാസിക്കുന്ന ഗ്യാരണ്ടി കമ്മീഷൻപോലും പൂർണ്ണമായും പിരിച്ചെടുക്കുന്ന കാര്യത്തിലും സർക്കാർ വീഴ്ച വരുത്തിയിരിക്കുന്നു. അതുകൊണ്ട് പേരന്റ് ആക്ടിനോടുപോലും നീതി പുലർത്താത്ത നിലയിൽ മുന്നോട്ടുപോകുമ്പോഴാണ് ഈ ഭേദഗതികൊണ്ടുവന്ന് സംസ്ഥാന സർക്കാർ കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സ്വയം എടുത്തുചാടുന്നത്. ഇവിടെ അനവധി വിഷയങ്ങളെക്കുറിച്ച് പറഞ്ഞു. അതൊന്നും ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി, വൈദ്യുതി ചാർജ്ജ് എന്നിവ വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളും നിലകൊള്ളുന്നു.

മനുഷ്യന്റെ ദൈനംദിന ജീവിതം പലതരത്തിലുള്ള പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്.

ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട ഒരു വിഷയം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ പ്രദേശിക വികസനത്തിന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടുകളുമാണ്. കഴിഞ്ഞ ദിവസം ഒരു വില്ലേജ് ഓഫീസറുടെ കത്ത് എനിക്ക് ലഭിച്ചു. So and so ഓർഡർ പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങാനും ടേബിൾ വാങ്ങാനും എം.എൽ.എ ഫണ്ട് ലഭ്യമാക്കണമെന്നാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. അതിന് കുറച്ച് നാളുകൾക്കുമുമ്പ് ഫയർ ഫോഴ്സിൽനിന്നും ഒരു കത്ത് ലഭിച്ചത് ചില സാധനങ്ങൾ വാങ്ങുന്നതിന് ഗവൺമെന്റ് ഉത്തരവ് വന്നിട്ടുണ്ട് എന്നാണ്. അതിനുമുമ്പ് ലഭിച്ചത് കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട ചില നടപടികൾക്ക് കാശ് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. എം.എൽ.എ. ഫണ്ടെന്ന് പറയുന്നത് 2012-ൽ നൽകിയതാണ്. അതുകഴിഞ്ഞ് പത്ത് വർഷമായിട്ടും എം.എൽ.എ., എസ്.ഡി. ഫണ്ടുകൾ വർദ്ധിപ്പിച്ചിട്ടില്ല. ഇത് പൊതുവായ ഒരു വിഷയമാണ്. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കുകയുമില്ല; ഉള്ള ഫണ്ടിൽനിന്ന് നൽകുകയും വേണം. നാടിന്റെ

പൊതുവികസനത്തിനായി എത്ര തുക കൊടുക്കാനും എല്ലാ ജനപ്രതിനിധികളും തയ്യാറും താല്പര്യവുമാണ്. പക്ഷേ അത് ചെയ്യുമ്പോൾ ഗവൺമെന്റ് നീതിയുക്തമായി പ്രവർത്തിക്കണം. എല്ലാകാര്യങ്ങളും ഇതിൽനിന്നും ചെയ്തോളൂവെന്ന് പറയുകയും ഫണ്ട് വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് അനീതി തന്നെയാണ്. പത്ത് വർഷം പിന്നിടുമ്പോൾ അതിൽ സ്വാഭാവികമായും ഒരു വർദ്ധനവ് വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. അതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി വലിയ രീതിയിലുള്ള കൃഷിനാശം ഇന്നുണ്ടാകുന്നുണ്ട്. കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടത്തിന്റെ തുക മാസങ്ങളും വർഷങ്ങളും കഴിഞ്ഞ് കൊടുക്കുന്നതിൽ കാര്യമില്ല. നാമമാത്രമായ നഷ്ടപരിഹാരമാണ് നൽകുന്നതെങ്കിൽപ്പോലും അത് എത്രയുംവേഗം നൽകാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, രണ്ട് ധനകാര്യ ബില്ലുകളെയും അനുകൂലിക്കുന്നു. 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്ട് മുതൽ എട്ട് ആക്ടുകൾ ഭേദഗതി ചെയ്തുകൊണ്ടാണ് ഈ ധനകാര്യ ബിൽ തയ്യാറാക്കിയിട്ടുള്ളത്. അടുത്ത കാൽനൂറ്റാണ്ട് കാലത്തെ തലമുറയെ മുൻകൂട്ടി

കണ്ടുകൊണ്ട് വൈജ്ഞാനിക സമൂഹം സൃഷ്ടിക്കുന്ന കാഴ്ചപ്പാട് പ്രായോഗികവത്കരിക്കാനുള്ള ബഡ്ജറ്റിലെ സമീപനം ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടിയാണ് ഈ രണ്ട് ബില്ലുകൾ. ജനറൽ ആംനെസ്റ്റി, വാറ്റ് ആംനെസ്റ്റി എന്നിവ വഴി സംസ്ഥാന ഖജനാവിലേയ്ക്ക് ലഭ്യമാകേണ്ട നികുതി പിരിച്ചെടുക്കുന്നതിനുള്ള ഇച്ഛാശക്തി കാണാൻ സാധിക്കും. അതുപോലെ ഗ്യാരണ്ടി തോത് വർദ്ധിപ്പിക്കാനുള്ള നീക്കം യഥാർത്ഥത്തിൽ സാമ്പത്തിക പ്രതിസന്ധിയിലൂടെ കേരളത്തെ വരിഞ്ഞുമുറുക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനങ്ങളിൽനിന്ന് കുതറിച്ചാടാനുള്ള ശ്രമം കൂടിയാണ്. ഒരു വര വലുതാകുകയോ ചെറുതാകുകയോ ചെയ്യുന്നത് തൊട്ടടുത്ത് വരയ്ക്കപ്പെട്ട മറ്റൊരു വരയെ അടിസ്ഥാനപ്പെടുത്തി പരിശോധിക്കുമ്പോഴാണ്. 2018-19-ലെ ദേശീയ വരുമാന വളർച്ചാനിരക്ക് 6.6 ശതമാനവും കേരളത്തിന്റേത് 7.5 ശതമാനവുമായിരുന്നു. 2015-16-ൽ കേരളത്തിന്റെ ആഭ്യന്തര വളർച്ചാനിരക്ക് 5.33 ശതമാനമായിരുന്നു. നോട്ട് നിരോധനത്തിന്റെ സകല പ്രത്യാഘാതവും പ്രതിസന്ധികളും സൃഷ്ടിച്ച 2017-18 ആയപ്പോഴേയ്ക്കും 5.33 ശതമാനത്തിൽനിന്ന് 6.8 ശതമാനത്തിലേയ്ക്ക് കേരളത്തിന്റെ ആഭ്യന്തര വളർച്ചാനിരക്ക് വർദ്ധിച്ചു. ഇങ്ങനെ സ്വയം സംസാരിക്കുന്ന കുറേ അക്കങ്ങളുണ്ട്. ഈ അക്കങ്ങൾ പ്രകടിപ്പിക്കുന്ന

ഒരുകാര്യം നവലിബറൽ സാമ്പത്തിക നയങ്ങൾക്ക് ബദലുണ്ടെന്നാണ്. നവലിബറൽ സാമ്പത്തിക നയങ്ങൾക്കുള്ള ബദലാണ് നവകേരളം. നവ കേരളം നവഭാരതത്തിന്റെ ജനാലയാണ്. നവകേരളം മുന്നോട്ടുവയ്ക്കുന്ന ആശയം നാളത്തെ ഇന്ത്യ ഏറ്റെടുക്കേണ്ടിവരുന്ന ഒന്നാണ്. നമുക്കറിയാവുന്നതുപോലെ ഒരു ഫാസിസ്റ്റ് ഭരണകൂടം തങ്ങൾക്ക് ഇഷ്ടമില്ലാത്ത സമൂഹത്തെ പ്രതികാര ബുദ്ധിയോടുകൂടി വേട്ടയാടും. കേരളത്തോട് കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന സമീപനവും അതാണ്. അതിനെതിരായ പോരാട്ടത്തിൽ കേരളത്തിലെ പ്രബുദ്ധരായ മലയാളി സമൂഹത്തെ ഒറ്റക്കെട്ടായി അണിനിരത്തുകയെന്ന രാഷ്ട്രീയ ദൗത്യമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാലും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ കോവിഡ്, പ്രളയം, മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവ സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്ന് മെല്ലെ കരകയറാൻ തുടങ്ങുന്നുവെന്നതാണ് ജി.എസ്.ടി. വരുമാനത്തിൽ വന്ന വർദ്ധനവ് കാണിക്കുന്നത്. അതോടൊപ്പം സംസ്ഥാന അടങ്കലിന്റെ 101 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ എസ്റ്റിമേറ്റിന്റെ 110 ശതമാനവും ചെലവഴിക്കാനായത് ധനകാര്യ വകുപ്പിന്റെ നേട്ടം തന്നെയാണ്. സംസ്ഥാന സർക്കാരുകളെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സമീപനം

ശക്തമാകുമ്പോഴും ജി.എസ്.ടി. നഷ്ടപരിഹാരത്തിൽ നിലനിൽക്കുന്ന അവ്യക്തതയും റവന്യൂ ഡെഫിസിറ്റ് ഫണ്ടിൽ വന്ന കുറവും മറികടക്കാൻ വിഭവ സമാഹരണത്തിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും സാധിക്കുമെന്ന ആത്മവിശ്വാസം നമ്മുടെ മുന്നിലുണ്ട്.

900 കോടി രൂപയാണ് സാമൂഹ്യ ക്ഷേമ പെൻഷനുവേണ്ടി ചെലവഴിക്കുന്നത്. 56.16 ലക്ഷം പേർ മുടങ്ങാതെ സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്നുണ്ട്. കേരളത്തിന്റെ മാറുന്ന മുഖത്തിന്റെ ഒരു കണക്കുണ്ട്. അവിദഗ്ദ്ധ പുരുഷ തൊഴിലാളികളുടെ വേതനം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 230.61 ശതമാനം വർദ്ധിച്ച നാടാണ് കേരളം. കേരളത്തിൽ അവിദഗ്ദ്ധ സ്ത്രീ തൊഴിലാളികളുടെ വേതനം 237 ശതമാനമാണ് വർദ്ധിച്ചത്. പുരുഷ-സ്ത്രീ തൊഴിലാളികളുടെ വേതനത്തിലുള്ള അന്തരം അതിവേഗം കുറഞ്ഞ് അന്തരമില്ലാതാകുന്ന കാലത്തിലേയ്ക്ക് കേരളം അടുത്തുകൊണ്ടിരിക്കുകയാണ്. ഇതൊക്കെയാണ് കേരളം മാതൃകയായി ബദൽ നയത്തിലൂടെ ഇന്ത്യയോട് പറയാൻ ശ്രമിക്കുന്നത്. ഞങ്ങൾ ക്രിയാത്മകമാണെന്ന് നെറ്റിയിലൊട്ടിച്ച് ബോർഡുംവച്ച് നടക്കുന്ന പ്രതിപക്ഷം ഈ ഘട്ടത്തിൽ ഒരു ആത്മപരിശോധനയ്ക്ക് തയ്യാറാകണം. ഇപ്പോൾ കേരള രാഷ്ട്രീയത്തെ മലീമസമാക്കിയ വിമോചന സമരമുണ്ട്.

പിന്നീട് ഒരുപാട് കാലം കഴിഞ്ഞപ്പോൾ കാലത്തിന്റെ കുമ്പസാരക്കൂട്ടിൽ കയറിനിന്ന് വിമോചന സമരനായകൻ ശ്രീ. എ. കെ. ആന്റണി പറഞ്ഞത്, വലിയ പിഴയായിപ്പോയി, ഏറ്റവും വലിയ തെറ്റായിപ്പോയി, കേരള രാഷ്ട്രീയത്തോട് ചെയ്ത അനീതിയായിപ്പോയി ഈ വിമോചന സമരമെന്നാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്ന് ആർ.എസ്.എസ്. അണിയറയിലിരുന്ന് നിയന്ത്രിക്കുന്ന ബി.ജെ.പി. ഭരണകൂടം ചെയ്യുന്ന എല്ലാ സമീപനങ്ങളുടെയും പ്രഭവകേന്ദ്രം എവിടെ നിന്നായിരുന്നു? ഇന്ത്യൻ ഭരണ വ്യവസ്ഥയെ തങ്ങളുടെ ഇംഗിതങ്ങൾക്കുവേണ്ടി ദുർവിനിയോഗം ചെയ്യുകയെന്ന ഒരിക്കലും പൊറുക്കാനാകാത്ത പാപങ്ങളുടെ പരമ്പരയ്ക്ക് തുടക്കം കുറിച്ചതാരായിരുന്നു? ഇവിടെ മറ്റംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അടിയന്തരാവസ്ഥ കഴിഞ്ഞുള്ള നാളുകളാണ് ഞാൻ ഓർക്കുന്നത്. കൊൽക്കത്തയിൽനിന്ന് ലഖ്നൗവിലേയ്ക്ക് പറക്കേണ്ടിയിരുന്ന ഒരു വിമാനം ബോലനാഥ് പാണ്ഡെയും ദേവേന്ദ്ര പാണ്ഡെയും ചേർന്ന് റാഞ്ചി. വാരണാസിയിൽ ഇറക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിരുന്നത്. അവർ ആ അവശ്യം ഉന്നയിക്കാൻ കാരണമെന്തായിരുന്നു? അവരുടെ രാഷ്ട്രീയ നേതാവായ ഇന്ദിരാ ഗാന്ധിയെ ജയിലിലടച്ചു. തങ്ങളുടെ രാഷ്ട്രീയ നേതാവിനെ ജയിലിലടച്ചതുകൊണ്ട്

തീവ്രവാദ പ്രവർത്തനം നടത്തിയ ആളുകളാണ് കോൺഗ്രസ്സിന്റെ നേതാക്കൾ. കോൺഗ്രസ് തള്ളിപ്പറഞ്ഞില്ലെന്ന് മാത്രമല്ല ബോലനാഥ് പാണ്ഡെയും ദേവേന്ദ്ര പാണ്ഡെയും ഉത്തർ പ്രദേശ് നിയമസഭയിലെ സ്ഥാനാർത്ഥികളാകുകയും അവിടെനിന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തനത്തിൽ തെറ്റായ പ്രവണതകൾക്ക് എപ്പോഴും തുടക്കം കുറിച്ച കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഒരുപാട് പ്രതിഷേധങ്ങളും പ്രതിഷേധ പ്രകടനങ്ങളും ഒരുപക്ഷെ സമാധാനത്തിന്റെ അതിർവരമ്പുകൾ വിട്ടുള്ള സമരങ്ങൾപോലുമുണ്ടായിട്ടുണ്ട്. പക്ഷെ, കേരള ചരിത്രത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സിനുള്ളിൽ ഒരു പഞ്ചായത്ത് പ്രസിഡന്റ് തടയപ്പെടുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ? ട്രെയിനിന്റെ പുറത്ത് കല്ലേറും ബഹളവുമുണ്ടായിട്ടുണ്ട്. പക്ഷെ, അതിനകത്തെ ഒരു യാത്രക്കാരൻ ആക്രമിക്കപ്പെട്ടിട്ടുണ്ടോ? ഇന്ത്യാ ചരിത്രത്തിലാദ്യമായി ഒരു ജനപ്രതിനിധി, രാഷ്ട്രീയ പ്രവർത്തകൻ, പൊതുപ്രവർത്തകൻ വിമാനത്തിനുള്ളിൽ ആക്രമിക്കപ്പെടാനുള്ള സാഹചര്യമുണ്ടായി. ആക്രമിക്കാനല്ല പോയതെന്ന് ഇവർ പറയുന്നു. വിമാനത്തിൽ യാത്രചെയ്യുന്ന മുഖ്യമന്ത്രിയുടെ അടുത്തേയ്ക്ക് ഇവർ ഓടിച്ചെന്നത് മുഖ്യമന്ത്രിയെ കെട്ടിപ്പിടിക്കാനായിരുന്നോ; സ്നേഹ ചുംബനം നൽകാനായിരുന്നോ? ചില വക്കീലന്മാർ പറയുന്ന ഉപദേശമുണ്ട്. If

you have no case, then confuse the case. മഹാനായ പണ്ഡിതപ്രതിഭ നമ്മുടെ മൂവാറ്റുപുഴ എം.എൽ.എ. പത്രക്കാരോട് ചോദിക്കുകയാണ്, Do you know vicarious liability എന്ന്. മഹാപ്രതിഭയുടെ മിന്നലാട്ടങ്ങൾ പുറത്തുവരുന്നുണ്ട്. നിയമസഭാ വേദിയിൽ ഞങ്ങൾ അതൊന്നും പറയുന്നില്ല. കൊമേഴ്സിന്റെ ഒരു പ്രാഥമിക പാഠമുണ്ട്. 1897-ൽ Salomon Vs Salomon & Co. എന്നൊരു കേസ്സുണ്ട്. കൊമേഴ്സിന്റെ ബാലപാഠമറിയാവുന്ന ഏതൊരാളും പഠിക്കുന്ന പാഠമാണ്. വ്യക്തിയല്ല കമ്പനി. വ്യക്തിയും കമ്പനിയും രണ്ടാണ്, രണ്ട് എന്റിറ്റിയാണ്. ഈ വസ്തുത നിലനിൽക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കുടുംബാംഗത്തിന്റെ പേര് എന്ത് സ്ഥാപിക്കാനാണ് ഇവിടെ ഉന്നയിച്ചത്? ഞങ്ങൾ വളരെ വിനയത്തോടെ പറയുകയാണ്, ഒരറ്റത്തുനിന്ന് എണ്ണിത്തുടങ്ങി ഓരോ മുഖത്തേയ്ക്കും വിരൽ ചൂണ്ടിപ്പറയാൻ തുടങ്ങിയാൽ തലകുനിച്ചല്ലാതെ ഒരാൾക്കും ഇവിടെ ഇരിക്കേണ്ടി വരില്ലെന്നത് നിങ്ങൾ ഓർക്കണം. ഞങ്ങളുടെ ബഹുമാന്യനായ മുഖ്യമന്ത്രി രാഷ്ട്രീയം മാത്രം പറയാനാണ് ഞങ്ങളോട് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഞങ്ങൾ രാഷ്ട്രീയം മാത്രമേ പറയുന്നുള്ളൂ. നവകേരളം ലക്ഷ്യമാക്കി മുന്നോട്ടുള്ള കുതിപ്പിനിടയിൽ വളരെ പ്രധാനപ്പെട്ട ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. അതത് കാലഘട്ടത്തിലെ സാമ്പത്തിക സ്ഥിതിയോടും സാമ്പത്തിക വെല്ലുവിളികളോടുമുള്ള സർക്കാരിന്റെ മറുപടിയായിട്ടാണ് ബഡ്ജറ്റിനെ കണക്കാക്കേണ്ടത്. സർക്കാരിന്റെ വാർഷിക വരവുചെലവ് കണക്കുകൾക്കപ്പുറം സർക്കാരിന്റെ സാമ്പത്തിക നയങ്ങളും രാഷ്ട്രീയ കാഴ്ചപ്പാടുകളും അടിസ്ഥാനമാക്കി ജനങ്ങളോടുള്ള കടപ്പാടുകളും ജനങ്ങളോട് സംവാദിക്കുന്ന രേഖയുമായിട്ടാണ് ബഡ്ജറ്റിനെ കണക്കാക്കേണ്ടത്. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ കേരളം അനുഭവിച്ച പ്രളയത്തിലും കോവിഡ് മഹാമാരിയിലും ജനങ്ങളെ നെഞ്ചോട് ചേർത്തുവച്ച ജനകീയ സർക്കാരായതുകൊണ്ടാണ് രണ്ടാം പിണറായി സർക്കാർ ഇന്ന് അധികാരത്തിലിരിക്കുന്നതെന്ന് നമുക്കറിയാം. ഞങ്ങളെല്ലാം പുതിയ അംഗങ്ങളാണ്. നിയമസഭയിൽ വന്നതിനുശേഷം പുതിയ അംഗങ്ങൾ ഏറ്റവും കൂടുതലായി ആദ്യം മനസ്സിലാക്കുന്നത് റൂൾ 50-നെക്കുറിച്ചാണ്. ആവശ്യമില്ലാത്ത വിഷയങ്ങൾ സഭയിൽ ഉന്നയിച്ച് സഭയുടെ സമയം കളയുന്നതിനുവേണ്ടി മിനിഞ്ഞാന്നുതന്നെ രണ്ട് പ്രാവശ്യം പ്രതിപക്ഷം വാക്കൗട്ട് നടത്തുകയുണ്ടായി. പലപ്പോഴും ഏതോ വലിയ കാര്യങ്ങൾ സഭയിൽ സംഭവിക്കുന്നതായാണ് പുറത്തുനിൽക്കുന്ന ആളുകൾ ഇത്

കാണുമ്പോൾ മനസ്സിലാകുന്നത്. രണ്ട് പ്രാവശ്യം ഇവർ വാക്കൗട്ട് നടത്തി, അപ്പോൾത്തന്നെ സഭയിലേയ്ക്ക് തിരിച്ചും വരുന്നു. എന്തിനാണ് സഭയുടെ വിലപ്പെട്ട സമയം ഇത്തരം നിസ്സാര കാര്യങ്ങൾക്ക് വാക്കൗട്ട് നടത്തി ഇവർ പാഴാക്കുന്നതെന്ന് സ്വയം ആലോചിക്കണം. പലപ്പോഴും പ്രതിപക്ഷനേതാവ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലെങ്കിൽ എന്തെങ്കിലും പ്രശ്നം വരുമ്പോൾ പുറകിലേയ്ക്ക് നോക്കി കൈകൊണ്ട് ചില ചേഷ്ടകൾ കാണിക്കും. വീഡിയോ പരിശോധിച്ചാൽ അത് നിങ്ങൾക്ക് മനസ്സിലാകും. സ്പീക്കറുടെ മുന്നിലേയ്ക്ക് വരുന്നതിനുവേണ്ടി കൈകൊണ്ട് ആംഗ്യം കാണിക്കുന്നതോടുകൂടി പുറകിലിരിക്കുന്ന പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഒച്ചപ്പാടും ബഹളവും തുടങ്ങുകയോ അല്ലെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അടുത്തേയ്ക്ക് പോകുകയോ ചെയ്യുന്ന അതിദയനീയമായ കാഴ്ച പല ദിവസങ്ങളിലും എന്നെപ്പോലെയുള്ള പുതിയ അംഗങ്ങൾക്ക് പുതിയ അനുഭവമാണ്. നിയമനിർമ്മാണ സഭയെക്കുറിച്ച് വലിയ പ്രതീക്ഷയോടുകൂടിയാണ് ഞങ്ങളെല്ലാം നിയമസഭയിൽ എത്തിയിരിക്കുന്നത്. നിയമനിർമ്മാണ സഭയിൽ നിയമമുണ്ടാക്കുന്നതിനപ്പുറം കാലഘട്ടത്തിനനുസരിച്ച് ഓരോ അംഗവും ജനകീയവും ദൈനംദിനമുണ്ടാകുന്ന കുടിവെള്ളപ്രശ്നം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇടപെട്ട് പരിഹാരത്തിനുവേണ്ടി ശ്രമിക്കുന്ന

നല്ല അനുഭവങ്ങൾ ഓരോരുത്തർക്കുമുണ്ട്. എന്റെ അഭിപ്രായം, എം.എൽ.എ.-മാർക്ക് കുറച്ചുകൂടി എക്സിക്യൂട്ടീവ് അധികാരങ്ങൾ നൽകുകയാണെങ്കിൽ തീർച്ചയായും അത് കൂടുതൽ ജനങ്ങൾക്ക് ഉപകാരമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധത തെളിയിക്കുന്ന ഒരു ജനകീയ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2022-23 വർഷത്തേയ്ക്ക് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനം ഉയർത്തുന്നതിനും കീറാമുട്ടിയായി മുന്നിലുള്ളത് പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയായിരുന്നു. എന്നാൽ കിഫ്ബിയുടെ സാമ്പത്തിക പിന്തുണയോടെ മേൽപ്പറഞ്ഞ പോരായ്മകൾ മറികടന്ന് മികച്ച ഗതാഗത സൗകര്യങ്ങളും വിദ്യാലയങ്ങളും ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങളും ഒരുക്കാൻ നമുക്ക് കഴിഞ്ഞതുവഴി മുൻ വർഷങ്ങളേക്കാൾ നിക്ഷേപം വർദ്ധിച്ചതായി കാണാൻ കഴിയും. വ്യവസായ വകുപ്പ് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങി ചുരുങ്ങിയ സമയം കൊണ്ടുതന്നെ പ്രതീക്ഷിച്ചതിൽ കൂടുതൽ നിക്ഷേപം വന്നത് ഇതിന്റെ ശുഭസൂചകമാണ്.

ഈ ബഡ്ജറ്റിന്റെ മറ്റൊരു പ്രത്യേകതയായി എനിക്ക് തോന്നിയത് വിജ്ഞാന സമൂഹത്തിലേയ്ക്ക് മാറുന്നതിന്റെ നേർകാഴ്ചയാണ്. വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള ബന്ധമില്ലായ്മ നമ്മുടെ വിദ്യാഭ്യാസ പദ്ധതികളുടെ ന്യൂനതയായിരുന്നു. എന്നാൽ, ഇത് പരിഹരിക്കുന്നതിന് എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, ഐ.ടി.ഐ.-കൾ, ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ ചെറിയ വ്യവസായ യൂണിറ്റുകളും സ്റ്റാർട്ടപ്പുകളും ആരംഭിക്കുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശം സ്വാഗതാർഹമാണ്. മേൽപ്പറഞ്ഞവ കൂടാതെ സർവ്വകലാശാല ക്യാമ്പസുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്ന ഒരു ബഡ്ജറ്റുകൂടിയാണിതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ക്യാമ്പസ്സുകളിലെ മിടുക്കരായ യുവഗവേഷകരുടെ കണ്ടുപിടിത്തങ്ങൾ പ്രായോഗിക ജീവിതത്തിനുതകുംവിധം പരുവപ്പെടുത്തുന്ന ഒരു പ്രക്രിയയാണ് ട്രാൻസ്ലേഷണൽ ഗവേഷണം. ഇതിനായി ഒരു സർവ്വകലാശാലയ്ക്ക് 20 കോടി രൂപ വീതം ആകെ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച സൗകര്യങ്ങളൊരുക്കി തദ്ദേശീയരായ വിദ്യാർത്ഥികളോടൊപ്പം വിദേശികളായ വിദ്യാർത്ഥികളെക്കൂടി

ആകർഷിക്കാൻ കഴിയുന്ന തരത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഒരു നിർദ്ദേശം ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വയ്ക്കാനുള്ളത്, കലാലയങ്ങളിലെ മികച്ച വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ കുറഞ്ഞ ഇടവേളകളിലെങ്കിലും ഇന്റേൺഷിപ്പ് നൽകുകയാണെങ്കിൽ അവരുടെ മികവ് നമുക്ക് കൃത്യമായി ഉപയോഗിക്കാൻ കഴിയും. ഉദാഹരണത്തിന്, റവന്യൂ വകുപ്പിൽ സർവ്വേയർമാരുടെ ലഭ്യതക്കുറവുമൂലം പല പദ്ധതികളിലും കാലതാമസമുണ്ടാകുന്നുവെന്ന പരാതി നിലനിൽക്കുന്നുണ്ട്. സിവിൽ എഞ്ചിനീയറിംഗ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകുകയാണെങ്കിൽ ഈ കുറവ് ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. മെഡിക്കൽ സംരംഭക ഇക്കോ സിസ്റ്റം സൃഷ്ടിക്കുന്നതിന് മെഡിക്കൽ സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അനുബന്ധ സ്ഥാപനങ്ങളെ കൂട്ടിയിണക്കി കൺസോർഷ്യം രൂപീകരിക്കുന്നതിന് ഈ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മൂന്നാം ലോക കേരള സഭയിൽ പ്രതിനിധികളായി വിദേശത്തുനിന്നുംവന്ന അംഗങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ട ഒരു കാര്യം മെഡിക്കൽ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് അവർക്ക് സഹായകരമായ ഒരു എൻ.ആർ.ഐ. ബ്ലോക്ക് അനുവദിക്കണമെന്നാണ്. അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന്

ഞാൻ അഭ്യർത്ഥിക്കുകയാണ്. ആധുനിക ലോകത്ത് ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച വളരെ അനിവാര്യമാണ്. അതിനാൽത്തന്നെ ഈ ബഡ്ജറ്റിൽ ഐ.ടി. ഇടനാഴികൾ, ഐ.ടി. ഇടനാഴികളുടെ വിപുലീകരണം എന്നിവയ്ക്കാവശ്യമായ തുക മാറ്റിവച്ചതിനെ പ്രത്യേകമായി ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു.

വീട്ടമ്മമാർക്ക് ഏറെദൂരം യാത്രചെയ്യാതെ വീടിനടുത്തുതന്നെ ജോലി ചെയ്യാൻ ഉതകുന്ന 'നിയർ ഹോം' പദ്ധതി നടപ്പിലാക്കുന്നതിനായി 50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കൂടാതെ 1,000 കോടി രൂപ മുതൽമുടക്കിൽ നാല് സയൻസ് പാർക്ക് സ്ഥാപിക്കുന്നതുവഴി ഈ രംഗത്ത് വലിയ കുതിച്ചുചാട്ടത്തിനാണ് വഴിവയ്ക്കുന്നത്. ഏതൊരു ബഡ്ജറ്റിന്റെയും കരുത്തെന്ന് പറയുന്നത് ഭാവി വികസനത്തിന് ഉത്തേജനം നൽകുന്ന മൂലധന നിക്ഷേപമാണ്. 22% വർദ്ധനയോടെ ബഡ്ജറ്റിൽ 14,891 കോടി രൂപ മൂലധന നിക്ഷേപത്തിനായി നീക്കിവച്ചതിലൂടെ വികസനത്തിന്റെ പുതിയ സാദ്ധ്യതകളെയാണ് തുറന്നിട്ടിരിക്കുന്നത്. സമൂഹത്തിലെ അർഹരായ ആളുകൾക്ക് എല്ലാമാസവും ഒരു തടസ്സവും കൂടാതെ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വിതരണം ചെയ്ത് അനന്യമായ മാതൃകതീർക്കുന്ന നാടായി കേരളം

മാറുകയാണ്. 56 ലക്ഷം ആളുകൾക്ക് ഏകദേശം 900 കോടി രൂപയാണ് ഓരോ മാസവും സർക്കാർ പെൻഷനായി വിതരണം ചെയ്യുന്നത്. 2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക 1,473 കോടി രൂപയും ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങളുടെ കുടിശ്ശിക 260 കോടി രൂപയുമുൾപ്പെടെ ആകെ കുടിശ്ശിക 1,733 കോടി രൂപയായിരുന്നു. ഇത് മുഴുവൻ കൊടുത്തുതീർക്കാൻ കഴിഞ്ഞത് ഒന്നാം പിണറായി സർക്കാരിന്റെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ്. കോവിഡ് പ്രതിസന്ധി ലോകത്താകെ സാമ്പത്തികാവസ്ഥയെ രൂക്ഷമായി ബാധിച്ച സമയത്തുപോലും ജനക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിയ ജനകീയ സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. അടുത്ത 25 വർഷത്തേയ്ക്ക് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത, മദ്ധ്യവരുമാന രാജ്യങ്ങൾക്ക് സമാനമായി ഉയർത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അത് പൂർത്തീകരിക്കുന്ന വിധത്തിൽ ഉല്പാദനത്തേയും വിജ്ഞാനത്തേയും ബന്ധിപ്പിച്ച് നവകേരള സൃഷ്ടിക്കുതകുന്ന രീതിയിലുള്ള സമ്പൂർണ്ണ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. മേൽപ്പറഞ്ഞ വിഷയങ്ങളിലുള്ള ഗവണ്മെന്റിന്റെ ഉദാരമായ സമീപനം ഈ ബഡ്ജറ്റിലൂടെ തിരിച്ചറിയാൻ സാധിക്കും. ആയതിനാൽ

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2022-ലെ കേരള ധനകാര്യ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. വളരെയേറെ പ്രയാസങ്ങൾ നിറഞ്ഞ പശ്ചാത്തലത്തിലും കേരളത്തെ സമഗ്രമായി മുന്നോട്ട് നയിക്കുകയെന്ന വലിയ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. അതിന് സഹായകരമായ ധനകാര്യ മാനേജ്മെന്റാണ് ഈ ഗവണ്മെന്റിന്റെ പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിച്ചുവരുന്നത്. ഇവിടെ വണ്ടൂർ എം.എൽ.എ. സൂചിപ്പിച്ച കാര്യം ബി.ജെ.പി.-യും സി.പി.ഐ(എം.)-ഉം തമ്മിൽ ഒരു അന്തർധാര പ്രവർത്തിക്കുന്നുണ്ടെന്നാണ്. റവന്യൂ ഡെഫിസിറ്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും ഈ അന്തർധാരയുള്ളതുകൊണ്ടാണ് കേരള ഗവണ്മെന്റിന് കേന്ദ്ര ഗവണ്മെന്റിന്റെ എല്ലാ നിലയിലുമുള്ള സഹായങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്നുമാണ് ആക്ഷേപംപോലെ അദ്ദേഹം ഉന്നയിച്ചത്. എന്നാൽ വസ്തുതകൾ നമ്മുടെ മുന്നിൽ പച്ചയായി നിൽക്കുകയാണ്. ഇപ്രാവശ്യം 34,000 കോടി രൂപ കടമെടുക്കേണ്ട

സാഹചര്യമായിരുന്നു. എന്നാൽ കേന്ദ്ര ഗവണ്മെന്റ് 10,110 കോടി രൂപ കുറച്ചുമാത്രമേ കടമെടുക്കാൻ പാടുള്ളൂവെന്ന നിബന്ധനയാണ് കേരളത്തിന് മുന്നിൽ വച്ചത്. ഏത് അന്തർധാരയുടെ ഫലമായിട്ടാണ് അത്തരമൊരു നിലപാട് കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ചതെന്നത് പരിശോധിക്കേണ്ടതാണ്. അതുപോലെ, ജി.എസ്.ടി. നഷ്ടപരിഹാരത്തിൽ ഏതാണ്ട് 10,000 കോടി രൂപയുടെ നഷ്ടമാണ് വന്നുചേരുന്നത്. അത് നൽകാതിരിക്കുന്ന കേന്ദ്ര ഗവണ്മെന്റ് സമീപനം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. 1977-ൽ ഇന്നത്തെ കേരളത്തിലെ മുഖ്യമന്ത്രി കൂത്തുപറമ്പിൽ ബി.ജെ.പി.-യുടെ പിന്തുണയോടുകൂടിയാണ് മത്സരിച്ചതെന്ന നിലയിൽ വലിയ ആക്ഷേപം ഉന്നയിച്ചു. സാമാന്യം രാഷ്ട്രീയം അറിയുന്നവർക്കെല്ലാം, 1980-ലാണ് ബി.ജെ.പി. രൂപീകരിച്ചത്, 1977-ന് മുമ്പുണ്ടായിരുന്നത് ജനസംഘമാണ് എന്നതറിയാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

1977 മുതൽ 1980 വരെ ജനസംഘമോ ബി.ജെ.പി.-യോ രാജ്യത്ത് ഇല്ലെന്നുള്ളതും നമുക്കറിയാവുന്ന കാര്യമാണ്. ഇവരുടെ ആരുടെയെങ്കിലും പിന്തുണ അന്ന് സി.പി.ഐ(എം.) അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിന് ഈ ആരോപണങ്ങൾ ഉന്നയിക്കുന്നവർക്ക്

സാധിക്കുമോ? 1970-കളിൽ തലശ്ശേരി കലാപം കത്തിയാളിപ്പടർന്നപ്പോൾ, ആ കലാപത്തെ അടിച്ചമർത്തുന്നതിന് പോലീസ് മടികാണിച്ചുനിന്നപ്പോൾ ജനങ്ങളെ അണിനിരത്തി കലാപം പടരാതിരിക്കുന്നതിനുവേണ്ടി നേതൃത്വം നൽകിയതിൽ പ്രധാനിയാണ് സഖാവ് പിണറായി വിജയൻ എന്ന കാര്യം നമ്മുടെയെല്ലാം ഓർമ്മകളിലുണ്ട്. അന്ന് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സഖാവ് ഇ.എം.എസ്. കേരളത്തിലെ ജനങ്ങളോട് ഞങ്ങൾക്ക് ആർ.എസ്.എസ്.-ന്റെ വോട്ട് വേണ്ടെന്ന് അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ആർ.എസ്.എസ്.-ന്റെ വോട്ട് വേണ്ടെന്ന് ഒരു തെരഞ്ഞെടുപ്പിന്റെ മുന്നിൽനിന്ന് പറയാൻ ശേഷിയും ധൈര്യവുമുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ലാതെ വേറെ ഏത് രാഷ്ട്രീയ പ്രസ്ഥാനമുണ്ടെന്ന് കോൺഗ്രസുകാർ പറയണം. ലീഗിന് പറയാൻ സാധിക്കുമോ? എന്നിട്ടും അന്തർധാരയുണ്ടെന്ന് പറയുകയാണ്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ഗവണ്മെന്റിനെ ആക്ഷേപിക്കുന്നതിനുവേണ്ടി മാതൃഭൂമിയിലെ സക്കറിയയുടെ ഒരു കഥയാണ് ഉദ്ധരിച്ചത്. ഇപ്രാവശ്യം മാതൃഭൂമിയിൽ വന്ന ഒരു ലേഖനമുണ്ട്. ഗുജറാത്തിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥനായിരുന്ന ആർ. ബി. ശ്രീകുമാർ, ശ്രീ. ഐ. ബി. സതീഷിന്റെ മണ്ഡലത്തിലാണെന്ന് കഴിഞ്ഞൊരു പ്രസംഗത്തിൽ

അദ്ദേഹം പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ സമരസേനാനികളുടെ, കോൺഗ്രസ് കുടുംബത്തിൽപ്പെട്ട ഒരാളാണ് അദ്ദേഹം. അദ്ദേഹം എഴുതിയ 'Gujarat : Behind The Curtain' എന്ന പുസ്തകം ഇന്ന് വാങ്ങാൻ ലഭിക്കും. ഗുജറാത്തിന്റെ തിരശ്ശീലകൾക്ക് പിന്നിലുള്ള കാര്യങ്ങൾ എന്താണെന്ന് അദ്ദേഹം ഈ ആഴ്ചത്തെ മാതൃഭൂമിയിൽ വിശദീകരിക്കുന്നുണ്ട്. അതിലെ ഒരു ഭാഗം ഇങ്ങനെയാണ് - ഗുജറാത്തിൽ ഈ പ്രശ്നങ്ങളുണ്ടായപ്പോൾ അന്ന് യു.പി.എ. ഗവണ്മെന്റാണ് ഭരിക്കുന്നതെന്നും പ്രഥമ യു.പി.എ. സർക്കാരിൽ പ്രതിരോധ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സുശീൽ കുമാർ ഷിൻഡെയും ഇക്കാര്യത്തിൽ ഔത്സുക്യം കാണിച്ചില്ല എന്നുമാണ്. ഇവരുടെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിക്കാതെ വന്നപ്പോൾ ഞാൻ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗിന് കത്തെഴുതി. പ്രതിരോധ മന്ത്രിയെയും ആഭ്യന്തര വകുപ്പുമന്ത്രിയെയും തുടർനടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞ് അദ്ദേഹം മറുപടി അയച്ചു. പിന്നീട് കോൺഗ്രസ്സിലെ ഡോ. ഓസ്കാർ ഫെർണാണ്ടസും ഗുജറാത്തിലെ കോൺഗ്രസ് പ്രസിഡന്റും ആർ. ബി. ശ്രീകുമാറിനോട് പറഞ്ഞത് ഗുജറാത്ത് കലാപത്തിൽ ബി.ജെ.പി.-ക്കെതിരായി നീങ്ങാൻ കോൺഗ്രസ്സിന്റെ

ഉന്നതനേതൃത്വത്തിന് വലിയ താല്പര്യമില്ലെന്നാണ്. ആർക്കാണ് അന്തർധാര എന്ന് പ്രതിപക്ഷം പറയട്ടെ. ശ്രീ. ആർ. ബി. ശ്രീകുമാർ അദ്ദേഹത്തിന്റെ അനുഭവത്തിൽനിന്ന് പറയുന്ന ഒരു കാര്യമുണ്ട് - വർഗ്ഗീയതയ്ക്കെതിരെ കോൺഗ്രസ്സിന് അന്നും ഇന്നും ഒരു പൊളിറ്റിക്കൽ കൗണ്ടർ അജണ്ടയില്ലെന്നാണത്. കോൺഗ്രസ്സിനുള്ളിലെ ആർ.എസ്.എസ്. ലോബി ഇതിന് സമ്മതിക്കില്ല. അതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഒരു തെരഞ്ഞെടുപ്പിൽ വിജയിക്കാനോ ബി.ജെ.പി.-യുടെയോ ആർ.എസ്.എസ്.-ന്റെയോ പിന്തുണ ലഭിക്കുന്നതിനോ ഗോൾവാൾക്കറിന്റെ ചിത്രത്തിനുമുമ്പിൽ വിളക്കുകൊളുത്തി, ആരാധിച്ച്, പൂജിച്ച് നടക്കുന്ന ശീലമുള്ള രാഷ്ട്രീയ നേതാവല്ല ശ്രീ. പിണറായി വിജയൻ. അതിന്റെ പിന്നിൽ നടക്കുന്ന ആളുകളുമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുള്ളത്. ഇത് മനസ്സിലാക്കുന്നതിന് പ്രതിപക്ഷം സന്നദ്ധമാകണമെന്നതാണ് അനുഭവങ്ങളിൽനിന്ന് ആർ. ബി. ശ്രീകുമാർ ലോകത്തോട് വിളിച്ചുപറയുന്നത്. മലയാളി ബന്ധമുള്ള ലോകപ്രശസ്തയായ നിർത്തകിയാണ് ശ്രീമതി മല്ലികാ സാരാഭായി. അവരുടെ അമ്മ മൃണാളിനി സാരാഭായിയെയും അച്ഛൻ വിക്രം സാരാഭായിയെയും നമുക്കറിയാം. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഗുജറാത്ത് സംഭവവുമായി ബന്ധപ്പെട്ട്

ഒൻപത് കേസ്സുകൾ കൊടുത്തു. അന്ന് ആ കേസ്സിന് മറുപടി കൊടുക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിനോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. അന്ന് പ്രധാനമന്ത്രിയായിരുന്നത് ഡോ. മൻമോഹൻ സിംഗായിരുന്നു. ഒരു വരിപോലും മറുപടി നൽകാൻ അന്ന് കേന്ദ്ര ഗവണ്മെന്റ് സന്നദ്ധമായില്ല. ഈ വർഗ്ഗീയവാദികളെ പൂജിച്ചുനടക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിക്കുന്നതെന്നതിന്റെ എത്രമാത്രം ദൃഷ്ടാന്തങ്ങൾ രാഷ്ട്രചരിത്രത്തിലുണ്ടെന്നത് പരിശോധിക്കേണ്ട കാര്യമാണ്. ഇവിടെ മുസ്ലീം ലീഗിന്റെ ബഹുമാന്യനായ ഒരു പ്രതിനിധി യു.ഡി.എഫ്.-ന്റെ കാലത്തെ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞു. അദ്ദേഹം അതുസംബന്ധിച്ച് ചില പട്ടികകൾ വിശദീകരിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് എന്താണ് പറയാനുള്ളത്; അദ്ദേഹം ചോദിച്ചതാണ്. ഈ ഗവണ്മെന്റിന്റെ ദീർഘവീക്ഷണത്തെക്കുറിച്ച് നേരത്തെ സംസാരിച്ചിട്ടുള്ള പ്രതിനിധികളെല്ലാം പറഞ്ഞിട്ടുണ്ട്. 25 വർഷംകൊണ്ട് ഉന്നത നിലവാരത്തിലേയ്ക്ക് കേരളത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ഗവണ്മെന്റ് അതിന്റെ പ്രവർത്തനങ്ങൾ, അതിന്റെ വികസന കാഴ്ചപ്പാടുകൾ മുൻനിർത്തി പ്രവർത്തിച്ചുവരുന്നത്. ഇവിടെ ഇവർ പറഞ്ഞു, ഇവർ കൊണ്ടുവന്നിട്ടുള്ളതോ,

പറഞ്ഞുനടന്നിട്ടുള്ളതോ ആയിട്ടുള്ള പല കാര്യങ്ങളുമുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് ഉപേക്ഷിച്ചിട്ടുള്ളതാണ് ഗെയിൽ പൈപ്പ്ലൈൻ പദ്ധതി. അത് കൊണ്ടുവന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റല്ല എന്ന് പറയാൻ സാധിക്കുമോ? ദേശീയപാതാ വികസനം നിങ്ങൾ ഉപേക്ഷിച്ചപ്പോൾ അതിന്റെ പിഴ ഒടുക്കേണ്ടിവന്നത് ഈ ഗവണ്മെന്റാണ്. 25 ശതമാനം നഷ്ടപരിഹാരം കേന്ദ്രഗവണ്മെന്റിൽ അടച്ചാൽമാത്രമേ ഈ പദ്ധതി ഞങ്ങൾക്കിനി തുടർന്ന് നടത്താൻ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞപ്പോൾ 5,000 കോടി രൂപ അടച്ച് ദേശീയപാതാ വികസനത്തിന്റെ പൂർത്തീകരണത്തിലേയ്ക്ക് എത്തുന്ന നിലയിൽ സംവിധാനമുണ്ടാക്കി അടിസ്ഥാന വികസനത്തിൽ ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രവർത്തനം ആർക്കാണ് കാണാതിരിക്കാൻ കഴിയുന്നത്; യു.ഡി.എഫ്.-നും മുസ്ലീം ലീഗിന്റെ പ്രതിനിധികൾക്കും ചിലപ്പോൾ കാണാൻ സാധിക്കില്ല. കാരണം അവർ ആഗ്രഹിക്കുന്ന ഒരു കാര്യമല്ല. നിങ്ങളിപ്പോൾ പലരീതിയിലും പരിഹസിച്ചിട്ടുണ്ട്. കെ-ഫോൺ, അതിനെക്കുറിച്ച് ഇന്നലത്തെ പത്രത്തിൽ വാർത്തകൾ വന്നിട്ടുണ്ട്, വയനാട്ടിൽവരെ എത്തിയിരിക്കുന്നു. സൗജന്യമായ ഇന്റർനെറ്റ് സൗകര്യം സാധാരണ ജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കത്തക്കനിലയിലുള്ള സംവിധാനമിന്ന് കേരളം മുഴുവനും ഒരു വലിയ

നെറ്റ്‌വർക്കായി പടർന്നുനിൽക്കുന്നത്. ബഹുമാനപ്പെട്ട എം. എം. മണി ഇവിടെയുണ്ട്. കഴിഞ്ഞ ഗവണ്മെന്റും ഈ ഗവൺമെന്റും വച്ചിട്ടുള്ള ലക്ഷ്യം കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ്. ഇത് സാദ്ധ്യമാണോ എന്ന് ചോദിച്ചിട്ടുള്ള ആളുകളുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ഇന്ത്യയിലെ ഒരു സംസ്ഥാനമായി, അല്ലെങ്കിൽ പ്രഥമ സംസ്ഥാനമായി കേരളം തലയുയർത്തി നിൽക്കുന്നുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്ന കാര്യമാണ്. വീടില്ലാത്തവർക്ക് വീട് കൊടുക്കുന്ന 'ലൈഫ് പദ്ധതി'-യെ നിങ്ങൾ പരിഹസിക്കുന്നുണ്ട്. ഈ ഗവണ്മെന്റ് 52000-ത്തിലധികംപേർക്ക് ഒരുവർഷത്തിനിടയിൽ പട്ടയം കൊടുത്തു. ഭൂമി തന്റേതല്ലെന്ന് കരുതുന്ന മനുഷ്യന്റെ കയ്യിലേയ്ക്കാണ് അത് കൊടുത്തത്. ഒരു മാസം 900 കോടിരൂപ പെൻഷൻ കൊടുക്കുന്നുണ്ട്. ഇവിടെ നേരത്തെ ചില അംഗങ്ങൾ നിങ്ങൾ എത്രമാത്രം കുടിശ്ശിക വരുത്തിയെന്ന് ചോദിച്ചു. ഒരു നയാപൈസ കുടിശ്ശികയില്ലാതെ ഞങ്ങൾ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചുവരികയാണ്. കേരളത്തിന്റെ വികസനത്തിന് വ്യക്തതയുള്ള നിലപാടുകളും സമീപനങ്ങളും സ്വീകരിച്ചുപോകുന്ന ഈ ഗവണ്മെന്റിന്റെ ധനകാര്യ ബില്ലിന് പൂർണ്ണ പിന്തുണകൊടുത്തുകൊണ്ട് ഞാൻ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഈ ധനകാര്യ ബില്ലുകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയെക്കുറിച്ച് വളരെ മോശമായി പറയുകയുണ്ടായി. അദ്ദേഹം കേന്ദ്ര ഗവൺമെന്റ് നടപടികളോട് മിണ്ടുന്നില്ല, പ്രതികരിക്കുന്നില്ല എന്ന് വിമർശനമുന്നയിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, ഇന്ത്യയിൽ ഇത്ര നട്ടെല്ലോടുകൂടി കേന്ദ്രഗവൺമെന്റിനെയും പ്രധാനമന്ത്രി നരേന്ദ്രമോദിയെയും വിമർശിക്കാൻ കഴിവുള്ള അല്ലെങ്കിൽ ചങ്കുറ്റത്തോടുകൂടി സംസാരിക്കുന്ന ഒരു നേതാവിനെ നിങ്ങൾക്ക് സി.പി.ഐ(എം.)-ലോ മറ്റ് പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളിലോ കാണാൻ സാധിക്കുമോ? ഒരു സംശയവുമില്ല. നിങ്ങൾ വെറുതെ വിമർശിക്കുകയാണ്. ഇവിടെ പ്രതിപക്ഷ നേതാവിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരെ എത്ര പ്രകോപനം നിങ്ങളുണ്ടാക്കിയാലും അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ പറയുകതന്നെ ചെയ്യും. വെല്ലിലിറങ്ങേണ്ട സാഹചര്യം വന്നാൽ ഞങ്ങൾ വെല്ലിലിറങ്ങും. കാരണം കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ വെല്ലിലിറങ്ങുന്നത്? സർക്കാരിന്റെ ഭാഗത്തുനിന്നും വ്യക്തമായ മറുപടിയില്ലാത്തതുകൊണ്ടാണ് ഞങ്ങൾ വെല്ലിലിറങ്ങേണ്ട നിർബന്ധിതരാഷ്ട്രീയ സാഹചര്യമുണ്ടാകുന്നത്. അവിടെയൊന്നും ഞങ്ങൾ

തളരില്ല. ഇത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിലെ ജനങ്ങളുടെ ശബ്ദമായി പ്രതിപക്ഷം പ്രവർത്തിക്കും; അതിൽ നിങ്ങൾ വെറുതെ അലോസരപ്പെട്ടിട്ട് കാര്യമില്ല.

ഇടതുപക്ഷ ജനാധിപത്യ സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ പരിണിതഫലമായി  സംസ്ഥാനം ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം സാമ്പത്തിക വിദഗ്ദ്ധർ തയ്യാറാക്കിയ ലേഖനത്തിൽ കടബാദ്ധ്യതകൾ വർദ്ധിക്കുന്ന കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ശ്രീലങ്കയുടെ സാമ്പത്തിക തകർച്ച ചൂണ്ടിക്കാട്ടി മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. സംസ്ഥാനത്തെ കടത്തിന്റെ വളർച്ച കഴിഞ്ഞ അഞ്ചുവർഷമായി മൊത്തം ആഭ്യന്തര ഉൽപ്പാദന വളർച്ചയെ മറികടന്നിരിക്കുന്നു. നികുതി വരുമാനത്തിലുണ്ടായ കുറവ്, ധനകാര്യ മാനേജ്മെന്റിലെ പാളിച്ചകൾമൂലമുണ്ടായിട്ടുള്ള സാമ്പത്തിക സമ്മർദ്ദം എന്നിവ അതിജീവിക്കുന്നതിന് ശക്തമായ തിരുത്തൽ നടപടികൾ അനിവാര്യമായി വന്നിരിക്കുകയാണ്. എന്നാലും സർക്കാർ ഇതൊന്നും കണ്ടമട്ടില്ല. സാധാരണക്കാരുടെമേൽ നികുതിഭാരം ഏൽപ്പിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാന ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിച്ചു.

ഭൂമിയുടെ ന്യായവില പത്ത് ശതമാനം വർദ്ധിപ്പിച്ചു, വൈദ്യുതി ചാർജ്ജും വെള്ളക്കരം അഞ്ച് ശതമാനവും വർദ്ധിപ്പിച്ചു. പുതിയ വാഹനങ്ങൾക്ക് ഹരിതനികുതി ഏർപ്പെടുത്തി, വാഹന രജിസ്ട്രേഷൻ, ഫിറ്റ്നെസ് ടെസ്റ്റ് നിരക്കുകൾ എന്നിവ വർദ്ധിപ്പിച്ചു, രണ്ടുലക്ഷം രൂപവരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഉയർത്തി. ഇത്തരം നികുതി നിർദ്ദേശങ്ങളെല്ലാംതന്നെ സാധാരണക്കാരെ നേരിട്ട് ബാധിക്കുന്നതാണ്. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞിട്ട്, ഇങ്ങനെയാണ് ജനങ്ങളെ ശരിയാക്കിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം ജി.എസ്.ടി. എന്നത് കോൺഗ്രസ്സിന്റെ ആശയമായിരുന്നു. എന്നാൽ അവധാനതയില്ലാതെ നടപ്പിലാക്കിയതുകൊണ്ടാണ് ജി.എസ്.ടി. പരാജയമായത്. 'G.S.T. is an example of how a brilliant idea can be implemented poorly' എന്നാണ് ജി.എസ്.ടി.-യെക്കുറിച്ച് കോൺഗ്രസ് പറഞ്ഞത്. ബി.ജെ.പി. സർക്കാരിന്റെ ജി.എസ്.ടി. വക്താവായി പ്രവർത്തിച്ചത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കായിരുന്നു. ജി.എസ്.ടി. നടപ്പിലാക്കിയാൽ കേരളത്തിന്റെ നികുതി വളർച്ച 26 ശതമാനമാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. അന്ന് അദ്ദേഹം അതിനെ പൂർണ്ണമായും സപ്പോർട്ട് ചെയ്തു, കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി.

നടപ്പിലാക്കിയതിന്റെ അഞ്ചാംവാർഷികം പൂർത്തിയാകാൻ പോകുകയാണ്. കേരളത്തിന്റെ ജി.എസ്.ടി. വളർച്ച 14 ശതമാനത്തിൽ താഴെയാണ്. അതേസമയം കേരളത്തിന്റെ ജി.എസ്.ടി. വിഹിതം വെറും രണ്ട് ശതമാനം മാത്രമാണ്. അയൽസംസ്ഥാനങ്ങളിൽ ജി.എസ്.ടി. വിഹിതം പത്ത് ശതമാനത്തിൽ കൂടുതലാണ്. കേന്ദ്രസർക്കാർ ഓരോവർഷവും സംസ്ഥാനത്തിന് നൽകുന്ന ജി.എസ്.ടി. കുറയ്ക്കും. ഈ സാഹചര്യത്തിൽ കുറഞ്ഞത് 10,000 കോടി രൂപയെങ്കിലും സംസ്ഥാന സർക്കാർ കണ്ടെത്തണം. ഇതിനുള്ള യാതൊരുനടപടിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. നികുതി പിരിവിൽ ഗുരുതരമായ വീഴ്ചയാണ് സർക്കാർ ഇന്ന് വരുത്തിക്കൊണ്ടിരിക്കുന്നതിനാൽ നമ്മുടെ വരുമാനം കുറയുകയാണ്. ഇത് സർക്കാരിന്റെ കുഴപ്പമാണ്. അതൊക്കെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. ഒരു നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അറുപത് വയസ്സ് കഴിഞ്ഞവർക്കെല്ലാം പെൻഷൻ കൊടുക്കുന്നുണ്ട്. എന്നാൽ കന്യാസ്ത്രീകളെയും വൈദികശ്രേഷ്ഠരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരെ മാത്രം ഈ പദ്ധതിയിൽ എന്താണ് ഉൾപ്പെടുത്താത്തത്; അവരും മനുഷ്യരല്ലേ? അവർക്ക് വേറെ വരുമാനമില്ല.

അതുകൊണ്ട് അവരെയും പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെയാണ് പ്രാദേശിക പത്രക്കാരുടെ കാര്യം. പെൻഷൻ നൽകണമെന്ന് പ്രാദേശിക പത്രക്കാർ നിരന്തരം ആവശ്യപ്പെടുന്നതാണ്. അവർക്കും ഇതുവരെ പെൻഷൻ നടപ്പിലാക്കിയിട്ടില്ല. പ്രളയവും കോവിഡും വന്നതിന്റെ ഫലമായി വ്യവസായ സ്ഥാപനങ്ങൾ, വ്യാപാരികൾ, വീട് പണിയാൻ വായ്പയെടുത്തവർ, വ്യക്തിഗത ലോണെടുത്തവർ തുടങ്ങിയവർ നിരന്തരം നമ്മുടെ വീടുകളിൽ വരികയാണ്. കാരണം, സർവ്വീസ് സഹകരണ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ തുടങ്ങി എല്ലാ ബാങ്കുകളിൽനിന്നും അവർക്ക് ജപ്തി നോട്ടീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഗവണ്മെന്റ് എന്ത് ചെയ്തു? മൊറട്ടോറിയം പ്രഖ്യാപിക്കാറുണ്ട്, പക്ഷേ മൊറട്ടോറിയം പ്രഖ്യാപിച്ചാൽ അവർക്കൊരു ആശ്വാസമില്ല. മൊറട്ടോറിയം പ്രഖ്യാപിച്ചാൽ ആ സമയത്ത് ബാങ്കിൽ പണമടയ്ക്കേണ്ട എന്നുമാത്രമേയുള്ളൂ. പക്ഷേ അതല്ല വേണ്ടത്, പലിശ ഒഴിവാക്കുന്ന സാഹചര്യമുണ്ടാകണം. ഒന്നുകിൽ ബാങ്കുകളെക്കൊണ്ട് ആ പലിശ ഒഴിവാക്കിക്കുകയോ അല്ലെങ്കിൽ ഗവണ്മെന്റ് ആ ബാദ്ധ്യത ഏറ്റെടുത്ത് ബാങ്കുകളിൽ അടയ്ക്കുകയോചെയ്ത് പ്രതിസന്ധി നേരിടുന്ന ജനങ്ങളെ സഹായിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ

അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിനോദ നികുതിയും പരസ്യ നികുതിയും നേരിട്ട് പിരിച്ചുകൊണ്ടിരുന്നതാണ്. അതിന്ന് ജി.എസ്.ടി. വഴി കേന്ദ്ര ഗവൺമെന്റിലേയ്ക്കുപോയി സംസ്ഥാന ഗവൺമെന്റുവഴിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടത്. ഉദാഹരണത്തിന് ആലുവ മുനിസിപ്പാലിറ്റിയിൽ മൂന്ന് വർഷംകൊണ്ട് ഏകദേശം നാലരക്കോടി രൂപ ഈ വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടാനുണ്ട്. സംസ്ഥാന ഗവൺമെന്റിന് കേന്ദ്രഗവൺമെന്റ് കൊടുത്തു. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഗവൺമെന്റ് കൊടുക്കുന്നില്ല. അത് നീതിയാണോ; മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും മുന്നോട്ടുപോകണ്ടേ? ഇന്ന് ശമ്പളം കൊടുക്കാൻപോലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും ബുദ്ധിമുട്ടുമ്പോൾ ഈ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന സാഹചര്യമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിലുള്ളത്. അത് ഒരിക്കലും അനുവദിക്കരുത്. ആ തുക എത്രയുംവേഗം അവർക്ക് കൊടുക്കാൻ നടപടിയുണ്ടാകണം. ഒരിക്കൽക്കൂടി ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഈ ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. ഇവിടെ സംസാരിച്ച മങ്കട അംഗവും ആലുവ അംഗവും

നമ്മുടെ സംസ്ഥാനം വലിയ കടക്കെണിയിലായിപ്പോകുമെന്ന് റിസർവ് ബാങ്കിന്റെ ലേഖനത്തെ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. സംസ്ഥാനങ്ങളുടെ കടത്തെ മുൻനിർത്തിക്കൊണ്ടൊരു ലേഖനമാണ് റിസർവ് ബാങ്കിന്റെ ആധികാരികതയിൽ പുറത്തുവന്ന ആ പുസ്തകത്തിലുള്ളത്. ഇതിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ബന്ധപ്പെട്ട ലേഖകരുടെ ഉത്തരവാദിത്വമാണെന്ന് റിസർവ് ബാങ്കിന്റെ ആളുകൾതന്നെ പറഞ്ഞിട്ടുണ്ട്. അതിനെ ഉദ്ധരിച്ചുകൊണ്ട് യു.ഡി.എഫ്.-ഉം പ്രതിപക്ഷവും പൊതുവിൽ സംസ്ഥാനമാകെ കടക്കെണിയിലായിപ്പോകും, കേരളം ശ്രീലങ്ക ആയിപ്പോകുമെന്ന ചർച്ചയാണ് ഉയർത്തിക്കൊണ്ടുവരുന്നത്. കേന്ദ്ര ഗവൺമെന്റിന് ഒരു നയമുണ്ട്, അത് സംസ്ഥാനങ്ങളെ ശ്വാസംമുട്ടിക്കുക എന്നുള്ളതാണ്. സംസ്ഥാനങ്ങളുടെ അധികാരത്തിൽ കയ്യിടുക, ഫെഡറൽ സംവിധാനത്തെ തകർക്കുക, അതിന്റെ ഭാഗമായി ഓരോ സംസ്ഥാനങ്ങളെയും തങ്ങളുടെ കൈപ്പിടിയിലേയ്ക്ക് കൊണ്ടുവരിക എന്ന അജണ്ട കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് തുണയാകുന്നൊരു സമീപനമല്ലേ ഇവിടെ പ്രതിപക്ഷവും യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നതെന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന വായ്പാപരിധിക്കകത്ത്

നിന്നുകൊണ്ടുമാത്രമേ കടമെടുക്കാൻ കഴിയൂ. കേരളവും അങ്ങനെയല്ലേ എടുത്തിട്ടുള്ളൂ? ഇവിടെ കോവിഡ്-19 കാലത്ത് ലോകത്തെമ്പാടും ദേശീയ വരുമാനവും ആളുകളുടെ വരുമാനവും ഇടിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ വാങ്ങൽ ശേഷിയിൽ വലിയ തകരാറ് വന്നിട്ടുണ്ട്. ഇക്കാലത്ത് സർക്കാർ ചെലവ് ചുരുക്കിയാൽ സാമ്പത്തിക തകർച്ചയാകും ഉണ്ടാകുക. ഇത് പരിഗണിച്ചിട്ടല്ലേ ഗവൺമെന്റിന്റെ പല നടപടികളുമുണ്ടായത്. കേന്ദ്ര ഗവൺമെന്റുതന്നെ വായ്പാ പരിധി 3 ശതമാനത്തിൽനിന്നും 5 ശതമാനത്തിലേയ്ക്ക് ഉയർത്തിയത് ഇക്കാര്യംകൂടി പരിഗണിച്ചിട്ടാണ്. അതിനകത്തുനിന്നുകൊണ്ടാണ് നമ്മളും കടം എടുത്തിട്ടുള്ളത്. ഇന്ത്യയുൾപ്പെടെയുള്ള എമർജിംഗ് രാജ്യങ്ങളുടെ കടമെന്ന് പറയുന്നത് അവരുടെ ദേശീയ വരുമാനത്തിന്റെ 65 ശതമാനമാണ്. ഇവിടെയാണ് കേരളത്തിന്റെ കടഭാരം സംസ്ഥാന ജി.ഡി.പി.-യുടെ 37 ശതമാനമായിപ്പോയെന്നുപറഞ്ഞ് വലിയ വിമർശനവും ഭയാശങ്കയും പരത്താൻ പരിശ്രമിക്കുന്നത്. നമ്മളേക്കാൾ വലിയ സംസ്ഥാനങ്ങളാണ് പഞ്ചാബും രാജസ്ഥാനും. ഈ രണ്ട് സംസ്ഥാനങ്ങൾക്കും 39 ശതമാനമാണ് റേഷ്യോ. കടമെടുത്ത് കോവിഡ്-19 കാലത്ത് ജനങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ, കിറ്റുകൾ, പെൻഷൻ എന്നിവ നൽകുക, സമാശ്വാസ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങളല്ലേ ചെയ്യേണ്ടത്; അങ്ങനെ

ചെയ്യേണ്ടെന്നാണോ പ്രതിപക്ഷം പറയുന്നത്? സാധാരണഗതിയിൽ ഒരു ദുരന്തകാലത്ത് ഗവണ്മെന്റ് ഇത്തരം ഇടപെടൽ നടത്തുമ്പോഴാണ് നാട്ടിൽ പട്ടിണിയും ദുരിതവുമില്ലാതാകുന്നത്. ആ നിലയിൽ കൃത്യമായി ഇടപെടാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞുവെന്ന് പറയുന്നത് വലിയ നേട്ടമായി ഞങ്ങൾ കാണുകയാണ്. കേരള സർക്കാർ സ്വീകരിച്ചിട്ടുള്ള സാമ്പത്തിക ഉത്തേജന പാക്കേജുകളും കിഫ്ബിയുടെ നിക്ഷേപവും കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ആക്കം കൂട്ടിയിട്ടുണ്ട്. കാരണം ഇത്രയും വലിയ സാമ്പത്തിക പ്രയാസത്തിനിടയിൽ നിന്നിട്ടുപോലും ഒരു പട്ടിണിമരണംപോലുമില്ലാതെ മുന്നോട്ടുനയിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്ന് മാത്രമല്ല മുമ്പെങ്ങുമില്ലാത്ത നിലയിലുള്ള വലിയ സാമ്പത്തിക പുരോഗതിയിലേയ്ക്കും പശ്ചാത്തല സൗകര്യ വികസനത്തിലേയ്ക്കും നാടിനെ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. കേരളം പോലുള്ള സംസ്ഥാനങ്ങളുടെ വായ്പ എടുക്കാനുള്ള അവകാശത്തെ പരിമിതപ്പെടുത്തി സംസ്ഥാനങ്ങളെ ദുർബ്ബലപ്പെടുത്താനുള്ള ബി.ജെ.പി. നീക്കമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ചെയർമാൻ ശ്രീ. എൻ. കെ. സിംഗ് അദ്ധ്യക്ഷനായിട്ടുള്ള ധന ഉത്തരവാദിത്വ റിവ്യൂ കമ്മിറ്റി പറയുന്നത്, കടത്തോത് ജി.ഡി.പി.-യുടെ 25 ശതമാനമാക്കി

കുറയ്ക്കണമെന്നാണ്. കടക്കെണിയെക്കുറിച്ച് ഭീതി സൃഷ്ടിച്ച് നിബന്ധനകൾ സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. ഇതിന്റെ ഫലമെന്താണ്? സംസ്ഥാനങ്ങളുടെ വികസനമില്ലാതെയാകും. ഏതെങ്കിലും കേന്ദ്ര പദ്ധതിയുടെ ഭാഗമായി നടക്കുന്ന കാര്യങ്ങൾമാത്രം നിങ്ങളുടെ നാട്ടിൽ നടത്തിയാൽ മതിയെന്ന് പറയുന്നതിനാണോ ഈ ഒരു നീക്കം നടത്തുന്നത്. ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെ പലരൂപത്തിൽ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്ര സർക്കാർ നേരത്തെതന്നെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കുന്ന തീരുമാനം, ധനകാര്യ കമ്മീഷന്റെ ഭാഗമായി കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളുടെയും നികുതി വിഹിതം ഗണ്യമായി കുറയ്ക്കാനുള്ള തീരുമാനം, അതുപോലെതന്നെ പല കേന്ദ്ര പദ്ധതികളിലും അനാവശ്യ നിബന്ധനകൾ തുടങ്ങിയവ ഏർപ്പെടുത്തുകയാണ്. നമുക്കറിയാമല്ലോ, ഇവിടെ കേന്ദ്ര മന്ത്രിമാർ കറങ്ങി നടക്കുകയാണ്. വിദേശ കാര്യമന്ത്രി നമ്മുടെ നാട്ടിൽ നിൽക്കുകയാണ്. അദ്ദേഹം സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധികളെയും അറിയിക്കാതെ പല സ്ഥലങ്ങളിലും സന്ദർശനം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്താണ് അവരുടെ ഉദ്ദേശ്യം? ഇവിടെ നടക്കുന്ന വികസനമെല്ലാം കേന്ദ്ര

ഗവണ്മെന്റിന്റെ ഫണ്ടുപയോഗിച്ച് ഞങ്ങൾ കൊണ്ടുവരുന്നതാണെന്നുള്ള പ്രതീതി സൃഷ്ടിക്കാനുള്ള പരിശ്രമം നടക്കുകയല്ലേ? അതിനെതിരെ ഒരു വാക്കുപോലും പറയാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലല്ലോ. നമുക്കെല്ലാവർക്കുമറിയാം, കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതികൾ പണ്ടുകാലം മുതൽ ഭരിക്കുന്ന സർക്കാരുകളാണ് നടപ്പിലാക്കുന്നത്. ഇവരുടെ വർത്തമാനം കേട്ടാൽ തോന്നും ഇതെല്ലാം അവരുടെ ഔദാര്യമായി സംസ്ഥാനങ്ങൾക്ക് തരുന്നതാണെന്ന്. നമ്മളെല്ലാം നൽകുന്ന നികുതിയുടെ വിഹിതം കൃത്യമായി എല്ലാ സംസ്ഥാനങ്ങൾക്കുമായി വീതിച്ചുകൊടുക്കുന്നതിനാണ് കേന്ദ്ര ധനകാര്യ കമ്മീഷനെ വച്ചിരിക്കുന്നത്. ആ വിഹിതമെന്നുപറയുന്നത് നമ്മുടെയും അവകാശമാണ്. ആ തുക കേരളത്തിന് നൽകാതെ വിവേചനം കാണിക്കുന്നത് നമുക്കെല്ലാവർക്കുമറിയാം. അതുമാത്രമല്ല കേന്ദ്ര പദ്ധതികളായ അമൃത്, സ്മാർട്ട് സിറ്റി മിഷൻ, ജൽജീവൻ മിഷൻ, പി.എം.എ.വൈ., സ്വച്ഛ് ഭാരത് തുടങ്ങിയവയുടെ കേന്ദ്ര വിഹിതമെത്രയാണ്? 50 ശതമാനമോ അതിൽ താഴെയോ ആണ്. ബാക്കി തുക മുടക്കുന്നത് ആരാണ്; സംസ്ഥാന സർക്കാരാണ്. വേണമെങ്കിൽ നമുക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ചേർക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുടക്കുന്ന ഫണ്ടെന്നുപയുന്നത് സംസ്ഥാന ഗവണ്മെന്റ് പ്ലാൻ

ഫണ്ടായി നൽകുന്ന തുകയാണ്. സ്വാഭാവികമായും 50 ശതമാനത്തിലധികം മുതൽമുടക്ക് സംസ്ഥാനങ്ങൾ നടത്തുമ്പോൾ ഈ പദ്ധതികളുടെയെല്ലാം ക്രെഡിറ്റ് ഞങ്ങൾക്കാണെന്ന് പറയുന്നതിന്റെ അർത്ഥശൂന്യതയെയാണ് ഞാൻ സൂചിപ്പിച്ചത്. ഫെഡറൽ സംവിധാനമനുസരിച്ച് സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം വിവേചനപരവും രാഷ്ട്രീയപരവുമായ വേർതിരിവോടെ വിതരണം ചെയ്യുകയാണ്. ആരോഗ്യരംഗത്ത് കേരളം മുൻപന്തിയിലാണെന്ന് നമുക്കെല്ലാവർക്കുമറിയാം. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലടക്കം എത്രയോ വർഷങ്ങളായി കേരളമാണ് ഒന്നാമത്. ഇന്ത്യയിലെതന്നെ മാതൃകാപരമായിട്ടുള്ള പല നടപടികളും ആരോഗ്യ രംഗത്ത് സ്വീകരിച്ചിട്ടുള്ള നാട്ടുകൂടിയാണ് കേരളം. കോവിഡ്-19 കാലത്തുപോലും മരണനിരക്ക് കുറച്ചുനിർത്തുന്ന കാര്യത്തിൽ കേരളം കൃത്യമായിട്ടുള്ള നടപടിയെടുത്തിട്ടുണ്ട്. നമ്മൾ എത്രയോ വർഷങ്ങളായി ആവശ്യപ്പെടുന്നൊരു കാര്യമാണ് AIIMS (All India Institute Of Medical Sciences) അനുവദിക്കുക എന്നുള്ളത്. എല്ലാ ബഡ്ജറ്റിനുമുമ്പും കേരളത്തിലെ എം.പി.-മാരെ വിളിച്ചും അതുപോലെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പ്രധാനമന്ത്രിയെയും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെയുംകണ്ട് ഈ ആവശ്യം ഉന്നയിക്കാറുണ്ട്. ഇതുവരെ അനുവദിച്ചിട്ടില്ല. ഇപ്പോൾ

നാട്ടിലിറങ്ങി നടക്കുമ്പോൾ കാണുന്ന കാഴ്ചയെന്താണ്? ബി.ജെ.പി.-യുടെ നേതാക്കന്മാർ പ്രചരണ ജാഥ നടത്തുകയാണ്. അനുവദിക്കാത്ത AIIMS തിരുവനന്തപുരത്തും ആലപ്പുഴയിലും സ്ഥാപിക്കണമെന്ന്. ഇങ്ങനെ കേരളത്തിലെ എല്ലാ ജില്ലകളിലും ബി.ജെ.പി.-യുടെ ജാഥ നടക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും AIIMS അനുവദിക്കാൻ തത്വത്തിൽ തീരുമാനം കേന്ദ്ര ഗവൺമെന്റെടുത്തു. കാരണം ഇനി കേരളമുൾപ്പെടെ കുറച്ച് സംസ്ഥാനങ്ങൾക്കേ അനുവദിക്കാനുള്ളൂ. അങ്ങനെയൊരു തീരുമാനം മാത്രമാണെടുത്തത്, നൽകിയിട്ടില്ല. ആ നിലയിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള വലിയ പരിശ്രമം ബി.ജെ.പി. നടത്തുകയാണെന്നുകൂടി നമ്മൾ കാണണം. അതുമാത്രമല്ല 'കടം, കടം' എന്ന് വിലപിക്കുന്നവർ ഓർക്കണം ഈ കടത്തിന് തുല്യമായ ആസ്തികൾ വരികയല്ലേ? നമ്മൾ കടമെടുത്തിട്ടുണ്ടെങ്കിൽ അത് നമ്മുടെ നാട്ടിൽ പല വികസന പ്രവർത്തനങ്ങളായി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി എടുത്ത വായ്പ വലിയ ഭാരമാകുമെന്നാണ് പ്രതിപക്ഷം പറയുന്നത്. അടിസ്ഥാനസൗകര്യ പദ്ധതിയിൽ 44,323 കോടി രൂപയും ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ 20,000 കോടി രൂപയും കിഫ്ബിയിലൂടെ മുതൽ മുടക്കുകയാണ്. ഇതുൾപ്പെടെ 64,323 കോടി രൂപയുടെ പദ്ധതികൾ

കേരളത്തിലെമ്പാടും നടപ്പിലാക്കപ്പെടുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും വികസനം നടക്കുകയല്ലേ? മേൽപ്പാലങ്ങൾ, റോഡുകൾ, മറ്റ് പല വികസന പദ്ധതികൾ, സ്കൂൾ മന്ദിരങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ കേരളത്തിലെമ്പാടും വലിയ വികസന പ്രവർത്തനങ്ങൾ നടക്കുകയല്ലേ. ഇതിനോടകം കിഫ്ബി 17,200 കോടി രൂപ ഇത്തരത്തിലുള്ള വിവിധ വികസന പദ്ധതികൾക്കായി ചെലവിട്ടുകഴിഞ്ഞു. കിഫ്ബി നിയമപ്രകാരം 2021 സെപ്റ്റംബർ വരെ പെട്രോളിയം സെസ് ഇനത്തിൽ 6,344 കോടി രൂപയും മോട്ടർ വാഹന നികുതി ഇനത്തിൽ 2,856 കോടി രൂപയുമുൾപ്പെടെ 9,200 കോടി രൂപ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്. ഞാനിത് പറഞ്ഞത് ഇതൊക്കെ കടക്കെണിയിലാക്കുമെന്ന് പ്രചരിപ്പിക്കുന്ന ആളുകൾ കേൾക്കാൻവേണ്ടിയാണ്. കൃത്യമായ തിരിച്ചടവ് ഉറപ്പാക്കാനുള്ള കാര്യങ്ങൾ ഗവൺമെന്റ് ഈ രംഗത്ത് ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ളകാര്യംകൂടി വിമർശകർ ശ്രദ്ധിക്കണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗുമായി ബന്ധപ്പെട്ട് ആഗോള രംഗത്തെ പ്രമുഖ റേറ്റിംഗ് ഏജൻസികളിലൊന്നായ എസ്. & പി. ഗ്ലോബൽ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. അവർ പറഞ്ഞിട്ടുള്ളത് അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിലൂടെ നടത്തിയത് എന്നാണ്. ലണ്ടൻ സ്കൂൾ ഓഫ്

എക്കണോമിക്സിലെ പ്രൊഫസറും ബ്രിട്ടീഷ് ധനകാര്യ മന്ത്രിയുമായിരുന്ന ഹ്യൂ ഡാൾട്ടൻ ഇതുസംബന്ധിച്ച് പറഞ്ഞത് പ്രസക്തമാണ്. അദ്ദേഹം പറഞ്ഞത് സ്വകാര്യ ധനകാര്യത്തിൽ വരുമാനത്തിനനുസരിച്ചാണ് ചെലവ് ചെയ്യുന്നത്. അതേസമയം പൊതു ധനകാര്യത്തിൽ എത്രമാത്രം ചെലവുകളാണ് നടത്തേണ്ടതെന്ന് ആദ്യം തീരുമാനിച്ചശേഷം അതിനാവശ്യമായ തുക നികുതിയായോ കടമായോ കണ്ടെത്തണമെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇത്തരത്തിൽ വളരെ കൃത്യമായ നിബന്ധനകളോടുകൂടി തിരിച്ചടവ് ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പാക്കുന്നത്. ഗവണ്മെന്റ് കുറെയധികം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലാണ് ട്രഷറി ഡയറക്ടറേറ്റിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്, അതിന്റെ 95 ശതമാനം നിർമ്മാണവും പൂർത്തീകരിച്ചിരിക്കുകയാണ്. ആധുനികവത്കരണത്തിന്റെ പാതയിലൂടെ ധനകാര്യ വകുപ്പ് പോകുന്നത് വളരെ സന്തോഷത്തോടുകൂടി ഞങ്ങൾ കാണുകയാണ്. അതുമാത്രമല്ല ചരിത്രത്തിലെ ഏറ്റവും വലിയ സമ്മാന പദ്ധതിയാണ് കേരള ലോട്ടറി വകുപ്പ്

പ്രഖ്യാപിച്ചിരിക്കുന്നത്. 25 കോടി രൂപയാണ് ഈ വർഷത്തെ ഓണം ബമ്പറിന് ലോട്ടറി വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്നത്. അത്തരത്തിലുള്ള വലിയ പദ്ധതികൾ കൊണ്ടുവരികയും സമ്മാനങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്തുകൊണ്ട് വരുമാനം ഉയർത്താനുള്ള കാര്യങ്ങൾ ചെയ്യണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം കമ്മീഷൻ ഉയർത്തുന്ന കാര്യത്തിൽ ഇടപെട്ടാൽ പാവപ്പെട്ട ആളുകൾക്ക് സഹായകരമായി മാറുകയും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടലുകൾ നടത്തണ്ടേ? ഒരുഭാഗത്ത് വരുമാനമില്ലെന്ന് പറയുകയും ഏതെങ്കിലും തരത്തിലുള്ള നികുതി നിർദ്ദേശങ്ങൾ വച്ചാൽ അതിനെ എതിർക്കുകയും ചെയ്യുന്ന നിലപാട് സ്വീകരിക്കരുതെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഡി. ആൻഡ് ഒ. ഷെഡ്യൂൾ/ടർഫുകൾ ഉൾപ്പെടെയുള്ള നിരവധി സംവിധാനങ്ങൾ നമ്മുടെ നാട്ടിൽ വരികയാണ്. ഇത്തരം കാര്യങ്ങളൊന്നും നമ്മുടെ നികുതി ഘടനയിൽ വന്നിട്ടില്ല. അതിനെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ട് നികുതിവരുമാനം കൂട്ടാനാവശ്യമായ നടപടികൾ ചെയ്യണം. ഐ.കെ.എം.-നെ ശക്തിപ്പെടുത്താൻ ചെയ്യുന്ന കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിക്കുന്ന നിലയിലേയ്ക്ക്

കൊണ്ടുപോകാൻ കഴിയും. രാവിലത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ പറഞ്ഞ സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അത്തരം പ്ലാന്റുകൾ കൊണ്ടുവരേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. തിരുവനന്തപുരത്ത് 106 എം.എൽ.ഡി. കപ്പാസിറ്റിയുള്ള പ്ലാന്റ് എത്രയോ വർഷങ്ങളായി യാതൊരു പരാതിയുമില്ലാതെ പ്രവർത്തിക്കുകയാണ്. അത്തരം പദ്ധതികൾ എല്ലാ സ്ഥലങ്ങളിലും വരുന്നതിനാവശ്യമായ സഹായം രാഷ്ട്രീയപാർട്ടികളുടെ ഭാഗത്ത് നിന്നുമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനകാര്യ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ ധനകാര്യബില്ലുകളെ അനുകൂലിക്കുന്നു. പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ദേശമാണ് കൊച്ചുകേരളം. 2017-ലെ നോട്ട് നിരോധനം, ലോകത്ത് ഇത്രയും വലിയൊരു മണ്ടത്തരം വേറെ കാണിക്കാനില്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. അതിൽ പല ഉദ്ദേശ്യങ്ങളും അവർക്കുണ്ട്. പക്ഷേ, സംസ്ഥാനങ്ങളെ സംബന്ധിച്ച് അത്രയും വലിയൊരു

സംവിധാനമില്ലാത്തതിനാൽ നമുക്ക് പ്രത്യേകിച്ച് ഉദ്ദേശ്യങ്ങളൊന്നുമില്ല. നോട്ടുനിരോധനംകാരണം ധാരാളം പ്രതിസന്ധികളിലൂടെ നമ്മൾ കടന്നുപോയി. അതിനുശേഷമാണ്, 2018-ലെ വെള്ളപ്പൊക്കമുണ്ടായത്. പ്രളയത്തിൽ ഞങ്ങളുടെ പ്രദേശമായ കുട്ടനാട് വെള്ളത്തിനടിയിലായി. ഞങ്ങളുടെ വീടൊക്കെ വെള്ളത്തിന് താഴെയായപ്പോൾ ഏത് രീതിയിൽ ജീവിക്കണമെന്ന് അറിയാൻ പാടില്ലാത്ത അവസ്ഥയായിത്തീർന്നു. ഒരു മാസം കഴിഞ്ഞപ്പോൾ രണ്ടാമത് വീണ്ടുമൊരു വെള്ളപ്പൊക്കംകൂടി വന്നു. വെള്ളപ്പൊക്കത്തെ അതിജീവിക്കുകയെന്നുള്ളത് ചെറിയ കാര്യമല്ല. വെള്ളപ്പൊക്കംവന്ന് എല്ലാം തകർന്നടിഞ്ഞുകഴിയുമ്പോൾ പ്രതിപക്ഷം പറയുന്നത്, കാശ് കൊണ്ടുവാ, കാശ് കൊണ്ടുവാ എന്നാണ്. അവിടെ പൈസ കൊടുക്ക്, ഇവിടെ പൈസ കൊടുക്ക് എന്ന് പറഞ്ഞശേഷം ഈ ധനകാര്യ ബില്ലിനെ ശക്തമായി എതിർക്കുകയും ചെയ്യും. എന്നാൽ, ഇവർക്കെല്ലാവർക്കും പണം ആവശ്യവുമാണ്. ഇക്കാര്യങ്ങൾ കഴിഞ്ഞ പ്രാവശ്യം ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ശ്രീ. റോജി എം. ജോണിന് 200 കോടിയിലധികം രൂപ നൽകിയപ്പോൾ, സത്യത്തിൽ

എനിക്ക് വലിയ വിഷമം തോന്നി. കാരണം, ഭരണകക്ഷിയിലുള്ള എനിക്ക് അത്രയും കിട്ടിയിട്ടില്ല. അതിനുമുമ്പ് പ്രതിപക്ഷത്തുള്ളവർക്ക് അതിൽ കൂടുതൽ കൊടുത്തു. ഭരണ-പ്രതിപക്ഷ വ്യത്യാസം നോക്കിയല്ല, ഞാൻ അനുവദിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ആവശ്യങ്ങൾ അറിഞ്ഞ് ചെയ്യുന്നതാണ് ഈ ഗവണ്മെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കുട്ടനാട്ടിലോ അങ്കമാലിയിലോ ചങ്ങനാശ്ശേരിലോ പാലായിലോ ഏത് പ്രദേശത്താണെങ്കിലും മുഖംനോക്കാതെ സഹായിക്കുന്ന ഗവണ്മെന്റാണിത്. കൂനിന്മേൽ കുരു എന്ന് പറയുന്നതുപോലെ, ഇതെല്ലാം കഴിഞ്ഞപ്പോഴാണ് കോവിഡ് മഹാമാരി കടന്നുവന്നത്. ഒരൊറ്റ ഫ്ലൈറ്റ് പൊങ്ങില്ലെന്നും മനുഷ്യൻ അനങ്ങില്ലെന്നും ഒരു കാര്യവും നടക്കില്ലെന്നും ഞങ്ങളുടെ ഒരു പ്രവാചകൻ പ്രവചിച്ചു. അത് കേട്ട് അന്ന് ആ യോഗത്തിൽ പങ്കെടുത്ത എല്ലാവരും ചിരിച്ചു. പക്ഷേ പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ, അദ്ദേഹം എന്താണോ പ്രവചിച്ചത് അതാണ് ലോകം മുഴുവൻ നടന്നത്. അതിൽ ലോകം മുഴുവൻ ഐസൊലേറ്റഡായിപ്പോയി.

ധനകാര്യ ബില്ലിനെ എങ്ങനെ എതിർക്കാമെന്ന ഒരൊറ്റ അജണ്ടയാണ് പ്രതിപക്ഷത്തിനുള്ളത്. പക്ഷേ അങ്ങനെയല്ല. പ്രതിപക്ഷത്തുള്ളവർ ഒന്ന് ചിന്തിക്കണം. കാരണം, നിങ്ങൾ ഈ രീതിയിലല്ല പ്രവർത്തിക്കേണ്ടത്. എല്ലാവർക്കും ആവശ്യമായ പണം വേണമെങ്കിൽ ഈ ധനകാര്യ ബില്ലിനെ നിങ്ങൾ പിന്തുണച്ചാലേ പറ്റുകയുള്ളൂ. എല്ലാ വാതിലുകളും അടയുമ്പോൾ ഒരു വാതിൽ തുറക്കും. കേരളത്തിന്റെ ഒരു വാതിലാണ് സഖാവ് പിണറായി വിജയൻ. കാരണം, അദ്ദേഹത്തിന്റെ ബുദ്ധിയിൽ ഉദിച്ച കാര്യങ്ങളാണ് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. അക്കാര്യം വളരെ വ്യക്തമായി നമുക്കറിയാം. ധാരാളം പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കേരളം അവയെ അതിജീവിക്കണമെങ്കിൽ നല്ല പദ്ധതിയും പ്ലാനും വേണം.

എനിക്ക് പറയാനുള്ളത്, എന്റെ പ്രദേശത്തെക്കുറിച്ചാണ്. എന്റെ പ്രദേശത്തെ വികസനം കണ്ട്, ഞാൻതന്നെ അന്ധാളിച്ച് നിൽക്കുകയാണ്. എം.സി. റോഡിന്റെ നവീകരണത്തിന് 700 കോടി രൂപ, സമഗ്ര കുടിവെള്ള പദ്ധതിക്ക് 300 കോടി രൂപ, 12 പുതിയ പാലങ്ങൾക്ക് ഏകദേശം 600 കോടി രൂപയോളം നൽകിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടാത്ത പാലങ്ങൾക്ക് 190 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ഏതെല്ലാം രീതിയിലുള്ള വികസനമാണ് ഗവണ്മെന്റ് കൊണ്ടുവരുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അങ്ങ് എല്ലാ കണക്കുകളും പറയുകയാണോ?

ശ്രീ. തോമസ് കെ. തോമസ്: സർ, ഇക്കാര്യങ്ങൾ മറ്റുള്ളവരും പറയട്ടെ; എല്ലാവർക്കും പണം വേണമല്ലോ; നൽകിയിട്ടുള്ള കാര്യങ്ങളല്ലേ പറയുന്നത്. ഇതൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും വാങ്ങിച്ചെടുക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളതാണ്. ഇത് എങ്ങനെ വാങ്ങിച്ചെടുക്കണമെന്നുള്ളതാണ് വിഷയം. വളരെ നല്ല രീതിയിലുള്ള വികസനം നടക്കുന്ന ഒരു മണ്ഡലത്തിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. അതുപോലെ 140 മണ്ഡലവും വികസിക്കണം. വികസിക്കണമെങ്കിൽ പണം വേണ്ടേ? ജി.എസ്.ടി. വിഹിതം കേന്ദ്ര ഗവണ്മെന്റ് പിടിച്ചുവച്ചിരിക്കുകയാണ്. എല്ലാ രീതിയിലും കേരളത്തെ തകർക്കണമെന്നാണ് ഉദ്ദേശം. കാരണം, ഇവിടെ ഭരിക്കുന്നത് എൽ.ഡി.എഫ്. ഗവണ്മെന്റാണ്. അതാണ് അവരുടെ പ്രശ്നം. ഏതൊക്കെ രീതിയിൽ തകർക്കാമോ അങ്ങനെയെല്ലാം തകർത്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം കോൺഗ്രസ്സുകാർക്ക് അറിയാമായിരുന്നിട്ടും അതിന് അവർ കൂട്ടുനിൽക്കുകയാണ്. അതിനെ എതിർത്ത് പറയാനുള്ള ആർജ്ജവം നിങ്ങൾ കാണിക്കണം സഹോദരങ്ങളേ; എന്നാൽ മാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂ.

കാരണം, കേരളം തകർന്നാൽ നിങ്ങളും തകരും. അത് മനസ്സിലാക്കിക്കൊണ്ട് സഖാവ് പിണറായി വിജയന്റെ കരങ്ങൾക്ക് ശക്തികൊടുക്കാനായി നിങ്ങൾ പ്രവർത്തിക്കണം. ഞാൻ ശ്രീ. പിണറായി വിജയന്റെ പേര് പറയുമ്പോൾ നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. അദ്ദേഹത്തിന്റെ കീഴിലാണ് മറ്റുള്ള മന്ത്രിമാരെല്ലാവരും. അവർക്കെല്ലാം ശക്തി വരണമെങ്കിൽ അദ്ദേഹത്തിന് ശക്തിയുണ്ടെങ്കിലേ കാര്യങ്ങൾ നടക്കുകയുള്ളൂ. ഏത് മന്ത്രിമാരായാലും ഓരോ മന്ത്രിക്കും അവരുടേതായ കഴിവുകളുണ്ട്. 21 മന്ത്രിമാരും പകരംവയ്ക്കാനില്ലാത്തവരാണ്. അവർ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണ്. ഒരു കാര്യം നമുക്കുവേണ്ടി ചെയ്തുതരുമ്പോൾ ആ മന്ത്രിക്ക് എപ്പോഴും ഒരു പ്രത്യേകതയുണ്ടാകും. അപ്പോൾ  ആ മന്ത്രിയുടെ പേര് നമ്മൾ എടുത്ത് പറഞ്ഞെന്നിരിക്കും. അതിൽ പ്രശ്നങ്ങളൊന്നുമില്ല. പകരംവയ്ക്കാനില്ലാത്ത ഒരു മന്ത്രിയാണ് റവന്യൂ വകുപ്പുമന്ത്രി. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന് പല പ്രത്യേകതകളുമുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയും അങ്ങനെയാണ്. നിങ്ങൾ പലപ്പോഴും ചിന്തിച്ചിട്ടുണ്ട് അദ്ദേഹം എങ്ങനെ കാര്യങ്ങൾ കൊണ്ടുപോകുമെന്ന്. അതൊക്കെ വളരെ അതിശയകരമായി കൊണ്ടുപോകാനുള്ള പ്രത്യേകമായൊരു കഴിവ് ധനകാര്യ

വകുപ്പുമന്ത്രിക്കുണ്ടെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ഒരു രീതിയിലും അദ്ദേഹത്തെ താഴ്ത്തിക്കെട്ടാൻ കഴിയില്ല. കുട്ടനാട് മാത്രമല്ല, എല്ലാദേശവും വികസിക്കണമെങ്കിൽ തീർച്ചയായും ധനം വേണം. വരുമാനമുണ്ടെങ്കിൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. കുവൈറ്റിൽ ഓയിലുള്ളതിനാൽ ഞൊടിക്കുമ്പോൾ ഒരു ലക്ഷം രൂപയാണ് അവരുടെ വരുമാനം. നമുക്ക് എന്തുണ്ട്? ഒന്നുമില്ല. ഇല്ലാത്തിടത്തുനിന്നുവേണം പൈസയുണ്ടാക്കി കൊണ്ടുവരേണ്ടത്. എന്തുകൊണ്ടാണത് നമുക്ക് മനസ്സിലാകാത്തത്? ഒന്നുമില്ലായ്മയിൽനിന്നാണ് നമ്മുടെ വളർച്ച. അത് മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ ഒരു കൈത്താങ്ങ് ധനകാര്യ വകുപ്പുമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും കൊടുക്കണം. എല്ലാ കാര്യങ്ങൾക്കും നിങ്ങളുടെ പ്രത്യേക സഹായ സഹകരണമുണ്ടാകണം. പ്രിയപ്പെട്ട പ്രതിപക്ഷ അംഗങ്ങളേ, നിങ്ങൾ ഈ ധനകാര്യ ബില്ലിനെ ശക്തമായി എതിർക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ശക്തമായി എതിർക്കുന്നുവെന്ന് രണ്ട് പ്രാവശ്യം ശ്രീ. അൻവർ സാദത്ത് പറഞ്ഞു. നാളെ അങ്ങും പോയി ധനകാര്യ വകുപ്പുമന്ത്രിയോട് തുക ചോദിക്കുമ്പോൾ, ബില്ലിനെ എതിർത്തിട്ട് എങ്ങനെ ചോദിക്കാൻ കഴിയും? അതുകൊണ്ട് അത്ര ശക്തമായി എതിർക്കണ്ട; ഇത്തിരി മിതമായി എതിർത്താൽ മാത്രമേ വളരെ

നല്ലരീതിയിൽ കാര്യങ്ങൾ നടക്കുകയുള്ളൂ. വളരെ നല്ല രീതിയിൽ കേരളം മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതിന് ശക്തനായൊരു നേതൃത്വവും മന്ത്രിമാരും നമുക്കുണ്ട്. അവരുടെ കരങ്ങൾക്ക് ബലംകൊടുക്കുന്ന രീതിയിൽ നിങ്ങൾ പ്രവർത്തിക്കുകയും ആ രീതിയിൽ കാര്യങ്ങൾ ചെയ്യുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ധനകാര്യ ബില്ലുകളെ എതിർക്കുന്നു. 1992-ൽ ഇന്ത്യയുടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. മൻമോഹൻ സിംഗ് ഒരു ധവളപത്രം പുറപ്പെടുവിച്ചുകൊണ്ട് പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ ഫ്രഞ്ച് എഴുത്തുകാരൻ വിക്ടർ ഹ്യൂഗോയുടെ വാക്കുകളാണ് അദ്ദേഹം ക്വാട്ട് ചെയ്തത്. "സമയമെത്തിയ ഒരാശയത്തെ തടയാൻ ഭൂമിയിലെ ഒരു ശക്തിക്കും ആകില്ല" എന്നാണ് അദ്ദേഹം പറഞ്ഞത്. ആ സമയം എത്തിയിരിക്കുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിവും പ്രാപ്തിയും നല്ല മനസ്സുമുള്ള ആളാണ്. എന്നാൽ അദ്ദേഹം സാമ്പത്തിക ഭൂമികയിലെ ഈ ശ്മശാന ഭൂമിയിൽ തന്റെ സങ്കടങ്ങൾ മുഴുവൻ വിളിച്ചുകരയുന്ന ഒരു മന്ത്രിയായി മാറുമെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് കടംവാങ്ങി കുറച്ച്

പ്രോജക്ടുകളൊക്കെ കൊടുത്തു. അന്നത്തെ എം.എൽ.എ.-മാരായ ഞങ്ങൾക്കും കുറച്ച് പ്രോജക്ടും മറ്റുമൊക്കെകിട്ടി; ഇല്ലെന്നൊന്നും പറയുന്നില്ല. അത് നിങ്ങളുടെ ഔദാര്യമാണെന്നൊന്നും പറയേണ്ട. ഞങ്ങളുടെ നാട്ടുകാരൊക്കെ നികുതി കൊടുക്കുന്ന പണമാണ് നിങ്ങൾ തിരിച്ചടയ്ക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെയും പുതുതായി വന്ന എം.എൽ.എ.-മാരുടെയും കാര്യം കഷ്ടമാണെന്നാണ്, ഞങ്ങളുടെ നാട്ടിൽ പറയുന്നതുപോലെ കട്ടപ്പൊകയാണെന്നാണ് എനിക്ക് തോന്നുന്നത്. ജൽ ജീവൻ മിഷന്റെ ബില്ലുൾപ്പെടെ ഒരു ബില്ലും പാസ്സാകുന്നില്ല. എ.എസ്. കൊടുക്കുന്നുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ എ.എസ്. കൊടുക്കേണ്ട ഒരു പ്രോജക്ട് എത്തിയാൽ നൽകുന്നതിനെപ്പറ്റി നൂറുവട്ടം ആലോചിക്കും. അതിന് മന്ത്രിയെ കുറ്റംപറഞ്ഞിട്ട് കാര്യമില്ല. കാരണം, എവിടെനിന്ന് പണം കണ്ടെത്തുമെന്നുള്ളത് ആഴ്ചകളും മാസങ്ങളുമെടുത്ത് ആലോചിച്ചുകൊണ്ടാണ് മന്ത്രി എ.എസ്. കൊടുക്കുന്നത്. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യെപ്പോലെയാണ്. കേരളത്തിന്റെ ആളോഹരി കടം 2021 മാർച്ച് 31 വരെ 86,885 രൂപയായിരുന്നെങ്കിൽ 2023 മാർച്ച്

ആകുമ്പോഴേയ്ക്കും അത് ഒരു ലക്ഷം രൂപ കവിയും. കേരളത്തിൽ ജനിച്ചുവീഴുന്ന ഓരോ കുട്ടിയും ഒരു ലക്ഷം രൂപയുടെ കടക്കാരനാകുകയാണ്. സംസ്ഥാനത്തിന്റെ പൊതുകടം 2025-ൽ നാലര ലക്ഷം കോടി രൂപയാകുമെന്നാണ് ധനകാര്യ വിദഗ്ദ്ധർ പറയുന്നത്. ഇപ്പോൾത്തന്നെ 3,71,000 കോടി രൂപയായെന്നുള്ള ഔദ്യോഗിക അറിയിപ്പ് വന്നുകഴിഞ്ഞു. അത് സംസ്ഥാനത്തിന്റെ ബഡ്ജറ്റിനകത്തുള്ള കടമാണ്. ബഡ്ജറ്റിനുപുറത്തുള്ള കടം വേറെ വരാനുണ്ട്. ഇങ്ങനെ കടമെടുക്കുന്നത് വലിയ പാതകമല്ലെന്ന് എല്ലാവരും പറയുന്നു. 1956-ൽ അന്നത്തെ ഗവൺമെന്റ് 34.72 കോടി രൂപ മാത്രമാണ് കടമെടുത്തിട്ടുള്ളത്. എന്നാൽ 2016-17 ആയപ്പോഴേയ്ക്കും 60 വർഷംകൊണ്ട് 1,25,000 കോടി രൂപയാണ് ആയത്. ഇതിന്റെ മൂന്നിരട്ടി വർദ്ധിച്ചുകൊണ്ടാണ് 2022-നെ മറികടക്കാൻ പോകുന്നത്. വായ്പകളിന്മേലുള്ള പലിശയ്ക്കുമാത്രം പ്രതിവർഷം 15,810 കോടി രൂപ വേണം. 2026 മാർച്ച് മാസത്തിനകം തിരിച്ചടയ്ക്കേണ്ട പലിശമാത്രം 81,056 കോടി രൂപയാണ്. എങ്ങനെയാണിത് തിരിച്ചടയ്ക്കുക? കടം തിരിച്ചടയ്ക്കാൻ കടം വാങ്ങേണ്ട സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം പറയുമ്പോൾ അത് ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ പ്രതിപക്ഷം പറയുകയാണെന്ന് നിങ്ങളാരും

ആക്ഷേപിക്കരുതെന്നുമാത്രമാണ് സൂചിപ്പിക്കാനുള്ളത്. തിരിച്ചടയ്ക്കാനുള്ള കടം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 30 ശതമാനത്തിൽ താഴെയാകണമെന്നാണ് ധനകാര്യ വിദഗ്ദ്ധർ പറയുന്നത്. എന്നാൽ ഇന്ന് നമ്മുടെ സംസ്ഥാനം ആഭ്യന്തരോല്പാദനത്തിന്റെ 40 ശതമാനമാണ് തിരിച്ചടയ്ക്കാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ കണക്കുകളെല്ലാം സംസ്ഥാനത്തിന്റെ സാമ്പത്തികത്തകർച്ചയുടെ വലിയ ഭീകരാവസ്ഥയെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതുകണ്ടിട്ടാണ് പലരും കേരളത്തെ ശ്രീലങ്കയോട് ഉപമിച്ചിട്ടുള്ളത്. അതിന്റെ ഉത്തരവാദിത്വം ഇക്കാര്യം ചൂണ്ടിക്കാണിക്കുന്ന ഞങ്ങൾക്കുമാത്രമാണെന്ന് ധനകാര്യ വിദഗ്ദ്ധർ പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട ഒരംഗം ഇവിടെ സൂചിപ്പിച്ചത് സത്യമാണ്. സത്യത്തിൽ ആരാണിത് പറയുന്നത്? കേരളവും ബംഗാളും രാജസ്ഥാനും ബീഹാറും പഞ്ചാബും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശ്രീലങ്കൻ രീതിയിലേയ്ക്ക് പോകുകയാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഗവർണർ Michael Debabrata Patra ഉൾപ്പെടെയുള്ള അഞ്ച് ധനകാര്യ വിദഗ്ദ്ധരാണ് പറയുന്നത്. ആ മുന്നറിയിപ്പ് ഞങ്ങളിവിടെ പറഞ്ഞുവെന്നുമാത്രം. അതിനപ്പുറം ഒരു തെറ്റും ഞങ്ങൾ ചെയ്തിട്ടില്ല. ശ്രീലങ്കയ്ക്ക് സമാനമായി കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക സാഹചര്യം

മാറുമ്പോൾ, അതിന്റെ ഇരകളായി ഞങ്ങളും ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവരും മാറുമ്പോൾ, അത് മാറാതിരിക്കുന്നതിനുള്ള ഒരു മുന്നറിയിപ്പ് മാത്രമാണ് ഞങ്ങൾ നൽകുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നത്. സ്വന്തം ആഭ്യന്തരോല്പാദനത്തിന്റെ വളർച്ചയേക്കാൾ കൂടുതൽ പൊതുകടത്തിന്റെ വളർച്ച പാടില്ലെന്നാണ് സാമ്പത്തിക മാനേജ്മെന്റ് അറിയുന്ന ആളുകൾ പറയുന്നത്. ആഭ്യന്തരോല്പാദനത്തിന്റെ വളർച്ചയേക്കാളേറെ പൊതുകടമുണ്ടാകാൻ പാടില്ല എന്നുള്ളതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും കുഴപ്പമൊന്നുമില്ല, ശ്രീലങ്കയാകാൻ പോകുന്നില്ല, കടമില്ല, ഞങ്ങൾക്കതിനെ മാനേജ് ചെയ്യാൻ കഴിയുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. കേരളത്തിന്റെ കടമെടുപ്പ് എന്നുപറയുന്നത് ആളെ പറ്റിക്കുന്ന രീതിയിലാണ്. കഴിഞ്ഞ വർഷം ഈ സഭയിൽ വൻ വിവാദമുണ്ടായതാണ്. കിഫ്ബി കടമെടുക്കുന്നതും കിഫ്ബിയുടെ ആഡിറ്റിംഗും ഒന്നും ഈ സഭയിൽ വരുന്നില്ലെന്നത് സി. & എ. ജി. ചൂണ്ടിക്കാണിച്ചപ്പോൾ അദ്ദേഹത്തെ തെറിപറയാനാണ് ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷവും ശ്രമിച്ചിട്ടുള്ളത്. നേരിട്ടുള്ള കടമെടുപ്പ് ബഡ്ജറ്റിനകത്ത് വരുന്നതാണ്. എന്നാൽ ബഡ്ജറ്റിനുപുറത്ത് ഇപ്പോൾത്തന്നെ 70,838 കോടി രൂപ കിഫ്ബി വഴിയും

കെ.എസ്.എസ്.പി.എൽ. (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) മുഖേനയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുമൊക്കെ കടം എടുക്കുന്നതിന് സംസ്ഥാന സർക്കാർ ഗ്യാരണ്ടി കൊടുത്തുകൊണ്ടാണ് നിൽക്കുന്നത്. അങ്ങനെ വരുമ്പോൾ പൊതുകടവും ബഡ്ജറ്റിനകത്തുള്ള കടവും ബഡ്ജറ്റിനുപുറത്തുള്ള കടവുമുണ്ട്, അത് ഇല്ലീഗൽ കടമെടുപ്പാണ്. ജനങ്ങളുടെയും കേന്ദ്രഗവൺമെന്റിന്റെയും ആർ.ബി.ഐ.-യുടെയും കണ്ണിൽ പൊടിയിടാൻവേണ്ടിയുള്ള ഒരു തട്ടിപ്പാണിത്. നേരിട്ടുപോയി വായ്പ ചോദിച്ചാൽ ധാരാളം കടമുള്ള ഒരാൾക്ക് വീണ്ടും കടം കൊടുക്കുകയില്ല. അപ്പോൾ മകനെക്കൊണ്ടും സഹോദരനെക്കൊണ്ടും കടം ചോദിപ്പിക്കുന്നതുപോലെ കിഫ്ബിയെക്കൊണ്ടും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെക്കൊണ്ടുമൊക്കെ കടം വാങ്ങി പെൻഷനും ശമ്പളവുമൊക്കെ കൊടുക്കുന്ന രീതിയിലേയ്ക്ക് കേരളം മാറിയിരിക്കുകയാണ്. സമയമില്ലാത്തതുകൊണ്ട് സി. &എ. ജി.-യുടെ റിപ്പോർട്ട് ഞാൻ വായിക്കുന്നില്ല. കിഫ്ബി വഴിയും കെ.എസ്.എസ്.പി.എൽ. മുഖേനയും കടം എടുക്കുന്നത് ഒരു ജനാധിപത്യ ഗവൺമെന്റിന് യോജിച്ച രീതിയല്ലെന്ന് സി. & എ. ജി.-യുടെ 2021-ലെ റിപ്പോർട്ടിലെ 29-ാം പേജിൽ കൃത്യമായി പറയുന്നുണ്ട്. ആ രീതിയിൽ കേരളത്തിന്റെ കടമെടുപ്പ് നിയമപരമല്ലാത്ത

രീതിയിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനെ ആർ.ബി.ഐ.-യും സി. & എ. ജി.-യും മാത്രമല്ല കേന്ദ്ര ഗവണ്മെന്റും വിമർശിക്കുകയുണ്ടായി. ഈ രീതിയിൽ മുന്നോട്ടുപോകുമ്പോൾ വികസന പ്രവർത്തനങ്ങളെല്ലാം മുരടിച്ച് നിൽക്കുകയാണ്. ക്ഷേമപെൻഷനുകൾ കൊടുക്കുന്നില്ല, വിധവാ പെൻഷൻ പകുതി കട്ട് ചെയ്തിരിക്കുകയാണ്. അതുപോലെ മറ്റ് ക്ഷേമ പെൻഷനുകളും ഓരോന്നോരോന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിൽ കഴിഞ്ഞ പ്രാവശ്യം 8136 അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. അതിൽ നിയമനം നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ധനകാര്യ ബില്ലുകളെ അനുകൂലിക്കുന്നു. 15 ദിവസംമുമ്പ് ലോകബാങ്കിന്റെ സ്പ്രിംഗ് സപ്ലിമെന്ററി റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. അടുത്ത ആറുമാസം ലോകമാകെ കടുത്ത സാമ്പത്തികമാന്ദ്യവും വിലക്കയറ്റവും പണപ്പെരുപ്പവും അനുഭവപ്പെടുമെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. അതിന് ലോകബാങ്കും ഐ.എം.എഫ്.-ഉം കാരണമായി പറയുന്നത്, കോവിഡ്-19 അത്രമാത്രം ലോകരാഷ്ട്രങ്ങളെ

ബാധിച്ചിരിക്കുന്നു എന്നുള്ളതാണ്. സ്പ്രിംഗ് സപ്ലിമെന്ററി റിപ്പോർട്ടിൽ പറയുന്നത് ശരിയാണെങ്കിൽ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ അതിഗുരുതരമായ സാമ്പത്തിക പ്രത്യാഘാതത്തെ നേരിടേണ്ടിവരുമെന്നുള്ളത് തീർച്ചയാണ്. അങ്ങനെയുള്ള ഘട്ടത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം 40 ശതമാനം പദ്ധതി വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ ക്രമീകരണം വരുത്തിയാൽ അത് ഏറ്റവും വലിയ തെറ്റായി ചിത്രീകരിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നത് ശരിയാണോ? ക്രമീകരണം എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ്; ആരാണ് അധികാരവികേന്ദ്രീകരണം കേരളത്തിൽ യാഥാർത്ഥ്യമാക്കിയത്? രാജീവ് ഗാന്ധിയുടെ പേരിലാണ് പലപ്പോഴും ഇവർ ഉന്നയിക്കുന്നതെങ്കിലും മലയാളികൾക്കെല്ലാമറിയാം, ഇ. കെ. നായനാർ കേരളം ഭരിക്കുന്ന കാലത്താണ് 40 ശതമാനം ബഡ്ജറ്റ് അലൊക്കേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റിവച്ചതെന്നുള്ളത്. 40 ശതമാനം അന്ന് കൊടുത്തു. പഞ്ചായത്തുകളുടെ സ്ഥിതിയെന്തായിരുന്നു? ഒരു കാലിച്ചായ കുടിക്കാൻ അംഗങ്ങൾക്കും അവിടെയുള്ള സ്റ്റാഫിനും പണമില്ലാതെ 16 വർഷം താഴിട്ടുപൂട്ടിയ പഞ്ചായത്ത് ഓഫീസുകൾ തുറന്ന് അധികാരവികേന്ദ്രീകരണത്തിലൂടെ 40

ശതമാനം പദ്ധതി വിഹിതവും കുറേയേറെ അധികാരവും പകർന്നുകൊടുത്ത് പ്രാദേശിക ഗവണ്മെന്റുകളെ സൃഷ്ടിച്ച അത്ഭുതകരമായ പ്രക്രിയയ്ക്ക് നേതൃത്വം കൊടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ലേ? ആ യാഥാർത്ഥ്യത്തെ അംഗീകരിക്കാൻ ഇവർ വിസമ്മതിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

അതേ സന്ദർഭത്തിൽത്തന്നെയാണ് സാക്ഷരതാ പ്രസ്ഥാനം കേരളത്തിൽ കൊണ്ടുവന്നത്. അതിനുശേഷം ഇത്തരത്തിലുള്ള സാമൂഹിക നവീകരണ പ്രക്രിയയുടെ ഫലമായി ജനാധിപത്യത്തിന്റെ അന്തസ്സും അന്ത:സത്തയും ഉയർത്തിപ്പിടിക്കുന്ന നടപടിക്രമങ്ങളിലൂടെ കേരളത്തെ നയിക്കുന്നതിന്റെ ഫലമായിട്ടാണ് ഓരോ ഭരണ കാലഘട്ടത്തിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുടെ ജീവിത നിലവാരത്തിലുള്ള ഉയർച്ച ഇവിടെയുണ്ടായത്. ഹങ്കർ ഇൻഡെക്സ്, ഹാപ്പിനസ് ഇൻഡെക്സ്, വിദ്യാഭ്യാസ നിലവാരം, ഗർഭിണികളുടെ മരണനിരക്ക്, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ബാലമരണങ്ങളുടെ കണക്ക് തുടങ്ങി എല്ലാ സൂചികകളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളം മുന്നോട്ടുപോകുന്നതിന്റെ കാരണം ഒരു 'കേരള മോഡൽ' എന്നുള്ള സങ്കൽപ്പം ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഉണ്ടായിരുന്നുവെന്നുള്ളതുകൊണ്ടാണ്.

അതില്ലാത്തതുകൊണ്ടാണ് കോൺഗ്രസ്സും കോൺഗ്രസ്സിനെ ചുറ്റിപ്പറ്റി നിൽക്കുന്ന പ്രസ്ഥാനങ്ങളും ആട്ടുകടിച്ച പ്ലാവുംതൈപോലെ ഇപ്പോഴും വളർച്ചയില്ലാതെ നിൽക്കുന്നത്. ആട്ടുകടിച്ച പ്ലാവുംതൈ കണ്ടിട്ടുണ്ടോ; പിന്നെ അത് വളരില്ല. പിന്നെ അതിന് വേറെവല്ല ചികിത്സയും നോക്കണം. കോൺഗ്രസ് ഇപ്പോൾ വേറെ ചികിത്സയ്ക്കൊന്നും പോകേണ്ട ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വം അംഗീകരിച്ച് നിന്നാൽമതി, ശരിയായിക്കോളും. ഞങ്ങൾ ശ്രീ. രാഹുൽ ഗാന്ധിക്ക് നട്ടെല്ലില്ലെന്നൊന്നും പറഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധിക്ക് നട്ടെല്ലുണ്ടെന്ന് അടിക്കടി പറയുമ്പോൾ അതുണ്ടോയെന്നുള്ള സംശയം ന്യായമായും ചോദിക്കാം. അത് നിങ്ങൾ ഇടക്കിടയ്ക്ക് പറയണ്ട, അദ്ദേഹത്തിന് നട്ടെല്ലുണ്ട്, പക്ഷെ നട്ടെല്ലുള്ളവർ പെരുമാറുന്നതുപോലെ മതേതരത്വത്തിനും നിഷ്പക്ഷതയ്ക്കും രാജ്യത്തിന്റെ പുരോഗതിക്കും കോൺഗ്രസ്സിന്റെ സമുന്നതിക്കുംവേണ്ടി പ്രവർത്തിക്കുന്നുണ്ടോയെന്നുള്ളതാണ് പ്രശ്നം. അതിൽ നിങ്ങൾ യോജിക്കുന്നുണ്ടെങ്കിൽ നട്ടെല്ലുണ്ട് എന്ന് ഞങ്ങൾ സമ്മതിക്കുന്നു. അതിലൊന്നും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കുഴപ്പമൊന്നുമില്ല.

പദ്ധതി വിഹിതവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ പ്രതിപക്ഷ നേതാവ് പറഞ്ഞത് 40 ശതമാനം നൽകുന്നതിൽ ക്രമീകരണം

വരുത്തിയെന്നും താഴേത്തട്ടിലുള്ള സഭകളിൽ യോഗംചേർന്ന് എല്ലാക്കാര്യങ്ങളും ചിട്ടപ്പെടുത്തിയതിനുശേഷം വിഹിതം വന്നില്ലെങ്കിൽ വികസനം മുരടിച്ചുപോകുമെന്നുമാണ്. ഇന്ത്യൻ പാർലമെന്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ പത്ത് ലക്ഷം രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചില്ലേ; അതിൽ കേരളത്തിന് എത്ര ലക്ഷം രൂപ ലഭിച്ചു? അതിനുവേണ്ടി ഒന്ന് സംസാരിക്കാനോ അവിടെയുള്ള ഗാന്ധി പ്രതിമയുടെ കീഴിൽ ഖദർമുണ്ട് വിരിച്ചിരിക്കാനോ 19 ബഹുമാനപ്പെട്ട എം.പി.-മാർക്ക് എന്നെങ്കിലും സമയമുണ്ടായോ? ഈ കോവിഡ് പാക്കേജ് കേരളത്തിന് അർഹമായ വിഹിതം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവർ എന്ത് സമരമാണ് നടത്തിയത്? സമരം നടത്തിയിട്ടുണ്ടാകും. ഇവിടെ മലയാള മനോരമയിലേയും മാതൃഭൂമിയിലേയും ഫ്രണ്ട്പേജിൽ വരാനും ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുമുള്ള സമരത്തിനുപകരം മലയാളിയുടെ നീറുന്ന ജീവിത പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് മഞ്ഞുപെയ്യുന്ന ഡൽഹിയിൽ അവർക്കുവേണ്ടി പന്തംപോലെ ജ്വലിച്ചുനിൽക്കുന്ന അവകാശപ്പോരാട്ടങ്ങളുടെ വീഥിയിൽ നക്ഷത്രങ്ങളായി മാറുന്ന ജനപ്രതിനിധികളുണ്ടെന്ന് തെളിയിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോ? 19 പേരെ പാർലമെന്റിലേയ്ക്ക്

ജയിപ്പിച്ചുവിട്ടതല്ലേ? എന്നിട്ട് കേരളത്തിലെ ക്രമീകരണത്തെക്കുറിച്ച് സംസാരിക്കുന്നു. കേരളം കോവിഡ്-19 മാത്രമല്ല അഭിമുഖീകരിച്ചിട്ടുള്ളത്, അതിനുമുമ്പ് നേരിട്ട രണ്ട് മഹാപ്രളയങ്ങൾ, 65 ലക്ഷം വീടുകളുടെയുള്ളിലൂടെ വെള്ളം ഒഴുകിപ്പോയ കെടുതി, ഓഖി ദുരന്തം, നിപ്പ അതിനുശേഷം നാടിനെ പിടിച്ചുലച്ച കോവിഡ്. ഈ സാഹചര്യത്തിലാണ് 40 ശതമാനം തുകയുടെ ക്രമീകരണം വരുത്തിയത്. ആ തുക അടുത്ത ബഡ്ജറ്റിൽ കൂടുതൽ തുകയായി പ്രഖ്യാപിക്കേണ്ടിവരുമെന്ന സംശയമാണ് പ്രതിപക്ഷ നേതാവ് പ്രകടിപ്പിച്ചത്. അങ്ങനെയല്ലേ സാധാരണ ചെയ്യുന്നത്? ഇന്ത്യാ രാജ്യത്ത് ഫിസ്കൽ ഡെഫിസിറ്റില്ലാത്ത എത്ര സംസ്ഥാന സർക്കാരുകളുണ്ട്? ഡോ. മാത്യു കുഴൽനാടൻ പറയട്ടെ, കേരളം ഇപ്പോൾ അഗ്രിക്കൾച്ചറൽ ഇക്കോണമിയാണോ; ഇൻഡസ്ട്രിയൽ ഇക്കോണമിയാണോ; നോളജ് ഇക്കോണമിയാണോ എന്നൊക്കെ പരിശോധിക്കുന്ന പണ്ഡിതന്മാർ പറയട്ടെ. ഏത് ഇക്കോണമിയായാലും ഞങ്ങൾ ഒരുകാര്യം പറയാം, കേരളക്കരയെ പട്ടിണിക്കിടാതെ നെഞ്ചടക്കിപ്പിടിച്ച് സംരക്ഷിച്ച് പുരോഗതിയുടെ പാതയിലൂടെ കൊണ്ടുപോകാനായി വികസനത്തിന്റെ പുതിയ വഴിത്താര വെട്ടിത്തുറക്കും. വട്ടിപ്പലിശക്കാരൻ കടം ചോദിച്ച് വീട്ടിലേയ്ക്ക് വരുന്നതുപോലെ, സൈക്കിൾ ബെല്ലടിച്ച് നിങ്ങളുടെ വീടിന്റെ മുന്നിലേയ്ക്ക്

കാശുചോദിച്ച് ആരും വരില്ല, അതുപേടിക്കേണ്ട. തലയെണ്ണി കടം വാങ്ങുകയാണെന്നാണ് പരാതി. ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭ ഇന്ത്യയിലെ മറ്റെല്ലാ മന്ത്രിസഭകളുടെയും പ്രവർത്തനങ്ങളെ നിരീക്ഷിച്ചുകൊണ്ടുതന്നെയാണ് പ്രവർത്തിക്കുന്നത്. രണ്ടേരണ്ട് മന്ത്രിസഭകൾ മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിൽ മിച്ചബഡ്ജറ്റ് അവതരിപ്പിച്ചത്. അത് മിസ്സോറാമും ഡൽഹിയുമാണ്. തെറ്റുണ്ടെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾത്തന്നെ തിരുത്തണം. മിസ്സോറാമും ഡൽഹിയും ഏതാനും ലക്ഷം രൂപയുടെ മിച്ചബഡ്ജറ്റ് അവതരിപ്പിച്ചു. കേന്ദ്രത്തിന്റെ പ്രത്യേക ചില പാക്കേജുകൾ അവർക്ക് ലഭിച്ചതുകൊണ്ട് മാത്രമാണ് മിസ്സോറാമിനും ഡൽഹിക്കും അത്തരത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞത്. ബാക്കിയെല്ലാ സംസ്ഥാനങ്ങളും ഫിസ്കൽ ഡെഫിസിറ്റിലേയ്ക്ക് പോകുന്നു, ഓഫ് ബഡ്ജറ്റ് ബോറോയിംഗ് നടത്തേണ്ടിവരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ ഒരു ഗവണ്മെന്റിനെ സാമ്പത്തികമായി ഞെരുക്കുന്നതോടൊപ്പം രാഷ്ട്രീയമായും ഒറ്റപ്പെടുത്തി ആക്രമിക്കുന്ന നടപടി കേന്ദ്ര ഗവണ്മെന്റും കേരളത്തിലെ പ്രതിപക്ഷവും ഒരേരീതിയിൽ തുടരുന്നതിന്റെ ദുഷ്ടലാക്ക് മനസ്സിലാക്കാനുള്ള ആർജ്ജവം കേരളത്തിലെ രാഷ്ട്രീയ മനസ്സുകൾക്കുണ്ടാകുമെന്നുള്ള വിവേകം

പ്രതിപക്ഷത്തിനുണ്ടാകണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ധനകാര്യ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ കേരളത്തിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും അതോടൊപ്പം ഇതൊന്നുമില്ലെന്ന് വരുത്തിത്തീർക്കാനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കുന്നതെന്നും പറഞ്ഞു. കേരളത്തെ ശ്രീലങ്കയോടുപോലും ഉപമിച്ചു. കേരളത്തിൽ സാമ്പത്തിക പ്രയാസമില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? സാമ്പത്തിക പ്രയാസങ്ങളുണ്ട്, എന്നാൽ അത് ഒരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോയിട്ടില്ല. ഈ സാമ്പത്തിക പ്രയാസങ്ങൾക്കുള്ള കാരണം ഭരണപക്ഷത്തുനിന്നുള്ള അംഗങ്ങൾ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതാണ്. നമ്മുടെ സംസ്ഥാനവും രാജ്യവും നേരിട്ട ഗൗരവമായ പ്രശ്നങ്ങളും സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളും കേന്ദ്ര ഗവണ്മെന്റ് വരുത്തിവച്ച ജി.എസ്.ടി.-യും നോട്ടുനിരോധനമുൾപ്പെടെയുള്ള പ്രശ്നങ്ങളും രാജ്യത്തുണ്ടാക്കിയ പ്രത്യാഘാതത്തിന്റെ പ്രതിഫലനങ്ങൾ നമ്മുടെ സംസ്ഥാനത്തുമുണ്ടാകില്ലെന്നാണോ നിങ്ങൾ കരുതുന്നത്. സ്വാഭാവികമായും

അതിന്റെയെല്ലാം ഭാഗമായുള്ള സാമ്പത്തിക പ്രയാസങ്ങൾ രാജ്യത്ത് വളർന്നുവരുമ്പോൾ അതിന് ബദൽ പരിഹാരമാർഗ്ഗം കണ്ടെത്താൻവേണ്ടിയുള്ള ഒരു മോഡലാണ് കേരളത്തിലിന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അല്ലാതെ അതെല്ലാം കോർപ്പറേറ്റുകളെയേൽപ്പിക്കുക എന്നുള്ള സമീപനമല്ല സ്വീകരിക്കുന്നത്. കേരളാ ഗവണ്മെന്റിനുമാത്രമാണോ സാമ്പത്തിക പ്രയാസങ്ങളുള്ളത്; നമ്മുടെ എല്ലാ സംസ്ഥാന ഗവണ്മെന്റുകളും കോൺഗ്രസ് തുടങ്ങിവച്ച ഈ സാമ്പത്തിക നയങ്ങളുടെ ഭാഗമായും ഇപ്പോൾ ബി.ജെ.പി.-യുടെ കുറേക്കൂടി കടുത്ത നവലിബറൽ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായും സാമ്പത്തിക പ്രയാസത്തിലല്ലേ? കടംവാങ്ങുന്ന കാര്യത്തിൽ കേരള ഗവണ്മെന്റുമാത്രമാണോ ഒന്നാമത് നിൽക്കുന്നത്; അതിലും കേരളം ഒന്നാം സ്ഥാനത്താണെന്ന് കഴിഞ്ഞ ദിവസം ആരോ ഇവിടെ പറഞ്ഞു. കടം വാങ്ങുന്ന കാര്യത്തിൽ ശ്രീ. അശോക് ഗെലോട്ട് ഭരിക്കുന്ന രാജസ്ഥാൻ കേരളത്തിനേക്കാൾ എത്ര മുന്നിലാണ് നിൽക്കുന്നത്; പ്രധാനമന്ത്രിയുടെ നാടായ ഗുജറാത്ത് ഇക്കാര്യത്തിൽ പിറകിലാണോ? ഒൻപതാം സ്ഥാനത്ത് കേരളമുണ്ട്. കേരളം അത്തരത്തിൽ കടം വാങ്ങുന്നത് ദുർചെലവുകൾക്കല്ലല്ലോ? ഇവിടെ മൂലധന ചെലവിനെക്കുറിച്ച് ചിലർ

പറഞ്ഞു. 2015 -നേക്കാൾ ഇന്ന് മൂലധനച്ചെലവ് കൂടുതലാണ്. കേരളത്തിലെ റവന്യൂ വരുമാനത്തിലെ മൂലധനച്ചെലവുകൾ യു.ഡി.എഫ്.-ന്റെ കാലത്ത് 4,000 കോടി രൂപയ്ക്ക് മുകളിലുണ്ടായിരുന്നത് ഇപ്പോൾ 13,000 കോടി രൂപയിൽ എത്തിനിൽക്കുന്നു. അത് ശതമാനക്കണക്കിലും മെച്ചപ്പെട്ടതാണ്. അതുകൊണ്ടെല്ലാമായി എന്ന അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. പക്ഷെ രാഷ്ട്രീയ കാരണങ്ങളുടെ പേരിൽ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാൻ നിൽക്കുമ്പോൾ, നിരവധി ഉദാഹരണങ്ങൾ ഇവിടെ പറഞ്ഞു, ഏറ്റവും അവസാനം 15-ാം ധനകാര്യ കമ്മീഷന്റെ അവാർഡിന്റെ ഭാഗമായി 2.5 ശതമാനം ലഭിച്ചിരുന്നത് 1.92 ശതമാനമായി കുറയുമ്പോൾ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളും കേരളം അനുഭവിക്കേണ്ടിവരികയാണ്. നിങ്ങൾ അതിനെ ന്യായീകരിക്കുകയാണോ? ഇത് കേരളത്തെമാത്രം ബാധിക്കുന്ന ഒരു വിഷയമായി ചുരുക്കിക്കാണണോ? കോൺഗ്രസ് അവശേഷിക്കുന്ന സംസ്ഥാനങ്ങളിലും ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഈ നയങ്ങളുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട കെടുതികൾ വളർന്നുവരികയാണ്. ഒരു അഖിലേന്ത്യാ പാർട്ടിയല്ലേ കോൺഗ്രസ്; ആ അഖിലേന്ത്യാ പാർട്ടി ഇക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കുന്നുണ്ടോ? നിങ്ങൾ അതിനെയൊക്കെ പിന്തുണയ്ക്കുകയാണോ; കേന്ദ്രഗവണ്മെന്റിന്റെ കടം

വർദ്ധിച്ചുവരികയല്ലേ; കടം വർദ്ധിക്കുക എന്നുള്ളതുമാത്രമല്ല, വിത്തെടുത്ത് കുത്തുകയല്ലേ? ശ്രീമതി നിർമ്മല സീതാരാമൻ കഴിഞ്ഞതവണ പ്രഖ്യാപിച്ച NMP (National Monetisation Pipeline), രാജ്യത്തിന്റെ പൊതുമുതൽ വിറ്റുതുലച്ച് 6 ലക്ഷം കോടി രൂപയുണ്ടാക്കാനാണ്. കേരളത്തിന്റെ കിഫ്ബി മോഡൽ അവിടെ നടപ്പാക്കാൻവേണ്ടിയുള്ള കാര്യങ്ങളാണ് ആലോചിക്കുന്നത്. FRBM Act-ന്റെ ഭാഗമായി 3.5 ശതമാനത്തിൽ നിൽക്കണം എന്നുപറയുന്നവരുടെ കടം 7 ശതമാനത്തിനടുത്ത് എത്തിനിൽക്കുകയാണ്. അതിനെക്കുറിച്ച് നിങ്ങളുടെ പ്രസംഗത്തിൽ എവിടെയും വന്നിട്ടില്ല.

നിങ്ങൾ അന്തർധാരയെക്കുറിച്ച് സംസാരിച്ചു. ആ അന്തർധാര സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി നിൽക്കാത്ത, അതിനുവേണ്ടി സംസാരിക്കാത്ത, നേരത്തെ ഇവിടെ ശ്രീ. പി. ബാലചന്ദ്രൻ സൂചിപ്പിച്ച നിങ്ങളുടെ നേതൃത്വത്തിലുള്ള 18 എം.പി.-മാർക്കുണ്ട് എന്നുള്ളത് നിങ്ങൾ മറന്നുപോകരുത്. കാരണം, കേരളത്തിന്റെ ഏതെങ്കിലും ഒരു ആവശ്യത്തിനുവേണ്ടിയുള്ള സംസാരം ഈ കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഉണ്ടായിട്ടുണ്ടോ? നേരത്തെ ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അതിനെക്കുറിച്ച് പറഞ്ഞു. ഏതെങ്കിലും ഒരു കാര്യത്തിൽ

എതിർക്കുക എന്നല്ലാതെ വേറെന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; അവസാനം ഒരു പദ്ധതിയെ എതിർക്കാൻവേണ്ടി നിങ്ങൾ കൂട്ടത്തോടെ കേന്ദ്രത്തിലെ ബഹുമാന്യരായ പ്രധാനമന്ത്രിയെയും അമിത്ഷായെയും കണ്ടതിന്റെ വാർത്തകളുണ്ട്. അപ്പോൾ കേരളത്തിന്റെ താല്പര്യമാണോ സംരക്ഷിക്കപ്പെടുന്നത്? ഇന്ത്യയിൽ എ.കെ.ജി. നേതൃത്വം കൊടുത്ത പ്രതിപക്ഷം കേരള സംസ്ഥാനത്തിന്റെ അവകാശങ്ങൾക്കുവേണ്ടി എല്ലാവരെയും കൂട്ടിയോജിപ്പിച്ച് പ്രക്ഷോഭം നടത്തിയിട്ടുണ്ട്. അത്തരത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചുകിട്ടാൻവേണ്ടിയുള്ള പ്രക്ഷോഭത്തിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ, കേരളത്തിന് ഒന്നും കൊടുക്കരുതെന്ന് പറയുന്ന കോൺഗ്രസ് എം.പി.-മാരെ ആദ്യമായിട്ടാണ് നിങ്ങൾ പാർലമെന്റിലേയ്ക്ക് പറഞ്ഞയച്ചതെന്നുള്ളത് ഈ അന്തർധാര ആരുമായി ഉണ്ടാക്കുന്നതാണെന്ന് വ്യക്തമാകുകയാണ്.

ഇത്തരമൊരു നിലപാട് കേന്ദ്രഗവണ്മെന്റിൽ നിന്നുവരുമ്പോൾ എന്തുകൊണ്ട് അതിനെതിരെ ശബ്ദിക്കുന്നില്ല; നിങ്ങൾ ഇവിടെ വൈദ്യുതി ചാർജ്ജും മറ്റും കൂടിയെന്ന് പറയുകയുണ്ടായി. എന്നാൽ പവർകട്ടില്ലാത്ത ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളമാണെന്ന് നിങ്ങൾ കാണണം. ഇവിടെ ഊർജ്ജാവശ്യത്തിനുവേണ്ടിയുള്ള മറ്റ് പദ്ധതികളുണ്ട്, ഞാൻ

അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഈ രാജ്യത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധിപ്പിച്ച് 6 ലക്ഷം കോടി രൂപ കവർന്നെടുത്ത് സെസ്സുകളിൽക്കൂടി പിരിച്ചെടുത്ത സംഖ്യ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ച ആ നയത്തെ ചെറുക്കാൻ ഒരു വാക്ക് പറഞ്ഞോ? ഇപ്പോൾ നിങ്ങൾ ബി.ജെ.പി.-യെ എതിർക്കുന്നവരല്ലേ; എന്തുകൊണ്ട് നിങ്ങൾ വിലക്കയറ്റത്തിനെ ന്യായീകരിക്കുന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കുന്നു; കേരളത്തിൽ വിലക്കയറ്റമാണെന്ന് പറഞ്ഞ് പ്രചരിപ്പിക്കാൻ ശ്രമിക്കുകയാണ്. വിലക്കയറ്റം ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ് കേരളം എന്ന വാർത്ത പുറത്തുവന്നതല്ലേ; നിങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി ഇത്തരം പ്രചാരവേലകൾ നടത്തുകയാണ്.

മൂലധനച്ചെലവിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. മൂലധനച്ചെലവ് ഈ നിലയ്ക്ക് പോയാൽ കേരളത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാനാകുമോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് നവകേരള സൃഷ്ടിക്കുവേണ്ടി ഒരു പരിപാടിയുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് അതിന് തുടക്കമിട്ടു. ആ വികസനപ്രവർത്തനങ്ങൾ കേരളത്തിൽ എല്ലായിടത്തും നടന്നതാണ്. ആ പുതിയ ബദൽ നയത്തിന്റെ ഭാഗമായിട്ടല്ലേ

സർക്കാർ സ്കൂളുകൾ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് വന്നത്; സർക്കാർ ആശുപത്രികളിൽ മികച്ച സൗകര്യങ്ങൾ ലഭ്യമാക്കിയില്ലേ, 3 ലക്ഷത്തോളംവരുന്ന വീടുകൾ നിർമ്മിച്ചുനൽകിയില്ലേ, അക്കാര്യത്തിൽ നിങ്ങളുടെ സമീപനമെന്താണ്? കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് നിങ്ങൾ പറഞ്ഞത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞങ്ങൾ വന്നാൽ ഇതൊക്കെ പിരിച്ചുവിടുമെന്ന് നിങ്ങളുടെ മുന്നണി നേതാവ് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞു. ജനങ്ങൾ അത് മനസ്സിലാക്കിയതുകൊണ്ടാണ് നിങ്ങൾക്ക് അപ്പുറത്തിരിക്കേണ്ടി വന്നത്.

കടഭാരത്തിന്റെ ഭാഗമായി നിങ്ങൾ കേരളത്തെ ശ്രീലങ്കയോട് സാദൃശ്യപ്പെടുത്തി. ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമെന്താണെന്നും ഒരു സംസ്ഥാനമെന്താണെന്നും മനസ്സിലാകാതെയാണോ താരതമ്യപ്പെടുത്തുന്നത്? അവർ നിങ്ങളുടെ ഈ നയങ്ങളെ വളരെ നേരത്തെതന്നെ നടപ്പാക്കിയതാണ്. Structural adjustment, IMF-ന്റെയും ലോക ബാങ്കിന്റെയും നവലിബറൽ നയങ്ങളെന്ന് നമ്മൾ പറയുന്ന അതിവേഗത്തിൽ നടപ്പിലായി പാപ്പരായിപ്പോയ ഒരു സമീപനം നിങ്ങളാണ് ഇന്ത്യയിൽ കൊണ്ടുവന്നത്. നിങ്ങൾ ജനരോഷത്തിന്റെ ഭാഗമായി അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചതാണ്. അതിനെത്തുടർന്നാണ് ബി.ജെ.പി.

അധികാരത്തിൽ വരുന്നത്. നിങ്ങൾ അതിൽനിന്നും പാഠം പഠിക്കാതെ ഇടതുപക്ഷവിരോധം മാത്രം ലക്ഷ്യംവച്ച് വസ്തുതകളെ കണ്ണടച്ച് ഇരുട്ടാക്കി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും അതിന്റെ ഭാഗമായി എന്തെങ്കിലും ലാഭമുണ്ടാക്കാനും നോക്കുകയാണ്. അത് ഈ കേരളത്തിലെ ജനങ്ങൾ അനുവദിക്കുമെന്ന് നിങ്ങൾ കരുതേണ്ട.

തൃക്കാക്കര തെരഞ്ഞെടുപ്പിന്റെ ഹാംഗ്ഓവറിലാണ് നിങ്ങൾ. വിജയം വിജയം തന്നെയാണ്; ഞങ്ങൾ അത് അംഗീകരിച്ചതാണ്. എങ്ങനെയാണ് ആ വിജയം ഉണ്ടായതെന്ന് ഈ സഭ ചർച്ച ചെയ്തതാണ്. 2019-ൽ നിങ്ങൾ ഇതുപോലെ അഹങ്കരിച്ചിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇടതുപക്ഷം കേരളത്തിൽ അവസാനിച്ചുവെന്ന പ്രചരണമല്ലേ നിങ്ങൾ നടത്തിയത്? 2021-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കുണ്ടായ ഫലമെന്താണെന്ന് കാണണം. നിങ്ങൾ സ്വീകരിച്ച സമീപനവും തെറ്റായ നിലപാടുകളും വർഗ്ഗീയതയോട് സ്വീകരിക്കുന്ന സമീപനവുമാണ് നിങ്ങളെ അപ്പുറത്തിരുത്താൻ ഇടയാക്കിയത് എന്നുള്ള പാഠം ഇനിയും നിങ്ങൾ പഠിക്കുന്നില്ല; അതാണ് നിങ്ങളുടെ ദോഷം; നിങ്ങളുടെ കേന്ദ്ര നേതൃത്വവും അത് ചെയ്യുന്നില്ല.

ഇന്നലെ നടന്ന ഗോവയിലെ സംഭവം മാത്രമല്ല, അതിനുമുൻപ്

പഞ്ചാബിൽ ഭരണം പോയതിന്റെ പിറ്റേദിവസമല്ലേ നിങ്ങളുടെ പഴയ മുഖ്യമന്ത്രി ശ്രീ. അമരീന്ദർ സിംഗ് ബി.ജെ.പി.-യിൽ ചേരുന്നത്. ആർക്കാണ് ബി.ജെ.പി.-യുമായി അന്തർധാരയുള്ളത്; പലരും ബി.ജെ.പി.-യിലേയ്ക്ക് പോകാൻ നിൽക്കുകയല്ലേ; ദിനേഷ് ഗുണ്ടു റാവു വന്ന് ഇതിനെ തകർത്തു. അതായത്, പാകിസ്ഥാൻ ഇന്ത്യയെ ആക്രമിക്കുന്ന ആ സൈനിക നീക്കത്തെ ഇന്ത്യൻ സൈന്യം തകർത്തുവെന്ന് പറയുന്നതുപോലെ, ബി.ജെ.പി.-യുടെ കയ്യിൽനിന്നും ഞങ്ങളുടെ എം.എൽ.എ.-മാരെ രക്ഷിച്ചുവെന്ന് അഭിമാനത്തോടുകൂടി നിങ്ങൾ പറയുകയാണ്. നിങ്ങളുടേത് വല്ലാത്ത ഗതികേടല്ലേ? സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ ഓരോ വിശ്വാസികളുടെയും സത്യപുസ്തകം വച്ച് നിങ്ങളെ സത്യം ചെയ്യിക്കുകയാണ്. സ്ഥാനാർത്ഥിയായി നിൽക്കുന്ന ഞങ്ങൾ ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഇതിന്റെ കൂടെത്തന്നെ നിന്നോളാമെന്ന് സത്യം ചെയ്യിക്കേണ്ട ഒരു പാർട്ടിയായി കോൺഗ്രസ് അധ:പതിച്ചുപോയില്ലേ? നിങ്ങൾ എവിടേയ്ക്കാണ് പോകുന്നത്; നിങ്ങൾ നിലപാട് തിരുത്തണം. ഈ ഗവൺമെന്റ് ചെയ്യുന്ന വികസന/പുരോഗമന പ്രവർത്തനങ്ങളെ അംഗീകരിച്ച് കേരളത്തിലെ ജനങ്ങളോടൊപ്പം നിൽക്കുകയാണ് വേണ്ടത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനകാര്യബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട്

ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ എതിർക്കുകയാണ്. ഈ പ്രമേയത്തെ എതിർത്തിട്ട് മണ്ഡലത്തിന്റെ വികസനത്തിനായി പണം ചോദിക്കാൻ നിങ്ങൾക്ക് നാണമില്ലേ എന്നൊക്കെ അപ്പുറത്ത് ഒരു സ്നേഹിതൻ ചോദിക്കുകയുണ്ടായി. എന്താണ് അതുകൊണ്ടുദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെയാണെങ്കിൽ 2015 മാർച്ച് 13-ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ സഭയിലേയ്ക്ക് കയറ്റാതെ ഈ നിയമസഭ മുഴുവൻ തകർത്ത് ബഡ്ജറ്റ് അവതരണത്തെ അലങ്കോലപ്പെടുത്തിയിട്ട് ആ വർഷം ഞങ്ങളുടെ മണ്ഡലത്തിലേയ്ക്ക് വികസനമൊന്നും വേണ്ടായെന്ന് നിങ്ങൾ പറഞ്ഞോ? 'ഞങ്ങൾ മാണിസാറിന്റെ ബഡ്ജറ്റ് അവതരണം തടഞ്ഞവരാണ്, അതുകൊണ്ട് ഞങ്ങൾക്ക് എം.എൽ.എ. ഫണ്ട് വേണ്ട' എന്ന് നിങ്ങൾ പറഞ്ഞോ? നിങ്ങൾ അങ്ങനെ പറയാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, അത് നിങ്ങൾക്ക് അവകാശപ്പെട്ടതാണ്. നിങ്ങളുടെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ നികുതി തരുന്നുണ്ടെങ്കിൽ കെ. എം. മാണി അവതരിപ്പിക്കുന്ന ബഡ്ജറ്റിൽനിന്നും വിഹിതം ചോദിക്കാൻ

നിങ്ങൾക്കും അവകാശമുണ്ട്. അതാണ് എന്റെയും എന്റെ പാർട്ടിയുടെയും മുന്നണിയുടെയും നിലപാട്. ഇതാണ് ആദ്യമായി പറയാനുള്ളത്.

ശ്രീ. പി. ബാലചന്ദ്രനും ശ്രീ. എ. സി. മൊയ്തീനുമൊക്കെ ശ്രീ. രാഹുൽ ഗാന്ധിയെ അധിക്ഷേപിക്കാൻ മത്സരിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധി ബി.ജെ.പി.-യുടെ സംഘപരിവാറിന്റെ ഫാസിസ്റ്റ് സർക്കാരിനെതിരെ നടത്തുന്ന പോരാട്ടത്തെക്കുറിച്ച് ശ്രീ. പി. ബാലചന്ദ്രന് സംശയമുണ്ടെങ്കിൽ ശ്രീ. ഡി. രാജയോടും ശ്രീ. എ. സി. മൊയ്തീന് സംശയമുണ്ടെങ്കിൽ ശ്രീ. സീതാറാം യെച്ചൂരിയോടും ചോദിക്കാം; അവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്. അതുപോലെ, ഞങ്ങളുടെ എം.എൽ.എ.-മാരൊക്കെ ബി.ജെ.പി.-യിലേയ്ക്ക് മാറിപ്പോകുന്നുവെന്ന് ഒരു പോയിന്റ് വലിയ രൂപത്തിൽ പറഞ്ഞ് അവസാനിപ്പിച്ചു. അങ്ങ്, 2016-ൽ കുന്നംകുളത്തുനിന്ന് വിജയിച്ച് എം.എൽ.എ. ആയി നിയമസഭയിലേയ്ക്ക് വന്നപ്പോൾ ഖഗൻ മുർമു മാൽഡ എന്നുപറയുന്ന സി.പി.ഐ(എം)-ന്റെ ഒരു എം.എൽ.എ. ബംഗാൾ അസംബ്ലിയിലേയ്ക്കും പോയിരുന്നു. അദ്ദേഹം ഇപ്പോൾ ബി.ജെ.പി.-യുടെ എം.പി.-യായി ലോക്സഭയിലുണ്ട്. അങ്ങ് കേരള നിയമസഭയിലേയ്ക്ക് വന്നപ്പോൾ പശ്ചിമബംഗാൾ അസംബ്ലിയിലേയ്ക്ക് പോയ ഖഗൻ മുർമു മാൽഡയുടെ കാര്യമാണ് ഞാൻ പറയുന്നത്. ഇതൊക്കെ

ബി.ജെ.പി.-യുടെ കച്ചവട രാഷ്ട്രീയത്തിന്റെ ഭാഗമായി ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളിൽനിന്നും ഇത്തരത്തിലുള്ള ആളുകളെ അവർ കൊണ്ടുപോകുന്നുണ്ട്. അതിനെ ഒരുമിച്ച് വിമർശിക്കാം; അല്ലാതെ ഇങ്ങനെ കാണേണ്ട. (...ബഹളം...) ശ്രീ. പി. ബാലചന്ദ്രൻ പ്രസംഗിച്ചപ്പോഴും ശ്രീ. എ. സി. മൊയ്തീൻ പ്രസംഗിച്ചപ്പോഴും ഞങ്ങളാരും ഒരക്ഷരം മിണ്ടാതെ ഇവിടെയിരുന്ന് കേട്ടതാണ്. ഇത് ശരിയായ ഒരു പ്രവണതയല്ല, നിങ്ങൾക്ക് പറയാനുള്ള ആശയപരമായ കാര്യമുണ്ടെങ്കിൽ നിങ്ങൾ പ്രസംഗിക്കുന്ന അവസരത്തിൽ പറയണം. അല്ലെങ്കിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അല്ലേ അടുത്തതായി പ്രസംഗിക്കാൻ പോകുന്നത്; അദ്ദേഹം പറയട്ടെ. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? കോൺഗ്രസ് പാർട്ടിയിൽനിന്ന് ആകെ മൂന്നുപേർക്ക് മാത്രമാണ് പ്രസംഗിക്കാൻ അവസരം കിട്ടുന്നത്. നിങ്ങൾ 7-8 ആളുകൾ പറഞ്ഞതിന് മുഴുവൻ മറുപടിയാണ് ഞങ്ങൾ പറയേണ്ടത്; ബഹളം വച്ച് സമയം കളയരുത്. അതുകൊണ്ട് ഈ ബഹളത്തിന്റെ രണ്ടുമിനിട്ടുകൂടി അധികമായി നൽകണം. വ്യാജ അവകാശവാദങ്ങളുടെ സർക്കാരാണിത്. 2016-ലെ പ്രകടനപത്രികയിൽ 600 വാഗ്ദാനങ്ങൾ വച്ചിട്ട് ചിലർ 600 എണ്ണം നടപ്പിലാക്കിയെന്നും ചിലർ 590 എണ്ണം നടപ്പിലാക്കിയെന്നും ചിലർ

580 എണ്ണം നടപ്പിലാക്കിയെന്നും പറഞ്ഞു. എന്റെ കയ്യിൽ 2016-ലെ സി.പി.ഐ(എം.)-ന്റെ പ്രകടനപ്പത്രികയുണ്ട്. അതിൽ 35 ഇന പരിപാടിയിലെ ഒന്നാമത്തെ വാഗ്ദാനമായ 25,00,000 പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞത് നൽകിയോ; എറണാകുളത്തെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിച്ചോ; എല്ലാ പഞ്ചായത്തുകളിലും ലേബർ ബാങ്ക് നടപ്പിലാക്കിയോ; വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കിയോ; ഭക്ഷ്യസുരക്ഷ - കേരളം പാൽ, മുട്ട, പച്ചക്കറി എന്നിവയിൽ അഞ്ച് വർഷംകൊണ്ട് സ്വയംപര്യാപ്തത കൈവരിച്ചോ; അയ്യായിരം കോടി രൂപയുടെ തീരദേശ പാക്കേജ് നടപ്പിലാക്കിയോ; ദേശീയ ജലപാത പൂർത്തീകരിച്ചോ; പ്രകടനപ്പത്രികയിലെ 18-ാമത്തെ ഇനം മാത്രം ഞാൻ വായിക്കാം. "നിലവിലുള്ള രണ്ടുവരി റെയിൽവേ പാത നാലുവരി പാതയാക്കുന്നതിന് ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് സംയുക്ത കമ്പനിയുണ്ടാക്കും. ഇരട്ടിപ്പിക്കുന്ന പാത അതിവേഗ ട്രെയിൻ ഓടിക്കാൻ സജ്ജമാക്കാൻ ശ്രമിക്കും" എന്നാണ് പ്രകടനപ്പത്രികയിൽ പറഞ്ഞിരിക്കുന്നത്. എന്നിട്ട് നിങ്ങൾ കെ-റെയിലിന്റെ പിന്നാലെ പോയപ്പോഴാണ് അത് നടപ്പിലാക്കാൻ പാടില്ലെന്ന് ഞങ്ങളുടെ എം.പി.-മാർ പറഞ്ഞത്. അതിനെന്താണ് കുഴപ്പം; നിങ്ങളുടെ റെയിൽവേയെ

സംബന്ധിച്ച വാഗ്ദാനം നടപ്പിലാക്കിയോ; ഭൂരഹിതർക്കെല്ലാം കിടപ്പാടം ലഭ്യമാക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞു. ശ്രീ. എം. വിൻസെന്റ് രാവിലെ പ്രസംഗിച്ചപ്പോൾ ങ്ങളുടെ ഗവണ്മെന്റ് വിവിധ വകുപ്പുകൾവഴി 4,46,000 വീടുകൾ നൽകിയെന്ന് പറഞ്ഞു. ഇപ്പോൾ ഇവിടെ അവകാശവാദം ഉന്നയിക്കുന്നവർ അത്രയും പറഞ്ഞിട്ടില്ലല്ലോ; കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷനുമുമ്പ് വാങ്ങിച്ച അപേക്ഷയിന്മേൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം ഒരു വീടെങ്കിലും നൽകിയോ; ആയുർവ്വേദ സർവ്വകലാശാല സ്ഥാപിച്ചോ; വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനം ലൈബ്രറി ഗ്രാന്റായി നൽകിയോ; അഴിമതിക്ക് അന്ത്യം കുറിക്കുമെന്ന് പറഞ്ഞു. കായിക വകുപ്പ് സെക്രട്ടറി ലൈഫ് പദ്ധതിയിൽ ഒരു കോടി രൂപ കമ്മീഷൻ കൊടുത്തുവെന്നതല്ലേ ആക്ഷേപമായി കിടക്കുന്നത്; അഴിമതിക്ക് അന്ത്യം കുറിച്ചോ; നെല്ലിന്റെ സംഭരണ വില ഒരാഴ്ചയ്ക്കകം ലഭ്യമാക്കിയോ; ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തെ സഹായിക്കാൻ പ്രത്യേക സ്കീം കൊണ്ടുവന്നോ; കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുമെന്ന് പറഞ്ഞു. ഞാൻ കൊല്ലം ജില്ലയിൽനിന്നുള്ള എം.എൽ.എ. ആണ്. എന്റെ നിയോജകമണ്ഡലത്തിൽ 83 കശുവണ്ടി ഫാക്ടറികളുണ്ട്. നാല് മാസമായി

അടഞ്ഞുകിടക്കുകയായിരുന്ന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ നിങ്ങൾ ഇപ്പോഴല്ലേ തുറന്നത്; കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ കൊടുത്തോ; ഇതൊക്കെ പ്രകനപ്പത്രികയിൽ ഉണ്ടായിരുന്നതാണ്. മണൽ, കല്ല് എന്നിവ ന്യായവിലയ്ക്ക് ആളുകൾക്ക് നൽകാൻ സർക്കാർ സംവിധാനമുണ്ടാക്കും. ഇവിടെയിരിക്കുന്ന ഏതെങ്കിലും എം.എൽ.എ.-മാർക്ക് മണലും കല്ലും ന്യായവിലയ്ക്ക് സർക്കാർ സംവിധാനത്തിലൂടെ ലഭിച്ചോ; തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചോ; പേജ് 32, 204-ാമത്തെ വാഗ്ദാനമായി പറഞ്ഞിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ കട ഭാരം മുഴുവൻ സർക്കാർ ഏറ്റെടുത്തോ; എന്നിട്ട് ഞങ്ങൾ പ്രകടനപ്പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുമെന്ന് വെറുതെ വന്നുനിന്ന് പറയുകയാണ്. തിരുവനന്തപുരത്ത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദിയുണ്ടാക്കും; എല്ലാ പഞ്ചായത്തിലും 200 മീറ്റർ ട്രാക്കുണ്ടാക്കും; എന്നൊക്കെയാണ് പറഞ്ഞിരിക്കുന്നത്. പ്രകടനപ്പത്രികയിലെ 600 വാഗ്ദാനങ്ങൾ ഓരോന്നായി ഇഴകീറി പരിശോധിക്കാൻ സമയക്കുറവുണ്ട്. വ്യാജ അവകാശവാദങ്ങളുടെ, ധൂർത്തിന്റെ സർക്കാരാണിത്. അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട് കേസ് നടത്താൻ പണമില്ലാത്ത സർക്കാർ ലൈഫ് ഭവന

പദ്ധതിയിലെ അഴിമതി തടയാൻ കെ. വി. വിശ്വനാഥ് എന്ന വക്കീലിന് നൽകിയ 55 ലക്ഷം രൂപയുടെ ഉത്തരവാണിത്. (ഉത്തരവിന്റെ കോപ്പി ഉയർത്തിക്കാട്ടി). ഞങ്ങളുടെ പ്രിയപ്പെട്ട കൃപേഷിനെയും ശരത്‌ലാലിനെയും കൊന്ന പ്രതികൾക്കെതിരെയുള്ള സി.ബി.ഐ. അന്വേഷണം തടയാൻ ശ്രീ. മനീന്ദർസിംഗിന് 60 ലക്ഷം രൂപയും ശ്രീ. രഞ്ജിത് കുമാറിന് 25 ലക്ഷം രൂപയും നൽകി. അന്വേഷണം തടയാൻ വേണ്ടിമാത്രം സർക്കാർ ഖജനാവിൽനിന്നും 8.50 കോടി രൂപ ചെലവാക്കിയ ഒരു സർക്കാരിന്റെ ഇത്തരമൊരു പ്രമേയത്തെ എന്തിനാണ് പിന്തുണയ്ക്കുന്നത്? ഇവിടത്തെ സംസ്കാരിക നായകന്മാർ ഇതിനെക്കുറിച്ച് ഒരു അഭിപ്രായവും പറയാത്തതിന് കാരണമെന്താണ്; കെ-ഭൂഷൺ, കെ-ശ്രീ, കെ-വിഭൂഷൺ എന്നീ ബഹുമതികൾ പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുണ്ടല്ലോ; അത് എത്രയും വേഗം നൽകണമെന്നാണ് സാംസ്കാരിക വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. കെ-ഭൂഷൺ, കെ-ശ്രീ, കെ-വിഭൂഷൺ എന്നീ ബഹുമതികൾ കിട്ടുമെന്ന് വിചാരിച്ച് കേരളത്തിലെ സാംസ്കാരിക നായകന്മാരുടെ നാവിറങ്ങിയിരിക്കുകയാണ്. ഉടൻ നൽകിയില്ലെങ്കിൽ അവർക്ക് സ്ഥിരമായി സംസാരശേഷി നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് എത്രയുംവേഗം അതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ സ്ഥാപനങ്ങൾ ജപ്തിനോട്ടീസുമായി പാവപ്പെട്ടവരെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. ബാലചന്ദ്രൻ പറഞ്ഞതുപോലെ സൈക്കിളിലല്ല, കാറിൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ *****+ ഉദ്യോഗസ്ഥർ ചെല്ലുകയാണ്. അതുകൊണ്ട് അടിയന്തരമായി കാർഷിക വായ്പയെങ്കിലും എഴുതിത്തള്ളാനുള്ള നടപടി സ്വീകരിക്കണം. കോവിഡ് വന്ന് കർഷകരെല്ലാം ആകെ പ്രതിസന്ധിയിലായിരിക്കുകയാണ്. ധൂർത്തിന്റെ, കെടുകാര്യസ്ഥതയുടെ, ധനകാര്യ ദുർവിനിയോഗത്തിന്റെ മാതൃകയായി നമ്മുടെ മുമ്പിൽ നിൽക്കുന്ന സർക്കാർ കൊണ്ടുവന്ന ഈ ബില്ലിനെ എതിർക്കുകയാണ്.

<u>ശ്രീ. വി. ജോയി:</u> സർ, പോയിന്റ് ഓഫ് ഓർഡർ, സഹകരണ ബാങ്കിലെ ഉദ്യോഗസ്ഥർ *****+ പറഞ്ഞ ഭാഗം സഭാരേഖയിൽനിന്നും നീക്കം ചെയ്യണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ പ്രസംഗിച്ചതിനിടയിൽ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ ***** സഹകരണ സ്ഥാപനത്തിലെ ജീവനക്കാരുമാണെന്നാണ് പറഞ്ഞത്. സഹകരണ സ്ഥാപനത്തിലെ ***** പറഞ്ഞിട്ടുണ്ടെങ്കിൽ ഞാനത് പിൻവലിക്കുന്നു.

\+ പിൻവലിച്ചു.

\+ പിൻവലിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ബഡ്ജറ്റ് പൊതുവിൽ ചർച്ചചെയ്ത് അംഗീകരിച്ച ഒരു ബിൽ, ആക്ടാക്കി സഭ പാസ്സാക്കിയാൽ മാത്രമെ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ ഭാഗമായുള്ള എക്സർസൈസാണ് ഇന്നത്തെ ചർച്ചയിലൂടെ നടന്നത്. സ്വാഭാവികമായും ആ ചർച്ചയിൽ രാഷ്ട്രീയ കാര്യങ്ങളൊക്കെ കടന്നുവരും. ഏകദേശം മൂന്നുമണിക്കൂറോളം ചർച്ച നടന്നതിനാൽ വസ്തുതകൾ പറയാൻ കൂടുതൽ സമയമെടുക്കുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇന്ന് നമ്മൾ നിൽക്കുന്നത്  സാധാരണ അവസ്ഥയിലുള്ള ലോകത്തല്ല. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം, സ്വാതന്ത്ര്യത്തിനുശേഷം, ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ബുദ്ധിമുട്ടുകളിൽക്കൂടിയാണ് രാജ്യം കടന്നുപോകുന്നത്. നമ്മുടെ രാജ്യം മാത്രമല്ല, ലോകമാകെ അങ്ങേയറ്റം പ്രതിസന്ധിയിൽക്കൂടിയാണ് കടന്നുപോകുന്നത്. 65 രാജ്യങ്ങളിലെ ഗവണ്മെന്റുകളെങ്കിലും തകരുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. ഇത്തരം കാര്യങ്ങൾ നമ്മൾ കാണാതിരിക്കരുത്. കഴിഞ്ഞ ദിവസങ്ങളിലൊക്കെ വന്ന വാർത്തയാണിത്. ശ്രീലങ്ക ചെറിയ രാജ്യമാണ്. ശ്രീലങ്കയിലെ സാമ്പത്തിക സ്ഥിതി എങ്ങനെയാണെന്നതിനെക്കുറിച്ച് വളരെ കൃത്യമായിട്ടറിയാം. എന്തുകൊണ്ടാണിത് വന്നതെന്നുള്ള പ്രശ്നം

വരുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അവിടത്തെ ആഭ്യന്തര വരുമാനവും ഉൽപ്പാദനവും കുറഞ്ഞു. അവിടത്തെ ഏറ്റവും ഒടുവിലത്തെ ഗവണ്മെന്റുകൾ എടുത്ത നിലപാടുകൾ, ഇറക്കുമതി ചെയ്യാൻ പണമില്ലാത്തതുകൊണ്ട് ജൈവകൃഷി മാത്രം മതിയെന്ന് തീരുമാനിച്ചു. ജൈവകൃഷിയോടുള്ള താൽപ്പര്യം കൊണ്ടുമാത്രമല്ല, ഉത്തരവാദിത്ത കൃഷി ചെയ്യണമെങ്കിലും യൂറിയയും മറ്റു വളങ്ങളും ഇറക്കുമതി ചെയ്യണം. അതിനുപോലും പണമില്ലാതെ ഇറക്കുമതിയുൾപ്പെടെയുള്ളവ നിരോധിച്ചു. ആവശ്യമായ വിളവോ ഭക്ഷണ സാധനങ്ങളോ ഉൽപ്പാദിപ്പിക്കുന്നില്ല. ഗ്ലോബലൈസേഷന്റെ ഭാഗമായി അവിടത്തെ തോട്ട വിളകളെല്ലാം തകർന്നു. അങ്ങനെയുണ്ടായ തകർച്ചയുടെ കൂടെ തെരഞ്ഞെടുപ്പ് സമയത്ത് ഗോട്ടബയ കുടുംബം അധികാരത്തിൽ വന്നാൽ നികുതി 50 ശതമാനമായി കുറയ്ക്കുമെന്ന് പറഞ്ഞു. ഗവണ്മെന്റിന്റെ എക്സ്ചെക്കർ ആകെ പൊളിഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഞങ്ങൾ അധികാരത്തിൽ വന്നാൽ നികുതി കുറയ്ക്കുമെന്നാണ് പറഞ്ഞത്. കേരളത്തിലെ ജനങ്ങൾ, ഭരണപക്ഷമായാലും പ്രതിപക്ഷമായാലും നമ്മൾ പറയുന്നത് കേട്ടുകൊണ്ടിരിക്കുകയാണ്. ഏറ്റവും ചെറിയ നികുതി വർദ്ധനയാണ് പറഞ്ഞത്. ഇത്തരം നികുതി വർദ്ധനവിലൂടെ എങ്ങനെയാണ് കാര്യങ്ങൾ

ചെയ്യാൻ സാധിക്കുന്നതെന്ന് കേരളത്തിലെ പത്രങ്ങൾ എഴുതിയിട്ടുണ്ട്. ആകെ പത്തോ മൂന്നൂറോ കോടി രൂപയുടെ നികുതിയേ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളൂ. രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം അപ്ഡേറ്റഡ് ബഡ്ജറ്റിൽ നമ്മൾ അതൊന്നും പ്രഖ്യാപിച്ചില്ല. ഇങ്ങനെയാണെങ്കിൽ എങ്ങനെ പണം കിട്ടുമെന്നാണ് പത്രങ്ങളെഴുതിയത്. ഇവിടെയും വളരെ ചെറിയ നികുതി നിർദ്ദേശങ്ങളാണുള്ളത്. അത് കൊണ്ടുവരാൻ പാടില്ലെന്ന് ഒരു വശത്തും മറുവശത്ത് നാം സാമ്പത്തികമായി ആകെ തകർന്നുപോകുകയാണെന്നും പറയുന്നത് വൈരുദ്ധ്യമാണ്. പറയുന്നതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഇത്തരം വൈരുദ്ധ്യങ്ങൾ വരാൻ പാടില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ നികുതി വർദ്ധിപ്പിക്കാൻ പാടില്ലെന്ന കൺസെപ്റ്റാണുള്ളത്. അതുകൊണ്ടുതന്നെ ചെറിയ ചില വർദ്ധനവുകൾ മാത്രമെ ഇതിൽ വരുത്തിയിട്ടുള്ളൂ. ചില മേഖലയിൽ ഗ്രീൻ ടാക്സ് പോലുള്ളവയാണ് വരുന്നത്. റവന്യൂവിൽനിന്നും ആകെ 80 കോടി രൂപയുടെ വർദ്ധനവാണ് നാം പ്രതീക്ഷിക്കുന്നത്. ഡിജിറ്റൽ അപ്ഡേഷനുവേണ്ടി ചെലവാക്കാനുദ്ദേശിക്കുന്നത് 350 കോടി രൂപയാണ്. വലിയ തോതിൽ പണം ലഭിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇതിൽ വന്നിട്ടില്ല. സ്ഥിതി കുറച്ചുകൂടി മെച്ചപ്പെട്ടതിനുശേഷം മാത്രമെ ഇക്കാര്യത്തെക്കുറിച്ച്

ആലോചിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് അന്ന് പറഞ്ഞത്. എന്തുകൊണ്ടാണ് ഞാൻ ശ്രീലങ്കയുടെ കാര്യം പറഞ്ഞത്? ഗോട്ടാബയ കുടുംബം ഇലക്ഷൻ സമയത്ത് എല്ലാം കൊടുക്കാൻ തീരുമാനിച്ചു. ഗവണ്മെന്റിന്റെ കയ്യിൽ പണവും രാജ്യത്ത് ആഭ്യന്തര വരുമാനവും വലിയ പ്രോജക്ടുകളുമില്ല, അതുകൊണ്ടുതന്നെ അവിടത്തെ പ്രസിഡന്റിന് അവിടെനിന്ന് പുറത്തേയ്ക്ക് പോകേണ്ട സ്ഥിതിയുണ്ടായി, എന്നാൽ അദ്ദേഹത്തിന് പോകാൻ സാധിക്കുന്നില്ല. നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനിൽ തേയില ഇറക്കുമതിചെയ്യാൻ വേണ്ടത്ര ഫോറിൻ മണിയില്ലാത്തതുകൊണ്ടും തേയില ഇറക്കുമതി തടയുന്നതിനാല്ം മാക്സിമം രണ്ട് ചായ മാത്രമെ കുടിക്കാൻ പാടുള്ളൂവെന്ന് അവിടത്തെ ഒരു മന്ത്രി പറഞ്ഞതായി കഴിഞ്ഞ ദിവസം നമ്മൾ പത്രത്തിൽ വായിച്ചു. ലോകത്തെ 60 രാജ്യങ്ങൾ ഇത്തരം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കെത്തുമെന്നാണ് വേൾഡ് ബാങ്കും ഐ.എം.എഫ്. പോലെയുള്ള സാമ്പത്തിക സ്ഥാപനങ്ങളും പറയുന്നത്. ഇത്തരമൊരു പ്രതിസന്ധിയുടെ അനുകരണം തന്നെയാണ് റഷ്യ-യുക്രൈനിലുമുണ്ടായത്. ഈ സാഹചര്യത്തിൽ പ്രതിപക്ഷം-ഭരണക്ഷം എന്ന നിലയിലല്ല കാര്യങ്ങൾ കാണേണ്ടതും അത്തരം സാഹചര്യങ്ങളെ നേരിടേണ്ടതും. ഈ

സ്ഥിതിയെല്ലാം ഇന്ത്യയിലും നിലനിൽക്കുന്നതുകൊണ്ടുതന്നെ ഇന്ത്യാ ഗവണ്മെന്റും വലിയ പ്രതിസന്ധി നേരിടുന്നുണ്ട്, പക്ഷേ നാം ആ വിഷയങ്ങൾ ചർച്ച ചെയ്യുന്നതേയില്ല. കേരളത്തിൽനിന്നും യു.ഡി.എഫ്.-ന്റെ 18 എം.പി.-മാർ ഇപ്പോൾ പാർലമെന്റിലുണ്ട്. നേരത്തെ 19 പേരുണ്ടായിരുന്നതിൽ ഒരാൾ ഇപ്പോൾ എൽ.ഡി.എഫ്.-ലാണ്, അന്ന് യു.ഡി.എഫ്.-ൽ ഉണ്ടായിരുന്നതാണ്. ഈ 18 അംഗങ്ങൾ പാർലമെന്റിലും നിയമസഭയിലെ അംഗങ്ങൾ ഇവിടെയും ഈ വിഷയങ്ങൾ ചർച്ച ചെയ്യണം, കാരണം ഇത് രാജ്യത്തിന്റെ സാമ്പത്തികനിലയുടെ പ്രശ്നമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങളും പാർലമെന്റ് അംഗങ്ങളും സംസാരിക്കുമ്പോൾ ഇന്ത്യാ ഗവണ്മെന്റിന്റെ ബഡ്ജറ്റിനെപ്പറ്റി ഒരു കാര്യം പോലും പറയുന്നത് ഞാൻ കേട്ടിട്ടില്ല. ഇന്ത്യാ ഗവണ്മെന്റിന്റെ ബഡ്ജറ്റിന്റെ ടോട്ടൽ ഔട്ട്ലേ 39,40,000 കോടി രൂപയുടേതാണ്. അതിൽ 17,00,000 കോടി രൂപയും കടം വാങ്ങുന്നതാണ്. 17,00,000 കോടി രൂപയിൽ 1,00,000 കോടി രൂപ ഷെയർ മാർക്കറ്റിൽ ഷെയർ വിറ്റിട്ടുള്ളതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ് പബ്ലിക്കാണ്. ഷെയറിൽനിന്നും ഒരു ലക്ഷം കോടി രൂപ അവർ പ്രതീക്ഷിച്ചിരുന്നു. എൽ.ഐ.സി. വിൽക്കാൻ പോയപ്പോൾ അതിൽനിന്നും ആ തുക ലഭിച്ചില്ല. 75,000 കോടി രൂപ മാത്രമെ

അതിൽനിന്നു ലഭിച്ചിട്ടുള്ളൂ. 39,40,000 കോടി രൂപയുടെ ബഡ്ജറ്റിൽ 17,00,000 കോടി രൂപയോളം കടം വാങ്ങിയതാണെന്ന് പറയുന്ന തരത്തിൽ ഇന്ത്യാ ഗവണ്മെന്റ് പോകുന്നുവെന്ന് പറയുമ്പോൾ അതിൽ ആശങ്കയുണ്ട്. ഇന്ത്യാ ഗവണ്മെന്റ് എന്നതിൽ നമ്മളും ഉൾപ്പെടുമല്ലോ; ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ആണ് അവിടെ ഭരിക്കുന്നതെങ്കിലും ഈ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരവും താൽപ്പര്യവും ഭാവിയെ സംബന്ധിച്ച് ആശങ്കയുള്ളവരെന്ന നിലയിൽ നമ്മൾ ആ വിഷയം ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ നമ്മളത് വേണ്ടത്ര ചർച്ച ചെയ്യുന്നില്ല. കേരളത്തിലെ കണക്കുകൾ പരിശോധിച്ചാൽ അങ്ങനെ അപകടകരമല്ല. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്, പക്ഷേ ഒരിക്കലും ജനങ്ങളുടെ താൽപ്പര്യങ്ങൾ ഹനിക്കാനോ ഒന്നും കൊടുക്കാതിരിക്കാനോ ഈ സർക്കാർ ശ്രമിച്ചിട്ടില്ലെന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഇന്ത്യാ ഗവണ്മെന്റിന്റെ പൊതുനയങ്ങൾ പരിശോധിക്കണം. ഒരുകാലത്ത് ഏറ്റവും കൂടുതൽ ചെറുപ്പക്കാർക്ക് ജോലി ലഭിച്ചിരുന്നത് റെയിൽവേയിലും പട്ടാളത്തിലും ബാങ്കുകളിലുമാണ്. ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് നിർത്തിയിട്ട് എത്ര കാലമായി? ബി.എസ്.ആർ.ബി. ഇപ്പോഴില്ല. നമ്മൾ കോളേജിൽ പഠിക്കുമ്പോൾ

ബി.എസ്.ആർ.ബി. ടെസ്റ്റ് എഴുതാൻ പോയിട്ടുണ്ട്, അതിൽ ജോലി കിട്ടിയവരുണ്ട്, ജോലി കിട്ടിയിട്ട് പോകാത്തവരുമുണ്ട്. കോൺഗ്രസ്സിന്റെ ഭരണകാലത്ത് അത് നിർത്തി. മുമ്പ് റെയിൽവേയിൽ 19 ലക്ഷം പേരുണ്ടായിരുന്നു. ഇപ്പോൾ 10 ലക്ഷം പോലുമില്ല. കോൺഗ്രസ് ഭരിച്ചുകൊണ്ടിരുന്നപ്പോൾതന്നെ മദ്ധ്യപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കരാർ വ്യവസ്ഥയിലായി. ഇവിടെ കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിനെക്കുറിച്ച് പറഞ്ഞല്ലോ? മദ്ധ്യപ്രദേശ് ഉൾപ്പടെ ഓരോ സംസ്ഥാനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥ തുടങ്ങിയത് എന്നുമുതലാണ്? അതിനുശേഷം ബി.ജെ.പി. ഭരണത്തിൽ വന്നപ്പോൾ അത് കുറച്ചുകൂടി വർദ്ധിപ്പിച്ചു. ഇന്ന് പട്ടാളത്തിൽപ്പോലും കരാറുകാരാണ്. അതിന്റെ ഭാഗമായി അഗ്നിപഥ് പദ്ധതിയിൽ ചേർന്ന് അഗ്നിവീർ ആകാം. സാധാരണഗതിയിൽ ഒരു രാജ്യവും പട്ടാളത്തെയും പോലീസിനെയും കോൺട്രാക്ട് വയ്ക്കില്ല. കാരണം അവർ അവസാനംവരെ കൂടെനിൽക്കേണ്ടവരാണ്. ശ്രീലങ്കയിൽ അവസാനം പട്ടാളംപോലും കൂടെ നിന്നില്ലെന്നത് മറ്റൊരുകാര്യം, പ്രസിഡന്റ് പോയപ്പോൾ അങ്ങോട്ട് പോകാൻ അനുവദിച്ചില്ല, അദ്ദേഹം നാവിക സേനയുടെ

കപ്പലിലാണെന്നൊക്കെ പറയുന്നു. ജനങ്ങളെ വരുതിക്ക് നിർത്താനുള്ള ഗവണ്മെന്റിന്റെ ശക്തമായ ഉപകരണങ്ങളാണ് പട്ടാളവും പോലീസും. അവിടെയും നാലഞ്ച് വർഷത്തേയ്ക്ക് കോൺട്രാക്ടിൽ ആളെയെടുക്കുന്നുവെന്ന് പറഞ്ഞാൽ ഇന്ത്യാ ഗവണ്മെന്റ് എങ്ങനെ 'ഇന്ത്യ' എന്ന സങ്കൽപ്പവുമായി മുന്നോട്ടുപോകുമെന്ന ആശങ്ക എനിക്കുണ്ട്. ദൗർഭാഗ്യവശാൽ അത് പ്രതിപക്ഷത്തിനും അവരുടെ 18 എം.പി.-മാർക്കുമില്ല. ഇക്കാര്യം ഉന്നയിച്ച് സമരം നടത്താൻ നിങ്ങൾക്ക് സമയമുണ്ടോ; എം.പി.- മാരെന്ന നിലയിൽ ഞങ്ങളൊക്കെ അവിടെയുണ്ടായിരുന്നപ്പോൾ കേരളത്തിൽ AIIMS-ഉം റെയിൽവേ സോണും പുതിയ സ്ഥാപനങ്ങളും മെട്രോയും ലഭിക്കാൻ ഗാന്ധി പ്രതിമയ്ക്കുമുന്നിൽ കോൺഗ്രസ്സിന്റെയും ലീഗിന്റെയും ഇടതുപക്ഷത്തിന്റെയും എം.പി.-മാർ ഒരുമിച്ച് നിരവധി സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. യു.പി.എ. ഗവൺമെന്റുള്ളപ്പോഴും നമ്മളൊരുമിച്ച് എത്ര കാര്യങ്ങൾ ഇങ്ങനെ ഉന്നയിച്ചിട്ടുണ്ട്; വർഗ്ഗീയതയ്ക്കെതിരെയുള്ള കാമ്പയിൻ ഉൾപ്പെടെ. ഇപ്പോൾ ഡൽഹിയിൽ ഒരു സമരവും നടക്കുന്നില്ല; എന്നാൽ ശ്രീ. രാഹുൽ ഗാന്ധിയെ ഇ.ഡി. ചോദ്യം ചെയ്യുന്ന സമയത്ത് ചില സമരങ്ങൾ നടന്നിട്ടുണ്ട്. അഗ്നിവീറുമായി ബന്ധപ്പെട്ട്, രാജ്യത്താകെ വലിയ സമരം ഉയർന്നുവന്നതിന്റെ ഭാഗമായി ചില സമരങ്ങൾ ചെയ്തിട്ടുണ്ട്, അതെല്ലാവരും

ചെയ്തിട്ടുണ്ട്. പാർലമെന്റിലും പുറത്തും ഇത്തരം അപകടങ്ങൾ ചൂണ്ടിക്കാണിച്ച് ചർച്ചചെയ്യാൻ എത്രത്തോളം സാധിക്കുന്നുവെന്ന് ആലോചിച്ചാൽ നന്നായിരിക്കും.

വിലക്കയറ്റവുമായി ബന്ധപ്പെട്ട പ്രശ്നം വന്നപ്പോൾ കഴിഞ്ഞ രണ്ടുമൂന്ന് മാസത്തെ കണക്കുകൾ വന്നു. ഞാൻ ഓരോ സംസ്ഥാനത്തിന്റെയും കണക്കുകൾ എടുക്കുന്നില്ല. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ വിലക്കയറ്റം വളരെ കുറവാണ്. ഇന്ത്യയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ കഴിഞ്ഞ മൂന്നുനാല് മാസമായി ഒന്നാം സ്ഥാനം കേരളത്തിനാണ്. ഇത് റിസർവ് ബാങ്കിന്റെയും സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെയും കണക്കാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വിലക്കയറ്റം മൂന്നോ നാലോ ശതമാനം കുറവാണ്. കേരളത്തിലിത് 5.7 ശതമാനമാണെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ 9.7 ശതമാനമാണ്. ഇത്തരത്തിലുള്ള പോസിറ്റീവായ കാര്യങ്ങൾ കേൾക്കുന്നത് നല്ലതാണ്, കാരണം, എപ്പോഴും magnanimity of the leadership is to hear others and if there are some points, then accept that. കാരണം ഇന്ത്യമാത്രമല്ല, ലോകംതന്നെ വല്ലാത്തൊരു പ്രതിസന്ധിയിലേയ്ക്ക് പോകുന്നുവെന്ന് കാണാൻ ഇത്തരമൊരു സഭയ്ക്കകത്തിരിക്കുന്നവർക്ക്

കഴിയണം. അവയെല്ലാം നമുക്ക് ഇടപെട്ട് തീർക്കാൻ സാധിച്ചെന്നുവരില്ല. ഇതൊരു ചെറിയ സഭയല്ല, പ്രഗത്ഭരായ എത്രയോപേർ ഇരുന്ന സഭയാണിത്. ഇത്തരം പ്രശ്നങ്ങൾ കേരളത്തിൽ നിലനിൽക്കുമ്പോൾ ഏതെങ്കിലും ഒഴിവുകളിലേയ്ക്ക് നിയമനം നടക്കാതിരുന്നിട്ടുണ്ടോ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ സർവ്വീസിൽ 40000-ത്തോളം പേരെ കൂടുതലായി നിയമിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസ് സംവിധാനങ്ങൾ ഗവൺമെന്റ് ഇല്ലാതാക്കിയിട്ടില്ല. ഇന്ത്യയിൽ ഏറ്റവും മെച്ചപ്പെട്ടതരത്തിൽ സേവന-വേതന വ്യവസ്ഥകൾ നൽകുന്നൊരു സംസ്ഥാനമാണ് കേരളം. സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെന്ന് പറയുമ്പോഴും ഇവിടെ കാര്യങ്ങൾക്ക് തടസ്സമുണ്ടായിട്ടില്ല. ശ്രീലങ്കയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ രാജസ്ഥാൻ ഉൾപ്പെടെയുള്ള ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് റിസർവ് ബാങ്കിന്റെ ഒരു റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ഞാൻ രാഷ്ട്രീയപരമായി പറയുന്നതല്ല. കേരളം, പഞ്ചാബ്, ബംഗാൾ, രാജസ്ഥാൻ തുടങ്ങി അഞ്ച് സംസ്ഥാനങ്ങളുടെ കാര്യമെടുത്ത് പരിശോധിച്ചതിൽ കേരളം നാലാം സ്ഥാനത്താണ്. റിസർവ് ബാങ്കിലെ ചില ഉദ്യോഗസ്ഥരുടെ ലേഖനമാണെന്നും ഇക്കണോമിക് സർവ്വേയല്ലെന്നും അതിലെഴുതിയിട്ടുണ്ട്. ആ ലേഖനത്തിൽ ഇത്തരം

സ്ഥിതിയുണ്ട്, കുറച്ചുകൂടി സ്ട്രിക്ടാകണമെന്ന് പറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് ഒന്നും പറഞ്ഞിട്ടില്ല. ഇത്തരം ഒരു ലേഖനം വന്നാൽ കേരളം അതുപോലെയാകുമോ? ഇവിടെ നടന്ന ചർച്ചയിൽ വളരെ ഉത്തരവാദിത്തപ്പെട്ട ഒരംഗം പറയുകയാണ്, ശ്രീലങ്കയിലെ പ്രസിഡന്റിന്റെ വസതിയിലെ കുളത്തിൽ കയറി ആളുകൾ കുളിച്ചതുപോലെ ക്ലിഫ് ഹൗസിലെ കുളത്തിൽ കയറി ആളുകൾ കുളിക്കാതിരിക്കാൻ നോക്കണമെന്ന്. ക്ലിഫ് ഹൗസിൽ കയറണമെന്ന ആഗ്രഹം നല്ലതാണ്. ബഹളമുണ്ടായാൽ മാത്രമെ അവിടെ കയറാൻ സാധിക്കുയെന്നുപറഞ്ഞ് ബർമുഡയും തയ്യാറാക്കി, ആ ബർമുഡയുമിട്ട് കുളത്തിൽ കുളിക്കണമെങ്കിൽ വേറെ കുളം നോക്കുന്നതാണ് നല്ലത്. അങ്ങനെയാണോ ഇത്തരം പ്രശ്നങ്ങളെ കാണേണ്ടത്? നമ്മൾ പരസ്പരം എന്തൊക്കെ പറഞ്ഞാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അഭിമാനകരമായ സ്ഥിതി നമുക്കില്ലേ? കാര്യങ്ങളെ അത്തരത്തിൽ കാണുകയല്ലേ വേണ്ടത്? സാമ്പത്തിക സ്ഥിതിയിൽ ഇത്രയും ശ്വാസം മുട്ടിക്കുന്ന സ്ഥിതി നമ്മുടെ നാട്ടിൽ ഇതുവരെ വന്നിട്ടില്ല. ഇവിടെ ഒരു അന്തർധാരയുടെ കാര്യം സംസാരിക്കുമ്പോൾ പ്രതിപക്ഷത്തുനിന്നും ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞു, കഴിഞ്ഞവർഷം ഏറ്റവും കൂടുതൽ പണം സംസ്ഥാനത്തിന് കിട്ടിയെന്ന്. അത് തെറ്റാണ്.

എന്താണ് കിട്ടിയത്? ഒരു വർഷം 100 രൂപ ഇന്ത്യാ ഗവണ്മെന്റ് മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുക്കുമ്പോൾ അതിന്റെ 3.95 ശതമാനമാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരുന്നത്. അതിപ്പോൾ 1.92 ശതമാനമായി. ഇങ്ങനെ വന്നപ്പോൾ കുറേയേറെ സംസ്ഥാനങ്ങൾക്ക് വലിയ തോതിൽ റവന്യൂ കുറഞ്ഞു. പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുകൊണ്ട് ആ കണക്ക് ഞാൻ പറയുന്നില്ല. നമ്മൾ ജനസംഖ്യ നിയന്ത്രിച്ചതുകൊണ്ടാണ്. 18 ശതമാനമാണ് യു.പി.-ക്കുള്ളത്. അവർക്ക് റവന്യൂ ജനസംഖ്യയെക്കാളും കൂടുതലുണ്ട്. കേരളത്തിലെ റവന്യൂ ജനസംഖ്യയെക്കാളും ഒന്നര ശതമാനം കുറവാണ്. കേന്ദ്രഗവണ്മെന്റ് ചില ക്രൈറ്റീരിയ ഉണ്ടാക്കി. ഇത് ഏറ്റവും കൂടുതൽ ബാധിച്ചത് തെക്കേഇന്ത്യൻ സ്റ്റേറ്റുകളെയാണ്. തെക്കേഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലും മറ്റ് മേഖലകളിലും മികച്ചുനിൽക്കുന്നതുകൊണ്ട് കേരളത്തിൽ കേന്ദ്രവിഹിതം കുറഞ്ഞു. അതിന്റെ ഭാഗമായി ഏകദേശം 20,000 കോടി രൂപയോളം കുറയുകയാണ്. റവന്യൂ ഡെഫിസിറ്റ് വന്നതുകൊണ്ട് അത് നികത്തുന്നതിനായി കമ്മിഷൻ 19,000 കോടി രൂപ ഗ്രാന്റ് തന്നു. അതിൽനിന്നും 7,000 കോടി രൂപ ഈ വർഷം കുറച്ചു. അടുത്തവർഷം വീണ്ടും കുറയും അതിനടുത്ത വർഷം ആ തുക 3,000 കോടി രൂപ ആകും

അതിന്റെ അടുത്തവർഷം ആ തുക ലഭിക്കില്ല. അതായത് കഴിഞ്ഞ വർഷം ലഭിച്ചതിനെക്കാൾ 7,000 കോടി രൂപ കുറവാണ് ഈ വർഷം ലഭിച്ചത്. നമ്മൾ കളക്ടീവായി ഫൈറ്റ് ചെയ്യേണ്ട കാര്യമായതുകൊണ്ടാണ് ജി.എസ്.ടി.-യുടെ കാര്യം ഞാൻ ഈ സഭയിൽ പറയുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തരുതെന്ന് എല്ലാ സംസ്ഥാനങ്ങളും കൗൺസിൽ അംഗങ്ങളും ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അവിടെനിന്ന് എന്തെങ്കിലും അനൗൺസ് ചെയ്യുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഒന്നും പറഞ്ഞില്ല. നമുക്ക് കഴിഞ്ഞ പ്രാവശ്യം 12,000 കോടി രൂപ ലഭിച്ചു. ഇപ്പോൾ ഒന്നുമില്ല. ഇതുമാത്രമല്ല, പെൻഷൻ കമ്പനിയും കിഫ്ബിയും പോലുള്ള ഏജൻസികളാണ് ഗ്യാരന്റി കൊടുക്കുന്നത്, അല്ലാതെ നമ്മൾ നേരിട്ട് കൊടുക്കുന്നതല്ല. അതിന്റെ പേരിൽ വീണ്ടും പണം കുറയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം 1,17,000 കോടി രൂപയാണ് നമുക്ക് തനതായി കേന്ദ്രത്തിൽനിന്ന് കിട്ടുന്നതുൾപ്പെടെയുള്ള ടാക്സ്. ബാക്കി മറ്റ് കാര്യങ്ങളാണ്. അതിൽനിന്ന് 17,000 കോടി രൂപ കുറയുന്നതുമാത്രമല്ല വീണ്ടും കുറയ്ക്കുകയാണ്. എന്നിട്ടും കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോയെന്ന് പറയണം. മുന്നോട്ട് പോകുമ്പോൾ കുറവ് വരാതിരിക്കുക അല്ലെങ്കിൽ ഒരുമിച്ച് നിൽക്കാനാണ് ഇത് പറയുന്നത്.

ഇന്നലെ ഇവിടെ പഞ്ചായത്തുകളുടെ കാര്യം പറഞ്ഞല്ലോ. കഴിഞ്ഞ മാർച്ചിൽ 108 ശതമാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പേമെന്റ്. ബഡ്ജറ്റിനെക്കാളും 8 ശതമാനം അധികമാണ്. എ.എസ്. കൊടുക്കാതെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ വച്ചിരിക്കുന്നുവെന്ന് പറയുകയുണ്ടായി. എ.എസ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നല്ല കൊടുക്കുന്നത്. അത് ബന്ധപ്പെട്ട സ്ഥലത്തുനിന്നാണ് കൊടുക്കുന്നത്. അങ്ങനെയുള്ള കാര്യങ്ങളെങ്കിലും എം.എൽ.എ.-മാർ മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. എ.എസ്.-ഉം ബഡ്ജറ്റിൽ ഫണ്ടുമില്ലാത്ത ചില പ്രത്യേക കേസുകൾക്ക് സാംഗ്ഷനുവേണ്ടി ധനകാര്യ വകുപ്പിനെ സമീപിക്കും. എന്നാൽപ്പോലും പരിമിതി അനുസരിച്ച് കഴിയുന്ന കാര്യം നോക്കാം എന്ന നിലപാടേ എടുത്തിട്ടുള്ളൂ. ഞാൻ അതൊന്നും എടുത്ത് പറയുന്നില്ല. എ.എസ്. കൊടുക്കുന്നത് ബന്ധപ്പട്ട കമ്മിറ്റിയാണ്. അതിന് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പുണ്ട്. ഇവിടെ പറഞ്ഞതുപോലെ ഏതെങ്കിലും വേർതിരിവ് ഇതിനകത്ത് നമ്മൾ കാണിക്കുന്നില്ല. ഇതാണ് സ്ഥിതി. പക്ഷേ സാമ്പത്തികമായി വല്ലാതെ ശ്വാസം മുട്ടിക്കുന്ന ശ്രമത്തിനെതിരെ നാം ഒറ്റക്കെട്ടായി നിൽക്കണം. 37.2 ശതമാനമാണ് ജി.എസ്.ഡി.പി.-യുടെ കടത്തിന്റെ ബാധ്യത. ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് 57 കോടി

രൂപയേ ഉണ്ടായിരുന്നുള്ളൂ, ഇപ്പോൾ കുറേ വർദ്ധിച്ചു എന്നൊക്കെയുള്ള കണക്കുകൾ ഇവിടെ പറഞ്ഞു. ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത് ഒരു അദ്ധ്യാപകന് ചിലപ്പോൾ പത്തുരൂപയേ ശമ്പളമുണ്ടായിരുന്നുള്ളൂ. 15 വർഷം മുമ്പ് 2006-ലെ അഡീഷണൽ സെക്രട്ടറിയുടെ ശമ്പളം 25,600 രൂപയായിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപയോളമെത്തുവരും. ഇത് ബേസിക് ശമ്പളം മാത്രമാണ്. ഇതിന്റെകൂടെ ബാക്കിയൊക്കെ വരും. പണപ്പെരുപ്പം നമ്മൾ കാണണം. 1957-ൽ പത്തോ ഇരുപതോ രൂപ ശമ്പളമുള്ള ഒരാൾ ഇന്ന് അതേ പോസ്റ്റിൽ ഇരിക്കുമ്പോൾ എത്ര രൂപയായിരിക്കും ലഭിക്കുക? മണി വാല്യൂ, അതിന്റെ ഡിഫ്ലേഷൻ, ഇൻഫ്ലേഷൻ ആസ്പെക്ട് എല്ലാം നമ്മൾ കാണണം. അങ്ങനെയാണ് നോക്കേണ്ടത്. അതുകൊണ്ടാണ് ജി.എസ്.ഡി.പി.-യുമായി താരതമ്യം ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ കൺസർവേറ്റീവ് എസ്റ്റിമേറ്റനുസരിച്ച് കേരളത്തിന്റെ ജി.എസ്.ഡി.പി. 10 ലക്ഷം കോടി രൂപയാണ്. കൺസർവേറ്റീവ് എന്ന് ഞാൻ പറയാൻ കാര്യം, അത്രയുമല്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തിനടുത്താണ് ആ കണക്ക് വരുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ പറയുന്നുണ്ടായിരുന്നു,

കണക്കനുസരിച്ച് കേരളത്തിലെ സ്വർണ്ണവ്യാപാരം കഴിഞ്ഞതിന്റെ അങ്ങേ വർഷം ഒരു ലക്ഷത്തി പന്ത്രണ്ടായിരം കോടി രൂപയായിരുന്നു. ഇതിൽ ഇവിടെത്തന്നെ വാങ്ങുന്നതും കയറ്റി അയയ്ക്കുന്നതുമൊക്കെയുണ്ടാകും. ഇന്ത്യയിൽ ഈ വർഷവും ആറ് ലക്ഷം കോടി രൂപയുടെ സ്വർണ്ണം ഇറക്കുമതി ചെയ്തു. അവർതന്നെ പറയുന്നു അതിന്റെ വൺ ഫോർത്ത് അതായത് 25 ശതമാനം കേരളത്തിലേയ്ക്കാണ് വരുന്നതെന്ന്. അത്രയും പർച്ചേസിംഗ് പവറുള്ള ഒരു കാര്യത്തെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. കഴിഞ്ഞ ദിവസം Mercedes Benz-ന്റെ ഒരു പരസ്യമുണ്ടായിരുന്നു. ഒമാനിൽ വിറ്റതിനെക്കാളും അധികം ബെൻസ് കാറുകൾ കേരളത്തിൽ വിറ്റിട്ടുണ്ടെന്നാണ് ഈ കമ്പനിയുടെ ഏജൻസികൾ പറഞ്ഞത്. പ്ലാന്റേഷൻ മേഖലയിലെ തകർച്ചയും മറ്റു പല മേഖലകളിലെ പ്രശ്നങ്ങളുമുണ്ടെങ്കിലും നമ്മുടെ നാട്ടിൽ പർച്ചേസിംഗ് പവറുണ്ട്. സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി., മറ്റു പല മേഖലകളിലെ വരുമാനം നോക്കുമ്പോൾ വർദ്ധനവാണ് കാണുന്നത്. അതിന്റെ ശതമാനം മാത്രമാണെടുക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നമുക്ക് 37 ശതമാനം മാത്രമെയുള്ളൂ. ഇന്ത്യാ ഗവണ്മെന്റിന്റേത് 67 ശതമാനമാണ്. ജപ്പാൻ 256 ശതമാനമാണ്. ഇത്തരത്തിൽ വിവിധ രാജ്യങ്ങളുടെ കാര്യം

പരിശോധിക്കുമ്പോൾ ആകെയുള്ള ആസ്തിയെക്കാൾ വലിയ ശതമാനം ലോണാണ് അവരെടുക്കുന്നതെന്ന് കാണാൻ സാധിക്കും. എന്നാൽ നമ്മൾ തിരിച്ചടയ്ക്കാൻ പറ്റുന്ന തരത്തിലുള്ള കടമാണെടുക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ ആസ്തി വന്നോ എന്നുള്ള ചോദ്യങ്ങളുണ്ടായി. ആസ്തി എത്രത്തോളം വന്നിട്ടുണ്ടെന്ന് ഓരോരുത്തർക്കുമറിയാം. ഓരോ സ്ഥലത്തേയും സ്കൂളുകൾ പരിശോധിച്ചാൽ എന്തെങ്കിലും വേർതിരിവ് അക്കാര്യത്തിൽ വന്നിട്ടുണ്ടോയെന്നറിയാൻ സാധിക്കും. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ കിഫ്ബി വന്നതിനുശേഷം എത്രമാത്രം വർദ്ധനവാണുണ്ടായത്. യു.ഡി.എഫ്. ഭരണത്തിലായിരുന്നപ്പോൾ കൊണ്ടുവന്ന പ്രോജക്ടുകളല്ലാതെ മറ്റ് ഏത് പ്രോജക്ടുകളാണുള്ളതെന്ന് ഇവിടെ ബഹുമാനപ്പെട്ട ഒരംഗം ചോദിച്ചു. വിഴിഞ്ഞം, കണ്ണൂർ പദ്ധതികളാണ് സൂചിപ്പിച്ചതെന്ന് തോന്നുന്നു. പടം വരച്ചുവച്ചാൽ അത് പദ്ധതിയാകുമോ? ആകില്ല. ഒരു ഹെലികോപ്റ്റർ കൊണ്ടിറക്കി ഉദ്ഘാടനം ചെയ്യുന്നതുപോലെയാണോ? കണ്ണൂരിലേയ്ക്ക് നമ്മളെല്ലാവരും വിമാനത്തിൽ പോകുന്നില്ലേ? വിദേശത്തേയ്ക്ക് പോകുന്നില്ലേ? വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കാൻ പോകുകയല്ലേ? ടെക്നിക്കൽ കാര്യങ്ങളിൽ മാത്രമെ തടസ്സമുള്ളൂ. ഓരോ പ്രോജക്ടും ഇങ്ങനെ വരുന്നതാണ്.

അതുകൊണ്ട് ഞങ്ങളെല്ലാം ചെയ്തു, നിങ്ങൾ ചെയ്തില്ലെന്ന് പറയരുത്. ഇലക്ഷൻ മാനിഫെസ്റ്റോ എടുത്തുവച്ച് കാര്യങ്ങൾ പറഞ്ഞു. മാനിഫെസ്റ്റോയിലുള്ള കാര്യങ്ങൾ നന്നായി കേരളത്തിലെ ജനങ്ങൾക്കറിയാം. മാനിഫെസ്റ്റോയിലെ കാര്യങ്ങൾ നടപ്പിലാക്കാൻ നടത്തിയ ശ്രമങ്ങൾ ഈ ഘട്ടത്തിലുണ്ട്. ഓരോന്നായി എടുത്തുപറയുന്നില്ല. അതുകൊണ്ടുതന്നെയാണ് ജനങ്ങൾ ഇക്കാര്യം അംഗീകരിച്ചത്. ഇതൊക്കെ ഏത് സാഹചര്യത്തിലാണ്? കോവിഡ്, നോട്ട് നിരോധനം, വെള്ളപ്പൊക്കം, തുടങ്ങിയ പശ്ചാത്തലങ്ങളിലും ഇതൊക്കെ നേരിട്ടവരാണെന്ന് കേരളത്തിന് പുറത്തുപോയി പറഞ്ഞാൽ; കോൺഗ്രസ്സുകാർ, ലീഗുകാർ, സി.പി.ഐ, സി.പി.ഐ(എം.), ഇടതുപക്ഷം, വലതുപക്ഷം ആരുമായിക്കൊള്ളട്ടെ; കേരളത്തിനകത്തും പുറത്തും ഗൾഫ് രാജ്യങ്ങളിലും എല്ലായിടത്തും അംഗീകാരം ലഭിക്കുന്നുണ്ട്. ഇതെല്ലാം നമ്മുടെ നേട്ടങ്ങൾ തന്നെയാണ്, അവയെ കൂടുതൽ ശക്തിപ്പെടുത്തണം. ഇപ്പോൾ വളരെയധികം പ്രത്യേകതയുള്ള ഒരു സമയമാണ്, അത് വേറൊന്നുമല്ല, സാമ്പത്തിക പ്രതിസന്ധി ലോകത്താകെയുള്ളതാണ്. അത് കേരളത്തിലാരും നിർമ്മിച്ചതല്ല. ഇന്ത്യയിൽ കുറച്ചൊക്കെ കേന്ദ്രസർക്കാരിന്റെ നിർമ്മിതി തന്നെയാണെന്ന് പറയേണ്ടിവരും. ഇപ്പോഴത്തെ സാമ്പത്തിക

ബുദ്ധിമുട്ടുകൾക്കിടയിലെ ഒന്നുരണ്ട് കണക്കുകൾ ഞാൻ സൂചിപ്പിക്കാം; സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കഴിഞ്ഞ മൂന്ന് മാസത്തെ ലാഭം 11,000 കോടി രൂപയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ ലാഭമാണിത്. ഇന്ത്യയിലെ സ്ഥിതി ദാരിദ്ര്യമൊന്നുമല്ല. നാട്ടിലെ ഒരു സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്ക് 4,000 കോടി രൂപയ്ക്കടുത്താണ് ലാഭമുണ്ടാക്കുന്നത്. വളരെ നല്ല കാര്യമാണ്. ടി.സി.എസ്.-ന്റെ കഴിഞ്ഞ ക്വാർട്ടറിലെ ലാഭം 9,000 കോടി രൂപയ്ക്കടുത്താണ്. ഇന്ത്യയിലെ വ്യവസായങ്ങൾക്കും ലാഭമുണ്ട്; പണമുണ്ട്. അദാനി ഗ്രൂപ്പുൾപ്പെടെ വിവിധ മേഖലകളിൽ നിൽക്കുന്ന എത്രയോ വലിയ കമ്പനികളുണ്ട്. കാർ നിർമ്മാണ കമ്പനികളിൽ, ടാറ്റ തുടങ്ങി കമ്പനികളിലെല്ലാം വലിയ തോതിൽ ലാഭം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ആളുകൾ പാപ്പരായിട്ടുമുണ്ട്. അതെന്തുകൊണ്ടാണ്? സാമ്പത്തിക സമീപനത്തിന്റെ പ്രശ്നമാണ്. കോർപ്പറേറ്റുകളുടെ ടാക്സ് കുറച്ചുകൊടുത്തതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന് കിട്ടേണ്ട ലക്ഷക്കണക്കിന് കോടി രൂപയില്ലാതായി. സംസ്ഥാനങ്ങൾക്ക് തരേണ്ട പെട്രോളിന്റെയും ഡീസലിന്റെയുമൊക്കെ ടാക്സിനെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ എക്സൈസ് ഡ്യൂട്ടിയായി കളക്ട് ചെയ്താൽ അതിന്റെ വിഹിതം തരണം. അഞ്ചേകാൽ ലക്ഷം കോടി രൂപയാണ് കഴിഞ്ഞ വർഷം സ്പെഷ്യൽ ഡ്യൂട്ടി

വഴി കളക്ട് ചെയ്തത്. രാജസ്ഥാൻ, ഛത്തീസ്ഗഡ് ഉൾപ്പെടെ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾ പറഞ്ഞ കാര്യങ്ങളാണിത്. അഞ്ചേകാൽ ലക്ഷം കോടി രൂപ പ്രത്യേക നികുതിയായി അവർ പിരിച്ചു. അതിന്റെ ഭാഗമായി കിട്ടേണ്ട പണവും നമുക്ക് കിട്ടിയിട്ടില്ല. ഇങ്ങനെ കേന്ദ്രസർക്കാരിന് നികുതി അടച്ചുകൊടുക്കുന്നു. പിരിക്കേണ്ടത് പിരിക്കുന്നില്ല. ഇതിന്റെയെല്ലാം ഭാഗമായ പ്രശ്നമുണ്ട്.

ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ചിലതൊക്കെ നികുതി സംബന്ധിച്ചാണെങ്കിലും അതിനെക്കുറിച്ചല്ല ചർച്ച വന്നത്. പൊതുരാഷ്ട്രീയ കാര്യങ്ങൾ സംബന്ധിച്ച് ചർച്ച വന്നതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്. ഈ സാഹചര്യത്തിൽനിന്നുകൊണ്ടും ഇത്രയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. പണ്ടത്തെ സാഹചര്യമല്ല ഇപ്പോഴുള്ളത്. നേരത്തെ അസംബ്ലിയിൽ ചർച്ച ചെയ്തതാണ്. സി.&എ.ജി. പറഞ്ഞതിനൊന്നും എതിര് പറഞ്ഞതല്ല. ഓഫ് ബഡ്ജറ്റ് ബോറോയിംഗ് ആയാലും ഗ്യാരന്റിയായാലും അതിന് നിയമമുണ്ട്. നിയമസഭയ്ക്കുള്ള അവകാശമാണത്. അത് വച്ചാണ് മുമ്പ് ചർച്ച ചെയ്തത്. അതിനെക്കുറിച്ച് ഇവിടെ വിമർശനം വന്നു. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി, സംസ്ഥാനത്തിന്റെ ധനകാര്യപരമായ അവകാശം തുടങ്ങിയതൊന്നും വെല്ലുവിളിക്കാൻ ആർക്കും

അവകാശമില്ല. ഏത് ഏജൻസി പറഞ്ഞാലും സംസ്ഥാനത്തിന്റെ അവകാശമാണത്. ഫിസ്കൽ ഫെഡറലിസത്തെ ചോദ്യം ചെയ്യുന്നത് ശരിയല്ല. അനാർക്കിയുണ്ടാകണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. അതിലേയ്ക്കൊന്നും പോകാനും ആർക്കും കഴിയില്ല. നിയമത്തിനനുസരിച്ച് മാത്രമെ എന്തെങ്കിലും ചെയ്യാൻ കഴിയൂ. റിസർവ് ബാങ്കും മറ്റ് ഏജൻസികളും പറയുന്നത് നിയമത്തിനനുസരിച്ചാണ്. ജി.എസ്.ടി. മാൻഡേറ്ററിയായി അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുകയാണ്. GST Council is a Consultative Committee, which can give advisory decisions/ proposals. ഇത് ഹാർമോണിയസായി പോകുന്നത് എന്തുകൊണ്ടാണ്? നമ്മൾ നന്നായി കാര്യങ്ങൾ ചർച്ച ചെയ്യുന്നതുകൊണ്ടാണ്. കേന്ദ്രവും സംസ്ഥാനവും തമ്മിൽ രാഷ്ട്രീയ വ്യത്യാസമുണ്ടാകും, പക്ഷെ ഒരു സിസ്റ്റം എന്ന നിലയിൽ രാജ്യം എന്നും നിലനിന്നുപോകണം. സംസ്ഥാനങ്ങൾക്ക് ആരോഗ്യകരമായ സാമ്പത്തിക സ്ഥിതിയും ന്യായമായ ടാക്സ് കളക്ഷനും സാമ്പത്തികമായി തീരുമാനങ്ങൾ എടുക്കാനുള്ള അവകാശവും വേണം. രാജ്യത്തെ ഗവണ്മെന്റും അങ്ങനെതന്നെ പ്രവർത്തിക്കണം. ഹാർമോണിയസായി പോകണമെങ്കിൽ അത്തരത്തിൽ കേന്ദ്ര-സംസ്ഥാന

ബന്ധമുണ്ടാകണം. അതാണ് കോ-ഓപ്പറേറ്റീവ് ഫെഡറലിസം. അതിന് തുരങ്കംവയ്ക്കുന്ന തരത്തിലേയ്ക്ക് സാമ്പത്തിക കാര്യങ്ങളിലുൾപ്പെടെയുള്ള സ്വാതന്ത്ര്യം പോയാൽ അത് നമ്മളെ ബാധിക്കും. അതുകൊണ്ടാണ് കളക്ടീവായി സഭ കുറച്ചുകാര്യങ്ങൾ ചർച്ചചെയ്യണമെന്ന് ആഗ്രഹിക്കുന്നത്. ഇന്നിപ്പോൾ അങ്ങനെയൊരു ചർച്ചയുടെ കാര്യം പറയില്ല. പക്ഷെ കേരളത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ എത്രയോ കാലമായി നമ്മൾ ഉയർത്തിക്കൊണ്ടുവന്ന സാമ്പത്തികമായ അവകാശങ്ങൾ ചോദ്യംചെയ്യുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരുന്നു. അതിനെ വിമർശിക്കാൻകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷം സമയം കണ്ടെത്തണം. നമുക്ക് കളക്ടീവായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാം. ബില്ലിന്റെ ഭാഗമായി വന്ന വളരെ ചെറിയൊരു കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ അംഗീകരിച്ച് ആക്ടായി വരേണ്ടതാണ്. മൂന്നാം റൗണ്ടാണ് ഇക്കാര്യങ്ങൾ ചർച്ചചെയ്യുന്നത്. ഈ പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## 1) <u>2022-ലെ കേരള ധനകാര്യ ബിൽ</u>

<u>മി. സ്പീക്കർ</u>: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-V എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2) 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 2(ബി) നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

**07.32 PM]**

## IX അറിയിപ്പ്

മി. സ്പീക്കർ: ഓർഡർ... ഓർഡർ... നിയമസഭാ സെക്രട്ടേറിയറ്റിലെ കെ-ലാംപ്സ് വിഭാഗവും യുണിസെഫും സംയുക്തമായി കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് നിയമസഭാ സാമാജികർക്കായി ഇന്ന് സഭാസമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരു പ്രഭാഷണം സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിക്കുശേഷം അതേ വേദിയിൽ 2021-ലെ നിയമസഭാ മാധ്യമ അവാർഡുകളും വിതരണം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അത്താഴവിരുന്നും

ഒരുക്കിയിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 14-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 07.33-ന് പിരിഞ്ഞു.)

*********

**അനുബന്ധം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 243-ന്റെ ഉപചോദ്യത്തിലെ ഉത്തരത്തിന്റെ ബാക്കിഭാഗം</u>

കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ശബ്ദപാഠങ്ങൾ തയ്യാറാക്കി ബി.ആർ.സി.-കളിലെ ഓൺലൈൻ കൂട്ടായ്മവഴി വിനിമയം ചെയ്യുന്നു. ശ്രുതിപാഠം ഇത്തരത്തിലുള്ള ഒരു പരിപാടിയാണ്. ഓരോ പ്രത്യേക പരിഗണന ആവശ്യമായ കുട്ടിക്കും വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്നതിന് സമഗ്രശിക്ഷ കേരളയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക സംഗമം 2022 പത്തുവർഷത്തെ നീണ്ട ഇടവേളയ്ക്കുശേഷം ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 45 സവിശേഷ വിദ്യാലയങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും മൂന്ന് ദിവസത്തെ അവധിക്കാല അദ്ധ്യാപക സംഗമം റെസിഡൻഷ്യൽ രീതിയിൽ മേയ് 25, 26, 27 തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും നേതൃത്വത്തിൽ നടപ്പിലാക്കി. സ്പെഷ്യൽ സ്കൂളുകളിലെ ചിത്രകല, പ്രവൃത്തിപരിചയം, കായിക വദ്യാഭ്യാസം, സംഗീതം

തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും പ്രത്യേകം ഗ്രൂപ്പുകളായി തിരിച്ച് പരിശീലനം നൽകി. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി, സെക്കണ്ടറി, പ്രീ-വൊക്കേഷണൽ വിഭാഗങ്ങൾക്കായി പാഠ്യപദ്ധതി രൂപീകരണവും തുടർന്നു; കൂടാതെ സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക പരിശീലനവും നൽകി. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ക്രോസ് -ഡിസ്എബിലിറ്റി ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കൂടാതെ 2022-23 പദ്ധതി വർഷത്തിൽ സ്കൂളുകളുടെ പശ്ചാത്തല സൗകര്യം ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കുട്ടികൾക്ക് അത്യാവശ്യമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ എന്നപേരിൽ ഒരു പദ്ധതികൂടി ആവിഷ്കരിച്ചിട്ടുണ്ട്. അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി.-ക്ക് ഭിന്നശേഷിക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും 25 ശതമാനം ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഇത് ഹയർ സെക്കണ്ടറിയിലേയ്ക്കുകൂടി ഏർപ്പെടുത്താൻ ആലോചനയുണ്ട്.

**********